Why can’t you speak English?

നിങ്ങൾക്ക് എന്ത്കൊണ്ട് ഇങ്ഗ്ളിഷ് സംസാരിച്ചുകൂടാ?

English-study digital book for Malayalam Speakers

മലയാളം സംസാരിക്കുന്നവർക്കായുള്ള ഇങ്ഗ്ളിഷ് പഠന ഡിജിറ്റൽ പുസ്തകം



TEXT-Only VERSION!

DEVERKOVIL Inc.
Aaradhana, DEVERKOVIL 673508 India

2

Why can't you speak English?

നിങ്ങൾക്ക് എന്ത്കൊണ്ട് ഇങ്ഗ്ളിഷ് സംസാരിച്ചുകൂടാ?

English-study digital book for Malayalam Speakers

മലയാളം സംസാരിക്കുന്നവർക്കായുള്ള ഇങ്ഗ്ളിഷ് പഠന ഡിജിറ്റൽ പുസ്തകം

Price: You can pay a token amount, if you wish, via PayPal - Click here!

Published by

DEVERKOVIL Inc.

Aaradhana, **DEVERKOVIL** 673508 India

Promoted by

VICTORIA INSTITUTIONS

Aaradhana, **DEVERKOVIL** 673508 India

www.victoriainstitutions.com

admn@ victoriainstitutions.com

Telegram: https://t.me/VICTORIA_INSTITUTIONS

Persons who have participated in creating this digital book

Telegramൽ നേരിട്ടുള്ള English പഠിപ്പിക്കൽ നിത്യവും നടക്കുന്നുണ്ട്.

തൽപ്പര്യം ഉള്ളവർ താഴെ നൽകിയിട്ടുള്ള ലിങ്കിൽ ക്ളിക്ക് ചെയ്ത് Telegramൽ ഉള്ള ക്ളാസ്റൂമിൽ വരിക.

അതുമല്ലായെങ്കിൽ Telegramൽ Deverkovilinc എന്ന് തിരഞ്ഞ് ഇതേ ക്ളാസ്റൂമിൽ വരിക.

Click here !



VED from VICTORIA INSTITUTIONS: He is an author of many books, most of them of pioneering quality. They include such themes as Feudal languages versus English, Codes in languages, Software codes of reality, Software codes of supernatural themes, English colonial intervention in the subcontinent &c. പല പുതിയ കാഴ്ചപ്പാടുകളിലേക്കുള്ള പാതതെളിയിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന പല ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള വ്യക്തിയാണ് ഈ ആൾ. ഫ്യൂഡൽ ഭാഷകളെ ഇങ്ഗ്ളിഷുമായി താരതമ്യം ചെയ്യൽ, ഭാഷകളിലുള്ള കോഡുകൾ, യാഥാർത്ഥ്യത്തിന്റെ സോഫ്ട്വേർ കോഡുകൾ, പ്രകൃത്യതീതമായ വിഷയങ്ങളുടെ സോഫ്ട്വേർ കോഡുകൾ, ഈ ഉപഭൂഖണ്ഡത്തിൽ ഇങ്ഗ്ളിഷ് കൊളോണിയൽ ഇടപെടൽ തുടങ്ങിയ കാര്യങ്ങൾ ഇവയിൽ പെടും. മറ്റ്പല വിഷയങ്ങൾ വേറെയും ഉണ്ട്.

CONTENTS ഉള്ളടക്കം

Disclaimer

8

പശ്ചാത്തലം

ഈ ഗ്രന്ഥം സൃഷ്ടിക്കാനായി പ്രവർത്തിച്ചവരുടെ പേരുകൾ ഈ എഴുത്തിന്റെ താഴെ നൽകിയിട്ടുണ്ട്.

ഏതാണ്ട് 2004ന് ചുറ്റുപാടിൽ ENGLISH LEARNING DIGITAL BOOK എന്ന പേരിൽ ഒരു ഇങ്ഗ്ളിഷ് പഠന ഡിജിറ്റൽ ബുക്ക് VICTORIA INSTITUTIONS പ്രസിദ്ധീകരിച്ചിരുന്നു. അതിന് കാര്യക്ഷമമായി പരസ്യം നൽകാനോ, പ്രചാരം നടത്താനോ ആയില്ല. എന്നാൽ കമ്പ്യൂട്ടറിലൂടെയും CD/DVD മുഖേനെയും ആർക്കും പകർത്തെടുക്കാൻ പറ്റുന്ന ആ ഫൈൽ പലർക്കും ലഭിച്ചിരുന്നു. ആ ഗ്രന്ഥം സൃഷ്ടിക്കാൻ മുഖ്യമായും പ്രവർത്തിച്ചത് VED from VICTORIA INSTITUTIONS എന്ന തൂലികാനാമത്തിൽ പല ഗ്രന്ഥങ്ങളും എഴുതിയിട്ടുള്ള എഴുത്തുകാരനാണ്.

ഇതിന് ശേഷം ENGLISH LEARNING NOTES എന്ന അച്ചടിച്ച പുസ്തകവും കുറെ കാലം പലർക്കും നൽകിയിരുന്നു.

ഇതിന് ശേഷം, ENGLISH SELF – LEARNING BOOK എന്ന പേരിലും ഒരു അച്ചടിച്ച ഗ്രന്ഥം പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ ഡിജിറ്റൽ രൂപവും ഇന്റർനെറ്റിലെ പല വെബ്സൈറ്റുകളിലും സൌജന്യമായും, AMAZON KINDLE, AMAZON.COM, Google Books/ Google Play എന്നിവിടങ്ങളിൽ വിൽപ്പനയ്ക്കും വച്ചിരുന്നു.

ഇതിന് ശേഷം, Telegram Channelലുകളിൽ താഴെ നൽകിയിട്ടുള്ള വ്യക്തികൾ എല്ലാവരും കൂടി പ്രവർത്തിച്ച് ഇങ്ഗ്ളിഷ് സൌജന്യമായി പഠിപ്പിക്കാനായി അനവധി ശബ്ദ രേഖാ ഫൈലുകൾ വെക്കുകയുണ്ടായി. ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള മിക്ക എഴുത്തുകളും ഓഡിയോകളും, ഈ പ്രതിപാദിപ്പിക്കപ്പെട്ട Telegram Channel നിന്നും ഉള്ളതാണ്.

പിന്നീട്, DEVERKOVIL INC. പ്രസിദ്ധീകരിച്ച Phenomenal ENGLISH എന്ന ഗ്രന്ഥം സൃഷ്ടിച്ചു. അതിലെ സംഗതികൾ Phenomenal ENGLISH എന്ന പേരുള്ള ഒരു Telegram Channelൽ വീഡിയോ ഫൈലുകളായി വെക്കുകയുണ്ടായി. ഈ ചാനലിലെ ഏതാനും വീഡിയോകൾ നിങ്ങൾ ഇപ്പോൾ കാണുന്ന ഡിജിറ്റൽ ബുക്കിൽ ഉപയോഗിച്ചിട്ടുണ്ട്.

ഇനി പറയാനുള്ള കാര്യം പറയാം.

വ്യാകരണം ഉപയോഗിക്കാതെ ഇങ്ഗ്ളിഷ് പഠിക്കാം എന്ന കാര്യം ആരും പണ്ട് കാലങ്ങളിൽ പറഞ്ഞ് കേട്ടിട്ടില്ല.

എന്നാൽ VED from VICTORIA INSTITUTIONS എന്ന എഴുത്തുകാരന്റെ നിരീക്ഷണത്തിൽ ഇങ്ഗ്ളിഷ് പഠിക്കാനായി ഇങ്ഗ്ളിഷ് വ്യാകരണം പഠിക്കുന്നതും, പഠിപ്പിക്കുന്നതും തനി വിവരക്കേടായി തോന്നിയിരുന്നു. വ്യാകരണത്തിലൂടെ ഇങ്ഗ്ളിഷ് പഠിക്കാൻ പോയാൽ, പഠനം അതീവ സങ്കീർണ്ണവും വിരസവും ആവും എന്നതിൽ സംശയമില്ല. എന്നാൽ ഇങ്ഗ്ളിഷ് ഭാഷ കൈകാര്യം ചെയ്യാൻ ആവുന്ന ആളുകൾ വ്യാകരണം പഠിക്കുന്നതിൽ അപാകതയില്ല. കാരണം, അവരുടെ ഭാഷാ പരമായ നൈപുണ്യം വളരെ നല്ലതാവും.

ഭാഷ പഠിക്കാൻ പോകുന്ന ആൾ വ്യാകരണം പഠിക്കുന്നതും, ഭാഷ അറിയുന്ന ആൾ വ്യാകരണം പഠിക്കുന്നതും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്.

യാതോരു വ്യാകരണ നിയമങ്ങളും പഠിക്കാതെയും, പഠിപ്പിക്കാതെയും ഇങ്ഗ്ളിഷ് പഠിക്കാനും പഠിപ്പിക്കാനും ഉള്ള ഒരു മാർഗ്ഗം VED from VICTORIA INSTITUTIONS ഏതാണ്ട് 2002ൽ തന്നെ ഉപയോഗിച്ചു തുടങ്ങിയിരുന്നു. അതിന്റെ കരട് രൂപം 2004നോട് അടുത്ത് പ്രസിദ്ധീകരിച്ച ENGLISH LEARNING DIGITAL BOOKൽ നൽകിയിരുന്നു.

ഈ സമ്പ്രദായം സാവധാനം ഗുണമേന്മപ്പെടുത്തിക്കൊണ്ടിരുന്നു. ഇതിന്റെ ഇന്നത്തെ നിലവാരത്തിലുള്ള കാര്യം 99ആം പേജിൽ കാണുന്ന പട്ടികയിലും, അതുമായി അനുബന്ധിച്ചിരിക്കുന്ന പാഠങ്ങളിലും കാണാവുന്നതാണ്.

ഭാഷയിലെ വാക്കുകൾ മനുഷ്യനേയും, മൃഗങ്ങളേയും, സംഭവങ്ങളോടും, വസ്തുക്കളോടും, സ്ഥലങ്ങളോടും, സമയത്തോടും ബന്ധിപ്പിക്കുന്ന വാക്ക് കോഡുകൾ ആണ് എന്നാണ് VED from VICTORIA INSTITUTIONSന്റെ നിഗമനം. ഈ

കാര്യം ഈ ആൾ എഴുതിയ What is different about pristine-English? എന്ന ഗ്രന്ഥത്തിൽ കാര്യമായി വിശദീകരിച്ചിരുന്നു. ഈ ഗ്രന്ഥം ആദ്യം my.telegraph.co.uk ബ്ലോഗ്സൈറ്റിൽ സീരിയലായി 2014 May മാസം മുതൽ പ്രസിദ്ധീകരിച്ചിരുന്നു.

ഇന്ന് ഇപ്പോൾ, പലരും യാതോരു വ്യാകരണവും ഉപയോഗിക്കാതെ ഇങ്ഗ്ളിഷ് പഠിപ്പിക്കുന്ന പദ്ധതികളുമായി മുന്നോട്ട് വരുന്നത് കാണുന്നു.

ഇങ്ഗ്ളിഷ് ഭാഷ വ്യാകരണം ഉപയോഗിക്കാതെ പലരീതിയിൽ പഠിക്കാനും പഠിപ്പിക്കാനും ആവും എന്നുള്ളത് വാസ്തവം തന്നെയാണ്.

VED from VICTORIA INSTITUTIONS ഇങ്ഗ്ളിഷ് വാക്കുകളെ ഒരു പ്രത്യേകതരത്തിലുള്ള പട്ടികാരൂപത്തിൽ ക്രമപ്പെടുത്തി ഇതിനായി ഉപയോഗിച്ചിട്ടുള്ളത് പോലെ പല വ്യത്യസ്ത രീതിയിലും ഇത് ചെയ്യാവുന്നതാണ്.

അതേ സമയം ഈ പദ്ധതി വായിച്ചും, മനസ്സിലാക്കിയും പലർക്കും ഇതേ പദ്ധതി അതേ പോലെയോ, അതുമല്ലെങ്കിൽ ചെറിയ മാറ്റങ്ങൾ വരുത്തിയോ മറ്റ് ഇങ്ഗ്ളിഷ് പഠന പദ്ധതികൾ രൂപപ്പെടുത്താൻ എളുപ്പമാണ്. ഈ പഠന പദ്ധതി യാതോരു പകർപ്പവകാശവും മാനിക്കാതെ കൈവശപ്പെടുത്തി, മറ്റ് പഠന പദ്ധതികൾ രുപകൽപ്പനചെയ്യുന്നതിൽ എന്തെങ്കിലും നിയമപരമായ തടസ്സം ഉണ്ടോ എന്ന് പറയാനാവില്ല.

എന്നാൽ, യാതോരു attributionനും നൽകാതെയോ, സൂചിപ്പിക്കാതെയോ ഈ പഠന പദ്ധതിയിൽ നൽകിയിട്ടുള്ള, ഇങ്ഗ്ളിഷ് വാക്കുകളെ ഒരു പ്രത്യേക രീതിയിൽ ക്രമപ്പെടുത്തി ഇങ്ഗ്ളിഷ് പഠിപ്പിക്കുന്ന പദ്ധതി പകർത്തിയെടുക്കുന്നതിനോട് യോജിക്കാനാവുന്നില്ല.

എന്നാൽ ഈ ഗ്രന്ഥത്തിൽ ഇത് കൂടാതെ മറ്റ് അനവധി കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, ഇങ്ഗ്ളിഷ് Nursery Rhymes, Multiplication Tables തുടങ്ങിയവ, ഇവയെല്ലാം Public Domainൽ ഉൾപ്പെട്ടവയാണ് എന്നാണ് മനസ്സിലാക്കുന്നത്.

VED from VICTORIA INSTITUTIONS ഭാഷാ കോഡുകളെക്കുറിച്ചും, ഫ്യൂഡൽ ഭാഷകളെക്കുറിച്ചും, യാഥാർത്ഥ്യത്തിന്റെ സോഫ്ട്വേറിനെക്കുറിച്ചും, Verbal and non-Verbal signalലുകളെക്കുറിച്ചും, ഇങ്ഗ്ളിഷ് കൊളോണിയൽ ഭരണത്തെക്കുറിച്ചും, മറ്റും മറ്റും പല മൌലികമായ (original) ആശയങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള വ്യക്തിയാണ്.

10

എങ്ങിനെയാണ് ഇങ്ഗ്ലിഷ് പഠിക്കേണ്ടത്

ഉച്ചാരണവും അക്ഷരവിന്യാസ രീതിയും: ഇങ്ഗ്ലിഷ് എന്നുള്ളത് ഇങ്ഗ്ളണ്ടിന്റെ പൈതൃകമായ ഭാഷയാണ്. ഇന്ന് പലനാട്ടുകാരും അവർക്ക് ഇഷ്ടമുള്ളരീതിയിൽ ഇങ്ഗ്ലിഷ് സംസാരിക്കുകയും വാക്കുകൾ ഉച്ചരിക്കുകയും എഴുതുകയും, പദങ്ങളിൽ അവർക്ക് തോന്നുന്നത് പോലെ ലിപികൾ ഉപയോഗിക്കുന്നുമുണ്ട്. അങ്ങിനെ നിലവാരത്തകർച്ച ഉള്ള പലതരം ഇങ്ഗ്ലിഷുകളുടെ പേരുകളിൽ ഏതാനും പേരുകൾ ഇവയാണ്. ചൈനീസ് ഇങ്ഗ്ലിഷ്, ഇന്ത്യൻ ഇങ്ഗ്ലിഷ്, അമേരിക്കൻ ഇങ്ഗ്ലിഷ്, തുടങ്ങിയവ.

ഈ വക ഇങ്ഗ്ലിഷുകൾ കാലക്രമേണെ പലതരം നിലവാരത്തകർച്ചകളിലേക്കും നീങ്ങും. അതിനാൽത്തന്നെ ഗുണമേന്മയുള്ള ഇങ്ഗ്ലിഷ് പഠിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി pristine-ENGLISH അഥവാ കലർപ്പ് വന്നിട്ടില്ലാത്ത കാലത്തിലെ ഇങ്ഗ്ളണ്ടിലെ ഇങ്ഗ്ലിഷ് തന്നെ പഠിക്കേണം.

pristine-ENGLISH എന്നുള്ളത് അതിഗംഭീരമായ ഒരു ആശയ വിനിമയ സോഫ്ട്വേറാണ്. ഇതിനെ എടുത്ത് തോന്നിയത് പോലെ വലിച്ചും നീട്ടിയും കളങ്കപ്പെടുത്താൻ യഥാർത്ഥത്തിൽ ആർക്കും അവകാശം ഉണ്ട് എന്ന് തോന്നുന്നില്ല.

ഈ ഗ്രന്ഥത്തിൽ വാക്കുകളുടെ Spelling ആയി ഉപയോഗിച്ചിട്ടുള്ളത് Englander-English അഥവാ British-English ആണ്.

പഠനം - ഈ ഗ്രന്ഥത്തിൽ അങ്ങിങ്ങായി ഇങ്ഗ്ലിഷ് Nursey Rhymeകൾ നൽകിയിട്ടുണ്ട്. അവ പഠനത്തിനിടയിൽ വരുന്ന ദിക്കിലെല്ലാം ഒന്ന് കേട്ടും പാടിയും, മുന്നോട്ട് നീങ്ങുക. ഇവ പഴയ കാല കലർപ്പ് വന്നിട്ടില്ലാത്ത ഇങ്ഗ്ളണ്ടിന്റെ പൈതൃകത്തിലെ അമൂല്യ നിധികളിൽ പെട്ട കാര്യങ്ങളാണ്.

ഈ ഗ്രന്ഥത്തിൽ ഇങ്ഗ്ലിഷിലെ അനവധി വാക്കുകൾ കാണാവുന്നതാണ്. വാക്യങ്ങളും കാണാവുന്നതാണ്. അവയെല്ലാത്തിന്റെയും ശബ്ദരേഖ (audio) കേട്ട്കേട്ട് തന്നെ മുന്നോട്ട് പഠനം കൊണ്ട് പോകണം.

ഏതാനും സംഭാഷണങ്ങൾ, ഏതാനും പ്രസംഗങ്ങൾ, അവവധി വാക്യങ്ങൾ എന്നിവയെല്ലാം ഈ ഗ്രന്ഥത്തിൽ ഉണ്ട്. അവ ഓരോന്നായി കേട്ടും പറഞ്ഞും പഠിക്കുക.

എന്നാൽ, ഇങ്ഗ്ലിഷ് വാക്യ രചന, യാതോരു വ്യാകരണ നിയമങ്ങളും പഠിപ്പിക്കാതെതന്നെ, വാക്കുകളുടെ ഒരു പട്ടിക ക്രമപ്പെടുത്തി, പഠിച്ചെടുക്കാൻ സൌകര്യപ്പെടുത്തുന്ന ഒരു പദ്ധതി ഈ ഗ്രന്ഥത്തിൽ ഉണ്ട്. മനസ്സിലാക്കിയെടുക്കാൻ വളരെ എളുപ്പമായ ഒരു പദ്ധതിയാണ് ഇത്.

ഈ പദ്ധതിയിലൂടെ ഓരോ പേജും കേട്ടും ആവർത്തിച്ചും മുന്നോട്ട് നീങ്ങുക.

ഈ ഗ്രന്ഥത്തിന്റെ ഏറ്റവും ഒടുവിലായി MULTIPLICATION TABLES അഥവാ ഗുണനപ്പട്ടിക നൽകിയിട്ടുണ്ട്. ഇങ്ഗ്ലിഷിൽ ഇത് ചൊല്ലേണ്ടത് ഒരു പ്രത്യേക രീതിയിലാണ്.

ഇനിയും പലതും പഠിപ്പിക്കാനുണ്ട്. അവ ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ (Vol 2) വരുന്നതായിരിക്കും. അത് മറ്റൊരു ഡിജിറ്റൽ ബുക്കാണ്.

ഈ ഇങ്ഗ്ലിഷ് പഠനം കൊണ്ട് ഉദ്ദേശിക്കുന്നത് വെറും Spoken-English അല്ല. മറിച്ച്, 1947വരെ ലോകത്തിൽ ഒരു അത്ഭുത ദ്വീപായി നിലനിന്നിരുന്ന കലർപ്പ് പുരണ്ടിട്ടില്ലാത്ത ഇങ്ഗ്ളണ്ടിന്റെ ഭാഷാ സംസ്ക്കാരം ഉൾക്കൊള്ളുന്ന മാന്യവും, അതീവ മൃദുലവുമായ ഇങ്ഗ്ലിഷ് ഭാഷ പ്രചരിപ്പിക്കുക എന്നതാണ് ഈ പഠന പദ്ധതിയുടെ വിശാലമായ ലക്ഷ്യം.

കാരണം, യാതോരു ഉച്ചനീചത്വ ഫ്യൂഡൽ ജന്മി-കുടിയാൻ കോഡുകളും ഇല്ലാതെ സാധാരണ ജനങ്ങൾക്ക് ആശയവിനിമയം ചെയ്യാനും, ഏറ്റവും ഉയർന്ന മാനസികവും വ്യക്തിത്വപരവും ആയ നിലവാരം നൽകുന്ന ഭാഷാ അന്തരീക്ഷമാണ് അത്.

11

ഇങ്ഗ്ളീഷ് പഠിക്കാനുള്ള മറ്റ് സൌകര്യങ്ങൾ

TELEGRAM ൽ താഴെ നൽകിയിട്ടുള്ള ചാനുലകളിൽ ചേരുക.

World News: https://t.me/WorldNewsVictoria നിത്യേനെ ലോക വാർത്തകളുടെ സംക്ഷിപ്തം ഇങ്ഗ്ളീഷിൽ ഈ ചാനലിൽ ഒരുക്കാൻ ശ്രമിക്കുന്നതാണ്.

Aesop Fables: https://t.me/Aesops

All persons who use this digital book for improving their English speaking skills are requested to join the Why can't you speak English? Channel on Telegram Messenger. The answers to various questions and doubts concering English learning might get answered over there. Moreover, if there are any mistakes or errors in the digital book, they will find mention over there.

ഈ ഡിജിറ്റൽ പുസ്തകം ഉപയോഗിച്ച്കൊണ്ട് സ്വന്തം ഇങ്ഗ്ളീഷ് നൈപുണ്യം ഉയർത്താൻ ശ്രമിക്കുന്ന ഏതൊരാളും, Why can't you speak English? എന്ന Telegram Messenger ചാനലിൽ ചേരണം എന്ന് താൽപ്പര്യപ്പെടുന്നു.

ഈ പഠന പദ്ധതിയുമായി ബന്ധപ്പെട്ട പല ചോദ്യങ്ങൾക്കും സംശയങ്ങൾക്കും, ഉള്ള ഉത്തരങ്ങളും പഠനപദ്ധതിയിൽ എന്തെങ്കിലും പിശകുകൾ ഉണ്ടെങ്കിൽ അവയ്ക്കുള്ള തിരുത്തലുകളും ഈ ചാനലിൽ പ്രത്യക്ഷപ്പെടാം.

മുകളിൽ നൽകിയിട്ടുള്ള Telegram Channelലുകൾ എത്രകാലം തുടരും എന്ന് യാതോരു ഉറപ്പും നൽകാനാവില്ല.

താഴെ നൽകിയിട്ടുള്ള കാര്യം വായിക്കുക -

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രത്തെകുറിച്ചുള്ള ഒരു അനുഭാവ്യചിത്രീകരണം

എങ്ങിനെയാണ് ശബ്ദരേഖ കേൾക്കേണ്ടത് / എങ്ങിനെയാണ് audio/video സംവിധാനം പ്രവർത്തിപ്പിക്കേണ്ടത്

Audio/video സംവിധാനം ഉള്ള ഈ ഫൈൽ Foxit Readerൽ ആണ് തുറക്കേണ്ടത്. MediaPlayerLite കമ്പ്യൂട്ടറിൽ install ചെയ്യുക. VLC Music Player ആയാലും മതിയാകാം. Windows Media Playerൽ ഈ വീഡിയോ / ഓഡിയോകൾ ചിലപ്പോൾ പ്രവർത്തിച്ചേക്കില്ല.

ശബ്ദരേഖ/വീഡിയോ (Audio/video) പ്രവർത്തിപ്പിക്കാൻ, അവയുടെ ബട്ടണുകളിൽ ഡബ്ൾ ക്ളിക്ക് ചെയ്യുക.

ആദ്യമായി Audio/video സംവിധാനം ഉപയോഗിക്കുന്ന അവസരത്തിൽ, Foxit Readerൽ Safe Mode Disable ചെയ്യാൻ ആവശ്യപ്പെടുന്നത് കാണാം. അത് ചെയ്യുക.

ഈവക ഫൈലുകൾ തുറക്കാൻ പാടുള്ളതാണോ, എന്ന ചോദ്യം വന്നാൽ, തുറക്കാൻ അനുവാദം നൽകുക.

Updated digital book file – തിരുത്തലുകൾ വരുത്തിയ ഡിജിറ്റൽ ബുക്ക്

ആ ഡിജിറ്റൽ പുസ്തകത്തിൽ തിരുത്തലുകളും മറ്റ് മാറ്റങ്ങളും ചിലപ്പോൾ ചെയ്തേക്കാം. അങ്ങിനെയുള്ള പുതിയ പതിപ്പുകൾ ഈ ഡിജിറ്റൽ പുസ്തകത്തിന്റെ ഡൌൺലോഡ് പേജിൽ നിന്നും ആ ഡിജിറ്റൽ പുസ്തകം വാങ്ങിച്ചിട്ടുള്ളവർക്ക് സൌജന്യമായി ഡൌൺലോഡ് ചെയ്യാവുന്നതാണ്. That digital book might get upgraded or corrected at odd times. If you have bought that digital book, you can download the updated version from the digital book Download webpage, free of cost.

NURSERY Rhyme

AEROPLANE, AEROPLANE

Aeroplane, aeroplane,
Up in the sky.
Please take me with you,
Wherever you fly.
Over the clouds,
Oh, so high.
Let's meet the rainbow
In the sky.

Sky	വാനം, ആകാശം
Fly	പറക്കുക
Cloud	മേഘം
Rainbow	മാരിവില്ല്

13

ALPHABETS – ലിപികൾ

ഇങ്ഗ്ളിഷ് പഠിപ്പിക്കാൻ മുതിരുമ്പോൾ, ഇങ്ഗ്ളിഷിന്റെ ലിപികൾ മുതൽ തുടങ്ങേണ്ടതുണ്ട്. എന്നാൽ, ലിപികളും അക്കങ്ങളും മറ്റും പഠിപ്പിക്കേണ്ട കാര്യം പലരുടേയും കാര്യത്തിൽ ആവശ്യമില്ലാത്തതാണ്. എന്നിരുന്നാലും, ഇതിനെ ഒഴിവാക്കാൻ ആവില്ല.

ഇങ്ഗ്ളിഷ് ലിപികളിൽ നിന്നും ക്ളാസ് സാവധാനത്തിൽ ആരംഭിക്കുന്നതാണ്. ഇതിലും പല ചെറുതായതും, എന്നാൽ ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങൾ കണ്ടേക്കാം.

ഇങ്ഗ്ളിഷിൽ 26 ലിപികൾ അഥവാ Alphabets ആണ് ഉള്ളത്. ഈ 26 ലിപികൾ കൊണ്ടാണ് ഇങ്ഗ്ളിഷ് എന്ന ലോകൈകമായി ഉപയോഗിക്കപ്പെടുന്ന ഭാഷ കെട്ടിപടുത്തിരിക്കുന്നത്.

ഇങ്ഗ്ളിഷ് ലിപകൾക്ക് രണ്ട് രൂപം ഉണ്ട്. Capital lettersഉം Small lettersഉം. എന്നു വച്ചാൽ, വലിയക്ഷരവും, ചെറിയക്ഷരവും.

Capital letters അഥവാ വലിയക്ഷരങ്ങൾ

A, B, C, D, E, F, G, H, I, J, K, L, M, N, O, P, Q, R, S, T, U, V, W, X, Y, Z.

ഇതേ ലിപികൾ ചെറിയക്ഷരമായി എഴുതിയാൽ, അവ ഇങ്ങിനെ ആയിരിക്കും:

Small letters അഥവാ ചെറിയക്ഷരങ്ങൾ

a, b, c, d, e, f, g, h, i, j, k, l, m, n, o, p, q, r, s, t, u, v, w, x, y, z.

14

I എന്ന ലിപി

ഇവിടെ എടുത്ത് പറയേണ്ടത്, 'I' എന്ന ഇങ്ഗ്ളിഷ് ലിപിക്ക് 'ഞാൻ' എന്ന അർത്ഥമുണ്ട്. വലിയക്ഷരത്തിലാണ് എഴുതേണ്ടത്.

ഉദാഹരണങ്ങൾ നോക്കുക:

1. I am writing. ഞാൻ എഴുതുകയാണ്.
2. I am teaching. ഞാൻ പഠിപ്പിക്കുകയാണ്.
3. I am studying. ഞാൻ പഠിക്കുകയാണ്.
4. I am going. ഞാൻ പോകുകയാണ്.
5. I am coming. ഞാൻ വരികയാണ്.
6. I am trying to escape. ഞാൻ രക്ഷപ്പെടാൻ ശ്രമിക്കുകയാണ്.
7. I am waiting for the bus. ഞാൻ ബസ് കത്ത് നിൽക്കുകയാണ്.
8. I am a coconut tree climber. ഞാൻ ഒരു തെങ്ങു കയറ്റക്കാരനാണ്.
9. I am a thinker. ഞാൻ ഒരു ചിന്തകനാണ്.
10. I am a philosopher. ഞാൻ ഒരു തത്വചിന്തകനാണ്.
11. I am relaxing. ഞാൻ വിശ്രമിക്കുകയാണ്.
12. I am swimming. ഞാൻ നീന്തുകയാണ്.
13. I am eating. ഞാൻ തിന്നുകയാണ്.
14. I am drinking. ഞാൻ കുടിക്കുകയാണ്. / ഞാൻ മദ്യപിക്കുകയാണ്.
15. I am trying to go abroad.
    ഞാൻ വിദേശത്തേക്ക് പോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

15

A / a എന്ന ലിപി

ഇങ്ഗ്ളിഷ് ലിപികളുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം പറയാം.

A അഥവാ a എന്ന ലിപിയെക്കുറിച്ചാണ് ഇത്. ഈ ലിപിക്ക് 'ഒരു' എന്നൊരു അർത്ഥവും ഉണ്ട്.

ഉദാഹരണം നോക്കുക.
I want a pen: എനിക്ക് ഒരു പേന വേണം.

He is a nice man: അയാൾ ഒരു നല്ല മനുഷ്യനാണ്.

She is a doctor: അയാൾ (സ്ത്രീ) ഒരു ഡോക്ടറാണ്.

Why do you want a cow? നിങ്ങൾക്ക് എന്തിനാണ് ഒരു പശുവിനെ ആവശ്യം?

Did he give you a car? അയാൾ നിങ്ങൾക്ക് ഒരു കാർ തന്നുവോ?

There is a place I know, where we can go. നമുക്ക് പോകാൻപറ്റുന്ന ഒരു സ്ഥലം എനിക്കറിയാം.

She does seem to be a nice person: അയാൾ (സ്ത്രീ) ഒരു നല്ല വ്യക്തിയാണെന്ന് തോന്നുന്നു.

What kind of a man are you? നിങ്ങൾ എന്തൊരു തരം മനുഷ്യനാണ്?

She is a good singer. അയാൾ (സ്ത്രീ) ഒരു നല്ല ഗായികയാണ്.

They have a very good house near the seaside. കടൽത്തീരത്തിനടുത്തായി വളരെ നല്ല ഒരു വീട് അവർക്കുണ്ട്.

ഇനിപ്പറയാനുള്ളത്, A അഥവാ a എന്ന ലിപിയുടെ ഉച്ചാരണത്തെക്കുറിച്ചാണ്. ലിപിയായി പറയുമ്പോൾ 'എ' എന്ന ഉച്ചാരണത്തിന് വളരെ അടുത്തായി ഈ ലിപിയുടെ ഉച്ചാരണം വരുന്നുണ്ട്. എന്നാൽ, വാക്യങ്ങളിൽ പ്രയോഗിക്കുമ്പോൾ, ചെറിയൊരു ഉച്ചാരണ വ്യത്യാസം ശ്രദ്ധിക്കാം.

16

Repeat the audio

പാഠഭാഗങ്ങളോടൊപ്പം വരുന്ന ശബ്ദരേഖ എത്രതാനും പ്രാവശ്യം ആവർത്തിച്ച് പഠിക്കുക. ഇങ്ങിനെ ചെയ്താലെ ഇങ്ഗ്ളിഷ് സംസാരിക്കാനും മറ്റുമുള്ള കഴിവ് വർദ്ധിക്കുകയുള്ളു. വാക്കുകളുടെ ഉച്ചാരണം പ്രത്യേകം ശ്രദ്ധിക്കുക.

Is എന്നതിന്റെ ഉച്ചാരണം 'ഈസ്' എന്നല്ല. 'This' എന്നതിന്റെ ഉച്ചാരണം ദിസ് എന്നല്ല. 'That' എന്നതിന്റെ ഉച്ചാരണം ദാറ്റ് എന്നല്ല. ഈ വക വാക്കുകൾ മലയാള ലിപികളിൽ എഴുതുമ്പോൾ, ഉച്ചാരണത്തിൽ വ്യത്യാസം സംഭവിക്കും.

ഇന്നത്തെ ക്ളാസിൽ വരുന്ന പല വാക്കുകളുടേയും ഉച്ചാരണം പ്രത്യേകമായി ശ്രദ്ധിക്കുക.

17

NURSERY Rhyme

LUCY LOCKET

Lucy Locket lost her pocket,

Kitty Fisher found it;

Not a penny was there in it,

Only ribbon round it.

Pocket കീശ

Penny ബ്യട്ടണിലെ ഓട്ട് നാണയം

18

Connecting ‘a’ to other words

ഇനി നമുക്ക് 'a'(ഒരു) എന്ന പദം പല വാക്കുകളുമായി ബന്ധിച്ച് നോക്കാം. ഇങ്ങിനെ ചെയ്യുമ്പോൾ പല കാര്യങ്ങളുടേയും ഇങ്ഗ്ളിഷ് വാക്കുകളും പഠിക്കാനാവും. നോക്കുക:

Is എന്ന വാക്കിന്റെ അർത്ഥം 'ആണ്' എന്നാണ്. ഈ വാക്കിന്റെ ഉച്ചാരണം 'ഈസ്' എന്നല്ല. ഈ വാക്കിന്റെ ഉച്ചാരണം ശബ്ദരേഖയിൽ ശ്രദ്ധിക്കുക.

This എന്ന വാക്കിന്റെ അർത്ഥം 'ഇത്' എന്നാണ്. ഈ വാക്കിന്റെ ഉച്ചാരണം ശ്രദ്ധിക്കുക. മലയാള ലിപികളിൽ എഴുതിയാൽ ഉളവാകുന്നതിൽ നിന്നും ചെറുതായി ഉച്ചാരണത്തിന് വ്യത്യാസം ഉണ്ട്.

That എന്ന വാക്കിന്റെ അർത്ഥം 'അത്' എന്നാണ്. ഉച്ചാരണം ശ്രദ്ധിക്കുക.

NOTE ശ്രദ്ധിക്കുക:

'a' എന്ന വാക്കിന്റെ ഉച്ചാരണം 'എ' എന്ന ശബ്ദത്തിൽ നിന്നും ചെറുതായി മാറ്റമുണ്ട്, വാക്യത്തിൽ പ്രയോഗിക്കുമ്പോൾ.

This

That

a

Is

19

a -1

1. This is a bat ഇത് ഒരു വവ്വാലാണ്. [ഉച്ചാരണം ബാറ്റ് എന്നല്ല.]
2. This is a bear ഇത് ഒരു കരടിയാണ്. [ഉച്ചാരണം ബിയർ എന്നല്ല.]
3. This is a honey bee ഇത് ഒരു തേനീച്ചയാണ്.
4. This is a beetle ഇത് ഒരു വണ്ടാണ്.
5. This is a bird. ഇത് ഒരു പക്ഷിയാണ്
6. This is a boy. ഇത് ഒരു (ആൺ)കുട്ടിയാണ്. [ഉച്ചാരണം ബോയി എന്നല്ല.]
7. This is a buffalo ഇത് ഒരു എരുമയാണ്.
8. This is a butterfly ഇത് ഒരു പൂമ്പാറ്റയാണ്.
   [ഉച്ചാരണം ബട്ടർഫ്ളൈ എന്നല്ല. ർ ശബ്ദം ലോലമാക്കുക]
9. This is a camel ഇത് ഒരു ഒട്ടകമാണ്.
   [ഉച്ചാരണം കാമൾ എന്നും ക്യാമൾ എന്നു അല്ല.]
10. This is a cane. ഇത് ഒരു ചൂരലാണ്.
11. This is a cat. ഇത് ഒരു പൂച്ചയാണ്. [ഉച്ചാരണം കാറ്റ് എന്നല്ല.]
12. This is a cave. ഇത് ഒരു ഗുഹയാണ്. [ഉച്ചാരണം കേവ് എന്നല്ല.]
13. This is a cheetah. ഇത് ഒരു ചീറ്റപ്പുലിയാണ്.
14. This is a cockroach. ഇത് ഒരു പാറ്റയാണ്. (മലബാർ ഭാഷ: കൂറ)
15. This is a crab. ഇത് ഒരു ഞണ്ടാണ്. [ഉച്ചാരണം ക്രാബ് എന്നല്ല.]
16. This is a cricket. ഇത് ഒരു ചീവീടാണ്.
17. This is a crow. ഇത് ഒരു കാക്കയാണ്.
18. This is a deer. ഇത് ഒരു മാൻ ആണ്. [ഉച്ചാരണം ഡിയർ എന്നല്ല.]
19. This is a dog. ഇത് ഒരു പട്ടിയാണ്. [ഉച്ചാരണം ഡോഗ് എന്നല്ല.]
20. This is a door. ഇത് ഒരു വാതിലാണ്.
    [ഉച്ചാരണം ഡോറ് എന്നല്ല. റ് എന്ന ശബ്ദം ലോലപ്പെടുത്തുക]

20

a -2

1. This is a duck. ഇത് ഒരു താറാവാണ്.
[ഉച്ചാരണം ഡക്ക് എന്നല്ല. ക്ക് ശബ്ദം മിതപ്പെടുത്തുക]
2. This is a fish. ഇത് ഒരു മത്സ്യമാണ്.
3. This is a fly. ഇത് ഒരു ഈച്ചയാണ്.
4. This is a fox. ഇത് ഒരു കുറുക്കനാണ്.
[ഉച്ചാരണം ഫോക്സ് എന്നല്ല.]
5. This is a frog. ഇത് ഒരു തവളയാണ്. [ഉച്ചാരണം ഫ്രോഗ് എന്നല്ല.]
6. This is a goat. ഇത് ഒരു ആടാണ്.
7. This is a grasshopper. ഇത് ഒരു പുൽച്ചാടിയാണ്.
[ഉച്ചാരണം ഹോപ്പർ എന്നല്ല.]
8. This is a gun. ഇത് ഒരു തോക്കാണ്.
9. This is a hippopotamus. ഇത് ഒരു നീർക്കുതിരിയാണ്.
10. This is a horse. ഇത് ഒരു കുതിരയാണ്. [ഉച്ചാരണം ഹോർസ് എന്നല്ല.]
11. This is a hyena. ഇത് ഒരു കഴുതപ്പുലിയാണ്.
12. This is a jackal. ഇത് ഒരു കുറുനരിയാണ്.
[ഉച്ചാരണം ജെക്കോൾ എന്നല്ല.]
13. This is a kangaroo. ഇത് ഒരു കങ്കാരു ആണ്.
[ഉച്ചാരണം കങ്കാരു എന്നല്ല.]
14. This is a leopard. ഇത് ഒരു പുള്ളിപ്പുലി ആണ്.
[ഉച്ചാരണം ലിയോപാഡ് എന്നല്ല.]
15. This is a letter. ഇത് ഒരു കത്താണ്.
16. This is a lion. ഇത് ഒരു സിംഹമാണ്.
17. This is a house lizard. ഇത് ഒരു പല്ലിയാണ്.

21

a -3

1. This is a man. ഇത് ഒരു മനുഷ്യനാണ്.
2. This is a monkey. ഇത് ഒരു കുരങ്ങാണ്.
3. This is a mosquito. ഇത് ഒരു കൊതുകാണ്.
   [ഉച്ചാരണം മോസ്ക്കിറ്റോ എന്നല്ല.]
4. This is a mouse. ഇത് ഒരു എലിയാണ്.
5. This is a pig. ഇത് ഒരു പന്നിയാണ്.
6. This is a porcupine. ഇത് ഒരു മുള്ളൻപന്നിയാണ്.
7. This is a rabbit. ഇത് ഒരു മുയലാണ്.
8. This is a rat. ഇത് ഒരു എലിയാണ്.
9. This is a rhinoceros. ഇത് ഒരു കാണ്ടാമൃഗം ആണ്.
10. This is a scorpion. ഇത് ഒരു തേൾ ആണ്.
11. This is a shark. ഇത് ഒരു സ്രാവാണ്.
12. This is a sheep. ഇത് ഒരു ചെമ്മരിയാടാണ്.
13. This is a snail. ഇത് ഒരു ഒച്ചാണ്.
14. This is a snake. ഇത് ഒരു പാമ്പാണ്.
15. This is a spider. ഇത് ഒരു എട്ടുകാലിയാണ്.
16. This is a squirrel. ഇത് ഒരു അണ്ണാനാണ്.
17. This is a swine. ഇത് ഒരു പന്നിയാണ്.
18. This is a table. ഇത് ഒരു മേശയാണ്.
    [ഉച്ചാരണം ടേബ്ൾ എന്നല്ല.]
19. This is a tiger. ഇത് ഒരു കടുവയാണ്.
20. This is a toad. ഇത് ഒരു മാക്രിയാണ്.

22

a -4

1. This is a tortoise. ഇത് ഒരു ആമയാണ്.
[ഉച്ചാരണം ടോർട്ടോയ്സ് എന്നല്ല.]

2. This is a tree. ഇത് ഒരു മരമാണ്.

3. This is a vehicle. ഇത് ഒരു വാഹനമാണ്.
[ഉച്ചാരണം വെഹിക്കിൾ എന്നല്ല.]

4. This is a whale. ഇത് ഒരു തിമിങ്കലമാണ്.

5. This is a wolf. ഇത് ഒരു ചെന്നായയാണ്.

6. This is a woman. ഇത് ഒരു സ്ത്രീയാണ്.

7. This is a worm. ഇത് ഒരു പുഴുവാണ്.

8. This is a cowshed. ഇത് ഒരു തൊഴുത്താണ്.

9. This is a hotel. ഇത് ഒരു ഹോട്ടലാണ്.

10. This is a restaurant. ഇത് ഒരു റെസ്റ്റോറന്റാണ്.

11. This is a garden. ഇത് ഒരു പൂന്തോട്ടമാണ്.

12. This is a river. ഇത് ഒരു പുഴയാണ്.
[ഉച്ചാരണം റിവർ എന്നല്ല. ർ ശബ്ദം മിതപ്പെടുത്തുക]

13. This is a mountain. ഇത് ഒരു മലയാണ്.

14. This is a hill. ഇത് ഒരു കുന്നാണ്.

15. This is a meadow. ഇത് ഒരു മേച്ചിൽ സ്ഥലം (പുൽത്തകിടി) ആണ്.

16. This is a stream. ഇത് ഒരു അരുവിയാണ്.

17. That is a chair. അത് ഒരു കസേരയാണ്.

23

NURSERY Rhyme

IT'S RAINING, IT'S POURING

It's raining, it's pouring;

The old man is snoring.

Bumped his head

And went to bed

And he couldn't get up in the morning.

Rain മഴ

Pour ഒഴിക്കുക

Snore കൂർക്കംവലിക്കുക

Get up എഴുന്നേൽക്കുക

Transcription - ശബ്ദരേഖയുടെ ലിഖിതരൂപം

I have already taught you the first two nursery rhymes ആദ്യത്തെ രണ്ട് nursery rhymeമുകൾ ഞാൻ നിങ്ങളെ പഠിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്.

That is, 'Aeroplane, Aeroplane' and 'Lucy Locket'.

Let me teach you the next one ഞാൻ നിങ്ങളെ അടുത്തത് പഠിപ്പിക്കട്ടെ

It is no. 3: It's raining, it's pouring

So let us begin

Now, I am going to read two lines at a time, and then sing. ഇപ്പോൾ, ഞാൻ ഒരോ പ്രവശ്യവും രണ്ട് വരികൾ വായിക്കുകയും അതിന് ശേഷം ആലപിക്കുകയും ചെയ്യാൻപോകുകയാണ്.

And it goes like this

And the next two lines are അടുത്ത രണ്ട് വരികൾ ആണ്:

And it goes like this:

Now, I am going to sing the whole song ഇപ്പോൾ, ഞാൻ മുഴുവൻ ഗാനവും പാടാൻ പോകുകയാണ്

24

a -5

1. That is a bangle. അത് ഒരു വളയാണ്.
2. That is a rainbow. അത് ഒരു മഴവില്ലാണ്.
3. That is a cloud. അത് ഒരു മേഘമാണ്.
4. That is a raindrop. അത് ഒരു മഴത്തുള്ളിയാണ്.
5. That is a sound. അത് ഒരു ശബ്ദമാണ്.
6. That is a ball. അത് ഒരു പന്താണ്.
[ഉച്ചാരണം ബോേൾ എന്നും ബാൾ എന്നും അല്ല.]
7. That is a house. അത് ഒരു വീടാണ്.
8. That is a hut. അത് ഒരു കുടിൽ ആണ്.
9. That is a pond. അത് ഒരു കുളമാണ്.
10. That is a swing. അത് ഒരു ഊഞ്ഞാലാണ്.
11. That is a good thing. അത് ഒരു നല്ലകാര്യമാണ്.
12. That is a doll. അത് ഒരു പാവയാണ്.
13. That is a nice idea. അത് ഒരു നല്ല ആശയമാണ്.
14. That is a beautiful picture. അത് ഒരു സുന്ദരമായ ചിത്രമാണ്.
15. That is a great book. അത് ഒരു മഹത് ഗ്രന്ഥമാണ്.
16. That is a nice thought. അത് ഒരു നല്ല ചിന്തയാണ്.
17. That is a rough place. അത് ഒരു പരുക്കൻ സ്ഥലമാണ്.
[ഉച്ചാരണം പ്ലേസ് എന്നല്ല.]
18. That is a huge dam. അത് ഒരു വളരെ വലിയ അണക്കെട്ടാണ്.

25

An

നമ്മൾ ഇപ്പോഴും ഇങ്ഗ്ളിഷ് ലിപികളിൽ നിന്നും നീങ്ങിയിട്ടില്ല.

കഴിഞ്ഞ ക്ളാസിൽ 'a' എന്ന ലിപിയെക്കുറിച്ചായിരുന്നു. ഈ ലിപിക്ക് 'ഒരു' എന്ന അർത്ഥമുണ്ട്.

എന്നാൽ ചില വാക്കുകളുടെ മുന്നിൽ 'ഒരു' എന്ന അർത്ഥത്തിൽ 'a' ഉപയോഗിക്കാൻ പറ്റില്ല. സംസാരിക്കുമ്പോൾ 'a' എന്നതിന് പകരം 'an' എന്ന ശബ്ദം സ്വമേധയാ വന്നുചേരും. ഉദാഹരണത്തിന് 'a apple' എന്നല്ല ശബ്ദം വരിക.

മറിച്ച് 'an apple' എന്ന ശബ്ദമാണ് വരിക. ഈ ശബ്ദവ്യത്യാസം വരുന്നത് 'a, e, i, o, u' തുടങ്ങിയ ലിപികൾകൊണ്ട് തുടങ്ങുന്ന വാക്കുകളുടെ മുന്നിൽ 'ഒരു' എന്ന വാക്ക് ഉപയോഗിക്കേണ്ടിവരുമ്പോഴാണ്.

ഈ 'a, e, i, o, u' എന്ന ലിപകൾക്ക് Vowels എന്നാണ് പറയുക. അപ്പോൾ, ഏതെങ്കിലും Vowel കൊണ്ട് തുടങ്ങുന്ന വാക്കുകളുടെ മുന്നിൽ 'a' ഉപയോഗിക്കുന്നതിന് പകരം 'an' ഉപയോഗിക്കേണ്ടതാണ്. ഒരു വാക്കിന്റെ തുടക്കം ഏതെങ്കിലും Vowel ശബ്ദത്താൽ ആണെങ്കിലും 'an' ആണ് ഉപയോഗിക്കേണ്ടത്.

ഈ നിയമത്തിന് ചില വാക്കുകളുടെ കാര്യത്തിൽ ഒഴിവുണ്ട് (exceptions). അതിനെക്കുറിച്ച് പിന്നീട് പറയാം.

താഴെകൊടുത്തിരിക്കുന്ന വാക്യങ്ങൾ കേട്ടും ആവർത്തിച്ചും പഠിക്കുക.

26

an -1

1. I want an apple. എനിക്ക് ഒരു apple വേണം. [Apple എന്ന വാക്കിന്റെ ഉച്ചാരണം 'ആപ്പിൾ' എന്നല്ല എന്ന് മനസ്സിലാക്കുക]
2. He bought an elephant. അയാൾ ഒരു ആനയെ വാങ്ങിച്ചു.
3. She is going to be an engineer. അയാൾ (സ്ത്രീ) ഒരു engineer ആകാൻ പോകുകയാണ്.
4. It is an oval shape. അത് ഒരു ഓവൽ ആകൃതിയാണ്.
5. We are eating an ice cream. ഞങ്ങൾ ഒരു ഐസ് ക്രീം തിന്നുകയാണ് /കഴിക്കുകയാണ്.
6. Titanic was hit by an iceberg. ടൈറ്റാനിക്ക് ഒരു iceberg ആലാണ് ഇടിക്കപ്പെട്ടത്.
7. He was a General without an army. പട്ടാളം ഇല്ലാത്ത ഒരു General ആയിരുന്ന അയാൾ.
8. He was an object of ridicule. അയാളൊരു പരിഹാസപാത്രമായിരുന്നു.
9. Everyone had an interest in seeing him dead. അയാൾ മരിച്ചുകാണുന്നതിൽ എല്ലാവർക്കും ഒരു തൽപ്പര്യം ഉണ്ടായിരുന്നു.
10. He was an able writer. അയാൾ കഴിവുള്ള ഒരു എഴുത്തുകാരനായിരുന്നു.
11. She is an admirable painter. അയാൾ (സ്ത്രീ) ഒരു സ്തുത്യർഹയായ painter ആയിരുന്നു.
12. He gave me an outline map. അയാൾ എനിക്കൊരു outline map തന്നു. [Map എന്ന വാക്കിന്റെ ഉച്ചാരണം 'മാപ്പ്' എന്നല്ല എന്ന് മനസ്സിലാക്കുക]
13. He was not an unsuccessful businessman. അയളൊരു വിജയം വരിക്കാത്ത ബിസിനസ്സുകാരനായിരുന്നില്ല.
14. She was an excellent cook. അയാൾ (സ്ത്രീ) ഒരു ഉഗ്രൻ പാചകക്കാരിയായിരുന്നു.
15. It was an astonishing incident. അതൊരു അത്ഭുതപ്പെടുത്തുന്ന സംഭവമായിരുന്നു.
16. He was an author with a lot of readers. വളരെ അധികം വായനക്കാരുള്ള ഒരു എഴുത്തുകാരനായിരുന്നു അയാൾ.
17. It was an airless room. വായുവില്ലാത്ത (വായുസഞ്ചാരമില്ലാത്ത) ഒരുമുറിയായിരുന്നു അത്.
18. He was an editor no one liked. ആരും ഇഷ്ടപ്പെടാത്ത ഒരു editor ആയിരുന്നു അയാൾ.
19. As an art, it was of no use. കലയെന്ന നിലയിൽ അത് യാതൊരു ഉപയോഗവുമില്ലാത്തതായിരുന്നു.
20. There was an aroma in the room. മുറിക്കകത്ത് ഒരു സുഗന്ധമുണ്ടായിരുന്നു.
21. She was an intimate friend of mine. അയാൾ (സ്ത്രീ) എന്റെയൊരു ആത്മമിത്രമായിരുന്നു.
22. I bought an umbrella. ഞാൻ ഒരു കുട വാങ്ങിച്ചു.

27

Exceptions (ഒഴിവുകൾ)

ഇനി നമുക്ക് മുകളിൽ നൽകിയ നിയമം ഒഴിവാക്കുന്ന വാക്കുകളെ നോക്കാം. ഇവകൂടി കേട്ട് പഠിക്കുക. ശരിയായ ഉച്ചാരണത്തിൽ പറഞ്ഞ് പരിശീലിക്കുക.

1. He is a university professor. അയാളൊരു university പ്രൊഫസറാണ്.
2. It is a unique opportunity. ഇതൊരു അപൂർവ്വ അവസരമാണ്.
3. It was a universal rule. ഇത് ഒരു ലോകൈക നിയമമായിരുന്നു.
4. It was a unit used in the earlier days. മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ഒരു unit ആയിരുന്നു.
5. It was a unanimous decision. അത് ഒരു ഏകകണ്ഠമായ തീരുമാനമായിരുന്നു.
6. It was a one-eyed bird. അത് ഒരു ഒറ്റക്കണ്ണൻ പക്ഷിയായിരുന്നു.

NOTE ശ്രദ്ധിക്കുക:

It എന്ന വാക്കിന്റെ അർത്ഥം 'അത്' എന്നും 'ഇത്' എന്നും ആണ്.

എന്നാൽ ഈ രണ്ട് അർത്ഥവും വരാത്ത അവസരങ്ങളും ഉണ്ട്. ഉദാഹരണത്തിന്, 'It is raining' എന്ന് പറഞ്ഞാൽ, 'അത് മഴപെയ്യുകയാണ്' എന്നോ, 'ഇത് മഴപെയ്യുകയാണ്' എന്നോ ഉള്ള അർത്ഥമല്ല വരുന്നത്.

'It is raining' എന്നതിന്റെ അർത്ഥം 'മഴപെയ്യുകയാണ്' എന്നാണ്.

'It was raining' എന്നതിന്റെ അർത്ഥം 'മഴപെയ്യുകയായിരുന്നു' എന്നാണ്.

NURSERY Rhyme

Row, row, row your boat

Row, row, row your boat,

Gently down the stream.

Merrily, merrily, merrily, merrily,

Life is but a dream.

Row തുഴയുക

Gently സൌമ്യമായി

Stream അരുവി

Dream സ്വപ്നം

29

The

ഈ ക്ളാസിൽ നമുക്ക് 'The' എന്ന പദത്തെ എടുക്കാം.

'The' എന്ന പദം, ഏതെങ്കിലും വാക്കിന് മുന്നിൽ വന്നാൽ, 'പ്രസക്തമായത്', അല്ലെങ്കിൽ 'പരാമർശ്ശിക്കപ്പെടുന്നത്', എന്ന അർത്ഥമാണ് വരുന്നത്.

ഈ ഉദാഹരണങ്ങൾ നോക്കുക:

1. 'I drank tea'. ഞാൻ ചായ കുടിച്ചു.
2. 'I drank the tea'. ഞാൻ (പരാമർശ്ശിക്കപ്പെട്ട) ചായ കുടിച്ചു.

മലയാളത്തിലേക്ക് ലളിതമായ രീതിയിൽ ഈ രണ്ട് ഇങ്ഗ്ളിഷ് വാക്ക്യങ്ങളും തർജ്ജമചെയ്യുമ്പോൾ, അർത്ഥം 'ഞാൻ ചായകുടിച്ചു' എന്നാണ് വരുന്നതെങ്കിലും, 'I drank the tea' എന്ന് പറയുമ്പോൾ, പ്രസക്തമായതോ, അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ ഉദ്ദേശിച്ചതോ, സൂചിപ്പിച്ചതോ ആയ ചായ എന്നർത്ഥം വരുന്നു.

അത് കൊണ്ട് തന്നെ, 'I drank the tea' എന്ന വാക്യത്തിന്റെ അർത്ഥം 'ഞാൻ ആ ചായ കുടിച്ചു' എന്നാവും കൂടുതൽ ശരി.

'The' എന്ന വാക്കിന് ഇങ്ഗ്ളിഷ് സംസാരിക്കുമ്പോൾ സാധാരണയായി രണ്ട് ഉച്ചാരണങ്ങളാണ് ഉപയോഗിക്കപ്പെടാറ്. ഇതിന്റെ പൊതുവായ ഉച്ചാരണം 'ദ്' എന്നതിന് അടുത്താണ്. എന്നാൽ a, e, i, o, u എന്നീ ലിപികളാൽ തുടങ്ങുന്ന വാക്കുകളുടേയും ആ ശബ്ദത്താൽ തുടങ്ങുന്നവാക്കുകളുടേയും മുന്നിൽ 'The' വരുമ്പോൾ, ഉച്ചാരണം 'ദി' എന്നതിന് അടുത്തായി മാറുന്നു. ശബ്ദരേഖ കേൾക്കുക.

30

This

1. This is the boy who threw stones at the bus.
   ബസ്സിന് നേരെ കല്ലെറിഞ്ഞ കുട്ടി ഇതാണ്.

2. The man in this picture is Mr. Veerappan.
   ഈ ചിത്രത്തിൽ ഉള്ള മനുഷ്യൻ വീരപ്പനാണ്.

3. The girl who came here is our neighbour.
   ഇവിടെ വന്ന പെൺകുട്ടി ഞങ്ങളുടെ അയൽക്കാരിയാണ്.

4. He is the police officer who killed him.
   അയാളെ കൊന്ന police officer ഇയാളാണ്.

5. Did you drink the tea, which was here?
   ഇവിടെ ഉണ്ടായിരുന്ന ചായ നിങ്ങൾ കുടിച്ചുവോ?

6. This is the car which I bought from Delhi.
   ഡൽഹിയിൽനിന്നും ഞാൻവാങ്ങിച്ച കാറ് ഇതാണ്.

7. The mangoes in this basket are not ripe.
   കൊട്ടയിലുള്ള മാങ്ങ(കൾ) പഴുത്തവയല്ല.

8. The huge response we got was quite unexpected.
   ഞങ്ങൾക്ക് ലഭിച്ച അത്യുഗ്രൻ സ്വീകരണം തികച്ചും അപ്രതീക്ഷിതമായിരുന്നു.

9. He is the person who created all this problem.
   ഈ പ്രശ്നങ്ങളെല്ലാം സൃഷ്ടിച്ച വ്യക്തി ഇയാളാണ്.

10. Please call the hospital.
    Hospitalലേക്ക് ഒന്ന് വിളിക്കൂ.

11. Did you phone the doctor?
    നിങ്ങൾ ഡോക്ടറെ വിളിച്ചോ?

12. I bought the car yesterday.
    ഞാൻ ആ കാർ ഇന്നലെ വാങ്ങിച്ചു.

13. He went to bring the bag.
    ആ bag കൊണ്ടുവരുവാനായി, അയാൾ പോയി.

14. I got back the money I lost yesterday.
    ഇന്നലെ നഷ്ടപ്പെട്ട ആ പണം എനിക്ക് തിരിച്ചുകിട്ടി.

15. Even if it rains, the game will continue.
    മഴ പെയ്താൽകൂടി, കളി തുടരും.

16. This is the main sheet.
    ഇതാണ് മെയ്ൻ ഷീറ്റ്.

NURSERY Rhyme

POLLY PUT THE KETTLE ON

Polly put the kettle on

Kettle on, kettle on

Polly put the kettle on

Lets all have tea.

Kettle – വാൽ പാത്രം (ചായ, വെള്ളം തുടങ്ങിയവ തിളപ്പിക്കാൻ ഉപയോഗിക്കുന്നത്)

മലയാളവും മലബാറിയും

കേരളത്തിലെ ഭാഷയായി കരുതപ്പെടുന്നത് മലയാളമാണ്. എന്നിരുന്നാലും, കേരളം എന്ന സംസ്ഥാനം രൂപീകൃതമാകുന്നതിന് മുൻപായി മലയാളം എന്നത് തിരുവിതാംകൂറിലെ ഭാഷയായിരുന്നു.

ഇങ്ഗ്ളിഷ് ഭരണകാലത്തിലെ മെദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലാബാർ ഡിസ്ട്രിക്ട്ടിലും, പിന്നീട് ഇന്ത്യയെന്ന രാജ്യം രൂപീകൃതമായപ്പോൾ മെദ്രാസ് സംസ്ഥാനത്തിന്റെ ഭാഗവും ആയിരുന്ന മലബാർ പ്രദേശത്തും, പൊതുവായിപ്പറഞ്ഞാൽ മലയാളമായിരുന്നില്ല ഭാഷ. മലബാറിലെ ഭാഷയ്ക്ക് പ്രത്യേകമായ പേരില്ലാ എന്നാണ് തോന്നുന്നത്. ഈ ഭാഷയ്ക്ക് മലബാർ ഭാഷയെന്ന് പേര് പറയാം എന്ന് തോന്നുന്നു. ഈ ഭാഷയിലും പ്രാദേശികമായി ചെറുകിട വ്യത്യാസങ്ങൾ ഉണ്ടായിരുന്നു.

കേരളത്തിന്റെ രൂപീകരണത്തോടുകൂടി ഈ ഭാഷ മിക്യവാറും നാമാവശേഷമായി. ഇന്ന് കേരളത്തിൽ എല്ലായിടത്തും പ്രാദേശിക ഭാഷയായി മലയാളം പഠിപ്പിക്കുന്നത് കൊണ്ട്, ഈ വിദ്യാഭ്യാസം ലഭിച്ചവർക്കെല്ലാം മലയാളം അറിയാം എന്ന് വിശ്വസിക്കുന്നു. മാത്രവുമല്ല, മലബാർ ഭാഷയിലെ പല പദങ്ങളും ഇന്ന് മലയാളത്തിലും ഉപയോഗിക്കപ്പെടുന്നുണ്ട്. മലയാളത്തിലാണെങ്കിൽ, സംസ്കൃതത്തിലേയും, തമിഴിലേയും വാക്കുകളാണ് ഒട്ടനവധിയും.

മലബാർ ഭാഷയിൽ, മലബാറിലെ പ്രാദേശിക ഭാഷയിന്മേൽ അറബി ഭാഷയാണ് സ്വാധീനമായി വന്നുചേർന്നത് എന്ന് തോന്നുന്നു. തമിഴിനും സംസ്കൃത്തിനും ഈ ഭാഷയിൽ സ്വാധീനം കുറവായിരുന്നു എന്നും തോന്നുന്നു. ആധികാരികമായി തീർത്ത് പറയാനുള്ള വിവരം ഇല്ല.

ഈ ഇങ്ഗ്ളിഷ് പഠന ക്ളാസ് മലയാളത്തിലണ് നൽകപ്പെടുന്നുത്. മലബാർ ഭാഷയിലെ വാക്കുകളെ ബോധപൂർവ്വും ഒഴിവാക്കുന്നതാണ്. മലബാറിലെ പുതിയ തലമുറയിൽപെട്ട മിക്കവർക്കും മലബാർ ഭാഷയിലെ പദങ്ങൾ കേട്ടറിവില്ലാ എന്നാണ് അനുഭവം.

മലബാർ ഭാഷയിലെ കുറച്ച് വാക്കുകൾ ഈ ലിങ്കിൽ നിന്നും ലഭ്യമാണ്. https://archive.org/details/MalabarWordsOPT. മറ്റ് വാക്കുകൾ അറിവുള്ളവർ, അവയും, അവയുടെ മലയാളം അർത്ഥവും അയച്ചുതരികയാണെങ്കിൽ, നല്ലതായിരുന്നു.

സാധാരണ സംഭാഷണ വാക്യങ്ങൾ - Ordinary conversation sentences

ഇന്നത്തെക്ക്ളാസിൽ, ഇങ്ഗ്ളിഷിലെ ചില നിസ്സാര സംഭാഷണ വാക്യങ്ങളാണ് നൽകുന്നത്.

ഈ ക്ളാസ് രൂപകൽപ്പന ചെയ്തിരിക്കുന്ന ആളിന്റെ തൂലികാനാമം ഈ വാക്യങ്ങളിൽ സംബോധനയായി ഉപയോഗിച്ചിരിക്കുന്നതായി കാണാം. അതായത് Mr. VED.

ഇങ്ങിനെയാണ് ശരിയായ ഇങ്ഗ്ളിഷിൽ ഔപചാരികമായി ആളുകളെ സംബോധനചെയ്യേണ്ടത്.

അതായത്, വ്യക്തി പുരുഷനാണെങ്കിൽ പേരിന് മുൻപിലായി Mr. എന്നും, വിവാഹിതയായ സ്ത്രീയാണെങ്കിൽ Mrs. എന്നും, വിവാഹിതയാകാത്ത സ്ത്രീയാണെങ്കിൽ Miss.എന്നും ഉപയോഗിക്കേണം.

ഇങ്ഗ്ളിഷിൽ ആരെയുംകേറി പേര് വിളിക്കാം എന്നൊരു തോന്നൽ പൊതുവേ പരന്നിട്ടുണ്ട്. ഇത് തെറ്റായ പ്രവണതയാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ പിന്നീട് പറായം.

എഴുത്ത് മുഖേനെയാണ് സ്ത്രീകളെ ഔപചാരികമായി സംബോധന ചെയ്യുന്നതെങ്കിൽ, Mrs.നും Missനും പകരമായി 'Ms.' എന്ന പൊതുവായ വാക്കും വേണമെങ്കിൽ ഉയോഗിക്കാം.

Mr./Mrs./Miss./Ms.

Mr.

Mrs.

Miss.

Mr. VED

34

Conversation sentences -1

ഇങ്ഗ്ളീഷ് പഠനത്തിലെ പ്രധാനപ്പെട്ട ഭാഗത്തിലേക്ക് പോകുന്നതിന് മുൻപായി ഈ സാധാരണ വാക്യങ്ങൾ കേട്ടും ആവർത്തിച്ചും പഠിക്കുക.

1. Excuse me, Mr. VED, Can you tell me the meaning of this sentence?
   ഈ വാക്യത്തിന്റെ അർത്ഥം എനിക്ക് പറഞ്ഞുതരാൻ നിങ്ങൾക്ക് പറ്റുമോ?

2. Excuse me, Mr. VED, I can't understand the meaning of this sentence.
   ഈ വാക്യത്തിന്റെ അർത്ഥം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല.

3. Good evening, Mr. VED. Is there class today?
   ഇന്ന് ക്ളാസ് ഉണ്ടോ?

4. I can't come today for the class.
   എനിക്ക് ഇന്ന് ക്ളാസിൽ വരാൻ കഴിയില്ല.

5. May I go out for a moment?
   ഞാൻ ഒരു നിമിഷം പുറത്ത് പോയിക്കോട്ടെ?

6. Can I answer the phone?
   ഞാൻ ഫോണിന് മറുപടി പറഞ്ഞോട്ടെ?
   [answerന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'ആൻസർ' എന്നല്ല.]

7. I was in Calicut yesterday. So I couldn't come for the class.
   ഞാൻ ഇന്നലെ കോഴിക്കോടായിരുന്നു. അതിനാൽ, ക്ളാസിലേക്ക് വരാൻ എനിക്ക് കഴിഞ്ഞില്ല.
   [Calicutന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'കാലിക്കറ്റ്' എന്നല്ല.]

8. You told me that there is no class today.
   ഇന്ന് ക്ളാസില്ലായെന്ന് നിങ്ങൾ എന്നോട് പറഞ്ഞു.

9. I want to tell you something.
   എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്.

10. Can you please come at 5:30?
    നിങ്ങൾക്ക് 05:30ന് വരാൻ കഴിയുമോ?

11. Why don't you tell him the truth?
    നിങ്ങൾ എന്ത് കൊണ്ട് അയാളോട് സത്യം പറയുന്നില്ല?

12. I waited for you till 6 O'clock.
    6 മണിവരെ ഞാൻ നിങ്ങളെ കാത്ത് നിന്നു.

13. What did you tell him?
    നിങ്ങൾ അയാളോട എന്ത് പറഞ്ഞു?

14. You shouldn't have told him that.
    നിങ്ങൾ അയാളോട് അത് പറയാൻ പാടില്ലായിരുന്നു.

15. Why are you simply getting angry?
    നിങ്ങൾ എന്താണ് വെറുതെ ദേഷ്യം പിടിക്കുന്നത്?

16. Why are you late?
    നിങ്ങൾ എന്ത് കൊണ്ടാണ് വൈകിയത്?
    [lateന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'ലേറ്റ്' എന്നല്ല.]

17. Can't you tell him not to call me at night?
    രാത്രിയിൽ എന്നെ വിളിക്കരുത് എന്ന് നിങ്ങൾക്ക് അയാളോട് പറയാൻ കഴിയില്ലെ?
    [callന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'കാൾ' എന്നും 'കോൾ' എന്നും അല്ല.]

18. Yesterday was his birthday.
ഇന്നലെ അയാളുടെ പിറന്നാളായിരുന്നു.
[birthdayയുടെ ഉച്ചാരണം ശ്രദ്ധിക്കുക. 'ബർത്ത് ഡെ' എന്നല്ല.]

19. She is getting married next month.
അയാൾ (സ്ത്രീ) അടുത്ത മാസം വിവാഹിതയാകുകയാണ്.
[marriedന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'മാറീഡ്' എന്നല്ല.]

20. You should not disturb him.
നിങ്ങൾ അയാളെ ശല്യപ്പെടുത്തരുത്?
[disturbന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'ഡിസ്റ്റർബ്' എന്നല്ല.]

21. Could you please keep quiet?
നിങ്ങൾക്കൊന്ന് അടങ്ങിയിരിക്കാമോ?

22. Would you go and see the place?
നിങ്ങൾ ആ സ്ഥലം പോയൊന്ന് കാണുമോ?
[placeന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'പ്ളേസ്' എന്നല്ല.]

23. You will surely like the place.
നിങ്ങൾക്ക് ആ സ്ഥലം തീർച്ചയായും ഇഷ്ടപ്പെടും.

24. When is your exam starting?
നിങ്ങളുടെ പരീക്ഷയെന്നാണ് തുടങ്ങുന്നത്?
[examന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'എക്സാം' എന്നല്ല.]

25. I am having a fever.
എനിക്ക് പനിച്ച് കൊണ്ടിരിക്കുകയാണ്.

26. I forgot that.
ഞാൻ അത് മറന്ന് പോയി.
[forgotന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'ഫോർഗോട്ട്' എന്നല്ല.]

27. What are you thinking?
നിങ്ങൾ എന്താണ് ചിന്തിക്കുന്നത്?

28. May I know your name, please?
നിങ്ങളുടെ പേര് എന്താണ് എന്ന് ഞാൻ അറിഞ്ഞോട്ടെ?
[nameന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'നേം' എന്നല്ല.]

29. Where is he now?
അയാൾ ഇപ്പോൾ എവിടെയാണ്?

30. What are you thinking of?
നിങ്ങൾ എന്തിനെക്കുറിച്ചാണ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്?

31. What are you talking about?
നിങ്ങൾ എന്തിനെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്?

32. What is inside this box?
ഈ പെട്ടിക്കകത്ത് എന്താണ് ഉള്ളത്?

33. Who told you that?
അത് നിങ്ങളോട് ആരാണ് പറഞ്ഞത്?

34. What do you want?
നിങ്ങൾക്കെന്താണ് വേണ്ടത്?
[wantന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'വാൺട്' എന്നല്ല.]

NURSERY Rhyme

THIRTY DAYS

Thirty days hath September,

April, June and November

February alone has twenty-eight days,

All the rest have thirty-one

Leap year coming once in four

February then has one day more.

Leap-year അധി വർഷം (ഫെബ്റുവരി മാസത്തിൽ 29 ദിവസം വരുന്ന വർഷം)

Conversation sentences -2

1. May I know who is speaking?
   ആരാണ് സംസാരിക്കുന്നത് എന്ന് ഞാൻ അറിഞ്ഞോട്ടെ? [കലർപ്പില്ലാത്ത-ഇംഗ്ലീഷിൽ 'Who are you?' പോലുള്ള ചോദ്യങ്ങൾ മര്യാദ കുറഞ്ഞവയായും, പരുക്കൻ പെരുമാറ്റമായും കരുതപ്പെടുന്നു.]

2. May I help you?
   ഞാൻ നിങ്ങളെ സഹായിക്കട്ടെയോ? [കച്ചവട സ്ഥാപനത്തിൽ ഉപഭോക്താവ് കയറിവന്നാൽ ചോദിക്കാവുന്ന ചോദ്യം. 'What do you want?' പോലുള്ള ചോദ്യങ്ങൾ മര്യാദ കുറഞ്ഞവയായും, പരുക്കൻ പെരുമാറ്റമായും കരുതപ്പെടുന്നു.]

3. How can I help you?
   എനിക്ക് നിങ്ങളെ എങ്ങിനെ സഹായിക്കാൻ കഴിയും? [കച്ചവട സ്ഥാപനത്തിൽ ഉപഭോക്താവ് കയറിവന്നാൽ ചോദിക്കാവുന്ന ചോദ്യം.' What do you want?'പോലുള്ള ചോദ്യങ്ങൾ മര്യാദ കുറഞ്ഞവയായും, പരുക്കൻ പെരുമാറ്റമായും കരുതപ്പെടുന്നു.]

4. May I sit down?
   ഞാൻ ഇരുന്നോട്ടെ? [സർക്കാരോഫിസുകളിലും മറ്റ് ഔപചാരിക സ്ഥലങ്ങളിലും ഇംഗ്ഗ്ലിഷിൽ ഇങ്ങിനെ ചോദിച്ചിട്ട്, ഇരിക്കാവുന്നതാണ്. മലയാളത്തിൽ ഇങ്ങിനെ ചോദിച്ചാൽ, ഉദ്യോഗസ്ഥർ എങ്ങിനെ പ്രതികരിക്കും എന്ന് തീർത്ത് പറയാൻ ആവില്ല.]

5. Can you please give me a glass of water?
   എനിക്ക് ഒരു ഗ്ലാസ് വെള്ളം തരാൻ നിങ്ങൾക്ക് കഴിയുമോ?

6. I am sorry that I couldn't help you.
   എനിക്ക് നിങ്ങളെ സഹായിക്കാൻ കഴിയാഞ്ഞതിൽ ഖേദമുണ്ട്.

7. I beg your pardon.
   ഞാൻ നിങ്ങളോട് മാപ്പപേക്ഷിക്കുന്നു. [പറഞ്ഞത് മനസ്സിലായില്ല, എന്ന് സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പ്രയോഗമാണ് ഇത്.]

8. Pardon.
   മാപ്പ്. മാപ്പാക്കുക. ഞാൻ നിങ്ങളോട് മാപ്പപേക്ഷിക്കുന്നു. [പറഞ്ഞത് മനസ്സിലായില്ല എന്ന് സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പ്രയോഗമാണ് ഇത്]

Conversation sentences -3

1. Please do not interrupt.
   ഇടയിൽ കയറി സംസാരിക്കരുത്, please! വിഘ്നം വരുത്തരുത്, please.

2. We saw him last month.
   ഞങ്ങൾ അയാളെ കഴിഞ്ഞമാസം കണ്ടു.

3. I came yesterday.
   ഞാൻ ഇന്നലെ വന്നു.

4. He went day before yesterday.
   അയാൾ മിനിഞ്ഞാന്ന് പോയി.

5. She will go tomorrow.
   അയാൾ (സ്ത്രീ) നാളെ പോകും.

6. They might come day after tomorrow.
   അയാൾ മറ്റന്നാൾ വന്നേക്കാം.

7. You can see him next week.
   നിങ്ങൾക്ക് അയാളെ അടുത്താഴ്ച കാണാൻ കഴിയും.

8. Could you please call me today?
   നിങ്ങൾക്ക് എന്നെ ഇന്ന് വിളിക്കാൻ കഴിയുമോ?

9. Day before yesterday
   മിനിഞ്ഞാന്ന്

10. Yesterday
    ഇന്നലെ

11. Today
    ഇന്ന്

12. Tonight
    ഇന്നു രാത്രി

13. Tomorrow
    നാളെ

14. Day after tomorrow
    മറ്റന്നാൾ

39

Conversation sentences-4

1. Convey my regards to him.
അയാളോട് എന്റെ അന്വേഷണം അറിയിക്കുക. [ഈ വാക്യത്തിന്റെ യഥാർത്ഥ അർത്ഥം, 'എനിക്ക് അയാളോടുള്ള ഹൃദയംഗമമായ മതിപ്പ് നിങ്ങൾ അയാളിലേക്ക് കൊണ്ടെത്തിക്കുക', എന്നാവും എന്നാണ് തോന്നുന്നത്]

2. I miss you.
നിങ്ങളുമായി പിരിഞ്ഞിരിക്കുന്നതിൽ /വിട്ടുനിൽക്കുന്നതിൽ, ഞാൻ വിരഹം അനുഭവിക്കുന്നു.

3. Can you come and do this?
നിങ്ങൾക്ക് വന്ന് ഇതൊന്ന് ചെയ്യാമോ?

4. Could you please repair this?
നിങ്ങൾക്ക് ഇതൊന്ന് നന്നാക്കാനാവുമോ?

5. Please open the door.
വാതിൽ ഒന്ന് തുറക്കൂ.

6. She is my aunt.
അയാൾ (സ്ത്രീ) എന്റെ അമ്മാവിയാണ്.

7. Aunt Anne, can you come with me to the fish market?
Aunt Anne, നിങ്ങൾക്ക് എന്റെ കൂടെ മത്സ്യമാർക്കറ്റിലേക്ക് വരാനാകുമോ?

8. He is my uncle.
അയാൾ എന്റെ അമ്മാവനാണ്.

9. Uncle George, why did you not call me in the morning?
Uncle George, നിങ്ങളെന്തുകൊണ്ടാണ് എന്നെ രാവിലെ വിളിക്കാതിരുന്നത്?

NURSERY Rhyme

ORANGE IS A LEMON

Orange is a lemon

Sold for a penny

All the schoolgirls are so many

The grass is green

And the rose is red

Remember me when I am

Dead, dead, dead.

Lemon ചെറുനാരങ്ങ

Remember ഓർക്കുക

41

ഫ്യൂഡൽ ഭാഷകളിൽ എല്ലാ സംഭാഷണങ്ങളിലും ബഹുമാനവും, തരംതാഴ്ത്തലും സ്വയം തരംതാഴലും, അതുമല്ലെങ്കിൽ, സ്വന്തമായുള്ള പ്രതാപം പ്രകടിപ്പിക്കലും, വിധേയത്വവും ആധിപത്യമനോഭാവവും തുടങ്ങിവയും മറ്റും ആവശ്യമാണ്.

മലയാളത്തിൽ, സാർ, മാഡം/മേഡം, അങ്ങുന്ന്, ചേട്ടൻ, ചേച്ചി, അദ്ദേഹം, അവർ, അമ്മാവൻ, അമ്മാവി, അങ്കിൾ, ആന്റി തുടങ്ങിയ വാക്കുകൾ ബഹുമാനം നൽകാൻ ഉപയോഗിക്കുന്നു. ബഹുമാനിക്കപ്പെടേണ്ടുന്ന വ്യക്തിയുടെ പേരിന് പിന്നിൽ എന്തെങ്കിലും ഒരു താങ്ങ് ആവശ്യമാണ്. തരംതാഴ്ത്തേണ്ടുന്ന വ്യക്തിയുടെ പേരിന് പിന്നിൽ ഈ താങ്ങ് നൽകാൻ പാടില്ല.

ഇത് സമൂഹിക അച്ചടക്കത്തിന്റെയും സാമൂഹിക ഘടനയുടേയും കാതൽ കോഡായി നിലനിൽക്കുന്നു. നിസ്സാരമായി കാണാൻപറ്റുന്ന കാര്യമാണ് ഇതെങ്കിലും, വാസ്ത്തവത്തിൽ അതീവ സങ്കീർണ്ണതയുള്ളതും, സമൂഹത്തിന്റെ പൂർണ്ണമായ രൂപഘടനയും, രൂപകൽപ്പനയും, മറ്റും ഈ കോഡുകളിലും, ഇതുപോലുള്ള മറ്റ് കോഡുകളിലും അന്തർലീനമായി നിലനിൽക്കുന്നു.

ഇതിനെക്കുറിച്ച് ഇപ്പോൾ അധികം പറയാൻ ആവില്ല. കൂടുതൽ അറിയാൻ താൽപ്പര്യമുള്ളവർ ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രത്തെകുറിച്ചുള്ള ഒരു അനുഭാവ്യചിത്രീകരണം എന്ന ഗ്രന്ഥം വായിക്കുക.

42

I, He, She, They, We, You

ഇനി നമുക്ക് 'ഞാൻ', 'അയാൾ', 'അയാൾ' (സ്ത്രീ), 'അവർ', 'ഞങ്ങൾ', 'നിങ്ങൾ' തുടങ്ങിയ വാക്കുകൾ പഠിക്കാം.

ഞാൻ :I
അയാൾ :He
അയാൾ (സ്ത്രീ) :She
അവർ :They
ഞങ്ങൾ :We
നിങ്ങൾ :You

ഇവിടെ പറയാനുള്ളത്
'He' എന്ന വാക്കിനെ 'അവൻ' എന്ന് തർജ്ജമ ചെയ്യരുത്.
'She' എന്ന വാക്കിനെ 'അവൾ' എന്ന് തർജ്ജമ ചെയ്യരുത്.
'You' എന്ന വാക്കിനെ 'നീ' എന്ന് തർജ്ജമ ചെയ്യരുത്.

ഇങ്ഗ്ളിഷ് എന്നത് മലായളത്തിന്റെ തർജ്ജമയല്ല. മറിച്ച്, മലയാളവുമായി യാതോരു ബന്ധവുമില്ലാത്ത സാമൂഹികവും, വ്യക്തിപരവും, കുടുംബബന്ധപരവും ആയ കോഡുകളും, കണ്ണികളും ഉള്ള ഒരു ഭാഷയാണ് ഇങ്ഗ്ളിഷ്.

'He' എന്ന വാക്കിനെ 'അവൻ' എന്ന് പറഞ്ഞ് പഠിച്ചാലും,
'She' എന്ന വാക്കിനെ 'അവൾ' എന്ന് പറഞ്ഞ് പഠിച്ചാലും,
'You' എന്നവാക്കിനെ 'നീ' എന്ന് പറഞ്ഞ് പഠിച്ചാലും,
നിങ്ങൾ പഠിച്ച ഇങ്ഗ്ളിഷ് ഒരു തരം താഴ്ന്ന ഇങ്ഗ്ളിഷ് ആയിരിക്കും.

മുതിർന്നവരോടും, മേലുദ്യോഗസ്ഥരോടും, മലയാളത്തിൽ സാമൂഹികമായി ഉയർന്ന സ്ഥാനം വഹിക്കുന്നവരോടും, നിങ്ങൾക്ക് ഈ ഇങ്ഗ്ളിഷ് സംസാരിക്കാൻ പറ്റില്ല.

മാത്രവുമല്ല, ഇങ്ങിനെ തരംതാഴ്ന്ന ഇങ്ഗ്ളിഷ് സംസാരിക്കുമ്പോൾ, നിങ്ങൾക്കും, അത് കേൾക്കുന്ന മേൽസ്ഥാനത്തിരിക്കുന്നവർക്കും വേവലാതി അനുഭവപ്പെടും.

He, She, They, We, You എന്നിവയുടെ മറ്റ് രൂപങ്ങൾ

ഇനി നമുക്ക് He, She, They, We, You എന്നീ വാക്കുകളുടെ മറ്റ് രൂപങ്ങൾ നോക്കാം.

ഇതിന് മുൻപ്, ഒന്ന് രണ്ട് കാര്യങ്ങൾ പറയാം.

അത് അയാൾക്ക് കൊടുക്കൂ.
ഇത് ഞങ്ങളുടേതാണ്.
ഇത് അയാളുടെ (സ്ത്രീ) വീടാണ്.
അവർക്ക് കുറച്ച് ഭക്ഷണം വേണം.
അയാൾ ഇത് നിങ്ങൾക്ക് തരാൻ പറഞ്ഞു.

ഈ നിസ്സാരമായ വാക്യങ്ങൾ, പലർക്കും ഇങ്ഗ്ലിഷിൽ പറയാൻ ആകുന്നില്ല. ഇതിനുള്ള കാരണം, ഏതാനും നിസ്സാരങ്ങളായ വാക്കുകൾ വ്യക്തമായി മനസ്സിലാക്കിയിട്ടില്ലാ എന്നതാണ്. നമുക്ക് അവ പഠിക്കാം. അവ പഠിച്ചാൽതന്നെ നിങ്ങളുടെ ഇങ്ഗ്ലിഷ് ഉപയോഗിക്കാനുള്ള കഴിവ് വളരെ അധികം മുന്നോട്ട് നീങ്ങും.

The four forms

He, She, They We, You തുടങ്ങിയ വാക്കുകളുടെ നാല് രൂപങ്ങൾ നമുക്ക് നോക്കാം. ഇവയുടെ ഏകദേശ അർത്ഥങ്ങൾ നൽകിയിട്ടുണ്ടെങ്കിലും, അവ കാണാപാഠമായി പഠിക്കേണ്ടുന്ന ആവശ്യം ഇല്ലതന്നെ. ഈ വാക്കുകൾ വാക്യത്തിൽ പ്രയോഗിക്കുമ്പോൾ, സ്വമേധയാ അവയുടെ അർത്ഥങ്ങൾ മനസ്സിൽ പതിയുന്നതാണ്.

I ഞാൻ, എനിക്ക്
My എന്റെ
Mine എന്റേത്
Me എനിക്ക്, എന്നെ

He അയാൾ, അയാൾക്ക്
His അയാളുടെ
His അയാളുടേത്
Him അയാൾക്ക്, അയാളെ

She അയാൾ (സ്ത്രീ)
Her അയാളുടെ (സ്ത്രീ)
Hers അയാളുടേത് (സ്ത്രീ)
Her അയാൾക്ക് (സ്ത്രീ), അയാളെ (സ്ത്രീ)

We ഞങ്ങൾ, ഞങ്ങൾക്ക്
Our ഞങ്ങളുടെ
Ours ഞങ്ങളുടേത്
Us ഞങ്ങൾക്ക്, ഞങ്ങളെ

They അവർ, അവർക്ക്
Their അവരുടെ
Theirs അവരുടേത്
Them അവർക്ക്, അവരെ

You നിങ്ങൾ, നിങ്ങൾക്ക്
Your നിങ്ങളുടെ
Yours നിങ്ങളുടേത്
You നിങ്ങൾക്ക്, നിങ്ങളെ

45

The four-forms in sentences -1

ഇനി നമുക്ക് ഈ വാക്കുകൾ വാക്യത്തിൽ പ്രയോഗിക്കാം:

1. I want a book.
   എനിക്ക് ഒരു പുസ്തകം വേണം.

2. This is my book.
   ഇത് എൻ്റെ പുസ്തകമാണ്.

3. This is mine.
   ഇത് എൻ്റേതാണ്.

4. Give it to me.
   അത് എനിക്ക് തരൂ. [Itന് 'അത്' എന്നും 'ഇത്' എന്നും അർത്ഥം ഉണ്ട്.]

---

1. He wants a book
   അയാൾക്ക് ഒരു പുസ്തകം വേണം.

2. This is his book.
   ഇത് അയാളുടെ പുസ്തകമാണ്.

3. This is his.
   ഇത് അയാളുടേതാണ്.

4. Give it to him.
   അത് / ഇത് അയാൾക്ക് കൊടുക്കൂ.

---

1. She wants a book.
   അയാൾക്ക് (സ്ത്രീ) ഒരു പുസ്തകം വേണം.

2. This is her book.
   ഇത് അയാളുടെ (സ്ത്രീ) പുസ്തകമാണ്. [This എന്നാൽ 'ഇത്' എന്നാണ് അർത്ഥം]

3. This is hers.
   ഇത് അയാളുടേതാണ് (സ്ത്രീ).

4. Give it to her.
   അത് അയാൾക്ക് (സ്ത്രീ) കൊടുക്കൂ.

---

1. We want a book.
   ഞങ്ങൾക്ക് ഒരു പുസ്തകം വേണം.

2. This is our book.
   ഇത് ഞങ്ങളുടെ പുസ്തകമാണ്.

3. This is ours.
   ഇത് ഞങ്ങളുടേതാണ്.

4. Give it to us.
   അത് / ഇത് ഞങ്ങൾക്ക് തരൂ.

46

1. They want a book.
   അവർക്ക് ഒരു പുസ്തകം വേണം.

2. This is their book
   ഇത് അവരുടെ പുസ്തകമാണ്.

3. This is theirs
   ഇത് അവരുടേതാണ്.

4. Give it to them.
   ഇത്/അത് അവർക്ക് കൊടുക്കൂ.

1. You want a book.
   നിങ്ങൾക്ക് ഒരു പുസ്തകം വേണം.

2. This is your book
   ഇത് നിങ്ങളുടെ പുസ്തകമാണ്.

3. This is yours.
   ഇത് നിങ്ങളുടേതാണ്.

4. I told them to give it to you.
   ഇത് / അത് നിങ്ങൾക്ക് തരാൻ ഞാൻ അവരോട് പറഞ്ഞു.

NURSERY Rhyme

BA, BA BLACKSHEEP

Ba, ba blacksheep

Have you any wool?

Yes, sir, Yes, sir

Three bags full,

One for my master,

One for my dame

And one for the little boy

Who lives down the lane.

Sheep ചെമ്മരിയാട്

Dame വീട്ടമ്മ

Lane ഇടവഴി

48

The four-forms in sentences -2

1. I want a car.
   എനിക്ക് ഒരു കാർ വേണം.

2. This is my car.
   ഇത് എന്റെ കാറാണ്.

3. This car is mine.
   ഈ കാർ എന്റേതാണ്.

4. Give that knife to me.
   ആ കത്തി എനിക്ക് തരൂ. [Itന് 'അത്' എന്നും 'ഇത്' എന്നും അർത്ഥം ഉണ്ട്.]

1. He wants a car
   അയാൾക്ക് ഒരു കാർ വേണം. [ഇവിടെ wantന് പിന്നിലായി ഒരു 's' വന്നത് കാണാം. ഇതിന്റെ കാര്യം പിന്നീട് പറയാം. ഇപ്പോൾ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ട.]

2. This is his car.
   ഇത് അയാളുടെ കാറാണ്.

3. This knife is his.
   ഈ കത്തി അയാളുടേതാണ്.

4. Give that knife to him.
   ആ കത്തി അയാൾക്ക് കൊടുക്കൂ.

1. She wants a car.
   അയാൾക്ക് (സ്ത്രീ) ഒരു കാറ് വേണം.

2. This is her car.
   ഇത് അയാളുടെ (സ്ത്രീ) കാറാണ്. [This എന്നാൽ ഇത് എന്നാണ് അർത്ഥം]

3. This car is hers.
   ഈ കാർ അയാളുടേതാണ് (സ്ത്രീ).

4. Give this car to her.
   ഈ കാർ അയാൾക്ക് (സ്ത്രീ) കൊടുക്കൂ.

1. We want a car.
   ഞങ്ങൾക്ക് ഒരു കാർ വേണം.

2. This is our car.
   ഇത് ഞങ്ങളുടെ കാറാണ്.

3. This is ours.
   ഈ കാർ ഞങ്ങളുടേതാണ്.

4. Give that car to us.
   ആ കാർ ഞങ്ങൾക്ക് തരൂ.

49

1. They want a car.
   അവർക്ക് ഒരു കാർ വേണം.

2. This is their car.
   ഇത് അവരുടെ കാറാണ്.

3. This car is theirs
   ഈ കാർ അവരുടേതാണ്.

4. Give this car to them.
   ഈ കാർ അവർക്ക് കൊടുക്കൂ.

---

1. You want a car.
   നിങ്ങൾക്ക് ഒരു കാർ വേണം.

2. This is your car
   ഇത് നിങ്ങളുടെ കാറാണ്.

3. This bike is yours.
   ഈ ബൈക്ക് നിങ്ങളുടേതാണ്.

4. I told them to give that bike to you.
   ആ ബൈക്ക് നിങ്ങൾക്ക് തരാൻ ഞാൻ അവരോട് പറഞ്ഞു.

50

The four-forms in sentences - 3

1. I want some money.
   എനിക്ക് കുറച്ച് പണം വേണം.

2. This is my money.
   ഇത് എന്റെ പണമാണ്.

3. This money is mine.
   ഈ പണം എന്റേതാണ്.

4. Give that money to me.
   ആ പണം എനിക്ക് തരൂ. [Itന് അത് എന്നും ഇത് എന്നും അർത്ഥം ഉണ്ട്.]

---

1. He wants some money. [ഇവിടെ wantന് പിന്നിലായി ഒരു 's' വന്നത് കാണാം. ഇതിന്റെ കാര്യം പിന്നീട് പറായം. ഇപ്പോൾ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ട.]
   അയാൾക്ക് കുറച്ച് പണം വേണം.

2. This is his money.
   ഇത് അയാളുടെ പണമാണ്.

3. This money is his.
   ഈ പണം അയാളുടേതാണ്.

4. Give that money to him.
   ആ പണം അയാൾക്ക് കൊടുക്കൂ.

---

1. She wants some money.
   അയാൾക്ക് (സ്ത്രീ) കുറച്ച് പണം വേണം.

2. This is her money.
   ഇത് അയാളുടെ (സ്ത്രീ) പണമാണ്. [This എന്നാൽ ഇത് എന്നാണ് അർത്ഥം]

3. This money is hers.
   ഈ പണം അയാളുടേതാണ് (സ്ത്രീ).

4. Give that money to her.
   ആ പണം അയാൾക്ക് (സ്ത്രീ) കൊടുക്കൂ.

---

1. We want some money.
   ഞങ്ങൾക്ക് കുറച്ച് പണം വേണം.

2. This is our money.
   ഇത് ഞങ്ങളുടെ പണമാണ്.

3. This money is ours.
   ഈ പണം ഞങ്ങളുടേതാണ്.

4. Give that money to us.
   ആ പണം ഞങ്ങൾക്ക് തരൂ.

51

1. They want some money.
   അവർക്ക് കുറച്ച് പണം വേണം.

2. This is their money
   ഇത് അവരുടെ പണമാണ്.

3. This money is theirs
   ഈ പണം അവരുടേതാണ്.

4. Give that money to them.
   ആ പണം അവർക്ക് കൊടുക്കൂ.

---

1. You want some money.
   നിങ്ങൾക്ക് കുറച്ച് പണം വേണം.

2. This is your money.
   ഇത് നിങ്ങളുടെ പണമാണ്.

3. This money is yours.
   ഈ പണം നിങ്ങളുടേതാണ്.

4. I told them to give that money to you.
   ആ പണം നിങ്ങൾക്ക് തരാൻ ഞാൻ അവരോട് പറഞ്ഞു.

NURSERY Rhyme

PEASE PUDDING HOT

Pease pudding hot, pease pudding cold,

Pease pudding in the pot, nine days old.

Some like it hot, some like it cold.

Some like it in the pot nine days old.

Pudding മധുരപലഹാരപായസം

Pot കുടം, കലം, ചട്ടി

53

The four-forms in sentences -4

1. I want to marry.
   എനിക്ക് വിവാഹം കഴിക്കണം.

2. This is my wife.
   ഇത് എന്റെ ഭാര്യയാണ്.

3. This house is mine.
   ഈ വീട് എന്റേതാണ്.

4. Give that torch to me.
   ആ ടോർച്ച് എനിക്ക് തരൂ. [Itന് അത് എന്നും ഇത് എന്നും അർത്ഥം ഉണ്ട്.]

---

1. He wants to marry. [ഇവിടെ wantന് പിന്നിലായി ഒരു 's' വന്നത് കാണാം. ഇതിന്റെ കാര്യം പിന്നീട് പറയാം. ഇപ്പോൾ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ട.]
   അയാൾക്ക് വിവാഹം കഴിക്കണം.

2. This is his wife.
   ഇത് അയാളുടെ ഭാര്യയാണ്.

3. This house is his.
   ഈ വീട് അയാളുടേതാണ്.

4. Give that torch to him.
   ആ ടോർച്ച് അയാൾക്ക് കൊടുക്കൂ.

---

1. She wants to marry.
   അയാൾക്ക് (സ്ത്രീ) വിവാഹം കഴിക്കണം.

2. This is her husband.
   ഇത് അയാളുടെ (സ്ത്രീ) ഭർത്താവാണ്. [This എന്നാൽ ഇത് എന്നാണ് അർത്ഥം]

3. This house is hers.
   ഈ വീട് അയാളുടേതാണ് (സ്ത്രീ).

4. Give that torch to her.
   ആ ടോർച്ച് അയാൾക്ക് (സ്ത്രീ) കൊടുക്കൂ.

---

1. We want to marry.
   ഞങ്ങൾക്ക് വിവാഹം കഴിക്കണം.

2. This is our house.
   ഇത് ഞങ്ങളുടെ വീടാണ്.

3. This house is ours.
   ഈ വീട് ഞങ്ങളുടേതാണ്.

4. Give that torch to us.
   ആ ടോർച്ച് ഞങ്ങൾക്ക് തരൂ.

54

1. They want to marry.
   അവർക്ക് വിവാഹം കഴിക്കണം.

2. This is their house.
   ഇത് അവരുടെ വീടാണ്.

3. This house is theirs
   ഈ വീട് അവരുടേതാണ്.

4. Give that torch to them.
   ആ ടോർച്ച് അവർക്ക് കൊടുക്കൂ.

1. You want to marry.
   നിങ്ങൾക്ക് വിവാഹം കഴിക്കണം. (ആഗ്രഹമുണ്ട്)

2. This is your wife.
   ഇത് നിങ്ങളുടെ ഭാര്യായാണ്.

3. This house is yours.
   ഈ വീട് നിങ്ങളുടേതാണ്.

4. I told them to give that torch to you.
   ആ ടോർച്ച് നിങ്ങൾക്ക് തരാൻ ഞാൻ അവരോട് പറഞ്ഞു.

55

The four-forms in sentences -5

1. I want some authority.
   എനിക്ക് കുറച്ച് അധികാരം വേണം.

2. This is my responsibility.
   ഇത് എന്റെ ഉത്തരവാദിത്വമാണ്.

3. This gun is mine.
   ഈ തോക്ക് എന്റേതാണ്.

4. Give that gun to me.
   ആ തോക്ക് എനിക്ക് തരൂ. [Itന് അത് എന്നും ഇത് എന്നും അർത്ഥം ഉണ്ട്.]

1. He wants some authority. [ഇവിടെ wantന് പിന്നിലായി ഒരു 's' വന്നത്കാണാം. ഇതിന്റെ കാര്യം പിന്നീട് പറായം. ഇപ്പോൾ ഇതിനെക്കുറിച്ച്ചിന്തിക്കേണ്ട.]
   അയാൾക്ക് കുറച്ച് അധികാരം വേണം.

2. This is his responsibility.
   ഇത് അയാളുടെ ഉത്തരവാദിത്വമാണ്.

3. This gun is his.
   ഈ തോക്ക് അയാളുടേതാണ്.

4. Give that gun to him.
   ആ തോക്ക് അയാൾക്ക് കൊടുക്കൂ.

1. She wants some authority.
   അയാൾക്ക് (സ്ത്രീ) കുറച്ച് അധികാരം വേണം.

2. This is her responsibility.
   ഇത് അയാളുടെ (സ്ത്രീ) ഉത്തരവാദിത്വമാണ്. [This എന്നാൽ ഇത് എന്നാണ് അർത്ഥം]

3. This gun is hers.
   ഈ തോക്ക് അയാളുടേതാണ് (സ്ത്രീ).

4. Give that gun to her.
   ആ തോക്ക് അയാൾക്ക് (സ്ത്രീ) കൊടുക്കൂ.

1. We want some authority.
   ഞങ്ങൾക്ക് കുറച്ച് അധികാരം വേണം.

2. This is our responsibility.
   ഇത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്.

3. This gun is ours.
   ഈ തോക്ക് ഞങ്ങളുടേതാണ്.

4. Give that gun to us.
   ആ തോക്ക് ഞങ്ങൾക്ക് തരൂ.

1. They want some authority.
   അവർക്ക് കുറച്ച് അധികാരം വേണം.

2. This is their responsibility.
   ഇത് അവരുടെ ഉത്തരവാദിത്വമാണ്.

3. This gun is theirs
   ഈ തോക്ക് അവരുടേതാണ്.

4. Give that gun to them.
   ആ തോക്ക് അവർക്ക് കൊടുക്കൂ.

1. You want some authority.
   നിങ്ങൾക്ക് കുറച്ച് അധികാരം വേണം.

2. This is your responsibility.
   ഇത് നിങ്ങളുടെ ഉത്തരവാദിത്വമാണ്.

3. This gun is yours.
   ഈ തോക്ക് നിങ്ങളുടേതാണ്.

4. I told them to give you that gun.
   ആ തോക്ക് നിങ്ങൾക്ക് തരാൻ ഞാൻ അവരോട് പറഞ്ഞു.

57

The four-forms in sentences - 6

1. I want to buy a land.
   എനിക്ക് ഒരു സ്ഥലം വാങ്ങിക്കണം.

2. This is my land.
   ഇത് എന്റെ സ്ഥലമാണ്.

3. This land is mine.
   ഈ സ്ഥലം എന്റേതാണ്.

4. Give this land to me.
   ഈ സ്ഥലം എനിക്ക് തരൂ. [Itന് അത് എന്നും ഇത് എന്നും അർത്ഥം ഉണ്ട്.]

---

1. He wants to buy a land. [ഇവിടെ wantന് പിന്നിലായി ഒരു 's' വന്നത് കാണാം. ഇതിന്റെ കാര്യം പിന്നീട് പറായം. ഇപ്പോൾ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ട.]
   അയാൾക്ക് ഒരു സ്ഥലം വാങ്ങിക്കണം.

2. This is his land.
   ഇത് അയാളുടെ സ്ഥലമാണ്.

3. This land is his.
   ഈ സ്ഥലം അയാളുടേതാണ്.

4. Give this land to him.
   ഈ സ്ഥലം അയാൾക്ക് കൊടുക്കൂ.

---

1. She wants to buy a land.
   അയാൾക്ക് (സ്ത്രീ) ഒരു സ്ഥലം വാങ്ങിക്കണം.

2. This is her land.
   ഇത് അയാളുടെ (സ്ത്രീ) സ്ഥലമാണ്. ['This' എന്നാൽ ഇത് എന്നാണ് അർത്ഥം]

3. This land is hers.
   ഈ സ്ഥലം അയാളുടേതാണ് (സ്ത്രീ).

4. Give this land to her.
   ഈ സ്ഥലം അയാൾക്ക് (സ്ത്രീ) കൊടുക്കൂ.

---

1. We want to buy a land.
   ഞങ്ങൾക്ക് ഒരു സ്ഥലം വാങ്ങിക്കണം.

2. This is our land.
   ഇത് ഞങ്ങളുടെ സ്ഥലമാണ്.

3. This land is ours.
   ഈ സ്ഥലം ഞങ്ങളുടേതാണ്.

4. Give this land to us.
   ഈ സ്ഥലം ഞങ്ങൾക്ക് തരൂ.

58

1. They want to buy a land.
   അവർക്ക് ഒരു സ്ഥലം വാങ്ങിക്കണം.

2. This is their land
   ഇത് അവരുടെ സ്ഥലമാണ്.

3. This land is theirs
   ഈ സ്ഥലം അവരുടേതാണ്.

4. Give this land to them.
   ഈ സ്ഥലം അവർക്ക് കൊടുക്കൂ.

1. You want to buy a land.
   നിങ്ങൾക്ക് ഒരു സ്ഥലം വാങ്ങിക്കണം.

2. This is your land
   ഇത് നിങ്ങളുടെ സ്ഥലമാണ്.

3. This land is yours.
   ഈ സ്ഥലം നിങ്ങളുടേതാണ്.

4. I told them to give this land to you.
   ഈ സ്ഥലം നിങ്ങൾക്ക് തരാൻ ഞാൻ അവരോട് പറഞ്ഞു.

59

The four-forms in sentences -7

1. I want to learn English.
   എനിക്ക് ഇങ്ഗ്ളിഷ് പഠിക്കണം. (ആഗ്രഹമുണ്ട്)

2. This is my English teacher.
   ഇത് എന്റെ ഇങ്ഗ്ളിഷ് അദ്ധ്യാപകനാണ്.

3. This book is mine.
   ഈ പുസ്തകം എന്റേതാണ്.

4. Give that pencil to me.
   ആ പെൻസിൽ എനിക്ക് തരൂ. [Itന് അത് എന്നും ഇത് എന്നും അർത്ഥം ഉണ്ട്.]

---

1. He wants to learn English. [ഇവിടെ wantന് പിന്നിലായി ഒരു 's' വന്നത് കാണാം. ഇതിന്റെ കാര്യം പിന്നീട് പറായം. ഇപ്പോൾ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ട.]
   അയാൾക്ക് ഇങ്ഗ്ളിഷ് പഠിക്കണം. (ആഗ്രഹമുണ്ട്)

2. This is his English teacher.
   ഇത് അയാളുടെ ഇങ്ഗ്ളിഷ് അദ്ധ്യാപകനാണ്.

3. This book is his.
   ഈ പുസ്തകം അയാളുടേതാണ്.

4. Give that pencil to him.
   ആ പെൻസിൽ അയാൾക്ക് കൊടുക്കൂ.

---

1. She wants to learn English.
   അയാൾക്ക് (സ്ത്രീ) ഇങ്ഗ്ളിഷ് പഠിക്കണം. (ആഗ്രഹമുണ്ട്)

2. This is her English teacher.
   ഇത് അയാളുടെ (സ്ത്രീ) ഇങ്ഗ്ളിഷ് അദ്ധ്യാപകനാണ്. ['This' എന്നാൽ ഇത് എന്നാണ് അർത്ഥം]

3. This book is hers.
   ഈ പുസ്തകം അയാളുടേതാണ് (സ്ത്രീ).

4. Give that pencil to her.
   ആ പെൻസിൽ അയാൾക്ക് (സ്ത്രീ) കൊടുക്കൂ.

---

1. We want to learn English.
   ഞങ്ങൾക്ക് ഇങ്ഗ്ളിഷ് പഠിക്കണം. (ആഗ്രഹമുണ്ട്)

2. This is our English teacher.
   ഇത് ഞങ്ങളുടെ ഇങ്ഗ്ളിഷ് അദ്ധ്യാപകനാണ്.

3. This book is ours.
   ഈ പുസ്തകം ഞങ്ങളുടേതാണ്.

4. Give that pencil to us.
   ആ പെൻസിൽ ഞങ്ങൾക്ക് തരൂ.

60

1. They want to learn English.
   അവർക്ക് ഇങ്ഗ്ളിഷ് പഠിക്കണം. (ആഗ്രഹമുണ്ട്)

2. This is their English teacher
   ഇത് അവരുടെ ഇങ്ഗ്ളിഷ് അദ്ധ്യാപകനാണ്.

3. This book is theirs
   ഈ പുസ്തകം അവരുടേതാണ്.

4. Give that pencil to them.
   ആ പെൻസിൽ അവർക്ക് കൊടുക്കൂ.

1. You want to learn English.
   നിങ്ങൾക്ക് ഇങ്ഗ്ളിഷ് പഠിക്കണം. (ആഗ്രഹമുണ്ട്)

2. This is your English teacher
   ഇത് നിങ്ങളുടെ ഇങ്ഗ്ളിഷ് അദ്ധ്യാപകനാണ്.

3. This book is yours.
   ഈ പുസ്തകം നിങ്ങളുടേതാണ്.

4. I told them to give that pencil to you.
   ആ പെൻസിൽ നിങ്ങൾക്ക് തരാൻ ഞാൻ അവരോട് പറഞ്ഞു.

61

NURSERY Rhyme

ONE, TWO, THREE, FOUR, FIVE

One, two, three, four, five,

Once I caught a fish alive.

Six, seven, eight, nine, ten,

Then I let it go again.

“Why did you let it go?”

“Because it bit my finger so.”

“Which finger did it bite?”

This little finger on my right.

Caught പിടിച്ചു

Alive ജീവനോടെ, ജീവനുള്ള

Bit കടിച്ചു

Finger കൈവിരൽ

Right വലത്ത്

Little ചെറുത്, ചെറു

The four-forms in sentences -8

1. I want to get up in the morning.
എനിക്ക് രാവിലെ എഴുന്നേൽക്കണം. (ആഗ്രഹമുണ്ട്)

2. This is my lunch.
ഇത് എന്റെ ഉച്ചഭക്ഷണമാണ്.

3. This food is mine.
ഈ ഭക്ഷണം എന്റേതാണ്.

4. Give that to me.
അത് എനിക്ക് തരൂ. [Itന് അത് എന്നും ഇത് എന്നും അർത്ഥം ഉണ്ട്.]

1. He wants to get up in the morning. [ഇവിടെ wantന് പിന്നിലായി ഒരു 's' വന്നത് കാണാം. ഇതിന്റെ കാര്യം പിന്നീട് പറായം. ഇപ്പോൾ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ട.]
അയാൾക്ക് രാവിലെ എഴുന്നേൽക്കണം. (ആഗ്രഹമുണ്ട്).

2. This is his lunch.
ഇത് അയാളുടെ ഉച്ചഭക്ഷണമാണ്.

3. This food is his.
ഈ ഭക്ഷണം അയാളുടേതാണ്.

4. Give that to him.
അത് അയാൾക്ക് കൊടുക്കൂ.

1. She wants to get up in the morning.
അയാൾക്ക് (സ്ത്രീ) രാവിലെ എഴുന്നേൽക്കണം. (ആഗ്രഹമുണ്ട്)

2. This is her lunch.
ഇത് അയാളുടെ (സ്ത്രീ) ഉച്ചഭക്ഷണമാണ്. ['This' എന്നാൽ ഇത് എന്നാണ് അർത്ഥം]

3. This food is hers.
ഈ ഭക്ഷണം അയാളുടേതാണ് (സ്ത്രീ).

4. Give that to her.
അത് അയാൾക്ക് (സ്ത്രീ) കൊടുക്കൂ.

1. We want to get up in the morning.
ഞങ്ങൾക്ക് രാവിലെ എഴുന്നേൽക്കണം. (ആഗ്രഹമുണ്ട്)

2. This is our lunch.
ഇത് ഞങ്ങളുടെ ഉച്ചഭക്ഷണമാണ്.

3. This food is ours.
ഈ ഭക്ഷണം ഞങ്ങളുടേതാണ്.

4. Give that to us.
അത് ഞങ്ങൾക്ക് തരൂ.

63

1. They want to get up in the morning.
   അവർക്ക് രാവിലെ എഴുന്നേൽക്കണം. (ആഗ്രഹമുണ്ട്)

2. This is their lunch.
   ഇത് അവരുടെ ഉച്ചഭക്ഷണമാണ്.

3. This food is theirs.
   ഈ ഭക്ഷണം അവരുടേതാണ്.

4. Give that to them.
   അത് അവർക്ക് കൊടുക്കൂ.

1. You want to get up in the morning.
   നിങ്ങൾക്ക് രാവിലെ എഴുന്നേൽക്കണം. (ആഗ്രഹമുണ്ട്)

2. This is your lunch.
   ഇത് നിങ്ങളുടെ ഉച്ചഭക്ഷണമാണ്.

3. This food is yours.
   ഇത് നിങ്ങളുടേതാണ്.

4. I told them to give that to you.
   അത് നിങ്ങൾക്ക് തരാൻ ഞാൻ അവരോട് പറഞ്ഞു.

64

You do

ഇന്നത്തെ ക്ളാസിൽ, നമുക്ക് വളരേ ചെറിയെ ചില വാക്യപ്രയോഗങ്ങൾ പരിശീലിക്കാം.

'**നിങ്ങൾ ഇത് ചെയ്യൂ**'. '**നിങ്ങൾ അത് ചെയ്യൂ**'. തുടങ്ങിയ വാക്കുകൾ.

1. You do this.
   നിങ്ങൾ ഇത് ചെയ്യൂ.

2. You do that.
   നിങ്ങൾ അത് ചെയ്യൂ.

3. You come here.
   നിങ്ങൾ ഇവിടെ വരൂ.

4. You achieve something
   നിങ്ങൾ എന്തെങ്കിലും നേടൂ.

5. You act fast
   നിങ്ങൾ വേഗത്തിൽ പ്രവർത്തിക്കൂ.

6. You act in a film
   നിങ്ങൾ ഒരു സിനിമയിൽ അഭിനയിക്കൂ.

7. You aim at the bird.
   നിങ്ങൾ (ആ) പക്ഷിയെ ഉന്നംവയ്ക്കൂ.

8. You aim for the IAS
   നിങ്ങൾ ഐഏഎസ്സിന് ലക്ഷ്യംവയ്ക്കൂ.

9. You allow him to study English
   നിങ്ങൾ അയാളെ ഇങ്ഗ്ളിഷ് പഠിക്കാൻ അനുവദിക്കൂ.

10. You answer his questions
    നിങ്ങൾ അയാളുടെ ചോദ്യങ്ങൾക്ക് മറുപടി പറയൂ.

11. You arrive in time
    നിങ്ങൾ സമയത്തിന് എത്തിച്ചേരൂ.

12. You ask for some money
    നിങ്ങൾ കുറച്ച് പണത്തിന് ചോദിക്കൂ.

13. You attack him at night
    നിങ്ങൾ അയാളെ രാത്രിയിൽ ആക്രമിക്കൂ.

14. You bathe tomorrow
    നിങ്ങൾ നാളെ കുളിക്കൂ. (bathe എന്ന വാക്കിന്റെ ഉച്ചാരണം ശ്രദ്ധിക്കുക. Bath എന്ന പദത്തിന്റെ ഉച്ചാരണത്തിൽ നിന്നും ഇത് വ്യത്യസ്തമാണ്.)

15. You beat him
    നിങ്ങൾ അയാളെ അടിക്കൂ.

16. You bend this rod
    നിങ്ങൾ ഈ കമ്പ് വളയ്ക്കൂ.

17. You bite the cake
    നിങ്ങൾ (ആ) കെയ്ക്ക് കടിക്കൂ.

18. You boil this egg
നിങ്ങൾ ഈ മുട്ട പുഴുങ്ങൂ.
[NOTE: 'boil' എന്ന വാക്കിന് പുഴുങ്ങുക എന്നും, തിളപ്പിക്കുക എന്നും അർത്ഥമുണ്ട്.]

19. You boil this water
നിങ്ങൾ ഈ വെള്ളം തിളപ്പിക്കൂ.

20. You bore into the ground
നിങ്ങൾ നിലത്തിനുള്ളിലേക്ക് തുളയ്ക്കൂ.

21. You bring it here
നിങ്ങൾ അത് ഇവിടെ കൊണ്ട് വരൂ.

22. You build a gate
നിങ്ങൾ ഒരു ഗെയ്റ്റ് കെട്ടൂ.

23. You buy a pen
നിങ്ങൾ ഒരു പേന വാങ്ങിക്കൂ.

24. You call him
നിങ്ങൾ അയാളെ വിളിക്കൂ.

25. You carry him
നിങ്ങൾ അയാളെ വഹിക്കൂ.

26. You catch that bird
നിങ്ങൾ ആ പക്ഷിയെ പിടിക്കൂ.

27. You celebrate this victory
നിങ്ങൾ ഈ വിജയം ആഘോഷിക്കൂ.

28. You clean that plate
നിങ്ങൾ ആ പ്ളെയ്റ്റ് വൃത്തിയാക്കൂ.

29. You climb on the window
നിങ്ങൾ ആ ജനലിന്മേൽ കയറൂ.

30. You close that room
നിങ്ങൾ ആ മുറി അടയ്ക്കൂ.

31. You continue your writing
നിങ്ങൾ നിങ്ങളുടെ എഴുത്ത് തുടരൂ.

32. You cook some food
നിങ്ങൾ കുറച്ച് ഭക്ഷണം പാചകം ചെയ്യൂ.

33. You create a new world
നിങ്ങൾ പുതിയൊരു ലോകം സൃഷ്ടിക്കൂ.

34. You cross that river
നിങ്ങൾ ആ പുഴ കടക്കൂ.

35. You cure this disease
നിങ്ങൾ ഈ രോഗം ചികിത്സിച്ച് ഭേദപ്പെടുത്തൂ.

36. You cut that thread
നിങ്ങൾ ആ നൂൽ മുറിക്കൂ.

37. You dance till morning
നിങ്ങൾ രാവിലെവരെ നൃത്തം ചെയ്യൂ.

38. You deliver this mail
നിങ്ങൾ ഈ തപ്പാൽ ഉരുപ്പടി കൊണ്ടുകൊടുക്കൂ.

39. You do it fast
    നിങ്ങൾ അത് വേഗത്തിൽ ചെയ്യൂ.

40. You draw a picture
    നിങ്ങൾ ഒരു ചിത്രം വരയ്ക്കൂ.

41. You drink some water
    നിങ്ങൾ കുറച്ച് വെള്ളം കുടിക്കൂ.

42. You drive that car
    നിങ്ങൾ ആ കാർ ഡ്രൈവ് ചെയ്യൂ.

43. You drop him in the town
    നിങ്ങൾ അയാളെ പട്ടണത്തിൽ കൊണ്ട് വിടൂ.

44. You dry this mat
    നിങ്ങൾ ഈ പായ ഉണക്കൂ.

45. You enquire about him
    നിങ്ങൾ അയാളെക്കുറിച്ച് അന്വേഷിക്കൂ.

46. You explain what happened
    എന്താണ് സംഭവിച്ചത് എന്നത് നിങ്ങൾ വിശദീകരിക്കൂ.

47. You express your opinion
    നിങ്ങൾ നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കൂ.

48. You face it with courage
    നിങ്ങൾ അതിനെ ധീരതയോടെ നേരിടൂ.

NURSERY Rhyme

I HEAR THUNDER

I hear thunder,
I hear thunder,
Oh, do you?
Oh, do you?

Pit a patter,
Rain drops,
Pit a patter,
Rain drops,
I am wet too.

I am wet too.

Rain മഴ
Thunder ഇടി
Wet നനഞ്ഞ അവസ്ഥ
Hear കേൾക്കുന്നു

You do -2 നിങ്ങൾ ചെയ്യൂ

ഇവിടെ പറയാനുള്ളത്, You do എന്നതിന് ഇവിടെ കൊടുത്തിരിക്കുന്നതല്ലാതെ മറ്റൊരു അർത്ഥവും ഉണ്ട്. ആ അർത്ഥം, നിങ്ങൾ ചെയ്യാറുണ്ട്, എന്നതാണ്. അതിനെക്കുറിച്ച് പിന്നീട് പ്രതിപാദിക്കാം. ഇപ്പോൾ, ഈ സാമാന്യ അർത്ഥം മാത്രം പഠിക്കുക. മറ്റ് കാര്യങ്ങൾ അവയുടെ അവസരം എത്തുമ്പോൾ നമുക്ക് നോക്കാം.

വാക്കുകളുടേയും വാക്യങ്ങളുടേയും, ശബ്ദം ഏതാനും പ്രാവശ്യം കേൾക്കുക. അതിന് ശേഷം, അവ നാലഞ്ച് പ്രാവശ്യം ഉരുവിട്ട് പറഞ്ഞ് പഠിക്കുക.

ഉച്ചാരണം ശ്രദ്ധിക്കുക. മലയാള ലിപികളിൽ എഴുതിയാൽ കിട്ടുന്ന ഉച്ചാരണം അല്ല ഇങ്ഗ്ളിഷ് വാക്കുകൾക്ക് ഉള്ളത്.

1. You faint
   നിങ്ങൾ ബോധംകെടൂ
2. You fall down
   നിങ്ങൾ നിലത്ത് വീഴൂ
3. You feel his pulse
   നിങ്ങൾ അയാളുടെ പൾസ് (ഹൃദയമിടിപ്പ്) തൊട്ട് നോക്കൂ
4. You fight for your rights
   നിങ്ങൾ നിങ്ങളുടെ അവകാശങ്ങൾക്കായി യുദ്ധം ചെയ്യൂ
5. You fight him
   നിങ്ങൾ അയാളുമായി യുദ്ധം ചെയ്യൂ
6. You find him
   നിങ്ങൾ അയാളെ കണ്ടെത്തൂ
7. You finish this work
   നിങ്ങൾ ഈ തൊഴിൽ ചെയ്ത് തീർക്കൂ
8. You fire him
   നിങ്ങൾ അയാളെ പിരിച്ച് വിടൂ
9. You fish from that pond
   നിങ്ങൾ ആ കുളത്തിൽ നിന്നും മീൻപിടിക്കൂ
10. You flow
    നിങ്ങൾ ഒഴുകൂ
11. You fly
    നിങ്ങൾ പറക്കൂ
12. You follow him
    നിങ്ങൾ അയാളെ പിന്തുടരൂ
13. You follow his advice
    നിങ്ങൾ അയാളുടെ ഉപദേശം പിന്തുടരൂ (അനുസരിക്കൂ)
14. You frighten him
    നിങ്ങൾ അയാളെ ഭയപ്പെടുത്തൂ
15. You gain some profit
    നിങ്ങൾ കുറച്ച് ലാഭം നേടൂ

16. You get in
നിങ്ങൾ അകത്ത് കടക്കൂ

17. You get out
നിങ്ങൾ പുറത്ത് കടക്കൂ

18. You go to Trivandrum
നിങ്ങൾ തിരുവനന്തപുരത്തേക്ക് പോകൂ

19. You grow
നിങ്ങൾ വളരൂ

20. You grow some plants
നിങ്ങൾ കുറച്ച് ചെടി(കൾ) വളർത്തൂ

21. You growl
നിങ്ങൾ മുരളൂ

22. You handle this problem
നിങ്ങൾ ഈ പ്രശ്നം കൈകാര്യം ചെയ്യൂ

23. You hang him
നിങ്ങൾ ആയാളെ തൂക്കൂ (തൂക്കിക്കൊല്ലൂ)

24. You hang the dress on this line
നിങ്ങൾ ഈ വസ്ത്രം ഈ അയയിൽ തൂക്കിയിടൂ

25. You harass him
നിങ്ങൾ അയാളെ പീഡിപ്പിക്കൂ

26. You hit him
നിങ്ങൾ അയാളെ ഇടിക്കൂ

27. You howl
നിങ്ങൾ ഓലിയിടൂ

28. You howl
നിങ്ങൾ നിലവിളിക്കൂ

29. You hurt them
നിങ്ങൾ അവരെ വേദനിപ്പിക്കൂ
നിങ്ങൾ അവരെ മുറിവേൽപ്പിക്കൂ

30. You imagine a bird
നിങ്ങൾ ഒരു പക്ഷിയെ സങ്കൽപ്പിക്കൂ

31. You inform everybody
നിങ്ങൾ എല്ലാവരെയും (വിവരം) അറിയിക്കൂ

32. You iron his dress
നിങ്ങൾ അയാളുടെ വസ്ത്രം ഇസ്ത്തിരിയിടൂ

33. You join that club
നിങ്ങൾ ആ ക്ളബ്ബിൽ ചേരൂ

34. You joke for sometime
നിങ്ങൾ കുറച്ച് നേരത്തേക്ക് തമാശപറയൂ

35. You jump into this pond
നിങ്ങൾ ഈ കുളത്തിലേക്ക് ചാടൂ

36. You laugh
നിങ്ങൾ ചിരിക്കൂ

37. You lead us
നിങ്ങൾ ഞങ്ങളെ നയിക്കൂ

38. You lean on that wall
നിങ്ങൾ ആ ചുമരിൽ ചാരൂ.
നിങ്ങൾ ആ മതിലിൽ ചാരൂ.

39. You lend him some money
നിങ്ങൾ അയാൾക്ക് കുറച്ച് പണം കടംനൽകൂ

40. You lend
നിങ്ങൾ കടംനൽകൂ

41. You like
നിങ്ങൾ ഇഷ്ടപ്പെടൂ

42. You live
നിങ്ങൾ ജീവിക്കൂ

43. You load that vehicle
നിങ്ങൾ ആ വാഹനം ലോഡ് ചെയ്യൂ (വാഹനത്തിലേക്ക് ചരക്ക് കയറ്റൂ)

44. You look at that car
നിങ്ങൾ ആ കാറ് നോക്കൂ

45. You love
നിങ്ങൾ സ്നേഹിക്കൂ

46. You market these products
നിങ്ങൾ ഈ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യൂ

47. You measure this height
നിങ്ങൾ ഈ ഉയരം അളക്കൂ

48. You milk
നിങ്ങൾ പാൽ കറക്കൂ

49. You mix the ingredients
നിങ്ങൾ ഈ ചേരുവകകൾ കലർത്തൂ

50. You mix with everybody
നിങ്ങൾ എല്ലാവരോടും ഇടപഴകൂ

51. You move to that side
നിങ്ങൾ ആ വശത്തേക്ക് നീങ്ങൂ

52. You open every window
നിങ്ങൾ എല്ലാ ജനലുകളും തുറക്കൂ

53. You paint his face
നിങ്ങൾ അയാളുടെ മുഖം (മുഖത്തിന്മേൽ) ചായം തേക്കൂ

54. You paste it on the wall
നിങ്ങൾ ഇത് (ആ) ചുമരിൽ ഒട്ടിക്കൂ

55. You pick him from his house
നിങ്ങൾ അയാളെ അയാളുടെ വീട്ടിൽ നിന്നും പെറുക്കൂ (എടുക്കൂ)

56. You place it on the wall
നിങ്ങൾ ഇത് (ആ) ചുമരിൽ വെക്കൂ

57. You point
നിങ്ങൾ ചൂണ്ടിക്കാണിക്കൂ

58. You pray
    നിങ്ങൾ പ്രാർത്ഥിക്കൂ

59. You promise
    നിങ്ങൾ വാക്ക് നൽകൂ

60. You pull me out
    നിങ്ങൾ എന്നെ പുറത്തേക്ക് വലിച്ചെടുക്കൂ

61. You punish him
    നിങ്ങൾ അയാളെ ശിക്ഷിക്കൂ

62. You push it in
    നിങ്ങൾ ഇത് അകത്തേക്ക് ഉന്തൂ.

72

You do - 3

In today's class also, we will continue with 'You do'. Read the lines, and then listen to the audio. Repeat the sentences a few times to get used to the words and sentences.
ഇന്നത്തെ ക്ളാസിലും, നമുക്ക് 'നിങ്ങൾ ചെയ്യൂ' എന്ന വാക്യം ഉപയോഗിച്ച് പരിശീലിക്കാം. വാക്കുകളും വാക്യങ്ങളും വായിക്കുകയും, അവയുടെ ശബ്ദാവിഷ്ക്കാരം ശ്രവിക്കുകയും ചെയ്യുക. ഏതാനും പ്രാവശ്യം അവ ഉരുവിടുക. കുറച്ച് നാൾ കഴിയുമ്പോൾ, ഈ വാക്കുകളും വാക്യങ്ങളും നല്ലവണ്ണം പരിചയമുള്ളതായി അനുഭവപ്പെടാം.

You will get to learn the usage of many other words in these sentences.
ഈ വാക്യങ്ങളിൽ, നിങ്ങൾക്ക് മറ്റ് പല വാക്കുകളുടേയും ഉപയോഗം പഠിക്കാനാകും

1. You question them.
   നിങ്ങൾ അവരെ ചോദ്യം ചെയ്യൂ.
2. You remove his name.
   നിങ്ങൾ അയാളുടെ പേര് മാറ്റൂ.
3. You repair this cycle.
   നിങ്ങൾ ഈ സൈക്കിൾ നന്നാക്കൂ.
4. You rescue.
   നിങ്ങൾ രക്ഷിക്കൂ.
5. You resign.
   നിങ്ങൾ രാജിവെക്കൂ.
6. You ride.
   നിങ്ങൾ സവാരിചെയ്യൂ.
7. You ring.
   നിങ്ങൾ മണിയടിക്കൂ.
8. You rob.
   നിങ്ങൾ മോഷ്ടിക്കൂ.
9. You roll on the ground.
   നിങ്ങൾ നിലത്ത് ഉരുളൂ.
10. You roll this mat.
    നിങ്ങൾ ഈ പായ മടക്കൂ (ചുരുട്ടൂ).
11. You row that boat.
    നിങ്ങൾ ആ തോണി തുഴയൂ.
12. You rub this on your back.
    നിങ്ങൾ ഇത് നിങ്ങളുടെ പുറത്ത് പുരട്ടൂ.
13. You run home.
    നിങ്ങൾ നിങ്ങളുടെ വീട്ടിലേക്ക് ഓടൂ.
14. You save him.
    നിങ്ങൾ അയാളെ രക്ഷിക്കൂ.
15. You say it loudly.
    നിങ്ങൾ അത് ഉച്ചത്തിൽ പറയൂ.
16. You scratch his back.
    നിങ്ങൾ അയാളുടെ പുറത്ത് മാന്തൂ (ചൊറിയൂ).

17. You scribble.
    നിങ്ങൾ കുത്തിക്കുറിക്കൂ.

18. You search online.
    നിങ്ങൾ ഇന്റർനെറ്റിൽ തിരയൂ.

19. You see it.
    നിങ്ങൾ അത് കാണൂ (വീക്ഷിക്കൂ).

20. You sell that toy.
    നിങ്ങൾ ആ കളിപ്പാട്ടം വിൽക്കൂ.

21. You send it to him.
    നിങ്ങൾ അത് അയാൾക്ക് അയച്ച് കൊടുക്കൂ.

22. You shoot him.
    നിങ്ങൾ അയാളെ വെടിവെക്കൂ.

23. You shout at him.
    നിങ്ങൾ അയാളോട് ഒച്ചവെക്കൂ.

24. You shut up your mouth.
    നിങ്ങൾ നിങ്ങളുടെ വായ അടച്ച് വെക്കൂ (നിങ്ങൾ മിണ്ടാതിരിക്കൂ).

25. You sit and watch.
    നിങ്ങൾ ഇരുന്നിട്ട് വീക്ഷിക്കൂ.

26. You smile.
    നിങ്ങൾ മന്ദഹസിക്കൂ.

27. You speak to him.
    നിങ്ങൾ അയാളോട് സംസാരിക്കൂ.

28. You spit.
    നിങ്ങൾ തുപ്പൂ.

29. You stab.
    നിങ്ങൾ കുത്തൂ (കത്തി, കഠാര എന്നിവ കൊണ്ട്).

30. You stand here.
    നിങ്ങൾ ഇവിടെ നിൽക്കൂ.

31. You start a dialogue.
    നിങ്ങൾ ഒരു സംഭാഷണം ആരംഭിക്കൂ.

32. You stay in this house.
    നിങ്ങൾ ഈ വീട്ടിൽ താമസിക്കൂ.

33. You stitch it fast.
    നിങ്ങൾ അത് വേഗത്തിൽ തുന്നൂ.

34. You study for your exam.
    നിങ്ങൾ നിങ്ങളുടെ പരീക്ഷയ്ക്കായി പഠിക്കൂ.

35. You sweep your room.
    നിങ്ങൾ നിങ്ങളുടെ മുറി തൂത്തുവാരൂ (അടിച്ച് വാരൂ).

36. You swim on that side.
    നിങ്ങൾ ആ വശത്ത് നീന്തൂ.

37. You switch off your radio.
    നിങ്ങൾ നിങ്ങളുടെ റേഡിയോ ഓഫാക്കൂ.

38. You switch on your radio.
    നിങ്ങൾ നിങ്ങളുടെ റേഡിയോ ഓണാക്കൂ.

39. You take care of him.
നിങ്ങൾ അയാളെ പരിചരിക്കൂ.

40. You take him.
നിങ്ങൾ അയാളെ എടുക്കൂ (കൊണ്ടുപോകൂ).

41. You talk to him.
നിങ്ങൾ അയാളോട് സംസാരിക്കൂ.

42. You teach him.
നിങ്ങൾ അയാളെ പഠിപ്പിക്കൂ.

43. You tease.
നിങ്ങൾ ശല്യപ്പെടുത്തുന്ന രീതിയിൽ കളിയാക്കൂ.

44. You test that theory.
നിങ്ങൾ ആ തിയറി പരിക്ഷിച്ച് നോക്കൂ.

45. You think about it.
നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കൂ.

46. You throw it.
നിങ്ങൾ അത് എറിയൂ.

47. You tie him up.
നിങ്ങൾ അയാളെ കെട്ടിയിടൂ.

48. You travel.
നിങ്ങൾ യാത്രചെയ്യൂ.

49. You type.
നിങ്ങൾ ടൈപ്പ് ചെയ്യൂ.

50. You wait for me.
നിങ്ങൾ എനിക്ക് വേണ്ടി കാത്ത് നിൽക്കൂ.

51. You walk on this side.
നിങ്ങൾ ഈ വശത്ത് നടക്കൂ.

52. You wash your hands.
നിങ്ങൾ നിങ്ങളുടെ കൈകൾ കഴുകൂ.

53. You water this plant.
നിങ്ങൾ ഈ ചെടി നനയ്ക്കൂ (ചെടിക്ക് വെള്ളം ഒഴിക്കൂ).

54. You welcome him.
നിങ്ങൾ അയാളെ സ്വാഗതം ചെയ്യൂ.

55. You win a lottery.
നിങ്ങൾ ഒരു ലോട്ടറി അടിക്കൂ.

56. You work till night.
നിങ്ങൾ രാത്രിവരെ തൊഴിൽ ചെയ്യൂ.

57. You worry.
നിങ്ങൾ മാനസികമായി വിഷമിക്കൂ.

58. You write a book.
നിങ്ങൾ ഒരു പുസ്ത്കം എഴുതൂ.

NURSERY Rhyme

THE MULBERRY BUSH

Here we go round the Mulberry bush,
The mulberry bush, the mulberry bush,
Here we go round the Mulberry bush,
On a cold and frosty morning.

This is the way we brush our teeth,
Brush our teeth, brush our teeth,
This is the way we brush our teeth,
On a cold and frosty morning.

Bush പടർപ്പ്, കുറ്റിച്ചെടി, കുറ്റിക്കാട്

Frosty മഞ്ഞ്മൂടിയ, അതിശീതളമായ

Morning പ്രഭാതം

Teeth പല്ലുകൾ

ഫ്യൂഡൽ ഭാഷാ പ്രശ്നങ്ങൾ

കഴിഞ്ഞ ഒരു പാഠത്തിൽ ഈ കൊടുത്തിരിക്കുന്ന വാക്കുകൾ ഉണ്ടായിരുന്നു:

QUOTE: ഇങ്ഗ്ളിഷ് പഠിച്ചാൽ, മിക്ക ആളുകളുടേയും സാമൂഹികവും മാനസികവും ആയുള്ള തടസ്സങ്ങളും, ആത്മവീര്യത്തിലുള്ള കുറവും മറ്റും മാഞ്ഞ് പോകും. ഇങ്ങിനെ താഴെയുള്ളവരിൽ, ആത്മവീര്യവും, ആത്മാഭിമാനവും, ആത്മവിശ്വാസവും കടന്ന് വരിക എന്നുള്ളത് ഫ്യൂഡൽ ഭാഷാ ആന്തരീക്ഷങ്ങളിൽ, ആരും ആഗ്രഹിക്കുന്ന കാര്യമല്ല. END OF QUOTE

ഈ വാക്കുകളിൽ ഗുരുതരമായ ചില സൂചനകനൾ കടന്നുകൂടിയിട്ടുണ്ട്. ഇങ്ഗ്ളിഷ് അറിയാത്തവർക്ക് കഴിവ് കുറവാണ്, അവർക്ക് ആത്മവിശ്വാസം കുറവാണ്, അവർക്ക് ആത്മവീര്യം കുറവാണ്, എന്നൊക്കെ. എന്നാൽ വാസ്തവത്തിൽ, സാമൂഹീകമായി കാണാവുന്ന കാര്യം നേരെ മറിച്ചാണ്. ഇങ്ഗ്ളിഷ് ഭാഷയോട് കൂടുതൽ അടുപ്പം കാണിക്കുന്നവരിൽ, മാനസികമായ മൃദുലതയും, മാനസിക കട്ടികുറവും, മൃദുലമായ പെരുമാറ്റങ്ങളും, പരുക്കൻ പെരുമാറ്റങ്ങൾ കുറവും മറ്റും. പോരാത്തതിന്, Thank you, Sorry, May I?, Can I?, Pardon തുടങ്ങിയവാക്കുകൾ ഉപയോഗിച്ച്, ആകപ്പാടെ ഒരു പഴയകാല സ്ത്രൈണ സ്വഭാവം പോലുള്ള ഒരു പെരുമാറ്റരീതിയും കണ്ടേക്കാം.

ഇങ്ങിനെ നോക്കുമ്പോൾ, മലയാളം പോലുള്ള ഫ്യൂഡൽ ഭാഷകൾ കൈകാര്യം ചെയ്യുന്നവർക്കാണ് കൂടുതൽ സാമൂഹിക കഴിവ് കാണാൻ പറ്റുന്നത്. ആകെക്കൂടി ഒരു ഒച്ചപ്പാടും, ബഹളമയവും, അട്ടഹാസങ്ങളും, പരുക്കൻശബ്ദവും, നീ, എടാ, എടീ, അവൻ, അവൾ തുടങ്ങിയ വാക്കുകൾ ഉപയോഗിച്ചുള്ള ആത്മവീര്യവും മറ്റും ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവർക്ക് സ്വമേധയാ ഉള്ള കഴിവുകളാണ്. മാത്രവുമല്ല, മറ്റൊരാളിൽ നിന്നും ഒരു കാര്യം സാധിച്ചുകിട്ടാൻ, വിധേയത്വം അഭിനയിക്കാനും, കുനിയാനും, സോപ്പിടാനും, മറ്റുമുള്ള വാക്കുകളും, കോഡുകളും ഇത്യാദി ഭാഷകളിൽ സുലഭമാണ്. അവ സാധാരണ സാമൂഹിക സ്വഭാവവും ആണ്.

ഇങ്ങിനെ നോക്കുമ്പോൾ, ഇങ്ഗ്ളിഷ് പഠിച്ചാൽ, വ്യക്തിയുടെ കഴിവു വർദ്ധിക്കും എന്ന് അവകാശപ്പെടുന്നതിൽ, തല്ലൊരു വിരോധാഭാസം തന്നെയുണ്ട്. എന്നാൽ ഇതിനെക്കുറിച്ച് പലതും പറയാനുണ്ട് എന്നുള്ളതാണ് വാസ്തവം.

ഇങ്ഗ്ളിഷ് ലോകഭാഷയായത് കൊണ്ടല്ല പലരും ഇങ്ഗ്ളിഷിനെ ഇഷ്ടപ്പെടുന്നത്. മറിച്ച്, ഇങ്ഗ്ളിഷ് ഭാഷയെ പരിചയപ്പെടുന്നവരിൽ ഒട്ടുമിക്കവരും, ഈ ഭാഷയെ ഇഷ്ടപ്പെടുന്നത് കൊണ്ടാണ്, ഈ ഭാഷ ലോകഭാഷയായി ഉയർന്നത് തന്നെ. അതെ സമയം ഇന്ത്യയിൽ പോലും, സാധാരണ ജനങ്ങൾക്ക് നല്ലനിലവാരമുള്ള ഇങ്ഗ്ളിഷ് ലഭിക്കുന്നതിന് യാതോരു തരത്തിലുള്ള സഹായവും സർക്കാർതലത്തിൽനിന്നു ലഭിക്കുന്നില്ല. എന്നിട്ടും, കഴിയുന്നവരെല്ലാം ഇങ്ഗ്ളിഷ് പഠിക്കാൻ ശ്രമിക്കുന്നുണ്ട് എന്നതാണ് വാസ്തവം.

തുടരും.......

ഫ്യൂഡൽ ഭാഷാ പ്രശ്നങ്ങൾ -1

ഫ്യൂഡൽ ഭാഷ സംസാരിക്കുന്നവരുടെ കഴിവിനെക്കുറിച്ചും, ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുന്നവരുടെ മൃദുലതയെക്കുറിച്ചും നേരിട്ട് പ്രതിപാദിക്കാൻ വളരെ പ്രയാസമാണ്. കാരണം, രണ്ട് പക്ഷത്തും സാമൂഹിക അളവുകോലുകൾ വ്യത്യസ്തങ്ങളാണ്.

It is quite difficult to delve on the various personal capacities of those who speak feudal languages and the relative softness and ineptitude of those who speak pristine-ENGLISH. For, the social scales for evaluation are different on the two sides.

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളും, അവരെ ബന്ധിപ്പിക്കുന്ന കണ്ണികളും ഇങ്ഗ്ളിഷിൽ നിന്നും തികച്ചും വ്യത്യസ്തങ്ങളാണ്. ഫ്യൂഡൽ ഭാഷകളിലെ കണ്ണികൾ ഇങ്ഗ്ളിഷിൽ ഇല്ലാ എന്നുവേണം പറയാൻ.

In a feudal language ambience, relationships between human beings as well as the strings that connect them are absolutely different from those that are there in pristine-ENGLISH. It must be mentioned that the connecting string that are there in feudal languages are not there in pristine-ENGLISH.

അതിനാൽതന്നെ ഫ്യൂഡൽ ഭാഷകളിൽ, മനുഷ്യർ പെരുമാറുന്നത് തന്നെ ഇങ്ഗ്ളിഷിൽ ഒട്ടുംതന്നെയില്ലാത്ത സാമൂഹിക ആവശ്യങ്ങൾക്ക് വേണ്ടിയാണ്.

For this very reason, the way people behave in feudal languages are for aims which are totally not there in pristine-ENGLISH.

ഈ ഇങ്ഗ്ളിഷിൽ ഒട്ടുംതന്നെയില്ലാത്ത സാമൂഹിക ആവശ്യങ്ങളും അഭിനിവേശങ്ങളും എന്താണ് എന്നതിനെക്കുറിച്ച് പിന്നീട് പ്രതിപാദിക്കാം.

What these social ambitions and urges that are not there in pristine-ENGLISH will be mentioned later.

എന്നാൽ, ഇവിടെ ഇപ്പോൾ നാം ഒരു കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷാ അന്തരീക്ഷത്തിലൂടെ എത്തിച്ചേരേണ്ടുന്ന സാമൂഹിക ആശയവിനിമയ ബന്ധകോഡുകളെക്കുറിച്ച് ചെറുതായി പ്രതിപാദിക്കാം.

However, at the moment, let us delve in a minor manner on the locations in pristine-ENGLISH, which need to be reached by us.

ഫ്യൂഡൽ ഭാഷാ പ്രശ്നങ്ങൾ -2

ഇങ്ങിനെയൊരു സാമൂഹികാന്തരീക്ഷം നോക്കുക:
See a social ambience like this:

ചെറുപ്പക്കാരായ ചില തൊഴിലാളികൾ. സ്വകാര്യ ബസ്സ് ജീവനക്കാരോ, ചുമട്ട് തൊഴിലാളികളോ, ടാക്സി ഡ്രൈവർമാരോ, വക്കീൽ ഗുമസ്തന്മാരോ, അങ്ങിനെ ആരെങ്കിലും.
A few young workers. Private bus staff, head-load workers, taxi-drivers, advocate-clerks or some such other persons.

അവരേക്കാൾ സാമൂഹികമായി ഉയർന്നവരോട് വിനയം കാണിക്കുന്നു ഇവർ. അതേ സമയം അവരെക്കാൾ സാമൂഹികമായി താഴെവരികയും, പോരാത്തതിന് വയസിൽ കുറവുമുള്ളവരെ ഞെട്ടിച്ചും, നീ, എടാ, എടീ, അവൻ, അവൾ തുടങ്ങി അതുപോലുള്ള പല നിലവാരം കുറയ്ക്കുന്ന വാക്കുൾ ഉപയോഗിച്ച് തരംതാഴ്ത്തുന്നു. ഇക്കൂട്ടരോട് സ്വരത്തിൽ പരുക്കനായും, അല്ലാതെയും, മേധാവിത്വം പ്രകടിപ്പിക്കുന്നു.
They would exhibit obeisance to their social seniors. At the same time, to those who are their deemed social inferiors, and also of younger age than them, they would act arrogant, and use degrading words like Nee, Eda, Edi, Avan, Avan etc. They would express their dominance over them either by using rude and rough words, or without using them.

താഴെവരുന്നവർ ഇക്കൂട്ടരെ ചേട്ടൻ, ചേച്ചി, സാർ, മാഡം, മേഡം, അണ്ണൻ, അക്ക, ഇക്ക തുടങ്ങിയവാക്കുകൾ ഉപയോഗിക്കേണം എന്ന് പ്രതീക്ഷിക്കുന്നു. ഇത്യാദി വാക്കുകൾ ലഭിക്കാനായി, വേണമെങ്കിൽ പരുക്കനായി പെരുമാറുകയോ, മറ്റെ ആളെ വിഷമിപ്പിക്കുകയോ ചെയ്യുന്നു.
They expect their deemed social inferiors to use such words of 'respect' as Chettan, Chechhi, Saar, Maadam, Medam, Annan, Akka, Ekka etc. towards them. To extract such words of 'respect', they might either behave in a rough manner or else, they might try to harass the other person in some ways.

അതെ സമയം ഇക്കൂട്ടർ സാമുഹികമായി ഉയർന്നവരായികാണുന്ന ഏത് ആളോടും അമിതമായ ബഹമാനം പ്രകടിപ്പിക്കുന്നു. വല്ല സർക്കാർ ഓഫിസിൽ പോയാൽ, കാര്യസാധിക്കലിനായി വളരെ വിനയവും വിധേയത്വവും താൽക്കാലികമായി എങ്കിലും അഭിനയിക്കുന്നു.
At the same time, to those who they indentify as their social seniors, they would express an abundance of 'respect'. When they go to any government office, to get their things done, they would put on a pose of excessive subservience and servitude at least for a brief period.

ഫ്യൂഡൽ ഭാഷാ പ്രശ്നങ്ങൾ -3

ഇക്കൂട്ടർ ഒരു പോലീസ് സ്റ്റേഷനിൽ പോകേണ്ടിവരുന്നു, എന്നു കരുതുക. ഇന്ത്യൻ പോലീസ് സ്റ്റേഷനുകളിൽ പ്രദേശിക ജനങ്ങളെ വളരെ വ്യക്തമായും മൂന്ന് നിലവാരത്തിലുള്ള പൌരന്മാരായി കാണാൻ യാതോരു വിഷമവുമില്ലാത്ത ഇടങ്ങളാണ്. ഇതിനെക്കുറിച്ച് പിന്നീട് പ്രതിപാദിക്കാം.

Now, suppose these persons have to go to a police station. Indian police stations are locations where there are no qualms in differentiating the local people into three levels of citizenship. More details on this can be mentioned later.

പോലീസ് ഇൻസ്പട്ടറുടെ മുന്നിൽ കസേര മിക്കവാറും ഇല്ലായിരിക്കും. ഉണ്ടെങ്കിൽതന്നെ ഇക്കൂട്ടരോട് ഇരിക്കാൻ ആവശ്യപ്പെടില്ല. പോലീസ് ഇൻസ്പെട്ടർ 'നീ' എന്ന് സംബോധന ചെയ്യാനുള്ള സാധ്യത വളരെ അധികമാണ്. 'അവൻ', 'അവൾ' തുടങ്ങിയ വാക്കുകളിലാണ് പരാമർശ്ശിക്കപ്പെടുക, മിക്കവാറും.

Most probably there wouldn't be any chairs in front of the police sub inspector. Even if there are chairs, in most cases, these persons wouldn't be asked to sit down. The possibility of being addressed as 'Nee' by the sub inspector is very high. In most cases, they would be referred to as 'Avan', 'Aval' etc. by the police official.

അതേ സമയം ഇക്കൂട്ടർ, പോലീസ് ഇൻസ്പെക്ടറെ 'സാർ' എന്ന്, ദാസ്യ ഭാവം നടിച്ചും പ്രകടിപ്പിച്ചും വിളിക്കണം എന്ന് പ്രതീക്ഷിക്കപ്പെടുന്നു.

At the same time, it is expected that the police official has to be addressed as 'Saar', from a pose of extreme obeisance.

NURSERY Rhyme

One, two

One, two,
Buckle my shoe;

Three, four,
Open the door;

Five, six,
Pick up sticks;

Seven, eight,
Lay them straight:

Nine, ten,
A big, fat hen.

Buckle ദൃഢമായി ബന്ധിപ്പിക്കുക
Stick വടി, കമ്പ്
Straight നേരെ, നിവർത്ത്
Lay കിടത്തുക, വെയ്ക്കുക
Fat തടിച്ച
Hen പിടക്കോഴി

ഫ്യൂഡൽ ഭാഷാ പ്രശ്നങ്ങൾ -4

ഇനി നമുക്ക് ഒരു പൂർണ്ണമായ ഇങ്ഗ്ലിഷ് സാമൂഹികാന്തരീക്ഷത്തിൽ, പോലീസ് ഓഫിസറും ഒരു സാധാരണ പൌരനും തമ്മിലുള്ള ആശയവിനമയം ശ്രദ്ധിക്കാം:
Now, let us contemplate on how a similar scene would be enacted in a police station in a pristine-ENGLISH location.

പൌരൻ പോലീസ് ഓഫിസറുടെ മുന്നിൽ വരുന്നു. സ്വയം പരിചയപ്പെടുത്തി, ഓഫിസറുടെ കസേരയിൽ ഇരിക്കുന്നു. പ്രതിയായി അല്ലാ വരുന്നെതെങ്കിൽ, മിക്കവാറും തമ്മിൽ ഹസ്തദാനം നടന്നിരിക്കും.
The citizen of the nation approaches the police officer. He or she introduces himself or herself, and sits down in front of the officer. If the person has come not as an accused, it is quite possible that they would mutually shake-hand.

പോലീസ് ഓഫിസറെ വ്യക്തിപരമായി പരിചയമില്ലെങ്കിൽ, ആ ആളുടെ പേരിന് മുന്നിൽ ഒരു Mr.റോ Mrs.സോ ചേർത്ത് കൊണ്ട് ആ ആളെ സംബോധനചെയ്യും. പോലീസ് ഉദ്യോഗസ്ഥൻ പലപ്പോഴും തിരിച്ചും അതേ പോലെ സംബോധനചെയ്യും. അങ്ങോട്ടും ഇങ്ങോട്ടും, You എന്നവാക്കാണ് ഉപയോഗിക്കുക. ആഗതൻ പോലീസ് ഉദ്യോഗസ്ഥന്റെ മുന്നിൽ കുനിയണം എന്ന പ്രതീക്ഷയേ ആർക്കും ഉണ്ടാവില്ല. കാരണം ഭാഷാകോഡുകളിൽ അങ്ങിനെയൊരു ആവശ്യം കാണില്ല.
If the police officer is not personally known at an informal level, he or she would be addressed with a Mr. or Mrs. prefixed to his or her name. In most cases, the police officer also would address the citizen of the nation in a similar manner. Both sides would use the same word 'You' to each other. There would be no expectations in anyone that the citizen of the nation has to bend or bow before the police official. For there are no codes in the English language that calls for that.

ഫ്യൂഡൽ ഭാഷാ പ്രശ്നങ്ങൾ -5

ഭാഷ എന്നു പറയുന്നത് ആശയം വിനിമയം ചെയ്യാനുള്ള ഒരു ഉപാധിയായിട്ടാണ് പൊതുവേ കാണപ്പെടുന്നത്.
Languages are generally seen as a means to communicate ideas and information.

എന്നാൽ ഇത്, ഭാഷയുടെ സവിശേഷതകളെക്കുറിച്ചുള്ള തികച്ചും നിസ്സാരമായ വിവരമാണ്.
However, this is a very minute information about the total capacity and attributes of language.

ഭാഷ എന്നത് ഒരുതരം സോഫ്ട്വേറിനോടോ, സോഫ്ട്വേർ കോഡിനോടോ, അതുമല്ലെങ്കിൽ ഒരുതരം സോഫ്ട്വേർ ആപ്പിനോടോ(Software App) താരതമ്യം ചെയ്യാവുന്ന ഒരു സത്തയോ, സത്വമോ, അസ്തിത്വമോ(entity), മറ്റോ ആണ്.
Language is an entity that can be compared to some kind of software, or software code, and if not to that, then to some kind of software app.

ഇതിന് പലവിധ മുഖ ഭാവങ്ങളോ, നിലവാരങ്ങളോ ഉണ്ട് എന്നും പറയാം.
It can also be said that this has many kinds of attributes or levels.

ഉദാഹരണത്തിന്, 'ഇവിടെ വരൂ', 'അവിടെ നോക്കൂ', 'അയാളെ പിടിക്കൂ' തുടങ്ങിയ വാക്കുകൾ സോഫ്ട്വേർ കോഡുകളായോ, സോഫ്ട്വേറാൽ സൃഷ്ടിക്കപ്പെടുന്ന ആക്റ്റിവേഷൻ ബട്ടണുകളായോ മറ്റോ കാണാം.
For instance, words such as ‘come here’, ‘look there’, ‘catch him’ can be seen as software codes or activation buttons created by software.

എന്നാൽ ഇവ ഭാഷാ കോഡുകളുടെ ബാഹ്യമായ രൂപാവരണം മാത്രമാണ്.
However, these are only the peripheral clothing of language codes.

എന്നാൽ, യഥാർത്ഥത്തിൽ, ഇതിനെക്കാൾ അഗാധതയിൽ നിലകൊള്ളുന്ന മറ്റൊരു നിലവാരം ഭാഷകൾക്കും, വാക്കുകൾക്കും, വാക്യപ്രയോഗങ്ങൾക്കും ഉണ്ട്.
In fact, there is another facet to languages, words and word-usages, existing in a much deeper arena.

ഇക്കാര്യം പറഞ്ഞു ഫലിപ്പിക്കാൻ മറ്റൊരു കാര്യം പറയാം.
To substantiate this idea, some other thing can be mentioned.

ഫ്യൂഡൽ ഭാഷാ പ്രശ്നങ്ങൾ -6

ഇങ്ഗ്ളീഷിലെ A എന്ന ലിപിയെ കമ്പ്യൂട്ടറുകളുടെ അടിസ്ഥാനതത്വങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ബൈനറി കോഡിൽ 01000001 എന്നാണ് കോഡ് ചെയ്യപ്പെട്ടിരിക്കുന്നത്.

In Binary Codes, which work at the very fundamental areas of computer software programming, the English letter 'A' is encoded as 01000001.

അതെ പോലെ, a എന്നതിന്റെ ബൈനറി കോഡ് 01100001 എന്നാണ്.

In a similar manner, the English letter 'a' is defined as 01100001 in Binary Codes.

കമ്പ്യൂട്ടറുകളിലും അത് പോലുള്ള ഉപകരണങ്ങളിലും, ലിപികളും വാക്കുകളും സോഫ്ട്വേർ കോഡുകളുടെ വളരെ അഗാധതയിൽ നിർമ്മിക്കപ്പെടുന്നതും, അവയ്ക്ക് അസ്തിത്വം വരുന്നതുമായ മണ്ഡലമാണ് ഇത്..

This is the deep realm inside the world of software codes where alphabets and words are being created and from where they derive their existence, inside computers and similar gadgets.

എന്നാൽ വളരെ മുകൾപരപ്പുകളിൽ ഉള്ള HTML കോഡുകളിൽ, <a> എന്നത് നേരത്തെ സൂചിപ്പിച്ച 'a'യെക്കാൾ വളരെ സങ്കീർണ്ണമായ ഒരു യന്ത്രമായി മാറുന്നു.

At the same time, in the world of HTML codes, which exist at a much higher level of computer software programming, <a> becomes a much more complicated machinery than is the aforementioned 'a'.

നിറങ്ങൾക്കും കോഡുകൾ പിന്നണിയിൽ പ്രവർത്തിക്കുന്നുണ്ട്.

In the case of colours also, codes are there working in the background.

ഉദാഹരണത്തിന് 882121 എന്ന കോഡ് Adobe Photoshopലെ Colour pickerൽ നൽകിയാൽ, ഒരു കടുംനിറം വരും.

For instance, if one were to add 882121 inside the Colour Picker in Adobe Photoshop, a very dark colour will emerge.

ഇതേപോലെത്തന്നെ മനുഷ്യരുടെ ഭാഷയ്ക്കും, വാക്കുകൾക്കും, ലിപികൾക്കും മറ്റും അദൃശ്യമായ ഏതോ ഒരു മേഖലയിൽ ഒരു സങ്കീർണ്ണമായ ഒരു കോഡ് പരിവേഷം ഉണ്ട് എന്ന് പറയാവുന്നതാണ്.

In a similar manner, it can be said that human languages, words, alphabets and such do have a very complicated code version in a very non-tangible and invisible arena.

ഈ രീതിയിൽ ചിന്തിച്ചാൽ, കാര്യങ്ങൾ മന്ത്രങ്ങളുടേയും തന്ത്ര വിദ്യകളുടേയും, ടെലിപ്പതി പോലുള്ള പല അതീന്ദ്ര സാങ്കേതിക വിദ്യകളുടെയും ലോകത്തിലേക്ക് നമ്മുടെ ചിന്തകളെ നയിച്ചേക്കാം.

If one were to think on these lines, our thoughts can lead us to the world of such supernatural technologies as Mantra, the techniques of Tantra, Telepathy etc.

ഫ്യൂഡൽ ഭാഷാ പ്രശ്നങ്ങൾ -7

ഇവിടെ ആ അതീന്ദ്ര മേഖലയിലേക്കല്ല ഈ സംവാദം നീങ്ങൻ ഉദ്ദേശിക്കുന്നത്.
The aim of this discussion is not to move to this supernatural arena.

മറിച്ച്, അഗാധതയിലുള്ള കോഡുകളുടെ മേഖല വിട്ട്, അവ നിർമ്മിക്കുന്നതും, നാം നിത്യസാധാരണയായി ഉപയോഗിക്കുന്നതുമായ വാക്കുകളുടെ ലോകത്തിലേക്ക് തിരിച്ച് വരാം.
Instead, let us leave the deeper regions and come back to the world of words we use in our everyday life.

എന്നിരുന്നാലും, ഇത്രയും പറയേണ്ടിയിരിക്കുന്നു.
Even then, this much needs to be said.

വാക്കുകളും വാക് പ്രയോഗങ്ങളും സൃഷ്ടിക്കുന്ന കോഡുകളിൽ പലതരം മൂല്യങ്ങളും (numerical values), ദിശാ കോഡുകളും, ഉയരങ്ങളും താഴ്ചയും, വലിക്കുന്നതും, ഉന്തുന്നതുമായ ശക്തികളും മറ്റും ഉണ്ട് എന്നതാണ് വാസ്തവം.
In the codes that create words and word usages, the fact would be that there are numerical values, direction codes, heights and lowliness, forces that pull and push etc.

ഇവയുടെ ശക്തി നാം നിത്യ ജീവിതത്തിൽ അനുഭവിച്ചറിയുന്നുണ്ടെങ്കിലും, ഇതിനെല്ലാം പിന്നിലായി ഒരു അതീന്ദ്രിയമായ കോഡുകളുടെ വിന്യാസം ഉണ്ട് എന്നകാര്യം നാം അറിയുന്നുമില്ല.
Even though we can feel and experience their power in our everyday life, we do not know that the actions of supernatural codes are there behind them.

അതിനെക്കുറിച്ച് ചിന്തിക്കുന്നുമില്ല.
We do not think about them.

കാരണം, അതിനെക്കുറിച്ച് ചിന്തിക്കേണ്ടുന്ന കാര്യമില്ലതന്നെ.
For, there is no reason to think about them.

ഉദാഹരണത്തിന്, നാം സ്മാട്ട് ഫോൺ ഉപയോഗിക്കുന്ന അവസരത്തിൽ, അതിനുള്ളിൽ പ്രവർത്തിക്കുന്ന അതീവ സങ്കീർണ്ണങ്ങളായ സോഫ്ട്വേർ കോഡുകളെക്കുറിച്ച് ചിന്തിക്കാറില്ലതന്നെ..
For instance, when we use Smartphones, we do not contemplate upon the complicated software codes that function inside them.

അതിന്റെ ആവശ്യംതന്നെയില്ല
There is no need for that.

Small words ഹ്രസ്വ വാക്കുകൾ -1

ഈ ഹ്രസ്വ വാക്കുകൾ പഠിക്കുക.

Am ആണ്
(ഈ വാക്ക് I [ഞാൻ] എന്ന വാക്കിന്റെ കൂടെ മാത്രമേ വരുള്ളൂ)
ഉദാ: I am a carpenter.

Is ആണ്
(ഏകവചനങ്ങളുടെ കൂടയെ വരുള്ളൂ)
ഉദാ: He is a carpenter.

Was ആയിരുന്നു.
(ഏകവചനങ്ങളുടെ കൂടയെ വരുള്ളൂ)
ഉദാ: She was a mechanic.

Are ആണ്.
(ബഹുവചനങ്ങളുടെ കൂടയെ വരുള്ളൂ)
ഉദാ: We are painters.

Were ആയിരുന്നു.
(ബഹുവചനങ്ങളുടെ കൂടയെ വരുള്ളൂ)
ഉദാ: You were a painter.

MAKING QUESTIONS -1 ചോദ്യങ്ങൾ ഉണ്ടാക്കുന്നത് -1

ഇംഗ്ലീഷിൽ പൊതുവായി ഉപയോഗിക്കുന്ന ചോദ്യവാക്കുകളാണ് ഇവ. ഇവ കേൾക്കുക. എല്ലാത്തിന്റെയും അർത്ഥമൊന്നും ഇപ്പോൾ പഠിക്കാൻ കഠിനാദ്ധ്വാനമൊന്നും ചെയ്യേണ്ട.

ആദ്യത്തെ ഭാഗത്തിലെ വാക്കുകൾ നന്നായി പഠിക്കുക. ഇതിന് ശേഷം വരുന്നവ ആവുമെങ്കിൽ പഠിക്കുക. ആയില്ലെങ്കിൽ വലിയ പ്രശ്നമൊന്നുമില്ല. ക്രമേണെ, അവയെല്ലാം പരിചയമായി അനുഭവപ്പെടും.

1. What? എന്ത്?
   ഉദ: What is this?
   ഇത് എന്താണ്?

2. Which? ഏത്?
   ഉദ: Which is it?
   അത് ഏതാണ്?

3. Where? എവിടെ?
   ഉദ: Where is it?
   അത് എവിടെയാണ്?

4. From where? എവിടെ നിന്ന്?
   ഉദ: From where did it come?
   അത് എവിടെ നിന്നാണ് വന്നത്?

5. Why? എന്തിന്?
   ഉദ: Why did it come?
   അത് എന്തിനാണ് വന്നത്?

6. When? എപ്പോൾ?
   ഉദ: When did it come?
   അത് എപ്പോഴാണ് വന്നത്?

7. How? എങ്ങിനെ?
   ഉദ: How did it come?
   അത് എങ്ങിനെയാണ് വന്നത്?

8. Who? ആര്? ആരാണ്
   ഉദ: Who did come? Who came?
   ആരാണ് വന്നത്? ആര് വന്നു?

9. How many? എത്ര എണ്ണം?
   ഉദ: How many did he buy?
   അയാൾ എത്ര എണ്ണം വാങ്ങിച്ചു?

10. How many times? എത്ര പ്രാവശ്യം?
    ഉദ: How many times did he come?
    അയാൾ എത്ര പ്രാവശ്യം വന്നു?

11. At what time? എത്ര മണിക്ക്?
    ഉദ: At what time did he come?
    അയാൾ എത്ര മണിക്കാണ് വന്നത്?

12. How much? എത്രത്തോളം?
    ഉദ: How much did he give?
    അയാൾ എത്ര തന്നു?

ഇത്രയും നന്നായി പഠിക്കുക. അടുത്ത ഭാഗം ചെറുതായൊന്ന് കേൾക്കുക.

Making Questions -2 ചോദ്യങ്ങൾ ഉണ്ടാക്കുന്നത് - 2

ഈ ഭാഗം ചെറുതായൊന്ന് കേട്ടാൽ മതി ഇപ്പോൾ. പുതിയ പാഠ ഭാഗങ്ങളിൽ ഇവ വരുമ്പോൾ, വീണ്ടും ഇവ ആവർത്തിക്കാനുള്ള അവസരം വരും.

1. Is it?
   അങ്ങിനെയാണോ?
2. Am I?
   ഞാൻ ആണോ?
3. Is he?
   അയാൾ ആണോ?
4. Is she?
   അയാൾ (സ്ത്രീ) ആണോ?
5. Are you?
   നിങ്ങൾ ആണോ?
6. Are they?
   അവർ ആണോ?
7. Are we?
   ഞങ്ങൾ ആണോ?
8. Was it?
   അങ്ങിനെയായിരുന്നുവോ?
9. Was I?
   ഞാൻ ആയിരുന്നോവോ?
10. Was he?
    അയാൾ ആയിരുന്നുവോ?
11. Was she?
    അയാൾ (സ്ത്രീ) ആയിരുന്നുവോ?
12. Were you?
    നിങ്ങൾ ആയിരുന്നുവോ?
13. Were they?
    അവർ ആയിരുന്നുവോ?
14. Were we?
    ഞങ്ങൾ ആയിരുന്നുവോ?
15. Isn't it?
    അങ്ങിനെ അല്ലേ?
16. Aren't I (am I not?)
    ഞാൻ അല്ലേ?
17. Isn't he?
    അയാൾ അല്ലേ?

18. Isn’t she?
    അയാൾ (സ്ത്രീ) അല്ലേ?

19. Aren’t you?
    നിങ്ങൾ അല്ലേ?

20. Aren’t they?
    അവർ അല്ലേ?

21. Aren’t we?
    ഞങ്ങൾ അല്ലേ?

22. Wasn’t it?
    അങ്ങിനെയായിരുന്നില്ലേ?

23. Wasn’t I?
    ഞാൻ ആയിരുന്നില്ലേ?

24. Wasn’t he?
    അയാൾ ആയിരുന്നില്ലേ?

25. Wasn’t she?
    അയാൾ (സ്ത്രീ) ആയിരുന്നില്ലേ?

26. Weren’t you?
    നിങ്ങൾ ആയിരുന്നില്ലേ?

27. Weren’t they?
    അവർ ആയിരുന്നില്ലേ?

28. Weren’t we?
    ഞങ്ങൾ ആയിരുന്നില്ലേ?

NURSERY Rhyme

JIMMY DRIVER

Early in the morning
Down the station
See the engine drivers
All in a row

Look at Jimmy driver
Driving his engine
Up, up, chup, chup,
Off we go.

Row വരി

Word-codes that link individuals, incidences and entities to various locations in time

സമയത്തിന്റെ വിവിധ സ്ഥാനങ്ങളിലേക്ക് വ്യക്തികളേയും സംഭവങ്ങളേയും, വസ്തുക്കളേയും മറ്റും ബന്ധിപ്പിക്കുന്ന വാക്ക് കോഡുകൾ

ഇനി നമുക്ക് ഇങ്ഗ്ളിഷിൽ വാക്യങ്ങൾ ഉണ്ടാക്കാൻ പഠിക്കാം. .

ചില ചെറിയ വാക്കുകൾ വ്യക്തികളെയും, വസ്ത്തുക്കളേയും, മൃഗങ്ങളേയും, സംഭവങ്ങളേയും, സ്ഥലങ്ങളേയും മറ്റും, മറ്റും, അവയ്ക്ക് ചുറ്റും ആവരണം ചെയ്തിരിക്കുന്ന സമയത്തിലെ പല ദിക്കിലേക്കും ബന്ധിപ്പിക്കുന്നു.

ഈ വാക്കുകൾ നോക്കുക. കേട്ട് പഠിച്ചാൽ മതി. നൽകിയിരിക്കുന്നത് ഏകദേശ അർത്ഥങ്ങളാണ്. ഈ അർത്ഥങ്ങൾ പഠിക്കാൻ തോന്നുന്നില്ലെങ്കിൽ, അവ ഇപ്പോൾ പഠിക്കേണ്ട. അവ പിന്നീട് സ്വമേധയാ മനസ്സിൽ പതിച്ചോളും.

ഇവ പേജ് നം. ൽ നൽകിയിട്ടുള്ള പട്ടികയിലെ വാക്കുകളുമായി ബന്ധിപ്പിച്ചാണ് വാക്യങ്ങൾ രചിക്കുക.

1.

Do / Does: ചെയ്യാറുണ്ട് [ഇവിടെ എന്ത് കൊണ്ടാണ് രണ്ട് വാക്കുകൾ ഉള്ളത് എന്നതിനെക്കുറിച്ച് പിന്നീട് പ്രതിപാദിക്കാം]

2.

Will: ചെയ്യും, സംഭവിക്കും

Can: കഴിയും, പറ്റും, ആവും (സാധ്യമാണ്)

May / Might: ചെയ്തേക്കാം [പ്രസ്താവനകളിൽ, ഈ രണ്ട് വാക്കുകൾക്കും സമാനമായ അർത്ഥങ്ങൾ ഉണ്ടാവാമെങ്കിലും, ചോദ്യമായി ഉപയോഗിക്കുന്ന അവസരങ്ങളിൽ, ചെറിയൊരു അർത്ഥവ്യത്യാസം വരാം]

Must / Should: സംഭവിക്കണം, ചെയ്യണം [രണ്ടു വാക്കുകൾക്കും മിക്കവാറും ഒരേ അർത്ഥമാണ്]

3.

ing (ഈ ഹ്രസ്വ വാക്ക് മറ്റ് ക്രീയാ വാക്കുകളുടെ പിന്നിൽ ചേർക്കേണ്ടതാണ്. ഉദാഹരണം: Coming)): ചെയ്ത് കൊണ്ടിരിക്കുന്നു, ചെയ്ത് കൊണ്ടിരിക്കുകയായിരുന്നു.

is coming: വരുന്നു, വന്നുകൊണ്ടിരിക്കുന്നു,

was coming: വരികയായിരുന്നു, വന്നുകൊണ്ടിരിക്കുകയായിരുന്നു.

Will be coming: വരുന്നതായിരിക്കും

Can be coming: വന്നുകൊണ്ടിരിക്കുകയാകാൻ സാധ്യതയുണ്ട്

May be coming: വരികയായിരിക്കാം

Must be coming / Should be coming: വരുന്നുണ്ടായിരിക്കാം

4.

Did: ചെയ്തു

5.

Have: ഉണ്ട്

Had: ഉണ്ടായിരുന്നു

Could have: കഴിയുമായിരുന്നു

Would have: ചെയ്യുമായിരുന്നു

Should have: ചേയ്യേണ്ടതായിരുന്നു

മുകളിൽ നൽകിയിരിക്കുന്ന ഈ ഏതാനും വാക്കുകൾ പഠിച്ചാൽത്തന്നെ ഇങ്ഗ്ളിഷ് വ്യാകരണങ്ങളുടെ വലിയൊരു ശതമാനം ദൂരവും കടന്നുകിട്ടും.

ഭാഷ പഠിക്കാൻ വരുന്നവരെ വ്യാകരണനിയമങ്ങൾ പഠിക്കാൻ വിട്ടാൽ, ഭാഷാ പഠനം തികഞ്ഞ സങ്കീർണ്ണതയിലേക്ക് നീങ്ങും. ഭാഷ പഠിച്ച് കഴിഞ്ഞാൽ, അതിന്റെ നിലവാരത്തിന്റെ മൂല്യം ഉയർത്താനാണ് വ്യാകരണം പഠിക്കേണ്ടത്. ഭാഷ പഠിക്കാനല്ല.

രണ്ട് തേങ്ങയോ, രണ്ട് തേങ്ങകളോ, ഏതാണ് ശരി? ഇതിൽ ശരിയായത്, ഏതെന്ന് കണ്ട് പിടിക്കാൻ വ്യാകരണ നിയമങ്ങൾ പഠിക്കേണ്ടതില്ല. മറിച്ച് ശരിയായ വാക്യപ്രയോഗം അറിയുങ്കിൽ, ശരിയായത് ഉപയോഗിക്കും, അറിയാതെതന്നെ.

Word-codes that link individuals, incidences and entities to various locations in time -1

സമയത്തിന്റെ വിവിധ സ്ഥാനങ്ങളിലേക്ക് വ്യക്തികളേയും സംഭവങ്ങളേയും, വസ്തുക്കളേയും മറ്റും ബന്ധിപ്പിക്കുന്ന വാക്ക് കോഡുകൾ -1

ഇനി നമുക്ക് ഈ ബന്ധിപ്പിക്കുന്ന കോഡ് വാക്കുകൾ വാക്യങ്ങളിലേക്ക് നേരിട്ട് പ്രയോഗിച്ച് നോക്കാം. വ്യാകരണനിയമങ്ങൾ പഠിക്കാതെതന്നെ. ശരിയായി വാക്യങ്ങൾ പ്രയോഗിക്കുമ്പോൾ, വ്യാകരണ നിയമങ്ങൾ സ്വമേധയാ ശരിയായിക്കൊള്ളും.

മലയാളത്തിലെ 'വരിക' എന്ന വാക്ക് നോക്കുക. ഇങ്ഗ്ളിഷിൽ ഇത് Come ആണ്. ഈ വാക്കിനെ, സമയത്തിലെ പല ദിക്കുകളുമായി മലയാളത്തിൽ ബന്ധിപ്പിക്കുന്ന രൂപങ്ങൾ നോക്കുക.

വരാറുണ്ട്: Come / Comes (ഇവിടെ do അല്ലെങ്കിൽ does എന്നതിന്റെ പ്രായോഗമാണ്. കാര്യങ്ങൾ പിന്നീട് വിശദമാക്കാം)

Example: ഉദാഹരണം:

They come: അവർ വരാറുണ്ട്.

He comes: അയാൾ വരാറുണ്ട്.

Word-codes that link individuals, incidences and entities to various locations in time -2

സമയത്തിന്റെ വിവിധ സ്ഥാനങ്ങളിലേക്ക് വ്യക്തികളേയും സംഭവങ്ങളേയും, വസ്തുക്കളേയും മറ്റും ബന്ധിപ്പിക്കുന്ന വാക്ക് കോഡുകൾ -2

വരും: Will come
Example: ഉദാഹരണം:
I will come. ഞാൻ വരും.

വരാൻകഴിയും: Can come
Example: ഉദാഹരണം:
I can come. എനിക്ക് വരാൻ കഴിയും.

വന്നേക്കാം, വന്നേക്കും: May come.
Example: ഉദാഹരണം:
I may come. ഞാൻ വന്നേക്കാം

വരണം: Must come. Should come.
Example: ഉദാഹരണം:
He must come. He should come. അയാൾ വരണം.

NURSERY Rhyme

SOLOMON GRUNDY

Solomon Grundy,
Born on Monday,

Christened on Tuesday,
Married on Wednesday,

Took ill on Thursday,
Worse on Friday,

Died on Saturday,
Buried on Sunday;

This is the end of
Soloman Grundy.

Born പിറന്നു
Christen ജ്ഞാനസ്നാനകർമ്മം ചെയ്യുക
Married വിവാഹിതനായി
Ill രോഗം ഉള്ള അവസ്ഥ
Worse (രോഗം) കൂടുതൽ ഗുരുതരമായി
Died മരിച്ചു
Buried കുഴിച്ചുമൂടപ്പെട്ടു
End അന്ത്യം

Word-codes that link individuals, incidences and entities to various locations in time -3

സമയത്തിന്‍റെ വിവിധ സ്ഥാനങ്ങളിലേക്ക് വ്യക്തികളേയും സംഭവങ്ങളേയും, വസ്തുക്കളേയും മറ്റും ബന്ധിപ്പിക്കുന്ന വാക്ക് കോഡുകൾ - 3

വരികയാണ്, വരുന്നു, വന്നുകൊണ്ടിരിക്കുന്നു: is coming

Example: ഉദാഹരണം:

He is coming. അയാൾ വരികയാണ്. അയാൾ വന്നുകൊണ്ടിരിക്കുന്നു.

വരികയായിരുന്നു, വന്നുകൊണ്ടിരിക്കുകയായിരുന്നു: was coming

Example: ഉദാഹരണം:

She was coming. അയാൾ (സ്ത്രീ) വരികയായിരുന്നു. അയാൾ (സ്ത്രീ) വന്നുകൊണ്ടിരിക്കുകയായിരുന്നു.

ഈ താഴെകൊടുത്തിരിക്കുന്ന വാക്ക് രൂപങ്ങളുടെ അർത്ഥങ്ങളിൽ നേരിയതോതിലോ, അല്ലെങ്കിൽ അതിൽ കൂടുതലായോ, വാക്യം പ്രയോഗിക്കുന്നതിന് അനുസൃതമായി മാറ്റങ്ങൾ വരാം.

വരുന്നതായിരിക്കും: will be coming.

Example: ഉദാഹരണം:

They will be coming.

വരാൻ കഴിയുന്നതായിരിക്കാം (സാധ്യതയുണ്ട്): can be coming.

Example: ഉദാഹരണം:

He can be coming. അയാൾ വരുന്നതായിരിക്കാം.

വരികയായിരിക്കാം: may be coming.

Example: ഉദാഹരണം:

They may be coming. അവർ വരികയായിരിക്കാം.

വരുന്നുണ്ടാവണം: must be coming.

Example: ഉദാഹരണം:

She must be coming. അയാൾ (സ്തീ) വരുന്നുണ്ടാവണം.

Word-codes that link individuals, incidences and entities to various locations in time -4

സമയത്തിന്റെ വിവിധ സ്ഥാനങ്ങളിലേക്ക് വ്യക്തികളേയും സംഭവങ്ങളേയും, വസ്തുക്കളേയും മറ്റും ബന്ധിപ്പിക്കുന്ന വാക്ക് കോഡുകൾ - 4

വന്നു: came (did come)

Example: ഉദാഹരണം:

We came. (We did come). ഞങ്ങൾ വന്നു.

Word-codes that link individuals, incidences and entities to various locations in time – 5a

സമയത്തിന്റെ വിവിധ സ്ഥാനങ്ങളിലേക്ക് വ്യക്തികളേയും സംഭവങ്ങളേയും, വസ്തുക്കളേയും മറ്റും ബന്ധിപ്പിക്കുന്ന വാക്ക് കോഡുകൾ - 5a

വന്നിട്ടുണ്ട്: have come./ has come
Example: ഉദാഹരണം:
They have come. അവർ വന്നിട്ടുണ്ട്.
He has come. അയാൾ വന്നിട്ടുണ്ട്.

വന്നിട്ടുണ്ടായിരുന്നു: had come.
Example: ഉദാഹരണം:
He had come. അവർ വന്നിട്ടുണ്ടായിരുന്നു.

Word-codes that link individuals, incidences and entities to various locations in time –5b

സമയത്തിന്റെ വിവിധ സ്ഥാനങ്ങളിലേക്ക് വ്യക്തികളേയും സംഭവങ്ങളേയും, വസ്തുക്കളേയും മറ്റും ബന്ധിപ്പിക്കുന്ന വാക്ക് കോഡുകൾ - 5b

വരാൻ കഴിയുമായിരുന്നു: could have come.
Example: ഉദാഹരണം:
You could have come. നിങ്ങൾക്ക് വരാൻ കഴിയുമായിരുന്നു.

വരുമായിരുന്നു: would have come.
Example: ഉദാഹരണം:
I would have come. ഞാൻ വരുമായിരുന്നു.

വരേണ്ടതായിരുന്നു: should have come.
Example: ഉദാഹരണം:
You should have come. നിങ്ങൾ വരേണ്ടതായിരുന്നു.

നിങ്ങൾക്ക് ഈ മുകളിൽ കൊടുത്തിരിക്കുന്ന വാക്കുകൾ പഠിക്കാൻ സാധിച്ചാൽതന്നെ, നിങ്ങളുടെ ഇങ്ഗ്ളിഷ് പഠനം വളരെ മുന്നോട്ട് നീങ്ങും. ഇങ്ഗ്ളിഷിലുള്ള ലക്ഷക്കണക്കിന് വാക്കുകളുടെ അനുരൂപ രൂപങ്ങൾ, മുകളിലെ വാക്യങ്ങളിലെ come എന്ന വാക്കിന്റെ വിവിധ രൂപങ്ങൾക്ക് പകരമായി ഉപയോഗിച്ചാൽ, ലക്ഷക്കണക്കിന് ഇങ്ഗ്ളിഷ് വാക്യങ്ങൾ നിങ്ങൾക്ക് പറയാനാകും.

ഈ അടുത്ത പേജിൽ നൽകിയിട്ടുള്ള പട്ടിക നോക്കുക. ഓരോ വാക്കിന്റേയും അഞ്ച് രൂപങ്ങൾ നൽകിയിട്ടുണ്ട്. അവ ഓരോന്നും മുകളിൽ നൽകിയ രീതിയിൽ വാക്യങ്ങളായി ഉപയോഗിക്കുക.

ഏതാനും വാക്കുകളെ ഈ രീതിയിൽ വാക്യങ്ങളിലായി ഉപയോഗിക്കുന്നതിന്റെ ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്. അവ വായിച്ചും കേട്ടും ആവർത്തിച്ചും പഠിക്കുക.

Five-Column arrangement of word-forms

വാക്കുകളുടെ വ്യത്യസ്ത രൂപങ്ങൾ ഒരു പ്രത്യേക രീതിയിൽ പട്ടികപ്പെടുത്തിയിരിക്കുന്നു. ഈ പട്ടികയിലെ എല്ലാ വാക്കുകളും ഒറ്റയടിക്ക് പഠിക്കരുത്. നിത്യേനേ ഒരു പേജ് പഠിക്കാം.

Col 1Aയും Col 1Bയും ഒരേ അർത്ഥമാണ്.

എന്നാൽ Col 1Bലെ വാക്കാണ് ഏകവചനങ്ങളോടൊപ്പം (He, She, It, Divya, Andrew &c.) ഉപയോഗിക്കേണ്ടുന്നത്.

Col 2ലെ വാക്കുകളോടൊപ്പം Will, Can, May, Must തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുക.

Col 3ലെ വാക്കുകളുടെ ing രൂപം ഉപയോഗിക്കുക.

Col 4ലെ വാക്കുകൾ മറ്റ് യാതോരു അനുബന്ധ വാക്കുകളും ഇല്ലാതെ ഉപയോഗിക്കുക. ഈ വാക്കുകൾ ഭേദിച്ചാൽ രണ്ടാമത്തെ കോളത്തിലെ വാക്ക് രൂപത്തോട് did ചേർത്തതായി കാണാം. ഉദാ. Came = did come

Col 5ലെ വാക്കുകളോടൊപ്പം Has/Have, Could have, Would have, Should have തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുക.

Col 1A	Col 1B	Col 2	Col 3	Col 4	Col 5
Come	Comes	Come	Coming	Came	Come
...........വരാറുണ്ട്................. ....വരുന്നു		വരിക	വരുന്നു/ വന്ന്കൊണ്ടിരിക്കുന്നു വരികയായിരുന്നു വന്ന്കൊണ്ടിരിക്കുകയായിരുന്നു	വന്നു	വന്നിട്ടുണ്ട്
01.Abdicate	Abdicates	Abdicate	Abdicating	Abdicated	Abdicated
സ്ഥനത്യാഗംചെയ്യാറുണ്ട്				സ്ഥനത്യാഗംചെയ്തു	
02. Act	Acts	Act	Acting	Acted	Acted
...........അഭിനയിക്കാറുണ്ട്................. ....പ്രവർത്തിക്കാറുണ്ട്................. അഭിനയിക്കുന്നു, പ്രവർത്തിക്കുന്നു				അഭിനയിച്ചു പ്രവർത്തിച്ചു	
03. Aim	Aims	Aim	Aiming	Aimed	Aimed
...........ലക്ഷ്യംവയ്ക്കാറുണ്ട്................. ....ലക്ഷ്യംവെക്കുന്നു				ലക്ഷ്യംവച്ചു	
04. Allow	Allows	Allow	Allowing	Allowed	Allowed
...........അനുവദിക്കാറുണ്ട്................. അനുവദിക്കുന്നു				അനുവദിച്ചു	അനുവദിച്ചിട്ടുണ്ട്
05. Answer	Answers	Answer	Answering	Answered	Answered
...........ഉത്തരംപറയാറുണ്ട്................. ....ഉത്തരംപറയുന്നു				ഉത്തരംപറഞ്ഞു	ഉത്തരം പറഞ്ഞിട്ടുണ്ട്
06. Arrive	Arrives	Arrive	Arriving	Arrived	Arrived
...........എത്തിച്ചേരാറുണ്ട്................. ....എത്തിച്ചേരുന്നു				എത്തിച്ചേർന്നു	എത്തിച്ചേർന്നിട്ടുണ്ട്
07. Assault	Assaults	Assault	Assaulting	Assaulted	Assaulted
......കയ്യേറ്റംചെയ്യാറുണ്ട്...				കയ്യേറ്റംചെയ്തു	
08. Attack	Attacks	Attack	Attacking	Attacked	Attacked
...........ആക്രമിക്കാറുണ്ട്................. ....ആക്രമിക്കുന്നു				ആക്രമിച്ചു	
09. Bathe	Bathes	Bathe	Bathing	Bathed	Bathed
...........കുളിക്കാറുണ്ട്................. ....കുളിക്കുന്നു			കുളിച്ചുകൊണ്ടിരിക്കുന്നു കുളിച്ചുകൊണ്ടിരിക്കുകയായിരുന്നു		കുളിച്ചിട്ടുണ്ട്
10. Beat	Beats	Beat	Beating	Beat	Beaten
...........അടിക്കാറുണ്ട്................. ....അടിക്കുന്നു.................				അടിച്ചു	അടിച്ചിട്ടുണ്ട്

Col 1A	Col 1B	Col 2	Col 3	Col 4	Col 5
Come	Comes	Come	Coming	Came	Come
...........വരാറുണ്ട്................. ....വരുന്നു		വരിക	വരുന്നു/ വന്ന്കൊണ്ടിരിക്കുന്നു വരികയായിരുന്നു വന്ന്കൊണ്ടിരിക്കുകയായിരുന്നു	വന്നു	വന്നിട്ടുണ്ട്
11.Bear	Bears	Bear	Bearing	Bore	Borne
..........സഹിക്കാറുണ്ട്......			സഹിച്ചുകൊണ്ടിരിക്കുന്നു		
..........സഹിക്കുന്നു......			സഹിച്ചുകൊണ്ടിരിക്കുകയായിരുന്നു		
12. Bite	Bites	Bite	Biting	Bit	Bitten
...........കടിക്കാറുണ്ട്.................				കടിച്ചു	
...........കടിക്കുന്നു...............					
13. Boil	Boils	Boil	Boiling	Boiled	Boiled
...........തിളപ്പിക്കാറുണ്ട്.................				തിളപ്പിച്ചു	
...........പുഴുങ്ങാറുണ്ട്.................				പുഴുങ്ങി	
തിളപ്പിക്കുന്നു, പുഴുങ്ങുന്നു					
14. Book	Books	Book	Booking	Booked	Booked
...........ബുക്ക് ചെയ്യാറുണ്ട്................				ബുക്ക് ചെയ്തു	
15. Bore	Bores	Bore	Boring	Bored	Bored
...........തുളയ്ക്കാറുണ്ട്.................				തുളച്ചു	
തുളക്കുന്നു					
16. Borrow	Borrows	Borrow	Borrowing	Borrowed	Borrowed
...........കടംവാങ്ങിക്കാറുണ്ട്.................			കടംവാങ്ങിച്ചു		
കടംവാങ്ങുന്നു					
17. Bring	Brings	Bring	Bringing	Brought	Brought
...........കൊണ്ട്വരാറുണ്ട്.................				കൊണ്ടുവന്നു	
കൊണ്ടുവരുന്നു					
18. Build	Builds	Build	Building	Built	Built
...........കെട്ടാറുണ്ട്.................				കെട്ടി	
കെട്ടുന്നു					
19. Buy	Buys	Buy	Buying	Bought	Bought
...........വാങ്ങിക്കാറുണ്ട്.................				വാങ്ങിച്ചു	
വാങ്ങിക്കുന്നു					
20. Call	Calls	Call	Calling	Called	Called
...........വിളിക്കാറുണ്ട്.................				വിളിച്ചു	
വിളിക്കുന്നു					

ഉദാഹരണമായി നൽകിയിട്ടുള്ള Come എന്ന വാക്കിന്റെ രൂപങ്ങൾ നോക്കുക. ഈ രീതിയിൽ തന്നെ പട്ടികയിലെ വാക്കുകളുടെ മാറിവരുന്ന അർത്ഥം മനസ്സിലാക്കുക.

Col 2ൽ വരുന്ന വാക്കിനോടൊപ്പം Will, Can, May, Must/Should തുടങ്ങിയ വാക്കുകൾ ചേരുമ്പോൾ, ആ വാക്കുകളുടെ അർത്ഥം അതിന് അനുസൃതമായി മാറും.

Buy എന്ന വാക്കിന്റെ അർത്ഥം പണം നൽകി വാങ്ങിക്കുക എന്നാണ്. മറ്റൊരാളിൽ നിന്നും എന്തെങ്കിലും എടുക്കുന്നതിന് ഉചിതമായ വാക്ക് Take എടുക്കുക / Took എടുത്തു എന്നാവും എന്നാണ് തോന്നുന്നത്.

Col 1A	Col 1B	Col 2	Col 3	Col 4	Col 5
Come	Comes	Come	Coming	Came	Come
...........വരാറുണ്ട്................ ....വരുന്നു		വരിക	വരുന്നു / വന്ന്കൊണ്ടിരിക്കുന്നു വരികയായിരുന്നു വന്ന്കൊണ്ടിരിക്കുകയായിരുന്നു	വന്നു	വന്നിട്ടുണ്ട്
21. Carry	Carries	Carry	Carrying	Carried	Carried
...........വഹിക്കാറുണ്ട്................				വഹിച്ചു	
വഹിക്കുന്നു					
22. Catch	Catches	Catch	Catching	Caught	Caught
...........പിടിക്കാറുണ്ട്................				പിടിച്ചു	
പിടിക്കുന്നു					
23. Clean	Cleans	Clean	Cleaning	Cleaned	Cleaned
...........വൃത്തിയാക്കാറുണ്ട്................				വൃത്തിയാക്കി	
വൃത്തിയാക്കുന്നു					
24. Climb	Climbs	Climb	Climbing	Climbed	Climbed
...........കയറാറുണ്ട്................				കയറി	
കയറുന്നു					
25. Close	Closes	Close	Closing	Closed	Closed
...........അടയ്ക്കാറുണ്ട്................				അടച്ചു	
അടയ്ക്കുന്നു					
26. Come	Comes	Come	Coming	Came	Come
...........വരാറുണ്ട്................				വന്നു	
വരുന്നു					
27. Continue	Continues	Continue	Continuing	Continued	Continued
...........തുടരാറുണ്ട്................				തുടർന്നു	
തുടരുന്നു					
28. Cook	Cooks	Cook	Cooking	Cooked	Cooked
...........പാചകംചെയ്യാറുണ്ട്................			പാചകംചെയ്തു		
പാചകംചെയ്യുന്നു					
29. Create	Creates	Create	Creating	Created	Created
...........സൃഷ്ടിക്കാറുണ്ട്................				സൃഷ്ടിച്ചു	
സൃഷ്ടിക്കുന്നു					
30. Cross	Crosses	Cross	Crossing	Crossed	Crossed
.....മറുവശത്തേക്ക് കടക്കാറുണ്ട്...				മറുവശത്തേക്ക് കടന്നു	
മറുവശത്തേക്ക് കടക്കുന്നു					

Col 1A Col 1B ലേയും Col 3 ലേയും വാക്കുകളുടെ ചില രൂപങ്ങൾക്ക് അർത്ഥത്തിൽ സാമ്യം തോന്നാമെങ്കിലും, യഥാർത്ഥത്തിൽ അർത്ഥം വ്യത്യസ്തമാണ്.

Col 1A	Col 1B	Col 2	Col 3	Col 4	Col 5
Come	Comes	Come	Coming	Came	Come
...........വരാറുണ്ട്................ ....വരുന്നു		വരിക	വരുന്നു/ വന്ന്കൊണ്ടിരിക്കുന്നു വരികയായിരുന്നു വന്ന്കൊണ്ടിരിക്കുകയായിരുന്നു	വന്നു	വന്നിട്ടുണ്ട്
31. Cry	Cries	Cry	Crying	Cried	Cried
...........കരയാറുണ്ട്................ കരയുന്നു				കരഞ്ഞു	
32. Cure	Cures	Cure	Curing	Cured	Cured
....ചികിത്സിച്ച് ഭേദപ്പെടുത്താറുണ്ട്.... ചികിത്സിച്ച്ഭേദപ്പെടുത്തുന്നു				ചികിത്സിച്ചുഭേദപ്പെടുത്തി	
33. Cut	Cuts	Cut	Cutting	Cut	Cut
...........മുറിക്കാറുണ്ട്................ മുറിക്കുന്നു				മുറിച്ചു	
34. Dance	Dances	Dance	Dancing	Danced	Danced
..........നൃത്തംവെക്കാറുണ്ട്................ നൃത്തംചെയ്യുന്നു				നൃത്തംചെയ്തു	
35. Deliver	Delivers	Deliver	Delivering	Delivered	Delivered
...എത്തിച്ചുകൊടുക്കാറുണ്ട്......... എത്തിച്ചുകൊടുക്കുന്നു				എത്തിച്ചുകൊടുത്തു	
36. Desire	Desires	Desire	Desiring	Desired	Desired
...........ആഗ്രഹിക്കാറുണ്ട്................ ആഗ്രഹിക്കുന്നു				ആഗ്രഹിച്ചു	
37. Dirty	Dirties	Dirty	Dirtying	Dirtied	Dirtied
...........വൃത്തികേടാക്കാറുണ്ട്................ വൃത്തികേടാക്കുന്നു				വൃത്തികേടാക്കി	
38. Dislike	Dislikes	Dislike	Disliking	Disliked	Disliked
...ഇഷ്ടപ്പെടാതിരിക്കാറുണ്ട്.... ഇഷ്ടപ്പെടുന്നില്ല				ഇഷ്ടപ്പെടാതിരുന്നു	
39. Do	Does	Do	Doing	Did	Done
...........ചെയ്യാറുണ്ട്................ ചെയ്യുന്നു				ചെയ്തു	ചെയ്തിട്ടുണ്ട്

Deliver എന്ന വാക്കിന് ഇങ്ഗ്ലിഷിൽ മൂന്ന് വ്യത്യസ്ത അർത്ഥങ്ങൾ ഉണ്ട്. കൊണ്ടക്കൊടുക്കുക, പ്രസവിക്കുക, പ്രസംഗിക്കുക (deliver a speech)

Col 1A	Col 1B	Col 2	Col 3	Col 4	Col 5
Come	Comes	Come	Coming	Came	Come
...........വരാറുണ്ട്................ ....വരുന്നു		വരിക	വരുന്നു / വന്ന്കൊണ്ടിരിക്കുന്നു വരികയായിരുന്നു വന്ന്കൊണ്ടിരിക്കുകയായിരുന്നു	വന്നു	വന്നിട്ടുണ്ട്
40. Draw	Draws	Draw	Drawing	Drew	Drawn
...........വരയ്ക്കാറുണ്ട്................ വരയ്ക്കുന്നു				വരച്ചു	വരച്ചിട്ടുണ്ട്
41. Dress	Dresses	Dress	Dressing	Dressed	Dressed
...........വസ്ത്രംധരിക്കാറുണ്ട്................ വസ്ത്രംധരിക്കുന്നു			വസ്ത്രം ധരിച്ചു		
42. Drink	Drinks	Drink	Drinking	Drank	Drunk
...കുടിക്കാറുണ്ട്.......... കുടിക്കുന്നു				കുടിച്ചു	
43. Drive	Drives	Drive	Driving	Drove	Driven
...........വാഹനംഓടിക്കാറുണ്ട്................ വാഹനംഓടിക്കുന്നു				വാഹനംഓടിച്ചു	
44. Drop	Drops	Drop	Dropping	Dropped	Dropped
...........താഴെഇടാറുണ്ട്................ താഴെയിടുന്നു				താഴെയിട്ടു ഇട്ടു/കൊണ്ടുവിട്ടു	
45. Dry	Dries	Dry	Drying	Dried	Dried
...........ഉണക്കാറുണ്ട്................ ഉണക്കുന്നു				ഉണക്കി	
46. Eat	Eats	Eat	Eating	Ate	Eaten
...........തിന്നാറുണ്ട്................ തിന്നുന്നു				തിന്നു	തിന്നിട്ടുണ്ട്
47. Enquire	Enquires	Enquire	Enquiring	Enquired	Enquired
...........അന്വേഷിക്കാറുണ്ട്................ അന്വേഷിക്കുന്നു				അന്വേഷിച്ചു	
48. Explain	Explains	Explain	Explaining	Explained	Explained
...വിശദീകരിക്കാറുണ്ട്...... വിശദീകരിക്കുന്നു				വിശദീകരിച്ചു	
49. Explode	Explodes	Explode	Exploding	Exploded	Exploded
..പൊട്ടിത്തെറിക്കാറുണ്ട്...... പോട്ടിത്തെറിക്കുന്നു				പൊട്ടിത്തെറിച്ചു	
50. Expose	Exposes	Expose	Exposing	Exposed	Exposed
...........തുറന്നുകാട്ടാറുണ്ട്................ തുറന്നുകാട്ടുന്നു				തുറന്നുകാട്ടി	

Col 1A Col 1B	Col 2	Col 3	Col 4	Col 5	
51. Express Expresses	Express	Expressing	Expressed	Expressed	
..........പ്രസ്താവിക്കാറുണ്ട്................ പ്രസ്താവിക്കുന്നു			പ്രസ്താവിച്ചു		
52. Face Faces	Face	Facing	Faced	Faced	
..........നേരിടാറുണ്ട്................ നേരിടുന്നു			നേരിട്ടു		
53. Faint Faints	Faint	Fainting	Fainted	Fainted	
...ബോധംകെടാറുണ്ട്..... ബോധംകെടുന്നു			ബോധംകെട്ടു		
54. Fall Falls	Fall	Falling	Fell	Fallen	
..........വീഴാറുണ്ട്................ വീഴുന്നു			വീണു		
55. Feel Feels	Feel	Feeling	Felt	Felt	
..........തോന്നാറുണ്ട്................ തോന്നുന്നു			തോന്നി		
56. Fight Fights	Fight	Fighting	Fought	Fought	
..........അടികൂടാറുണ്ട്.............. ....യുദ്ധംചെയ്യാറുണ്ട്................ യുദ്ധംചെയ്യുന്നു			അടികൂടി യുദ്ധംചെയ്തു		
57. Find Finds	Find	Finding	Found	Found	
..........കണ്ടെത്താറുണ്ട്................ കണ്ടെത്തുന്നു			കണ്ടെത്തി		
58. Finish Finishes	Finish	Finishing	Finished	Finished	
..........മുഴുവിക്കാറുണ്ട്................ മുഴുവിക്കുന്നു			മുഴുവിച്ചു		
59. Fire Fires		Fire	Firing	Fired	Fired
..........പിരിച്ച്വിടാറുണ്ട്........ പിരിച്ചുവിടുന്നു			പിരിച്ച്വിട്ടു		
60. Fish Fishes	Fish	Fishing	Fished	Fished	
..........മത്സ്യംപിടിക്കാറുണ്ട്................ മത്സ്യംപിടിക്കുന്നു		മത്സ്യംപിടിച്ച്			

Feel എന്ന വാക്കിന്റെ നാമാർത്ഥം സ്പർശിച്ചറിയുക എന്നാണ്.

Fire എന്ന വാക്കിന്റെ നാമാർത്ഥം തീ / അഗ്നി എന്നാണ്. എന്നാൽ ക്രിയയായി ഈ പദം ഉപയോഗിച്ചാൽ, പിരിച്ചിവിടുക, അല്ലെങ്കിൽ വെടിവെക്കുക എന്ന അർത്ഥം വരും.

തീകൊടുക്കുക എന്നത് പറയാൻ നല്ലത് Give fire എന്ന പദപ്രയോഗമാണ്.

English is not a feudal language. In fact, it is a planar language. There are no higher-ups or lower beings in ordinary English words. English has words for the king, queen and other statutory functionaries. Yet, ordinary words that discriminate or degrade or ennoble a particular person or groups of persons are not required for ordinary communication in English.
ഇങ്ഗ്ളിഷ് ഒരു ഫ്യൂഡൽ ഭാഷയല്ല. വാസ്തവത്തില്, ഇത് ഒരു പരന്ന ഭാഷയാണ്. പൊതുവായ ഇങ്ഗ്ളിഷ് വാക്കുകളിൽ വലിയവരോ ചെറിയവരോ ഇല്ല. രാജാവിനും, റാണിക്കും, മറ്റ് ഭരണഘടനാപരമായ ഔദ്യോഗിക സ്ഥാനം വഹിക്കുന്നവര്ക്കും , ഇങ്ഗ്ളിഷിൽ വാക്കുകള് ഉണ്ട്. എന്നാൽ, ഏതെങ്കിലും ഒരു വ്യക്തിയെയോ, അല്ലെങ്കിൽ ആള്ക്കൂകട്ടങ്ങളെയോ വിവേചനം ചെയ്യുന്നതോ, തരംതാഴ്ത്തുന്നതോ, അല്ലെങ്കിൽ ദിവ്യമാക്കുന്നതോ ആയ പൊതുവായ വാക്കുകൾ ഇങ്ഗ്ളിഷിലൂടെയുള്ള സാധാരണ ആശയവിനിമയത്തിന് ആവശ്യമില്ല.

This is what makes English a great language. In fact, it is this sterling quality of English that had made it the language of a wonderful world empire.
ഇതാണ് ഇങ്ഗ്ളിഷിനെ ഒരു മഹത്തായ ഭാഷയാക്കുന്നത്. വാസ്തവത്തിൽ, ഈ ഉല്കൃഷ്ടമായ ഗുണമാണ് ഇങ്ഗ്ളിഷിനെ ഒരു അതിശയിപ്പിക്കുന്നതരത്തിലുള്ള ലോക സാമ്രാജ്യത്തിന്റെ ഭാഷയായി മാറ്റിയത്.

It was Lord Macaulay who argued for the teaching of this wonderful language to the ordinary people of British-India. The rich people of British-India could study English on their own. It was the common man's children who had no opportunity to study English. English East India Company decided to agree with Lord Macaulay. English education was given to many school children free of cost. In many places, the lower financial classes and other lower castes improved tremendously due to this. In fact, many lower caste individuals got into senior official positions without any reservations, due to this great magnanimity on the part of the East India Company.
Lord Macaulayയാണ്, ഈ അത്ഭുതകരമായ ഭാഷ ബ്യട്ടിഷ്-ഇന്ത്യയിലെ സാധാരണ ജനങ്ങളെ പഠിപ്പിക്കേണം എന്ന് വാദിച്ചത്. ബ്യട്ടിഷ്-ഇന്ത്യയിലെ പണക്കാർക്ക് സ്വന്തമായി ഇങ്ഗ്ളിഷ് പഠിക്കാൻ ആവുമായിരുന്നു. സാധാരണക്കാരന്റെ മക്കൾക്കാണ് ഇങ്ഗ്ളിഷ് പഠിക്കാനുള്ള അവസരം ഇല്ലാതെ പോയത്. ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി Lord Macaulayയോട് യോജിക്കാൻ തീരുമാനിച്ചു. പല സ്കൂൾ കുട്ടികൾക്കും ഇങ്ഗ്ളിഷ് വിദ്യാഭ്യാസം സൗജന്യമായി നല്കപ്പെട്ടു. ഈ കാരണത്താൽ, പലയിടത്തും, സാമ്പത്തികമായി പിന്നോട്ടുനില്ക്കുന്നവരും മറ്റ് താഴ്ന്ന ജാതിക്കാരും അതിഗംഭീരമായി അഭിവൃദ്ധിപ്പെട്ടു. വാസ്തവത്തിൽ, ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഈ മഹത്തായ മഹാമനസ്കത കാരണം, പല താഴ്ന്ന ജാതിക്കാരായ വ്യക്തികൾക്കും, യാതോരു സംവരണവും ഇല്ലാതെതന്നെ ഉയർന്നവ ഔദ്യോഗിക പദവികൾ ലഭിച്ചു.

At the same time, the higher castes also benefited from the various social reforms which enabled them also to improve.
അതേസമയം, അവരെ ഉയർച്ചയിലേക്ക് നിങ്ങാൻ സൗകര്യപ്പെടുത്തിയ വിവിധതരം സാമൂഹിക പരിഷ്കരണങ്ങളിലൂടെ ഉയർന്നംജാതിക്കാർക്കും പ്രയോജനം ലഭിച്ചു.

My dear friends, in my opinion we have to be grateful to our benefactors. Ingratitude is a very vile thing.
എന്റെ പ്രീയപ്പെട്ട സുഹൃത്തുക്കളെ, എന്റെ അഭിപ്രായത്തിൽ, നാം നമുക്ക് ഉപകാരം ചെയ്തവരോട് നന്നി(നന്ദി)യുള്ളവരായിരിക്കേണം. നന്നികേട് (നന്ദികേട്) ഒരു നീചമായ കാര്യമാണ്.

PROFESSIONS തൊഴിലുകൾ

Advocate	വക്കീൽ
Butcher	അറവുകാരൻ
Carpenter	ആശാരി
Cook	പാചകക്കാരൻ
Doctor	വൈദ്യൻ
Driver	വാഹനം ഓടിക്കുന്ന ആൾ
Fisherman	മുക്കുവൻ
Manager	നിയന്ത്രിക്കുന്ന ആൾ, നിർവ്വഹണം ചെയ്യുന്ന ആൾ
Mechanic	യന്ത്രം നന്നാക്കുന്ന ആൾ
Painter	ചായം അടിക്കുന്ന ആൾ
Plumber	വെള്ളം വിതരണകുഴൽ സ്ഥാപിക്കുന്നതോ, നന്നാക്കുന്നതോ ആയ ആൾ
Policeman	പോലീസുകാരൻ
Postman	പോസ്റ്റ്മാൻ
Preacher	മതപ്രാസംഗികൻ
Priest	വൈദികൻ
Robber	മോഷ്ടാവ്
Servant	ഭൃത്യൻ
Supervisor	മേൽനോട്ടക്കാരൻ
Teacher	അദ്ധ്യാപകൻ / അദ്ധ്യാപിക
Typist	ടൈപ്പ് ചെയ്യുന്ന ആൾ
Worker	തൊഴിലാളി

Human Relationships മനുഷ്യബന്ധങ്ങൾ

Man	മനുഷ്യൻ, പുരുഷൻ, ഭൃത്യൻ
Woman	സ്ത്രീ, ഭാര്യ, ദാസി
Boy	ആൺകുട്ടി
Girl	പെൺകുട്ടി
Child	കുഞ്ഞ്, കുട്ടി
Baby	കുഞ്ഞ്
Father	അച്ഛൻ, പിതാവ്, പാതിരി
Mother	അമ്മ, മാതാവ്
Grandmother, Grandma	മുത്തശ്ശി
Grandfather, Grandpa	മുത്തച്ഛൻ
Grandchild	പേരക്കുട്ടി
Grandchildren	പേരക്കുട്ടികൾ
Grandson	പൗത്രൻ
Granddaughter	പൗത്രി
Husband	ഭർത്താവ്
Wife	ഭാര്യ
Spouse	ഭർത്താവ്/ഭാര്യ
Son	മകൻ
Daughter	മകൾ
Cousin	അമ്മാവന്റെ/അമ്മാവിയുടെ മകൻ/മകൾ
Father-in-law	ഭാര്യയുടെ/ഭർത്താവിന്റെ അച്ഛൻ
Mother-in-law	ഭാര്യയുടെ/ഭർത്താവിന്റെ അമ്മ
Uncle	അമ്മാവൻ
Aunt	അമ്മാവി
Sister-in-law	ഭാര്യയുടെ/ഭർത്താവിന്റെ സഹോദരി, ഭാര്യ/ ഭർത്തൃസഹോദരന്റെ ഭാര്യ
Brother-in-law	ഭാര്യയുടെ/ഭർത്താവിന്റെ സഹോദരൻ, ഭാര്യാ /ഭർത്തൃസഹോദരിയുടെ ഭർത്താവ്, സഹോദരിയുടെ ഭർത്താവ്, അളിയൻ
Sister	സഹോദരി
Brother	സഹോദരൻ
Nephew	സഹോദരന്റെ/സഹോദരിയുടെ പുത്രൻ
Niece	സഹോദരന്റെ/സഹോദരിയുടെ പുത്രി

ഫ്യൂഡൽ ഭാഷാ പ്രശ്നം

ഇങ്ഗ്ലിഷിലെ പൊളൈറ്റ്നെസ് എന്ന സങ്കൽപ്പം ഒരു ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ

English politeness in a feudal language ambience

ഈ എഴുത്തുകാരൻ ഭാഷകളിലെ കോഡുകളെക്കുറിച്ച് നിരീക്ഷണപഠനങ്ങൾ കൂറെ വർഷങ്ങൾക്ക് മുമ്പുമുതൽ നടത്തിത്തുടങ്ങിയിട്ടുള്ള വ്യക്തിയാണ്. 1989ൽ ഇത് സംബന്ധിച്ച് ആദ്യമായി ഒരു പുസ്തകം (March of the Evil Empires: English versus the feudal languages) എഴുതിയപ്പോൾ, സോഫ്റ്റ്വേർ എന്ന ആശയസങ്കൽപ്പത്തെക്കുറിച്ച് അറിവില്ലായിരുന്നു. എന്നാൽ ഈ പുസ്തകം 2001ഓട് കൂടി വീണ്ടും വിപുലപ്പെടുത്തിയെഴുതുമ്പോഴേക്കും, കമ്പ്യൂട്ടറുകളെക്കുറിച്ചും, സോഫ്റ്റ്വേറിനെക്കുറിച്ചും പലവിധവിവരങ്ങളും ഈ എഴുത്തുകാരൻ നേടിക്കഴിഞ്ഞിട്ടുണ്ടായിരുന്നു.

ഭാഷയൊരു സോഫ്റ്റ്വേറിനോടോ, അതുമല്ലെങ്കിൽ ഒരു സോഫ്റ്റ്വേർ ആപ്ലിക്കേഷനോടോമറ്റോ സാമ്യതയുള്ള എന്തോ ഒന്ന് ആണ് എന്ന് ഈ എഴുത്തുകാരന് ബോധ്യമുണ്ട്. ഈ വിഷയത്തെക്കുറിച്ച് പിന്നീട് കൂടുതലായി സംസാരിക്കാം.

ഈ പ്രാവശ്യത്തെ ലേഖനത്തിൽ ഇന്ത്യൻ ഭാഷകളിലെ *വിനയ-ഭവ്യതാ* കോഡുകളെ ഇങ്ഗ്ലിഷിലെ Politness എന്ന സങ്കൽപ്പവുമായി താരതമ്യം ചെയ്ത് കൊണ്ട് സംസാരിക്കാം. ഇങ്ഗ്ളണ്ടില് നിന്നും വന്ന ഇങ്ഗ്ലിഷിൽ **Thank you, Please, Excuse me, I beg your pardon, Pardon, I'm sorry, I regret, I appologise, Can I?, May I?** തുടങ്ങിയ പ്രയോഗങ്ങൾ ഉണ്ട്. പ്രഥമദൃഷ്ട്യാനോക്കിയാൽ, ഇവയ്ക്കെല്ലാം തന്നെ മലയാളത്തിലും, ഇന്ത്യയിലെ മറ്റ് ഫ്യൂഡൽ ഭാഷകളിലും തുല്ല്യമായ വാക്കുകൾ ഉണ്ട് എന്ന തോന്നൽ വരാം. എന്നാൽ ഇത് ശരിയല്ല. കാരണം, ഇങ്ഗ്ലിഷിലെ Politness എന്ന സങ്കൽപ്പത്തിനോട് താദാത്മ്യം ഉള്ള ഈ വാക്കുകൾക്ക് മലയാളത്തിലും മറ്റ് ഫ്യൂഡൽ ഭാഷകളിലും സാമാനമായ പ്രയോഗങ്ങൾ ഇല്ലതന്നെ. ആകെയുള്ളത്, അതാത് ഫ്യൂഡൽ ഭാഷകൾ പ്രചരിപ്പിക്കുവാൻ വെമ്പൽകൊള്ളുന്ന വ്യക്തികൾ, ഇങ്ഗ്ലിഷിലെ ഓരോ പ്രയോഗത്തിനും തുല്ല്യമായത് എന്ന് കൊട്ടിഘോഷിച്ചുകൊണ്ട് പല വാക്കുകളും, ഒരുക്കിനിർത്തിക്കാണിക്കുകമാത്രമാണ് ചെയ്യുന്നത്. എന്നാൽ ഈ ഒരുക്കിനിർത്തിക്കാണിക്കുന്ന വാക്കുകളെ, അവയുടെ കോഡ് വിന്യാസത്തിലൂടെ നോക്കിയാൽ, തികച്ചും വ്യത്യസ്തങ്ങളായ അർത്ഥവും വ്യക്തിബന്ധച്ചരടുകളും ഉള്ളവയാണ് എന്ന് കാണാവുന്നതാണ്.

ഈ വാക്കുകളുടെ കോഡ്നിലവാരത്തിലേക്ക് കടക്കാതെതന്നെ, ഇങ്ഗ്ലിഷിലെ ഓരോ വാക്കുകളോടും ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന ഈ വാക്കുകൾക്ക്, ആ ഇങ്ഗ്ലിഷ് വാക്കുകളുമായുള്ള വ്യത്യാസത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാം.

ആദ്യം നമുക്ക് ഇങ്ഗ്ലിഷിലെ **Thank you** എന്ന വാക്ക് എടുക്കാം. മലയാളത്തിലെ നന്ദി (നന്ദി) എന്നവാക്കാണ് **Thank you** എന്ന ഇങ്ഗ്ലിഷ് വാക്കിന്റെ അർത്ഥമായി ഉപയോഗിച്ച്തുടങ്ങിക്കാണുന്നത്. ഈ അവകാശവാദത്തിൽ കാര്യമായപ്രശ്നങ്ങൾ ഉണ്ട്. ഒന്നാമതായി, ജന്മി കുടിയാന് എന്തെങ്കിലും ഒരു ഉപകാരം ചെയ്താൽ, കുടിയാന് ജന്മിയോട് നന്ദി എന്ന് പറയുമായിരുന്നോ എന്നത് തീർച്ചയില്ല. കാരണം, അങ്ങിനെയൊരു കീഴ്വഴക്കം ഉണ്ട് എന്ന് തോന്നുന്നില്ല. ഇങ്ഗ്ലിഷിലെ ***appreciation*** എന്ന വാക്ക് അർത്ഥമാക്കുന്ന കാര്യമാണ് പ്രശ്നം. താഴെയുള്ളവന്റെ ***appreciation*** മുകളിലുള്ളവർക്ക് പുല്ല് വിലയാണ് എന്നത് ഒരു പ്രശ്നം.

എന്നാൽകാര്യങ്ങൾ കുറേക്കൂടി സങ്കീർണ്ണമാണ്. ഇന്നുള്ള ഔപചാരികമായി വികസിപ്പിച്ചെടുത്ത മലയാളത്തിൽ നന്ദിയെന്ന വാക്ക് സർവ്വത്ര ഉപയോഗിക്കപ്പെടുന്നുണ്ട്, ഔപചാരികമായി. എന്നാൽ ഇത് ഇങ്ഗ്ലിഷിലെ *thank you* എന്ന പ്രയോഗത്തിന് അടുത്തെവിടെയും എത്തുന്നില്ലതന്നെ.

Thank you എന്നവാക്ക് ആളുകളുടെ സ്ഥാനമാനങ്ങൾക്കും, തൊഴിൽപദവികൾക്കും മറ്റ് രീതിയിൽ ഫ്യൂഡൽഭാഷകളിൽ വിവേചനപരമായി ദർശ്ശിക്കപ്പെടുന്ന നിലവാരങ്ങൾക്കും അതീതമായി ഉപയോഗിക്കാവുന്ന ഒരു പ്രയോഗമാണ്. ഉദാഹരത്തിന് ഹോട്ടലിലെ വെയ്റ്ററോടും, കീഴ്ജീവനക്കാരനോടും, പണിക്കാരനോടും, മക്കളോടും, വിദ്യാർത്ഥികളോടും, മുതലാളിയോടും, അദ്ധ്യാപകനോടും, മേലുദ്യോഗസ്ഥനോടും **Thank you** ഒരേപോലെ ഉപയോഗിക്കാം.

എന്നാൽ നന്നിയെന്ന വാക്ക്, ഹോട്ടലിലെ വെയ്റ്ററോടും, കീഴ്ജീവനക്കാരനോടും, പണിക്കാരനോടും, മക്കളോടും വിദ്യാർത്ഥിയോടും, മറ്റും അവരുടെ മുകളിൽ ഉള്ളവർ ഉപയോഗിച്ചാൽ, മലയാളത്തിലെ മറ്റ് ഭാഷാ വാക്യകോഡുകളുമായി താദാത്മ്യപ്രശ്നം ഉദിക്കും. ഉദാഹരണത്തിന്, മുതലാളി തൊഴിലാളിയോട് പറയുന്നു **നീ പോയി ഒരു ഗ്ളാസ് വെള്ളം കൊണ്ടുവരൂ**. തൊഴിലാളി വെള്ളം കൊണ്ടുവന്ന് കൊടുക്കുന്നു. അപ്പോൾ മുതലാളി പറയുന്നു നന്നി. ഇങ്ഗ്ളിഷിലെ ***thank you*** എന്ന സങ്കൽപ്പം മലയാളത്തിലേക്ക് ലയിപ്പിക്കാനായി വരുംകാലങ്ങളിൽ ഈ നന്നി പ്രയോഗം സാർവത്രികമാക്കാൻ ആരെങ്കിലും ഒരുമ്പെട്ടാലും, മലയാളത്തിലെ നീ, നിങ്ങൾ, താങ്കൾ, സാർ പ്രയോഗങ്ങളിൽ മാറ്റം വരുന്നില്ല എന്ന് ഓർക്കേണം. അതിനാൽ തന്നെ ഈയൊരു നന്നിപ്രയോഗം വെറുമൊരു പ്രഹസനം മാത്രമായിരിക്കും.

ഇങ്ഗ്ളിഷിൽ *thank you*എന്നു പറയുന്നതിൽ കാര്യമായതും, ആഴമേറിയതുമായ വൈകാരികഭാവം ഉണ്ട്. എന്നാൽ മലയാളത്തിൽ ***thank you***/നന്നി എന്ന് ആരെങ്കിലും പറഞ്ഞാൽ കാര്യമായി എന്തെങ്കിലും ലഭിച്ച തോന്നൽ ലഭിക്കില്ല. കാരണം, വലിയവർക്ക് എന്തെങ്കിലും ഉപകാരപ്രദമായത് ചെയ്യുന്നതിലാണ്, ഫ്യൂഡൽ ഭാഷാകോഡുകൾ വിലനൽകുക. അല്ലാതെ മുക്കാൽ പൈസകൈയിലില്ലാത്തതോ, അല്ലെങ്കിൽ സാമൂഹികമായി വിലയില്ലാത്തവർക്കോ, ഉപകാരം ചെയ്യുന്നതിൽ മൂല്യമില്ല. അവരുടെ നന്നിക്കെന്ത് വിലയിരിക്കുന്നു. അവർ നൽകേണ്ടത് പണമാണ്. അതിന് മൂല്യമുണ്ട്.

> പണ്ട് തിരുവിതാംകൂറിൽ വച്ച് ഒരു കഥകേട്ടിരുന്നു. സായിപ്പിന് റോട്ടിൽ വച്ച് എന്തോ ചെറു സഹായം ചെയ്തു, ഒരാൾ. മലയാളം പഠിച്ച് പരിശീലിച്ചുകൊണ്ടിരുന്ന സായിപ്പ് ചോദിച്ചു, പൈസവേണോ, നന്ദി വേണോ എന്ന്. സായിപ്പ് ഉദ്ദേശിച്ചത് നന്നിയാണ്. എന്നാൽ സായിപ്പ് പഠിച്ച മലയാളം നന്ദിയെന്ന വാക്കാണ്. ഇതിനെ വാക്കുകള് പ്രകാരമുള്ള ഉച്ചാരണത്തിൽ സായിപ്പ് ചോദിച്ചു നന്ദി വേണോ എന്ന്. ഈ നന്ദിയെന്താണ് എന്ന് അപരന് മനസ്സിലായില്ല. നന്ദിയെന്നാൽ പൈസയേക്കാൾ വലിയ എന്തോ ആണ് എന്ന് കരുതി, അയാൾ പറഞ്ഞു, നന്ദി മതി എന്ന്. അപ്പോൾ സായിപ്പ് പറഞ്ഞു നന്ദി, നന്ദി. പോയത് പണം. ലഭിച്ചത് നന്ദി. സഹിക്കാൻ പറ്റുന്നകാര്യമല്ല.

സർക്കാർ ഫോമുകളിലും മറ്റും നന്ദിയെന്ന് അടിക്കുറിപ്പായി വായ്ച്ചു കണ്ടിരിക്കും. ഈ വാക്കിന് യാതോരു അർത്ഥവുമില്ല. യാതോരുരീതിയിലും സർക്കാർ തൊഴിലാളികൾ എന്തെങ്കിലും നന്നിയുണ്ട് എന്ന തോന്നൽ ഉളവാകുന്നുണ്ടെങ്കിൽ, അത് വെറുമൊരു തോന്നൽമാത്രമാണ്. വെറും പ്രഹസനം മാത്രം.

ഇനി *Please* എന്ന പ്രയോഗം നോക്കാം. ഇതിന്റെ അർത്ഥം ദയവ് ചെയ്ത് എന്നോ ദയവായി എന്നോ ആണ് എന്ന് മലയാളത്തിൽ പഠിപ്പിക്കുന്നു.

യഥാർത്ഥത്തിൽ *Please* എന്നവാക്കിന് ***ദയവ് ചെയ്ത്*** എന്നോ ***ദയവായി***എന്നോ ഉള്ള അർത്ഥമല്ല പൊതുവായി ഉള്ളത്. ഉദാഹരണത്തിന് അദ്ധ്യാപകനോട് ഇങ്ഗ്ളിഷിൽ വിദ്യാർത്ഥി പറയുന്നു 'Please close the door' . ഇതിന്റെ അർത്ഥം **ദയവ്ചെയ്ത് വാതിൽ ഒന്ന് അടയ്ക്കൂ** എന്ന് തർജ്ജമചെയ്യുന്നുണ്ടെങ്കിലും, ഇത് ഇങ്ഗ്ളിഷിൽ വിനയത്തോടുകൂടിയുള്ള ഒരു അഭ്യർത്ഥനയല്ല. മറിച്ച് *politeness* കലർന്ന ഒരു ആജ്ഞയാണ്. തന്നെക്കാൾ സ്ഥാനത്തിൽ ഉയർന്ന ഒരാളോട് ഇങ്ഗ്ളിഷിൽ ഇങ്ങിനെയൊരുകാര്യം ആവശ്യപ്പെടാനുള്ള കൂടുതൽ ഉത്തമമായ വാചകം ***Can you please close the door?*** എന്നോ ***Could you please close the door?*** എന്നോ ആണ്. കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ കൽപ്പന, ആജ്ഞ, ഉത്തരവ് തുടങ്ങിയവ politness കലർന്നാണ് ഉപയോഗിക്കാറ്. അതിന്റെ ഭാഗമായി *Please* എന്നവാക്ക് ഇവയോടൊപ്പം ഉപയോഗിക്കപ്പെടും. എന്നാൽ ഇന്ന്, ഇങ്ഗ്ളണ്ടിന്റെ പാരമ്പര്യ സാഹിത്യങ്ങളിലൂടെ അല്ല പലരും ഇങ്ഗ്ളിഷ് പഠിക്കുന്നത്. സർക്കാർ സ്കൂളുകളിലേയും, മറ്റ് മിക്ക ടെക്സ്റ്റ് ബുക്ക് പ്രസാധകരുടെയും ഇങ്ഗ്ളിഷ് പാഠപുസ്തകങ്ങൾ ഇന്ന് തയ്യാറാക്കുന്നത്, ഇങ്ഗ്ളണ്ടിന്റെ പാരമ്പര്യ സാഹിത്യങ്ങളുമായി പുലബന്ധം പോലുമില്ലാത്തവരാണ്. അതിനാൽ തന്നെ ഇന്ന് പ്രചുരപ്രചാരം വന്ന് കൊണ്ടിരിക്കുന്ന ഇങ്ഗ്ളിഷ് മിക്കവാറും ഫ്യൂഡൽ ഭാഷകളുടെ പരുക്കൻ ചുവയുള്ളതാണ്. ഇത് പഠിപ്പിക്കുവാനും പഠിക്കാനും പാടുള്ളതല്ല.

ഇനി Sorry എന്ന പ്രയോഗം നോക്കാം. I am sorry എന്ന വാക്യം മലയാളത്തിൽ **ഞാൻ ഖേദിക്കുന്നു** എന്നായി തർജ്ജമചെയ്ത് വരുന്നുണ്ടെങ്കിലും, എന്തെങ്കിലും തെറ്റോ, അബദ്ധമോചെയ്ത് പോയ്തിട്ട്, **ഞാൻ ഖേദിക്കുന്നു**, എന്ന്കൂടിപ്പറഞ്ഞാൽ, അധികപ്രസംഗമോ, കാനൂലോ മറ്റോ ആയി തോന്നിയേക്കാം.

അതിനാൽ തന്നെ, **I am sorry** എന്ന വാക്യത്തെ, ക്ഷമിക്കേണം എന്നായിട്ടാണ് തർജ്ജമചെയ്യപ്പെടുന്നതും, കേൾക്കുന്ന ആൾ മനസ്സിലാക്കുന്നതും. എന്നാൽ, ഇങ്ഗ്ളീഷിൽ **Sorry** എന്ന പ്രയോഗം ഇതിൽനിന്നും തെല്ല് വ്യത്യസ്തമാണ്. ഇക്കാര്യം ചെയ്തതിൽ എനിക്ക് ദുഃഖമുണ്ട് എന്ന് സമ്മതിക്കുന്നു. എന്നാൽ ഇതിന് നിങ്ങൾ/സാർ/നീ ക്ഷമിക്കേണം എന്ന ഒരു ദയനീയമായ അഭ്യർത്ഥന ഇതിൽ ഇല്ല. പറയുന്ന ആൾ തന്റെ അപരാധം അംഗീകരിക്കുന്നു. എന്നാൽ ഫ്യൂഡൽ ഭാഷകളില് താഴെക്കിടയിലുള്ള ഒരാൾ ഇങ്ങിനെ സ്വന്തം വ്യക്തിത്വം ബലിയർപ്പിക്കാതെ, തനിക്ക് അപരാധബോധം ഉണ്ട് എന്ന് അറിയിക്കുന്നത് അധികപ്രസംഗമായേ (കാന്തുലായേ) മറ്റുള്ളവർ കാണുകയുള്ളു. അതിനാൽ തന്നെ, **Sorry** എന്ന് ഒരാൾ പറഞ്ഞാൽ, എന്നോട് ക്ഷമിക്കേണം എന്ന് താഴെയുള്ള ആൾ മുകളിലെ നിലവാരത്തിലുള്ള ആളോട് അപേക്ഷിക്കുന്നതായേ മലയാളത്തിൽ മനസ്സിലാക്കുകയുള്ളു.

ഇങ്ങിനെ **Sorry** എന്ന ഇങ്ഗ്ളീഷ് വാക്ക് മലയാളത്തിൽ പറഞ്ഞാൽ, ഇങ്ഗ്ളീഷിൽ പ്രതീക്ഷിക്കുന്ന പ്രതികരണമല്ല മലയാളത്തിൽ ലഭിക്കുക. പറയുന്ന ആൾ തരംതാണതായി കാണുകയും, മറ്റേയാൾ അയാളുടെ മേൽ കയർത്ത് കയറുകയുമാണ് മലയാളത്തിൽ സംഭവിക്കുക.

ഇനി മറ്റൊരു വശം കൂടിയുണ്ട്. ഇങ്ഗ്ളീഷിൽ **Sorry** എന്ന പദം ആരോടും ഉപയോഗിക്കാവുന്നതാണ്. കീഴ്ജീവനക്കാരനോടും, മറ്റും ഇത് പ്രയോഗിക്കാം. എന്നാൽ മലയാളത്തിൽ മേലുദ്യോഗസ്ഥൻ കീഴ്ജീവനക്കാരനോടും അദ്ധ്യാപകൻ വിദ്യാർത്ഥിയോടും, മാതാവ് മകനോടും, മുതലാളി തൊഴിലാളിയോടും മറ്റും **Sorry** എന്ന പ്രയോഗം നടത്തിയാൽ, ആ പറയുന്ന ആൾക്ക് മാനസികമായി എന്തോ കഴിവ് കേടുണ്ട് എന്ന രീതിയിലാണ് **Sorry** ലഭിച്ച ആളും, ഈ സംഭാഷണം കേട്ട മറ്റുള്ളവരും കരുതുക.

മലയാളത്തിലെ ഫ്യൂഡൽ ഭാഷാകോഡുകളിൽ മുകളിൽ ഉള്ളവർ താഴെയുള്ളവരോട് **Sorry** എന്ന വാക്ക് ഉപയോഗിക്കാനുള്ള സൗകര്യം ഇല്ലായെന്ന് പറയാവുന്നതാണ്. ഔപചാരികമായി ക്ഷമിക്കണം എന്നൊക്കെപ്പറയാറുണ്ടെങ്കിലും.

പണ്ട് കണ്ടകാര്യമാണ്. ഉയർന്ന സ്ഥാനത്തുള്ള ഓഫിസർ പ്രായമുള്ള പ്യൂണിനോട് സംസാരിക്കുന്നതിനിടയിൽ, എന്തിനെയോപറ്റിപ്പറഞ്ഞ് **Sorry** എന്ന് പറഞ്ഞു. ഉടനെ പ്യൂൺ ഞെട്ടി. അയാൾ മേലുദ്യോഗസ്ഥനോട് പറഞ്ഞു, 'സാറ്, എന്നോട് **Sorry** പറയരുത്. അത് എനിക്ക് താങ്ങാനാവില്ല'. ഇവിടെ സംഭവിച്ചത്, പ്യൂൺ അയാളുടെ ഓഫിസർ പറഞ്ഞ വാചകം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത്, മനസ്സിലാക്കിയത് കൊണ്ടാണ്. ഇങ്ങനെ: 'താങ്കൾ എന്നോട് ക്ഷമിക്കണം'. ഇത് മലയാള ഭാഷാകോഡുകളിൽ കാര്യങ്ങൾ മലക്കം മറിയുന്ന വാചകമാണ്. യജമാന സേവകനായ പ്യൂണിന് സഹിക്കാൻ പറ്റുന്നകാര്യമല്ല.

ഭാഷകളെ ഒരു സോഫ്റ്റ്വേറായി കാണുകയും, അവയിലെ വാക്കുകളെ ചില പ്രത്യേകതരം കോഡുകളുമായി കാണുകയും ചെയ്താൽ, പല വാക്കുകൾക്കും വാക്യങ്ങൾക്കും വ്യത്യസ്തങ്ങളായ ദിശാകോഡുകളും, ബലവും ശക്തിയും, കാര്യങ്ങൾക്ക് തുടക്കം കുറിക്കാനും, അന്ത്യം സംഭവിപ്പിക്കാനും, കാര്യങ്ങളെ നിർത്തിക്കാനും മറ്റുമുള്ള കഴിവുകൾ ഉണ്ട് എന്ന് കാണാവുന്നതാണ്.

നേരത്തെ സൂചിപ്പിച്ച എല്ലാ വാക്കുകളും ചർച്ചക്ക് യോജിച്ചവയാണെങ്കിലും, ഇവിടെ എടുത്ത് പറയാൻ ആഗ്രഹിക്കുന്ന വാക്കാണ് apologise. ഇതിന്റെ അർത്ഥം **ക്ഷമായാചനം ചെയ്യുക, മാപ്പ് ചോദിക്കുക** എന്നൊക്കെയാണ് എന്ന് പറയാറുണ്ടെങ്കിലും, യഥാർത്ഥത്തിൽ ഇങ്ഗ്ളീഷിൽ ഇങ്ങിയെ ഒരു യാചനയോ, മാപ്പ് ചോദിക്കലോ ഒന്നും തന്നെയില്ല. സ്വന്തം മനസ്സിൽ താൻ തെറ്റാണ് ചെയ്തത് എന്ന് മനസ്സിലാക്കി അത് സമ്മതിച്ച്, പ്രായശ്ചിത്തം ചെയ്യുന്ന ഒരു മാനസികാവസ്ഥയാണ്, apologise എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതിനാൽ തന്നെ ഏത് നിലയിലുള്ള മഹാനും, എത്രതന്നെ താഴെയാണ് എന്ന് മലയാളം ഭാഷാകോഡുകൾ നിർവ്വചിക്കുന്ന ആളോടും apologise എന്ന വാക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇങ്ങിനെയുള്ള I apologise എന്ന വാചകം മലയാളത്തിലും മറ്റ് അതുപോലുള്ള ഫ്യൂഡൽ ഭാഷകളിലും തർജ്ജമചെയ്യാൻ അനുവദിക്കരുത് എന്ന് മാത്രം. കാരണം, പ്രസിഡന്റ് ക്ളിന്റണ്, മോണിക്ക ലെവിസ്കിയോട് I apologise എന്ന് പറഞ്ഞു എന്ന് മലയാള പത്രങ്ങൾ റിപ്പോട്ട് ചെയ്തത് പോലെയാകും. മലയാളത്തിൽ ഇത്, *പ്രസിഡന്റ് ക്ളിന്റൻ, മോണിക്ക ലെവ്സ്കിയോട് മാപ്പ് ചോദിച്ചു* എന്ന രൂപത്തിലാണ് അച്ചടിച്ച് വരിക.

ഇങ്ങിനെയുള്ള തർജ്ജമ, ഇന്ത്യൻ സാമൂഹിക ഘടനയിൽ ഉയരങ്ങളിൽ നിൽക്കുന്നവർക്ക് അരോചകമായി വരും. അവർ ഇതിനൊന്നും മുതിരില്ല. കാരണം, ഇങ്ങിനെചെയ്താൽ ചിലപ്പോൾ സാമൂഹികഘടന തന്നെ പ്രാദേശിക ഭാഷകളിൽ മലക്കം മറിഞ്ഞേക്കും.

ഇവിടെ എടുത്ത് പറയേണ്ടുന്ന കാര്യം, ഇങ്ഗ്ളിഷ് എന്ന ഭാഷാ സോഫ്റ്റ്വേർ, മലയാളം പോലുള്ള ഭാഷാ സോഫ്റ്റ്വേറുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണ്, എന്നാണ്. ഇങ്ഗ്ളിഷ് ഭാഷ വിഭാവനം ചെയ്യുന്ന സാമൂഹിക ഘടന, ഫ്യൂഡൽ ഭാഷകളൾ വിഭാവനം ചെയ്യുന്ന സാമൂഹിക ഘടനയിൽ നിന്നും തികച്ചും വിഭിന്നമാണ്. ഈ കാര്യം വിശദീകരിക്കാനായി, നമുക്ക് കമ്പ്യൂട്ടറില് ഉപയോഗിക്കുന്ന MS Word ഢും Adobe InDesign നും താരതമ്യംചെയ്യാം. ഇവ രണ്ടും പുസ്തകങ്ങളും ലേഖനങ്ങളും മറ്റും കമ്പ്യൂട്ടറിൽ ഡിസൈൻ ചെയ്യാനായി ഉപയോഗിക്കുന്ന സോഫ്റ്റ്വേർ ആപ്ളിക്കേഷനുകളാണ്. എന്നിരുന്നാലും, ഇവയ്ക്ക് ഓരോന്നും പേജ് ഡിസൈൻ ചെയ്യുന്നത് വ്യത്യസ്ത രീതിയലാണ്. രണ്ടിലൂടെയും പ്രഥമദൃഷ്ട്യാ ഒരേപോലുള്ള ഡിസൈനുകൾ ചെയ്യാമെന്ന് തോന്നാമെങ്കിലും, യഥാർത്ഥത്തിൽ ഡിസൈനുകൾ തമ്മിൽ വ്യത്യസ്തത ഉണ്ടാകാം. കാരണം, ഇവ ഓരോന്നും വ്യത്യസ്ത രീതിയിലാണ് ഫോണ്ടുകളേയും, ടെക്സ്റ്റ്കളേയും, ചിത്രങ്ങളേയും പേജുകളിൽ ഘടനചെയ്യുന്നത്.

ഇത് ഒരു ചെറിയ ഉദാഹരണം മാത്രമാണ്. ഭാഷകളിലെ വ്യത്യസ്ഥങ്ങളായ വാക്യ - വാക്ക് കോഡുകൾ വ്യത്യസ്തങ്ങളായ രീതിയിൽ മനുഷ്യരേയും, അവരുടെ പെരുമാറ്റങ്ങളേയും ഘടനചെയ്യുന്നു.

Miscellaneous items

There

1. There is a cow on the road.
റോഡിൽ ഒരു പശു ഉണ്ട്.

1a. There was a cow on the road.
റോഡിൽ ഒരു പശു ഉണ്ടായിരുന്നു.

2. There is a place I know, where we can go.
നമുക്ക് പോകാൻ പറ്റുന്ന ഒരു സ്ഥലം എനിക്കറിയാം.

3. There is a good doctor in Cochin.
കൊച്ചിയിൽ ഒരു നല്ല ഡോക്ടർ ഉണ്ട്.

3a. There was a good doctor in Cochin.
കൊച്ചിയിൽ ഒരു നല്ല ഡോക്ടർ ഉണ്ടായിരുന്നു.

4. There is a nice film running in that theatre.
ആ തീയറ്ററിൽ ഒരു നല്ല സിനിമ ഓടുന്നുണ്ട്.

4a. There was a nice film running in that theatre.
ആ തീയറ്ററിൽ ഒരു നല്ല സിനിമ ഓടുന്നുണ്ടായിരുന്നു.

5. There is a knife in his pocket. Be careful.
അയാളുടെ പോക്കറ്റിൽ ഒരു കത്തിയുണ്ട്. സൂക്ഷിക്കുക.

5a. There was a knife in his pocket. Be careful.
അയാളുടെ പോക്കറ്റിൽ ഒരു കത്തിയുണ്ടായിരുന്നു. സൂക്ഷിക്കുക.

6. There is no solution for this problem.
ഈ പ്രശ്നത്തിന് യാതോരു പരിഹാരവും ഇല്ല.

6a. There was no solution for this problem.
ഈ പ്രശ്നത്തിന് യാതോരു പരിഹാരവും ഇല്ലായിരുന്നു.

7. There is so much to do tomorrow.
നാളെ ചെയ്യാൻ വളരെയധികം ഉണ്ട്.

7a. There was so much to do tomorrow.
നാളെ ചെയ്യാൻ വളരെയധികം ഉണ്ടായിരുന്നു.

8. There is a river at the end of this road.
ഈ നിരത്തിന്റെ അന്ത്യത്തിൽ ഒരു പുഴയുണ്ട്.

8a. There was a river at the end of this road.
ഈ നിരത്തിന്റെ അന്ത്യത്തിൽ ഒരു പുഴയുണ്ടായിരുന്നു.

9. There are five people standing outside.
പുറത്ത് അഞ്ച് ആളുകൾ നിൽക്കുന്നുണ്ട്.

9a. There were five people standing outside.
പുറത്ത് അഞ്ച് ആളുകൾ നിൽക്കുന്നുണ്ടായിരുന്നു.

10. There are eighteen files inside this folder.
ഈ ഫോൾഡറിൽ പതിനെട്ട് ഫൈലുകൾ ഉണ്ട്.

10a. There were eighteen files inside this folder.
ഈ ഫോൾഡറിൽ പതിനെട്ട് ഫൈലുകൾ ഉണ്ടായിരുന്നു.

11. There are two eggs inside this basket.
ഈ കൊട്ടയിൽ രണ്ട് മുട്ട ഉണ്ട്.

11a. There were two eggs inside this basket.
ഈ കൊട്ടയിൽ രണ്ട് മുട്ട ഉണ്ടായിരുന്നു.

12. There are so many places to visit in Cannanore.
കണ്ണൂരിൽ സന്ദർശ്ശിക്കാൻ വളരെയധികം സ്ഥലങ്ങൾ ഉണ്ട്.

12a. There were so many places to visit in Cannanore.
കണ്ണൂരിൽ സന്ദർശ്ശിക്കാൻ വളരെയധികം സ്ഥലങ്ങൾ ഉണ്ടായിരുന്നു.

13. There are hundreds of books inside that room.
ആ മുറിക്കകത്ത് നൂറ് കണക്കിന് പുസ്തകങ്ങൾ ഉണ്ട്.

13a. There were hundreds of books inside that room.
ആ മുറിക്കകത്ത് നൂറ് കണക്കിന് പുസ്തകങ്ങൾ ഉണ്ടായിരുന്നു.

14. There are patients waiting outside.
പുറത്ത് രോഗികൾ കാത്ത് നിൽപ്പുണ്ട്.

14a. There were patients waiting outside.
പുറത്ത് രോഗികൾ കാത്ത് നിൽപ്പുണ്ടായിരുന്നു.

15. There are many things that he wants to teach you.
നിങ്ങളെ പഠിപ്പിക്കാൻ അയാൾ ആഗ്രഹിക്കുന്ന പല കാര്യങ്ങളും ഉണ്ട്.

15a. There were many things that he wanted to teach you.
നിങ്ങളെ പഠിപ്പിക്കാൻ അയാൾ ആഗ്രഹിക്കുന്ന പല കാര്യങ്ങളും ഉണ്ടായിരുന്നു.

16. There are no holidays next week.
അടുത്ത ആഴ്ച അവധികൾ ഇല്ല.

16a. There were no holidays last week.
കഴിഞ്ഞ ആഴ്ച അവധികൾ ഇല്ലായിരുന്നു.

17. There is a box on the chair.
കസേരയുടെ മുകളിൽ ഒരു പെട്ടി ഉണ്ട്.

17a. There was a box on the chair.
കസേരയുടെ മുകളിൽ ഒരു പെട്ടി ഉണ്ടായിരുന്നു.

18. There is a chance that he will come.
അയാൾ വരും എന്നതിന് ഒരു സാധ്യതയുണ്ട്.

19. There is a terrorist in the town.
പട്ടണത്തിൽ ഒരു ഭീകരപ്രവർത്തകൻ ഉണ്ട്.

19a. There was a terrorist in the town.
പട്ടണത്തിൽ ഒരു ഭീകരപ്രവർത്തകൻ ഉണ്ടായിരുന്നു.

20. There is a fox in the garden.
തോട്ടത്തിൽ ഒരു കുറുക്കൻ ഉണ്ട്.

20a. There was a fox in the garden.
തോട്ടത്തിൽ ഒരു കുറുക്കൻ ഉണ്ടായിരുന്നു.

21. There is a thief in the kitchen.
അടുക്കളയിൽ ഒരു കള്ളൻ ഉണ്ട്.

21a. There was a thief in the kitchen.
അടുക്കളയിൽ ഒരു കള്ളൻ ഉണ്ടായിരുന്നു.

22. There is a purse in his pocket.
അയാളുടെ പോക്കറ്റിൽ ഒരു പണസഞ്ചിയുണ്ട്.

22a. There was a purse in his pocket.
അയാളുടെ പോക്കറ്റിൽ ഒരു പണസഞ്ചിയുണ്ടായിരുന്നു.

23. There is a myna on the wall.
മതിലിന്മേൽ ഒരു മൈനയുണ്ട്.

23a. There was a myna on the wall.
മതിലിന്മേൽ ഒരു മൈനയുണ്ടായിരുന്നു.

24. There is a boy in my class, who I like.
ഞാൻ ഇഷ്ടപ്പെടുന്ന ഒരു (ആൺ)കുട്ടി എന്റെ ക്ളാസിൽ ഉണ്ട്.

24a. There was a boy in my class, who I liked.
ഞാൻ ഇഷ്ടപ്പെടുന്ന ഒരു (ആൺ)കുട്ടി എന്റെ ക്ളാസിൽ ഉണ്ടായിരുന്നു.

25. There is a mobile shop in the shopping centre.
ഷോപ്പിങ്ങ് സെന്ററിൽ ഒരു മൊബൈൽ ഷോപ്പ് ഉണ്ട്.

25a. There was a mobile shop in the shopping Centre.
ഷോപ്പിങ്ങ് സെന്ററിൽ ഒരു മൊബൈൽ ഷോപ്പ് ഉണ്ടായിരുന്നു.

26. There is a ghost in this house.
ഈ വീട്ടിൽ ഒരു പ്രേതം ഉണ്ട്.

26a. There was a ghost in this house.
ഈ വീട്ടിൽ ഒരു പ്രേതം ഉണ്ടായിരുന്നു.

27. There is no way to cure this disease.
ഈ രോഗം ചികിത്സിക്കാൻ യാതോരു മാർഗ്ഗവും ഇല്ല.

27a. There was no way to cure this disease.
ഈ രോഗം ചികിത്സിക്കാൻ യാതോരു മാർഗ്ഗവും ഇല്ലായിരുന്നു.

28. There is a musician in my school, who is very good.
വളരെ നല്ല കഴിവുള്ള ഒരു സംഗീതജ്ഞൻ എന്റെ സ്കൂളിൽ ഉണ്ട്.

28a. There was a musician in my school, who is very good.
വളരെ നല്ല കഴിവുള്ള ഒരു സംഗീതജ്ഞൻ എന്റെ സ്കൂളിൽ ഉണ്ടായിരുന്നു.

29. There is this rumour going round.
ഈയൊരു കിംവദന്തി ചുറ്റിനടക്കുന്നുണ്ട്.

29a. There was this rumour going round.
ഈയൊരു കിംവദന്തി ചുറ്റിനടക്കുന്നുണ്ടായിരുന്നു.

30. There is a pothole on the road.
റോഡിന് മുകളിൽ ഒരു കുഴി ഉണ്ട്.

30a. There was a pothole on the road.
റോഡിന് മുകളിൽ ഒരു കുഴി ഉണ്ടായിരുന്നു.

31. There is a handsome boy in my school.
എന്റെ സ്കൂളിൽ സുമുഖനായ ഒരു (ആൺ)കുട്ടിയുണ്ട്.

31a. There was a handsome boy in my school.
എന്റെ സ്കൂളിൽ സുമുഖനായ ഒരു (ആൺ)കുട്ടിയുണ്ടായിരുന്നു.

32. There is my colleague waving from the bus stop. ബസ്സ്റ്റോപ്പിൽനിന്നും എന്റെ സഹപ്രവർത്തകൻ അതാ കൈവീശുന്നു.

32a. There was my colleague waving from the bus stop. ബസ്സ്റ്റോപ്പിൽനിന്നും എന്റെ സഹപ്രവർത്തകൻ കൈവീശുന്നുണ്ടായിരുന്നു.

33. There is good news coming.
നല്ല വാർത്ത വരുന്നുണ്ട്.

33a. There was good news coming.
നല്ല വാർത്ത വരുന്നുണ്ടായിരുന്നു.

34. There is a wonderful news that I want to tell you.
ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്ന ഒരു അത്യുഗ്രൻ വാർത്തയുണ്ട്.

34a. There was a wonderful news that I wanted to tell you.
ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്ന ഒരു അത്യുഗ്രൻ വാർത്തയുണ്ടായിരുന്നു.

35. There is a bridge on this road.
ഈ റൂട്ടിൽ ഒരു പാലം ഉണ്ട്.

35a. There was a bridge on this road.
ഈ റൂട്ടിൽ ഒരു പാലം ഉണ്ടായിരുന്നു.

36. There is something that I want to hide from him.
അയാളിൽ നിന്നും ഒളിച്ചുവെക്കാൻ ഞാൻ ആഗ്രഹിക്കുന്ന ഒരു കാര്യമുണ്ട്.

37. There cannot be any arguments this time.
ഈ പ്രാവശ്യം യാതോരു വാഗ്വാദവും ഉണ്ടാകാൻ കഴിയില്ല.

37a. There can be some debate about this.
ഈ കാര്യത്തെക്കുറിച്ച് കുറച്ച് ചർച്ച നടക്കാൻ സാധ്യത ഉണ്ട്.

38. There is a bus arriving at 9 O'clock.
9 മണിക്ക് ഒരു ബസ് എത്തിച്ചേരാനുണ്ട്.

38a. There was a bus arriving at 9 O'clock.
9 മണിക്ക് ഒരു ഒരു ബസ് എത്തിച്ചേരാനുണ്ടായിരുന്നു.

39. There is something that I want to tell you.
ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യമുണ്ട്.

39a. There was something that I wanted to tell you.
ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിച്ചിരുന്ന ഒരു കാര്യമുണ്ടായിരുന്നു.

40. There is a new programme on TV.
ടീവിയിൽ ഒരു പുതിയ പ്രോഗ്രാം ഉണ്ട്.

40a. There was a new programme on TV.
ടീവിയിൽ ഒരു പുതിയ പ്രോഗ്രാം ഉണ്ടായിരുന്നു.

41. There is a car in front of my office.
എന്റെ ഓഫിസിന് മുന്നിൽ ഒരു കാർ ഉണ്ട്.

41a. There was a car in front of my office.
എന്റെ ഓഫിസിന് മുന്നിൽ ഒരു കാർ ഉണ്ടായിരുന്നു.

42. There is a fight going on in my office.
എന്റെ ഓഫീസിൽ ഒരു സംഘട്ടനം നടക്കുന്നുണ്ട്.

42a. There was a fight going on in my office.
എന്റെ ഓഫീസിൽ ഒരു സംഘട്ടനം നടക്കുന്നുണ്ടായിരുന്നു.

43. There is a terrible man in that office.
ആ ഓഫിസിൽ ഒരു ഭയങ്കരനായ മനുഷ്യൻ ഉണ്ട്.

43a. There was a terrible man in that office
ആ ഓഫിസിൽ ഒരു ഭയങ്കരനായ മനുഷ്യൻ ഉണ്ടായിരുന്നു.

44. There is a leak in the petrol tank.
പെട്രോൾ ടാങ്കിൽ ഒരു ചോർച്ചയുണ്ട്.

44a. There was a leak in the petrol tank.
പെട്രോൾ ടാങ്കിൽ ഒരു ചോർച്ചയുണ്ടായിരുന്നു.

45. There is a lot of hatred towards him.
അയാളോട് വളരെയധികം വെറുപ്പ് ഉണ്ട്.

45a. There was a lot of hatred towards him.
അയാളോട് വളരെയധികം വെറുപ്പ് ഉണ്ടായിരുന്നു.

46. There is a wide space here.
ഇവിടെ ഒരു വിശാലമായ സ്ഥലസൗകര്യം ഉണ്ട്.

46a. There was a wide space here.
ഇവിടെ ഒരു വിശാലമായ സ്ഥലസൗകര്യം ഉണ്ടായിരുന്നു.

47. There is a beautiful tree in his house.
അയാളുടെ വീട്ടിൽ സുന്ദരമായ ഒരു വൃക്ഷം ഉണ്ട്.

47a. There was a beautiful tree in his house.
അയാളുടെ വീട്ടിൽ സുന്ദരമായ ഒരു വൃക്ഷം ഉണ്ടായിരുന്നു.

48. There are certain things that need to be done.
ചെയ്യപ്പെടേണ്ടുന്ന ചില കാര്യങ്ങൾ ഉണ്ട്.

48a. There were certain things that needed to be done.
ചെയ്യപ്പെടേണ്ടുന്ന ചില കാര്യങ്ങൾ ഉണ്ടായിരുന്നു.

49. There are two thousand horses there.
അവിടെ രണ്ടായിരം കുതിരകൾ ഉണ്ട്.

49a. There were two thousand horses there.
അവിടെ രണ്ടായിരം കുതിരകൾ ഉണ്ടായിരുന്നു.

50. There are eight buses on the road.
നിരത്തിൽ എട്ട് ബസ്സുകൾ ഉണ്ട്.

50a. There were eight buses on the road.
നിരത്തിൽ എട്ട് ബസ്സുകൾ ഉണ്ടായിരുന്നു.

51. There are some writings on the wall.
ചുമരിൽ ചില എഴുത്തുകൾ ഉണ്ട്.

51a. There were some writings on the wall.
ചുമരിൽ ചില എഴുത്തുകൾ ഉണ്ടായിരുന്നു.

52. There are many people there.
അവിടെ കുറെ ആളുകൾ ഉണ്ട്.

52a. There were many people there
അവിടെ കുറെ ആളുകൾ ഉണ്ടായിരുന്നു.

53. There are a lot of good teachers there.
അവിടെ കുറേ നല്ല ടീച്ചർമാർ ഉണ്ട്.

53a. There were a lot of good teachers there
അവിടെ കുറേ നല്ല ടീച്ചർമാർ ഉണ്ടായിരുന്നു.

54. There are eighteen guns in the cupboard.
കബേർഡിൽ പതിനെട്ട് തോക്കുകൾ ഉണ്ട്.

54a. There were eighteen guns in the cupboard.
കബേർഡിൽ പതിനെട്ട് തോക്കുകൾ ഉണ്ടായിരുന്നു.

55. There are a lot of problems in that place.
ആ സ്ഥലത്ത് വളരെ അധികം പ്രശ്നങ്ങൾ ഉണ്ട്.

55a. There were a lot of problems in that place.
ആ സ്ഥലത്ത് വളരെ അധികം പ്രശ്നങ്ങൾ ഉണ്ടായിരുന്നു.

56. There are twenty students waiting for you.
ഇരുപത് വിദ്യാർത്ഥികൾ നിങ്ങളെ കാത്തിരിപ്പുണ്ട്.

56a. There were twenty students waiting for you.
ഇരുപത് വിദ്യാർത്ഥികൾ നിങ്ങളെ കാത്തിരിപ്പുണ്ടായിരുന്നു.

57. There are two birds in that cage.
ആ പക്ഷിക്കൂടിൽ രണ്ട് പക്ഷികൾ ഉണ്ട്.

57a. There were two birds in that cage.
ആ പക്ഷിക്കൂടിൽ രണ്ട് പക്ഷികൾ ഉണ്ടായിരുന്നു.

58. There are coconuts everywhere.
എല്ലായിടത്തും തേങ്ങയുണ്ട്.

58a. There were coconuts everywhere.
എല്ലായിടത്തും തേങ്ങയുണ്ടായിരുന്നു.

59. There are some books on the ground.
നിലത്ത് കുറച്ച് പുസ്തകങ്ങൾ ഉണ്ട്.

59a. There were some books on the ground.
നിലത്ത് കുറച്ച് പുസ്തകങ്ങൾ ഉണ്ടായിരുന്നു.

60. There are some people coming here.
കുറച്ച് ആളുകൾ ഇവിടേക്ക് വരുന്നുണ്ട്.

60a. There were some people coming here.
കുറച്ച് ആളുകൾ ഇവിടേക്ക് വരുന്നുണ്ടായിരുന്നു.

61. There are certain good signs.
ശുഭകരമായ ചില അടയാളങ്ങൾ ഉണ്ട്.

61a. There were certain good signs.
ശുഭകരമായ ചില അടയാളങ്ങൾ ഉണ്ടായിരുന്നു.

62. There are some stories which I want to tell you.
നിങ്ങളോട് ഞാൻ പറയാൻ ആഗ്രഹിക്കുന്ന ചില കഥകൾ ഉണ്ട്.

63. There are no chairs in that hall.
ആ hallൽ കസേരയൊന്നുംതന്നെ ഇല്ല.

64. There were no chairs in that hall.
ആ hallൽ ഒരു കസേരയും ഇല്ലായിരുന്നു.

65. There are some people swimming in the river.
പുഴയിൽ കുറച്ച് ആളുകൾ നീന്തുന്നുണ്ട്.

65a. There were some people swimming in the river.
പുഴയിൽ കുറച്ച് ആളുകൾ നീന്തുന്നുണ്ടായിരുന്നു.

66. There are a lot of cars outside.
പുറത്ത് കുറേ കാറുകൾ ഉണ്ട്.

66a. There were a lot of cars outside.
പുറത്ത് കുറേ കാറുകൾ ഉണ്ടായിരുന്നു.

67. There are a lot of stories about him.
അയാളെക്കുറിച്ച് കുറേ കഥകൾ ഉണ്ട്.

67a. There were a lot of stories about him.
അയാളെക്കുറിച്ച് കുറേ കഥകൾ ഉണ്ടായിരുന്നു.

68. There are no windows in the kitchen.
അടുക്കളയിൽ യാതോരു ജനലുകളും ഇല്ല.

68a. There were no windows in the kitchen.
അടുക്കളയിൽ യാതോരു ജനലുകളും ഇല്ലായിരുന്നു.

69. There are no vacant rooms here.
ഇവിടെ ഒഴിവുള്ള മുറികൾ ഇല്ല.

69a. There were no vacant rooms here.
ഇവിടെ ഒഴിവുള്ള മുറികൾ ഇല്ലായിരുന്നു.

70. There are no uneducated persons here.
ഇവിടെ വിദ്യാഭ്യാസമില്ലാത്ത ആളുകൾ ഇല്ല.

70a. There were no uneducated persons here.
ഇവിടെ വിദ്യാഭ്യാസമില്ലാത്ത ആളുകൾ ഇല്ലായിരുന്നു.

71. There are a few children on the wall.
(ആ) മതിലിന്മേൽ കുറച്ച് കുട്ടികൾ ഉണ്ട്.

71a. There were a few children on the wall.
(ആ) മതിലിന്മേൽ കുറച്ച് കുട്ടികൾ ഉണ്ടായിരുന്നു.

72. There are five marks on his face.
അയാളുടെ മുഖത്ത് അഞ്ച് അടയാളങ്ങൾ ഉണ്ട്.

72a. There were five marks on his face.
അയാളുടെ മുഖത്ത് അഞ്ച് അടയാളങ്ങൾ ഉണ്ടായിരുന്നു.

73. There are five lorries full of timber.
തടിനിറച്ച അഞ്ച് ലോറികൾ ഉണ്ട്.

73a. There were five lorries full of timber.
തടിനിറച്ച അഞ്ച് ലോറികൾ ഉണ്ടായിരുന്നു.

74. There are a lot of flowers in this page.
ഈ പേജിൽ ധാരാളം പുഷ്പങ്ങൾ ഉണ്ട്.

74a. There were a lot of flowers in this page.
ഈ പേജിൽ ധാരാളം പുഷ്പങ്ങൾ ഉണ്ടായിരുന്നു.

75. There are eleven horses competing in the race.
ഈ മത്സരത്തിൽ പതിനൊന്ന് കുതിരകൾ മത്സരിക്കുന്നുണ്ട്.

75a. There were eleven horses competing in the race.
ഈ മത്സരത്തിൽ പതിനൊന്ന് കുതിരകൾ മത്സരിക്കുന്നുണ്ടായിരുന്നു.

76. There are some people shouting from outside.
പുറത്ത് നിന്നും കുറച്ച് ആളുകൾ ഒച്ചവെക്കുന്നുണ്ട്.

76a. There were some people shouting from outside.
പുറത്ത് നിന്നും കുറച്ച് ആളുകൾ ഒച്ചവെക്കുന്നുണ്ടായിരുന്നു.

There അവിടെ

01. He must come there next week.
അയാൾ അടുത്ത ആഴ്ച അവിടെ വരണം.

02. They should catch him from there.
അവർ അയാളെ അവിടെ വച്ച് പിടിക്കണം.

03. We want him to come there.
അയാൾ അവിടെ വരണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

04. We might see you there.
ഞങ്ങൾ നിങ്ങളെ അവിടെ വച്ച് കണ്ടേക്കാം.

05. He can call me from there.
അയാൾക്ക് എന്നെ അവിടെനിന്നും വിളിക്കാൻ കഴിയും.

06. He will be sleeping there.
അയാൾ അവിടെ ഉറങ്ങുന്നതായിരിക്കും.

07. We will be waiting for you there.
ഞങ്ങൾ നിങ്ങളെ അവിടെ കാത്ത് നിൽക്കുന്നുണ്ടാവും.

08. I will ask him to come back from there.
അവിടെ നിന്നും തിരിച്ച് വരാൻ ഞാൻ അയാളോട് പറയും.

09. He told me to tell you not to go there.
നിങ്ങൾ അവിടെ പോകരുത് എന്ന് നിങ്ങളോട് പറയാൻ അയാൾ എന്നോട് പറഞ്ഞു.

10. Why is he going there?
അയാൾ അവിടെ എന്തിനാണ് പോകുന്നത്?

11. We can go there tomorrow. നമുക്ക് അവിടെ നാളെ പോകാം.

12. Should I come over there? ഞാൻ അവിടുത്തേക്ക് വരണമോ?

13. Will you take me there?
നിങ്ങൾ എന്നെ അവിടുത്തേക്ക് കൊണ്ടുപോകുമോ?

14. Can I see you there?
എനിക്ക് നിങ്ങളെ അവിടെ കാണാൻ പറ്റുമോ?

15. Must he go there?
അയാൾ അവിടെ പോകണമോ?

16. Is she going to stay there?
അയാൾ (സ്ത്രീ) അവിടെ താമസിക്കാൻ പോകുകയാണോ?

17. Have you seen it there? നിങ്ങൾ അതിനെ അവിടെ കണ്ടിട്ടുണ്ടോ?

18. Has it not come there?
അത് അവിടെവന്നിട്ടില്ലേ (എത്തിയിട്ടില്ലേ?)

HERE

01. Here is your money. ഇതാ നിങ്ങളുടെ പണം.

02. Here is some money for you to keep.
നിങ്ങൾക്ക് വെക്കാനിതാ കുറച്ച് പണം.

03. Here is a film for you to see.
നിങ്ങൾക്ക് കാണാൻ ഇതാ ഒരു സിനിമ.

04. Here is the food you ordered for.
നിങ്ങൾ ഓഡർ ചെയ്ത ഭക്ഷണം ഇതാ.

05. Here is the robber who robbed your house.
നിങ്ങളുടെ വീട്ടിൽ മോഷണം നടത്തിയ കള്ളൻ ഇതാ.

06. Here is the writer who wrote that.
അത് എഴുതിയ എഴുത്തുകാരൻ ഇതാ.

07. Here is a song for you to sing.
നിങ്ങൾക്ക് ആലപിക്കാനായി ഒരു ഗാനം ഇതാ.

08. Here is a book for you to study.
നിങ്ങൾക്ക് പഠിക്കാൻ ഒരു പുസ്തകം ഇതാ.

09. Here is the teacher who came yesterday.
ഇന്നലെ വന്ന അദ്ധ്യാപിക ഇതാ.

10. Here is a bag for you to carry.
നിങ്ങൾക്ക് വഹിക്കാൻ ഒരു സഞ്ചി ഇതാ.

11. Here is the box you wanted to see.
നിങ്ങൾ കാണാൻ ആഗ്രഹിച്ച പെട്ടി ഇതാ.

12. Here is the police officer who can catch him.
അയാളെ പിടിക്കാൻ കഴിയുന്ന പോലീസ് ഓഫിസർ ഇതാ.

13. Here is the cook who can do the cooking.
ഭക്ഷണം പാചകം ചെയ്യാൻ കഴിയുന്ന പാചകക്കാരൻ ഇതാ.

14. Here is the bird, you had talked about.
നിങ്ങൾ പരാമർശിച്ച ആ പക്ഷി ഇതാ.

15. Here is the film actor, who got the award.
സമ്മാനം ലഭിച്ച ആ സിനിമാ അഭിനേതാവ് ഇതാ.

16. Here is the man who spoke nice things about you.
നിങ്ങളെക്കുറിച്ച് നല്ല കാര്യങ്ങൾ സംസാരിച്ച ആ മനുഷ്യൻ ഇതാ.

17. Here is a nice story for you to read.
നിങ്ങൾക്ക് വായിക്കാൻ നല്ലൊരു കഥയിതാ.

18. Here is the car, I had sold last year.
കഴിഞ്ഞ വർഷം ഞാൻ വിറ്റ ആ കാർ ഇതാ.

19. Here is the packet you lost in the bus.
നിങ്ങൾ ബസ്സിൽ നഷ്ടപ്പെട്ട ആ പാക്കറ്റ് ഇതാ.

20. Here is the milkman who used to come in the morning.
രാവിലെ വരാറുണ്ടായിരുന്ന ആ പാൽക്കാരൻ ഇതാ.

21. Here is way to his house.
അയാളുടെ വീട്ടിലേക്കുള്ള വഴി ഇതാ.

22. Here is the trainer who promised to come yesterday.
ഇന്നലെ വരാം എന്ന് വാക്ക് തന്ന ആ പരിശീലകൻ ഇതാ.

23. Here is the dog which was missing for two days.
രണ്ട് ദിവസത്തോളം കാണാതായ ആ നായ ഇതാ.

24. Here is the hawker who sells vegetables.
പച്ചക്കറി വിൽക്കുന്ന തെരുവു കച്ചവടക്കാരൻ ഇതാ.

25. Here I can do many things.
ഇവിടെ എനിക്ക് പലതും ചെയ്യാനാവും.

26. Here is the place where she lives.
അയാൾ (സ്ത്രീ) ജീവിക്കുന്ന സ്ഥലം ഇതാ.

27. Here are the plates you gave me yesterday.
നിങ്ങൾ ഇന്നലെ എനിക്ക് തന്ന പ്ളെയ്റ്റുകൾ ഇതാ.

28. Here are the tickets he gave me.
അയാൾ എനിക്ക് തന്ന ടിക്കറ്റുകൾ ഇതാ.

29. Here are the toys which he wanted.
അയാൾക്ക് ആവശ്യമുണ്ടായിരുന്ന കളിക്കോപ്പുകൾ ഇതാ.

30. Here are the things that you wanted to buy.
നിങ്ങൾ വാങ്ങിക്കാൻ ആഗ്രഹിച്ച സാധനങ്ങൾ ഇതാ.

31. Here are the books which you wanted to study.
നിങ്ങൾ പഠിക്കാൻ ആഗ്രഹിച്ച പുസ്തകങ്ങൾ ഇതാ.

32. Here are the doctors who ran away.
ഓടിക്കളഞ്ഞ ഡോക്ടർമാർ ഇതാ.

33. Here are the maps which are going to be banned.
നിരോധിക്കപ്പെടാൻ പോകുന്ന ഭൂപടങ്ങൾ ഇതാ.

34. I will stand here till you come.
നിങ്ങൾ വരുന്നത് വരെ ഞാൻ ഇവിടെ നിൽക്കും.

35. What are you going to do from here?
നിങ്ങൾ ഇവിടെനിന്നും എന്താണ് ചെയ്യാൻ പോകുന്നത്?

36. You have been standing here since morning.
രാവിലെ മുതൽ നിങ്ങൾ ഇവിടെ നിൽക്കുകയായിരുന്നു.

37. We were coming here.
ഞങ്ങൾ ഇവിടെ വരികയായിരുന്നു.

38. When I came here, you were sleeping.
ഞാൻ ഇവിടെ വന്നപ്പോൾ, നിങ്ങൾ ഉറങ്ങുകയായിരുന്നു.

39. You must go from here.
നിങ്ങൾ ഇവിടെ നിന്നും പോകണം.

40. He said he would come here.
അയാൾ ഇവിടെ വരും എന്ന് അയാൾ പറഞ്ഞു.

41. I will not wait for you here.
ഞാൻ നിങ്ങൾക്കായി ഇവിടെ കാത്ത് നിൽക്കില്ല.

42. I had told you not to come here.
ഇവിടെ വരരുത് എന്ന് ഞാൻ നിങ്ങളോട് പറഞ്ഞിരുന്നു.

THAT അത്

01. That is a nice view. അത് ഒരു നല്ല ദൃശ്യമാണ്.

02. That is not my view. അത് അല്ല എന്റെ കാഴ്ചപ്പാട്.

03. That is a great idea.
അത് ഒരു മഹത്തായ ആശയം ആണ്.
03a. That was a great idea.
അത് ഒരു മഹത്തായ ആശയം ആയിരുന്നു.
04. That cannot be mentioned. അത് പരാമർശിക്കപ്പെടാൻ പറ്റില്ല.

05. That is his house. അത് അയാളുടെ വീട് ആണ്.

05a. That was his house.
അത് അയാളുടെ വീട് ആയിരുന്നു.

06. That was not the correct thing to do.
അതായിരുന്നില്ല ചെയ്യേണ്ടിയിരുന്ന ശരിയായ കാര്യം.

07. That is his property. അത് അയാളുടെ സ്വത്താണ്.

07a. That was his property. അത് അയാളുടെ സ്വത്തായിരുന്നു.

08. That is not correct. അത് ശരിയല്ല.

08a. That was not correct. അത് ശരിയായിരുന്നില്ല.

09. That can happen every day.
അത് എന്നും സംഭവിക്കാം.

10. That is my book. അത് എന്റെ പുസ്തകമാണ്.

10a. That was my book. അത് എന്റെ പുസ്തകമായിരുന്നു.

11. That will never happen. അത് ഒരിക്കലും സംഭവിക്കില്ല.

12. That can be done. അത് ചെയ്യാൻ പറ്റുന്നതാണ്.
12a. That can't be done. അത് ചെയ്യാൻ പറ്റുന്നതല്ല.

13. That is why I do not like him.
അത് കൊണ്ടാണ് എനിക്ക് അയാളെ ഇഷ്ടമില്ലാത്തത്.

13a. That was why I did not like him.
അത് കൊണ്ടായിരുന്നു എനിക്ക് അയാളെ ഇഷ്ടമില്ലാതിരുന്നത്.

14. That is the only thing which I will allow.
ഞാൻ അനുവദിക്കുന്ന കാര്യം അത് മാത്രമായിരിക്കും.

14a. That was the only thing which I would allow.
ഞാൻ അനുവദിക്കുമായിരുന്ന കാര്യം അതുമാത്രമായിരുന്നു.

15. That is not the way to explain the issue.
ഈ പ്രശ്നത്തെ വിശദീകരിക്കേണ്ടത് ആ രീതിയിൽ അല്ല.

16. That should have been reported to the government.
അത് സർക്കാരിനോട് റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നു.
17. That will be a nice idea. അത് നല്ല ഒരു ആശയം ആയിരിക്കും.

18. That cannot be allowed to happen.
അത് സംഭവിക്കാൻ അനുവദിക്കാൻ കഴിയില്ല.

19. That car is not mine. ആ കാർ എന്റേത് അല്ല.

20. What is that? അത് എന്താണ്?

21. That is not the right approach. ശരിയായ സമീപനം അതല്ല.

22. Can you come with me to see that man?
ആ ആളെ കാണാൻ നിങ്ങൾക്ക് എന്റെ കൂടെ വരാൻ കഴിയുമോ ?

23. Should I do that? ഞാൻ അത് ചെയ്യണമോ?

24. That is something you should never mention.
നിങ്ങൾ ഒരിക്കലും പരാമർശിക്കാൻ പാടില്ലാത്ത ഒരുകാര്യമാണ് അത.

25. That was the right time to go out.
പുറത്ത് പോകാൻ ഉചിതമായ സമയമായിരുന്നു അത്.

26. Why has he been asked to go?
അയാളോട് പോകാൻ എന്ത് കൊണ്ടാണ് പറഞ്ഞിട്ടുള്ളത്?

27. That hospital is in a very good location.
ആ ആശുപത്രി ഒരു വളരെ നല്ല സ്ഥാനത്താണ്.

28. You should not allow that man to come here again.
ആ ആളെ വീണ്ടും ഇവിടെ വരാൻ നിങ്ങൾ അനുവദിക്കരുത്.

29. They want to buy that land.
അവർക്ക് ആ സ്ഥലം വാങ്ങിക്കാൻ ആഗ്രഹമുണ്ട്.

30. That was his idea. അത് അയാളുടെ ആശയമായിരുന്നു.

31. Our aim is to bring that car here.
ആ കാർ ഇവിടെ കൊണ്ടുവരിക എന്നതാണ് നമ്മുടെ ലക്ഷ്യം.

32. She should have been very curt to that woman. ആ സ്ത്രീയോട് വളരെ കടുപ്പമായി അയാൾ (സ്ത്രീ) പെരുമാറേണ്ടതായിരുന്നു.

33. That man will come here again. ആ ആൾ ഇവിടെ വീണ്ടും വരും.

34. Take that knife with you when you go to that jungle.
നിങ്ങൾ വനത്തിലേക്ക് പോകുമ്പോൾ, നിങ്ങളോടൊപ്പം ആ കത്തി എടുക്കുക.

35. He should not have told you to write that to the collector.
അത് കലക്ടർക്ക് എഴുതാൻ നിങ്ങളോട് അയാൾ പറയാൻ പാടില്ലായിരുന്നു.

36. That is nothing compared to what happened to us. ഞങ്ങൾക്ക് സംഭവിച്ചതുമായി താരതമ്യം ചെയ്യുമ്പോൾ, അത് ഒന്നും തന്നെയല്ല.

37. Do you belong to that group? നിങ്ങൾ ആ കൂട്ടത്തിൽ പെടുന്നുണ്ടോ?

38. You should not talk to me like that.
നിങ്ങൾ എന്നോട് ആ രീതിയിൽ സംസാരിക്കാൻ പാടില്ല.

39. Can you please go and tell him to stop that?
നിങ്ങൾക്ക് പോയി അയാളോട് അത് നിർത്താൻ പറയാൻ ആവുമോ?

40. Why did you to do that? നിങ്ങൾ എന്തിന് അത് ചെയ്തു?

41. That worker is not a skilled person
ആ തൊഴിലാളി ഒരു തൊഴിൽനൈപുണ്യമുള്ള ആളല്ല.

42. That train was late. ആ തീവണ്ടി വൈകിയിരുന്നു.

43. What that man told you is a big lie.
ആ ആൾ നിങ്ങളോട് പറഞ്ഞ കാര്യം ഒരു വൻ കളവാണ്.

44. That mango is not ripe.
ആ മാങ്ങ പഴുത്തത് അല്ല.

45. May I tell him that? അത് ഞാൻ അയാളോട് പറഞ്ഞോട്ടെ?

46. My wife is not interested in buying that land.
ആ സ്ഥലം വാങ്ങിക്കാൻ എന്റെ ഭാര്യക്ക് താൽപ്പര്യമില്ല.

47. I saw you shouting at that woman.
നിങ്ങൾ ആ സ്ത്രീയോട് ഒച്ചവെക്കുന്നത് ഞാൻ കണ്ടു.

48. Could you please tell that man to shut up?
ആ ആളോട് മിണ്ടാതിരിക്കാൻ നിങ്ങൾക്ക് ഒന്ന് പറയാമോ?

Where എവിടെ

01. May I know where his house is?
അയാളുടെ വീട് എവിടെയാണ് എന്ന് ഞാൻ ഒന്ന് അറിഞ്ഞോട്ടെ?

01a. I want to know where his house is.
അയാളുടെ വീട് എവിടെയാണ് എന്ന് എനിക്ക് അറിയണം.

02. I know a nice garden where you can rest.
നിങ്ങൾക്ക് വിശ്രമിക്കാൻ പറ്റുന്ന ഒരു നല്ല പൂന്തോട്ടം എനിക്ക് അറിയാം.

03. This bus is not going where I want to go. എനിക്ക് പോകേണ്ടെടുത്തേക്ക് ഈ ബസ് പോകുന്നില്ല.

04. How can I find out where he is going in the evening?
വൈകുന്നേരം അയാൾ എവിടെയാണ് പോകുന്നത് എന്ന കാര്യം എനിക്ക് എങ്ങിനെ കണ്ടെത്താൻ ആവും?

05. This is where I saw him in the morning.
അയാളെ രാവിലെ ഞാൻ കണ്ട സ്ഥലം ഇതാണ്.

06. Right now, I do not know where he is.
ഈ നിമിഷം (ഇപ്പോൾ), അയാൾ എവിടെയാണ് എന്ന് എനിക്ക് അറിയില്ല.

07. This is the place where I kept my book in the evening.
വൈകുന്നേരം, ഞാൻ എന്റെ പുസ്തകം വെച്ചത് ഈ സ്ഥലത്താണ്.

08. You should ask somebody as to where the river is.
പുഴ എവിടെയാണ് എന്നത് നിങ്ങൾ ആരോടെങ്കിലും ചോദിക്കണം.

Why

01. That is why I told you to sleep in the night time. അത് കൊണ്ടാണ് രാത്രിയിൽ നിങ്ങൾ ഉറങ്ങണം എന്ന് ഞാൻ നിങ്ങളോട് പറഞ്ഞത്.

02. Can you please ask him why he called me yesterday? ഇന്നലെ അയാൾ എന്തിനാണ് എന്നെ വിളിച്ചത് എന്നത് നിങ്ങൾക്ക് ദയവായി അയാളോട് ചോദിക്കാമോ?

03. There must be some reason why he stopped going there.
അയാൾ എന്ത്കൊണ്ടാണ് അവിടെ പോകുന്നത് നിർത്തിയത് എന്നതിന് എന്തെങ്കിലും കാരണം ഉണ്ടാവും.

04. If you will not tell me as to why he got angry, I will ask your brother.
അയാൾ എന്ത് കൊണ്ടാണ് ദേഷ്യം പിടിച്ചത് എന്നത് നിങ്ങൾ എന്നോട് പറയില്ലായെങ്കിൽ, ഞാൻ നിങ്ങളുടെ സഹോദരനോട് ചോദിക്കും.

05. There are many reasons why you should not join the government service.
നിങ്ങൾ എന്ത് കൊണ്ടാണ് സർക്കാർ സേവനത്തിൽ ചേരാൻ പാടില്ലാത്തത് എന്നതിന് പല കാരണങ്ങൾ ഉണ്ട്.

06. When I asked him why he stopped the car, he simply smiled.
അയാൾ എന്തിനാണ് (എന്ത് കൊണ്ടാണ്) കാർ നിർത്തിയത് എന്ന് ഞാൻ അയാളോട് ചോദിച്ചപ്പോൾ, അയാൾ മന്ദഹസിക്കുകമാത്രം ചെയ്തു.

07. That is why he is in a very jovial mood. അത് കൊണ്ടാണ് അയാൾ ഒരു വളരെ ആഹ്ളാദമുള്ള അവസ്ഥയിൽ ആയിരിക്കുന്നത്.

When

01. He looked quite tired when I saw him yesterday. അയാളെ ഞാൻ ഇന്നലെ കണ്ടപ്പോൾ, അയാൾ വളരെ ക്ഷീണിതനായി കാണപ്പെട്ടു.

02. She was cooking when she heard him call.
അയാൾ വിളിക്കുന്നത് കേട്ടപ്പോൾ, അയാൾ(സ്ത്രീ) ഭക്ഷണം പാചകം ചെയ്യുകയായിരുന്നു.

03. I would have stopped him when he came out. അയാൾ പുറത്ത് വന്നപ്പോൾ, ഞാൻ അയാളെ തടഞ്ഞ് നിർത്തുമായിരുന്നു.

04. He told me a lot of things about you, when he came here.
അയാൾ ഇവിടെ വന്നപ്പോൾ, അയാൾ നിങ്ങളെക്കുറിച്ച് വളരെ കാര്യങ്ങൾ എന്നോട് പറഞ്ഞു.

05. He stopped what he was doing when he saw the door opening.
വാതിൽ തുറക്കുന്നത് കണ്ടപ്പോൾ, അയാൾ ചെയ്തുകൊണ്ടിരുന്ന കാര്യം അയാൾ നിർത്തി.

06. They wanted to close the gate when they heard the commotion.
ബഹളാന്തരീക്ഷണം കണ്ടപ്പോൾ, അവർക്ക് ഗെയ്റ്റ് അടക്കണം എന്നുണ്ടായിരുന്നു.

07. We could not believe our ears when we heard that he was alive.
അയാൾ ജീവനോടുകൂടിയിരിപ്പുണ്ട് എന്ന് കേട്ടപ്പോൾ ഞങ്ങൾക്ക് ഞങ്ങളുടെ കാതുകളെ വിശ്വസിക്കാൻ ആയില്ല.

08. No one should get up from their seats, when he comes inside.
അയാൾ അകത്ത് വരുമ്പോൾ ആരും തന്നെ അവരുടെ ഇരിപ്പിടത്തിൽനിന്നും എഴുന്നേൽക്കരുത്.

08. They went away when they heard him speak like that. അയാൾ അങ്ങിനെ സംസാരിക്കുന്നത് കേട്ടപ്പോൾ, അവർ അവിടംവിട്ട് പോയി.

And ഉം

01. He and I are going there.
അയാളും ഞാനും അവിടെ പോകുകയാണ്.

02. His sister and my sister are classmates.
അയാളുടെ സഹോദരിയും എന്റെ സഹോദരിയും സഹപാഠികളാണ്.

03. I love mangoes and grapes.
മാങ്ങയും മുന്തിരിയും ഞാൻ ഇഷ്ടപ്പെടുന്നു (എനിക്ക് ഇഷ്ടമാണ്).

04. Arithmetic and algebra are quite easy to study.
കണക്കും ബീജഗണിതവും പഠിക്കാൻ വളരെ എളുപ്പമാണ്.

05. Take this book and that bag when you go there.
നിങ്ങൾ അവിടെ പോകുമ്പോൾ ഈ പുസ്തകവും ആ ബാഗും എടുക്കുക.

06. There is a small hut there, between that field and that road.
ആ പാടത്തിനും ആ റോഡിനും ഇടയിൽ, അവിടെ ഒരു ചെറിയ കുടിൽ ഉണ്ട്.

07. He wants to buy one table and four chairs.
ഒരു മേശയും നാല് കസേരയും വാങ്ങിക്കാൻ അയാൾക്ക് ആഗ്രഹം ഉണ്ട്.

08. You should go there and tell him to join the army.
നിങ്ങൾ അവിടെ പോകണം, എന്നിട്ട് അയാളോട് പട്ടാളത്തിൽ ചേരാൻ പറയണം.

09. He took out a gun and pointed it at them.
അയാൾ ഒരു തോക്കെടുത്ത്, എന്നിട്ട് അത് അവർക്ക് നേരെ ചൂണ്ടി.

10. After going there and coming back, she looked quite happy.
അവിടെ പോയി തിരിച്ച് വന്നപ്പോൾ, അയാൾ(സ്ത്രീ) വളരെ സന്തോഷവതിയായി കാണപ്പെട്ടു.

11. My father and I are going back tomorrow.
എന്റെ പിതാവും ഞാനും നാളെ തിരിച്ച് പോകുകയാണ്.

12. I want to go and live in England.
എനിക്ക് ഇങ്ഗ്ളണ്ടിൽ പോയി, അവിടെ ജീവിക്കാൻ ആഗ്രഹം ഉണ്ട്.

13. We went out yesterday and came back today.
ഞങ്ങൾ ഇന്നലെ പുറത്ത് പോയി, എന്നിട്ട് ഇന്ന് തിരിച്ച് വന്നു.

14. Maths and science are quite interesting.
ഗണിതവും ശാസ്ത്രവും വളരെ താൽപ്പര്യം ഉളവാക്കുന്നവയാണ്.

15. I asked him to buy two kilos of jaggery and one kilo of sugar.
രണ്ട് കിലോ ശർക്കരയും, ഒരു കിലോ പഞ്ചസാരയും വാങ്ങിക്കാൻ ഞാൻ അയാളോട് പറഞ്ഞു.

16. Pakistan and India were born after the end of the English rule in the South Asian subcontinent.
ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ഡത്തിൽ ഇങ്ഗ്ളിഷ് ഭരണം അവസാനിച്ചതിന് ശേഷമാണ് പാക്കിസ്ഥാനും ഇന്ത്യയും പിറന്നത്.

17. France and Germany will not get along together for long.
ഫ്രാൻസും ജർമനിയും അധികം കാലം നല്ലബന്ധത്തിൽ നിൽക്കില്ല.

18. They asked her to help them and to get them a job.
അവർ അയാളോട്(സ്ത്രീ) അവരെ സഹായിക്കാനും, അവർക്ക് ഒരു തൊഴിൽ തരപ്പെടുത്തിത്തരാനും ആവശ്യപ്പെട്ടു.

19. Go and ask him whether you can go there.
നിങ്ങൾക്ക് അവിടെ പോകാമോ എന്ന് അയാളോട് പോയി ചോദിക്കുക.

Or അല്ലെങ്കിൽ

01. You have to study English or go back to your native place.

നിങ്ങൾ ഇങ്ഗ്ളിഷ് പഠിക്കേണ്ടതാണ്. അല്ലെങ്കിൽ നിങ്ങളുടെ സ്വദേശത്തേക്ക് തിരിച്ച് പോകണം.

02. Give him that cake or he will start crying.

അയാൾക്ക് ആ കെയ്ക്ക് നൽക്കുക. അല്ലെങ്കിൽ അയാൾ കരയാൻ തുടങ്ങും.

03. I do not know what to eat, bread or noodles.

ബ്രെഡ്ഡോ, അതോ നൂഡിൽസോ, ഏതാണ് തിന്നേണ്ടത് എന്ന് എനിക്ക് അറിയില്ല.

04. You can go in through that door or you can jump inside through that window.

നിങ്ങൾക്ക് ആ വാതിലിലൂടെ അകത്തേക്ക് പോകാം. അല്ലെങ്കിൽ നിങ്ങൾക്ക് ആ ജനലിലൂടെ അകത്തേക്ക് ചാടാം.

05. Will he or won't he, that is the question.

അയാൾ ചെയ്യുമോ, അതോ ചെയ്യില്ലയോ, അതാണ് ചോദ്യം (പ്രശ്നം).

06. Tell her that she should come here or go there in the morning.

രാവിലെ അയാൾ(സ്ത്രീ) ഇവിടെ വരികയോ, അല്ലെങ്കിൽ അവിടെ പോകുകയോ ചെയ്യണം എന്ന് അയാളോട്(സ്ത്രീ) പറയുക.

07. I do not know who did this, the crows or the monkeys.

കാക്കകളാണോ, അതോ കുരങ്ങുകളാണോ ഇത് ചെയ്തത് എന്ന് എനിക്ക് അറിയില്ല.

08. Call him fast, or he will start getting worried.

അയാളെ പെട്ടെന്ന് വിളിക്കൂ, അല്ലെങ്കിൽ അയാൾ വിഷമിക്കാൻ തുടങ്ങും.

09. Is that a vehicle or a hut?

അത് ഒരു വാഹനമോ, അതോ ഒരു കുടിലോ?

10. Was he thinking of marrying or was he thinking of going to the Gulf?

വിവാഹം കഴിക്കാനോ, അതോ ഗൾഫിലേക്ക് പോകാനോ ആണോ അയാൾ ചിന്തിച്ചുകൊണ്ടിരുന്നത്?

Than അതിനേക്കാൾ, ഇതിനേക്കാൾ

01. He is richer than her.

അയാൾ അയാളെ(സ്ത്രീ)ക്കാൾ പണക്കാരനാണ്.

02. She is taller than him.

അയാൾ(സ്ത്രീ)ക്ക് അയാളെക്കാൾ ഉയരമുണ്ട്.

03. We are more educated than them.

അവരെക്കാൾ കൂടുതൽ വിദ്യാഭ്യാസം ഞങ്ങൾക്കുണ്ട്.

04. It is better to have a good job than to become a philosopher.

ഒരു തത്വചിന്തകനാകുന്നതിനേക്കാൾ നല്ലത്, ഒരു നല്ല തൊഴിൽ ഉള്ളതാണ്.

05. There are more secrets in this world than you can ever dream of.

നിങ്ങൾക്ക് എപ്പോഴെങ്കിലും സ്വപ്നംകാണാവുന്നതിനേക്കാളും കൂടുതൽ രഹസ്യങ്ങൾ ഈ ലോകത്തിൽ ഉണ്ട്.

06. We have more water here in our pond than you have in your well.

നിങ്ങൾക്ക് നിങ്ങളുടെ കിണറ്റിൽ ഉള്ളതിനേക്കാൾ വെള്ളം ഞങ്ങൾക്ക് ഞങ്ങളുടെ കുളത്തിൽ ഉണ്ട്.

07. Now we are living a much better life than our forefathers did.

നമ്മുടെ പിതൃമഹന്മാരെക്കാൾ മെച്ചപ്പെട്ട ഒരു ജീവിതമാണ് നാം ഇന്ന് നയിക്കുന്നത്.

08. Who are you to say that he is better than her?

അയാൾ അയാളെ(സ്ത്രീ)ക്കാൾ മെച്ചപ്പെട്ടതാണ് എന്ന് പറയാൻ നിങ്ങൾ ആരാണ്?

09. Who is better than him to lead us?

നമ്മളെ നയിക്കാൻ അയാളെക്കാൾ മെച്ചപ്പെട്ടത് ആരാണ്?

10. English East India Company rule was definitely better than the current-day administration in Pakistan and India.

പാക്കിസ്ഥാനിലും ഇന്ത്യയിലും ഇന്നുള്ള ഭരണത്തെക്കാൾ ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഭരണമായിരുന്നു തീർച്ചയായും മെച്ചപ്പെട്ടത്.

Don’t you know that....? ... എന്ന് നിങ്ങൾക്ക് അറിയില്ലെ?

01. Don’t you know that I am a good man?
ഞാൻ ഒരു നല്ലമനുഷ്യനാണ് എന്ന് നിങ്ങൾക്ക് അറിയില്ലെ?

02. Don’t you know that he is working in Bombay?
അയാൾ ബോംബെയിലാണ് തൊഴിൽ ചെയ്യുന്നത് എന്ന് നിങ്ങൾക്ക് അറിയില്ലെ?

03. Don’t you know that his house is far away?
അയാളുടെ വീട് ദൂരെയാണ് എന്ന് നിങ്ങൾക്ക് അറിയില്ലെ?

04. Don’t you know that she is going to get married next week?
അയാൾ(സ്ത്രീ) അടുത്ത ആഴ്ച വിവാഹം കഴിക്കാൻ പോകുകയാണ് എന്ന് നിങ്ങൾക്ക് അറിയില്ലെ?

05. Don’t you know that she is a very good mother?
അയാൾ(സ്ത്രീ) ഒരു വളരെ നല്ല മാതാവാണ് എന്ന് നിങ്ങൾക്ക് അറിയില്ലെ?

06. Don’t you know that we are very rich?
ഞങ്ങൾ (നമ്മൾ) വളരെ ധനികരാണ് എന്ന് നിങ്ങൾക്ക് അറിയില്ലെ?

07. Don’t you know that they are leaving this place?
അവർ ഈ സ്ഥലം വിട്ട് പോകുകയാണ് എന്ന് നിങ്ങൾക്ക് അറിയില്ലെ?

08. Don’t you know that it is better to write to the company office?
കമ്പനിയുടെ ഓഫിസിലേക്ക് എഴുതുന്നതാണ് നല്ലത് എന്ന് നിങ്ങൾക്ക് അറിയില്ലെ?

09. Don’t you know that they are very rich?
അവർ വളരെ ധനികരാണ് എന്ന് നിങ്ങൾക്ക് അറിയില്ലെ?

10. Don’t you know that they have a good family life?
അവർക്ക് ഒരു നല്ല കുടുംബജീവതമണ് ഉള്ളത് എന്ന് നിങ്ങൾക്ക് അറിയില്ലെ?

Didn't you know that....? ....എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

01. Didn't you know that I am a good man?
ഞാൻ ഒരു നല്ലമനുഷ്യനാണ് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

02. Didn't you know that he is working in Bombay?
അയാൾ ബോംബെയിലാണ് തൊഴിൽ ചെയ്യുന്നത് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

03. Didn't you know that his house is far away?
അയാളുടെ വീട് ദൂരെയാണ് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

04. Didn't you know that she is going to get married next week?
അയാൾ(സ്ത്രീ) അടുത്ത ആഴ്ച് വിവാഹം കഴിക്കാൻ പോകുകയാണ് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

05. Didn't you know that she is a very good mother?
അയാൾ(സ്ത്രീ) ഒരു വളരെ നല്ല മാതവാണ് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

06. Didn't you know that we are very rich?
ഞങ്ങൾ (നമ്മൾ) വളരെ ധനികരാണ് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

07. Didn't you know that they are leaving this place?
അവർ ഈ സ്ഥലം വിട്ട് പോകുകയാണ് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

08. Didn't you know that it is better to write to the company office?
കമ്പനിയുടെ ഓഫിസിലേക്ക് എഴുതുന്നതാണ് നല്ലത് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

09. Didn't you know that they are very rich?
അവർ വളരെ ധനികരാണ് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

10. Didn't you know that they have a good family life?
അവർക്ക് ഒരു നല്ല കുടുംബജീവതമണ് ഉള്ളത് എന്ന് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?

Never ഒരിക്കലും ഇല്ല

01. I will never do it. ഞാൻ അത് ഒരിക്കലും ചെയ്യില്ല.

02. He will never tell a lie. അയാൾ ഒരിക്കലും ഒരു കളവ് പറയില്ല.

03. She can never pass that exam.
അയാൾക്ക്(സ്ത്രീ) ഒരിക്കലും ആ പരീക്ഷ പാസാകാൻ ആവില്ല.

04. We must never allow him to escape.
നമ്മൾ അയാളെ രക്ഷപ്പെടാൻ ഒരിക്കലും അനുവദിക്കരുത്.

05. They may never come here. അവർ ഇവിടെ ഒരിക്കലും വന്നേക്കില്ല.

06. You should never go near him.
നിങ്ങൾ ഒരിക്കലും അയാളുടെ അടുത്ത് പോകരുത്.

Ever എപ്പോഴെങ്കിലും

01. Will I ever do that? ഞാൻ അത് എന്നെങ്കിലും ചെയ്യുമോ?

02. No one will ever know that. അത് ആരുംതന്നെ ഒരിക്കലും അറിയില്ല.

03. Won’t he ever come back? അയാൾ ഇനിഒരിക്കലും തിരിച്ച് വരില്ലേ?

04. Can she ever forgive them?
അയാൾക്ക്(സ്ത്രീ) എപ്പോഴെങ്കിലും അവർക്ക് മാപ്പ് കൊടുക്കാൻ ആവുമോ?

Inside/outside അകത്ത്/പുറത്ത്

01. Beat him from inside that room.
ആ മുറിക്ക് അകത്ത് നിന്നും അയാളെ അടിക്കുക.

02. Take this box outside. ഈ പെട്ടി പുറത്ത് കൊണ്ട് പോകൂ.

03. There is one man waiting for you outside.
പുറത്ത് നിങ്ങളെ ഒരാൾ കാത്ത് നിൽപ്പുണ്ട്.

04. There is nothing inside his head.
അയാളുടെ തലയ്ക്ക് അകത്ത് ഒന്നുംതന്നെയില്ല.

05. Can they sit inside that room?
ആ മുറിക്കകത്ത് അവർക്ക് ഇരിക്കാൻ പറ്റുമോ?

06. Go outside that gate and wait for me.
ആ ഗെയ്റ്റിന് അകത്ത് പോകുക, എന്നിട്ട് എന്നെ കാത്ത് നിൽക്കുക.

07. It is leaking inside that room. ആ മുറിക്ക് അകത്ത് ചോരുന്നുണ്ട്.

08. Do not go inside that cage. ആ കൂട്ടിനകത്ത് പോകരുത്.

09. Why did you not go outside when he called you?
അയാൾ നിങ്ങളെ വിളിച്ചപ്പോൾ നിങ്ങൾ എന്ത്കൊണ്ട് പുറത്ത് പോയില്ല?

10. I heard a noise from inside that room.
ആ മുറിക്ക് അകത്ത് നിന്നും ഞാൻ ഒരു ശബ്ദംകേട്ടു.

11. By the time they went inside, he was already dead.
അവർ അകത്ത് പോയപ്പോഴേക്കും, അയാൾ മരിച്ചുകഴിഞ്ഞിരുന്നു.

12. Who gave you permission to come inside?
അകത്ത് വരാൻ നിങ്ങൾക്ക് ആരാണ് അനുവാദം നൽകിയത്?

As അങ്ങിനെയായത്കൊണ്ട്, So അത് കൊണ്ട്, Because കാരണം

01a. As it is raining, you have to take an umbrella മഴപെയ്തുകൊണ്ടിരിക്കുകയാണ് എന്നത് കൊണ്ട്, നിങ്ങൾ ഒരു കുട എടുക്കേണ്ടതാണ്.

01b. It is raining. So you have to take an umbrella. മഴപെയ്തുകൊണ്ടിരിക്കുകയാണ്, അത് കൊണ്ട് നിങ്ങൾ ഒരു കുട എടുക്കേണ്ടതാണ്.

01c. You should take an umbrella because it is raining. നിങ്ങൾ ഒരു കുട എടുക്കേണ്ടതാണ്. കാരണം, മഴപെയ്തുകൊണ്ടിരിക്കുകയാണ്.

02a. As he drives recklessly, I will not go in his car. അയാൾ ലക്കുംലഗാനുമില്ലാതെയാണ് വാഹനം ഓടിക്കുന്നത് എന്നത് കൊണ്ട്, ഞാൻ അയാളുടെ കാറിൽ പോകില്ല.

02b. He drives recklessly, so I will not go in his car. അയാൾ ലക്കുംലഗാനുമില്ലാതെയാണ് വാഹനം ഓടിക്കുന്നത്, അത് കൊണ്ട് ഞാൻ അയാളുടെ കാറിൽ പോകില്ല.

02c. I will not go in his car because he drives recklessly. ഞാൻ അയാളുടെ കാറിൽ പോകില്ല. കാരണം, അയാൾ ലക്കുംലഗാനുമില്ലാതെയാണ് വാഹനം ഓടിക്കുന്നത്.

03a. As she was a good swimmer, she could save him. അയാൾ(സ്ത്രീ) ഒരു നല്ലനിലവാരമുള്ള നീന്തൽക്കാരിയായിരുന്നു എന്നത്കൊണ്ട്, അയാൾക്ക്(സ്ത്രീ) അയാളെ രക്ഷിക്കാനായി.

03b. She was a good swimmer, so she could save him. അയാൾ(സ്ത്രീ) ഒരു നല്ലനിലവാരമുള്ള നീന്തൽക്കാരിയായിരുന്നു. അത് കൊണ്ട്, അയാൾക്ക്(സ്ത്രീ) അയാളെ രക്ഷിക്കാനായി.

03c. She could save him, because she was a good swimmer. അയാൾക്ക്(സ്ത്രീ) അയാളെ രക്ഷിക്കാനായി. കാരണം, അയാൾ(സ്ത്രീ) ഒരു നല്ലനിലവാരമുള്ള നീന്തൽക്കാരിയായിരുന്നു.

04a. As it is very slippery here, you should be very careful ഇവിടെ വളരെ വഴുതുന്നുണ്ട്എന്നത്കൊണ്ട്, നിങ്ങൾ വളരെ ശ്രദ്ധിക്കണം.

04b. It is very slippery here, so you should be very careful. ഇവിടെ വളരെ വഴുതുന്നുണ്ട്. അത് കൊണ്ട് നിങ്ങൾ വളരെ ശ്രദ്ധിക്കണം.

04c. You should be very careful, because it is very slippery here.നിങ്ങൾ വളരെ ശ്രദ്ധിക്കണം. കാരണം, ഇവിടെ വളരെ വഴുതുന്നുണ്ട്

05a. As he does not sleep in the night time, he is very tired in the daytime. അയാൾ രാത്രിയിൽ ഉറങ്ങാറില്ല എന്നത് കൊണ്ട്, പകൽസമയത്ത് അയാൾ വളരെ ക്ഷീണിതനാണ്.

05b. He does not sleep in the night time. So he is very tired in the daytime. അയാൾ രാത്രിയിൽ ഉറങ്ങാറില്ല. അത് കൊണ്ട്, പകൽസമയത്ത് അയാൾ വളരെ ക്ഷീണിതനാണ്.

05c. He is very tired in the daytime, because he does not sleep in the night time.പകൽസമയത്ത് അയാൾ വളരെ ക്ഷീണിതനാണ്. കാരണം, അയാൾ രാത്രിയിൽ ഉറങ്ങാറില്ല.

06a. As he shouts at me, I do not like him. അയാൾ എന്നോട് ഒച്ചവെക്കുന്നു എന്നത് കൊണ്ട്, എനിക്ക് അയാളെ ഇഷ്ടമല്ല.

06b. He shouts at me, so I do not like him. അയാൾ എന്നോട് ഒച്ചവെക്കുന്നു. അത് കൊണ്ട്, എനിക്ക് അയാളെ ഇഷ്ടമല്ല.

06c. I do not like him, because he shouts at me. എനിക്ക് അയാളെ ഇഷ്ടമല്ല. കാരണം, അയാൾ എന്നോട് ഒച്ചവെക്കുന്നു.

07a. As he makes everyone happy, he is liked by everyone. അയാൾ എല്ലാരെയും സന്തുഷ്ടരാക്കുന്നു എന്നത് കൊണ്ട്, എല്ലാവർക്കും അയാളെ ഇഷ്ടമാണ്.

07b. He makes everyone happy, so he is liked by everyone. അയാൾ എല്ലാരെയും സന്തുഷ്ടരാക്കുന്നു. അത് കൊണ്ട്, എല്ലാവർക്കും അയാളെ ഇഷ്ടമാണ്.

07c. He is liked by everyone, because he makes everyone happy. എല്ലാവർക്കും അയാളെ ഇഷ്ടമാണ്. കാരണം, അയാൾ എല്ലാരെയും സന്തുഷ്ടരാക്കുന്നു.

08a. As he did not look down, he fell into a ditch. അയാൾ താഴേക്ക് നോക്കിയില്ല എന്നത് കൊണ്ട്, അയാൾ ഒരു ഓടയിൽ വീണു.

08b. He did not look down, so he fell into a ditch. അയാൾ താഴേക്ക് നോക്കിയില്ല. അത് കൊണ്ട്, അയാൾ ഒരു ഓടയിൽ വീണു.

08c. He fell into a ditch, because he did not look down. അയാൾ ഒരു ഓടയിൽ വീണു. കാരണം, അയാൾ താഴേക്ക് നോക്കിയില്ല.

09a. As I had forgotten him, I did not recognise him.
ഞാൻ അയാളെ മറന്നിരുന്നു എന്നത് കൊണ്ട്, ഞാൻ അയാളെ തിരിച്ചറിഞ്ഞില്ല.

09b. I had forgotten him, so I did not recognise him.ഞാൻ അയാളെ മറന്നിരുന്നു. അത് കൊണ്ട്, ഞാൻ അയാളെ തിരിച്ചറിഞ്ഞില്ല.

09c. I did not recognise him because I had forgotten him.ഞാൻ അയാളെ തിരിച്ചറിഞ്ഞില്ല. കാരണം, ഞാൻ അയാളെ മറന്നിരുന്നു.

10a. As it was already dark, we could not see the boat.
അപ്പോഴേക്കും ഇരുട്ടായിരുന്നു എന്നത് കൊണ്ട്, ഞങ്ങൾക്ക് തോണി കാണാനായില്ല.

10b. It was already dark, so we could not see the boat.
അപ്പോഴേക്കും ഇരുട്ടായിരുന്നു. അത് കൊണ്ട്, ഞങ്ങൾക്ക് തോണികാണാനായില്ല.

10c. We could not see the boat because it was already dark. ഞങ്ങൾക്ക് തോണികാണാനായില്ല. കാരണം, അപ്പോഴേക്കും ഇരുട്ടായിരുന്നു.

11a. As she had called me yesterday, I decided to meet her in the morning. അയാൾ(സ്ത്രീ) എന്നെ ഇന്നലെ വിളിച്ചിട്ടുണ്ടായിരുന്നു എന്നത് കൊണ്ട്, ഞാൻ അയാളെ(സ്ത്രീ) രാവിലെ കാണുവാൻ തീരുമാനിച്ചു.

11b. She had called me yesterday, so I decided to meet her in the morning. അയാൾ(സ്ത്രീ) എന്നെ ഇന്നലെ വിളിച്ചിട്ടുണ്ടായിരുന്നു. അത് കൊണ്ട്, ഞാൻ അയാളെ(സ്ത്രീ) രാവിലെ കാണുവാൻ തീരുമാനിച്ചു.

11c. I decided to meet her in the morning because she had called me yesterday. ഞാൻ അയാളെ(സ്ത്രീ) രാവിലെ കാണുവാൻ തീരുമാനിച്ചു. കാരണം, അയാൾ(സ്ത്രീ) എന്നെ ഇന്നലെ വിളിച്ചിട്ടുണ്ടായിരുന്നു.

12a. As she was feeling faint, she went inside. അയാൾക്ക്(സ്ത്രീ) തലചുറ്റുന്നതായി തോന്നി എന്നത് കൊണ്ട്, അയാൾ(സ്ത്രീ) അകത്ത് പോയി.

12b. She was feeling faint, so she went inside. അയാൾക്ക്(സ്ത്രീ) തലചുറ്റുന്നതായി തോന്നി. അത് കൊണ്ട് അയാൾ(സ്ത്രീ) അകത്ത് പോയി.

12c. She went inside because she was feeling faint.അയാൾ(സ്ത്രീ) അകത്ത് പോയി. കാരണം, അയാൾക്ക്(സ്ത്രീ) തലചുറ്റുന്നതായി തോന്നി.

13a. As I had a lot of work to do, I could not come. എനിക്ക് വളരെ അധികം തൊഴിൽ ചെയ്യാനുണ്ടായിരുന്നു എന്നത് കൊണ്ട്, എനിക്ക് വരാൻ കഴിഞ്ഞില്ല.

13b. I had a lot of work to do, so I could not come. എനിക്ക് വളരെ അധികം തൊഴിൽ ചെയ്യാനുണ്ടായിരുന്നു. അത് കൊണ്ട് എനിക്ക് വരാൻ കഴിഞ്ഞില്ല.

13c. I could not come because I had a lot of work to do.

എനിക്ക് വരാൻ കഴിഞ്ഞില്ല. കാരണം, എനിക്ക് വളരെ അധികം തൊഴിൽ ചെയ്യാനുണ്ടായിരുന്നു.

14a. As the Indian officials are very rude to the people, they are not liked by many people. ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ ജനങ്ങളോട് വളരെ അപമര്യാദയായിട്ടാണ് പെരുമാറുന്നത് എന്നത് കൊണ്ട്, കുറെ ജനങ്ങൾക്ക് അവരെ ഇഷ്ടമല്ല.

14b. The Indian officials are very rude to the people, so they are not liked by many people. ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ ജനങ്ങളോട് വളരെ അപമര്യാദയായിട്ടാണ് പെരുമാറുന്നത്. അത് കൊണ്ട്, കുറെ ജനങ്ങൾക്ക് അവരെ ഇഷ്ടമല്ല.

14c. The Indian officials are not liked by many people, because they are very rude to the people. കുറെ ജനങ്ങൾക്ക് ഇന്ത്യൻ ഉദ്യോഗസ്ഥരെ ഇഷ്ടമല്ല. കാരണം, ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ ജനങ്ങളോട് വളരെ അപമര്യാദയായിട്ടാണ് പെരുമാറുന്നത്.

15a. As they were foolish, they allowed outsiders to come and live in their country. അവർ വിഡ്ഢികളായിരുന്നു എന്നത്കൊണ്ട്, അവർ പുറത്ത് നിന്നുള്ളവർക്ക് വരാനും അവരുടെ രാജ്യത്തിൽ ജീവിക്കാനും അനുവാദം നൽകി.

15b. They were foolish, so they allowed outsiders to come and live in their country. അവർ വിഡ്ഢികളായിരുന്നു. അത് കൊണ്ട്, അവർ പുറത്ത് നിന്നുള്ളവർക്ക് വരാനും അവരുടെ രാജ്യത്തിൽ ജീവിക്കാനും അനുവാദം നൽകി.

15c. They allowed outsiders to come and live in their country because they were foolish. അവർ പുറത്ത് നിന്നുള്ളവർക്ക് വരാനും അവരുടെ രാജ്യത്തിൽ ജീവിക്കാനും അനുവാദം നൽകി. കാരണം, അവർ വിഡ്ഢികളായിരുന്നു.

16a. As he does not know English, he cannot deal with the customers effectively. അയാൾക്ക് ഇങ്ഗ്ളിഷ് അറിയില്ല എന്നത് കൊണ്ട്, ഉപഭോക്താക്കളോട് കാര്യക്ഷമമായി ഇടപഴകാൻ അയാൾക്ക് കഴിഞ്ഞില്ല.

16b. He does not know English, so he cannot deal with the customers effectively. അയാൾക്ക് ഇങ്ഗ്ളിഷ് അറിയില്ല. അത് കൊണ്ട്, ഉപഭോക്താക്കളോട് കാര്യക്ഷമമായി ഇടപഴകാൻ അയാൾക്ക് കഴിഞ്ഞില്ല.

16c. He cannot deal with the customers effectively because he does not know English. ഉപഭോക്താക്കളോട് കാര്യക്ഷമമായി ഇടപഴകാൻ അയാൾക്ക് കഴിഞ്ഞില്ല. കാരണം, അയാൾക്ക് ഇങ്ഗ്ളിഷ് അറിയില്ല.

17a. As he is a good man, he finds it difficult to deal with rude persons. അയാൾ ഒരു നല്ല മനുഷ്യനാണ് എന്നത് കൊണ്ട്, മര്യാദയില്ലാത്ത ആളുകളോട് ഇടപഴകാൻ അയാൾക്ക് വിഷമം നേരിടുന്നു.

17b. He is a good man, so he finds it difficult to deal with rude persons.അയാൾ ഒരു നല്ല മനുഷ്യനാണ്. അത് കൊണ്ട്, മര്യാദയില്ലാത്ത ആളുകളോട് ഇടപഴകാൻ അയാൾക്ക് വിഷമം നേരിടുന്നു.

17c. He finds it difficult to deal with rude persons because he is a good man. മര്യാദയില്ലാത്ത ആളുകളോട് ഇടപഴകാൻ അയാൾക്ക് വിഷമം നേരിടുന്നു. കാരണം, അയാൾ ഒരു നല്ല മനുഷ്യനാണ്.

18a. As the food was quite good, he ate a lot. ഭക്ഷണം വളരെ നല്ലത് ആയിരുന്നു എന്നത്കൊണ്ട്, അയാൾ കുറെ കഴിച്ചു.

8b. The food was quite good, so he ate a lot.ഭക്ഷണം വളരെ നല്ലത് ആയിരുന്നു. അത്കൊണ്ട് അയാൾ കുറെ കഴിച്ചു.

18c. He ate a lot because the food was quite good.അയാൾ കുറെ കഴിച്ചു. കാരണം, ഭക്ഷണം വളരെ നല്ലത് ആയിരുന്നു.

19a. As the people are terrified, they will listen to you. ജനങ്ങൾ വിറച്ചിരിക്കുകയാണ് എന്നത് കൊണ്ട്, അവർ നിങ്ങൾ പറയുന്നത് കേൾക്കും.

19b. The people are terrified, so they will listen to you. ജനങ്ങൾ വിറച്ചിരിക്കുകയാണ്. അത്കൊണ്ട്, അവർ നിങ്ങൾ പറയുന്നത് കേൾക്കും.

19c. The people will listen to you because they are terrified. ജനങ്ങൾ നിങ്ങൾ പറയുന്നത് കേൾക്കും. കാരണം, അവർ വിറച്ചിരിക്കുകയാണ്.

20a. As it was a stormy night, we closed the windows. ഒരു കൊടുങ്കാറ്റുള്ള രാത്രിയായിരുന്നു എന്നത് കൊണ്ട്, ഞങ്ങൾ ജനലുകൾ അടച്ചു.

20b. It was a stormy night, so we closed the windows. ഒരു കൊടുങ്കാറ്റുള്ള രാത്രിയായിരുന്നു. അത് കൊണ്ട്, ഞങ്ങൾ ജനലുകൾ അടച്ചു.

20c. We closed the windows because it was a stormy night. ഞങ്ങൾ ജനലുകൾ അടച്ചു. കാരണം ഒരു കൊടുങ്കാറ്റുള്ള രാത്രിയായിരുന്നു.

21a. As the weather was nice, we decided to go out.കാലാവസ്ഥ നല്ലതായിരുന്നു എന്നത് കൊണ്ട്, ഞങ്ങൾ പുറത്ത് പോകാൻ തീരുമാനിച്ചു.

21b. The weather was nice, so we decided to go out.കാലാവസ്ഥ നല്ലതായിരുന്നു. അത് കൊണ്ട്, ഞങ്ങൾ പുറത്ത് പോകാൻ തീരുമാനിച്ചു.

21c. We decided to go out because the weather was nice. ഞങ്ങൾ പുറത്ത് പോകാൻ തീരുമാനിച്ചു. കാരണം, കാലാവസ്ഥ നല്ലതായിരുന്നു.

22a. As I like swimming in the sea, I went there. എനിക്ക് കടലിൽ നീന്താൻ ഇഷ്ടമാണ് എന്നത് കൊണ്ട്, ഞാൻ അവിടെ പോയി.

22b. I like swimming in the sea, so I went there. എനിക്ക് കടലിൽ നീന്താൻ ഇഷ്ടമാണ്. അത്കൊണ്ട്, ഞാൻ അവിടെ പോയി.

22c. I went there because I like swimming in the sea.ഞാൻ അവിടെ പോയി. കാരണം, എനിക്ക് കടലിൽ നീന്താൻ ഇഷ്ടമാണ്.

23a. As the army is out on the road, do not go out. പട്ടാളം നിരത്തിലേക്ക് ഇറങ്ങിയിരിക്കുകയാണ് എന്നത് കൊണ്ട്, പുറത്ത് പോകരുത്.

23b. The army is out on the road, so do not go out. പട്ടാളം നിരത്തിലേക്ക് ഇറങ്ങിയിരിക്കുകയാണ്. അത്കൊണ്ട് പുറത്ത് പോകരുത്.

23c. Do not go out because the army is out on the road.പുറത്ത് പോകരുത്. കാരണം, പട്ടാളം നിരത്തിലേക്ക് ഇറങ്ങിയിരിക്കുകയാണ്.

24a. As Englishmen are very stupid, they allow all outsiders to enter their nation and live there. ഇങ്ഗ്ളീഷുകാർ വളരെ വിഡ്ഢികളാണ് എന്നത് കൊണ്ട്, അവർ പുറത്തുള്ള എല്ലാവരെയും അവരുടെ രാജ്യത്തിലേക്ക് കയറിവരുവാനും അവിടെ ജീവിക്കുവാനും അനുവദിക്കുന്നു.

24b. Englishmen are very stupid, so they allow all outsiders to enter their nation and live there.ഇങ്ഗ്ളീഷുകാർ വളരെ വിഡ്ഢികളാണ്. അത് കൊണ്ട് അവർ പുറത്തുള്ള എല്ലാവരെയും അവരുടെ രാജ്യത്തിലേക്ക് കയറിവരുവാനും അവിടെ ജീവിക്കുവാനും അനുവദിക്കുന്നു.

24c. Englishmen allow all outsiders to enter their nation and live there because they are stupid. ഇങ്ഗ്ളീഷുകാർ, പുറത്തുള്ള എല്ലാവരെയും

അവരുടെ രാജ്യത്തിലേക്ക് കയറിവരുവാനും അവിടെ ജീവിക്കുവാനും അനുവദിക്കുന്നു. കാരണം, അവർ വളരെ വിഡ്ഢികളാണ്.

25a. As my mother wanted to live in a big house, we built a huge mansion for her. എന്റെ അമ്മയ്ക്ക് ഒരു വലിയ വീട്ടിൽ താമസിക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നു എന്നത് കൊണ്ട്, ഞങ്ങൾ അവർക്കായി ഒരു വലിയ മാളിക പണിതു.

25b. My mother wanted to live in a big house, so we built a huge mansion for her. എന്റെ അമ്മയ്ക്ക് ഒരു വലിയ വീട്ടിൽ താമസിക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നു. അത് കൊണ്ട്, ഞങ്ങൾ അവർക്കായി ഒരു വലിയ മാളിക പണിതു.

25c. We built a huge mansion for my mother, because she wanted to live in a big house. എന്റെ അമ്മയ്ക്കായി ഞങ്ങൾ ഒരു വലിയ മാളിക പണിതു. കാരണം, അവർക്ക് ഒരു വലിയ വീട്ടിൽ താമസിക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നു.

26a. As I couldn't hear what he said, I told him to call again.അയാൾ എന്താണ് പറഞ്ഞത് എന്ന് എനിക്ക് കേൾക്കാൻ കഴിഞ്ഞിരുന്നില്ല എന്നത് കൊണ്ട്, അയാളോട് വീണ്ടും വിളിക്കാൻ ഞാൻ പറഞ്ഞു.

26b. I couldn't hear what he said, so I told him to call again. അയാൾ എന്താണ് പറഞ്ഞത് എന്ന് എനിക്ക് കേൾക്കാൻ കഴിഞ്ഞിരുന്നില്ല. അത് കൊണ്ട്, അയാളോട് വീണ്ടും വിളിക്കാൻ ഞാൻ പറഞ്ഞു.

26c. I told him to call again, because I couldn't hear what he said. അയാളോട് വീണ്ടും വിളിക്കാൻ ഞാൻ പറഞ്ഞു. കാരണം അയാൾ എന്താണ് പറഞ്ഞത് എന്ന് എനിക്ക് കേൾക്കാൻ കഴിഞ്ഞിരുന്നില്ല.

27a. As we do not talk to them, you should also not go near them. അവരോട് ഞങ്ങൾ സംസാരിക്കാറില്ല എന്നത് കൊണ്ട്, നിങ്ങളും അവരുടെ അടുത്തേക്ക് പോകരുത്.

27b. We do not talk to them, so you should also not go near them. അവരോട് ഞങ്ങൾ സംസാരിക്കാറില്ല. അത്കൊണ്ട് നിങ്ങളും അവരുടെ അടുത്തേക്ക് പോകരുത്.

27c. You should also not go near them because we do not talk to them. നിങ്ങളും അവരുടെ അടുത്തേക്ക് പോകരുത്. കാരണം, അവരോട് ഞങ്ങൾ സംസാരിക്കാറില്ല.

28a. As we are alone here, we cannot do anything to help you. ഇവിടെ ഞങ്ങൾ ഒറ്റക്കാണ് എന്നത് കൊണ്ട്, നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് യാതൊന്നും ചെയ്യാനാവില്ല.

28b. We are alone here, so we cannot do anything to help you. ഇവിടെ ഞങ്ങൾ ഒറ്റക്കാണ്. അത് കൊണ്ട്, നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് യാതൊന്നും ചെയ്യാനാവില്ല.

28c. We cannot do anything to help you because we are alone here. നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് യാതൊന്നും ചെയ്യാനാവില്ല. കാരണം, ഇവിടെ ഞങ്ങൾ ഒറ്റക്കാണ്.

29a. As he is not ready to compete with you, please stop bothering him. അയാൾ നിങ്ങളോട് മത്സരിക്കാൻ തയ്യാറില്ല എന്നത് കൊണ്ട്, അയാളെ ശല്യപ്പെടുത്തുന്നത് ദയവ്ചെയ്ത് നിർത്തുക.

29b. He is not ready to compete with you, so please stop bothering him. അയാൾ നിങ്ങളോട് മത്സരിക്കാൻ തയ്യാറില്ല. അത്കൊണ്ട്, അയാളെ ശല്യപ്പെടുത്തുന്നത് ദയവ്ചെയ്ത് നിർത്തുക.

29c. Please stop bothering him, because he is not ready to compete with you. അയാളെ ശല്യപ്പെടുത്തുന്നത് ദയവ്ചെയ്ത് നിർത്തുക. കാരണം, അയാൾ നിങ്ങളോട് മത്സരിക്കാൻ തയ്യാറില്ല.

30a. As he talked too fast, no one understood him.

അയാൾ വളരെ വേഗത്തിൽ സംസാരിച്ചു എന്നത് കൊണ്ട്, ആർക്കും അയാൾ പറയുന്നത് മനസ്സിലായില്ല.

30b. He talked too fast, so no one understood him.

അയാൾ വളരെ വേഗത്തിൽ സംസാരിച്ചു. അത് കൊണ്ട്, ആർക്കും അയാൾ പറയുന്നത് മനസ്സിലായില്ല.

30c. No one understood him, because he talked too fast.

ആർക്കും അയാൾ പറയുന്നത് മനസ്സിലായില്ല. കാരണം, അയാൾ വളരെ വേഗത്തിൽ സംസാരിച്ചു.

NURSERY Rhyme

Are you sleeping? Are you sleeping?

Are you sleeping? Are you sleeping?
Brother John, Brother John,

Morning bells are ringing! Morning bells are ringing!
Ding, ding, dong. Ding, ding, dong.

ഫ്യൂഡൽ ഭാഷകളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

Observations on feudal languages

1. ഭാഷകൾ ആശയവിനിമയത്തിനും, മറ്റ് പലകാര്യങ്ങൾക്കുമുള്ള സോഫ്റ്റ്വെയറുകളാണ്. ഇവയിൽ സാമൂഹികഘടനയും, കോഡ്ചെയ്തിരിക്കുന്നു.

1. Language is a software for communication and many other things. This software has social designs encrypted in it.

2. ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിലെ ഭാഷകളിൽ **ഫ്യൂഡൽ (ജന്മി–കുടിയാൻ)** സാമൂഹികാന്തരീക്ഷത്തിന്റെ ഡിസൈൻ കോഡുകൾ ഉണ്ട്.

2. Languages of the South Asian subcontinent have **feudal (*Janmi-Kudiyaan suppressive social relationship*)** social design in it.

3. മനുഷ്യരുടെ ഇടയിൽ വികടനവും, പലതരം ആപൽക്കരമായ മാനസിക ഭാവങ്ങൾ ഉളവാക്കാൻ പ്രാപ്തമായ, സമ്പോധനയിലും, സൂചിപ്പിക്കലിലും പല നിലവാരങ്ങളെ സൂചിപ്പിക്കുന്ന വാക്കുകളുടെ ഒരു നിരതന്നെ ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിലെ ഭാഷകളിൽ ഉണ്ട്. ചെറിയ ഒരു ഉദാഹരണം: (നീ, നിങ്ങൾ, താങ്കൾ, സാർ) (അവൻ, ഓൻ, അവൾ, ഓൾ, അവറ്റകൾ, അയാൾ, അദ്ദേഹം, അവർ)

3. Feudal languages have an array of words of addressing and referring to, which can bring in division and many mental complexes in human beings and society. A minor example: (*Nee, Ningal, Thangal, Sar) (Avan, Aval, Avattakal, Ayaal, Adheham, Avar, Sar*).

4. ഈ വാക്കുളുടെ ആഗാധം ഏൽക്കുന്നവരിലും, ആ സംസാരം കാണുന്നവരിലും, അവ കേൾക്കുന്നവരിലും, അവയാൽ ആശ്ലേഷിക്കപ്പെടുന്നവരിലും, സമൂഹത്തിൽ മഴുവനിലും, ഈ വാക്കുകൾ വ്യത്യസ്ഥപരമായ സാമൂഹികവും, മാനസികവും, വ്യക്തിബന്ധപരവുമായ വ്യതിയാനങ്ങൾ വരുത്തുന്നു.

4. These words have different social, mental and relationship effects on the **effected persons**, **persons who see** or **hear the conversation** and on the **total society** as a whole.

5. ഈ രീതിയിൽ നോക്കുമ്പോൾ മലയാളവും, ഹിന്ദിയും, തമിഴും മറ്റ് ഇന്ത്യൻ ഭാഷകളും, ഇങ്ഗ്ളിഷിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്.

5. In this sense, Malayalam, Hindi, Tamil and many other Indian languages are entirely different from English.

6. വില കുറക്കുന്നതും, നിലവാരത്തിന് ഹാനിവരുത്തുന്നതും, അപമാനഹേതുവായേക്കാവുന്നതുമായ വാക്കുകൾ പ്രായം കുറഞ്ഞവർ, സാമ്പത്തികമായി ശേഷിക്കുറവുള്ളവർ, നിലവാരം കുറഞ്ഞതൊഴിലിൽ എർപ്പെടുന്നവർ എന്നിങ്ങനെ കരുതപ്പെടുന്നവരുടെ നേരെ ഉപയോഗിക്കുന്നു.

6. Pejorative words of addressing and referring to are used towards persons who are perceived as lower placed by age, financial acumen, professional standards and much else.

7. ഉയർന്നവർ എന്നുകാണപ്പെടുന്നവരെയും, കരുതപ്പെടുന്നവരെയും, അമിതമായി ബഹുമാനിക്കുന്നതും, ആശ്ലേഷിക്കുന്നതുമായ വാക്കുകളാൽ വിശേഷിപ്പിക്കുന്നു.

7. Ennobling words and usages are reserved for those seen as or defined as superior persons.

8. നിയമത്തിന്റെ മുന്നിലും, ഈ തരം വ്യത്യസ്ഥമായ നിർവചനങ്ങൾ മനുഷ്യരിൽ വരുന്നു. എന്നുവച്ചാൽ നിയമവും, ഭരണഘടനയും തന്നെ, വ്യത്യസ്ഥ മനുഷ്യരെ മലയാളത്തിൽ സമരായി കാണാൻ വിഷമിക്കും.

8. This can create the issue of inequality before the law.

9. ഭരണ സംവിധാനവും, ഉദ്യോഗസ്ഥവർഗവും, വ്യത്യസ്ഥമനുഷ്യരെ വ്യത്യസ്ഥ രീതിയിൽ കാണുകയും, അവരോട് വ്യത്യസ്ഥ രീതിയിൽ പെരുമാറുകയും ചെയ്യുന്നു.

9. This can lead to different manners in which the administrative set-up deals with different persons.

10. പോലീസിന്റെ ഭീകരരൂപത്തിന് ഒരു പ്രധാനകാരണം, ഭാഷയിലെ ഈ നീചത്വമാണ്.

10. This is one of the major reasons for the brutal behaviour of the police.

11. നിശേഷാത്മകമായി ബാധിക്കപ്പെട്ട വ്യക്തികളിൽ വ്യക്തിത്വ വികസനത്തിൽ ഹാനികരമായ ഇഫക്റ്റുകൾ ഇത് സൃഷ്ടിച്ചേക്കാം. ഈ നിഷേധാത്മകതയിൽ നിന്നും രക്ഷനേടാൻ അവരെ അമിതമായി പ്രതികരിക്കാനും, അല്ലെങ്കിൽ അനാവശ്യമായ അതിസാമർത്ഥ്യം കാണിക്കാനും ഇത് പ്രേരിപ്പിക്കും.

11. This can create personality depreciation in the negatively affected persons. They may feel compelled to overact or act over smart to tide over the feelings of inferiority complex that sets in.

12. വാക്കുളുടെ ഉയർന്ന നിലവാരങ്ങളിൽ നിലകൊള്ളുന്ന ആളുകളിൽ അമിതാധിപത്യബോധവും, അഹങ്കാരവും, ഇതു സൃഷ്ടിച്ചേക്കാം.

12. This can create excessive feelings of domination and superiority in persons who are placed on the higher strata of the words.

13. വിലകുറയ്ക്കുന്ന വാക്കുകളാൽ നിർവചിക്കപ്പെട്ടും, വിശേഷിക്കപ്പെട്ടും, പല നല്ല തൊഴിലുകളും, വഷളാക്കപ്പെടുന്നു.

13. This can despoil many good professions, jobs and persons by being associated with lower grade pejorative words.

14. ഇത് അതികഠിനമായ ചട്ടക്കൂടുകളിൽ മനുഷ്യനെ കുടുക്കുകയൊ, അല്ലെങ്കിൽ തീരെ അച്ചടക്കമില്ലാത്ത ഒരന്തരീക്ഷം സൃഷ്ടിക്കുകയോ ചെയ്യുന്നു. ഇത് പ്രവർത്തനമേഘലകളിലും, സാമൂഹിക സഹവർത്തിത്വത്തിലും, സർക്കാരുദ്യോഗസ്ഥരുടെ കാര്യക്ഷമതയിലും സാരമായി ബാധിക്കുന്നു.

14. This can either lead to over regimentation or lack of discipline in the professional fields and social communication. And also in public administration.

15. നമ്മുടെ രാജ്യത്തിലെ വർഗ്ഗീയകലാപങ്ങളിലും, ഇവയുടെ കാര്യമായി പങ്ക് കണ്ട് പിടിക്കാൻ കഴിയും.

15. The main reason for communal strife in our nation can be connected to the feudal content in our languages.

16. താഴ്ന്നതും, സാമൂഹികമായി വിലകുറഞ്ഞതുമായ വാക്കുകളാണ് വിദ്യാർത്ഥികളോട് അധ്യാപകർ ഉപയോഗിക്കുക. കുട്ടികളുടെയും, മറ്റ് വിദ്യാർത്ഥികളുടെയും മാനസികനിലവാരത്തിൽ ഇത് സാരമായി ബാധിക്കുന്നു. ചില വിദ്യാർത്ഥികളിൽ ഇത് ഒരു ഭീബൽസമായ ഒരു സ്വഭാവരൂപീകരണം വരുത്തുന്നു. മറ്റ് ചിലരിൽ ഇത് മാനസിക തളർച്ചയും വരുത്തുന്നു.

16. Pejorative words are used to students by the teachers. It is not conducive to the personality development of all students. It can lead to a diabolic personality development in certain students, and personality depreciation in others.

17. ഉയർന്ന ഉദ്യോഗത്തിലിരിക്കുന്നവർക്കും, സാമ്പത്തികമായി ഉന്നതിയിൽ നിലകൊള്ളുന്നവർക്കും ഉദ്യാഗസ്ഥരുമായും, പോലീസുമായും, സ്വതന്ത്രമായി ഇടപെടാൻ ഇത് സൗകര്യം ഉണ്ടാക്കുന്നു. ഭരണസംവിധാനങ്ങളും, പോലീസും, താങ്കളുടെ സ്വകാര്യ സ്വത്താണ് എന്ന ഒരു ധാരണ ഇവരിൽ വളരെ എളുപ്പത്തിൽ ഇത് ഉളവാക്കുന്നു.

17. Persons who belong to the higher echelons of the administration and those who are financially strong and influential would find it easy to communicate with the bureaucracy and the police. This in many ways leads to a feeling in them that both the administrative set-up as well as the police machinery is their private fiefdom for personal use.

18. സാധരണക്കാരന്റെ വ്യക്തിത്വം ഭാഷയിലെ ഫ്യൂഡലിസത്താൽ വിപരീതമായി ബാധിക്കപ്പെടുന്നു. കാരണം ഔദ്യോഗികസംവിധാനങ്ങളിൽനിന്നും, പോലീസിൽ നിന്നും, അയാൾക്ക് വിലകുറക്കുന്ന തരത്തിലുള്ള വാക്കുകളും, പ്രയോഗങ്ങളും ലഭിക്കാൻ സാധ്യതയെറെയാണ്.

18. Common man's individuality is inversely affected by the feudalism in the language. For he or she would receive lower class words of addressing and referring to from the administration and police personnel.

19. സാധാരണക്കാരൻ സർക്കാർ വകുപ്പുകളെയും, പോലീസിനേയും എന്തെങ്കിലും അത്യാവശ്യകാര്യത്തിന് സമീപിക്കുമ്പോൾ തികച്ചും നിസ്സഹകരണമാണ് സാധാരണയായി ലഭിക്കാൻ സാധ്യത,

19. He or she may find the government departments, including the police, non-supportive when he or she has to approach them.

20. ഭാഷയിൽ താഴ്ത്തിവയ്ക്കപ്പെട്ട വ്യക്തികൾക്ക് മാന്യത നിലനിർത്തിക്കൊണ്ട് ഉദ്യോഗസ്ഥരുമായും, പോലീസുമായും, വാദിക്കാനോ, ചർച്ചചെയ്യാനോ, കാര്യങ്ങൾ പറഞ്ഞ് ഫലിപ്പിക്കാനോ പ്രയാസമാണ്,

20. Lower placed persons may find it difficult to negotiate, argue or debate from a position of dignified stature with the personnel in administrative departments, and other persons who are placed superior to him or her by feudal words.

21. മുഴുവനായി നോക്കുമ്പോൾ ഭാഷയിലെ ഫ്യൂഡൽഘടന നിയമനീതി നടത്തിപ്പ്, സർക്കാർ വകുപ്പുകളുടെ കാര്യക്ഷമത, ജനങ്ങളുടെ വ്യക്തിത്വം, ജനങ്ങളോടുള്ള പോലീസുകാരുടെ പെരുമാറ്റം, വിദ്യാഭാസനിലവാരം, സാമൂഹിക ആശയവിനിമയം തുടങ്ങിയവയെ എല്ലാം സാരമായി ബാധിക്കുന്നു.

21. From an overall perspective, the feudal communication structure in language can negatively affect: Jurisprudence, Administrative efficiency, Personality development of the people, Police behaviour to the common man, Quality of education, Social communication (which can only move through pre-defined routes of hierarchy and subordination) etc.

22. ജനങ്ങൾക്ക് പ്രാദേശിക ഭാഷകളിലെ ഫ്യൂഡൽ ഭാവം മനസ്സിലാകുമ്പോൾ, ഈ രാഷ്ട്രത്തോട് തന്നെ വെറുപ്പ്തോന്നാൻ കാരണമാകും. തുടർന്ന് എങ്ങിനെയെങ്കിലും ഇങ്ഗ്ലിഷ് രാജ്യങ്ങളിലേക്ക് കടക്കാൻ വെമ്പൽ കൊള്ളും.

22. People would feel repulsion to the nation as soon as they get to understand the negative sides of local language social communication and they would make desperate attempts to migrate to English nations.

23. ഭാഷയുടെ അടിനിലവാരങ്ങളിൽ പെട്ടുപ്പോകുന്ന സാധാരണക്കാരിൽ നിന്നും അകന്ന് നിൽക്കാൻ സർക്കാർ ഉദ്യോഗസ്ഥർ വെമ്പൽകൊള്ളുകയും, അതിനായി, പണമുണ്ടാക്കാൻ അഴിമതി മാർഗ്ഗങ്ങൾ സ്വീകരിക്കുകയും അമിതമായുള്ള ശമ്പളത്തിനായി ഗൂഡാലോചന നടത്തുകയും ചെയ്യും.

23. In their haste to reach move away from the people kept on the lower side of the feudal words, the public servants would go in for corrupt means to make money and would also conspire to get astronomical pay scales.

24. ഇങ്ഗ്ലിഷിന് സർക്കാർ-തൊഴിൽ, ഡോക്ടർ, എൻജിനിയർ, ടീച്ചർ തുടങ്ങിയ തൊഴിലുകൾക്ക് മാത്രമല്ല മാന്യതനൽകാൻ കഴിയുക. മറിച്ച് ഒട്ടെല്ലാ തൊഴിലുകളെയും ഇങ്ഗ്ലിഷ് മാന്യതപ്പെടുത്തുന്നു.

24. English can bring in dignity to many professions other than only to government jobs, doctoring, engineering, teaching and such.

25. ഇക്കാരണത്താൽ തന്നെ മലയാളത്തിലുള്ള വിദ്യാഭാസം വിവേചനം വളർത്തുന്നതാണ്.

25. An education system based on feudal vernacular languages does necessarily degrade a lot of professions, while it ennobles a few others. Thus it is discriminatory.

26. സാധാരണക്കാരന്റെ മക്കൾ സ്കൂളിൽ തങ്ങളുടെ അച്ഛനമ്മമാർ *അവനും, അയാളും, അവളും*, മറ്റുമായി വിഷേശിക്കപ്പെടുമ്പോൾ, ഡോക്ടമാരെയും, സർക്കാരുദ്യോഗസ്ഥരെയും, ടീച്ചർമാരെയും മറ്റും *അദ്ദേഹം, അവർ, മാഷ്, സാർ* തുടങ്ങിയ രീതിയിൽ വിശേഷിക്കപ്പെടുന്നതായിക്കാണുന്നു. ഇത് അവരിൽ അവരവരുടെ മാതാപിതാക്കളുടെ നിസ്സാരതയെപ്പറ്റി മനസ്സിൽ ഉറപ്പിക്കുന്നു. ഇങ്ങനെ വിവേചന പരമായ ഒരു വിദ്യാഭാസത്തിൽ സാധാരണക്കാരന്റെ കുട്ടികളെ നിർബന്ധിച്ച് ചേർക്കുന്നത് കുറ്റമായിത്തന്നെ കാണണം.

26. A child of a common man who gets naturally indoctrinated thus by the feudal vernacular shall sense his father's and mother's profession to be low-grade, for he or she would see the doctors, engineers, government employees, teachers etc. being given higher grade words and usages.

27. നല്ലനിലവാരമുള്ള ഇങ്ഗ്ലിഷ് പഠിപ്പിക്കാത്ത വിദ്യാഭ്യസം, നല്ല വിദ്യാഭ്യസമല്ല.

27. Education that is devoid of good English is not good education.

28. പ്രൈമറി വിദ്യാഭ്യസത്തെ ടെക്നിക്കൽ വിവരത്തിൽ നിന്നും വേർതിരിച്ച് കാണേണ്ടതാണ്. *ആശാരിപ്പണി, സോഫ്റ്റ്വെയർ എൻജിനിയറിങ്, മെഡിക്കൽ വിദ്യാഭ്യാസം, ഗണിതം, ഊർജതന്ത്രം* തുടങ്ങിയവ ടെക്നിക്കൽ വിവരമാണ്.

28. Primary education should be differentiated from technical knowledge. Technical knowledge would include such things as Carpentry, Software Engineering, Medical profession, Mathematics, Physics etc.

29. വെറും നല്ല നിലവാരമുള്ള ഇങ്ഗ്ലിഷ് അറിവ് തന്നെ മഹത്തായ വിദ്യാഭ്യാസമാണ്. അതിനോട് ഫ്യൂഡൽ ഭാഷകളെ താരതമ്യപ്പെടുത്താൻ പറ്റില്ല.

29. Good knowledge in English is by itself a grand education that cannot be competed with by feudal vernaculars.

30. ഇന്ത്യൻ പൗരത്വത്തിലേക്ക് ചേർത്ത ആദിവാസികൾ പോലുള്ള പല ജനസമൂഹങ്ങളും, ഫ്യൂഡൽ ഭാഷയുടെ അടിനിലവാരങ്ങളിൽ പെട്ട് മാനസികമായും, സാമൂഹികമായും തകർന്ന്പോയി. കാടുകളിൽ സ്വതന്ത്രരായി ജീവിച്ചിരുന്ന പല ആദിവാസികളുടെ മൂപ്പന്മാരെപ്പോലും, പോലീസുൾപ്പടെയുള്ള സർക്കാർ വകുപ്പുകളുടെ ശിപായിമാർപോലും, *നീ, അവൻ, അവൾ, എടാ, എടീ,* തുങ്ങിയ മാന്യതതകർക്കുന്ന വാക്കുകളാൽ നശിപ്പിച്ചു.

30. Social classes that have been amalgamated into the Indian nation such as the *Adivasis*, have been despoiled, since even their clan chieftains have been degraded by the use of lower grade words by even the government peons and policemen of *shipai* rank, apart from all other officials.

31. വിദ്യാർത്ഥികളെ ഫ്യൂഡൽ ഭാഷകൾ പഠിപ്പിക്കുമ്പോൾ, ആ ഭാഷയിലൂടെ സംഭവിക്കുന്ന സാമൂഹിക ഉയർച്ചയെയും, തളർച്ചയേയുംപ്പറ്റി അവരെ ബോധവാന്മാരാക്കേണ്ടതാണ്.

31. When children are being taught feudal languages, they or their parents should be informed about the feudal character of language; and their position *viz-a-viz* that of their teachers and others.

32. കാരണം, ഫ്യൂഡൽ ഭാഷകൾ ഒരു വ്യക്തിയെ നിർവചിക്കാനും, അയാളുടെ മേൽ മേൽക്കോയമ ചെലുത്തുവാനും, ബുദ്ദിമുട്ടിക്കാനും, സാമൂഹികമായി ഞെരുക്കാനും മറ്റുള്ളവർക്ക് കഴിവും, അവകാശവും നൽകുന്നു. ഇങ്ങിനെയുള്ള ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ പലർക്കും കഴിയാറില്ല.

35. For feudal languages extend a diabolic right to others to define, dominate, distract and even socially strangle a person. There is no defence against this attack that can come through words, even in its soft spoken form.

MULTIPLICATION TABLES		
1 X 1 = 1	2 X 1 = 2	3 X 1 = 3
1 X 2 = 2	2 X 2 = 4	3 X 2 = 6
1 X 3 = 3	2 X 3 = 6	3 X 3 = 9
1 X 4 = 4	2 X 4 = 8	3 X 4 = 12
1 X 5 = 5	2 X 5 = 10	3 X 5 = 15
1 X 6 = 6	2 X 6 = 12	3 X 6 = 18
1 X 7 = 7	2 X 7 = 14	3 X 7 = 21
1 X 8 = 8	2 X 8 = 16	3 X 8 = 24
1 X 9 = 9	2 X 9 = 18	3 X 9 = 27
1 X 10 = 10	2 X 10 =20	3 X 10 = 30
4 X 1 = 4	5 X 1 = 5	6 X 1 = 6
4 X 2 = 8	5 X 2 = 10	6 X 2 = 12
4 X 3 = 12	5 X 3 = 15	6 X 3 = 18
4 X 4 = 16	5 X 4 = 20	6 X 4 = 24
4 X 5 = 20	5 X 5 = 25	6 X 5 = 30
4 X 6 = 24	5 X 6 = 30	6 X 6 = 36
4 X 7 = 28	5 X 7 = 35	6 X 7 = 42
4 X 8 = 32	5 X 8 = 40	6 X 8 = 48
4 X 9 = 36	5 X 9 = 45	6 X 9 = 54
4 X 10= 40	5 X 10 = 50	6 X 10 = 60
7 X 1 = 7	8 X 1 = 8	9 X 1 = 9
7 X 2 = 14	8 X 2 = 16	9 X 2 = 18
7 X 3 = 21	8 X 3 = 24	9 X 3 = 27
7 X 4 = 28	8 X 4 = 32	9 X 4 = 36
7 X 5 = 35	8 X 5 = 40	9 X 5 = 45
7 X 6 = 42	8 X 6 = 48	9 X 6 = 54
7 X 7 = 49	8 X 7 = 56	9 X 7 = 63
7 X 8 = 56	8 X 8 = 64	9 X 8 = 72
7 X 9 = 63	8 X 9 = 72	9 X 9 = 81
7 X 10 = 70	8 X 10 =80	9 X 10 = 90
	10 X 1 = 10	
	10 X 2 = 20	
	10 X 3 = 30	
	10 X 4 = 40	
	10 X 5 = 50	
	10 X 6 = 60	
	10 X 7 = 70	
	10 X 8 = 80	
	10 X 9 = 90	
	10 X 10 = 100	

Books by
VED from VICTORIA INSTITUTIONS

Both digital versions as well as the printed versions can be bought from www.victoriainstitutions.com

For more information, please send a message via Telegram Messenger:

https://t.me/VICTORIA_INSTITUTIONS

Or email : ved036@gmail.com / admn@victoriainstitutions.com

01.**Software codes of mantra, tantra, witchcraft, black magic, evil eye, evil tongue &c.**

02.MARCH of the EVIL EMPIRES; ENGLISH versus the FEUDAL LANGUAGES

03.The SHROUDED SATANISM in FEUDAL LANGUAGES! Tribulations and intractability of improving others!!

04.Codes of reality! What is language?

05.Software codes of Reality, Life and Languages!

06. Obama as what? A different perspective on International Relationship

07.The machinery of Homoeopathy

08. Gandhi and his 'Ji'; Grooming up of a fake

09.Vintage English

10.ENTERING the WORLD of ANIMALS

11.Indian Culture! What is it exactly?

12.INDIAN MARRIED LIFE: The undercurrents!

13.MEIN KAMPF by Adolf Hitler - A demystification!

14. Idiocy of the Indian Protection of Women from Domestic Violence Act!

15.VED's ONLINE WRITINGS PART I

16.EFFECT of ENGLAND! VED's ONLINE WRITINGS PART II

17.Horrendous India! A parade of facade in verbal codes!

18. Hindi in Australia: Behold the future!

19.Teaching Hindi in Australia! What is dangerous about it?

20. VEILED routes to resources in Computers & on the Internet, unVEILED!

21.British sailors in Indian stinking jails!

22. What is different about pristine ENGLISH?

23.An urgent appeal for ENGLISH RACISM

24. Compulsory Formal Education: A travesty

25. An impressionistic history of the South Asian subcontinent

English & Vernacular mix

1. Old Malayalam Film Songs' Annotations in English
2. Dangers of making Malayalam the language of administration in Kerala
3. Writ Petition against Compulsory Malayalam Study: An argument against teaching feudal languages മലയാളം നിർബന്ധിച്ച് പഠിപ്പിക്കുന്നതിന് എതിരെ ഒരു റിറ്റ് ഹരജി: ഫ്യൂഡൽ ഭാഷകൾ പഠിപ്പിക്കുന്നതിന് എതിരെയുള്ള ഒരു വാദഗതി
4. Words from Malabar Language
5. FENCE EATING the CROPS! A treatise on the bureaucratic loot & swindle of India.
6. ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചിരിത്രത്തെക്കുറിച്ചുള്ള ഒരു അനുഭാവ്യചിത്രീകരണം

Commentaries attached to famous books

01.NATIVE LIFE IN TRAVANCORE by REV. Samuel Mateer

02.TRAVANCORE STATE MANUAL by V Nagam Aiya

03. Castes & Tribes of Southern India - Volume 1 by Edgar Thurston

04. Malabar (Manual) by William Logan

Books published by VICTORIA INSTITUTIONS

1. Omens and superstitions of Southern India by Edgar Thurston
2. English Classics
3. NATIVE LIFE IN TRAVANCORE by REV. Samuel Mateer
4. TRAVANCORE STATE MANUAL by V Nagam Aiya
5. Castes & Tribes of Southern India - Volume 1 by Edgar Thurston
6. Malabar (Manual) by William Logan

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ

ചരിത്രത്തെ കുറിച്ചുള്ള ഒരു അനുഭാവ്യചിത്രീകരണം

ഭാഗം 1: പ്രൂയൽ ഭാഷകൾ

ഭാഗം 2 & 3 എഴുത്തുകാരന്റെ യോഗ്യത

An impressionistic history of the South Asian subcontinent



VED from VICTORIA INSTITUTIONS

It is foretold! The torrential flow of inexorable destiny!

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രത്തെകുറിച്ചുള്ള ഒരു അനുഭാവ്യചിത്രീകരണം

ഭാഗം 1 ഫ്യൂഡൽ ഭാഷകൾ

(An impressionistic history of the South Asian subcontinent

Part 1 Feudal languages)



VED from VICTORIA INSTITUTIONS

It is foretold! The torrential flow of inexorable destiny!

VICTORIA INSTITUTIONS
Aaradhana, **DEVERKOVIL** 673508 India
www.victoriainstitutions.com
admn@ victoriainstitutions.com
Telegram: https://t.me/VICTORIA_INSTITUTIONS

First published in 2016/17 in Whatsapp. This edition published in March 2018.

The printed versions as well as the digital versions of all books published by VICTORIA INSTITUTIONS can be bought/downloaded from the VICTORIA INSTITUTIONS website www.victoriainstitutions.com

Customers all over the world can buy the printed books as well as their Kindle version from Amazon.com. Customers in India can buy the printed as well as digital versions directly from VICTORIA INSTITUTIONS.

Whatsapp മുഖേനെ, ഏതാണ്ട് 2016 നവംബർ മുതൽ നിത്യേനെ പ്രക്ഷേപണം ചെയ്തുതുടങ്ങിയ ഒരു എഴുത്തു പരമ്പരയാണ് ഇത്. ഈ പ്രക്ഷേപണം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നുണ്ട്.

ഈ പ്രക്ഷേപണത്തിലെ ആദ്യ ഭാഗം (Part 1) ആണ് ഈ ഗ്രന്ഥത്തിൽ നൽകിയിട്ടുള്ളത്. ഈ ഭാഗത്തിൽ ഈ ഉപദ്വീപിലെ ഫ്യൂഡൽ ഭാഷകളെക്കുറിച്ചാണ് പ്രതിപാധിക്കുന്നത്.

1. അവതാരികയുടെ അവതാരിക

കുറേ കാലമായി ചില കാര്യങ്ങൾ എഴുതണം എന്ന് ആഗ്രഹം ഉണ്ടായിരുന്നു. പലതും എഴുതിയിട്ടുണ്ട് എന്നുള്ളത് വാസ്തവമാണ്. എന്നാൽ ഇതിൽ മിക്കതും ഇങ്ഗ്ളിഷിലാണ്.

പലപ്പോഴും 'ഇന്ത്യൻ' ചരിത്രം എന്ന് ഔപചാരിക വിദ്യാഭ്യാസപരമായി കാണപ്പെടുന്ന പലതും, തെറ്റാണ് എന്ന ധാരണ ഉണ്ടാവാറുണ്ട്. ഏതാണ്ട് 75000 രൂപ മാസ ശമ്പളമായി ലഭിക്കുന്ന ചരിത്ര പ്രൊഫസർമാർക്ക് പലതും എഴുതാനും പ്രസിദ്ധികരിക്കാനും ആവും, ഈ പാഴ്വേലക്കുള്ള പാഴ്സമയം ലഭിക്കും. വിക്കീപീഡിയ പോലുള്ള ഇടങ്ങളിൽ ഇന്ത്യൻ പേജുകൾ ഇക്കൂട്ടർ കൈവശപ്പെടുത്തിയിരിക്കുകയാണ്.

ഇതിനെയെല്ലാം ഖണ്ഡിച്ച് എഴുതുക എന്നുള്ളത് അത്ര എളുപ്പമുള്ള കാര്യമല്ല. സ്വന്തം സമയവും സാമ്പത്തികവും ചിലവാക്കേണ്ടിവരും.

എഴുതിയാൽത്തന്നെ ഇത് ആരുടേയും ശ്രദ്ധയിൽപെടുത്താൻ പ്രയാസം തന്നെയാണ്. മാത്രവുമല്ല, ശ്രദ്ധയിൽ പെടുത്തിയാൽ തന്നെ, നീണ്ടലേഖനങ്ങൾ വായിപ്പിക്കാൻ പ്രയാസകരമാണ്. കാരണം, അത്രയ്ക്ക് അധികം എഴുത്തുകളാണ് എല്ലായിടത്ത് നിന്നും പുറത്ത് വരുന്നത്.

ഇന്ന് ഏറ്റവും അരോചകമായിട്ടുള്ള എഴുത്ത്, പിഎച്ച്ഡി ഡോക്ടറൽ തീസിസുകളാണ് (PhD Doctoral Thesis). മിക്കതും വെറും സമയംപോക്ക് ഏർപ്പാടും, എന്തെങ്കിലും പ്രത്യേക ഉപകാരമോ, വിവരമോ ഉള്ളതു അല്ല. ഇവ സാധാരണ ജനങ്ങളുടെ ശ്രദ്ധയിൽ വരുന്നില്ലായെങ്കിലും, വിദഗ്ദ്ധ വിഷയ ചർച്ചാ ഇടങ്ങളിൽ ഈ ഡോക്ടറൽ തീസിസുകൾ ഒരുതരം തരംതാഴ്ന്ന പ്രളയം തന്നെ സൃഷ്ടിച്ചിട്ടുണ്ട്.

ഈ പ്രശ്നങ്ങളെ മുമ്പിൽ കണ്ട് കൊണ്ട് തന്നെയാണ് ഈ എഴുത്ത് ആരംഭിക്കാൻ പോകുന്നത്.

ഈ എഴുത്ത് എല്ലാ ദിവസവും തുടരണം എന്ന് ആഗ്രഹിക്കുന്നുണ്ട്. ആവുമോ എന്ന് അറിയില്ല.

2. അഹംതത്ത്വാത്മകമോ വസ്തുനിഷ്ഠമോ

പണ്ട് ഒരു 'വിദ്വാൻ' എന്റെ എഴുത്തുകൾക്ക് ഉള്ള ഒരു പോരായ്മ എന്താണ് എന്ന് എന്നോട് പറഞ്ഞിരുന്നു. അവ മുഴുവനും Subjective ആണ്, Objective അല്ലായെന്ന്.

ഈ ആൾ ഉദ്ദേശിച്ചത്, ഞാൻ എഴുതുന്നത് എല്ലാംതന്നെ എന്റെ വ്യക്തിപരമായ തോന്നലുകളോ, അല്ലെങ്കിൽ വ്യക്തിപരമായ അനുഭവങ്ങളോ ആണ് എന്നും, യാഥാർത്ഥ്യ ബോധം ഇല്ലാത്തതുമാണ് എന്നാണ്. ഇത് പറഞ്ഞ ആൾക്ക് ഇത് പറയാനുണ്ടായ പ്രേരണ മലയാളത്തിലെ 'കുശുമ്പ്' ആണ് എന്നാണ് തോന്നുന്നത്.

എന്നിരുന്നാലും ഈ Subjective / Objective പ്രശ്നം ഈ എഴുത്തുകളെ എങ്ങിനെ ബാധിക്കുന്നു എന്ന് ഒന്ന് സൂചിപ്പിച്ചിട്ട് മുന്നോട്ട് നീങ്ങാം.

ഒരാൾ ഡ്രൈവിങ്ങ് ലൈസൻസിനായി അപേക്ഷിക്കുന്നു. അതിനായുള്ള ഫീസ് ആർടിഓ ഓഫിസിൽ പോയി അടക്കുന്നു. അതിന് ശേഷം Driving Learner's Test പരീക്ഷ എഴുതി പാസാകുന്നു. ഈ ലൈസൻസ് നൽകുന്ന സൌകര്യം ഉപയോഗിച്ച്, ഒരു പരിശീലകന്റെ സഹായത്താൽ ഒരു കാർ ഓടിച്ച് പഠിക്കുന്നു.

അതിന് ശേഷം മുഖ്യ Driving Testന് അപേക്ഷിക്കുന്നു. അതിന് ശേഷം Driving Testൽ പങ്കെടുക്കുന്നു. ആ ആളുടെ ഡ്രൈവിങ്ങിലുള്ള നൈപുണ്യം മനസ്സിലാക്കി, അയാൾക്ക് Driving Licence അനുവദിച്ചുകൊണ്ടുള്ള രേഖ ആർടിഓ ഓഫിസ് നൽകുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അയാൾക്ക് Driving Licence ലഭിക്കുന്നു.

ഇതാണ് Driving Licenceനെ സംബന്ധിച്ചുള്ള Objective ആയുള്ള വിവരണം.

എന്നാൽ, യഥാർത്ഥിൽ ഇങ്ങിനെ ലളിതമായുള്ളതല്ല Driving Licence ലഭിക്കാനുള്ള നടപടിക്രമം. യഥാർത്ഥത്തിൽ ഉള്ള അനുഭവം തന്നെ ഏറ്റവും കറഞ്ഞത് രണ്ട് വ്യത്യസ്ഥ രീതിയിലുള്ളതാവാം. ഒന്ന് ഡ്രൈവിങ്ങ് സ്ക്കൂൾ പറയുന്ന പണം നൽകുക. ഇതിൽ, ആർടിഓ ഓഫിസിലെ ജീവനക്കാർക്ക് കൈക്കൂലിയായി നൽകാനുള്ള വിഹിതം ഉൾപ്പെടും.

ഇത് നൽകപ്പെട്ടാൽ, Driving Licence ലഭിക്കാൻ എളുപ്പമാണ്. നേരത്തെ പറഞ്ഞ Objective വിവരണത്തിൽ ഈ കൈക്കൂലിപ്പണം എന്ന അതി പ്രധാനമായുള്ള ഘടകത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ല.

കൈക്കൂലിപ്പണം നൽകാതെ, ഡ്രൈവിങ്ങിൽ നല്ല നൈപുണ്യം ഉണ്ട് എന്ന 'ധിക്കാരപരമായ' ധാരണയോടുകൂടി, വെറും സർക്കാർ ഫീസ് മാത്രം നൽകി ഡ്രൈവിങ്ങ് ലൈസൻസിനായി അപേക്ഷിച്ചാൽ, ലഭിക്കുന്ന അനുഭവം വേറയാകാൻ സാധ്യതയുണ്ട്.

ഈ രണ്ട് അനുഭവങ്ങളും വിവരിച്ചാൽ, അത് ആദ്യം സൂചിപ്പിച്ച Objectiveൽ നിന്നും വ്യത്യസ്തമായിരിക്കും. എന്നാൽ അവ വെറും Subjective ആണ്

എന്ന് വേണമെങ്കിൽ പറയാം. കാരണം, വെറും വ്യക്തിപരമായ അനുഭവമല്ലെ?

ഈ പ്രകാരമുള്ള ഒരു Subjective സ്വഭാവം എന്റെ എഴുത്തുകൾക്ക് ഉണ്ട്. ഇത് ഒരു പോരായ്മയായി കാണാമെങ്കിലും, വ്യത്യസ്തമായി നിന്ന് കാര്യങ്ങൾ അനുഭവിക്കുമ്പോൾ, പൊതുവായുള്ള കീഴ്വഴക്കങ്ങളിലൂടെ നീങ്ങാതിരുന്നാലും, ചിന്തിക്കാതിരുന്നാലും, സാധാരണയായി അറിവ് ലഭിക്കാത്ത പലതും അനുഭവിച്ചേക്കാം.

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രം എഴുതുമ്പോൾ, മുകളിൽ സൂചിപ്പിച്ച Subjective കാര്യം (കൈക്കൂലിപ്പണം എന്ന അതി പ്രധാനമായുള്ള ഘടകത്തെക്കുറിച്ചുള്ള സൂചന) പലപ്പോഴും സൂചിപ്പിക്കപ്പെടാതെ പോകുന്നുണ്ട് എന്നുള്ളതാണ് വാസ്തവം.

3. എഴുത്തുകാരന്റെ വ്യക്തിപരമായ കുറവുകൾ

ചരിത്രം എഴുതാൻ തുടങ്ങുന്നതിന് മുൻപായി ഏതാനും കാര്യങ്ങൾ പ്രസ്താവിക്കാനുണ്ട്.

ആദ്യം പറയാനുള്ളത് ഭാവത്തെക്കുറിച്ചാണ്.

ഈ എഴുത്തുകാരൻ അതി ബുദ്ധിമാനും വിവരമുള്ള ആളും, മറ്റുള്ളവർ ബുദ്ധികുറഞ്ഞവരും, വിവരമില്ലാത്തവരും ആണ് എന്ന യാതോരു വിചാരവും ഈ എഴുതുന്ന ആൾക്ക് ഇല്ലതന്നെ.

സമൂഹത്തിന്റെ പലതട്ടുകളിലുള്ളവരുമായി കാര്യമായിത്തന്നെ ഇടപഴകി പരിചയമുള്ളതിൽ നിന്നും നേരിട്ടു മനസ്സിലാക്കിയിട്ടുള്ള കാര്യം ബുദ്ധിയും വിവരവും പല തരത്തിൽ മിക്ക ആളുകളിലും ഉണ്ട് എന്നുള്ളതാണ്.

എന്നാൽ ഈ ഉപദ്വീപിലെ ആൾക്കാർക്ക് പ്രത്യേകമായും, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന എല്ലാ ജനതകൾക്കും പൊതുവായും മറ്റ് ചില പരാതീനതകൾ ഉണ്ട് എന്നുള്ളതാണ് കാണാൻ പറ്റിയിട്ടുള്ളത്. അത് എന്താണ് എന്നത് പിന്നീട് പ്രസ്താവിക്കുകയും വിശദീകരിക്കുകയും ചെയ്യാം.

ഈ എഴുത്തുകാരന്റെ എഴുത്തുകൾക്ക് ഒരു പരാധീനത ഉണ്ട്. അത് ഈ പ്രദേശത്തിലുള്ള ജനങ്ങളിൽ കാണുന്ന ഒരു പൊതുവായുള്ള സ്വഭാവവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഈ പ്രശ്നവും ഈ പ്രദേശത്തിലെ ഉച്ചനീചത്വ ഭാഷാകോഡുകളുടെ ഒരു പ്രതിഫലനമാണ്.

ഈ ഉപദ്വീപിൽ പല ഭാഷക്കാരും പല മതസ്തരും, വ്യത്യസ്ത നിലവാരത്തിൽ കുടുക്കി നിർത്തപ്പെട്ടിട്ടുള്ള ജാതികളും, തൊഴിലുകാരും ഉണ്ട്. പലതരം മാനസിക പ്രതിഭാസങ്ങൾ ഇവരിൽ ഭാഷാകോഡുകൾ സൃഷ്ടിച്ചിട്ടുണ്ട്.

അതിൽ ഇവിടെ വളരെ പ്രസക്തമായിട്ടുള്ളത് എല്ലാ മതസ്തർക്കും, ജാതിക്കാർക്കും വളരെ കാര്യമായും, ചില ഭാഷക്കാർക്കെങ്കിലും, ചെറുതായെങ്കിലും കണ്ടുവരുന്ന കുലീനതാ പാരമ്പര്യ അവകാശവാദമാണ്. ഈ കാര്യം പിന്നീട് വിശദമായി പ്രതിപാദിക്കാം.

എന്നാൽ ഇവിടെ പറയാനുള്ളത്, ഈ എഴുത്തുകരന്റെ എഴുത്തിന് പലപ്പോഴും, ആരെയും പ്രത്യേകമായി പുകഴ്ത്താതെ, സംഭാവ്യമായ സത്യാവസ്ഥ യതോരു വിട്ടുവീഴ്ചയും ഇല്ലതെ എഴുതുക എന്ന ഒരു പോരായ്മ ഉണ്ട് എന്നുള്ളതാണ്.

ഇത് പല ജാതിക്കാരെയും, ഭാഷക്കാരെയും, മതസ്തരെയും ചെറുതായെങ്കിലും ചൊടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇക്കൂട്ടരിൽ പെട്ടവർക്ക് ഈ എഴുത്തുകളിൽ മറ്റുള്ളവരെക്കുറിച്ചുള്ള വാസ്തവ വിവരങ്ങൾ കാണുന്നതിൽ സന്തോഷമേ ഉണ്ടാവാറുള്ളു.

ഈ പ്രശ്നത്തെക്കുറിച്ച് കുറച്ച് കൂടി എഴുതാനുണ്ട്. അടുത്ത എഴുത്തിലാകാം.

ഇത്രയും പറഞ്ഞ് നിർത്തുന്നതിന് മുൻപായി, മറ്റൊരു കാര്യം കൂടി രേഖപ്പെടുത്താൻ താൽപ്പര്യപ്പെടുന്നു. അത് ഇതാണ്:

ഈ എഴുത്തുകൾക്ക് വ്യക്തമായ തത്വസംഹിതയും, ലക്ഷ്യവും മറ്റും ഉണ്ടെങ്കിലും, ആരെയും വ്യക്തിപരമായി അധിക്ഷേപിക്കുക, അപമാനിക്കുക, ആരോപണവിധേയനാക്കുക എന്നിവ ഈ എഴുത്തിന്റെ ലക്ഷ്യങ്ങളിൽ പെടുന്നകാര്യമല്ല.

എന്നാൽ, ചില ആളുകളുടെ വ്യക്തിപരമായ ചെയ്തികൾ ചരിത്ര സംഭവങ്ങളുടെ ഒഴുക്കിനെ സാരമായി ബാധിച്ചിട്ടുള്ളത്, പറയുമ്പോൾ, ആ വ്യക്തിയെ പഴിചാരാൻ വേണ്ടി എഴുതുന്നതല്ല ആ വക കാര്യങ്ങൾ.

മറ്റുള്ളവരെ പഴിചാരി സ്വയം മാന്യനായി വിലസാനുള്ള ശേഷിയുള്ള ആളല്ല ഈ എഴുത്തകാരൻ. അങ്ങിനെ ശേഷിയുള്ള ആളുകൾ ഇല്ലാ എന്നും അഭിപ്രായപ്പെടുന്നില്ല.

4. ആപേക്ഷിക മേൽക്കോയ്മയുടെ തെളിവുകൾതേടി

ഈ ഉപദ്വീപിലെ വ്യത്യസ്ത ജാതിക്കാരിൽ, തമ്മിൽ തമ്മിൽ ആർക്കാണ് ആപേക്ഷിക മേൽക്കോയ്മയുള്ളത് എന്ന് തെളിയിക്കാനായി പലവിധ കഥകളും ബന്ധങ്ങളും അവകാശവാദങ്ങളും പറഞ്ഞ് ഫലിപ്പിക്കുന്നതിനെ കുറിച്ച് REV. SAMUEL MATEER തന്റെ NATIVE LIFE IN TRAVANCORE എന്ന ഗ്രന്ഥത്തിൽ 1883-ൽ ആശ്ചര്യത്തോടെ എഴുതിയിരിക്കുന്നത് കാണുക:

— the amount of research bestowed by each to discover local traditions, verbal derivations, analogies in ceremonies or usages, or anything whatever that might enable them to outvie rival castes — the contempt felt for the boasting of others — and the age-long memories of reported or imagined honours once enjoyed by them.

തർജ്ജമയുടെ തുടക്കം: പ്രാദേശിക ആചാരങ്ങൾ, പുരാവൃത്തങ്ങൾ, വാമൊഴിയായ അനുമാനങ്ങൾ, അനുഷ്ഠാനങ്ങളിലോ അല്ലെങ്കിൽ ആചാരങ്ങളിലോ ഉള്ള സാദൃശ്യം, അത് പോലെ, അവരോട് മത്സരിക്കുന്ന ജാതിക്കാരെ കടത്തിവെട്ടാനായി ഉപയോഗപ്രദമായ മറ്റെന്തും - മറ്റുള്ള പക്ഷക്കാരുടെ വീമ്പുപറച്ചിലോട് ഉള്ള പുച്ഛം - പോരാത്തതിന് അവരുടെ പക്ഷക്കാർക്ക് പഴമയിൽപറയപ്പെടുന്ന സംഭവവിവരണങ്ങളിൽ ഉള്ളതോ അല്ലെങ്കിൽ സാങ്കൽപ്പികമോ ആയിട്ടുള്ള സാമൂഹിക പൂജ്യത, കുലീനത, ശ്രേഷ്ഠപദവി തുടങ്ങിയവ ഓരോ കൂട്ടരും കണ്ടെത്താനായി കാട്ടുന്ന ഉൽസാഹം. **തർജ്ജമയുടെ അന്ത്യം**.

ഈ ചെറിയ കുറിപ്പ് തിരുവിതാംകൂർ രാജ്യത്തിനെക്കുറിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത് എങ്കിലും, ഇന്ന് പാക്കിസ്ഥാൻ, ഇന്ത്യ, ബങ്ഗ്ളാദേശ് തുടങ്ങിയ രാജ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ ഉപദ്വീപിലെ മിക്ക സ്ഥലങ്ങൾക്കും ബാധകമാണ് ഈ പുരാവൃത്തം.

ഈ പ്രദേശത്തിലെ ചരിത്രം ഫലപ്രദമായി മനസ്സിലാക്കണമെങ്കിൽ ഈ പ്രദേശത്തിലുള്ള ഭാഷാകോഡുകളെക്കുറിച്ച് കാര്യമായ വിവരം ഉണ്ടായേതീരൂ. കാരണം, ഈ ഭാഷാകോഡുകൾ ഈ പ്രദേശത്ത് വസിച്ചിരുന്ന എല്ലാ ജനക്കൂട്ടങ്ങളുടേയും ചെറുതും വലുതുമായ എല്ലാ പെരുമാറ്റങ്ങളെയും ജീവിതചര്യയേയും വ്യക്തിബന്ധങ്ങളെയും കാര്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്.

അതിനാൽ തന്നെ ചരിത്രം എഴുതാൻ മുതിരുന്നതിന് മുൻപായി ഈ വിഷയത്തെക്കുറിച്ച് ചെറിയ തോതിൽ ഒരു വിവരണം നൽകാതെവയ്യ.

ഈ കാര്യം അടുത്ത എഴുത്തിൽ ആവാം എന്ന് വിചാരിക്കുന്നു.

5. ഫ്യൂഡൽ ഭാഷകളും പ്ളെയ്നാർ ഭാഷകളും

ഈ എഴുത്തുകാരൻ ചെറിയതോതിലുള്ള നിരീക്ഷണ-പരീക്ഷണ-പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഭാഷകളെ മുഖ്യമായി രണ്ടുതരത്തിൽ ഉള്ളതായി നിർവ്വചിച്ചിട്ടുണ്ട്. ഇങ്ഗ്ളിഷ് പോലുള്ള നിരപ്പുള്ള ഭാഷകളെ Planar (നിരപ്പുള്ള) languages എന്നും ജന്മികുടിയാൻ ഉച്ചനീചത്വകോഡുകളുള്ള ഭാഷകളെ Feudal (ഫ്യൂഡൽ) languages എന്നും വ്യത്യസ്ഥമായി തരംതിരിച്ചു.

ഇതുമായ ബന്ധപ്പെട്ട് 1989ൽ **MARCH of the EVIL EMPIRES: English versus the feudal languages** എന്ന പുസ്തകത്തിന്റെ കരട് രൂപം (ഡ്രാഫ്റ്റ്) എഴുതി. ഏതാണ്ട് 2000ന് ചുറ്റുപാടിൽ ഈ ഗ്രന്ഥം ഓൺലൈനായി പ്രസിദ്ധികരിച്ചു.

ഈ ഗ്രന്ഥത്തിൽ ഭാഷ എന്നത് ഒരു സോഫ്റ്റ്വേർ കോഡോ അല്ലെങ്കിൽ ഒരു സോഫ്റ്റ്വേർ ആപ്ളിക്കേഷനോ ആണ് എന്ന ഒരു വാദം വച്ചിരുന്നു.

കുറെ വർഷങ്ങൾക്ക് ശേഷം ഭാഷകളുടെ യഥാർത്ഥകോഡുകളെക്കുറിച്ച് തന്നെ നേരിട്ട് നിരീക്ഷണം ചെയ്ത് തുടങ്ങിയപ്പോൾ, 'ഫ്യൂഡൽ' എന്ന പദം തന്നെ അപര്യാപ്തമായ ഒരു സാങ്കേതിക പദം ആണ് എന്ന് മനസ്സിലാക്കിത്തുടങ്ങി.

അങ്ങിനെയാണ് ഏതാനും വർഷങ്ങൾക്ക് മുൻപ് ഈ പദത്തിന് പകരം കൂടുതൽ ഉചിതമായിട്ടുള്ള സാങ്കേതിക പദപ്രയോഗം '3-D Virtual Arena-coded languages' ആണ് എന്ന് മനസ്സിലാക്കുകയും Pristine-English: What is different about it? എന്ന ഗ്രന്ഥത്തിൽ അത് ഉപയോഗിക്കുകയും ചെയ്തത്.

എന്നാൽ കൂടുതൽ സൌകര്യപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന പ്രയോഗം 'ഫ്യൂഡൽ ഭാഷ' എന്നുള്ളത് തന്നെയാണ്.

ദക്ഷിണ ഏഷ്യൻ ഉപദ്വീപിലെ ഭാഷകൾക്ക് *'ജന്മികുടിയാൻ ഉച്ചനീചത്വ കോഡുകൾ'* ഉണ്ട്. ഇത് ഒരു പുതിയ കണ്ടുപിടുത്തമാണ് എന്ന് അവകാശപ്പെടാൻ ആവുന്ന കാര്യമല്ല. കാരണം, ഈ പ്രദേശത്തിലുള്ള ഏവർക്കും ഇത് അറിവുള്ള കാര്യമാണ്.

ഈ കാര്യം വിക്കിപീഡിയയിലുള്ള ഭാഷാ പഠനത്തെക്കുറിച്ചുള്ള പേജിൽ കുറേവർഷങ്ങൾക്ക് മുൻപ് എഴുതിയപ്പോൾ, ഉടനടി അത് മായ്ക്കപ്പെട്ടു.

മലയാളം ഭാഷയെക്കുറിച്ചുള്ള പേജിന്റെ ചർച്ചാ (Talk) പേജിൽ ഈ കാര്യം മലയാളം ഭാഷയുടെ സവിശേഷതകളിൽ രേഖപ്പെടുത്തണമെന്ന് ഒരു സൂചന കൊടുത്തപ്പോൾ, ആ പേജ് നിർവ്വഹണം ചെയ്യുന്ന അമിത വിവരമുള്ള ഏതോ 'ഭാഷാ പണ്ഡിതൻ' വന്ന് തികച്ചും പരിഹാസ വാക്കുകളോടെയും, വിദ്യാഭാസമില്ലാത്ത ആളുകൾക്ക് എഴുതാനുള്ള സ്ഥലമല്ലാ വിക്കിപീഡിയ എന്ന ധ്വനിയും നൽകിക്കൊണ്ടും, തന്റെ കൈവശമുള്ള *'അഭിനവ ഇങ്ഗ്ളിഷ് ഭാഷാ പാണ്ഡിത്യം'* കാട്ടിക്കൊണ്ടും (Yeah? എന്നപ്രയോഗം) ഈ എഴുത്തുകാരൻ എഴുതിയ സൂചന വെട്ടിക്കളഞ്ഞ് കൊണ്ട് പേജിൽ പ്രദർശിപ്പിക്കുകയും, പിന്നീട് പൂർണ്ണമായും മാച്ചുകളയുകയും ചെയ്തു.

2011ൽ മലയാളം ഭാഷ നിർബന്ധിച്ചു പഠിപ്പിക്കണമെന്ന് സർക്കാർ കൽപ്പന വന്നപ്പോൾ, ഫ്യൂഡൽ ഭാഷകൾ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണ് എന്നും, അവ ഈ നാട്ടിലെ പൌരന് ഭരണഘടന നൽകുന്ന *ഭരണ യന്ത്രത്തിന് മുന്നിലുള്ള സമത്വത്തിനും*, പൌരന് അവകാശപ്പെട്ടിട്ടുള്ള *വ്യക്തിപരമായ അന്തസ്സിനും* ഘടകവിരുദ്ധവുമാണ് എന്നും, ഈ വക ഭാഷകൾ ഈ രാജ്യത്ത് ഏറ്റവും കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിലവാരത്തിലുള്ള പൌരന്മാരെ സൃഷ്ടിക്കുമെന്നും വാദിച്ച് കൊണ്ട് ഈ എഴുത്തുകാരൻ ബഹുമാനപ്പെട്ട കേരളാ ഹൈകോടതിയിൽ നേരിട്ട് വാദിച്ചു. വാദഗതി പൂർണ്ണമായി ഈ ലങ്കിൽ കാണാവുന്നതാണ്: https://archive.org/details/ved036_gmail_Writ

ഈ വാദങ്ങളിൽ മലയാളവും ഒരു ഫ്യൂഡൽ ഭാഷയാണ് എന്ന് ചേർത്തിരുന്നു. എന്നാൽ സർക്കാർ പക്ഷവും, റിറ്റ് പെറ്റിഷനിൽ കക്ഷിചേർന്ന മലയാള ഭാഷാ സംരക്ഷണ സംഘടനയും, ഭാഷാ ശാസ്ത്രത്തിൽ ഇങ്ങിനെയൊരു 'ഫ്യൂഡൽ ഭാഷ' എന്ന കാര്യം തന്നെയില്ലാ എന്ന് പറഞ്ഞ് ഈ വാദഗതിയെ നിലംപരിശാക്കാൻ ശ്രമിച്ചു.

ഈ ഉപദ്വീപിലെ ജനങ്ങളിൽ ഒട്ടുമിക്കവർക്കും വ്യക്തമായോ അല്ലെങ്കിൽ അവ്യക്തമായോ അറിവുള്ള കാര്യമാണ് ഈ പ്രദേശത്തുള്ള ഒട്ടുമിക്ക ഭാഷകളിലും ഉച്ചനീചത്വ വാക്ക് കോഡുകൾ ഉണ്ട് എന്നത്. ഇത് ഭാഷാ ശാസ്ത്രത്തിന് അറിവില്ല എന്നത് തന്നെ ഈ വക ശാസ്ത്രങ്ങളുടെ ആഴമില്ലാത്ത 'ഗഹന'തയെക്കുറിച്ചുള്ള ഒരു സൂചനയാണ്.

ഭാഷാ ശാസ്ത്രത്തിന് Honorific എന്ന ഒരു പ്രയോഗം അറിവുള്ളതാണ് എന്ന് തോന്നുന്നു. എന്നാൽ ഈ പദപ്രയോഗം ഫ്യൂഡൽ ഭാഷാകോഡുകളെ ഉൾക്കൊള്ളാൻ പര്യാപ്തമല്ല എന്നാണ് തോന്നുന്നത്.

6. ചരിത്രവും ഭാഷാ കോഡുകളും

ഈ ഉപദ്വീപിന്റെ ചരിത്രം എഴുതാൻ തുടങ്ങുമ്പോൾ, ഈ പ്രദേശത്തിലുള്ള ഭാഷകളിൽ ഉണ്ട് എന്ന് പറഞ്ഞ് സമർത്ഥിക്കപ്പെടുന്ന ഫ്യൂഡൽ ഭാഷാ സവിശേഷതളെക്കുറിച്ച് പ്രതിപാദിക്കേണ്ടി വരുന്നത് എന്ത് കൊണ്ടാണ്?

ചരിത്രത്തിൽ പലതും സംഭവിക്കും. അതിൽ പ്രതിപാദിക്കപ്പെടുന്നവർ നല്ലവരെന്നും ചിലർ ദുഷ്ടരെന്നും, ചിലർ ഗുണമേന്മയുള്ളവരെന്നും, അങ്ങിനെ പലതുമായി ആളുകളെ വേർതിരിച്ച് നിർവ്വചിക്കപ്പെട്ട് കാണും. എന്നാൽ വാസ്തവത്തിൽ പലപ്പോഴും ഓരോ ജനതയ്ക്കും അവരുടെ മുകൾത്തട്ടിലുള്ളവർക്കും, കീഴിലുള്ളവർക്കും ഉള്ള പല പൊതു സ്വഭാവങ്ങളും, പ്രതികരണങ്ങളും മാനസിക പെരുമാറ്റങ്ങളും മറ്റും അവർ സംസാരിക്കുന്നതോ, ജീവിക്കുന്ന ചുറ്റുപാടിലുള്ളതോ ഉള്ള ഭാഷയിൽ അന്തർലീനമായിട്ടുള്ള സാമൂഹിക രൂപകൽപനാ കോഡുകൾക്ക് അനുസൃതമായിരിക്കും.

ഇതിനെക്കുറിച്ച് കാര്യമായി ഇവിടെ പ്രതിപാദിക്കുന്നില്ല, ഇപ്പോൾ.

എന്നാൽ, എന്താണ് ദക്ഷിണ ഏഷ്യൻ ഉപദ്വീപിലെ ഭാഷകളുടെ പൊതുവായുള്ള മനുഷ്യ ബന്ധകോടുകൾ എന്നത് തെളിച്ച് പറയാം.

ഇതിന് മുൻപായി ഇതും കൂടി പറയാം. ആഫ്രിക്ക, കിഴക്കൻ യൂറോപ്പ്, പടിഞ്ഞാറൻ യൂറോപ്പ്, ദക്ഷിണ അമേരിക്കൻ രാജ്യങ്ങൾ, ഏഷ്യയിലെ മറ്റ് രാജ്യങ്ങൾ തുടങ്ങിയ ഇടങ്ങളിലെ ഓരോ ഭാഷയ്ക്കും, വ്യത്യസ്തങ്ങളായ മനുഷ്യ ബന്ധ രൂപകൽപനാ കോഡുകൾ ഉണ്ടാവാം. ഇവ ഓരോന്നും ഏത് വിധത്തിലുള്ളതാണ് എന്ന് മനസ്സിലാക്കേണമെങ്കിൽ ആ ഓരോ ഭാഷയും പ്രത്യേകമായി പഠനത്തിന് വിധേയമാക്കേണ്ടിവരും.

ദക്ഷിണ ഏഷ്യൻ ഉപദ്വീപിലെ പല ഭാഷകൾക്കും ഉള്ള ഫ്യൂഡൽ രൂപഘടന ഇങ്ങിനെയാണ്.

ഇങ്ഗ്ളിഷിലെ YOU എന്ന പദത്തിനെ ഹിന്ദിയിൽ തൂ, തും, ആപ്പ്

എന്നും,

മലയാളത്തിൽ നീ, നിങ്ങൾ, സാർ (താങ്കൾ)

എന്നും,

ഇങ്ഗ്ളിഷിലെ HE എന്ന പദത്തിന്

ഹിന്ദിയിൽ ഉസ്സ്, ഉൻ എന്നും,

മലയാളത്തിൽ അവൻ, അയാൾ, സാർ (അവര്, അദ്ദേഹം)

എന്നൊക്കെയാണ്.

ഭാഷാ ശാസ്ത്രപരമായ കാര്യങ്ങൾ കൂടുതലായി ഇവിടെ പ്രതിപാദിക്കുന്നില്ല. കാരണം, ഇത് വളരെ വലിയ ഒരു വിഷയമാണ്.

ഇവിടെ ചെറുതായി ഒന്ന് സൂചിപ്പിക്കാനുള്ള സംഗതി ഉണ്ട്. മലയാളവും മലബാറിയും (മലബാറിലെ പാരമ്പര്യ ഭാഷ) തമ്മിൽ മനുഷ്യബന്ധ കോഡുകളിൽ കാര്യമായ വ്യത്യാസം ഉണ്ട്. കൂടുതൽ ഇവിടെ പ്രസ്താവിക്കുന്നില്ല.

ഫ്യൂഡൽ ഭാഷകളിൽ മനുഷ്യവ്യക്തിത്വത്തിലും, മനുഷ്യബന്ധങ്ങളിലും, സമൂഹത്തിന്റെ ഘടനയിലും, മറ്റും ഇങ്ഗ്ളിഷിൽ നിന്നും വീക്ഷിക്കുമ്പോൾ കാര്യമായ വ്യത്യാസം ഉണ്ട്.

അതിലേക്കും കടക്കുന്നില്ല.

എന്നാൽ പൊതുവായി പറയുകയാണെങ്കിൽ, മനുഷ്യനോട് *അറപ്പ്, അമിത ബഹുമാനം, അമിതമായുള്ള വിദേയത്വവും*, അത് ഇല്ലാതാകുമ്പോൾ ചതിക്കാനുള്ള മനോഭാവം, അമിതമായുള്ള കുശുമ്പ്, പിന്നിൽ നിന്നും കുത്താനുള്ള മാനസിക പ്രേരണ (പാരപണി), അച്ചടക്കത്തെക്കുറിച്ച് ഇങ്ഗ്ളിഷിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാട്, തൊഴിലാളി-തൊഴിലുടമാ ബന്ധത്തിൽ ഇങ്ഗ്ളിഷിൽ നിന്നും കാര്യമായ വ്യത്യാസം, തുടങ്ങി മനുഷ്യന്റെ ഒട്ടുമിക്ക കാര്യങ്ങളെയും ഇത് ബാധിക്കുന്നുണ്ട്.

ഉദാഹരണത്തിന്, ഒരാളെ കസേരയിൽ ഇരുത്തണമോ വേണ്ടയോ എന്നത് തീരുമാനിക്കാൻ അവസരം നൽകുന്ന കോഡുകൾവരെ ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. ഇങ്ഗ്ളിഷിൽ നിസ്സാരമായി കണക്കാക്കപ്പെടുന്ന പലതിനും സങ്കീർണ്ണങ്ങളായ സവിശേഷതകൾ ഫ്യൂഡൽ ഭാഷകളിൽ കാണപ്പെടുന്നുണ്ട്.

ഒരു തൊഴിലുടമ തന്റെ വേതനക്കാരിൽ ആരോടെങ്കിലും, ഒരു ചായ കൊണ്ടുവരുവാൻ പറയുന്നതിൽ വരെ, പലപ്പോഴും താങ്ങാൻ പറ്റാത്ത് സമൂഹിക ഭാരം ഫ്യൂഡൽ ഭാഷകൾ നൽകും. ഒരു ഗ്ളാസ് ചായക്ക് യഥാർത്ഥത്തിൽ അത്രയ്ക്ക് ഭാരമൊന്നുമില്ലതന്നെ.

7. ഭാഷാകോഡുകൾക്ക് മനുഷ്യമനസ്സിന്മേലുള്ള സ്വാധീനം

മുന്നോട്ട് നീങ്ങുന്നതിന് മുൻപായി ഫ്യൂഡൽ ഭാഷകൾക്ക് മനുഷ്യ മനസ്സിന് മേലും, മനുഷ്യ വികാരങ്ങൾക്ക് മേലും, മനുഷ്യന്റെ ശാരീരിക രൂപകൽപനയുടേയും മേലും ഉള്ള സ്വാധീനശക്തിയെക്കുറിച്ച് കുറച്ച് കൂടി പ്രതിപാദിക്കാം എന്ന് കരുതുന്നു.

ആദ്യം ഒരു ചെറിയ ഉദാഹരണം എടുക്കാം.

സമൂഹത്തിലെ അറിയപ്പെടുന്ന മാന്യനായ മനുഷ്യൻ ഒരു നിയമപരമായ പ്രശ്നത്തിൽപ്പെട്ട് ഒരു ഐപിഎസ് ഓഫിസറെ വീട്ടിൽ പോയികാണുന്നു. ഐപിഎസ് ഓഫിസർ എല്ലാം കേട്ടതിന് ശേഷം, അയാളോട് ഇങ്ങിനെ പറയുന്നു, 'നീ എന്തിനാണ് ഇതെല്ലാം ചെയ്യാൻ പോയത്?'

തീർച്ചായും 'നീ' എന്ന പ്രയോഗം തരംതാഴ്ത്തിക്കൊണ്ടാണ് ഉപയോഗിച്ചിരിക്കുന്നത്.

എന്നാൽ ഇത് പറഞ്ഞത്, പോലീസ് വകുപ്പിലെ ഏറ്റവും ഉയർന്ന ജീവനക്കാരനാണ്. വലിയ പ്രശ്നം ഇല്ല. ചെറുതായൊന്നു താഴ്ന്നു അത്രമാത്രം.

കുറച്ച് നേരം വിഷാദത്തോടു കൂടി വരാന്തയിൽ ഇരിക്കുമ്പോൾ, ഐപിഎസ്സുകാരന്റെ വീട്ടു വേലക്കാരൻ അടുത്ത് വന്ന് അയാളോട് പറയുന്നു, 'നീ എന്തിനാണ് ഇതിനെല്ലാം പോയത്?'

ഇവിടെയും 'നീ' എന്ന പ്രയോഗം തരംതാഴ്ത്തിയാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഈ പ്രാവശ്യം തരംതാഴ്ന്നത് കുത്തനെ സാമൂഹിക ഗർത്തത്തിലേക്കാണ്.

ഇങ്ങിനെയുള്ള നിസ്സാരം എന്ന് തോന്നിക്കുന്ന വാക്ക്-കോഡ് ഉപയോഗിച്ച് ആളെ മലക്കംമറിക്കുന്നത് പോലെ എടുത്ത് കുടയാനും എറിയാനും ഉള്ള കഴിവ് ഫ്യൂഡൽ ഭാഷകളുടെ വാക്ക്-കോഡുകൾക്ക് ഉണ്ട്.

ഉദാഹരണത്തിന്, പോലീസ് കോൺസ്റ്റബ്ള്‍ ഐപിഎസ് ഓഫീസറെ നീയെന്നോ, ഇഞ്ഞിയെന്നോ വളരെ സ്നേഹാദരങ്ങളോടുകൂടി സംബോധന ചെയ്താലും ഇതേ പോലുള്ള കുടച്ചിൽ അനുഭവപ്പെടും. വാക്ക്-കോഡാണെങ്കിൽ, ശരിക്കും കേൾക്കാൻപോലും ഇല്ലാത്ത ചെറിയൊരു ശബ്ദം മാത്രം.

8. മലബാറിയും മലയാളവും

ഇനി മറ്റൊരു ഉദാഹരണം എടുക്കാം. ഇത് മലയാളവും (വടക്കേ മലബാറിലെ) മലബാറിയും തമ്മിലുള്ള ഒരു നിസ്സാരമായ വാക്ക്-കോഡ് താരതമ്യപ്പെടുത്തലാണ്.

മലയാളത്തിൽ YOU എന്ന പ്രയോഗം സാറ്, അങ്ങുന്ന്, നിങ്ങൾ, താൻ, ഇയാള്, നീ തുടങ്ങി പലവാക്കുകളാലും ആണ്.

മലബാറിയിൽ, YOU എന്ന പ്രയോഗത്തിന് നിങ്ങൾ/ ഇങ്ങൾ, ഇഞ്ഞി എന്ന രണ്ട് പ്രയോഗങ്ങളേ ഉള്ളു (നിങ്ങളും ഇങ്ങളും തമ്മിൽ ചെറിയൊരു വ്യത്യാസം ഉണ്ട്. അത് ഇവിടെ ചർച്ചക്ക് ഇപ്പോൾ എടുക്കുന്നില്ല).

നിങ്ങൾ/ ഇങ്ങൾ വളരെ ഉയരത്തിലും, ഇഞ്ഞി വളരെ താഴെയും ആണ്.

ഇതേ പോലെ, HE എന്ന വാക്ക് മലയാളത്തിൽ, സാറ്, അദ്ദേഹം, അങ്ങുന്ന്, അങ്ങേര്, അയാൾ, പുള്ളി, പുള്ളിക്കാരൻ, അവൻ തുടങ്ങിയ വാക്കുകളാണ്. (വേറെയും വാക്കുകൾ ഉണ്ട്)

മലബാറിയിൽ, HE എന്ന പ്രയോഗത്തിന് ഓാര്/ ഓല്, മൂപ്പര്, അയാൾ, ഓൻ എന്ന പ്രയോഗങ്ങൾ ഉണ്ട്.

SHE എന്ന വാക്ക് മലയാളത്തിൽ സാറ്, മാഡം, മേഡം, അവര്, അയാൾ, പുള്ളി, പുള്ളിക്കാരി, അവൾ തുടങ്ങിയ പ്രയോഗങ്ങളാണ്. (വേറെയും വാക്കുകൾ ഉണ്ട്).

മലബാറിയിൽ, SHE എന്ന പ്രയോഗത്തിന് ഓര്/ ഓല്, ഓള് എന്ന രണ്ട് വ്യത്യസ്ത നിലവാരങ്ങളുള്ള പ്രയോഗങ്ങളാണ് മുഖ്യമായി ഉപയോഗിച്ചുവരുന്നത്.

ഇവിടെ ചർച്ചക്ക് ഈ SHE എന്ന വാക്ക് മാത്രം എടുക്കാം.

മലയാളത്തിൽ തൊഴിലിനുവരുന്ന സ്ത്രീയെക്കുറിച്ചും, ആ ആളോടും പലപ്പോഴും, അയാൾ, പുള്ളി, പുള്ളിക്കാരി, നിങ്ങൾ തുടങ്ങിയ വാക്കുകളാണ് തിരുവിതാംകൂറിൽ ഉപയോഗിക്കുക. ഇതിൽ 'അവൾ' എന്ന പ്രയോഗം പലപ്പോഴും ഉപയോഗിക്കില്ല.

അതേ അവസരത്തിൽ മലബാറിൽ, ബഹുമാനിക്കപ്പെടുന്ന സ്ത്രീയെ നിങ്ങൾ/ഇങ്ങൾ എന്ന് സംബോധന ചെയ്യുകയും, 'ഓര്/ഓല്' എന്ന് സൂചിപ്പിച്ച് സംസാരിക്കുകയും ചെയ്യും. എന്നാൽ ചെറിയതോതിൽ ഇത്രമാത്രം ബഹുമാനം നൽകാൻ പറ്റാത്ത ഏത് സ്ത്രീയേയും, വടക്കെ മലബാറിൽ 'ഇഞ്ഞി' എന്ന് സംബോധന ചെയ്യുകയും, 'ഓള്' എന്ന് പരാമർശിച്ച് സംസാരിക്കുകയും ചെയ്യും.

ഇത് മലബാറിന്റെ സാമൂഹികാന്തരീക്ഷത്തെത്തന്നെ വികലപ്പെടുത്തിയിട്ടുണ്ട്. പല ഉൾനാടൻ പ്രദേശങ്ങളിൽ കുറച്ച് സാമൂഹിക

മഹിമയുള്ള വീടുകളിലെ സ്ത്രീകൾ തൊട്ടടുത്തുള്ള അങ്ങാടിയിൽ സാധനം വാങ്ങിക്കാൻ പോകാൻ പോലും ഇഷ്ടപ്പെടില്ല.

പല സ്ത്രീകളും 'ഓള്', 'ഇഞ്ഞി' പ്രയോഗത്തിന്റെ പ്രഹരത്താൽ, അവരുടെ മേൽ ആധിപത്യം ഉള്ള ആളുകളുടെ മുന്നിൽ ഒരു അമിതവിനയം കാട്ടിനടക്കാൻ ശ്രമിക്കും. എന്നാൽ, ഏതെങ്കിലും രീതിയിൽ ഒരു അദ്ധ്യാപികയോ മറ്റോ ആവാൻ പറ്റിയാൽ, ഈ ഭാഷാ കെടുതിയിൽ നിന്നും രക്ഷനേടും. അങ്ങാടിയിൽ പോകാനുള്ള വൈമനസ്യം നന്നായിത്തന്നെ മാറിക്കിട്ടും. ആളുടെ പെരുമാറ്റവും സ്വഭാവവും ശരിക്കും കുത്തനെ മാറിമറിയാനും മതി.

ഈ വിഷയം ഇവിടെ നിർത്തുകയാണ്. എന്നാൽ, വായനക്കാരന് ചിന്തിക്കാനുള്ള ഒരു കാര്യം നൽകാം.

മലബാറിയിൽ, പുരുഷന് 'ഓൻ' എന്ന നിലവരത്തിൽനിന്നും 'അയാൾ' എന്ന നിലവാരത്തിലേക്ക് ഉയരാൻ പറ്റും. എന്നാൽ 'ഓര്' എന്ന നിലവാരത്തിലേക്ക് ഉയരാൻ അത്ര എളുപ്പമല്ല, പലർക്കും.

അതേസമയം, അയാളുടെ ഭാര്യക്ക് കുറച്ച് സാമൂഹിക മഹിമ ലഭിച്ചാൽ, നേരേ ഉയരുന്നത് 'ഓര്' എന്ന നിലവാരത്തിലാണ്.

മലയാളത്തിൽ, കാര്യങ്ങൾ വേറെ വിധത്തിലാണ്.

ഇതിനെക്കുറിച്ച് വായനക്കാരന് സ്വയമായി ചിന്തിക്കാവുന്നതാണ്. ഭാഷാ കോഡുകളുടെ ഒരു ചെറിയ ചിത്രീകരണം മാത്രമാണ് ഇവിടെ നൽകിയിട്ടുള്ളത്.

ഇതു മാതിരി, ആയിരക്കണക്കിന് വാക്ക്-കോഡുകൾ ഓരോ ഭാഷയിലും ഉണ്ട്. കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ മാത്രം, ഇത് മാതിരിയുള്ള അതീവ സങ്കീർണ്ണതകൾ ഉള്ള വാക്ക്-കോഡുകൾ ഇല്ലതന്നെ. ഇത് ഇങ്ഗ്ളിഷിന്റെ ഒരു പരാജയമായി ഫ്യൂഡൽ ഭാഷക്കാർ ചിത്രീകരിക്കപ്പെടുന്നത് കണ്ടിട്ടുണ്ട്.

9. ചുറ്റിക പ്രഹരം ഏൽപ്പിക്കുന്ന വാക്ക്-കോഡുകൾ

ഈ ഉപദ്വീപിന്റെ ചരിത്രത്തിലേക്ക് പോകുന്നതിന് മുൻപായി, ഫ്യൂഡൽ ഭാഷാ-കോഡുകൾ ജനക്കൂട്ടങ്ങളെ പ്രഹരിക്കുന്ന അവസരത്തിൽ, അവ ഏൽപ്പിക്കുന്ന ബലത്തെക്കുറിച്ച് ചെറുതായി സൂചിപ്പിക്കാം.

നേരത്തെ നൽകിയ ഉദാഹരണത്തിൽ, ഐപിഎസ് ഉദ്യോഗസ്ഥന്റെ വീട്ടുവേലക്കാരൻ 'നീ' എന്നോ 'ഇഞ്ഞി' എന്നോ സംബോധനചെയ്താലും, 'അവൻ' ('ഓൻ'), 'അവള്' ('ഓള്') എന്ന് പരാമർശിച്ച് സംസാരിച്ചാലും, ഉളവാക്കുന്ന സാമൂഹികമായി അമർത്തുന്നതിന്റെ ശക്തി, ഒരു ഉദാഹരണം മാത്രമാണ്.

പൊതുവായിപ്പറഞ്ഞാൽ, പഴയ കാലങ്ങളിൽ ബ്രാഹ്മണരെ ഇന്നത്തെ സർക്കാർ ജീവനക്കാരുമായി താരതമ്യം ചെയ്യാവുന്നാണ്. മലബാർ, തിരുവിതാംകൂർ പ്രദേശങ്ങളിൽ പൊതുവായി നായന്മാരെ, പോലീസ് കോൺസ്റ്റബ്ൾമാരായും താരതമ്യം ചെയ്യാവുന്നതാണ്. ചുറ്റുപാടിലുള്ള ജനങ്ങൾ 'ബഹുമാനം' ഇവർക്ക് നൽകിയേ തീരൂ. മാത്രവുമല്ല, ഇവർക്ക് കൈയ്യൂക്കും കൈയ്യാംകളിയും ആവാം. താഴെയുള്ളവരോട് നീ (ഇഞ്ഞി), അവൻ (ഓൻ), അവൾ (ഓള്), അവറ്റകൾ (ഐറ്റിങ്ങൾ) തുടങ്ങിയ വാക്കുകളാൾ ഉപയോഗിക്കാം. അവരെ പേരുവിളിക്കാം.

ബ്രാഹ്മണന്മാരിൽ തന്നെ പലനിലാവാരങ്ങളും ഉണ്ട്. അമ്പലം അടിച്ചു (തൂത്തു) വാരുന്നവർവരെ ബ്രാഹ്മണ ജാതിയിൽ പെടുന്നുണ്ട്. സർക്കാർ തൊഴിലുകാരിലും ഇതുപോലുള്ള പലതട്ടുകളും ഉണ്ട്.

ജാതിപരമായി താഴോട്ട് പോകുമ്പൾ, നീ, എടാ,എടി, അവൻ, അവൾ, അവറ്റകൾ (മലബാറിയിൽ ഇഞ്ഞി, ഓൻ, ഓള്, ഐറ്റിങ്ങൾ) എന്നീ വാക്കുകളുടെ പ്രഹര ശക്തിയിൽ, മുകളിലെ പല സാമൂഹിക തട്ടുകളുടേയും ഭാരം പ്രഹര ശക്തിക്ക് ഊക്ക് നൽകും.

അങ്ങ് താഴോട്ടേക്ക് എത്തുമ്പോഴേക്കും, ഈ വാക്കുകൾക്ക് ശരിക്കും ചുറ്റികയുടെ പ്രഹരശക്തിതന്നെ വന്നുചേരും.

ഏൽക്കുന്ന ആളുടെ മുഖഭാവത്തിലും, ശരീരഘടനയിലും ഈ പ്രഹരത്തിന്റെ ഊക്ക് തട്ടിയതിന്റെ അടയാളം കാണാനാവും.

10. വാക്ക്കോഡുകളുടെ പ്രഹരം ഏൽക്കുമ്പോൾ

വാക്കുകളുടെ പ്രഹര ശക്തിയെക്കുറിച്ച് പറയുമ്പോൾ, മറ്റൊരു കാര്യം കൂടി പറയേണ്ടിവരും. ജാതീയമായോ, മറ്റേതെങ്കിലും വിധേനെയോ തരം താഴ്ത്തി ഉച്ചനീചത്വ കോഡുകളിൽ ബന്ധിക്കപ്പെട്ടിട്ടുള്ളവരിലാണ് ഈ മാതിരിയുള്ള ചുറ്റികയ്ക്ക് ഊക്ക് കൂടുന്ന പ്രതിഭാസം കൂടുതലായും സംഭവിക്കുള്ളു.

ഉദാഹരണത്തിന് പഴയകാല ബ്രാഹ്മണൻ തന്റെ മകനെ 'നീ' എന്ന് സംബോധന ചെയ്താലുളവാകുന്ന പ്രഹരം നിസ്സാരമായിരിക്കും. കാരണം, അതേ മകന് കീഴെയായി ബഹുമാനിക്കുകയും അങ്ങിനെ ഉയർത്തിപ്പിടിക്കുന്നതുമായ വലിയൊരു ജനസംഖ്യ ഉണ്ടാവും. മാത്രവുമല്ല, ഈ മകന് അവരെ നീ (ഇഞ്ഞി), അവൻ (ഓൻ), അവൾ (ഓള്) തുടങ്ങിയ വാക്കുകളാൽ അമർത്തുകയും അതിനാൽ ലഭിക്കുന്ന പ്രതിപ്രവർത്തനത്താൽ, മാനസികമായും ശാരീരികമായും ഉയരാനാവും.

അതേ സമയം, ജാതീയ സംവിധാനത്തിൽ വളരെ അടിയിൽ അകപ്പെട്ട് പോയ വളരെ താഴ്ന്ന ജാതിക്കാരൻ തന്റെ മകനെ 'നീ' എന്നോ 'ഇഞ്ഞി'യെന്നോ സംബോധന ചെയ്താൽ, ചുറ്റിക പ്രഹത്തിന് കാര്യമായ ഊക്ക് ഉണ്ടായിരിക്കും.

[Note: മനുഷ്യ രൂപകൽപ്പനാ കോഡുകുളിൽ പലതരം കോഡുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ വാക്കുകൾ കൊണ്ടുള്ള കോഡുകൾ ഒന്നുമാത്രമേ ആകുന്നുള്ളു. വാക്കുകൾ അല്ലാത്ത വേറെ പലതും ഉണ്ട്. ഈ കാര്യത്തെക്കുറിച്ച് ചെറുതായുള്ള ഒരു വിവരണം, ഈ എഴുത്തുകാരന്റെ തന്നെ ഗ്രന്ഥമായ Software codes of mantra, tantra, witchcraft, black magic, evil eye, evil tongue &c. ൽ കാണാവുന്നതാണ്.

ഇതേ പാതയിൽ ചിന്തിച്ചാൽ, ഈ പ്രത്യേകമായിട്ടുള്ള പ്രഹരം ബ്രാഹ്മണ മതത്തിന് അടിമപ്പെടാത്ത ജനസമൂഹങ്ങളെ കാര്യമായി ബാധിക്കില്ല. ഉദാഹരണത്തിന്, ഈ ഉപഭൂഖണ്ഡത്തിൽ, മതം മാറിയും അല്ലാതെയും ഉള്ള മുസ്ളിംസ്, ക്രിസ്ത്യാനികൾ എന്നിവരെ ഈ പ്രത്യേകമായുള്ള പ്രഹരം ചെറുതായേ ബാധിക്കുള്ളു. എന്നാൽ, ഭാഷാ കോഡുകളിലെ പൈശാചികത ഇവരേയും മറ്റുവിധത്തിൽ ബാധിച്ചേക്കാം.

1780കളിൽ ഫ്രഞ്ച് പട്ടാളം ഒരു ഇങ്ഗ്ളിഷ് നാവിക കപ്പിലിനെ കീഴ്പ്പെടുത്തി, അതിലുള്ള നാവികരെ ടിപ്പു സൽത്താന്റെ (Sultan Tipu) ആളുകൾക്ക് കൈമാറി. ഇവരിൽ James Scurry എന്ന ചെറുപ്പക്കാരനെ ടിപ്പുവിന്റെ ആളുകളിൽ ചിലർ വീട്ടുവേലക്കാരനായി ഏറ്റെടുത്തു. തുടർന്ന് ഏതാണ്ട് 10 വർഷക്കാലം ഇദ്ദേഹം പ്രദേശിക ഭാഷ സംസാരിക്കാൻ പഠിച്ച്, അവരുടെ ഇടയിൽ ഒരു വീട്ടുവേലക്കാരനായി ജീവിച്ചു. നിലത്ത് മറ്റ് പണിക്കാരോടൊപ്പം ഇരുന്ന് ഭക്ഷണം കഴിച്ചു. യജമാനന്മാർ നൽകിയ പഴയ വസ്ത്രങ്ങൾ ധരിച്ചു. നിലത്ത് കിടന്നു. യജമാനന്മാരുടെ ആട്ടും YOU, HE, HIM, HIS എന്ന വാക്കുകളുടെ

താഴെക്കിടയിലുള്ള പദപ്രയോഗങ്ങളും കേട്ടും അനുഭവിച്ചും ജീവിച്ചു. ഇദ്ദേഹത്തിന്റെ ശരീരം ശരിക്കും പ്രാദേശിക ഭാഷയിലെ ചെക്കൻ, ചെറുക്കൻ എന്ന രീതിയിലേക്ക് മാറി. കസേരയിൽ ഇരിക്കാൻ പോലും ഇദ്ദേഹം മറന്നുപോയി.

ഇങ്ഗ്ളിഷുകാർ വർഷങ്ങൾക്ക് ശേഷം ടിപ്പുവിനെ തോൽപ്പിച്ചപ്പോൾ, ഇദ്ദേഹം തിരിച്ച് ഇങ്ഗ്ളണ്ടിലേക്ക് പോയി. അവിടെ വച്ച് പലർക്കു ഇദ്ദേഹം ഒരു ഇങ്ഗ്ളിഷുകാരനാണ് എന്ന് സമ്മതിച്ചുകൊടുക്കാൻ പോലും പ്രയാസമായി. കാരണം, ശരീര പ്രകൃതം തിക്കച്ചും ഉപദ്വീപിലെ വളരെ താഴ്ന്ന പണിക്കാരുടേത് പോലെയായിരുന്നു. മാത്രവുമല്ല, ഇദ്ദേഹത്തിന് ഇങ്ഗ്ളിഷുകാരിൽ സ്വതസിദ്ധമായി ഉണ്ടായിരുന്ന ആത്മവിശ്വാസവും (Self-confidence) ആത്മാഭിമാനവും (Self-esteem) നഷ്ടപ്പെട്ടിരുന്നു. മേശയിൽ ഇരുന്നു ഭക്ഷണം കഴിക്കാൻ പോലുമുള്ള ആത്മവിശ്വാസം നഷ്ടമായിരുന്നു. ഇവയെല്ലാം തിരിച്ചു കിട്ടാൻ വർഷങ്ങൾ തന്നെ വേണ്ടിവന്നു. കൂടുതൽ വിവരത്തിന് ഈ ലിങ്ക് പരിശോധിക്കുക: https://archive.org/details/ScurryOPT

11. ഒരു ഇങ്ഗ്ളീഷ് രാജ്യത്തിൽ കാപ്പിരികൾക്കുണ്ടായ അനുഭവം



മുകളിൽ നൽകിയിരിക്കുന്നത് 1808ന് ചുറ്റുപാടിൽ, British West African Squadron അമേരിക്കയിലേക്ക് അടിമ വ്യാപാരികൾ കാപ്പിരികളെ കൊണ്ടുപോകുന്ന കപ്പൽ തടഞ്ഞ് വച്ച് അതിലെ അടിമകളെ 'രക്ഷിച്ച'ചിത്രമാണ്. കാപ്പിരി അടിമകൾ അഫ്രിക്കൻ സമൂഹത്തിലെ താഴെക്കിടയിലുള്ളവരായിരുന്നു മിക്കവരും. അതുമല്ലെങ്കിൽ മറ്റ് ആഫ്രിക്കൻ നേതൃസംഘങ്ങൾ യുദ്ധത്തിൽ തോൽപ്പിച്ച് അടിമ വ്യാപാരികൾക്ക് വിറ്റവരായിരുന്നു.

ഈ അടിമകളെ ലോകത്തിന്റെ പലദിക്കുകളിലും വിറ്റിരുന്നെങ്കിലും, അമേരിക്കയിലെ ഇങ്ഗ്ളീഷ് പ്രദേശങ്ങളിൽ വിറ്റവർക്ക് യഥാർത്ഥത്തിൽ മാനസികമായി ഉന്നമനമായിരുന്നു സംഭവിച്ചത്. അവരുടെ യജമാനന്മാരുമായി ഇങ്ഗ്ളീഷിൽ സംഭാഷണം ചെയ്തപ്പോൾ, അവരുടെ പ്രാദേശിക ഭാഷയിൽ ഉണ്ടായിരുന്ന മിക്കവാറും അമർത്തലുകൾ അപ്രത്യക്ഷപ്പെട്ടു.

ഇങ്ങിനെ നോക്കുമ്പോൾ, British West African Squadron മുകളിലെ ചിത്രത്തിലെ കാപ്പിരികളോട് ചെയ്തത് 100% നല്ലകാര്യമാണ് എന്ന് ഉറപ്പിച്ച് പറയാൻ പറ്റില്ല. കാരണം, ഇവർ യൂഎസ്എ പ്രദേശങ്ങളിൽ ആണ് വിറ്റഴിക്കപ്പെട്ടിരുന്നതെങ്കിൽ, വെറും 50 വർഷങ്ങൾക്കുള്ളിൽ നല്ല ഇങ്ഗ്ളീഷ് സംസാരിക്കുന്ന യൂഎസ് പൌരന്മാരായിത്തീരുമായിരുന്നു.

എന്നാൽ British West African Squadron രക്ഷിച്ച അടിമകൾ അവരുടെ ഭീകരമായ സാമൂഹിക അന്തരീക്ഷത്തിലേക്കാണ് മിക്കവാറും തിരിച്ചുപോയത്.

ആഫ്രിക്കൻ സമൂഹങ്ങളിലെ ഭീകരാവസ്ഥ ശരിക്കും മനസ്സിലാകണമെങ്കിൽ, അവിടങ്ങളിൽ ഉള്ള പ്രാദേശിക ഭാഷകളിലെ ഭീകരങ്ങളായ കോഡുകളെക്കുറിച്ച് ബോധവാന്മാരിയിരിക്കേണം. എന്നാൽ പൊതുവെ



പറഞ്ഞാൽ, ഈ കാര്യത്തെക്കുറിച്ച് ഇന്നുള്ള ഇങ്ഗ്ളിഷുകാർക്ക് യാതോരു വിവരവും ഇല്ലതന്നെ.

ചരിത്രമെഴുത്തിലും, സാമൂഹിക ശാസ്ത്രങ്ങളിലും (Social Science) രാഷ്ട്രതന്ത്രത്തിലും (Political Science), മനശാസ്ത്രത്തിലും (Psychology) മറ്റും മറ്റും, ഈ കാര്യത്തെക്കുറിച്ച് സൂചനകൾ കാണാനാവുമോ എന്ന് തീർത്തും പറയാനാവില്ല.

യൂഎസ്എയിൽ ഇങ്ഗ്ളിഷ് നിർബന്ധപൂർവ്വം പഠിച്ച് അടിമത്തത്തിലും വർണ്ണവിവേചനത്തിലും പെട്ട് ഉഴലുന്ന കാപ്പിരികളുടെ ചിത്രമാണ് താഴെ. ഇവർക്ക് ഇന്നും പരാതികളെ ഉള്ളു:

കഴിഞ്ഞപേജിൽ നൽകിയത്, ആഫ്രിക്കയിലെ സ്വതന്ത്ര ജനതയുടെ ചിത്രമാണ്. അടിമ വ്യാപാരികൾ പിടികൂടിയപ്പോൾ.

12. ആരെ അകറ്റിനിർത്തേണം

നേരത്തെ സൂചിപ്പിച്ച James Scurryയുടെ കഥയിൽ നിന്നും മറ്റ്ചില കാര്യങ്ങൾകൂടി പറയുവാനുണ്ട്.

അത് അയിത്തത്തെക്കുറിച്ചാണ്.

മുൻകാലങ്ങളിൽ ബ്രാഹ്മണരോട് നായന്മാർ പ്രത്യക്ഷമായിത്തന്നെ ബഹുമാനം നൽകുമായിരുന്നു. ബ്രാഹ്മണരെ നായന്മാർ ബഹുമാനിച്ചില്ലെങ്കിൽ പ്രശ്നമാണ്.

കോൺസ്റ്റബ്ൾ, ഐപിഎസ്കാരെ 'നീ' എന്ന് സംബോധന ചെയ്യുന്നത് പോലെയും, 'അവൻ', 'അവൾ' എന്ന് പരാമർശിക്കുന്നതും പോലെയാണ് ഇത്.

അങ്ങിനെയുള്ള നായന്മാർ പ്രശ്നക്കാരും, അപ്രിയരും, അറപ്പുളവാക്കുന്നവരും ആകും. അടുപ്പിക്കാൻ കൊള്ളില്ല.

എന്നാൽ, സാധാരണ ഗതിയിൽ നായന്മാർ ഇതിന് മുതിരില്ല. കാരണം, ഇതിന് മുതിരുന്നത്, അവർക്ക് സാമൂഹികമായി ഉന്നമനം നൽകുന്ന സാമൂഹിക ഘടനക്ക് മഴു വെക്കുന്ന പരിപാടിയാകും.

എന്നാൽ, ജാതി വ്യവസ്ഥയിൽ താഴോട്ടുള്ളവർക്ക് ഈ വ്യവസ്ഥ നിലനിർത്താൻ അത്രകണ്ട് താൽപ്പര്യം ഉണ്ടാവില്ല. അവർ അവസരം ലഭിച്ചാൽ, 'ബഹുമാനം' പിൻവലിക്കും.

ഇങ്ങിനെയുള്ള താഴ്ന്ന ജാതിക്കാരെ അകറ്റി നിർത്തുക തന്നെ വേണം എന്ന് ഫ്യൂഡൽ ഭാഷാ-കോഡുകൾ അനുശാസിക്കുന്നു. അവരെ കായികമായും മാനസികമായും തളർത്തി ഇയിരിക്കേണം.

മറ്റൊന്ന്, ഫ്യൂഡൽ ഭാഷകളിൽ ഉള്ള ബഹുമാനം എന്ന സങ്കൽപ്പത്തിന് തത്തുല്യമായ ഒരു പദപ്രയോഗം കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ (pristine-ENGLISH) ഇല്ലതന്നെ. ഇങ്ഗ്ളിഷിലെ 'Respect' എന്ന പദപ്രയോഗവും ഫ്യൂഡൽ ഭാഷകളിലെ ബഹുമാനവും തമ്മിൽ വളരെ കുറച്ച് മാത്രമെ ബന്ധമുള്ളു. ഫ്യൂഡൽ ഭാഷകളിലെ ബഹുമാനം ഭയപ്പെടുത്തിയും, ഭീഷണിയുടെ നിഴലിലും, കായിക ശക്തി പ്രകടിപ്പിച്ചും, മാനസിക വിധേയത്വം ഉളവാക്കിയും മറ്റും നിർബന്ധപൂർവ്വം പിടിച്ചുവാങ്ങുന്ന കാര്യമാണ്.

ഇങ്ഗ്ളിഷിലെ 'Respect' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, മനസ്സിൽ തോന്നുന്ന ഒരു ലളിതവും, ലോലവും, ദിവ്യവുമായ ഒരു അനുഭൂതിയാണ്.

13. മനോവിഭ്രാന്തി ഉളവാക്കുന്ന വാക്ക്-കോഡുകൾ

ഫ്യൂഡൽ ഭാഷകളുടെ വിവിധതരം സവിശേഷതകളെക്കുറിച്ച് ആയിരക്കണക്കിന് കാര്യങ്ങൾ പറയാവുന്നതാണ്. കാരണം, അവയിലെ വാക്ക് കോഡുകൾ ഈ ഭാഷകൾ സംസാരിക്കുന്നവരുടെ ഓരോ വാക്കിലും പ്രവർത്തിക്കും.

ഇവയെക്കുറിച്ച് പിന്നീട് അവസരോചിതമായി സൂചിപ്പിക്കാം.

എന്നാൽ ഇവയെന്താണ് എന്നതിനെക്കുറിച്ച് ചില ചെറിയ ഉദാഹരണങ്ങൾ ഇവിടെ നൽകാം.

ഏറ്റവും ആദ്യം ഇവിടെ സൂചിപ്പിക്കുന്നത്, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവരിൽ പൊതുവെ കണ്ടുവരുന്ന വിവിധവും വൈരുധ്യപൂർണ്ണവുമായ വ്യക്തിത്വ ഭാവങ്ങൾ ആണ്.

ഒരേ വ്യക്തിയെ അയാളെക്കാൾ സാമൂഹികമോ മറ്റോ ആയ രീതിയിൽ ഉയർന്ന ആൾ, 'നീ', 'നിങ്ങൾ', 'സാർ'/'മാഡം' എന്ന് സംബോധന ചെയ്യുന്നതിന് അനുസൃതമായി ആ ആളുടെ വ്യക്തിത്തവും വളരെ വ്യക്തമായിത്തന്നെ മാറും.

ഇതേ വ്യക്തിയെത്തന്നെ അയാളെക്കാൾ സാമൂഹികമോ മറ്റോ ആയ രീതിയിൽ താഴ്ന്ന ഒരു വ്യക്തി 'നീ', 'നിങ്ങൾ', 'സാർ'/'മാഡം' എന്ന് സംബോധന ചെയ്യുന്നതിന് അനുസൃതമായും ആ ആളുടെ വ്യക്തിത്വത്തിൽ വ്യതിചലനം സംഭവിക്കും.

മുകളിൽ ചെറുതായി സൂചിപ്പിച്ച ഉദാഹരണങ്ങൾ പ്രകാരം ആ വ്യക്തിക്ക് ആറുതരം വ്യക്തിത്വ ഭാവങ്ങൾ ഉണ്ടാവാം. യഥാർത്ഥത്തിൽ ഇതിലും കൂടുതൽ ഉണ്ട്.

ഒരാളോട് മാന്യമായി പെരുമാറുക, ഞെട്ടിച്ച് സംസാരിക്കുക, പരിഹസിച്ച് സംസാരിക്കുക, തരംതാഴ്ത്തി സംസാരിക്കുക, പുകഴ്ത്തി സംസാരിക്കുക, കളവില്ലാതെ സംസാരിക്കുക, കളവ് ചേർത്ത് സംസാരിക്കുക, സമയകൃത്യതപാലിക്കുക, സമയകൃത്യതപാലിക്കാതിരിക്കുക, വാക്ക് പാലിക്കുക, വാക്ക് പാലിക്കാതിരിക്കുക തുടങ്ങിയ ഓരോ മനോഭാവവും ഈ മുകളിൽ സൂചിപ്പിച്ച ആപേക്ഷികമായ വാക്ക്-കോഡ് നിലവാരത്തെ ആശ്രയിച്ചായിരിക്കും ഇരിക്കുക.

ശരിക്കും പറഞ്ഞാൽ, എല്ലാവരും 'സാറ്' എന്ന് സംബോധന ചെയ്ത് കൊണ്ടിരിക്കുന്ന ഒരാളെ പെട്ടെന്ന് ആൾക്കൂട്ടത്തിൽ നിന്നും ഒരു വ്യക്തി 'നിങ്ങൾ' എന്ന് സംബോധന ചെയ്താൽ, മനശ്ശാസ്ത്രം എന്ന വിഡ്ഢി ശാസ്ത്രത്തിൽ 'schizophrenia' എന്ന് വിളിക്കുന്ന മനോരോഗത്തിന്റെ പല ലക്ഷണങ്ങളും ചെറുതായോ കാര്യമായിത്തന്നെയോ പ്രകോപിപ്പിക്കപ്പെട്ടേക്കാം.

ഇതിന്റെ ഏറ്റവും വ്യക്തമായ ഉദാഹരണം, കേരളത്തിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പോയി അവിടുള്ള ജീവനക്കാരിൽ ആരെയെങ്കിലും ഒരു 'സാധാരണ' പൌരൻ, 'നിങ്ങൾ' എന്ന് സംബോധന ചെയ്താൽ, (പ്രത്യേകിച്ചും ഇൻസ്പെക്ക്ടറെ), ആ ജീവനക്കാരന് മനോനില നഷ്ടപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്. ആഗതന്റെ മുഖത്ത് അടിവീഴാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

സർക്കാർ ഓഫിസുകളിൽ പോയി അവിടെയുള്ള ജീവനക്കാരനെ ഒരു 'സാധാരണ' പൌരൻ, 'നിങ്ങൾ' എന്ന് സംബോധന ചെയ്താൽ, അസഭ്യവർഷവും അടിയും കിട്ടുകയില്ലെങ്കിലും, കിട്ടാനുള്ള ഔദ്യോഗിക കടലാസുകൾ കിട്ടാൻ ചിലപ്പോൾ പ്രയാസം വന്നേക്കും. കാരണം, ജീവനക്കാരന് അതികഠിനമായ വ്യക്തിവിരോധം വന്നുപെട്ടിട്ടുണ്ടാവും. മനസ്സിൽ ഒരു തരം വിഷം കയറിയ അവസ്ഥയായിരിക്കും.

ഇവിടെ ഈ വക മാനസിക വിക്ഷോഭങ്ങൾ സൃഷ്ടിക്കുന്നത് ഭാഷാ കോഡുകളാണ്. വ്യക്തിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ഈ വക നിരീക്ഷണങ്ങൾ ഇങ്ഗ്ളിഷ് പോലുള്ള ഒരു നിരപ്പുള്ള ഭാഷാ മനോഭാവത്തിൽ നിന്നും നോക്കിയാലാണ് വളരെ വ്യക്തമായി കാണാനാവുക.

14. കപട മനോഭാവത്തിന്‍റെ കോഡുകൾ

ഫ്യൂഡൽ ഭാഷയുടെ പ്രവർത്തന രീതിയെക്കുറിച്ച് പ്രതിഫലിക്കുന്ന മറ്റൊരു ഉദാഹരണം നൽകാം.

ചതിക്കുക എന്നുള്ളത് ഒരു വ്യക്തിയുടെ സ്വഭാവഗുണത്തിനേക്കാൾ ഏറെ ഭാഷാ കോഡിന്‍റെ നിർബന്ധപൂർവ്വമായുള്ള പ്രവർത്തനം ആവാം. ഫ്യൂഡൽ ഭാഷകളിൽ ഈ വക കാര്യങ്ങൾ പലപ്പോഴും ഒരു നിത്യചര്യയായി കോഡ് ചെയ്യപ്പെട്ടിരിക്കും.

ഏറ്റവും ചെറിയ ഒരു ഉദാഹരണം നൽകാം.

പൊതുവെ കൈയിൽ ഒരുങ്ങാത്ത സാമൂഹിക നിലവാരമോ, ഔദ്യോഗിക പദവിയോ, പ്രായമോ, സാമ്പത്തിക നിലവാരമോ ഉള്ള ഒരാളെ അയാളുടെ മുന്നിൽ വച്ച് പരാമർശിക്കുമ്പോൾ, ബഹുമാനപൂർവ്വമായുള്ള വാക്കുകൾ ഉപയോഗിക്കേണ്ടിവരും. ഇത് ചെയ്തില്ലായെങ്കിൽ, പ്രത്യക്ഷമായ് അപമാനിക്കലും, തരംതാഴ്ത്തലും, സാമൂഹികമായോ, തൊഴിൽ നിലവാരപരമായോ അച്ചടക്കലംഘനവും ആയേക്കാം.

ഇത് ചെയ്യുന്നത് നല്ലതായി കാണും.

എന്നാൽ പലപ്പോഴും ഇങ്ങിനെ ചെയ്യുന്നതിൽ ഉളവാകുന്ന ആപേക്ഷികമായ തരംതാഴൽ പലർക്കും ഒരു സുഖമുള്ള മാനസികാവസ്ഥ നൽകില്ല. ഇതിന് പ്രതിവിധിയെന്നോണം, ബഹുമാനിക്കപ്പെടുന്ന ആളുടെ സാന്നിദ്ധ്യം ഇല്ലാത്ത ഇടങ്ങളിൽ വച്ച് അയാളെ പരാമർശിക്കുമ്പോൾ, നേരത്തെ ബഹുമാനം നൽകിയ ആൾ തന്നെ അയാളെ തരം താഴ്ത്തിയും ബഹുമാനം ഇല്ലാത്ത വാക്കുകളാൽ പരാമർശിച്ചും സംസാരിക്കും.

ഉദാഹരണത്തിന്, അദ്ദേഹം, സാറ്, അവര് (ഓര് /ഓല്), ചേട്ടൻ, ചേച്ചി, മാഡം/മേഡം തുടങ്ങിയ പദങ്ങളാൽ പരാമർശിച്ച ആളെത്തന്നെ അവൻ (ഓൻ), അവൾ (ഓള്) തുടങ്ങിയ വാക്കുകളാൽ പരസ്യമായിത്തന്നെ ഈ ആൾ പരാമർശിക്കും.

ഈ തരം വാക്ക് കോഡുകളുടെ ആന്ദോളനം അനുഭവപ്പെടുന്നത് പലപ്പോഴും ശക്തമായ അധികാര പദവിയും, ശിക്ഷിക്കാനുള്ള കഴിവും കുറയുന്നവരും എന്നാൽ ഏതെങ്കിലും വിധേനെ അയാളുടെ മുന്നിൽവച്ച് ബഹുമാനം നൽകപ്പെടേണ്ട ആളുകളും ആണ്.

ഈ രീതിയിലുള്ള ഒരു നെറികേട് ഇങ്ഗ്ളിഷ് പോലുള്ള ഒരു പരന്ന കോഡുകളുള്ള ഭാഷകളിൽ നടപ്പിൽ വരുത്താൻ കാര്യമായിത്തന്നെ പദ്ധതിയിട്ടാലെ നടപ്പുള്ളു. ഫ്യൂഡൽ ഭാഷകളിൽ ഇത് ആരും കാര്യമായിത്തന്നെ കരുതിക്കൂട്ടാതെ തന്നെ നടപ്പിൽ വരുത്താൻ ആവും.

ഇത്യാദി കോഡ് പ്രയോഗങ്ങളും, അതുപോലുള്ള നിസ്സാരം എന്ന് പരിഗണിക്കാവുന്ന പലതും ഈ ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ഡ സാമൂഹിക

ആശയവിനിമയ ലോകത്തിൽ പടർന്ന് കിടപ്പുണ്ട്. ഇവ ഈ പ്രദേശത്തിലെ ചരിത്ര ഗതിയിൽ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

15. ആത്മാഭിമാനവും മറിച്ചിടാനുള്ള വെപ്രാളവും

ഫ്യൂഡൽ ഭാഷാ കോഡുകൾ പ്രകോപിപ്പിക്കുന്ന ചതിക്കാനുള്ള വാസനയുമായി ബന്ധപ്പെട്ട മറ്റൊരു ഉദാഹരണം നൽകാം.

ഇങ്ഗ്ളിഷിൽ പൊതുവായി ഉപദേശിക്കപ്പെടാറുള്ള ഒരു വ്യാപാര നിർവ്വഹണ തന്ത്രമാണ് ഡെലിഗേഷൻ (delegation of power) അഥവാ അധികാരം പങ്കിട്ടുകൊടുക്കൽ. ഇതിന്റെ രീതിയെന്തെന്നാൽ, വ്യാപാരത്തിലെ കീഴ് ജീവനക്കാർക്ക് കാര്യമായ വ്യാപാരവിവരവും, കാര്യങ്ങൾ സ്വന്തമായി നടത്തിക്കൊണ്ടുപോകാനുള്ള അധികാരങ്ങളും നൽകുക എന്നത്.

എന്നാൽ ഫ്യൂഡൽ ഭാഷകളിൽ സംസാരിക്കുന്ന സാമൂഹികാന്തരീക്ഷത്തിൽ ഇത് വളരെ അപകടം പിടിച്ച ഒരു പദ്ധതിയും തനിവിഡ്ഢിത്തവും ആയേക്കാം.

ഇതിന് പിന്നിൽ ഫ്യൂഡൽ ഭാഷാ കോഡുകൾ നാനാവിധ വെപ്രാളങ്ങൾ മനുഷ്യമനസ്സിൽ സൃഷ്ടിക്കും.

വ്യാപാരം വലുതും, അതിന് വേണ്ടുന്ന സമ്പത്ത് വളരെയുംമറ്റും ആകുമ്പോൾ, കീഴ്ജീവനക്കാർ വ്യാപാരം സ്വന്തമായി തുടങ്ങുവാൻ യത്നിക്കില്ല. സർക്കാർ ക്ളാർക്കിന് തനിക്ക് മുകളിലുള്ള ഐഏഎസ് ഓഫിസറെ മറിച്ചിട്ട്, ഐഏഎസ് ഓഫിസർ ആകാൻ പറ്റില്ല എന്ന കണക്കെ ഇതിന് ആരും തുനിയില്ല.

എന്നാൽ സാധ്യമായി തോന്നുന്ന ഇടത്ത് കീഴ്ജീവനക്കാരനിൽ അതിനുള്ള പ്രകോപനങ്ങൾ ഫ്യൂഡൽ ഭാഷാ കോഡുകൾ നൽകിയേക്കാം. ഇതിൽ ആ വ്യക്തിയെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ഇതിലേക്ക് നയിക്കുന്ന മാനസിക സോഫ്ട്വേർ യന്ത്ര സംവിധാനം ഇപ്രകാരം ആകാം:

കീഴ് ജീവക്കാരൻ പലപ്പോഴും 'അവനും', 'നീയും', വെറും പേരും മറ്റുമാണ് മലയാളം, തമിഴ് തുടങ്ങിയ ഭാഷകളിൽ. ചിലപ്പോൾ 'പയ്യനും' ആവാം. തമിഴിൽ തമ്പി. (മലബാറിയിൽ, 'ഇഞ്ഞ്', 'ഓൻ' തുടങ്ങിയ പദങ്ങൾ. ചിലപ്പോൾ 'ചെക്കനു'മാകാം.) ചിലപ്പോൾ 'എടാ' എന്നോ 'എടേ' എന്നോ ഉള്ള വിളിവിശേഷത്തിൽപ്പെടുന്ന ആളുമായിരിക്കും.

മുതൽ ഉടമ 'അദ്ദേഹവും', 'അവരും', 'സാറും', 'ചേട്ടനും' മറ്റുമാണ്, വ്യാപാരത്തിലും പുറം ലോകത്തിലും.

മുതലുടമയുടെ ഭാര്യയ്ക്കും മക്കൾക്കും ഇതിന്റെ പ്രഭാവം വാക്ക് കോഡുകളിൽ ലഭിച്ച് കൊണ്ടിരിക്കും. ഭാര്യ 'അദ്ദേഹത്തിന്റെ' ഭാര്യയാണ്, 'അവരാണ്' അല്ലെങ്കിൽ 'മാഡമാണ്', അതുമല്ലെങ്കിൽ 'ചേച്ചി'യാണ്.

മക്കൾ 'അദ്ദേഹത്തിന്റെ' മക്കളാണ്.

ഇതിന്റെയെല്ലാം സൌകുമാര്യത മറ്റ് ജനങ്ങളുടെ സാമൂഹികമായ പല പെരുമാറ്റങ്ങളിലും അനുഭവിച്ച് അവർക്ക് സുഖം ലഭിക്കും.

അതേ സമയം കീഴ്ജീവനക്കാരന്റെ ഭാര്യ 'അവന്റെ' ('ഓന്റെ') ഭാര്യയാണ്. 'അവളാണ്' (ഓളാണ്), വെറും പേരാണ്, 'നീ'യാണ് (ഇഞ്ഞിയാണ്). മുതൽ ഉടമയുടെ ഭാര്യയുടെ മുന്നിൽ എഴുന്നേറ്റു നൽക്കേണ്ട ആളാണ്. മുതലുടമയേയും ഭാര്യയേയും എല്ലാ സംഭാഷണങ്ങളിലും, സ്വയം താണ്, വാക്ക് കോഡുകളിൽ ഉയർത്തിപ്പിടിക്കേണ്ട ആളാണ്. ചിലപ്പോൾ പലരും 'എടീ' എന്ന സവിശേഷമായ വിളിയാലും നിർവ്വചിക്കപ്പെടുന്ന ആളാണ്.

പലരും ഇത്രത്തോളം സങ്കീർണ്ണമായി ചിന്തിക്കില്ലെങ്കിലും, മനസ്സിൽ ഇതിന്റെയെല്ലാം അലയടി ഒരു നിഴൽപോലെ കിടക്കും.

കീഴ് ജീവനക്കാരന്റെ മകൻ 'അവന്റെ' (ഓന്റെ) മകനാണ്. മുതലുടമയുടെ മക്കളുമായി താരതമ്യം ചെയ്യപ്പെടുമ്പോൾ, അവർ 'അദ്ദേഹത്തിന്റെ' മകനും, ഇക്കൂട്ടർ 'അവന്റെ' മകനും.

ഇത് വെറും സ്വന്തം തൊഴിലുടമയുമായുള്ള താരതമ്യമായി ഒതുങ്ങി നിൽക്കില്ല. മറിച്ച് മറ്റെല്ലാ തൊഴിലുടമകളുടേയും ഭാര്യമാരുടേയും മക്കളുടേയും കാര്യത്തിലും ഇത് കീഴ്ജീവനക്കാരന്റെ മക്കൾക്ക് ബാധകമാണ്.

കീഴ്ജീവനക്കാരനും അയാളുടെ ഭാര്യയും മക്കളും മാനസിക അഭിമാനം വളരെ കുറവുള്ളവരാണെങ്കിൽ വലിയ പ്രശ്നമില്ല. കാരണം, അവർക്ക് ലഭിക്കുന്നതോ ലഭിക്കാത്തതോ ആയ സാമൂഹിക നിലവാരത്തിൽ അവർക്ക് കാര്യമായ വേവലാതി ഉണ്ടാവില്ല. എന്നാൽ ഇക്കൂട്ടരിൽ ആർക്കെങ്കിലും ചെറുതായുള്ള ഒരു ആത്മാഭിമാനം (self-esteem) ഉണ്ടെങ്കിൽ പ്രശ്നമാണ്.

കീഴ്ജീവനക്കാരൻ തന്റെ മുതലുടമയോട് എത്രതന്നെ കൂറുള്ള ആളാണെങ്കിലും, ഒന്നുകിൽ സ്വന്തം മനസ്സ്, അല്ലെങ്കിൽ അയാളുടെ ഭാര്യയുടെയോ മക്കളുടേയോ മനസ്സ്, സ്വന്തം തൊഴിലുടമയെ മറിച്ചിടാനും, സ്വന്തമായി വളരാനും ഉത്തേജനം നൽകിക്കൊണ്ടിരിക്കും.

എന്നാൽ പലപ്പോഴും, കീഴ് ജീവനക്കാരന്, താൻ തൊഴിൽചെയ്യുന്ന വ്യാപാരത്തിനെക്കുറിച്ചുള്ള വിവരം മാത്രമേ അനുഭവ ജ്ഞാനമായി ഉണ്ടാവുള്ളു.

*സ്വന്തം വ്യപാര വിവരങ്ങളും അധികാരങ്ങളും കീഴ്ജീവനക്കാരന് നൽകിയ മുതൽ ഉടമക്കാണ് ഇത് പ്രശ്നമായി വരിക.

ഈ ഒരു മാനസിക താന്തോന്നിത്തം ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ഡ ചരിത്രഗതിയെ, പലപ്പോഴും സ്വന്തമായോ, അല്ലെങ്കിൽ ഇതുപോലുള്ള മറ്റ് ചില ഭാഷാ കോഡുകളോടൊപ്പമോ, കാര്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്.

----

*NOTE: ഇത്യാദി ആശയങ്ങളിൽ കീഴെവരുന്നവർ നല്ലവെരെന്നും മുകളിൽവരുന്നവർ ചൂഷകരെന്നും മറ്റും വിശേഷിപ്പിക്കുന്നതിൽ അർത്ഥമില്ല. കാരണം രണ്ട് കൂട്ടരും ഒരേ ഭാഷാകോഡുകളിൽ ആപേക്ഷികമായി വ്യത്യസ്ത നിലവാരങ്ങളിൽ നിലകൊള്ളുന്നവർ മാത്രമാണ്. END OF NOTE

16. ഇരുത്തേണ്ടടിടത്ത് ഇരുത്തേണം എന്നതിന്റെ കോഡുകൾ

ഫ്യൂഡൽ ഭാഷകളുടെ ഏതാനും ചില സവിശേഷതകൾ ചൂണ്ടിക്കാണിക്കാം. ഇതിൽ ഒന്ന് ഇങ്ഗ്ളിഷ് കൊളോണിയൽ ഭരണകാലത്ത്, ഇങ്ഗ്ളിഷുകാരിൽപലരും കണ്ട് അത്ഭുതപ്പെട്ട ഒരു കാര്യമായിരുന്നു.

ഈ ഉപഭൂഖണ്ഡത്തിൽ ജന്മികളും, ഭൂവുടമകളും, മറ്റ് സാമൂഹിക അധിപന്മാരും, അവരുടെ കീഴിൽ താഴ്ന്ന നിലവാരത്തിൽ ആയി നിർവ്വചിക്കപ്പെടുന്ന തൊഴിലുകൾ ചെയ്യുന്നവരോട് കഠിനമായാണ് പെരുമാറിയിരുന്നുത്. പ്രത്യേകിച്ചും കായികമായി അദ്ധ്വാനിക്കുന്ന, അടിമയെപ്പോലുള്ളവരോട്.

പലപ്പോഴും അവർക്ക് മതിയായ ആഹാരം നൽകാതെയും, വീടിന് പുറത്തായി വെറും നിലത്ത് കാര്യമായ പുതപ്പും മറ്റും നൽകാതെയും മറ്റും അവർക്ക് കഴിയേണ്ടി വന്നു. ഇങ്ഗ്ളിഷ് ഭാഷാന്തരീക്ഷത്തിൽ നിന്നും നോക്കിയാൽ, തികച്ചും പരുക്കനും മൃഗീയവുമായ പെരുമാറ്റം.

എന്നാൽ ഈ രീതിയിൽ കഷ്ടപ്പാട് അനുഭവിക്കുന്നവരിൽ, അവരുടെ ജന്മിയോടും, ഭൂവുടമയോടും, മറ്റും യതോരു വിരോധമോ, എതിർപ്പോ വന്ന് കണ്ടില്ല. മറിച്ച് അവരോട് കൂടുതൽ ആദരവാണ് ഇങ്ങിനെ കഷ്ടപ്പെടുന്നവർ നൽകിയത്.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്ന പ്രാദേശിക ഭാഷയിലെ വാക്ക്-കോഡുകളെക്കുറിച്ച് ഇങ്ഗ്ളിഷുകർക്ക് യാതോരു വിവരവും ഉള്ളതായി കണുന്നില്ല.

Impolite (മര്യാദയില്ലാതെ) ആയി പെരുമാറുന്നവരോട് കൂടുതൽ ആദരവും വിനയവും നൽകുക എന്നുള്ളത് ഇങ്ഗ്ളിഷിൽ മനസ്സിലാക്കാൻ പറ്റാത്ത ഒരു വികാരമാണ്.

എന്നാൽ ഇങ്ങിനെയാണ് ഉപഭൂഖണ്ഡത്തിലെ മിക്ക ഫ്യൂഡൽ ഭാഷകളിലും കോഡ് ചെയ്യപ്പെട്ടിട്ടുള്ളത്.

കീഴെ പെട്ടിരിക്കുന്നവരോട് കഠിനമായിത്തന്നെ പെരുമാറണം. അല്ലെങ്കിൽ അവർക്ക് ബഹുമാനം കുറയും. നിലത്ത് ഇരുത്തേണ്ടവനെ നിലത്ത് തന്നെ ഇരുത്തേണം. അതേ സമയം ബഹുമാനിക്കപ്പെടേണ്ട ആൾക്ക് കൂടുതൽ കൂടുതൽ സൌകര്യങ്ങളും ആദരവുകളും നൽകേണം.

താഴ്ന്ന വാക്കുകളാൽ നിർവ്വചിക്കപ്പെടുന്നവർക്ക് വളരാനുള്ള അവസരം നൽകിയാൽ, മുകളിൽ ഇരിക്കുന്ന ആളുകൾക്ക് ലഭിച്ചിരുന്ന ബഹുമാനം നഷ്ടമാകും.

വളരെ കുനിഞ്ഞും തൊഴുതും ബഹുമാനിച്ചും ഉയർന്ന വാക്കുകൾ ഉപയോഗിച്ച് ബന്ധപ്പെട്ടിരുന്നവർക്ക് അവരുടെ സാമൂഹികവും കുടുംബപരവും തൊഴിൽപരവും ഉള്ള നിലവാരത്തിന് അതീതമായുള്ള

ഐശ്വര്യം വന്നുപെട്ടാൽ, പിന്നീടങ്ങോട്ട് അവർക്ക് ബഹുമാനവും തൊഴലും ഉയർന്ന വാക്കുകളും നൽകേണ്ടുന്ന ആവശ്യം ഇല്ലാതെ വരും.

ഇതിനാൽത്തന്നെ താഴെയുള്ളവർ ഉയരാനുള്ള യാതൊരു പഴുതും മുകളിൽ ഉള്ളവർ നൽകില്ല. മാത്രവുമല്ല, ഇങ്ങിനെ താഴെനിലവാരത്തിൽ കുടുങ്ങി നിൽക്കുമ്പോൾ, അവർ നൽകുക സ്നേഹാദരങ്ങളാണ്. വളർന്നാൽ നൽകുക പുച്ഛമാണ്.

ഈ വാക്ക്-കോഡ് പ്രവർത്തനത്തിൽനിന്നും നേരിട്ട് ആവിർഭവിക്കുന്ന ഒരു പ്രതിഭാസമാണ് 'പീക്കിരി' എന്നുള്ളത്. ഇതിനെക്കുറിച്ച് അടുത്ത എഴുത്തിൽ ആകാം.

17. പീക്കിരിത്തരത്തിന്റെ മാനസിക കോഡുകൾ

'പീക്കിരി', 'അൽപ്പൻ' തുടങ്ങിയ വാക്കുകൾക്ക് തത്തുല്യമായ ഇങ്ഗ്ളിഷ് പദങ്ങൾ ഉണ്ടോ എന്ന് എനിക്ക് അറിയില്ല. ആലോചിച്ചിട്ട് ഇങ്ങിനെയുള്ള പദങ്ങൾ കണ്ടെത്താൻ പറ്റിയില്ല. ഇതിന് അടുത്തുള്ള അർത്ഥങ്ങൾ വരുത്താൻ പറ്റുന്ന വാക്കുകൾ ഉണ്ടെങ്കിലും, മലയാളത്തിൽ ഈ വാക്കുകൾ പ്രതിനിധീകരിക്കുന്ന വ്യക്തിത്വങ്ങളെ നിർവ്വചിക്കാനാവുന്ന വാക്കുകൾ ഇങ്ഗ്ളിഷിൽ ഇല്ലാ എന്നാണ് തോന്നുന്നത്. തീർത്ത് പറയാൻ മാത്രം ഗഹനമായി ഇക്കാര്യം പഠനത്തിന് വിധേയമാക്കിയിട്ടില്ല.

[ഇങ്ഗ്ളിഷിൽ 'over-smart' എന്നൊരു പദം 'അൽപ്പൻ' എന്നതിന് അടുത്തായി ഉപയോഗിച്ച് കാണുന്നുണ്ട് എന്നാൽ ആ പദം ഇങ്ഗ്ളിഷ് നിഘണ്ടുവിൽ ഇല്ലാ എന്നാണ് തോന്നുന്നത്. ഈ വാക്ക് മലയാളത്തിലെ 'അൽപ്പൻ' എന്ന വാക്കിനെ ഉൾക്കൊള്ളാൻ പര്യാപ്തമല്ല. അതേ പോലെതന്നെ 'small guy acting too big' എന്ന വാക്കുകൾ 'പീക്കിരി' എന്ന വാക്കിനെ നിർവ്വചിക്കുന്ന രീതിയിൽ ഉപയോഗിക്കാമെങ്കിലും, അതും അപര്യാപ്തമാണ്.]

ഈ വാക്കുകൾ ഫ്യൂഡൽ ഭാഷകളിലെ ഉച്ചനീചത്വ കോഡുകൾ പലവിധേനെ സൃഷ്ടിക്കുന്ന മനുഷ്യവ്യക്തിത്വങ്ങളാണ് എന്നാണ് തോന്നുന്നത്.

ഇവിടെ ഇപ്പോൾ 'പീക്കിരി' എന്ന വാക്ക് എടുക്കാം.

പലപ്പോഴും പലകാരണത്താൽ, മനുഷ്യാത്മാവിന് അർഹതപ്പെട്ട വ്യക്തിത്വം ഭാഷാ കോഡുകളിലൂടെ മറ്റുള്ളവർ നൽകാതിരുന്നാൽ ഉളവാകുന്ന വ്യക്തിത്വമാവാം 'പീക്കിരി' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

തന്നെപ്പോലുള്ള മറ്റുള്ളവർക്ക് വാക്ക്-കോഡുകളിൽ ലഭിക്കുന്ന ബഹുമാനം ലഭിക്കാതിരിക്കുന്ന ആളുകളാണ് ഈ 'പീക്കിരി' വ്യക്തിത്വം പ്രദർശിപ്പിക്കുക. സാധാരണയായി, മലയാളവും, തമിഴും, മലബാറിയും മറ്റും തരംതാണതായി നിർവ്വചിക്കുന്ന തൊഴിലുകളിൽപ്പെട്ടവരാണ് ഈ വ്യക്തിത്വത്തിന് അടിമപ്പെടുക. എന്നാൽ വാസ്തവത്തിൽ ഈ ഭാഷകൾ സംസാരിക്കുന്ന ആളുകളിൽ, എല്ലാ തൊഴിൽ നിലവാരത്തിലും, 'പീക്കിരി' വ്യക്തിത്വം കാണാവുന്നതാണ്.

കുറച്ചുംകൂടി തെളിച്ചു പറയുകയാണെങ്കിൽ, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന നല്ലൊരു ശതമാനം ആളുകൾക്കും ഒരു വേദിയിൽ അല്ലെങ്കിൽ മറ്റൊരു വേദിയിൽ 'പീക്കിരി' വ്യക്തിത്വം ഉണ്ടാവാം. ഇതിന് ഒഴിവായിനിൽക്കുന്നവർ ഫ്യൂഡൽ ഭാഷയിൽ എല്ലാ വേദിയിലും ബഹുമാനം മാത്രം ലഭിക്കുന്നവരാണ്.

പൊതുവായിപ്പറയുകയാണെങ്കിൽ 'പീക്കിരി' വ്യക്തിത്വം പ്രദർശിപ്പിക്കുന്ന അവസരത്തിൽ, ആളുകൾ കിട്ടുന്ന അവസരങ്ങളിലെല്ലാം 'ഓവർസ്മാർട്ടാകാൻ' ശ്രമിക്കും.

തൊഴിൽപരമായി ജനങ്ങൾ പൊടുന്നനെ താരതമ്യരീതിയിൽ 'നീ' ('ഇഞ്ഞി'), 'അവൻ' ('ഓൻ'), 'പയ്യൻ' ('ചെക്കൻ'), 'ലവൻ', 'ഒരുത്തൻ' തുടങ്ങിയ

പദപ്രയോഗങ്ങളിൽ പതിക്കുന്നവർക്ക് പലപ്പോഴും ആവശ്യമായി വരുന്ന ഒരു വ്യക്തിത്വം ആണ് ഇത്. ഇതിൽ അവരെ കുറ്റം പറയാൻ ആവില്ലതന്നെ. കാരണം, എല്ലാവരേയും എല്ലാറ്റിനേയും പൊതിയുന്നതും, ആവരണം ചെയ്യുന്നതുമായ പൈശാചിക ഭാഷാ കോഡുകളിൽ എല്ലാവരും അകപ്പെട്ടിരിക്കുകയാണ്. അതിനുള്ളിലെ വാക്ക്-കോഡുകൾ സൃഷ്ടിക്കുന്ന മാനസിക ഭാവങ്ങളിൽ നിന്നും വേറിട്ടുനിൽക്കുക എന്നത് അത്ര എളുപ്പമല്ല.

മറ്റ് രീതിയിൽ സാമൂഹികമായി ഭാഷാ കോഡുകളിൽ തരംതാണ് നിൽക്കുന്ന അവസരത്തിൽ, എങ്ങിനെയെങ്കിലും മറ്റുള്ളവരെ കടത്തിവെട്ടിയും, മറികടന്നും, പലവിധ കായിക ശേഷികൾ പ്രദർശ്ശിപ്പിച്ചും, പൊങ്ങച്ചം പറഞ്ഞും, വലിയ ബന്ധങ്ങൾ സൂചിപ്പിച്ചും മറ്റും മുകളിൽ പിടിച്ചുകേറുക എന്ന് വേണമെങ്കിൽ ഈ കൂട്ടരുടെ പെരുമാറ്റത്തെ വിലയിരുത്താം.

എന്നാൽ, മനുഷ്യ ജീവന്റെ സോഫ്ട്വേർ കോഡുകളുമായി (Software codes of life) കോർത്തിണങ്ങിക്കിടക്കുന്ന യാഥാർത്ഥ്യത്തിന്റെ കോഡുകളിൽ (Codes of reality) ഈ പ്രതിഭാസത്തിന് വ്യക്തമായ പരിവേഷം ഉണ്ട്. ഇതിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാൻ ആവില്ല.

വാഹനം ഓടിക്കുന്നവരിൽ 'പീക്കിരി'ക്കൂട്ടരെ പെട്ടെന്ന് തിരിച്ചറിയാൻ ആകും.

അനാവശ്യമായും മറ്റുള്ളവരെ അസ്വാസ്ഥ്യപ്പെടുത്തുന്നതുമായ രീതിയിൽ ഹോൺ അടിക്കുക, വീരസാഹസികത കാട്ടുന്ന രീതിയിൽ ഡ്രൈവ് ചെയ്യുക, മറ്റ് വാഹനങ്ങൾ ഡ്രൈവ് ചെയ്യുന്നവരെ ശല്യം ചെയ്യുന്ന രീതിയിലും, അവരുടെ സഞ്ചാരത്തിന് തടസ്സം നൽകിയും വാഹനം ഓടിക്കുക എന്നിവ ഈ കൂട്ടരുടെ വ്യക്തമായ പെരുമാറ്റമാണ്.

അതെ സമയം, സർക്കാർ ഓഫിസുകളിൽ വ്യക്തിത്വം കുറഞ്ഞ തൊഴിൽ സ്ഥാനങ്ങളിൽ പെടുന്നവർ, ഓഫിസിലേക്ക് എന്തെങ്കിലും കാര്യത്തിനായി വരുന്ന ആളെ സാങ്കേതികതകൾ പറഞ്ഞും അലോസരപ്പെടുത്തിയും വെറുതെയിട്ട് നടത്തിപ്പിക്കുക എന്നത് മറ്റൊരു മേഖലയിലെ പീക്കിരികളാണ്.

18. പരുക്കൻ പ്രതികരണത്തിന്റെ കോഡുകൾ

പ്രാദേശിക ഫ്യൂഡൽ ഭാഷകളിൽ ചെറിയ തൊഴിൽ സ്ഥാനങ്ങളായി നിർവ്വചിക്കപ്പെടുന്ന തൊഴിലുകളിൽപ്പെടുന്നവരോട് മാന്യമായി ഇടപെടുമ്പോൾ, ഞെട്ടിച്ച് സംസാരിക്കുക, കുരക്കുന്ന രീതിയിൽ പ്രതികരിക്കുക, മുരളുക, ചോദ്യങ്ങൾക്ക് മറുചോദ്യം ഉത്തരമായി നൽകുക എന്നിവ മറ്റ് ചിലരിലെ 'പീക്കിരിത്തര'മാവാം.

സാധാരണ സംസാരം തന്നെ ഒരുതരം സാമൂഹിക യുദ്ധരംഗത്തിന്റെ കോഡുകളുള്ളതാണ്. 'പോർവിളി' എന്നത് പ്രാകൃത യുദ്ധരംഗത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ്. അട്ടഹാസങ്ങളും, ബഹളങ്ങളും മറ്റും വെച്ച് പ്രതിയോഗിയെ വിരട്ടുക. ഇതാണ്, 'പീക്കിരിത്തത്തിന്' പിന്നിലുള്ള ഭൌതികമായ ചേതോവികാരം.

ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പൊതുവായുള്ള പ്രശ്നം ഫ്യൂഡൽ ഭാഷകളിലെ ആശയവിനിമയം മിക്കവാറും തമ്മിൽ - തമ്മിൽ കുത്തിക്കുത്തികൊണ്ടുള്ളതാണ് എന്നതാണ്.

ഇങ്ങിനെ ചെപ്പടി വിദ്യകളിലൂടെ മറികടക്കാൻ ശ്രമിക്കുന്നവരുമായി ബന്ധപ്പെടുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക സാമൂഹിക സംവിധാനം തന്നെ ഈ ഉപഭൂഖണ്ടത്തിൽ ഉണ്ട്. അതായത്, ഇക്കൂട്ടരുമായി ഒന്നുകിൽ സംസാരിക്കുന്നത് ഒഴിവാക്കുക അല്ലെങ്കിൽ, അവരുമായി സംസാരിക്കാൻ ഒന്നുകിൽ അവരെപ്പോലുള്ളവരെയോ, അതുമല്ലെങ്കിൽ അവരെക്കാൾ തരംതാണതായി ഭാഷാകോഡുകൾ നിർവ്വചിക്കുന്നവരെയോ നിയമിക്കുക.

ഇത് തന്നെ ഒരു വലിയ അലിഖിത സാമൂഹിക പ്രത്യയശാസ്ത്രമായി വികസിച്ചുവന്നിട്ടുണ്ട്. ഈ പ്രശ്നം ഈ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷ് ഭരണം നേരിട്ടു നിലവിൽ ഉണ്ടായിരുന്ന പ്രദേശങ്ങളിൽ ഇങ്ഗ്ളിഷ് ഭരണ കർത്താക്കൾക്ക് ചെറുതായെങ്കിലും അറിവുണ്ടായിരുന്നു എന്നും, അതിനെ കാര്യക്ഷമമായി നേരിടാനും അതിന്റെ നിഷേധാത്മതകളെ പൂർണ്ണമായി ഉന്മൂലനം ചെയ്യാനും അവർ കരുതിക്കൂട്ടി പ്രവർത്തിച്ചിട്ടുണ്ട് എന്നും കാണുന്നു. ഇതിനെക്കുറിച്ച് പിന്നീട് സംസാരിക്കാം.

'പീക്കിരിത്തം' എന്ന പ്രതിഭാസവുമായി ബന്ധപ്പെട്ട് കൊണ്ടുള്ള പല കോഡുകളും ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. അവയെപ്പറ്റി ഇവിടെ കൂടുതലായി പ്രതിപാദിക്കാൻ ആവില്ല.

എന്നാൽ ചെറിയൊരു ഉദാഹരണം അടുത്ത എഴുത്തിൽ നൽകാം.

ഈ 'പീക്കിരി' പ്രതിഭാസവും ഈ ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ടത്തിന്റെ ചരിത്രത്തെ കാര്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്.

19. വ്യക്തമല്ലാത്ത വ്യക്തിത്ത്വം

ഈ എഴുത്തിൽ യാതോരുവിധ കടിച്ചാൽ പൊട്ടാത്ത സാങ്കേതിക പദങ്ങളും, അഗാധ പാണ്ഡിത്യത്തിൻ്റെ സൂചന നൽകുന്ന ഗഹനം എന്ന് കരുതിക്കൂട്ടി സൂചനയും അവകാശവാദവും നൽകുന്ന കാര്യങ്ങളും ഇല്ലാ എന്നാണ് പറയാനുള്ളത്.

ആശയങ്ങൾ വിശദീകരിക്കാനായി ഉപയോഗിക്കുന്ന ഉദാഹരണങ്ങളും ചിത്രീകരണങ്ങളും മറ്റും പലപ്പോഴും സാമൂഹിക നിത്യ ജീവിതത്തിൽ നിന്നും ഒപ്പിയെടുക്കുന്നത് തന്നെയാണ്.

മനുഷ്യനെ 'പീക്കിരി' പ്രകൃതത്തിലേക്ക് നയിക്കുന്ന ഭാഷാ കോഡുകളുടെ പ്രവർത്തനം ഒരു ഉദാഹരണത്തിലൂടെ ചിത്രീകരിക്കാനാണ് ഇനി ശ്രമിക്കുന്നത്.

ഈ എഴുത്തുകാരൻ 1980കളിൽ തിരുവനന്തപുരത്ത് പഠിക്കുന്ന കാലത്തിന് തൊട്ടു പിന്നാലെയായി കൂടെ പഠിച്ചവർ പലരും മലബാറിലേക്ക് സർക്കാർ /ബാങ്ക് ജോലികിട്ടി വന്നിരുന്നു.

മലയാളം അന്ന് മലബാറിൽ ഔപചാരിക വിദ്യാഭ്യാസം കിട്ടിയവരിൽ പടർന്നിരുന്നെങ്കിലും, ഈ പാതയിലൂടെ കടന്നുവരാത്തവർ മലബാറി ഭാഷയുടെ പലവിധ വകഭേദങ്ങൾ തന്നെയാണ് സംസാരിച്ചിരുന്നത്.

തിരുവിതാംകൂറിൽ നിന്നും വന്നവർക്ക് അന്ന് ഏറ്റവും കൂടുതൽ അശ്ചര്യകരമായിരുന്നത് മലബാറിൽ ജനങ്ങൾ ഉദ്യോഗസ്ഥരെ 'നിങ്ങൾ' എന്ന് സംബോധന ചെയ്യാനും മാത്രം ധൈര്യം കാട്ടുന്നു എന്നുള്ളതായിരുന്നു. ഈ സംഗതിയെക്കുറിച്ച് അവർക്ക് ഗഹനമായ വിവരം ഇല്ലായിരുന്നു. മലബാറിയിൽ 'നിങ്ങൾ' എന്നും 'ഇങ്ങൾ' എന്നും രണ്ട് പദ ഭേദങ്ങൾ ഉള്ളത് പലപ്പോഴും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല.

സ്വകാര്യ ബസ് ജീവനക്കാർ പോലീസുകരേയും പോലീസ് ഇൻസ്പെടറേയും മറ്റും 'നിങ്ങൾ' എന്ന് സംബോധന ചെയ്യുന്നത് ഒരു മലയാളിക്ക് വിശ്വസിക്കാൻ പോലും പറ്റാത്ത കാര്യമായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് പലകാര്യങ്ങളും പറയുവാനുണ്ട്. കാരണം, യാഥാർത്ഥ്യം പൊടുന്നനെ കാണുന്ന ഉദാഹരണങ്ങളിൽ ഒതുങ്ങിനിൽക്കുന്നതല്ല. കാര്യങ്ങൾ വളരെ സങ്കീർണ്ണമാണ്. അതിലേക്ക് ഇപ്പോൾ കടക്കാൻ ആവില്ല.

മലബാറിലെ സ്വകാര്യ ബസ് ജീവനക്കാർക്ക് തിരുവിതാംകൂറിലെ വാണിജ്യ വാഹന ഡ്രൈവർമാരെ അപേക്ഷിച്ച്, കുറച്ച് ഉയർന്ന വ്യക്തിത്വം ആണ് ഉള്ളത് എന്ന ഒരു തോന്നൽ വന്നു. തിരുവിതാംകൂറിൽ അന്നു പല ഉൾ പ്രദേശങ്ങളിലും സ്വകാര്യ ബസ്സുകൾ ഓടുന്നുണ്ടായിരുന്നു. ആ ബസ്സുകളിലെ ജീവനക്കാർക്ക് വ്യക്തിത്വം കുറവും, ആകപ്പാടെ ഒച്ചയും ബഹളവും ഞെട്ടിക്കലും ബസ്സിൻ്റെ ബോഡിയിൽ ഇട്ട് അടിക്കലും മറ്റും നിത്യസംഭവവുമായിരുന്നു.

എന്നാൽ മലബാറിൽ, സ്വകാര്യ ബസ്സുകൾക്ക് നല്ല നിലവാരവും ജീവനക്കാർക്ക് ആപേക്ഷികമായി കൂടുതൽ മെച്ചപ്പെട്ട വ്യക്തിത്വവും ഉണ്ട് എന്നൊരു തോന്നൽ മലബാറിലെ പല പട്ടണങ്ങളിലും ജോലിചെയ്യുന്ന തിരുവിതാംകൂറിൽ നിന്നും വന്ന സർക്കാർ /ബാങ്ക് ജീവനക്കാർക്കും പെട്ടന്ന് അനുഭവപ്പെട്ടിരുന്നു.

(എന്നാൽ, പൊതുജനങ്ങളെക്കുറിച്ച് മറ്റ് ചില തോന്നലുകൾ ഉണ്ടായിരുന്നതിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നില്ല ഇപ്പോൾ)

ഈ വിലയിരുത്തൽ പൂർണ്ണമായും ശരിയായിരുന്നില്ല. കാരണം, മലബാറി ഭാഷ, താഴോട്ടേക്ക് കാര്യമായിത്തന്നെ മനുഷ്യവ്യക്തിത്വം അമർത്തുന്ന വാക്ക്-കോഡുകൾ ഉള്ളതാണ്.

എന്നാൽ, പൊതുവായിപ്പറഞ്ഞാൽ, മലബാറിലെ മാപ്പിളമാരും (മലബാർ മുസ്ളിംസ്) മലബാറിതന്നെയാണ് സംസാര ഭാഷയായി ഉപോഗിച്ചിരുന്നതെങ്കിലും, അവർ ഈ ഭാഷയിലെ 'ഇഞ്ഞി',' ഓൻ', 'ഓള്', തുടങ്ങിയ വാക്കുകൾ കുറച്ചുകൂടി സമത്വസൂചനാ വാക്കുകളായാണ് (പ്രാദേശിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ) ഉപയോഗിച്ചിരുന്നത്.

ഇതിനാൽത്തന്നെ ഈ വാക്കുകളുടെ പ്രഹരം മാപ്പിളമാരിൽ അധികമായുള്ള മാനസികാഘാതം സൃഷ്ടിച്ചില്ലാ എന്നാണ് തോന്നുന്നത്. വേറെയും കാരണങ്ങൾ ഉണ്ടാവാം.

ഇത്രയും പറഞ്ഞത് മറ്റൊരു കാര്യം വിശദീകരിക്കാനുള്ള പശ്ചാത്തലം ഒരുക്കാനാണ്.

അത് അടുത്ത എഴുത്തിൽ നൽകാം.

20. മോശമായത് പടരുന്നു, നല്ലത് അപ്രത്യക്ഷമാകുന്നു

മലബാറിൽ മലയാളം പടർന്നതോടുകൂടി, ഭാഷാപരമായി പലമാറ്റങ്ങളും സംഭവിച്ചു. മലയാളത്തിലെ നല്ലവശങ്ങൾ മലബാറിൽ പടർന്നില്ല. മറിച്ച് അതിലെ ദോഷവശങ്ങൾ പടർന്നു.

തിരുവിതാംകൂറിൽ മലയാളം സംസാരിക്കുന്നവരിൽ അന്ന് പൊതുവായിക്കണ്ടിട്ടുള്ള ഗുണകരമായ സംസാര രീതി, 'നീ', 'അവൻ', 'അവൾ' തുടങ്ങിയ വാക്കുകൾ, കാണുന്ന പ്രായത്തിലും മറ്റ് ഉന്നമനങ്ങളിലും കുറവുള്ളവരോട് ലക്കും ലഗാനും ഇല്ലാതെ ഉപയോഗിക്കില്ലാ എന്നുള്ളതായിരുന്നു.

സ്കൂൾ കുട്ടികളെവരെ, നേരിട്ട് പരിചയമില്ലാത്തവർ, 'നിങ്ങൾ' എന്ന് വിളിക്കുന്നത് കണ്ട അനുഭവമുണ്ട്.

ഇത് മലബാറി സംസാരിക്കുന്നവർക്ക് പലപ്പോഴും അതിശയകരമായുള്ള കാര്യമായിരുന്നു.

സ്വന്തം മകന്റെ / മകളുടെ കാര്യം പറയുമ്പോൾ, പിതാവ് 'അയാൾ' എന്ന വാക്ക് പരാമർശവാക്കായി ഉപയോഗിക്കുന്ന പതിവ് ആലപ്പുഴയിൽ കണ്ടിരുന്നു.

സ്ക്കൂളുകളിലും കോളജുകളിലും പലപ്പോഴും അദ്ധ്യാപകർവരെ 'അവൻ', 'അവൾ' എന്ന പ്രയോഗത്തിന് പകരം 'അയാൾ' എന്ന് ഉപയോഗിക്കാൻ ശ്രമിച്ചിരുന്നു. 'നീ' എന്ന വാക്കിന് പകരം 'താൻ', 'ഇയാൾ', 'നിങ്ങൾ' തുടങ്ങിയ പ്രഹരംകുറഞ്ഞ വാക്കുകൾ ഉപയോഗിക്കുന്ന പതിവും കണ്ടിരുന്നു.

ഇവിടെ പറയാനുള്ളത് പലവിധേനെ മേൽസ്ഥാനത്ത് അല്ലാത്തവരെ മലബാറിയിൽ ചെയ്യുന്നത് പോലെ മലയാളത്തിൽ അന്ന് അമിതമായി അമർത്തിയിരുന്നില്ല.

എന്നിരുന്നാലും, പലവിധ കായികതൊഴിൽ ചെയ്യുന്നവരോടും, വാണിജ്യവാഹന തൊഴിലാളികളോടും മറ്റും മലയാളം തികച്ചും പരുക്കനായിരുന്നു. മാത്രവുമല്ല, അസഭ്യവാക്കുകൾ മലബാറിൽ വിശ്വസിക്കാൻ പോലും പറ്റാത്തവിധം തരംതാഴ്ന്ന നിലവാരത്തിലുള്ളതും ആയിരുന്നു. അതുപോലുള്ള അസഭ്യവാക്കുകൾ മലബാറിയിൽ ലവലേശം പോലും ഇല്ലായിരുന്നു.

പോലീസുകർ, അവർ 'നീ' എന്നുവിളിക്കുന്നവരോട് അസഭ്യ വർഷം തന്നെ നടത്തുമായിരുന്നു.

ഇതെല്ലാം വളരെ സങ്കീർണ്ണതകൾ ഉള്ള ഒരു വിഷയമാണ്. അതിനാൽതന്നെ ഇവിടെ നിർത്തുകയാണ്.

കാരണം പലവാക്കുകളെപ്പറ്റിപ്പറയേണ്ടിവരും. അവ മറ്റ് വാക്കുകളിൽ എന്തെല്ലാം ചലനവും വലിവും ഉന്തലും സൃഷ്ടിക്കുന്നു എന്നു പറയേണ്ടിവരും.

21. മുകൾപ്പരപ്പ് മുഷിഞ്ഞതെങ്ങിനെ

മലബാറിയിൽ, മുകൾപ്പരപ്പിൽ ആശയവിനിമയം കൂടുതൽ സുഖകരമാണ്. ഏറ്റവും വലിയ ബഹുമാനം നൽകുന്ന സംബോധനാ വാക്ക് (YOU) 'നിങ്ങൾ'/ 'ഇങ്ങൾ' ആണ്. അതിന് മുകളിൽ പോകേണ്ടുന്ന ആവശ്യം ഇല്ലതന്നെ. കാരണം മുകളിൽ വേറെ വാക്കുകൾ ഉള്ളതായി ആർക്കും അറിയില്ല.

എന്നാൽ മലയാളം പടർന്നതോട് കൂടി, 'നിങ്ങൾ' /'ഇങ്ങൾ', ഉദ്യോഗസ്ഥരോടും അദ്ധ്യാപകരോടും തൊഴിലിൽ മേൽസ്ഥാനത്തിരിക്കുന്നവരോടും മറ്റും പറയുന്നത് അസഭ്യ വാക്കായി.

ഇത് മലബാറിലെ സാമൂഹിക ആശയവിനിമയത്തെ കൂടുതൽ വഷളാക്കി. നേരത്തെ 'ഇഞ്ഞി' (തെക്കൻ മലബാറിൽ ഇജ്ജ്') എന്ന് പോലീസുകാരൻ വിളിച്ചാൽ, തൊട്ടടുത്തുള്ള 'നിങ്ങൾ' എന്ന വാക്കാൽ തിരിച്ച് സംബോധന ചെയ്യാം. മലയാളം വന്നപ്പോൾ, ഈ' നിങ്ങൾ' പോരാതായി. 'സാറ്' എന്നും 'മാഡം' എന്നും പുതിയ രണ്ട് വാക്കുകൾ മലബാറിലേക്ക് മലയാളത്തോടൊപ്പം 'നിങ്ങളിന്' മുകളിലായി കടന്നു വന്നു.

(ഇവ ഇങ്ഗ്ളീഷിലെ HE, HIM, HIS, SHE, HER, HERS എന്നീവാക്കുകളും ആയും കാര്യമായ ബന്ധമുണ്ട്.)

അപ്പോൾ പൊതുജനം താഴെ നിലയിലും സർക്കാർ ജീവനക്കാരൻ, രണ്ടാം നിലവിട്ട്, മൂന്നാം നിലയിലേക്ക് ഉയർന്നും.

മലബാറിന് ചരിത്രപരമായി മറ്റൊരു പ്രത്യേകതയുണ്ട്. മലബാർ (തെക്കേ മലബാറ് + വടക്കേ മലബാറ്) ഇങ്ഗ്ളീഷ് ഭരണത്തിന് കീഴിലായിരുന്നു. ഭരണ ചക്രം നടന്നിരുന്നത് പരന്ന കോഡുകളുള്ള ഇങ്ഗ്ളീഷിലായിരുന്നു. ഇത് ഉദ്യോഗസ്ഥ - പൊതുജന ആശയവിനിമയത്തിൽ ആപേക്ഷികമായി നോക്കിയാൽ കാര്യമായ മയം കൊണ്ടുവന്നിരുന്നു.

തിരുവിതാംകൂർ ഒരിക്കലും ഇങ്ഗ്ളീഷ് ഭരണത്തിന് കീഴിൽ വന്നിരുന്നില്ല. 1947ൽ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് വരെ തിരുവിതാംകൂർ സ്വതന്ത്ര രാജ്യമായാണ് കഴിഞ്ഞിരുന്നത്. ജാതിയടിസ്ഥാനത്തിലും മറ്റും തികച്ചും പ്രാകൃതമായ ഉച്ചനീചത്വങ്ങൾ ഭരണയന്ത്രത്തിൽ നിലനിന്നിരുന്നു. മുകളിലുള്ള ഭരണകർത്താക്കൾ ഇതിനെ ഇല്ലാതാക്കാൻ പരിശ്രമിച്ചിരുന്നെങ്കിലും, സാമൂഹിക ഘടനയിലും സാമൂഹിക ആശയവിനിമയത്തിലും മാറ്റം വരുത്താൻ അവർക്ക് കഴിഞ്ഞിരുന്നില്ല.

Ref: 1. Travancore State Manual 2. NATIVE LIFE IN TRAVANCORE

അതിനാൽത്തന്നെ ഇങ്ഗ്ളീഷ് ഭാഷയുടെ മയവും വിനയവും തിരുവിതാംകൂറിലെ താഴെക്കിടയിലുള്ള സർക്കാർ 'ഓഫിസർമാർക്ക്' പരിചയിക്കാൻ ഒരിക്കലും അവസരം ലഭിച്ചിരുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് അനവധി കാര്യങ്ങൾ പറയുവാനുണ്ട്. അവ അനുയോജ്യമായ അവസരങ്ങളിൽ പറയുന്നതാണ്.

ഇനി മലബാറിൽ ഒരു പ്രത്യേക തൊഴിൽ പെരുമാറ്റത്തിൽ വന്ന മാറ്റത്തെക്കുറിച്ച് സൂചിപ്പിക്കാം. അടുത്ത എഴുത്തിൽ.

....

NOTE 1: 'സാറ്', 'മാഡം' തുടങ്ങിയ വാക്കുകളെ മുകളിൽ സൂചിപ്പിച്ചതിനേക്കാൾ ഗഹനമായി പരിശോധിക്കാനുള്ള ആവശ്യം ഉണ്ട്. അത് ഇപ്പോൾ ചെയ്യാവുന്ന കാര്യമല്ല.

NOTE 2: ഈ പ്രക്ഷേപണം വായിക്കുന്ന ആളുകൾക്ക് ചരിത്രവിവരവും സാമൂഹിക വിവരവും മറ്റും ഉണ്ട് എന്നും പലതുംപഠിച്ചിട്ടുണ്ട് എന്നതും വാസ്തവം തന്നെയാണ്. ഇവ വീണ്ടും എഴുതി വായിക്കുവാനായി അയക്കുകയല്ല ഈ പ്രക്ഷേപണം കൊണ്ട് ഉദ്ദേശിക്കുന്നത്.

തികച്ചും വ്യത്യസ്തമായ കാഴ്ചപാടിലൂടെയും പലപ്പോഴും ചർച്ചക്കും പഠനത്തിനും വിധേയമാക്കത്ത കാര്യങ്ങളും ആണ് ഈ എഴുത്തിൽ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നത്.

22. സർക്കാർ തൊഴിലാളികളും സാധാരണ തൊഴിലാളികളും

കഴിഞ്ഞ രണ്ട് പോസ്റ്റുകളും ഇന്നത്തെ മലബാറിലെ വാണിജ്യവാഹന തൊഴിലാളികളുടെ പെരുമാറ്റത്തെ ഭാഷാ കോഡുകളിൽ വന്ന മാറ്റം എങ്ങിനെ ബാധിച്ചു എന്ന് ഒരു സൂചന നൽകാനാണ്.

സ്വകാര്യ ബസ്സുകളിൽ നേരത്തെ തിരുവിതാംകൂറിൽ ഉണ്ടായിരുന്നു എന്ന് പറഞ്ഞ ബഹളമയമായ പെരുമാറ്റ രീതി മലബാറിൽ ഇന്ന് സർവ്വസാധാരണമാണ്. ഒച്ചവച്ചും, ഞെട്ടിച്ചും, ബസ്സിൽ നിന്നും ഇറങ്ങുന്നവരെ വാക്കുകൾ കൊണ്ട് പ്രഹരിച്ചും, ബസ്സിന്റെ ബോഡിയിൽ ഇട്ട് അടിച്ചും, അനാവശ്യമായി ഹോൺ അടിച്ചും മറ്റും ആണ് വ്യക്തിത്വം തിരിച്ച് പിടിക്കാൻ ബസ്സ് തൊഴിലാളികൾ ശ്രമിക്കുന്നത്.

എന്നാൽ ഇതിന് പിന്നിൽ കൂറേകൂടി വ്യാപകമായ അടിത്തറയുണ്ട്.

ഇത് വ്യക്തമാക്കാൻ, സ്വകാര്യ ബസ്സ് ജീവനക്കാരെ കെഎസ്ആർടിസി ബസ് ജീവനക്കാരുമായി താരതമ്യം ചെയ്തു നോക്കുക. പൊതുവെ പറയുകയാണെങ്കിൽ, ഇക്കൂട്ടരിൽ ജോലിസ്ഥിരത ലഭിച്ചവർ പ്രത്യേകിച്ചും, മുകളിൽ സൂചിപ്പിച്ച പീക്കിരിപ്പെരുമാറ്റം കാഴ്ച വെക്കാറില്ല.

ഭാഷാപരമായ വ്യക്തിത്വം ഇവർക്ക് വ്യത്യസ്തമാണ്. ഇവരെ 'ഇഞ്ഞി', 'നീ', 'അവൻ' തുടങ്ങിയവാക്കുകളാൽ തരംതാഴ്ത്തുന്ന മുതലാളിമാർ ഇവർക്ക് ഇല്ല. (തൊഴിൽമേധാവികൾ ഉണ്ട് എന്നത് ശരിയാണ്). സർക്കാർ ഉദ്യോഗസ്ഥർ എന്ന നിർവ്വചനം ഉണ്ട്. ഇത് പലവിധത്തിൽ ഭാഷാകോഡുകളെ സ്വാധീനിക്കുന്നുണ്ട്.

ഇവരെ സാധാരണ പൌരൻ അവരിൽനിന്ന് ലഭിച്ച പ്രകോപനപരമായ പെരുമാറ്റത്താൽപോലും തിരിച്ച് നീ (ഇഞ്ഞി) എന്ന് സംബോധന ചെയ്യുന്നത് ഉദ്യോഗസ്ഥനെ 'നീ' എന്നു വിളിക്കുന്നതിന് തുല്യമായാണ് പരിഗണിക്കപ്പെടുക. അത് സർക്കാർ അനുവദിക്കുന്ന കാര്യമല്ല. ഇതുമായി ബന്ധപ്പെട്ട് ചരിത്രത്തിൽ ഒരു പ്രത്യേക സംഭവവികാസം തന്നെയുണ്ടായിട്ടുണ്ട്.

അത് പിന്നീട് പറയാം.

കെഎസ്ആർടിസി ഡ്രൈവറെ പോലീസുകാർ 'എടാ', 'നീ' ('ഇഞ്ഞ്'), 'അവൻ' ('ഓൻ') തുടങ്ങിയ വാക്കുകളാൽ തരംതാഴ്ത്തുന്നത് അപൂർവ്വമായിരിക്കും.

സ്വകാര്യ ബസ് ജീവനക്കാരനെ പോലീസുകാർ 'എടാ', 'നീ' ('ഇഞ്ഞ്'), 'അവൻ' ('ഓൻ') തുടങ്ങിയവാക്കുകളിലല്ലാതെ നിർവ്വചിക്കുന്നത് അപൂർവ്വമായിരിക്കും.

സ്വകാര്യ ബസ് ജീവനക്കാരും കെഎസ്ആർടിസി ബസ് ജീവനക്കാരും തമ്മിൽ എന്തെങ്കിലും തർക്കം തെരുവിൽ വച്ച് സംഭവിച്ചാൽ, ഈ രണ്ട് കൂട്ടരോടും പോലീസ് വ്യത്യസ്തമായാണ് പലപ്പോഴും പെരുമാറുക.

കാരണം രണ്ട് കൂട്ടരോടും വ്യത്യസ്തമായ ഭാഷാ കോഡുകളാണ് ഉപയോഗിക്കുക.

പൊതുജനവും പലപ്പോഴും ബസ് ജീവനക്കാരോട് തർക്കിച്ചാൽ, ഇതേ പോലെതന്നെ വിവേചനം ചെയ്താണ് സംസാരിക്കുക. കെഎസ്ആർടിസി ജീവനക്കാരോട് താരതമ്യേന ബഹുമാനത്തോടും, മറ്റവരോട് യാതോരുവിധ മര്യാദയുമില്ലാതെയും.

സ്വകാര്യ ബസ് ജീവനക്കാർക്ക് പലപ്പോഴും ആത്മാഭിമാനവും വ്യക്തിത്വവും തിരിച്ച് പിടിക്കാനുള്ള ഹ്രസ്വമാർഗ്ഗം മുകളിൽ സൂചിപ്പിച്ച ഒച്ചാപ്പാടുകൾ മാത്രമാണ് ഉള്ളത്. മിക്കവർക്കും മറ്റ് യാതോരു പിൻബലവും അവരുടെ കൈയിൽ ഇല്ലതന്നെ.

23. താഴെക്ക് പിടിച്ച് വലിക്കുന്നതെങ്ങിനെ

കഴിഞ്ഞ പോസ്റ്റിൽ നിന്നും തുടരുന്നു......

അതേ സമയം, ഇതൊന്നും കാണിക്കാതെ തന്നെ കെഎസ്ആർടിസി ജീവനക്കാർക്ക് ആപേക്ഷികമായ നിലവാരം ഉയരത്തിൽ നിർത്താനാകും. അവരെ ഉയരത്തിൽ നിർത്തുന്ന കാര്യങ്ങൾ പിന്നണിയിൽ ഉണ്ട്.

യഥാർത്ഥത്തിൽ ഈ പെരുമാറ്റങ്ങളുടെ ആപേക്ഷികമായ വ്യത്യാസത്തിന് വളരെ ആഴമേറിയ കാര്യങ്ങൾ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. അവയെക്കുറിച്ച് പ്രതിപാദിക്കാൻ ഇവിടെ സ്ഥല പരിധി അനുവദിക്കുന്നില്ല.

എന്നാൽ ഒന്ന് രണ്ട് കാര്യങ്ങൾ ചെറുതായി സൂചിപ്പിക്കാം.

ഒന്ന്, ഈ ഉപദ്വീപിലെ ഫ്യൂഡൽ ഭാഷകളിൽ ആളുകൾ തമ്മിൽ വാക്ക് തർക്കങ്ങളിൽ, പെട്ടെന്ന് തന്നെ ഒരുപക്ഷമെങ്കിലും ഏറ്റവും താഴ്ന്ന വാക്ക് കോഡുകളിലേക്ക് സംഭാഷണത്തെ വലിച്ചിറക്കും. അതായത്, 'നീ' ('ഇഞ്ഞി'), 'എടാ', 'എടി', 'അവൻ' ('ഓൻ'), എന്താടാ, എന്താടി, അവള് (ഓള്) തുടങ്ങിയ പദങ്ങളിലേക്ക്.

ഇത് സാമൂഹികമായും, തൊഴിൽ പരമായും അതേ ഭാഷയിൽ തരംതാണതായി വിശേഷിപ്പിക്കപ്പെട്ട ആൾക്ക് ഗുണം ചെയ്യുന്നതാണ്. കാരണം, ഉയർന്ന പക്ഷത്തെ തങ്ങളുടെ നിലയിലേക്ക് തരംതാഴ്ത്താൻ ഈ ഒരു സംഭാഷണം മാത്രംമതി.

ഈ മുകളിൽ പറഞ്ഞ കാര്യം വളരെ സങ്കീർണ്ണമായ ഒരു കോഡ് പ്രവർത്തനമാണ്. ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞു ഫലിപ്പിക്കാൻ ആവില്ല. എന്നാൽ, ആലോചിച്ചു നോക്കുക. സ്വാകര്യ ബസ് ജീവനക്കാരും ഒരു സംഘം ചെറുപ്പക്കാരും തമ്മിൽ വാക്ക് തർക്കം വന്നാൽ, ചെറുപ്പക്കാർ വളരെ വേഗത്തിൽ ബസ് ജീവനക്കാരെ 'എടാ',' നീ' ('ഇഞ്ഞി') എന്നൊക്കെ വിളിക്കും. ബസ് ജീവനക്കാർക്ക് പ്രായം കൂടുതൽ ആണെങ്കിൽ കൂടി.

(ശരിക്കും പറഞ്ഞാൽ മിക്കവാറും ഏത് വാഗ്വാദങ്ങളിലും ഇതാണ് ഏറ്റവും സംഭാവ്യമായ സാധ്യത. ഇത് അതീവ പ്രകോപനം ഉള്ള ഒരു ദിക്കാണ്. കൊലപാതകം വരെ നടക്കാം.)

ഈ ഉപഭൂഖണ്ടത്തിലെ ഫ്യൂഡൽ ഭാഷകളിൽ, പ്രായം ഒരു പ്രധാന ഘടകം ആണ് എന്ന് ഓർക്കുക.

രണ്ട്. ഭാഷാകോഡുകളിൽ തരംതാണതായി നിർവ്വചിക്കപ്പെട്ടിട്ടുള്ള തൊഴിലുകൾ ചെയ്യുന്നവർ, സൌമ്യമായും മാന്യമായും, വിനയത്തോടും, ബുദ്ധിപരമായും പെരുമാറിയാൽ അവർക്ക് ബഹുമതിയും, പരിഗണനയും, ബഹുമാന വാക്കുകളും ലഭിക്കില്ല. എന്നൽ, ഭാഷാകോഡുകളിൽ ഉയർന്ന സ്ഥാനങ്ങളിൽ ഉള്ളവർ സൌമ്യമായും മാന്യമായും, വിനയത്തോടും, ബുദ്ധിപരമായും പെരുമാറിയാൽ ജനങ്ങൾ അവരെപ്പറ്റി നല്ലതേ പറയുള്ളു.

മൂന്ന്. സ്ക്കൂൾ വിദ്യാർത്ഥികൾ എന്ന കൂട്ടരെ കെഎസ്ആർടിക്കാർക്ക് ആയിത്തമാണ്. കാരണം, ഭാഷാപരമായി ഏറ്റവും അപകടകാരികളാണ് ഇക്കൂട്ടർ എന്ന് അവർ തിരിച്ചറിയുന്നു. അവരെ മുഴുവനും സ്വകാര്യ ബസ് ജീവനക്കാരുടെ മേലാണ്, വളരെ കുരുട്ടു ബുദ്ധിയോടുകൂടി, സർക്കാർ വച്ചിട്ടുള്ളത്.

വായനക്കാരന് മുകളിൽ പറഞ്ഞ കാര്യങ്ങൾ എല്ലാം കൂടി ഒന്നിച്ച് ചിന്തിക്കാൻ സമയം ഉണ്ടെങ്കിൽ പലതും സ്വന്തമായി ചിന്തിച്ചെടുക്കാനേ ഉള്ളു. മാത്രവുമല്ല, പല വായനക്കാർക്കും മുകളിൽ പറഞ്ഞ കാര്യങ്ങൾ അറിവുള്ള കാര്യങ്ങൾതന്നെയാകാനും സാധ്യതയുണ്ട്.

ഇനിയും പലതും പറയാനാകുന്നതാണ്. എന്നാൽ ഈ വിഷയം ഇവിടെ നിർത്തുകയണ്. മറ്റ് കാര്യങ്ങളിലേക്ക് നീങ്ങുകയാണ്.

24. ഇങ്ഗ്ളിഷ് പഠിപ്പിക്കുന്നതിനോടുള്ള എതിർപ്പ്

ഭാഷാകോഡുകൾക്ക് സമൂഹത്തിന്റെ ഘടനയുടെ രൂപകൽപ്പനയിൽ കാര്യമായ പങ്കുണ്ട്.

ഇങ്ഗ്ളിഷ് പോലുള്ള പരന്ന ഭാഷകൾ (Planar languages) സമൂഹിക ബന്ധങ്ങളിൽ ഒരു നിരപ്പുള്ള പ്രതീതി ഉളവാക്കും. ഈ കാര്യം കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് സംസാരിക്കുന്ന വേദികളിൽ വളരെ വ്യക്തമായിത്തന്നെ പ്രതിഫലിക്കും.

എന്നാൽ ഇത് ഈ ഭാഷ സംസാരിക്കാൻ ആവില്ലാത്തവരിൽ കാര്യമായ അങ്കലാപ്പ് സൃഷ്ടിക്കുക ചെയ്യും. കാരണം പലപ്പോഴും അവരേക്കാൾ കായിക ശേഷിയും സ്വരഗാംഭീര്യവും മറ്റ് സ്വാധീന ശക്തിയും പ്രതാപവും സാമ്പത്തിക നിലവാരവും കുറഞ്ഞവർപോലും (ചെറിയ കുട്ടികൾ പോലും) ഇങ്ഗ്ളിഷിൽ, യാതോരു ആശയവിനിമയ തടസ്സങ്ങളും ഇല്ലാതെ, സംസാരിക്കുന്നത് കാണുമ്പോൾ, അവരോട് വിരോധം വരും എന്നുള്ളതാണ് പൊതുവായുള്ള അനുഭവം.

എന്നാൽ ഈ പ്രദേശത്ത് ഇങ്ഗ്ളിഷ് സംസാരിക്കുന്നവർ ഇങ്ഗ്ളിഷുകാരല്ല. മറിച്ച്, പ്രാദേശിക ഭാഷ അറിയുന്നവരാണ് മിക്കവരും. ഇവർ പലപ്പോഴും ഇങ്ഗ്ളിഷ് ഉപയോഗിക്കുന്നത്, പ്രാദേശിക ഫ്യൂഡൽ ഭാഷകളിലെ ഉച്ചനീചത്വ കോഡുകളെ തരണം ചെയ്ത് കാര്യങ്ങൾ സുഗമമായി പറഞ്ഞ് തീർക്കാനാണ്.

ഇത് അവർക്കുള്ള ഒരു വ്യക്തിപരമായ കഴിവല്ല. മറിച്ച് ഇങ്ഗ്ളിഷ് എന്ന അതി സുഗമമായ ആശയവിനിമയ സോഫ്ട്വേർ ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന കഴിവാണ്. ഈ കഴിവ് ആർക്കും ലഭിക്കാനാവുന്നതാണ്.

എന്നാൽ ഈ നാട്ടിൽ ഇങ്ഗ്ളിഷ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് തടയാനാണ് ഇങ്ഗ്ളിഷ് അറിയുന്നവരും ശ്രമിക്കുക.

ഇതിന് പല കാരണങ്ങൾ ഉണ്ട്.

പ്രധാനമായും പ്രാദേശിക ഭാഷയിലെ ഫ്യൂഡലിസമാണ് ഇതിൽ മുഖ്യ പങ്കും വഹിക്കുന്നത്.

സാമൂഹികമായോ പ്രായത്തിലോ, സാമ്പത്തികമായോ തൊഴിൽ പരമായോ കീഴെ ഉള്ളവർ ഇങ്ഗ്ളിഷ് പഠിച്ചാൽ, അവരിൽ കാലാകാലങ്ങളായുള്ള കെട്ടുകൾ അഴിയും. ഇത് ഒരു തരം അച്ചടക്കലംഘനമായിത്തന്നെയാണ് ഇവർക്ക് മുകളിൽ ഉള്ളവർ വീക്ഷിക്കുക.

ഇങ്ഗ്ളിഷ് പഠിച്ചാൽ, മുകളിലുള്ളവർ താഴോട്ട് നീങ്ങും. കീഴിലുള്ളവർ മുകളിലേക്ക് നീങ്ങും. എന്നാൽ ആരും തന്നെ അധിക്ഷേപിക്കപ്പെടില്ല. അപമാനിക്കപ്പെടില്ല. കാരണം, ഇങ്ഗ്ളിഷിൽ മുകളിൽ ആൾ - കീഴെ ആൾ എന്ന വാക്ക് കോഡുകൾ ഇല്ല.

ഇവിടെ പൊതുജനങ്ങൾക്ക് ഇങ്ഗ്ളിഷ് പ്രാവീണ്യം ലഭിക്കരുത് എന്ന് ഏറ്റവും കൂടുതലായി വാദിക്കുന്നവർ, നന്നായി ഇങ്ഗ്ളിഷ് അറിയുന്നവർ തന്നെയാണ്. അവരുമായി പല വട്ടം സംവാദങ്ങിൽ ഇങ്ഗ്ളിഷിൽത്തന്നെ ഈ എഴുത്തുകാരൻ പങ്കെടുത്തിട്ടുണ്ട്.

സാമാന്യം നല്ല ഇങ്ഗ്ളിഷിൽത്തന്നെ, ഈ നാട്ടിൽ ഹിന്ദിയാണ് പഠിപ്പിക്കേണ്ടത്, മലയാളമാണ് പഠിപ്പിക്കേണ്ടത്, സംസ്കൃതമാണ് പഠിപ്പിക്കേണ്ടത് എന്നെല്ലാം ഇക്കൂട്ടർ യാതോരു ഉളുപ്പിമില്ലാതെ വാദിക്കുന്നു. അപ്പോൾ അവർക്ക് ഇങ്ഗ്ളിഷ് അറിയുന്നതിനെപ്പറ്റി സൂചിപ്പിച്ചാൽ, ഇങ്ഗ്ളിഷ് വെറും നിസ്സാര ഭാഷയാണ് എന്ന രീതിയിലേക്ക് സംവാദം നീങ്ങും.

[വിചിത്രമെന്ന് പറയട്ടെ, സംസ്കൃത്തിന്റെയും തമിഴിന്റെയും സ്വാധീനം വളരെതുച്ഛംമാത്രമുള്ള **മലബാറി** പഠിക്കണം എന്ന് ഇന്ന് മലബാറിലെ ആളുകൾ ആരും തന്നെ പറഞ്ഞുകേൾക്കുന്നില്ല.]

25. നിലവാരത്തകർച്ച നേരിടുന്ന ഇങ്ഗ്ളിഷ്

നിലവാരമുള്ള ഇങ്ഗ്ളിഷ് പഠനം ഈ എഴുത്തുകാരൻ പണ്ടൊരിക്കൽ വളരെ പരിമിതമായ കാലത്തോളം കണ്ടറിയുകയും ചെറുതായി അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാക്കാൻ പറ്റിയത്, ഇന്ന് ഇവിടുള്ള മിക്ക സർക്കാർ സ്ക്കൂളുകളിലും ഇങ്ഗ്ളിഷ് എന്ന പേരിൽ പഠിപ്പിക്കുന്നത്, നിലവാരം കുറഞ്ഞ മറ്റെന്തിന്റെയോ വിലകുറഞ്ഞ ഇങ്ഗ്ളിഷ് പരിഭാഷമാത്രമാണ്. ഇതിനെ ഇങ്ഗ്ളിഷ് എന്ന് വിളിക്കുന്നത് ഒരു മോശമായ കാര്യമാണ്.

അതേ സമയം ഈ അടുത്തുള്ള പ്രദേശങ്ങളിലെ ഇങ്ഗ്ളിഷ് മീഡിയം സ്ക്കൂളുകളിലും പഠിപ്പിക്കുന്നത്, പണ്ട് ഈ എഴുത്തുകാരൻ ചെറിയൊരു കാലം കണ്ടിരുന്ന നിലവാരമുള്ള ഇങ്ഗ്ളിഷിന്റെ അടുത്ത് വരില്ല.

ഇവിടെ ഉദ്ദേശിച്ചത് ഇങ്ഗ്ളിഷ് പദങ്ങളുടെ ഉച്ചാരണ ശുദ്ധിയും ശൈലീ ഗാംഭീര്യവും അല്ല. മറിച്ച്, വിക്റ്റോറിഎൻ കാലഘട്ട (Victorian-Age) ഇങ്ഗ്ളിഷ് സംസ്ക്കാരം എന്ന് പൊതുവെ പറയപ്പെടുന്നതും, എന്നാൽ ഇങ്ഗ്ളണ്ടിൽ കാലാകാലങ്ങളായി നിലനിന്നിരുന്നതുമായ അതി ലോലവും മൃദുലവും ആശയവിനിമയത്തിൽ മനുഷ്യനെ കോഴിക്കാട്ടമാക്കാത്തതുമായ കലർപ്പ് പുരളാത്ത ഇങ്ഗ്ളിഷ് (pristine-English) സംസ്ക്കാരം ഉറഞ്ഞ് കൂടിനിൽക്കുന്ന ഇങ്ഗ്ളിഷ് ക്ളാസിക്കൽ എഴുത്തുകളെക്കുറിച്ചാണ് (English Classical Literature) ഇവിടെ സൂചിപ്പിച്ചത്.

(ഷെയ്ക്ക്സ്പിയറുടെ യൂറോപ്യൻ രാജവംശങ്ങളുടെ കഥകൾ പറയുന്ന നാടകങ്ങൾ ഇതിൽ പെടില്ല.)

ഇന്ന് ഇതുമായി പുലബന്ധമില്ലാത്തവർ ഇങ്ഗ്ളിഷിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ട്രെയ്റ്റും മറ്റും എടുത്ത്, നാട്ടിൽ ഇങ്ഗ്ളിഷ് എന്നും പറഞ്ഞ് മറ്റെന്തോ വിതരണംചെയ്യുന്നു. എന്നിട്ട് ഈ വിഢ്ഢിസത്വത്തെ ചൂണ്ടി കാണിച്ച്, ഇത് എന്തിന് കൊള്ളും എന്ന് ചോദിക്കുന്നു. എന്ന് വാദിക്കുന്നു.

ശരിയാണ്. ഇവർ ഇങ്ഗ്ളിഷ് എന്ന പേരിൽ നൽകുന്നത് ഒരു തരം തോന്യാസ ഭാഷയാണ്. ഇങ്ഗ്ളണ്ടിൽ ഉണ്ടായിരുന്ന pristine-English അല്ല.

വികലമായ വാക്യപ്രയോഗങ്ങളും ആഭാസ വാക്കുകളും മറ്റും മറ്റ് ഭാഷകളിൽ നിന്നും കാര്യമായി ഇന്ന് ഇങ്ഗ്ളിഷിൽ നിറച്ചിട്ടുണ്ട്. ആർക്കും എന്തും പറയാം എന്നരീതിയിൽ ആക്കിയിട്ടുണ്ട് ഇങ്ഗ്ളിഷിനെ. മാത്രവുമല്ല, ഓരോ ഭാഷക്കാരും അവരവരുടെ പ്രദേശിക ഭാഷയിലെ സാമൂഹികാന്തരീക്ഷങ്ങൾ ഇങ്ഗ്ളിഷിൽ നിറച്ച് ആ ഭാഷയെ പോഷിപ്പിക്കുന്നു എന്നും അവകാശപ്പെടുന്നു. എന്നാൽ ഇവർ യഥാർത്ഥത്തിൽ കലർപ്പില്ലാത്ത ഇങ്ഗ്ളിഷിനെ വികലപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഇത് തടയാൻ ആർക്കും അധികാരം ഇല്ലാ എന്നാണ് ഇവരുടെ ഭാവം.

അതേ സമയം ഇങ്ഗ്ളിഷ് ഭാഷയുടെ ഉടമസ്ഥർ എന്നു പറയാനാവുന്ന ഇങ്ഗ്ളണ്ടിലെ ജനതക്ക് പുറത്ത് നിന്നും അവരുടെ ഭാഷയിലേക്ക് കയറിക്കൂടുന്ന ഭീമത്സങ്ങളായ കോഡുകളെക്കുറിച്ച് കാര്യമായ വിവരവും ധാരണയും ഇല്ലാ എന്നുള്ളതും വാസ്തവമാണ്.

26. വിരസമായ ഇങ്ഗ്ളിഷ് പഠനത്തിന്റെ ഉത്തരവാദിത്വം

ഇങ്ഗ്ളിഷ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തെക്കുറിച്ച് സൂചിപ്പിച്ച് തുടങ്ങിപ്പോയതിനാൽ, അത് മുഴുവിപ്പിക്കേണ്ടിയിരിക്കുന്നു.

ഇങ്ഗ്ളിഷ് വിദ്യാഭ്യാസം പൊതുവായിപ്പറഞ്ഞാൽ, നിലവാരം കുറവാണ് എന്നുള്ളതിന് ഏറ്റവും എളുപ്പത്തിൽ കുറ്റം ചുമത്താവുന്നവർ അദ്ധ്യാപകരാണ്. എന്നാൽ യഥാർത്ഥത്തിൽ ഇത് പൊടുന്നനെ ആരുടേയെങ്കിലും മേൽ ആരോപണം കൊണ്ടുവെക്കുകമാത്രമാണ്.

ഇങ്ഗ്ളിഷ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയിൽ ഏറ്റവും കുറച്ച് ഉത്തരവാദിത്വം മാത്രമെ അദ്ധ്യാപകർക്കുള്ളു. പല അദ്ധ്യാപകർക്കും ഇങ്ഗ്ളിഷിൽ പ്രാവീണ്യം പോരാ എന്നുള്ളത് യഥാർത്ഥത്തിൽ ഒരു പ്രശ്നമല്ല. മറിച്ച് പ്രശ്നമായിട്ടുള്ളത്, വിദ്യാഭ്യാസ നയരൂപീകരണ ഇടങ്ങളിൽ ഇങ്ഗ്ളിഷ് പ്രചരണം നിരുത്സാഹപ്പെടുത്തേണം എന്നുള്ള അലിഖിതമായ നയമാണ്.

വിസ്മയം ജനിപ്പിക്കുമാറുള്ള വൻ ആകർഷകത്വമുള്ള പാഠഭാഗങ്ങൾ എന്താണ് എന്ന് വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നവരിൽ പലർക്കും അറിവില്ലാ എന്നാണ് തോന്നുന്നത്. മാത്രവുമല്ല, അത്യാകർഷകമായ പുസ്തക രൂപകൽപ്പനയും നടക്കുന്നില്ല എന്നുള്ളതും വാസ്തവമാണ്.

അദ്ധ്യാപകർക്ക് പഠിപ്പിക്കാനായി നൽകുന്ന ഇങ്ഗ്ളിഷ് പാഠപുസ്തകങ്ങൾ അതീവ വിരസവും, ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യത്തിലെ മനോഹരങ്ങളായ വസ്ത്തുക്കളുടെ അഭാവവും ഉള്ളതാണ് ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യത്തിൽ നിന്നും പലപ്പോഴും പഠിക്കാനായി തിരഞ്ഞെടുക്കുന്നവ കടിച്ചാൽ പൊട്ടാത്തതരത്തിലുള്ളതാണ്.

ഇങ്ഗ്ളിഷ് പഠനത്തിന്റെ ഉദ്ദേശ്യം എന്താണ് എന്ന് പോലും നയം സൃഷ്ടിക്കുന്നവർക്ക് ഇല്ലാ എന്നാണ് തോന്നുന്നത്.

സ്വകാര്യ ഇങ്ഗിഷ് മീഡിയം സ്ക്കൂളുകളിലും ലഭ്യമായിരിക്കുന്ന ഇങ്ഗ്ളിഷ് പാഠപുസ്തകങ്ങൾ, ഘനഗാംഭീര്യമുള്ളവയാണ് എന്ന് തോന്നാമെങ്കിലും, പലതും വെറും കച്ചവടക്കണ്ണുമാത്രം വെച്ച് കൊണ്ട് രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുള്ളവയാണ് എന്നാണ് തോന്നുന്നത്.

ഈ എഴുത്തുകാരൻ കുറച്ചു നാൾ ഡെൽഹിൽ ഉണ്ടായിരുന്നപ്പോൾ, പാഠപുസ്തക വ്യവസായവുമായി ചെറിയ തോതിൽ ബന്ധപ്പെടാൻ അവസരം ഉണ്ടായിരുന്നു. കോടാനുകോടി രൂപയുടെ പാഠപുസ്തക വ്യവസായം ഒരു വൻ സാമ്പത്തിക ലക്ഷ്യമുള്ളതാണ്. അതിൽ പടവെട്ടി പൊങ്ങിവരുന്നവർ ഗുണമേന്മയുള്ള ഉത്പന്നങ്ങളിലൂടെയല്ല വളരുന്നത്. മറിച്ച് വിപുലമായ മാർക്കറ്റിങ്ങ് സൌകര്യപ്പെടുത്തിയാണ്.

ഇതുമായി ബന്ധപ്പെട്ട പല രഹസ്യങ്ങളും ഉണ്ട്. എന്നാൽ അവ ഇവിടെ കുറിച്ചിടാൻ താൽപ്പര്യപ്പെടുന്നില്ല.

ഇങ്ഗ്ളിഷ് വിദ്യാഭ്യാസം അദ്ധ്യാപകർ നല്ല നിലവാരത്തിൽ എത്തിക്കണമെങ്കിൽ, ആദ്യം അങ്ങിനെയുള്ള ഒരു പദ്ധതിക്ക് പ്രോത്സാഹനം നൽകുന്ന ഒരു അന്തരീക്ഷം വിദ്യാഭ്യാസ നയത്തിൽ ഉണ്ടായിരിക്കേണം.

അതില്ലതന്നെ.

നയം രചിക്കുന്നവർക്ക് ഗുണമേന്മയുള്ള ഇങ്ഗ്ളിഷിനെക്കുറിച്ച് ബോധം ഉണ്ടായിരിക്കേണം. അതില്ലാ എന്നാണ് തോന്നുന്നത്.

എന്നാൽ ഇവരുടെ അടുത്ത് എത്തിയാൽ, അവർക്ക് നൽകപ്പെട്ടിട്ടുള്ള വിരസമായ വിദ്യാഭ്യാസത്തെയും അവർക്ക് നൽകപ്പെട്ടിട്ടുള്ള നിർദ്ദേശത്തെയും കുറ്റംപറയേണ്ടിവരും.

അവിടെ നിന്നും ആരോപണം മുകളിലേക്ക് പോകേണ്ടിവരും. ഇങ്ങിനെ ഇതിന്റെ ഉത്തരവാദിത്വം കണ്ടെത്താൻ മുകളിലോട്ട് പലതട്ടുകൾ നീങ്ങിയാൽ, അവസാനം യഥാർത്ഥ ഉത്തരവാദിത്വം ആരോപിക്കപ്പെടേണ്ടുന്ന യഥാർത്ഥ കേന്ദ്രത്തിൽ ചെന്നെത്തും.

അത് ഏതാണ് എന്ന് പിന്നീട് ഒരിക്കൽ സൂചിപ്പിക്കാം.

27. നിലവിട്ടുള്ള കാര്യക്ഷമത

ഭാഷാ കോഡുകൾക്ക് സാമൂഹിക ഘടനയെ രൂപകൽപ്പന ചെയ്യുന്നതിൽ കാര്യമായ പങ്കുണ്ട് എന്ന് നേരത്തെ പ്രസ്താവിച്ചിരിരുന്നു. മാത്രവുമല്ല, കലർപ്പില്ലാത്ത ഇങ്ഗ്ളിഷിന്റെ സ്വഭാവ വിശേഷണത്തെക്കുറിച്ചും ചെറുതായി. പ്രതിപാദിച്ചുകഴിഞ്ഞു.

ഈ എഴുത്തിലെ പതിനഞ്ചാം അദ്ധ്യായത്തിൽ, ഫ്യൂഡൽ ഭാഷ സംസാരിക്കുന്ന കീഴ് ജീവനക്കാർക്ക് കഴിവും വിവരവും മറ്റും നൽകിയാലുള്ള ഭവിഷ്യത്തിനെക്കുറിച്ച് പ്രതിപാദിച്ചിരുന്നു.

ഈ കാര്യം ഈ ഉപദ്വീപിലെ സാമൂഹിക ഘടനയെ മാത്രമല്ല മറിച്ച് ചരിത്രത്തെത്തന്നെ കാര്യമായി ബാധിച്ചിട്ടുണ്ട്.

പൊതുവായി പറയുകയാണെങ്കിൽ, ഇങ്ഗ്ളിഷുകാരിൽ വ്യക്തിപരമായ കഴിവുകളിൽ ഏറ്റക്കുറച്ചിലുകൾ, താരതമ്യേന തുച്ഛമായിരിക്കും. വ്യക്തിയുടെ കഴിവല്ല, മറിച്ച് പലപ്പോഴും ഇങ്ഗ്ളിഷ് ജനങ്ങൾക്ക് മൊത്തമായുള്ള സ്വഭാവഗുണമാണ് അവരുടെ സംവിധാനങ്ങളിലെ കാര്യക്ഷമത നിലനിർത്തുക. ഈ കാര്യം അവർക്ക് പോലും അറിവില്ല എന്നാണ് തോന്നുന്നത്.

അതേ സമയം, ഈ ദക്ഷിണ ഏഷ്യൻ ഉപദ്വീപിലും, മറ്റ് ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന ഇടങ്ങളിലും കാര്യങ്ങൾ വേറെരീതിയിലാണ്. ആളുടെ പദവിക്ക് അനുസരിച്ച് ആ ആളുടെ കഴിവിൽ കാര്യമായ വ്യത്യാസംതന്നെ വരും. ആ വ്യക്തിയുടെ ശരീരഘടനയിൽ അതിന്റെ സ്വാധീനം കാണാനാവും.

ചിത്രീകരണം:

നല്ലവണം കാര്യങ്ങൾ ചെയ്തുതീർക്കാനും, കാര്യഗൌരവത്തോടുകൂടി സംവിധാനങ്ങളെ നിർവ്വഹണം ചെയ്യാനും പറ്റുന്ന ആൾ. എന്നാൽ വ്യാപാര സംഘടനയിൽ ചെറിയ തൊഴിലിൽപെട്ട ആൾ. ഈ ആളെ ഏതെങ്കിലും സങ്കീർണ്ണമായ ഒരു പ്രശ്നം തീർക്കാൻ അയച്ചാൽ, പലപ്പോഴും കാര്യങ്ങൾ കൂടുതൽ വഷളാവുകയാണ് സംഭവിക്കുക.

കാരണം, ഈ ആളുടെ തൊഴിൽ പദവിക്കനുസ്യതമായെ, മറ്റുള്ളവർ ഈ ആളുമായി ആശയവിനിമയം നടത്തുള്ളു. മാത്രവുമല്ല, ഈ ആളുടെ തൊഴിൽ പദവിക്ക് അനുസൃതമല്ലാത്ത കാര്യക്ഷമത ഈ ആൾ കാണിച്ചാൽ പലർക്കും അങ്കലാപ്പും വിരോധവും വെറുപ്പും വരും. ഇതും ഭാഷാ കോഡുകളിൽ ആലേഖനം ചെയ്യപ്പെട്ട കാര്യമാണ്.

അതേ സമയം കാര്യക്ഷമതയും കഴിവും വിവരവും ഉള്ള ആളെ വ്യാപാരത്തിൽ മുകളിൽ സ്ഥാപിച്ചാലും പ്രശ്നമാണ്. കാരണം, അധികം താമസിയാതെ അയാൾത്തന്നെ ഈ വ്യാപാരത്തിന് ഒരു ഭീഷിണിയാകും.

28. അമിത വിധേയത്വവും സാമൂഹിക വളർച്ചയും

പൊതുവായി പറയുകയാണെങ്കിൽ, സ്വന്തം സ്ഥാനത്തിന് കീഴിൽ, കഴിവുള്ളവരെയോ കഴിവില്ലാത്തവരെയോ അല്ല നിയമിക്കുക.

മറിച്ച്, അമിത വിധേയത്വം,

അമിത ബഹുമാനം, തുടങ്ങിയവ യഥാർത്ഥത്തിലോ, കൃത്രിമമായോ കാഴ്ചവെക്കുകയും, ഈ പെരുമാറ്റം മറ്റുള്ളവർക്ക് ഒരു മാതൃകയായി കാണിച്ചുകൊടുക്കുകയും ചെയ്യുന്നവരെയാണ് ഫ്യൂഡൽ ഭാഷാ സംവിധാനങ്ങളിൽ ഏത് സംഘടനയിലും ഉയർന്ന സ്ഥാനങ്ങളിൽ, മേലധികാരി സ്ഥാപിക്കുക.

പൊതുവായി പറഞ്ഞാൽ, ഈ ഒരു പ്രത്യയശാസ്ത്രം ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ, ഇങ്ഗ്ളിഷ് സമൂഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, തികച്ചും വ്യത്യസ്തമായ ഒരു ചട്ടക്കൂടിലാണ് ആളുകളെ ഘടനപ്പെടുത്തുക. കാരണം ഇങ്ഗ്ളിഷിൽ അമിത വിധേയത്വം എന്നുള്ളത് ഒരു വ്യക്തിത്വ ദോഷമായാണ് കാണുന്നത്. അത് ആവശ്യപ്പെടുന്ന വാക്ക് കോഡുകൾ ഇല്ലതന്നെ.

ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ, ഏത് സംഘടനയിലും താഴോട്ടുള്ള സ്ഥാനങ്ങളിൽ കൂടുതൽ കൂടുതൽ മുകളിലേക്ക് നോക്കി കുനിയുന്ന ആളുകളുടെ ഒരു ചട്ടകൂട് ആണ് രൂപപ്പെടുക.

മുകൾസ്ഥാനങ്ങളിൽ വരുന്നവർ താഴോട്ടേക്ക്, ഒരു അടിച്ചമർത്തുന്ന പെരുമാറ്റം കാണിക്കും. താഴെയുള്ളവർ ഇതേ പ്രകാരം കുനിയുകയും ബഹുമാനിക്കുകയും വേണം എന്ന് അവർക്കും നിർബന്ധമായിരിക്കും.

ഇത് നടപ്പാക്കിക്കിട്ടാനുള്ള പദ്ധതികൾ ആണ് ഇവർ ആവിഷ്ക്കരിക്കുക. കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കണം എന്നുള്ളത് രണ്ടാംസ്ഥാനത്താണ്. കാരണം, കാര്യങ്ങളുടെ കാര്യക്ഷമത എന്നുള്ളത് തന്നെ, മുകളിലോട്ടുള്ള വിധേയത്വവുമായി കൂടിക്കിണഞ്ഞാണിരിക്കുന്നത്.

അമിതമായി വ്യക്തിപരമായ കഴിവും പ്രതിഭയും ഉണ്ട് എന്ന് സംശയിക്കപ്പെടുന്നവരെ ഏറ്റവും തരംതാഴ്ത്തിയാണ് സ്ഥാപിക്കുക.

ഈ ഒരു കാര്യം ഈ ഉപദ്വീപിലെ ജാതി വ്യവസ്ഥയിലും കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ബ്രാഹ്മണർക്ക് കീഴിലായി വന്നവരിൽ ഏറ്റവും വിധേയത്വവും, ചോദിക്കുന്നതെന്തും നൽകാനും തയ്യാറായുള്ളവരെയാണ് ജാതി വ്യവസ്ഥയിൽ ബ്രാഹ്മണർക്ക് തൊട്ട്കീഴിലായി ഏറ്റവും ഉയരങ്ങളിൽ സ്ഥാപിക്കപ്പെട്ടത്.

എന്നാൽ, സ്വതന്ത്രമായി വിട്ടാൽ മുകൾപ്പരപ്പിൽ കയറാനും മാത്രം വ്യക്തിപരമായ കഴിവും, അതോടൊപ്പം തന്നെ വിധേയത്വം നൽകാൻ തയ്യാറാവാത്തവരുമാണ് പലപ്പോഴും ജാതി വ്യവസ്ഥയിൽ കീഴിൽ വന്ന് പെട്ടത്.

ഇങ്ങിനെ നോക്കുമ്പോൾ ഇന്ന് പുലയർ എന്നുവിളിക്കപ്പെടുന്നവർക്ക് കഴിവ് കുറഞ്ഞത് കൊണ്ടല്ല അവരുടെ അധോഗതി വന്നത്, മറിച്ച് കഴിവ് കൂടിയത് കൊണ്ടോ, അല്ലെങ്കിൽ അമിത വിധേയത്വം നൽകാൻ കൂട്ടാക്കാതിരുന്നതിനാലോ ആണ് അത് സംഭവിച്ചത് എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

വിചിത്രം എന്ന് പറയട്ടെ ഈ ആശ്ചര്യകരമായ വാദത്തിന് തെളിവുകളുടെ സൂചന ചരിത്രത്തിൽ അങ്ങിങ്ങായി കാണുന്നുണ്ട് എന്നുള്ളതാണ് വാസ്തവം. എന്നാൽ പലർക്കും ഇക്കാര്യങ്ങൾ പുറത്തുവരുന്നതിനോട് താൽപ്പര്യമില്ലാ എന്നും കാണുന്നു.

വാക്കുകളാലുള്ള ഭാരമേറിയ ചുറ്റികപ്രയോഗം ലഭിച്ചാൽ ആരും ഒന്ന് അമർന്ന് പോകും. ഇങ്ങിനെ അമർത്തതെ വിട്ടാൽ അവർ തലക്ക് മുകളിൽ കയറുകയും ചെയ്യും. ഫ്യൂഡൽ ഭാഷാ സാമൂഹികാന്തരീക്ഷത്തിന്റെ പ്രവർത്തനഫലമാണ് ഇത്.

ഇതുപോലുള്ള പല സംഗതികളും ഈ പ്രദേശത്തിലെ ചരിത്രത്തിൽ ശ്രദ്ധിച്ചാൽ കണ്ടെത്താൻ പറ്റുന്നതാണ്. ഈ കാര്യങ്ങൾ പിന്നിട്ട് പ്രതിപാദിക്കാം.

29. ഭാഷാ പരമായ കുണ്ടും കുഴിയും

മനുഷ്യന്റെ വ്യക്തിപരമായ മിക്കാവാറും എല്ലാ പെരുമാറ്റങ്ങളെയും ഈ ഭാഷാകോഡുകൾ സ്വാധീനിച്ചിട്ടുണ്ട്.

വ്യക്തമായിപ്പറയുകയാണെങ്കിൽ ഇങ്ഗ്ളിഷ് സംസാരിക്കുന്ന ആളുകൾ ഒരു തരം മൃഗങ്ങളാണെങ്കിൽ, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവർ തികച്ചും വ്യത്യസ്തമായ മൃഗങ്ങൾ ആണ്. ചിന്തയിലും, ആക്രമണ സ്വഭാവത്തിലും, കാരുണ്യ പ്രവർത്തനത്തിലും അങ്ങിനെ എല്ലാ വിഷയങ്ങളിലും ഈ വ്യത്യാസം കാണാനാവുന്നതാണ്.

ഉദാഹരണത്തിന്, ഒരു മനുഷ്യനോ, അല്ലെങ്കിൽ കുറേ മനുഷ്യരോ, മൃഗമോ, മൃഗങ്ങളോ, ഏതെങ്കിലും വിധേന വേദനിക്കുന്നതോ, വിഷമിക്കുന്നതോ, കണ്ടാൽ, രണ്ടുകൂട്ടരും പ്രതികരിക്കുന്ന രീതിയിൽത്തന്നെ കാര്യമായ വ്യത്യാസം ഉണ്ടാവും.

രണ്ട് കൂട്ടരിലും ഉളവാകുന്ന സഹതാപവും മറ്റും ഒരേ പോലുള്ളതാവാമെങ്കിലും, ഭാഷാകോഡുകൾ സമൂഹത്തിന്റെ രൂപകൽപനയിലൂടെ പ്രവർത്തിക്കുമ്പോൾ, പലപ്പോഴും ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവർ മറ്റുള്ളവരുടെ പ്രശ്നങ്ങൾക്ക് വിലകൊടുക്കാൻ തയ്യാറാവില്ലാ എന്നുള്ളതാണ് വാസ്തവം. കാരണങ്ങൾ പലതുമാണ്.

ഒന്നാമതായി താൻതന്നെ പലതരം സാമൂഹികമായുള്ള ബന്ധനങ്ങളിൽ പെട്ടിരിക്കുന്ന ആളാണ്. അതേ പോലെ മറ്റുള്ളവർക്കും പല പ്രശ്നങ്ങൾ ഉണ്ട്. അത് അവർ അനുഭവിക്കട്ടെ എന്നൊരു ഭാവം.

മറ്റൊന്ന് ഒരാളെയോ ഒരു മൃഗത്തെയോ സഹായിക്കണമെന്നുണ്ടെങ്കിൽ സമൂഹത്തിൽ ഉള്ള ആശയവിനിമയത്തിൽ ഉള്ള ഉച്ചനീചത്വങ്ങൾ ആ സഹായിക്കുന്ന ആളെ പല തരത്തിലുള്ള വേദനാ ജനകമോ, തരംതാഴ്ത്തുന്നതോ ആയ അനുഭവങ്ങളിലൂടെ കടത്തിവിടാം.

ഈ വക അനുഭവങ്ങളിലൂടെ കടന്നുപോയിട്ടുള്ള പലരും ഈ കാര്യം ഈ എഴുത്തുകാരനോട് നേരിട്ട് പറഞ്ഞിട്ടുണ്ട്.

അതേ സമയം പ്രാദേശികമായി ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുന്നവർക്ക് ഈ വക പ്രശ്നങ്ങൾ ഇല്ലതന്നെ. അവർ പലരുടേയും കഷ്ടപ്പാടുകൾ കാണുമ്പോൾ ഇടപെടാനും അവരെ സഹായിക്കാനും മറ്റും ഒരുമ്പെടാനാഗ്രഹിക്കുകയാണെങ്കിൽ ഭാഷാ പരമായ കെണികൾ അവർ നേരിടില്ല.

മാത്രവുമല്ല, പലപ്പോഴും താഴ്ന്ന് കിടക്കുന്ന ജനങ്ങൾക്കും മറ്റും വിവരവും സാങ്കേതിക വിജ്ഞാനവും മറ്റും നൽകാനും അവർക്ക് മടികാണില്ല. അവർക്ക് ഭാഷാ പരമായുള്ള ബന്ധനങ്ങളും കെട്ടുകളും കുണ്ടുംകുഴിയും ഇല്ലതന്നെ.

ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവർക്ക് സാങ്കേതിക വിദ്യയും വിജ്ഞാനവും മറ്റും യാതോരു പരിധികളും വെക്കാതെ കൈമാറുന്നതിൽ ചെറിയൊരു വിഢ്ഢിത്തം ഉണ്ട് എന്ന് പറയാതെ വയ്യ. കാരണം, ഇങ്ങിനെയുള്ള സാങ്കേതിക വിദ്യാ പങ്കിടലും, സമൂഹികമായി ഉയർത്തലും ഫ്യൂഡൽ ഭാഷക്കാർ തമ്മിൽതമ്മിൽ ചെയ്യാത്ത കാര്യമാണ്.

കാരണം, അവർ തങ്ങളുടെ കൂടെയുള്ള ജനക്കൂട്ടങ്ങളെ തമ്മിൽ തമ്മിൽ ഭാഷാ കോഡുകളിലൂടെ കടിച്ചുകീറുന്നവരായിട്ടാണ് വീക്ഷിക്കുന്നത്. വളരാനുള്ള എന്തെങ്കിലും സൌകര്യം മറ്റുള്ളവർക്ക് നൽകുന്നത് അതീവ അപകടകരമായ കാര്യമാണ് എന്ന് എവർക്കും അറിവുള്ളതാണ്.

തന്നോടും തന്റെ കുടുംബക്കാരോടുംമറ്റും ഭാഷാകോഡുകളിൽ മത്സരിക്കുന്നവർക്ക് ബലംനൽകുന്ന എന്ത് നൽകുന്നതും അപകടമാണ്. അവർ ശക്തിപ്രാപിച്ച് തിരിച്ച് കടിക്കും.

എന്നാൽ ഈ കാര്യങ്ങളൊന്നും ഇങ്ഗ്ളിഷുകാർക്ക് അറിവില്ലതന്നെ. കാരണം, ഭാഷാ കോഡുകളിൽ തമ്മിൽ തമ്മിൽ ചവിട്ടി മെതിക്കാനുള്ള കോഡുകൾ ഉണ്ട് എന്ന കാര്യംതന്നെ അവർക്ക് സ്വപ്നത്തിൽ കൂടി അറിവുള്ള കാര്യമല്ല.

30. ഒരു വിധേയന്‍റെ അനിവാര്യത

ഫ്യൂഡൽ ഭാഷാ കോഡുകളുടെ സാമൂഹികവും വ്യക്തിപരവും മറ്റുമായ സവിശേഷതകൾ മുഴുവനും ഇവിടെ കുറിച്ചിടാൻ ആവുന്നകാര്യമല്ല. കാരണം, ഈ എഴുത്ത് പരമ്പരയുടെ ലക്ഷ്യസ്ഥാനം മറ്റൊരു ദിക്കാണ്.

എന്നാൽ ഈ എഴുത്തുകാരൻ 1989ൽ ആദ്യം കരടുരൂപത്തിൽ എഴുതിയതും 2000ത്തോടുകൂടി ഓൺലൈനായി പ്രസിദ്ധീകരിക്കുകയും ചെയ്ത March of the Evil Empires: English versus the feudal languages എന്ന ഗ്രന്ഥത്തിൽ ഈ ഭാഷാ സവിശേഷതകളെ ഇങ്ഗ്ലിഷുമായി താരതമ്യം ചെയ്യുന്നുണ്ട്. ഇത് ഏതാണ് 165000 വാക്കുകളുള്ള ഒരു പുസ്തകമാണ്. ഇങ്ഗ്ളിഷിലാണ് എഴുതിയിട്ടുള്ളത്.

ഈ എഴുത്തു പരമ്പരയുടെ ഈ അവതാരിക ഏതാനും പേജുകൾ കൂടി ഉണ്ട്. ഫ്യൂഡൽ ഭാഷയെക്കുറിച്ച് അൽപംകൂടി പറയാം.

പൊതുവായിപ്പറഞ്ഞാൽ, കുറച്ച് പൊങ്ങച്ചം പറയേണ്ടുന്ന ആവശ്യം ഈ തരം ഭാഷകളിൽ ഉണ്ട്.

വീട്ടിലും തൊഴിൽസ്ഥലത്തും ബഹുമാനവും ഉയർന്ന സ്ഥാനവും ഉള്ളത് നല്ലത് തന്നെ. എന്നാൽ പുറം ലോകത്തിൽ ഇത് അറിയിക്കാൻ എപ്പോഴും കൂടെ ഒരാൾ വിധേയത്വം പ്രദർശിപ്പിച്ച്കൊണ്ട് ഉള്ളത് നല്ലതാണ്. ഈ ആളുടെ സാന്നിധ്യം സമൂഹത്തിൽ തന്‍റെ ദിവ്യത്വം പ്രചരിപ്പിക്കാൻ സൌകര്യപ്പെടുത്തും.

ഇങ്ങിനെയുള്ള ഒരാൾ കൂടെ നടന്ന്, 'സാർ', 'അദ്ദേഹം', 'അവര്', ('ഓര്'/'ഓല്'), 'മാഡം', 'മേഡം', 'ചേട്ടൻ', 'ചേച്ചി', 'ആന്‍റി', 'അങ്കിൾ', 'മാഷ്', 'ടീച്ചർ', 'ജീ', 'ബായ്', 'ഇക്ക', 'അണ്ണൻ', 'അക്ക', 'അമ്മ', 'ഗുരു' എന്നൊക്കെ മറ്റുള്ളവരെ കൊണ്ട് വിളിപ്പിക്കുന്നതിൽ വിജയിച്ചാൽ, വ്യക്തിക്ക് സാമൂഹികമായ മഹിമയും, ആദരവും, നേതൃത്വവും, സ്നേഹവും മറ്റും ലഭിക്കും.

ഈ കൂടെയുള്ള ആൾ മറ്റുള്ളവർ കാൺകെ ഭവ്യതയോടും, വിധേയത്വത്തോടും കൂടി ഒന്ന് വെറുതെ എഴുന്നേറ്റ് നിന്നാൽ മാത്രം മതി, ഭാഷാകോഡുകളിൽ വ്യതിചലനം വന്നുചേരും.

ഇങ്ങിനെയുള്ള ഒരു ആൾ ഇല്ലായെന്നുവന്നാൽ, ഈ അഭാവത്തിന്‍റെ ന്യൂനത ഒഴിവാക്കാൻ പിന്നെയുള്ള മാർഗ്ഗം സ്വന്തമായി പൊങ്ങച്ചം പറയുക, വലിയ ബന്ധങ്ങൾ സംസാരവിധേനെ അൽപ്പാൽപ്പം സൂചിപ്പിക്കുക, തനിക്ക് ബഹുമാനം ലഭിച്ച പല കഥകളും ഉരുവിടുക, മറ്റുള്ള ചിലരെ കൊച്ചാക്കുകയോ അധിക്ഷേപിക്കുകയോ, അപമാനിക്കുകയോ, ആരോപണവിധേയനാക്കുകയോ ചെയ്യുന്ന കഥകൾ വ്യക്തമായിത്തന്നെയോ, അല്ലെങ്കിൽ സൂചനകളിലൂടെയോ മറ്റുള്ളവരെ അറിയിക്കുക, തുടങ്ങിയവയാണ്.

മറ്റുള്ളവരെപ്പറ്റി പരാമർശിക്കുമ്പോൾ, വാക്കു-കോഡുകളെ (Indicant words - അവൻ, അയാൾ, അവര് /അദ്ദേഹം /സാർ &c.) ശ്രദ്ധയോടുകൂടി തിരഞ്ഞെടുത്ത്, ആളെ പ്രഹരിക്കുകയോ, പുകഴ്ത്തുകയോ ചെയ്യുക എന്നതും ഇതിന്റെ ഭാഗമാണ്.

31. നിഷേധാത്മതകളുടെ ഉറവിടം

ചെറിയ വാക്ക് വ്യത്യാസങ്ങൾ സമൂഹത്തിലും മനുഷ്യമനസ്സിലും അതിഗംഭീര മാറ്റങ്ങൾ വരുത്തിത്തീർക്കും. ഒരു വ്യക്തിയെ ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാതിരിക്കുന്നതും, അയാളുടെ പേരിന് പിന്നിലായി ബഹുമനം ചേർത്തുകിട്ടുന്നതിലോ, അതുമല്ലെങ്കിൽ ബഹുമാനം നൽകുന്നതിലോ ആണ് കിടക്കുന്നത്. മറിച്ച് ആ ആളുടെ വ്യക്തിപരമായ സത്യസന്ധത, സൽസ്വഭാവം, മറ്റുള്ളവരോടുള്ള കനിവ്, അനുകമ്പ തുടങ്ങിയവയിൽ അല്ല കിടക്കുന്നത്.

ഈ മുകളിൽ പറഞ്ഞകാര്യങ്ങൾ ഈ ഉപദ്വീപിലെ ആളുകൾക്ക് വ്യക്തമായിത്തന്നെയോ, അതുമല്ലെങ്കിൽ അവ്യക്തമായോ അറിവുള്ള കാര്യങ്ങളാണ്. ഇത് ഒന്നും തന്നെ ഈ എഴുത്തുകരന്റെ മാത്രമായുള്ള കണ്ടുപിടുത്തങ്ങളല്ല.

ഈ ഉപദ്വീപിന്റെ ചരിത്രത്തിൽ ഈ വാക്ക് കോഡുകളുടെ പ്രവർത്തനം പലതരം ഒച്ചപ്പാടുകൾക്കും, കോലാഹലങ്ങൾക്കും, അട്ടഹാസങ്ങൾക്കും, പൊട്ടിത്തെറികൾക്കും, കൂട്ടക്കൊലക്കും, കൊള്ളിവെപ്പുകൾക്കും, വർഗ്ഗീയകലാപങ്ങൾക്കും വഴിവച്ചിട്ടുണ്. അങ്ങിനെ ഒരുപാട് പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട് ഈവക ഭാഷാ സോഫ്റ്റ്വേറുകളിലെ വൈറസ് കോഡുകൾ.

എന്നാൽ അത്ഭുതമെന്ന് പറയട്ടെ ഇങ്ഗ്ളിഷു ഭാഷക്കാർക്ക് ഇത്യാദികാര്യങ്ങളെക്കുറിച്ച് യാതോരു വിവരവും ഇല്ല എന്നുള്ളതാണ് വാസ്തവും.

ഇത് അവരുടെ സ്വകാര്യമായ സാമൂഹത്തിൽ പലതരം പോസിറ്റിവ് ഗുണങ്ങളും നൽകുന്നുണ്ട്. എന്നാൽ, ഈ പ്രദേശങ്ങളിലേക്ക് ഫ്യൂഡൽ ഭാഷക്കാർ വന്നുചേരുന്നതോടുകൂടി, പലതരം നിഷേധാത്മതകളും ഈ പ്രദേശങ്ങളിൽ കലർന്ന് പടരുന്നുണ്ട്. അതിന്റെ കാരണം അവർക്ക് (ഇങ്ഗ്ളിഷുകാർക്ക്) മനസ്സിലാകുന്നുമില്ല.

32. ബഹുമാനത്തിനോടുള്ള ക്രാന്തി

ഫ്യൂഡൽ ഭാഷകളുടെ ചില ആനുകാലികമായ സാമൂഹിക ഫലങ്ങൾ ഇവിടെ സൂചിപ്പിക്കാം.

സാമൂഹികമായ ഇടപഴലുകളെ ഈ ഭാഷകൾ നിയന്ത്രിക്കുകയും പലപ്പോഴും വിപരീതമായി സ്വാധീനിക്കുകയും ചെയ്യും എന്നുള്ളത് നേരത്തെ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്.

സാമൂഹികമായോ തൊഴിൽ സ്ഥാനപരമായോ സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവർ മതിയായ ബഹുമാനം ഇല്ലാതെ വാക്കുകൾ ഉപയോഗിക്കുന്നത് ഒരു വൻ മാനസിക ഭയമായി സമൂഹത്തിൽ നിലകൊള്ളുന്നുണ്ട്.

തക്കതായ പരിചയപ്പെടുത്തൽ ഇല്ലെങ്കിൽ പ്രശ്നമാണ്.

പ്രായത്തിന്റെയോ, തൊഴിലിന്റെയോ, മാതാപിതാക്കളുടെ തൊഴിലിന്റെയോ, വസ്ത്രവിധാനങ്ങളുടെ വിലയുടേയോ, വീടിന്റെ സാമ്പത്തിക നിലവാരത്തിന്റെയോ, സുഹൃത്തുക്കളുടെ സാമൂഹിക നിലവാരത്തിന്റേയോ, അങ്ങിനെ പലതിന്റെയും അടിസ്ഥാനത്തിൽ ഏറ്റക്കുറച്ചിലുകൾഉള്ള വാക്ക്-കോഡുകൾ (indicant words) ആളുകൾ ഉപയോഗിക്കാം.

തന്നോട് ഉപയോഗിച്ചതോ, അല്ലെങ്കിൽ തന്നെ പരാമർശിച്ച് ഉപയോഗിച്ചതോ ആയ വാക്ക് തനിക്ക് അഹർതപ്പെട്ടത് അല്ലായെന്ന് തോന്നുന്ന അവസരങ്ങളിൽ ഒരു വൻ മാനസികാഘാതംതന്നെ സംഭവിക്കും.

'Paranoia', 'Phobia' തുടങ്ങിയ വാക്കുകളാൽ മന'ശാസ്ത്രം' നിർവ്വചിക്കുന്ന മാനസികാവസ്ഥകൾ പലതും പലപ്പോഴും ഈ വാക്ക്-കോഡുകളുടെ പ്രതികൂല പ്രവർത്തനത്തിന്റെ ബാഹ്യമായ ആവിഷ്ക്കരണം മാത്രമായേക്കാം.

സാമൂഹികമായുള്ള ഈ തരം ഭീതികൾ ഈ വക ഭാഷകൾ സംസാരിക്കുന്നവരെ പലതരം അത്യാർത്തികളിലേക്കും നയിക്കുന്നുണ്ട് എന്നാണ് കാണുന്നത്.

പണമോ, സ്ഥാനമോ ഉള്ളവർ 'സാറും', 'മാഡവും', 'അങ്ങും', 'അദ്ദേഹവം', 'അവരും', 'സാറന്മാരും' മറ്റും ആകുമ്പോൾ, ഇത് രണ്ടും ഇല്ലാത്തവർ 'നീ'യും 'അയാളും', 'അവനും', 'അവളും', 'അവന്മാരും', 'അവറ്റകളും', 'ചെറ്റകളും' മറ്റുമാകുന്ന ഭാഷകളിൽ മനുഷ്യർക്കും, മൃഗങ്ങൾക്കും പലതരം ദുഷിച്ച മാനസിക വ്യതിചലനങ്ങൾ സംഭവിക്കും.

ഈ നാട്ടിൽ പലർക്കും സ്വന്തം മക്കളെ ഡോക്ടറാക്കണം എന്നുള്ള മോഹം തന്നെ ഈ മാനസികാവസ്ഥയിൽ നിന്നുമാണ് ഉദിക്കുന്നത്. ഡോക്ടറായാൽ മകൻ/ മകൾ സ്വാഭാവികമായുംതന്നെ വാക്ക്-കോഡുകളുടെ കടികിട്ടുന്ന

ദിക്കിൽ നിന്നും മാറി, ഉയരങ്ങളിലേക്ക് നീങ്ങും. അതോടൊപ്പംത്തന്നെ അവർക്ക് മറ്റുള്ള പലരേയും വാക്ക്-കോഡുകളാൽ കടിച്ചുകീറാനും ആകും.

ഇങ്ങിനെ കടിച്ചുകീറപ്പെടുന്നവർക്ക് പലപ്പോഴും തിരിച്ച് കടിക്കാനും ആവില്ല. കാരണം, അത് ഭാഷാ കോഡുകളിൽ തനി അധികപ്രസംഗവും തെമ്മാടിത്തരവും ആയി മറ്റുള്ളവർ നിർവ്വചിക്കും.

സർക്കാർ ജോലിയോടുള്ള ക്രാന്തി, സർക്കാർ ജോലികിട്ടിയാൽ പൊതുജനത്തോട് മനസികമായി വരുന്ന അറപ്പ്, കൈക്കൂലി വാങ്ങിക്കാനുള്ള ആക്രാന്തി, തുടങ്ങിയവയിലും ഭാഷാ കോഡുകളുടെ പ്രവർത്തനം ഉണ്ട്.

സാധാരണക്കാരന് സർക്കാർ ഓഫിസ് തൊഴിലാളികളോട് സ്വന്തം അന്തസ് താഴ്ത്താതെ സംസാരിക്കാനോ, കാര്യങ്ങൾ ചർച്ചചെയ്യാനോ, തന്റെ പക്ഷം വാദിക്കാനോ ആവില്ലാത്ത സാമൂഹികാന്തരീക്ഷം ഈ ഭാഷാ കോഡുകളുടെ നേരിട്ടുള്ള പ്രവർത്തന ഫലം ആണ്.

ഈ ഉപദ്വീപിന്റെ ചരിത്രത്തിലൂടെ നോക്കിയാൽ ഈ ഭാഷാകോഡുകൾ സമൂഹത്തിൽ പലതരം നാശങ്ങളും വിതച്ചതിന്റെ അടയാളങ്ങൾ കാണാനാവുന്നതാണ്.

ഇവയിൽ പലതും ചരിത്രം എഴുതിത്തുടങ്ങുമ്പോൾ, അവസരോചിതമായി സൂചിപ്പിക്കാം.

33. ഇന്ത്യൻ ഭരണഘടനയുടെ മൌലിക ഘടന

ദക്ഷിണേഷ്യൻ ഉപദ്വീപ് വിട്ട് അൽപ്പനേരം ഇന്ത്യയെന്ന പുതിയ രാജ്യത്തിലേക്ക് കടക്കാം.

ഫ്യൂഡൽ ഭാഷകൾ ഇവിടുള്ള മിക്കവാറും എല്ലാ ഔദ്യോഗിക ചട്ടങ്ങളേയും ഭരണ സംവിധാനങ്ങളേയും സാവധാനത്തിൽ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെക്കുറിച്ച് പിന്നീട് കൂടുതലായി പ്രതിപാദിക്കാം.

ഈ അവസരത്തിൽ, ഈ അവതാരിക അവസാനിക്കുന്നതിന് മുൻപായി ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് ചെറുതായി ഒന്ന് സൂചിപ്പിക്കാം.

മിക്ക സർക്കാർ ഓഫിസ് തൊഴിലാളികളും സാധാരണ പൌരനോട്, പണ്ടുള്ള ജന്മിമാരുടെ കയ്യാളുകൾ കീഴ്ജാതിക്കാരോട് പെരുമാറുന്നത് പോലെയും തരംതാഴ്ത്തിയുള്ള വാക്ക് പ്രയോഗം ഉപയോഗിച്ചുമാണ് പെരുമാറുന്നത്. ഇത് ഒരു അതീവ സങ്കീർണ്ണമായ സംഗതിയായതിനാൽ ഇപ്പോൾ ഇതിലേക്ക് കടക്കുന്നില്ല.

എന്നാൽ ഇന്ത്യൻ ഭരണഘടനയെടുക്കാം. ഇന്ത്യൻ ഭരണഘടയുടെ മൌലികമായ പ്രഖ്യാപനങ്ങൾ പരിശോധിച്ചാൽ, ലോകത്തിലെ ഏറ്റവും പേരുകേട്ട ഭരണഘടനകളോട് താരതമ്യം ചെയ്യാവുന്ന മൌലിക ഘടനയാണ് ഇന്ത്യൻ ഭരണഘടനക്ക് ഉള്ളത് എന്നാണ് തോന്നുന്നത്.

ഈ മൌലിക ഘടന മാത്രമേ ഇവിടെ ചർച്ചക്ക് എടുക്കുന്നുള്ളു.

ഇന്ത്യൻ ഭരണഘടന എഴുതപ്പെട്ടിട്ടുള്ളത് ഇങ്ഗ്ളിഷിലാണ്. ഇത് ആരാണ് എഴുതിയത് എന്നും മറ്റും ഇവിടെ ചർച്ചക്ക് എടുക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് പലകാര്യങ്ങളും പറയാനുണ്ടെങ്കിലും, തൽക്കാലത്തേക്ക് അവയിലേക്ക് കടക്കുന്നില്ല.

ഇന്ത്യയെന്ന രാജ്യത്തിന്റെ പരിപാവനമായ വേദഗ്രന്ഥമാണ് ഇന്ത്യൻ ഭരണഘടന. ഇതിൽ ആലേഖനംചെയ്യപ്പെട്ടിട്ടുള്ള ചട്ടങ്ങൾ പ്രകാരം മാത്രമേ ഈ രാജ്യം നടത്തിക്കൊണ്ട് പോകാൻ പാടുള്ളു. അതല്ലാതെ, ആ ചട്ടങ്ങൾക്ക് വിരുദ്ധമായി രാജ്യഭരണം നടത്തുന്നത് ഒരു മതത്തിന്റെ പരിപാവന ഇടങ്ങളിൽ കയറി തെമ്മാടിത്തരം കാണിക്കുന്നതിന് തുല്ല്യമാണ്.

34. ബ്രിട്ടണിലെ അവസ്ഥ

ബ്രിട്ടണിൽ ഭരണഘടന (Constitution) ഇല്ല. കാലാകാലങ്ങളായി സമൂഹത്തിൽ ഉള്ളവായി വന്ന കീഴ്വഴക്കങ്ങളാണ് അവിടെ കാര്യങ്ങൾ കുറേകാലത്തോളം നടത്തിവന്നിരുന്നത്. എന്നാൽ പുറത്ത് നിന്നും ഫ്യൂഡൽ ഭാഷക്കാർ ഇന്ന് ബ്രിട്ടണിൽ കയറിക്കൂടിയിരിക്കുകയാണ്. ഇനിയങ്ങോട്ട് ബ്രിട്ടണ് ഇങ്ങിനെയൊരു ഭരണഘടനയില്ലാത്ത അവസ്ഥ മുന്നോട്ട് കൊണ്ട് പോകുവാൻ പറ്റുമോ എന്ന് തീർത്ത് പറയാനാവില്ല.

എന്നാൽ ഇങ്ഗ്ളണ്ടിലെ സാമൂഹികവും ഭരണപരവും ആയ കീഴ്വഴക്കങ്ങൾ പലതും ഇങ്ഗ്ളിഷ് ഭാഷയിലുള്ള തത്വസംഹിതകൾ രൂപപ്പെടുത്തിയിട്ടുള്ളതാണ്.

അവിടെ രാജ ഭരണം (Monarchy) ഉണ്ടെങ്കിലും, രാജാവോ റാണിയോ, പൌരന്മാരുടെ വ്യത്യസ്ത സാമൂഹികവും തൊഴിൽപരവും ആയ സ്ഥാനങ്ങൾക്ക് അനുസൃതമായി അവരെ, വ്യത്യസ്തങ്ങളായ You എന്നരീതിയിൽ 'നീ', 'നിങ്ങൾ', 'സാറ്', 'മാഡം', എന്നോ, He/She എന്നതിന് ബദലായി 'അവൻ/അവൾ', 'അയാൾ', 'അദ്ദേഹം', 'അവൾ', 'സാർ', 'മാഡം', എന്നൊക്കെയോ, they/them എന്നതിന് ബദലായി 'അവരെന്നും', 'അവന്മാരെന്നും' 'അവറ്റകളെന്നും' വ്യത്യസ്തമായും നിർവ്വചിക്കാറില്ല.

രാജസേവനം നടത്തുന്ന (On Her Majesty's Service) സർക്കാർ ഓഫിസുകളും (പോലീസ് ഉൾപ്പെടെ) ജനങ്ങളോട് വിവേചനം ചെയ്ത് കൊണ്ട് പെരുമാറില്ലായിരുന്നു.

(ഇനിയങ്ങോട്ടുള്ള കാര്യം തീർത്ത് പറയാനാവില്ല. പുറത്ത് നിന്നും വന്ന അന്യഭാഷക്കാരുടെ ഒരു വേലിയേറ്റം തന്നെ ബ്രിട്ടണിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കൂട്ടരുടെ കൈയിൽ അകപ്പെട്ട ഇങ്ഗ്ളിഷിന്റെ നിലവാരം തന്നെ തകർച്ചയുടെ ഭീഷിണിയിലാണ്).

സർക്കാർ ഓഫിസ് തൊഴിലാളികൾ സാധാരണ പൌരനേക്കാൾ ഒരു പടി ഉയരത്തിലാണ് എന്ന ധ്വനിയും കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) ഭാഷയിൽ ഇല്ലതന്നെ.

35. ഇന്ത്യൻ പൌരന്റെ നൈസർഗികമായ അവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ ആന്തരിക ആത്മാവ് ഇങ്ഗ്ലിഷ് ഭാഷയുടെ സാമൂഹിക തത്വസംഹിതയാണ്. ഇന്ത്യൻ ഭരണഘടനയിൽ പൌരന് മൌലികമായി ചില അവകാശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ ഇവിടെ സൂചിപ്പിക്കാവുന്നവ നിയമത്തിന് മുന്നിലുള്ള തുല്യതയാണ്, തുല്യമായുള്ള അന്തസ്സുമാണ്. മറ്റൊന്ന് പൌരന് അയാളുടെ അന്തസ്സ് നിലനിർത്താനുള്ള അവകാശമാണ്.

ഈ മുകളിൽ പറഞ്ഞ വെറും നിസ്സാരമെന്ന് തോന്നാവുന്ന രണ്ട് അവകാശങ്ങൾ മാത്രംമതി, ഇന്ത്യൻ ഭരണഘടന ഈ ഉപദ്വീപിലെ പാരമ്പര്യങ്ങൾക്കും, സാമൂഹിക ഘടനയ്ക്കും വിപരീതമാണ് എന്ന് സ്ഥാപിക്കാൻ. കാരണം, ഇവിടുള്ള ഭാഷകൾ ഉച്ചനീചത്വം ഉള്ളവയാണ്. പാരമ്പര്യങ്ങൾ മനുഷ്യർ തമ്മിൽ അറപ്പുള്ളതും, താഴെപ്പെടുന്നവരെ ചവിട്ടിത്താഴ്ത്തുന്നതും ആണ്. സാമൂഹിക ഘടന ഉച്ചനീചത്വം ഉള്ളതാണ്.

ഇന്ത്യൻ ഭരണഘടനയ്ക്ക് ഒരു മൌലിക ഘടനയുണ്ട് എന്ന് ഇന്ത്യൻ സുപ്രീം കോടതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കുറെ നിയമപരമായ കലഹങ്ങൾ നടന്നിട്ടുണ്ട്. ശരിക്കും പറഞ്ഞാൽ, ഇതിലൊന്നും വ്യാപകമായതും ആഴത്തിലുള്ളതും ഈ രാജ്യത്തിലെ പൌരന്റെ സാമൂഹിക നിലവാരത്തെ ക്രിയാത്മകവുമായി ഉന്നമനപ്പെടുത്തുന്നതുമായതും ആയ യാതോരു കാര്യവും ഉണ്ട് എന്ന് തോന്നുന്നില്ല.

കാരണം എന്താണ് ഇന്ത്യൻ ഭരണഘടനയുടെ മൌലികമായ ഘടന എന്നത് കോടതി വ്യക്തമാക്കിയില്ല എന്നാണ് തോന്നുന്നത്.

36. അവകാശങ്ങൾ ഫ്യൂഡൽ ഭാഷകളിലേക്ക് തർജ്ജമചെയ്യുമ്പോൾ

ഇന്ത്യൻ ഭരണ ഘടനയുടെ പ്രീയാംബ്ൾ (Preamble) (അവതാരിക)ൽ നിന്നും ഉള്ള ചില വാക്കുകളാണ് താഴെ ഉദ്ദരിച്ചിട്ടുള്ളത്. നോക്കുക:

QUOTE: JUSTICE, Social, ———; LIBERTY of thought, expression, belief, faith and worship; EQUALITY of status and opportunity; FRATERNITY assuring the dignity of the individual ——. END of QUOTE.

സാമൂഹീകമായ നീതി,--------അന്തസ്സിലും അവസരത്തിലും ഉള്ള സമത്വം, വ്യക്തിയുടെ അന്തസ്സ് ഉറപ്പ് നൽകിക്കൊണ്ടുള്ള സാഹോദര്യം തുടങ്ങിയവ വളരെ വ്യക്തമായ വാക്കുകളിൽ ഈ പ്രീയാംബ്ളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രീയാംബ്ളിൽ നിന്നും ഇന്ത്യൻ ഭരണഘടനയുടെ Spirit അഥവാ പൊരുൾ, സ്വഭാവം, ആദർശം, ആത്മാവ്, മനോഭാവം, മാനസികഭാവം, പ്രാണൻ എന്നിവ കണ്ടെത്താൻ കഴിയുന്നതാണ്.

ഈ ആത്മസത്തയിൽ നിന്നും നേരിട്ട് പിറന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ Article 14: Right to equality befor the law. (നിയമത്തിന് മുന്നിൽ സമത്വത്തിനായുള്ള അവകാശം).

ഈ അവകാശത്തെക്കുറിച്ച് നിയമപണ്ഡിത വേദികളിൽ പലവിധ ചർച്ചകളും, ഉപന്യാസങ്ങളും, ബുദ്ധിവൈഭവങ്ങളും നിലവിലുണ്ട്. എന്നാൽ, ഈ അവകാശം ഇങ്ഗ്ളിഷിൽ നിന്നും ഇന്ത്യൻ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെടുമ്പൾ അതിന് സംഭവിക്കുന്ന ഭീകരമായ രൂപവ്യത്യാസവും, പരിധികളും ഈ ബുദ്ധിമാന്മാരുടെ മനസ്സിൽ ഉദിക്കുന്നില്ലാ എന്നത് ഭീകരമായ ഒരു വസ്തുതതന്നെയാണ്.

ഇന്ത്യയിൽ കോടതിയിൽ മാത്രമല്ല നിയമം നടപ്പിലാക്കപ്പെടുന്നത്. ഏതൊരു സർക്കാർ ഓഫിസിലേയും ശിപായിവരെ ഇന്ന് ഇത് നടപ്പിലാക്കാൻ വേണ്ടി ഉദ്യമിക്കാൻ താൽപ്പര്യപ്പെടുന്നു. കാരണം, ആളുകളുടെ മേൽ അധികാരം പ്രകടിപ്പിക്കാൻ തരപ്പെടുന്നത് ഇന്ത്യൻ ഭാഷകളിൽ വളരെ സുഖമുള്ള അനുഭൂതിയാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 14 വായിക്കാനോ, പഠിക്കാനോ, അതിന്റെ ചേതന മനസ്സിലാക്കാനോ അവരോട് ഒരു നിയമ പണ്ഡിതനും പറയാനും താക്കീത് നൽകാനും ആയിട്ടില്ല. അവർക്ക് തന്നെ ഇതിനെക്കുറിച്ച് കാര്യമായ ഉൾക്കാഴ്ച ലഭിച്ചിട്ടുണ്ടോ എന്നതും സംശയമാണ്. അതുമല്ലെങ്കിൽ, അവർക്ക് ഇക്കാര്യം മറ്റുള്ളവരെ അറിയിക്കുന്നതിൽ താൽപ്പര്യം ഇല്ലാ എന്നും ചിന്തിക്കാവുന്നതാണ്.

37. മൂന്ന് വ്യത്യസ്ത നിലവാരത്തിലുള്ള പൌരത്വം

ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും വ്യക്തവും അനിഷേധ്യവുമായ മൌലിക വസ്തുത അത് ഇങ്ഗ്ളിഷിൽ എഴുതപ്പെട്ട ഒരു രേഖയാണ് എന്നതാണ്. ഈ വിശുദ്ധ ഗ്രന്ഥത്തിൽ പൌരന് നൽകപ്പെട്ടിട്ടുള്ള പലതരം സമത്വങ്ങളും അന്തസ്സുകളും ഇങ്ഗ്ളിഷിൽ മാത്രമേ ഉള്ളു എന്നുള്ളതാണ് വാസ്തവം.

മൂന്ന് പൌരന്മാർ പോലീസ് സ്റ്റേഷനിൽ ചെന്നാൽ, അവരെ മൂന്നുപേരെയും അവരുടെ തൊഴിലിനെ അടിസ്ഥാനപ്പെടുത്തി, നീയെന്നും (എടാ, എടീ, എന്താടാ, എന്താടീ തുടങ്ങിയവയും), നിങ്ങളെന്നും, സാർ എന്നും വ്യത്യസ്തമായും വിവേചനപരമായും പോലീസ് വകുപ്പിലെ ജീവനക്കാർ വിളിച്ചാൽ, അത് ഇന്ത്യൻ ഭാഷകളിൽ ഒരു തെറ്റുള്ളകാര്യമല്ല.

സംബോധനയ്ക്കും പരാമർശത്തിനുമായി വ്യത്യസ്തമായ വാക്കുകൾ ഉപയോഗിക്കുമ്പോൾ, ഇരിക്കുക, നിൽക്കുക, കുനിയുക, എന്നതിൽ വ്യത്യസ്തമായിത്തന്നെ ആഗതൻ പെരുമാറേണ്ടിവരും. അയാളോട ചോദിക്കുന്ന കാര്യങ്ങളുടെ നിലവാരത്തിലും, അവയ്ക്ക് ഉപയോഗിക്കപ്പെടുന്ന സ്വരത്തിലും വ്യത്യാസം ഉണ്ടായിരിക്കും. അയാൾക്ക് വെറുതെ ഏതാനും അടി മുഖത്ത് നൽകിയാൽ അത് ഗുരുതരമായ തെറ്റോ അല്ലെങ്കിൽ നിസ്സാരമായ ഒരു പ്രവർത്തിയോ ആണ് എന്ന് തീരുമാനിക്കുന്നതും ഈ വാക്യ പ്രയോഗങ്ങളാണ്.

അല്ലാതെ പൊലിസ് ആക്റ്റിലെ വകുപ്പുകൾ അല്ലാ എന്നതാണ് ഈ രാജ്യത്തിലെ യാഥാർത്ഥ്യം. ഈ ആക്റ്റിലെ വകുപ്പുകൾക്കാണ് പ്രസക്തി എന്ന് ആരെങ്കിലും അവകാശപ്പെടുന്നുണ്ടെങ്കിൽ, അയാൾക്കുള്ള വിവരം അയാളുടെ സ്കൂളിലേയും കോളജിലേയും വിഢ്ഡിത്തം നിറച്ച് വച്ചിരിക്കുന്ന സിവിക്ക്സ് പാഠപുസ്തകത്തിൽ നിന്നും മാത്രം ലഭിച്ചിട്ടുള്ളതാവാം.

എന്നാൽ, ഇത്തരം ഹീനമായ വിവേചനാപരമായ പ്രവർത്തികൾ ഇങ്ഗ്ളിഷിൽ എഴുതപ്പെട്ടിട്ടുള്ള ഭരണഘടന പ്രകാരം, ഗുരുതരമായ ഹറാം പ്രവർത്തിയാണ്. വിശുദ്ധ ഗ്രന്ഥത്തിന് ചില്ലിക്കാശിന്‌റെ വില നൽക്കാത്ത ഇടപാടാണ്.

സർക്കാർ ജീവനക്കാരൻ ഭരണഘടനയോട് തന്നെ 'നീ പോടാ' എന്ന് പറഞ്ഞത് മാതിരിയാണ്.

എന്നാൽ മിക്ക പൌരന്മാർക്കും പോലീസുകാർക്കും ഇങ്ഗ്ളിഷ് അറിയില്ല. ഇങ്ങിനെ ഒരു പ്രശ്നം ഉള്ളതായി ചിന്തിക്കാനേ ആവില്ല. അറിഞ്ഞാൽത്തന്നെ ഈ ഗുരുതരമായ ചെയ്തിയെ എങ്ങിനെയാണ് വ്യാഖ്യാനിക്കേണ്ടത് എന്ന് അറിയില്ല. എന്നാൽ ചെറുതായി സൂചിപ്പിച്ചാൽ, ഭരണഘടന മനസ്സിലാക്കൻ പറ്റാത്തവരാണ് ഇവിടെ ഭരണം നടത്തുന്നത് എന്ന് പറയാമെന്ന് തോന്നുന്നു. ഇങ്ങിനെയുള്ള ആളുകളാണ് ഭരണയന്ത്രത്തിൽ ജോലിചെയ്യുന്നത് എന്നും തോന്നുന്നു.

38. നിഗൂഢ കോഡുകൾ നിർവ്വീര്യമാക്കുന്നതെങ്ങിനെ

ഇന്ത്യൻ ഭരണഘടനയുടെ മൌലിക ഘടനയെ മാറ്റാൻ പാടില്ലാ എന്ന നിലപാട് സുപ്രീം കോടതി എടുത്തിട്ടുണ്ട്. ഇങ്ങിനെ വരുമ്പോൾ, ഇങ്ഗ്ളിഷ് ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതും, ഇങ്ഗ്ളിഷ് ഭാഷയിൽ ഉള്ളതുമായ അവകാശങ്ങൾക്ക് വേണ്ടി ചട്ടം കെട്ടുന്നതുമായ ഭരണഘടനയെ ഫ്യൂഡൽ ഭാഷകളിലേക്ക് തർജ്ജമചെയ്ത് അതിന് നിയമ സാധുത നൽകിയതിലുള്ള ഗുരുതരമായ അശുദ്ധമാക്കലിനെ കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു.

പണ്ടൊരിക്കൽ ഈ എഴുത്തുകാരൻ, ഒരു വേദ പണ്ഡിതൻ എഴുതിയ വേദമന്ത്രങ്ങളെക്കുറിച്ചുള്ള മലായളത്തിലെഴുതപ്പെട്ട ഒരു ഗ്രന്ഥം ഇങ്ഗ്ളിഷിലേക്ക് തർജ്ജമ ചെയ്തിരുന്നു. വേദ മന്ത്രങ്ങളുടെ വാക്യാർത്ഥം ഇങ്ഗ്ളിഷ് വാക്കുകളിൽ എഴുതിയപ്പോൾ, അവയക്ക് യാതോരു മാന്ത്രിക ശക്തിയും കണ്ടില്ല.

അതു പോലെ തന്നെ ഇസ്ളാം മതസ്തരുടെ ബിസ്മില്ല എന്ന മന്ത്രം മലയാളത്തിലും ഇങ്ഗ്ളിഷിലും തർജ്ജമചെയ്ത് ചൊല്ലിയാൽ എങ്ങിനെയിരിക്കും എന്നതിനെക്കുറിച്ച് തീർത്ത് പറയാനുള്ള വിവരം ഇല്ല.

ഇവയുടെയെല്ലാം മൌലികമായ ഭാഷകളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള നിഗൂഢ കോഡുകൾ ഭാഷ മാറുമ്പോൾ നിർവ്വീര്യമാകാൻ ഇടയുണ്ട്.

ഈ സംഗതി വളരെ ചെറിയൊരു ചിത്രീകരണത്തിലൂടെ വ്യക്തമാക്കാവുന്നതാണ്.

ഇങ്ഗ്ളിഷിലെ He beat him എന്ന വാക്യം നോക്കുക.

ഈ വാക്യത്തെ ഫ്യൂഡൽ ഭാഷകളിൽ പലതായി തർജ്ജമചെയ്യാവുന്നതാണ്. ഈ ഉദാഹരണങ്ങൾ നോക്കുക.

1. അവൻ അദ്ദേഹത്തെ അടിച്ചു.

2. അദ്ദേഹം അവനെ അടിച്ചു.

അവൻ അദ്ദേഹത്തെ അടിച്ചാൽ, അത് യാതോരു രീതിയിലും മാപ്പ് നൽകാനാവാത്ത കുറ്റമാണ്.

അദ്ദേഹം അവനെ അടിച്ചാൽ, അവന് അർഹതപ്പെട്ട അടിയാണ്. അവന് ഒന്നുംകൂടി കൊടുക്കേണ്ടാതായിരുന്നു എന്ന് ചുറ്റുമുള്ളവർ മനസ്സിലാക്കാം.

ഈ ഒരു പ്രശ്നം ഈ ഉപദ്വീപിലെ സാമൂഹത്തിനെ കാര്യമായിത്തന്നെ ബാധിച്ചിട്ടുണ്ട്.

ഇങ്ഗ്ളിഷിലെ നിസ്സാരമായ ഒരു വാക്യത്തെ ഭീമത്സമായ രീതിയിൽ മാറ്റിമറിക്കുകയും, ആളുകളെ പല നിലവാരങ്ങളിലേക്ക് വലിച്ചെറിയുകയും ചെയ്യപ്പെടുന്നു.

കുറച്ച് പേരെ മുകളിൽ സ്ഥാപിക്കുകയും അവർക്കും അവരുടെ വാക്കുകൾക്കും അവരുടെ ചെയ്തികൾക്കും ദിവ്യത്വവും നൽകുകയും മറ്റുള്ളവരെ തരംതാഴ്ത്തുകയും കൊള്ളരുതാത്തവരും ആക്കുന്ന ഭാഷകളിലേക്ക് ഇന്ത്യൻ ഭരണഘടനയെ തർജ്ജമ ചെയ്യാൻ പാടുണ്ടോ?

ഇത് മൌലികമായ വിശുദ്ധ ഗ്രന്ഥത്തെ പങ്കിലമാക്കുന്ന നീച പ്രവർത്തിയല്ലെ?

ഇങ്ങിനെയൊരു പ്രവർത്തിക്ക് കൂട്ടുനിൽക്കുന്നത് ചെകുത്താന് കൂട്ടുനിൽക്കുന്നതിന് തുല്യമല്ലെ?

ഈ വിഷയത്തെക്കുറിച്ച് ഇനിയും പലതും പറയാനാവും. അതിന് ഇവിടെ സാവകാശം ഇല്ല. എന്നാൽ, ഈ കാര്യവുമായി ബന്ധപ്പെട്ട്കൊണ്ട് കേരള ഹൈകോടതിയിൽ ഫ്യൂഡൽ ഭാഷകൾ നിർബന്ധിച്ച് പഠിപ്പിക്കുന്നതിന് എതിരായി 2011ൽ ഒരു റിറ്റ് ഹരജി ഈ എഴുത്തുകാരൻ നൽകിയിരുന്നു. ഇതിലെ വാദഗതികൾ പൂർണ്ണമായും ഈ ലിങ്കിൽ നിന്നും ലഭിക്കുന്നതാണ്. സൌജന്യമായി ഡൌൺലോഡ് ചെയ്യാം. archive.org (**Search** for: Writ Petition against Compulsory Malayalam Study)

39. എളുപ്പപ്പണികളിലൂടെ കാര്യങ്ങൾ നേടാനായുള്ള വെമ്പൽ

ഇന്ന് ഇന്ത്യൻ ഭരണഘടന, അതിന്റെ ആത്മസത്തയെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും യാതോരു കഴിവും ഉത്സാഹവും, താൽപ്പര്യവും ഇല്ലാത്ത കുറേ ആളുകളുടെ കൈയിൽപ്പെട്ട് അലങ്കോലപ്പെട്ടുപോയിക്കൊണ്ടിരിക്കുയാണ്.

ഉൽകൃഷ്ടമായതും, ഈ ഉപദ്വീപിൽ പാരമ്പര്യമായി ഇല്ലാത്തതുമായ ആശയങ്ങളും, മനുഷ്യവ്യക്തിത്വങ്ങളും, മറ്റും പ്രഖ്യാപിക്കുന്ന ഈ ഗ്രന്ഥത്തെ ഉൾക്കൊള്ളാനായി ജനങ്ങളുടെ മാനസിക നിലവാരം ഉയർത്തുന്നതിന് പകരം, ഈ കൂട്ടർ എളുപ്പപ്പണികളിലൂടെ കാര്യങ്ങൾ നേടാനായി വെമ്പൽകൂട്ടുകയാണ്.

ജനങ്ങളുടെ ഇങ്ഗ്ളിഷ് നിലവാരം ഉയർത്തുന്നതിന് പകരം, ഭരണഘടനയെ ജനങ്ങളുടെ നിലവാരം കുറയ്ക്കുന്ന അതേ ഹീന കോഡുകൾക്ക് പിടികൂടുവാൻ അവസരം ഒരുക്കുകയാണ് ഇന്നുള്ള ഭരണ കർത്താക്കൾ ചെയ്യുന്നത്.

ഇതിന്റെ മുന്നോടിയായിട്ടാണ് ഭരണഘടനയെ ഹിന്ദിയിലേക്കും മറ്റ് ഫ്യൂഡൽ ഭാഷകളിലേക്കും തർജ്ജമ ചെയ്തുതുടങ്ങിയത്. ഇത് ഒരു വൻ ജനകീയ സംരഭം ആണ് എന്ന് ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കിക്കുന്നു. ജനങ്ങളും അതിന് കൈയ്യടി നൽകുന്നു. കാരണം, ഇങ്ഗ്ളിഷിൽ നിന്നും ഭരണഘടന ഫ്യൂഡൽ ഭാഷകളിലേക്ക് സ്ഥാനചലനം നടത്തിയാൽ, അതിനോടൊപ്പം ജനങ്ങളുടെ പലവിധ അന്തസ്സുകളും അന്തസ്സുകൾക്കായുള്ള അവകാശങ്ങളും അസ്തമിക്കും എന്ന് അവർ അറിയുന്നില്ല.

'ഇന്ത്യൻ' സംസ്ക്കാരത്തിന് അനുസൃതമായി ഭരണഘടന തിരുത്തിയെഴുതും എന്ന് ഇന്ന് രാഷ്ട്രീയ നേതാക്കളുടെ പ്രഖ്യാപനങ്ങൾ വന്നുകഴിഞ്ഞു എന്ന് അറിയുന്നു.

'ഇന്ത്യൻ' സംസ്ക്കാരത്തിന് അനുസൃതമായി തിരുത്തിയെഴുതപ്പെടുന്ന ഭരണഘടനയുടെ ആത്മസത്ത എന്തായിരിക്കും എന്ന് അടുത്ത എഴുത്തിൽ സൂചിപ്പിക്കാൻ ശ്രമിക്കാം.

'ഇന്ത്യൻ' ഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ട ഭരണഘടന ഈ എഴുത്തുകാരൻ നേരിട്ട് കണ്ടിട്ടില്ല. അത് പോലെ തന്നെ നിയമങ്ങളും മറ്റ് വകുപ്പുകളും ഫ്യൂഡൽ ഭാഷകളിൽ എഴുതപ്പെട്ടത് കാര്യമായ അളവിൽ കണ്ടിട്ടില്ല.

ഈ വക നിയമങ്ങളിൽ, You, Your, Your, He, His, Him, She, Her, Hers തുടങ്ങിയ വാക്കുകൾ ഫ്യൂഡൽ ഭാഷകളിൽ പരാമർശിക്കപ്പെടുമ്പോൾ, അവ വ്യത്യസ്ത നിലവാരങ്ങളിൽ നാലുപാടും തെറിച്ച് മാറിനിൽക്കില്ലെ?

വടക്കൻ ഇന്ത്യൻ കോടതികളിൽ സാധാരണക്കാരൻ തൂം, ഉസ്സ് എന്ന പദങ്ങൾക്കല്ലെ അർഹതപ്പെടുള്ളു? പദവിയുള്ളവരെ ഈ പദങ്ങളിൽ

നിർത്താനും ആവില്ല. ഇങ്ങിനെയുള്ള ഒരു സാഹചര്യം ഒരുക്കുന്ന കോടതികൾത്തന്നെ ഭരണഘടനാ പരമായി നോക്കുമ്പോൾ, കോടതികളാണ് എന്ന് അംഗീകരിക്കാനാവുന്ന സംവിധാനങ്ങളാണോ?

നാടിലെ സംസ്ക്കാരത്തിന് അനുസൃതമായാണ് കാര്യങ്ങൾ നടത്തുന്നത് എങ്കിൽപ്പിന്നെ ഭരണഘടനയും, നിയമങ്ങളും മറ്റും ആവശ്യമുണ്ടോ?

40. പ്രാദേശിക സംസ്ക്കാരത്തിന് അനുസൃതമായുള്ള ഭരണഘടന

ഇന്ത്യൻ ഭരണഘടനയെ പ്രാദേശിക സംസ്ക്കാരത്തിന് അനുസൃതമായി തിരുത്തിയെഴുതിയാൽ, തികച്ചും വ്യത്യസ്തമായ ഒരു മനോവികാരം ഉള്ള ഒരു ഭരണഘടനയാണ് ഉളവാകുക.

വ്യക്തികൾ നിയമത്തിന് മുന്നിൽ തുല്യരല്ല എന്ന പ്രാദേശിക ഭാഷകളിലെ യാഥാർത്ഥ്യം ലിഖിത രൂപത്തിൽ വരും.

'അവനേയും'('അവളേയും)' 'അദ്ദേഹത്തേയും' ഒരേ നിലവാരത്തിൽ വീക്ഷിക്കുവാൻ ആകില്ല എന്നുള്ളത് ഒരു നിത്യസത്യവും പരമയാഥാർത്ഥ്യവും നീതി നർവ്വഹണത്തിന്റേയും ഭാഗവും ആവും.

'അവൻ'('അവൾ') പലവേദികളിലും എഴുന്നേറ്റ് നിന്ന് 'അദ്ദേഹത്തെ' വന്ദിക്കേണം. ഇത് ചെയ്യാത്തവർക്ക് നീതിമാത്രമല്ല, മറ്റ് പലതും നിഷേധിക്കപ്പെടും. സർക്കാർ ഓഫിസ് ജീവനക്കാർ 'അദ്ദേഹത്തിന്റെ' വാക്കുകളെ മാനിക്കും. 'അവന്റെ' ('അവളുടെ') വാക്കുകൾക്ക് പുല്ലിന്റെ വിലനൽകും. പോലീസ് വകുപ്പ് ജീവനക്കാരും ഇത് തന്നെ ചെയ്യും.

'അദ്ദേഹത്തിന്' ആദരവ് നൽകും. 'അവനെ'/'അവളെ' ഞെട്ടിക്കും. കഴിയുമെങ്കിൽ ഒന്ന് മെനക്കെടുത്തുകയോ, കായികമായി ഒന്ന് കൈകാര്യം ചെയ്യുകയോ ചെയ്യും.

രേഖകളിലും (Files) എഫ് ഐ ആറിലും, മറ്റ് റിപ്പോർട്ടുകളിലും മറ്റും ആളുകളെ തരംതിരിച്ച് നിർവ്വചിക്കപ്പെടും. 'അദ്ദേഹവും' 'അവനും' നിയമത്തിന് മുന്നിൽ ഏറ്റുമുട്ടിയാൽ, 'അവന്റെ' കാര്യം പരിതാപകരമാകും.

'അദ്ദേഹത്തിന്' 'അവനോട്'/'അവളോട്' പലതും ആവശ്യപ്പെടാം. പരിധികളില്ലാതെ. അത് നൽകാൻ ബാധ്യസ്ഥരായിരിക്കും 'അവൻ'/'അവൾ'. ആവില്ല എന്ന് 'അവൻ'/'അവൾ' പറഞ്ഞാൽ, ഗുരുതരമായ തെറ്റും തെമ്മാടിത്തവും ആയിരിക്കും.

പ്രാദേശിക സ്ക്കൂളുകളിൽ അദ്ധ്യാപകൻ കയറിവന്നാൽ, കുട്ടികൾ യാന്ത്രികമായി എഴുന്നേൽക്കുന്നുണ്ട്. ഇത് ചെയ്യാൻ തയ്യാറാവാത്ത വിദ്യാർത്ഥികൾ തെമ്മാടികളാണ് എന്ന് അദ്ധ്യാപകർ നിർവ്വചിക്കുന്നു. അവർ മറ്റ് രീതിയിൽ എത്ര നല്ലവരാണെങ്കിൽ കൂടി. അതുപോലയാണ് മുകളിൽ പറഞ്ഞ കാര്യങ്ങൾ.

ഈ സമൂഹിക പ്രത്യയശാസ്ത്രം ലിഖിത രൂപത്തിലുള്ള ചട്ടത്തിന്റെ പിൻബലത്തോടുകൂടി രാജ്യത്തിലെ എല്ലാവിധ സർക്കാർ തൊഴിലാളികളും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ വെമ്പൽകൊള്ളും.

വാസ്തവം പറയുകയാണെങ്കിൽ, ഈ വിധം തന്നെയാണ്, പ്രദേശിക ഭാഷയിൽ ഭരണയന്ത്രം നടക്കുന്ന മിക്ക സർക്കാർ ഓഫിസുകളിലും കാര്യങ്ങൾ ഇന്ന് നടക്കുന്നത്.

ഇങ്ങിനെയല്ലാതുള്ള ഒരു അനുഭവം ഇങ്ഗ്ളിഷ് ഭാഷ മാത്രം കൈകാര്യം ചെയ്യുന്ന ഇടങ്ങളിൽ മാത്രമേ ഇന്ന് ബാക്കിയായി നിലകൊള്ളുന്നുള്ളു. എന്നാൽ ഈ ഇങ്ഗ്ളിഷ് അന്തരീക്ഷം ഈ രാജ്യത്തിലെ 95ശതമാനം ആളുകളും അനുഭവിച്ചിട്ട് കൂടിയുണ്ടാവില്ല.

എന്നാൽ, കാര്യങ്ങൾ ഇങ്ങിനെയല്ല വേണ്ടത്, മറിച്ച്, പൊതുജനത്തിന്റെ വെറും തൊഴിലാളികളാണ് സർക്കാർ ഓഫിസുകളിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർ എന്ന വിവരം ഇന്ന് ബാക്കിവരുന്ന 5 ശതമാനം പേരിൽത്തന്നെ ഒരു ചെറിയ ശതമാനത്തിന് മാത്രമേ സങ്കൽപ്പിക്കാൻ പോലും പറ്റുള്ളു.

കാരണം, ഈ നാട്ടിൽ ആരേയും 'അവൻ' ('അവൾ') - അദ്ദേഹം എന്ന രീതിയിൽ വേർതിരിക്കാൻ ആവില്ല എന്ന് ഇങ്ഗ്ളിഷ് ഭാഷ നന്നായി കൈകാര്യം ചെയ്യുന്നവർക്ക് മാത്രമേ തിരിച്ചറിയാൻ ആവുള്ളു.

പ്രാദേശിക ഭാഷകളിൽ 'അദ്ദേഹം'/'അവർ' എന്നും 'അവൻ'/'അവൾ' എന്നും വെവ്വേറെയായി തരം തിരിക്കപ്പെടുന്നവർ ഇങ്ഗ്ളിഷിൽ വെറും ഒറ്റനിലവാരത്തിലുള്ള 'He'/'She' മാത്രമാണ് എന്ന അതി ഗംഭീരമായ സാമൂഹിക രൂപകൽപ്പനാ കോഡ് ഇങ്ഗ്ളിഷിൽ മാത്രമേ ഉള്ളു.

41. ചരിത്രത്തിൽ നിന്നും ഒരു ജനകീയ മുന്നേറ്റത്തിന്റെ കഥ

ഈ ഉപദ്വീപിന്റെ വടക്ക്-കിഴക്കായി രണ്ടായിരം വർഷങ്ങൾക്ക് മുൻപ് ഉണ്ടായിരുന്നു എന്ന് ചരിത്രത്തിൽ പറയുന്ന മഗധാ രാജ്യത്തിൽ, ജനങ്ങളുടെ കാര്യങ്ങൾ നോക്കുവാനായി പല മഹാമന്ത്രിമാരെയും (Mahapatras) അശോക രാജാവ് നിയമിച്ചിരുന്നു. ഇക്കൂട്ടർ ഓരോ പ്രദേശങ്ങളിലും വർഷത്തിൽ ഒരു പ്രാവശ്യം വൻ ആൾ ബലത്തോടുകൂടി ഒരാഴ്ചത്തേക്ക് വന്ന് തമ്പടിക്കും. ആ ഒരാഴ്ച ആ ചുറ്റുപാടിലുള്ള ഗ്രാമീണരുടെ കഷ്ടകാലമായിരിക്കും.

ഈ കൂട്ടർ ചോദിക്കുന്നതെല്ലാം നൽകേണം. ഈ ഉപദ്വീലിലെ രാജാധികാരം കൈയിലുള്ള ആളുകൾ ഒരു വീട്ടിൽ കയറി എന്തെല്ലാം ചോദിക്കും എന്ന് പ്രത്യേകിച്ച് എണ്ണിപ്പറയേണ്ടതില്ല.

ഈ ഉദ്യോഗസ്ഥരുടെ കടന്നുകൈയ്യേറ്റം എല്ലാ പ്രദേശങ്ങളിലേയും ജനങ്ങൾ സഹിക്കുകയാണ് ചെയ്തത്. ഇന്ന് മിക്ക സർക്കാർ ഓഫിസുകളിലേയും പെരുമാറ്റം ജനം ഒറ്റക്കൊറ്റക്ക് നിന്ന് സഹിക്കുന്നത് പോലെ.

എന്നാൽ, തക്ഷശിലയിൽ ജനം സംഘടിച്ച്, ഈ മഹാമന്ത്രിമാരുടെയും അവരുടെ കൈയ്യാളുകളുടെയും തലവെട്ടി.

തക്ഷശിലയിലെ പൊതുഭാഷയിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ എന്ന് അറിയില്ല.

അശോക രാജാവ് സൈന്യത്തെ ഇറക്കി ജനകീയ വിപ്ളവത്തെ അടിച്ചമർത്തി. ഉദ്യോഗസ്ഥരെന്ന 'അദ്ദേഹങ്ങളെ' ജനം ബഹുമാനിക്കുകയും അവർ ചോദിക്കുന്നതെല്ലാം അവർക്ക് കൊടുക്കുകയും ചെയ്യേണം എന്നാണ് ഫ്യൂഡൽ ഭാഷകളിലെ ലിഖിതവും അലിഖിതവുമായ ചട്ടം.

ഇന്ത്യയിൽ ഭരണഘടന ഇന്ത്യൻ സംസ്ക്കാരത്തിന് അനുസൃതമായി തിരുത്തി എഴുതിയാൽ, ഇതാണ് സംജാതമാകാൻ പോകുന്ന സാമൂഹിക യാഥാർത്ഥ്യം.

രാജ്യത്തിനും രാജാവിനും മറ്റും വൻ പ്രത്യയശാസ്ത്രങ്ങളും മറ്റും ഉണ്ടാവും. എന്നാൽ, ജനങ്ങളും ഭരണചക്രത്തിൽ തൊഴിൽ ചെയ്യുന്നവരും തമ്മിൽ സംസാരിക്കുന്നത് ഫ്യൂഡൽ ഭാഷകളിൽ ആകുമ്പോൾ, എത്ര മഹനീയമായ പ്രത്യയശാസ്ത്രം ഉണ്ടെങ്കിലും, കാര്യങ്ങൾ ഭാഷാകോഡുകൾക്ക് അനുസൃതമായാണ് നടക്കുക.

അശോകന്റെ പ്രാദേശിക ഭാഷ പാലിയും പ്രാകൃതും ആയിരുന്നു എന്ന് പറയപ്പെടുന്നു. സംസ്കൃതവുമായി ഇവയ്ക്ക് ബന്ധമില്ലായെന്നും സൂചിപ്പിക്കപ്പെട്ടുകാണുന്നു.

42. പുതിയ സവർണ്ണർ

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിന്റെ സാമൂഹികവും ഭാഷാപരവും ആയ സംസ്ക്കാരം പുതുതായി ജനിച്ച ഇന്ത്യ, പാക്കിസ്ഥാൻ, ബെങ്ഗ്ളാദേശ് തുടങ്ങിയ രാജ്യങ്ങളിലേയും അനൌപചാരിക സംസ്ക്കാരം ആയിരിക്കും.

പലതും കുറച്ചു കാലത്തോളം ഇങ്ഗ്ളിഷിന്റെ സമത്വാധിഷ്ഠിതമായ (egalitarian) സംസ്ക്കാരപരമായി ഔപചാരികമായി ചിലയിടങ്ങളിൽ നടന്നിരുന്നു. ഉദാഹരണത്തിന്, ഇങ്ഗ്ളിഷ് ഭരണം ഉണ്ടായിരുന്ന മലബാറിൽ പല ഔദ്യോഗിക കീഴ്വഴക്കങ്ങളും ഈ രീതിയിലായിരുന്നു. സ്വതന്ത്ര രാജ്യമായി നിലനിന്നിരുന്ന തിരുവിതാംകൂറിൽ ഈ കാര്യങ്ങൾ ഒരിക്കലും അനുഭവപ്പെട്ടിരുന്നില്ല.

ഇനിയങ്ങോട്ട് ഈ ഉപദ്വീപിലെ പ്രാദേശിക സംസ്ക്കാരത്തിലേക്ക് കാര്യങ്ങൾ നീങ്ങിയാൽ, വാരാവുന്ന വ്യത്യാസങ്ങളുടെ നിഴലുകൾ രാജ്യത്തുടനീളം പരന്നു കഴിഞ്ഞിട്ടുണ്ട്.

ബ്രാഹ്മണരിൽ പല നിലവാരങ്ങൾ ഉണ്ട്. ഏറ്റവും ഉയരത്തിൽ ഉള്ളത് ഐഎഎസ്, ഐപിഎസ് നിലവാരത്തിന് തുല്യരായ, ഏറ്റവും ഉയർന്ന പൂജാരികളായ ബ്രാഹ്മണ തമ്പുരാന്മാർ.

അവർക്ക് കീഴിലായി നമ്പൂതിരിപ്പാട്, വിശിഷ്ടരായി അറിയപ്പെടുന്ന ഭട്ടതിരിയും മറ്റും. പിന്നെ സാമാന്യ ബ്രാഹ്മണർ. അവർക്ക് കീഴിലായി നമ്പി തുടങ്ങിയവർ. അവർക്ക് കീഴിൽ ശാന്തിക്കാർ അഥവ എമ്പ്രാൻ. പിന്നെ നമ്പൂരി (സപഗ്രന്ഥൻ). ഏറ്റവും താഴെയായി പാപിഷ്ഠരായ ബ്രാഹ്മണർ. (ഇത് ആധികാരികമായ വിവരം അല്ല. പിശകുണ്ടാകാം).

ഇന്നത്തെ ഉദ്യോഗസ്ഥ വർഗ്ഗവുമായി ഈ ബ്രാഹ്മണ നിലവാരങ്ങളെ താരതമ്യപ്പെടുത്തുകയാണെങ്കിൽ, ഇന്നുള്ള ഇന്ത്യൻ പോലീസ് വകുപ്പിലെ ഇൻസ്പെകടർ നിലവാരം ഏറ്റവും കീഴെവരുന്ന ബ്രാഹ്മണർക്ക് നൽകാനാവും. ഏറ്റവും ഉയരങ്ങളിലുള്ള ബ്രഹ്മണരെ ഐഎഎസ് - ഐപിഎസ് കാരുമായി താരതമ്യം ചെയ്യാവുന്നതാണ്.

ഇവർക്ക് കീഴിലായി വരുന്ന ബ്രാഹ്മണർക്കും നായന്മാർക്കും ഇടയിൽപ്പെടുന്ന അമ്പലവാസി, ഉണ്ണി, നമ്പീശൻ, പിശാരടി, വാരിയൻ, ചാക്കിയാർ, നമ്പിയാർ തുടങ്ങിയവരെ ഇൻസ്പെകടർക്കും കോൺസ്റ്റബ്ളിനും ഇടയിൽ ഉള്ള എഎസ്ഐ, ഹെഡ് കോൺസ്റ്റബ്ൾ തുടങ്ങിയവരുമായി താരതമ്യം ചെയ്യാവുന്നതാണ്.

ഇവരുടെയെല്ലാം ആജ്ഞാനുവർത്തിയായി വരുന്ന നായന്മാരെ കോൺസ്റ്റബ്ൾമാരുമായി താരതമ്യം ചെയ്യാവുന്നതാണ്.

നായന്മാരാണ് കീഴ് ജാതിക്കാരുടെ മേൽ നേരിട്ടുള്ള കായികവും ശബ്ദപരമായും അധികാരം കാട്ടിയിരുന്നത്.

ഇനി പറയാനുള്ളത് കീഴ് ജാതിക്കാർക്ക് തുല്യരായി കാണാവുന്ന പൊതുജനം എന്ന സാധാരണ പൌരനെക്കുറിച്ചാണ്.

അത് അടുത്ത എഴുത്തിൽ പ്രതിപാദിക്കാം.

43. രാഷ്ട്രം ഫ്യൂഡൽ ഭാഷാ കോഡുകൾക്ക് കീഴടങ്ങുമ്പോൾ

രാഷ്ട്രം ഫ്യൂഡൽ ഭാഷാ കോഡുകൾക്ക് കീഴടങ്ങുമ്പോൾ, ഇത്രയും നാൾ സാമൂഹികാന്തരീക്ഷത്തെ സമത്വാധിഷ്ഠിതമായി (egalitarian) നിലനിർത്താനായി പ്രവർത്തിച്ച ഇന്ത്യൻ ഭരണഘടനയുടെ പ്രവർത്തനങ്ങളും ധർമ്മശാസ്ത്രങ്ങളും പാഴ്‌വേലയായി മാറും.

ഇന്ത്യൻ ജനങ്ങളുടെ സാമൂഹിക രൂപകൽപ്പന, നിരപ്പുള്ള സാമൂഹികാന്തരീക്ഷത്തിൽനിന്നും പൂർണ്ണമായും മാറി, പലതട്ടുകളുള്ളതും, പിരമിഡ് രൂപത്തിലുള്ളതും, ആയ അനവധി ഘടകങ്ങളായ രൂപഘടന കൂടുതൽ ഉറപ്പിക്കപ്പെടും.

സർക്കാർ ജോലി എന്നുള്ളത് പണ്ട് കാലങ്ങളിൽ ഉള്ള ജന്മിത്വത്തിന് തുല്യമാകും. അതായത് കുറച്ച് വൻ ജന്മിമാരും, അവർക്ക് കീഴിലായി കുറെ കുട്ടിജന്മിമാരും, അവർക്കെല്ലാം കീഴെയായി അനവധി കൈയ്യാളുകളും.

ഈ കൈയ്യാളുകളുമായി ഇന്നുള്ള പോലീസ് ഇൻസ്പെടർ, എഎസ്ഐ, ഹെഡ് കോൺസ്റ്റബ്ൾ, കോൺസ്റ്റബ്ൾ എന്നിവരേയും, സർക്കാർ ഓഫിസിലെ ഓഫിസ് സൂപ്രണ്ടുമാരെയും ക്ളാർക്കുമാരെയും (ഗുമസ്തന്മാരെയും) പ്യൂണുകളെയും താരതമ്യപ്പെടുത്താനാവുന്നതാണ്. സർക്കാർ സേവനത്തിലെ ഏറ്റവും പരുക്കൻ പെരുമാറ്റം പൊതുവെ ഇവരിൽ നിന്നുമാണ് പൊതുജനത്തിന് ലഭിക്കുക.

അതേ സമയം ഇവരേക്കാൾ ഉയരത്തിൽ ഉള്ളവരുമായി പൊതുജനത്തിന് അടുക്കാൻ പറ്റില്ലതന്നെ. പലവിധ തടസ്സങ്ങളും മറ്റും ഉള്ള ഒരുതരം അയിത്തം മിക്ക ആളുകളെയും ഇവരുമായി അടുക്കുന്നതിന് തടസ്സമായി നിലനിൽക്കും.

പഴയ കാല ജാതി വ്യവസ്ഥയുടെ പലവിധ ഭാവങ്ങളും ഇന്ന് സർക്കാർ തൊഴിലാളികളും ജനങ്ങളും തമ്മിൽ നിലനിൽക്കുന്നുണ്ട്.

REV. Samuel Matter എഴുതിയ Native Life in Travancoreൽ, തിരുവിതാംകൂർ രാജ്യത്തിൽ ഉണ്ടായിരുന്ന ജാതിവ്യവസ്ഥയുടെ കാഠിന്യം വളരെ വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്. ഈ ചിത്രീകരണത്തിലെ വ്യക്തികളെ മാറ്റി ഒരു പക്ഷത്ത് ഇന്നത്തെ സർക്കാർ ഓഫിസ് തൊഴിലാളികളും മറു പക്ഷത്ത് ഇന്നുള്ള പൊതുജനവും ആയി കഥാപാത്രങ്ങളെ മാറ്റിയാൽ, അന്നത്തെ ജാതി വ്യവസ്ഥ ഇന്നുള്ള സർക്കാർ ഓഫിസ് തൊഴിലാളികളും സാധാരണ പൌരനും തമ്മിലുള്ള ബന്ധത്തിന്റെ സാമാന്യമായ ചിത്രീകരണമായി കാണാവുന്നതാണ്.

ഈ തരം അയിത്തങ്ങൾക്ക് ആരെയും കുറ്റം പറയാൻ ആവില്ലതന്നെ. കാരണം, ആളുകൾ ഭാഷയുടെ രൂപകൽപ്പനാ കോഡുകൾക്ക് അനുസൃതമായി

ചിട്ടപ്പെടുത്തപ്പെടുകയാണ്. അവരോരോരുത്തർക്കും ലഭിച്ചിട്ടുള്ള സ്ഥാനത്തിൽ (Slots) നിന്ന്കൊണ്ട് ആ സ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഭാഷാ കോഡുകൾ പ്രകാരം ഓരോരുത്തരും പെരുമാറും. ഇടപഴകും. പ്രതികരിക്കും. പരുക്കനും മൃദലനും ആവും. ഞെട്ടിക്കും. വിധേയത്വം കാണിക്കും. കൈക്കൂലി വാങ്ങിക്കും. കൈക്കൂലി നൽകും. വ്യക്തികളോട് വിവേചനം കാണിക്കും. ബഹുമാനം ലഭിക്കുന്നതിൽ സായൂജ്യം കണ്ടെത്തും. അധമത്വം പ്രകടിപ്പിക്കുന്നതിൽ ആത്മസംതൃപ്തിയും കാര്യനേട്ടവും നേടും.

പരുക്കൻ കോഡുകളുള്ള ഭാഷകൾ പരുക്കൻ സാമൂഹികാന്തരീക്ഷം സൃഷ്ടിക്കും. പരുക്കൻ സാമൂഹികാന്തരീക്ഷത്തിൽ അവിടവിടങ്ങളിലായി മൃദുലമായ അനുഭവങ്ങൾ ലഭിക്കും ഇടക്കിടക്ക്. ഈ അനുഭവങ്ങളിൽ സമൂഹികാന്തരീക്ഷത്തിന്റെ അലൌകിക സൌന്ദര്യം കണ്ടെത്തും. സാമൂഹികാന്തരീക്ഷത്തിലെ ഈ നുറുങ്ങ് സൌന്ദര്യത്തെ മതിമറിന്ന് ഇഷ്ടപ്പെടും. ഇക്കാര്യം വിളിച്ച് പറയും.

44. പാഠപുസ്തകങ്ങളിലെ തരിശായ വിഡ്ഢിത്തങ്ങൾ

ഇന്നുള്ള ഇന്ത്യയിലെ പൊതുജനം എന്നു പറയുന്നത് തന്നെ പലതട്ടുകളായി, അന്യോന്യം അറപ്പും വിദ്വേഷവും, ഉള്ളവരും, കീഴെവരുന്നവരെ വാക്ക് കോഡുകളാൽ അമർത്തുന്നവരും, മുകളിൽ വരുന്നവരെ വിധേയത്തത്താലോ, നിർബന്ധത്താലോ ബഹുമാനിക്കുന്നവരും, മറ്റുമാണ്.

താഴെക്കിടയിലുള്ളവരെ പലവിധത്തിലും അമർത്തിവെക്കണം എന്നത് ഒരു അലിഖിതമായ സാമൂഹിക ചട്ടംതന്നെയാണ്. ഇത് ചെയ്തില്ലെങ്കിൽ അവർ മുകളിലുള്ളവരുടെ ഇടയിലേക്ക് ഇടിച്ച് കയറുകയും അവരെ വാക്ക്-കോഡുകളാലും, മറ്റ് അതിരുകടന്ന പെരുമാറ്റങ്ങളാലും അലോസരപ്പെടുത്തും.

ഫ്യൂഡൽ ഭാഷകളിൽ കാര്യങ്ങൾ ഇങ്ങിനെത്തന്നെയാണ്.

മാനസികവും ശാരീരികവും ആയ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് സർക്കാർ ഉദ്യോഗസ്ഥരോട് പെരുമാറുന്നത് സാമൂഹികമായും വ്യാപാരപരമായും തൊഴിൽപരമായും ആത്മഹത്യാപരമാണ്. സർക്കാർ ഉദ്യോഗസ്ഥരെന്ന ജന്മി വർഗ്ഗത്തിനോടും, അവരുടെ കയ്യാളുകളോടും വിധേയത്വവും ബഹുമാനവും വ്യക്തമായും എല്ലാ വാക്കുകളിലും ശാരീരിക ഭാഷയിലും പ്രകടിപ്പിക്കുന്നതാണ് കാര്യപ്രാപ്തിക്കും നിലനിൽപ്പിനും അഭികാമ്യം.

ഇതാണ് ഇന്ന് ഉരുത്തിരിഞ്ഞുവരുന്ന പുതിയ സാമൂഹിക പ്രത്യയശാസ്ത്രം. അല്ലാതെ സ്ക്കൂളിലും കോളജിലും സാമൂഹിക ശാസ്ത്രത്തിലും രാഷ്ട്രതന്ത്രത്തിലും മറ്റും പഠിപ്പിക്കുന്ന തരിശായ വിഡ്ഢിത്തങ്ങൾക്ക് യാതോരു അർത്ഥവും ഇല്ലതന്നെ.

ജനങ്ങൾക്ക് സാമൂഹിക സമത്വത്തിന് അവകാശമുണ്ട്. അവരാണ് രാജ്യം ഭരിക്കുന്നത്. രാജ്യത്തിന്റെ ഉടമസ്ഥർ അവരാണ്. അവർക്ക് ഈ നാട്ടിൽ അന്തസ്സിന് അവകാശമുണ്ട് എന്നൊക്കെ പാഠപുസ്തകങ്ങളിൽ ചറപറയെന്ന രീതിയിൽ എഴുതിക്കൂട്ടുന്നത് പലവിധ പാഠപുസ്തക വിൽപ്പനക്കാർക്കും സാമ്പത്തിക മുതിൽക്കൂട്ട് നൽകും എന്നല്ലാതെ, ചില്ലിക്കാശിന്റെ വിലയില്ലാത്ത വാക്കുകളാണ്.

കാരണം, പ്രാദേശിക ഭാഷകളിൽ ഈ വക കാര്യങ്ങൾ പാഠപുസ്തകങ്ങളിൽ പഠിപ്പിക്കുന്ന അതേ അവസരത്തിൽത്തന്നെ, സമൂഹത്തിൽ വലിയവർ ഉണ്ട് എന്നും അവർ സർക്കാർ ഉദ്യോഗസ്ഥരും, രാഷ്ട്രീയ നേതാക്കളും, ഡോക്ടർമാരും മറ്റുമായ 'അദ്ദേഹങ്ങളും', 'സാറമ്മാരും', 'മാഡങ്ങളും' ആണ് എന്നും, ഇവർക്ക് കീഴിലായി വരുന്നവരാണ് പൊതുജനം എന്ന 'അവനും', 'അവളും', 'അയാളുമാരും' 'അവന്മാരും' 'അവളുമാരും', 'അവറ്റകളും' എന്ന വിലകുറഞ്ഞവരെന്നും കുരുതിക്കൂട്ടിയും, കരുത്തിക്കൂട്ടിയല്ലാതെയും പഠിപ്പിക്കപ്പെടുന്നുണ്ട്.

സ്ക്കൂളുകളിലും കോളജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും അറിയാം, അവരിൽ പലരും 'അവന്റേയും' 'അവളുടേയും' മക്കളും, മറ്റുചിലർ 'അദ്ദേഹത്തിന്റെയും' 'മാഡത്തിന്റേയും' മക്കളും ആണ് എന്ന്.

പൊതുജനമെന്ന ഹീനജാതിക്കാരും സർക്കാർ തൊഴിലാളികളെന്ന ജന്മിവർഗ്ഗവും തമ്മിൽ ഉള്ള അയിത്തങ്ങളുടെ വ്യക്തമായ വാക്ക്-കോഡ് സാങ്കേതികത അടുത്ത എഴുത്തിൽ നൽകാം.

45. George Washington എന്ന പമ്പരവിഡ്ഢി


യൂഎസ്എ (USA) എന്ന രാഷ്ട്രം 1777ൽ രൂപീകരിച്ചപ്പോൾ, ഒരു Bill of Rights എഴുതിയുണ്ടാക്കിയിരുന്നു. എന്തോ വലിയ പുതിയ കണ്ടുപിടുത്തം എന്ന രീതിയിലാണ് അമേരിക്കക്കാർ ഇതിനേയും, യൂഎസ് ഭരണഘടനയിൽ പ്രസ്താവിച്ചിരിക്കുന്ന മനുഷ്യ വ്യക്തിത്വങ്ങളും പൌരന്റെ അന്തസ്സും മറ്റും ഉരുവിട്ടുകൊണ്ടിരിക്കുന്നത്.

ഈ മനുഷ്യവ്യക്തിത്വങ്ങൾ അത്രയും ഇങ്ഗ്ളണ്ടിലെ പ്രാദേശിക ഭാഷയായ ഇങ്ഗ്ളിഷിൽ യാതോരു കരുതിക്കൂട്ടലുകളും, ലിഖിതരൂപത്തിലുള്ള അവകാശ പ്രസ്താവനകളും ഇല്ലാതെ തന്നെ ഉള്ള കാര്യങ്ങളാണ്. കാരണം, ഈ ഭാഷയിൽ സർക്കാർ ഓഫിസ് തൊഴിലാളിയും സാധാരണ പൌരന്മാരും മറ്റും എല്ലാം തന്നെ വെറും You, Your, Yours, He, Him, His, She, Her, Hers എന്ന പദങ്ങളാൽ മാത്രം നിർവ്വചിക്കപ്പെടുന്നവരാണ്.

അല്ലാതെ സർക്കാർ തൊഴിലാളികൾ 'അദ്ദേഹവും' 'മാഡവും' ആണ് എന്നും സാധാരണക്കാർ 'അവനും' 'അവളും' ആണ് എന്നും അല്ല എന്നതിനെക്കുറിച്ച് അമേരിക്ക എന്ന രാജ്യം രൂപീകരിച്ചവർക്ക് അന്ന് മനസ്സിലായിട്ടില്ല. ഇനി എപ്പോഴെങ്കിലും മനസ്സിലാകുമോ എന്നും അറിയില്ല.

ഭൂഖണ്ഡ യൂറോപ്പുകാർ വളരെ എളുപ്പത്തിൽ പ്രലോഭിപ്പിക്കുകയും വശീകരിക്കുകയും ചെയ്ത ആളാണ് George Washington എന്ന കാര്യം യാതോരു ചരിത്രപുസ്തകങ്ങളിലും എഴുതിക്കാണുന്നില്ല എന്നുള്ളത് തന്നെ ഒരു വൻ വിവര ശേഖരത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ചൂണ്ടിക്കാട്ടുന്നത്.

46. ഇങ്ഗ്ളിഷ് കൊളോണിയൽ വിദ്യാഭ്യാസത്തിന്‍റെ ലക്ഷ്യങ്ങൾ



A traditional architect of the South Asian subcontinent, with elevation of a new temple drawn on a wall.



These are technical and architectural experts of rare acumen. Yet, they have not been in any engineering college. They could manage to build huge building structures with no help from modern technology. Well, this is the kind of genius that the Englishmen saw in south Asia

ദക്ഷിണേഷ്യൻ ഉപദ്വീപിൽ ഉദ്യോാസ്ഥ വർഗ്ഗത്തിനാണ് കാലാകാലങ്ങളായി വാക്ക് കോഡുകളിൽ മഹിമ. ഇവർക്ക് കീഴെയായി പലവിധ തൊഴിലുകളും ചെയ്യുന്നവർ വാക്ക് കോഡുകളുടെ ഹീന പ്രയോഗങ്ങൾ ഏറ്റുവാങ്ങേണ്ടവരാണ്.

ദക്ഷിണേഷ്യൻ ഉപദ്വീപിൽ ഏറ്റവും വലിയ നൈപുണ്യവും സാങ്കേതിക വിദ്യയും മറ്റും ഉള്ളവരായിരുന്നു ഇവിടുള്ള പാരമ്പര്യ ആശാരിമാർ. ഈ ഉപദ്വീപിൽ ഏതാണ്ട് പകുതിയോളം സ്ഥലത്ത് ഇങ്ഗ്ളിഷ് ഭരണം നടന്ന

കാലത്ത് ഇങ്ഗ്ലിഷ് ഉദ്യോഗസ്ഥർ ഇക്കൂട്ടരുടെ നൈപുണ്യം കണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്.

യാതോരു കോളജിലും പഠിപ്പില്ലാത്ത ഇവർ വൻ കെട്ടിടങ്ങളും മണിമാളികകളും വെറും നിസ്സാരം എന്ന് തോന്നിക്കാവുന്ന പണി ആയുധങ്ങൾ ഉപയോഗിച്ച് കൊണ്ട് സൃഷ്ടിക്കുമായിരുന്നു. എന്നാൽ ഇക്കൂട്ടർ ഈ ഉപദ്വീപിലെ ഉദ്യോഗസ്ഥക്കൂട്ടരുടെ (അധികാരികളുടെ) മുന്നിൽ വിലയില്ലാത്തവരായിരുന്നു. പലപ്പോഴും സാമൂഹികാധികരം കൈവശമുള്ള ഉയർന്നവരുടെ 'നീ', 'അവൻ', 'അവൾ', പ്രയോഗങ്ങൾ ഏറ്റുവാങ്ങേണ്ടവരായിരുന്നു ഇവർ.

ഇങ്ഗ്ലിഷ് ഭരണം ഇവിടെ പ്രചരിപ്പിച്ച പൊതുവിദ്യാഭ്യാസം ശരിക്കും പറഞ്ഞാൽ, ശ്രമിച്ചിരുന്നത് ജനങ്ങളുടെ ആശയവിനിമയത്തിലുള്ള തടസ്സങ്ങൾ മാറ്റാനാണ്. സാങ്കേതിക വിദ്യാഭ്യാസം അതിന് ശേഷവും, മുകളിലും ആയിരുന്നു.

എന്നുവച്ചാൽ, ആദ്യം ഈ പ്രദേശത്തുള്ള ആശയവിനിമയത്തിലുള്ള പൈശാചികതയെ ഉന്മൂലനം ചെയ്തതിനോ, അല്ലെങ്കിൽ അതിനെ ചെറുതായെങ്കിലും നിർവ്വീര്യം ചെയ്തതിനോ ശേഷമേ, ഇന്ന് ഉയർന്ന വിദ്യാഭ്യാസ യോഗ്യത എന്നുപറയുന്ന വിദ്യാഭ്യസങ്ങളിലേക്കും, ഉയർന്ന സർക്കാർ ജോലികളിലേക്കും ആളുകളെ കയറ്റിവിട്ടിരുന്നുള്ളു. ഇങ്ഗ്ലിഷ് നന്നായി അറിയുന്നവർക്കേ സർക്കാർ സേവനത്തിലെ ഉയർന്ന പദവികളിലും ഡോക്ടർ പോലുള്ള വിദ്യാഭ്യാസങ്ങൾക്കും പ്രവേശനം നൽകിയിരുന്നുള്ളു.

ഇതിന്റെ ഗുണം പൊതുജനത്തിനാണ് ലഭിച്ചിരുന്നത്. കാരണം, മനുഷ്യനെ വിലകുറയ്കുന്ന വാക്ക് കോഡുകൾ കുറേയെങ്കിലും മനസ്സിൽ നിർവ്വീര്യമാക്കിയാൽ മാത്രമെ ഇത്യാദി നിലവരങ്ങളിലേക്ക് പ്രവേശിക്കാൻ ആകുള്ളു.

ശരിക്കും പറഞ്ഞാൽ ഈ ഉപദ്വീപിലെ ഏതാണ്ട് പകുതിയോളം പ്രദേശങ്ങളിൽ ഇങ്ഗ്ലിഷ് ഭരണം നടന്നിരുന്ന ഇടത്ത് (British-India), ഭരണകർത്താക്കൾ ഇങ്ങിനെ ഒരു ഉദ്യമത്തിൽ ഏർപ്പെട്ടിരുന്നു എന്ന കാര്യത്തെക്കുറിച്ച് ഇന്നുള്ള ബ്യട്ടണിലും, ഇങ്ഗ്ളണ്ടിലും ഒരു ചെറിയ അറിവ് പോലും ബാക്കിയില്ല എന്നുള്ളതാണ് വാസ്തവം.

അതേ സമയം ഇന്ത്യയിലും പാക്കിസ്ഥാനിലും, ബങ്ഗ്ളാദേശിലും മറ്റും പ്രാദേശിക രാഷ്ട്രീയ നേതൃത്വങ്ങളും ഉദ്യോഗസ്ഥവർഗ്ഗവും, വിദ്യാഭ്യാസ പണ്ഡിതരും മറ്റും ചരിത്രത്തിൽ സംഭവിച്ച കാര്യങ്ങളുടെ പുറംതോടുപോലും തൊടാതെ എന്തെല്ലാമോ എഴുതിക്കൂട്ടി, വിദ്യാർത്ഥികളെക്കൊണ്ടും ഉദ്യോഗാർത്ഥികളെക്കൊണ്ടും മാർക്ക് നേടാനായി ധൃതിപ്പാടോടുകൂടി പഠിക്കാനും തത്തപറയുന്നത് പോലെ ഉരുവിടാനും പ്രചോദനം നൽകുന്നു.

47. ഭരണഭാഷ മലയാളമാകുമ്പോൾ ഉളവാകുന്ന പ്രശ്നങ്ങൾ

ഇന്ത്യയൊട്ടുക്കും സംസ്ഥാന സർക്കാർ ഓഫിസ് സംവിധാനങ്ങൾ പ്രാദേശിക ഭാഷയിൽ ആക്കിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ കമ്മിറ്റികൾ പഠന റിപ്പോട്ട് നൽകിയിട്ടുണ്ടാകാം.

ഈ വക വിദഗ്ദ്ധ കമ്മിറ്റികൾ ഈ ഭാഷാ മാറ്റത്തെക്കുറിച്ച് എന്താണ് പഠിച്ചത് എന്ന് ഈ എഴുത്തുകാരന് അറിയില്ല. എന്നാൽ, തോന്നുന്നത് ഈ വക പഠനങ്ങൾ പലപ്പോഴും വെറും ആഴമില്ലാത്ത വാചക കസർത്തുകൾ ആകും എന്നാണ്. കാരണം, മലയാളം വിദ്യാഭ്യാസത്തിൽ നിർബന്ധ ഭാഷയാക്കാൻ വിദഗ്ദ്ധ കമ്മിറ്റി നൽകിയ റിപ്പോട്ട് 2011ൽ വായിച്ചതായി ഓർക്കുന്നു. അതിൽ കാര്യമായി ഒരു ഗഹന പഠനവും കണ്ടില്ലാ എന്നാണ് ഓർമ്മ. കമ്മിറ്റിയിൽ ഡോക്ട്രെയ്റ്റ് ബിരുദ്ധധാരികൾ ഉണ്ടായിരിന്നു എന്നും ഓർമ്മിക്കുന്നു.

സർക്കാർ ഓഫിസുകളിൽ നിർവ്വഹണം പൂർണ്ണമായി ഫ്യൂഡൽ ഭാഷകളിലേക്ക് മാറ്റിയാൽ ഉണ്ടാവുന്ന ഏതാണ്ട് 30ഓളം പ്രശ്നങ്ങൾ ഈ എഴുത്തുകാരന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവ ലിഖിത രൂപത്തിൽ ഈ എഴുത്തുകാരൻ രേഖപ്പെടുത്തി വച്ചിട്ടുണ്ട്.

അവയിൽ ഒന്ന് ഇവിടെ ഇപ്പോൾ പ്രസ്താവിക്കാം: ഇങ്ഗ്ളിഷ് ഭരണകാലത്ത് സർക്കാർ ഓഫിസ് തൊഴിലാളികളെ Public Servants (പൊതുജനങ്ങളുടെ തൊളിലാളികൾ) എന്ന വാക്കുകളിലാണ് നിർവ്വചിക്കപ്പെട്ടിരുന്നത്.

ഫ്യൂഡൽ ഭാഷകളിൽ തൊഴിലാളി മുതലാളിയെ ബഹുമാനിക്കേണം. അതായത്, ഭരണ ഭാഷ ഫ്യൂഡൽ ഭാഷയായാൽ, ബഹുമാന പദങ്ങൾ പൊതുജനത്തിനോടും, തരംതാഴ്ത്തപ്പെടുന്ന വാക്കുകൾ സർക്കാർ ഓഫിസ് തൊഴിലാളിളുടെ മേലും ഉപയോഗിക്കേണ്ടവയാണ്.

ഇതിനോട് യാതോരു കാരണവശാലും സർക്കാർ ഓഫിസ് തൊഴിലാളികൾ യോജിക്കില്ലതന്നെ.

മാത്രവുമല്ല, സർക്കാർ ഓഫിസിലേക്ക് വരുന്ന പൌരനെ ബഹുമാനിക്കേണം എന്നതും സർക്കാർ ഓഫിസ് തൊഴിലാളിക്ക് സമ്മതിക്കാനാവുന്ന കാര്യമല്ല.

ഭരണ ഭാഷ മലയാളമാക്കുമ്പോൾ, ഈ പ്രശ്നനത്തെക്കുറിച്ച് വിദഗ്ദ്ധ കമ്മിറ്റി എന്താണ് അഭിപ്രായപ്പെട്ടത് എന്ന് അറിയില്ല.

അതേ സമയം, സാധരണ പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയെ ബഹുമാനിക്കേണം എന്നാണ് വിദഗ്ദ്ധ കമ്മിറ്റിയുടെ കണ്ടുപിടുത്തമെങ്കിൽ, പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയുടെ കീഴിൽ വരുന്ന ആളാണ് എന്ന് ഭരണഘടനയിൽ സൂചിപ്പിച്ചിട്ടുണ്ട് എന്ന് വിദഗ്ദ്ധ കമ്മിറ്റി സൂചിപ്പിച്ചിട്ടാണ്ടാവും എന്ന് വിശ്വസിക്കാം.

സർക്കാർ ഓഫിസ് നിർവ്വഹണം ഇങ്ഗ്ളിഷിൽ ആണെങ്കിൽ ഈ പ്രശ്നം ഉണ്ടാവില്ലെ എന്ന ചോദ്യത്തിന് മറുപടി പറയാൻ പലതും പറയേണ്ടിവരും. എന്നാൽ അതിന് ഇവിടെ പ്രസക്തിയില്ലതന്നെ. പ്രശ്നം സർക്കാർ രേഖകളിൽ ഏത് പക്ഷത്തെയാണ് ബഹുമാനിക്കപ്പെടേണ്ടത്, ഏത് പക്ഷത്തെയാണ് തരം താഴ്ത്തേണ്ടത് എന്നത് പ്രഥമദൃഷ്ട്യാതന്നെ വരുന്ന ഒരു പ്രശ്നമാണ്.

രണ്ടു പക്ഷത്തേയും തരംതാഴ്താത്താൻ പാടില്ല എന്നാണ് വാദഗതിയെങ്കിൽ, അത് മലയാളം ഭാഷയിൽ നടക്കുന്ന കാര്യമല്ലതന്നെ. തൊഴിലാളിയേയും തൊഴിലുടമയേയും രണ്ടു തട്ടിൽത്തന്നെയാണ് ഫ്യൂഡൽ ഭാഷകൾ സ്ഥാപിക്കുന്നത്.

ഈ നിസ്സാരം എന്ന് തോന്നുന്ന വാദഗതിക്ക് ബ്യട്ടിഷ് മലബാറിലെ ഒരു പ്രത്യേക ചരിത്ര സംഭവവുമായി കാര്യമായ ബന്ധമുണ്ട്. ഇത് ഇന്ത്യൻ ഔദ്യഗിക ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോഎന്ന് അറിയില്ല.

48. ആര് ആരെ ബഹുമാനിക്കേണം

സർക്കാർ ഓഫിസ് തൊളിലാളികളെ സംബന്ധിച്ചെടുത്തോളം, ഓഫിസിൽ കയറിവരുന്ന പൌരൻ ബഹുമാനിച്ചും കുനിഞ്ഞും നിന്നില്ലെങ്കിൽ പ്രശ്നമാണ്. കാരണം ഫ്യൂഡൽ ഭാഷകളിൽ ബഹുമാനം കാണിക്കാത്തവർ അധികപ്രസംഗം മാതിരിയാണ് പെരുമാറുക. അല്ലാതെ രണ്ട് പക്ഷവും തുല്യമായ അന്തസുള്ളവരും ഒരേ നിലവാരമുള്ളവരും ആയി ആശയവിനിമയം അധികനേരം നടത്താനാവുന്ന ഭാഷകളല്ല ഫ്യഡൽ ഭാഷകൾ.

കയറിവന്ന പൌരനെ പേര് വിളിച്ചുകൊണ്ട് സംസാരിക്കാനുള്ള അവകാശം സർക്കാർ ഓഫിസ് തൊഴിലാളി പ്രകടിപ്പിക്കും. ഇതേ അവകാശം കയറിവന്ന പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയോട് പ്രകടപ്പിച്ചാൽ, കാര്യം ഗൌരവമേറിയ തെമ്മാടിത്തവും അസഭ്യവാക്ക് (abusive word) പ്രയോഗവും മറ്റുമായി പരിഗണിക്കപ്പെടും.

മലയാളത്തിൽ, പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയെ 'നിങ്ങൾ' എന്ന് സംബോധനചെയ്താൽ മിക്ക ഓഫിസുകളിലും തെമ്മാടിത്തമായിത്തന്നെയാണ് കാണുക.

പൌരനെ 'നിങ്ങൾ' എന്ന് സർക്കാർ ഓഫിസ് തൊഴിലാളി സംബോധന ചെയ്താൽ, പ്രശ്നമല്ലതന്നെ. മാത്രവുമല്ല, എന്തെങ്കിലും അത്യാവശ്യ കടലാസിനായി കഷ്ടപ്പെട്ട് നിൽക്കുന്ന പൌരനെ പല ഉൾനാടൻ ഓഫിസിലേയും പ്യൂൺവരെ 'നീ' എന്ന് സംബോധന ചെയ്യാറുണ്ട് എന്നുള്ളത് ഒരു വാസ്തവം തന്നെയാണ്.

പൌരൻ ഇതേ നാണയത്തിൽ തിരിച്ച് 'നീ'യെന്ന് സർക്കാർ ഓഫിസ് തൊഴിലാളിയെ സംബോധന ചെയ്താൽ, ഗൌരവമേറിയ കുറ്റം തന്നെയാണ്. ഇങ്ങിനെയുള്ളവരെ ജയിലിലാക്കാൻ പോന്ന നിയമങ്ങൾ കരുതിക്കൂട്ടി സർക്കാർ ഓഫിസ് തൊഴിലാളികൾ സംഘടിതമായി ഗൂഢാലോചന ചെയ്ത് ലിഖിതരൂപത്തിൽ ആക്കിവച്ചിട്ടുണ്ട്.

ഇത്യാദി നിയമങ്ങൾക്ക് സാധുത നൽകുന്ന ജനപ്രതിനിധികളെപ്പറ്റി എന്ത് പറയാനാണ്? എന്തെങ്കിലും പറഞ്ഞാൽ, അതും കുറ്റമായിപ്പോയാലോ?

തലകുനിച്ചാൽ തലയിൽ കയറണം എന്നുള്ളത് ഫ്യൂഡൽ ഭാഷകൾക്കുള്ളിലെ കോഡുകളിൽ അന്തർലീനമായ കാര്യമാണ്. ഇത് സർക്കാർ ഓഫിസ് തൊഴിലാളിക്ക് വ്യക്തമായി അറിയാവുന്ന കാര്യവുമാണ്. അവരുടെ മുന്നിൽ കുനിയാതെ നിൽക്കുന്ന സാധാരണക്കാരനെ കുനിപ്പിക്കാതെ അവർക്ക് സൈര്യം ലഭിക്കില്ലതന്നെ.

അമിത വിധേയത്വം നൽകാതെ സർക്കാർ ഓഫിസ് തൊഴിലാളിയെ, 'നിങ്ങൾ' എന്ന് സാധാരണക്കാരൻ സംബോധന ചെയ്താൽ, പല സർക്കാർ ഓഫിസ് തൊഴിലാളികളിലും മാനസിക സമനിലതെറ്റിയ പെരുമാറ്റംവരെവന്നേക്കാം.

അടിക്കാനും ഇടിക്കാനും സൌകര്യമുള്ള ഇടമാണെങ്കിൽ, സമനിലതെറ്റിയ ആൾ അക്രമാസക്തമായിത്തന്നെ പെരുമാറിയേക്കാം.

എന്നാൽ പ്രശ്നം സർക്കാർ ഓഫിസ് തൊഴിലാളികളിലും സാധാരണ പൌരനിലും അല്ല കിടക്കുന്നത്. ഇവിടെ പ്രശ്നക്കാരൻ ഫ്യൂഡൽ ഭാഷതന്നെയാണ്. ഇങ്ങിനെയുള്ള മാനസികനില തെറ്റിക്കാൻ കഴിവുള്ള ഭാഷകളെ സർക്കാർ ഓഫിസുകളിലെ ഔദ്യോഗിക ഭാഷയാക്കാനായി ശുപർശചെയ്ത വിദഗ്ദ്ധ കമ്മിറ്റികൾ ഈ പ്രശ്നത്തെക്കുറിച്ച് എന്താണ് ബോധിപ്പിച്ചിട്ടുള്ളത് എന്നതിനെക്കുറിച്ച് അറിയില്ല.

ആര് ആരെ ബഹുമാനിക്കേണം എന്നുള്ളതാണ് കാതലായ പ്രശ്നം. പണിക്കാരനെ ബഹുമാനിച്ചാൽ, പണിക്കാരൻ പണിയെടുക്കില്ല എന്നുള്ളതും ഒരു പ്രശ്നം തന്നെയാണ്.

മുകളിൽ സൂചിപ്പിച്ച ആശയവുമായി ബന്ധപ്പെട്ട് കുറച്ച് കൂടി പറയാനുണ്ട്. കുറച്ച് ചരിത്രവും കൂട്ടിച്ചേർക്കാനുണ്ട്. മറ്റ് മുപ്പതോളം പ്രശ്നങ്ങൾ പിന്നീടൊരിക്കൽ എടുക്കാം.

49. പാരമ്പര്യ സംസ്ക്കാരം തിരിച്ചുവന്നാൽ

ഇല്ലാത്ത അധികാരം പ്രകടിപ്പിക്കാതെ മാന്യമായി പെരുമാറിയാൽ, താഴെക്കിടയിലുള്ളവർ ഞെട്ടിച്ച് സംസാരിക്കും. ഒരു പരിധിവരെ ഫ്യൂഡൽ ഭാഷകൾ സൃഷ്ടിക്കുന്ന 'പീക്കിരി' മനോഭാവം ആണ് ഇതിന് പ്രചോദനം നൽകുന്നത്.

ഇങ്ങിനെ നോക്കുമ്പോൾ, സർക്കാർ തൊഴിലാളികൾ ഞെട്ടിച്ച് നിൽക്കുന്നത് ഒരു സ്വരക്ഷക്കായിട്ടുള്ള പ്രതിരോധ നടപടിയായിട്ടാണ്. എന്നാൽ കാര്യങ്ങൾ വളരെ സങ്കീർണ്ണമാണ്. ഈ സങ്കീർണ്ണതയുടെ കെട്ടഴിച്ച്, കുടുക്കുകൾ വ്യക്തമായി എടുത്ത് പരിശോധിക്കാനാവുന്നതാണ്. അതിന് ഇപ്പോൾ മുതിരുന്നില്ല.

എന്നാൽ പൊതുവായി പറഞ്ഞാൽ ഫ്യൂഡൽ ഭാഷകൾ ഉള്ള ഇടങ്ങളിൽ ജനങ്ങളെ വ്യക്തമായി കീഴ്പ്പെടുത്തി ഘടനപ്പെടുത്തിയിട്ടില്ലെങ്കിൽ, കാര്യങ്ങൾ ഇങ്ങിനെതന്നെയാണ്. കാരണം അവരെ പരുക്കൻ പെരുമാറ്റത്താൽ കൃത്രിമമായി കീഴ്പ്പെടുത്തേണ്ടിവരും.

ഇങ്ങിനെയല്ലാതിരിക്കേണമെങ്കിൽ, സർക്കാർ തൊഴിലാളിൽകാർ ഒരു തരം ജന്മി വർഗ്ഗമാണ് എന്ന് ലിഖിത രൂപത്തിൽ നിയമ സാധുതയുള്ള ചട്ടം ഉണ്ടാക്കപ്പെടണം. എന്നിട്ട്, പൊതുജനം ഇവരിലെ ഓരോ നിലവാരത്തോടും ഏതെല്ലാം വിധേയത്വ വാക്കുകൾ പറയുകയും ശാരീരിക ഭാഷയായി, എന്തെല്ലാം അടിയാളത്തവും പരിചാരകഭാവവും പ്രകടിപ്പിക്കേണം എന്നും പുതുതായി ഫ്യൂഡൽ ഭാഷകളിൽ എഴുതപ്പെടുന്ന ഭരണഘടനയിൽ വ്യക്തമാക്കിയാൽ മതിയാകും.

പ്രാദേശിക സ്ക്കൂളുകളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഈ രീതിയിലാണ് ബന്ധിക്കപ്പെട്ടിരിക്കുന്നത്. അദ്ധ്യാപകൻ എത്രത്തോളം കഠിനമായി പെരുമാറുന്നു, അത്രത്തോളം വിദ്യാർത്ഥി, അദ്ധ്യാപകനെ ബഹുമാനിക്കുകയും, സ്നേഹിക്കുകയും ചെയ്യും.

ഇങ്ങിനെയുള്ള ഒരു സാമൂഹികാന്തരീക്ഷത്തിൽ, കാണിക്ക നൽകുക എന്നുള്ളത് ഒരു സാമൂഹിക ആചാരവും മറ്റുമാകും. ഇതിനെ കൈക്കൂലി എന്ന് വിളിക്കാനും ആവില്ല.

ഇതായിരുന്നു ഈ ഉപഭൂഖണ്ടത്തിലെ പാരമ്പര്യമായ സാമൂഹികാന്തരീക്ഷം. ഇങ്ഗ്ളിഷ് ഭരണം വന്നയിടങ്ങളിൽ മാത്രം ഇതിന് ഒരു ഇടിച്ചിൽ സംഭവിച്ചു.



Picture details: Credit line: Wellcome Trust logo.svg
http://wellcomeimages.org/indexplus/obf_images/7f/21/de26a50460fc320d1a19bad2647.jpg
Gallery: http://wellcomeimages.org/indexplus/image/V0015171.html

പഴയകാല ചൈനാ പ്രദേശത്ത് ഔദ്യോഗിക കാര്യാലയങ്ങളിൽ പാരമ്പര്യമായി ജനങ്ങൾ പ്രകടിപ്പിച്ച് കാണിക്കേണ്ടിയിരുന്ന ദാസ്യഭാവത്തിന്റെ ചിത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്.

ചൈനാ, ജപ്പാൻ, തുടങ്ങി മിക്ക ഏഷ്യൻ പ്രദേശങ്ങളിലും പാരമ്പര്യമായി ഭാഷാപരമായി ഫ്യൂഡൽ സ്വഭാവം ഉണ്ടായിരുന്നു. മിക്ക സ്ഥലങ്ങളിലും അത് ഇന്നും ഒരു ശക്തമായ വാസ്തവമായി തുടരുന്നുണ്ട്. ചൈനാ, ജപ്പാൻ തുടങ്ങിയ ഇടങ്ങളിലെ വാക്ക്-കോഡുകൾക്ക് കീഴിൽ വരുന്നവരുടെ ശരീരം ആകമാനം കുനിപ്പിക്കുവാൻ മാത്രം ശക്തിയുണ്ട് എന്നാണ് തോന്നുന്നത്.

പട്ടാള അച്ചടക്കത്തോടുകൂടി സർക്കാർ ഓഫിസ് തൊഴിലാളികളെ മേലധികാരികളായി അംഗീകരിക്കപ്പെടുകയും, ജനങ്ങൾ അത് അംഗീകരിക്കുകയും ചെയ്താൽ, പൌരൻ കുനിഞ്ഞ് നിൽക്കുകയും, സർക്കാർ ഓഫിസ് തൊഴിലാളി ഒരു തരം ഭക്തവത്സലൻ എന്ന രീതിയിൽ വരദാനങ്ങൾ നൽകുകയും ചെയ്യും.

അതതു ഭാഷയിൽ അന്തർലീനമായിരിക്കുന്ന കോഡുകൾക്ക് അനുസൃതമായി സാമൂഹിക ഘടന രൂപപ്പെടും.

ഈ പ്രദേശത്തിലെ പാരമ്പര്യങ്ങളിൽനിന്നും ഇന്ത്യക്ക് ലഭിച്ച ഫ്യൂഡൽ ഭാഷാ സമൂഹികാന്തിരീക്ഷത്തിൽ ഏറ്റവും സ്വാഭാവികമായുള്ള ഘടന, ഉച്ചനീചത്വപരമായി പൌരന്മാർ അടക്കിവെക്കപ്പെടുക എന്നതാണ്.

50. താഴെപ്പെടുന്നരുടെ തമ്മിൽത്തമ്മിലുള്ള മത്സരം

വിപ്ളവം വരും. സാമൂഹിക പരിവർത്തനം സംഭവിക്കും. പുതിയൊരു തലമുറവരും. ഉച്ചനീചത്വങ്ങൾ മാറും. ഒരു പുതിയ മാനവൻ ഉയർത്തെഴുനേൽക്കും എന്നെല്ലാം ഘോഷിക്കാമെങ്കിലും, വാസ്തവം പറയുകയാണെങ്കിൽ, ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ ഇതൊന്നും സംഭവിക്കില്ലതന്നെ. വിപ്ളവങ്ങൾ നടന്നാൽ, പല പദവികളിലും ഉള്ള ആളുകൾ മാറുമെന്നല്ലാതെ, സാമൂഹിക ഉച്ചനീചത്വങ്ങൾ ഉടച്ച് വാർത്ത്, പാറപോലെ വീണ്ടും ഉറച്ച്തന്നെ തിരികെ വരും.

താഴെജാതിക്കാരായി നിലനിർത്തിയവർക്ക് ശരിക്കും പറഞ്ഞാൽ സംഘടിച്ച് അവരെ അമർത്തുന്നവരെ തുരത്താൻ വലിയ പ്രയാസം ഇല്ലതന്നെ. എന്നാൽ ഇങ്ങിനെയല്ല കാര്യങ്ങൾ നടമാടുക.

ഹീനജാതിക്കാരായി വച്ചവരിൽ ആണ് തമ്മിൽതമ്മിൽ ഏറ്റവും കൂടുതൽ തമ്മിൽ പോരും, കടിച്ചുകീറലും മറ്റും. Edgar Thurstonആണോ, Samuel Mateer ആണോ എന്ന് ഓർമ്മയില്ല, ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചത് കണ്ടതായി ഓർമ്മവരുന്നു.

ജാതിവ്യവസ്ഥയിൽ താഴോട്ട് ഒരു പരിധിവരെ ഓരോ ജാതിക്കാരുടേയും കൃത്യമായ ഉച്ചനീചത്വങ്ങൾ ബ്രാഹ്മണരും മറ്റ് ഉയർന്നവരും വ്യക്തമായി ചട്ടംകെട്ടിയിരുന്നു. എന്നാൽ വളരെ താഴെയുള്ള ജാതിക്കാരിൽ തമ്മിൽതമ്മിൽ ആരാണ് മുകളിൽ എന്ന് വ്യക്തമാക്കിയിരുന്നില്ല.

ഇത് വളരെ താഴെക്കിടയിൽപ്പെട്ട ജാതിക്കാരിൽ ഒരു തരം പരിഹാസ്യകരമായ തമ്മിൽതമ്മിൽ ഉള്ള മത്സരം കാഴ്ചവച്ചിരുന്നു. അവർക്ക് തമ്മിൽ സംഘടിക്കാനും അവരെ അടിച്ചമർത്തുന്നവർക്കെതിരെ നീങ്ങാനോ, അതുമല്ലെങ്കിൽ അവരെ അവഗണിച്ച് സ്വതന്ത്രമായി നിലകൊണ്ട് വളരാനോ അല്ല മനോഭാവം കണ്ടിരുന്നത്. മറിച്ച്, തമ്മിൽ തമ്മിൽ ആരാണ് ആപേക്ഷികമായി വലുത് എന്ന് തെളിയിക്കാനാണ് പ്രചോദനം വന്നുകണ്ടത്.

ഈ ചിത്രീകരണം കാണുക:

ഒരു കോളജിൽ പ്രൻസിപൾ മുതൽ താഴോട്ട് പ്രൊഫസർ, ലക്ചറർ, ലാബ് അസിസ്റ്റന്റ്, എന്നിങ്ങനെ ഹൈയറാർക്കി (hierarchy) കൃത്യമായി വച്ചിരിക്കുന്നു. എന്നാൽ, അങ്ങ് താഴെ, സെക്യൂറിറ്റി നിൽക്കുന്ന പാറാവ്കാരനാണോ, തോട്ടപ്പണിക്കാരനാണോ മുകളിൽ എന്ന് വ്യക്തമാക്കിയില്ല. ഇവർ തമ്മിൽ നിത്യവും ആര്ക്ക് ആരോട് ആജ്ഞാപിക്കാം എന്ന രീതിയിൽ കശപിശ. വയസ്, യൂണിഫോം, സ്വന്തം മേലധികാരിയുടെ ഉയർന്ന നിലവാരം തുടങ്ങിയ കാര്യങ്ങൾ നിരത്തിവച്ച് ഇവർ അവരുടെ ആപേക്ഷികമായ ഉയർന്ന നിലവാരം വാദിച്ചുകൊണ്ടിരിക്കുന്നു.

ഈ വാദപ്രതിവാദം മുകളിൽ ഇരിക്കുന്ന ആളുകൾ കൌതുകത്തോടും ആതീവ തമാശയായും വീക്ഷിക്കുന്നു.

ഇത് പോലെയായിരുന്നു മുകളിൽ പറഞ്ഞ, ഏറ്റവും താഴെപ്പെട്ട ജാതിക്കാർ തമ്മിൽ തമ്മിലുള്ള മത്സരം മുകളിൽ ഉള്ളവർ കണ്ട് രസിച്ചത്.

താഴെയുള്ളവരുടെ ഈ അനുകമ്പ അർഹിക്കുന്ന മനോഭാവവത്തോടും, മുകളിൽ ഉള്ളവർ ഇതിന് പ്രോത്സാഹനം നൽകുന്നതിനോടും ഫ്യൂഡൽ ഭാഷാ കോഡുകൾക്ക് കാര്യമായ ബന്ധമുണ്ട്.

51. 'അവൻ' 'അദ്ദേഹം' ആകുമോ എന്ന ഭയം

സർക്കാർ ഓഫിസ് തൊഴിലാളികൾ എത്രമാത്രം ഒരു സ്വകാര്യ വ്യക്തിയെ വിഷമിപ്പിച്ചാലും, മറ്റ് മിക്ക സാധാരണക്കാരനും അതിൽ സന്തോഷമേ ഉണ്ടാകുള്ളു. കാരണം, അവർ നേരിട്ട് സാമൂഹികമായും ഭാഷാകോഡുകളിലും മറ്റും മത്സരിക്കുന്നത് അവരുടെ നിലവാരത്തിലുള്ളവരോടാണ്. മറിച്ച് അവരെ തമർത്തുന്ന സർക്കാർ തൊഴിലാളികളോടല്ല.

ഇതുമായി ബന്ധപ്പെട്ട് ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ഒരു വിശദീകരണം നൽകാൻ ഇത്രമാത്രം പറഞ്ഞാൽ മതി:

'അദ്ദേഹം', 'അവര്', തുടങ്ങിയവർ വളരുന്നതിൽ ആർക്കും വിഷമമില്ല. കാരണം അവർ 'അദ്ദേഹവും' 'അവരു'മാണ്. എന്നാൽ 'അവൻ' (ഓൻ) വളർന്ന് 'അവരോ' 'അദ്ദേഹമോ' ആവുന്നത് ആർക്കും സഹിക്കാനാവുന്ന കാര്യമല്ല.

കാരണം, 'അവൻ' വളർന്ന് 'അദ്ദേഹമോ', 'അവരോ' ആയാൽ, പിന്നെ മറ്റെ ആളും, അയാളുടെ മക്കളും ഭാര്യയും മറ്റും ഈ പുതിയ 'അദ്ദേഹ'ത്തിന്റെ (ഓരുടെ) മുന്നിൽ എഴുന്നേക്കുകയും, ആ ആളെ 'സാർ', 'അദ്ദേഹം', 'അവര്' തുടങ്ങിയ വാക്കുകളാൽ ഉയർത്തിവെക്കുകയും വേണ്ടിവരും.

ഇന്നുള്ള 'അവനെ' നാളയിലെ 'സാറായും' 'അദ്ദേഹ'മായും ബഹുമാനിക്കേണ്ടിവരിക എന്നുള്ളത് ഒരു ദുസ്വപ്നമാണ്. സ്വന്തം സാമൂഹിക പദവി നാളെ ഗർത്തത്തിലേക്ക് വീഴുന്ന ഏർപ്പാടാണ്.

കാരണം ഈ പുതിയ 'അദ്ദേഹ'ത്തിന്റെ പരിപാടികളിൽ ഒന്ന്, പണ്ടുള്ള 'അദ്ദേഹ'ത്തെയും കൂട്ടരേയും 'അവനും' 'അവളും' ആക്കുകയെന്നതാണ്. ഫ്യൂഡൽ ഭാഷകളിൽ സാമൂഹിക വളർച്ചയുടെ മാനദണ്ഡംതന്നെ ഇതാണ്.

ഇങ്ങിനെ തന്നെയും തന്റെ കുടുംബത്തേയും 'നീ'യെന്നും, 'അവനെ'ന്നും, 'അവളെ'ന്നും നിർവ്വചിക്കുകയും, വീട്ടിന് പുറത്ത് നിലത്തിരുത്തുകയും ചെയ്തവരെ തിരിച്ച് ഇതേ രീതിയിൽ നിർവ്വചിക്കാൻ അവസരം ലഭിക്കുമ്പോഴുണ്ടാകുന്ന ചാരിതാർത്ഥ്യം, ഇങ്ഗ്ളിഷുകാർക്ക് അവരുടെ ഏറ്റവും നല്ല മധുരസ്വപ്നങ്ങളിൽപോലും ലഭിക്കില്ല. ഇങ്ങിനെയൊരു സുഖം ലോകത്തിൽ ഉണ്ട് എന്ന കാര്യം പോലും അവർക്ക് അറിയില്ലതന്നെ.

അതേ സമയം പുതിയ അദ്ദേഹത്തിന്, പണ്ട് തന്റെ കൂടെ 'അവനായും' 'അവളായും' ഉണ്ടായിരുന്നവരെ ഏതായാലും, തന്നോടൊപ്പം 'അദ്ദേഹവും' 'അവരും' ആക്കാനും ആവില്ലതന്നെ.

ഈ മുകളിൽ സൂചിപ്പിച്ച മാനസിക വികാരങ്ങൾ പ്രാദേശികമായി ഇങ്ഗ്ളിഷ് സംസാരിക്കുന്നവർക്ക് യതോരു രീതിയിലും അറിവില്ലാത്ത വികാരങ്ങളാണ്.

അവർക്ക് അറിവില്ലാത്ത വികാരങ്ങൾ മനുഷ്യരിൽതന്നെ ഉണ്ടെങ്കിൽ, മനുഷ്യർക്ക് മൊത്തമായി അറിവില്ലാത്ത എന്തെല്ലാം വികാരങ്ങൾ മറ്റ് ജീവജാലങ്ങളിൽ ഉണ്ടാകാം!

52. ഭാഷാ കോഡുകളുടെ പ്രഹരശക്തി

ഇനി നേരത്തെ സൂചിപ്പിച്ച, മലബാറിൽ ഇങ്ഗ്ളിഷ് ഭരണകർത്താക്കളുടെ ശ്രദ്ധയിൽ വന്ന, ചരിത്രത്തിലുള്ള സംഭവം വിവരിക്കാം.

മലബാർ എന്നുള്ളത് തെക്കെ മലബാറെന്നും വടക്കെ മലബാറെന്നും വിളിക്കപ്പെട്ടിരുന്ന രണ്ട് വ്യത്യസ്ത പ്രദേശങ്ങളായിരുന്നു. ഇവ രണ്ട് പ്രദേശങ്ങളും തമ്മിൽ കാര്യമായ സാമൂഹിക ബന്ധം തന്നെ ഉണ്ടായിരുന്നില്ല എന്നാണ് സൂചിപ്പിക്കപ്പെട്ട് കാണുന്നത്. ഈ രണ്ട് പ്രദേശങ്ങളേയും വേർതിരിച്ചിരുന്നത് കോരപ്പുഴയായിരുന്നു.

ഈ രണ്ട് പ്രദേശങ്ങളിലും ജനങ്ങളും വ്യത്യസ്തങ്ങളായിരുന്നു. വടക്കെ മലബാറിലെ നായന്മാർക്ക് തെക്കെ മലബാറിലെ നായന്മാരോട് തെല്ലൊരു അയിത്തംതന്നെ ഉണ്ടായിരിന്നു. തെക്കെ മലബാറിലെ കുടുംബക്കാരുമായി വൈവാഹിക ബന്ധങ്ങൾ വിലക്കപ്പെട്ടിരുന്നു. ഇതിന്റെ കാരണം എന്താണ് എന്ന് അറിയില്ല. എന്നാൽ നായന്മാരിലും ജാതീയമായി പലതട്ടുകളും ഉണ്ടാവാം എന്നുള്ളതും, ഇവ ഓരോന്നിന്റെയും ഉത്ഭവത്തിലുള്ള വ്യത്യാസങ്ങളും ഇതിന് കാരണമായേക്കാം.

ഇവർക്ക് തൊട്ട് കീഴിൽ വന്നിരുന്ന തീയ്യന്മാരിലും ഇതിന് സമാന്തരമായ ചില ഭ്രഷ്ടുകൾ ഉണ്ടായിരുന്നതായി കാണുന്നു. വടക്കെ മലബാറിലെ തീയ്യന്മാർ മരുമക്കത്തായ കുടുംബ സംവിധാനത്തിലുള്ളവരായിരുന്നു. എന്നവച്ചാൽ അമ്മ വഴിയാണ് കുടുംബ സ്വത്ത് അനന്തരവകാശികളിലേക്ക് നീങ്ങുക. ആൺമക്കളുടെ മക്കൾക്ക് കുടുംബസ്വത്തിൽ അവകാശം ഇല്ലായിരുന്നു.

അതേ സമയം തെക്കെ മലബാറിലുള്ള തീയ്യന്മാർ മക്കത്തായകുടുംബക്കാരായിരുന്നു. കുടുംബ സ്വത്തിൽ ആൺമക്കളുടെ മക്കൾക്കാണ് അവകാശം.

മരുമക്കത്തായതീയ്യന്മാർ മക്കത്തായ തീയ്യന്മാരുമായുള്ള വൈവാഹിക ബന്ധങ്ങൾ വിലക്കിയിരുന്നു.

ഇങ്ങിനെ നോക്കുമ്പോൾ, ഈ രണ്ട് കൂട്ടരും ഒരേ ജാതിക്കാരാണ് എന്ന് പറയുന്നതിൽത്തന്നെ തെല്ലൊരു പിശകുണ്ട് എന്ന് കാണാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ പറയനാവുന്നതാണ്. എന്നാൽ ഇപ്പോൾ അതിന് മുതിരുന്നില്ല.

ഇങ്ഗ്ളിഷ് ഭരണം തെക്കെ മലബാറിനെയും, വടക്കെ മലബാറിനേയും ഒന്നിച്ചപ്പോൾ പലവിധ സാമൂഹിക മാറ്റങ്ങളും ഈ പ്രദേശങ്ങളിൽ വന്നു.

പൊതുവെ പറഞ്ഞാൽ തീയ്യന്മാരിലും മറ്റ് കീഴ് ജാതിക്കാരിലും ചിലയിടങ്ങളിൽ ഒരു മാനസിക ഉയർച്ച വന്നുചേർന്നു. കാരണം, പലപ്പോഴും അവരുടെ ഏതെങ്കിലും കുടുംബ ബന്ധു സർക്കാർ ഉദ്യോഗത്തിലോ, ഇങ്ഗ്ളിഷ് കച്ചവട സംഘടനയിലോ, അതുമല്ലെങ്കിൽ ഇങ്ഗ്ളിഷ് ഗൃഹങ്ങളിലോ ജോലിചെയ്യാനുള്ള പുതുതായുള്ള അവസരം

വന്നിട്ടുണ്ടാവും. ഇങ്ഗ്ളിഷ് ഭാഷയിൽ തരംതാഴ്ത്തുന്ന സംബോധനാ പദങ്ങളും പരാമർശവാക്കുകളും സാധാരണ ഉപയോഗത്തിൽ ഇല്ലാ എന്നുള്ളതും, ഇങ്ഗ്ളിഷുകാർ ജാതീയമായ അറപ്പുകൾക്ക് അതീതരായിരുന്നു എന്നുള്ളതും ഇതിന് കാരണമായേക്കാം.

ഈ മാനസിക ഉന്നമനം ശരിക്കും പറഞ്ഞാൽ സാമൂഹിക അച്ചടക്കത്തിലും ഘടനയിലും കാര്യമായ സങ്കീർണ്ണത കൊണ്ടുവരുവാൻ ഇടയാക്കി.

കീഴിൽ ഇരിക്കുന്നവരെ ഉയർത്തുന്നതിൽ ഇങ്ഗ്ളിഷുകാർക്ക് ഉത്സാഹവും അതുപോലെ തന്നെ എന്തോ വലിയ കാര്യം ചെയ്തു എന്ന ഭാവവും പൊതുവെ വന്നുചേർന്നിരുന്നു.

എന്നാൽ, സമൂഹത്തിൽ മുകൾത്തട്ടുകളിൽ ജീവിച്ചിരുന്ന ആളുകൾക്കും ജാതിക്കാർക്കും, ഇതിനാലുളവായ ഭീമത്സമായ പ്രയാസങ്ങളെക്കുറിച്ച് ഇങ്ഗ്ളിഷുകാർക്ക് യാതോരു വിവരവും വന്നുചേർന്നതായി കാണുന്നില്ല.


TIYA FEMALES AT A COIR FACTORY.

കാലാകലങ്ങളായി ഇഞ്ഞി (നീ) എന്നും, ചെക്കൻ എന്നും, പെണ്ണ്, എന്നും എന്താനെ, എന്താളെ എന്നും ഐറ്റിങ്ങൾ എന്നും മറ്റും നിർവ്വചിക്കപ്പെടുന്നവർ സാമൂഹികമായി വളർന്നാൽ, അവർ ഇതേ മുറയിൽ തിരിച്ചടിക്കും എന്നതിനെക്കുറിച്ച് ഇങ്ഗ്ളിഷ് ഭരണകർത്താക്കൾക്ക് യാതോരു വിവരവും ലഭിച്ചിരുന്നു എന്ന് തോന്നുന്നില്ല.

തീയ്യന്മാരായി അറിയപ്പെട്ടിരുന്ന രണ്ട് വ്യത്യസ്ത ജാതിക്കാരിലും ഭൂവുടമകളും മറ്റും ഉണ്ടായിരുന്നെങ്കിലും, വലിയൊരു വിഭാഗം കാർഷിക തൊഴിലാളികളും തെങ്ങേറ്റക്കാരും മറ്റുമായിരുന്നു എന്നാണ് തോന്നുന്നത്.

ഈ കാർഷിക തൊഴിൽ ചെയ്യുന്ന തീയ്യന്മാരുടെ വേഷവിധാനങ്ങളും മറ്റും സാമൂഹികമായി കഠിനമായി നിയന്ത്രിക്കപ്പെട്ടിരുന്നു. ഭൂവുടമകളുടെ കാര്യത്തെക്കുറിച്ച് ആധികാരികമായി പറയാനുള്ള രേഖകൾ ഈ എഴുത്തുകാരന്റെ കൈവശം ഇല്ല.

Image: കഴിഞ്ഞ പേജിൽ നൽകിയിട്ടുള്ള ചിത്രം തലശ്ശേരിയിൽ കയർ കമ്പനിയിൽ ജോലിചെയ്യുന്ന തീയ്യ സ്ത്രീകളുടെ ചിത്രമാണ്. ഇവരിൽ മാനസിക അടിമത്തവും തളർച്ചയും സംഭ്രമവും അധപ്പതനവും വരുത്തിയിരുന്നത് തരം താഴ്ത്തുന്ന വാക്കുകളായ ഇഞ്ഞി, ഓള്, അളെ, ഒരുത്തി, തീയ്യത്തി, ഐറ്റിങ്ങൾ, തുടങ്ങിയവാക്കുകളുടെ പ്രഹരം, ഇവരെ അമർത്തുന്ന ജാതിക്കാരിൽനിന്നും, അവരുടെ മക്കളിൽനിന്നും, മാത്രമല്ല സാമൂഹിക നിലവാരത്തിൽ വളരെ തരംതാഴ്ന്നു കിടന്ന സ്വന്തം പുരഷന്മാരിൽനിന്നും മറ്റ് കുടുംബക്കാരിൽനിന്നും ലഭിച്ചതിനാലാണ്. Image from: Castes and Tribes of Southern India by Edgar Thurston

53. സമൂഹത്തെ മലക്കം മറിക്കാനാവുന്ന ഹ്രസ്വശബ്ദം

സാമൂഹിക സുരക്ഷയും നിയമ സംവിധാനങ്ങളും നായന്മാർതൊട്ട് മുകളിലോട്ടുള്ളവരുടെ കൈവശമായിരുന്നു. ഏറ്റവും മുകളിൽ, ഇന്നത്തെ ഐഎഎസ്കാരോട് ഉപമിക്കാവുന്ന ബ്രാഹ്മണ ജാതിക്കാർ. ഏറ്റവും താഴെ കോൺസ്റ്റബ്ളിനോട് സാമ്യപ്പെടുത്താവുന്ന നായന്മാർ.

ഇങ്ഗ്ളിഷ് ഭരണം മലബാറിൽ പടർന്നതോടുകൂടി, ഈ ഭരണവർഗ്ഗവും സംവിധാനവും അനാവശ്യവും, വ്യർത്ഥവും, അധികപ്പറ്റുമായി. പ്രത്യേകിച്ചും ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി പോലീസ് സംവിധാനങ്ങളും ലിഖിത രൂപത്തിലുള്ള നിയമങ്ങളും കോടതികളും നടപ്പിൽ വരുത്തിയതോടുകൂടി.

കീഴ് ജാതിക്കാർക്ക് സ്വന്തമായി കച്ചവട യത്നങ്ങൾ ചെയ്യാമെന്ന രീതിയിൽ നിയമ സംരക്ഷണം വന്നതോടുകൂടി, ഈ പ്രദേശത്തിലെ പാരമ്പര്യ ഭരണസംവിധാനങ്ങളോടും, ഉദ്യോഗസ്ഥ വർഗ്ഗത്തോടും താദാത്മ്യത്തിൽ നിന്നിരുന്ന ഫ്യൂഡൽ ഭാഷയിലെ കോഡുകൾ പലവിധ പ്രശ്നങ്ങളും സൃഷ്ടിക്കും എന്ന കാര്യം ഇങ്ഗ്ളിഷ് ഭരണത്തിന് യാതോരു വിവരവും ഇല്ലായിരുന്നു എന്ന് കാണുന്നു.

ഇങ്ഗ്ളിഷിലെ നിസ്സാരവാക്യമായ Where are you going? മാത്രം മതി പ്രശ്നമുണ്ടാക്കാൻ. കീഴ് ജാതിക്കാരൻ സാമൂഹിക അടിത്തട്ടിൽ നിന്നുകൊണ്ട് ഇത് ചോദിക്കുന്നതും, ഇതേ കീഴ് ജാതിക്കാരൻ, പുതുതായി ഉദിച്ച സാമൂഹിക സ്വാതന്ത്ര്യത്താൽ, പാരമ്പര്യ ഉദ്യോഗസ്ഥവർഗ്ഗത്തിൽപ്പെട്ട ആളോട് ഇതേ ചോദ്യം ചോദിക്കുന്നതും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. വ്യക്തമായിപ്പറഞ്ഞാൽ, 'ഇങ്ങള് ഏടയാ പോഗ്ന്നേ?' എന്നത് 'ഇഞ്ഞി ഏടയാ പോഗ്ന്നേ?' എന്നായി മാറും.

നിസ്സാരം എന്ന് തോന്നിക്കുന്ന ഒരു ശബ്ദ വ്യത്യാസം മാത്രം ആണ് ഇത്. എന്നാൽ, സാമൂഹിക ഘടനയെ മലക്കം മറിക്കാൻ കഴിവുള്ള ശബ്ദവ്യത്യാസം ഇതിൽ ഉണ്ട്. ഇക്കാര്യം ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥർക്ക് ആദ്യമൊക്കെ ഒട്ടുംതന്നെ അറിവ് ലഭിച്ചില്ല എന്നാണ് കാണുന്നത്. പിന്നീട് കാലങ്ങളിൽ ഇവിടുള്ള ഭാഷയിൽ എന്തോ പന്തികേടുണ്ട് എന്ന് അവർ മനസ്സിലാക്കിയതായും കാണുന്നുണ്ട്.

ഇന്ന് പോലീസ് കോൺസ്റ്റബ്ളിനെ ഒരു കൂലിക്കാരൻ വന്ന് 'നീ' എന്ന് സംബോധന ചെയ്താലുള്ള പ്രശ്നം മനസ്സിലാക്കാനേയുള്ളു. എന്നാൽ, യാതോരു കൂലിക്കരനോ, വാണിജ്യ വാഹന ഡ്രൈവറോ, മറ്റ് ആരെങ്കിലുമോ, ഇന്ന് ഇതിന് തയ്യാറാകില്ല. മറിച്ചൊരു സാമൂഹിക സംരക്ഷണ / സുരക്ഷാ സംവിധാനം ഉദിച്ചുവരുന്നത് വരെ.

ഈ പറയുന്ന കാര്യങ്ങൾ തികച്ചും അനുഭാവ്യമായ ചിത്രീകരണമാണ്. കാരണം, അന്നുള്ള ഇങ്ഗ്ളിഷ് കൊളോണിയൽ ഉദ്യോഗസ്ഥരുടെ എഴുത്തുകളിൽ, ഈ സംഭവ വികാസങ്ങൾ സൂചിപ്പിച്ച് കാണുന്നുണ്ടെങ്കിലും,

എന്താണ് സംഭാഷണത്തിൽ വന്ന യഥാർത്ഥ പ്രശ്നം എന്ന് അവർ മലബാറി വാക്കുകൾ ഉപയോഗിച്ച് കൊണ്ട് വിവരിക്കുന്നില്ലതന്നെ.

എന്നാൽ ഇവ വായിക്കുമ്പോൾ, മലബാറിയും മലയാളവും അറിയുന്ന ഈ എഴുത്തുകാരന് എന്തായിരിക്കാം സംഭവിച്ചത് എന്ന് ഊഹിക്കാൻ കഴിയുന്നുണ്ട്.

കീഴ് ജാതിക്കാരൻ നായരോ, അതിനേക്കാൾ ഉയരത്തിലുള്ള ജാതിക്കാരായ കുട്ടികളെയോ മുതിർന്നവരെയോ, 'ഇഞ്ഞ്' എന്ന് സംബോധന ചെയ്യുക, 'എന്താളെ', 'എന്താനെ' എന്ന് അഭിസംബോധന ചെയ്യുക, അല്ലെങ്കിൽ അവരെ 'ഓൻ' (അവൻ), 'ഓള്' (അവള്), 'ഒരുത്തൻ', 'ഒരുത്തി', തുടങ്ങിയവാക്കുകളാൽ പരാമർശിക്കുക തുടങ്ങിയ കാര്യങ്ങൾ സംഭവിച്ചിരിക്കും.

ഇന്നും ഈ രാജ്യത്തിലെ പൌരൻ ഏതെങ്കിലും ഇന്ത്യൻ ഉദ്യോഗസ്ഥനെ ഈ പദപ്രയോഗങ്ങളാൽ നിർവ്വചിക്കാൻ ശ്രമിച്ചത് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടാൽ അപകടമാണ്.

ഇത് തന്നെയാണ് അന്നും സംഭവിച്ചത്. ഇത്യാദി തെമ്മാടിത്തരം നടത്തിയ, അധികപ്രസംഗികളായ കീഴ് ജാതിക്കാരനെ ഗ്രാമത്തിലെ അധികാരിയും കൂട്ടരും വന്ന് പിടികൂടികൊണ്ട് പോയി ഒരു കുടിലിനുള്ളിൽ കെട്ടിയിട്ട്, അടിച്ച് ശരിയാക്കും. എന്നിട്ട് നാലഞ്ച് ദിവസം അവിടെകെട്ടിയിടും.

54. മലബാറിൽ കുട്ടിരാജാക്കളുടെ അധികാരം അസ്തമിക്കുന്നു

ആദ്യകാലങ്ങളിൽ ഇങ്ഗ്ലിഷ് ഭരണത്തിന് ഈ സാമൂഹിക നീതിനടപ്പിലാക്കലിനെ എങ്ങിനെ കാണണം എന്ന് നിശ്ചയമില്ലായിരുന്നു. ഈ മനുഷ്യത്വരഹിതമായ നടപടിയെ കാര്യക്ഷമമായി നിയന്ത്രിക്കാൻ അവർക്ക് ചില തടസ്സങ്ങൾ ഉണ്ടായിരുന്നു.

ഇങ്ഗ്ലിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ലണ്ടനിലെ ആസ്ഥാനത്ത് നിന്നും അവർക്ക് ആദ്യകാലങ്ങളിൽ കർശ്ശനമായ താക്കീതുണ്ടായിരുന്നു, കമ്പനി ഭരിക്കുന്ന ഇടങ്ങളിലെ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടരുത് എന്ന്.

രണ്ട് അവർക്ക് ഇങ്ങിനെയുള്ള സംഭവങ്ങളെക്കുറിച്ച് ലഭിച്ച് വിവരം ഒരു ഇങ്ഗളിഷ് തർജ്ജമയായാണ്. കീഴ് ജാതിക്കാരൻ abusive word (അസഭ്യ വാക്ക്) ഉപയോഗിച്ചുവെന്ന്. എന്നാൽ ഈ അസഭ്യവാക്ക് അവർക്ക് മനസ്സിലാക്കാൻ തെല്ലൊരു പ്രശ്നം തന്നെയായിരുന്നു. You, your, yours, he, his, him, she, her, hers തുടങ്ങിയവാക്കുകളിൽ എന്താണ് അസഭ്യമായിട്ടുള്ളത്?

ഇന്ന് ഭരണ സംവിധാനങ്ങളും വിദ്യാഭ്യാസവും, നിയമങ്ങളും, ഭരണഘടനയും മറ്റും പ്രാദേശിക ഫ്യൂഡൽ ഭാഷകളിലേക്ക് മാറ്റുമ്പോൾ, ഈ വക പ്രശ്നങ്ങളെ നേരിടാൻ ഉദ്യോഗസ്ഥവർഗ്ഗം കരുതിക്കൂട്ടി കരുക്കൾ നീക്കും.

ഇങ്ഗ്ലിഷ് ഭരണകാലം ശക്തിപ്പെട്ടതോടുകൂടി, കുട്ടിരാജാക്കന്മാരുടേയും, ഉയർന്ന ജാതിക്കാരുടെയും, ഭൂപ്രഭുക്കളുടേയും, തമ്പുരാക്കന്മാരുടേയും, സാമൂഹികാധികാരം നിഷ്പ്രഭമായി. എന്നാൽ, കീഴ് ജാതിക്കാർക്ക് മുകൾതട്ടിലുണ്ടായിരുന്നവരെ തോണ്ടാനുള്ള സൌകര്യം അല്ല നൽകിയത്. മറിച്ച് ഈ വക മാനസികവിഭ്രാന്തി വരുത്തുന്ന ഭാഷയ്ക്ക് നിയമ സാധുത ഇല്ലാതാക്കുകയാണ് ചെയ്തത്.

സമത്വാധിഷ്ഠിത ഭാഷയായ ഇങ്ഗ്ലിഷ് പ്രചരിച്ച പ്രദേശങ്ങളിൽ സാമൂഹിക ശാന്തത പരന്നു. ഇങ്ഗ്ലിഷ് ഭരണത്താൽ കീഴ്ജാതിക്കാർക്ക് സമത്വചിന്തകൾ വരികയും, അതേസമയം ഇങ്ഗ്ലിഷ് ഭാഷയുമായി കാര്യമായ ബന്ധം സ്ഥാപിക്കാനും പറ്റാതിരുന്ന പ്രദേശങ്ങളിൽ പലവിധ കലാപങ്ങളും ഇത് സംജാതമാക്കി.

ചരിത്രത്തിൽ നിന്നും ഈ പാഠം പഠിക്കാവുന്നതാണ്. പൌരന്മാർക്ക് ഭരണഘടന പലവിധ സ്വാതന്ത്ര്യങ്ങളും വാഗ്ദാനം ചെയ്യുകയും അതേസമയം ഭാഷാപരമായി അവർ കീഴ് ജാതിക്കാരാണ് എന്നും വരുത്തിത്തീർക്കുകയും ചെയ്താൽ, ഇക്കൂട്ടരിൽ കുറച്ച് ശക്തി സമാഹരിക്കുന്നവർ പലവിധ കലാപങ്ങൾക്കും ശ്രമിക്കും. ഫ്യൂഡൽ ഭാഷകളിൽ ഇതിനൊന്നും ശാശ്വതമായ പരിഹാരമില്ലതന്നെ.

55. പക്ഷപാതപരമായ ഒരു നിയമം

ഫ്യൂഡൽ ഭാഷകൾ സമൂഹത്തിൽ കാര്യമായ അരക്ഷിതാവാസ്ഥയും പൌരന്മാരുടെ മനസിൽ അരക്ഷിതത്വവും വരുത്തും. ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എല്ലാവർക്കും 'താഴ്ന്നവൻ' എന്ന് വിശേഷിക്കപ്പെടുന്നവന്റെ ബഹുമാനക്കുറവ് വൻ ഭീകരാവസ്ഥതന്നെയാണ്.

സർക്കാർ തൊഴിലാളികളെ 'നിങ്ങൾ' എന്ന് സംബോധനചെയ്ത്, അതും വളരെ ഉയർന്നവരെ, പരിചയമുള്ള ഒരു രാഷ്ട്രീയക്കാരൻ ഇപ്പോഴും മറ്റൊരു കേസിൽ അകപ്പെട്ട് മറ്റൊരു സംസ്ഥാനത്ത് ജയിൽവാസം അനുഭവിക്കുന്നുണ്ട്. വർഷം പത്ത് പതിമൂന്നായി എന്നാണ് തോന്നുന്നത്. ഈ ആൾക്ക് ഈ ദുരന്തം സംഭവിക്കും എന്ന് ഈ എഴുത്തുകാരന് ഈ സംഭവ വികാസം നടക്കുന്നതിന് മുൻപേ ബോധോദയുമുണ്ടായിട്ടുണ്ട്.

ഇതിന് യാതോരു അതീന്ത്ര്യവിദ്യാ ജ്ഞാനവും ആവശ്യമില്ലായിരുന്നു. സമൂഹത്തിലെ ഫ്യൂഡൽ ഭാഷയിലെ കോഡുകൾക്ക് വിരുദ്ധമായി നിലകൊണ്ടാൽ, വരാവുന്ന ദുരന്തങ്ങളാണ് ഈ മാതിരിയുള്ള കാര്യങ്ങൾ.

ഇന്ന് ദേശീയ ബാങ്കുകളിൽ സർവ്വത്ര കാണുന്ന ഒരു ബോഡാണ് താഴെ നൽകുന്നത്.

QUOTE:

Misbehave with the bank staff

Misbehaving / abusing / assaulting a bank employee comes under Indian penal code (IPC) section 332 and 352 which may attract 2-3 years of IMPRISONMENT and is a NON-BAILABLE CRIME. If any person found performing any of the above activities he/she will be punished which may extend to 3 years or with fine or with both.

END OF QUOTE

തർജ്ജമയുടെ തുടക്കം....

ബാങ്ക് ജീവനക്കാരോട് അപമര്യാദയായി പെരുമാറിയാൽ

ഒരു ബാങ്ക് ജീവനക്കാരനോട് അപമര്യാദയായി പെരുമാറുക/ അസഭ്യവാക്ക് ഉപയോഗിക്കുക /അയാളെ ദേഹോപദ്രവം ചെയ്യുക എന്നിവ ഇന്ത്യൻ പീനൽ കോഡിലെ (ഐപിസി) 332, 352 എന്നീ വകുപ്പുകൾ പ്രകാരം, ജാമ്യമില്ലാത്ത കുറ്റവും, 2 വർഷം തടവ് ശിക്ഷയ്ക്ക് അർഹതയുള്ളതുമാണ്. ഇത്യാദി രീതിയിൽ ആരെങ്കിലും പെരുമാറിയാൽ, അയാളെ 3 വർഷം വരെ നീളുന്നരീതിയിൽ ശിക്ഷിക്കുന്നതും, അല്ലെങ്കിൽ ഫൈൻ ചുമത്തുന്നതും, അതുമല്ലെങ്കിൽ, അവ രണ്ടും നൽകുന്നതുമാണ്.

.....തർജ്ജമയുടെ അന്ത്യം

ഈ നിയമം യഥാർത്ഥത്തിൽ പ്രതിഫലിക്കുന്നത്, ബാങ്ക് ജീവനക്കാർക്ക് ജനങ്ങളോട് ഇടപഴകാനുള്ള ഭയത്തെയാണ്. ജനം അവരെ അടിക്കും

ഇടിക്കും എന്നതല്ല ഭയം. ഇങ്ങിനെ ആരെങ്കിലും ആരെയെങ്കിലും ചെയ്താൽ, അതിനെ ശിക്ഷിക്കാനുള്ള നിയമങ്ങൾ വെറെയുണ്ട്.

ഈ മുകളിൽ നൽകിയിട്ടുള്ള നിയമത്തിലെ കഠിനമായ പരാജയം, ഇതു പോലൊരു നിയമം, തിരിച്ചും സൃഷ്ടിക്കപ്പെട്ടിട്ടില്ലാ എന്നുള്ളതാണ്. അതായത്, ഏതെങ്കിലും ബാങ്ക് ജീവനക്കാരൻ ഈ രാജ്യത്തിലെ ഏതെങ്കിലും പൌരനോട് അപമര്യാദയായി പെരുമാറുകയോ, അസഭ്യവാക്ക് ഉപയോഗിക്കുകയോ, അയാളെ ദേഹോപദ്രപം ചെയ്യുകയോ ചെയ്താൽ തിരിച്ചും ഇതേ വിധത്തിലുള്ള ശിക്ഷയ്ക്ക് വിധേയനായിരിക്കും എന്നുള്ളത്.

മറ്റൊരു പ്രശ്നം 'അസഭ്യവാക്ക്' എന്ന പ്രയോഗത്തെ കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളതാണ്. ഇതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അടുത്ത എഴുത്തിൽ നൽകാം.

ഇതിനെല്ലാം ബദലായി ബാങ്ക് ജീവനക്കാർ ഈ രാജ്യത്തിന്റെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നവരാണ് എന്ന ഒരു മറുപടിനൽകിയേക്കാം. ഇതിൽ കാര്യമായ കഴമ്പില്ലാ എന്നുള്ളതാണ് വാസ്തവം.

സർക്കാർ ഓഫിസ് തൊഴിലാളികൾക്ക് പക്ഷപാതപരമായുള്ള, ഈ വിധമുള്ള അനവധി അറിയപ്പെടാത്ത നിയമങ്ങൾ ലിഖിത രൂപത്തിൽ ഇന്ന് നിലവിലുണ്ട് എന്നുള്ളതാണ് വാസ്തവം.

എന്നാൽ ഈ നിയമങ്ങളെക്കുറിച്ച് എന്തെങ്കിലും സംസാരിക്കുമ്പോൾ, ഉടനെയുള്ള പ്രതികരണം, ഇവയെല്ലാം ബ്യട്ടിഷുകാർ എഴുതിയ 'ഇന്ത്യൻ പീനൽ കോഡി'ലുള്ളതാണ് എന്നാണ് മറുപടി കിട്ടുക.

എന്നാൽ ആ 'ഇന്ത്യൻ പീനൽകോഡ്', ഇന്ന് പാക്കിസ്ഥാൻ, ബങ്ഗാളാദേശ്, ഇന്ത്യ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതും, എന്നാൽ ഈ ഉപദ്വീപിന്റെവെറും പകുതിയോളം മാത്രം വരുന്ന ബ്യട്ടിഷ് ഇന്ത്യയിലെ (British-India) പീനൽകോഡാണ്. അത് ഇന്നുള്ള പാക്കിസ്ഥാന്റെയോ, ബങ്ഗാളാദേശിന്റെയോ, ഇന്ത്യയുടേയോ പീനൽകോഡല്ല.

ഇങ്ഗ്ളിഷ് ഭരണ സംവിധാനങ്ങളെ യാതോരുവിധത്തിലും ഈ മൂന്ന് രാജ്യങ്ങളിലേയും ഭരണ സംവിധാനങ്ങളോട് സാമ്യപ്പെടുത്താൻ ആവില്ലതന്നെ.

56. സർക്കാർ തൊഴിലാളികളുടെ ഒരു അധികാരം

വ്യത്യസ്ത രീതികളിൽ പ്രതികരിക്കാനാവുന്ന വാക്ക് കോഡുകൾ ഉള്ള ഭാഷാ അന്തരീക്ഷത്തിൽ, പൊതുജനം സർക്കാർ ഓഫിസ് തൊഴിലാളികളോട് നിശ്ചിതരീതിയിൽ മാത്രമേ പെരുമാറാവൂ എന്ന് ഉറപ്പ് വരുത്താനാണ്, സർക്കാർ ഓഫിസ് തൊഴിലാളികൾ പലവിധ ചട്ടങ്ങളും നിയമങ്ങളും വിഷമിപ്പിക്കലുകളും നിരത്തിവെക്കുന്നത്.

കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ ഈ ഒരു പ്രശ്നം ലവലേശം ഇല്ലാ എന്ന് ഓർക്കുക.

പൊതുജനത്തിൽപ്പെട്ട ആൾക്ക് ഭയപ്പെടാനൊന്നുമില്ലെങ്കിൽ, അയാൾ 'സാർ' എന്നതിന് പകരം 'നിങ്ങൾ' എന്ന് ഉപയോഗിക്കും. വേണമെങ്കിൽ 'നീ' എന്നും ഉപയോഗിക്കും. 'അദ്ദേഹം' എന്നോ 'സാർ' എന്നോ 'അവര്' എന്നോ പരാമർശവാക്കായി ഉപയോഗിക്കുന്നതിന് പകരം 'അവൻ' എന്നും 'അവൾ' എന്നും ഉപയോഗിക്കും.

എന്നാൽ ഏതെങ്കിലും രീതിയിൽ ഭയപ്പെടുത്താനോ പ്രയാസപ്പെടുത്താനോ സർക്കാർ തൊഴിലാളിക്ക് ആവുമെങ്കിൽ, പൊതുജനത്തിപ്പെട്ട ആൾ ബഹുമാന പദങ്ങൾ മാത്രമേ ഉപയോഗിക്കുള്ളു.

ഇതാണ് കാതലായ പ്രശ്നവും സാമൂഹിക പെരുമാറ്റ സ്വഭാവത്തിന്റെ വിശദീകരണവും.

എന്നാൽ, അതേ അവസരത്തിൽ, പൊതുജനത്തിന് തിരിച്ച് സർക്കാർ ഓഫിസ് തൊഴിലാളികളെ ഭയപ്പെടുത്താൻ കാര്യമായി ഒന്നുംതന്നെ കൈവശമില്ലാ എന്നുള്ളതാണ് മറ്റൊരു യാഥാർത്ഥ്യം. എന്നുവച്ചാൽ, സർക്കാർ തൊഴിലാളിക്ക് പൊതുജനത്തിൽപ്പെട്ട ആളെ, അയാളുടെ സാമൂഹിക പദവി, വരുമാനം, സാമ്പത്തികനിലവാരം, മറ്റ് അതുപോലുള്ള കാര്യങ്ങൾ നോക്കി, ആവുമെങ്കിൽ തരംതാഴ്ത്തിയും അലോസരപ്പെടുത്തിയും സംസാരിക്കാം.

പൊതുവേ പറഞ്ഞാൽ മിക്ക സർക്കാർ ഓഫിസ് തൊഴിലാളികളും സാധാരണ പൌരനെക്കുറിച്ച് പരാമർശിക്കുമ്പോൾ 'അവൻ', 'അവൾ' എന്നാണ് ഉപയോഗിക്കാറ്.

ഇത് ഭരണഘടനാ പരമായി അംഗീകരിക്കാൻപറ്റുന്ന കാര്യമാണ് എന്ന് തോന്നുന്നില്ല.

57. അക്രമാസക്തമായ പ്രകോപനത്തിന്റെ കോഡുകൾ

ഭാഷാകോഡുകളിൽ വിധേയത്വം കാണിക്കണം എന്ന് പ്രതീക്ഷിക്കപ്പെടുന്ന വിഭാഗം ബഹുമാനം തടഞ്ഞുവച്ചുകൊണ്ട് സംസാരിച്ചാൽ ഉള്ള പ്രശ്നം ഗുരുതരമാണ്.

ഉദാഹരണത്തിന്, ഭാര്യ ഭർത്താവിനോട് 'നീ പോടാ' എന്ന് പറഞ്ഞാൽ, പല ഭർത്താക്കന്മാരും അക്രമാസക്തരാകാം. ഇങ്ങിനെ ഗുരുതരമായി പ്രതികരിച്ചവർക്ക് മാനസിക രോഗമാണ് എന്ന് പറയുന്നതിൽ അർത്ഥമുണ്ട് എന്ന് തോന്നുന്നില്ല. ഭർത്താവ് ഭാര്യയോട് 'നീ പോടീ' എന്ന് പറഞ്ഞാൽ, ഭാര്യക്ക് പ്രശ്നമില്ലാ എന്നതുമായി അല്ല ഈ അക്രമാസക്തമായ പെരുമാറ്റത്തെ താരതമ്യപ്പെടുത്തേണ്ടത്.

മറിച്ച്, ഭർത്താവ് അക്രമാസക്തമായ അതേ അന്തരീക്ഷത്തിന് തുല്യമായ മറ്റ് ഏതെങ്കിലും അന്തരീക്ഷം ആലോചിക്കാം. ഉദാഹരണത്തിന്, ഒരു പോലീസ് ഇൻസ്പെക്ടറോട് ലോറി ക്ളീനർ 'നീ പോടാ' എന്ന് പറയുന്നു. ഇൻസ്പെക്ടർക്ക് മനോനില നിലനർത്താൻ കഴിവുണ്ടെങ്കിൽ, ആ ആൾക്ക് മറ്റ് എന്തെങ്കിലും മാനസിക തകരാറ് ഉണ്ടാവനാണ് സാധ്യത.

ഇത് പോലെതന്നെയാണ്, സ്ക്കൂൾ അദ്ധ്യപകനോട് 'നീ പോടാ' എന്ന് വിദ്യർത്ഥി പറഞ്ഞാലും.

ഈ വിധ സന്ദർഭങ്ങളിൽ പ്രവർത്തിക്കുന്ന യാഥാർത്ഥ്യത്തിന്റെ കോഡുകളെക്കുറിച്ച് (Codes of reality) ഈ എഴുത്തുകാരന് പലതും പറയാനാവുന്നതാണ്. എന്നാൽ അതിന് അനുയോജ്യമായ അവരസമല്ല ഇത്.

ഈ വക കാര്യങ്ങളെക്കുറിച്ച് മനശ്ശാസ്ത്രത്തിനോ, സൈക്യാട്രിക്കോ കാര്യമായ എന്തെങ്കിലും വിവരം ഉണ്ട് എന്നത് തന്നെ സംശയമാണ്.

ഭാഷാ കോഡുകൾക്ക് സമൂഹത്തിൽ പലതരത്തിലുള്ള അക്രമസ്വഭാവങ്ങളും കൊണ്ടുവരുവാൻ ആവുന്നതാണ്. ഈ കഴിവ് ഇങ്ഗ്ളിഷ് അടക്കമുള്ള മിക്ക ഭാഷകളിലേയും കോഡുകൾക്ക് ഉണ്ട്. എന്നാൽ, ഫ്യൂഡൽ ഭാഷകൾക്ക് ഇതിനുള്ള കഴിവ് അതീവ ശക്തമാണ്.

ഗുരുതരമായ പ്രകോപന കോഡുകൾ ഉള്ള ഭാഷകളെ ഭരണത്തിന്റെയും, ഭരണഘടനയുടേയും, വിദ്യാഭ്യാസത്തിന്റേയും ഭാഷയാക്കുന്നത് അതീവ വിഢ്ഢിത്തവും അപകടവും ആണ്.

ഇങ്ഗ്ളിഷ് ഭാഷയ്ക്ക് ഈ വിധമുള്ള കോഡുകൾ വിരളമാണ്. അതിനാൽത്തന്നെയാണ് യൂഎസ്എയിൽ പൊതുജനത്തിന് തോക്കുകൾ കൈവശം വെക്കാനുള്ള അവകാശം ആദ്യകാലം മുതൽ ലഭിച്ചത്. എന്നാൽ, കഴിഞ്ഞ മുപ്പത് വർഷക്കാലം അവിടെ ഫ്യൂഡൽ ഭാഷക്കാർ നിറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവരുടെ വരവോടെ, പൊതുജനത്തിന്റെ

കൈയിൽ തോക്ക് ഉള്ളത് അതീവ അപകടകരമായ കാര്യമായിത്തീർന്നിട്ടുണ്ട്.

ഇങ്ഗ്ളിഷ് രാജ്യങ്ങളിലെ പ്രശാന്ത അന്തരീക്ഷത്തിൽ, ഫ്യൂഡൽ ഭാഷാ സംസാരം നിറയുമ്പോൾ, സൌമ്യസ്വഭാവക്കാർ അക്രമാസക്തരാകാനുള്ള സാധ്യത വളരേ കൂടുതലാണ്.

ഈ കാര്യം ഈ എഴുത്തുകാരന്റെ ഏറ്റവും പഴയ ഗ്രന്ഥമായ March of the Evil Empires: English versus the feudal languages എന്ന ഗ്രന്ഥത്തിൽ പ്രവചിച്ചിരുന്നു. ഈ പ്രവചനം കാരണം, ഇങ്ഗ്ളിഷ് രാജ്യങ്ങളിലെ കമ്പ്യൂട്ടർ മേഖലയിൽ പ്രവർത്തിക്കുന്ന പല ഫ്യൂഡൽ ഭാഷക്കാരും ഈ എഴുത്തുകാരന് ഇന്റർനെറ്റിൽ പല വേദികളിലും ഒരു ശക്തമായ ഭ്രഷ്ട് നിലനിർത്തിയിട്ടുണ്ട്. ഏതാണ്ട് 15 വർഷത്തോളം.

58. അസഭ്യത്തിന്റെ ദിശാഘടകാംശം

ഫ്യൂഡൽ ഭാഷകളിൽ, അസഭ്യത്തിനും ഒരു ദിശാ ഘടകാംശം (vector component) ഉണ്ട്.

ഉദാഹരണത്തിന്, 'നീ പോടാ' എന്ന വാക്യം നോക്കാം. ഇതിൽ അസഭ്യ ചുവയുള്ള വാക്കുകൾ ഇല്ലായെന്ന് പറയാവുന്നതാണ്.

എന്നാൽ ഈ വാക്യം 'നീ' എന്ന സംബോധനാ രൂപത്തിലേ, കാര്യക്ഷമതയുള്ളതാകുള്ളു. 'പോടാ' എന്ന വാക്യം 'നിങ്ങൾ', 'സാർ' എന്ന വാക്കുകളോട് ചേർത്താൽ, ആകെ നർമ്മരസമുള്ളതായി മാറുകയും അപ്രായോഗികവും ആവും. 'നിങ്ങൾ പോടാ' എന്നും 'സാറ് പോടാ' എന്നതും.

എന്നാൽ, 'നീ പോടാ' എന്നുള്ളത് 'നിങ്ങൾ പോകണം', 'സാറ് പോയാട്ടെ' എന്നൊക്കയാക്കി ഉപയോഗിക്കാം. എന്നാൽ ഇവയ്ക്ക് 'നീ പോടാ' എന്ന പ്രയോഗത്തിന്റെ അക്രമാസക്തത കൈവരിക്കാനാകില്ല.

മലബാറി ഭാഷയിലെ ഏറ്റവും വലിയ അസഭ്യവാക്കുകളിൽ ഒന്നായി കരുതപ്പെടുന്ന 'നായിന്റെ മോനെ' എന്ന പ്രയോഗവും (മലയാളത്തിൽ ഇത് വലിയൊരു അസഭ്യമല്ലതന്നെ), മലായളത്തിലെ അതികഠിമായിട്ടുള്ള 'മൈരെ, പൂറിമോനെ, പണ്ടച്ചിമോളെ, തായോളിമോനെ, അമ്മയെ പോയി പണ്ണെടാ, തായോളിമോനെ' തുടങ്ങിയ അസഭ്യങ്ങൾ 'നീ' എന്നതിനോട് കൂടിയെ ഉപയോഗിക്കാൻ പറ്റുള്ളു.

'നീ പോടാ നായിന്റെ മോനെ', എന്നല്ലാതെ 'സാറെ പോടാ നായിന്റെ മോനെ' എന്ന് അസഭ്യം പറഞ്ഞാൽ, വാകരണപ്പിശകിൽ അസഭ്യം ആകെ പാളിപ്പോകും. അസഭ്യം പരിഹാസ്യമായി മാറും.

കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ നിന്നും നോക്കുമ്പോൾ, അസഭ്യവാക്കുകളുടെ ദിശാ ബോധം ഒരു വിചിത്രമായ കാര്യമായി തോന്നാം. കലർപ്പില്ലാത്ത ഇങ്ഗ്ളിഷിലെ അസഭ്യവാക്കുകൾ, ശരിക്കും നോക്കിയാൽ വലിയ അസഭ്യവാക്കുകൾ അല്ലതന്നെ. മാനസികമായി വലിയ അറപ്പൊന്നും വരുത്താനുള്ള കെൽപ്പുള്ളവയല്ല അവ.

എന്നാൽ അവയ്ക്ക് ദിശാ ഘടാകാംശം ഇല്ലതന്നെ. ആരോടും ഉപയോഗിക്കാം.

അന്യഭാഷക്കാർ ഇന്ന് ഇങ്ഗ്ളിഷിൽ അനവധി കഠിനമായ അസഭ്യവചനങ്ങൾ ചേർത്തിട്ടുണ്ട്. ഇങ്ഗ്ളിഷ് ഭാഷയുടെ പരന്ന പ്രകൃതം കാരണം, ഇവയും ആരോടും ഉപയോഗിച്ചുകാണുന്നു. വാക്കുകൾ വലിയാൾ, ചെറിയാൾ എന്നരീതിയിൽ വാക്യരചനയിൽ തടസ്സം നിൽക്കുന്നില്ല.

എന്നാൽ ഫ്യൂഡൽ ഭാഷകളിൽ അസഭ്യവാക്കുകൾ സമൂഹത്തിലെ താഴ്ന്നവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതാണ്. പോലീസ് സ്റ്റേഷനിലും, തൊഴിൽസ്ഥലത്തും, മറ്റ് പലവേദികളിലും അസഭ്യപ്രയോഗം

താഴെക്കിടയിലുള്ളവരോട് പ്രയോഗിച്ചാൽ, കാര്യമായ ഒരു തെമ്മാടിത്തമായി ആരും ചിന്തിക്കില്ലതന്നെ. ഏറ്റവും കൂടിയാൽ, ഇവ കേൾക്കുന്ന മറ്റുള്ളവർ ഒന്ന് ചിരിക്കും. ഇവയുടെ പ്രഹരം അനുഭവിക്കുന്നവരും, തലചൊറിഞ്ഞ് ഇളിബ്യരായി ഒന്ന് ചിരിക്കും. അത്രതന്നെ.

സാമൂഹികമായി ഈ വക അസഭ്യങ്ങൾ തികച്ചും അരുതാത്തവയാകുന്നത്, ഇവ താഴെക്കിടയിലുള്ളവർ മുകലിലുള്ളവരോട് ഉപയോഗിക്കുമ്പോൾ മാത്രമാണ്.

ഈ പറഞ്ഞതിലും മറ്റൊരു കാര്യം ഉണ്ട്. തിരുവിതാംകൂർ പോലീസ് സ്റ്റേഷനുകളിൽ പണ്ട് കാലങ്ങളിൽ (ഇപ്പോഴെങ്ങിനെയാണ് എന്ന് അറിയില്ല) സാധാരണ പൌരന്മാർ എന്തെങ്കിലും ചില്ലറ പ്രശ്നങ്ങളിൽ പിടിക്കപ്പെട്ട് കയറിച്ചെന്നാൽ, 'പൂറീമോനെ', 'മൈരെ', 'തോയോളിമോനെ' തുടങ്ങിയ, മനുഷ്യന്റെ ആത്മാവിനെവരെ കീറിമുറിക്കുന്ന, അസഭ്യവാക്കുകളുടെ ഒരു പ്രവാഹം തന്നെ ഒഴുകിവരും.

സാധാരണ പൌരൻ സർക്കാർ ജോലിയിൽ നിൽക്കുന്നവരുടെ കീഴിൽ ആണ് എന്നത് തെളിയിക്കാനായി ഉപോയഗിക്കപ്പെടുന്ന ഒരു സാമൂഹിക കോഡായാണ് ഈ അസഭ്യപ്രയോഗം.

ഇതിലൊന്നും ആരും, യാതോരു വിപ്ളവ വായാടികളും, യാതോരു തെറ്റും കാണുന്നില്ല എന്നുള്ളത്, അവർക്കൊന്നും കലർപ്പില്ലാത്ത ഇങ്ഗ്ളിഷുമായി യാതോരു ബന്ധവും ഇല്ലാ എന്നുള്ളതിന്റെ തെളിവ് മാത്രമാണ്.

ഈ രാജ്യത്തിലെ ഭാഷകളിൽ കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് മാത്രമേ സമത്വാധിഷ്ഠിത സാമൂഹിക ആശയവിനിമയത്തെ അനുകൂലിക്കുന്നുള്ളു എന്ന വിവരം അറിയാത്ത വിപ്ളവകാരികൾക്ക് യഥാർത്ഥത്തിൽ എന്തിനെക്കുറിച്ചെങ്കിലും കാര്യമായി വിവരമുണ്ടോ?

59. ധൈര്യം കാണിക്കലിലൂടുള്ള ആത്മമൂല്യ വർദ്ധനവ്

ഫ്യൂഡൽ ഭാഷകളിൽ ധൈര്യം കാണിക്കൽ ഒരു പ്രധാന ആവശ്യമാണ്. ധൈര്യം, ഉഷാറ്, പരുക്കൻ പെരുമാറ്റം, ഞെട്ടിച്ച് സംസാരിക്കാനുള്ള പാടവം, അപമാര്യാദയായി സംസാരിക്കാനുള്ള കഴിവ്, കുത്തിക്കുത്തി ചോദ്യം ചോദിച്ച് മറ്റെയാൾക്ക് പ്രയാസം വരുത്താനുള്ള നൈപുണ്യം, മറ്റ് ഇത്യാദി കഴിവുകൾ വാക്ക് കോഡുകളെ സ്വാധീനിക്കും എന്ന് ഏവരും മനസ്സിലാക്കുന്നു.

എന്നാൽ ഈ വക സ്വഭാവ നൈപുണ്യങ്ങൾ പ്രകടിപ്പിച്ച് കാണിക്കേണ്ടി വരിക, പലപ്പോഴും സാമൂഹികമായി ഒന്ന് പടവെട്ടി പൊന്തിവരാനുള്ള ഒരു ആയുധം ആയേക്കാം.

സാമൂഹികമായോ, തൊഴിൽ പദവിപരമായോ ഉയരങ്ങളിൽ എത്തിപ്പെട്ടാൽ, ഈ വക കോപ്രാട്ടിത്തരങ്ങളുടെ ആവശ്യം വല്ലാതെയുണ്ടാവില്ല. കാരണം, സാമൂഹിക അല്ലെങ്കിൽ തൊഴിൽ സ്ഥാനങ്ങളുടെ ഘടനാ ബലം മുകൾപ്പരപ്പിലുള്ളവരുടെ മിതമായുള്ള വാക്കുകൾക്ക് അത്ഭുതകരമായ ശക്തി നൽകും. എന്നാൽ, പടവെട്ടി മുകളിലേക്ക് വന്ന ആളിൽ പലപ്പോഴും ഈ പടവെട്ടിയുള്ള സ്വഭാവം വളർന്നുകഴിഞ്ഞാലും നിലനിന്നേക്കാം.

ഇതുമായി ബന്ധപ്പെട്ട് വെറെ ചിലകാര്യങ്ങൾ പറയാവുന്നതാണ്. അത് പിന്നീട് പറയാം, പിന്നീട് എവിടെയെങ്കിലും പ്രതിപാദ്യവിഷയമായി ഈ കാര്യം വരികയാണെങ്കിൽ.

ഈ വീക്ഷണകോണിൽ നിന്നും നോക്കിയാൽ, പ്രാദേശികമായി ഇങ്ഗ്ളിഷ് സംസാരിക്കുന്ന ജനത, വെറും സ്ത്രൈണ സ്വഭാവക്കാരും, മൃദല സ്വരമുള്ളവരും ആണ് എന്ന ഒരു തോന്നൽ വന്നേക്കാം. ഒരു പരിധിവരെ ഇത് ശരിയാകാം. കാരണം, ഇങ്ഗ്ളിഷ് കൊളോണിയൽ വാഴ്ച തുടങ്ങുന്നതിന് മുൻപായി ഇങ്ഗ്ളിഷ് കച്ചവട സംരഭങ്ങളെക്കുറിച്ച് ദക്ഷിണേഷ്യൻ ഉപഭൂഖണ്ടത്തിലും ചൈനാ പ്രദേശങ്ങളിലും ഇങ്ങിനെ ഒരു ധാരണ ഉണ്ടായിരിന്നു എന്ന സൂചന ചരിത്രത്തിൽ കാണുന്നു.

എന്തിനും മാന്യമായി അനുവാധം ചോദിക്കുക (May I?), ആരോടും നന്നി (നന്ദി) പറയുക (Thank You) (വേലക്കാരോടുപോലും), ആരോടും ക്ഷമാപണം അറിയിക്കുക (Sorry) (വേലക്കാരോടുപോലും), ആരോടും തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ ഖേദം പ്രകടിപ്പുക്കുക (applogise), Good morning, Good evening, തുടങ്ങിയ വാക്കുകൾ ഉച്ചരിക്കുക തുടങ്ങിയകാര്യങ്ങൾ ഒരു ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ വെറും പരഹാസ്യമായ കഴിവ് കേടായാണ് മനസ്സിലാക്കപ്പെടുക.

ഫ്യൂഡൽ ഭാഷകളിൽ നന്നി (നന്ദി) രേഖപ്പെടുത്തുന്നത് താഴെയുള്ള ആൾ മുകളിലെ ആളോടാണ്. ഇത് പോലെ തന്നെയാണ് ക്ഷമാപണവും, ഖേദം പ്രകടിപ്പിക്കലും മറ്റും. യാതോരു യജമാന സ്ഥാത്തുള്ള ആളും തന്റെ

പണിക്കാരനോട് ഈ വിധ വാക്കുകൾ ഉപയോഗിക്കില്ലതന്നെ. അങ്ങിനെ വല്ലതും ചെയ്താൽ, ആ യജമാനന് എന്തോ മാനസിക കഴിവ് കേടുണ്ട് എന്നാണ് പണിക്കാർ മനസ്സിലാക്കുക.

മെഡ്രാസിന് (ചെന്നൈ) അടുത്തായുള്ള ആർക്കോട്ട് എന്ന സ്ഥലത്തെ ഇങ്ഗ്ളിഷ് കച്ചവട കേന്ദ്രത്തെ, ഫ്രഞ്ചുകാരും സ്വദേശീയ രാജാവും ഒന്നുചേർന്ന് ആക്രമിക്കാൻ ഒരുമ്പെട്ടതിന് ധൈര്യം നൽകിയത് ഇങ്ഗ്ളിഷുകാരുടെ പൊതുവായുള്ള ഈ സ്ത്രൈണ സ്വഭാവം ആണ്.

ഇന്നുള്ള ഇങ്ഗ്ളണ്ട് പഴയ ഇങ്ഗ്ളണ്ടിൽ നിന്നും വളരെ മാറിപ്പോയിരിക്കാം. കാരണം, ഇന്ന് അനവധി ഫ്യൂഡൽ ഭാഷക്കാർ അവിടേക്ക് കടന്ന് കൂടി സമൂഹത്തിൽ കാര്യമായ വിഘടനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച്, ഇങ്ഗ്ളിഷുകാർക്ക് കാര്യമായ അറിവ് ലഭിച്ചിട്ടില്ലാ എന്നതാണ് സത്യം.

എന്നിരുന്നാലും, ഇങ്ഗ്ളിഷുകാരുടെ ഒരു പ്രത്യേക ധൈര്യത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാം. അടുത്ത എഴുത്തിൽ.

60. ധൈര്യമല്ലാത്ത ധൈര്യം

ഇങ്ഗ്ളിഷുകാരിൽ ഒരു പ്രത്യേകതരം ധൈര്യം കാണാവുന്നതാണ്. എന്നാൽ ഇത് ഒരു ധൈര്യത്തിന്റെ ഉദാഹരണം ആയി ചിത്രീകരിക്കപ്പെട്ടാൽ ഇങ്ഗ്ളിഷുകാർ പൊട്ടിച്ചിരിക്കും എന്നാണ് തോന്നുന്നത്.

കാരണം, ഇത് ഒരു ധൈര്യത്തിന്റെ ഉദാഹരണമേ ആല്ല, അവരെ സംബന്ധിച്ചെടുത്തോളം.

ഈ ധൈര്യത്തിന്റെ ഒരു ചിത്രീകരണമാണ് താഴെ:

ഇങ്ഗ്ളണ്ടിലുള്ള ഒരു ഇങ്ഗ്ളിഷ് പൌരൻ ഒരു പ്രശ്നം നേരിടുന്നു. ഇതിന് പരിഹാരം കണ്ടെത്താൻ പോലീസിന്റെ സഹായം ആവശ്യമാണ്. ഈ ആൾ പോലീസ് സ്റ്റേഷയിൽ പോകുന്നു. തന്റെ പ്രശ്ന പരിഹാരം കണ്ടെത്താൻ സഹായിക്കാനാകുന്ന പോലീസ് വകുപ്പ് ജീവനക്കാരനെ ഈ ആൾ സമീപിക്കുന്നു. ആ ജീവനക്കാരന് മുന്നിൽ പ്രത്യേകമായ യാതോരു അനുവാദവുമില്ലാതെ തന്നെ കസേലയിൽ ഇരിക്കുന്നു. പോലീസ് വകുപ്പ് ഉദ്യോഗസ്ഥന്റെ പേരിന് മുന്നിൽ ഒരു Mr.റോ Mrs.ഓ ചേർത്ത്കൊണ്ട്, ആ ആളെ സംബോധന ചെയ്യുന്നു.

പോലീസ് ഉദ്യോഗസ്ഥൻ ഈ വന്ന ആളെ അതേ പോലെ പേരിനാലോ, പേരിന് മുന്നിൽ Mr.റോ Mrs.ഓ ചേർത്ത് കൊണ്ട് സംബോധന ചെയ്യുന്നു. ഇടക്ക് Sir എന്നും സംബോധന ചെയ്യുന്നു. ആഗതൻ പോലീസ് സ്റ്റേഷനിലെ മറ്റ് ഉദ്യോഗസ്ഥരെക്കുറിച്ച് പരാമർശിക്കുമ്പോൾ, ഇതേ പോലെ, Mr.റോ Mrs.ഓ പേരിന് മുന്നിൽ ചേർത്ത് കൊണ്ട് പരാമർശിക്കുന്നു.

ആഗതൻ കസേലയിൽ ഇരിക്കുന്നത് തന്നെ യോതോരു വിധേയത്വ ഭാവത്തോടും കൂടിയല്ല. മറിച്ച് മുന്നിൽ ഇരിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ അതേ മാനസിക അന്തസ്സോടുകൂടിത്തന്നെയാണ് ഇരിക്കുന്നത്. ആഗതൻ തൊഴിൽ പരമായി ഒരു ടാക്സി ഡ്രൈവറോ, അല്ലെങ്കിൽ ലോഡിങ്ങ് തൊഴിലാളിയോ ആണ്.

ഈ ഒരു രംഗത്തിലെ മനുഷ്യവ്യക്തിത്വത്തെ യാതോരു വിധത്തിലും പാക്കിസ്ഥാനിലേയോ, ഇന്ത്യയിലേയോ ബങ്ഗ്ളാദേശിലേയോ ഉള്ള ഒരു സാമൂഹിക അന്തരീക്ഷത്തിലേക്ക് പകർപ്പെടുത്ത് അവിടങ്ങളിലുള്ള പൌരന്മാരുടെ മനസ്സിലും വ്യക്തിത്വത്തിലും തിരുകിക്കയറ്റാൻ ആവില്ലതന്നെ.

കാരണം, ഈ രീതിയിൽ യാതോരുവിധേയത്വമോ, അധമത്വമോ, ഭയപ്പാടോ, ആത്മനിന്ദയോ ഇല്ലാതെ പൌരന്മാർ ഒരു പോലീസ് സ്റ്റേഷനിൽ പോയി സർക്കാർ സേവനം ആവശ്യപ്പെടാനുള്ള ധൈര്യം കാണിച്ചാൽ അത് ധൈര്യമായല്ല കണക്കാക്കപ്പെടുക. മറിച്ച് തനി തെമ്മാടിത്തവും, അധികപ്രസംഗവും, താന്തോന്നിത്തവും ആയിട്ടാണ് ഏവരും കാണുകയും വിലയിരുത്തുകയും ചെയ്യുക.

വലിയ ബന്ധങ്ങളില്ലാത്തതോ, അല്ലെങ്കിൽ ഔദ്യോഗകമായി വലിയ പദവിയില്ലാത്തതോ ആയ ഒരാൾ ഇങ്ങിനെ പെരുമാറിയാൽ, അയാൾക്ക് ബുദ്ധി ഭ്രമമുണ്ട് എന്നാണ് ന്യായമായും കരുതപ്പെടുക. പോലീസുകാർ ഇങ്ങിനെയുള്ള വ്യക്തിത്വങ്ങൾ ഉള്ള ആളെ ഒന്ന് ശരിക്കും പെരുമാറി, അയാളിലുള്ള ഈ ബുദ്ധിഭ്രമം അവിടുന്ന് തന്നെ ചികിത്സിച്ചെടുക്കാൻ ഒരുമ്പെടും.

അതേ സമയം ഇത് ഒരു വൻ ധൈര്യമായി ഇങ്ഗ്ളിഷുകാരോട് സൂചിപ്പിച്ചാൽ, ഇതിലെന്ത് ധൈര്യം ഇരിക്കുന്നു എന്ന് അവർക്ക് വിസ്മയം തോന്നാനുള്ള വകയുണ്ട്.

ഇവിടെ ഈ വൻ മനുഷ്യ വ്യക്തിത്വ വ്യത്യാസം സൃഷ്ടിക്കുന്നത് ഭാഷാ കോഡുകളാണ്. മനുഷ്യരെ പലതട്ടുകളായി തരംതിരിച്ച്, അവരിൽ പലർക്കും ആത്മനിന്ദ മനസ്സിൽകയറ്റിവിടുന്ന ഭാഷകളാണ് ഫ്യൂഡൽ ഭാഷകൾ.

ഇതുമായി ബന്ധപ്പെട്ട് രണ്ട കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. ഒന്ന് കേരളത്തിലെ ഒരു ഐപിഎസ് ഓഫിസർ പണ്ട് ഇങ്ഗ്ളണ്ടിൽ പോയപ്പോൾ ഉണ്ടായ ഒരു അനുഭവത്തെക്കുറിച്ചും മറ്റൊന്ന്, ഇങ്ഗ്ളിഷുകാരുടെ ഈ പെരുമാറ്റ സമ്പ്രദായം ഇന്ത്യൻ പോലീസുകാരോടോ, ഉദ്യോഗസ്ഥരോടോ കാണിച്ചാൽ എന്ത് സംഭവിക്കും എന്നും. ഉദാഹരണ സഹിതം.

61. ഐപിഎസ്സ് ഓഫിസറുടെ ഇങ്ഗ്ളിഷ് അനുഭവം

ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ഓർമ്മക്കുറിപ്പുകൾ ഒരു മാസികയിൽ വന്നതിന്റെ ഒരു പേജ് വളരെ യാദൃച്ഛികമായി ഒരിക്കൽ വായിക്കുകയുണ്ടായി. ഈ ഉദ്യോഗസ്ഥൻ ജയറാം പടിക്കൽ ഐ.പി.എസ്. ആണ് എന്നാണ് ഓർമ്മ.

താഴെകൊടുക്കുന്ന ഈ കഥ ആ പംക്തിയിൽ വായിച്ചതായുള്ള ഓർമ്മിയിൽനിന്നുമാണ് എഴുതുന്നത്. ഇതുമായി ബന്ധപ്പെട്ട യാതോരു രേഖകളും ഇപ്പോൾ കൈയിൽ ഇല്ലതന്നെ. എന്നാൽ ഓർമ്മ ശരിയാണ് എന്നാണ് തോന്നുന്നത്. ഈ സംഭവം നടന്നത് ഏതാണ്ട് പത്ത് നാൽപ്പത് വർഷങ്ങൾക്ക് മുൻപാകാനാണ് സാധ്യത.

ബ്യട്ടന്റെ തലസ്ഥാന നഗരമായ ലണ്ടണിലെ പോലീസ് ഡിപ്പാർട്ട്മെന്റാണ് സ്ക്കോട്ട്ലന്റ് യാർഡ് (Scotland Yard). വളരെ യുവ പ്രായത്തിൽ ഐപിഎസ് ലഭിച്ച ജയറാം പടിക്കലിന് ഒരു ഹ്രസ്വ പരിശീലനത്തിനായി സ്ക്കോട്ട്ലന്റ് യാർഡിലേക്ക് പോകാൻ അവസരം ലഭിച്ചു.

ഈ പരിശീലന കാലയളവിൽ ഒരു ദിനം ലണ്ടനിലെ ഒരു പോലീസ് സ്റ്റേഷനിൽ ജയറാം പടിക്കൽ ഇരിക്കുകയായിരുന്നു.

അപ്പോൾ അവിടേക്ക് ഒരു വനിത കയറിവന്നു. എന്നിട്ട്, പടിക്കലിന് അടുത്തായി ഇരിക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ മുൻപിൽ വന്ന് ഇരുന്നു. എന്നിട്ട് കാര്യം പറഞ്ഞു.

തന്റെ പൂച്ചയെ രാവിലെ മുതൽ കാണാനില്ല. ഈ പരാതി കേട്ടപ്പോൾ ജനറാം പടിക്കലിന് ആകെ ആശ്ചര്യം. പൂച്ചയെ കാണാനില്ല എന്ന് വന്ന് പരാതി പറയേണ്ടുന്ന ഇടമാണോ ലണ്ടനിലെ പോലീസ് സ്റ്റേഷൻ?

ഈ വിവരദോഷിയായ സ്ത്രീയെ പോലീസ് ഉദ്യോഗസ്ഥൻ ഞെട്ടിച്ച് തിരിച്ചയക്കും എന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ പടിക്കലിനെ അത്ഭുതപ്പെടുത്തുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ട് നീങ്ങിയത്.

പോലീസ് ഉദ്യോഗസ്ഥൻ ഉടനെ തന്നെ ആ സ്ത്രീയിൽ നിന്നും പൂച്ചയുടെ പേരും, ശരീര ലക്ഷണങ്ങളും, പതിവായി അത് പോകാറുള്ള പ്രദേശവും ചോദിച്ച് മനസ്സിലാക്കി.

എന്നിട്ട് ആ പ്രദേശത്ത് റോന്ത് ചുറ്റുന്ന പോലീസ് കോൺസ്റ്റബ്ൾമാർക്ക് (Beat Constables) വയർലെസ്സായി ഈ വിവരം പങ്കിടുന്നു. വന്ന വനിതയോട് സ്റ്റേഷനിൽ വിരുന്നുകാർക്കായുള്ള മുറിയിൽ കാത്തിരിക്കാൻ ആവശ്യപ്പെട്ടു.

കുറച്ച് കഴിഞ്ഞപ്പോൾ, നൽകിയ ലക്ഷണം ഒത്ത ഒരു പൂച്ചയെ ഒരു ബീറ്റ് കോൺസ്റ്റബ്ൾ കണ്ടെത്തിയതായി വിവരം ലഭിച്ചു. ഒരു കെട്ടിട നിർമ്മാണ ഇടത്ത് ഉയരത്തിൽ എന്തിലോ കുടുങ്ങിയിരിക്കുന്നു. ഉടനെ തന്നെ ഫയർ ഫോസിലേക്ക് ഈ വിവരം ഫോൺമുഖാന്തിരം അറിയിക്കുകയും, ചെയ്തു.

കുറച്ചു കഴിഞ്ഞപ്പോൾ, ഫയർഫോസിന്റെ വാഹനം പോലീസ്സ്റ്റേഷന് മുന്നിലായി വന്നു നിൽക്കുന്നു. ഒരു ഫയർ ഫോസ് ഉദ്യോഗസ്ഥൻ പൂച്ചയെ ഒരു ചെറിയ ബാസ്ക്കറ്റിൽ കൊണ്ടുവന്ന്, കാത്ത് നിൽക്കുന്ന സ്ത്രീക്ക് നൽകുന്നു.

ഈ സംഭവത്തിന് സാക്ഷിയായി നിന്ന ജയറാം പടിക്കൽ നോക്കുമ്പോൾ ഇങ്ങിനെ ഒരു കാര്യം പോലീസും ഫയർഫോസും ചേർന്ന് നടത്തിയതിൽ ആ സ്ത്രീക്ക് അതിരു കടന്ന ആശ്ചര്യം ഒന്നും കണ്ടില്ല. ഇങ്ങിനെയുള്ള ഒരു സേവനം തികച്ചും ഒരു സാധാരണ സേവനമായാണ് ആ സ്റ്റേഷനിൽ കണ്ട വികാരം.

ഇന്ത്യയിൽ നിന്നും ഇങ്ഗ്ളണ്ടിൽ പോയ ഐപിഎസ് ഓഫിസർ-ട്രെയ്നിക്ക് ആകെ ആശ്ചര്യം. ഇങ്ങിനെ ഒരു ആവശ്യവുമായി ഒരു ഇന്ത്യക്കാരി ഒരു ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ കയറിച്ചെന്നാൽ ഉളവാകുന്ന വികാരം എന്തായിരിക്കും എന്ന ചിന്തയായിരുന്നു ഈ ഉദ്യോഗസ്ഥന്.

മാന്യമായ ഭാഷാ കോഡുകളുള്ള ഒരു രാജ്യത്തിലെ പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന യതോരു പോലീസ് പരിശീലനവും, ഫ്യൂഡൽ ഭാഷാ കോഡുകളുള്ള ഒരു രാജ്യത്തിൽ ഉപയോഗിക്കാൻ ആവുന്നതല്ല. കാരണം മനുഷ്യർ തമ്മിൽ വ്യത്യസ്തമായ ബന്ധമാണ് ഫ്യൂഡൽ ഭാഷകൾ സൃഷ്ടിക്കുന്നത്.

ഇന്നത്തെ ഇങ്ഗ്ളണ്ട് എത്രമാത്രം മാറിപ്പോയിട്ടുണ്ട് എന്നും അറിയില്ല. ലണ്ടനിൽ 60%ത്തിൽ കൂടുതൽ പേർ പുറത്ത് നിന്നും കയറിവന്ന മറ്റ് ഭാഷക്കാരാണ്, ഇന്ന്.

ഇവിടെ സൂചിപ്പിക്കപ്പെട്ട ജയറാം പടിക്കൽ എന്ന ഐപിഎസ് ഉദ്യോഗസ്ഥൻ പിന്നീട് 1977 കാലഘട്ടത്തിൽ രാജൻ വധക്കേസിൽ പ്രതിചേർക്കപ്പെട്ടിരുന്നു. അന്ന് പത്രങ്ങളിൽ വന്ന വാർത്തകളിൽ, മനുഷ്യനെ ഉലക്ക ഉപയോഗിച്ച് ഉരുട്ടുന്ന വിദ്യ പഠിക്കാനാണ് ജയറാം പടിക്കൽ ഇങ്ഗ്ളണ്ടിലെ സ്ക്കോട്ട്ലന്റ് യാർഡിൽ പോയത് എന്ന് വരെ പത്രക്കാർ യാതോരു ഉളുപ്പുമില്ലാതെ എഴുതിയിരുന്നു എന്നും ഓർമ്മവരുന്നു.

62. ബ്രിട്ടീഷുകാർ ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ

ഇന്ത്യക്കാർ ഇത്യാദി അന്തസ്സോടുകൂടിയുള്ള പെരുമാറ്റം ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ പ്രകടപ്പിച്ചാൽ, ഒട്ടുമിക്കവർക്കും അപകടമാണ് എന്ന് നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞകാര്യമാണ്.

എന്നാൽ ഇത്യാദി പെരുമാറ്റ അന്തസ്സ് ഇങ്ഗ്ളീഷുകാർ ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ പ്രകടിപ്പിച്ചാൽ എന്ത് സംഭവിക്കും എന്നുള്ളതാണ് അടുത്ത വിഷയം.

ഇങ്ഗ്ളീഷുകാരോട് കുറച്ച് കാലം മുൻപ് വരെ ഇന്ത്യൻ ഉദ്യോഗസ്ഥർക്കിടയിലും മറ്റും കാര്യമായ മതിപ്പുണ്ടായിരുന്നു. സ്വന്തം മക്കളെ എങ്ങനെയെങ്കിലും ഇങ്ഗ്ളണ്ടിൽ കുടിയേറിപ്പാർപ്പിക്കാനുള്ള ഉത്സാഹം പല ഉദ്യോഗസ്ഥരിലും രാഷ്ട്രീയ നേതാക്കളിലും ഉണ്ടായിരുന്നു. ഇന്നും ഉണ്ട്. ഇത് ആയില്ലെങ്കിൽ പിന്നെയുള്ള സ്ഥലം അമേരിക്കയാണ്. വിപ്ളവനേതാക്കളായി അറിയപ്പെടുന്നവർവരെ ഇത് ചെയ്തിട്ടുണ്ട് എന്നാണ് കാണുന്നത്.

1990ഓടുകൂടിയാണ്, ഇങ്ഗ്ളണ്ടിലേക്കും അമേരിക്കയിലേക്കും മറ്റ് ഇങ്ഗ്ളീഷ് രാഷ്ട്രങ്ങളിലേക്കും ലോകമെംമ്പാടുനിന്നും ആളുകൾ ഒരു വേലിയേറ്റം കണക്കെ ഇടിച്ചുകയറാൻ തുടങ്ങിയത്.

ഇങ്ഗ്ളീഷ് രാഷ്ട്രങ്ങളിലെ വിഡ്ഢികളായ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പലതരം വിദഗ്ദ്ധരും, ഈ വേലിയേറ്റത്തിൽ എന്തോ മാനവക ഏകത്വവും മനുഷ്യ സമത്വവും ദർശ്ശിച്ചുകൊണ്ടിരുന്നു.

എന്നാൽ ഇങ്ങിനെ ഇടിച്ചുകയറുന്ന ആളുകളുടെ പ്രാദേശിക ഭാഷകളിൽ ഇങ്ങിനെയുള്ള മാനുഷിക ഏകത്വവും സമത്വസിദ്ധാന്തങ്ങളും ലവലേശം ഇല്ലാ എന്ന കാര്യം അവർക്ക് ഒട്ടും അറിയില്ലായിരുന്നു. മാത്രവുമല്ല, ഈ കാര്യം ആരും തന്നെ വിവരിച്ചുകൊടുക്കാനും ഇല്ലായിരുന്നു. ഇതിനെല്ലാം പുറമെ, ആരെങ്കിലും ഇങ്ങിനെ ഒരു അപകടപരമായ പ്രശ്നം ഉണ്ട് എന്ന് പറയാൻ മെനക്കെട്ടാൽ, അത് എന്തോ വിഡ്ഢിത്തമാണ് എന്ന് ശാഠ്യം പിടിക്കുക മാത്രമാണ് ഇക്കൂട്ടർ ചെയ്തത്.

63. സമത്വത്തിന്‍റെ മൂന്ന് നിലവാരങ്ങൾ

പാരമ്പര്യമായി ഇങ്ഗ്ളിഷ് സംസാരിക്കുന്ന ജനം പാരമ്പര്യമായി ഫ്യൂഡൽ ഭാഷ സംസാരിക്കുന്ന ആളുകളുമായി സമത്വത്തിൽ എത്തുമ്പോൾ ഉണ്ടാകുന്ന സങ്കീർണ്ണതയെക്കുറിച്ച്, ഇങ്ഗ്ളിഷ് പക്ഷത്തിന് യാതോരു അറിവും ഇല്ല. ഇതിന്‍റെ പ്രത്യാഘാതങ്ങൾ വ്യാപകവും കഠിനവും ആയേക്കാം.

ഫ്യൂഡൽ ഭാഷകളിൽ സമത്വം എന്ന സങ്കൽപം ഏറ്റവും കുറഞ്ഞ് മൂന്ന് നിലവാരത്തിലുള്ളതാണ്. എന്നാൽ കുറച്ചുകൂടി വ്യാപകമായി പറഞ്ഞാൽ, മൂന്നിനേക്കാളും അധികം നിലവാരത്തിൽ വളരെ സങ്കീർണ്ണമായ കാര്യമാണ് ഈ ഭാഷകളിൽ മനുഷ്യ സമത്വം എന്നുള്ളത്.

ഇക്കാര്യം ചെറുതായി ഒന്ന് സൂചിപ്പിക്കാം.

ഒരാൾക്ക് മറ്റൊരാളുമായി മൂന്ന് നിലവാരത്തിൽ വാക്ക് കോഡുകളാൽ സമത്വം സ്ഥാപിക്കാവുന്നതാണ്. അങ്ങോട്ടും ഇങ്ങോട്ടും 'നീ' എന്ന് വളിച്ച് സംസാരിക്കുന്നതാണ് ഏറ്റവും ശക്തമായതും, ഏറ്റവും താഴത്തെത്തുന്നതുമായ സമത്വം.

ഇതിന് മുകളിലാണ് 'നിങ്ങൾ-നിങ്ങൾ' എന്ന രീതിയിലുള്ള സമത്വം. ഈ സമത്വത്തിന് അന്യോന്യം ഉള്ള സ്വതന്ത്ര്യം കുറവുള്ളതും, ചെറുതായി ബലം കുറഞ്ഞതുമായ സമത്വമാണ്.

ഇതിന് മുകളിൽ ഉള്ളതാണ് 'സാർ' - 'സാർ' എന്ന് അന്യോന്യം ഉള്ള സമത്വം.

ഇതിലെന്തിരിക്കുന്നു എന്ന് തോന്നാമെങ്കിലും, വളരെ ശക്തമായ സാമൂഹിക ബന്ധകോഡുകളും, വ്യാഖ്യാനങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ വക സങ്കീർണമായുള്ള സമത്വ സങ്കൽപ്പം.

64. വാക്ക്കോഡുകളാൽ പിടിച്ച് താഴ്ത്തി സമത്വപ്പെടുത്തുന്നത്

ഉദാഹരണത്തിന്, ഇന്നത്തെ ഫ്യൂഡൽ ഭാഷാ സമൂഹത്തിൽ വളരെ ഉയരത്തിൽ ആയിക്കാണുന്ന തൊഴിൽ കാരനാണ് 'ഡോക്ടർ'. ആപേക്ഷികമായി, 'ടാക്സി ഡ്രൈവർ' വളരെ താഴെയാണ്.

ഈ രണ്ട് തൊഴിലിലും പെട്ട രണ്ടു പേർ തമ്മിൽ സമത്വം ഫ്യൂഡൽ ഭാഷകൾ ഒരുക്കുന്ന രണ്ട് ചിത്രീകരണം നൽകാം. (ഇങ്ങിനെയൊരു പ്രശ്നം ഇങ്ഗ്ളിഷ് ഭാഷയിൽ ഇല്ലാ എന്ന് ഓർക്കുക).

പ്രായം കൂടുതലുള്ള ഡ്രൈവറെ ഡോക്ടർ 'നിങ്ങൾ' എന്ന് സംബോധനചെയ്യുന്നു.

ഡ്രൈവർ ഡോക്ടറെ, 'ഡോക്ടർ' എന്ന് സംബോധന ചെയ്യുന്നു. അല്ലെങ്കിൽ 'നിങ്ങൾ' എന്ന് സംബോധന ചെയ്യുന്നു.

രണ്ട് പേരും അന്യോന്യം ബഹുമാനിക്കുന്ന ഒരു സമത്വമാണ് ഇത്. ഇത് ഡോക്ടറ്ക്ക് സൌകര്യപ്രദമായ സമത്വമാണ്. കാരണം, ഇത് വെറും ഔപചാരികമായ സമത്വമാണ് എന്ന് പലദിക്കിലും മനസ്സിലാക്കും. ഡോക്ടർ ഡ്രൈവറെ സാമൂഹികമായി പൊക്കിവെച്ച് സമത്വം കൃത്രിമമായോ, അല്ലാതെയോ സൃഷ്ടിക്കുന്നു.

അതേ സമയം ഡ്രൈവർക്ക് കൂടുതൽ നല്ലത് മറ്റൊരു സമത്വമാണ്. ഡോക്ടർ, അയാളെ 'നീ' എന്ന് സംബോധന ചെയ്യുന്നു. അയാൾ ഡോക്ടറെയും തിരിച്ച് 'നീ' എന്ന് സംബോധന ചെയ്യുന്നു. ഇത് അതി ഗംഭീരമായ സാമൂഹിക അർത്ഥമുള്ള ഒരു സമത്വമാണ്. ഡോക്ടറെ പിടിച്ച് താഴോട്ട് കൊണ്ട് വന്ന് സാമൂഹികമായി സമത്വം പ്രഖ്യാപിക്കലാണ് ഇത്.

ഇതിനെല്ലാം പകരം, ഇതിലേതെങ്കിലും പക്ഷം താഴ്ത്തിപ്പറയുകയും, മറ്റേ പക്ഷം ഉയർത്തി നിർത്തി സംബോധചെയ്യുകയും ചെയ്താൽ സാമൂഹികമായി മറ്റ് പലതരം അർത്ഥങ്ങളും ബലപ്രയോഗങ്ങളും വരും. അവർ തമ്മിലും, ചുറ്റുമുള്ളവരിലും.

വാക്ക് കോഡുകളിലൂടെ വ്യക്തികളെയും വ്യക്തിത്വത്തേയും തിരിക്കാനും പിരിക്കാനും, ഉരുട്ടാനും, കമഴ്ത്തിയടിക്കാനും, വായമൂടിക്കാനും, മറ്റും മറ്റും കഴിവുള്ളവയാണ് ഫ്യൂഡൽ ഭാഷകൾ.

ഇവിടെ പ്രശ്നം ഫ്യൂഡൽ ഭാഷകൾ എന്ന സംഗതി ലോകത്തിൽ ഉണ്ട് എന്നും, അവയിൽ നൂറകണക്കിന് അതി സൂക്ഷ്മവും സങ്കീർണ്ണവുമായ മനുഷ്യ ബന്ധത്തിന്റെയും ബന്ധനത്തിന്റേയും കോഡുകൾ ഉണ്ട് എന്നും ഉള്ള കാര്യം ഒട്ടുംതന്നെ അറിയാതെ, ഫ്യൂഡൽ ഭാഷക്കാരോട് സമത്വം സ്ഥാപിക്കുന്ന ഇങ്ഗ്ളിഷുകാർക്ക് കാര്യമായ പലതും നഷ്ടമാവും.

കാരണം, ഫ്യൂഡൽ ഭാഷകളിൽ ഓരോ ആളും ആരോടാണ് സമനായിരിക്കുന്നത് എന്നതിനെ ആശ്രയിച്ചാണ് മറ്റുള്ളവർ അവരെ

വിലയിരുത്തുന്നതും, അവർക്ക് അനുവദിക്കുന്ന സാമൂഹിക സ്വാതന്ത്ര്യങ്ങളും.

സാമൂഹികമായി തരം താഴ്ത്തിക്കാണുന്നവന്റെ സുഹൃത്തിനേയും ഈ സാമൂഹികമായ തരംതാഴ്ത്തലുകൾ ബാധിക്കുകയും സ്വാധീനിക്കുകയും ചെയ്യും.

ഇനിയാണ് ഇന്നുള്ള ഇങ്ഗ്ളണ്ടിൽ നിന്നും ഇങ്ഗ്ളിഷ് പൌരന്മാർ ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ വന്ന് അവരുടെ സ്വതസിദ്ധമായ അന്തസ്സോടുകൂടെയുള്ള പെരുമാറ്റം പ്രകടിപ്പിച്ചാൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടത്.

65. സമത്വത്തിലൂടെ തരംതാഴ്ത്തപ്പെടുന്നത്

ഈ ഉപഭൂഖണ്ടത്തിന്റെ ഏതാണ്ട് പകുതി ഭാഗത്തോളം പ്രദേശത്തിൽ ഇങ്ഗ്ളിഷ് ഭരണം നിലനിന്നിരുന്ന കാലത്ത് തന്നെ, ഇങ്ഗ്ളിഷുകാരും പ്രാദേശിക ജനങ്ങളും തമ്മിലുള്ള ഭാഷാപരമായ സമത്വം ഒരു അലിഖിതമായ പ്രശ്നമായി നിലനിന്നിരുന്നു. ഇതിനെക്കുറിച്ച് മുഴുവനായും ഇവിടെ ഇപ്പോൾ പ്രതിപാദിക്കാൻ ആവില്ല.

ഈ ഉപഭൂഖണ്ടത്തിലെ കുബേരകുടുംബക്കാരിൽ പലരും ഇങ്ഗ്ളണ്ടിലും മറ്റും പല ആവശ്യങ്ങൾക്കായി മാറിത്താമസിച്ചിരുന്നു, അന്ന്. അവർ അവിടെ പരിശീലിച്ച സംസാര രീതി തികച്ചും പുതുമയാർന്നതായിരിന്നു.

ബ്രിട്ടിഷ്-ഇന്ത്യയിൽ ഭരണകർത്താക്കളായ വ്യക്തികളെ അവിടെ വച്ച് വെറുംപേരിനാലോ, അതുമല്ലെങ്കിൽ അവരുടെ പേരിന് മുന്നിലായി Mr. എന്ന് ചേർത്തുകൊണ്ടോ അവരെ സംബോധന ചെയ്യാം, പരാമർശിക്കാം. You എന്ന വാക്ക് കൊണ്ട് സംബോധനചെയ്യാം. He, She തുടങ്ങിയ വാക്കുകൾ കൊണ്ട് പരാമർശിക്കാം.

അതേ സമയം, ബ്രിട്ടിഷ്-ഇന്ത്യയിൽ ഇവർ ഭാഷാ കോഡുകളുടെ മുകൾപ്പരപ്പിലാണ് നിലനിന്നിരുന്നത്.

ഗാന്ധി, നെഹ്റു തുടങ്ങി പലരും ഇങ്ഗ്ളിഷ് സംസാര രീതിയുടെ സുഖം ഇങ്ഗ്ളണ്ടിൽ പഠിക്കുന്ന കാലത്ത് അനുഭവിച്ചവരാണ്.

ഇങ്ങിനെയുള്ളവരിൽ ഗാന്ധി ഉൾപ്പെടെ പലരും, യഥാർത്ഥത്തിൽ ബ്രിട്ടിഷ് ഇന്ത്യയിലെ പൌരന്മാരായിരുന്നു എന്ന് തോന്നുന്നില്ല. മറിച്ച് ബ്രിട്ടിഷ്-ഇന്ത്യയോട് തൊട്ട് കിടക്കുന്ന സ്വതന്ത്ര രാജ്യങ്ങളിലെ പൌരന്മാരായിരിന്നു. ഗാന്ധി പഠിച്ചത് ലണ്ടനിലെ University Collegeൽ ആണ്. പിതാവ് പോർബന്ധർ രാജ്യത്തിലെ പ്രധാനമന്ത്രിയായിരുന്നു.

നെഹ്റു പഠിച്ചത് Trinity College, Cambridgeൽ ആണ്.

ഇവർ ഇങ്ഗ്ളിഷുകാരെപ്പറ്റി പരാമർശിക്കുമ്പോൾ, ഹിന്ദിയിലേയും മറ്റും ബഹുമാന പദങ്ങൾ ഉപയോഗിച്ചിരുന്നോ എന്നത് സംശയമാണ്. ('ഉൻ' എന്നത് 'അദ്ദേഹം' എന്നും, 'ഉസ്സ്' എന്നത് 'അവൻ' എന്നും ഉള്ളതിൽ). കാരണം, ഇവർ ഇങ്ഗ്ളണ്ടിൽ തന്നെ ധനികരാരിയുന്നു. ഇവർ കറൻസിയായി (രൂപ) കൊണ്ടുവന്ന ബ്രിട്ടിഷ്-ഇന്ത്യൻ രൂപയ്ക്ക് അന്ന് ഒന്നിന് 7 ഡോളർ എക്സ്ചെയ്ഞ്ച് മൂല്യം ഉണ്ടായിരുന്നു.

ഇവർ ഉപദ്വീപിലെ ധനികരായതിനാൽ, ഇവരുടെ തരംതാഴ്ത്തിയുള്ള സംഭാഷണ വാക്ക്-കോഡ് ഇങ്ഗ്ളിഷുകാരെ കാര്യമായി ബാധിച്ചില്ലാ എന്ന് വിശ്വസിക്കാം.

മാത്രവുമല്ല, വളരെ ലളിതമായി പെരുമാറിയിരുന്ന ഇങ്ഗ്ളുഷുകാർക്ക്, മറുപുറത്തുള്ളവരുടെ ഭാഷാകോഡുകളിൽ നിർവ്വചിക്കപ്പെടാത്ത എന്തെങ്കിലും പൈശാചികതയുണ്ട് എന്ന കാര്യവും അറിവില്ലായിരുന്നു.

പാക്കിസ്ഥാനും, ഇന്ത്യയും രൂപീകൃതമായതിന് ശേഷം, ഈ രാജ്യങ്ങളിൽനിന്നും ആദ്യകാലങ്ങളിൽ ഇങ്ഗ്ളണ്ടിലേക്ക് പഠനത്തിനും മറ്റും കടന്നവരിൽ ഒരു വൻ ഭൂരിപക്ഷം ഇവിടങ്ങളിലുള്ള കുബേര കുടുംബാംഗങ്ങളും ആയിരുന്നു. ഇവരും തരംതാഴ്ത്തി ഇങ്ഗ്ളിഷുകാരെ പരാമർശ്ശിക്കുന്നത് അവരെ കാര്യമായി ബാധിക്കില്ല. കാരണം, ഇവരും ഈ രാജ്യങ്ങളിലെ സാമൂഹിക ഉയരങ്ങളിൽ ഉള്ളവരായിരുന്നു.

എന്നാൽ 1990ന് ശേഷം, ഈ രാജ്യങ്ങളിൽനിന്നും, ബങ്ഗാളാദേശിൽനിന്നും ഇങ്ഗ്ളണ്ടിലേക്ക് നീങ്ങിയവരിൽ ഒരു വൻ ഭൂരിപക്ഷംപേരും ഇങ്ഗ്ളിഷ് ഭാഷപോലും പുതുതായി പഠിച്ചവരോ, അല്ലെങ്കിൽ തീരെ അറിയാത്തവരോ ആയ പലതരം തൊഴിലുകാരും ഉൾപ്പെട്ടിരുന്നു. ഇവരെ പൊതുവെ 'ചീപ്പ് ലെയ്ബർ' (cheap labour) എന്ന രീതിയിലാണ് വിശേഷിക്കപ്പെട്ടിരുന്നത്.

ഇക്കൂട്ടരിൽ പലരും സ്വന്തം രാജ്യത്തിലെ ഉദ്യോഗസ്ഥർ മഹിമയില്ലാത്ത തൊഴിലുകൾ ചെയ്യുന്നവരായാണ് കണ്ടത്. എന്ന് വച്ചാൽ ഇവരെ പരാമർശിക്കുമ്പോൾ, പ്രാദേശിക ഉദ്യോഗസ്ഥന്മാർ വാക്ക്-കോഡുകളിലെ തരംതാണവാക്കുകളാണ് ഉപയോഗിക്കുക. എന്നാൽ ഇക്കൂട്ടർ തിരിച്ച് അയക്കുന്ന ബ്യട്ടിഷ് പൌണ്ടിന് അതിഗംഭീരമായ എക്സ്ചെയ്ഞ്ച് മൂല്യം നൽകിയത് കൊണ്ട് ഇവരും അമിത ധനകരായിമാറിയിരുന്നു, അവരുടെ പ്രാദേശിക രാജ്യങ്ങളിൽ.

ഇവർ ഇങ്ഗ്ളിഷുകാരോട് സമത്വം പ്രഖ്യാപിച്ചത്, ദക്ഷിണേഷ്യൻ ഉപഭൂഖണ്ടത്തിലെ രാജ്യങ്ങളിൽ ഇങ്ഗ്ളിഷുകാർക്ക് സാമൂഹികമായ തരംതാഴ്ത്തൽ ആണ് സൌകര്യപ്പെടുത്തിയത്.

കാരണം, തങ്ങൾ തരംതാഴ്ന്നവരായി വാക്ക്കോഡുകളിൽ നിർവ്വചിക്കുന്നവർ സമന്മാരായി He, His, Him, She, Her, Hers തുടങ്ങിയ വാക്ക്-കോഡുകളുടെ താഴ്ന്ന രൂപങ്ങളായ 'അവൻ', 'അവൾ' തുടങ്ങിയ രീതിയിൽ നിർവ്വചിക്കുന്നവരെ, പ്രാദേശിക ഉദ്യോഗസ്ഥർക്ക് ബഹുമാനിക്കാൻ പ്രയാസം തന്നെ ആയിത്തുടങ്ങി.

ഇതുമായി ബന്ധപ്പെട്ട് ഒന്ന് രണ്ട് സംഭവ വികാസങ്ങളെക്കുറിച്ച് അടുത്ത എഴുത്തിൽ വിശദീകരിച്ച് എഴുതാം.

66. അടിക്കാനും, ചവിട്ടാനും, അസഭ്യം പറയാനും ഉള്ള അധികാരം

തിരുവിതാംകൂർ രാജ്യത്തിലെ രാജാവായിരുന്ന മാർത്താണ്ഡവർമ്മ, ഈ കൊച്ച് രാജ്യത്തിന് തൊട്ടുകിടക്കുന്ന പല ചെറുകിട രാജ്യങ്ങളായ കൊല്ലം, ചെൻകോട്ട, വള്ളിയൂർ, കൊട്ടാരക്കര, പത്മനാഭപുരം, നെടുമങ്ങാട്, കായംകുളം, അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം, ഏറ്റുമാനൂർ തുടങ്ങി പല പ്രദേശങ്ങളെയും തിരുവിതാംകൂറിന് കീഴിൽ വരുത്തി.

ഇതിന് ശേഷം, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയോട് കടുത്ത കൂറ് പ്രഖ്യാപിക്കുകയും, ആ കമ്പനിക്ക് സർവ്വവിധ സഹകരണവും വാക്കാലും, പ്രവർത്തിയാലും നൽകി.

മാത്രവുമല്ല, തിരുവിതാംകൂറിനെ, ഈ കമ്പനിയുടെ സംരക്ഷണത്തിന് ചുവട്ടിൽ നിർത്തുകയും ചെയ്തു.

തുടർന്നുള്ള തിരുവിതാംകൂർ രാജാക്കളും റാണിമാരും ഇതേ നയംതന്നെ കുറച്ചും, കൂട്ടിയും തുടർന്നു.

തൊട്ടടുത്തുള്ള ഇങ്ഗ്ളിഷ് ഭരണത്തിന് കീഴിലുള്ള മെഡ്രാസ് പ്രസിഡൻസി പ്രദേശങ്ങളിലുള്ള എല്ലാവിധ ഭരണസംവിധാനങ്ങളുടേയും ഒരു പകർപ്പ് തിരുവിതാംകൂറിലും സാവധാനം ഓരോന്നായി സൃഷ്ടിച്ചു.

ലിഖിത നിയമങ്ങൾ, കോടതി, ഭരണയന്ത്രം, നികുതി പിരിക്കൽ, പോലീസ് തുടങ്ങി പലതും തിരുവിതാംകൂറിലും വന്നു. എന്നാൽ ഇവയെല്ലാംതന്നെ കടുത്ത അഴിമതിയുടെയും, അധികാര ദുർവ്വിനിയോഗത്തിന്റേയും പര്യായങ്ങളായിരുന്നു.

അന്നത്തെ അവസ്ഥയെക്കുറിച്ച്, അന്ന് Calcutta Review എന്ന പത്രത്തിൽ വന്ന വിവരണം നോക്കുക:

QUOTE: The courts of justice were so many seats of corruption and perversion of justice. Dacoits and marauders of the worst stamp scoured the country by hundreds; but these wore less feared by the people than the so-called Police. In short, Travancore was the veriest den of misrule, lawlessness, and callous tyranny of the worst description. END OF QUOTE

തർജ്ജമ:

നിയമ കോടതികൾ അഴിമതിയുടേയും അധർമ്മങ്ങളുടേയും കേന്ദ്രങ്ങളാണ്. കൊള്ളക്കാരും പിടിച്ചുപറിക്കാരും നാടുനീളം അഴിഞ്ഞാടുന്നു. എന്നാൽ ഇവരെക്കാൾ ജനങ്ങൾക്ക് ഭയം പോലീസ് എന്ന് പറയപ്പെടുന്നവരെയാണ്. ചുരുക്കിപ്പറഞ്ഞാൽ, ഏറ്റവും ഗുരുതരമായ നിയമരാഹിത്യത്തിന്റെയും, ദുർഭരണത്തിന്റെയും, നിഷ്ഠൂരഭരണത്തിന്റെയും വാസസ്ഥലമാണ് തിരുവിതാംകൂർ: **തർജ്ജമയുടെ അന്ത്യം**

ഇങ്ങിനെ ഇരിക്കെയാണ്, 1866ൽ തിരുവിതാംകൂറിൽ ഉള്ള John Liddelഎന്നുപേരുള്ള, കമേർഷ്യൽ ഏജൻറ്റായ ഒരു ബ്യട്ടിഷ് പൌരന് എതിരായി സർക്കാരിൽനിന്നും പണാപഹരണം നടത്തിയെന്ന ആരോപണം പ്രാദേശിക ഉദ്യോഗസ്ഥർ നടത്തിയത്. കേസ് നടത്തി രണ്ട് വർഷം തടവ് ശിക്ഷയും നൽകി.

ഇത് കാര്യമായ ഒരു പ്രശ്നമായി ഉയർന്നു. ബ്യട്ടിഷ് പൌരന്മാരെ തിരുവിതാംകൂർ കോടതികൾക്ക് വിചാരണ ചെയ്യാനാവില്ല എന്ന നിലപാട് മെഡ്രാസ് പ്രസിഡൻസിയിലെ ഇങ്ഗ്ളിഷ് ഭരണകൂടം എടുത്തു.

ഇതിന് കാരണം, തിരുവിതാംകൂറിലെ പോലീസിനെ ഒരു ഇങ്ഗ്ളിഷ് വീക്ഷണകോണിൽ നിന്നും നോക്കിയാൽ പോലീസായി പരിഗണിക്കാനാവില്ല. കാരണം, അവരുടെ പെരുമാറ്റ രീതികളും, ചോദ്യചെയ്യൽ മുറകളും, അന്വേഷണ സമ്പ്രദായങ്ങളും, തികച്ചും, പ്രാകൃതവും, കൈയിൽകിട്ടിയവരെ കായികമായും മാനസികമായും ഉപദ്രവിക്കുകയും, അസഭ്യംപറയലും മറ്റുമായിരുന്നു എന്ന് മറ്റ് ചില രേഖകൾ തെളിവ് നൽകുന്നുണ്ട്.

ഈ വസ്തുത തിരുവിതാകൂർ സർക്കാർ നിഷേധിച്ചില്ലെങ്കിലും, തിരുവിതാകൂർ രാജ്യത്തിനുള്ളിലുള്ള എല്ലാവരും തിരുവിതാകൂർ പോലീസിന്റെ അധികാരപരിധിയിൽ ആണ് എന്ന നിലപാട് തിരുവിതാംകൂർ രാജ്യം എടുത്തു. ഇതുമായി ബന്ധപ്പെട്ട എഴുത്ത് ഇടപാടുകളിൽ, തിരുവിതാംകൂർ രാജ്യം ബ്യട്ടിഷ്-ഇന്ത്യയുടെ ഭാഗമല്ലെന്നും സ്വതന്ത്ര രാജ്യമാണെന്നും തിരുവിതാംകൂർ സർക്കാർ രേഖപ്പെടുത്തുന്നുണ്ട്. തിരുവിതാകൂർ രാജ്യത്തിന് മേലുള്ള മേൽക്കോയ്മ ബ്യട്ടിഷ് രാജാവിന് നൽകിയിട്ടില്ല എന്നും വാദിച്ചു.

ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്, മറ്റ് ചില അമിത വിദ്യാഭ്യാസ യോഗ്യതയുള്ള ബ്യട്ടിഷുകാരുടെ വിഡ്ഢിത്തപരമായ നിലപാടാണ്. അവരിൽ പലരും പൊളിട്ടിക്കൽ സയൻസിലെ വൻകിട പുസ്തകങ്ങളും വായിച്ച്, പലതും ഉദ്ദരിച്ച് കൊണ്ട് തിരുവിതാംകൂറിന്റെ വാദത്തിന് പിന്തുണ നൽകി.

നിയമവശം നോക്കി മെഡ്രാസിലെ എഡ്വക്കറ്റ് ജെൻ-റൽ, തിരുവിതാംകൂറിന്റെ അവകാശം ശരിവച്ചു.

എന്നാൽ, 1874 വൈസ് റോയി ഇതിന് സമ്മതം മൂളിയില്ല.

തിരുവിതാംകൂറിലെ പൊതുജനത്തെ അവിടുള്ള പോലീസിന് അടിക്കാനും, ചവിട്ടാനും, അസഭ്യം പറയാനും മറ്റും ഉള്ള അധികാരം ബ്യട്ടിഷ് പൌരന്മാരിൽ നടപ്പാക്കാൻ ആവില്ല എന്നതിനോട് തിരുവിതാംകൂർ ഉദ്യോഗസ്ഥർക്ക് യോജിക്കാനായില്ല. അവർ അതിനായി പലവിധ ന്യായങ്ങലും രേഖാപ്രകാരം മുന്നോട്ട് വച്ചു.

ഈ പ്രശ്നത്തിന്റെ നിയമവശം അല്ല മെഡ്രാസിലെ ഇങ്ഗ്ളിഷ് ഭരണം നോക്കിയത്. മറിച്ച്, ബ്യട്ടിഷ് പൌരന്മാരെ തിരുവിതാംകൂർ പോലീസ്

തൊടാൻ പാടില്ല എന്ന നിലപാടാണ്. രണ്ട് പക്ഷവും മനുഷ്യർ തന്നെയാണെങ്കിലും, മറ്റെന്തോ വ്യത്യാസം ഇവർ തമ്മിൽ ഉണ്ട് എന്നത് വ്യക്തമായിരുന്നു. ഈ വ്യത്യാസം ഭാഷാ കോഡുകളിൽ ആണ് തുടങ്ങുന്നത് എന്ന് രണ്ട് കൂട്ടരും അറിഞ്ഞില്ലാ എന്നാണ് കാണുന്നത്.

ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ V. Nagam Aiya എഴുതിയ TRAVANCORE STATE MANUALൽ കാണാവുന്നതാണ്.

എന്നാൽ ശ്രദ്ധിക്കാതെ പോകുന്ന മറ്റൊരു കാര്യം ഈ രേഖപ്പെടുത്തലിൽ അവശേഷിക്കുന്നുണ്ട്. തിരുവിതാകൂർ ബ്യട്ടിഷ്-ഇന്ത്യയുടെ ഭാഗമല്ലായിരുന്നു എന്നത്. ഈ വിവരം അന്നുള്ള ബ്യട്ടണിൽ പോലും മിക്കവർക്കും അറിവില്ലായിരുന്നു. ഈ അറിവില്ലായ്മ 1947ൽ ബ്യട്ടിഷ്-ഇന്ത്യൻ പട്ടാളത്തെ ജിഹ്നയ്ക്കും നെഹ്റുവിനും വീതിച്ച് കൊടുത്തപ്പോൾ, ഉപദ്വീപിലെ സ്വതന്ത്ര നാട്ടുരാജ്യങ്ങളുടെ കഥകഴിച്ചു.

67. ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ കവചമില്ലാതെ ഇങ്ഗ്ളിഷ് ഭാഷാ കോഡുകൾ അകപ്പെട്ടുപോയാൽ

ഇന്ത്യൻ ഉദ്യോഗസ്ഥരുടെ മുന്നിൽ പ്രാദേശികമായി ഇങ്ഗ്ളിഷ് സംസാരിക്കുന്നവർ വന്നുപെട്ടാൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് ഈ എഴുത്തുകാരന്റെ ഏതെല്ലാമോ എഴുത്തുകളിൽ വ്യക്തമായോ അവ്യക്തമായോ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മുപ്പതോളം പുസ്തകങ്ങൾ എഴുതിയിട്ടുള്ളതിനാൽ, ഇത് ഏതെല്ലാം എഴുത്തുകളിലാണ് ഉള്ളത് എന്ന് ഓർമ്മവരുന്നില്ല.

എന്നാൽ, എന്ത് സംഭവിക്കും എന്നത് പ്രവചിക്കാൻ വലിയ പ്രയാസം ഇല്ലതന്നെ. ഇങ്ഗ്ളിഷ് വംശജരെ തരംതാഴ്ത്തി നിർവ്വചിക്കപ്പെടാൻ കളം ഒരുക്കുന്ന ഒരു വൻ കൂട്ടം ആളുകൾ തന്നെ ഇന്ന് പുറത്ത് നിന്നും വന്ന് ഇങ്ഗ്ളണ്ടിൽ പാർപ്പുറപ്പിച്ചിട്ടുണ്ട്. ഇവർ വാക്ക്-കോഡുകളിലൂടെ ഇങ്ഗ്ളിഷ് വ്യക്തിത്വത്തെയും പാരമ്പര്യങ്ങളേയും വികലപ്പെടുത്തുന്ന കാര്യം മറുപക്ഷത്തുള്ളവർക്ക് യാതോരു ധാരണയും ഇല്ലാ എന്നുള്ളത് ഗംഭീരമായ ഒരു സംഗതിതന്നെയാണ്.

ഇതിനെക്കുറിച്ച്, ഏതാനും വർഷങ്ങൾക്ക് മുമ്പ്, ലണ്ടനിൽ എംബിഎ പഠിക്കാൻ പോയ ഒരു മലയാളി യുവാവിനോട് ചോദിച്ചപ്പോൾ, അയാൾ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു, 'അവരെ തറയാക്കിത്തന്നെയാണ് പുറത്തുള്ളവർ സംസാരിക്കുന്നത്' എന്ന്. ഇത് ഇങ്ഗ്ളിഷ് ജനതയിൽ, പ്രത്യേകിച്ചും, അവിടുള്ള സ്ത്രീജനങ്ങളിൽ decadance/depravity (വഷളത്തം, ധാർമ്മിക അധപ്പതനം) എന്ന പ്രതിഭാസത്തിന് തുടക്കമിടുന്നുണ്ട്. എന്നാൽ, ഇക്കാര്യം അവർ അറിയുന്നില്ല എന്നു മാത്രം. അവർക്ക് യാതോരു രീതിയിലും പ്രതികരിക്കാൻ പറ്റാത്ത അവസ്ഥയാണ്. കാരണം പ്രതികരിക്കുന്നത്, വർണ്ണവിവേചനം എന്ന വിഡ്ഢി സംഗതിയായി ചൂണ്ടിക്കാണിക്കപ്പെടും.

ഇങ്ങിനെയുള്ള ആധുനികതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ബ്യട്ടിഷുകാരിൽ പെട്ട ഒരു ചെറിയ സംഘം ആളുകൾ, ഇന്ത്യൻ കടൽത്തീരത്ത് ഏതാണ്ട് മൂന്ന് വർഷങ്ങൾക്ക് മുൻപ് ഒരു ചെറിയ കപ്പലിൽ (Yatcht) വന്നടുത്തു. കപ്പലിന് ഒരു ചെറിയ കേട് പാട് തീർക്കാനുണ്ടായിരുന്നു.

സ്വാഭാവികമായി ഇന്ത്യ തീരദേശ സുരക്ഷാ വകുപ്പുകൾക്ക് വിവരം ലഭിച്ചു.

തുടർന്നങ്ങോട്ട് നടന്ന സംഭവ വികാസങ്ങൾ, ഫ്യൂഡൽ കോഡുകളുള്ള ഭാഷകളും പരന്ന കോഡുകൾ ഉള്ള ഭാഷകളും തമ്മിലുള്ള ഒരു പ്രതിപ്രവർത്തനമായിരുന്നു.

ഇങ്ഗ്ളിഷ് ഭാഷാ അന്തരീക്ഷത്തിൽ പഠിച്ച് വളർന്ന ഇന്ത്യൻ പൌരന്മാർ ഇന്ത്യൻ പോലീസ് സ്റ്റേഷനുകളിൽ പോയാലും ഇതിന് സമമായ സംഭവിവകാസങ്ങളാണ് ഉരുത്തിരിയുക.

ആരെയും കുറ്റം പറയാൻ ആവില്ലതന്നെ.

വ്യക്തികളല്ല പ്രവർത്തികുകയും, പ്രതിപ്രവർത്തിക്കുകയും ചെയ്യുന്നത്. മറിച്ച് ഭാഷാ സോഫ്ട്വേറിലെ കോഡുകളാണ് കാര്യങ്ങൾക്ക് തുടക്കമിടുന്നതും, അവയെ മുന്നോട്ട് നീക്കുന്നതും. ഇതിൽ അകപ്പെട്ട് പോകുന്ന മനുഷ്യർ ഭാഷാ കോഡുകൾ സൃഷ്ടിക്കുന്ന വികാരങ്ങൾക്കും, വൈകാരിക തീവ്രതയ്ക്കും അനുസൃതമായി പെരുമാറുന്നു. അവ സൃഷ്ടിക്കുന്ന വിരോധങ്ങളും, വെപ്രാളങ്ങളും മനസ്സിൽ കയറ്റുന്നു.

സംഭവ വികാസങ്ങൾ അടുത്ത എഴുത്തിൽ വിവരിക്കാം.

68. ബ്യട്ടിഷ് നാവികർ ഇന്ത്യൻ ജെയ്ലിൽ

ഏതൊരു തർക്കവുമായി ബന്ധപ്പെട്ട് അധികാരികളോട് ബന്ധപ്പെടുമ്പൾ, അധികാരികളിലെ വ്യക്തികളെ 'സാർ', 'ചേട്ടൻ', 'ചേച്ചി', 'അമ്മ', 'മാഡം'/'മേഢം' തുടങ്ങിയ വാക്കുകളാൽ സംബോധനചെയ്യുകയും, അവർക്ക് വ്യക്തമായ വിധേയത്വവും, അടിയാളത്തവും പ്രകടിപ്പിക്കുന്ന പക്ഷത്തെയാണ്, അധികാരികളിൽ പെട്ടവർക്ക് ഇഷ്ടമാകുക. ഇതിന് പകരം, 'നിങ്ങൾ' എന്ന് സംബോധന ചെയ്യുന്ന പക്ഷത്തിന്റെ കഥ കഴിഞ്ഞത് തന്നെ.

ഇങ്ങിനെ ഒരു പ്രശ്നം നീതി നിർവ്വഹണത്തിലും, നിയമം നടപ്പാക്കലിലും ഉണ്ട് എന്ന ധ്വനി പോലും, ഇങ്ഗ്ളിഷ് ഭാഷയിൽ ഇല്ലാ എന്നുള്ളതാണ് പ്രശ്നം.

Anti-piracy (കടലൽകൊള്ളക്കാരെ തടയുന്ന) പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു US കമ്പനിയാണ് AdvanFort. ഇവർ ഈ മേഖലയിൽ അറിയപ്പെടുന്ന ഒരു കമ്പനിയാണ് എന്നാണ് മനസ്സിലാക്കുന്നത്. ഇവരുടെ ഒരു സായുധ കടൽ വാഹനം തമിഴ് നാട് തീരത്തിനടുത്ത് വച്ച് എന്തോ പ്രശ്നം നേരിടുകയും, കടുത്ത കൊടുങ്കാറ്റിനെ നേരിടുന്നതിനിടയിൽ തീരത്തേക്ക് വരികയും ചെയ്തു.

ഈ വാഹനം പ്രവർത്തിച്ചുകൊണ്ടിരുന്നത് "pirates' alley" (കടൽകൊള്ളക്കാരുടെ ഉപവീഥി) എന്ന് അറിയപ്പെടുന്ന ചെങ്കടൽ മുതൽ ഇന്ത്യൻ മഹാസമുദ്രം വരെയുള്ള പ്രദേശത്തിലായിരുന്നു.

വ്യക്തിത്വം കൈവിടാതെ സംസാരിക്കാനുള്ള ഇങ്ഗ്ളിഷിലുള്ള ആശയവിനിമയ മനോഗതി പരിചയമുള്ള, ഈ വാഹനത്തിലെ ബ്യട്ടിഷ് പൌരന്മാർ ഇന്ത്യൻ പോലീസ് ഉദ്യോഗസ്ഥരോട് അതേ രീതിയിൽ സംസാരിച്ചാൽ കാര്യം വളരെ ഗൌരവം ആയിമാറും. ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലെ ഏത് ഉദ്യോഗസ്ഥ നിലവാരത്തെയും അവിടുള്ള പൊതുജനത്തിന് ഒരു ആവശ്യം വന്നാൽ, യാതോരു വിധേയത്വ ഭാവവും ഇല്ലാതെ തന്നെ സമീപിക്കാം എന്നുള്ളതാണ് ആ ഭാഷാ അന്തരീക്ഷത്തിന്റെ മൂല്യം.

ഇവർ യാതോരു സമ്മതവും ഇല്ലാതെ ഇന്ത്യൻ തീരത്ത് വന്നത് ആദ്യത്തെ പ്രശ്നം. രണ്ടാമത്തെ പ്രശ്നം, ഇവരുടെ വാഹനത്തിൽ ആയുധങ്ങൾ ഉണ്ട് എന്നുള്ളത്.

പണ്ട് മലബാറ് ഇങ്ഗ്ളിഷ് ഭരണ പാരമ്പര്യത്തിൽ നിന്നും വളർന്നു വന്ന ഇങ്ഗ്ളിഷ് സംസാരിക്കുന്ന ഓഫിസർമാരുള്ള കാലത്ത്, ഈ എഴുത്തുകാരൻ നേരിട്ട് കണ്ടിട്ടുള്ള ഒരു വസ്തുതയാണ്, ഈ ഓഫിസർമാർ എന്ത് നിയമലംഘന പ്രശ്നത്തേയും കൈകാര്യം ചെയ്യുമ്പോൾ, ആ നിയമത്തിന്റെ Spirit അഥവാ ആന്തരികോദ്ദേശം നോക്കും എന്നുള്ളത്. എന്ന് വച്ചാൽ, നിയമത്തിന്റെ വെറും വാക്യാർത്ഥത്തിന് അതീതമായി എന്ത് കാര്യത്തെയാണ് നിയമ വകുപ്പ് നടപ്പിലാക്കാൻ ശ്രമിക്കുന്നത് എന്നത്.

എന്നാൽ ഈ എഴുത്തുകാരൻ പിന്നീട് തിരുവിതാംകൂറിൽ താമസിക്കുന്ന കാലത്ത്, ഇങ്ഗ്ളിഷുമായി കാര്യമായി ബന്ധമില്ലാത്ത 'ഓഫിസർ'മാരുടെ പ്രവർത്തന രീതി അടുത്ത് നിന്ന് വീക്ഷിക്കുവാൻ സൌകര്യപ്പെട്ടിരുന്നു. ഈ കൂട്ടർക്ക് നിയമത്തിന്റെ 'സ്പിരിറ്റ്' അഥവാ ആന്തരികോദ്ദേശം എന്നൊരു കാര്യത്തെക്കുറിച്ച് യാതോരു അറിവും ഇല്ലാ എന്നാണ് തോന്നിയത്.

മറിച്ച്, പൊതുജനത്തെ പൊതുവായി ഇക്കൂട്ടർ 'അവൻ', 'ലവൻ', 'അവൾ', 'ലവള്' എന്നല്ലാമാണ് പരാമർശിച്ച് പറയാറുള്ളത്. എന്നുവച്ചാൽ തരം താഴ്ത്തിത്തന്നെ. ഇങ്ങിനെ തരംതാഴ്ത്തപ്പെടുന്നവർ നിയമവും, വകുപ്പും, നീതിയും ന്യായവും മറ്റും നിന്ന് വാദിച്ചാൽ, അവരുടെ കഥ കഴിഞ്ഞത് തന്നെ. കാരണം, തരംതാഴ്ത്തിവെക്കപ്പെടുന്ന ആൾ ഇങ്ങിനെ പെരുമാറിയാൽ, അത് അധികപ്രസംഗം തന്നെയാണ്, ഫ്യൂഡൽ ഭാഷകളിൽ.

ഏതാണ്ട് 1990ന് തൊട്ടായി, ഒരു ഇന്ത്യൻ ദേശീയ പോലീസ് വകുപ്പിൽ 'ഓഫിസറാ'യി തൊഴിൽ ചെയ്യുന്ന, ഈ എഴുത്തുകാരന്റെ ഒരു മുൻ സഹപാഠി ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം പറയുകയുണ്ടായി. തിരുവനന്തപുരം എയ്ർപ്പാട്ടിൽ വച്ച്, വിമാനത്തിൽ വന്നിറങ്ങിയ കാസർഗോട്ടുകാരായ ഏതാനുംപേരെ സ്വർണ്ണം കടത്തുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യാൻ അവരുടെ ഓഫിസിൽ കൊണ്ട് പോയി. അവരിൽ യാതോരു സ്വർണ്ണവും കണ്ടെത്തിയില്ല. എന്നാൽ, അവർ ഉദ്യോഗസ്ഥരെ 'നിങ്ങൾ' എന്ന് സംബോധന ചെയ്തു.

പ്രശ്നം ഗുരുതരമായി. അവരിൽ ഒരാളുടെ കോളിറിൽ പിടിച്ച്, അയാളെ പോക്കി, എന്താടാ പൂറീമോനെ എന്ന് ആക്രോശിച്ച് കൊണ്ട് ഒരു ഉദ്യോഗസ്ഥൻ, മുഖത്ത് അടിക്കാൻ ഒരുമ്പോട്ടു. അന്നേരം, മറ്റൊരു ഉദ്യോഗസ്ഥൻ അത് തടഞ്ഞ് കൊണ്ട് പറഞ്ഞ്, മലബാറിൽ ഇങ്ങിനെയാണ് സംഭാഷണം, എന്ന്. അടി ഒഴിവായി. ഉദ്യോഗസ്ഥന് മനസ്സംയമനം തിരിച്ച് കിട്ടാൻ കുറച്ച് സമയം എടുത്തു.

ഇത് തന്നെയാണ് ബ്യട്ടിഷ് നാവികർക്കും സംഭവിച്ചത്.

ജിയിലിലാക്കപ്പെട്ട അവരെ ഹൈക്കോടതി വെറുതെ വിട്ടെങ്കിലും, അവർക്ക് തിരിച്ച് പോകാനുള്ള കടലാസുകൾ മനപ്പൂർവ്വം വൈകിപ്പിച്ച്, അധികാരിപക്ഷം സുപ്രീംകോടതിയിൽ എപ്പീൽ (Appeal) സമർപ്പിച്ചു.

ഒടുവിൽ അഞ്ച് വർഷം തടവ് ഇവർക്ക് ലഭിച്ചു.

എന്നാൽ ഭാഷാ കോഡുകളിലൂടെ നോക്കിയാൽ, ഇങ്ഗ്ളിഷ് ഭാഷ നൽകുന്ന മനോവീര്യത്തോടുകൂടി ഏതെങ്കിലും സ്ക്കൂൾ വിദ്യാർത്ഥി അയാളുടെ അദ്ധ്യാപകനോടോ, അദ്ധ്യാപികയോടോ സംസാരിച്ചാൽതന്നെ ഗുരുതരമായ പ്രശ്നമാകും.

സാറമ്മാരെ സോപ്പിട്ടും, തലചൊറിഞ്ഞും, തലകുനിച്ചും, ഇളിഭ്യച്ചിരി ചിരിച്ചും, മറ്റും വിധേയത്വം നൽകി കാര്യസാധ്യം നേടിയെടുക്കുകയെന്ന

പരിശീലനം അദ്ധ്യാപനത്തിന്‍റെ പിടിപ്പ് കേടല്ല, മറിച്ച് ഫ്യൂഡൽ ഭാഷാ കോഡുകളുടെ പ്രവർത്തന രീതിയാണ്.

ഇതുമായി ബന്ധപ്പെട്ട് പറയാനുള്ള മറ്റൊരു കാര്യം ഇന്ന് ഇന്ത്യയിലെ വിവിധ പോലീസ് വിഭാഗങ്ങളിൽപ്പെട്ട പലർക്കും ആരെയും പിടിച്ചകത്താക്കാനുള്ള പല അധികാരങ്ങളും നൽകപ്പെട്ടിട്ടുണ്ട്. എന്നാൽ, ഈ വക നിയമങ്ങൾ കൈകാര്യം ചെയ്യുന്നവർ നിയമത്തിന്‍റെ സ്പിരിറ്റ് മനസ്സിലാക്കാനും, Judicious (കാര്യബോധത്തോടുകൂടി)ആയും തീരുമാനങ്ങൾ എടുക്കാനും കെൽപ്പുണ്ടോ എന്നുള്ളതും പ്രശ്നമായേക്കാം.

ഇതിന് പകരം അവൻ/അവൾ ബഹുമാനിച്ചില്ലാ എന്നതാണ് ഏറ്റവും വലതായി മനസ്സിൽ പുകയുന്ന വികാരം എങ്കിൽ, ഈ ആളുടെ കൈയിൽപ്പെട്ട ആളുടെ അധോഗതി തന്നെ.

അക്കാലത്ത് ടെലിഗ്രാഫ് പത്രത്തിൽ വന്ന ഒരു ചിത്രം ഈ ലിങ്കിൽ കാണാവുന്നതാണ്.

http://i.telegraph.co.uk/multimedia/archive/03547/john-armstrong-sai_3547025b.jpg

ഈ എഴുത്തുകാരൻതന്നെ ഈ സംഭവവുമായി ബന്ധപ്പെട്ട് കുറച്ച് കാലും മുൻപ് എഴുതിയകാര്യം ഒരു ഡിജിറ്റൽ പുസ്തകമായി Google Books/Playൽ നിന്നും സൌജന്യമായി വായിക്കാം, ഡൌൺലോഡ് ചെയ്യാം. [British sailors in Indian stinking jails!]

ഈ സംഭവത്തിന് വളരെ അടുത്തായി കാണുന്ന മറ്റൊരു സംഭവവും ഓർമ്മയിൽ വരുന്നു. ISRO Spy case.

69. സ്പർശ്യവേദ്യമല്ലാത്ത പൈശാചികത

ദക്ഷിണേഷ്യൻ ഫ്യൂഡൽ ഭാഷകൾ സംജാതമാക്കുന്ന ഏതാനും സാമൂഹികവും വ്യക്തിപരവും ആയ മനോഭാവങ്ങൾ സൂചിപ്പിക്കാം. എല്ലാ ഭാഷകൾക്കും അതിന്റെതായ ഇത്യാദി കാര്യങ്ങൾ ഉണ്ട്. മറ്റ് ഇടങ്ങളിലെ ഫ്യൂഡൽ ഭാഷകൾ ഉളവാക്കുന്ന മനോഭാവങ്ങൾ എന്തായിരിക്കും എന്ന് തീർത്ത് പറയണമെങ്കിൽ, ആ ഭാഷകളിലെ വാക്ക് കോഡുകൾ പരിശോധിക്കേണ്ടിവരും.

ദക്ഷിണേഷ്യൻ ഫ്യൂഡൽ ഭാഷാ കോഡുകൾ പ്രകാരം, ആളുകൾക്ക് അന്ന്യർ നന്നാകുന്നത് വളരെ വേദനയുണ്ടാക്കുന്ന കാര്യമായിരിക്കും. കാരണം, താരതമ്യമായി വ്യക്തികളെ നിർവ്വചിക്കുന്ന കോഡുകൾ, മറ്റെയാൾ ഉയരുമ്പോൾ, ഈ ആൾ താഴും എന്ന രീതിയിലാണ് വാക്യങ്ങളെ മെനയുക.

കീഴിൽ വരുന്ന ആൾക്ക് എന്തെങ്കിലും ഉയർച്ച വന്നാൽ, മുകളിൽ ഇരിക്കുന്ന ആളെ മറിച്ചിടുന്ന രീതിയിലാണ് വാക്ക് കോഡുകൾ.

കൈക്കൂലി, അഴിമതി തുടങ്ങിയ കാര്യങ്ങൾക്ക് ഭാഷാകോഡുകൾ പ്രേരണ നൽകും.

ഒരാളെ സഹായിച്ചാൽ, അയാൾ പല രീതിയിലും വിധേയത്വം വാക്ക് കോഡുകളിൽ എങ്കിലും തുടർന്നുള്ള കാലത്ത് പ്രകിടപ്പിക്കേണം. ഇത് ചെയ്യാത്ത ആൾ നന്നി (നന്ദി) ഇല്ലാത്ത ആളായി വ്യാഖ്യാനിക്കപ്പെടും. നന്നി (നന്ദി) എന്നുള്ളത് ഒരു ഊരാക്കുടക്കും കടിഞ്ഞാണും ആയി വാക്ക് കോഡുകൾ മാറ്റിയേക്കാം.

ഇതിന്റെ നേരെ മറിച്ചുള്ള കാര്യം, സഹായിച്ച ആളോട് പലപ്പോഴും നന്നികേട് (നന്ദികോട്), സഹായം ലഭിച്ച ആൾ പ്രകടിപ്പിക്കുന്നതായി അനുഭവപ്പെടും. ഇത് പലപ്പോഴും വാക്ക് കോഡുകൾ മെനയുന്ന കടിഞ്ഞാണിനെ ഒഴിവാക്കാനാണ് ചെയ്യുന്നത്.

സമഹൂത്തിൽ എത്രമാത്രം സമ്പത്തുണ്ടെങ്കിലും, സമൂഹത്തിൽ ഏണിപോലുള്ള ഒരു ഉച്ചനീചത്വം നിലനിൽക്കും.

പലപ്പോഴും, സാമൂഹിക അധികാരങ്ങൾ കൈവശമുള്ളവരും, മറ്റൊരു വലിയ വിഭാഗം ആളുകൾ അവർക്ക് കീഴെയായി, തമ്മിൽതമ്മിൽ പാരവച്ചും, അവർക്ക് കീഴിൽവരുന്നവരെ അമർത്തിയും മറ്റും ഉള്ള ഒരു സമൂഹം നിലനിൽക്കും.

പല തൊഴിലുകളും സാമൂഹിക കാഴ്ചപ്പാടിൽ വിലകുറഞ്ഞതായി കാണപ്പെടും. ഇത് നിത്യം ഉപയോഗിക്കപ്പെടുന്ന സംസാരത്തിൽ നിഴലിക്കും.

അച്ചടക്കം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഭയപ്പെടുത്തുന്ന ആജ്ഞയുടെ നിഴലായി കാണപ്പെടും. ഉദാഹരണത്തിന്, ക്യൂവിൽ നിൽക്കുക എന്നുള്ളത് ഒരു അടിച്ചേൽപ്പിക്കപ്പെടുന്ന അച്ചടക്കത്തിന്റെ ഭാഗമായിരിക്കും. എന്നാൽ ഇങ്ഗ്ളിഷിൽ, ആളുകൾ മുൻഗണനാപ്രകാരം വരിയായി നിൽക്കുന്നത്, ഭാഷാ

കോഡുകളിൽ മുന്നിലേ ആളെ മറിച്ചിടാനുള്ള പ്രേരണ ഇല്ലാത്തത് കൊണ്ടാണ്. ഇങ്ങിനെ മുന്നിലെ ആളെ മറിച്ചിട്ട് മുന്നിൽ കയറുന്നത്, ഫ്യൂഡൽ ഭാഷകളിൽ മൂല്യം ലഭിക്കുന്ന പ്രവർത്തിയാണ്. ഇതുമായി ബന്ധപ്പെട്ട് വേറെ ചിലകാര്യങ്ങളും പറയാനുണ്ട്. പിന്നീട് ആവാം അത്.

കളവ്, ചതി, സമയ കൃത്യതപാലിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ, ബഹുമാനമില്ലാത്തവരോട് കാണിക്കാനുള്ള പ്രേരണ ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്.

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ, ഭൌതിക ചുറ്റുപാടുകൾ വൃത്തി ഹീനമാണെങ്കിലും, ഭാഷാ പരമായി ഒരു വ്യക്തിക്ക് ബഹുമാനം ലഭിക്കുന്ന ഇടമാണെങ്കിൽ, ആ ആൾക്ക് അവിടം വളരെ സുന്ദരമായി അനുഭവപ്പെടും. ഈ അനുഭവം ഫ്യൂഡൽ ഭാഷകളിൽ വളരെ പർവ്വതീകരിക്കപ്പെട്ടതായിരിക്കും (magnified).

70. ഉള്ളുതുറക്കുന്നതിലെ ആപത്ത്

ദക്ഷിണേഷ്യൻ ഉപഭൂഖണ്ട ഫ്യൂഡൽ ഭാഷകൾ സൃഷ്ടിക്കുന്ന മറ്റൊരു മാനസിക പ്രതിഭാസമാണ് 'വെയ്റ്റിട്ട്' (weightഇട്ട്) നിൽക്കുക എന്നുള്ളത്. ഇത് പലപ്പോഴും ഇവിടുള്ള ഉദ്യോഗസ്ഥർ കാഴ്ചവെക്കുന്ന ഒരു മുഖഭാവവും, പെരുമാറ്റരീതിയും ആണ്. മറ്റ് പലരും ഇത് പ്രകടിപ്പിക്കാറുണ്ട്.

ഇങ്ങിനെ ചെയ്തില്ലെങ്കിൽ വ്യക്തിത്വം തരംതാണതായ് മറ്റുള്ളവർ ഗ്രഹിച്ചെടുക്കും എന്നുള്ളതാണ് ഭയം. ഇത് ശരിയുമാണ്. ലളിതമായി പെരുമാറുന്ന ആൾ, 'അദ്ദേഹത്തിൽ' നിന്നും 'അയാളും', 'അയാളിൽ' നിന്നും 'അവനും' ആകും. ഈ അറിവിന്റെ അടിസ്ഥാനത്തിൽ, സമൂഹത്തിൽ ആകമാനമായി പരുക്കൻ പെരുമാറ്റമാണ് മൂല്യമേറിയത് എന്ന വിശ്വാസം പരക്കെ പടർന്ന് പിടിക്കുന്നുണ്ട്.

ഇതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം, വ്യക്തികൾ അവരുടെ ബലഹീനതകളും, ഭയങ്ങളും, വിഷമങ്ങളും, വിഷമാവസ്ഥകളും, വേവലാതികളും, ജീവിത പരാജയങ്ങളും മറ്റും, മറ്റുള്ളവരോട് പങ്കിട്ട് മനസ്സമാധാനം നേടുക എന്നുള്ളതിലെ അപകടമാണ്. പലപ്പോഴും, ഔപചാരികമായി ബഹുമാനിക്കുന്നവർ, മേൽസ്ഥാനത്തിലുള്ളവരുടെ ഇദ്യാതി ഉള്ള് തുറക്കൽ കാത്തിരിക്കുന്നവരാണ്. ശക്തമായ ഔപചാരിക സ്ഥാനമില്ലാതെ, സാമൂഹികമായോ, തൊഴിൽസ്ഥാനപരമായോ ഭാഷാകോഡുകളിൽ താഴ്ന്നവരോട് ഉള്ള്തുറന്ന് കാര്യങ്ങൾ പങ്കിടുന്നത് ഭാഷാ കോഡുകൾ പ്രകാരം അപകടകരമാണ്.

കാരണം, സമൂഹം ഇങ്ഗ്ളിഷിലല്ല പ്രവർത്തിക്കുന്നത്. അതിനാൽ തന്നെ ഇങ്ഗ്ളിഷിലുള്ളതുപോലുള്ള ലളിതമായ പെരുമാറ്റങ്ങൾ അപകടം ചെയ്യും.

നേരിട്ടോ, അല്ലാതെയോ, ഭാഷാകോഡുകളിൽ താഴ്ന്നവരോട് ഉള്ള് തുറന്നാൽ, ഉടൻതന്നെയോ, അല്ലെങ്കിൽ അധികം കാലതാമസമില്ലാതെയോ മറ്റേ ആൾ, ഈ ഉള്ളുതുറന്ന ആളെ, 'അദ്ദേഹത്തിൽ' നിന്നും 'അയാളും', 'അയാളിൽ'നിന്നും 'അവനും' ആക്കും. 'സാറിൽ' നിന്നും, 'നിങ്ങളും', 'നിങ്ങളിൽ' നിന്നും 'നീ'യും വരെ ആക്കാം. ഇത് നേരിട്ട് ചെയ്യുന്നില്ലെങ്കിൽ മറ്റിടങ്ങളിൽ ഇത് ചെയ്യും.

ഇതിലുള്ള വ്യാപകമായ നീചത്വം ഇതാണ്: വ്യക്തികൾ പ്രശ്നങ്ങളിൽപ്പെട്ട് വിഷമിച്ച്, സാമൂഹിക വ്യക്തിത്വം നിലനിർത്താൻ ഉഴലുമ്പോൾ പലപ്പോഴും, ചുറ്റുമുള്ളവർ നേരെ വിപരീതമായി വാക്ക് കോഡുകളെ കമഴ്ത്തിമറിക്കുകയാണ് ചെയ്യുക. ഇതിനായുള്ള ഒരു അവസരമായാണ്, മറ്റേ ആളിന്റെ വിഷമാവസ്ഥയെ അവർ മനസ്സിലാക്കുക.

വാക്ക് കോഡുകൾ താഴുമ്പോൾ, പരാമർശിക്കപ്പെടുന്ന കാര്യങ്ങളുടെ മൂല്യം കുറയും. എന്തും പറയാം എന്ന നിലവരും.

ഇതിനാൽത്തന്നെ സാമൂഹികമായോ, തൊഴിൽസ്ഥാനപരമായോ വളരെ കീഴിൽപ്പെട്ടവരോടൊപ്പം, ചീട്ട്കളി (Playing Cards), മദ്യപാനം എന്നിവ കാര്യമായ ആപത്താണ്. പലപ്പോഴും, ബഹുമാനം നൽകണം എന്ന

ഏടാകൂടം എങ്ങിനെയങ്കിലും ഒഴിവാക്കിക്കിട്ടാൻ ഉപയോഗിക്കുന്ന ഹീന തന്ത്രങ്ങളാണ് ഇവയിലേക്കുള്ള ക്ഷണം.

71. കീഴെയുള്ളവരെ ഇങ്ഗ്ളിഷ് പഠിക്കുന്നതിൽനിന്നും നിരുത്സാഹപ്പെടുത്തേണം

സാമൂഹികമായും വ്യക്തിപരമായും കീഴെയുള്ള ആളുകൾക്ക് ഉയരാൻ ശക്തമായി സഹായിക്കുന്ന ഒരു സോഫ്ട്വേറാണ് ഇങ്ഗ്ളിഷ് എന്നതിനാൽ, ഈ ഭാഷ കീഴിൽ വരുന്നവർ പഠിക്കുന്നത്, അവർക്ക് മുകളിൽ വരുന്നവർ എല്ലാ ചതിപ്രയോഗവും ഉപയോഗിച്ച് തടസ്സപ്പെടുത്തും.

ഏതാണ്ട് 15 വർഷം മുൻപ് മാങ്ഗ്ളൂറിലെ ഒരു ഭവനത്തിൽ ഉള്ള ഒരു അന്തരീക്ഷം ആ വീട്ടുകാരുടെ ഒരു പരിചയക്കാരൻ പറയുകയുണ്ടായി. ആ വീട്ടിൽ ചെന്ന് Calling bell അടിച്ചാൽ, വാതിൽ തുറക്കുന്നത് നല്ല തറവാടിത്തം തോന്നിക്കുന്ന ഒരു യുവതിയാണ്. നന്നായി ഇങ്ഗ്ളിഷ് സംസാരിക്കും. വീട്ടുകാരിയാണ് എന്ന് തോന്നും. എന്നാൽ, ചെറുപ്രായത്തിൽ വീട്ടുവേലക്കാരിയായി വന്ന ഒരു പണിക്കാരത്തി പെൺകുട്ടിയാണ് ഈ ആൾ.

വീട്ടിലെ അന്തേവാസികൾ ഇങ്ഗ്ളിഷ് സംസാരിക്കുന്നത് കേട്ട്, ഈ ആൾ സാവധാനം ഇങ്ഗ്ളിഷ് സ്വായത്തമാക്കി. പിന്നങ്ങോട്ട്, താഴെയാര്, മുകളിൽ ആര് എന്ന് വാക്ക് കോഡുകളിൽ നിശ്ചയിക്കാൻ ആവാത്ത അവസ്ഥവരികയും, സാവധാനം ഈ വിട്ടിലെ ഒരു അന്തേവാസിയാകുകയും ചെയ്തു.

ഇതേ അവസ്ഥയാണ് യൂഎസ്സിൽ അടിമകളായി പോയ കാപ്പിരികൾക്കും ലഭിച്ച സൌകര്യം.

എന്നാൽ, ഈ ഒരു അവസ്ഥ സംജാതമാകും എന്ന് മനസ്സിലാക്കിയ, വീട്ടിൽ ഇങ്ഗ്ളിഷ് മാത്രം സംസാരിക്കുന്ന, ഇന്ത്യക്കാരുടെ വീടുകളിൽ, പണിക്കാരികളും, പണിക്കാരന്മാരും ഇങ്ഗ്ളിഷ് പരിശീലിക്കുന്നത്, ആ വീട്ടുകാർ തടയുന്നത്, ഈ എഴുത്തകാരൻ നേരിട്ട് കണ്ടിട്ടുള്ളതാണ്.

ഫ്യൂഡൽ ഭാഷകളുടെ പലവിധ പ്രവർത്തന രീതികളെക്കുറിച്ച്, ഈ എഴുത്തുകാരന്റെ ഒരു പഴയ പുസ്തകമായ March of the Evil Empire: English versus the feudal languages (1989) എന്ന ഗ്രന്ഥത്തിൽ കാര്യമായി പ്രതിപാദിച്ചിട്ടുണ്ട്.

ദക്ഷിണേഷ്യൻ ചരിത്രഗതിയെ ഈ ഭാഷാ കോഡുകൾ കാര്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കൊണ്ട് ഒരു ചിത്രീകരണം നൽകാം. അടുത്ത എഴുത്തിൽ.

72. ഭാഷാപരമായി ഉളവാകുന്ന ജാതിവ്യവസ്ഥ

മലയാളം മാത്രം സംസാരിക്കുന്നതും, സാമാന്യമായി നോക്കിയാൽ, ഒരേ സാമൂഹികവും, സാമ്പത്തികവും നിലവാരമുള്ള കുറേ പേർ ഒരു ഒറ്റപ്പെട്ട ഇടത്ത്, മറ്റ് ലോകരുമായി ബന്ധമില്ലാതെ ജീവിക്കാൻ ഇടവന്നു എന്ന് കരുതുക.

ഏതാണ്ട് 200 വർഷങ്ങൾക്ക് ശേഷം, ഇവരുടെ സാമൂഹികാന്തരീക്ഷം ചെന്ന് നോക്കിയാൽ, കാണുന്നത് ഇപ്രകാരം ആയിരിക്കും:

പഴയകാല ബ്രാഹ്മണർക്കോ, അല്ലെങ്കിൽ ഇന്നുള്ള ഐഏഎസ് / ഐപിഎസ് കാർക്കോ തുല്യരായ കുറേ സ്ഥാനങ്ങളിലുള്ള ആളുകൾ. (ഐപിഎസ്സിൽ ഉള്ള നിലവരങ്ങൾ ഡിജിപി, ഐജി., എസ്.പി, എഎസ്പി.)

ഇവർക്ക് കീഴെയായി അമ്പലവാസികൾക്കും, നായന്മാർക്കും ഇടയിലുള്ള കുറെ നിലവാരങ്ങൾ. (ഇന്നത്തെ പോലീസിലെ ഡിവൈഎസ്.പി, ഇൻസ്പെക്ടർ, എഎസ്ഐ, ഹെഡ് കോൺസ്റ്റബ്ൾ, കോൺസ്റ്റബ്ൾ തുടങ്ങിയവർ).

ഇങ്ങിനെ പലവിധ അധികാരങ്ങളുള്ള കുറേ സ്ഥാനങ്ങൾ. ഇവർക്ക് ഏറ്റവും കീഴിലായുള്ള നായർമാർക്ക് (കോൺസ്റ്റബ്ൾമാർക്ക്) തുല്ല്യരായവർക്ക് കീഴെയായി ഒരു വലിയ ജനക്കൂട്ടം.

ഈ ജനക്കൂട്ടം, നായർമാർക്ക് എല്ലാവിധ ബഹുമാനങ്ങളും വിധേയത്വവും കടപ്പാടുകളും നൽകുന്നു. നായന്മാർക്ക് തുല്യരായവർ അവരുടെ സാമൂഹിക പദവി നിലനിർത്താനായി, അവരുടെ മുകൾത്തട്ടിലുള്ളവർക്ക് പലവിധ വിധേയത്വങ്ങളും നൽകുന്നു.

കീഴിൽ വരുന്ന വൻ ജനക്കൂട്ടം, പലതട്ടുകളായി നിലനിൽക്കുന്നു. തമ്മിൽത്തമ്മിൽ ഉച്ചനീചത്വങ്ങൾ നിലനിർത്തി, ഈ നിലകളിൽപ്പെട്ട ഓരോ നിലയിലുള്ളവരും, അവർക്ക് കീഴിലുള്ളവരെ പലവിധത്തിൽ അമർത്തുന്നു. കീഴെയുള്ളവർ ഏതെങ്കിലും രീതിയിൽ ഉയരാനുള്ള സാധ്യതകണ്ടാൽ, അത് ശക്തമായിത്തന്നെ തടയുന്നു.

ഇങ്ങിനെയൊരു സാമൂഹികാന്തരീക്ഷം സംജാതമാകാൻ, വേദങ്ങളും, പുരാണങ്ങളും, സ്മൃതികളും, വേദാന്തങ്ങളും, ചാതുർവർണ്ണ്യവും മറ്റും ആവശ്യമില്ലതന്നെ. വെറും മലയാളം ഭാഷമാത്രം മതി.

ഇങ്ങിനെയുള്ള അടുക്കും ചിട്ടയും ഉള്ള ഒരു സമൂഹത്തിൽ, കലർപ്പില്ലാത്ത ഇങ്ഗ്ളിഷുമായി ഒരു കൂട്ടർ കയറിവന്നാൽ, സമൂഹം തലകുത്തനെ മറിയും. നൂറ്റാണ്ടുകളോളം ഭാഷാകോഡുകളുടെ അടിയിൽ പെട്ട് ഞെരിങ്ങിയിരുന്നവർ പൊന്തിവരും.

ഇതാണ് ഈ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷ് കോളോണിയൽ വാഴ്ച കൊണ്ടുവന്നത്.

എന്നാൽ, ഈ ഉപഭൂഖണ്ഡത്തിലെ ആളുകളെ അടിമപ്പെടുത്താനാണ് ഇവിടെ ഇങ്ഗ്ളിഷ് പ്രചരിപ്പിച്ചത്, എന്നും, അത് പൊതുജനങ്ങൾ പഠിക്കരുത് എന്നും സാമൂഹിക മുകൾത്തട്ടിൽ ഉള്ളവർ പറയും. പറഞ്ഞില്ലെങ്കിലാണ് അത്ഭുതം.

73. അറബിക്കടലിൽ എന്താണ് എറിയേണ്ടത്?

സാമൂഹികമായി താഴെക്കിടയിലുള്ളവർ ഇങ്ഗ്ളിഷ് പഠിക്കുന്നത് ഭയത്തോടുകൂടിയാണ് മുകൾത്തട്ടിൽ ഉള്ളവർ വീക്ഷിക്കുന്നത്. ഇത്യാദി കാര്യങ്ങൾ ഈ എഴുത്തുകാരനോട് പലരും വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്. അവരുടെ സാമൂഹികമായ 'ബഹുമാനം' നഷ്ടപ്പെടും എന്നുള്ളതാണ് ഭയം. എന്നാൽ ഈ രീതിയിലല്ല കാര്യങ്ങൾ പരസ്യമായി പറയുക.

വിദേശ ഭാഷയാണ്, അത് പഠിക്കുന്നത് അടിമച്ചങ്ങല അണിയലാണ്, അതിനെ അറബിക്കടലിൽ എറിയേണം എന്നെല്ലാം. എന്നാൽ ഈ കാര്യത്തിൽ ആരും തന്നെ വേവലാതിപ്പെടേണ്ട കാര്യമില്ലതന്നെ.

കാരണം, സാമൂഹികമായും സാമ്പത്തികമായും പിന്നോട്ട് നിൽക്കുന്നവർക്ക് നിലവാരമുള്ള ഇങ്ഗ്ളിഷ് പഠിപ്പിക്കാൻ ആർക്കും വലിയതാൽപ്പര്യമില്ലാ എന്നുള്ളതാണ് വാസ്തവം. പിന്നെ എന്ത് അറബിക്കടലും മറ്റും?

നിർബന്ധമായി വരികയാണെങ്കിൽ പ്രാദേശിക ഭാഷകളിലെ ഫ്യൂഡലിസം പൂർണ്ണമായും തിരുകിക്കയറ്റിയുള്ള ഇങ്ഗ്ളിഷ് പഠിപ്പിക്കാം എന്നുമാത്രം. എന്നു വച്ചാൽ ഒരു തരം കൃത്രിമ ഇങ്ഗ്ളിഷ്.

എന്നാൽ താഴെക്കിടയില്ലുള്ളവർ ഇങ്ഗ്ളിഷ് പഠിച്ചാൽ, സാമൂഹികമായി മുകൾത്തട്ടിൽ ഉള്ളവർക്കും നല്ലതാണ്. ഇത് എന്ത് കൊണ്ടാണ് എന്നത് ഇവിടെ വിവരിക്കുന്നില്ല.

ഇത്രമാത്രം പറയാം.

സാമൂഹികമായി പിന്നിൽ നിൽക്കുന്നവർക്ക്, ആരെയും വാക്കുകൾ കൊണ്ട് പ്രഹരിക്കാനും, കുത്തിനോവിക്കാനും ഉതകുന്ന കാര്യമായ ഒരു ആയുധം തന്നെയാണ് ഫ്യൂഡൽ ഭാഷകളിലെ വാക്ക്-കോഡുകൾ.

ഇതിന് പകരം, മിതസ്വഭാവമുള്ള ഇങ്ഗ്ളിഷ് പ്രചരിപ്പിച്ചാൽ സമൂഹികമായ പല വിധ പോസിറ്റിവ് സംഗതികളും സമൂഹത്തിലും വ്യക്തികളുടെ മനസ്സിലും വന്നുനിറയും. ഇതാണ് വാസ്തവം.

ആസ്തികാണിക്കുന്നവൻ, ഒച്ചകൂട്ടുന്നവൻ, ബലംകാണിക്കുന്നവൻ, പിടിപാട് കാണിക്കുന്നവൻ, വലിയ വീടുള്ളവൻ, തുടങ്ങിയവർക്ക് വാക്ക് കോഡുകളിലെ മെച്ചപ്പെട്ട വാക്കുകളും, ഇത് ചെയ്യാത്തവർക്ക് (ഇല്ലാത്തവർക്ക്) നേരെമറിച്ചും എന്ന മാനസികാവസ്ഥ കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് പ്രചരിച്ചാൽ മാറും.

1955ൽ Nirad C Chaudhari ഇങ്ഗ്ളണ്ടിലേക്ക് യാത്ര ചെയ്തിരുന്നു. അവിടെ ചെന്നപ്പോൾ, ഇങ്ഗ്ളണ്ടിലെ തെരുവുകളിലെ ശാന്തതയും നിശബ്ദതയും മറ്റും കണ്ട് ആശ്ചര്യപ്പെട്ടുപോയി. ഈ അനുഭവം The Eternal Silence of These Infinite Crowds എന്ന പേരിൽ Chaudhari ഒരു ലേഖനമായി എഴുതിയിരുന്നു.

ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന പ്രത്യേകമായുള്ള കോഡുകൾ ഇങ്ഗ്ളിഷ് ഭാഷയിലെ പരന്ന സ്വഭാവമുള്ള വാക്ക് കോഡുകളാണ്.

ഒച്ചവെക്കുന്നതിലും, അട്ടഹാസങ്ങൾ മുഴക്കുന്നതിലും മറ്റും യതോരുമൂല്യവും ഇങ്ഗ്ളിഷ് ഭാഷയിൽ ഇല്ലതന്നെ. മറിച്ച്, ഫ്യൂഡൽ ഭാഷക്കാർക്ക് സ്വപ്നം കാണാൻപോലും, ആകാതുള്ള പലവിധ അതീവ മയമുള്ളതും, അതേ സമയം വളരെ ശക്തമായ മനുഷ്യ ആശയവിനിമയം സാധിപ്പിക്കുന്നതുമായ കോഡുകളാണ് ഇങ്ഗ്ളിഷിൽ ഉള്ളത്.

74. നിർവ്വചിക്കപ്പെടനാവാത്ത പൈശാചികത

ഇത്യാദി സംഗതികളെക്കുറിച്ച് ഇങ്ഗ്ളിഷുകാർക്ക് യാതോരു വിവരവും ഇല്ലാ എന്നുള്ളതാണ് വാസ്തവം. ഇങ്ങിനെയൊരു ലോകം തന്നെയുണ്ട് എന്ന് അവർക്ക് സങ്കൽപ്പിക്കാൻ പോലും ആകുന്നില്ല എന്ന് ഈ എഴുത്തുകാരൻ ഏതാണ്ട് 15 വർഷത്തിൽ കൂടുതൽ കാലം അവരിൽ പലരുമായി ഓൺലൈനായി ചർച്ചചെയ്തതിൽ നിന്നും മനസിലാക്കുന്നു.

എന്നാൽ ഈ ഉപദ്വീപിൽ ചിലയിടങ്ങളിൽ ഇങ്ഗ്ളിഷ് കൊളോണിയൽ ഭരണം നിലനിന്നിരുന്ന കാലത്ത്, ഇവിടുള്ള സാമൂഹികാന്തരീക്ഷത്തിൽ എന്തോ വ്യത്യാസം ഉണ്ട് എന്ന് പല ഇങ്ഗ്ളിഷുകാർക്കും തോന്നിയിരുന്നു. എന്നാൽ ഇത് എന്താണ് എന്ന് അവർക്ക് തീർത്ത് പറയാനുള്ള വിവരം ലഭിച്ചില്ല. ഈ ഉപദ്വീപിലെ പല സ്ഥലങ്ങളും ഇങ്ഗ്ളിഷ് ഭരണത്തിന് കീഴിലായി ഒന്നിപ്പിച്ച് ഒരു രാജ്യം തന്നെ സൃഷ്ടിക്കാൻ ആദ്യ ചുവട് വച്ച Robert Cliveന് പോലും ഈ കാര്യം സ്വന്തം നാടായ ഇങ്ഗ്ളണ്ടിൽ, ശ്രമിച്ചെങ്കിലും, മനസ്സിലാക്കിക്കൊടുക്കാനായില്ല.

Rudyard Kipling എന്ന ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യകാരന്റെ വാക്കുകൾ ഇവിടെ ഉദ്ദരിക്കാവുന്നതാണ്: OH, East is East, and West is West, and never the twain shall meet.

Kiplingന്റെ വാക്കുകളിലും അറിവില്ലായ്മ നിഴലിക്കുന്നുണ്ട്. Englandനെ Westമായി കൂട്ടിക്കലർത്തുന്നത് തന്നെ തനി വിഢ്ഢിമായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് പലകാര്യങ്ങളും മനസ്സിൽ ഉദിക്കുന്നുണ്ട്. എന്നാൽ അവ ഇവിടെ കുറിച്ചിടുന്നില്ല.

ഈ പ്രശ്നം ഇങ്ഗ്ളിഷ് കൊളോണിയൽ വാഴ്ച ഈ ഉപഭൂഖണ്ടത്തിന്റെ ഏതാണ്ട് പകുതിയിൽകുറവ് സ്ഥലങ്ങളിൽ നിലനിന്നിരുന്ന കാലത്തും ഉണ്ടായിരുന്നു.

ദക്ഷിണേഷ്യൻ ഉപഭൂഖണ്ടത്തിൽ സാമൂഹിക ഘടനയും വ്യക്തിബന്ധങ്ങളും മറ്റും ഇങ്ഗ്ളണ്ടിലുള്ളതിൽനിന്നും തികച്ചും വ്യത്യസ്തമാണ് എന്ന് ഈ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥർ ഇങ്ഗ്ളണ്ടിൽ പോയി പറഞ്ഞെങ്കിലും, അത് അവിടെയുള്ളവർക്ക് യാതോരു രീതിയിലും മനസ്സിലായില്ല എന്നാണ് കാണുന്നത്. എന്നാൽ ഈ പറഞ്ഞ ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥർക്കും, ഇവിടുള്ള ഫ്യൂഡൽ ഭാഷാ കോഡുകളെക്കുറിച്ച് കാര്യമായി മനസ്സിലായിരുന്നു എന്നും തോന്നുന്നില്ല. കാരണം, ഈ ഒരു കാര്യം അവർ എഴുതിയ ഗ്രന്ഥങ്ങളിൽ സൂചിപ്പിച്ച് കാണുന്നില്ല.

ചിത്രീകരണം:

ഏതാണ്ട് 30 വർഷം മുൻപുള്ള സാങ്കേതിക നിലവാരമുള്ള ഒരു സമൂഹത്തിൽ, ഇന്നെത്തെ സാങ്കേതിക വളർച്ചയുള്ള ഒരു സ്ഥലത്ത് നിന്നും ഒരാൾ കയറി ചെല്ലുന്നു. അയാൾ അവരോട് സ്മാർട്ട്ഫോണിനെക്കുറിച്ചും, Appനെക്കുറിച്ചും, Telegramനെക്കുറിച്ചും

Whatsappനെക്കുറിച്ചും, മറ്റും പറയുന്നു. ഇതൊക്കെ ആര് സമ്മതിച്ചുകൊടുക്കാൻ? അങ്ങെ നാട്ടിൽ ആളുകൾക്ക് തീപ്പെട്ടിപോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് വിദൂരങ്ങളിൽ ഉള്ളവരുമായി സംസാരിക്കാം. അവരുടെവീഡിയോ കാണാം എന്നെല്ലാം പറഞ്ഞാൽ, ഈ നാട്ടുകാർക്ക് എങ്ങിനെ മനസ്സിലാകാനാണ്?

പ്രേതത്തെ കണ്ടത് പോലെയാണ്. ഒരാൾ പ്രേതത്തെ കണുന്നു. ഈ കാര്യം ഈ ആൾ പ്രേതത്തെ ജീവിതത്തിൽ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത ആളോട് പറയുന്നു. അയാൾ വിശ്വസിക്കുമോ?

ഇതേ അവസ്ഥയായിരുന്നു കൊളോണിയൽ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ഇങ്ഗ്ളിഷ് പൌരന്മാരുടെ ഗതിയും. അവർ ഈ പ്രദേശങ്ങളിൽ ആളുകൾ തമ്മിൽ ഇങ്ങിനെന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ട് എന്ന് ഇങ്ഗ്ളണ്ടിൽ ചെന്ന് പറഞ്ഞപ്പോൾ, അവർക്ക് ലഭിച്ചത് പുച്ഛവും, കളിയാക്കലും, അതിനപ്പുറവും ആയിരുന്നു.

75. സൌകര്യങ്ങൾ നൽകിയാലുള്ള വിന

ഈ അറിവല്ലായ്മ ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ കാര്യമായ ദൂരവ്യാപകമായ പ്രശ്നങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട്.

ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ഡത്തിൽ, നല്ലൊരു ശതമാനം ആളുകൾക്കും വ്യക്തിപരമായതോ, ബുദ്ധിപരമായതോ ആയ കഴിവ് കേടില്ല എന്നുള്ളതാണ് വാസ്തവം. നേരെ മറിച്ച്, പലർക്കും അതി ഗംഭീര കഴിവുകൾ ഉണ്ട്.

ഉദാഹരണത്തിന് പണ്ട് കാലങ്ങളിൽ ഇവിടുണ്ടായിരുന്ന പാരമ്പര്യ ആശാരിമാർ. ഇവർ യാതോരു എഞ്ചിനിയറിങ്ങ് കോളജിലും പോകാതെ തന്നെ, മണിമാളികകൾ കെട്ടുമായിരുന്നു. ഇവർക്ക് അവരുടെ തൊഴിൽ മേഖലയിൽ നല്ല നൈപുണ്യം ഉണ്ടായിരുന്നെങ്കിലും, സാമൂഹികമായി പലതരം തടസ്സങ്ങളും ആശയവിനിമയത്തിൽ ഉണ്ടായിരുന്നു. ജാതിയിൽ താഴെയായിരുന്നു.

(നിർബന്ധ ഔപചാരിക വിദ്യാഭ്യാസം ഈ നൈപുണ്യം ഈ നാട്ടിൽ നിന്നും തുടച്ചുമാറ്റിയിട്ടുണ്ട്. പാരമ്പര്യ ആശാരിമാരുടെ സന്തതികളുടെ ഈ പാരമ്പര്യ നൈപുണ്യം തുടച്ച് മാറ്റി, ഇതുമാതിരിയുള്ള നൈപുണ്യങ്ങൾ യാതൊന്നും ഇല്ലാത്തവരുടെ നിലവാരത്തിലേക്ക് ഇന്ന് നിർബന്ധ വിദ്യാഭ്യാസം കൊണ്ടെത്തിച്ചിട്ടുണ്ട്. അവർക്ക് അവരുടെ പാരമ്പര്യ തൊഴിലിലെ മഹിമ ഉയർത്തിക്കാണിക്കുന്ന വാക്ക് കോഡുകൾ അല്ല ഫ്യൂഡൽ ഭാഷകളിൽ ഉള്ളത്).

ഇവർക്ക് തങ്ങളുടെ വീട്ടിൽകയറി ഇരിക്കാനും കൂടെ ഇരുന്ന് ഭക്ഷണം കഴിക്കാനും, തങ്ങളെ പേരിനാൽ തന്നെ വിളിക്കാനും മറ്റും അവസരം ബ്രാഹ്മണരും മറ്റ് ഉയർന്ന ആളുകളും നൽകിയാൽ, ഇവർ സമൂഹികമായി ഉയർന്നജാതിക്കാരെ മറികടക്കും എന്നുള്ളത് തീർച്ചയാണ്.

ഉദാഹരണത്തിന്, കോൺസ്റ്റബ്ളിന് ഈ സൌകര്യങ്ങൾ ഐപിഎസ് കാർ നൽകിയാൽ, കോൺസ്റ്റബ്ൾ മാർ ഐപിഎസ്സുകാരെ കമഴ്ത്തിയടിക്കും എന്നുള്ളതാണ് വാസ്തവം. അതിനുള്ള പ്രചോദനം ഭാഷയിൽ ഉണ്ട്.

ഇതേ പോലെ തന്നെയാണ് വീട്ടുവേലക്കാർക്ക് വീട്ടുകാർ ധരിക്കുന്ന അതേ നിലവാരത്തിലുള്ള ഉടുപ്പ് ഉടുക്കാൻ നൽകുകയും, അവരോടൊപ്പം ഡൈനിങ്ങ് മേശയിലിരുന്ന ഭക്ഷണം കഴിക്കാനും, വീട്ട് ഉടമയെയും ഭാര്യയേയും പേരുവിളിക്കാനും മറ്റും സൌകര്യം നൽകിയാൽ, വീട്ടുകാര്യങ്ങളിൽ അവരുടെ പലതരം കൈകടത്തലും വന്നുചേരും. വീട്ടുടമയുടെ പലവിധ സാമൂഹിക വേദിയിലും ഈ വീട്ടുവേലക്കാർ കടന്നു ചെല്ലും.

ഇതൊക്കെ ഈ ഉപദ്വീപിലെ ഏതൊരാൾക്കും വ്യക്തമായോ അല്ലെങ്കിൽ അവ്യക്തമായോ അറിവുള്ള കാര്യങ്ങളാണ്. ഇങ്ങിനെയൊരു സംഭവ

വികാസം വന്നു ചേരാനുള്ള അവസരം യാതോരു സ്വദേശിയും ഇവിടെ ചെയ്യാൻ അനുവദിക്കില്ലതന്നെ.

76. ഇങ്ഗ്ളിഷ് സമൂഹങ്ങൾ തകിടംമറിക്കപ്പെടുന്നതെങ്ങിനെ

എന്നാൽ, പൊതുവെ പറഞ്ഞാൽ, ഇങ്ഗ്ളിഷുകാർക്ക് ഈ വക കാര്യങ്ങളെക്കുറിച്ച് യാതോരു വിവരവും ഇല്ല. ഇങ്ങിനെ ലോകത്തിൽ പലദിക്കിലും ഉള്ള ജനക്കൂട്ടങ്ങളിൽ തരംതാഴ്ത്തിവെക്കപ്പെടുന്നവർക്ക്, ഇങ്ഗ്ളിഷ് പ്രദേശങ്ങളിൽ വന്നുപെട്ടാൽ, ഈ വക സൌകര്യങ്ങൾ സ്വമേധയാ ലഭിക്കും. മാത്രവുമല്ല, അവർക്ക് പലവിധ അവകാശങ്ങളും നൽകും.

ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ നിന്നും വരുന്നവർക്കാണെങ്കിൽ, ഈ വക അവകാശങ്ങൾ ലഭിച്ചില്ലെങ്കിൽകൂടി, മുകളിൽ പറഞ്ഞ ആശയവിനിമയ സൌകര്യങ്ങൾ ലഭിച്ചാൽ തന്നെ, ഇന്ത്യയിൽ പ്യൂൺ ഐഏഎസ് ഓഫിസർ ആയ പോലെയാണ്. ആരേയും കേറി പേരുവിളിക്കാം, ആരോടും സംസാരിക്കാം, ആരെയും You എന്ന് സംബോധന ചെയ്യാം, ആരേയും Heഎന്നോ അല്ലെങ്കിൽ She എന്നോ പരാമർശിച്ച് സംസാരിക്കാം.

ഏത് പോലീസ് സ്റ്റേഷനിലും കയറിച്ചെന്ന് അവിടുള്ള ഓഫിസർമാരെവരെ പേരിനോട് Mr./Mrs.ചേർത്ത് സംബോധന ചെയ്യാം. ഇരുന്ന് തന്നെ കാര്യങ്ങൾ ചർച്ചചെയ്യാം.

നേരത്തെ സൂചിപ്പിച്ചത് പോലെ, ഈ പുറത്ത് നിന്നും വരുന്നവർ വ്യക്തിപരമായ കഴിവില്ലാത്തവരല്ല. മറിച്ച്, അതി കഠിനമായ സാമൂഹികാന്തരീക്ഷത്തിൽ നരകയാതന അനുഭവിച്ച്, എല്ലാതരം തന്ത്രങ്ങളും ഉപയോഗിച്ച് പടപൊരുതി തഴക്കം ചെന്നവരാണ്. അവർക്ക് ഇത്രമാത്രം സൌകര്യങ്ങളും അവകാശങ്ങളും ആരോടും മല്ലിടാനും ആർക്കുമെതിരെ കേസുകൊടുക്കുവാനും സൌകര്യം ലഭിച്ചാൽ, അവർ സമൂഹത്തെ തകിടം മറിക്കും.

77. അവകാശം പ്രസ്താവിച്ചാൽ, എന്തുസംഭവിക്കും?

ആഫ്രിക്കയിൽ നിന്നും പല എത്ലറ്റുകൾ (Athletes) ഇങ്ങിനെ അമേരിക്കയിൽ വന്നിട്ടുണ്ട്. ഇവരെ കായികമായി തോൽപ്പിക്കാൻ പ്രയാസമാണ്. കാരണം, ഇവർ ആഫ്രിക്കൻ പ്രദേശങ്ങളിലെ പരുക്കൻ സമൂഹങ്ങളിൽ കായികമായി മുൻപന്തിയിൽ ഉള്ളവരാണ്.

അമേരിക്കയിൽ കയറിയാൽ, ഇവർക്ക് ലഭിക്കുന്ന അവകാശങ്ങൾക്ക് പരിധികളില്ല.

ചിത്രീകരണം:

ഒരു ക്ളാർക്കിന് ഐഏഎസ് ഓഫീസർ മാരോടൊപ്പം താമസിക്കാൻ അവസരം ലഭിച്ചു. ഏതാനും കാലത്തിന് ശേഷം, അയാൾ ഐഏഎസ്സുകാരെ പേരുവിളിച്ചും, 'നീ' എന്ന് വിളിച്ചും, 'അവൻ', 'അവൾ' എന്നെല്ലാം പരാമർശിച്ചും സംസാരിക്കാനുള്ള ബന്ധം സ്ഥാപിക്കുന്നു. ഇയാളുടെ കൂടെ ജോലിചെയ്തിരുന്ന മറ്റ് ക്ളാർക്കുമാർക്കൊന്നും ഇല്ലാത്ത സാമൂഹിക ഉന്നമനം ഇയാൾക്ക് ലഭിക്കുന്നു.

എന്നാൽ, ഐഏഎസ്സുകാരുടെ പലവേദികളിലും ഇയാൾക്ക് പ്രവേശനം ലഭിക്കുന്നില്ല. അത് ഒരു വൻപരാതി തന്നെയായി മാറുന്നു. എന്താ ഒരു തരം വർണ്ണവിവേചനം?

:**ചിത്രീകരണത്തിന്റെ അന്ത്യം**

ഇത്യാദി ചിന്തകളും അനുഭവങ്ങളും മറ്റും ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ മാത്രമേ നടക്കുള്ളു. ഇന്ത്യയിൽ ഈ വക അവകാശവാദങ്ങളുമായി ഏതെങ്കിലും വീട്ടു ജോലിക്കാരനോ, മറ്റ് താരതമ്യേന താഴ്ന്ന സ്ഥാനക്കാരും അവകാശം പ്രസ്താവിച്ചാൽ, വീട്ട് ഉടമയോ, അല്ലെങ്കിൽ ഉയർന്ന ഓഫിസറോ ആയിരിക്കില്ല പ്രതികരിക്കാൻ എത്തുക. മറ്റ് വല്ല, ഈ അവകാശവാദക്കാരേക്കാൾ താഴ്ന്ന സ്ഥാനക്കാർ വന്ന് 'ഇറങ്ങെടാ', അല്ലെങ്കിൽ 'ഇറങ്ങെടി' എന്ന് പ്രതികരിക്കും. പിന്നുള്ള യുദ്ധം അവരേക്കാൾ തരം താണവരോടായിരിക്കും. ഇതാണ്, ഈ ഉപദ്വീപിലെ സാമൂഹിക യാഥാർത്ഥ്യം.

1981-82 കാലത്ത് (ശരിക്കും വർഷം ഓർമ്മയില്ല) ഒരു സർക്കാർ ക്ളാർക്കുമാരുടെ സമരം ഉണ്ടായിരുന്നു. സംഭവം തിരവനന്തപുരത്താണ്. ഐഏഎസ് ഓഫിസറോട് സമരം ചെയ്തുകൊണ്ടിരിക്കുന്ന ക്ളാർക്കുമാരുടെ കുട്ടിനേതാവ് 'ഇത് തന്റെ സ്വകാര്യ സ്വത്താണോ?' എന്ന് ചോദിച്ചു. ഐഏഎസ് ഓഫിസർ ഇതിന് പ്രതികരണം നൽകിയില്ല.

78. 'അവൻ' 'അദ്ദേഹത്തെ' അടിച്ചിട്ടാൽ

'അവൻ'മാരോട് 'അദ്ദേഹ'ങ്ങൾ മത്സരിക്കാൻ നോക്കാറില്ല. കാരണം, 'അദ്ദേഹം' 'അവനെ' തോൽപ്പിച്ചിട്ട് കാര്യമില്ല. എന്നാൽ 'അദ്ദേഹത്തെ' 'അവൻ' തോൽപ്പിച്ചാൽ, ഒരു ഐതിഹാസിക സംഭവമായി മാറും, അവന്റെ ചുറ്റുപാടിൽ.

ഈ 'അവൻ', 'അദ്ദേഹം' വ്യത്യാസം ഇങ്ഗ്ളിഷിൽ ഇല്ലാത്തത് കൊണ്ട്, ഇങ്ഗ്ളണ്ടിൽ താമസിക്കുന്ന ഇങ്ഗ്ളിഷുകാർക്ക് കണ്ട 'അവന്മാ'രോടൊക്കെ പലതരം പന്തയങ്ങളിലും പങ്കെടുക്കുന്നതിലെ അപകടം മനസിലാകുന്നില്ല.

ഏതാണ്ട് 25വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെ ഒരു വടക്കൻ ജില്ലയിൽ പോയപ്പോൾ ഒരു പ്രത്യേക കായികാഭ്യാസിയെ പൊതുവായി പരിചയപ്പെടുത്തുന്ന രീതി ശ്രദ്ധയിൽപെട്ടു.

'അറിയില്ലെ, രജനീഷിനെ (പേര് മറ്റിയാണ് നൽകുന്നത്)?, എസ്.പിയെ അടിച്ച രജനീഷിനെ?'

പട്ടണത്തിലെ അന്നത്തെ ഒരു മുഖ്യ ഹോട്ടലിലെ ബാറിൽ ഇരുന്ന് പോലീസ് എസ്.പിയും സുഹൃത്തുക്കളും ഭക്ഷണം കഴിക്കുന്നു. എസ് പി. സിവിൽ വേഷത്തിലാണ്. അതിനാൽതന്നെ ഇത് എസ്. പി. ആണ് എന്ന് മറ്റൊരാൾക്ക് അറിയൻ സാധ്യതയില്ല.

അടത്ത മേശയിൽ ഇരുന്ന് ഈ രജനീഷും സുഹൃത്തുക്കളും ഭക്ഷണം കഴിക്കുന്നു. രജനീഷ് സ്വന്തമായി ജിംനേഷ്യം നടത്തുന്ന ആളാണ്. ആ കൂട്ടത്തിൽനിന്നും എന്തോ വിനോദകരമായ പെരുമാറ്റത്തിനിടയിൽ ഒരു എല്ല് തെറിച്ച് എസ്.പി.യും സുഹൃത്തുക്കളുടേയും മേശപ്പുറത്ത് പ്ളെയ്റ്റിൽ വന്ന് വീഴുന്നു.

എസ്.പി എന്തോ പറഞ്ഞു. അത്, രജനീഷിന് ഇഷ്ടപ്പെട്ടില്ല. കാരണം, അയാൾ ഒരു കൂട്ടം അനുയായികളുടെ നേതാവായി ഇരിക്കുന്ന അവസരമാണ്. അയാൾ തിരിച്ച് സംസാരിച്ചു. വാക്കുകൾ കർക്കശമായി. എസ്.പി.ക്ക് ഭീരുത്വത്തിന്റെ ആവശ്യമില്ല. എസ്. പിയുടെ വാക്കുകൾ രജനീഷിന് പിടിച്ചില്ല.

തന്റെ തടിമിടുക്ക് കണ്ടാൽ ആരുംതന്നെ ഇങ്ങിനെ സംസാരിക്കാൻ തയ്യാറാവില്ല എന്ന് തോന്നിയതോ മറ്റോ. അയാൾ എഴുന്നേറ്റ് ചെന്ന് എസ്. പിയുടെ മുഖത്ത് ആഞ്ഞൊരടി.

പിന്നീട് എന്ത് സംഭവിച്ചു എന്ന് അറിയില്ല. എന്നാൽ പട്ടണത്തിൽ ഇത് ഒരു ഐതിഹാസിക കഥയായി. 'എസ്. പി. അടിച്ച രജനീഷിനെ അറിയില്ലേ?'

എസ്. പി, രജനീഷിനെ അടിച്ചാൽ അതിൽ യാതോരു ഐതിഹാസികതയും ഇല്ലതന്നെ.

മുകളിൽ നൽകിയ ചിത്രീകരണവുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ പറയാനുണ്ട്. പുരാണങ്ങളിലേക്കും പോകേണ്ടിവരും.

79. തട്ടിപ്പിലൂടെയുള്ള ഒരു ഐതിഹാസികത

1980കൾക്ക് ചുറ്റ്പാടുള്ള ഒരു വർഷം. തിരുവനന്തപുരത്ത് പഠിക്കുന്ന കാലം ആണ് എന്ന് തോന്നുന്നു. ഇന്ത്യൻ ക്രിക്കറ്റ് ടീം ഇങ്ഗ്ളണ്ടിനെ തോൽപ്പിക്കുന്നു. ഇന്ത്യൻ സമയം രാത്രിയാണ് സംഭവം. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പടക്കവും ആകാശത്തേക്ക് പായുന്ന വാണങ്ങളും. പിറ്റേന്ന് ഒരു ദേശീയ ദിനത്തിന്റെ പ്രതീതി.

അതേ സമയം, ബങ്ഗ്ളാദേശ്, പാക്കിസ്ഥാൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളെ ഇങ്ഗ്ളണ്ട് ക്രിക്കറ്റിൽ തോൽപ്പിച്ചാൽ, അത് ഒരു വൻ സംഭവമായി ബ്രൃട്ടണിൽ ആഘോഷിക്കപ്പെടാറില്ലാ എന്നാണ് തോന്നുന്നത്.

എന്നാൽ പൊതുവെ പറഞ്ഞാൽ, ഇങ്ഗ്ളിഷ് ഭാഷാപരമായി ചിന്തിക്കുന്നവരിൽ കണ്ടിട്ടുള്ള ഒരു പ്രത്യേകത, വിജയത്തിനേക്കാൾ അവർക്ക് താൽപ്പര്യം കാര്യങ്ങൾ തത്വദീക്ഷിതയോടും ക്രമപരമായും നടത്താനായി എന്നുള്ള മനോഗതിയാണ്. (ഒഴിവുകൾ ചൂണ്ടിക്കാണിക്കാൻ പറ്റുമെങ്കിലും.)

ഈ ചിന്താഗതിയെ ഫ്യൂഡൽ ഭാഷകളിൽ നിന്നുകൊണ്ട് മനസ്സിലാക്കാൻ തന്നെ പ്രയാസമാണ്. ഉദാഹരണത്തിന്, നിരത്തിൽ വാഹനം ഓടിക്കുമ്പോൾ, ട്രാഫിക്ക് നിയമങ്ങളെ കാറ്റിൽപ്പറത്തിയും, കഴിയുമെങ്കിൽ ഇടത് വശത്തകൂടി മറികടന്നും, മറ്റ് ആളുകളെ അലോസരപ്പെടുത്തിയും, മുന്നിൽക്കടക്കുക എന്നതിലുള്ള ആനന്ദം ഒരു ഭാഗത്ത്.

അതേ സമയം, വാഹന ഗതാഗത നിയമങ്ങൾ പാലിച്ചും, യാതോരു കാരണവശാലും ഇടത് വശത്ത്കൂടി മറികടക്കാതെയും, വാഹന ഗതാഗതം മന്ദഗതിയിൽ നീങ്ങുമ്പോൾ തൊട്ടുമുന്നിൽ ഉള്ള വാഹനത്തിന് പിന്നിൽ ക്രമമായി പിന്തുടർന്നും, മുന്നിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് യാതോരു തടസ്സവും സൃഷ്ടിക്കാതെയും വാഹനം ഓടിക്കുന്നതിലും ഒരു ഗംഭീരമായ ആനന്ദം ലഭിക്കാനുണ്ട്. എന്നാൽ ഈ ആനന്ദത്തെക്കുറിച്ച് ഫ്യൂഡൽ ഭാഷകളിൽ നിർവ്വചിക്കാനും മനസ്സിലാക്കിക്കാനും പ്രയാസമാണ്.

പ്രസിദ്ധ Football താരമായ Maradona 1986ലെ FIFA World Cupൽ ഇങ്ഗ്ളണ്ടിന് നേരെ രണ്ടാമത് ഒരു ഗോൾ അടിച്ചതുമായി ബന്ധപ്പെട്ട്, ഇങ്ഗ്ളിഷ് ടീമിനെക്കുറിച്ച് ഇങ്ങിനെ പറഞ്ഞിരുന്നു:

"I don't think I could have done it against any other team because they all used to knock you down; they are probably the noblest in the world".

തർജ്ജമ: "മറ്റേതൊരു ടീമിനോടും, ഇത് എനിക്ക് ഇത് നടക്കും എന്ന് എനിക്ക് തോന്നുന്നില്ല. കാരണം, അവർ എവരും മറ്റെവരെ ഉന്തി നിലത്തിടുമായിരുന്നു. ലോകത്തിലെ ഏറ്റവും കുലീനതയുള്ളവർ ഇവരായിരിക്കാം (ഇങ്ഗ്ളിഷ് ടീം)."

കാരണം, മറ്റ് ഏതൊരു ടീമും, അതിക്രമിച്ചു അപകടകരമാം വിധം മുന്നേറുന്ന എതിർപക്ഷക്കാരെ ഫൌൾചെയ്ത് നിലത്ത് ഉന്തിയിടുമായിരുന്നു.

Maradona ഇങ്ങിനെ അന്ന് പറഞ്ഞത് തന്നെ തികച്ചും അത്ഭുതകരമായ ഒരു കാര്യമാകാം. കാരണം, ഫോക്ക്ലണ്ട് (Falkland) യുദ്ധത്തിൽ, ബ്യട്ടൺ ആർജന്റീനയെ തോൽപ്പിച്ച്, ഫോക്ക്ലണ്ട് ദ്വീപിനെ അതിക്രമിച്ചു കയറിയ ആർജന്റീനിയക്കാരിൽനിന്നും മോചിപ്പിച്ച കാലഘട്ടമായിരുന്നു അത്.

എന്നാൽ ഈ കളിയിൽ, ഏതാണ്ട് 4 മിനിറ്റ് തൊട്ട് മുൻപെ Maradona നേടിയ ആദ്യത്തെ ഗോൾതന്നെ ഗുരുതരമായ തട്ടിപ്പിനാലാണ് ലഭിച്ചത്. തലക്ക് മുകളിൽ വന്ന ബോളിനെ കൈകൊണ്ട് തട്ടി ഗോളടിക്കുകയായിരുന്നു.

ഇങ്ഗ്ളിഷ് ടീമിന്റെ പ്രതിഷേധത്തെ റഫറി കണക്കിലെടുത്തില്ല. കാരണം, Maradonaയുടെ പക്ഷത്തിന്റെ ആഘോഷത്തിമിർപ്പ് അംഗീകരിച്ചുകൊണ്ട് ഇത് ശരിയായ ഒരു ഗോളാണ് എന്ന് റഫറി വിധിച്ചു.

പിന്നീട് Maradona ഇത് ദൈവത്തിന്റ കൈകളാണ് ബോളിനെ ഗോളിൽ തട്ടിയിട്ടത് എന്ന തമാശാരീതിയിൽ ഈ സംഭവത്തെ ന്യായീകരിച്ചു. (Maradona's Hands of god goal). ഇങ്ഗ്ളണ്ട് ആർജന്റീനയെ യുദ്ധത്തിൽ തോൽപ്പിച്ചതിനുള്ള ശിക്ഷയാണ് എന്ന്.

എന്നാൽ ഗുരുതരമായ അന്യായം നടന്നിട്ടും നീതിയുക്തമായ യാതോരു നടപടിയും റഫറിയിൽനിന്നും ലഭിക്കാതിരുന്ന അവസ്ഥയിൽ ഇങ്ഗ്ളണ്ട് കളി തുടർന്നത് തന്നെ വൻ വിഢ്ഢിത്തമായിരുന്നു.

കാരണം ഫ്യൂഡൽ സാമൂഹികാന്തരീക്ഷത്തിൽ, പല ഔപചാരിക നടപടിക്രമങ്ങൾക്കും പിന്നണിയിൽ പലതും നടക്കും എന്നുള്ളതാണ് വാസ്തവം. നേരേവാ, നേരേ പോ, എന്ന ഇങ്ഗ്ളിഷ് മനോഭാവത്തിന്, ഈ അന്തരീക്ഷത്തിൽ കാര്യമായ പ്രസക്തിയില്ല എന്നുള്ളതാണ് വാസ്തവം.

ഇതു കൊണ്ടൊന്നും ആർജന്റീന ഒരു രാഷ്ട്രമെന്ന നിലയിൽ രക്ഷപ്പെട്ടിട്ടില്ല എന്നുള്ളതും ഒരു വാസ്തവം ആയി നിലനിൽക്കുന്നു.

80. തൊൽക്കുന്നതിനും ഒരു നിലവാരമുണ്ട്

വടക്കേ മലബാറിന്റെ പഴമയിൽ ഉള്ള വടക്കൻ പാട്ടുകളെ അടിസ്ഥാനപ്പെടുത്തി, കുറേ വർഷങ്ങൾക്ക് മുമ്പ്, തികച്ചും കൽപ്പിതകഥയായി നിർമ്മിച്ച ഒരു സിനിമയുണ്ട്. ആ സിനിമയിൽ, ചന്തു എന്ന കഥാ പാത്രത്തിന്റ മനോവേദന ഇതാണ്. കളരി കുരിക്കളായ തന്റെ പിതാവ് മലയനോട് അഭ്യാസ പ്രകടനത്തിൽ തോറ്റു. പ്രശ്നം തോറ്റതല്ല, മറിച്ച് അത് മലയനോടാണ് എന്നതാണ്. സാമൂഹികമായി ഉന്നതിയിൽ ഉള്ള വല്ലവരോടെ, ബ്യട്ടിഷുകാരോടോ, എന്തിന് ഉപഖണ്ട യൂറോപ്പിലെ ആരോടെങ്കിലുമോ ആയിരുന്നെങ്കിൽ, പുറത്ത് പറയുന്നതിൽ പ്രശ്നമില്ല. മറിച്ച്, തോറ്റത് മലയനോടാണ്.

ഫ്യൂഡൽ ഭാഷകളിലെ കോഡുകളിലൂടെ നോക്കിയാൽ, തോറ്റത്, 'അവനോടാണ്'. 'അദ്ദേഹത്തോടോ', 'ഓലോടോ' (മലബാറി), 'ഓരോടോ' (മലബാറി) അല്ല.

ഈ ഉപഭൂഖണ്ടത്തിന്റ വടക്കൻ ദേശങ്ങളിൽ അരങ്ങേറിയതായി വിശ്വസിക്കപ്പെടുന്ന രാമായണത്തിലും, മഹാഭാരതത്തിലും ഫ്യൂഡൽ ഭാഷാ കോഡുകളുടെ വിളയാട്ടം നിത്യസത്യമായി പലയിടത്തും കാണാവുന്നതാണ്. ഇങ്ങിനെ നോക്കിയാൽ, ഈ പുരാണങ്ങൾ സാമൂഹിക ശാസ്ത്രവിജ്ഞാനത്തിന്റെ ശക്തമായ ഉറവിടങ്ങളാണ്.

മഹാഭാരതത്തിൽ നിന്ന്:

പാഞ്ചാലിയുടെ മൂത്തമകനാണ് കർണ്ണൻ. എന്നാൽ, മാതാവ് കർണ്ണനെ ജനന സമയത്ത് തന്നെ ത്യജിക്കുന്നു. പിന്നീട് കർണ്ണൻ വളരുന്നത് താഴ്ന്ന തൊഴിൽകാരന്റെ വളർത്ത് മകനായിട്ടാണ്.

കർണ്ണൻ പിന്നീട് പരശുരാമന്റെ ശിഷ്യത്വംവരിക്കുകയും, ആയോധനകലയിൽ ലോകൈക നിലവാരത്തിൽ അഗ്രഗണ്യനാവുകയും ചെയ്തു.

പാഞ്ചാലിയുടെ മറ്റ് അഞ്ച് മക്കളും, അവരുടെ വകയിൽ സഹോദരങ്ങളായ കൌരവരും ദ്രോണാചാര്യരുടെ കീഴിൽ ആയോധന കലകളിൽ അതീവ നൈപുണ്യം നേടുകയും ചെയ്തു.

ഇവരുടെ ആയോധന കലയിലുള്ള നൈപുണ്യം ഒരു പൊതു പരിപാടിയിൽവച്ച്, ദ്രോണാചാര്യർ പ്രദർശിപ്പിക്കുന്നു. അർജ്ജുനന്റെ അമ്പെയ്ത്തിലുള്ള നൈപുണ്യം കണ്ട് ജനം ഞെട്ടി. തികച്ചും അതീന്ത്രിയ വിജ്ഞാനം ഉൾക്കൊള്ളുന്ന മാതിരിയായിരുന്നു അർജ്ജുനന്റെ നൈപുണ്യം.

യാതോരു ക്ഷണവും ഇല്ലാതെ കർണ്ണൻ ഈ പ്രദർശനവേദിയിലേക്ക് കയറി വരുന്നു. തന്റെ അമ്പെയ്ത്തിലും മറ്റ് ആയുധകലകളിലും ഉള്ള നൈപുണ്യം പദർശിപ്പിക്കുന്നു.

ദേവാവതാരമായ പരശുരാമനാണ് കർണ്ണന്റെ ഗുരു. ദിവ്യായുധ പരിശീലനമാണ് കർണ്ണന് ലഭിച്ചത്. കർണ്ണന്റെ നൈപുണ്യം അതിഗംഭീരം. കർണ്ണൻ അർജ്ജുനനെ പരസ്യമായി ഒരു ആയോധന കലാ മത്സരത്തിന് വെല്ല് വിളിക്കുന്നു

ഇത് ഗുരുതരമായ പ്രശ്നമാണ്. കർണ്ണന് അർജ്ജുനനുമായി മത്സരിക്കാൻ താൽപ്പര്യം ഉണ്ട്. എന്നാൽ രാജകുമാരനായ അർജ്ജുനൻ ആരോടാണ് മത്സരിക്കേണ്ടത്?

'അവന്' 'അദ്ദേഹത്തോട്' പരസ്യമായി മത്സരിക്കാൻ താൽപ്പര്യമാണ്. എന്നാൽ 'അദ്ദേഹത്തിന്' 'അവനോട്' മത്സരിക്കുന്നതിൽ എന്ത് നേട്ടം? ജയിച്ചാൽ, അത് കൊണ്ട് വലിയ കാര്യമില്ല. തോറ്റാലോ, മലയനോട് തോറ്റ ചന്തുവിന്റെ പിതാവിന്റെ കാര്യത്തേക്കാൾ അബദ്ധമാകും നിലവാരം.

അവിടെ സന്നിഹിതനായിരുന്ന കൃപാചാര്യർ, കർണ്ണന്റെ ഉത്സാഹത്തെ ശരിക്കുംതന്നെ തണുപ്പിച്ചു. 'നീ ആരാണ്?' 'നിന്റെ കുലമേതാണ്?' 'നീ ഏത് രാജവംശത്തിൽ നിന്നുമാണ്?'

ഭാഷാകോഡുകളോട് പിണഞ്ഞുകിടക്കുന്ന ധർമ്മനീതികൾ പ്രകാരം, രാജരക്തമോ, അതിന് തുല്യമായ സാമുഹിക മഹിമയോ ഉള്ള വ്യക്തിത്വത്തിനെ രാജകുമാരനുമായി മത്സരിക്കാനാവുള്ളു.

കീഴ്ജാതിക്കാരനായ വളർത്തച്ഛനും, ജനങ്ങളും 'നീ'യെന്ന് സംബോധന ചെയ്യുന്നവൻ, ജനം 'അങ്ങ്', 'താങ്കൾ', 'സാർ' 'ഇങ്ങൾ' (മലബാറി) എന്നെല്ലാം സംബോധന ചെയ്യുന്ന ആളുമായി ഒരു മത്സരം അനുവദിക്കുന്നത് അഭികാമ്യമല്ല. ഇങ്ഗ്ളിഷിൽ ആരെയും 'You' എന്ന് സംബോധന ചെയ്യുകയും, 'He/She' എന്ന് പരാമർശിക്കുകയും ചെയ്യുന്നത് കൊണ്ട്, ഈ മുകളിൽ നൽകിയ കഥ ഇങ്ഗ്ളിഷുകാർക്ക് എത്രത്തോളം മനസ്സിലാകും എന്നത് ചിന്തിക്കാവുന്നതേയുള്ളു.

ഇങ്ഗ്ളിഷ് ധർമ്മ ശാത്രങ്ങൾക്കും, മനശാസ്ത്രങ്ങൾക്കും മറ്റ് സാമൂഹിക ശാസ്ത്രങ്ങൾക്കും ഈ വക കാര്യങ്ങളെക്കുറിച്ച് വെറും തുച്ഛമായ വിവരമേ ഉള്ളു എന്നുള്ളതാണ് വാസ്തവം.

വെറും ഒരു 'ചെക്കൻ' / 'ചെറുക്കൻ' ആയ ഒരുത്തൻ വന്ന് രാജകുമാരനോട് മത്സരിക്കാൻ ധൈര്യം കാട്ടിയത്, ധിക്കാരപരമായ തെമ്മാടിത്തം (കുരുത്തക്കേട്: മലബാറി) തന്നെയാണ്. ഭീമൻ കർണ്ണനെ തെരുവ് നായ എന്ന രീതിയിൽ പരാമർശിക്കുന്നു.

സാമൂഹികമായി നാറിപ്പോയ, അമാനുഷിക കഴിവുകളുള്ള കർണ്ണനെ രക്ഷിക്കാൻ കൌരവ രാജകുമാരനായ ദുര്യോദനൻ മുന്നോട്ട് വരുന്നു. കർണ്ണനെ ജനമധ്യത്തിൽ വച്ച് അംഗരാജ്യത്തിന്റെ രാജാവായി അഭിഷേകം ചെയ്യുന്നു.

ഭാഷാ കോഡുകളിൽ അതിശക്തമായ മലക്കം മറിച്ചിൽ സംഭവിക്കുന്ന ചെയ്തിയാണ് ഇത്. ദുര്യോദനന്റെ ധൈര്യം അതിഗംഭീരം തന്നെ.

'മഹാ പർവ്വതങ്ങളുടേയും, മഹാനദികളുടേയും, മഹാന്മാരുടേയും, രാജാക്കളുടേയും ഉത്ഭവസ്ഥാനത്തിനും, കുലത്തിനും പ്രസക്തിയില്ലാ എന്നല്ലെ ധർമ്മനീതികൾ അനുശാസിക്കുന്നത്?', എന്ന് ദുര്യോദനൻ ഗുരുവിനോട് ചോദിക്കുന്നു.

ഭാഷാ കോഡുകളുടെ പിന്നിൽ നിന്ന് നിഗൂഢമായി പ്രവർത്തിക്കുന്ന അതീന്ദ്രിയ കോഡുകളിൽ കർണ്ണന് സ്ഥാനമാറ്റം സംഭവിച്ചിരിക്കുന്നു. അർജ്ജുനനുമായി മത്സരിക്കാം.

81. വാക്കുകൾ വിക്രിയങ്ങൾ കാട്ടുന്നതെങ്ങിനെയെല്ലാം

ദേവവതാരങ്ങളുടെ ജീവിതം വളരെ കഷ്ടപ്പാടുകൾ നിറഞ്ഞതാണ് എന്നാണ് സൂചന ലഭിക്കുന്നത്. പരശുരാമനും ശ്രീരാമനും ദൃഷ്ടാന്തങ്ങളാണ്. ഇവരുടെ ജന്മോദ്ധേശങ്ങളിൽ പല നിഗൂഢ സങ്കീർണ്ണതകളും കണ്ടേക്കാം.

രാമായണ കഥയിലും ഫ്യൂഡൽ വാക്ക് കോഡുകളുടെ അഴിഞ്ഞാട്ടം കാണാവുന്നതാണ് എന്നാണ് തോന്നുന്നത്. രാമായണം എന്ന ഇതിഹാസം നേരിട്ട് വായിച്ചിട്ടില്ലാത്തത് കൊണ്ട്, താഴെ നൽകിയിരിക്കുന്നത് പൊതുവായി പറയപ്പെടുന്ന കഥയിൽ നിന്നുമാണ്. സംസ്കൃതത്തിലുള്ള ഇതിഹാസത്തിൽനിന്നുമല്ല.

രാമൻ വിവാഹം കഴിക്കുന്നത് ജനക രാജാവിന്റെ പുത്രിയെയാണ്. മത്സരം ജയിച്ചാണ് സീതയെ ലഭിക്കുന്നത്. എന്നാൽ, സീത യഥാർത്ഥത്തിൽ ജനക രാജാവിന്റ സ്വന്തം പുത്രിയല്ലതന്നെ. ഈ വിവരം രാമന് നേരത്തെ അറിവുണ്ടായിരുന്നോ എന്ന് അറിയില്ല.

മാത്രവുമല്ല, ഇത്ര കഷ്ടപ്പെട്ട് വിദൂരത്തിൽനിന്നും ഒരു പത്നിയെ കണ്ടെത്തേണ്ടിവന്നതെന്ത് കൊണ്ടാണ് എന്നും അറിയില്ല.

എന്നാൽ രാജകുമാരി എന്ന രീതിയിൽ വിവാഹം കഴിച്ച് കൊണ്ടുവരുന്നത്, രാജാവിന് ഉഴുതുവച്ച വയലിൽനിന്നും ലഭിച്ച കൈക്കുഞ്ഞ് വളർന്നുവന്ന ആളാണ്.

ഫ്യൂഡൽ ഭാഷാകോഡുകളിൽ ഇത് ശക്തിയേറിയ ഒരു വിവരമാണ്. പ്രശ്നം രാമന്റെ കുടുംബത്തിലെ വേലക്കാരാണ്. അവർക്ക് ഭാഷാകോഡുകളിൽ, പൈതൃകത്താൽ രാജകുമാരി അല്ലാത്ത ആളെ ബഹുമാനിക്കാൻ പ്രയാസം നേരിടും. ഇക്കാര്യം മനസ്സിലാക്കാൻ പ്രയാസമില്ലതന്നെ.

പണക്കാരനായ ഒരാൾ പാവപ്പെട്ട ഒരു പെൺകുട്ടിയെ വിവാഹം ചെയ്താൽ, ഇതിൽ ഏറ്റവും പ്രയാസം കൊള്ളുന്നത് ആ ആളിന്റെ വീട്ടിലെ പണിക്കാരികളാണ്. അവർ, ഈ പെൺകുട്ടിയെ പരാമർശിക്കുമ്പോൾ പരോക്ഷമായെങ്കിലും ബഹുമാനമില്ലാത്ത വാക്കുകൾ ഉപയോഗിക്കും. 'അവർ', എന്നോ 'ചേച്ചി'യെന്നോ, പറയുന്നതിന് പകരം, 'അവൾ' എന്ന പദമാണ് അവർക്ക് ഉപയോഗിക്കാൻ താൽപ്പര്യം വരിക.

താഴെക്കിടയിലുള്ളവരുടെ ബഹുമാനം ഫ്യൂഡൽ ഭാഷകളിൽ വളരെ ശക്തിയേറിയ ഒരു ഘടകമാണ്.

ഇതുമായി ബന്ധപ്പെട്ട് പലതും പറയാനുണ്ടെങ്കിലും, അതിലേക്ക് കടക്കുന്നില്ല.

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ, താഴ്ന്ന സ്ഥാനക്കാരെ, മുകൾപ്പരപ്പിലുള്ളവരുടെ ഇടയിൽ ഇടപഴകാൻ അമിത സ്വാതന്ത്ര്യം നൽകിയാൽ പ്രശ്നമാണ്. മുകൾപ്പരപ്പിൽ ഒരേ നിരപ്പിൽ നിലനിൽക്കുന്നവരെ, വാക്ക് കോഡുകളാൽ, ഇവർ പലതട്ടിലാക്കും.

സംബോധനാ വാക്കിലും, പരാമർശവാക്കിലും, ആളുകളെ പലദിക്കിലേക്ക് തെറിപ്പിക്കും. ഉദാഹരണത്തിന്, ചിലരെ 'സാർ', എന്നും, ചിലരെ 'നിങ്ങൾ' എന്നും, ചിലരെ 'താൻ' എന്നും, 'ചിലരെ' നീയെന്നും ഇക്കൂട്ടർ തരം തിരിച്ച് സംബോധന ചെയ്യും.

അത് പോലെ തന്നെ, 'He' എന്ന വാക്കിന്റെ അർത്ഥത്തിൽ, ചിലരെ 'സാറ്', ചിലരെ 'അയാൾ' ചിലരെ 'അവൻ' എന്നൊക്കെ പല നിലവാരത്തിൽ ആക്കും ഇവർ. ഇക്കൂട്ടർ മുകൾനിരപ്പിലെ ആളുകളെ വയസ്, കുടുംബ നിലവാരം, ഉദ്യോഗ നിലവാരം, സാമ്പത്തിക നിലവരം, ഭാര്യയുടെ കുടുംബനിലവാരം എന്നിങ്ങിനെ പലതും ഈ വിക്രയത്തിനായി ഉപയോഗപ്പെടുത്തും.

ചുരിക്കിപ്പറഞ്ഞാൽ, മുകൾപ്പരപ്പിലുള്ള ആളുകളുടെ ഇടയിലേക്ക് ഒരു ആപ്പ് (wedge) അടിച്ച് കയറ്റുന്ന അനുഭവമായിരിക്കും ഇവരുടെ സ്വതന്ത്രമായ വിളയാട്ടത്തിന്റെ ഫലം.

ഇത് തന്നെയാണ് രാമന്റെ കുടുംബത്തിലും സംഭവിച്ചത്. വേലക്കാരി സീതയെ കപട രാജകുമാരിയായിത്തന്നെയാണ് കാണുന്നത്. അതേ സമയം വേലക്കാരി ദശരഥ രാജാവിന്റെ മൂന്നാം പത്നിയായ കൈകേയിയോട് അടുത്ത് ഇടപഴകുന്ന ആളാണ്.

ഈ വേലക്കാരിക്ക് സീതയെ റാണിയായിക്കാണുവാൻ പ്രയാസം തന്നെയായിരുന്നു എന്ന് കാണുന്നു.

ഇവിടുന്നു തുടങ്ങുന്ന ശ്രീരാമന്റെ ജീവിത കദനകഥ.

ഈ പ്രശ്നം ശ്രീരാമന്റെ തുടർന്നുള്ള ജീവിതത്തെ പലരീതിയിലും ബാധിക്കുന്നുണ്ട്. അത് ഇവിടെ കുറിച്ചിടുന്നില്ല. താൽപ്പര്യമുള്ളവർക്ക് Shrouded Satanism in feudal languages എന്ന ഗ്രന്ഥത്തിലെ പതിനൊന്നാം അദ്ധ്യായം നോക്കാം.

പൊതുവേ പറഞ്ഞാൽ, ഈ കാരണത്താൽതന്നെ ഈ ഉപഭൂഖണ്ടത്തിൽ, ആളുകൾ തങ്ങളെക്കാൾ സാമൂഹികമായോ, തൊഴിൽസ്ഥാനപരമായോ താഴെ ഉള്ളവരെ ചെറുതായോ, അതുമല്ലെങ്കിൽ കാര്യമായിത്തന്നെയോ, അകറ്റിനിർത്തും. അത് തന്നെയാണ് അഭികാമ്യം എന്ന് ഭാഷാ കോഡുകളും അനുശാസിക്കുന്നു. കാരണം, ഓരോ വ്യക്തിയും, ഫ്യൂഡൽ ഭാഷാകോഡുകളിൽ മറ്റുപലരുമായി അതീവ സങ്കീർണ്ണതയുള്ള ബന്ധകോഡുകളാലാണ് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത്.

ഒരാളുമായുള്ള അടുപ്പം ഇന്നത്തെക്കാലത്ത്, ഏതെല്ലാം ദിക്കിലേക്കാണ് ഒരു വ്യക്തിയെ ബന്ധപ്പെടുത്തുന്നത് എന്ന് കൃത്യമായോ കൃത്യതയില്ലാതെയോ പറയാൻ എളുപ്പമല്ല.

82. വാക്ക് കോഡിൽ നാറിപ്പോയാൽ, പിന്നെ ജീവിച്ചിട്ടെന്ത് കാര്യം

തിരുവിതാംകൂർ ചരിത്രത്തിൽനിന്നും രസകരമായ ഒരു സംഭവം ഇവിടെ കുറിച്ചിടാം. എന്നാൽ ഇവിടെ പറയാനുള്ളത്, ഇതു പോലുള്ള ആയിരക്കണക്കിന് സംഭവങ്ങൾ ഈ ഉപഭൂഖണ്ടത്തിൽ തലങ്ങുംവിലങ്ങുമായും, സമൂഹത്തിലെ നൂറുകണക്കിന് ജാതികളുടെ ഇടയിലും സംഭവിച്ചിട്ടുണ്ട് എന്നുള്ളതാണ്.

സമൂഹത്തെ ആകമാനം ഗ്രസിച്ചിരിക്കുന്നത് ഫ്യൂഡൽ ഭാഷാകോഡുകളാണ്. ഇവയുടെ കൽപ്പനകൾക്കനുസൃതമായേ വ്യക്തികൾക്ക് പ്രവർത്തിക്കാനും ചിന്തിക്കാനും ആവുള്ളു. സ്വതന്ത്രമായി മനുഷ്യന് ചിന്തിക്കാനും പ്രവർത്തിക്കാനും ആവും എന്നെല്ലാം പറയുന്നതിൽ കാര്യമായ പിഴവുണ്ട്. ഇക്കാര്യത്തെക്കുറിച്ച് പിന്നീട് എഴുതാം.

മാർത്താണ്ഡവർമ്മ കായംകുളവുമായി ഏറ്റ് മുട്ടിയപ്പോൾ, കായംകുളത്തിന് സഹായം നൽകിയവാരായിരുന്നു തെക്കംകൂറിലേയും (ചങ്ങനാശേരി) വടക്കംകൂറിലേയും (കോട്ടയം, ഏറ്റുമാനൂർ) മാഡംബിമാർ. ഇക്കാരണത്താൽ, തിരുവിതാംകൂർ ദളവ ഇവർക്ക് നേരെ തിരിഞ്ഞു.

മാഡംബിമാർ ഭൂപ്രഭുക്കളും, ജന്മിമാരും ആയിരുന്നു. ഇവരുടെ കീഴിൽ ഒച്ചപ്പാടും ബഹളക്കാരുമായ ഒരു സംഘം നായർമാരായി സൈനികരും ഉണ്ടായിരുന്നു. തിരുവിതാംകൂറിന്റെ പക്ഷത്തിൽ ഡി ലിനോയ് എന്ന് പേരുള്ള ഡച്ചുകാരനനായ പട്ടാള മേധാവി അച്ചടക്കമുള്ളതും, ആധുനിക സൈനിക പരേഡ് സമ്പ്രദായങ്ങളുടെ ചെറിയതോതിലുള്ള പരിശീലനം ലഭിച്ച പട്ടാളം ആയിരുന്നു ഉണ്ടായിരുന്നത്. മാത്രവുമല്ല, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായുള്ള അടുത്ത ബന്ധം കാരണം, സംവിധാനങ്ങൾ വളരെ കാര്യക്ഷമവുമായിരുന്നു.

തിരുവിതാംകൂറിലെ ചെറിയ കൂട്ടം സൈന്യം തങ്ങളെ ആക്രമിക്കും എന്ന് കണ്ടപ്പോൾ, മാടംബിമാർ വെപ്രാളപ്പെട്ടു. എന്നാൽ ഈ പ്രശ്നത്തെ പ്രാദേശിക സമൂഹത്തിലെ ചില പെരുമാറ്റ കോഡുകൾ ഉപയോഗിച്ചുകൊണ്ട് തുരങ്കം വെക്കാം എന്ന് അവർ മനസ്സിലാക്കി. വിദേശത്ത് നിന്നും ബ്രാഹ്മണരായ യുവാക്കളെ കൊണ്ട് വന്ന്, അവരുടെ നായർ പടയാളികളുടെ മുന്നിൽ, അവർ നിരത്തി.

തിരുവിതാംകൂർ ദളവ, പട്ടാളത്തോട് ഇവർക്ക് നേരെ വെടി ഉയർത്തുവാൻ ആജ്ഞാപിച്ചു. എന്നാൽ, മുന്നിൽ യാതോര സങ്കോചവും ഇല്ലാതെ നിൽക്കുന്ന ബ്രാഹ്മണരെ കണ്ടപ്പോൾ, തിരുവിതാംകൂർ പട്ടാളം അന്ധാളിച്ചു. ബ്രഹ്മഹത്യ (ബ്രാഹ്മണരെ കൊല്ലുന്നത്) ഹൈന്ദവ ധർമ്മശാസ്ത്രങ്ങൾ പ്രകാരം കഠിനമായ പാപമാണ്. ഇത് ചെയ്തുകൊണ്ട് തിരിച്ച് വീട്ടിൽ പോയാൽ, വീട്ടിലും, സമൂഹത്തിലും തിരിച്ച് കയറാനാകില്ല. തിരുവിതാംകൂർ പട്ടാളം വെടിവെക്കാൻ തയ്യാറായില്ല. അവർ അനങ്ങിയില്ല.

തിരുവിതാംകൂർ ദളവ പ്രശ്നപരിഹാരത്തിന്, സമൂഹിത്തിലെ ഇതേ കോഡുകൾ തിരിച്ച് ഉപയോഗിക്കാൻ തീരുമാനിച്ചു.

കടലോരത്ത് നിന്നും മുക്കുവരെ തിരുവിതാംകൂർ പട്ടാളത്തിന് മന്നിൽ ദളവ നിരത്തി. താഴ്ന്ന ജാതിക്കാരായ മുക്കുവരുടെ അസഭ്യപ്രയോഗവും അട്ടഹാസങ്ങളും, എന്തിന് അവരുടെ സ്പർശനവും ഏൽക്കുക എന്നുള്ളത് ബ്രാഹ്മണ യുവാക്കൾക്ക് നാറുന്ന അഴുക്ക് തൊടുന്നതിന് തുല്ല്യമായ അനുഭവമാണ്. അവർ ജീവനും കൊണ്ട് ഓടി. മരണത്തെ ഭയപ്പെട്ടല്ല. മറിച്ച്, മരണത്തേക്കാൾ ഭയാനകമായ ഒരു അനുഭവത്തെ ഭയപ്പെട്ട്.

ബ്രാഹ്മണ കവചം നഷ്ടപ്പെട്ട മാടംബിമാരുടെ നായർ സൈനികർക്കും പിടിച്ച് നിൽക്കാനായില്ല. കാരണം, അവരുടെ അസഭ്യപ്രയോഗവും തരംതാഴ്ത്തിയുള്ള വാക്ക് പ്രയോഗവും മുക്കുവർക്ക് പ്രശ്നമല്ല. എന്നാൽ മുക്കുവരുടെ അസഭ്യപ്രയോഗം പോയിട്ട്, വെറും നീ, എടാ, എന്താടാ, അവൻ തുടങ്ങിയ പ്രയോഗങ്ങൾ അനുഭവിച്ചാൽ നായന്മാർ നാറിയത് തന്നെ.

ഒരു കൂട്ടം ഐഏഎസ്സുകാരെ കുറെ സാധാരണക്കാരുമായുള്ള കശപിശയിൽ, സാധാരണക്കാരുടെ ഇത്യാദി വാക്കുകൾ കേട്ടാൽ നിന്ന് പൊരുതാൻ തയ്യാറുള്ള ഐഏഎസ്സ്കാർ ഒരു നിശ്ചിത ശതമാനത്തിൽ കൂടുതൽ പേർ ഉണ്ടാവില്ല. കാരണം, കശപിശയിൽ അവരാണ് വാക്ക് കോഡുകളാൽ നാറുക.

മുകളിൽ നിൽകിയ വിധമുള്ള ചരിത്ര സംഭവങ്ങളെ അപഗ്രഥനം ചെയ്യുമ്പോൾ, ഈ പ്രദേശത്തിലെ ഫ്യൂഡൽ ഭാഷാ കോഡുകളെക്കുറിച്ചും, അസഭ്യവാക്ക് പ്രയോഗങ്ങളെക്കുറിച്ചും, വാക്ക് കോഡുകൾക്കും സാമൂഹിക നിലവാരങ്ങളിൽ അന്തർലീനമായിരിക്കുന്ന ദിശാ ഘടകാംശത്തെക്കുറിച്ചും (Vector Component) അറിവില്ലാ എങ്കിൽ, ദുരുദ്ധേശത്തോടുകൂടി കുരുട്ടു ബുദ്ധി ഉപയോഗിച്ച് എഴുതുന്ന കറെ കഥകളുടെ തരിശായ വിവരണമായി മാറും ചരിത്ര പഠനം. ഇതാണ് ഇന്നത്തെ ഔപചാരിക ലിഖിത ചരിത്രങ്ങളുടെ യഥാർത്ഥ നിലവാരം.

83. ഫ്യൂഡൽ ഭാഷകളിലെ മാസ്മരിക സൌന്ദര്യം

ദക്ഷിണേഷ്യൻ ചരിത്രം എഴുതുന്നതിന് മുൻപായുള്ള ഈ അവതരിക ഉപസംഹരിക്കാൻ ഒരുങ്ങുകയാണ്.

ഫ്യൂഡൽ ഭാഷകളെക്കുറിച്ച് അനവധി കാര്യങ്ങൾ പറയാനുണ്ട്. അവ അവസരം ലഭിക്കുകയാണെങ്കിൽ എഴുതാം.

ഇനി പറയാനുള്ളത് ഫ്യൂഡൽ ഭാഷകളുടെ സൌന്ദര്യത്തെക്കുറിച്ചാണ്. ഈ വസ്തുത ഇങ്ഗ്ളിഷുകാർക്കും അവ്യക്തമായി ഒരു സൂചനപോലെ അറിയാം എന്ന് തോന്നുന്നു. കാരണം, ഫ്രഞ്ച് ഭാഷ അതീവ സുന്ദരമാണ് എന്ന് ഇങ്ഗ്ളിഷുകാർക്ക് ഇടയിൽ ഒരു തോന്നൽ ഉണ്ടായിരുന്നു എന്ന് തോന്നുന്നു. തീർച്ചയില്ല.

വാസ്തവമാണ്, ഇങ്ഗ്ളിഷിൽ ഇല്ലാത്ത ഒരു മാസ്മര സൌന്ദര്യം ഫ്യൂഡൽ ഭാഷകൾക്ക് ഉണ്ട്. അത് എന്താണ് എന്ന് വിശദീകരിക്കാൻ ശ്രമിക്കാം. ശ്രമം വിജയിക്കുമോ എന്ന് അറിയില്ല.

ഏതാണ്ട് 1974ന് ചുറ്റുപാടിൽ എറണാകുളത്ത് ഒരു ഉൾപ്രദേശത്ത് പഠിക്കുന്ന കാലം. ക്ളാസിലെ ഒരു വിദ്ധ്യാർത്ഥി പറഞ്ഞ കാര്യം. ശരിയാണോ എന്ന് അറിയില്ല, എന്നാൽ എട്ടാം തരത്തിൽ പഠിക്കുന്ന ഉൾനാടൻ ആളായത് കൊണ്ട് കഥ കൽപിതമല്ലായെന്നാണ് തോന്നുന്നത്.

അയാളുടെ വീട്ടിനടുത്ത് ഒരു നാടകം നടക്കാൻ പോകുന്നു. നാട്ടിലെ ഒരു സാമാന്യം നല്ല തടിമിടുക്കുള്ള ചെറുപ്പക്കാരൻ പോലീസ് ഇൻസ്പെക്ടറായി അഭിനയിക്കുന്നു. ഇൻസ്പെക്ടറുടെ യൂണിഫോം ഇട്ട്കൊണ്ട് റോഡിലൂടെ നടന്ന് വരുമ്പോൾ ഒരു ലോറി വരുന്നത് കണ്ടു. വെറുതെയൊന്ന് കൈകാട്ടി. ലോറി ഡ്രൈവർ വാഹനം നിർത്തി, കപട ഇൻസ്പെക്ടറുടെ മുന്നിൽ വന്ന് കുനിഞ്ഞുനിന്നു. കപട ഇൻസ്പെക്ടർ അഭിനയം വിട്ടില്ല. യൂണിഫോമിട്ടതിന്റെ സുഖം ഒന്ന് വേറെ തന്നെ. സാധാരണക്കാർക്ക് കിട്ടാത്ത ഒരു ഉന്മാദാവസ്ഥ.

ഇങ്ഗ്ളിഷിൽ ഇല്ലാത്ത പലവിധ മാനസിക ഭാവങ്ങളും ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. ഫ്യൂഡൽ ഭാഷാ കോഡുകൾ നൽകുന്ന ബഹുമാനത്തിന്റ അലൌകികമായ സുഖം യതോരു രീതിയിലും കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ രചിക്കാനാവില്ല. ചേട്ടാ, മാഷെ, സാറെ, ചേച്ചി തുടങ്ങിയ രീതിയിലുള്ള സംബോധനകൾ ഏറ്റുവാങ്ങുമ്പോൾ ലഭിക്കുന്ന സുഖവും, വാത്സല്യവും എങ്ങിനെയാണ് ഇങ്ഗ്ളിഷിലെ നിരപ്പുള്ള വാക്ക് കോഡുകളിൽ പകർപ്പെടുക്കാനാവുക?

ആഗതനെ കാണുമ്പോൾ, മറ്റെയാൾ ബഹുമാന സൂചകമായി ഒന്ന് എഴുന്നേറ്റാൽ, ഇത് കാണുന്നമറ്റുള്ളവരിൽ ഉളവാകുന്ന മതിപ്പും, ആഗതന് തന്നെ വ്യക്തമായി അറിവ് ലഭിക്കുന്ന സാമൂഹിക പദവിയും ഇങ്ഗ്ളിഷിൽ പറഞ്ഞ് മനസിലാക്കിക്കുക എളുപ്പമല്ല. അത് പോലെതന്നെ, ഇതേ ആൾ കയറിവരുമ്പോൾ, മറ്റേയാൾ എഴുന്നേൽക്കാതിരുന്നാലുള്ള,

മുഖത്തടിച്ചത് മാതിരിയുള്ള അനുഭവവും പറഞ്ഞറിയിക്കാൻ വളരെ പ്രയാസമാണ്.

ഓർക്കേണ്ടത്, ഈ വാക്ക് കോഡുകൾ, ഒരു യന്ത്രചാലക ചക്രം (flywheel) മാതിരിയുള്ള ഒരു കാര്യമാണ്. ഇവ ഓരോന്നും മറ്റ് കുറേ വാക്ക് കോഡുകളോടും കോർത്തിണക്കിയാണ് ഇരിക്കുന്നത്. ഒന്നിച്ചാണ് തിരിയുക. തിരിയുമ്പോൾ, ശക്തമായ മാറ്റങ്ങൾ മനുഷ്യനിലും, സമൂഹത്തിലും വരുത്തിത്തീർക്കും.

ഒരു സാധാരണക്കാരൻ ഒരു ഐപിഎസ് ഓഫിസറുടെ യൂണിഫോമിട്ട് കൊണ്ട് കുറച്ച് നേരം നാട്ടിൽ ഒന്ന് വിലസിയാൽ അയാൾക്ക് ലഭിക്കുന്ന സുഖം ഒന്ന് ആലോചിച്ചുനോക്കൂ.

യൂണിഫോം അഴിച്ച്, മുണ്ടും ബനിയനും ഇടുമ്പോഴേക്കും മാഞ്ഞു പോകുന്ന അൽപ്പായുസുള്ള മാസ്മരിക സുഖം മാത്രമാണ് ഇത്.

ഇത് പോലെ തന്നെയാണ് ഫ്യൂഡൽ ഭാഷകളിലെ സൌന്ദര്യവും.

84. വിട്ടുവീഴ്ചയും മഹാമനസ്കതയും, വിവരക്കേടും കഴിവില്ലായ്മയും ആവുന്ന അന്തരീക്ഷം

'പുഷ്പ പാദുകം അഴിച്ച് വച്ച് നഗ്ന പാദയായി കയറിവരുന്ന ചക്രവർത്തിനിയും', 'കുസുമതാലവുമായി വരവേൽക്കുന്ന സാലഭംജികകളും', 'മാനത്തെ നവരത്ന വ്യാപാരതെരുവുകളും', 'ഗന്ധർവ്വനഗരങ്ങളും അവ അലങ്കരിക്കാൻ പോകുന്ന ഇന്ദുകലയും', 'പർവ്വനന്ദിനി, പശുക്കളെ മേക്കാനിറങ്ങുന്ന പവിഴപ്പാടങ്ങളും', 'കളഭത്തിൽ മുങ്ങിവരും വൈശാഗരജനിയും', 'മനുഷ്യമോചന രണവീഥിയിൽ നിന്നും ഉയരുന്ന ശബ്ദവും', 'മത്സരകളരിയിൽ ജയിച്ചുവരുന്ന ഭവാനും', 'ദേവകൾ എത്തുമ്പോൾ പുഷ്പവൃഷ്ടിയിൽ കുളിക്കുന്നതും', 'മണ്ണോട് മണ്ണായ മോഹഭംഗങ്ങളും, അവയെ ചെന്ന് തൊഴുന്ന യുഗശ്മശാനങ്ങളും', 'ഒന്നാംകുന്നിൽ തിരിപിടിക്കാൻ വന്ന അടിയാട്ടിയും' മറ്റും മറ്റും, ബ്രഹ്മതാളങ്ങളുടെ അകമ്പടിയോടും, മാസ്മരിക ഈണങ്ങൾക്കൊപ്പവും സാധാരണക്കാരനെ ഒരു പരബ്രഹ്മലോകത്തിലേക്ക് ക്ഷണികനേരത്തേക്ക് മാത്രം വിളിച്ച് കൊണ്ട് പോകാനുള്ള കഴിവ് ഫ്യൂഡൽ ഭാഷകൾക്ക് ഉണ്ട്*.

*(വയലാർ രാമവർമ്മ, ശ്രീകുമാരൻ തമ്പി, പി. ഭാസ്ക്കരൻ എന്നിവരും മറ്റും എഴുതിയ പഴയ മലയാളം സിനിമാഗാനങ്ങളിൽ നിന്നും എടുത്ത വാക്യപ്രയോഗങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്.)

എന്നാൽ ഐപിഎസ് യൂണിഫോം പൊടുന്നനെ അഴിച്ച് വെക്കേണ്ടിവരുന്നത് പോലെ തന്നെ പെട്ടന്ന് തന്നെ തിരിച്ച് സാധാരണക്കാരന്റെ തരംതാണ നിലയിലേക്ക് വീഴേണ്ടിയും വരും, ഈ ദേവലോക സഞ്ചാരിക്ക്.

കാരണം, സാധാരണക്കാരന്റെ നിത്യ ജീവിതം ഈ നിലവാരങ്ങളിൽ ഒന്നും തന്നെയല്ല.

മദ്യലഹരിയിലും മയക്ക് മരുന്നിന്റെ ലഹരിയിലും മനസിനെ മഥിക്കുന്ന പലതും ഉണ്ട്. എന്നാൽ ഈ ഉന്മാദാവസ്ഥയെ കാട്ടി, ഇതാണ് അത്യുഗ്രൻ ജീവിതം എന്ന് പറയുന്നത് പോലെയാണ് ഫ്യൂഡൽ ഭാഷകൾക്കുള്ള സൌന്ദര്യവും.

മയക്ക് മരുന്ന് ഒരുക്കുന്ന ഗന്ധർവ്വലോകത്തിൽ തന്നെ ജീവിക്കാൻ ആകുമെങ്കിൽ പ്രശ്നമില്ല. 'സ്വപ്നഹാരം അണിഞ്ഞെത്തുന്ന മദനചന്ദ്രികയിൽ'* അവിടെ മയങ്ങിയും അല്ലാതെയും ജീവിക്കാം. എന്നാൽ അത് സാധ്യമല്ലല്ലോ!

(*പിക്ക്പോക്കറ്റ് എന്ന സിനിമയിൽ പാപ്പനംകോഡ് ലക്ഷ്മണൻ എഴുതിയ ഗാനത്തിന്റെ ആദ്യവരി).

എന്നാൽ മലയാളികൾക്ക് വയലാറിന്റെ വാക്യപ്രയോഗങ്ങൾ രചിക്കുന്ന സ്വപ്ന ലോകത്തിൽ ജീവിക്കാനാകില്ലതന്നെ. കാരണം, അങ്ങിനെയൊരു ലോകം ഇല്ലതന്നെ.

ഫ്യൂഡൽ ഭാഷകളിൽ സാധാരണക്കാരൻ ജീവിക്കുന്നത്, തരംതാഴ്ത്തപ്പെടുന്നതും, തമ്മിൽ തരംതാഴ്ത്തിയും, പാരവച്ചും, പിന്നിൽനിന്ന് കുത്തിയും, തമ്മിൽ ജീവന്മരണ പോരാട്ടം പോലുള്ള മത്സരങ്ങളിൽ പങ്കെടുത്തും ജീവിക്കുന്ന ഒരു അന്തരീക്ഷത്തിലാണ്.

മാത്രവുമല്ല, ചെറുതായൊന്ന് തലകുനിച്ചാൽ തലയിൽ കയറാനായി ഉത്സുക്തരും ആവും ആളുകൾ. വിട്ടുവീഴ്ചയേയും മഹാമനസ്കതയേയും വിവരക്കേടും, കഴിവില്ലായ്മയും ആയി കാണുന്ന സാമൂഹികാന്തരീക്ഷം.

85. വാക്കുകളുടെ ബാഹുല്യം

ഫ്യൂഡൽ ഭാഷകളുടെ മേന്മയായി ചൂണ്ടിക്കാണിക്കാൻ ഉപയോഗിക്കുന്ന ഒരു വാദഗദിയാണ്, മാനസിക വികാരങ്ങളെയും, മനുഷ്യഗുണ നിലവാരങ്ങളെയും മറ്റും നിർവ്വചിക്കാൻ ഫ്യൂഡൽ ഭാഷകളിലുള്ള വാക്കുകളുടെ 'ബാഹുല്യം'.

എന്നാൽ യഥാർത്ഥത്തിൽ ഇത് തന്നെയാണ് ഈ ഭാഷകളുടെ പൈശാചികതയും. മനുഷ്യ വ്യക്തിത്വത്തേയും, മാനസിക വികാരങ്ങളേയും സങ്കീർണ്ണമായി കോർത്തിണക്കി, ഞെരിച്ച് പിരിച്ച് വ്യക്തികളെ പല ഞെരുങ്ങിയ മാനസികാവസ്ഥകളിൽ തളച്ചിടാൻ ഈ വാക വാക്കുകൾക്ക് ആവും.

അതോടൊപ്പം തന്നെ കുറച്ച് പേരെ, ഒരു തരം 'കല്ലിൽ കൊത്തിവച്ച കവിതപോലെ'*, ഭൌതിക ദിവ്യത്വത്തിലേക്ക് ഉയർത്തുകയും ചെയ്യും. ഇവരുടെ 'തിരുമെയ് നിറയെ തിരുവാഭരണങ്ങൾ ചാർത്തുന്നതിൽ'** സായൂജ്യം നേടുന്നതായി, മറ്റുള്ളവരെ ഇതേ വാക്ക് കോഡുകൾ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യും.

(*'സീതാദേവി സ്വയംവരെ ചെയ്തോരു' എന്ന ഗാനത്തിൽ നിന്നും). (**'രാജശിൽപി നീയെനിക്കോരു പൂജാവിഗ്രഹം തരുമോ' എന്ന ഗാനത്തിൽനിന്നും).

പൊതുവായിപ്പറഞ്ഞാൽ, ഫ്യൂഡൽ ഭാഷാ പദപ്രയോഗങ്ങളിലെ സൌന്ദര്യം ആസ്വദിക്കാൻ ഇങ്ഗ്ളിഷ് പോലുള്ള പരന്ന ഭാഷകളിൽ വളർന്നവർക്ക് ചെറുതായൊന്ന് പരിശ്രമിക്കേണ്ടിവരും.

ചെന്നായിക്കളുടെ ഓലിയിടൽ കുറച്ച് നേരം ശ്രദ്ധിച്ച് കേട്ടിരുന്നാൽ, അവയിൽ എന്തോ മാസ്മരിക സൌന്ദര്യം ഉണ്ട് എന്ന് മനസ്സിലാക്കാനായേക്കാം. എന്നാൽ, ഇതിലുള്ള പൂർണ്ണമായ സൌന്ദര്യം ആസ്വദിക്കണമെങ്കിൽ, ആ വ്യക്തി ചെറുതായെങ്കിലും ചെന്നായ്ക്കളുടെ മാനസികാവസ്ഥയിലേക്ക് നീങ്ങേണ്ടിവന്നേക്കാം.

86. ഭാഷയും മുഖഭാവവും

ഇതേ പോലെ തന്നെയാണ് ഫ്യൂഡൽ ഭാഷയിലെ ഗാനാലാപനങ്ങളുടേയും സ്ഥിതി എന്നൊരു തോന്നൽ. വ്യക്തികളുടെ ശരീര ഭാഷ തികച്ചും വ്യത്യസ്തമായേക്കാം. ഉദാഹരണത്തിന്, 'കാട്' എന്ന സിനിമയിൽ വിജയശ്രീ അഭിനയിക്കുന്ന ഗാനം: 'എൻ ചുണ്ടിൽ രാഗമന്ദാരം....'

അതി മനോഹരമായ ഒരു ഗാനവും ചിത്രീകരണവും ആണ് ഇത്. എന്നാൽ, ഇങ്ഗ്ളിഷിൽ നിന്നും നോക്കിയാൽ, വ്യക്തിയുടെ ശരീരഭാഷ ഒരു സ്ത്രീയെന്ന നിലയിൽ ഇങ്ഗ്ളിഷിൽ ചിന്തക്കുന്ന ഒരു സ്ത്രീയുടേതിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കും.

'ആ മാറിൽ വീഴും ഞാൻ, പൂങ്കുലപോലെ, പൂങ്കുലപോലെ' എന്ന വരികളിൽ വിജയശ്രീ അഭിനയിക്കുന്ന ശാരീരിക വർണ്ണന, ഇങ്ഗ്ളിഷ് വ്യക്തി ബന്ധങ്ങളിൽ ഉണ്ടോ എന്ന് അറിയില്ല. അതേ സമയം, മലയാള വ്യക്തി ബന്ധങ്ങളിലും യഥാർത്ഥത്തിൽ ഇങ്ങിനെയൊരു വ്യക്തി ബന്ധ മാനസികാവസ്ഥ ഉണ്ട് എന്നും തോന്നുന്നില്ല. എന്നാൽ, മലയാളത്തിൽ, വാക്കുകൾക്ക് ചിറക് വിരിക്കാനുള്ള സ്ഥലവ്യാപ്തി അങ്ങ് ഗന്ധർവ്വലോകം വരെ ഉണ്ട് എന്നുള്ളത് കൊണ്ട്, എന്ത് എഴുതിയാലും, ആസ്വാദ്യക്കുറവുള്ളതായും അസ്വാഭാവികമായും തോന്നില്ല.

ഇതേ കഴിവ് ഇങ്ഗ്ളിഷിനും ഉണ്ട് എന്ന് അരെങ്കിലും പറഞ്ഞാൽ, ഇതിനുള്ള ഉത്തരം, ഫ്യൂഡൽ ഭാഷകളിൽ മനുഷ്യവ്യക്തിത്വവും, സംവിധാനങ്ങളുടെ വ്യക്തിത്വവും നിസ്സാരവാക്ക് കോഡുകളിലൂടെ അമാനുഷികവും, അതുമല്ലെങ്കിൽ അതി നിസ്സാരവും ആക്കാനാകും എന്നുള്ള കഴിവ് ഇങ്ഗ്ളിഷിൽ ഇല്ലേയില്ല എന്നുള്ളതാണ്.

ഭാഷ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ, വ്യക്തിയുടെ മാനസികാവസ്ഥ ആ ഭാഷക്കാരുടേതിലേക്ക് നീങ്ങും എന്നു പറയുന്നത് ഇങ്ഗ്ളിഷിനും ബാധകമാണ്. ഇങ്ഗ്ളിഷ് ഭാഷ കേൾക്കുകയും മനസിലാക്കുകയും ചെയ്യുമ്പോൾ, വ്യക്തിയിൽ മാനസികമായ മാറ്റങ്ങൾവരും എന്നുള്ളത് വാസ്തവമാണ്. എന്നാൽ ഇത് എങ്ങിനെയായിരിക്കും എന്നും ഇതിന്റെ ദിശ എങ്ങോട്ടായിരിക്കും എന്നും ഉള്ളത്, ആ വ്യക്തിയിൽ ഉള്ള ഫ്യൂഡൽ ഭാഷയുടേയും കേൾക്കുന്ന ഇങ്ഗ്ളിഷിന്റെയും ശക്തിയേയും ദിശാ ഘടകാംശത്തേയും ആശ്രയിച്ചിരിക്കും. ഫലമായി വരുന്നത് ഇവ രണ്ടിന്റേയും ത്രിമാനഗണിത ഘടകാംശം (Trigonometric component) ആയിരിക്കും.

തമിഴ് നന്നായി സംസാരിച്ചു ജനിച്ച് വളരുന്ന ആൾക്ക് തമിഴന്റെ മുഖഭാവവും, ഹിന്ദി സംസാരിച്ച് വളരുന്ന ആൾക്ക് ഹിന്ദിക്കാരന്റെ മുഖഭാവവും മറ്റും ഉണ്ടാവും എന്ന് പൊതുവായി പറയാമെങ്കിലും, ഫ്യൂഡൽ ഭാഷകളിൽ യഥാർത്ഥത്തിൽ ഇങ്ങിനെമാത്രമല്ല മുഖഭാവത്തേയും ശരീരപ്രകൃതിയേയും ഭാഷാകോഡുകൾ രൂപകൽപ്പനചെയ്യുന്നത്.

ഫ്യൂഡൽ ഭാഷകളിൽ, ആ വ്യക്തി ഭാഷാ കോഡുകളിൽ ഏത് നിലവാരത്തിൽ ജനിച്ച് വളർന്നതാണ് എന്നതും, ഏത് തരക്കാരുടെ വാക്ക്-

കോഡുകളുടെ ചുറ്റിക പ്രഹരവും ഉളിപ്രയോഗവും അതുമല്ലെങ്കിൽ താലോലവും മറ്റും അനുഭവിച്ചിട്ടുണ്ട് എന്നും, ഏതെല്ലാം രീതിയിലുള്ള ചുരുട്ടലുകളും, വലിവുകളും ഉന്തലുകളും അനുഭവച്ചിട്ടുണ്ട് എന്നും ശാരീരിക ആകൃതിയേയും മുഖഭാവത്തേയും സ്വാധീനിക്കും. ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പിന്നീട് പറയാം.

Edgar Thurston എഴുതിയ Castes & Tribes of Southern India (Vol 1) എന്ന ഗ്രന്ഥത്തിനോട് അനുബന്ധിച്ച് ഈ എഴുത്തുകാരൻ ഒരു കമന്ററി എഴുതിയിട്ടുള്ളതിൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. തൽപ്പര്യമുള്ളവർക്ക് archive.orgൽ നിന്നും വായിക്കാം.

87. ഇങ്ഗ്ളണ്ടിലേക്ക് ഇരച്ചുകയറുന്ന പൈശാചികത

ഇനി പറയാനുള്ളത്, പാരമ്പര്യമായോ, അതുമല്ലെങ്കിൽ കുടുംബപരമായോ ഇങ്ഗ്ളിഷ് ഭാഷയുമായി ചിരകാല ബന്ധമുള്ള ഈ ഉപദ്വീപിലെ ജനങ്ങളും, പുതുതായി കൌമാരത്തിലോ, അതിന് ശേഷമോ ഇങ്ഗ്ളിഷ് ഭാഷയുമായി ബന്ധം സ്ഥാപിക്കുന്നവരും തമ്മിലുള്ള ഒരു സ്ഥായിയായുള്ള വ്യത്യാസത്തെക്കുറിച്ചാണ്.

ഫ്യൂഡൽ ഭാഷകളിൽ ജനിച്ച് വളർന്ന് വരുന്നവർ പൊടുന്നനെ ഇങ്ഗ്ളിഷ് പഠിച്ചാൽ, അവരിൽ അതിരുകടന്ന സ്വാതന്ത്ര്യബോധം വന്നുകാണപ്പെടുന്നതായി കാണപ്പെടാം. ചെറിയ സ്വാതന്ത്ര്യങ്ങൾ അമിത സ്വാതന്ത്ര്യമായി ഉപയോഗിക്കാനുള്ള ഒരു ആത്മധൈര്യം വന്നപോലെ തോന്നും. പ്രാദേശിക ഭാഷയിൽ ലാഘവ ഭാവത്തിൽ പരാമർശിക്കാനും, പോയി സംസാരിക്കാനും, ചോദിക്കാനും, ഇടപഴകാനും ധൈര്യപ്പെടാത്ത ഇടത്ത് കറിയ ഇടപെടാനും, ഇത്യാദി കാര്യങ്ങൾ ചെയ്യാനും വലിയ പ്രയാസം ഇല്ലാ എന്നുള്ള ഒരു തോന്നൽ വരും.

എന്നാൽ വാസ്തവം നേരെ മറിച്ചാണ്. കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ (pristine-English) പലതരം കീഴ്വഴക്കങ്ങളും, വാക്ക്-കോഡുകളും അന്യരുടെ അനാവശ്യ ഇടപെടലിനെ നിയന്ത്രിക്കുന്നുണ്ട്. എന്നാൽ പുതുതായി ഇങ്ഗ്ളിഷിലേക്ക് കയറിവരുന്നവരിൽ ചിലർക്കെങ്കിലും ഇക്കാര്യത്തെക്കുറിച്ച് കാര്യമായ വിവരം ഇല്ല എന്നാണ് തോന്നുന്നത്.

ഇതിന് ഏറ്റവും ചെറിയ ഉദാഹരണം അന്യരുടെ പേര് ചോദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ്. What is your name? എന്നല്ലാ, അനുവദനീയമായ കീഴ്വഴക്കം. മറിച്ച്, May I know your name, please? എന്നതാണ് ഉത്തമം. ഇതേ രീതിയിൽ പല കാര്യങ്ങൾക്കും ഒരു മിതത്വം കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ (pristine-English) ഉണ്ട്. ഇത് പ്രത്യേകിച്ചം സ്ത്രീകളെക്കുറിച്ചുള്ള സംഭാഷണവും പരാമർശവും ആവുമ്പോൾ കാര്യമായി ഉള്ളകാര്യമാണ്.

എന്നാൽ, ഇന്ന് പല ദേശങ്ങളിലും, ഇങ്ഗ്ളണ്ടിലടക്കം, ഇങ്ഗ്ളിഷുമായി പാരമ്പര്യമായി പുലബന്ധമില്ലാത്തവർ ഇങ്ഗ്ളിഷിനെ കൈയടക്കിവച്ച്, ആ ഭാഷയെ വികൃതമാക്കിക്കൊണ്ടിരിക്കുന്നു. ഇത് ഇങ്ഗ്ളിഷ് ഭാഷാ പ്രചരണത്തിൽ ഉള്ള ഒരു നിഷേധാത്മകതയായി പലരും കാണുന്നുണ്ട്.

ഔപചാരികമായി മാത്രം ബന്ധമുള്ളവരെ Mr., Mrs. അല്ലെങ്കിൽ Miss. തുടങ്ങിയ വാക്കുകൾ പേരിന് മുന്നിലായി വച്ചാണ് കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ സംബോധന ചെയ്യേണ്ടത്. അത് പോലെ തന്നെ, മറ്റൊരാളുടെ ഭാര്യയെ, വ്യക്തിപരമായി സൌഹൃദമില്ലെങ്കിൽ Mrs. പേരിന് മുന്നിൽ വച്ചാണ് സംബോധന ചെയ്യേണ്ടത്. വ്യക്തിപരമായി നേരിട്ട് സൌഹൃദമില്ലാത്ത ചെറുപ്രായക്കാരായ പെൺകുട്ടികളെ സംബോധന ചെയ്യുമ്പോൾ Miss. എന്ന പദം പേരിന് മുന്നിൽ വെക്കേണ്ടതാണ്.

സമൂഹത്തിൽ പല ഔപചാരിക പദവികൾ അലങ്കരിക്കുന്നവരുണ്ട്. ഉദാഹരണത്തിന് രാജാവ്, റാണി, പ്രഭുക്കൾ, തൊഴിൽ ഉടമകൾ തുടങ്ങിയവർ. ഇവരെ പരാമർശിക്കുമ്പോഴും, ഇവരെ സംബോധന ചെയ്യുമ്പോഴും, ഇവർ തിരിച്ച് ഇതെല്ലാം ചെയ്യുമ്പോഴും, പൊതുവായുള്ള You, He, She തുടങ്ങിയ പദങ്ങൾ തന്നെയാണ് അങ്ങോട്ടും ഇങ്ങോട്ടും ഉപയോഗിക്കുന്നത്.

ഇങ്ഗ്ളണ്ടിലേക്ക് പുറത്ത് നിന്നും വരുന്നവർക്ക്, ഈ സൌകര്യം കാണുമ്പോൾ, പലപ്പോഴും, ഇങ്ങിനെ ഔപചാരിക പദവിയിലുള്ളവരെക്കുറിച്ച് മതിപ്പില്ലാത്ത ഭാവമാണ് മനസ്സിൽ ഉദിക്കുക. പലപ്പോഴും, ഇവർ He, She തുടങ്ങിയ വാക്കുകൾ, അവരുടെ സ്വന്തം പ്രാദേശിക ഭാഷകളിലെ തരംതാഴ്ന്ന വാക്ക്-കോഡിനോടാണ് ബന്ധപ്പെടുത്തുക.

ഉദാഹരണത്തിന് ഇങ്ഗ്ളണ്ടിലെ രാജകുമാരിയെപ്പറ്റി She is coming here tomorrow എന്ന വാക്യം അവരുടെ മനസ്സിൽ 'അവൾ ഇവിടെ നാളെ വരുന്നുണ്ട്' എന്ന രീതിയിലാണ് മനസ്സിൽ പതിക്കുക. ഇതുമായി ബന്ധപ്പെട്ട ഒരു സംഭവവികാസം അടുത്ത എഴുത്തിൽ നൽകാം.

രാജകുമാരിയെത്തന്നെ ഇങ്ങിനെ തരംതാഴ്ത്താൻ ആകുമ്പോൾ, മറ്റ് സ്ത്രീകളുടെ കാര്യം പറയാനില്ലതന്നെ.

ഇങ്ങിനെയുള്ള വാക്ക്-കോഡിലൂടെയുള്ള തരംതാഴ്ത്തലിലെ ഭയാനകമായ സാമൂഹിക ഇടിച്ചിലിനെക്കുറിച്ച് ഇങ്ഗ്ളിഷുകാർക്ക് കാര്യമായ വിവരമില്ലെങ്കിലും, പൊതുവായിപ്പറഞ്ഞാൽ, സമൂഹത്തിൽ കാര്യമായ പൈശാചികത പടരുന്നുണ്ട് എന്ന് അവരിൽ പലർക്കും അനുഭവപ്പെടുന്നുണ്ട്. എന്നാൽ ഇതിന്റെ കാരണത്തെക്കുറിച്ച് അവർക്ക് യാതോരു എത്തും പിടിയും ഇല്ലാ എന്നുള്ളതാണ് വാസ്തവം.

88. പേനത്തുമ്പിലൂടെ മറ്റുള്ളവരെ തരംതാഴ്ത്തുന്ന കഴിവ്



Princess Diana
Photo owner: Auguel

https://en.wikipedia.org/wiki/File:Princess_Diana_at_Accord_Hospice_colorized.png

കഴിഞ്ഞ കുറിപ്പിൽ സൂചിപ്പിച്ച സംഭവവികാസം ഇവിടെ കുറിച്ചിടുകയാണ്. ബ്യട്ടിഷ് കിരീടാവകാശിയായ പ്രിൻസ് ചാൾസിന്റെ മുൻ പത്നിയായിരുന്ന ഡയന രാജകുമാരി (Princess Diana) ഒരു അപകടത്തിൽ പെട്ട് അന്തരിക്കുന്നു.

വ്യക്തിപരമായി പറയുകയാണെങ്കിൽ, ഈ സംഭവം ഒരു വൻ തലവേദനതന്നെ ഒഴിവായ പ്രതീതിയായിരുന്നു. കാരണം, ഇംഗ്ളിഷ് സംസ്ക്കാരത്തിലേക്ക് ഇരച്ച് കയറിവന്നുകൊണ്ടിരിക്കുന്ന പലതരം നിഷേധകരമായ കാര്യങ്ങളും ശരിക്കും തന്നെ ഈ വ്യക്തിയെ ഗ്രസിച്ചിരുന്നു. എന്നിരുന്നാലും, ഇങ്ഗ്ളിഷ് പാരമ്പര്യത്തിൽ ജനിച്ച് വളർന്നതിന്റെ ശാരീരികവും മാനസികവും ആയ വ്യക്തിത്വം ഇവരിൽ നിഴലിച്ചിരുന്നു.

പുറം ഭാഷക്കാരോട് അടുത്തിടപഴകുമ്പോൾ, സംഭവിക്കുന്ന വ്യക്തിത്വധ്വംസനത്തെക്കുറിച്ച് യാതോരു അറിവും ഇവർക്കില്ലായിരുന്നു എന്ന് പെരുമാറ്റത്തിലും, മറ്റും വ്യക്തമായിരുന്നു.

പുറം ഭാഷക്കാരുടെ നിഷേധാത്മകമായ കഴിവ് ഭാഷാകോഡുകളിൽ പലപ്പോഴും കാണാവുന്നതാണ്.

ഇവരുടെ മരണം ഒരു വൻ വാർത്താ സംഭവമായിരുന്നു. എല്ലാ പത്രക്കാരും അവർക്ക് ആവുന്ന വിവരവും വിവരക്കേടും വച്ച് വൻ ലേഖനങ്ങളും ഉപദേശങ്ങളും നൽകിക്കൊണ്ടിരുന്നു. മലയാളത്തിലും ഇത് സംഭവിച്ചിരുന്നു.

മലയാളത്തിൽ ചില ലേഖനങ്ങൾ വായിച്ചപ്പോൾ, ഇവരെ പരാമർശിക്കുന്നത് 'അവൾ' എന്നും, ഇവർക്ക് വ്യക്തിപരമായി പല ഉപദേശങ്ങളും നൽകുന്ന വാക്കുകളിൽ 'നീ' എന്ന് സംബോധന ചെയ്തും കണ്ടിരുന്നു, അന്ന്.

എന്നാൽ ഇങ്ങിനെയുള്ള തരംതാഴ്ത്തുന്ന എഴുത്തുകൾ വായിച്ചാൽ പലപ്പോഴും ഈ എഴുത്തുകാരുടെ നിലവരക്കുറവാണ് പ്രതിഫലിച്ച് കാണുക.

ഈ വിഷയം ഈ എഴുത്തുകാരൻ, March of the Evil Empires: English versus the feudal languages എന്ന പുസ്തകത്തിൽ ഒരു ഇടത്ത് പ്രതിപാദിച്ചിരുന്നു. പ്രതിപാദ്യത്തിൽ ഇങ്ങിനെ എന്തോ സൂചിപ്പിച്ചാതായി ഓർമ്മവരുന്നു:

QUOTE: "പത്രമാപീസുകളിൽ, അവരുടെ പത്രമുടമകളുടേയും, മേലുദ്യോഗസ്ഥരുടേയും കീഴിൽ പലതരം വാക്ക് കോഡുകളിലൂടെയുള്ള തരംതാഴ്ത്തലുകളിലും പെട്ട് ഉഴലുന്നവരാണ് ഇവർ. മാത്രമുമല്ല കേരളത്തിലെ ഏതെങ്കിലും ചെറുകിട സർക്കാർ ഓഫിസിൽ പോയി ഒരു എളിയ ഉദ്യോഗസ്ഥനെപ്പോലും 'നിങ്ങൾ' എന്ന് പോലും സംബോധന ചെയ്യാനുള്ള മാനസിക കെൽപ്പുള്ളവരും അല്ല ഇവർ. ഇങ്ങിനെയുള്ള ആളാണ് ബ്യട്ടിഷ് രാജകുമാരിയെ 'നീ' എന്ന് സംബോധന ചെയ്യുന്നത്". END OF QUOTE

ഈ ഗ്രന്ഥത്തിന്റെ കരട് രൂപം മലയാളത്തിലെ ഒരു പ്രമുഖ പത്രത്തിലെ ആദരേണ്യസ്ഥാനം വഹിക്കുന്ന ഒരു വ്യക്തി വായിച്ചതിന് ശേഷം, പത്രക്കാരെക്കുറിച്ച് മുകളിൽ സൂചിപ്പിച്ച കാര്യം 100 ശതമാനവും ശരിയാണ് എന്ന് പറയുകയുണ്ടായി.

പോരാത്തതിന് മറ്റൊരു പത്രപ്രവർത്തകൻ ഇത് സ്ഥിരീകരിക്കുകയും ചെയ്തു.

ആ ആൾ പറഞ്ഞത് ഇപ്രകാരമാണ്: **QUOTE**: സ്ഥാപനത്തിനുള്ളിൽ പത്രമുടമകൾ ഞങ്ങളെ ഒരു തരം 'വാടാ, പോടാ' എന്ന രീതിയിലാണ് കാണുന്നത്. എന്നാൽ, ഈ പത്രത്തിലെ പത്രപ്രവർത്തകരാണ് എന്ന് പറഞ്ഞാൽ, പുറലോകത്ത് ഞങ്ങൾക്ക് വൻ ബഹുമാനമാണ് ലഭിക്കുന്നത്. അതിനാൽ തന്നെ, ഈ തൊഴിൽ വിട്ട് പോകാനും ആകില്ല. END OF QUOTE

മുകളിൽ പറഞ്ഞ സംഭാഷണങ്ങൾ ഏതാണ്ട് 15 വർഷത്തിന് മുൻപ് സംഭവിച്ച കാര്യങ്ങളാണ്. ഇപ്പോഴത്തെ കാര്യം എങ്ങിനെയാണ് എന്ന് അറിയില്ല.

89. ചെറിയൊരു സ്വാതന്ത്ര്യം അമിത സ്വാതന്ത്ര്യമാകുന്നതെങ്ങിനെ

മുകളിൽ നൽകിയ സംഭവ വിവരണംവിട്ട്, തിരിച്ച് പോകാം. പ്രശ്നം മനുഷ്യർ തമ്മിലുള്ള സമത്വം എന്നത് ആണ്. ഇതിന്റെ ഉള്ളറകൾ ഇങ്ഗ്ളിഷുകാർക്ക് ഒട്ടും തന്നെ അറിവില്ലതന്നെ.

ഒരു ഇങ്ഗ്ളിഷ് പരിശീലകൻ എന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ കാര്യം കുറച്ച് കൂടി വ്യക്തമായി പറയാവുന്നതാണ്. പേരിന് മുന്നിൽ ഒരു Mr. ചേർത്തുകൊണ്ടാണ്, ഇങ്ഗ്ളിഷ് പരിശീലിക്കാനായി വരുന്നവർ ഈ എഴുത്തുകാരനെ സംബോധന ചെയ്യാറ്. 'Sir', 'സാർ തുടങ്ങിയ വാക്കുകൾ നിഷിധമാണ്. മാത്രവുമല്ല, (പരിശീലനത്തിന് വരുന്നവർ മലയാളം സംഭാഷണം നടത്തുന്നത് പ്രോത്സാഹിക്കുന്നില്ലെങ്കിലും) മലയാളത്തിൽ സംബോധന ചെയ്യുമ്പോൾ, 'നിങ്ങൾ' എന്ന പദമാണ് ഉപയോഗിക്കാൻ താൽപ്പര്യപ്പെടുക. ഭാഷാകോഡുകൾ പ്രകാരം പലതരം പ്രശ്നങ്ങൾ ഉള്ള ഒരു സംഗതിയാണ് ഇത്. എന്നാൽ പരിശീലനത്തിന് ഇങ്ഗ്ളിഷ് ഭാഷാ കോഡുകളോട് താദാത്മ്യം വരുത്താൻ മറ്റ് മാർഗ്ഗമില്ലതന്നെ.

സാമൂഹികമായി ഉയർന്ന വേദികളിൽ നിന്നും വരുന്നവരാണെങ്കിൽ, പലപ്പോഴും ഇത് അവരിൽ ഗൌരവമേറിയ മാനസിക വ്യതിചലനം വരുത്താറില്ല. എന്നാൽ, സാമൂഹികമായോ വ്യക്തിപരമായോ പലവിധ ഞെരുക്കങ്ങളിൽ നിന്നും വരുന്നവർക്ക് ഇത് അതി ഗംഭീരമായ മാനസിക സ്വാതന്ത്ര്യമാണ് നൽകുക. ഇത് അവരിൽ മാനസികമായി ഒരു കെട്ടുകൾ അഴിച്ചിട്ട അനുഭൂതി സൃഷ്ടിക്കും.

ഇങ്ങിനെയുള്ളവരിൽ ചിലരിൽ കണ്ടുവരാറുള്ള ഒരു പ്രതിഭാസം, പൊടുന്നനെയുള്ള ഒരു സമത്വ ചിന്താഗതിയാണ്. അവരോട് ഒരു പരിശീലകൻ എന്ന നിലയിൽ വ്യക്തിപരമായ കാര്യങ്ങൾ എന്തെല്ലാം ചോദിച്ചിട്ടുണ്ടോ, ആ രീതിയിലുള്ള പലതും തിരിച്ച് ചോദിക്കാനും, പരിധിക്കപ്പുറത്ത് മനസ്സ് കടത്താനും ഒരു സ്വാതന്ത്ര്യം അവർ കാണിക്കും. ഇതിൽ കാര്യമായ ഒരു അബദ്ധമുണ്ട്.

ഈ ചിത്രീകരണം നോക്കുക:

സാമൂഹികമായി വളരെ പിന്നിൽ നിൽക്കുന്ന ഒരാൾ അയാളുടെ വീട്ടിലെ ഒരു മുഖ്യമായ ചടങ്ങിലേക്ക് ആ നാട്ടിൽ സാമൂഹികമായി ഉയർന്ന ഒരു വ്യക്തിയെ പോയി ക്ഷണിക്കുന്നു. സമയക്കുറവ് പറഞ്ഞ് ഒഴിവാകാൻ സാമൂഹിക മഹിമയുള്ള ആൾ ശ്രമിക്കുന്നു. എന്നാൽ, "അങ്ങ് വരികയാണെങ്കിൽ എനിക്ക് സാമൂഹികമായി ആദരവ് ഏറുന്ന കാര്യമാണ്", എന്ന ആഗതന്റെ കഠിനമായ യാചനാപരമായ അഭ്യർത്ഥനമാനിച്ചും, നിബർന്ധത്തിന് വഴങ്ങിയും, ഈ വ്യക്തി ആഗതന്റെ വീട്ടിലെ ചടങ്ങിൽ പങ്കെടുക്കുന്നു.

എന്നാൽ സാമൂഹിക മഹിമയുള്ള ഈ വ്യക്തി അയാളുടെ വീട്ടിൽ ഒരു മുഖ്യമായ ചടങ്ങ് വന്നപ്പോൾ, മറ്റേ ആളെ ക്ഷണിക്കുന്നില്ല. ഇതിൽ ആദ്യത്തെ ആൾക്ക് കഠിനമായ വിരോധവും നീരസവും. 'എന്റെ വീട്ടിലെ ചടങ്ങിൽ പങ്കെടുത്തില്ലെ? പിന്നെന്ത് കൊണ്ട് അദ്ദേഹത്തിന്റെ വിട്ടിലെ ചടങ്ങിൽ എന്നെ ക്ഷണിച്ചില്ല?'

തന്റെ ക്ഷണം സ്വീകരിച്ച സ്ഥിതിക്ക്, ഈ കാര്യത്തിൽ തങ്ങൾ രണ്ടുപേരും ഒരു സമത്വത്തിൽ എത്തിയിട്ടുണ്ട് എന്ന വാദഗതി അയാളിൽനിന്നും വരും. എന്നാൽ കാര്യങ്ങൾക്ക് കൂടുതലായുള്ള വിശദീകരണം ഉണ്ട്. ഈ ഒരു കാര്യംകൊണ്ട് മാത്രം രണ്ട് പേരും തുല്യരാകുന്നില്ല. ആദ്യത്തെ സംഗതിയിൽ, ഈ ആൾക്ക് മറ്റേ ആളുടെ വരവിൽ സാമൂഹിക മഹിമ ലഭിക്കുന്നു. രണ്ടാമത്തെ സംഭവത്തിലും, ഈ ആളെ ക്ഷണിച്ചിരുന്നെങ്കിൽ, ഈ ആൾക്ക് സാമൂഹിക മഹിമ വീണ്ടും ലഭിക്കും. എന്നാൽ, ആദ്യത്തേതിലും, രണ്ടാമത്തേതിലും, സാമൂഹിക ഉന്നതിയിലുള്ള ആൾക്ക് യാതോരുവിധ തത്തുല്ല്യമായ അനുഭവവും ലഭിക്കില്ല.

90. അടിമത്തത്തിലൂടെ മാനസിക ഔന്നിത്യത്തിൽ എത്തിയവർ



യൂ.എസ്. ഏയിലെ കാപ്പിരി അടിമ കുടുംബം.

[മുകളിലെ ചിത്രം: യൂഎസ്ഏയിലെ കാപ്പിരി അടിമ കുടുംബം.]

ഈ ഒരു പ്രശ്നം യൂഎസ്ഏയിലെ പല ജനവിഭാഗങ്ങളെക്കുറിച്ചും പറയാനാവുന്നതാണ്.

ആദ്യം അവിടെയുള്ള കാപ്പിരിവർഗ്ഗക്കാരെക്കുറിച്ച് പറയാം. അടിമകളായി കൊണ്ട് വന്ന ഇവർക്ക് ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുന്നവരിൽ നിന്നും ലഭിച്ചത് ലോകത്തിൽ (തിരുവിതാംകൂറിലേയും, മലബാറിലേയും അടിമകൾ അടക്കം) യാതോരു അടിമകൾക്കോ കൂലിക്കാർക്കോ ലഭിച്ചിട്ടുള്ള അനുഭവമല്ല. യജമാനന്മരെ പേരിന് മുന്നിൽ Mr., Mrs. Miss. &c. ചേർത്ത് വിളിക്കാം. യജമാനന്മാരുടെ അതേ പോലുള്ള വസ്ത്രങ്ങൾ ധരിക്കാം. കസേരയിൽ ഇരിക്കാം. യജമാനനോ, അയാളുടെ നിലയിലുള്ള മറ്റാരെങ്കിലുമോ വന്നാൽ എഴുന്നേറ്റ്, തലകുനിച്ച് ബഹുമാനിക്കേണ്ട ആവശ്യമില്ല. കുടുംബപരമായി ജീവിക്കാം.



CHÓGANS.

തിരുവിതാംകൂറിലെ ചൊവ്വൻകുടുംബം. ഇവരെക്കാളൊക്കെ വളരെ താഴെയായിരുന്ന ഹീന ജാതിക്കാരെ തികച്ചും മൃഗതുല്യരായാണ് സാമൂഹികമായി പരിഗണിച്ചിരുന്നത്.

Picture source:
Native life in Travancore by REV. Samuel Mateer

അയാൾക്കും ഭാര്യയ്ക്കും മക്കൾക്കും 'നീ' എന്ന സംബോധനാ വാക്കും, 'അവൾ', 'അവൻ' എന്ന രീതിയിലുള്ള പരാമർശങ്ങളും ലഭിക്കില്ല. അവരോട് പറയുന്ന അതെ, You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയവാക്കുകൾ അവരുടെ യജമാനനെക്കുറിച്ചും, അയാളുടെ കുടുംബക്കാരെക്കുറിച്ചും പറയാം.

[തിരുവിതാംകൂറിലുണ്ടായിരുന്ന അടിമത്ത സമ്പ്രദായത്തെക്കുറിച്ച് അറിയാനായി ഈ വെബ് ലിങ്ക് പിന്തുടരുക. ഇതിൽ കാണുന്ന വിവരങ്ങൾ കള്ള വിവരങ്ങൾ നൽകുന്ന പാഠപുസ്തകങ്ങളിലും, മാധ്യമങ്ങളിലും കണ്ടേക്കില്ല: https://archive.org/details/Slavery_201410]

[Slavery in the Indian Subcontinent]

[മുകളിലെ ചിത്രം: തിരുവിതാംകൂറിലെ ചൊവ്വൻ കുടുംബം circa 1890.]

ഈ വിധമുള്ള സ്വാതന്ത്ര്യം ഇന്ത്യയിലേയോ പാക്കിസ്ഥാനിലേയോ (sepoy) പട്ടാളക്കാർ അവരുടെ ഓഫിസർമാരോടോ, അവരുടെ കുടുംബക്കാരോടോ പ്രകടിപ്പിച്ചാൽ, അവരെ മർദ്ദിച്ച് മരണത്തിന് തൊട്ടടുത്തുവരെ എത്തിക്കും, ഓഫിസർമാർ, എന്ന് മനസ്സിലാക്കിയാൽ, ഈ കാപ്പിരികൾക്ക് ലഭിച്ച മാനസിക ഉന്നമന പരിശീലനത്തിന്റെ ശക്തിമനസ്സിലാക്കാനാകും.

അതേ സമയം, ഇങ്ഗ്ളിഷ് പക്ഷത്തിൽ നിന്നും ലോകത്തിൽ എവിടെയും ലഭിച്ചത് പെട്ടന്ന് നിർവ്വചിക്കാനാവാത്ത പലതരം അതിഗംഭീര ഗുണമേന്മയുള്ള കാര്യങ്ങളാണ്. ഏറ്റവും ചെറുതായി കാണാവുന്നതായ English nursery rhymes, English fairytales, English classical writings തുടങ്ങിവയും, ഇങ്ഗ്ളിഷിലെ Thank you, May I, Sorry, I apologise, Good morning തുടങ്ങിയ വാക്കുകളും. ഇവയ്ക്ക് ദിശാ ഘടകാംശം ഇല്ലാ എന്നുള്ളതാണ് ഇവയുടെ മഹിമ.

മാത്രവുമല്ല, സ്വന്തം അധമത്വം വിളിച്ചറിയിക്കുന്ന വസ്ത്രങ്ങളോ, ബഹുമാനിക്കേണ്ടവർവരുമ്പോൾ (സ്ത്രീകൾ) മാറിടം തുറന്ന് കാണിക്കേണ്ടതോ, (പുരുഷന്മാർ) മുണ്ടിന്റെ മടികുത്ത് അഴിച്ച് ബഹുമാനം കാണിക്കേണ്ടതോ ആയ വസ്ത്രവിധാനങ്ങളല്ല ഇങ്ഗ്ളിഷ് ഭാഷക്കാർ പ്രചരിപ്പിച്ചത്.

QUOTE from 'Native life in Travancore by REV. Samuel Mateer: Another serious evil arising out of the idea of caste pollution is that the covering of the bosom with clothing is forbidden, in order to the easy recognition and avoidance of the lower castes by their masters. This rule of going uncovered above the waist as a mark of respect to superiors is carried through all grades of society, except the Brahmans. The highest subject uncovers in the presence of the Sovereign, and His Highness also before his god Patmanabhan. This was also the form of salutation even from females to any respectable person. END of QUOTE

ഈ നിസ്സാരം എന്ന് തോന്നിക്കാവുന്ന കാര്യങ്ങൾ മാത്രം മതി സാമൂഹികമായി തമ്മിൽതമ്മിൽ വെറുപ്പോടും, വെറിയോടും വീക്ഷിക്കുന്ന ഒരു സമൂഹത്തെ അതിഗംഭീര സമൂഹിക സമത്വത്തിലേക്കും, ഗുണമേന്മയിലേക്കും നയിക്കാൻ.

....

Note: പൊതുവെ പാഠപുസ്തകങ്ങളിൽ കാപ്പിരി അടിമത്വവുമായി ഇങ്ഗ്ളിഷുകാരെയാണ് ബന്ധപ്പെടുത്തിക്കാണുന്നത്. ഇതിൽ കാര്യമായ തെറ്റും കരുതിക്കൂട്ടിയുള്ള നുണയും ഉണ്ട്. ഇതിനെക്കുറിച്ച് പിന്നീട് പ്രതിപാദിക്കാം.

91. യൂഎസ്സ്എയിലെ അടിമത്ത ചിത്രങ്ങൾ

കഴിഞ്ഞ എഴുത്തിൽ വന്ന കാപ്പിരി അടിമകളുടെ ചിത്രത്തെ സംബന്ധിച്ച് ഇങ്ങിനെ ഒരു പ്രതികരണം ഒരു ഗ്രൂപ്പിൽ വന്നു: **QUOTE**: അക്കാലത്ത് കോട്ടും സൂട്ടും ഇട്ട അടിമകളോ??▯▯ END of QUOTE.

പലർക്കും പ്രക്ഷേപണമായി നൽകുന്ന ഒരു എഴുത്തായതിനാൽ സാധാരണ ഗതിയിൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ശ്രമിക്കാറില്ല. കാരണം, സമയക്കുറവും, എഴുത്തിന്റെ ഏകാഗ്രമായ ദൃഷ്ടികേന്ദ്രത്തെ ഇത് ബാധിച്ചേക്കും എന്നതും.

എന്നാൽ ഒരു ഒറ്റപ്പെട്ട സംഭവം എന്നരീതിയിൽ, ഈ പ്രതികരണത്തിന് ഉത്തരം നൽകുകയാണ്.

ഈ തരം ചിത്രങ്ങൾക്ക് യൂഎസ്എയിൽ നിന്നുമുള്ള പ്രതികരണം നേര തിരിച്ചാണ്. ആഫ്രിക്കയിൽനിന്നും വന്നവർ 2000 വർഷത്തിന് മുകളിൽ ദൈർഘ്യമുള്ള ഗംഭീര പാരമ്പര്യങ്ങൾ ഉള്ള അതി മഹത്തായ സംസ്ക്കാരത്തിൽനിന്നും വന്നവരാണ് ഇവരെന്ന രീതിയിലാണ് ഇന്ന് പല ആഫ്രിക്കൻ രാജ്യങ്ങളും സ്ക്കൂൾ പാഠപുസ്തകങ്ങളിൽ അവരുടെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത്. അവിടങ്ങളിൽ ചില ജനക്കൂട്ടങ്ങളിൽ നരഭോജനം (cannibalism) ഒരു ആഹാര സംസ്ക്കാരമായിരുന്നു എന്ന് സൂചിപ്പിക്കുന്നത് വരെ തെമ്മാടിത്തവും നിന്ദഭാഷണവും (hate speech) ആണ് എന്ന രീതിയിലാണ് ചരിത്രപഠനം മുന്നേറുന്നത്.


എന്നാൽ, ആഫ്രിക്കൻ പ്രദേശങ്ങളിൽനിന്നും കൊണ്ടുവന്നിരുന്ന അടിമകളുടെ യഥാർത്ഥ ചിത്രം ഈ എഴുത്തിലെ 11 അദ്ധ്യായത്തിൽ നൽകിതു പോലെയാണ്. ഈ ചിത്രം ഇവിടെ വീണ്ടും നൽകുകയാണ് (ചിത്രം A). വസ്ത്രധാരണം മിക്കവാറും നാണംമറയ്ക്കാനുള്ള ഒരു ചെറിയമറ മാത്രം.

കഴിഞ്ഞ എഴുത്തിൽ നൽകിയ ചിത്രം ഇതാണ്: Family on Smith's Plantation, Beaufort, South Carolina, circa 1862. https://en.wikipedia.org/wiki/File:Family_of_African_American_slaves_on_Smith%27s_Plantation_Beaufort_South_Carolina.jpg

ഇത് പോലുള്ളമറ്റ് ചിത്രങ്ങൾ വേറെയും നൽകാം:



1. Slaves Waiting for Sale - Richmond, Virginia



2. James Hopkinson's Plantation. Planting sweet potatoes. African American men and women hoe and plow the earth while others cut piles of sweet potatoes for planting. One man sits in a horse-drawn cart.



3. 1861: "Slaves for sale, a scene in New Orleans."



4. Timothy H. O'Sullivan (American - Slaves, J. J. Smith's Plantation, South Carolina



5. ഒളിച്ചോടി രക്ഷപ്പെട്ട അടിമകൾ

6. ഇനി മറ്റൊരു ചിത്രം നൽകാം. ഇത് ലോകത്തിലെ ഏറ്റവും മൂല്യമേറിയ ചിത്രം എന്ന് വിശേഷിക്കപ്പെടുന്ന Gone with the wind എന്ന ചിത്രത്തിൽനിന്നുമാണ്.



ഈ സിനിമയിൽ അടിമകളെ, ഇങ്ഗ്ളിഷ് സംസാരിക്കുന്ന അവരുടെ യാജമാനന്മാരുടെ അതേ വ്യക്തിത്തത്തോടുകൂടി ചിത്രീകരിക്കാത്തതിലും മറ്റും യൂഎസ്എയിലെ കാപ്പിരി സംഘടനകളും സാംസ്ക്കാരികവേദികളും ഈ സിനിമയെ വിമർശിച്ചിട്ടുണ്ട്.

അടിമത്തം എന്ന സമ്പ്രദായത്തെക്കുറിച്ച് പിന്നീട് എഴുതാം എന്ന് കരുതിയതാണ്. എന്നാൽ, ഇവിടെ ഇത് പ്രതിപാദ്യമായതിനാൽ അടുത്ത എഴുത്തിൽ കുറച്ച് കാര്യങ്ങൾ എഴുതാം.

അതിന് ശേഷം, എഴുത്തിന്റെ ഒഴുക്കിലേക്ക് തിരിച്ച് പോകാം. എന്നാൽ ഇത്രയും കൂടി ഇവിടെത്തന്നെ പറയാം: ദക്ഷിണേഷ്യൻ ഉപഭൂഖണ്ടത്തിലെ കീഴ്ജാതിക്കാരും മറ്റ് സാമൂഹികമായി കീഴെവന്നവരും അനുഭവിച്ചിരുന്ന 'നീ', 'ഇഞ്ഞി', 'അവൻ', 'ഓൻ', 'അവൾ', 'ഓള്', 'എടാ', 'എടീ', 'എന്താടാ', 'എന്താടീ', 'എന്താനേ', 'എന്താളെ', 'അവറ്റകൾ', 'ഐറ്റിങ്ങൾ' തുടങ്ങിയ അസഭ്യമല്ലാത്തതും, എന്നാൽ, മനുഷ്യാത്മാവിനെവരെ മലിനപ്പെടുത്തുന്നതുമായ വാക്കുകളുടെ പ്രഹരം ഈ അടിമകൾക്ക് ലഭിച്ചിരുന്നില്ല എന്ന് ചിത്രങ്ങളിൽ നിന്നും വ്യക്തമാണ്.

ഈ കാര്യത്തെക്കുറിച്ച് കുറച്ച് കൂടി പറയാം. അടുത്ത എഴുത്തിൽ.

92. അടിമത്തത്തെക്കാൾ മോശമായ അവസ്ഥ

അടിമത്തത്തെക്കുറിച്ച് പാഠപുസ്തകങ്ങളിൽ സൂചിപ്പിക്കപ്പെടുമ്പോൾ, തൊടുന്നനെ പ്രസ്താവിക്കുന്നത് യൂഎസ്എയിലെ ദക്ഷിണ പ്രദേശങ്ങളിൽ നടപ്പിലായിരുന്ന കാപ്പിരികളുടെ അടിമത്തമാണ്. എന്നാൽ വാസ്തവത്തിൽ ലോകത്തിൽ ഏറ്റവും നിസ്സാരമായ അടിമത്തവും ഇതായിരുന്നു.

ലോകത്തിലെ മിക്ക പ്രദേശങ്ങളിലും അടിമത്തം എന്നത് ഒരു സാധാരണ സാമൂഹിക സംഭവമായിരുന്നു. ഇങ്ഗ്ളണ്ടിൽ മാത്രം ഇത് ഇല്ലായിരുന്നു എന്നാണ് തോന്നുന്നത്. തീർച്ചയില്ല. പഴയകാല ഇങ്ഗ്ളിഷ് ചരിത്രങ്ങളും പുസ്തകങ്ങളും വായിക്കുമ്പോൾ, ഈ ചെറിയ പ്രദേശത്ത് ഇങ്ങിനെ ഒരു ജനക്കൂട്ടം ഉള്ളതായി സൂചിപ്പിക്കപ്പെടുന്നില്ല. മാത്രവുമല്ല, രണ്ടാം ലോക മഹായുദ്ധം കഴിയുന്നതോടുകൂടിയാണ് പുറത്തുള്ള ആളുകൾ ഇങ്ഗ്ളണ്ടിലേക്ക് അമിതമായി കടന്നുവരുന്നത്.

മാത്രവുമല്ല, ഇങ്ഗ്ളിഷ് സംസാരിക്കുന്ന ഒരു സാമൂഹികാന്തരീക്ഷത്തിൽ, അടിമകളും പണിക്കാരും മറ്റും സാമൂഹികമായി വലിയ അധമത്വം അനുഭവിക്കില്ല. കാരണം ഇങ്ഗ്ളിഷ് ഭാഷ അങ്ങിനെയുള്ളതാണ്. അവർ പെട്ടെന്ന് തന്നെ മറ്റുള്ളവരെ പോലെയാകും.



TIYA FEMALES AT A COIR FACTORY.

Picture: Castes and Tribes of Southern India by Edgar Thurston

മുകളിൽ നൽകിയിട്ടുള്ള ചിത്രം പഴയകാല (1860കൾ) തലശ്ശേരിയിലെ തീയ്യ പണിക്കാരത്തി സ്ത്രീകളാണ്. ഇവർ അടിമകളല്ല. മറിച്ച് തൊഴിലാളികളാണ്. തീയ്യന്മാരിൽ ഭൂ ഉടമകളും മറ്റും ഉണ്ടായിരുന്നെങ്കിലും, സാമുഹീകമായി ഭാഷാകോഡുകളിൽ അടിത്തട്ടിൽ പെട്ടുപോയ തൊഴിലാളികളായ തീയ്യരും ഉണ്ടായിരുന്നു.

വളരെ പ്രത്യക്ഷമായിത്തന്നെ കാണാവുന്ന കാര്യമാണ്, ഈ സ്ത്രീകൾക്ക് അമേരിക്കയിലെ നീഗ്രോ അടിമകൾക്ക് ലഭിച്ച വ്യക്തിത്വ വളർച്ച ലഭിച്ചില്ലായെന്നത്. ഇത് അവരുടെ അർദ്ധ നഗ്ന വസ്ത്രധാരണത്താലല്ല സംഭവിച്ചത്. കാരണം, ഇവരേക്കാൾ ഉയർന്ന ജാതിക്കാരായ നായർമാരിലും

വസ്ത്രധാരണത്തിൽ വലിയ വ്യത്യാസം ഇല്ലായിരുന്നു. അവർ ബ്രാഹ്മണരുടെ മുന്നിൽ മാറ് മറയ്ക്കാതിരിക്കുന്നത് ബഹുമാനസൂചകമായിട്ടായിരുന്നു.

ഈ തീയ്യ പണിക്കാരികളെ അവരുടെ തന്നെ ജാതീയമായി താണ നിലയിലുള്ള കുടുംബക്കാരും, സാമുദായിക നേതാക്കളും തൊട്ട് മുകളിലുള്ള നായർമാരും (കുട്ടികൾ അടക്കം), അവരുടെ തൊഴിൽമേധാവികളും 'ഇഞ്ഞി', 'എടി', 'അളെ', 'എന്താളെ', 'ഐറ്റിങ്ങൾ', വെറും പേര് തുടങ്ങിയ വാക്കുകളാലാണ് നിർവ്വചിക്കപ്പെട്ടത്. ഈ വാക്ക് കോഡുകളുടെ പ്രഹരം ആണ് ഇവരുടെ അധമത്വത്തിന് കാരണം. പേരുകൾ തന്നെ ബ്രാഹ്മണമതത്തിൽ നിന്നുമുള്ളതായിരുന്നില്ല. ഉദാ. നാണി, ചിരുത, ചീരു, പിറുക്ക്, മാത &c.

മാത്രവുമല്ല, സാമൂഹികമായി ഉയർന്നവരുടെ ഗൃഹങ്ങളിൽ പോയാൽ, നിലത്തിരിക്കുക, ബഹുമാന സൂചകമായി കുനിയുക തുടങ്ങിയ പ്രശ്നങ്ങൾ നേരിട്ടിരുന്നു.

ഈ ഉപദ്വീപിൽ ഏതാണ്ട് 1890കൾ കാലഘട്ടത്തിൽ സാമൂഹികമായി കീഴിൽപെട്ടവരുടെ ഒരു ചിത്രം താഴെകൊടുക്കുന്നു. ഈ ആളുകളും രേഖാ പ്രകാരം അടിമകൾ അല്ല



അടിമത്തം മോശമായ അവസ്ഥയാണ്. എന്നാൽ, അതിനേക്കാൾ മോശമായ അവസ്ഥ അനുഭവിക്കേണ്ടിവരിക എന്നതാണ് കൂടുതൽ വേദനാജനകം. ഇതുമായി ബന്ധപ്പെട്ട് കുറച്ച് കൂടി പറയാനുണ്ട്. ചില സംഭവങ്ങൾ അടക്കം.

93. ഇരുത്തേണ്ടിടത്ത് ഇരുത്താനുള്ള വാക്ക് കോഡുകൾ ഇല്ലെങ്കിൽ

അതേ സമയം യൂഎസ്സിൽ എത്തിയ കാപ്പിര അടിമകൾക്ക് ലഭിച്ചത് വാക്ക് കോഡുകളുടേയും വസ്ത്രധാരണത്തിന്റെയും ഔന്നിത്യമാണ്. English nursery rhymes, English fairytales, English classical writings തുടങ്ങിയവയുടെ മാസ്മരിക പ്രഭാവവും അവരിലേക്ക് ലയിച്ചു. എന്നിട്ടും അവരിൽ മിക്കവർക്കും ആ കാര്യത്തെക്കുറിച്ച് യാതോരു ബോധമോ, നന്നിയോ (നന്ദിയോ) ഇല്ലതന്നെ. മറിച്ച് അമിതമായ വിരോധവും, നെറികേടും, മറ്റുമാണ് ഉള്ളത്.

ഈ എഴുത്തുകാരൻ പണ്ട് കേരളത്തിന് പുറത്ത് വച്ച് ഒരു മലായാളി വ്യവസായ പ്രമുഖനുമായി പരിചയമുണ്ടായിരുന്നു. അന്ന് അയാൾ ഏതാണ്ട് 30 വയസ്സിൽകൂടുതൽ കാണും പ്രായം. ഈ ആളുടെ വ്യവസായത്തിൽ ജോലിചെയ്യുന്ന ഒന്ന് രണ്ട് തൊഴിൽ സൂപ്പർവൈസർമാരെയും (മലയാളികൾ) ചെറുതായി കണ്ട് പരിചയമുണ്ടായിരുന്നു അന്ന്. അവരുടെ സാമൂഹിക നിലവാരത്തിൽ അവർക്ക് 'ചേട്ടൻ', എന്ന തീരിയിൽ ബഹുമാനം ലഭിച്ചിരുന്നവരായിരുന്നു. ഇവരുടെ പ്രായം ഏതാണ്ട് 40 വയസ്സിന് മുകളിൽ വരും.

ഒരിക്കൽ വ്യവസായ പ്രമുഖന്റെ വീട്ടിൽ ആ ആളോടൊപ്പം ഇരുന്ന് സംസാരിക്കുന്ന അവസരത്തിൽ ഒരു സൂപ്പർവൈസർ അവിടെ വന്നു. ചെറുപ്പക്കാരനായ വ്യവസായ പ്രമുഖൻ അയാളെ മുറ്റത്ത് നിർത്തി, വീട്ടിന്റെ കോലായിൽ നിന്ന് കൊണ്ട് 'നീ' എന്ന് സംബോധന ചെയ്ത് കൊണ്ട് പല നിർദ്ദേശങ്ങളും കൊടുത്തു. വ്യക്തമായും പ്രായം അധികമുള്ള സൂപ്പർവൈസറെ ഇങ്ങിനെ തരംതാഴ്ത്തി സംസാരിക്കുന്നത് കണ്ടപ്പൊൾ ചെറിയൊരു മനപ്രയാസം തോന്നി.

ഇക്കാര്യത്തെക്കുറിച്ച്, ആ വ്യവസായ പ്രമുഖനോട് പിന്നീട് സൂചിപ്പിച്ചപ്പോൾ, അയാൾ പറഞ്ഞത് ഇപ്രകാരമാണ് :

'ഇവനെയൊക്കെ നിലക്ക് നിർത്തിയാൽ പ്രശ്നമില്ല. വീട്ടിൽ കയറി ഇരിക്കാനും മറ്റും പറഞ്ഞാൽ, പിന്നെ ഇവനെയൊക്കെ നിയന്ത്രിക്കാനാവില്ല. പരാതിയാവും, വിരോധമാവും, ചോദ്യംചെയ്യലാകും, അത് പറ്റില്ല, ഇത് പറ്റില്ല എന്നെല്ലാം ആവും. ഇരുത്തേണ്ടിടത്ത് ഇരുത്തിയാൽ, യാതോരു പ്രശ്നവുമില്ല.'

ഇതിന്റെ അപ്പുറത്തും പ്രശ്നം ഉണ്ട്. ചെറുപ്പക്കാരനായ തൊഴിലുടമയോട്, പ്രായം കൂടുതലുള്ള തൊഴിലാളി, അടുത്ത് ഇടപഴകിയാൽ, പ്രായമെന്ന ബഹുമാന പ്രശ്നം കടന്നുവരും. ഇതും പ്രശ്നമാണ്. ദിശാ ഘടകാംശം ആന്ദോലനം ചെയ്തേക്കും.

ഇതാണ് യൂഎസ്സിൽ കാപ്പിരി അടിമകൾ എന്ന് അവകാശപ്പെടുന്നവരുമായി ബന്ധപ്പെട്ട് സംഭവിച്ചത്. ഇങ്ഗ്ളിഷിൽ ആരേയും ഇരുത്തേണ്ടിടത്ത് ഇരുത്താനുള്ള വാക്ക് കോഡുകൾ ഇല്ലതന്നെ.

യൂഎസ്സിലെ വടക്കൻ പ്രദേശങ്ങളിലെ ആളുകൾക്ക്, മനുഷ്യരെ അടിമകളായി വെക്കുന്നു എന്നത് ചിന്തിക്കാൻ കൂടി പ്രയാസമുള്ള കാര്യമായിരുന്നു. യൂഎസ് എന്ന രാജ്യം പിറന്ന് വെറും 75 വർഷത്തിനുള്ളിൽ ഒരു വൻ യുദ്ധംതന്നെ നടത്തി അവർ കാപ്പിരികളെ മോചിപ്പിച്ച്, യൂഎസ്സിൽ പൌരത്വം നൽകി.

മനസ്സിലാക്കാൻ പറ്റാത്ത ഭാഷാ കോഡുകളുള്ളവരെ ഇങ്ഗ്ളിഷിലേക്ക് ലയിപ്പിക്കുന്നത് ഒരു തരം വിഢിത്തമായാണ് കാണാൻപറ്റുക. കാരണം, യാതോരു രാജ്യവും ഇങ്ങിനെ സ്വന്തം പൌരത്വം അന്യർക്ക് ഈ പ്രകാരം നൽകില്ല. അവരുടെ നാട്ടിലേക്ക് പോകാൻ അനുവാദവും സഹായവും നൽകുകയാണ് ചെയ്യുക. കുറെ പണവും നൽകും. എന്നാൽ, സ്വന്തം സ്ഥലത്ത് അന്യർക്ക് സർവ്വാവകാശവും നൽകുക എന്നുള്ളത് വരും തലമുറയോട് ചെയ്യുന്ന അപരാദം തന്നെയാണ്.

എന്നാൽ, ഒരു ഇങ്ഗ്ളിഷ് പ്രദേശത്ത് കുറച്ച് കാലം ജീവിക്കാൻ കഴിഞ്ഞാൽ പിന്നെ ചവുട്ടിപ്പുറത്താക്കിയാൽ പോലും ആരും തിരിച്ച് പോകില്ല എന്നുള്ളതാണ് വാസ്തവം.

അടിമത്തെക്കുറിച്ച് കുറച്ചുകൂടി ചരിത്രസംഭവങ്ങൾ പറയാനുണ്ട്.

94. ഇങ്ഗ്ളിഷിൽ പറഞ്ഞറിയിക്കാൻ വാക്കുകളില്ലാത്ത കാര്യങ്ങൾ

ഈ ഉപദ്വീപിലെ പാരമ്പര്യ അടിമത്തത്തെക്കുറിച്ച് വളരെയധികം പറയാനുണ്ട്. താൽപ്പര്യമുള്ളവർക്ക്, Slavery in the Indian Subcontinent എന്ന ഗ്രന്ഥം ഡൌൺലോഡ് ചെയ്യാവുന്നതാണ്: https://archive.org/details/Slavery_201410 എന്നാൽ ഈ ഗ്രന്ഥത്തിൽപ്പോലും ഭാഷാപരമായുള്ള തട്ട്തട്ടായുള്ള മാനസികവും സാമൂഹികവും ആയുള്ള അടിമത്തത്തെക്കുറിച്ച് ഒരു സൂചനപോലുമില്ല.

ഇവിടെ അതിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. മറിച്ച് ഒരു ചരിത്ര സംഭവം വിവരിച്ച്കൊണ്ട് ഈ വിഷയവും, ഈ എഴുത്തിന്റെ ഒഴുക്കിന്റെ ദിശവിട്ടുള്ള പ്രയാണവും അവസാനിപ്പിക്കുകയാണ്.

തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മയും എട്ടുവീട്ടിൽപ്പിള്ളമാരെന്ന പ്രാദേശിക ഭൂജന്മിപ്രഭുക്കന്മാരും തമ്മിലുള്ള ഏറ്റുമുട്ടലുകളെക്കുറിച്ച് പലർക്കും അറിവുള്ളകാര്യമായിരിക്കാം. ഈ സംഭവ വികാസങ്ങളിൽ ഏറ്റവും നിർണ്ണായകമായി വന്നത്, മുൻരാജാവിന്റെ രണ്ട് പുത്രന്മാർ മാർത്താണ്ഡവർമ്മയെ കാണാൻവന്ന അവസരത്തിൽ ഉണ്ടായ പ്രശ്നമാണ്. ഇത് അവിടെ കലാശിച്ചത് ആ രണ്ടുപേരുടേയും മരണത്തിലാണ്. ഈ സംഭവത്തിൽ പ്രാദേശിക ഭാഷയിൽ ഉണ്ടായിരുന്ന കടുത്ത ഫ്യൂഡൽ കോഡുകൾക്ക് കാര്യമായ പങ്കുണ്ട്. ഈ കാര്യം പിന്നീട് ചരിത്രസംഭവങ്ങൾ എഴുതുന്ന ദിക്കിൽ പരാമർശിക്കാം.

ഈ സംഭവത്തിന് ശേഷം മാർത്താണ്ഡവർമ്മ എട്ടുവീട്ടിൽ പിള്ളമാരെയും അവരുടെ കുടുംബങ്ങളിലെ സ്ത്രീകളെയും, പിള്ളമാർക്ക് കൂട്ട് നിന്നിരുന്ന പോറ്റിമാരെയും, പട്ടാളത്തെ വിട്ട് പിടികൂടി. പിള്ളമാരെ ചങ്ങലയിൽകെട്ടിയാണ് നാഗർകോവിലിൽ ഉണ്ടായിരുന്ന രാജാവിന്റെ മുന്നിൽകൊണ്ടുവന്നത്.

ഇവർ സാധാരണ ജനം അല്ല, മറിച്ച് ഭൂപ്രഭുക്കളായിരുന്നു. വാക്ക് കോഡുകളിൽ ബഹുമാനം നൽകപ്പെടേണ്ടവരാണ്. ചങ്ങലയിൽ കെട്ടിയിട്ട് നിലത്തിട്ടാൽ വാക്ക് കോഡുകളിൽ, പട്ടാളക്കാർ എങ്ങിനെയാണ് ബഹുമാനം നൽകുക എന്ന് അറിയില്ല.

പോറ്റിമാരെ നാടുകടത്തി. പിള്ളമാരെ വധശിക്ഷയ്ക്ക് വിധിച്ചു.

എന്നാൽ അവരുടെ സ്ത്രീകൾക്കും അവരുടെ പെൺമക്കൾക്കും ലഭിച്ചതാണ് ഏറ്റവും ഭീകരമായ ശിക്ഷ. അവരെ വധ ശിക്ഷയ്ക്ക് വിധിച്ചില്ല. പകരം, കടലോരങ്ങളിലെ മുക്കുവർക്ക് അടിമകളായി വിറ്റു.

ഇങ്ഗ്ളിഷിൽ നിന്നും നോക്കിയാൽ ഈ ശിക്ഷയുടെ ക്രൌര്യം മനസ്സിലാകില്ല. കാരണം, അവരെ കൊല്ലുന്നില്ല, അടിക്കുന്നുമില്ല, മറ്റ് രീതിയിൽ പീഢിപ്പിക്കുന്നുമില്ല. ഇവരെ വാങ്ങിക്കുന്ന മുക്കുവർ ഇവരെ ചങ്ങലയിൽ ബന്ധിപ്പിക്കില്ല.

എന്നാൽ ഫ്യൂഡൽ ഭാഷാകോഡുകളിൽ നിന്ന് നോക്കിയാൽ, ഭൂപ്രഭുക്കളായ ഇവർ (മാർത്താണ്ഡവർമ്മുയുടെ കുടുംബത്തിന് തുല്യമായ പദവിയുള്ളവർ), അവരേക്കാൾ സാമൂഹികമായി വളരെ താഴെയുള്ള ജനക്കൂട്ടങ്ങളുടെ കീഴിലേക്കാണ് നീങ്ങുന്നത്. അവരുടെ 'നീ', 'എടീ', 'അവൾ', 'പെണ്ണ്', വെറും പേര് വിളി തുടങ്ങിയ വാക്കുകളുടെ പ്രഹരത്തിലേക്ക്. എന്നാൽ ഇത് ഒരു പ്രഹരമായും കരുതാൻ ആവില്ലതന്നെ. കാരണം, ഈ വക വാക്കുകൾ മുക്കുവർ അവരുടെ സ്വന്തം സ്ത്രീകളോട് യാതോരു മര്യാദക്കുറവും ഉദ്ദേശിക്കാതെ തന്നെ ഉപയോഗിക്കുന്ന വാക്കുകളാണ്.

ഈ വാക വാക്കുകൾ അടിമകളായി വിൽക്കപ്പെട്ട വനിതകൾക്ക് ചങ്ങലകളെക്കാൾ ശക്തമായ ബന്ധനമാണ് നൽകുക. ഈ കാര്യം ഇങ്ഗ്ളിഷിൽ പറഞ്ഞ് മനസ്സിലാക്കിക്കാൻ പ്രയാസമാണ്. കാരണം, 'എടീ, ലച്മീ, നീ ആ പാത്രം ഇങ്ങെടുക്ക്' (Lakshmi, you bring that vessel here) എന്ന വാക്യത്തിൽ കാര്യമായ ഒരു അടിമത്തം കാണാനാകില്ല. എന്നാൽ ഐഎഎസ്സുകാരന്റെ ഭാര്യയോട് ഓഫിസ് അടിച്ചുവാരുന്ന ആളിന്റെ ഭാര്യ ഇങ്ങിനെ പറയുന്നത് ഒന്ന് ആലോചിച്ച് നോക്കൂ.

ഫ്യൂഡൽ ഭാഷകളിലെ പൈശാചികത ഇങ്ഗ്ളിഷിൽ മനസ്സിലാക്കിക്കാൻ, ഇങ്ഗ്ളിഷിൽ വാക്കുകളില്ലതന്നെ.

95. കൂടുതൽ സ്വീകാര്യമായ അടിമത്തം ഏത്

ഇവിടെയാണ്, അടിമത്തത്തെ ആപേക്ഷികമായി താരതമ്യം ചെയ്യുമ്പോഴുള്ള ചില വാസ്തവങ്ങൾ ചിന്തിക്കാവുന്നത്. ഇങ്ഗ്ളണ്ടിൽ അടിമത്വം ഇല്ലായിരുന്നു. എന്നിരുന്നാലും, ഏതെങ്കിലും ഇങ്ഗ്ളിഷ് ആളുകൾക്ക് അടിമകളായി വിൽക്കപ്പെടണമോ, അതോ കടലോരങ്ങളിലെ മുക്കുവർക്ക് വിൽക്കപ്പെടണമോ എന്ന് തിരഞ്ഞെടുക്കാൻ അവസരം ഈ വനിതകൾക്ക് നൽകിയിരുന്നെങ്കിൽ, ഈ വനിതകൾ ഏത് തിരഞ്ഞെടുക്കും എന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

ഇങ്ഗ്ളിഷ് പക്ഷത്തേക്ക് നീങ്ങുന്ന അടിമകൾ, നല്ല നിലവാരമുള്ള വസ്ത്രങ്ങൾ ധരിക്കുകയും, കസേരയിൽ ഇരുന്ന് ഭക്ഷണം കഴിക്കുകയും, ഇങ്ഗ്ളിഷ് സംസാരിക്കുകയും, അവരുടെ യജമാന ജനം അവരെ സംബോധനയും, പരാമർശിക്കലും ചെയ്യുന്ന അതേ വാക്കുകളാൽ തിരിച്ചും അത് ചെയ്യുകയും, മറ്റും ചെയ്യും. ഫ്യൂഡൽ ഭാഷകളിൽ ഒട്ടും തന്നെ ഇല്ലാത്ത Good morning, Thank you, Please, I beg your pardon, excuse me, I am sorry, May I?, Can I? തുടങ്ങിയ ഉൽകൃഷ്ടമായ പദപ്രയോഗങ്ങൾ കേട്ടും ഉപയോഗിച്ചും മാനസികമായി ഉയരും. എന്നാൽ, ഇവർക്ക് ഇങ്ഗ്ളിഷുകാർ ആകാൻ ആകില്ല.

അതേ സമയം മുക്കുവരുടെ അടിമകളായി പോകുന്ന ഈ പ്രഭുവനിതകൾക്ക്, മുക്കുവരുടെ തരംതാഴ്ത്തുന്ന വാക്കുകൾ ഏൽക്കേണ്ടിവരികയും, അവർതിരിച്ച് ബഹുമാനമുള്ള വാക്കുകൾ നൽകേണ്ടിയും വരും. പണ്ട് അവർ തരംതാഴ്ത്തി പരാമർശിച്ച അതേ ആളുകൾ ഇന്ന് അവരെ 'എടി', 'എന്താടി', 'നീ', തുടങ്ങിയവാക്കുകളാൽ സംബോധനചെയ്യും. വെറും പേര് വിളിക്കും. അത് പ്രാദേശിക ഭാഷയിൽ ഒരു പിടിച്ച് താഴ്ത്തലും, പിടിച്ച് കുലുക്കലും തന്നെയാണ്.

വസ്ത്രധാരണത്തിൽ, മുക്കുവ സമുദായത്തിന് ലഭിച്ചിട്ടുള്ള എല്ലാവിധ പരിധികളും പരിമിതികളും ഇവരുടെ മേലും മുക്കുവർ സ്ഥാപിക്കും. പരുക്കൻ വാക്കുകളോടൊപ്പം, അവയെ കാര്യക്ഷമമാക്കാൻ പലപ്പോഴും പരുക്കൻ സ്വരവും വരും. ഇതും താങ്ങേണ്ടിവരും.

ഇവർക്ക് ഉണ്ടാവുന്ന മക്കൾ മുക്കുവരുടെ സാമുദായിക നിലവരത്തിന്റെ നിലയിൽ പെടും. ഇവർ മുക്കുവർ ആകും. പ്രഭുകുടുംബാംഗങ്ങൾ ആവില്ല.

ഈ ഭയാനകമായ വിധി അനുഭവിച്ച ഈ കൂട്ടത്തിലെ ഏതെങ്കിലും ഒരു പ്രഭു-വനിതയെക്കുറിച്ച് ഒന്ന് ആലോചിച്ച് നോക്കുക. ഐഎഎസ്സുകാരന്റെ ഭാര്യയ്ക്ക് ഓഫിസ് അടിച്ചുവരാൻവരുന്ന ആളിന്റെ വീട്ടിലെ വേലക്കാരിയാകാൻ ഉള്ള വിധിവന്നാലുള്ളതിനേക്കാൾ ഭയാനകമായിക്കും ഇത്. (കാരണം, ഇന്ന് സർക്കാർ ഉദ്യോഗസ്ഥനും സാധാരണ ജനവും തമ്മിലുള്ളത് പോലുള്ള അതേ ഉച്ചനീചത്വം ജാതിയെന്ന രീതിൽ അന്ന് സമൂഹത്തിൽ നിലനിന്നുരുന്നു.) എന്നാൽ, ഈ

അനുഭവത്തിന്റെ പൂർണ്ണമായ ഭയാനകത ഇങ്ഗ്ളിഷിൽ നിന്നും ചിന്തിച്ചാൽ മനസ്സിലാകാൻ ആവില്ല.

ഈ വക കാര്യങ്ങളെക്കുറിച്ച് ഇന്ന് യൂഎസ്സിൽ വിലസുന്ന കാപ്പിരികൾക്ക് യതോരുവിവരവും ഇല്ല. അവർക്ക് ശരിക്കും ലഭിച്ചിട്ടുള്ള അത്യുജ്ജ്വലമായ ജീവിതാനുഭവത്തെക്കുറിച്ച് യാതോരു ബോധവും ഇല്ലതന്നെ. യഥാർത്ഥത്തിൽ ലോകത്തിൽ ഏറ്റവും നല്ലനിലയിൽ ജീവിക്കുന്ന കാപ്പിരി ജനക്കൂട്ടം യൂഎസ്സിൽ ഉള്ള കാപ്പിരികളാണ്. എന്നിട്ടും, ഏറ്റവും കൂടുതൽ പരാതികളും പ്രക്ഷോഭങ്ങളും ഇവർക്കാണ്.

അതേ സമയം, ഭൂഖണ്ഡ യൂറോപ്പിൽ നിന്നും യൂഎസ്സിലേക്ക് വന്ന് അവിടെ ജീവിക്കുന്ന വെള്ളക്കാർക്കും ഇതേ പ്രശ്നം ബാധകമാണ്. അവരും അറിയുന്നില്ല, അവരും ഇങ്ഗ്ളിഷിന്റെ ദിവ്യമായ നിഴലിലാണ് ജീവിക്കുന്നത് എന്ന്. ഭൂഖണ്ഡ യൂറോപ്പിൽ നിന്ന് വളരെ അസൂയയോടും, മറ്റും കാലാകാലങ്ങളായി വീക്ഷിച്ചിരുന്ന ഇങ്ഗ്ളണ്ടിന്റെ ഭാഷാപരമായ മിക്ക സൌകര്യങ്ങളും ഇന്ന് യൂഎസ്സിലും ലഭിക്കുന്നുണ്ട്. എന്നാൽ ഈ പുറത്ത് നിന്നും വന്നവർക്ക് അതിനോട് മതിപ്പില്ലതന്നെ. കാരണം, വലിയ ചിലവൊന്നുമില്ലാതെയാണ് ഇതിന്റെ ഗുണം ഇവർക്ക് ലഭിക്കുന്നത്.

...............ഇനി ഈ എഴുത്തിന്റെ ഒഴിക്കിലേക്ക് തിരിച്ച് പോകുകയാണ്.

96. ഇങ്ഗ്ളിഷിൽ എന്താണ് ദിവ്യമായിട്ടുള്ളത്

90-ആം അദ്ധ്യായത്തിൽ നിന്നും തുടരുകയാണ്........

English nursery rhymes, English fairytales, English classical writings എന്നിവയിൽ എന്താണ് ഇത്രമാത്രം ഗുണമേന്മയുള്ളത് എന്ന ചോദ്യം ന്യായമായും ഉദിക്കാം. കാരണം, ഈ വക കാര്യങ്ങളിലെ കഥയും ഉള്ളടക്കവും മറ്റ് ഭാഷകളിൽ രചിക്കാവുന്നതല്ലെ എന്ന ചോദ്യമാണ് മനസ്സിൽ ഉദിക്കുക.

ഈ എഴുത്തകാരന്, പണ്ഡിതനല്ലെങ്കിലും, മലയാളം ഭാഷ മോശമില്ലാത്ത രീതിയിൽ അറിയാം. മലയാളം എഴുത്തുകളിലെ ഗാംഭീര്യം ഇങ്ഗ്ളിഷിൽ ഇല്ലാ എന്നുവരെ ചിന്തിക്കാവുന്നതാണ്. കാരണം, മലയാളം പ്രതിനിധീകരിക്കുന്ന സമൂഹിക ജീവിതം അതി സങ്കീർണ്ണമാണ്.

കോട്ടയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള, ചിലയിടത്ത് ആഴവും ചിലയിടത്ത് തികച്ചും ബലിശവുമായ അപകവ ചിന്തകളും ഉള്ള ഒരു നോവലിന് ബുക്കർ പ്രൈസ് (Booker Prize) ലഭിച്ചു എന്നുള്ളത് തന്നെ ഇങ്ഗ്ളണ്ടിൽ നിന്നും വീക്ഷിച്ചാൽ ഈ സാമൂഹികാന്തരീക്ഷം എത്രത്തോളം കഠിനവും സങ്കീർണവും ആണ് എന്ന് കാണാവുന്നതാണ്. ഈ നോവൽ ഒരു മലയാളം ഭാഷ അതേ പോലെ ഇങ്ഗ്ളിഷിലേക്ക് തർജ്ജമചെയ്തത് പോലെയാണ് എഴുതിയിട്ടുള്ളത് എന്ന് ഒരു തോന്നൽ ലഭിച്ചിരുന്നു. എന്നാൽ, മലയാളത്തിൽ ഉളവാകുന്ന അതിഗംഭീരമായ മാനസിക വിഭ്രാന്തിയുടെ ഹേതുക്കൾ ഈ നോവലിൽ ഇങ്ഗ്ളിഷിൽ എത്തിയില്ല എന്നുള്ളതാണ് വാസ്തവം. എന്നിട്ടുപോലും സമ്മാനം ലഭിച്ചു!

പോലീസ് ഉദ്യോഗസ്ഥൻ മുഖ്യകഥാപാത്രങ്ങളിൽ ഒരാളും സാമൂഹികമായി ഉയർന്ന കുടുംബത്തിലെ അംഗവുമായ വനിതയെ പോലീസ് സ്റ്റേഷനിൽ വച്ച് തരംതാഴ്ത്തിയും അപമാനിച്ചും സംസാരിക്കുന്നതിലെ, 'നീ', 'എടി', 'എന്താടി' '.....മോളെ' തുടങ്ങിയ പ്രയോഗങ്ങൾ ഇങ്ഗ്ളിഷിൽ എത്തിയില്ല എന്നുള്ളതാണ് ഇതിന് കാരണം. ഇങ്ങിനെയെല്ലാമുള്ള സംഗതികൾ ഉള്ള കാര്യം വരെ സൂചനയായിപ്പോലും ഈ നോവലിൽ ഇല്ലാ എന്നാണ് ഓർമ്മ.

ഈ രീതിയിൽ നോക്കിയാൽ, ഇത്രയ്ക്കും ഘനഗാംഭീര്യമുള്ള സാഹിത്യ കൃതികൾ ഇങ്ഗ്ളിഷിൽ ഇല്ലാ എന്നുവരെ വേണമെങ്കിൽ പറയാവുന്നതാണ്. ഇങ്ഗ്ളിഷ് സാഹിത്യത്തിലെ മിക്ക കഥകളും മറ്റ് ഭാഷകളിലേക്ക് തർജ്ജമ ചെയ്താൽ, അവയിൽ കാര്യമായ എന്തെങ്കിലും ഉള്ളതായി അനുഭവപ്പെടില്ല.

ഇതിലെ വാസ്തവം, ഇങ്ഗ്ളിഷുകാരുടെ മിക്ക തൊഴിലുകളും മലയാളത്തിൽനിന്നും നോക്കിയാൽ തരംതാണവയാണ്. ആരുണ്ട് അവിടെ ഒരു ഐഏഎസ്സുകാരൻ, അല്ലെങ്കിൽ ഒരു എസ്സ് ഐ, അതുമല്ലെങ്കിൽ ഒരു സർക്കാർ ക്ളാർക്ക്, അല്ലെങ്കിൽ ഒരു സർക്കാർ പ്യൂൺ? അയാൾ ഒരു ഡോക്ടറോ, വക്കീലോ, തൊഴിലുടമയോ, ബിസിനസ് മാനേജരോ അല്ല. 'അവൻ' വെറും ഒരു ലോറി ഡ്രൈവർ, അല്ലെങ്കിൽ വെറും ഒരു കൂലിക്കാരൻ.

എന്നാൽ ഇങ്ഗ്ളിഷിൽ ഈ ആളുകളെല്ലാം ഒരേ വാക്ക് കോഡുകളിലാണ് നിർവ്വചിക്കപ്പെടുന്നത്. അതാണ് വ്യത്യാസം.

97. നാറുന്ന നിവ്വചനം എങ്ങിനെ ഇങ്ഗ്ളിഷ് വാക്യത്തിൽ ഒളിപ്പിക്കുന്നു

യൂഎസ്എയിലെ കാപ്പിരികൾ രണ്ടുതരക്കാരാണ്. ഒന്ന്, പണ്ട് കാലങ്ങളിൽ അടിമകളായി വന്ന്, അവിടെ നിന്നും അതിഗംഭീരമായ ഇങ്ഗ്ളിഷ് സംവിധാനങ്ങളിൽ പരിശീലനം ലഭിച്ചവർ. രണ്ടാമത്, ഈ അടുത്തകാലങ്ങളിൽ ആഫ്രിക്കയിൽനിന്നും കയറിക്കൂടിയവർ. ഇവർക്ക് ഇങ്ഗ്ളിഷുമായി പലരീതിയിലുള്ള അനുവഭപരിചയമാണ് ഉള്ളത്. പലർക്കും ഇത് വളരെ കുറവ് മാത്രമേ ഉണ്ടായിരിക്കുള്ളു, യൂഎസ്എയിൽ കയറുന്നത് വരെ.

ഇതിന് സമാന്തരമായ പ്രശ്നം ഭൂഖണ്ഡ യൂറോപ്പിൽ നിന്നും വന്ന വെള്ളക്കാരും ഇങ്ഗ്ളിഷുകാരും തമ്മിൽ നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ചും, ഫ്രഞ്ചുകാരും, ജർമൻകാരും, സ്പെയ്നുകാരും മറ്റുമായി. ഇവർ പാരമ്പര്യമായി ഇങ്ഗ്ളണ്ടിനോട് പലരീതിയിൽ മത്സരിച്ചും പടവെട്ടിയും പരാജയപ്പെട്ടവരാണ്. എന്നാൽ യൂഎസ്എയിൽ തൊലിയുടെ നിറം വെളുത്തതായത് കൊണ്ടും, തൊലിക്ക് മറ്റ് നിറമുള്ള കാപ്പിരികളും, ഏഷ്യക്കാരും, മറ്റും ഉള്ളത് കൊണ്ടും ഇവരും ഇങ്ഗ്ളിഷ് പാരമ്പര്യക്കാരും തമ്മിലുള്ള വ്യത്യാസം പെട്ടന്ന് ശ്രദ്ധിക്കപ്പെടില്ല. എന്നാൽ, വാസ്തവത്തിൽ ഈ രണ്ടു പക്ഷവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്.

ഭൂഖണ്ഡ യൂറോപ്പുകർ ഇങ്ഗ്ളിഷുകാരെയും ഇങ്ഗ്ളണ്ടിനേയു താഴ്ത്തിപ്പറയുകയും മറ്റും ചെയ്യുമെങ്കിലും, ഇങ്ളിഷുകാരോട് ഒട്ടിത്തന്നെയാണ് ഇവർ നിലനിൽക്കാൻ ആഗ്രഹിക്കുക. കാരണം, ഇങ്ഗ്ളിഷുകാരെ വിട്ട് സ്വതന്ത്രമായി നിന്നാൽ, ഇവരും കാപ്പിരികളും, ഏഷ്യക്കാരും തമ്മിൽ, നേരത്തെ സൂചിപ്പിച്ച ഇങ്ഗ്ളിഷ് പാരമ്പര്യങ്ങളുടെ കാര്യത്തിൽ വ്യത്യാസം കുറയും.

ഇവിടെല്ലാം ഉള്ള പ്രശ്നവും ഇങ്ഗ്ളിഷുകാർക്ക് ഒട്ടുംതന്നെ അറിയാത്തതുമായ കാര്യം, വ്യക്തികൾ ഫ്യൂഡൽ ഭാഷകളിൽ ഒരേ നിലവാരമുള്ള മനുഷ്യർ അല്ല എന്നുള്ളതാണ്. ഫ്യൂഡൽ ഭാഷകളിൽ 'അവൻ' എന്ന് നിർവ്വചിക്കപ്പെടുന്ന വ്യക്തി, 'അദ്ദേഹം' എന്ന് നിർവ്വചിക്കപ്പെടുന്ന വ്യക്തിയുമായി കാര്യമായ വ്യത്യാസം ഉള്ള ആളാണ്. ഇവർ രണ്ട് കൂട്ടരുടേയും വാക്കുകളും, പരിഹാസ വാക്കുകളും, മതിപ്പുളവാക്കുന്ന വാക്കുകളും വ്യക്തിപരമായ അടുപ്പവും, ബന്ധവും, നേത്രങ്ങൾ കോണ്ടുള്ള നോട്ടവും, ഉച്ചത്തിലുള്ള ചിരിയും, ഇവർ മനസ്സിൽ ചിന്തിക്കുന്നതും മറ്റും മറ്റുവ്യക്തികളിൽ രണ്ട് തികച്ചും വ്യത്യസ്തമായ അനുഭവമാണ് ഫ്യൂഡൽ ഭാഷകളിൽ ഉളവാക്കുക.

ഈ രണ്ട് കൂട്ടരും (അവൻ & അദ്ദേഹം) ഇങ്ഗ്ളിഷിലേക്ക് കടന്ന് വന്ന് ഒരു സമൂഹത്തിലെ മാന്യനെക്കുറിച്ച് Where is he now? എന്നോ Where is she now? എന്നോ ചോദിച്ചാൽ, ശരിക്കും പറഞ്ഞാൽ രണ്ട് വ്യത്യസ്ത സാമൂഹിക അനുഭവമായിരിക്കും.

സാമൂഹിക മഹിമയുള്ള ആളും സാമൂഹിക നിലവാരമില്ലാത്ത ആളും ഈ വാക്കുകൾ 'അവൻ എവിടെയാണ് ഇപ്പോൾ?' എന്നോ 'അവൾ എവിടെയാണ് ഇപ്പോൾ?' എന്ന് മനസ്സിൽ പ്രോസസ് ചെയ്ത് കൊണ്ടാണ് ഈ വാക്കുകൾ ഇങ്ഗ്ളിഷിൽ ഉപയോഗിക്കുന്നത് എന്ന് കരുതുക. ആദ്യത്തെ ആൾ ഐഏഎസ്സുകാരൻ. രണ്ടാമത്തെ ആൾ ലോറി ലോഡ് ചെയ്യുന്ന ആൾ. പറയുന്നത് മറ്റൊരു ഐഏഎസ്സുകരനെക്കുറിച്ച്.

ആദ്യത്തെ ആളുടെ സംഭാഷണം, ഒരു പ്രത്യേക രീതിയിലുള്ള സമത്വത്തെ പ്രതിനിധീകരിക്കുന്നു. രണ്ടാമത്തെ ആളുടെ അതേ സംഭാഷണം, പരാമർശിക്കപ്പെടുന്ന ആളെ സാമൂഹികമായി നാറ്റുന്ന വാക്കുകളാണ്. എന്നാൽ ഈ സാമൂഹിക നാറ്റൽ, ഇങ്ഗ്ളിഷ് ഭാഷാകോഡുകൾ ആവരണം ചെയ്ത് മറ്റുള്ളവരിൽനിന്നും ഒളിപ്പിക്കുന്നു എന്നുമാത്രം. എന്നാൽ, നാറുന്ന വസ്തു പൊതിക്കുള്ളിൽ ഉണ്ട്.

ഇതാണ് ഇന്നുള്ള ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ സംജാതമായിക്കൊണ്ടിരിക്കുന്ന സാമൂഹികാവസ്ഥ.

98. ഇങ്ഗ്ളിഷ് ഉപയോഗിക്കുന്ന മറ്റുള്ളവർ

ഈ എഴുത്തുകാരന് ഈ ഉപഭൂഖണ്ടത്തിലെ പുരാണങ്ങളിലും ഐതിഹ്യങ്ങളിലും, ക്രസ്ത്യൻ കഥകളിലും, ഇസ്ളാമിക കഥകളിലും ചെറുതായുള്ള അറിവ് ഉണ്ട്. മാത്രവുമല്ല, ശാസ്ത്രം, ഗണിതം, ചരിത്രം, രാഷ്ട്രതന്ത്രം തുടങ്ങി മറ്റ് പലകാര്യങ്ങളിലും ചെറുതും വലുതുമായ കാര്യങ്ങൾ ചെറിയ രീതിയിലെങ്കിലും അറിയാം. ഇവയോടെല്ലാം താരതമ്യം ചെയ്യുമ്പോൾ, കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് പാരമ്പര്യങ്ങൾക്കും, സാഹിത്യത്തിനും, സാമൂഹിക ആശയവിനിമയത്തിനും കുടുംബ ബന്ധങ്ങൾക്കും വ്യക്തി സ്വാതന്ത്ര്യങ്ങൾക്കും മറ്റും ഒരു ഗുണമേന്മയുള്ള വ്യത്യാസം ഉണ്ട് എന്ന് ഉറപ്പിച്ച് പറയാനുള്ള വിവരം ഉണ്ട് എന്നാണ് പറയാൻ തോന്നുന്നത്.

മാത്രവുമല്ല, ഇവയെല്ലാത്തിനും ഒരു കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് പരിവേഷം വന്നുചേർന്നാൽ, അവയ്ക്ക് കാര്യമായ ഗുണമേന്മ വന്നുചേരും എന്നും ഒരു തോന്നൽ.

ഇനി പറഞ്ഞ് തീർക്കാനുള്ള ഒരു ചെറിയ കാര്യം കൂടിയുണ്ട്.

ഈ അവതാരികയിൽ ഇങ്ഗ്ളിഷ് എന്ന ഭാഷയെക്കുറിച്ച് നിരന്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇങ്ഗ്ളിഷ് എന്നുള്ളതും, അത് പ്രതിനിധാനം ചെയ്യുന്നതുമായ സംസ്ക്കാരത്തെക്കുറിച്ച് ഏതാനും കാര്യങ്ങൾ പറയാനുണ്ട്.

ഭൂഖണ്ട യൂറോപ്പിന് തികച്ചും പുറത്തായുള്ള ദ്വീപായ ബ്രിട്ടണിലെ ഇങ്ഗ്ളണ്ട് (England) എന്ന് പേരുള്ള പ്രദേശത്തിലെ പ്രാദേശിക ഭാഷയാണ് ഇങ്ഗളിഷ്. ബ്രിട്ടണിൽ പാരമ്പര്യമായി മൂന്ന് മറ്റ് ഭാഷകൾ ഉണ്ട്. ഐറിഷുകാരുടെ ഐറിഷ് (Irish) ഭാഷയും, സ്ക്കോട്ലന്റ്കാരുടെ ഗാലിക്ക് (Gaelic) ഭാഷയും, വെൽഷ്കാരുടെ വെൽഷും (Welsh). ഇവ മൂന്നും സെൽട്ടിക്ക് (Celtic) ഭാഷകളാണ്.

ഈ എഴുത്തുകാരന്റെ പൊതുവായുള്ള നിഗമനം ഇവ മൂന്നിനും ഫ്യൂഡൽ ഭാഷാ സ്വഭാവങ്ങൾ ഉണ്ട് എന്നതാണ്. ഈ നിരീക്ഷണത്തിനുള്ള കാരണം ഇവിടെ ഇപ്പോൾ കുറിച്ചിടുന്നില്ല.

കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷ നൽകുന്ന സാമൂഹിക ശക്തിയും സാമൂഹിക മഹിമയും അതിഗംഭീരമാണ്. താരതമ്യേന ചെറിയ ദ്വീപായ ബ്രിട്ടണിനെ ഭൂഖണ്ട യൂറോപ്പിലെ വൻ രാജ്യങ്ങളായ സ്പെയിൻ, ഫ്രാൻസ്, ജർമനി തുടങ്ങിയ പലരും പലരീതിയിൽ കീഴ്പ്പെടുത്താൻ നോക്കിയിട്ടുണ്ടെങ്കിലും, ഈ ഭാഷ കലർപ്പില്ലാതെ നിലനിർത്തിയിരുന്നത് കൊണ്ട്, ഈ ശ്രമങ്ങളൊക്കെ, അവിടെയും, ലോകത്തെമ്പാടും പരാജയപ്പെടുകയാണ് ചെയ്തത്.

എന്നാൽ, ഇന്ന് ഇങ്ഗ്ളിഷ് എന്ന പേരിൽ പല ദേശക്കാരും പല രീതിയിൽ ഈ ഭാഷ പഠിക്കുന്നുണ്ട്. മാത്രവുമല്ല, യുഎസ്എയിൽ പുറത്ത് നിന്നും

ഇങ്ഗ്ളിഷ് അറിയാത്തവർവരെ വന്ന് ഇങ്ഗ്ളിഷ് സംസാരിക്കുന്നുണ്ട്. ഇവരെല്ലാംകൂടി, കലർപ്പില്ലാത്ത ഇങ്ഗ്ളിഷിനെ ഞെക്കിപ്പിരിച്ച് അവരവരുടെ സാമൂഹിക കീഴ്വഴക്കങ്ങൾക്ക് അനുസൃതമായി ഘടനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ഇന്ത്യയിൽത്തന്നെ ഇങ്ഗ്ളിഷ് ഉപയോഗിക്കുന്നവരെ രണ്ട് കൂട്ടമായി തരംതിരിക്കാവുന്നതാണ്. ഒന്ന്, കലർപ്പില്ലാത്ത ഇങ്ഗ്ളണ്ടിലെ സാമൂഹിക ആശയവിനിമയ അന്തരീക്ഷത്തിന് അനുസൃതമായും, ആ ഭാഷയെ വികലപ്പെടുത്താതെയും ഉപയോഗിക്കുന്നവർ. ഇക്കൂട്ടരിൽ മിക്കവരും (അല്ലാത്തവരും ഉണ്ട്) ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യവുമായി കാര്യമായി ബന്ധമുള്ളവരാണ്. മുൻകാല ഇങ്ഗ്ളണ്ടിനോട് മാനസികാടുപ്പം ഉള്ളവരാണ് ഇക്കൂട്ടരിൽ പലരും. ഈ പക്ഷം താരതമ്യേന അംഗംസംഖ്യയിൽ വളരെ കുറവാണ്.

രണ്ടാമത്തെക്കൂട്ടർ, ഇങ്ഗ്ളിഷിനെ വെറും ഒരു സാമൂഹിക പദവിയായും, സാമൂഹിക ഉന്നമന ആയുധമായും, തൊഴിൽ വേദിയിൽ ഉപയോഗിക്കാവുന്ന ഒരു പണിയായുധമായും ആണ് കാണുന്നത്. ഇവരിൽ ചിലരെല്ലാം (എല്ലാവരും അല്ല), പ്രാദേശിക ഭാഷയിലൂടെ പഠിച്ച് വളർന്ന് വന്ന്, പിന്നീട് ഇങ്ഗ്ളിഷ് പ്രാവീണ്യം നേടിയവരാണ്. ഇവർക്ക് ഇങ്ഗ്ളിഷ് ഭാഷയോട് പ്രത്യേകമായ കടപ്പാടോ, കൂറോ ഇല്ലതന്നെ. ഈ ഭാഷയ്ക്ക് എന്ത് സംഭവിച്ചാലും വലിയ മനപ്രയാസം ഇവർക്കില്ലതന്നെ. ഇവരിൽ പലരും അവരുടെ പാരമ്പര്യ ഭാഷയിലെ അസഭ്യവാക്കുകൾ വളരെ ലാഘവത്തോടുകൂടി ഉപയോഗിക്കാൻ സഹായിക്കുന്ന ഒരു സൌകര്യമായിട്ടാണ് ഇങ്ഗ്ളിഷിനെ കാണുന്നത്.

എന്നാൽ കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ ഈ വക പദപ്രയോഗങ്ങൾ ഒരു തരം 'ഹറാം' തന്നെയായിരുന്നു.

ഇസ്ളാം വിശ്വാസികൾ മക്കത്തിനെ കാണുന്നത് പോലെയാണ് ആദ്യ പക്ഷം കലർപ്പില്ലാത്ത ഇങ്ഗ്ളണ്ടിനെ കാണുന്നത്. അതേ സമയം രണ്ടാം കൂട്ടർക്ക് ഇങ്ഗ്ളണ്ട് (എന്നുള്ളത് ഇടിച്ച് താഴ്ത്തിപ്പറയാനും, ഇടിച്ച്കയറി വിക്രിയങ്ങൾ കാട്ടാനും ഉള്ള ഒരു സൌകര്യപ്രദമായ വേദിയാണ്.

99. ഫ്യൂഡൽ ഭാഷകളിലെ സാമൂഹിക പരിവർത്തകരുടെ ഉള്ളിലിരിപ്പ്

ഈ അവതാരികയുടെ അന്ത്യത്തിൽ എത്തിനിൽക്കുന്ന അവരസരത്തിൽ ഫ്യൂഡൽ ഭാഷകളെക്കുറിച്ചുള്ള പലതരം ചിന്തകൾ, ഈ അവതാരികയിൽ ഇടംതേടിനടക്കുന്നതായി മനസ്സിലാക്കുന്നു. എന്നാൽ, അവയെ എല്ലാംതന്നെ ഈ ഇടത്തിലേക്ക് കയറാൻ അനുവദിച്ചാൽ, ഈ അവതാരിക അനന്തമായി മുന്നോട്ട് നീങ്ങും.

ഫ്യൂഡൽ ഭാഷകളെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ എങ്ങിനെയാണ് കൈകാര്യം ചെയ്തത് എന്നത് കൂടി പരിശോധിച്ച്, ഈ അവതാരികയുടെ അറ്റം കണ്ടെത്തുകയാണ്.

ജനങ്ങളെ നന്നാക്കുക എന്ന ഉദ്യമം പൊതുവായിത്തന്നെ ഫ്യൂഡൽ ഭാഷകളിൽ ഒരു ചെറിയ കാപട്യത്തോട് കൂടിയാണ് നിലകൊള്ളുന്നത്. ആരേയും നന്നാക്കാൻ ഉദ്യമിക്കുന്ന ഏതൊരാളും, നന്നാക്കപ്പെടുന്നവരിൽ നിന്നും ചെറുതായൊന്ന് ഉയർന്നോ വിട്ടോ നിൽക്കുന്നതാണ് ഫ്യൂഡൽ ഭാഷകളിൽ അഭികാമ്യം.

ഇങ്ങിനെ ചെയ്തില്ലെങ്കിൽ, താഴെനിന്ന് ഉയർന്നുവരുന്നവർ, അവരെ ഉയർത്തിയവരെ കടത്തിവെട്ടുകയും, ഉയർത്തിയവരുടെ സ്വന്തമായുള്ള പ്രദേശങ്ങൾ കൈയടക്കുയും, അവരുടെ തരംതാണ പെരുമാറ്റരീതികൾ ഉയർത്തിയവരുടെയും അവരുടെ സ്വന്തക്കാരുടേയും മേൽ സ്ഥാപിക്കുകയും ചെയ്യും.

ഈ വിവരം ഫ്യൂഡൽ ഭാഷക്കാർക്ക് നന്നായി അറിവുള്ളതിനാൽ, അവർ സ്വന്തം ബഹുമാനവും, ഉയർത്തപ്പെടുന്നവരുടെ അടിയാളത്തവും ഉറപ്പ് വരുത്തിയതിന് ശേഷമേ ഈ പ്രകാരമുള്ള പരോപകാരത്തിന് ഉദ്യമിക്കുള്ളു. ഉദാഹരണത്തിന്, സ്വന്തം പേരിന് പിന്നിൽ എന്തെങ്കിലും ബഹുമാന വാചകമായ ജീ, ചേട്ടൻ, ഭായി, സ്വാമി (പേരിന് മുന്നിലും), സ്വാമികൾ, ഗുരു (പേരിന് മുന്നിലും), അച്ഛൻ, ഇക്ക, അണ്ണൻ, മാഷ്, സാറ്, മാഡം, അമ്മ, മാതാവ്, ദേവി, തിരുമേനി, മഹാത്മ (പേരിന് മുന്നിൽ) തുടങ്ങിയ പദപ്രയോഗങ്ങൾ ആദ്യം തന്നെ പൊതുജന മനസ്സിൽ സ്ഥാപിക്കും.

അതോടൊപ്പം തന്നെ, ഇവർ നന്നാക്കുന്നവരെ 'നീ', 'തൂ', 'അവൻ', 'അവൾ', 'മോൻ', 'മോള്', 'കുട്ടി', വെറും പേര് തുടങ്ങിയ രീതിയിൽ സ്ഥാപിക്കും.

"ഞാൻ ദിവ്യൻ, നീ അടിയാളൻ" എന്ന സാമൂഹിക കോഡ് ഈ വിധ ബന്ധങ്ങളിൽ നിലനിൽക്കും.

പൊതുവായിപ്പറഞ്ഞാൽ, ഇങ്ഗ്ളിഷുകാർ ഇത്യാദി പരോപകാര പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ, ഈ ഒരു ആവശ്യകതയെക്കുറിച്ച് സാധാരണഗതിയിൽ ബോധവാന്മാരല്ല. എന്നിരുന്നാലും, കൊളോണിയൽ കാലഘട്ടത്തിൽ, ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ ജീവിക്കുന്ന അവസരങ്ങളിൽ,

ഇവരുടെ കീഴിൽ തൊഴിൽ ചെയ്തിരുന്ന പ്രാദേശിക ജീവനക്കാർ ഇത്യാദികാര്യങ്ങൾ ഉറപ്പ് വരുത്തിയിരുന്നു.

ഉദാഹരണത്തിന്, ഹിന്ദിയിൽ 'സാബ്' എന്നും 'മേംസാബ്' എന്നുമുള്ള പ്രാദേശിക ബഹുമാന സൂചകവാക്കുകൾ ഇവർക്ക് നൽകപ്പെടാൻ ഇക്കൂട്ടർ മെനക്കെട്ടിരുന്നു. ഇത് ഭാഷാകോഡുകളിലെ ഒരു ആവശ്യകതായണ്. മലയാളത്തിൽ 'സായിപ്പ്', 'മദാമ', 'മദാമക്കുട്ടി' എന്ന പ്രയോഗങ്ങൾ ഈ രീതിയിൽ ഉപയോഗപ്പെട്ടിരുന്നു എന്നു തോന്നുന്നു. മലബാറിയിൽ എന്തായിരുന്നു വാക്കുകൾ എന്ന് അറിയില്ല. ചിലപ്പോൾ മലയാളത്തിലും, മലബാറിയിലും ഒരേ പദങ്ങളായിരിക്കും, ഇപ്രകാരം ഉപയോഗിക്കപ്പെട്ടിരുന്നത്. മലബാറും മെഡ്രാസും ആയിരുന്നു കൂടുതൽ അടുപ്പം എന്നതിനാൽ, തമിഴിലെ പദങ്ങളും മലബാറിൽ ഉപയോഗിച്ചിട്ടുണ്ടാവാം.

മാത്രവുമല്ല, ഫ്യൂഡൽ ഭാഷക്കാരിൽ നിന്നും വിട്ടുനിൽക്കാനായുള്ള ഒരു ഇടത്തിനായി ഇങ്ഗ്ളിഷുകാർ പലപ്പോഴും അന്യപ്രവേശനമില്ലാത്ത (exclusive) ഇടങ്ങൾ സ്ഥാപിച്ചിരുന്നു. ഉദാഹരണത്തിന്, അവർക്ക് മാത്രമായുള്ള ക്ളബ്ബുകൾ, കടലോരങ്ങൾ (Beaches) തുടങ്ങിയ സ്ഥലങ്ങൾ. ഇത് പലപ്പോഴും മറ്റ് തൊക്കിന് വെള്ള നിറമുള്ളവരുമായി അവർ പങ്കിടേണ്ടിവന്നിട്ടുണ്ട്. ഈ കാരണത്താൽ പലപ്പോഴും ഇവ വർണ്ണവിവേചനത്തിന്റെ പ്രതീകങ്ങളായി സുചിപ്പിക്കപ്പെട്ടിട്ടുണ്ട്. കാരണം, പല ഭൂഖണ്ഡ യൂറോപ്യൻ വംശജരുടെ ഭാഷകളിലും ഫ്യൂഡൽ കോഡുകൾ ഉണ്ട് എന്നാണ് തോന്നുന്നത്. എന്നാൽ ഇക്കൂട്ടർ ഇങ്ഗ്ളിഷുകാരോട് ഒട്ടിയാണ് നിൽക്കാൻ താൽപ്പര്യപ്പെടുക.

എന്നാൽ, ഗാഢമായി ചിന്തിച്ചാൽ, അന്യപ്രവേശനമില്ലാത്ത (exclusive) ഇടങ്ങളിൽ വലിയ ഒരു പ്രശ്നം കാണേണ്ടതില്ല. ഈ ഉപദ്വീപിൽത്തന്നെ പലവിധ ജാതിക്കാരും തൊഴിലുകാരും, സാമൂഹികാധിപന്മാരും, സർക്കാർ ഉദ്യോഗസ്ഥരും മറ്റും അവർക്ക് മാത്രമായുള്ള ക്ളബ്ബുകളും, പലരീതിയിൽ വിവേചനം ചെയ്ത് ആളുടെ തരംതിരിച്ച്, തിരഞ്ഞെടുത്ത് അംഗത്വം നൽകുന്ന വേദികൾ ഉണ്ട്. ഇവയിലേക്കൊന്നും മറ്റാർക്കും ഇടിച്ച് കയറാൻ വലിയതാൽപ്പര്യം ഇല്ലതന്നെ. കാരണം, മറ്റുള്ളവർ ഇങ്ങിനെ സ്വാഗതമില്ലാതെ കയറിച്ചെന്നാൽ, അവിടുള്ള ചെറുകിട തൊഴിലുകാരുടെവരെ തരംതാണ വാക്കുകൾ ശ്രവിക്കേണ്ടിവരും.

എന്നാൽ ഇങ്ഗ്ളിഷുകാരുടെ പ്രദേശങ്ങളിൽ കയറിച്ചെന്നാൽ, അവർകാണിച്ചേക്കാവുന്ന വർണ്ണവിവേചനമോ, മറ്റേതെങ്കിലും വിവേചനമോ, അവിടങ്ങളിലേക്ക് പ്രവേശിക്കാനുള്ള ക്രാന്തിയെ ഇല്ലാതാക്കില്ല. മറിച്ച് അതിനെ അധികരിപ്പിക്കുകയാണ് ചെയ്യുക.

അതേ സമയം, ഫ്യൂഡൽ ഭാഷക്കാരുടെ ഇത്യാദി ഇടങ്ങളിൽ ഏതെങ്കിലും ആൾ ഇടിച്ച് കയറിച്ചെന്നാൽ, ബഹുമാനം നൽകാതെ, അവിടുത്തെ ഏതെങ്കിലും പണിക്കാരൻ ഒന്ന് സംബോധന ചെയ്താൽ, അവിടുന്ന

ജീവനുംകൊണ്ട് ഓടി മറയാനുള്ള പ്രേരണ വരും. ഈ സംബോധന മറ്റാരെങ്കിലും കേട്ടോ, കണ്ടോ എന്നതും മനസ്സിനെ വിഷമിപ്പിക്കും.

നൂറ് കണക്കിന് കടലോരങ്ങൾ വേറെയുണ്ടെങ്കിലും, ഇങ്ഗ്ളിഷുകാർ അവർക്ക് സ്വന്തമായി വെച്ചിട്ടുള്ള കടലോരങ്ങളിൽ പ്രവേശനമില്ല എന്നുള്ളത് ഒരു വലിയ മനോവേദനയായി പ്രഖ്യാപിക്കപ്പെടും. എന്നാൽ വാസ്തവത്തിൽ, പണം ഉള്ളവൻ, ഇല്ലാത്തവൻ എന്ന വൻ വിവേചനത്താൽ എത്രയോ വേദികളിലേക്ക് ഒരു വൻകൂട്ടം ജനങ്ങൾക്ക് പ്രവേശനം ഇല്ലാ എന്നുള്ളത് ആരും തന്നെ ശ്രദ്ധിക്കുന്നില്ലതന്നെ.

പണ്ട് കാലങ്ങളിൽ ബ്രാഹ്മണ ക്ഷേത്രങ്ങളിൽ ബ്രാഹ്മണരല്ലാത്തവർക്കും മറ്റും പ്രവേശനം അനുവദിച്ചിരുന്നില്ല. വാസ്തവം പറയുകയാണെങ്കിൽ, മറ്റ് ജനക്കൂട്ടങ്ങൾക്ക് സ്വന്തമായുള്ള ദേവീ ദേവന്മാരും ആരാധനാ ഇടങ്ങളും ഉണ്ടായിരുന്നു. എന്നിട്ടും, അവർക്ക് ബ്രാഹ്മണ ക്ഷേത്രങ്ങളിൽ പ്രവേശനം ഇല്ലാ എന്നുള്ളതാണ് പ്രശ്നമായിക്കണ്ടത്. സ്വന്തം ആരാധനായലങ്ങൾക്ക് ഗുണമേന്മയുടെ മുതൽക്കൂട്ട് നൽകാൻ ആവാത്തതാവാം ഇതിനുപിന്നിലെ ചേതോവികാരം.

ഈ മനോവികാരവും ഫ്യൂഡൽ ഭാഷകൾ തരംതാഴ്ത്തുന്നവരിൽ അധമ ഭാവം കയറ്റിവിടുന്നതിന്റെ ഉദാഹരണം ആവാം.

100. ബിലാത്തിയുമായൊരു ബന്ധത്തിന്റെ മെച്ചം

വെറും പേര് അപകടകരമായ അവസ്ഥയാണ്. ഉദാഹരണത്തിന് 'ബാലൻ' എന്ന പേരിന്റെ പിന്നിൽ ഏട്ടൻ, അമ്മാവൻ, സാർ, മാഷ് തുടങ്ങിയ പദപ്രയോഗങ്ങൾ ഒരു മതിൽക്കെട്ടായി ഇല്ലായെങ്കിൽ, ആ ആളുടെ ബഹുമാനവും, വ്യക്തിത്വവും പൊതുജന മനസ്സിൽ, ഉരുണ്ട് നിലംപതിക്കും. നേരെ 'അവൻ', 'നീ', 'എടാ', 'എന്താടാ' തുടങ്ങിയവ വാക്കുകൾ വിഹരിക്കുന്ന അഗാധ ഗർത്തത്തിലേക്ക് ആ ആൾ ഉരുണ്ട് വീഴാൻ സാധ്യത ഏറും. ഈ അത്യന്താപേക്ഷിതമായ സുരക്ഷാ കവചത്തെക്കുറിച്ച് ഇങ്ഗ്ളിഷുകാർക്ക് യാതോരു അറിവും ഇല്ലാ എന്നുള്ളത് തന്നെ അവരുടെ ശുദ്ധ മനസ്സിന്റെ വിവരക്കേടാണ്.

ഇവിടെ പ്രതിപാദിക്കാൻ പോകുന്നത്. മതങ്ങളും ആത്മീയ നേതാക്കളും ഈ കാര്യങ്ങളെ എങ്ങിനെയാണ് നേരിട്ടത് എന്നതാണ്. വേഷ വിധാനങ്ങളിലും, വാസസ്ഥലത്തിനും ഒരു ഗാംഭീര്യം ഉള്ളത്, പിടിച്ചുവാങ്ങേണ്ടുന്ന ബഹുമാന വാക്ക് കോഡുകൾക്ക് ഊക്ക് നൽകും. ചിലർ കുടുംബപരമായ ബന്ധങ്ങൾ ഉപയോഗിക്കും.

ഇങ്ഗ്ളിഷ് കൊളോണിയൽ കാലഘട്ടത്തിൽ ഈ ഉപദ്വീപിലെ പല ആദ്ധ്യാത്മിക പ്രസ്ഥാന നേതാക്കുളും ഇങ്ഗ്ളണ്ടിൽ ജീവിച്ചിട്ടുണ്ട് എന്ന ഒരു കാര്യം സ്ഥാപിക്കും. (ഭൂഖണ്ട യൂറോപ്പിലാണ് ജീവിച്ചതെങ്കിലും ഇങ്ഗ്ളണ്ടിലാണ് എന്ന പ്രതീതി നാട്ടിൽ ജനിക്കും. പലർക്കും ഇങ്ഗ്ളണ്ടും ഭൂഖണ്ട യൂറോപ്പും തമ്മിൽ ആനയും ആടും തമ്മിലുള്ള വ്യത്യാസം ഉണ്ട് എന്ന അറിവില്ലായിരുന്നു.)

അമേറിക്കയിൽ പോയിട്ടുണ്ട് എന്ന പ്രശസ്തി നേടിയാലും ഇതുപോലുള്ള അവസ്ഥതന്നെ.

പലരും ഇങ്ഗ്ളണ്ടിലോ അമേരിക്കയിലോ പോയി, അവിടുള്ള വെളുത്ത വർഗ്ഗക്കാരിൽപെട്ട ഏതെങ്കിലും സ്ത്രീകളെ തങ്ങളുടെ പദ്ധതിയുമായി ബന്ധപ്പെടുത്തും. ഈ വിവരവും ഈ ഉപഭൂഖണ്ടത്തിൽ, കരുതിക്കൂട്ടിയല്ലാ എന്ന ഭാവത്തിൽ, സ്വന്തം പേരിനോടൊപ്പം പ്രചരിപ്പുക്കും. പലപ്പോഴും ഈ വിധ അടുപ്പം, വെറും ഔപചാരികമാണെങ്കിൽപ്പോലും, ഫോട്ടോവിലൂടെയും ശബ്ദരേഖകളിലൂടെയും നാട്ടുകാരുടെ ശ്രദ്ധയിൽ വരുത്തും. ചിലർ സ്വന്തം പത്രവും മാസികളും പ്രസിദ്ധീകരിച്ച് ഉയരങ്ങളിലും, ബിലാത്തിയിലും ഉള്ള തങ്ങളുടെ ബന്ധങ്ങളെ നിത്യവും പൊതുജനത്തെ അറിയിച്ചുകൊണ്ടിരിക്കും.

സിലോൺ, ബർമ, മറ്റ് ഏഷ്യൻ പ്രദേശങ്ങൾ, ആഫ്രിക്കൻ പ്രദേശങ്ങൾ തുടങ്ങിയ ഇടങ്ങളിലും ആളുകൾ ഈ ഉപഭൂഖണ്ടത്തിൽ നിന്നും പോയിട്ടുണ്ടെങ്കിലും, മുകളിൽപ്പറഞ്ഞ കാര്യങ്ങൾ ഇക്കൂട്ടർക്ക് ലഭിച്ചിരുന്നില്ല. ഈ ഉപഭൂഖണ്ടത്തിലെ ധനികർക്ക് മാത്രമേ ഇങ്ഗ്ളിഷ്

രാഷ്ട്രങ്ങളിലും, യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും പോയി ഈ വിധം പ്രശസ്തി സാധാരണ ഗതിയിൽ പ്രാപ്യമായിരുന്നുള്ളു.

ഇവിടെ ഓർമ്മിക്കേണ്ടത്, 1917ൽ ബ്രിട്ടിഷ്-ഇന്ത്യൻ രൂപയുടെ മൂല്യ 5 മുതൽ 7 യൂഎസ്സ് ഡോളറായിരുന്നു. ഈ പാതയിലൂടെ കണക്ക് കൂട്ടിയാൽ, അന്നത്തെ 100 ബ്രിട്ടിഷ്-ഇന്ത്യൻ രൂപയുടെ മൂല്യം ഇന്നതെ ഏതാണ്ട് 47000 രൂപയ്ക്ക് അടത്ത് വരും. 700 ഡോളിറിന് ഇന്ന് ഏതാണ്ട് ആ മൂല്യം ഉണ്ട്. ഈ ഉപഭൂഖണ്ടത്തിലെ ധനികർ ഇങ്ഗ്ളണ്ടിൽ പോയാൽ, അവിടെ അമിത ധനികരായി മാറുന്നു.

ഇങ്ഗ്ളണ്ടിൽ ജീവിച്ചിട്ടുള്ള ആൾ, ബ്രിട്ടിഷ്-ഇന്ത്യയിൽ ഭരണം നടത്തുന്ന ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥരെ പേര് വിളിച്ച്കൊണ്ട് അവരോട് സംസാരിക്കാൻ കെൽപ്പുള്ള ആളാണ്. അത് തന്നെ പൊതുജന മനസ്സിൽ, ഇവർക്ക് ബഹുമാനം നൽകണം എന്ന പ്രതീതി ജനിപ്പിക്കും. ആദരിക്കപ്പെടുന്ന ആളുടെ വാക്കുകൾക്ക് വിലയുണ്ട്. അതില്ലാത്ത ആളുടെ വാക്കുകൾക്ക് ദിവ്യത്വം കുറയും.

ഈ മുകളിൽ സൂചിപ്പിച്ചവരിൽ ഒരു വ്യത്യസ്തനായി നിലകൊള്ളുന്നത് രാജാറാം മോഹൻ റോയ് (Raja Ram Mohan Roy) മാത്രമാണ് എന്നാണ് തോന്നുന്നത്. ഇങ്ഗ്ളണ്ടിലേക്ക് കുതിച്ച് ഓടി എത്തിയത്, അതിഗംഭീരമായ ഒരു സാമൂഹിക വിപത്തിനെ നിർത്താനായിട്ടാണ് : സതി. സ്ത്രീകളെ ജീവനോട് കൂടി കത്തിക്കുന്നത് നിർത്തലാക്കാൻ പാടില്ല എന്നുള്ള ആവശ്യവുമായി ഇങ്ഗ്ളണ്ടിലേക്ക് പോയ പ്രാദേശിക ദൌത്യസംഘത്തിന്റെ വാദഗതികൾക്ക് എതിരായും ഈ ഉപഭൂഖണ്ടത്തിൽ സാമൂഹിക അഭിപ്രായം ഉണ്ട് എന്ന് ബ്രിട്ടിഷ് പാർലമെന്റിനെ ഇദ്ദേഹമാണ് അറിയിച്ചത്.

'സതി' എന്ന ഭീകര ആചാരാനുഷ്ഠാനത്തെ ഉടൻ അടിച്ചമർത്തണമെന്ന് ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക്, ഇതോടെ ബ്രിട്ടിഷ് പാർലമെന്റ് കൽപന നൽകി. ഈ ഉപഭൂഖണ്ടത്തിലെ പ്രാദേശിക ആചാരങ്ങളിൽ ഇടപെടില്ലാ എന്ന നയമാണ് കമ്പനി അതുവരെ എടുത്തിരുന്നത്.

101. ദൈവവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഭാഷണങ്ങൾ

പൊതുവായിപ്പറഞ്ഞാൽ, ദൈവത്തെ 'നീ' എന്നാണ് സംബോധന ചെയ്ത് കാണുന്നത്. അതിൽ ദൈവത്തിന് പരാതിയില്ലാ എന്ന് അനുമാനിക്കാം. കാരണം, ഈ വിധ വാക്ക് കോഡുകൾ ദൈവത്തെ ബാധിക്കില്ലാ എന്ന് തോന്നുന്നു. സമുദ്രത്തെ ചാട്ടവാറ് കൊണ്ട് പ്രഹരിച്ചാൽ, സമുദ്രത്തിന് അത് ഏശില്ലാ എന്നത് പോലെ.

അതേ സമയം 'അങ്ങ്' എന്ന വാക്കും ഉപയോഗിച്ച് കാണുന്നുണ്ട്. ഇതിനെക്കുറിച്ച് കൂടുതലായി അറിയില്ല. മുത്തപ്പൻ വെള്ളാട്ടത്തെ ആരും 'നീ' എന്ന് സംബോധന ചെയ്ത് കണ്ടില്ല. ഇങ്ങിനെ ചെയ്യാറുണ്ടോ എന്ന് അറിയില്ല.

ഇങ്ഗ്ളിഷിൽ ദൈവത്തെ പരാമർശിക്കുമ്പോൾ He, Him എന്ന വാക്കുകൾ ഉപയോഗിക്കുമ്പോൾ H വലിയക്ഷരത്തിലാണ് എഴുതുക. ഈ കാര്യം ഇങ്ഗ്ളിഷ് ഭാഷയിൽ വന്നത് ഏത് സ്വാധീനത്തിൽ നിന്നും ആണ് എന്ന് അറിയില്ല.

ബ്രാഹ്മണമത (ഹൈന്ദവ മത) ദൈവങ്ങളെ 'നീ' എന്ന് തന്നെയാണ് പ്രാർത്ഥനയിൽ സംബോധന ചെയ്യാറ് എന്നാണ് അറിയുന്നത്. യഥാർത്ഥത്തിൽ ഈ 'നീ' എന്ന സംബോധന ആത്മ മിത്രത്തോടുള്ള സംബോധന പോലെയാണ്. മാനസിക അടുപ്പത്തിന്റെയും സ്നേഹ ബന്ധത്തിന്റേയും പ്രതീകാത്മകതയാകാം. എന്നാൽ ഈവിധമുള്ള സംബോധന മനുഷ്യർ തമ്മിലുള്ള പ്രണയങ്ങളിൽ ദിശാഘടകാംശം നിയന്ത്രിക്കാനിടയുണ്ട്.

സംസ്കൃതത്തിന് കാര്യമായ ഫ്യൂഡൽ (ഉച്ചനീചത്വ) ചുവയുണ്ട് എന്നതിനാൽ, ഹൈന്ദവ ആദ്ധ്യാത്മിക നേതാക്കളും ദിവ്യവ്യക്തികളും ഇതിന് അനുസൃതമായാണ് ഗുരു-ശിക്ഷ്യബന്ധം വിളർത്തിയത് എന്ന് തോന്നുന്നു.

ആരാധനാ മൂർത്തികളുടെ പേരിന് മുന്നിലായി 'ശ്രീ' എന്ന പദം പലപ്പോഴും ഉപയോഗിച്ച് കാണുന്നുണ്ട്.

കൃസ്ത്യൻ മതം യഥാർത്ഥത്തിൽ ഒരു പടിഞ്ഞാറൻ ഏഷ്യൻ മതമായതിനാൽ, ഈ ഫ്യൂഡൽ ഭാഷകളുടെ സ്വാധീനമുണ്ടായിരുന്നില്ലെ എന്നൊരു സന്ദേഹം. വിശുദ്ധ ബൈബിൾ (പഴയ നിയമം Old Testament) ഹീബ്രുവിലാണ് എഴുതപ്പെട്ടത് എന്നാണ് തോന്നുന്നത്.

യഹൂദന്മാരുടെ മതവിശ്വാസങ്ങളുമായി ബൈബിൾ പഴയനിയമത്തിന് കാര്യമായ ബന്ധമുണ്ട് എന്ന്തോന്നുന്നു. യഹൂദരുടെ പാരമ്പര്യ ഭാഷയായ ഹീബ്രുവിന് ഫ്യൂഡൽ പരിവേഷമാണോ, അതോ പരന്ന കോഡുകളാണോ ഉള്ളത് എന്ന് അറിയില്ല. എന്നാൽ, അവരുടെ ഭാഷാ കോഡുകൾ അവരുടെ ചരിത്രത്തെ കാര്യമായി ബാധിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

യഹൂദരുടെ ലോകൈകമായിട്ടുള്ള അനുഭവത്തെ വിലയിരുത്തണമെങ്കിൽ അവരുടെ പാരമ്പര്യ ഭാഷയിലെ കോഡുകൾ കൂടി പരിശോധിക്കേണ്ടതാണ് എന്നാണ് തോന്നുന്നത്. പാലസ്ത്തീൻ പ്രദേശം യഹൂദന്മാർ കൈയ്യേറി ഇസ്റായേൽ എന്ന രാജ്യം ഉണ്ടാക്കുന്നതിന് മുൻപ്, യഹൂദരെ ഏറ്റവും കൂടുതൽ വെറുപ്പോട് കൂടി വീക്ഷിച്ചിരുന്നത് യൂറോപ്പിലെ ജനതയായിരുന്നു. ഇതിന്റെ കാരണം അറിയില്ല. ഭാഷാ കോഡുകൾ പരിശോധിച്ചാൽ, കാരണം മിക്കവാറും വ്യക്തമായി ദൃഷ്ടിക്കാൻ കഴിഞ്ഞേക്കാം.

ഈ എഴുത്തുകാരൻ വളരെ ചെറുപ്പകാലത്ത്, ഇങ്ഗ്ളിഷ് ക്രിസ്ത്യാനിറ്റിയുടെ ചുറ്റുപാടുകൾ ചെറുതായി അനുഭവിച്ചറിഞ്ഞിരുന്നു. ഇത് ആങ്ഗ്ളോ-ഇന്ത്യൻ ക്രിസ്ത്യാനികളുടെ സാമീപ്യത്തിൽനിന്നുമാണ്. ഇന്ന് ഇങ്ങിനെ ഒരു സാമൂഹിക പ്രസ്ഥാനം തന്നെ ഈ നാട്ടിൽ നിന്നും തുടച്ച് മാറ്റപ്പെട്ടിട്ടുണ്ട്.

കൃസ്ത്യാനികൾ ലോകത്തിന്റെ പലദിക്കിലും ഉണ്ട്. ഇങ്ഗ്ളിഷ് രാജ്യങ്ങളിൽ അല്ലാതെ മറ്റെവിടെയെങ്കിലും ഇങ്ഗ്ളിഷ് ക്രിസ്ത്യാനിറ്റി നിലവിൽ ഉണ്ടോ എന്ന് അറിയില്ല. അനുഭവം വച്ച് പറയുകയാണെങ്കിൽ, ഫ്യൂഡൽ ഭാഷകളിൽ പ്രവർത്തിക്കുന്ന ക്രിസ്ത്തീയ മതവും ഇങ്ഗ്ളിഷിൽ പ്രവർത്തിക്കുന്ന ക്രിസ്ത്തീയ മതവും തമ്മിൽ മാനസിക ഭാവത്തിൽ വലിയ ബന്ധം ഇല്ലാ എന്നാണ് തോന്നുന്നത്.

മലയാളത്തിൽ യേശുവിനെ 'അവൻ' എന്നാണ് ആദ്ധ്യാത്മിക വേദികളിൽ പരാമർശിക്കുന്നത് എന്നാണ് തോന്നുന്നത്. എന്നാൽ, പൊതുവേദികളിൽ ഈ ഒരു വാക്ക് പ്രയോഗം അനുചിതമായേക്കാം. യേശുവിനോട് പ്രാർത്ഥിക്കുമ്പോഴും, 'നീ' എന്നാണ് ഉപയോഗിക്കുന്നത് എന്ന് തോന്നുന്നു.

'നിങ്ങൾ' എന്ന പ്രയോഗം അതീവ അരോചകമാകും. എന്നാൽ 'അങ്ങ്' എന്ന പ്രയോഗത്തിൽ പ്രശ്നമില്ലാ എന്ന് തോന്നുന്നു.

102. ഫ്യൂഡൽ ഭാഷകളും ഇസ്ലാമും

ഇസ്ലാം മതസ്തരുടെ വിശുദ്ധ ഖുറ്ആൻ അറബി ഭാഷയിലാണ് എന്ന് കാണുന്നു. അറബി ഭാഷയ്ക്ക് ഫ്യൂഡലിസം (ഉച്ചനീച്ത്വ കോഡുകൾ) കുറവാണ് എന്നാണ് പൊതുവായി ലഭിച്ച വിവരം. എന്നാൽ, അറബികളിൽ കാര്യമായ സാമൂഹിക പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി കാണുന്നു. ഇത് പ്രവാചകനായ മുഹമ്മദിന്റെ ജീവിതം വായിക്കുമ്പോൾ കാണുന്നുണ്ട്.

അറബി ഭാഷയിൽ സാമൂഹിക ആശയവിനിമയത്തിൽ പിശകായിട്ടുള്ളത് എന്താണ് എന്ന് അറിയില്ല. എന്നാൽ ഭാഷാ കോഡുകൾ പരിശോധിച്ചാൽ പിശകുണ്ടെങ്കിൽ അത് കണ്ടെത്താനായേക്കാം. എന്നാൽ, ചുറ്റുമുള്ള ഫ്യൂഡൽ ഭാഷക്കാരുടെ സ്വാധീനം സംസാര-അറബിയിൽ നിഴലിക്കുന്നുണ്ടാവാം. ഫ്യൂഡൽ ഭാഷക്കാർ ചുറ്റും ഉള്ളപ്പോൾ, അവരുടെ ഇടയിലെ സാമൂഹിക ഉച്ചനീചത്വങ്ങളെ ഉൾക്കൊള്ളാൻ ഭാഷയിലെ വാക്ക്-കോഡുകളിൽ മാറ്റം സംഭവിക്കും.

ഇത് ഇങ്ഗ്ളിഷിലും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

പ്രവാചകനായ മുഹമ്മദിന്റെ ജീവചിരിത്രം ഒരു മലയാളി എഴുത്തുകാരൻ ഇങ്ഗ്ളിഷിൽ എഴുതിയതിൽ, ഇങ്ഗ്ളിഷ് വാക്യങ്ങളുടെ ഗുണമേന്മ വരുത്താനായി ഈ എഴുത്തുകാരൻ പ്രവർത്തിച്ചിട്ടുണ്ട്. അന്നാണ് പ്രവാചകനെക്കുറിച്ച് കാര്യമായ വിവരം ലഭിച്ചത്.

ഈ അവസരത്തിലാണ്, പല രീതിയിലും ഉച്ചനീചത്വ കോഡുകളോട് താദാത്മ്യത്തിലാവാൻ പ്രവാചകൻ താൽപ്പര്യം കാണിക്കാത്ത കാര്യം ശ്രദ്ധയിൽ വന്നത്. ഇത് തികച്ചും ഒരു ആശ്ചര്യകരമായ കാര്യമായിട്ടാണ് തോന്നിയത്.

താൻ കയറി വരുമ്പോൾ, വലിയ ആൾ വരുന്നു എന്ന രീതിയിൽ ബഹുമാന സൂചകമായി എഴുന്നേൽക്കരുത് എന്ന് പ്രവാചകന്റെ തന്നെയുള്ള താക്കീത് ഉണ്ടായിരുന്നു എന്ന് കാണുന്നു. ഈ കാര്യം വാസ്തവത്തിൽ ഇങ്ഗ്ളിഷ് ഭാഷാ ചട്ടങ്ങൾക്ക് താദാത്മ്യത്തിൽ ഉള്ള കാര്യമാണ്. ഇങ്ഗ്ളിഷിലെ സമത്വാധിഷ്ഠിത കോഡുകളോട് ഇങ്ങിനെ വ്യക്തമായി താദാത്മ്യം തോന്നിക്കുമാറ്, മറ്റാരും ഇങ്ങിനെയൊരു പ്രമാണം പ്രഖ്യാപിച്ചതായി അറിവില്ല.

ഈ താക്കീത്, പ്രവാചകന്റെ സ്വന്തം അനുയായികൾക്ക് തന്നെ, അവരുടെ സ്വന്തം കാര്യത്തിൽ പ്രാവർത്തികമാക്കാൻ ആയിരുന്നുവോ എന്ന് അറിയില്ല. ഉദാഹരണത്തിന്, പ്രവാചകന്റെ വളരെ അടുത്ത അനുയായിയായ അബുബക്കർ സിദ്ദിക്ക് ഇത് തന്റെ അനുയായികളോട് അനുവർത്തിക്കാൻ പറഞ്ഞിരുന്നോ എന്ന് അറിയില്ല.

ഫ്യൂഡൽ വാക്ക്-കോഡുകളുടെ പ്രശ്നത്തെക്കുറിച്ച് ഇസ്ളാം മതത്തിന് വിവരം ഉണ്ടായിരുന്നു എന്ന് തോന്നുന്നു. പ്രവാചകന്റെ പേരായ

മുഹമ്മദ് എന്നത് തനിയായി ഉച്ചരിക്കാൻ പാടില്ല എന്നൊരു പ്രമാണം ഉണ്ട് എന്ന് അറിയുന്നു. ഇങ്ങിനെ ഒരു നിയമത്തിന് പിന്നിൽ പ്രവർത്തിച്ചത് എന്താണ് എന്ന് അറിയില്ല. എന്നിരുന്നാലും, ഫ്യൂഡൽ ഭാഷകളുടെ കോഡുകളെക്കുറിച്ചുള്ള ധാരണയാണോ ഇത് എന്നതിനെക്കുറുച്ചും അറിയില്ല. ആ നിയമം ഖുറ്ആനിൽ നിന്നുമാണോ, അതോ ഹദീസിൽ നിന്നുമാണോ എന്നും അറിയില്ല.

എന്നാൽ, ഇസ്ലാം ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിൽ പടർന്നപ്പോൾ, ഈ പ്രദേശങ്ങളിലെ ഫ്യൂഡൽ ഭാഷാ കോഡുകളുടെ പ്രഹരത്തെ നേരിടാൻ ചെറുതായെങ്കിലും ഒരു ശ്രമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നു. ഇക്കാര്യത്തിൽ ക്രിസ്തീയ മതം ഈ ഉപഭൂഖണ്ഡത്തിൽ ഭാഷാപരമായി എടുത്ത നിലപാടിൽനിന്നും വ്യത്യസ്തമായാണ് ഇസ്ലാം എടുത്ത നിലപാട് എന്ന് തോന്നുന്നു. ക്രിസ്ത്തീയർ വാക്ക് കോഡുകളുടെ ഏറ്റവും താഴത്തനിലയിലേക്ക് നീങ്ങി, 'അവൻ', 'നീ', തുടങ്ങിയ വാക്കുകളുടെ ആത്മബന്ധത്തിന്റെ നിലവാരങ്ങളാണ് ഉപയോഗപ്പെടുത്തിയത് എന്ന് തോന്നുന്നു.

അതേ സമയം ഇസ്ലാം പലയിടത്തും ഈ ഉപഭൂഖണ്ഡത്തിലെ വാക്ക് കോഡുകളുടെ അള്ളിപ്പിടുത്തത്തിൽനിന്നും വിട്ടുനിൽക്കാനും, മതപരമായ ദിവ്യവ്യക്തിത്വങ്ങളെ ഈ ഭാഷാകോഡുകളുടെ നിഷേധാത്മകമായ പിടിയിൽ വിട്ടുകൊടുക്കാതെയും നിലകൊണ്ടു എന്ന് തോന്നുന്നു.

പ്രവാചകനെ പരാമർശിക്കുമ്പോൾ, 'അദ്ദേഹം' എന്ന പദമാണ് ഉപയോഗിക്കുന്നത് എന്നാണ് തോന്നുന്നത്. പ്രവചകനെ ഏത് വാക്കിനാലാണ് സംബോധന ചെയ്യുന്നത് എന്ന് അറിയില്ല. എന്നാൽ, പ്രവാചകനോട് ദൈവത്തിനോടുള്ള പ്രാർത്ഥനയിൽ മദ്ധ്യസ്ഥം വഹിക്കാൻ ആവശ്യപ്പെടാറില്ല എന്നാണ് തോന്നുന്നത്. യേശുവിന്റെ കാര്യത്തിൽ, അങ്ങിനെയല്ല.

പ്രവാചകനെ 'നബി തിരുമേനി' എന്ന് മലയാളത്തിൽ എവിടെയോ എഴുതിയത് കണ്ടതായി ഓർക്കുന്നു. ഈ 'തിരുമേനി' എന്ന പദപ്രയോഗം, മൌലികമായ ഇസ്ലാമിൽ ഉള്ളതാണോ എന്ന് ഒരു സംശയം. കാരണം, പ്രവാചകൻ ഇങ്ങിനെയൊരു നിലപാട് എടുത്തിരുന്നു എന്നു തോന്നുന്നില്ല.

പ്രവാചകനായ മുഹമ്മദുമായി നേരിട്ട് കുടുംബ ബന്ധമുള്ളവർ എന്ന് അറിയപ്പെടുന്ന തങ്ങൾമാരെയും, അവരുടെ കുട്ടികളെയും 'നീ' എന്നോ, 'ഇഞ്ഞി' എന്നോ സംബോധന ചെയ്യരുത് എന്നൊരു ചട്ടംതന്നെ സുന്നി ഇസ്ലാമുകരുടെ ഇടയിൽ ഉണ്ട് എന്ന് അറിയുന്നു. ഈ ഒരു പ്രശ്നം അറബിയിൽ ഉണ്ടായിരുന്നതാണോ എന്ന് അറിയില്ല. എന്നാൽ, തോന്നുന്നത്, ഉപഭൂഖണ്ഡത്തിലെ ഭാഷകളുടെ ക്രൌര്യത്തിൽനിന്നും മതപരമായി ഔന്നിത്യത്തിൽ നിലകൊള്ളുന്ന വ്യക്തികളെയെങ്കിലും മാറ്റിനിർത്താനുള്ള ശ്രമമാകാം ഇത് എന്ന് തോന്നുന്നു. ഇതിനെക്കുറിച്ചും കാര്യമായ വിവരം ഈ എഴുത്തുകാരന് ഇല്ല.

പ്രവാചകനായ മുഹമ്മദിനെക്കുറിച്ച് വളരെ നല്ല അഭിപ്രായമേ പറയാനുള്ളു. അമിതമായ പ്രകോപനങ്ങൾക്കിടിയിലും അമിതമായ ആത്മസംയമനവും, മറ്റ് ജീവജാലങ്ങളോട് അനുകമ്പയും ഉള്ളതായാണ് കാണുന്നത്. മാത്രവുമല്ല, മനസ്സിൽ പകവച്ചില്ല എന്നു കാണുന്നു. പോരാത്തതിന് തന്നോട് കടുത്ത അപരാധം ചെയ്തവരോടും മാപ്പ് നൽകുന്നതും കാണുന്നു.

എന്നിട്ടും, ഇന്ന് ഇസ്ളാമിന് ലോകൈകമായിട്ടുള്ള നിർവ്വചനം പലദിക്കിലും ഇതിന് നേരെ വിപരീതമാണ്. ഇങ്ങിനെയൊരു സംഭവവികാസത്തിൽ, പലർക്കും ഉത്തരവാദിത്വം ഉണ്ട് എന്നത് ശരിയായിരിക്കാം. വ്യത്യസ്ത ഇസ്ലാം മതസ്തരുടെ പ്രാദേശിക ഭാഷാ സംസ്ക്കാരത്തിന് ഇതിലൊരു പങ്ക് ഉണ്ടാവാം. കാരണം, പ്രവാചകനായ മുഹമ്മദിന്റെ ഏറ്റവും നിസ്സാരമായി കാണാവുന്ന, താൻ കടന്നുവരുമ്പോൾ ബഹുമാന സൂചകമായി എഴുന്നേൽക്കേണ്ട എന്ന പ്രമാണം ഫ്യൂഡൽ ഭാഷകളിൽ നടപ്പില്ലതന്നെ.

വ്യക്തിപരമായതും, സാമൂഹികമായതും, മതപരമായതുമായ പ്രകോപനങ്ങളുടെ ഉറവിടം പലപ്പോഴും ഭാഷാകോഡുകളിലാണ് സ്ഥിതിചെയ്യുന്നത്. ഈ പ്രകോപനങ്ങളുടെ ഉറവിടത്തെ അന്വേഷിച്ച്, മതങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ, യഥാർത്ഥ പ്രകോപനങ്ങളെ കണ്ടെത്താനാവില്ല, എന്നാണ് തോന്നുന്നത്. ഈ ഉപഭൂഖണ്ടത്തിലെ വർഗ്ഗീയ കലാപങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രകോപനം നൽകിയത് ഭാഷാകോഡുകൾതന്നെയാണ്. തെക്കേ മലബാറിലെ മാപ്പിള ലഹളയുടെ പ്രകോപനങ്ങളിൽ പോലും, ഇത് കാര്യമായി പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് തോന്നുന്നത്.

മറ്റ് ചിലകാര്യങ്ങളും പറയാനുണ്ട്. പിന്നീട് ആകാം.

ലോകത്തിന് മുഴുവനായും ഒരു ഭാഷ, ദൈവം നടപ്പിൽവരുത്തും എന്ന സങ്കൽപം പല ആദ്ധ്യാത്മിക സംസക്കാരങ്ങളും സൂചിപ്പിച്ചുകാണുന്നുണ്ട്. ആ ഭാഷ ഉച്ചനീചത്വ കോഡുകളുള്ളതാവുമോ, അതോ നിരപ്പുള്ള കോഡുകൾ ഉള്ളതായിരിക്കുമോ എന്നത് കണ്ടറിയേണ്ടിയിരിക്കുന്നു.

103. പ്രത്യയശാസ്ത്രങ്ങൾ ഫ്യൂഡൽ ഭാഷാകോഡുകൾക്ക് മുന്നിൽ പരാജയപ്പെടുന്നു

പ്രവാചകനായ മുഹമ്മദ് ദൃഷ്ടാന്തീകരിച്ച ഇസ്ലാമും ഫ്യൂഡൽ ഭാഷകളിൽ അനുഭവസിദ്ധമായ ഇസ്ലാമും തമ്മിലുള്ള അന്തരത്തെ ചിത്രീകരിക്കുന്ന ഒരു സംഭവവിവരണം ഇവിടെ നൽകാം.

ഈ കഥ ഈ എഴുത്തുകാരനോട് പറഞ്ഞത് ഒരു മുസ്ലീം വ്യക്തിതന്നെയാണ്. ഇതിലെ മുഖ്യ കഥാപാത്രത്തോട് അതീവ ആരാധ്യമനോഭാവത്തോട് കൂടിയാണ് ആ ആൾ ഈ കഥ പറഞ്ഞത്.

കോഴിക്കോട് പട്ടണത്തിൽ നിന്നും ഏതാണ്ട് 85 കിലോമീറ്റർ കിഴക്ക് ഉള്ള ഒരു ചെറിയ ഗ്രാമമായിരുന്നു കുറ്റ്യാടി എന്ന പ്രദേശം. കഥയുടെ കാലഘട്ടം ഏതാണ്ട് 60കൾ ആണ് എന്ന് തോന്നുന്നു. ഇന്ന് കുറ്റ്യാടിയും കോഴിക്കോടും തമ്മിൽ ഏതാണ്ട് 50 കിലോമീറ്റർ ദൂരം മാത്രമേ ഉള്ളു.

കുറ്റ്യാടിക്കടുത്ത് ഒരു മുസ്ലിം ഭൂജന്മിയുണ്ടായിരുന്നു. ആ ആളുടെ പേരിന് പിന്നിൽ സാഹിബ് എന്ന സ്ഥാനാനാമവും ഉണ്ടായിരുന്നു. ഈ സ്ഥാനനാമം എന്തിനെയാണ് പ്രതിനിധീകരിക്കുന്നത് എന്ന് അറിയില്ല.

നിർത്താതെ തേങ്ങ പറിക്കാനും മാത്രം ഭൂസ്വത്ത് ഉള്ള അതിഗംഭീര സമ്പത്തുള്ളവ്യക്തിയായിരുന്നു ഈ ആൾ. ഒരു പ്രാദേശിക രാജാവിന്റെ സാമൂഹിക അധികാരം ഈ വ്യക്തിയിൽ സാധാരണക്കാർ കണ്ടിരുന്നു. ഇവിടെ ചെറുതായൊന്ന് സൂചിപ്പിക്കാനുള്ളത്, ഈ വ്യക്തിയുടെ അമിത സമ്പത്ത് മറ്റ് ജനങ്ങളുടെ സാമൂഹിക ഉന്നമനത്തിൽ കലാശിക്കില്ല എന്നുള്ളതാണ്. ഇത് ഈ ഉപഭൂഖണ്ടതിന്റെ സ്വഭാവം.

കുറ്റ്യാടി അങ്ങാടി വെറും ഏതാനും ചെറിയ പീടികൾ ഉള്ള, ചുറ്റും വയലുകൾ ഉള്ള ഒരു പ്രദേശം. ഒരു നാൾ ഈ സാഹിബ് അങ്ങാടിയിൽ വന്നു.

പീടികകളിൽ ഇരിക്കുന്ന ആളുകൾ എല്ലാവരും, തലയിലെ കെട്ടഴിച്ച് വിധേയ ഭാവത്തിൽ എഴുന്നേറ്റ് നിന്നു. എന്നാൽ ഒരു പീടികയിൽ പുതുതായി ആ പ്രദേശത്ത് വന്നിരുന്ന ഒരു മുസ്ലിം വ്യക്തി ഇരിക്കുന്നുണ്ടായിരുന്നു. ഈ വ്യക്തി എഴുന്നേറ്റില്ല. ഈ വ്യക്തിയുടെ ഭാവം തികച്ചും മൌലികമായ ഇസ്ലാം പ്രകാരം ആയിരുന്നു എന്ന് തോന്നുന്നു. മറ്റൊരു വ്യക്തിയോട് വിധേയത്വം കാണിക്കേണ്ടുന്ന കാര്യമില്ലതന്നെ. രണ്ട് പേരും ഇസ്ലാം.

വിധേയത്വവും ബഹുമാനവും ഫ്യൂഡൽ ഭാഷാ സമൂഹത്തിലേ ഏറ്റവും ബലവത്തായ അടയാളങ്ങളാണ്. ഇത് പ്രതീക്ഷിക്കപ്പെടും. നൽകപ്പെടും. വളരെ അപൂർവ്വമായി ഇവ നിഷേധിക്കപ്പെടുന്ന അവസരങ്ങൾ വളരെ കൃത്യമായി മനസ്സിൽ അടയാളപ്പെടുത്തും.

സാഹിബ് ഒറ്റനോട്ടത്തിൽ വിധേയത്വം നൽകാത്ത ഈ ആളെ ശ്രദ്ധിച്ചു. ആ ആളുടെ അടുത്തേക്ക് പോയി വിശേഷങ്ങൾ ചോദിച്ചു.

ആളുകൾ ഞെട്ടി. നാട്ടിലെ സർവ്വശക്തനായ വ്യക്തിയോട് ഈ പുതിയ ആൾ യാതോരു വിധേയത്വവും പ്രകടിപ്പിക്കാതെ പെരുമാറുന്നു. സംസാരിക്കുന്നു.

ദിവസങ്ങൾക്കുള്ളിൽ കൂടുതൽ ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ. ഈ വ്യക്തി സാഹിബിന്റെ കൂടെ കാറിൽ യാത്ര ചെയ്യുന്നു. സാഹിബിന്റെ വീട്ടിൽ പോയി ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നു.

പിന്നെ അതിലും ഗംഭീര വാർത്ത. സാഹിബും ഈ വ്യക്തിയും കൂറുകൂടി കച്ചവടം തുടങ്ങിയിരിക്കുന്നു. കല്ലായിയിൽ മരത്തടി വ്യാപാരം. സാഹിബ് കാര്യമായി പണം ഇറക്കിയിട്ടുണ്ട്. ഈ ആൾ അയാളുടെ സർവ്വസ്വത്തും മുതൽമുടക്കിയിട്ടുണ്ട്. ഈ ആൾ ഇപ്പോൾ നാട്ടിലെ പ്രമാണിയെപ്പോലെയാണ്.

പിന്നെ വന്നത് പൊട്ടിത്തെറി പോലുള്ള വാർത്തയാണ്. കുത്തി ഒഴുകിവന്ന മഴവെള്ളത്തിൽ, കല്ലായിപ്പുഴയിൽ സൂക്ഷിച്ചുവച്ചിരുന്ന മരത്തടി മൊത്തം ഒഴുകിപ്പോയി. സാഹിബിന് നഷ്ടമായത് സമ്പത്തിന്റെ നിസ്സാരമായ ഒരു വിഹിതം. മറ്റേ ആളുടെ സ്വത്തിൽ സർവ്വതും വെള്ളത്തിൽ ഒലിച്ചുപോയി.

ഈ കഥ പറഞ്ഞ വ്യക്തി, കഥ അവസാനിപ്പിച്ചത് ഇപ്രകാരമാണ്: പിന്നുള്ള ദിവസങ്ങളിൽ അങ്ങാടിയിൽ സാഹിബ് വരുമ്പോൾ ആദ്യം എഴുന്നേൽക്കുന്നത് ഈ ആളായിരിക്കും. അയാൾ പൂർണ്ണമായും സാഹിബ്ബിന്റെ ദാസ്യനും ആശ്രിതനും ആയി മാറിയിട്ടുണ്ടായിരുന്നു.

ഇവിടെ പറയാനുള്ളത്, ബഹുമാനവും വിധേയത്വവും പ്രതീക്ഷിക്കപ്പെടുന്നിടത്ത് ലഭിച്ചില്ലെങ്കിൽ, മനുഷ്യ മനസ്സിൽ വിഷം കയറും എന്നുള്ളത്, ഫ്യൂഡൽ ഭാഷാ കോഡുകളുടെ പ്രവർത്തനത്താലാണ്. സമത്വവാദം (egalitarianism) പ്രോത്സാഹിപ്പിക്കുന്ന യാതോരു തത്വസംഹിതയ്ക്കും മതത്തിനും ഈ ഭാഷാ കോഡുകളുടെ ബലത്തെ നിയന്ത്രിക്കാനോ തടയാനോ ആകില്ലതന്നെ. വേദാന്തങ്ങളും ധർമ്മതീതികളും, സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രങ്ങളും മറ്റും ഇവയുടെ മുന്നിൽ തികച്ചും അർത്ഥശൂന്യവും നിഷ്പ്രഭവും ആവുന്നു.

104. കുറുക്കുവഴികളിലൂടെ പ്രശ്നപരിഹാരത്തിന് മുതിരുന്നവർ

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രത്തെകുറിച്ചുള്ള ഒരു അനുഭാവ്യചിത്രീകരണം എഴുതുന്നതിന് മുൻപായി ഉള്ള അവതാരിക ഇവിടെ ഉപസംഹരിക്കുകയാണ്. ഈ അവതാരികയിൽ ഈ ഉപഭൂഖണ്ഡത്തിനെ ആകമാനമായി ആവരണം ചെയ്യുന്നതും ഗ്രസിക്കുന്നതുമായ ഫ്യൂഡൽ ഭാഷകളുടെ സ്വഭാവ വിശേഷണങ്ങൾ ചിത്രീകരിക്കുകയാണ് ചെയ്തത്.

ചരിത്രത്തിന്റെ അനുഭാവ്യ ചിത്രീകരണം നൽകുന്നതിന് ഇത്രയും വിശാലമായി, കേവലം നിസ്സാരമായ, ഭാഷയെന്ന ഘടകത്തിന് ഇത്രമാത്രം പ്രാധാന്യം എന്തിന് നൽകിയെന്നൊരു ചോദ്യം മനസ്സിലുദിക്കുന്നുവെങ്കിൽ, പറയാനുള്ളത്, ചരിത്രത്തെ മാത്രമല്ല മറ്റ് പലതിനേയും ഭാഷാ കോഡുകളിലൂടെ വിശകലനം ചെയ്യേണ്ടതാണ് എന്നാണ്.

സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം, മനശ്ശാസ്ത്രം, രാഷ്ട്ര തന്ത്ര ശാസ്ത്രം, വൈവാഹിക ജീവിതം, തൊഴിൽ മേഖല, വിദ്യാഭ്യാസ മേഖല, ഭരണയന്ത്രം, പോലീസ് പെരുമാറ്റം, സോഷ്യൽ എൻജിനീയറിങ്ങ് (Social Engineering) തുടങ്ങി മറ്റെല്ലാ വിഷയങ്ങളിലും ഈ ഭാഷാ കോഡുകളെക്കുറിച്ചുള്ള വ്യക്തമായ വിവരം കാര്യമായതും, സൂക്ഷ്മമായതുമായ അറിവ് നൽകും. കാരണം, ഇങ്ഗ്ളിഷിൽ കാണുന്നത് പോലെയല്ല കാര്യങ്ങൾ. വ്യക്തികളും എല്ലാവിധ കാര്യങ്ങളിലും ഫ്യൂഡൽ ഭാഷാ കോഡുകൾ, അവയിൽ കോഡ്ചെയ്യപ്പെട്ടിട്ടുള്ള പ്രവർത്തനരീതികൾക്കനുസൃതമായി കാര്യങ്ങളെ സ്വാധീനിക്കും.

എന്നാൽ, ഈ വിഷയത്തെക്കുറിച്ച് ഒരു കാര്യം കൂടി പറയാനുണ്ട്. 'ജീവൻ' എന്ന പ്രതിഭാസത്തെയും, മനസ്സിനെയും (Brain software) മസ്ത്തിഷ്കത്തെയും, ഭൌതിക യാഥാർത്ഥ്യത്തേയും (Codes of reality) മറ്റും രൂപകൽപ്പന ചെയ്യുന്നതും, നിർവ്വഹണം ചെയ്യുന്നതുമായ അമാനുഷ സോഫ്ട്‌വേറുകളുമായി ഭാഷാകോഡുകൾക്ക് ബന്ധമുണ്ട്. ഈ വിഷയത്തെക്കുറിച്ച് പിന്നീട് ആവുമെങ്കിൽ പ്രതിപാദിക്കാം. https://archive.org/details/SoftwareofLife: Software codes of Reality, Life and Languages!

ഹോമിയോപ്പതിയെന്ന രോഗചികിത്സാ സമ്പ്രദായത്തിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്ന യന്ത്ര സംവിധാനത്തെക്കുറിച്ചും ഇതിനോടൊപ്പം വിശകലനം ചെയ്യാനായേക്കാം.

ഭാഷാ കോഡുകൾ എന്ന വിശാലമായ വിഷയത്തെക്കുറിച്ച് യാതോരു വിവരവും ഇല്ലാതെയാണ് ഇന്ന് ഇന്ത്യയിൽ പല നിയമങ്ങളും നടപ്പിൽവരുത്തുന്നത്. കേവലം തരിശായ എന്തെങ്കിലും ഒരു ഔപചാരിക

വിദ്യാഭ്യാസ ബിരുദത്തിന്റെ പിൻബലത്തോടു കൂടിയാണ് പലരും ഇതിന് മുൻകൈ എടുക്കുന്നത്.

ഇങ്ഗ്ളിഷ് ഭരണകാലത്ത്, ബ്രിട്ടിഷ്-ഇന്ത്യയിലെ (ഇവിടുണ്ടായിരുന്ന സ്വതന്ത്ര രാഷ്ട്രങ്ങളിലെ അല്ല) ജനക്കൂട്ടങ്ങളിലെ വിവിധ വ്യത്യസ്ത ഘടകങ്ങളുടെ സാമൂഹിക പെരുമാറ്റങ്ങളെയും താൽപ്പര്യങ്ങളെയും കണക്കിൽ എടുത്ത്, വളരെ ശ്രദ്ധയോടും, സൂക്ഷ്മമായും, ക്രമേണയും മറ്റുമായി നടപ്പിൽ വരുത്തിയ നിയമങ്ങളിൽ, ഇന്ന് ഗഹനമായുള്ള യാതോരു ശ്രദ്ധയും ഇല്ലാതെ, ദുരവ്യാപകമായ സാമൂഹിക സ്വാധിനം ചെലുത്തുന്ന മാറ്റങ്ങൾ യാതോരു ലക്കും ലഗാനും ഇല്ലാതെ വരുത്തുന്നുണ്ട്.

എല്ലാറ്റിനും ഏകമായ ഒരു സിവിൽകോഡ് എന്ന ആശയംതന്നെ വിപത്തുകൾ നിറഞ്ഞതാണ്. കാരണം, ഇങ്ങിനെയുള്ള ഒരു നിയമം, വ്യത്യസ്ത മാനസിക അനുഭവങ്ങൾ നേരിടുന്ന ജനക്കൂട്ടങ്ങളുടെ വിചാര ധാരയെ കണക്കിലെടുക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. എല്ലാവർക്കും ഒരുതരം ഒറ്റമൂലിയെന്ന രീതിയിൽ സർവ്വതിനേയും ബാധിക്കുന്ന, കുറുക്ക് വിദ്യാ പ്രയോഗമാണ് ഇന്ന് മിക്ക നിയമനിർമ്മാണവും.

വിദ്യാഭ്യാസം, ശൈശവ വിവാഹം, ചെറുപ്രായക്കാർക്ക് തൊഴിൽ ചെയ്യാനുള്ള അവകാശം, കുടുംബ ബന്ധങ്ങൾ, തൊഴിൽ ബന്ധങ്ങൾ എന്നിവയിലെല്ലാം വ്യത്യസ്ത ജീവിതാനുഭവങ്ങൾക്ക് ജനങ്ങളും, വ്യക്തികളും അനുഭവസ്ഥരാണ്. എല്ലാവരുടേയും മേൽ ഏകമായ ഒരു നിയമം നടപ്പിൽ വരുത്തുന്നതിന് മുൻപായി, ഈ വ്യത്യസ്ത വ്യക്തികൾ നേരിടുന്ന വ്യത്യസ്ത പ്രശ്നങ്ങൾ അറിഞ്ഞിരിക്കേണം, എന്നാണ് തോന്നുന്നത്.

105. ഈ എഴുത്തിനെക്കുറിച്ച്

ഫ്യൂഡൽ ഭാഷകൾ മനുഷ്യ ജീവിതത്തിന്റെ ഓരോ ഘടകങ്ങളെയും എങ്ങിനെ സ്വാധീനിക്കും എന്ന് വിവരിച്ചും, അവയ്ക്ക് യുക്തമായ ചിത്രീകരണങ്ങൾ നൽകിയും എഴുതുകയാണെങ്കിൽ, അത് മഹാഭാരതം എന്ന ഗ്രന്ഥത്തിനേക്കാളും വലിയ ഗ്രന്ഥമായിരിക്കും.

ഭാഷ കോഡുകളെക്കുറിച്ച് പലതും പറയാനുണ്ട്. സൌകര്യപ്പെടുമെങ്കിൽ അത് പിന്നീട് ചെയ്യുന്നതായിരിക്കും.

ഈ ചരിത്രം എഴുത്തിന്റെ അവതാരികാ അദ്ധ്യായം ഇവിടെ അവസാനിക്കുകയാണ്. അടുത്ത അദ്ധ്യായം തുടങ്ങാനുദ്ദേശിക്കുന്നു. അടുത്ത ചുവട് എവിടെ വെക്കണം എന്ന് തീരുമാനിക്കാനായി ഇവിടെ ഉപസംഹരിക്കുന്നു.

ഈ പ്രക്ഷേപണം നേരിട്ട് ലഭിക്കാൻ താൽപ്പര്യമുള്ളവർ, 9656100722 എന്ന നമ്പർ അവരുടെ മൊബൈൽ ഉപകരണത്തിൽ Contactsൽ VICTORIA എന്ന പേരിൽ ചേർക്കുകയും, Telegramലൂടെയോ Whatsappലൂടെയോ, 9656100722 എന്ന നമ്പറിലേക്ക് Send SouthAsia Broadcast എന്ന സന്ദേശം അയക്കുകയും ചെയ്യുക.

An English version of this broadcast is also available. Persons who are interested in receiving this are requested to send the following message to 91 9656100722 via Whatsapp: Please send South Asia History Broadcast (English).

ഈ പ്രക്ഷേപണം ഏതാനും ചിലർ അവരുടെ സ്വന്തം കോൺടാക്റ്റുകൾക്ക് (Contacts) പുനർപ്രക്ഷേപണം ചെയ്യുന്നുണ്ട് എന്ന് അറിയുന്നു. ഇങ്ങിനെ ചെയ്യാൻ മാറ്റാർക്കെങ്കിലും താൽപ്പര്യം ഉണ്ടെങ്കിൽ, അതിന് വേണ്ടി ആദ്യം മുതൽ ഓരോന്നായി നിത്യേനെ ഈ പ്രക്ഷേപണം ലഭിക്കണമെന്ന് താൽപ്പര്യം ഉണ്ടെങ്കിൽ, 91 7907076260 എന്ന നമ്പർ അവരുടെ മൊബൈൽ ഉപകരണത്തിൽ VICTORIA Broadcast എന്ന പേരിൽ Contactsൽ ചേർക്കുകയുംഅതിന് ശേഷം, ഈ നമ്പറിലേക്ക് Whatsapp മുഖേനെ Please send South Asia Writing for broadcast എന്ന സന്ദേശം അയക്കുക.

അച്ചടി രൂപത്തിലും ഡിജിറ്റൽ പുസ്തകരൂപത്തിലും ഇറക്കുന്ന ഈ പുസ്തകം മിക്കവാറും എല്ലാ രീതിയിലും നിത്യപ്രക്ഷേപണമായി അയച്ച അതെ വാക്ക്യങ്ങളാണ്. എന്നാൽ, പ്രക്ഷേപണത്തിൽ ചെറിയ രീതിയിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള അസഭ്യവാക്കുകൾ, അവയുടെ പൂർണ്ണരൂപത്തിലാണ് ഈ അച്ചടിച്ച ഗ്രന്ഥത്തിലും ഡിജിറ്റൽ ഗ്രന്ഥത്തിലും നൽകിയിട്ടുള്ളത്.

ഇതിന്റെ കാരണം, ചരിത്രപരമായി, സൂക്ഷ്മതയും സ്പഷ്ടതയും നിലനിർത്താനാണ്.

ഇതുമായി ബന്ധപ്പെട്ട ഒരു അനുഭവം ഈ എഴുത്തുകാരന് ഉണ്ടായിട്ടുണ്ട്. കുറച്ച് കാലം മുൻപ്, കൊടുങ്ങല്ലൂർ ഭരണിയെക്കുറിച്ച് ഗഹനമായ ഒരു ലേഖനം എഴുതാൻ ഒരുമ്പെട്ടപ്പോൾ കണ്ടത്, ഈ വാർഷിക ആഘോഷവുമായി ബന്ധപ്പെട്ട് നൂറ്റാണ്ടുകൾക്ക് മുൻപ് ചൊല്ലാറുള്ള അസഭ്യവചനങ്ങൾ എവിടെയും രേഖപ്പെടുത്തിക്കാണുന്നില്ലാ എന്നതാണ്. ആകെ ലഭ്യമായതിൽ മിക്കവയും ഏതാണ്ട് കഴിഞ്ഞ ഒരു 100 വർഷങ്ങൾക്കുള്ളിൽ ഉപയോഗത്തിൽ വന്നവയാണ്. ഈ ആഘോഷങ്ങൾ ചരിത്രകാലഘട്ടങ്ങളിൽ ഏത് ഭാഷയിലാണ് നടത്തപ്പെട്ടത് എന്നുപോലും കൃത്യമായി അറിയാൻ പറ്റിയില്ല.

മലയാളവും, മലബാറിയും ഭാഷകൾ സംസാരിച്ച ആളുകൾ ഉപയോഗിച്ച അസഭ്യവാക്കുകൾ, അവരുടെ സാമൂഹിക ചരിത്രവുമായി കാര്യമായി ബന്ധപ്പെട്ടുകിടക്കുന്നുണ്ട്.

ഉദാഹരണത്തിന്, തിരുവിതാംകൂറിൽ, 1800കളിൽ ശൂദ്രരും താഴ്ന്ന ജാതിക്കാരും തമ്മിൽ തെരുവു യുദ്ധങ്ങൾ നടന്നിരുന്നു. ഇതിന്റെ സാമൂഹികമായ കാരണം, ഇങ്ഗ്ളണ്ടിൽനിന്നും വന്ന ക്രിസ്ത്യൻ മിഷിനറിമാരുടെ സ്വാധീനത്തിൽ കീഴ്ജാതിക്കാർ പലരും സാമൂഹികവും വിജ്ഞാനപരമായും ഉയർന്നു. വാസ്ത്രധാരണത്തിൽ അവർക്ക് ഉണ്ടായ പരിമിതികൾക്ക് അപ്പുറമുള്ള വസ്ത്രധാരണത്തിന് ശ്രമിച്ചു.

ഇങ്ങിനെ തെരുവീഥികളിലൂടെ അനുവദിക്കപ്പെട്ട നിലവാരത്തിന് അതീതമായി വസ്ത്രധാരണം നടത്തിയ കീഴ്ജാതിക്കാരും, അവരെ എതിർത്ത ശൂദ്രരും തമ്മിൽ ഏറ്റുമുട്ടി.

ഈ വക ഏറ്റുമുട്ടലുകളുടെ ക്രൌര്യം മനസ്സിലാക്കണമെങ്കിൽ, അവർ തമ്മിൽ ഉപയോഗിച്ച അസഭ്യവാക്കുകളെപ്പറ്റി ഒരു വിവരം ഉണ്ടായിരിക്കേണം.

ഇതുമായി ബന്ധപ്പെട്ട് വളരെ വ്യക്തമായി കാണാവുന്ന ഒരു ചിത്രീകരണം ഉണ്ട്. 1946ന് ചുറ്റുപാടിൽ പുന്നപ്രയിലും വയലാറിലും സംഘടിച്ച കീഴ്ജാതിക്കാരും പോലീസും തമ്മിൽ സംഘർഷം നിലവിൽവന്നു. ഇതിനെ പറഞ്ഞുതീർക്കാനായി അവിടെക്ക് പോയ തിരുവിതാംകൂർ രാജ്യത്തിലെ പോലീസ് ഇൻസ്പക്ടറെ കീഴ്ജാതിക്കാർ അടിച്ചുകൊന്നു. ഈ സംഭവവികാസം തന്നെ ലണ്ടൻ മിഷിനറി സൊസൈറ്റിയിലെ മിഷിനറിമാർ വർഷങ്ങൾക്ക് മുൻപ് സമൂഹത്തിൽ വരുത്തിവച്ച വിപ്ളവാത്മകമായ മാറ്റിമറിക്കലുകളുടെ അനന്തര ഫലമായി കാണാവുന്നതാണ്.

ഈ സംഭവവുമായി ബന്ധപ്പെട്ട ഏറ്റുമുട്ടലിനെ പുന്നപ്രവയലാർ എന്ന പേരിൽ സിനിമായാക്കിയപ്പോൾ, തികച്ചും വ്യത്യസ്തമായ ഒരു ചിത്രീകരണമാണ് പുറത്ത് വന്നത്. പ്രേംനസീറും ഷീലയും ഈ വിപ്ളവപക്ഷത്തെ പ്രതിനിധീകരിച്ചപ്പോൾ, തികച്ചും സ്ത്രൈണ സ്വഭാവവും, വളരെ മയമുള്ള ജനതയേയും മറ്റുമാണ് കാണപ്പെട്ടത്. എന്നാൽ, വാസ്തവം തികച്ചും പരുക്കൻ തന്നെയാകാനാണ് സാധ്യത.

'വസന്തപുഷ്പാഭരണം ചാർത്തിയ വയലേലകളിൽ'നിന്നും മറ്റുമായിരിക്കില്ല പ്രചോദനം. മറിച്ച് രണ്ടുപക്ഷത്തേയും ഇളക്കിമറിച്ചിട്ടുണ്ടാവുക തികച്ചും പരുക്കനായ അസഭ്യവാക്ക് പ്രയോഗമായിരിക്കും.

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രത്തെകുറിച്ചുള്ള ഒരു അനുഭാവ്യചിത്രീകരണം

(An impressionistic history of the South Asian subcontinent)

എഴുത്തുകാരന്റെ യോഗ്യത

Attributes of the author

VOLUME TWO

(Malayalam-Version)



VED from VICTORIA INSTITUTIONS

It is foretold! The torrential flow of inexorable destiny!

VICTORIA INSTITUTIONS
Aaradhana, **DEVERKOVIL** 673508 India
www.victoriainstitutions.com
admn@ victoriainstitutions.com
Telegram: https://t.me/VICTORIA_INSTITUTIONS

First published in 2016/17 in Whatsapp. This edition published in March 2018.

The printed versions as well as the digital versions of all books published by VICTORIA INSTITUTIONS can be bought/downloaded from the VICTORIA INSTITUTIONS website www.victoriainstitutions.com

Customers all over the world can buy the printed books as well as their Kindle version from Amazon.com. Customers in India can buy the printed as well as digital versions directly from VICTORIA INSTITUTIONS.

Whatsapp മുഖേനെ, ഏതാണ്ട് 2016 നവംബർ മുതൽ നിത്യേനെ പ്രക്ഷേപണം ചെയ്തുതുടങ്ങിയ ഒരു എഴുത്തു പരമ്പരയാണ് ഇത്. ഈ പ്രക്ഷേപണം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നുണ്ട്.

This book is Volume Two

This is a writing that goes into the very depth of feudal language social systems. The writing commenced as a regular broadcast through Whatsapp and still continues. The language of the original writing was a vernacular language of the southern parts of the South Asian Subcontinent.

The translated version of this book is primarily aimed at the attention of the native-English populations of native-English nations. They have no idea as to what it is that is entering their nations, when feudal language speakers enter their nations and slowly bring in diabolic transformations in everything in the native-English social systems.

Feudal languages have terrible carnivorous codes, along with an overpowering outwardly affable friendliness. The combination is a very deadly one, in that there is no shield or barrier that can effectively stop the infection of feudal languages.

The only way to ward off the terrible social disasters in the offing is to understand what a feudal language is. Feudal languages can literally splinter up all native-English social systems, at every nook and corner of the social system; be it family, professional locations, roadways, work efficiency, ethical codes and almost all else.

The appealing goodness of this book is that it has originally been written for people of feudal language nations; to make them understand what it is that is evil in their native social communication systems.

Once they understand it, they can think of overcoming and overpowering the evil that possess them, and lead their own social systems and nation to greater quality standards. As of now, they do not understand what the evil is that is daunting them at every location in their social system. They see only one way to escape the terrific negativity that infects them; that is to escape to native-English nations.

However, once they enter native-English nations, they become the **beachhead** for spreading their native-land **feudal-language infection** into the quaint and placid native-English social systems.

When accosted by a feudal language verbal or non-verbal signal, native-Englishmen and women, if defined in the meaner codes in the signals, will or can go berserk.

1	P#13	ഈ എഴുത്തിൽ വരാൻ പോകുന്ന ബഹുമുഖ വസ്ത്തുക്കൾ
2	P#15	പ്രചോദിപ്പിക്കപ്പെട്ട മനോവ്യത്തി
3	P#16	ഒരു വഹനനൌക മാത്രം
4	P#18	മുട്ടികൊണ്ട് തലയിൽ അടിച്ചേൽപ്പിക്കുന്ന വ്യർത്ഥവിവരങ്ങൾ
5	P#20	അനൌപചാരിക വാണിജ്യവിവരങ്ങളും ഔപചാരിക വിദ്യാഭ്യാസവും
6	P#23	ഇങ്ഗ്ളിഷ് സംസ്ക്കാര വിദ്യാഭ്യാസം അനുവഭപ്പെട്ടുതും, ഇന്ത്യൻ വിദ്യാഭ്യാസം അനുഭവിച്ചുതീർത്തതും
7	P#25	ആശയവിനിമയത്തിൽ ഉയർന്ന മ്യൂല്യങ്ങൾ നിലനിർത്തിയ Anglo-Indian വംശജർക്ക് എന്ത് സംഭവിച്ചു
8	P#27	കലർപ്പില്ലാത്ത ഇങ്ഗ്ളിക്ഷ് (pristine-English) വിദ്യാഭ്യാസ സംസ്കാകമരത്തിന്റെ സൂക്മ്ഗമായ ഗുണമേന്മ
9	P#29	ഉന്തുംതള്ളും ഉള്ള സാമൂഹികാന്തരീക്ഷത്തിലേക്ക്
10	P#31	ഇങ്ഗ്ളിഷ് സൌകുമാര്യത വിറങ്ങലിച്ചുപോയി
11	P#32	അതി ഗംഭീരമായ ആശയവിനിമയ ലാളിത്യം
12	P#33	മറ്റവൻ വളർന്നാൽ, ഫ്യൂഡൽ ഭാഷാ കോഡുകളിൽ ആപത്താണ്
13	P#35	ഇങ്ഗ്ളിഷ് എന്ന ഒറ്റ മന്ത്രംമാത്രം ചാലകശക്തിയായുള്ള ഒരു ഭരണ ചക്രം
14	P#37	രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പിടിപ്പുകേട്
15	P#38	പഴയ ഇങ്ഗ്ളിഷ് പരിസരസ്വാധീനം തേഞ്ഞ്മാഞ്ഞ് പോയിരിക്കുന്നു
16	P#39	വ്യത്യസ്ത മനോഭാവക്കാരായ പാതിരിമാർ
17	P#41	ഇങ്ഗ്ളിഷ് ഭാഷാ പരമായി രണ്ടുതട്ടിൽ നിൽക്കുന്ന പാതിരിമാർ
18	P#43	ജനാധിപത്യം ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ
19	P#46	രുചികരമായ പാഠപുസ്തകങ്ങളും അരോചകമായവയും
20	P#48	മലബാറി ഭാഷയുടെ കഥകഴിച്ചതെങ്ങിനെ
21	P#52	കുത്തനെ മറിഞ്ഞ വിദ്യാഭ്യാസം
22	P#54	'ഞാനാണ് മുമ്പൻ' എന്ന് കാണിക്കാനുള്ള ഒരു ത്വര
23	P#56	ഇങ്ഗ്ളിഷിലെ സ്വാഭാവിക അച്ചടക്കം
24	P#58	അതീന്ത്രിയ സോഫ്ട്വേർ കോഡുകളിൽ അക്കങ്ങളുടെ മൂല്യത്തിന്റെ വിസ്തൃതി
25	P#60	വാക്ക് കോഡുകളിലൂടെയുള്ള ആന്തോളനം
26	P#62	വിറങ്ങലിച്ച ഇങ്ഗ്ളിഷ് പഠനവും കുറെ വിഡ്ഢി വ്യാകരണ നിയമങ്ങളും
27	P#64	കുത്തിമറിഞ്ഞ സാമൂഹികാന്തരീക്ഷം
28	P#66	ഇങ്ഗ്ളിഷിൽ ഉച്ചാരണ പിശക് പടർത്തിയ തിരുവിതാംകൂർ ഭാഷ
29	P#67	വളർച്ചയെ വിവേചനപരമായി നിയന്ത്രിക്കുന്ന ഫ്യൂഡൽ ഭാഷയിലൂടെയുള്ള വിദ്യാഭ്യാസം

59	P#123	ശുദ്ധ ബോഷ്ക് ത്തരം ഉയർന്ന വിദ്യാഭ്യാസമാകുന്നു
60	P#124	സർക്കാർ ജോലി ലഭിക്കലാണ് ഉദ്ദേശം
61	P#125	പുസ്തകത്തിൽ എഴുതി, പലപ്രാവശ്യം ഉരുവിട്ട് കാണാപാഠമാക്കി, പരീക്ഷയെഴുതിയല്ലാ വിവരം വളർത്തുന്നത്
62	P#127	പരിമിതമായ സാങ്കേതിക വിജ്ഞാനം നൽകുന്ന അഞ്ച് വർഷ പഠനം
63	P#129	ഔപചാരിക വിദ്യാഭ്യാസവും സംരംഭകത്വവും
64	P#130	ഒരു വെളിപാട്
65	P#131	ഔപചാരിക വിദ്യാഭ്യാസം നൽകാത്ത സാങ്കേതിക വിവരങ്ങൾ എവിടെ നിന്ന് ലഭിക്കും
66	P#133	യാതോരു പ്രസക്തിയില്ലാത്തതും വ്യക്തിത്വ ഗുണമേന്മ നൽകാത്തതും ആയ വിദ്യാഭ്യാസം
67	P#136	തരിശായ ബിരുദങ്ങൾ
68	P#138	ഇങ്ഗ്ളിഷ് ഭാഷയുടെ മഹനീയ പാരമ്പര്യങ്ങളെക്കുറിച്ച് യാതോരു വിവരവും ഇല്ലാത്ത ഇങ്ഗ്ളിഷ് പ്രൊഫസർമാർ
69	P#139	ഇങ്ങ്ളിക്ഷിനോടും, ഇങ്ഗ്ളണ്ടിനോടും മാനസികമായി കൂറില്ലാത്ത ഇങ്ഗ്ളിഷ് സാഹിത്യകാരന്മാരെക്കുറിച്ച്
70	P#141	ഫ്യൂഡൽ ഭാഷയിലെ ശബ്ദരൂപത്തിലല്ലാത്ത സൂചനാ-അടയാളങ്ങൾ
71	P#143	നേത്രങ്ങളിലൂടെ വികിരണം ചെയ്യപ്പെടുന്ന ഉച്ചനീചത്വ കോഡുകൾ
72	P#144	ഏത് വിവരവും വാചകവും ത്രിശാഖിത്വത്തോടുകൂടിയാണ് വിശകലനം ചെയ്യപ്പെടുക
73	P#145	ആഴമില്ലാത്ത വാചക കസർത്തുകൾ
74	P#147	വികലമായ ലളിത പെരുമാറ്റങ്ങൾ
75	P#149	വിദ്യാർത്ഥികളോട് ബഹുമാനത്തോടുകൂടിയാണോ അദ്ധ്യാപകർ പെരുമാറുന്നത്
76	P#150	അടിയളത്തം പ്രകടിപ്പിച്ചാലുളവാകുന്ന ഗുണവും ദോഷവും
77	P#152	വലിയ ആളും അയാളുടെ കീഴിൽ കുഴിക്കകത്തുള്ള ആളും
78	P#154	ഫ്യൂഡൽ ഭാഷകളുടെ താന്തോന്നിത്തം അനുവദിക്കുന്ന നാട്ടിൽ
79	P#156	അപ്രവേശ്യ സ്വഭാവമുള്ള സാമൂഹിക തട്ടുകൾ
80	P#158	വ്യത്യസ്ത സാമൂഹിക അറകളിൽ ജീവിക്കുന്നവരുടെ ഒരു കൂട്ടം
81	P#160	Mr., Mrs, Miss. തുടങ്ങിയ പ്രയോഗങ്ങളുടെ കഥകഴിച്ച
82	P#161	തരംതാണവർ വാക്ക് കോഡുകളിൽ തരംതാഴ്ത്തിയാൽ
83	P#164	വ്യക്തിത്വം നിലനിർത്തിക്കൊണ്ട് പ്രതികരിക്കാൻ യാതോരു പഴുതും ഇല്ലാതാക്കുന്ന അവസ്ഥ
84	P#166	ഓഫിസർ സ്ഥാനത്ത് ഇങ്ങ്ളിപഴഷ് അറിവിൽ ഗുണമേന്മയില്ലാത്തവർ വന്നുകയറിയാൽ
85	P#168	ഫ്യൂഡൽ ഭാഷകളിലെ സാമൂഹിക വരമ്പുകൾ മറന്ന് പെരുമാറിയാൽ
86	P#170	അസാമാന്യമായ മാനസിക തയ്യാറെടുപ്പ് വേണ്ടുന്ന ഒരു ജീവിത ശൈലി

87	P#172	വെറും പത്ത് മിനിറ്റുകൊണ്ട് പലരിലും ജീവിത ദിശ മാറ്റിവിട്ടതിന്റെ കാര്യം
88	P#173	ഗുണമേന്മയുള്ള ഇങ്ഗ്ളികസഷിലേക്ക് പാത തിരിച്ചുവിട്ടത് അംഗീകരിക്കാത്തവർ
89	P#174	ഹ്രസ്വമായ ദൃശ്യങ്ങൾവരെ വാക്ക് കോഡുകളെ ബാധിക്കാം
90	P#176	ഒരാളെക്കുറിച്ച് ബഹുമാനിക്കുന്നവർ പറയുന്ന അഭിപ്രായവും, ബഹുമാനിക്കാത്തവർ പറയുന്ന അഭിപ്രായവും
91	P#178	ഇങ്ഗ്ളിഷ് ഫ്യൂഡലിസവും, ഫ്യൂഡൽ ഭാഷയിലെ ജനാധിപത്യവും
92	P#179	അദ്ദേഹം, അയാൾ, അവൻ എന്ന മൂന്നുതരം ജീവികൾ
93	P#180	ഫ്യൂഡൽ ഭാഷാ പദങ്ങൾ ചുഴിക്കുറ്റി ആയിപ്രവർത്തിക്കുന്നതെങ്ങിനെ
94	P#182	ഫ്യൂഡൽ ഭാഷകളുടെ പൈശാചിക സവിശേഷതകൾ
95	P#184	കാന്ത ധ്രുവങ്ങളുടെ ആകർഷണവും വികർഷണവും ദൃശ്യവൽക്കരിക്കുന്ന ഫ്യൂഡൽ ഭാഷാ വാക്ക് കോഡുകൾ
96	P#186	ഭൌതിക ദൃശ്യത്തെ ഒന്നിൽക്കൂടുതലായി പുനരാവിഷ്ക്കരിക്കുന്നതെങ്ങിനെ
97	P#188	ആളെ എടുത്ത് കുടയാനാകുന്ന ഫ്യൂഡൽ ഭാഷാ വാക്ക് കോഡുകൾ
98	P#189	വൻ വ്യാപ്തിയുള്ള വ്യക്തികളെക്കുറിച്ച് അഭിപ്രായം വ്യത്യസ്ത നിലവാരമുള്ളവർ പ്രകടിപ്പിക്കുമ്പോൾ
99	P#190	ഫ്യൂഡൽ ഭാഷാ വാക്കുകൾക്ക് പ്യസം മാതിരിയും പെരുമാറാൻ ആവും
100	P#192	പർവ്വതീകരിക്കാനും, ചെറുതാക്കാനും ഉള്ളകഴിവ് ഫ്യൂഡൽ ഭാഷാ വാക്ക് കോഡുകൾക്ക്
101	P#194	ഫ്യൂഡൽ ഭാഷാകോഡുകളുടെ വിക്രിയമായ മത്സരബുദ്ധി
102	P#196	ഇങ്ഗ്ളിഷ് പഠിപ്പിച്ചാൽ ആളുടെ മേലുള്ള നിയന്ത്രണം അറ്റ് പോകുമോ?
103	P#198	ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ വ്യക്തമായ ലെയബ്ൾ ഇല്ലാതെ പരോപകാരം ചെയ്യുന്നതിലെ നഷ്ടം
104	P#201	ഇങ്ഗ്ളിഷ് കൊളോണിയൽ വാഴ്ചയോടുള്ള കൂറും കടപ്പാടും
105	P#203	പൊട്ടിത്തെറി സൃഷ്ടിക്കുന്ന ഒരു പരിവർത്തനം
106	P#204	ഫ്യൂഡൽ ഭാഷകളിൽ സ്രീകുകളും പരുഷന്മാരും തമ്മിൽ ഇടപഴകുന്നതിലെ ചില പ്രശ്നങ്ങൾ
107	P#206	ഭാഷാകോഡുകളിലെ ഏറ്റകുറച്ചിലുകൾ മായ്ക്കാതെ എങ്ങിനെ സ്ത്രീ-പുരുഷ സമത്വം നടപ്പിൽ വരുത്താനാവും
108	P#208	ഭർത്താവ് കീഴ് ജീവനക്കാരനോട് തുല്യനാകാൻ ഇഷ്ടപ്പെടില്ല
109	P#210	വാക്ക് കോഡുകൾക്ക് DNAയേയും Genesനേയും മറികടക്കാനാകുന്ന രൂപകൽപ്പനാ ശക്തിയുണ്ടോ?
110	P#212	സ്വാർത്ഥതാൽപ്പര്യത്താൽ സ്വന്തം മക്കളുടെ വളർച്ചയെ തടയാൻ പ്രോത്സാഹിപ്പിക്കുന്ന ഫ്യൂഡൽ ഭാഷാ മനോഭാവങ്ങൾ
111	P#214	1717കളിൽ ഇങ്ഗ്ളിഷുകാർ മലബാറിൽ വന്നപ്പോൾ കണ്ട കാഴ്ച

112	P#215	ഭാഷാകോഡുകളുമായി ബന്ധപ്പെട്ട് ചെയ്ത പരീക്ഷണ നിരീക്ഷണങ്ങൾ
113	P#216	ഫ്യൂഡൽ ഭാഷാ നാട്ടിന് നടുവിൽ ഒരു കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് അന്തരീക്ഷം പടുത്തുയർത്താൻ ഉദ്യമിച്ചത്
114	P#218	വാക്ക് കോഡുകൾ തലതിരിഞ്ഞ് ഉപയോഗിച്ചാൽ ഉളവാകുന്ന സാമൂഹിക വിഘടനം
115	P#220	ഭാഷാകോഡുകളിലൂടെ ഉളവാകുന്ന വ്യക്തിത്വ തിളക്കം
116	P#222	ഭാഷാ കോഡുകളിലെ തരംതാഴ്ത്തുന്നവയിൽനിന്നും സംരക്ഷണം
117	P#224	ഇങ്ഗ്ളിഷിൽ നല്ലകാര്യം പറഞ്ഞാലും, ഇങ്ഗ്ളിഷ് അറിയാത്തവർക്ക് വിരോധംതോന്നാം
118	P#226	കാര്യങ്ങൾ പ്രാദേശിക ഭാഷക്കാർക്ക് പറഞ്ഞറിയിക്കാനായി ഭാഷ എഴുതാൻ പഠിച്ചു
119	P#227	ഈ രാജ്യത്ത് ഇങ്ഗ്ളിഷ് അതിന്റെ ഉന്നത മൂല്യങ്ങളോടുകൂടി പടർന്ന് പിടിച്ചാൽ ഉളവാകുന്ന സാമൂഹിക സൌകുമാര്യത
120	P#229	ആശയപരമായി കുറെ സ്വാതന്ത്ര്യം ആവശ്യമുള്ളത് കൊണ്ട്
121	P#231	ആശയപരമായി എല്ലാറ്റിൽനിന്നും ഒരു അകൽച്ച
122	P#233	ഭൌതിക വിജ്ഞാനങ്ങൾക്ക് അപ്പുറമുള്ള ഒരു പ്രത്യേക പ്രതിഭാസത്തെ വിവരിക്കാനൊരുങ്ങുന്നു
123	P#235	വ്യക്തികളിൽ ഉള്ള അദൃശ്യമായ ഉയരങ്ങളും താഴ്ചകളും
124	P#237	ഉള്ളതിൽ കുറച്ച് സൂചിപ്പിക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള ആൾ
125	P#239	സാമൂഹിക അടിത്തട്ടിലേക്ക് എടുത്തു ചാടുന്ന അവസരത്തിൽ കൈവശമുള്ള കവചവും ആയുധവും
126	P#241	തരംതാഴ്ത്തലുകൾ താങ്ങാൻ കെൽപ്പുള്ളവർക്ക്, സംവരണം ചെയ്യപ്പെട്ട തൊഴിലുകൾ
127	P#243	യാതോരു കവചവും ഇല്ലാതെ ഈ രാജ്യത്ത് ജീവിക്കുന്നവരുടെ നിസ്സാഹയതാ അവസ്ഥയും ദാരുണമായ ചുറ്റുപാടുകളും
128	P#245	കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് മാത്രം കവചമായി വളരുന്നമ്പോൾ ഉളവാകുന്ന തിളക്കം
129	P#247	ഒരു മുതിർന്ന ആളോട് പെരുമാറുന്നതിനേക്കാളും പക്വതയോടുകൂടിയ സമീപനം
130	P#249	പ്രാദേശിക സംസ്ക്കാരത്തിൽനിന്നും വ്യത്യസ്തമയതുമായ വളർച്ച
131	P#251	ചെറുപ്രായത്തിലെ പരിശീലനങ്ങൾ
132	P#253	ഇരുചക്രവാഹനത്തിലൂടെയുള്ള ദീർഘദൂരയാത്രാനുഭവം
133	P#255	ഫ്യൂഡൽ ഭാഷകളിലെ ഇരട്ടവ്യക്തിത്വം
134	P#257	അനാകർഷകമായ സാമൂഹിക ദൃശ്യങ്ങൾ
135	P#259	ഇങ്ഗ്ളിഷ് പദങ്ങൾകൊണ്ട് മാരിവില്ല് സൃഷ്ടിക്കാൻ ആവും
136	P#261	ഇന്ത്യൻ സിനിമായിലെ ആളുകളുടെ വ്യക്തിത്വം
137	P#263	ഇങ്ഗ്ളിഷ് Fairytales
138	P#264	ഇങ്ഗ്ളിഷ് Folk tales

		ആകുന്നവർ
168	P#322	ഇങ്ഗ്ളിണ്ടിലെ ഇങ്ഗ്ളിഷുകാർക്കുപോലും മനസ്സിലാക്കാൻ കഴിയാതിരുന്ന ഈ ഉപഭൂഖണ്ഡ വാസ്തവങ്ങൾ
169	P#323	ഇങ്ഗ്ളിഷ് ഭരണ സംവിധാനങ്ങളിലേക്ക് ഒരു ജനവാതിൽ
170	P#325	മലബാറിലെ ഇങ്ഗ്ളിഷ് ഭരണ സംവിധാനങ്ങളിലേക്ക് ഒരു എത്തിനോട്ടം
171	P#327	ആളുടെ സാമൂഹിക നിലവരാം നോക്കി ആരാണ് എതിലേൽക്കേണ്ടത് എന്ന പ്രശ്നം
172	P#329	മാനസിക സമനിലതെറ്റിക്കുന്ന ഹ്രസ്വ വാക്കുകൾ
173	P#330	നിഷേധാത്മകതയുടെ മൂർത്തീകരണമായവർ
174	P#332	വികിരണം ചെയ്യപ്പെട്ട് വരുന്ന നിഷേധാത്മകതയെ തടയാനുള്ള തന്ത്രം
175	P#334	ചരിത്രത്തിൽ ആദ്യമായി ഒരു സമത്വാധിഷ്ഠിതമായ ഭരണയന്ത്രം ഈ ഉപഭൂഖണ്ഡത്തിൽ
176	P#336	ഗുണമേന്മയുള്ള ഒരു ആൾക്കൂട്ടത്തെ കെട്ടിപ്പടുക്കാനുള്ള മാർഗ്ഗമെന്ത്?
177	P#338	ഭരണത്തിനും നിയമത്തിനും, ഭരണസംവിധാനങ്ങൾക്കും മുന്നിൽ വലിയവരും ചെറിയവരും എന്ന വിവേചനം ഇല്ലാ എന്ന ആശയം
178	P#340	വിക്റ്റോറിഎ്ൻ കാലഘട്ട സാംസ്ക്കാരികമൂല്യങ്ങൾ
179	P#342	സാമൂഹികാന്തരീക്ഷം മൃഗീയമാകുന്നതനുസരിച്ച് മറ്റുകാര്യങ്ങളിൽ വരുന്ന മാറ്റങ്ങൾ
180	P#344	വൻ വ്യക്തിത്വ കഴിവുകളും നേതൃത്വഭാവങ്ങളും, സംഘടനാ ബലവും മറ്റും ഉള്ളവർ വേലിക്ക് തൊട്ടപ്പുറത്തെത്തിയാൽ
181	P#346	ബ്രിട്ടിഷ്-ഇന്ത്യൻ ഭരണസംവിധാനത്തിന്റെ മുകൾപ്പരപ്പിൽ ഉണ്ടായിരുന്നവർ
182	P#347	മുകൾ സ്ഥാനത്ത് ഇങ്ഗ്ളിഷുകാർ വരുന്നത് തന്നെയാണ്, ബഹുഭൂരിപക്ഷം ജനങ്ങൾക്കും നല്ലത്
183	P#349	മാനസികമായി വക്രീകൃതമായവർ മുകളിൽ വന്നാൽ
184	P#350	ഇങ്ഗ്ളിഷിലെ ഔപചാരിക ആശയവിനിമയം
185	P#352	എളുപ്പത്തിൽ കാര്യസാധ്യം ലഭിച്ചാൽ ബഹുമാനം നൽകില്ലല്ലോ!
186	P#354	മനസ്സിനും ശരീരത്തിനും ഉത്തേജനം നൽകുന്ന സമൂഹിക ദൃശ്യങ്ങൾ
187	P#356	ഫ്യൂഡൽ ഭാഷകളിൽ ഉദ്യോഗസ്ഥരുമായി ബന്ധം സ്ഥാപിക്കുന്ന വളഞ്ഞ വഴികൾ
188	P#357	ഔദ്യോഗിക തീരുമാനങ്ങൾ നിശ്ചയമായും Judicious ആയിരിക്കേണം
189	P#358	നിങ്ങളും ഇങ്ങളും
190	P#360	ഫ്യൂഡൽ ഭാഷയിലെ ക്രൌര്യം ഉള്ളിൽ, അകത്തു കത്തിയും പുറത്തു പത്തിയും എന്ന രീതിയിൽ ഉള്ളവർ
191	P#362	ഇങ്ഗ്ളിഷ് ഭരണം കൈവെടിഞ്ഞ് പോയ പ്രദേശങ്ങളിൽ വീണ്ടും ബലം പ്രാപിച്ച് വരുന്ന സാമൂഹിക ഘടന
	P#365	Books by VED from VICTORIA INSTITUTIONS

1. ഈ എഴുത്തിൽ വരാൻ പോകുന്ന ബഹുമുഖ വസ്‌ത്തുക്കൾ

ഇങ്ങിനെയുള്ള ഒരു എഴുത്ത് എഴുതാൻ പ്രേരിപ്പിച്ച സംഗതികളുടെ അടുത്ത് പോലും എത്തിയിട്ടില്ല. എഴുത്ത് തുടരേണ്ടിയിരിക്കുന്നു.

പ്രതിപാദിക്കാൻ പോകുന്നത് വിദഗ്ദർ കൈകാര്യം ചെയ്തിട്ടുള്ള വിഷയങ്ങളാണ്. ഇവയെ പരിശോധിക്കാൻ അവകാശമുണ്ടോ?

ഏതാണ്ട് പത്ത് പതിനേഴ് വർഷങ്ങൾക്ക് മുൻപ് ഇങ്ഗ്ളിഷിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയിട്ടുള്ള ഒരു വ്യക്തി ചോദിച്ച ചോദ്യം ഓർക്കുന്നു. ഈ എഴുത്തുകാരന്റെ എഴുത്തുകളുടെ ഒരു ചെറിയ തുണ്ട് വായിച്ചിട്ട് ചോദിച്ചതിതാണ്. 'ഇതൊക്കെ എഴുതാൻ താൻ ആരാണ്?'

ഈ ഒരു പ്രശ്നം ഈ എഴുത്തിലുടനീളം നിലനിന്നേക്കും. വിദ്യാഭ്യാസ യോഗ്യതയാണ് ചോദിക്കപ്പെട്ടത്.

എന്തെങ്കിലും ബലവത്തായ ഉത്തരം നൽകാൻ പ്രയാസമാണ്. കാരണം, വ്യക്തമായി പറയുകയാണെങ്കിൽ, യാതോരു യോഗ്യതയും ഇല്ലതന്നെ.

എഴുതാൻ പോകുന്ന വിഷയം ചരിത്രം ആണെങ്കിലും, ഇതിനോടനുബന്ധിച്ച് മറ്റ് പല വിദഗ്ദ പഠന വിഷയങ്ങളും പ്രതിപാദിപ്പിക്കപ്പെടുകയോ, സൂചിപ്പിക്കപ്പെടുകയോ, അതുമല്ലെങ്കിൽ, ചർച്ച ചെയ്യപ്പെടുകയോ ചെയ്യപ്പെട്ടേക്കാം.

ശാസ്ത്രം (Science), ഭാഷാ ശാസ്ത്രം (Linguistics), സാമൂഹിക ശാസ്ത്രം (Social Science), രാഷ്ട്രതന്ത്രം (Political Science), വിദ്യാഭ്യാസം (Education), നരവംശശാസ്ത്രം (Anthropology), നരകുലശാസ്ത്രം/വംശീയശാസ്ത്രം (Ethnographic studies), മനശ്ശാസ്ത്രം(Psychology), ശരീരഘടനാശാസ്ത്രം (Anatomy), അതീന്ദ്രിയാനുഭവപഠനം (Parapsychology), ദൈവശാസ്ത്രം / അദ്ധ്യാത്മവിദ്യ (Theology), പുരാണങ്ങൾ (Epics), കൂടോത്രം (Blackmagic/Witchcraft) തുടങ്ങിയവയും, അതോടൊപ്പം തന്നെ, ദക്ഷിണേഷ്യൻ ചരിത്രം (History of South Asia), ഇങ്ഗ്ളിഷ് കൊളോണിയലിസം (English Colonialism), ബ്രിട്ടിഷ് ഇന്ത്യ (British India), ലോക ചരിത്രം (World History), ഈ പ്രാദേശിക ഉപദ്വീപിന്റെ ചരിത്രം എന്നിവയും മറ്റും ഈ എഴുതാൻ പോകുന്ന വിഷയത്തിൽ ചെറുതായോ, അതുമല്ലെങ്കിൽ കാര്യമായിത്തന്നെയോ പരാമർശിക്കപ്പെടുന്നതോ, അതുമല്ലെങ്കിൽ സൂചിപ്പിക്കപ്പെടുന്നതോ ആയിരിക്കും എന്നാണ് തോന്നുന്നത്.

ഇവയെല്ലാത്തിനും മീതെ, ഇങ്ഗ്ളിഷ് സാഹിത്യവും (English literature), ഇങ്ഗ്ളണ്ടിന്റെ ചരിത്രവും (History of England), തുടങ്ങിയവയും പരാമർശിക്കപ്പെട്ടേക്കാം.

ഇതിനെല്ലാം ഉപരിയായി, ഈ എഴുത്തുകാരൻ തന്നെ സ്വന്തമായി രൂപകൽപ്പന ചെയ്ത യാഥാർത്ഥ്യത്തിന്റെയും, ജീവന്റെയു, ശരീരഘടനയുടേയും, ഭാഷയുടേയും സോഫ്ട്വേർ കോഡുകളെക്കുറിച്ചും (Software codes of Reality, Life and Languages!), പ്രതിപാദിച്ചേക്കാം.

ഇതുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി എന്ന ചികിത്സാ സമ്പ്രദായത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന യന്ത്രസംവിധാനത്തെക്കുറിച്ചും (Machinery of Homoeopathy) ചർച്ചചെയ്തേക്കാം.

മുകളിൽ പറഞ്ഞവയിൽ, ചില വിഷയങ്ങളെങ്കിലും കാര്യമായിത്തന്നെ പ്രതിപാദിച്ചേക്കാം.

ഇവിടെ ഈ എഴുത്തുകാരന് മുഖദാവിൽത്തന്നെ പറയാനുള്ളത്, മുകളിൽ പറഞ്ഞ വിഷയങ്ങളിൽ ഒന്നിൽപ്പോലും യാതോരു ഔപചാരിക വിദ്യാഭ്യാസ യോഗ്യതയും ഇല്ലാ എന്നുള്ളതാണ്. ഈ ഏറ്റുപറയലിൽനിന്നും വായനക്കാരന് ഈ എഴുത്തിന് എന്ത് മൂല്യം ഉണ്ടാവും എന്ന് വേണമെങ്കിൽ മൂല്യ നിർണ്ണയം ചെയ്യാവുന്നതാണ്. വാസ്തവം പറയുകയാണെങ്കിൽ സൂചിപ്പിച്ച ചില വിഷയങ്ങളുടെ ഔപചാരിക ഉള്ളടക്കം തന്നെ എന്താണ് എന്ന് ഈ എഴുത്തുകാരന് അറിയില്ല.

അതേ സമയം പറയാനുള്ളത്, ഈ മുകളിൽസൂചിപ്പിച്ച വിഷയങ്ങളിൽ മിക്കവയും അവയുടെ ഔപചാരിക രൂപത്തിലൂടെ ആയിരിക്കേണമില്ല, പ്രതിപാദിപ്പിക്കപ്പെടുന്നത്, എന്നത് ഒരു saving grace ആയേക്കാം. ഇതിനാൽത്തന്നെ ഔപചാരിക വൈദഗ്ദ്യത്തിന്റെ മുഖചിഹ്നമായ സാങ്കേതിക പദപ്രയോഗം ഈ എഴുത്തിൽ വളരെ വിരളമായേ കാണപ്പെടുള്ളു.

ഔപചാരിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഇത്യാദി വിഷയങ്ങൾക്ക് അതീതമായി, മറ്റ് ചില വ്യക്തിപരമായ വിവരങ്ങളും ഈ എഴുത്തുകളിൽ ഇടംകണ്ടെത്തിയേക്കാം. ഇന്ത്യൻ ഉദ്യോഗസ്ഥവർഗ്ഗം, പല വിധ ഔദ്യോഗിക ചട്ടങ്ങൾ, അവയുടെ പ്രാവർത്തികവശം, പലവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തന രീതികൾ തുടങ്ങിയവയും ഇതിൽ പെടും.

2. പ്രചോദിപ്പിക്കപ്പെട്ട മനോവൃത്തി

ആളുകൾ ഓരോരുത്തരും വ്യത്യസ്തരാണ് എന്നത് വാസ്തവം തന്നെ. ഓരോരുത്തർക്കും ജീവിതാനുഭവങ്ങളും വ്യത്യസ്തം തന്നെ. അവരവരുടെ ജീവിതാനുഭവങ്ങൾ അവരുടെ പ്രവർത്തവേദിയ്ക്ക് അനുയജ്യമാവുമെങ്കിൽ ഉത്തമമാണ് എന്ന് തോന്നുന്നു.

ഈ എഴുത്തുകാരൻ എഴുതിയകാര്യങ്ങൾക്ക് സ്വന്തം ജീവിതാനുഭവങ്ങളാണ് പാതയൊരുക്കിയത് എന്ന് തീർത്തും പറയാമോ എന്ന് അറിയില്ല. കാരണം, പ്രാദേശിക ഭാഷയിൽ എന്തോ പിശകുണ്ട് എന്ന് വളരെ ചെറുപ്പത്തിൽത്തന്നെ ഒരു തോന്നൽ ഉണ്ടായിരുന്നു എന്ന് തോന്നുന്നു. എന്നാൽ ജീവിതാനുഭവങ്ങളും, ജീവിതത്തിൽ നീരിക്ഷിച്ചതും, കണ്ടതും കേട്ടതും, മറ്റുമായ കാര്യങ്ങൾ സ്വന്തം എഴുത്തുകളിലെ ഉള്ളടക്കത്തിന് മുതൽക്കൂട്ട് നൽകിയിട്ടുണ്ട് എന്നുള്ളത് വസ്തവമായിരിക്കാം.

എന്നാൽ ഔപചാരിക ചരിത്രവും മറ്റുമായ കാര്യങ്ങളിൽ, പലദിക്കിലും അവയോട് യോജിക്കുവാൻ ആകാതിരുന്നതിന് കാരണം ജീവതത്തിൽ ഉണ്ടായിരുന്ന ചില വ്യത്യസ്ത ചുറ്റുപാടുകൾ ആണ് എന്ന് തോന്നുന്നു. സാധാരണമായി പലർക്കും കാണാനോ പരിചയിക്കാനോ പറ്റാത്ത ചില ചുറ്റുപാടുകൾ ജീവിതത്തിൽ ഉണ്ടായിരുന്നു.

പലർക്കും ഇതുപോലുള്ള വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങൾ ഉണ്ടാവും എന്നത് തീർച്ചയാണ്. എന്നാൽ അവർ ഓരോരുത്തർക്കും വ്യത്യസ്തകാര്യങ്ങളിലാണ് ബുദ്ധിപരമായും ആശയപരമായും താൽപ്പര്യവും ശ്രദ്ധാ കേന്ദ്രവും വന്നുചേരുക. ആ വേദികളിൽ അവർക്ക് ഗഹനമായ നിരീക്ഷണങ്ങൾ ഉണ്ടായേക്കാം.

ഈ എഴുത്തുകാരന്റെ കാര്യത്തിൽ, ബുദ്ധിപരമായ താൽപ്പര്യങ്ങൾ വന്നത് ഭാഷാകോഡുകളുടെ പ്രവർത്തനത്തിലും, അത് മനുഷ്യ ജീവിതത്തിന്റെ നാനാതുറകളിൽ ഏശിയ സ്വാധീനവുമാണ് എന്ന് തോന്നുന്നു. ഈ ഒരു സ്വാധീനം, ഇന്നുള്ള പല ഔപചാരികമായി നൽകപ്പെട്ടിട്ടുള്ള വിശ്വാസങ്ങളേയും ചെറുതായെങ്കിലും ഇളക്കിമറിച്ചിട്ടുണ്ട്, സ്വന്തം മനസ്സിൽ.

ഇവിടെ ജീവചരിത്രം എഴുതാനുള്ള പുറപ്പാടൊന്നും ഇല്ലതന്നെ. അതിനുമാത്രമായുള്ള മഹാത്മ്യം സ്വന്തം ജീവിത്തിൽ ഇല്ലായെന്ന് കാര്യമായൊരു വിശകലനം ചെയ്യാതെ തന്നെ അറിവുള്ളകാര്യമാണ്. മാത്രവുമല്ല, മഹാനും പുണ്യവാളനും അല്ല, ഈ എഴുത്തുകാരൻ.

എന്നാൽ, മഹാന്മാർക്കും, പുണ്യവാളന്മാർക്കും മാത്രമേ പലതരം നിരീക്ഷണങ്ങളും നടത്താനാവൂ എന്നും തോന്നുന്നില്ല. മാത്രവുമല്ല, ഗഹനമായ നീരീക്ഷണങ്ങൾ നടത്തുന്നു എന്നത് കൊണ്ട് മാത്രം ആളുകൾ മഹാന്മാരാകും എന്നും തോന്നുന്നില്ല.

ഗഹനമായ സാമൂഹിക നിരീക്ഷണങ്ങൾ നടത്താൻ കെൽപ്പുള്ള പലരേയും ഈ എഴുത്തുകാരൻ കണ്ടിട്ടുണ്ട്. അവരാരും മഹാന്മാരാണ് എന്ന് തോന്നിയിട്ടില്ല.

മാത്രമുമല്ല, മഹാന്മാർക്കും, പുണ്യവാളന്മാർക്കും മാത്രമെ ഗഹനമായ നീരിക്ഷണങ്ങൾ നടത്താൻ പോടുള്ളു എന്നോ, അവർക്കേ അതിന് കഴിവുള്ളു എന്നും തോന്നുന്നില്ല.

എല്ലാറ്റിനും ഉപരിയായുള്ളകാര്യം, മഹാന്മാർക്കും പുണ്യവാളന്മാർക്കും എഴുതാൻ പറ്റുന്ന അതിരുകൾക്ക് അപ്പുറം ആണ് പലപ്പോഴും ഈ എഴുത്തുകളുടെ പാത.

3. ഒരു വഹനനൌക മാത്രം

ജീവിതത്തിൽ നേരിട്ട് കണ്ടും കേട്ടും, അനുഭവിച്ചും ലഭിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതായി വരും. ഇതിലൊന്നും ആത്മപ്രശംസാ പരമായിട്ടുള്ള യാതൊന്നും തന്നെ ഉണ്ടാവില്ലാ എന്നാണ് തോന്നുന്നത്.

മറിച്ച്, പോയി മറഞ്ഞ കാലഘട്ടത്തിലെ പല പൊതുവായുള്ള വാസ്തവങ്ങളും ഇന്നുള്ള ലോകത്തിലേക്ക് കടത്തിക്കൊണ്ടുവരുന്ന ഒരു വഹനനൌക മാത്രമാണ് ഈ എഴുത്തുകാരന്റെ സ്ഥാനം.

അതുമല്ലെങ്കിൽ, ഈ വിവരങ്ങളെ ഈ സംസാരകാലത്തിലേക്ക് കൊണ്ടുവരുവാനുള്ള, സമയമെന്ന നിഗൂഢ മീഡിയത്തിലൂടെ, ഒരു തുരങ്കം സൃഷ്ടിക്കുവാനായി കണ്ണ്, കാത്, മനസ്, മറ്റ് ഇന്ദ്രിയങ്ങൾ, കമ്പ്യൂട്ടർ, കൈവിരലുകൾ, ചിന്തകളെ ഒരു അരുവിപോലെ ഒഴുകിവരുത്തുവാനുള്ള കഴിവ്, അതിവേഗത്തിൽ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യാനുള്ള നൈപുണ്യം തുടങ്ങിയവ സംയോജിതമായി ഒരുക്കുന്ന ഒരു യന്ത്ര സംവിധാനം മാത്രമേ ഈ എഴുത്തുകാരൻ ആകുന്നുള്ളു.

ജീവിതത്തിന്റെ ഏത് ദിക്കിലേക്കാണ് ആദ്യം പോകേണ്ടത് എന്ന് തിരുമാനിക്കാൻ ചെറിയൊരു പ്രയാസം നേരിടുന്നുണ്ടു. ജീവിതത്തിന്റെ ഏതാണ്ട് നടുക്കുനിന്നും തുടങ്ങി പിന്നോട്ടും മുന്നോട്ടും പോകാം എന്ന് കരുതുന്നു.

ജീവതത്തിൽ എടുത്ത ഒരു തീരുമാനം അതി സാഹസികമായി പലർക്കും തോന്നിയേക്കാം. അത് ഇത്രയേ ഉള്ളു. കഴിവതും സർക്കാർ ജോലിയിൽ കയറരുത്.

സർക്കാർ തൊഴിലിന് ശ്രമിച്ചിട്ടില്ല എന്നത് പൂർണ്ണമായും ശരിയായിരിക്കില്ല. എന്നിരുന്നാലും, ആ ഒരു നയം ഏതാണ്ട് പൂർണ്ണമായും ജീവിതത്തിൽ ഉള്ള ഒരു നയമായിരുന്നു. ഇന്നും വളരെ ചാരിതാർത്ഥ്യം തോന്നുന്ന ഒരു കാര്യമാണ് ഇത്.

ഈ ഒരു നയം പോലെതന്നെ, പ്രത്യക്ഷമായി അതി ഭയാനകരമായ വിഢ്ഢിത്തം നിറഞ്ഞ പല നയങ്ങളും ജീവിത്തിൽ എടുത്തത്, ഈ വ്യക്തിയെ പലതരം ജീവതാനുഭവങ്ങളിലേക്കും കൊണ്ടെത്തിച്ചിട്ടുണ്ട്.

ഏതാണ്ട് 17 വർഷക്കാലം, പല നാട്ടിലും പെട്ടിട്ടുണ്ട്. വളരെ അപൂർവ്വമായെ മറ്റൊരു വ്യക്തിക്കോ, പ്രസ്ഥാനത്തിനോ കീഴിൽ ജോലിചെയ്തിട്ടുള്ളു. ഏതാണ്ട് 2002 വരെ പൂർണ്ണമായും എന്തെങ്കിലും ചെറുതും വലുതുമായ വ്യാപാരങ്ങളിലും ഏർപ്പെടുകയാണ് ചെയ്തിട്ടുള്ളത്.

ചെയ്ത വ്യാപാരങ്ങൾ എണ്ണിയാൽ രണ്ട് കൈയിലേയും വിരലുകൾ രണ്ട് പ്രാവശ്യം കൂട്ടി എണ്ണിയാൽ മതിയാകില്ല. ഒന്നുപോലും വിജയിച്ചില്ല എന്ന് വേണമെങ്കിൽ പറയാവുന്നതാണ്. പിന്നിലോട്ട് നോക്കുമ്പോൾ, ഒന്നുപോലും വിജയിക്കാതിരുന്നത് ഒരു വൻ ഭാഗ്യമായാണ് കാണുന്നത്. ചെയ്ത ഏതെങ്കിലും ഒരു വ്യാപാരം വിജയിച്ചിരുന്നെങ്കിൽ, ഈ രാഷ്ട്രത്തിലെ ഒരു വ്യാപാര ഉടമയുടെ മാസികാവസ്ഥയിലേക്ക് പോകേണ്ടിവരുമായിരുന്നു. അതിൽ കാര്യമായ ആകർഷകത്വം കാണുന്നില്ല.

ഇന്ന് ഇങ്ഗ്ളിഷിൽ ഏതാണ്ട് 30 തോളം ഗ്രന്ഥങ്ങൾ എഴുതാൻ തരപ്പെടുത്തിയത് ഈ പരാജയങ്ങൾ സൌകര്യപ്പെടുത്തിയ സൌകര്യമാണ്. ജീവിതാനുഭവങ്ങൾ ഈ എഴുത്തുകാരന്റെ പലവിധ നിരീക്ഷണ പരീക്ഷണങ്ങൾക്കും അനവധി ചിന്താപരമായ വിഭവസമ്പത്തിന്റെ സംഗ്രഹാലയം (repository) ആയിരുന്നിട്ടുണ്ട്.

പലവിധ വ്യാപാരങ്ങളിലും ഏർപ്പെട്ട് അങ്ങും ഇങ്ങും ജീവിക്കുന്ന അവസരത്തിൽ, മറ്റ് പല വ്യാപാരങ്ങളേയും, ജീവിത വ്യവഹാരങ്ങളേയും നേരിട്ടും, വളരെ അടുത്ത് നിന്നും കാണുവാനും, ശ്രദ്ധിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്.

4. മുട്ടികൊണ്ട് തലയിൽ അടിച്ചേൽപ്പിക്കുന്ന വ്യർത്ഥവിവരങ്ങൾ

കൂടെ പഠിച്ചവർ മിക്കവരും സർക്കാർ തൊഴിലിൽ ചേർന്നിട്ടും, യാതോരു കൂസലുമില്ലതെ എവിടെയും വേര് പിടിപ്പിക്കാതെ നടന്നപ്പോൾ, മനസ്സിൽ നേരത്തെ തന്നെ ഒരു സൂചന പോലെ അറിഞ്ഞിരുന്ന കാര്യങ്ങൾ നേരിട്ട് കണ്ട് അറിഞ്ഞു.

ഒന്നാമത്, സാധാരണക്കാരനെ അപേക്ഷിച്ച് ഈ രാജ്യത്തിൽ സർക്കാർ തൊഴിലാളിക്കാണ് ശരിക്കും പൌരൻ എന്ന നിലയിൽ പല അവകാശങ്ങളും, അന്തസ്സിനുള്ള അവകാശവും ഉള്ളു എന്ന്.

രണ്ടാമത് സാധാരണക്കാരന്, സാധാരണക്കാരനെക്കുറിച്ച് തന്നെ യാതോരു വിലയും ഇല്ല. വില ഉദ്യോഗസ്ഥരോടാണ്.

എല്ലാത്തിനും പോരാഞ്ഞിട്ട്, ഉദ്യോഗസ്ഥനും ഒരു സാധാരണക്കാരനും തമ്മിൽ എന്തെങ്കിലും പ്രശ്നം വന്നാൽ പലപ്പോഴും സാധാരണക്കാരൻ ആപത്തിൽപ്പെടുന്നത് കണ്ട് രസിക്കുകയാണ് മറ്റുള്ള സാധാരണക്കാർ ചെയ്യുക. 'അവനത് കിട്ടണം' എന്നതാണ് ഫ്യൂഡൽ ഭാഷാകോഡുകൾ ഇവരിൽ സൃഷ്ടിക്കുന്ന ഭാവം.

ഈ നിരീക്ഷണങ്ങളിൽ കാര്യമായ പുതുമയൊന്നുമില്ലാ എന്നുള്ളത് അറിയാം.

എന്നാൽ, ഈ എഴുത്തുകാരൻ കണക്കില്ലാത്ത വ്യാപാര പദ്ധതികളിൽ വ്യാപൃതനായപ്പോൾ, നൂറ് കണക്കിന് തൊഴിലുകളും, കച്ചവടങ്ങളും, നൈപുണ്യങ്ങളും മറ്റും നേരിട്ട് കാണാനിടയായിട്ടുണ്ട്.

ഇവ ഓരോന്നിനുള്ളിലും പലവിധ തൊഴിലുകളും, നൈപുണ്യങ്ങളും, വ്യാപാരങ്ങളും, ഇടപാടുകളും മറ്റും നേരിട്ട് കാണാനിടവന്നിട്ടുണ്ട്.

ഉദാഹരണത്തിന് ലതർ (leather). ഇതിൽ തോൽ ശേഖരണം, സംസ്ക്കരണം, ടാനിങ്ങ്, വ്യത്യസ്ത തരം മൃഗങ്ങളുടേതിൽനിന്നും, വ്യത്യസ്തതരം ഉൽപ്പന്നങ്ങൾ, അതിൽത്തന്നെ വ്യത്യസ്തതരം ഉപകരണങ്ങൾ, വ്യത്യസ്ത തരം തൊഴിൽ നൈപുണ്യങ്ങൾ, വ്യത്യസ്ത തരം വിപണനം, വിപണനത്തിലെ മത്സരം, അതിനുള്ളിൽ ഉപയോഗിക്കപ്പെടുന്ന പല തരം തന്ത്രങ്ങളും കുരുട്ടു ബുദ്ധിയും, വ്യത്യസ്ത പ്രദേശങ്ങളിലെ കമ്പോളങ്ങൾ, ആവശ്യകത (demand) അങ്ങിനെ പോകുന്നു കാര്യങ്ങൾ.

ഈ എഴുത്തുകാരൻ ഒരു ഘട്ടത്തിൽ ചെറിയ ഒരു കാലയളവോളം ഈ ലോകവുമായി ബന്ധപ്പെട്ടിരുന്നു. അന്തർദ്ദേശീയ വിപണനവുമായി ബന്ധപ്പെട്ട് പഞ്ച നക്ഷത്ര ഹോട്ടലുകളിൽ ഇരുന്ന് കരുക്കൾ നീക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ വിധ സംഭവങ്ങളുമായി ബന്ധപ്പെട്ട് വ്യക്തിപരമായ പല അനുവഭവങ്ങളും പറയാനാവുമെങ്കിലും, അവ ഇവിടെ തൽക്കാലം പ്രസക്തമല്ലതന്നെ.

എന്നാൽ ഇവിടെ എടുത്ത് പറയാനാവുന്ന കാര്യം, ഇങ്ങിനെയുള്ള പതിനായിരക്കണക്കിന് മനുഷ്യ യത്നങ്ങളിൽ, ഔപചാരിക വിദ്യാഭ്യാസത്തിന് യാതോരു പങ്കും കണ്ടില്ലാ എന്നുള്ളതാണ്.

തൊഴിൽ ചെയ്യുന്നതും, വ്യാപാരം ചെയ്യുന്നതും മറ്റുമായ വ്യക്തികൾക്ക് ഏറ്റവും മൂല്യമേറിയ വ്യക്തിത്വം നൽകാൻ ഉതകുന്ന ഇങ്ഗ്ളിഷ് ഒട്ടും തന്നെ ഈ വിദ്യാഭ്യാസം നൽകുന്നില്ല എന്നത് പോകട്ടെ. 10 മുതൽ 20 വർഷക്കാലം

സ്കൂളുകളിലും കോളജുകളിലും ഇരുന്ന് പഠിക്കുന്ന തരിശായ കാര്യങ്ങൾക്ക്, കുറച്ച് ദിക്കുകളിലെ എന്തെങ്കിലും പ്രയോജനം ഉള്ളു. അതിൽത്തന്നെ മിക്കതും, അഭ്യസ്ത വിദ്യർക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള പല തൊഴിലുകളിലുമാണ്.

ഈ സംവരണം ഇല്ലായെങ്കിൽ, ഇന്നുള്ള ഔപചാരിക വിദ്യാഭ്യാസം നിലപതിക്കും. മാത്രവുമല്ല, സമയം കളഞ്ഞതിന് പലരും നഷ്ടപരിഹാരം ചോദിക്കാനും മതി.

അഭ്യസ്ത വിദ്യർക്ക് കൂടുതലായുള്ള വിവരവും അതില്ലാത്തവർക്ക് വിവരക്കേടും ആണ് ഉള്ളത് എന്ന് ഈ എഴുത്തുകാരന്റെ നിരീക്ഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലതന്നെ. മാത്രവുമല്ല, ഔപചാരിക വിദ്യാഭ്യാസം ഇല്ലാത്തവർ, രാജ്യത്തിലെ പല ഔപചാരിക തൊഴിലുകൾക്കും അർഹരല്ലാത്ത കീഴ്ജാതിക്കാരാണ് എന്നതും ഒരു പിശകായാണ് തോന്നുന്നത്. പണ്ടത്തെ തിരുവിതാംകൂറിലെ കീഴ്ജാതിക്കാരുടെ അവസ്ഥപോലെ.

എന്നാൽ ഈ വിഷയം കാര്യമായ സങ്കീർണ്ണതയുള്ള ഒരു കാര്യമാണ്. ആവുമെങ്കിൽ പിന്നീട് കുറെ കാര്യങ്ങൾ കൂടി അഭിപ്രായപ്പെടുന്നതായിരിക്കും.

ഈ എഴുത്തുകാരൻ Compulsory Formal Education: A travesty എന്ന പേരിൽ ഈ വിഷയത്തെക്കുറിച്ച് കുറെ വർഷങ്ങൾക്ക് മുൻപ് ഒരു വളരെ ചെറിയ എഴുത്ത് എഴുതിയിരുന്നു. ഇത് വിദ്യാഭ്യാസത്തെക്കുറിച്ചായിരുന്നില്ല. മറിച്ച്, ഔപചാരിക വിദ്യാഭ്യാസത്തിന് പുറത്തുള്ള കാര്യങ്ങളെക്കുറിച്ചാണ്.

എന്നാൽ, തലക്കെട്ടിൽ Education എന്ന വാക്ക് വന്ന് പെട്ടതിനാൽ, വളരെ കുറച്ച് വായനക്കാർ മാത്രമേ ഇതിന് ലഭിച്ചുള്ളു. എന്നാൽ വായിച്ചവർ പലരും പറഞ്ഞ കാര്യങ്ങളോട് യോജിപ്പ് അറിയിച്ചിരുന്നു.

5. അനൌപചാരിക വാണിജ്യവിവരങ്ങളും ഔപചാരിക വിദ്യാഭ്യാസവും

'വിദ്യാഭ്യാസം' എന്ന വിഷയം പിന്നീട് തൊടാമെന്ന് വച്ചതാണ്. എന്നാൽ പെട്ടന്ന് മനസ്സിൽ ചില ചിന്തകൾ വന്നു. അതിനാൽ അത് ഇവിടെ കുറിച്ചിടുകയാണ്.

ഈ എഴുത്തുകാരൻ വിദ്യാഭ്യാസത്തിന് എതിരും, ആളുകളെല്ലാം വിവരമില്ലായ്മയിലേക്ക് നീങ്ങണമെന്നും ആണ് ആഗ്രഹിക്കുന്നത് എന്ന നിഗമനത്തിൽ ദയവായി എത്തരുത്.

'വിദ്യാഭ്യാസം' എന്നത്, ഇന്ന് ഔപചാരികമായി നിർബന്ധിച്ച് നടപ്പാക്കുന്ന കാര്യവുമായി കാര്യമായ ബന്ധമില്ലാ എന്നേ പറയുന്നുള്ളു. ഔപചാരിക വിദ്യാഭ്യാസത്തിലൂടെ കാര്യമായി ലഭിക്കുന്ന കാര്യങ്ങൾ, മൌലികമായി വിദ്യാഭ്യാസം എന്ന് നിർവ്വചിക്കപ്പെടുന്നതുമായി കാര്യമായ ബന്ധമില്ലാ എന്നാണ് തോന്നുന്നത്. എന്നാൽ, പൊതുവെ ആളുകൾക്ക് വിദ്യാഭ്യാസത്തിലൂടെ പലതരം വിവരങ്ങൾ ലഭിക്കും. അല്ലാതെയും പല അറിവ് മറ്റ് രീതിയികളിലൂടെയും ലഭിക്കും.

ഈ മുകളിൽ പറഞ്ഞകാര്യങ്ങൾ സമർത്ഥിക്കാൻ കുറെ കാര്യങ്ങൾ പറയേണ്ടിവരും. അതിനുള്ള അവസരമാണോ ഇത് എന്ന് അറിയില്ല.

എന്നാൽ പെട്ടെന്ന് ഓർമ്മവരുന്ന കാര്യം ഇവിടെ കുറിച്ചിടാം.

പ്രായം അന്ന് ഏതാണ്ട് 2 മുതൽ 8 വരെ. വർഷം 1964 മുതൽ 1970 വരെ.

1964ൽ ദേവർകോവിൽ വന്നു. കുറച്ച് വർഷങ്ങൾ വിദൂരത്തിലുള്ള ഒരു ഇങ്ഗ്ളിഷ് സ്ക്കൂൾ ബോർഡിങ്ങ് ഹോമിൽ താമസിച്ചു. 1970തോടുകൂടി ആലപ്പുഴയിലേക്ക് മാറി പിന്നീട് തിരുവിതാംകൂറിൽ കോളെജ് ജീവിതം അവസാനിക്കുന്നത് വരെ കാലം കഴിച്ചതും, അതിന് ശേഷം ഇന്ത്യയിലെ മറ്റ് ഇടങ്ങളിൽ തങ്ങിയത് കൊണ്ടും ഈ പറയാൻ പോകുന്ന ചിത്രീകരണം എത്രത്തോളം ആഴത്തിലുള്ളതാണ് എന്ന് ഉറപ്പിച്ച് പറയാൻ ആവില്ല.

'മാപ്പിളക്കുട്ടി'കളാണ് (വടക്കേ മലബാറിലെ മുസ്ലിം ആൺകുട്ടികൾ) പ്രതിപാദ്യവിഷയം. അവർക്ക് വയസ്സ് വെറും നാലു മുതൽ പത്ത് പന്ത്രണ്ട് വരെ. സ്ക്കൂൾ വിദ്യാഭാസം ചെറുതായി ഉണ്ട്. എന്നാൽ മിക്ക ദിവസങ്ങളിലും Everready ബാറ്ററിയുടെ കാർഡ് ബോഡ് പെട്ടിപോലുള്ള എന്തിലെങ്കിലും നിലക്കടലയുമായ 'കടല', 'കടല' എന്ന് ഉച്ചരിച്ച് കൊണ്ട് തെരുവിൽ വിൽപ്പന നടത്തുന്നത് കാണാം. ചില കുട്ടികൾ ഇലഞ്ഞിപ്പൂമാല വിൽപ്പന നടത്തുന്നത് കാണാം.

ചുരുക്കത്തിൽ പറഞ്ഞാൽ, വീട്ടിൽ അടങ്ങിയിരിക്കില്ല. കുട്ടികൾ ചീത്തയാകാൻ വേറെന്തുവേണം?

കുട്ടികൾ അടുത്തുള്ള ചെറിയ പട്ടണങ്ങളിൽ സംഘടിതരായി പോയി നിലക്കട മൊത്തമായി വാങ്ങി, എന്തെല്ലാമോ കച്ചവട ഉടമ്പടികൾ തമ്മിൽ നടത്തി, തെരുവിൽ 5 പൈസക്കും 10 പൈസക്കും വിൽക്കുന്നു. വീട്ടിൽ പണമില്ലാഞ്ഞിട്ടല്ല.

ഇന്ന് പല വിദ്യാഭ്യാസ അതിവിദഗ്ദരും Team work, Resourcefulness, MBA, Business studies എന്നല്ലാമോ ഉള്ള സാങ്കേതിക പദപ്രയോഗങ്ങളിലൂടെ വിവരം പ്രകടിപ്പിക്കുന്ന പല

സംഗതിയും ഈ വിധ പ്രവർത്തനത്തിലും നിത്യേനെ, യതോരു കരുതിക്കൂട്ടലും ഇല്ലാതെ തന്നെ നടന്നിട്ടുണ്ടാവണം.

Most of the items defined by super experts in education, by such technical words as Teamwork, Resourcefulness, MBA, Business studies, must have taken place in these endeavours, without any great premeditation.

ഈ എഴുത്തുകാരൻ തിരുവിതാംകൂറിൽ പോയി വിദ്യാഭ്യാസത്തിലൂടെ ഗണിതത്തിൽ LCF, HCM, Mean/Mode/Median, Pythagoras theorem, Number line, Zero, Volume & Surface area, Metrics, Logarithm, Trigonometry, Quadrilateral equations, Geometry, Algebra, Polynomials, Calculus, Probability and statistics, Graph and coordinates എന്ന് വേണ്ട, പലതരം ഗണിത വിവരങ്ങളുടേയും കുറേ തുണ്ടുകൾ പഠിച്ചു.

ഇതേ പോലെ തന്നെ ഊർജ്ജതന്ത്രത്തിലും, രസതന്ത്രത്തിലും, ജൈവശാസ്ത്രത്തിലും, ചരിത്രത്തിലും, സാമൂഹിക ശാസ്ത്രത്തിലും മറ്റും അനവധി കാര്യങ്ങളുടെ തുണ്ട് വിവരങ്ങൾ പരീക്ഷാമാർക്കിന് വേണ്ടി പഠിച്ചു.

എന്നാൽ ഇങ്ഗ്ളിഷ് എന്ന ഏറ്റവും അത്യുഗ്രൻ സംഗതി വിദ്യാഭ്യാസത്തിൽ നിന്നുമാണ് കിട്ടിയത് എന്ന് പറഞ്ഞാൽ, അത് കളവായിരിക്കും.

വിദ്യാഭ്യാസത്തിൽ നിന്നും ലഭിച്ച സമുദ്രത്തിന്റെ പതപോലെ അതി വിശാലമായ വിവരത്തുണ്ടുകൾ ജീവതത്തിൽ എന്തെങ്കിലും ഉപകാരമുള്ളതായി ഒരിക്കലും തോന്നിയിട്ടില്ല.

എന്നാൽ ഈ വിധ വിദ്യാഭ്യാസത്തിലൂടെ ഗുണം ലഭിച്ചവരെ പലരേയും അറിയാം. അവർക്ക് പലതരം സർക്കാർ തൊഴിലുകളും ലഭിച്ചു. കാരണം, ഇത്യാദി തൊഴിലുകൾ വിദ്യാഭ്യാസം ലഭിച്ചവർക്ക് മാത്രം സംവരണം ചെയ്യപ്പെട്ടവയാണ്. എന്നാൽ ആ തൊഴിലുകളും ഈ പഠിച്ച വിവരങ്ങളുമായി കാര്യമായ ബന്ധം ഉണ്ടോ എന്ന് ഉറപ്പില്ല.

എന്നാൽ 99.9% ആളുകൾക്കും ഈ വിധം ലഭിച്ച വിവരത്തുണ്ടുകൾകൊണ്ട് യാതോരു ഉപകാരവുമില്ലാ എന്നാണ് പൊതുവായി തോന്നുന്ന കാര്യം. ഈ എഴുത്തുകാരന് ഈ വിധ വിവരത്തുണ്ടുകൾ ജീവിത്തിൽ ഒരിക്കലെങ്കിലും ഉപയോഗിക്കുവാൻ അവസരപ്പെട്ടിരുന്നോ എന്ന് ഓർമ്മവരുന്നില്ലതന്നെ.

Metrics, Logarithm, Trigonometry തുടങ്ങിയ കാര്യങ്ങൾ പഠിക്കുന്നത് മിക്ക ആളുകൾക്കും ചെസ്സ് കളിക്കാൻ പഠിക്കുന്നത് പോലെയാണ്. കൂടുതൽ വിദ്യകൾ ചെസ്സിൽ പഠിച്ചാൽ അത് കൊണ്ട് എന്ത് ചെയ്യാൻ പറ്റും? കൂടുതൽ നന്നായി ചെസ്സ് കളിക്കാൻ പറ്റും.

അത് പോലെ തന്നെ Metrics കൂടുതൽ നന്നായി പഠിച്ചാൽ, ആളുകൾക്ക് എന്ത് ചെയ്യാനാവും? കൂടുതൽ നന്നായി Metrics ചെയ്യാനാവും. കാറോടിക്കാനോ, ആശാരിപ്പണിചെയ്യാനോ, വസ്ത്രം തുന്നാനോ, കാർഷിക തൊഴിൽചെയ്യാനോ, കച്ചവടം നടത്താനോ, സിനിമ ഉണ്ടാക്കാനോ, ഇന്റീരിയർ ഡിസൈനിങ്ങ് ചെയ്യാനോ, കമ്പ്യൂട്ടർ നന്നാക്കാനോ, ഗ്രാഫിക്ക് ഡിസൈനിങ്ങ് ചെയ്യാനോ, ഗാനം രചിക്കാനോ, നീന്താനോ ഒന്നും തന്നെ ഇത് കൊണ്ട് യതോരും ഗുണവും ലഭിക്കില്ല.

കൊളജ് ജീവിതം കഴിഞ്ഞപ്പോൾ, വാണിജ്യപരമായും സാങ്കേതികമായും മറ്റും യാതോരു വിവരവും ഇല്ലാ എന്നാണ് തോന്നിയത്. പലതരം വാണിജ്യ പ്രവർത്തനങ്ങൾ നടക്കുന്നു, ലോറികൾ വിദൂരങ്ങളിൽ നിന്നും വരുന്നു, ചരക്കുകൾ വരുന്നു, പോകുന്നു, പലതരം സാമഗ്രികൾ നിർമ്മിക്കപ്പെടുന്നു. ഇതെല്ലാം എന്താണ് എന്നൊന്നും യാതോരു വിവരവും ഇല്ലതന്നെ.

ഇത് പരസ്യമായി പറയാനാവുന്ന കാര്യമല്ല. കാരണം, വിദ്യാഭ്യാസം ലഭിച്ചവർക്ക് സാമൂഹിക ബഹുമാനം പിടിച്ച് വാങ്ങണമെങ്കിൽ, എന്തെല്ലാമോ അതിഗംഭീര വിവരങ്ങൾ തലയിൽ ഉണ്ട് എന്ന് ധ്വനിയായും, ഭാവത്തോടും പെരുമാറണം. ഫ്യൂഡൽ ഭാഷകളിൽ സാമൂഹിക ബഹുമാനം അത്യന്താപേക്ഷിതമായ കാര്യമാണ്.

ഈ എഴുത്തുകാരൻ കോളെജ് വിദ്യാഭ്യാസം കഴിഞ്ഞ് ഒരിക്കൽ ദേവർകോവിൽഇൽ വന്നപ്പോൾ, അറിഞ്ഞത് പണ്ട് ചെറുപ്പകാലത്ത് 'കടല', 'കടല' എന്ന് തെരുവിലൂടെ വിളിച്ച് നടന്ന കുട്ടികൾ അപ്പോഴേക്കും, പലവിധ വാണിജ്യ പ്രവർത്തന വേദികളിൽ ചെറുതും വലുതുമായ കച്ചവടക്കാരും മറ്റുമായി കഴിഞ്ഞിരുന്നു. അവരിൽ ചിലർക്ക് വൻകിട കച്ചവടവും മറ്റും ഉണ്ട്. എന്നാ്ൽ അവർക്ക് LCF, HCM ഉം, Polynomials, Calculusഉം മറ്റും അറിയില്ലല്ലോ എന്നത് വിദ്യാഭ്യാസംലഭിച്ചവർക്ക് ചാരിതാർത്ഥ്യം നൽകും.

അവർക്ക് ഇങ്ഗ്ളിഷിൽ പരിജ്ഞാനം കുറവാണ് എന്നത് ചൂണ്ടിക്കാട്ടാമെങ്കിലും, ഔപചാരിക വിദ്യാഭ്യാസം ലഭിച്ച ഒട്ടുമുക്കാൽപേർക്കും ഇങ്ഗ്ളിഷിൽ പരിജ്ഞാനം ഇല്ലാ എന്നത് കൊണ്ട് അത് വച്ച് താരതമ്യം ചെയ്യാനും ആവില്ലതന്നെ.

ചെറുപ്രായത്തിൽ തൊഴിൽവേദികളിൽ പ്രവർത്തിച്ച പലരും പലവിധ വാണിജ്യപ്രവർത്തനത്തിലും നൈപുണ്യം നേടിയിരുന്നു.

6. ഇങ്ഗ്ളിഷ് സംസ്ക്കാര വിദ്യാഭ്യാസം അനുവഭപ്പെട്ടുതും, ഇന്ത്യൻ വിദ്യാഭ്യാസം അനുഭവിച്ചുതീർത്തതും

വിദ്യാഭ്യാസം എന്ന വിഷയത്തെക്കുറിച്ച് ഈ അവസരത്തിൽ എഴുതണമെന്ന് ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ, അതിലേക്ക് കടന്നുപോയി. ഈ വഴിത്താരയിൽ വീണ്ടും എപ്പോഴാണ് തിരിച്ച് വരിക എന്ന് അറിയില്ല. അതിനാൽത്തന്നെ കുറച്ച് കൂടി കാര്യങ്ങൾ എഴുതാം.

1964ൽ ദേവർകോവിലിൽ വന്നെങ്കിലും, ആ കാലത്ത് തന്നെ പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഒരു ഇങ്ഗ്ളിഷ് സ്ക്കൂൾ ബോഡിങ്ങ് ഹോമിൽ (Boarding Home) ഏതാനും വർഷങ്ങൾ താമസിച്ചിരുന്നു. ഇങ്ഗ്ളിഷ് ഭാഷാ സംസ്ക്കാരത്തോട് താദാത്മ്യം ഉണ്ടായിരുന്ന Anglo-ഇന്ത്യൻ വംശജരായിരുന്നു അന്ന് ആ സ്ക്കൂൾ നടത്തിയിരുന്നത്. കറിക്കുലം (Curriculum) Cambridge University Certification ആയിരുന്നു എന്ന് തോന്നുന്നു. തീർച്ചയില്ല. ജനുവരിയിലാണ് സ്ക്കൂൾ ആരംഭിക്കുക. ഡിസംബറിൽ അവസാനിക്കും.

നാടെങ്ങും മാത്രമല്ല, തെരുവോരങ്ങളിലും മറ്റും മരങ്ങൾ തിങ്ങിനിറഞ്ഞിരുന്ന കാലമാണ്. ഉഷ്ണം കുറവായിരുന്നിരിക്കും.

ഈ സ്ക്കൂൾ ഇന്നും നിലവിൽ ഉണ്ടെങ്കിലും, ഈ എഴുത്തുകാരന്റെ സ്ക്കൂൾ ബാച്ചിന് തൊട്ട് പിന്നാലെ വന്ന വർഷം, ഈ സ്ക്കൂൾ അതിന്റെ കറിക്കുലം മാറ്റുകയും, കേരളാ സർക്കാർ വിദ്യാഭ്യാസ ബോഡിന്റെ കറിക്കുലത്തിലേക്ക് മാറുകയും ചെയ്തു എന്നാണ് അറിയുന്നത്.

ഇങ്ഗ്ളിഷ് ഭാഷാ സംസ്ക്കാരത്തോട് താതാത്മ്യം ഉണ്ടായിരുന്ന Anglo--ഇന്ത്യൻ വംശജർ, ആ സ്ക്കൂളിന്റെ ആദ്യകാല കറിക്കുലത്തിൽ പഠനം നടത്തിയത് അനുഭവിക്കുകയും, അതിന് ശേഷം 5ആം ക്ളാസിൽ കേരളാ സ്ക്കൂൾ സിലബസ് ഇങ്ഗ്ളിഷ് മീഡിയത്തിലേക്ക് മാറുകയും ചെയ്തപ്പോൾ, ഈ രണ്ട് സമ്പ്രദായങ്ങളും തമ്മിലുള്ള പൂർണ്ണമായ വ്യത്യാസം തലക്ക് അടികിട്ടുന്നത് പോലെ അനുഭവിച്ചറിഞ്ഞു എന്നാണ് ഓർമ്മ.

ഈ എഴുത്തുകാരൻ ഇങ്ഗ്ളിഷ് സ്ക്കൂളിൽ പഠിക്കുന്ന അവസരത്തിൽത്തന്നെ സംവിധാനങ്ങൾക്ക് സാവധാനം തേയ്മാനവും കലർപ്പും, ബലഹീനതയും വന്നുകൊണ്ടിരുന്നത് ശ്രദ്ധിക്കപ്പെടാനാവുമായിരുന്നു.

കാരണം, സ്ക്കൂളിലെ അദ്ധ്യാപിക-അദ്ധ്യാപകരിലും, മറ്റ് ജീവനക്കാരിലും ഇങ്ഗ്ളിഷ് ഭാഷാ സംസ്ക്കാരത്തോട് താദാത്മ്യം ഉണ്ടായിരുന്ന Anglo--ഇന്ത്യൻ വംശജരുടെ എണ്ണം കുറഞ്ഞ് വരികയും പൂർണ്ണമായ പ്രാദേശിക ഭാഷാ സംസ്ക്കാരത്തിൽ നിന്നുമുള്ളവർ ഏറിവരികയും ചെയ്യുന്നത് കണ്ട് അനുഭവിച്ചിരുന്നു എന്ന് ഇന്ന് തിരിഞ്ഞ് നോക്കുമ്പോൾ ഓർമ്മിക്കുന്നു.

ഈ രണ്ട് കൂട്ടരുടെയും പെരുമാറ്റങ്ങളിൽ തമ്മിൽ പലകാര്യത്തിലും വ്യത്യാസം ഉള്ളതായി ഓർമ്മിക്കുന്നു.

ഇതുമായി ബന്ധപ്പെട്ടും, അന്ന് ലഭിച്ചിരുന്ന പാഠപുസ്തകങ്ങളുടെ നിലവാരത്തെക്കുറിച്ചും മറ്റും കുറച്ച് കാര്യങ്ങൾ വിവരിക്കാൻ തോന്നുന്നു. മാഞ്ഞ് പോയി, ഒരു നിഴലുപോലും ബാക്കി കണ്ടെത്താൻ ആവാത്ത കാര്യങ്ങളാണ്.

7. ആശയവിനിമയത്തിൽ ഉയർന്ന മൂല്യങ്ങൾ നിലനിർത്തിയ Anglo-Indian വംശജർക്ക് എന്ത് സംഭവിച്ചു

ഇങ്ഗ്ളിഷിൽ implode എന്നൊരു വാക്കുണ്ട്. ഇതിന്‍റെ അർത്ഥം explode എന്ന വാക്കിന് നേരെ വിപരീതമാണ്. explode എന്ന വാക്കിന്‍റെ അർത്ഥം പൊട്ടിത്തെറിക്കുക എന്നതാണല്ലൊ. implode എന്ന വാക്കിന്‍റെ അർത്ഥം ഉള്ളിലോട്ട് പൊട്ടിത്തെറിക്കുക എന്നതാണ്. എന്നുവച്ചാൽ, പുറംലോകം സ്ഫോടനാത്മകമായി ഉള്ളിലേക്ക് ഇടിച്ചുകയറുക എന്നുവേണമെങ്കിൽ പറയാം. ഉദാഹരണത്തിന്, കടലിനടിയിൽ പോയ ഒരു കപ്പലിന്‍റെ വെള്ളംകയറാതുള്ള ഒരു മുറി പെട്ടന്ന് ഉള്ളിലേക്ക് പൊളിഞ്ഞ്, കടൽവെള്ളം ശക്തമായി ഇരച്ചുകയറുന്നു.

ഇതേ അവസ്ഥയായിരിക്കേണം, ആ സ്ക്കൂളിലെ ഇങ്ഗ്ളിഷ് ഭാഷാ സംസ്ക്കാരങ്ങളോട് കൂറുപുലർത്തിയിരുന്ന Anglo-ഇന്ത്യൻ ടീച്ചർമാരുടേത്. അവരുടെ ലളിതമായ സംസാര രീതിയ്ക്ക് അധികകാലം പിടിച്ച് നിൽക്കാനാവില്ല. ആരേയും നീയെന്നും, അവനെന്നും, അവളെന്നും, എടീ, എടാ, അവറ്റകൾ, സാറ്, അദ്ദേഹം, ചേട്ടൻ, ചേച്ചി എന്നല്ലാമുള്ള വിവേചന പരമായ ഭാഷാകോഡുകൾ ഇല്ലാത്ത അന്തരീക്ഷത്തിന് ചുറ്റും, ഈ വക വാക്ക്കോഡുകൾക്ക് വീണ്ടും നിയമസാധുതയുടെ ശക്തിപ്രാപിച്ച് ഇടിച്ച്കയറിവരുന്ന അവസ്ഥ.

ഈ സാമൂഹികമായ വ്യതിചലനം അവരുടെ മാനസിക നിലവാരത്തെ ബാധിച്ചിട്ടുണ്ടാകാം. അവരെല്ലാം എവിടെപോയിട്ടുണ്ടാകും എന്ന് അറിയില്ല. സാമ്പത്തിക നിലവാരവും, രാഷ്ട്രീയവും, സാമൂഹികവും ആയ അധികാരങ്ങളും മറ്റും സ്വാധീനിക്കുന്ന ഭാഷാകോഡുകളാണ് ശക്തി പ്രാപിച്ച് വീണ്ടും അധികാര സ്ഥാനങ്ങളിലേക്ക് വരുന്നത്.

ഇങ്ങിനെയെല്ലാമായിരുന്നെങ്കിലും, ഇന്ന് സർവ്വത്ര കാണുന്ന വിരസങ്ങളായ പാഠപുസ്തകങ്ങൾക്ക് അതീതമായി വിദ്യാഭ്യാസത്തിന് ഒരു അർത്ഥവും ലക്ഷ്യവും ഉണ്ട് എന്ന ധ്വനി, ഈ കാലഘട്ടത്തെക്കുറിച്ച് ഓർമ്മിക്കുമ്പോൾ മനസ്സിൽ ഉദിക്കുന്നു. ഇത്യാദികാര്യങ്ങളിൽ പരിശീലനം ലഭിക്കാതെ പോയല്ലോ എന്ന ഒരു ദു:ഖവും മനസ്സിൽ ഉണ്ട്.

പൊതുവായിപ്പറഞ്ഞാൽ, താരതമ്യേനെ മൃദുലമായ ആശയവിനിമയ അന്തരീക്ഷം. വിദ്യാർത്ഥികളും, ടീച്ചർമാരും ബോഡിങ്ങ് വോഡനും (Warden) എല്ലാം അങ്ങോട്ടും ഇങ്ങോട്ടും ആശയവിനിമയത്തിൽ ഒരേ നിലവാരം. You, He, She തുടങ്ങിയ പദങ്ങളും അവയുടെ വകഭേദങ്ങളും അങ്ങോട്ടും ഇങ്ങോട്ടും.

എന്നിരുന്നാലും, ഇത് ഒരു അളവു വരെ തികച്ചും കൃത്രിമമായ ഒരു അന്തരീക്ഷമായിരുന്നു. കാരണം, വിദ്യാർത്ഥികളിൽ മിക്കവരും പ്രാദേശിക ഭാഷാഅന്താരിക്ഷങ്ങളിൽ നിന്നും വരുന്നവരാണ്.

എന്നിട്ടും മറ്റേപുറം ഇങ്ഗ്ളിഷ് ഭാഷാ കോഡുകളുടെ മൃദുലമായ കോഡുകൾ നടപ്പിൽവരുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.

എന്നാൽ, ടൈറ്റാനിക്കിന്റെ അവസ്ഥയായിരുന്നു അവരുടേത്. യാതോരു ആലമ്പവും ഇല്ലാത്ത അവസ്ഥതന്നെ. മാന്യമായ ആശയവിനിമത്തിന് ചില്ലിക്കാശിന്റെ വില തരാത്ത സമൂഹികാന്തരീക്ഷമാണ് സംജാതമാകാൻ പോകുന്നത്.

ഇവരിലെ സ്ത്രീകളുടെ ലളിതമായ പെരുമാറ്റരീതികളെ എങ്ങിനെയാണ് പൊതുവായി നിർവ്വചിക്കപ്പെട്ടത് എന്നതിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല.

ഇങ്ഗ്ളിഷ് ഭാഷയുടെ മൃദുലതയെ മനസ്സിലാക്കാൻ തയ്യാറില്ലാത്ത പല സിനിമാക്കാരും അവരുടെ സിനിമകളിൽ ഒരു തരം കോമാളി കഥാപാത്രങ്ങളായി ഇവരിലെ പുരുഷന്മാരെ ചിത്രീകരിച്ചതായി കണ്ടതായി ഓർക്കുന്നു.

വിദ്യാഭ്യാസത്തെക്കുറിച്ച് ഇവരിൽ നിന്നും ലഭിക്കുമായിരുന്ന പലകാര്യങ്ങളെക്കുറിച്ചും, പിന്നീട് പലപ്പോഴും ഓർമ്മിച്ചിരുന്നു. അത് എന്തെല്ലാമായിരുന്നു എന്ന് അടുത്ത എഴുത്തിൽ പ്രതിപാദിക്കാം.

മാത്രവുമല്ല, സ്ക്കൂളിൽ പെട്ടെന്നൊരു അന്തരീക്ഷമാറ്റം സംഭവിച്ചതായി ഒരു പുതുവർഷ ക്ളാസിലേക്ക് തിരിച്ചു വന്നപ്പോൾ അനുഭവപ്പെട്ടു. അന്ന് അതിന്റെ കാരണം മനസ്സിലായില്ല. എന്നാൽ വർഷങ്ങൾക്ക് ശേഷം, പല ബോധോദയങ്ങൾക്കിടയിൽ അതിന്റെ കാരണവും പെട്ടെന്ന് ഒരു വെളിപാടെന്ന പോലെ മനസ്സിൽ ഉദിച്ചു.

8. കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ സൂക്ഷ്മമായ ഗുണമേന്മ

ഇങ്ഗ്ളിഷ് സംവിധാനങ്ങൾക്ക് പല കാര്യങ്ങളിലും ഒരു മെച്ചമുണ്ട് എന്ന അറിവ് ലഭിക്കുക താരതമ്യത്തിലൂടെയാവാം.

ഇന്ന് വിദ്യാഭ്യാസത്തിന്റെ ഭാഗമായി കാണാത്ത ഒരു പാട് കാര്യങ്ങളും അന്ന് ഇങ്ഗ്ളിഷ് ഭാഷാ സംസ്ക്കാരത്തോട് താദാത്മ്യം ഉള്ള വിദ്യാഭ്യാസത്തിൽ വളരെ സ്വാഭാവികമായി ഉണ്ടായിരുന്നു.

ഇതിൽ ഏറ്റവും മൌലികമായി ഉണ്ടായിരുന്നത്, വിവേചനപരമായുള്ളതും, വ്യക്തികളെ തരംതാഴ്ത്തുന്നതോ, അതുമല്ലെങ്കിൽ ചില ആളുകളെ ഒരു തരം ദിവ്യന്മാരായും തരംതിരിക്കുന്ന വാക്ക് കോഡുകൾ സംഭാഷണത്തിൽ ഇല്ലേയില്ലാ എന്നുള്ളതായിരുന്നു.

ഈ ഒരു എല്ലാറ്റിനേയും വലയം ചെയ്യുന്ന സംഭാഷണകോഡ്, അന്നുള്ള ഇങ്ഗ്ളിഷ് അദ്ധ്യാപനത്തിൽ മറ്റ് പല ഗുണമേന്മയുള്ള കാര്യങ്ങൾക്കും മൂല്യവും, പ്രചോദനവും നൽകിയിരുന്നു.

ഒന്നാമതായി ഒരു പ്രത്യേകതരം സത്യസന്ധത. ഫ്യൂഡൽ ഭാഷകളിൽ വലിയവരോട് സത്യസന്ധതയും സമയ കൃത്യതയും വാക്കും മറ്റും പാലിക്കണം എന്ന രീതിയിലാണ് വാക്ക് കോഡുകൾ പ്രവർത്തിക്കുന്നത്. ബഹുമാനിക്കാത്തവരോട് സത്യസന്ധതയും, സമയ കൃത്യതയും വാക്കും മറ്റും പാലിക്കേണ്ട എന്ന രീതിയിൽ തന്നെയാണ് ഫ്യൂഡൽ ഭാഷാകോഡുകൾ പരിശീലിക്കുന്നത്.

അതേ സമയം ഇങ്ഗ്ളിഷ് അന്തരീക്ഷത്തിൽ ഇങ്ങനെ ചില ആളുകൾ വിലകുറഞ്ഞവർ ആണ് എന്നും അവർക്ക് യതോരു തരം പരിഗണനയും നൽകേണ്ട എന്നു ഉള്ള ഒരു ചിന്തയേയില്ല. ഈ ഒരു ചിന്താഗതി പൂർണ്ണമായും ഇങ്ഗ്ളിഷ് ഭാഷാ സംസ്ക്കാരത്തോട് കൂറുപുലർത്തുന്നവരിൽ, ആ സ്ക്കൂളിൽ കണ്ടിരുന്നു.

ഇതിൽനിന്നും തന്നെയുള്ള മറ്റൊരു വികസനമായിരുന്നു, മുന്നിൽ ഉള്ള ആൾക്കാണ് പ്രഥമഗണന അഥവാ Precedence. തെറ്റായ മാർഗ്ഗങ്ങൾ ഉപയോഗിച്ച്, മുൻഗണനാ പരമായും മറ്റും ഒരു കാര്യം ലഭിക്കേണ്ടുന്ന ആളെ, പിന്നണിയിൽ നിന്നും കുടിലവും ഗൂഢവുമായ തന്ത്രങ്ങൾ ഉപയോഗിച്ച്, മറിച്ചിടുക എന്നുള്ളത് ഒരു തരം മഹാപാപവും നാണംകെട്ടതുമായ പ്രവർത്തനമാണ് എന്ന പൊതുവായുള്ള മതിപ്പ്.

ഇങ്ങിനെയൊക്കെയുള്ള കാര്യങ്ങൾ പറയുമ്പോൾ, ഇന്നുള്ള പലർക്കും വിശ്വസിക്കാൻ ആവില്ല. എന്നാൽ, മലബാറിലെ ഇങ്ഗ്ളിഷ് സംസാരിക്കുന്ന സർക്കാർ ഓഫിസർമാർ കൈക്കൂലിവാങ്ങിക്കാറില്ലായിരുന്നു എന്നും, ഔദ്യോഗിക കർത്തവ്യങ്ങൾ അവരോട് പൊതുജനം ആവശ്യപ്പെട്ടാൽ, ഇന്ന് അതിശയിപ്പിക്കാൻപോന്ന വേഗതയിൽ അവർ കാര്യങ്ങൾ ചെയ്ത് കൊടുക്കാറുണ്ട് എന്നതും, ഈ എഴുത്തുകാരന് നേരിട്ട് അറിവുള്ള കാര്യമാണ്. ഇക്കാര്യം പക്ഷെ ഏതെങ്കിലും വിഡ്ഢി ഔപചാരിക ചരിത്ര ഗ്രന്ഥത്തിലും കാണപ്പെടുമോ എന്ന് അറിയില്ല.

വാസ്തവം പറയുകയാണെങ്കിൽ, അന്ന് ഒരു പുരുഷനായ സർക്കാർ ഓഫിസർ കൈക്കൂലി വാങ്ങിച്ചാൽ അത് പോക്കറ്റടി പണിയായും, ഒരു വനിതാ സർക്കാർ

ഓഫിസർ കൈക്കൂലി വാങ്ങിച്ചാൽ, അത് വേശ്യാവൃത്തിക്ക് തുല്ല്യമായ പണിയായും മറ്റ് ഓഫിസർമാർ പരിഗണിക്കുമായിരുന്നു. അത്രയ്ക്ക് മാത്രം കൈക്കൂലി വാങ്ങിക്കുക എന്ന പദ്ധതിയോട് അറപ്പ് ഇവരിൽ നിലനിന്നിരുന്നു.

മലബാർ ഉദ്യോഗസ്ഥ പ്രസ്ഥാനം പഴയകാല മെഡ്രാസ് പ്രസിഡൻസിയുടെ ഭാഗവും, പിന്നീട് മെഡ്രാസ് സംസ്ഥാനത്തിന്റെ ഭാഗവും ആയിരുന്നു. തിരുവിതാംകൂറും മലബാറും തമ്മിൽ ഉള്ള ബന്ധം മുഖ്യമായും തിരുവിതാംകൂറിലെ മതംമാറി കൃസ്ത്യാനികളായ കുടിയേറ്റക്കാരിലും, മലബാറിലേക്ക് വേരുകൾ ആഴ്ത്താൻ ശ്രമിച്ച തിരുവിതാംകൂറിലെ കീഴ്ജാതിക്കാരുടെ സംഘടനയിലും ഒതുങ്ങിനിന്നുട്ടുണ്ടാവാം. പിന്നുള്ള ബന്ധം ഉപഭൂഖണ്ടത്തിന്റെ കടലോരങ്ങളിൽ ജീവിക്കുന്ന മുക്കുവർ മുഖേനെയും.

മലബാർ ഉദ്യോഗസ്ഥ പ്രസ്ഥാനത്തെക്കുറിച്ച് പലതും പറയാനുണ്ട്. അത് പിന്നീട് ആവാം.

9. ഉന്തുംതള്ളും ഉള്ള സാമൂഹികാന്തരീക്ഷത്തിലേക്ക്

പ്രഥമഗണന അഥവാ Precedenceനെക്കുറിച്ച് പറയുമ്പോൾ, ഇന്ന് പല പ്രാദേശിക ഭാഷാ സ്ക്കൂളുകളിലും വിദ്യാർത്ഥികളിൽ അടിച്ചേൽപ്പിക്കപ്പെടുന്ന ക്യൂ സമ്പ്രദായത്തെ ഓർമ്മവരുന്നു. ഒരു തരം തരംതാഴ്ന്ന പട്ടാളച്ചിട്ട അടിച്ചേൽപ്പിച്ചാണ് ഇത് നടപ്പിൽ വരുത്തുന്നത്. എന്നാൽ, ഇങ്ഗ്ളിഷ് ഭാഷാ മനോഭാവത്തിലുള്ള ക്യൂ സംവിധാനം, മുന്നിൽ വന്ന ആൾക്കാണ് മുൻഗണന എന്ന ചിന്തയിലാണ് കിടക്കുന്നത്. ഞെട്ടിക്കാനുള്ള ആൾ പിന്നിലുണ്ട് എന്ന ചിന്തയല്ല ഇതിന് പ്രേരണ നൽകുന്നത്.

ഫ്യൂഡൽ ഭാഷകളിൽ, പലപ്പോഴും 'അദ്ദേഹ'ത്തിനും 'അവർ'ക്കും ആണ് മുഗണന. 'അവനും' 'അവൾക്കും' ഇത്യാദി കാര്യങ്ങൾക്ക് അവകാശമില്ല. തമ്മിൽത്തമ്മിൽ യാതോരു ബഹുമാനവും ഇല്ലാത്ത ആളുകൾ, തമ്മിൽത്തമ്മിൽ ഉന്തിയും, മുന്നിൽചാടിയും വരിതെറ്റിച്ചും മറ്റും മുൻഗണന നേടാൻ ശ്രമിക്കും.

ഇന്ന് കൈക്കൂലി വാങ്ങിക്കുന്ന ഉദ്യോഗസ്ഥനാണ് കേമൻ. അന്നത്തെ ഇങ്ഗ്ളിഷിൽ ഈ ആൾ പോക്കറ്റടിക്കാരനോ, വേശ്യാവൃത്തിക്കാരിയോ ആണ്. ഇതേ പോലെ തന്നെയാണ് മുന്നിൽ ചാടി മുൻഗണ പ്രാപിക്കുന്നവനും. ഇന്ന് അയാൾ ആണ് കേമൻ. എന്നാൽ ഇങ്ഗ്ളിഷിൽ ഈ ആൾ ആ ആൾക്കൂട്ടത്തിൽപ്പെടുത്താൻ പറ്റാത്ത ആളാണ്.

ഇങ്ഗ്ളിഷിലെ 'honourable' എന്ന വാക്കിന് ഫ്യൂഡൽ ഭാഷകളിൽ ഉചിതമായ തർജ്ജമ കണ്ടെത്താൻ പ്രയാസമാണ്. ഫ്യൂഡൽ ഭാഷകളിൽ ഈ പദത്തെ 'ശ്രേഷ്ഠൻ', 'വന്ദ്യനായ', 'ആദരണീയനായ', 'ബഹുമാന്യനായ' തുടങ്ങിയ പദപ്രയോഗങ്ങളിലേക്കാണ് തർജ്ജമ ചെയ്യപ്പെടുക.

ഫ്യൂഡൽ ഭാഷകളിൽ ഈ വിധം നിർവ്വചിക്കപ്പെടുന്നവർ വലിയവരാണ്. ചെറിയവരല്ല. എന്നാൽ, ഇങ്ഗ്ളിഷിൽ മുൻഗണനാ പ്രകാരമുള്ള സ്ഥാനം കടന്ന് മുന്നിൽ കയറുന്നത് 'honourable' പെരുമാറ്റമല്ല. ആളുകളെ തരംതാഴ്ത്തി സംസാരിക്കുന്നത് 'honourable' പെരുമാറ്റമല്ല.

ഇവിടെ ശ്രദ്ധിക്കേണ്ടത്, ആ ഇങ്ഗ്ളിഷ് സ്ക്കൂളിലെ ഇങ്ഗ്ളിഷ് ഭാഷാ സംസ്ക്കാരത്തോട് കൂറ് ഉള്ള ടീച്ചർമാർ വ്യക്തിപരമായി പ്രാദേശിക ഭാഷാ കോഡുകളോട് കൂറ് പ്രഖ്യപിക്കുന്നവരേക്കാളും നല്ലവർ ആണെന്നോ, അതുമല്ലെങ്കിൽ സദാചാരം ഉള്ളവർ ആണെന്നോ ഉള്ള യാതോരു അവകാശവും ഇവിടെ സ്ഥാപിക്കുന്നില്ല. മറിച്ച്, ഭാഷാ കോഡുകൾ സാമൂഹിക ആശയവിനിമയത്തിൽ വരുത്തുന്ന വ്യത്യാസം മാത്രമേ ഇവിടെ ചൂണ്ടിക്കാണിക്കുന്നുള്ളു.

എല്ലാവരും നല്ല നിലവാരമുള്ള ഇങ്ഗ്ളിഷ് സംസാരിക്കുന്ന ഇടങ്ങളിൽ, ആളുകൾ മുന്നിൽ ചാടിക്കയറാനോ, മുന്നിലുള്ള ആളെ കടത്തിവെട്ടാനോ സാധാരണ ഗതിയിൽ ശ്രമിക്കില്ലതന്നെ. ഉദാഹരണത്തിന്, ബസ്സിലേക്ക് കയറാൻ ഒരാൾ ബസ്സിന്റെ ചവിട്ടുപടിക്ക് മുന്നിലായി നിൽകുന്നുണ്ടെങ്കിൽ, അടുത്തതായി വരുന്ന വ്യക്തി, ആ ആളുടെ പിന്നിൽ ആണ് വന്ന് നിൽക്കുക. എന്നാൽ, ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ, പിന്നീട് വരുന്ന ആൾ, മുന്നിൽ നിൽക്കുന്ന ആളുടെ വശത്തുകൂടി മുന്നിൽകയറി സ്ഥാനം പിടിക്കും. ഇത് എന്തോ മഹത്തായ ചുറുചുറുക്കും, സാമർത്ഥ്യവും, മിടുക്കും, ബുദ്ധികൌശലവും മറ്റുമായി ആ ആളും അയാളുടെ ബന്ധുജനവും കരുതും.

എന്നാൽ ആ ദേശത്ത് ഇതേ പോലെ ചിന്തിക്കുന്നവരാണ് എല്ലാവരും. കാര്യങ്ങൾ എല്ലാംതന്നെ ഒരുതരം ഉന്തുംതള്ളും ഉള്ള സാമൂഹികാന്തരീക്ഷത്തിലേക്കാണ് നീങ്ങുക.

എന്നാൽ, ഇങ്ങിനെയുള്ള ഒരു സാമൂഹികാന്തരീക്ഷത്തെ നിയന്ത്രിക്കാനായി, അതി കഠിനവും നിർദ്ദയവും ആയ ഒരു അധികാരവർഗ്ഗം നിലവിൽ വരും. ഇതിനെ എല്ലാവരും പുകഴ്ത്തും. മറ്റവനെ ഈ അധികാരവർഗ്ഗം അടിച്ച് തമർത്തുന്നത് കാണുമ്പോൾ സന്തോഷമാണ് മറ്റുള്ളവരിൽ ഉളവാകുന്ന മാനസിക ഭാവം.

10. ഇങ്ഗ്ളിഷ് സൌകുമാര്യത വിറങ്ങലിച്ചുപോയി

നല്ലനിലവാരത്തിൽ ഇങ്ഗ്ളിഷ് ഭാഷാ സംസ്ക്കാരത്തോട് കൂറ് കാണിച്ചിരുന്ന ആ സ്ക്കൂളിലെ Anglo-ഇന്ത്യൻ ടീച്ചർമാർ വ്യക്തിപരമായി മറ്റുള്ളവരോട് വളരെ മാന്യമായിത്തന്നെയാണ് പെരുമാറിയത് എന്നാണ് ഓർമ്മ. ഈ ഓർമ്മ വരുന്നത്, ജീവിതത്തിൽ അനുഭവിച്ച മറ്റ് ടീച്ചർമാരുമായി ഇവരെ താരതമ്യം ചെയ്യുമ്പോഴാണ്.

അന്ന്, ക്ളാസിൽ ടീച്ചർമാർ കയറിവരുമ്പോൾ വിദ്യാർത്ഥികൾ, അടിയാള മനോഭാവത്തോടുകൂടി എഴുന്നേറ്റ് നിൽക്കാറുണ്ടായിരുന്നോ എന്ന് കൃത്യമായി ഓർമ്മവരുന്നില്ല. ഇങ്ങിനെ ഒരു ദാസ്യഭാവ പ്രകടനം യഥാർത്ഥ ഇങ്ഗ്ളിഷ് പാരമ്പര്യങ്ങളിൽ ഇല്ലാ എന്നാണ് തോന്നുന്നത്. എന്നാൽ ഇത് ഫ്യൂഡൽ ഭാഷാ സംസ്ക്കാരങ്ങളിൽ എന്തൊക്കെ ചെയ്താലും നടപ്പില്ലതന്നെ. കാരണം, ഭാഷയിൽ വലിയ ആൾ എന്ന് കോഡ് ചെയ്യപ്പെടുന്നവർ വരുമ്പോൾ, വിധേയത്വത്തോട് കൂടി എഴുന്നേറ്റ്നിൽക്കണം എന്നുള്ളത് ഫ്യൂഡൽ ഭാഷാ കോഡുകളിൽ പാറയിൽ ഉരുക്ക് കഠാരകൊണ്ട് കുത്തിയിറക്കി ആലേഖനം ചെയ്യപ്പെട്ടപോലെ ലിഖിതപ്പെടുത്തിയിട്ടുണ്ട്.

പ്രവാചകനായ മുഹമ്മദിന് പോലും ഈ ഒരു ആശയം സ്വന്തം മതസ്ഥരിൽ നടപ്പിൽ വരുത്താൻ ആയിട്ടില്ലാ എന്നാണ് തോന്നുന്നത്. സ്വന്തം ജീവിതത്തിൽ ഇത് മാതൃകയായി കാണിച്ച് കൊടുത്തിട്ടുപോലും, ഫ്യൂഡൽ ഭാഷാകോഡുകളുടെ ശക്തിയെ പ്രതികൂലിക്കാൻ ആയില്ലതന്നെ.

അഞ്ചാം ക്ളാസിൽ കേരളാ സർക്കാർ വിദ്യാഭ്യാസ ബോഡിന് കീഴിലുള്ള സ്ക്കൂളിൽ ഇങ്ഗ്ളിഷ് മീഡിയം ക്ളാസിൽ ചേർന്നപ്പോൾ, അദ്ധ്യാപിക/അദ്ധ്യാപകൻ ക്ളാസിൽ കയറിവന്നപ്പോൾ, അടുത്തിരുന്ന വിദ്യാർത്ഥി, തന്നെ പിടിച്ച് എഴുന്നേൽപ്പിച്ചതായി ഒരു ഓർമ്മ ഈ എഴുത്തുകാരന്റെ മനസ്സിൽ അവ്യക്തമായി കിടക്കുന്നുണ്ട്. ഇതിന് മുന്നിൽ പഠിച്ച ഇങ്ഗ്ളിഷ് സ്ക്കൂളിൽ ഇങ്ങിനെ എഴുന്നേൽക്കാറില്ലായിരുന്നു എന്നതാണോ ഈ ഓർമ്മ ചിത്രീകരിക്കുന്നത് എന്ന് അറിയില്ല.

എന്നാൽ, ആ പഴയ ഇങ്ഗ്ളിഷ് സ്ക്കൂളിൽ തന്നെ പലതരം മാറ്റങ്ങളും വന്നുകൊണ്ടിരുന്നു. പുതുതായി ഉളവാകുന്ന സാമൂഹികാന്തരീക്ഷത്തിൽ, പലതും അപ്രായോഗികവും, അനാവശ്യവുമായി, പുതുതായി ഉളവാകുന്ന സ്ക്കൂൾ മാനേജ്മെന്റിന് തോന്നിയിട്ടുണ്ടാവാം. അതുമല്ലെങ്കിൽ, ഈ പുതിയ സ്കൂൾ മാനേജ്മെന്റിൽപ്പെട്ടവർക്ക്, ഇങ്ഗ്ളിഷ് ഭാഷാ പാരമ്പര്യങ്ങളുമായി പൊരുത്തപ്പെടാനായില്ലാ എന്നും വരാം.

ആ Anglo-ഇന്ത്യൻ സ്ക്കൂളിൽ പാരമ്പര്യമായി ഭക്ഷണം കഴിക്കുന്ന അവസരത്തിൽ കത്തിയും മുള്ളും (fork & spoon) ആണ് ഉപയോഗിച്ചിരുന്നത്. എന്നാൽ, ഈ എഴുത്തുകാരൻ ചേരുന്നതിന് ഒന്നോ രണ്ടോ വർഷങ്ങൾക്ക് മുന്നെ ഈ സമ്പ്രദായം അവസാനിപ്പിച്ചിരുന്നു.

ഈ വിധ മാറ്റങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചിരുന്ന ശക്തമായ കരങ്ങൾ ആരുടേതാണ് എന്ന് അന്ന് അറിഞ്ഞിരുന്നില്ല. എന്നാൽ, വർഷങ്ങൾക്ക് ശേഷം പലതരം ബോധോദയങ്ങളും വന്നുചേരുന്നതിനോടൊപ്പം ഇതും മനസ്സിൽ ഒരു അറിവായി വന്നു.

11. അതി ഗംഭീരമായ ആശയവിനിമയ ലാളിത്യം

ഇങ്ഗ്ളിഷിലെ മൃദുലവും, തമ്മിൽകുത്തിക്കുത്തി വാക്ക്കോഡുകൾ ഉപയോഗിക്കാത്തതുമായ അന്തരീക്ഷത്തിൽ, ബഹുമാന-അപമാന പ്രശ്നങ്ങളിൽ മനസ് വ്യാപൃതമാക്കാതെ കാര്യങ്ങളെ അവയുടെ കാര്യഗൌരവത്തോടുകൂടിയും, എന്നാൽ, ലളിതമായും കൈകാര്യം ചെയ്യാനാവും. ഇങ്ങിനെയുള്ള ഒരു അന്തരീക്ഷത്തിൽ, വിദ്യാഭ്യാസം എന്നത് തന്നെ അതീവ ലാളിത്യമുള്ള പലകാര്യങ്ങളുടേയും സമ്മേളിക്കലാവും.

ഉദാഹരണത്തിന്, നിവർന്ന്, കുനിയാതെ ക്ളാസിലെ കസേരയിൽ ഇരിക്കുക. മറ്റെ ആളെ തരംതാഴ്ത്താൻ എന്തെങ്കിലും ഉപാധി കണ്ടെത്താൻ വ്യാപൃതനാവാതെ ഇടപഴകുക. കാൽ മുട്ടുകൾ ആനയുടെ ചെവി ആടുന്നത് പോലെ ആട്ടാതെയിരിക്കേണം എന്ന് വിദ്യാർത്ഥികളെ പറഞ്ഞ് മനസ്സിലാക്കിക്കാം.

Thank you, I am sorry, I regret, I appologise, May I?, Can I?, Please, Could you? Would you? Excuse me തുടങ്ങി പല പദപ്രയോഗങ്ങളും, ആളുകളുടെ വലുപ്പവും ചെറുപ്പവും പരിഗണിക്കാതെ തന്നെ ഉപയോഗിക്കാം. ഈ ഒരു കാര്യം വെറും നിസ്സാരവും അഞ്ച് പൈസയുടെ പോലും വിലയില്ലാത്ത വാചക കസർത്തുകളാണ് എന്ന് ഫ്യൂഡൽ ഭാഷകളിൽ നിന്നു തോന്നാമെങ്കിലും, ഈ വക വാക്കുകൾ യാതോരു കരുതിക്കൂട്ടിയുള്ള മുതലെടുപ്പും ലക്ഷ്യമില്ലാത്ത ഭാഷാ അന്തരീക്ഷത്തിൽ, അതി ഗംഭീരമായ ആശയവിനിമയ ലാളിത്യം ഉളവാക്കും.

വലിയ ആൾ എന്നോ ചെറിയ ആൾ എന്നോ ചിന്തിക്കാതെ പറഞ്ഞവാക്ക് പാലിക്കുക, സമയ കൃത്യത പാലിക്കുക തുടങ്ങിയ കാര്യങ്ങൾ കലർപ്പില്ലാത്ത ഇങ്ഗ്ളിഷ്ഭാഷയുടെ വളരെ ശക്തവും, എന്നാൽ അതീവ മൃദുലവുമായ വാക്ക് കോഡുകളുടെ സംഭാവനകാളാണ്. ഇതിലെന്തിരിക്കുന്നു, ഏത് ഭാഷക്കാർക്കും ഇത് ആവും എന്നെല്ലാം ഘോഷിക്കാമെങ്കിലും, പ്രാവർത്തിക വേദിയിൽ, വലിയാളോടാണ് സമയ കൃത്യത പാലിക്കേണ്ടൂ. സ്വന്തം കീഴ് ജീവനക്കാരനോട് സമയകൃത്യത പാലിക്കുന്നതിൽ തന്നെ ഫ്യൂഡൽ ഭാഷയിലെ തൊഴിൽ ഉടമയ്ക്ക് മാനഹാനിയാണ് സംഭവിക്കുക.

ഒരു സാധനം ഒരു ഇടത്ത് നിന്നും എടുത്താൽ, അത് ആവശ്യം കഴിഞ്ഞാൽ അതേ സ്ഥാനത്ത് വെക്കണം എന്നത് ഏത് വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്? എന്നാൽ, വാസ്തവം പറയട്ടെ ഇതു മാതിരി നൂറുകണക്കിന് കൊച്ചുകൊച്ച് കാര്യക്ഷമതാ കോഡുകൾ തിങ്ങിനിറഞ്ഞ് കിടക്കുന്ന ഒരു സ്വപ്നഭൂമിതന്നെയാണ് കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷാന്തരീക്ഷം.

12. മറ്റവൻ വളർന്നാൽ, ഫ്യൂഡൽ ഭാഷാ കോഡുകളിൽ ആപത്താണ്

ഫ്യൂഡൽ ഭാഷാ വിദ്യാഭ്യാസത്തിൽ, കളവ് പറയരുത്, അന്യന് ഔന്നിത്യം വരുമ്പോൾ നാം ആനന്ദിക്കുകയാണ് ചെയ്യേണ്ടത്, മറ്റുള്ളവരെക്കുറിച്ച് അപവാദം പറഞ്ഞു നടക്കരുത്, എന്നെല്ലാം പഠിപ്പിക്കുന്നുണ്ട്, ഔപചാരികമായി. ഈ ഭാഷാ അന്തരീക്ഷത്തിൽ ഈ ഒരു പഠനം ആവശ്യമാണ്. എന്നാൽ ഇത് കാര്യമായ ഉപകാരം ചെയ്യില്ലതന്നെ.

കാരണം, ഏവർക്കും അറിവുള്ള കാര്യമാണ്, മറ്റവൻ വളർന്നാൽ, ഭാഷാ കോഡുകളിൽ ആപത്താണ് എന്നത്. ഈ ആപത്തിനെ പരിഗണിക്കാതെ, ആനന്ദിക്കാൻ പോയാൽ, ആപത്ത്, വൻ വിപത്തായി മാറും.

അത് പോലെ തന്നെ കളവ് പറയരുത് എന്ന ഒരു വാദം തന്നെ, ഫ്യൂഡൽ ഭാഷകളിൽ മുതിർന്നവരോടും, അധികാരികളോടും, അദ്ധ്യാപകരോടും മറ്റും കളവ് പറയരുത് എന്നേ അർത്ഥം ആകുന്നുള്ളു. തന്നെ സ്വന്തം പണിക്കാരനോട് കളവ് പറയരുത് എന്ന ഒരു ധ്വനി ഈ വിധ വിദ്യാഭ്യാസത്തിൽ ഉണ്ടോ എന്ന് അറിയില്ലതന്നെ. ഫ്യൂഡൽ ഭാഷ സംസാരിക്കുന്ന ആളുടെ പണിക്കാരൻതന്നെ ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുന്ന ആളുടെ പണിക്കാരനിൽ നിന്നും വലിയ വ്യത്യാസമുള്ള വ്യക്തിയാണ്.

വലിയവരോടും, അധികാരികളോടും, മറ്റും കളവ് പറയുന്നത് കുറ്റമാണ് എന്ന ഒരു ധാരണ ഇങ്ഗ്ളിഷിൽ ഉണ്ട് എന്ന് തോന്നുന്നില്ല. കളവ് പറയാനുള്ള അവകാശം ഏവർക്കും ഉണ്ട്. കാരണം, അതെ, അല്ല, എന്ന രണ്ട് വാക്ക് ഉത്തരങ്ങൾ രണ്ട് വ്യത്യസ്ത അനുഭവമാണ് നൽകുകയെങ്കിൽ, അപകടം വരുത്തുന്ന വാക്ക് ഉപയോഗിക്കേണ്ടതില്ല. അത് മനുഷ്യന്റെ ജീവൻരക്ഷാ അവകാശം തന്നെയാണ്.

ഇന്ത്യയിൽ പോലീസിനോടും, അദ്ധ്യാപകരോടും കള്ളപറഞ്ഞാൽ, സത്യം പറയിക്കാൻ അവർക്ക് അവകാശം ഉണ്ട് എന്നാണ് പൊതുവായുള്ള ധാരണ. ഈ വിഷയം വളരെ സങ്കീർണ്ണമായിട്ടുള്ള ഒരു കാര്യമാണ്. കാരണം, ഇന്ത്യൻ സമൂഹം ഫ്യൂഡൽ ഭാഷകളിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്. ഈ മുങ്ങിക്കുളിച്ചിരിക്കുന്ന അവസ്ഥമാറ്റി, ദേഹത്ത് നിന്നും മലിന ജലം പൂർണ്ണമായും മാറ്റിക്കഴിഞ്ഞാലെ, പോലീസുകാരുടെയും അദ്ധ്യാപകരുടേയും പെരുമാറ്റങ്ങളിലെ വൈകല്യങ്ങളെക്കുറിച്ച് ചിന്തിക്കാനാവൂ.

ഈ ഒരു കാര്യം നടപ്പിൽ വരുത്തണമെങ്കിൽ, മാനസികമായി കലർപ്പില്ലാത്ത ഇങ്ഗ്ളിഷിനോട് പൊരുത്തവും കൂറും ഉള്ള ഒരു ജനത ഈ നാട്ടിൽ ഇങ്ഗ്ളിഷ് ഭാഷാ പഠനത്തിന് പ്രചോദനം നൽകേണം. ഇന്ന് ഇങ്ങിനെയുള്ള ഒരു ജനതയെ ഈ രാജ്യത്തിലും ഈ ഉപഭൂഖണ്ടത്തിലും കണ്ടെത്താൻ വളരെ പണിപ്പെടേണ്ടിവരും.

മറ്റൊരാളുടെ വീടിന്റെ ഗെയ്റ്റ് തുറന്നാൽ അത് അടക്കണം. അന്യരുടെ വീട്ടിൽ ചെന്നാൽ ജനലിലൂടെ അകത്തേക്ക് നോക്കരുത്. ആളുകൾ വ്യക്തിപരമായി പറഞ്ഞകാര്യങ്ങൾ മറ്റുള്ളവരോട് പറഞ്ഞ് നടക്കരുത്. അന്യരുടെ സ്വകാര്യ എഴുത്തുകളും ഡയറികളും അവർ അറിയാതെ തുറന്ന് വായിക്കരുത്. ഒരാൾ പൂട്ടിവെച്ച സംഗതി ജിജ്ഞാസ തീർക്കാനായി തുറക്കരുത്. മറ്റുള്ളവർ സ്വകാര്യം ആയി അറിയിച്ച വിവരങ്ങൾ പുറത്ത് വിടരുത്. മറ്റുള്ളവരെപ്പറ്റി കേട്ട അപവാദകഥകൾ പ്രചിരിപ്പിക്കരുത്, അനാവശ്യമായി. കാരണം, സ്വന്തം പിതാവ്,

മാതാവ്, കുട്ടികൾ, ഗുരുക്കന്മാർ, ആദ്ധ്യാത്മിക നേതാക്കൾ, രാഷ്ട്രീയ നേതാക്കൾ എന്നിവരെപ്പറ്റിയെല്ലാം ഇതുപോലുള്ള അപവാദ കഥകൾ ചിലപ്പോൾ കണ്ടേക്കാം. ഇവയെല്ലാം അവഗണിച്ച് മറ്റൊരു വ്യക്തിയെ ഉപദ്രവിക്കുന്ന കഥകൾ പ്രചരിപ്പിക്കുന്നതിൽ തെല്ലൊരു അപാകതയുണ്ട്.

_ _

13. ഇങ്ഗ്ളിഷ് എന്ന ഒറ്റ മന്ത്രംമാത്രം ചാലകശക്തിയായുള്ള ഒരു ഭരണ ചക്രം

ആളുകളുടെ പേര് ചോദിക്കുമ്പോൾ, May I know your name please? അവർക്ക് എന്തെങ്കിലും ആവശ്യം ഉണ്ട് എന്ന് കണ്ടാൽ, അത് എന്താണ് എന്ന് അറിയാനായി May I help you? How can I help you? തുടങ്ങിയ പദപ്രയോഗങ്ങളും, നിങ്ങൾ ആരാ, നീ ആരാ എന്നെല്ലാം, ഫോൺ വിളിക്കുന്ന ആളോട് ആരായുന്നതിന്, ഇങ്ഗ്ളിഷിൽ വളരെ മയമുള്ള വാക്ക് പ്രയോഗങ്ങൾ ഉണ്ട്. May I know who is speaking? May I know who you are? തുടങ്ങിയ നൂറുകണക്കിന് കൊച്ച്കൊച്ച് കോഡുകൾ അടങ്ങിയിരിക്കുന്നതാണ് കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) അന്തരീക്ഷം.

ഈ അന്തരീക്ഷം നടപ്പിൽ വരുത്താൻ പ്രാപ്തരായിരുന്നു, ഈ എഴുത്തുകാരൻ ചെറുപ്പത്തിൽ കുറച്ച് കാലം പഠിച്ചിരുന്ന സ്ക്കൂൾ നടത്തിയ Anglo-ഇന്ത്യൻ വംശജർ.

എന്നാൽ ഇവർക്ക് പുതിയ രാജ്യാന്തരീക്ഷത്തിൽ കാര്യമായ പല ബഹഹീനതകളും ഉയർന്നുവരുന്നുണ്ടായിരുന്നു. വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ ഇവർ എവിടെ നിൽക്കും എന്നുള്ളത് ഒരു പ്രശ്നമായിരിക്കും.

ഇങ്ങിനെ പരുങ്ങലിൽ പെട്ട പലരേയും ഈ എഴുത്തുകാരന് അറിയാം. ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യത്തിൽ വായിച്ചും ചിന്തിച്ചും, ചർച്ചചെയ്തും ഉള്ള കാര്യമായ വിവരവും കൂറും ഉള്ളവർ. ഇവരിൽ പലർക്കും ഷെയ്ക്ക്സ്പിയറിനെ വലിയ പരിചയമില്ലതന്നെ. കാരണം, ഷെയ്ക്ക്സ്പിയറിന് ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യവുമായി കാര്യമായ ബന്ധമുണ്ടോ എന്നത് സംശയമാണ്. കാരണം, മിക്ക കഥകളും ഭൂഖണ്ഢ യൂറോപ്പ്യൻ രാജവംശങ്ങളോ, ജനങ്ങളോടോ ബന്ധമുള്ളതാണ്. ഇങ്ഗളണ്ടിലെ ജനജീവിതവുമായി ബന്ധപ്പെട്ട ഷെയ്ക്ക്സ്പിയറിയൻ നാടകങ്ങൾ ഉണ്ടോ എന്ന് അറിയില്ല. ഉണ്ടായിരിക്കാം. എന്നാൽ, ഭാഷ പലപ്പോഴും ഫ്യൂഡൽ ചുവയുള്ളതാണ്.

അന്നത്തെ Anglo-ഇന്ത്യൻ ടീച്ചർമാർക്ക് ഇങ്ഗ്ളിഷ് ക്ളാസിക്ക്സിലും, Fairy ടെയ്ലുകളിലും, Nursery റൈമുകളിലും, ചെറുപ്രായക്കാർക്കായുള്ള സാഹിത്യത്തിലും മറ്റും കാര്യമായ വിവരവും, പാണ്ഡിത്യവും ഉണ്ടായിരിക്കാം. എന്നാൽ വിദ്യാഭ്യാസ യോഗ്യത വെറും ഒരു ആയ ആകാനുള്ളതെയുള്ളു.

എന്നാൽ, ഈ വിധം വിവരം ഉള്ളവർ ചെറുപ്രായക്കാരെ പഠിപ്പിക്കാനും അവരോട് ഇടപഴകാനും അവസരം നൽകിയാൽ, ആ കുട്ടികളുടെ മാനസിക നിലവാരം തന്നെ ആകാശത്തോളം ഉയരും. അവരിൽ നിന്നും 'നീ', 'എന്താടാ', 'എന്താടീ', തുടങ്ങിയ പദപ്രയോഗങ്ങൾ (മലബാറിയിൽ: 'ഇഞ്ഞി', 'എന്താനെ', 'എന്താളെ') ഈ കുട്ടികൾക്ക് ഏൽക്കേണ്ടി വരില്ല. കാരണം, ഇത്യാദി വാക്കുകൾ ഇങ്ഗ്ളിഷിൽ ഇല്ലതന്നെ.

അതെ സമയം വിരസമായ കോളെജ് ബിരുദങ്ങൾ പഠിച്ചിറങ്ങുന്നവർക്ക് പലപ്പോഴും ഇത്യാദികാര്യങ്ങളെക്കുറിച്ച് യാതോരു അറിവും ഉണ്ടാവില്ല. ഗണിതത്തിലും, ഊർജതന്ത്രത്തിലും, രസതന്ത്രത്തിലും, ജൈവശാസ്ത്രത്തിലും, മറ്റുമറ്റും തുണ്ടുവിവരങ്ങൾ തലയിൽ നിറച്ചാൽ പിന്നെ, ഇങ്ഗ്ളിഷ് ക്ളാസിക്കൽസിനോടും, Fairy ടെയ്ലുകളോടും

Nursery റൈമുകളോടും, ചെറുപ്രായക്കാർക്കായുള്ള സാഹിത്യത്തോടും മറ്റും കാര്യമായ പുച്ഛമാണ് വരിക.

ഇവയിലെല്ലാം എന്തിരിക്കുന്നു? വെറും ചില്ലിക്കാശിന്റെ വിലയില്ലാത്ത, 'നർസറി'ക്കുട്ടികളുടെ സമയം പോക്കാനാായി ഉപയോഗിക്കുന്നവയല്ലെ ഈ വക കാര്യങ്ങൾ എന്നതാവാം ഭാവം.

എന്നാൽ ഇവിടെ പറയേണ്ടുന്ന കാര്യം ലോകത്തിന്റെ വലിയൊരു ഭാഗം തന്നെയും, ഈ ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിന്റെ ഏതാണ്ട് പകുതിയോളവും ഭരിച്ചിരുന്ന ഇങ്ഗ്ളിഷ് സാമ്രാജ്യം പടുത്തുയർത്തിയവർ വൻ വിദ്യാഭ്യാസം ഉള്ളവരായിരുന്നില്ല.

മറിച്ച് മിക്കവരും സ്ക്കൂൾ വിദ്യാഭ്യാസം പോലും കാര്യമായി നേടാത്തവരായിരുന്നു. ഉദാഹരണത്തിന്, ഈ ഉപഭൂഖണ്ഡത്തിൽ ബ്യട്ടിഷ-ഇന്ത്യയെന്ന ഭരണ പ്രസ്ഥാനത്തിന് അടിത്തറ പാകിയ Robert Clive സ്ക്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കിയിട്ടില്ല. സ്ക്കൂളിൽ പോകാതെ പൊതുനിരത്തിൽ തിരിഞ്ഞുകളിച്ചപ്പോൾ, വീട്ടുകാർ ഈ ഉപഭൂഖണ്ഡത്തിലേക്ക് കപ്പൽകയറ്റിവിട്ട ആളാണ്.

തരിശായ പാണ്ഡിത്യത്തിൽ ഈ ഉപഭൂഖണ്ഡത്തിലെ ബ്രാഹ്മണർക്കും മറ്റും ഇവരേക്കാൾ പാണ്ഡിത്യം ഉണ്ടായിരുന്നിരിക്കാം. എന്നിട്ടെന്ത് കാര്യം?

ഈ, വിദ്യാഭ്യാസമില്ലാത്ത ഇങ്ഗ്ളിഷുകാരാണ് ഈ ഉപദ്വീപിൽ കാര്യമായ സാമൂഹിക മാറ്റങ്ങൾ കൊണ്ടുവന്ന്. ഈ പ്രദേശത്ത് കുടിയേറിയും അല്ലാതെയും വന്ന നൂറുകണക്കിന് ജനക്കൂട്ടങ്ങളിൽ, ഇവർക്ക് മാത്രം ബ്രാഹ്മണമതത്തിലേക്ക് കയറാനും അവരുടെ അമ്പലങ്ങളിലേക്ക് പ്രവേശനത്തിനായും താൽപ്പര്യം ഉണ്ടായില്ല. മറ്റുള്ള മിക്ക ജനവിഭാഗങ്ങൾക്കും ഉയർന്ന ജാതിക്കാരുമായി ബന്ധം പുലർത്താൻ വൻതാൽപ്പര്യമായിരുന്നു.

മുഗൾ രാജാക്കന്മാർക്ക് വരെ, ഈ ഉപഭൂഖണ്ടത്തിന്റെ വടക്കൻ പ്രദേശങ്ങളിലെ ഉയർന്നജാതിക്കാരായ ഹൈന്ദവ കുടുംബങ്ങളുമായാണ് വൈവാഹിക ബന്ധങ്ങൾ താൽപ്പര്യമായിരുന്നത് എന്ന് തോന്നുന്നു.

നിസ്സാരമായ സാങ്കേതിക ഉപകരണങ്ങൾമാത്രം ഉള്ള ഒരു കാലത്ത്, പ്ളെയ്നില്ല, യന്ത്ര വൽകൃത കപ്പൽ ഇല്ലാ, ടെലിഫോണില്ല, അങ്ങിനെയുള്ള ഒരു കാലത്ത്, ലോകമെമ്പാടും യാതോരു കാര്യക്ഷമതക്കുറവോ, അഴിമതിയോ ഇല്ലാത്തതും, എല്ലായിടത്തും ഇങ്ഗ്ളിഷ് എന്ന ഒറ്റ മന്ത്രംമാത്രം ചാലകശക്തിയായുള്ള ഒരു ഭരണ ചക്രം ഇവർക്ക് നടപ്പിൽ വരുത്താൻ പറ്റി. ഇന്നത്തെ യാതോരു കൂട്ടം MBA കാർക്കും, എഞ്ചിനിയർമാർക്കും, ഐഎഎസ്സുകാർക്കും, ഡോക്ടർമാർക്കും ആവാത്ത ഒരു കാര്യമാണ് ഇവർ നടപ്പിലാക്കിയത്.

ഇന്ന് പല കമ്പനികളും Certification - ISO കരസ്ഥമാക്കി അവരുടെ പ്രവർത്തനം കാര്യക്ഷമമാണ് എന്ന് ചിത്രീകരിക്കുന്നു. ഇങ്ഗ്ളിഷ് സാമ്രാജ്യത്തിന്, അവരിൽ നിന്നും ബാഹ്യമായ യതോരു സർട്ടിഫിക്കേനും കരസ്ഥമാക്കാതെ, ഈ Certification - ISO കമ്പനികൾക്ക് സ്വപ്നത്തിൽപോലും ചിന്തിക്കാവുന്നതിലും അപ്പുറം കരുത്തുള്ള ഒരു സാമ്രാജ്യം പടുത്തുയർത്തി നിലനിർത്താൻ സാധിച്ചു.

ഈ കാര്യക്ഷമതയുടം കാതൽ, നിസ്സാരം എന്നു തോന്നുന്ന അതിലളിതമായ ഇങ്ഗ്ളിഷ് വാക്ക് കോഡുകളിലും, പെരുമാറ്റചട്ടങ്ങളിലും കാണാവുന്നതാണ്.

14. രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്‍റെ പിടിപ്പുകേട്

മാന്യമായും, സ്വന്തം മാനസികവും വ്യക്തിത്വപരവുമായ നിലവാരത്തെ തരംതാഴ്ത്താതെയും സാമൂഹികമായും, മറ്റും ആശയവിനിമയം നടത്താനുതകുന്ന ഒരു ഗംഭീര പരിശീലനം തന്നെയായിരുന്നു ഈ ഉപഭൂഖണ്ഡത്തിലെ ഏതാണ്ട് പകുതിയോളം ഭാഗങ്ങളിൽ ഭരണം നടത്തിയിരുന്ന ഇങ്ഗ്ളിഷ് ഭരണം വിദ്യാഭ്യാസം എന്ന പേരിൽ ലക്ഷ്യമിട്ടിരുന്നത്.

അല്ലാതെ, Political Scienceൽ പഠിപ്പിക്കുന്ന Locke, Hobbes തുടങ്ങിയ അനവധിപ്പേരുടെ മനോവിചാരങ്ങളെ ഫ്യൂഡൽ ഭാഷകളിൽ കുഴച്ച് പഠിപ്പിച്ചിട്ട് യാതോരു കാര്യവുമുണ്ട് എന്ന് തോന്നുന്നില്ല.

കാരണം, ഇവരുടെ മനോവിചാരങ്ങൾ ഫ്യൂഡൽ ഭാഷകളിൽ കുഴച്ചിട്ട് പഠിച്ചാൽ, മുഖദാവിൽത്തന്നെ പ്രശ്നം വരേണ്ടുന്നതാണ്. കാരണം, You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ വാക്കുകൾ ഇങ്ഗ്ളിഷിൽ പ്രതീക്ഷിക്കാനാവാത്ത രീതിയിൽ പലവിധ രൂപഭാവങ്ങളിലേക്കും മാറി മറിയുന്നുണ്ട്. ഇങ്ങിനെയുള്ള വേദിയിൽ, Locke, Hobbes തുടങ്ങിയവർ സംവാദംചെയ്യുന്ന സാമൂഹിക മനുഷ്യാവകാശങ്ങൾക്ക് പ്രസക്തി വരുന്നില്ല. കാരണം, ഇങ്ഗ്ളിഷിലുള്ള വ്യക്തികളല്ല, ഫ്യൂഡൽ ഭാഷകളിൽ ഉള്ള വ്യക്തികൾ.

അതേ സമയും, ഇക്കൂട്ടരുടെ ആശയങ്ങൾ ഇങ്ഗ്ളിഷിൽ പഠിച്ചാൽ, ഇങ്ഗ്ളിഷ് ഭാഷാ വിവരം നന്നാവും. ഇത്, ആ വ്യക്തിയുടെ സാമൂഹിക മനുഷ്യ സമത്വചിന്താഗതിക്ക് ഊക്ക് കൂട്ടും. അല്ലാതെ, ഈ വക പഠനങ്ങൾക്ക് മറ്റ് യാതോരു ഉപയോഗവും ഇല്ലതന്നെ. കാരണം, Political Scienceൽ പറയുന്ന യാതോരു തത്വം പ്രകാരമോ, സിദ്ധാന്തം (Theorem) പ്രകാരമോ അല്ല, ഇന്ന് ലോകമെമ്പാടും ജനാധിപത്യമെന്ന ആശയം വളർന്നത്. ഈ ഉപദ്വീപിൽത്തന്നെ ഈ അപക്വ ആശയം പരന്നത് ഇങ്ഗ്ളിഷ് ഭരണം 1909ലും, 1919ലും നടത്തിയ ശ്രമങ്ങളിലൂടെയാണ്.

ഈ ആശയം ഈ ഉപദ്വീപിൽ നടപ്പിൽ വരുത്താൻ ഉത്തേജനം നൽകിയ ഇങ്ഗ്ളണ്ടിലെ സ്ക്കൂൾ പാഠ്യപുസ്തക പണ്ഡിതന്മാർക്ക്, ഈ ഉപഭൂഖണ്ടത്തിലെ ഭാഷാ കോഡ് പ്രകാരമുള്ള മനുഷ്യ വ്യക്തിത്വ വ്യത്യാസത്തെക്കുറിച്ച് യാതോരു അറിവും ഇല്ലായിരുന്നു എന്നാണ് തോന്നുന്നത്. അതിനാൽത്തന്നെ ഇവിടെ നടപ്പിലായ ജനാധിപത്യം എന്ന ആശയം ഒരു തരം വിഡ്ഢി ആശയമായാണ് രുപപ്പെട്ടത്. ഇതിനെക്കുറിച്ച് പിന്നീട് കൂടുതൽ പറയാം.

അതേ സമയം ലോകമെമ്പാടും ഉണ്ടായിരുന്ന രാജവാഴ്ചകൾക്കും മറ്റ് ഭരണസംവിധാനങ്ങൾക്കും Political Scienceലെ ഈ സിദ്ധാന്തങ്ങളുമായി ബന്ധമുണ്ടോ എന്നതും ആലോചിക്കേണ്ടുന്ന കാര്യമാണ്. കാരണം, സാമൂഹിക ഘടയുടേയും മനുഷ്യബന്ധങ്ങളുടേയും സാമൂഹികാധികാരത്തിന്‍റേയും, വിധേയത്വത്തിന്‍റേയും രൂപകൽപ്പനയിൽ ഭാഷാ കോഡുകൾക്ക് കാര്യമായ പങ്കുണ്ട്. ഇതിനെക്കുറിച്ച് എന്തെങ്കിലും വിവരങ്ങൾ ഈ വക പഠനങ്ങളിൽ ഉണ്ടോ എന്ന് അറിയില്ല.

15. പഴയ ഇങ്ഗ്ളിഷ് പരിസരസ്വാധീനം തേഞ്ഞ്മാഞ്ഞ് പോയിരിക്കുന്നു

നാലാംക്ളാസിൽ പുതുവർഷത്തിൽ സ്ക്കൂൾ ബോഡിങ്ങിൽ ചെന്നപ്പോൾ എന്തോ ഒരു വ്യത്യാസം അനുഭവപ്പെട്ടു. കെട്ടിടത്തിലും, അവിടുള്ള മേശ, കസേര, അലമാര തുടങ്ങിയ അകസാധാനങ്ങളിൽ (furniture) അല്ല വ്യത്യാസം അനുഭവപ്പെട്ടത്. പാതിരിമാരുടെ മേലങ്കിയിലും വ്യത്യാസം ഇല്ലായിരുന്നു. എന്നാൽ പുതിയ അന്തരീക്ഷത്തിൽ ഇവയുടേയും വ്യക്തിത്വത്തിൽ പ്രകടമായ മാറ്റം സംഭവിച്ചിരിക്കുന്നു.

പാതിരിമാർ മാറിയിരിക്കുന്നു. പഴയ Anglo-ഇന്ത്യൻ ചുവ ഇവരിൽ കണ്ടില്ല. പുതിയ പാതിരിമാർ. കാഴ്ചയിലും, പെരുമാറ്റ രീതിയിലും, മറ്റും ആകെ ഒരു മാറ്റം. ഇവർക്കും ഇങ്ഗ്ളിഷിൽ പ്രാവീണ്യം ഉണ്ടായിരുന്നെങ്കിലും, തിരുവിതാംകൂർ ഭാഷയായ മലയാളമാണ് കൂടുതൽ നൈസർഗികമായി അനുഭവപ്പെട്ടത്. തൊട്ടടുത്തുള്ള പുറം ലോകത്തിൽ മലബാറിയാണ് പൊതുജനം ഉപയോഗിച്ച ഭാഷ. ഇത് ഇവർക്ക് അറിയില്ലായിരുന്നു എന്നാണ് തോന്നുന്നത്.

ബോഡിങ്ങിൽ താമസിക്കുന്ന വിദ്ധ്യാർത്ഥികളോട് ഇങ്ഗ്ളിഷിൽ ഇവർ സംസാരിക്കുമെങ്കിലും, പൊതുവേയുള്ള പെരുമാറ്റം മലയാളത്തിൽത്തന്നെയായിരുന്നു.

ഈ പുതിയ പാതിരിമാരിൽ നിന്നും ആദ്യമായി ആ സ്ക്കൂളിലെ പാതിരിമാരിൽനിന്നും 'നീ', 'എടാ' തുടങ്ങിയ പദപ്രയോഗങ്ങൾ അനുഭവിച്ചു. Anglo-ഇന്ത്യൻ പാതിരിമാർക്ക് ഈ വക പദപ്രയോഗങ്ങൾ ഉപയോഗിക്കേണ്ടുന്ന അവസരം ലഭിച്ചിരുന്നില്ല.

ആകപ്പാടെ ഒരു ഗുണാത്മകമായ വ്യത്യാസം.

ഒരു ദിവസം സ്റ്റഡി ടൈമിൽ, സ്റ്റഡി റൂമിൽ വച്ച് എന്തോ സംസാരിച്ചതുമായി ബന്ധപ്പെട്ട് യുവ പാതിരിയായ Prefect ചോദ്യം ചെയ്തു. ഈവക കാര്യങ്ങൾക്ക് ഇങ്ഗ്ളിഷിൽ സ്വതവേ മറുപടിപറയാറുള്ള രീതിയിൽ സത്യസന്ധമായി മറുപടി നൽകി. ഇതിൽ വലിയൊരു കാര്യം ഉള്ളതായി തോന്നിയിരുന്നില്ല. എന്നാൽ, ചോദ്യം ചെയ്യൽ മലയാളത്തിലും, 'നീ' എന്ന പ്രയോഗം ഉപയോഗിച്ചും ആയിരുന്നു.

അന്തരീക്ഷം ആകെ വ്യത്യാസം. സത്യം പറഞ്ഞിട്ടും കാര്യം ഒരു മാന്യമായ രീതിയിൽ അല്ല കൈകാര്യംചെയ്യപ്പെട്ടത്. ബോഡിങ്ങിന്റെ വളരെ അറ്റത്ത് താമസിക്കുന്ന ഒരു പാതിരിയിൽ നിന്നും ഒരു ചൂരൽ വാങ്ങി വരുവാൻ Prefect ആവശ്യപ്പെട്ടു. ചൂരലുമായി വന്നപ്പോൾ, നന്നായി അടിച്ചു.

ഇങ്ഗ്ളിഷ് സ്ക്കൂളാണെങ്കിലും, പഴയ ഇങ്ഗ്ളിഷ് പരിസരസ്വാധീനം (ambiance) തേഞ്ഞ്മാഞ്ഞ് പോയിരിക്കുന്നു. അച്ചടക്കം എന്നത് അടിച്ചേൽപ്പിക്കപ്പെടുകയും ഒരു അധികാരം നടപ്പിലാക്കലിന്റെ ഭാഗവുമായി തോന്നി.

16. വ്യത്യസ്ത മനോഭാവക്കാരായ പാതിരിമാർ

ഒരു ദിവസം സ്ക്കൂളിൽ നിൽക്കുമ്പോൾ, സ്ക്കൂളിന്റെ പുതിയ ഹെഡ്മാസ്റ്ററായ പാതിരി മറ്റൊരു ആളോട് മലയാളത്തിൽ പറയുന്നത് കേട്ടു. ഈ ഇങ്ഗ്ളിഷ് വിദ്യാഭ്യാസം കൊണ്ടൊന്നും കാര്യമില്ല. സർക്കാർ ജോലി കിട്ടണമെങ്കിൽ, മലയാളത്തിലേക്ക് കാര്യങ്ങൾ നീക്കണമെന്ന്.

ഇങ്ഗ്ളിഷ് സ്ക്കൂളാണെങ്കിലും, പുതിയ പാതിരിമാർക്ക്, അതിന്റെ നൈസർഗികമായ അന്തരീക്ഷവുമായി കാര്യമായ പൊരുത്തം ഇല്ലാ എന്ന് വ്യക്തം.

ഇവർ ആരാണ് എന്ന് അന്ന് അറിഞ്ഞിരുന്നില്ല. എന്നാൽ കുറെ വർഷങ്ങൾക്ക് ശേഷം, പല വിവരങ്ങളും മനസ്സിൽ വന്നതിനോടൊപ്പം ഇവരെക്കുറിച്ചും വിവരം ലഭിച്ചു.

തിരുവിതാംകൂറിൽ ലണ്ടൻ മിഷിനറി സൊസൈറ്റി 1800കൾ മുതൽ 1947വരെ ക്യസ്തീയ പ്രവർത്തനം നടത്തി സാമൂഹിക അടിത്തട്ടിലെ ഒരു വൻ ജനവിഭാഗത്തെ ക്യസ്തീയ മതത്തിലേക്ക് മതപരിവർത്തനം നടത്തിയിരുന്നു. ഇങ്ങിനെ ക്യസ്തീയരായവർക്ക് തിരുവിതാംകൂറിൽ, അവരുടെ പുതുതായി ലഭിച്ച മാനസിക ഉന്നമനത്തിന് ഉതകുന്ന സാമൂഹികാന്തരീക്ഷം ലഭിക്കാതെ വന്നിരുന്നു. ഇവരിൽ പലരും മലബാറിലേക്ക് കുടിയേറ്റക്കാരായി നീങ്ങിയിരുന്നു.

ഇവരാണ്, മലബാറിൽ മലയാള ഭാഷ പ്രചരിപ്പിച്ചത് എന്ന് തോന്നുന്നു. ഇവരുടെ ക്യസ്തീയ പ്രസ്ഥാനം മലയാളത്തിന്റെ വളർച്ചക്കായി കാര്യമായി പ്രവർത്തിച്ചിരുന്നു എന്ന് തോന്നുന്നു. മലയാളം-ഇങ്ഗ്ളിഷ് നിഘണ്ടുകൾ പലതും ഇവരുടെ സംഭാവനയായേക്കാം. ഉദാ. Tobias Zacharias 1907ൽ എഴുതി പ്രസിദ്ധീകരിച്ച An English-Malayalam Dictionary published by Basel Mission. Tobias Zacharias തലശ്ശേരിയിൽ പ്ലീഡർ (Pleader) ആയി പ്രവർത്തിച്ച വ്യക്തിയാണ് എന്ന് തോന്നുന്നു.

മലബാറിലെ പല പഴയ കാല ഇങ്ഗ്ളിഷ് ക്യസ്തീയ പ്രസ്ഥാനങ്ങളും പിന്നീട് ഇവരിലെ പാതിരിമാരും കന്യാസ്ത്രീകളും ആയിരിക്കാം കൈകാര്യം ചെയ്തതും നടത്തിയതും.

ഇവരുടെ വ്യക്തിപരമായ ആത്മാർത്ഥതയേയും, ഇവർ ഇന്ന് ഈ രാജ്യത്തിൽ നടത്തുന്ന പല വിധ ജീവകാരുണ്യപ്രവർത്തനങ്ങളിലുള്ള ത്യാഗമനോഭാവത്തെയും ഈ എഴുത്തുകാരൻ ചോദ്യം ചെയ്യുകയോ, അവയിൽ സംശയം പ്രകടിപ്പിക്കുകയോ ചെയ്യുന്നില്ല. ഇവരുടെ ത്യാഗ മനോഭാവേം അതിഗംഭീരം തന്നെ.

എന്നാൽ, ഇങ്ഗ്ളിഷ് മിഷിനറിമാരുമായി താരതമ്യം ചെയ്യുമ്പോൾ, ഇവർ വ്യത്യസ്തരാണ്. ഇവർ കൂറുകാണിക്കുന്ന പ്രാദേശിക ഭാഷ ഫ്യൂഡൽ ചുവയുള്ളതാണ്.

ജനാധിപത്യം എന്ന ഭീകര ആശയപ്രസ്ഥാനത്തിന്റെ താന്തോന്നിത്ത ഭാവങ്ങൾ ഇവരെയും ഇന്ന് ബാധിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഇന്ന് ഈ രാജ്യത്തിൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, മിക്ക ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളും ഈ താന്തോന്നിത്തം പ്രചരിപ്പിക്കുന്നുണ്ട്. ഇത് എന്താണ് എന്ന് വച്ചാൽ, സ്വന്തം അണികളോട് കൂടുതൽ കൂടുതൽ കുട്ടികൾ ഉണ്ടാക്കാൻ ആവശ്യപ്പെടുക എന്നുള്ളതാണ് ഈ താന്തോന്നിത്തം.

വരും തലമുറക്ക് ഇവിടെ നിന്ന് തിരിയാനുള്ള ഇടവും, ഉപയോഗിക്കാനുള്ള പ്രകൃതി വിഭവങ്ങളും ഇല്ലാതാക്കുന്ന ഒരു ആശയമാണ് ഇത്.

ജനാധിപത്യം എന്ന ഇങ്ഗ്ളിഷ് ആശയം, ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ കയറൂരിവിട്ടാൽ, അതിൽ ഉളവാകുന്ന ഭീകരമായ മാറ്റത്തെക്കുറിച്ച് അഭിപ്രായപ്പെടണമെന്ന് തോന്നുന്നു.

17. ഇങ്ഗ്ളിഷ് ഭാഷാ പരമായി രണ്ടുതട്ടിൽ നിൽക്കുന്ന പാതിരിമാർ

കേരളത്തിലെ ക്യസ്തീയ മതസ്ഥരെക്കുറിച്ച് ആധികാരികമായും സൂക്ഷ്മമായും പറയാനുള്ള വിവരം ഇല്ല.

എന്നാൽ ഇങ്ഗ്ളിഷ് ഭാഷാ പരമായി ഈ കാര്യം പറയാവുന്നതാണ്. സമാന്യം നല്ല നിലവാരം നിലനിർത്തുന്ന ഇങ്ഗ്ളിഷ് പരിജ്ഞാനം ഉള്ളവരും, കാര്യമായി യാതോരു ഇങ്ഗ്ളിഷ് പരിജ്ഞാനവും ഇല്ലാത്തവരും ഇവരുടെ പാതിരിമാരിലും, കന്യാസ്ത്രീകളിലും ഉണ്ട് എന്നാണ് തോന്നുന്നത്.

രണ്ടാമത്തെക്കൂട്ടരിൽ, ചെറുതായുള്ള ഇങ്ഗ്ളിഷ് പരിജ്ഞാനം ഉള്ളവരും ഉണ്ട്.

ഇങ്ഗ്ളിഷ് പരിജ്ഞാനം കുറവുള്ള കൂട്ടർ സമാന്യം കാര്യമായിത്തന്നെ ഫ്യൂഡൽ ഭാവം ഉള്ളവരാണ് എന്നാണ് തോന്നുന്നത്. എന്നാൽ ഇന്ന് പൊതുവായി ഇങ്ഗ്ളിഷ് സംസാരം പലയിടങ്ങളിലും കുറഞ്ഞുവരുന്നതിനാൽ, 'നീ' എന്ന സംഭോധന കാര്യമായിത്തന്നെ ഇവർ ഉപയോഗിക്കുന്നുണ്ട്.

കന്യാസ്ത്രീകളിൽ ഇങ്ഗ്ളിഷ് പരിജ്ഞാനം ഒട്ടുംതന്നെയില്ലാത്തവർ ചെറുതായെങ്കിലും പരുക്കൻ പെരുമാറ്റക്കാരോ, അതുമല്ലെങ്കിൽ, ഇങ്ഗ്ളിഷ് സാമാന്യം നന്നായി അറിയുന്ന കന്യാസ്ത്രീകളിൽനിന്നും വ്യക്തിത്വത്തിൽ കാര്യമായി വ്യത്യാസമുള്ളവരോ ആണ് എന്നാണ് തോന്നുന്നത്.

ഇക്കൂട്ടർക്ക് 'നീ', 'അവൻ', 'അവൾ' തുടങ്ങിയ വാക്കുകളുടെ പ്രഹരശക്തിയെക്കുറിച്ച് നല്ലവണ്ണം അറിവുണ്ട് എന്നും തോന്നുന്നു. സ്വന്തം മതത്തിൽപ്പെട്ടവരോട് ഈ വക വാക്കുകൾ ഉപയോഗിക്കുന്നതിൽ പ്രശ്നം കാര്യമായി വരില്ലാ എന്ന് പറയാമെങ്കിലും, മറ്റ് മതത്തിൽപ്പെട്ടവരോട് ഈ വക വാക്ക് പ്രയോഗങ്ങൾ ഉപയോഗിക്കപ്പെടുമ്പോൾ, അവർക്ക് മനസ്സിൽ വിരോധം വന്നേക്കാം. ഇതിൽ വർഗ്ഗീയമായതോ, മതവിദ്വേഷമോ അല്ല ഹേതുവെങ്കിലും, പൊതുവായി പറയുമ്പോൾ ഇത് മതവിദ്വേഷമായി പരിണമിക്കാൻ സാധ്യത ഏറെയാണ്.

ഇങ്ഗ്ളിഷ് ഭാഷയിലെ വ്യക്തിത്വ ഉന്നമന കോഡുകൾ ഉപയോഗപ്പെടുത്താതെ, പ്രാദേശിക ഫ്യൂഡൽ ഭാഷകളിലെ പരുക്കനും മനുഷ്യനെ തരംതാഴ്ത്തുന്ന വാക്ക് പ്രയോഗത്തിലൂടെയും, കീഴ്ജാതിക്കാരുടെ സാമൂഹിക വൈകല്യങ്ങൾ മതംമാറിവന്നവർ ഉപയോഗപ്പെടുത്തുമ്പോൾ, മറ്റ് മതസ്ഥരിൽ വിരോധവും, വെപ്രാളവും അറപ്പും ആണ് വളർത്തുക.

പലപ്പോഴും ഭാഷാ കോഡുകൾ സൃഷ്ടിക്കുന്ന വിരോധത്തെ മതവിദ്വേഷമായി ആണ് ഈ ഉപഭൂഖണ്ഡത്തിൽ മനസ്സിലാക്കപ്പെടുക. പണ്ട് കാലത്ത് തിരുവിതാംകൂറിൽ മതപരിവർത്തനം നടത്തിയ London Missionary Societyലെ പാതിരിമാർക്ക് ഈ വിഷയത്തെക്കുറിച്ച് കാര്യമായ വിവരം ഇല്ലായിരുന്നു എന്ന് തോന്നുന്നു.

കീഴ് ജാതിക്കാർ മതംമാറി, മതപ്രചാരകരായി കാട്ട് പ്രദേശങ്ങളിലെ ഗ്രാമങ്ങളിൽപോയി മതംപ്രചരണം നടത്താൻ ശ്രമിച്ച പ്രാദേശിക ഇവാഞ്ചിലിസ്റ്റുകളെ, ആ പ്രദേശങ്ങളിലെ സാമൂഹിക നേതാക്കൾ അടിച്ച് ഓടിച്ച് വിടാൻ ആഹ്വാനം നൽകിയതായി REV. Sameul Mateer രേഖപ്പെടുത്തിക്കാണുന്നു.

ഈ വക സംഭവങ്ങളിൽ ഭാഷാകോഡുകൾ നൽകിയ പ്രകോപനത്തെക്കുറിച്ച് യാതോരു വിവരവും REV. Sameul Mateerന് ലഭിച്ചതായി കാണുന്നില്ല. പലപ്പോഴും, ഈ വക മതപരിവർത്തനത്തിൽ സംഭവിക്കുന്ന, ചർച്ചക്കെടുക്കാത്ത കാര്യം, മതപരിവർത്തനം നടന്നാൽ, ഈ ഇവാഞ്ചിലിസ്റ്റുകൾ ഭാഷാകോഡുകളിൽ ബഹുമാനനിലവാരത്തിൽ എത്തുകയും, നേരത്തെ ഈ നിലവരം കൈവശമുള്ളവർ പുറംതള്ളപ്പെടുകയും ചെയ്യപ്പെടും.

യാതോരു സാമൂഹിക നേതാവും ഇങ്ങിനെയുള്ള ഒരു സംഭവ വികാസത്തിന് പ്രോത്സഹനം നൽകില്ലതന്നെ. പോരാത്തതിന്, അവർ കീഴ്ജാതിക്കാരായി പാരമ്പര്യമായി കരുതിയിരുന്ന ആളുകൾ അവരെ ഈ വിധം മറിച്ചിടാൻ ശ്രമിക്കുമ്പോൾ.

ഈ വക കാര്യങ്ങളിൽ യേശുവിനോടോ, കൃസ്ത്തുമതത്തിനോടോ ഉള്ള വെറുപ്പല്ല, പ്രകടമാകുന്നത്. മറിച്ച്, ഭാഷാ കോഡുകൾ ഉയർത്തുന്ന പ്രശ്നങ്ങളാണ്.

18. ജനാധിപത്യം ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തെക്കുറിച്ച് ഗഹനമായ വിവരം ഇല്ലതെ ജനാധിപത്യം എന്ന ആശയം അടിച്ചേൽപ്പിച്ചാൽ, ആ മഹാ ആശയത്തിന് എന്തെല്ലാം വിപത്തുകൾക്ക് കൂട്ടുനിൽക്കേണ്ടിവരും എന്നതിനെക്കുറിച്ച് പറയാം എന്ന് പറഞ്ഞിരുന്നു.

ഇത് എഴുത്തിന്റെ പാതയിൽ നിന്നുമുള്ള ഒരു വ്യതിചലനം ആയിരിക്കും. എന്നാലും, ഇവിടെ പ്രതിപാദ്യമായിവന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് ഏതാനും കാര്യങ്ങൾ പറയാം എന്ന് വിചാരിക്കുന്നു. കൂടുതൽ കാര്യങ്ങൾ പിന്നീട് പറയേണ്ടിവരും. അത് പിന്നീടാവാം.

രണ്ട് നാൾ മുൻപ് NCERTയുടെ പത്താംക്ളാസിലേക്ക് വേണ്ടിയുള്ള ഇങ്ഗ്ളിഷ് സാമൂഹിക ശാസ്ത്രം പാഠപുസ്തകത്തിൽ ഇങ്ങിനെ ഒരു വാക്യം കണ്ടു.

Democracy:

1. Promotes equality among citizens

2. Enhances the dignity of the individual

3. &&&&c.

ശുദ്ധമായ വിഡ്ഢിത്തമാണ് എന്ന് പറയുന്നില്ല. എന്നിരുന്നാലും, മനുഷ്യന്റെ അന്തസ്സും, മറ്റും ഫ്യൂഡൽ ഭാഷകളിൽ നിർവ്വചിക്കുന്നത് ഭാഷാ കോഡുകളാണ്. അല്ലാതെ ജനാധിപത്യമല്ല. ഇങ്ങിനെയൊരു വിവരം ഇങ്ഗ്ളിഷുകാർക്ക് ഇല്ലതന്നെ.

ഇനി കാര്യത്തിലേക്ക് കടക്കാം.

ഒന്നാമത്, ജനങ്ങളുടെ ഇഷ്ടം, അഭിപ്രായം, അവർക്ക് നല്ലത് ഏത് എന്ന് തിരഞ്ഞെടുക്കാൻ പറ്റൽ തുടങ്ങിയവ പരിഗണിക്കുന്ന ഒരു രാഷ്ട്രീയ തത്വസംഹിതയാണ് ജനാധിപത്യം എന്ന് ആഴമില്ലാത്ത വിവരത്തിൽ പറയാമെങ്കിലും, യഥാർഥത്തിൽ ഇതിൽ വലിയ കഴമ്പില്ല.

ഫ്യൂഡൽ ഭാഷകളിൽ വ്യക്തി ഒരു സ്വതന്ത്രമനുഷ്യനല്ല. മറിച്ച്, ഓരോ വ്യക്തിയും, കുടുംബബന്ധപരമായും, തൊഴിൽസ്ഥാനപരമായും, സാമൂഹിക പദവിപ്രകാരവും, രാഷ്ട്രീയ അംഗത്വം പ്രകാരവും മറ്റും ഓരോ ഉച്ചനീചത്വ ബന്ധ ശൃംഖയിലെ കണ്ണിയായാണ് ഇരിക്കുന്നത്. ഇലക്ഷൻ എന്ന പദ്ധതി അതിന്റെ ഉത്തമമായ രീതിയൽ നടന്നാൽപ്പോലും, ജനഹിതമല്ല അളക്കുന്നത്. മറിച്ച്, ഈ വക കണ്ണികളുടെ എണ്ണമാണ് അളക്കുന്നത്.

രാഷ്ട്രീയ അംഗത്വം ഒരു വലിയ ബന്ധനകോഡാണ്.

രണ്ടാമത്തെ സംഗതി, ആളുകൾ പലപ്പോഴും ഏതെങ്കിലും രാഷ്ട്രീയകക്ഷിയോട് വളരെ വ്യക്തമായ അടുപ്പം കാണിക്കുന്നത് പലപ്പോഴും സാമൂഹിക സുരക്ഷയെ മുൻനിർത്തിയാണ്. ഉദാഹരണത്തിന്, ഏതെങ്കിലും ഒരു സർക്കാർ ഓഫിസിൽ (ഉദാ. പോലീസ് സ്റ്റേഷൻ) പോകേണ്ടിവന്നാൽ, ഇങ്ഗ്ളിഷിൽ ചിന്തിക്കുന്നത് പോലെ ഒരു വ്യക്തിക്ക് നേരെ അങ്ങ് ചെന്ന്, താൻ പൌരനാണ്, സർക്കാർ ജീവനക്കാർ ആ ഓഫിസിലെ തൊഴിലാളികളാണ് എന്ന രീതിയിൽ കാര്യങ്ങൾ ചർച്ചചെയ്യാനൊന്നും

പറ്റില്ല. ഒരു രാഷ്ട്രീയ കക്ഷി പിന്നിലുണ്ടെങ്കിൽ, പലപ്പോഴും ഈ വക കാര്യങ്ങളിൽ ഒരു സുരക്ഷയാണ്.

ഇങ്ങിനെ നോക്കുമ്പോൾ ഒരു വ്യക്തിക്ക് ഒരു രാഷ്ട്രീയ പാർട്ടിയോട് താൽപ്പര്യമില്ലെങ്കിലും, ഒരു അടുപ്പം നിലനിർത്തിയേ തീരൂ. കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷ ഏവരിലും പടർന്നാൽ, പിന്നെ ഈ രാഷ്ട്രീയക്കാരെന്ന ഊന്ന് വടി വ്യക്തികൾക്ക് വേണ്ടാ എന്ന് വരും. ഇന്ന് ഈ സ്വാതന്ത്ര്യം ഉയർന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് മാത്രേ ഉള്ളു. കാരണം, സർക്കാർ ഓഫിസ് തൊഴിലാളികൾ അവരുടെ സേവകരാണ്.

ഇതിന്റെ വ്യാപകമായ വശം, രാഷ്ട്രീയ പാർട്ടികൾ അവരുടെ പക്ഷത്ത് ഒരു വ്യക്തി നിൽക്കുന്നുണ്ടോ എന്ന് കാര്യമായിത്തന്നെ വീക്ഷിക്കും. ഇത് ഒരു തരം ഭീഷണിയുടെ രൂപം വരെ വന്നേക്കാം.

മൂന്നാമത്തെ സംഗതി, അണികൾ ഉള്ള ആൾ ഒരു നേതാവാണ്. ഫ്യൂഡൽ ഭാഷകളിൽ നേതാവിന് അണികളിൽ നിന്നും അത്യന്താപേക്ഷിതമായ ബഹുമാനം ലഭിക്കും. കൂടുതൽ അണിയുള്ള ആൾ കൂടുതൽ വലിയ നേതാവാണ്.

ഏറ്റവും ഉറപ്പായുള്ള അണി സ്വന്തം മക്കളാണ്. അങ്ങിനെ വരുമ്പോൾ, കൂടുതൽ മക്കളുള്ള ആൾ കുറച്ച് മക്കളുള്ള ആളേക്കാൾ വലിയ നേതാവാണ്.

ഈ ആശയം ജനാധിപത്യമെന്ന അപകപ ആശയവുമായി ഒരുമിക്കുമ്പോൾ, ജനങ്ങളിൽ കൂടുതൽ കൂടുതൽ കുട്ടികൾ ഉണ്ടാക്കാനുള്ള ആഗ്രഹം വരും. കാരണം, 'നീ'യെന്ന് സംബോധന ചെയ്യാനായി കൂടുതൽ പേർ കീഴെ ഉള്ളത് ഒരു സമൂഹിക ശക്തിയായാണ് പരിണമിക്കുക.

നാലാമത്തെ സംഗതി, നിലവാരം കുറഞ്ഞതും, ഗുണമേന്മയില്ലാത്തതുമായ ഒരു സമൂഹത്തിൽ, ജനാധിപത്യത്തിന് ഗുണമേന്മ നൽകാൻ ആകില്ല. കാരണം, ജനം മാനസികമായി രമ്യതയിൽ ഉള്ളത് അവരുടെ നൈസർഗ്ഗികമായ നിലവാരത്തോടായിരിക്കും. അവരുടെ നിലവാരത്തിനേക്കാൾ ഉയരത്തിലുള്ള ഒരു സാമൂഹികഘടനയെ ഗുണമേന്മ കുറഞ്ഞ ജനതയ്ക്ക് ജനാധിപത്യത്തിലൂടെ ലഭിക്കില്ലതന്നെ.

അഞ്ചാമത്തെ സംഗതി ഇങ്ങിനെ വിവരിക്കാം:

ഇങ്ഗ്ളണ്ടിൽ അവരുടെ പരമ്പരാഗത ശത്രുക്കളായ, താരതമ്യനെ നിലവാരം കുറഞ്ഞ ഫ്രഞ്ചുകാർ നിറയുന്നു. ജനാധിപത്യ അവകാശങ്ങൾ ഈ പുതുതായി വന്ന ഫ്രഞ്ചുകാർക്ക് പങ്കിട്ടാൽ, ഉരുത്തിരിഞ്ഞുവരുന്ന സാമൂഹിക ഗുണമേന്മ, പാരമ്പര്യമായി ഇങ്ഗളണ്ടിലുള്ളതിനേക്കാൾ താഴ്ന്നതും, അതേ സമയം പാരമ്പര്യമായി ഫ്രഞ്ചുകാർക്ക് ഉള്ളതിനേക്കാൾ ഉയരത്തിലുള്ളതും ആവും.

ഇതിന് വ്യാപകമായ വശം, ഇങ്ങിനെ ജനാധിപത്യ അവകാശങ്ങൾ പുറത്തുള്ളവർക്ക് പങ്കിട്ടാൽ, അത് ആ രാജ്യത്തിനെ അവർക്ക് കീഴടക്കാൻ അവകാശം നൽകൽതന്നെയാവും.

ഇങ്ങിനെ നോക്കുമ്പോൾ, ബാലറ്റ് എന്നത് യഥാർത്ഥത്തിൽ ബുള്ളറ്റ് തന്നെയാണ്.

ഈ ആശയം ഇന്ത്യയിലേക്ക് പകർത്തിയെടുത്താൽ, ഈ രീതിയിൽ ഇതിനെ കാണാൻ ആവും:

ജനാധിപത്യം എന്നത് ജനങ്ങളുടെ അഭിപ്രായങ്ങളോ, അവരുടെ നന്മയോ, മറ്റോ അല്ല പ്രതിനിധീകരിക്കുന്നത്. മറിച്ച്, പല പക്ഷങ്ങൾ അധികാരം കൈക്കലാക്കാൻ വേണ്ടി യുദ്ധരംഗത്ത് ഇറങ്ങുന്ന പ്രക്രീയ മാത്രമാണ്. ഇതും ഇങ്ഗ്ളിഷിൽ ജനാധിപത്യം എന്ന് പണ്ട് കാലങ്ങളിൽ നിർവ്വചിച്ച ആശയവുമായി കാര്യമായ ബന്ധമില്ലതന്നെ.

മുകളിൽ പറഞ്ഞ കാര്യങ്ങൾ വെറും പൊതുവായുള്ള കാര്യങ്ങളാണ്. എന്നാൽ ഇന്ത്യയിലും, കേരളത്തിലും ജനാധിപത്യം എന്നത് തനി കോമാളിത്തരമാകുന്ന പല ചിത്രീകരണങ്ങളും നൽകാനാവുന്നതാണ്. അതിന് കുറച്ച് കൂടി പശ്ചാത്തലം ഒരുക്കേണ്ടിയിരിക്കുന്നു. പശ്ചാത്തലം ഒരിങ്ങിയിരിക്കുന്ന അവസരത്തിൽ ആവ ചിത്രീകരിക്കാം. വ്യക്തിപരമായി ഉണ്ടായ അറിവുകളാണ്. പാഠപുസ്തകങ്ങിൽ കാണില്ല അവ.

19. രുചികരമായ പാഠപുസ്തകങ്ങളും അരോചകമായവയും

നാലാംക്ളാസ് പകുതി വരെ പഠിച്ച ഇങ്ഗ്ളിഷ് സ്കൂളിൽവച്ചാണ് പാഠപുസ്തകങ്ങൾ രുചികരമായ കാര്യങ്ങൾ ആണ് എന്ന അനുഭവം ഉണ്ടായത്. എന്നാൽ ഇക്കാര്യം മനസ്സിലായത് ഈ സ്കൂൾ വിട്ട് അഞ്ചാംക്ളാസിൽ കേരള വിദ്യാഭ്യാസ ബോഡിന്റെ കീഴിലുള്ള സർക്കാർ എയ്ഡിഡ് സ്ക്കൂളിലെ ഇങ്ഗ്ളിഷ് ക്ളാസിൽ ചേർന്നപ്പോഴാണ്.

Anglo-ഇന്ത്യൻ സ്ക്കൂളിലെ ഇങ്ഗ്ളിഷ് പാഠപുസ്തകങ്ങൾ ഇന്നും ഓർമ്മയുണ്ട്. ഇത് പണ്ട് ഇങ്ഗ്ളിഷ് ഭരണകാലത്ത് സ്ഥാപിതമായതും, അവർ വിട്ടുപോയപ്പോൾ ഇന്ത്യൻ ഉടമസ്ഥതയിൽ വന്നതുമായ ഒരു പാഠപുസ്തക പ്രസിദ്ധീകരണ കമ്പനിയുടെ ഒരു പ്രത്യേക പേരിലുള്ള ഒരു പാഠപുസ്തകമായിരുന്നു.

ഇങ്ഗ്ളണ്ടിലേയും, ലോകത്തിന്റെ മറ്റ് നാനാവിധ സ്ഥലങ്ങളിലേയും കഥകളും ചിത്രങ്ങളും മറ്റും തികച്ചും ഒരു അതീവ അന്തസ്സുള്ള രീതിയിൽ രൂപകൽപ്പന ചെയ്ത ഒരു കൂട്ടം പാഠപുസ്തകങ്ങളായിരുന്നു ഇവ. നാലാം ക്ളാസ് വരെ സ്വന്തമായി പഠിച്ചവയും, പതിനൊന്നാംക്ളാസ് വരെ മറ്റുള്ളവർ പഠിച്ചവയുമായ ഈ പാഠപുസ്തകങ്ങൾ വർഷങ്ങളോളം വായിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നു. ഇന്നും ഇവ ലഭിക്കുകയാണെങ്കിൽ തീർച്ചയായും ഇരുന്ന് വായിക്കുവാൻ താൽപ്പര്യപ്പെടും.

ഇതിന് പലകാര്യങ്ങളും ഉണ്ട്.

ഒന്ന് അതീവ സൌന്ദര്യമുള്ളതും, ലളിതവുമായ എഴുത്ത്.

രണ്ട് കഥാപാത്രങ്ങൾക്കും സംഭവങ്ങൾക്കും ഇങ്ഗ്ളിഷിൽ മാത്രം ലഭിക്കുന്ന ലളിതമായ അന്തസ്സ്.

മൂന്ന് പഠിക്കുന്ന ആളെ ഒരു വിവരംകെട്ടതും, തരംതാഴ്ന്നതുമായ കുട്ടിയെന്ന രീതിയിൽ കാണാതെയും, അഭിസംബോധനചെയ്യാതെയും, നല്ലനിവാരമുള്ള വ്യക്തിത്വം ഉള്ള ഒരു വ്യക്തിയായി കാണുന്ന സമീപനം. ഈ ഒരു സമീപനം കലർപ്പില്ലാത്ത ഇങ്ഗ്ളിഷിലേ സാധ്യമാകൂ.

നാല്, ചിത്രങ്ങളിൽ കാണുന്ന വ്യക്തികൾക്ക് ഇങ്ഗ്ളിഷ് വ്യക്തിത്വം. അതായത്, അടിയാളത്തമനോഭാവമില്ലാത്ത കുട്ടികളും മറ്റും, പ്രമാണിത്വം പ്രകടിപ്പിക്കാത്ത പ്രായം ചെന്നവരും മറ്റും. കുറച്ച് കൂടി വ്യക്തമായി പറഞ്ഞാൽ, ഇങ്ഗ്ളിഷ് സംസാരിക്കുന്ന കഥാപാത്രങ്ങൾക്ക് ഇങ്ഗ്ളിഷ് വ്യക്തിത്വം.

അഞ്ച്, കഥകളിലും മറ്റ് ആഖ്യാനങ്ങളിലും വളരെ മൂല്യമേറിയ ഉള്ളടക്കം.

ആറ് ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യവും മറ്റും ആയി കാര്യമായ ബന്ധമുള്ള പലതും.

ഏഴ്, വളരെ വ്യക്തമായ സത്യസന്ധതയും, കാപട്യമില്ലായ്മയും നിറഞ്ഞ എഴുത്ത്.

ഇവ പഠിപ്പിക്കുന്ന അദ്ധ്യപികമാർക്ക്, ഔപചാരിക യോഗ്യത എന്തെങ്കിലും ഉണ്ടോ എന്ന് അറിയില്ല. എന്നാൽ, ഈ വിധ ഇങ്ഗ്ളിഷ് സാഹിത്യങ്ങളുമായി നല്ല പരിചയമുള്ളവർ. മാത്രവുമല്ല, ഇങ്ഗ്ളിഷ് പദങ്ങൾക്ക് നല്ല നിലവാരമുള്ള ഉച്ചരണം.

ഈ പാഠപുസ്തകത്തെക്കുറിച്ച്, ഇവ പഠിച്ച പലരുമായും ഇന്നും ചർച്ച ചെയ്യാറുണ്ട്. അവർക്കെല്ലാം മധുരമായ ഓർമ്മയാണ് ഈ പാഠപുസ്തകം.

നാലാം ക്ളാസ് പകുതി ആയപ്പോൾ, കേരളാ വിദ്യാഭ്യാസ ബോഡിന്റെ കീഴിലുള്ള സ്ക്കൂളിൽ അഞ്ചാംക്ളാസിൽ ചേർന്നു. അതോടുകൂടി വിദ്യാഭ്യാസം എന്നതിന് മറ്റൊരു രൂപം ഉണ്ട് എന്ന തിരിച്ചറിവ് ലഭിച്ചു.

20. മലബാറി ഭാഷയുടെ കഥകഴിച്ചതെങ്ങിനെ

നാലാം ക്ളാസ് പഠനം മദ്ധ്യത്തിൽ ആയപ്പോൾ, കേരളാ സർക്കാർ വിദ്യാഭ്യാസ ബോഡിന് കീഴിലുള്ള സർക്കാർ എയ്ഡിഡ് സ്കൂളിലെ ഇങ്ഗ്ളിഷ് മീഡിയം ക്ളാസിൽ അഞ്ചാം ക്ളാസിൽ ചേർന്നു.

ഇതിന്റെ കാരണം, ആദ്യത്തെ സ്ക്കൂളിൽ അദ്ധ്യായന വർഷം ജനുവരി മുതൽ ഡിസംബർ വരെയായിരുന്നു. കേരളാ സിലബസ് സ്ക്കൂളിൽ അദ്ധ്യായന വർഷം ജൂൺമുതലാണ് ആരംഭിക്കുക.

പുതിയ സ്കൂളിൽ ഇങ്ഗ്ളിഷ് മീഡിയം ക്ളാസിലാണ് ചേർന്നത്. എന്നുവച്ചാൽ, ഓരോ ക്ളാസിനും പല ഡിവിഷനുകൾ ഉള്ളതിൽ ഒരു ഡിവിഷൻ 'ഇങ്ഗ്ളിഷ്'.

ഇതിനെ 'ഇങ്ഗ്ളിഷ്' എന്നു പറയാമോ എന്ന് അറിയില്ല. 'മലയാളത്തിൽ ഉള്ള ഇങ്ഗ്ളിഷ്' എന്നതാവും ശരി.

ആദ്യത്തെ സ്കൂളിലും മലയാളം പഠിപ്പിച്ചിരുന്നു. അവിടെ 'ഇങ്ഗ്ളിഷിന് ഇടയിലുള്ള ഒരു മലയാളം' ആയിരുന്നു. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, കേരളാ സർക്കാർ പ്രസിദ്ധികരിക്കുന്ന മലയാളം പാഠപുസ്തകം ഒരു ക്ളാസ് താഴെയായി പഠിപ്പിച്ചിരുന്നു. എന്നുവച്ചാൽ ഒന്നാം ക്ളാസിൽ മലയാളം പഠനം ഇല്ല. രണ്ടാം ക്ളാസിൽ മലയാളം ഒന്നാം പാഠം.

പുതിയ പാതിരിമാർ വന്നതോടുകൂടി, ആ സ്കൂൾ പൂർണ്ണമായും പഴയാകാല ഇങ്ഗ്ളിഷ് വിട്ടു എന്നാണ് മനസ്സിലായത്.

എന്നാൽ ആ സ്കൂൾ മലബാറിലായിരുന്നെങ്കിലും, 'മലബാറി' എന്നൊരു ഭാഷ, ആ സ്കൂളിന്റെ മതിലിന് പുറത്ത് ഉണ്ട് എന്ന കാര്യം ആരും തന്നെ അറിഞ്ഞിരുന്നില്ല എന്നത് തികച്ചും അത്ഭുതമായി തോന്നുന്നു.

ഇതിനെക്കുറിച്ച് കൂടുതലായി പറയാൻ ഇപ്പോൾ അവസരപ്പെടില്ല. എന്നിരുന്നാലും ഏതാനും കാര്യങ്ങൾ പറയാം.

ഈ അടുത്ത ദിവസത്തിൽ, ഓക്സ്ഫോഡ് ഇങ്ഗ്ളിഷ് നിഘണ്ടുവിലേക്ക് ഏതോ ഒരു പണ്ഡിത വിരുതൻ മലയാളത്തിലെ 'അയ്യോ' എന്ന വാക്ക് ചേർത്തു എന്ന് വർത്തവന്നതായി കാണുന്നു. ഇത് എന്തോ വൻ ഇങ്ഗ്ളിഷ് ഭാഷാ പോഷിപ്പിക്കാലായാണ് റിപ്പോട്ട് ചെയ്യപ്പെട്ട് കാണുന്നത്. എന്നാൽ ഫ്യൂഡൽ ഭാഷാ വാക്കുകൾ പരന്ന കോഡുകളുള്ള ഇങ്ഗ്ളിഷിലേക്ക് കടത്തിവിടുന്നത് തെമ്മാടിത്തരവും, അതിന് അനുവാദം നൽകുന്നത് തനി വിഡ്ഢിത്തവും ആണ്.

ഈ 'അയ്യോ' എന്ന വാക്കിനെ ഇവിടെ എടുത്ത് പറഞ്ഞത്, മലബാറി ഭാഷയിൽ, ഇതിന് പകരമായി 'ഉയ്' എന്ന ഒരു വാക്കുണ്ട്. ഈ എഴുത്തുകാരൻ ആ Anglo-ഇന്ത്യൻ സ്കൂളിൽ ചേർന്ന കാലത്ത്, ബോഡിങ്ങിൽ വച്ച് ഒരിക്കൽ 'ഉയ്' എന്ന് പറഞ്ഞപ്പോൾ, അത് ശ്രദ്ധിക്കപ്പെടുകയും, ആ വാക്ക് ഇങ്ഗ്ളിഷ് വാക്ക് അല്ലാ എന്ന് അറിയിക്കപ്പെടുകയും ചെയ്യപ്പെട്ടിരുന്നു.

ഇങ്ങിനെ ഒരു സംഭവവികാസം ഇരിക്കെ മലയാളത്തിലെ 'അയ്യോ' എന്ന വാക്ക് ഒരു ഇങ്ഗ്ളിഷ് വാക്കാണ് എന്ന് ഓക്സ്ഫോഡ് നിഘണ്ടുക്കാർ നിർവ്വചിക്കുന്നതിനെ തികച്ചും നീരസത്തോടു കൂടിയെ കാണാൻ പറ്റുള്ളു. ഇതിന് പിന്നിൽ

പ്രവർത്തിച്ചവർക്ക് എന്ത് ആപത്ത് സംഭവിച്ചാലും, അത് ഈശ്വരേച്ഛയായേ കാണാൻ പറ്റുള്ളൂ.

ഇങ്ങിനെ ഒരു മലബാറി ഭാഷ മലബാറിൽ ഉണ്ടായിരുന്നോ? യഥാർത്ഥത്തിൽ മലബാറിൽ, തമ്മിൽത്തമ്മിൽ ബന്ധമില്ലാത്ത ഒട്ടനവധി ചെറിയ ചെറിയ പ്രദേശങ്ങൾ ഉണ്ടായിരുന്നത് കൊണ്ട്, മലാബാറി എന്ന് പറയാവുന്ന ഭാഷയ്ക്ക്തന്നെ ഒട്ടനവധി ഭാഷാഭേദങ്ങൾ ഉണ്ടായിരുന്നു. മലബാറിൽ ഇങ്ഗ്ളിഷ് ഭരണകത്താക്കൾ ഇതിനെ അവഗണിച്ചു എന്നുള്ളത് വാസ്തവമാണ്. കാരണം, ഭരണവും, വിദ്യാഭ്യാസവും ഇങ്ഗ്ളഷിലാക്കാനാണ് അവർ ശ്രമിച്ചത്.

ഈ പ്രദേശത്തിന് ചുറ്റുപാടിൽ ഉള്ളതായിരുന്ന മലബാറി ഭാഷയിലെ ഏതാവും വാക്കുകൾ പറയാം.

ഭക്ഷണം കഴിക്കലുമായുള്ളവ

1. പൈക്ക്ന്ന് : വിശക്കുന്ന്

2 ബസ്സി : പ്ളെയ്റ്റ്

3. കരണ്ടി : സ്പൂൺ

4. കയ്യില് : വലിയ സ്പൂൺ

5. ബെയ്ക്വ : തിന്നുക

6. കൈക്കൽക്കൂട്ടൽ : പാത്രം പിടിക്കാൻ ഉപയോഗിക്കുന്ന തുണി

7. തെരുവ

8. കോപ്പ : കപ്പ്

9. മോന്തുവ : കുടിക്കുക

10. മീട് കൌവ : മുഖം കഴുകുക

11. ചിറി : ചുണ്ട്

12. പെലാച്ചപ്പ് കരണ്ടി : പ്ളാവില സ്പൂൺ

13. കൂട്ടാൻ : കറി

14. ഉപ്പേരി : മെഴുക്കുപുരട്ടി

15. നിലക്കടല : കപ്പലണ്ടി

16. തോനെ : ധാരളം

17. മരക്കേങ്ങ് : കപ്പ

18. കറാമ്പു : ഗ്രാമ്പു

19. കയേനെ : മുഴുവനും

20. ചായക്കൂട്ടാൻ : ചായയുടെ കൂടെുയള്ള കടി

21. ചെള്ള : കവിൾ

22. പള്ള : വയറ്

23. കുടുക്ക : മൺ പാത്രം

24. കിണ്ണം

25. പാറ് : ഒഴിക്കൂ

26. പൊരിച്ച മീൻ : വറുത്ത മീൻ

27. നേന്ത്രപ്പഴം : ഏത്തക്ക

28. മൈസൂർപഴം : പാളയൻകോഡൻ

29. കൈപ്പക്ക : പാവയ്ക്ക

30. പപ്പടവും പഴവും : ....

ഇന്ന് മലബാറി സംസാരിച്ചാൽ, കേരളത്തിൽ തമിഴ് സംസാരിച്ചത് മാതിരിയാണ്. ആളുകൾ ചിരിക്കും. എന്നാൽ തമിഴ് തന്നെ വലിയൊരു ഭാഷയാണ്. മലയാളത്തിൽ കേട്ടാൽ ചിരിവരുമെങ്കിലും. മലയാളത്തിന്റെ നിലവാരം കുറഞ്ഞ ഭാഷാഭേദമാണ് തമിഴ് എന്ന് ആരെങ്കിലും പറയുമോ, ആവോ!

ഇന്ന് മലയാളം എന്നത് സംസ്കൃതത്തിന് തുല്യമായ ഒരു ക്ളാസിക്കൽ ഭാഷയായ് അംഗീകരിക്കപ്പെട്ടിരിക്കുന്നു. മലയാളം തമിഴിൽ കുറെ സംസ്കൃതപദങ്ങൾ ചേർത്ത് കൊണ്ട് ഉളവായ ഭാഷയാണ് എന്ന് തിരുവിതാംകൂർ രാജ്യത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ Travancore State Manualൽ വരെ പറയുന്നുണ്ട്.

എന്നാൽ, തിരുവനന്തപുരത്തെ മലയാളം പത്ത് മുപ്പത് വർഷങ്ങൾക്ക് മുൻപ് വളരെ തരംതാണതും, അനവധി തമിഴ് പദങ്ങൾ ഉള്ളതുമായിരുന്നു.

എന്നാൽ കോട്ടയം, തിരുവല്ല തുടങ്ങിയ ഇടങ്ങളിൽ നിന്നും പടർന്നു പിടിച്ച മലയാളത്തിന് നല്ല നിലവാരം ഉണ്ട് എന്നാണ് കാണുന്നത്.

ഇവിടെ പ്രസ്താവ്യമായ കാര്യം, കോട്ടയം, തിരുവല്ല തുടങ്ങിയ പ്രദേശങ്ങൾ, ഇങ്ഗ്ളിഷ് ഇവാൻജലിസ്റ്റുകൾ കീഴ് ജാതിക്കാരെ കൂട്ടമായി ഉന്നമനപ്പെടുത്തിയ ഇടങ്ങളാണ്. Henry Baker, Mrs. Baker പോലുള്ള പലരും പതിറ്റാണ്ടുകളോളും ഈ പ്രവർത്തനം ഇവിടങ്ങളിൽ നടത്തിയതായി സൂചിപ്പിക്കപ്പെടുന്നു. ഇവരായിരിക്കുമോ മലയാളത്തെ വളർത്തിക്കൊണ്ടുവരുവാൻ വൻ പ്രവർത്തനം നടത്തിയത്?

മലയാളത്തിന് ലിപിതന്നെ, മലബാറിയിൽയിന്നും കൈവശപ്പെടുത്തിയതാവുമോ?

നൂറ്റാണ്ടുകൾക്കുമപ്പുറം പാരമ്പര്യമുള്ള മലബാറിലെ തെയ്യ അനുഷ്ഠാനങ്ങളിൽ ഉപയോഗിക്കപ്പെടുന്ന തോറ്റങ്ങളിൽ ഉപയോഗിക്കപ്പെടുന്ന വാക്കുകളെക്കുറിച്ച് ഈ എഴുത്തുകാരന് ഒട്ടും തന്നെ അറിവില്ല. എന്നാൽ, മലയാളത്തിന് തമിഴിൽനിന്നും, സംസ്കൃതത്തിൽനിന്നും മാത്രമല്ല, മലബാറിലെ പാരമ്പര്യങ്ങളിൽനിന്നും ചിലകാര്യങ്ങളെങ്കിലും ലഭിച്ചിട്ടുണ്ടാവണം.

തിരുവിതാംകൂറിൽ ആസ്ഥാനംവച്ചുകൊണ്ട് തന്നെ മലബാറിൽ പ്രവർത്തനം നടത്തിയവരാണ് ക്യസ്ത്തീയ പ്രസ്ഥാനങ്ങളിൽ ചിലതെങ്കിലും. ഇവരാണ് മലയാള ഭാഷയെ പുഷ്ടിപ്പെടുത്താൻ പ്രവർത്തിച്ചത് എന്ന്തോന്നുന്നു. പോരാത്തതിന്

കോട്ടയത്തെ 'മ' പ്രസദ്ധീകരണങ്ങളും, ദീപികയും. ഇവയും ക്രൃസ്തീയ പ്രസ്ഥാനങ്ങൾതന്നെയായിരുന്നു.

21. കുത്തനെ മറിഞ്ഞ വിദ്യാഭ്യാസം

അഞ്ചാംക്ളാസിൽ, കേരളാ സർക്കാർ എയ്ഡഡ് സ്കൂളിൽ ചേർന്നത് തിരുവിതാംകൂറിലാണ്. 1970 ആണ് എന്നാണ് തോന്നുന്നത്.

ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവരായിരുന്നത് കൊണ്ടും, വീട്ടിൽ സ്വന്തമായി റേഡിയോയും, മലയാളം പത്രവും ഉള്ളതിനാലും, രണ്ടു പേരും കേരളാ സർക്കാർ സേവനത്തിൽ ഉള്ളവരായിരുന്നതിനാലും, മലയാളം തന്നെയാണ് മാതാപിതാക്കൾ പലപ്പോഴും സംസാരിച്ചത്. അതിനാൽ തന്നെ തിരുവിതാംകൂറിൽ ചെന്നപ്പോൾ ഭാഷ വലിയ ഒരു പ്രശ്നമായിരുന്നില്ല.

എന്നാൽ, മലബാറി വാക്കുകൾ അവിടെ ആർക്കും കേട്ട് പരിചയം പോലുമില്ല. ഇതുമായി ബന്ധപ്പെട്ട പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്.

പോരാത്തതിന്, മലബാർ എന്നത് ഏതോ കാട്ട് പ്രദേശമാണ് എന്ന ഒരു പൊതുവായുള്ള ധാരണയും ഉണ്ടായിരുന്നു എന്ന് തോന്നുന്നു.

മലബാറിൽ തീവണ്ടി ഇങ്ഗ്ളിഷ് ഭരണകാലത്ത്തന്നെ ഉണ്ടായിരുന്നു എന്നാണ് തോന്നുന്നത്. തിരുവിതാംകൂറിൽ, ആ രാജ്യം ഇന്ത്യയോട് യോജിപ്പിച്ചതിന് ശേഷമാണ് മലബാറുമായി ബന്ധപ്പെടുന്ന തീവണ്ടിപാത വന്നത് എന്നും തോന്നുന്നു. തീവണ്ടി പാതയുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും പറയാനുണ്ട്. അത് പിന്നീടാവാം.

പുതിയ സ്കൂളിൽ കാര്യങ്ങൾ എല്ലാം പഴയ സ്കൂളിൽ നിന്നും നേരെ കുത്തനെ മറിച്ചാണ് കണ്ടത്. Anglo-ഇന്ത്യൻ സ്കൂളിലും വിദ്യാർത്ഥികൾ അദ്ധ്യാപകരുടേയും പാതിരമാരുടേയും കീഴിൽത്തന്നെ ആയിരുന്നെങ്കിലും, പൊതുവെ ഇങ്ഗ്ളിഷ് അന്തരീക്ഷമായിരുന്നത് കൊണ്ട് നീ, നിന്റെ, അവൻ, അവന്റെ തുടങ്ങിയ പദപ്രയോഗങ്ങളുടെ പ്രഹരം വളരെ അപൂർവ്വമായെ ലഭിച്ചിരുന്നുള്ളു.

എന്നാൽ, വല്ലപ്പോഴുമൊക്കെ ബോഡിങ്ങിലെ അടുക്കളപ്പണിക്കാരുടേയും, ശുചിത്വജോലികളിലും ഏർപ്പെട്ടിരുന്ന ജോലിക്കാരുടെ മുന്നിൽപ്പെട്ടുപോയാൽ, ആവുന്ന അവസരത്തിൽ അവർ ബോധപൂർവ്വം നീ, നിന്റെ, അവൻ, അവന്റെ തുടങ്ങിയ വാക്കുകൾ എന്തോ വാശിപോലെ ഉപയോഗിക്കുമായിരുന്നു. എന്നാൽ, അദ്ധ്യാപകരും, അദ്ധ്യാപികമാരും ഈ വിധമുള്ള വാക്ക് പ്രയോഗങ്ങൾ ഉപയോഗിക്കേണ്ട അവസരം വളരെ അപൂർവ്വമായേ വരാറുള്ളു.

പുതിയതായി ചേർന്ന സർക്കാർ എയ്ഡഡ് സ്കൂളിൽ ഈ കാര്യത്തിൽ ശുചിത്വ ജോലിക്കാരും അദ്ധ്യാപകരും, അദ്ധ്യാപികമാരും ഒരേ നിലവാരത്തിലായിരുന്നു. ഏവരും ഈ വക വാക്കുകളെ വിദ്യാർത്ഥികളോട് ഉപയോഗിക്കാറുള്ളു.

എന്നാൽ വിദ്യാർത്ഥികൾക്ക് ഈ കാര്യത്തിൽ കാര്യമായ ഒരു മാനസിക പ്രശ്നം കണ്ടില്ല. അവർക്ക് ഒന്നാം ക്ളാസ് മുതൽ ഇതിന് അനുയോജ്യമായ ഒരു മാനസിക അടിയാളത്തം അവരുടെ വ്യക്തിത്വത്തിൽ അലിഞ്ഞ് ചേർന്നിരുന്നു.

തമ്മിൽത്തമ്മിൽ ഒട്ടി, കൈകൾ തോളിലിട്ട് ഒന്നിച്ച് ബെഞ്ചിരിക്കുന്നു. അദ്ധ്യാപകരോടും അദ്ധ്യാപികമാരോടും കുനിഞ്ഞും, അല്ലെങ്കിൽ അമിത ധൈര്യം കാട്ടിയും സംസാരിക്കും. കൂട്ടമായി കൂക്കിയിടും.

Anglo-ഇന്ത്യൻ സ്ക്കൂളിൽ പൊതുവായി ഉണ്ടായിരുന്ന അലിഖിതമായതും, വെറും പരിസരസ്വാധീനത്താലും വിദ്യാർത്ഥികളിൽ പരിശീലിപ്പിക്കപ്പെട്ട വ്യക്തിത്വം നേരെ

ഇരിക്കുക, കുനിയരുത്, തല ഉയർത്തിനടക്കുക, സീറ്റിൽ നേരെ നിവർന്ന് ഇരിക്കുക, തമ്മിൽത്തമ്മിൽ ഓട്ടി നിൽക്കരുത്, ചുമലിൽ കൈവച്ച് നടക്കരുത്, ചുമര്, വാതിൽപ്പടി എന്നിവയിൽ ചാരിനിൽക്കരുത്, കൈകൾ എന്തിന്റെയെങ്കിലും മേൽ താങ്ങായി വച്ച് നിൽക്കരുത്, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വ്യക്തമായും ആത്മാഭിമാനം പ്രകടിപ്പിച്ചുകൊണ്ടും അദ്ധ്യാപകരോടോ അദ്ധ്യാപികമാരോടോ ചെന്ന് ചോദിക്കുക, അല്ലെങ്കിൽ അവരുമായി പ്രശ്നം ചർച്ചചെയ്യുക, എന്നുള്ളതായിരുന്നു.

വിദ്യാർത്ഥികളെ 'നീ', 'നിന്റെ' എന്ന് സംബോധന ചെയ്യാത്തതും, 'അവൻ', 'അവന്റെ' എന്ന വാക്കിനാൽ പരാമർശിക്കാത്തതുമായ സംസാര അന്തരീക്ഷത്തിൽ വിദ്യാർത്ഥികൾക്ക് തലകുനിക്കേണ്ടുന്ന ആവശ്യമോ, അദ്ധ്യാപികമാർക്ക് അവരെക്കൊണ്ട് തലകുനിപ്പിക്കേണ്ടതോ ആയ ആവശ്യം വന്നിരുന്നില്ല.

എന്നാൽ, ആ സ്കൂളിലും ചൂരൽ പ്രയോഗം പൂർണ്ണമായും ഇല്ലാതിരുന്നില്ല. എന്നാൽ കൈനീട്ടാൻ, You show your hands അല്ലെങ്കിൽ You stretch your hands എന്നാണ് പറയുക. ഇതിലെ You പുതിയ സ്കൂളിൽ 'നീ', 'നിന്റെ' ആയി മാറും. അവിടെയാണ് കാര്യമായ വ്യത്യാസം. 'നീ' എന്നോ, 'നിങ്ങൾ', എന്നോ 'സാർ' എന്നോ 'മാഡം' എന്നോ ഉള്ളതിൽ, ഏറ്റവും ഹീനമായതും, കാലാകലങ്ങളായി കീഴ്ജാതിക്കാരെയും, മറ്റ് അടിയാളന്മാരെയും, പ്രമാണിമാരും പ്രഭുക്കളും സംബോധന ചെയ്ത വാക്കാണ്, അദ്ധ്യാപകരും അദ്ധ്യാപികമാരും ഉപയോഗിച്ചത്. മറ്റ് മാർഗ്ഗമില്ല തന്നെ.

കീഴ് ജാതിക്കാർക്കും, അടിയാളന്മാർക്കും ഇതിൽ യാതോരു പാരാതിയുമില്ലായിരുന്നു. ഇങ്ഗ്ളിഷുകാർ വരുന്നതിന് മുൻപ് വരെ.

പുതിയ സ്കൂളിൽ എല്ലാം നേരെ വിപരീതമായിട്ടായിരുന്നു കണ്ടത്.

22. 'ഞാനാണ് മുമ്പൻ' എന്ന് കാണിക്കാനുള്ള ഒരു ത്വര

ആകെക്കൂടെ എല്ലാരിലും ഒരു ഒച്ചയും ബഹളവും ഒരു ഭാഗത്ത്. മറുഭാഗത്ത്, ഒരു തരംതാണ ജനക്കൂട്ടത്തിന്റെ എല്ലാവിധ മാനസിക ഭാവങ്ങളും. എന്തിനും 'ഞാനാണ് മുമ്പൻ' എന്ന് കാണിക്കാനുള്ള ഒരു ത്വര.

എല്ലായിടത്തും ഒരു കൂട്ടംകൂടൽ. ക്യൂ എന്ന ആശയം നടപ്പിലാക്കണമെങ്കിൽ ഒരു അദ്ധ്യാപകനോ അദ്ധ്യാപികയോ ചുരലുമായി നിൽക്കേണം. എന്തും ആദ്യം ഓടി പിടിച്ചെടുക്കേണം.

'സാറേ/ടീച്ചറെ ഇവൻ, ഇത് ചെയ്തു, അത് ചെയ്തു', പരാതിപ്പെടുന്നതും, അതിന് പ്രോത്സാഹനം നൽകുന്നതുമായ ഒരു അന്തരീക്ഷം.

പിന്നീട് പലരും ഇങ്ങിനെയുള്ള വിദ്യാഭ്യാസത്തിലെ മൂല്യം പറഞ്ഞുതന്നിരുന്നു. കുട്ടികൾ 'street-smart' (എന്തിനും ഒരുമ്പെട്ട)തായി വളരും! അവർക്ക് ആണത്തം ഉണ്ടാകും. അപ്പോൾ പെൺകുട്ടികൾക്കോ എന്ന് ചോദ്യം മനസ്സിൽ ഉദിച്ചേക്കാം. ആണത്തമോ, പെണ്ണത്തമോ?

പ്രശ്നം ഇതല്ല. സാമൂഹികമായി ഒരു ഒച്ചപ്പാടും, പിടിച്ച് പറിയും, 'ഞാനാണ് മുമ്പൻ' എന്ന ഭാവവും, കാര്യം നേടലിന് എന്ത് അടിയാളത്തവും നൽകാമെന്ന ഭാവവും മറ്റുമാണ് ഇവിടെ പരിശീലിപ്പിക്കപ്പെടുന്നത്.

എപ്പോഴെങ്കിലും വിദ്യാർത്ഥികൾ ഒന്ന് ക്യൂവായി നൽക്കേണ്ടിവന്നാൽ, ഓരോ ആളും അയാളുടെ മുന്നിലുള്ള ആളുടെ തൊളിൽ കൈവച്ച് തന്നെയാണ് നിൽക്കുക. ഇത് ഒരു തരം അവകാശത്തിന് ഉപരിയായി, ഒരു അത്യന്താപേക്ഷിതമായ കാര്യമായി വരുന്നു. ഉന്തലും വലിക്കലും മറ്റും ഈ തരം ക്യൂകളുടെ രൂപമാണ്.

പത്ത്-പതിനേഴ് വർഷങ്ങൾക്ക് മുമ്പ് ഒരു വടക്കനിന്ത്യൻ പ്രദേശത്ത് കുറച്ച് കാലം താമസിച്ചിരുന്ന അവസരം. സാമ്പത്തികമായി കുറച്ച് പരിങ്ങലിൽ ആയിരുന്നു. ഒരു സർക്കാർ ബസ് പാസ് എടുക്കാനായി, അത് വിതരണം ചെയ്യുന്ന ഒരു സർക്കാർ ഓഫിസിൽ, അത് വിതരണം ചെയ്യുന്ന ഒരു കൌണ്ടറിന് മുന്നിലുള്ള ക്യൂവിൽ നിൽക്കാനിടവന്നു.

ചുറ്റും പ്രാദേശിക ഭാഷാ വിദ്യാഭ്യാസം നേടിയ സാമ്പത്തികമായും സാമുഹികമായും അവിടങ്ങളിൽ പിന്നിലായ ആളകുൾ. ഒച്ചപ്പാടും ബഹളവും. ഉന്തും തള്ളും. പിന്നിലുള്ള ആളുകൾ മുന്നോട്ടും പിന്നോട്ടും ആയുന്നു. പിന്നിലെ ആൾ മുന്നിലെ ആളുടെ ചുമലിൽ പിടിച്ചാണ് നിൽക്കുന്നത്.

എല്ലാം പോരാത്തതിന്, പലതരം ബഹുമാന-തരംതാഴ്ത്തൽ വാക്ക് പ്രയോഗങ്ങളും. എന്നുവച്ചാൽ, വ്യക്തമായി ഇവരുടെയെല്ലാം മുകളിൽ അധികാരമുള്ള ഒരു ആളുടെ അഭാവത്തിൽ, തമ്മിൽതമ്മിൽ സംസാരിച്ച് സ്വന്തമായി ഈ ആൾക്കൂട്ടത്തിന് ഒരു ആത്മസംയമനമോ, നിയന്ത്രണമോ വരുത്താനാവില്ലതന്നെ. കാരണം, പൊതുവായി ബഹുമാനിക്കുന്ന വ്യക്തി എന്തെങ്കിലും പറഞ്ഞാലെ ആരും അനുസരിക്കൂ. അല്ലാത്ത ആൾ പറഞ്ഞാൽ അടിപിടിയാകും.

പഴയ Anglo-ഇന്ത്യൻ സ്കൂളിലേയും, പുതുതായി ചേർന്ന സ്കൂളിലേയും പൊതുവായുള്ളതും, വളരെ പ്രകടമായിട്ടുള്ളതുമായ അന്തരീക്ഷവ്യത്യാസം എതാണ്ട്

ഒറ്റനോട്ടത്തിൽത്തന്നെ വ്യക്തമാകും. വിദ്യാർത്ഥികളുടെ വ്യക്തിത്വം വ്യക്തമായും വ്യത്യസ്തമാണ്. ആദ്യത്തെ സ്കൂളിൽ ഒച്ചപ്പാടും ബഹളവും ഇല്ല. കൂക്കിവിളിയില്ല.

രണ്ടാമത്തെ സ്കൂളിൽ ഇവ സർവ്വസാധാരണം. എന്നാൽ ഇടക്ക് ഇടക്ക് അദ്ധ്യാപകരോ, അദ്ധ്യാപികമാരോ വന്ന് ഒന്ന് ഒച്ച വെക്കും. അപ്പോൾ കാര്യങ്ങൾ കുറച്ച്നേരത്തേക്ക് ശാന്തമാകും.

23. ഇങ്ഗ്ളിഷിലെ സ്വാഭാവിക അച്ചടക്കം

ഒരു ചെറിയ ചിത്രീകരണം നൽകാം. രണ്ട് സ്ക്കൂളും രാവിലെ അടിച്ചുവാരുന്ന (തൂത്തുവാരുന്ന) ജോലിക്കാർ വന്ന് വൃത്തിയാക്കുന്നു. രണ്ടു പ്രദേശവും യാതോരു അനാവശ്യ കടലാസുകളോ മറ്റോ നിലത്ത് ഇല്ലാത്ത അവസ്ഥ. എന്നാൽ ഉച്ചയ്ക്ക് ഒരു ഇടത്ത് ചില കടലാസുകൾ നിലത്ത് കിടക്കുന്നു.

മറ്റ് വിധ ആജ്ഞകൾ ഇല്ലാ എന്ന അവസരത്തിൽ, ഇത് എടുത്തുമാറ്റുക എന്നുള്ളത് അത് കാണുന്ന വിദ്യാർത്ഥിക്ക് ശുചിത്വം വേണം എന്ന നിലപാടിപാടിനെ ആശ്രയിച്ചായിരിക്കും ഇരിക്കുക.

പഴയ Anglo-ഇന്ത്യൻ സ്ക്കൂളിലെ വിദ്യാർത്ഥി മറ്റ് വിദ്യാർത്ഥികൾ കാൺകെതന്നെ ആ കടലാസുകൾ എടുത്തുമാറ്റുന്നു. ഇത് യാതോരു അടിയാളത്തമോ, തരംതാഴ്ചയോ ഭാഷാകോഡുകളിൽ ഇല്ലതന്നെ. കാരണം, വലിയവൻ ചെയ്യുന്ന തൊഴിൽ ചെയ്താലും, ചെറിയവൻ ചെയ്യുന്ന തൊഴിൽ ചെയ്താലും ഒറ്റ He അല്ലെങ്കിൽ Sheയെ ഉള്ളു.

പുതുതായി ചേർന്ന സ്കൂളിലെ ഒരു വിദ്യാർത്ഥി ഈ കടലാസുകൾ കാണുന്നു. മറ്റുള്ള വിദ്യാർത്ഥികൾ കാൺകെ തന്നെ ഇവ എടുത്തുമാറ്റുന്നു. ഇവിടെ പ്രകടമായ, അദ്ധ്യാപകരോടുള്ള അടിയാളത്തം പ്രകടമായി വന്നേക്കാം. ഇത് ഉദ്ദേശില്ലെങ്കിൽക്കൂടി.

ഈ വിഷയം കുറേക്കൂടി വ്യക്തമാവുക ഇതേ സംഭവം മറ്റൊരു വേദിയിലേക്ക് മാറ്റി ചിത്രീകരിച്ചാലാണ്.

ചെറുപ്പക്കാരിയായ ഒരു ഐഎഎസ്സുകാരി, പ്രായത്തിൽ കൂടുതൽ ഉള്ള കുറച്ച് വനിതകളുടെ കൂടെ നിന്നു സംസാരിക്കുന്നു. പെട്ടെന്ന് കയ്യിലുള്ള കടലാസുകൾ നിലത്ത് വീഴുന്നു.

ഉടനെ ഐഎഎസ്സുകാരി കുനിഞ്ഞിരുന്ന് ഇവ പെറുക്കുന്നു.

അതുമല്ലെങ്കിൽ, അവിടെ കൂടി നിന്നവർ, 'മാഡം എടുക്കേണ്ട. ഞങ്ങൾ അത് പെറുക്കിത്തരാം', എന്ന് പറയുന്നു.

അതുമല്ലെങ്കിൽ, ഐഎഎസ്സുകാരി ഒരു ശിപയിയെ വിളിച്ച് അവ പെറുക്കിക്കുന്നു.

ഈ നിസ്സാരമായ സംഭവത്തിൽത്തന്നെ, ഈ ഐഎഎസ്സുകാരിയുടെ പ്രായക്കുറവും, മറ്റുള്ളവരുടെ പ്രായക്കൂടുതലും, ശിപായിയുടെ പ്രായവും, ശിപായി പുരുഷനാണോ, സ്ത്രീയാണോ, എന്നത്, അയാൾക്കുള്ള വ്യക്തിപരമായ വ്യക്തിത്വവും അടിയാളത്ത ഭാവവും, അതുമല്ലെങ്കിൽ അതിന്റെ അഭാവവും, ആ യുവ ഉദ്യോഗസ്ഥ ഐഎഎസ്സുകാരിയാണ് എന്ന കുലുക്കംതട്ടാത്ത പ്രതാപവും മറ്റും ഭാഷാ കോഡുകളെ ബാധിക്കും. സ്പഷ്ടമായിത്തന്നെയോ, അസ്പഷ്ടമായോ.

ഇനി ഇതേ സംഭവം, ഒരു സാധാരണക്കാരിയായ ഒരു ചെറുപ്പക്കാരിക്കാണ് സംഭവിക്കുന്നത് എന്ന് ആലോചിക്കുക. അവിടേയും ഭാഷാകഡോകളിൽ കാര്യമായ വ്യതിചലനങ്ങൾ സംഭവിക്കും. കാരണം, സങ്കീർണ്ണമായ കോഡുകൾ ഉള്ളതാണ് ഫ്യൂഡൽ ഭാഷകൾ. മനുഷ്യ ആത്മാവിനെത്തന്നെ കീറിമുറിവേൽപ്പിക്കാൻ പോന്ന കോഡുകൾ ഉള്ളതാണ് അവയിൽ.

എന്നാൽ ഈ ഒരു സംഭവം കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് അന്തരീക്ഷത്തിലാണ് സംഭവിച്ചത് എങ്കിൽ, വാക്ക് കോഡുകളിൽ യാതോരു മാറ്റവും സംഭവിക്കില്ലതന്നെ.

ഇത് എഴുതുമ്പോൾ പെട്ടെന്ന് പണ്ട് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലോ മറ്റോ സംഭവിച്ച ഒരു കാര്യം ഓർമ്മവരുന്നു. 1980-82 കാലഘട്ടമാണ് എന്ന് തോന്നുന്നു. കൂടെ പഠിക്കുന്ന ഒരു വിദ്യാർത്ഥി പറഞ്ഞകാര്യമാണ്. അയാളുടെ ഏതോ ബന്ധു ആ ഓഫിസിൽ ജോലിചെയ്യുന്നുണ്ടായിരിക്കേണം.

രാവിലെ ഉത്തരവാദിത്വപ്പെട്ട ഐഏഎസ്സുകാരി വന്നപ്പോൾ അറിയുന്നത്, ഏതോ ഒരു സെയ്ഫ് തുറക്കാൻ പറ്റുന്നില്ല എന്ന്. ഉടനെ ഈ ഉദ്യോഗസ്ഥ സെയ്ഫിന് മുന്നിൽ വന്നു. കൂടെ മറ്റ് കുറച്ച് ഉദ്യോഗസ്ഥരും. ശിപായിയും ഉണ്ട്. ശിപായിൽ നിന്നും ഒരോ ചാവിവാങ്ങി ഈ ഉദ്യോഗസ്ഥ സെയ്ഫ് തുറക്കാൻ ശ്രമിക്കുന്നു. ഒന്നും തുറക്കുന്നില്ല. എന്നാൽ ഇവിടെ ഇപ്പോൾ കൊണ്ടുവരാത്ത ഒരു കൂട്ടം ചാവികൾ വേറെയുണ്ട്. അതിനെക്കുറിച്ച് ചോദിച്ചപ്പോൾ, ശിപായി പറഞ്ഞു, 'അവയെല്ലാം ഞാൻ ഉപയോഗിച്ച് നോക്കിയതാണ്. തുറക്കുന്നില്ല'.

ചെറുപ്പക്കാരിയായ ഐഏഎസ്സുകാരി അവ കൊണ്ടുവരുവാൻ പറഞ്ഞിട്ടും, ശിപായി ഇതാണ് പറയുന്നത്. കൊണ്ട് വന്നിട്ട് കാര്യമില്ല. ഞാൻ നോക്കിയതാണ്.

ശിപായാണെങ്കിൽ, സ്വന്തം നിലയിൽ വൻ വ്യക്തിത്വമുള്ള ആള്. സ്വന്തം സാമൂഹികാന്തരീക്ഷത്തിൽ വൻ നേതാവായുള്ള ആള്. കാരണം, ഉയർന്ന സർക്കാർ ഓഫിസിലെ പ്യൂണാണ്. അവിടുള്ള ഐഏഎസ്സുകാരെ പലർക്കും ഒന്ന് വന്ന് കാണണം എങ്കിൽത്തന്നെ ഈ ആളുടെ അനുവാദം വേണം. അത്രയ്ക്കും അധികാരമുള്ള ആളാണ് ശിപായി.

അയാളെ സംബന്ധിച്ച് നോക്കിയാൽ, ഐഏഎസ്സുകാരി വെറും ഒരു ചെറിയ 'പെണ്ണ്'. 'ഇവളെ' ഈ പദിവയില്ലാതെ കണ്ട്മുട്ടിയിരുന്നെങ്കിൽ 'നീ' എന്ന് സംബോധനയും 'അവൾ' എന്ന പരാമർശവും നൽകാനാവുന്നതായിരുന്നു.

ഐഏഎസ്സുകാരി നിർബന്ധിച്ചു. 'നിങ്ങൾ ആ ചാവി ഒന്ന് കൊണ്ട് വരു. ഞാൻ ഒന്ന് നോക്കട്ടെ'.

സ്വന്തം നാട്ടിൽ രാജകീയ പദവിയുള്ള ശിപായി പറഞ്ഞു. 'ഞാനല്ലെ പറയുന്നത്. ആ ചാവി ഇത് തുറക്കില്ല.'

ഭാഷാ കോഡുകൾ രണ്ട് വ്യത്യസ്ത വേദികളിൽ സൃഷ്ടിച്ച രണ്ട് രാജാധികാരികളുടെ പ്രതാപം ഏറ്റുമുട്ടുകയാണ്.

ചെറുപ്പക്കാരിയായ ഐഏഎസ്സുകാരി സ്വന്തം അധികാര പരിധിയുടെ പത്തിവിടർത്തി. 'എടോ തന്നോടെല്ലെ പറഞ്ഞത്, ചാവി ഇവിടെ കൊണ്ടുവാ'.

'നിങ്ങൾ' 'താൻ' ആയി. ശിപായിയുടെ നിലവാരം നിലംപതിച്ചു.

ഈ വിധം വാക്ക് കോഡുകൾകൊണ്ടുള്ള ഏറ്റുമുട്ടലുകളുടെ നൂറ് കണക്കിന് കഥകൾ അറിയാം. ഇതൊന്നും ഇല്ലാത്ത ശാന്തമായ ഒരു പ്രദേശമാണ് കലർപ്പില്ലാത്ത ഇങ്ഗ്ളിഷ്.

24. അതീന്ദ്രിയ സോഫ്ട്വേർ കോഡുകളിൽ അക്കങ്ങളുടെ മൂല്യത്തിന്റെ വിസ്തൃതി

കൂടുതലായി അടിയാളപ്പെടുത്തപ്പെട്ട പുതിയ സ്കൂളിലെ വിദ്യാർത്ഥികൾ കൂടുതലായി ദു:ഖിതരോ, അവരുടെ അമിതമായുള്ള അടിയാള അവസ്ഥയിൽ അസ്വസ്ഥരോ ആയിരുന്നു എന്ന് തോന്നുന്നില്ല. കാരണം, അവർക്ക് ആ അവസ്ഥയല്ലാതെ മറ്റൊരു വ്യക്തിത്വ അവസ്ഥ അറിവില്ലായിരുന്നു. മാത്രവുമല്ല, അവർക്ക് ലഭിച്ചിരുന്ന പലതരം ആനന്ദജനകങ്ങളായ അനുഭവങ്ങൾ പഴയ Anglo-ഇന്ത്യൻ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമായിരിക്കാൻ ഇടയില്ല.

ഉദാഹരണത്തിന്, ഫ്യൂഡൽ ഭാഷ സംസാരത്തിൽ ഏറ്റവും ആനന്ദം നൽകുന്ന ചെയ്തികളിൽ ഒന്ന് മറ്റവനെ മറ്റുള്ളവരുടെ മുന്നിൽ വച്ച് കൊച്ചാക്കുക എന്നുള്ളതാണ്. ഇതിന് പിന്നിൽ കാര്യമായിത്തന്നെ ഭാഷയുടെ അതീന്ദ്രിയ സോഫ്ട്വേർ കോഡുകളിൽ ശക്തമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട് എന്നതാണ് ഇതിലുള്ള ആനന്ദാവസ്ഥ. ഈ ഒരു അവസ്ഥ ഇങ്ഗ്ലിഷ് പോലുള്ള പരന്ന കോഡുകളുള്ള ഭാഷകളിൽ വളരെ തുച്ഛമായേ ഉള്ളു.

ഈ കാര്യത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അഗാധമായ കോഡുകളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാൻ അവസരം ആയിട്ടില്ലതന്നെ. എന്നാൽ, വെറുതെയൊന്ന് സൂചിപ്പിക്കാനായി, ഇത് പറയാം. നീ, നിങ്ങൾ, സാർ (അങ്ങ്) എന്ന തീരിയിൽ വ്യക്തികളും വ്യക്തിത്വവും മാറാനുള്ള കോഡുകൾ ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. എന്നാൽ കുട്ടികൾ തമ്മിൽ ഇങ്ങിനെയൊരു ഉയർച്ചത്താഴ്ച ആ സ്കൂളിൽ സംഭവിക്കില്ല. അപ്പോൾ ഇത് എങ്ങിനെ വിശദീകരിക്കും?

ഇതിനെക്കുറിച്ച് സംസാരിക്കണമെങ്കിൽ, ഭാഷയുടെ അതീന്ദ്രിമായ സോഫ്ട്വേർ കോഡുകളെക്കുറിച്ച് പ്രതിപാദിക്കേണ്ടിവരും. അത് പിന്നീട ചെയ്യാൻ പറ്റുള്ളു.

എന്നാൽ ഇതിലേക്കുള്ള പാതയിൽ തുടക്കത്തിൽ നിൽക്കുന്ന ഒരു കാര്യം ഇവിടെ പ്രസ്താവിക്കാം. മനസ്സിലാക്കാൻ വലിയ പ്രയാസം ഉണ്ടാവില്ല.

മലയാളത്തിലെ 'നീ', 'നിങ്ങൾ', 'സാർ' എന്നീ പദങ്ങളോ, അതുമല്ലെങ്കിൽ, 'അവൻ', 'അയാൾ', 'അദ്ദേഹം' എന്നതോ ആയ മൂന്ന് പദങ്ങൾ എടുക്കുക.

ഇവയ്ക്ക് പിന്നിലുടള്ള അതീന്ദ്രിയ സോഫ്ട്വേർ കോഡുകളിൽ, ഇവയ്ക്ക് ഉള്ള അക്കത്തിലുള്ള മൂല്യത്തിന്റെ വിസ്തൃതി ഈ രീതിയിലാണ് എന്ന് കരുതുക:

നീ 1-10

നിങ്ങൾ: 10-20

സാർ/താങ്കൾ

: 20-30

ഇവിടെ നൽകിയിട്ടുള്ള മൂല്യങ്ങൾ, ഒരു വ്യക്തിയുടെ വയസ്, സാമൂഹിക അന്തസ്, പ്രതാപം, സാമ്പത്തിക നിലവാരം, വസ്ത്രങ്ങളുടെ നിലവാരം, വീടിന്റെ വലുപ്പം, കുടുംബപരമായ മഹിമ, തൊഴിൽ പ്രതാപം, തൊഴിൽ വേദിയിലെ സ്ഥാനം തുടങ്ങിയ കാര്യങ്ങളിൽ പെട്ട കാര്യങ്ങൾ ഒരു പ്രത്യേക വേദിയിൽ ഏതൊക്കെയാണ് പ്രസത്കമായി എടുക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും.

ഇവയുടെ മൂല്യങ്ങൾ ഒരു പ്രത്യേക നിലവാരം കഴിയുമ്പോൾ, പെട്രോൾ പമ്പുകളിൽ പണ്ട് കാലങ്ങളിൽ ഉണ്ടായിരുന്ന പമ്പിലെ മീറ്ററിൽ എന്ന പോലെ, 00.99 എന്നത്, പെട്ടന്ന് 01.00 ആയി മാറും. അത് പോലെതന്നെ, 'നീ' എന്നത് ഒരുപ്രത്യേക നിലവാരം കടക്കുമ്പോൾ 'നിങ്ങൾ' ആയി മാറും. 'അവൻ' എന്നത് 'അയാൾ' ആകും.

വസ്ത്രവിധാനത്തിൽ വളരെ മുഷിഞ്ഞതും, ദാരിദ്ര്യം തോന്നുന്ന ഒരാളെ, പലപ്പോഴും 5-6 അക്ക മൂല്യത്തിലാണ് മറ്റുള്ളവർ നിർത്തുക (എന്ന് കരുതുക). അതേ സമയം, ഈ ദാരിദ്ര്യം തോന്നിക്കുന്ന വ്യക്തി ചെറുപ്രായക്കാരനാണെങ്കിൽ, 1-2 അക്ക മൂല്യത്തിൽ ആണ് വെക്കുക.

ഇതുമായി ബന്ധപ്പെട്ട ചിത്രീകരണം അടുത്ത എഴുത്തിൽ നൽകാം.

25. വാക്ക് കോഡുകളിലൂടെയുള്ള ആന്ദോളനം

35 ഓളം വയസ് തോന്നിക്കുന്ന, മുഷിഞ്ഞതും, വിലകുറഞ്ഞതുമായ വസ്ത്രം ധരിച്ച ഒരു വ്യക്തി. കണ്ടാൽ ഒരു ദരിദ്രവാസി. മറ്റുള്ളവർ, ഇയാൾക്ക് തുല്യമായ പ്രായമുള്ളവരും, അതിൽകൂടുതൽ ഉള്ളവരും ഇയാൾക്ക് നൽകുന്ന അക്കത്തിലെ മൂല്യം 5മുതൽ 6വരെ ആകാം. എന്നാൽ ചെറുപ്രായക്കാരായ കുട്ടികൾ ഇയാൾക്ക് 12മുതൽ 13വരെ മൂല്യം നൽകിയേക്കാം. കാരണം, അവർ പ്രായം കണക്കിലെടുത്തേക്കാം.

ഈ ആൾ ഒരു സ്ഥലത്ത് കയറിവരുന്നു. ആളുകൾ ഈ ആളെ 'അവൻ' എന്ന വാക്ക് കൊണ്ട് പരാമർശിക്കുന്നു. അപ്പോൾ ആരോ പറയുന്നു : ഈ ആൾ വലിയ ഉദ്യോഗത്തിലിരുന്ന ആളാണ്. എന്തോ ആശയപരമായ കാരണത്താൽ തൊഴിൽ രാജിവെച്ച ആളാണ്.

ഈ വിവരം ഈ ആൾക്ക് നൽകിയ അക്ക മൂല്യത്തിൽ ഒരു ഉയർച്ച വരുത്തുന്നു. അത് നേരെ 8ലേക്ക് ഉയരുന്നു. എന്നാൽ, 'അവൻ' തന്നെ. കാരണം, പൊട്ടനാണ്. അല്ലാതെ ഇത്ര നല്ല തൊഴിൽ വിട്ട് പോരുമോ?

അപ്പോഴാണ് അറിയുന്നത്, പലയിടത്തും ബഹുമാനിക്കപ്പെടുന്ന ആളാണ്. ഈ കാണുന്ന കോലം നോക്കേണ്ട. ഇത് കേട്ടപ്പോൾ, മൂല്യം ഇരച്ചുകയറുന്നു. അത് 13ലേക്ക് ഉയരുന്നു. 'അവൻ' വിട്ട് 'അയാൾ' എന്നതിലേക്ക് ഉയരുന്നു.

അപ്പോഴാണ് മറ്റൊരു വിവരം വരുന്നത്, ഈ ആൾ വലിയ സാമ്പത്തികമുള്ള വീട്ടിലെ അംഗമാണ്. സ്വന്തം പിതാവിന് വേണമെങ്കിൽ അവിടെ ഇരിക്കുന്ന എല്ലാവരേയും വിലക്ക് വാങ്ങാൻ പോന്ന പണം ഉണ്ട്. ഇത് കേട്ടമാത്രയിൽ അക്കങ്ങളിലെ മൂല്യം വിസ്ഫോടകമാംവിധം ഉയരുന്നു. നേരെ 25ലേക്ക്. 'അവനോ', 'അയാളോ', അല്ല ഇത്. സാക്ഷാൽ 'അദ്ദേഹമാണ്'.

ജനം ഇങ്ങിനെ ഞെട്ടിത്തരിച്ചിരിക്കുമ്പോളാണ് മറ്റൊരു വിവരം ഒരാൾ പറയുന്നത്. അച്ഛൻ പ്രതാപിതന്നെ. എന്നാൽ അച്ഛൻ ഈ ആളെ വീട്ടിൽ നിന്നും ചവിട്ടിപ്പുറത്താക്കിയതാണ്. അവിടെ യാതോരുവിലയും ഈ ആൾക്ക് ഇല്ലതന്നെ.

പോയി, അക്കങ്ങളിലെ മൂല്യം.
നേരെ 17ലേക്ക്. വെറും 'അയാൾ'.

ഈ വിവരങ്ങൾ ഓരോന്നും കേട്ടുകൊണ്ടിരിക്കുന്ന ആളുകൾക്കും മുകളിലോട്ടും താഴോട്ടും ഉള്ള ഒരും ആന്ദോളനം (bouncing) അനുഭവപ്പെടും. ഈ ആൾ പൊങ്ങുമ്പോൾ അവർ താഴും. ഈ ആൾ താഴുമ്പോൾ അവർ പൊന്തും.

ഈ അനുഭവം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, മറ്റൊരു വിവരം. ഈ ആളുടെ അച്ഛൻ മിനിഞ്ഞാന്ന് മരിച്ചു. ഈ ആളാണ് ആ സ്വത്തിന്റെ ഒരു പ്രധാന അവകാശി. 300കി.മി ദൂരത്തിനപ്പുറത്തുള്ള ഈ ആളുടെ വീട്ടിൽ ഈ ആൾ എത്തിയാൽ, ഈ ആൾ ആ നാട്ടിലെ പ്രമാണിയാണ്.

ഇതോട് കൂടി, അക്കങ്ങളിലെ മൂല്യം നേരെ 29ലേക്ക് നീങ്ങുന്നു. ആൾ 'അദ്ദേഹം' തന്നെയാണ്. എല്ലാരും എഴുന്നേൽക്കുന്നു.

ഇവിടെ നടന്ന ഈ മൂല്യം ഏറലും കുറയലും എവിടെയാണ് സംഭവിച്ചത്? ഇതിനെക്കുറിച്ച് കൂടുതൽ പറയണമെങ്കിൽ യാഥാർത്ഥ്യത്തിന്റെ സോഫ്ട്വേർ

കോഡുകളിലെ (Codes of reality) രണ്ട് വ്യത്യസ്ത മണ്ഡലങ്ങളെക്കുറിച്ച് സംസാരിക്കേണ്ടിവരും. അതായത് 'Design view'യും 'Code view'യും. ഇവയെക്കുറിച്ച് പ്രതിപാദിക്കാൻ ഇനിയും വളരെ ദൂരം കടക്കേണ്ടിയിരിക്കുന്നു ഈ പാതയിൽ.

ഇനി നമുക്ക് പുതിയ സ്കൂളിലേക്ക് തിരിച്ച് പോകാം. വിദ്യാർത്ഥികൾ എല്ലാവരും 'അവനും' 'അവളും' ആണെങ്കിലും, ഇതിനുള്ളിലും 1മുതൽ 10വരെയുള്ള ആയാമ(amplitude)ത്തിൽ വ്യക്തിത്വം ആന്ദോളനം ചെയ്യാം. മുമ്പനായി പെരുമാറുന്ന ആൾക്ക് 10ന്റെ നിലവാരംവരെയുള്ള മാനസിക ഉന്മാദാവസ്ഥയിൽഎത്തിച്ചേരാം.

എന്ത് ചെയ്താലും, ചെയ്തില്ലെങ്കിലും, 'He', 'He'**ആയിത്തന്നെ** നിലനിൽക്കുന്ന ഭാഷയിൽ, കാര്യങ്ങൾ വ്യത്യസ്തമാണ്.

26. വിറങ്ങലിച്ച ഇങ്ഗ്ളിഷ് പഠനവും കുറെ വിഡ്ഢി വ്യാകരണ നിയമങ്ങളും

കേരളാ സിലബസ്സിൽ ഇങ്ഗ്ളിഷ് പഠിപ്പിക്കുന്നത് ഒരു തനി വിഡ്ഢിത്തമായിട്ടാണ് ആദ്യം തോന്നിയത്. ഇങ്ഗ്ളിഷ് തികച്ചും വ്യത്യസ്തമായി പഠിച്ച് വന്ന ഒരു വ്യക്തിയെന്ന നിലയിലാണ് ഈ കാഴ്ചപ്പാട് വന്നത്. എന്നാൽ ക്ളാസിലെ മറ്റ് വിദ്യാർത്ഥികൾക്ക് ഒരു വൻ വിഷയം പഠിക്കുന്ന പ്രതീതിയായിരുന്നു.

കീറക്കടലാസ് പോലുള്ള പാഠപുസ്തകം. വിരസമായ അച്ചടി. തനി തറനിലവാരത്തിലുള്ള പഠന പദ്ധതി.

ഓർമ്മയിൽ നിന്നും എടുത്ത് പറയുകയാണ്. അഞ്ചാംപാഠത്തിലെ പാഠം. 'This is my dog. His name is Tiger. Tiger is sitting. What is Tiger doing?' ഈ രീതിയിലാണ് ഇങ്ഗ്ളിഷ് പാഠപുസ്തകത്തിലെ പാഠം.

ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിലെ അതീവ മധുരമുള്ള പംക്തികളും, ഗംഭീരങ്ങളായ ലളിത കഥകളും ഇങ്ഗ്ളിഷ് സമൂഹിക നിലവാരമുള്ള ചിത്രങ്ങളും മറ്റും തൊട്ടറിഞ്ഞിതിന് ശേഷം, ഈ വിധം തരിശായ ഒരു ഇങ്ഗ്ളിഷ് കണ്ടപ്പോൾ, ഇത് എന്ത് പഠനമാണ് എന്ന ഒരു തോന്നൽ വന്നു എന്നുള്ളത് വാസ്തവം തന്നെ.

ഇങ്ഗ്ളിഷും മലയാളവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നും, അങ്ങിനെ ഒരു വ്യത്യാസം ഉണ്ടെങ്കിൽ അത് എവിടെയാണ് എന്നും, യാതോരു വിവരവും ആരിലും കണ്ടില്ലതന്നെ. യതോരു രീതിയിലും അംഗീകരിക്കാൻ പറ്റാത്ത അർത്ഥങ്ങളാണ് പല ഇങ്ഗ്ളിഷ് വാക്കുകൾക്കും നൽകിക്കണ്ടത്.

പോരാത്തതിന് കുറെ വിഡ്ഢി വ്യാകരണ നിയമങ്ങളും.

അദ്ധ്യാപകർക്കും അദ്ധ്യാപികമാർക്കും ഇങ്ഗ്ളിഷ് അറിയില്ല എന്ന് വ്യക്തം. ഇങ്ഗ്ളിഷ് സാഹിത്യത്തെക്കുറിച്ച് യാതോരു എത്തും പിടിയും ഇല്ല. ഉച്ചാരണങ്ങൾ മുഴുവനും മിക്കവാറും വികൃതം.

ഈ ഉച്ചാരണങ്ങളെക്കുറിച്ച് കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. മലബാറിൽ ഇങ്ഗ്ളിഷ് വിദ്യാഭ്യാസം പടർത്തിയത് ഇങ്ഗ്ളിഷ് ഭരണാധികാരികളാണ്. എന്നാൽ, ഇത് വളരെ തുച്ഛമായ ഇടങ്ങളിലേ പടർന്നുള്ളു. ഇതിലും ഗൂഢപരമായ കാര്യങ്ങൾ ഉണ്ട് എന്നാണ് തോന്നുന്നത്:

സാധാരണ ജനങ്ങളുടെ കുട്ടികൾക്ക് തലശ്ശേരിപോലുള്ള ഇടങ്ങളിൽ, ഇങ്ഗ്ളിഷ് വിദ്യാഭ്യാസം വരുന്നത്, പ്രാദേശിക സമൂഹങ്ങളിൽ കാര്യമായ വേവലാതി പടർത്തി എന്നാണ് തോന്നുന്നത്.

ഉദാഹരണത്തിന്, തലശ്ശേരിയിൽ ഈ വിദ്യാഭ്യാസത്തിൽ അവിടുള്ള താഴ്ന്ന ജാതിക്കാരായ തീയ്യന്മാരുടെ കുട്ടികൾ ചേർന്നപ്പോൾ, വ്യക്തമായിത്തന്നെ രണ്ട് വ്യത്യസ്ത കൂട്ടർക്ക് ഇതിൽ പരിതാപം വന്നു എന്ന് അനുമാനിക്കാം. ഉയർന്ന ജാതിക്കാർക്കും, തീയ്യരിലെ സാമുദായിക നേതാക്കൾക്കും.

ഒന്നാമതായി, അവിടുള്ള നായന്മാർക്ക് ഇത് പ്രശ്നമായി. അവരുടെ വെറും പണിക്കാരന്മാരുടെ (പാളത്തൊപ്പിയും തോർത്ത്മുണ്ടും ധരിക്കുന്ന തീയ്യന്റേയും അതേപോലെതന്നെ അർദ്ധ നഗ്നയായ തീയ്യത്തിയുടെയും) മക്കളുടെ കൂടെ സ്വന്തം

കുട്ടികൾ പഠിക്കാൻ പോയാൽ, അവരിൽ വ്യക്തിത്വ തേയ്മാനം സംഭവിക്കും എന്നുള്ളത് തീർച്ചയാണ്.

ഈ കുട്ടികൾ, അവരുടെ കുട്ടികളെ പേര് വിളിക്കും. പോരാത്തതിന് 'ഇഞ്ഞ്', 'ഓൻ', 'ഓള്', 'എന്താനെ', 'എന്താളെ', എന്നൊക്കെ വിളിക്കും. ഇതിന്റെ ബാധ സമൂഹത്തിലെ സങ്കീർണ്ണമായ കണ്ണികളിലൂടെ നായർമാരുടെ സമൂഹത്തിന്റെ ബഹുമാന നിലവാരത്തെത്തന്നെ ബാധിക്കും.

അവരുടെ സ്ത്രീകൾ അടക്കം, അവരിലെ എല്ലാവരേയും ഇത് നിഷേധാത്മകമായി ബാധിക്കും.

ഇതിനേക്കാൾ ബാധിക്കുക, നായർമാരുടെ തന്നെ അധിപന്മാരായ ബ്രാഹ്മണ കുടുംബങ്ങളെയാണ്. അവർ വീട്ടിന്റെ അടുത്തുപോലും കയറ്റാത്തവരുടെ മക്കൾ, അവരുടെ സ്ത്രീകളെ ഈ വിധമുള്ള വാക്ക് കോഡുകളാൽ നിർവ്വചിക്കാൻ പോയാൽ, കാര്യങ്ങൾ വളരെ പരിതാപകരമാകും. അവരെക്കുറിച്ച്, അവരുടെ പണിക്കാരികൾക്കും, പണിക്കാരന്മാർക്കും എന്തും പറയാം, എന്തും ചിന്തിക്കാം, എന്നൊക്കെയാകും കാര്യങ്ങൾ.

ഇന്നുള്ള ഇന്ത്യൻ പട്ടാളത്തിലെ ശിപായി പട്ടാളക്കാരുടെ മക്കൾ പട്ടാള ഓഫിസർമാരേയും, അവരുടെ സ്ത്രീ ജനങ്ങളേയും, വെറും പേരിനാൽ വിളിക്കുകയും, ബഹുമാനമില്ലാതെ, 'ഉസ്' (അവൻ, അവൾ), 'തൂ' (നീ) തുടങ്ങിയ വാക്കിനാലും പരാമർശിക്കുകയും, സംബോധന ചെയ്യുകയും ചെയ്താലുള്ള അവസ്ഥ എന്താണ് എന്ന് അറിവുള്ളവർക്ക് അറിയാം. പട്ടാളച്ചിട്ട തന്നെ തകിടം മറിയും. അതിനുള്ള അവസരം പട്ടാള ഓഫിസർമാർ അനുവദിക്കില്ലതന്നെ.

27. കുത്തിമറിഞ്ഞ സാമൂഹികാന്തരീക്ഷം

നായർമാർക്ക് കോഴിക്കോട്ടുള്ള സാമൂതിരി പാഠശാലയിൽ കുട്ടികളെ ചേർക്കാനാവുമെങ്കിലും, കോഴിക്കോട് എന്നുള്ളത് കോരപ്പുഴക്ക് അപ്പുറത്തുള്ള തെക്കേ മലബാറിലാണ്. ഈ പ്രദേശവുമായി വടക്കേ മലബാറിലെ ആളുകൾക്ക് ബന്ധം വളരം കുറവായിരുന്നു. മിക്ക നായർ കുടുംബക്കാർക്കും ഇങ്ങിനെ വിദൂരത്ത് പഠിപ്പിക്കാനുള്ള സാമ്പത്തിക ശക്തി ഉണ്ടാവില്ല. മാത്രവുമല്ല, ഇങ്ങിനെ പഠിപ്പിച്ചിട്ട് വലിയ ഒരു കാര്യമുള്ളതായും അവർ അറിഞ്ഞിരുന്നില്ല.

തീയ്യന്മാരിൽ കുറേ പേർ ഇങ്ഗ്ളീഷ് വിദ്യാഭ്യാസത്തിലേക്ക് നീങ്ങുന്നത് തീയ്യ സമുദായത്തിൽത്തന്നെ കാര്യമായ വേവലാതി പടർത്തിയിരിക്കാം. ഇങ്ഗ്ളീഷ് പഠിച്ചവർ, തീയ്യ സാമുദായിക നേതാക്കളുടെ കൈപ്പിടിയിൽ ഒതുങ്ങില്ല എന്നുവരെ ഒരു ചിന്ത ഉണർന്നിരിക്കാം.

ഇതുമായി ബന്ധപ്പെട്ട് പലവിധ സാമൂഹിക ഗൂഢാലോചനകളും നടന്നിട്ടുണ്ടാവാം. തിരുവിതാംകൂറിലെ ഈഴവ സംഘടനയായ SNDP തലശേരിയിൽ ഒരു ക്ഷേത്രം പണിയുകയും ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുകയും മറ്റും ചെയ്തത്, വടക്കെ മലബാറിലെ തീയ്യ നേതാക്കളുടെ ഒത്താശയോടുകൂടിയായിരിക്കാം. കാരണം, അവർക്ക് അവരുടെ കീഴിലുള്ള തീയ്യന്മാരെ അവരുടെ കീഴിൽത്തന്നെ വെക്കാൻ മറ്റ് മാർഗ്ഗം ഇല്ലാ എന്ന് വിന്നിട്ടുണ്ടാവാം.

ശരിക്കും പറഞ്ഞാൽ, തലശ്ശേരിയിൽ ഒരു SNDP പ്രസ്ഥാനത്തിന് യാതോരും പ്രസക്തിയുമില്ലതന്നെ. കാരണം, അവിടുള്ള ജനം ഈഴവരല്ല. മറിച്ച് മരുമക്കത്തായ തീയ്യന്മാരാണ്. പോരാത്തതിന്, തീയ്യന്മാരുടെ പാരമ്പര്യപരമായ ആദ്ധ്യാമിക പ്രസ്ഥാനങ്ങൾ ബ്രാഹ്മണ ആരാധാനയുമായി കാര്യമായ ബന്ധമുള്ളതല്ല എന്നാണ് തോന്നുന്നത്.

കാരണം, നൂറ്റാണ്ടുകളായി തീയ്യന്മാർക്ക് ബ്രാഹ്മണ ക്ഷേത്രങ്ങളിൽ പ്രവേശനമില്ലതന്നെ. അവർക്ക് മുത്തപ്പൻ പോലുള്ള ആരാധനാ മൂർത്തികൾ വേറെയുണ്ട്. ലോകൈകമായി ഷാമനിസം (Shamanism) എന്ന പേരിൽ അറിയപ്പെടുന്ന ആദ്ധ്യാത്മിക അനുഷ്ഠാനകർമ്മങ്ങളുമായിട്ടാണ് ഈ ആരാധനാ അനുഷ്ഠാനങ്ങൾക്ക് ബന്ധം എന്ന് തോന്നുന്നു.

ഇങ്ഗ്ളീഷ് ഭരണത്തിൻ കീഴിൽ യാതോരു ജാതീയമായ വിവേചനവും വളരെ ഉയർന്ന ഔദ്യോഗിക ജോലികൾ വരെ കിട്ടുന്നതിൽ ഉണ്ടായിരുന്നില്ലതന്നെ.

ഇനി ഈഴവരുടെ കാര്യം എടുക്കാം. ഇവർക്കും ബ്രാഹ്മണമതവുമായി ബന്ധമുള്ളതാണോ എന്നതും പ്രശ്നമാണ്. ശ്രീലങ്കയിൽനിന്നും വന്നവരാണ് അവർ എന്ന് പറയപ്പെടുന്നു. അവരുടെ പാരമ്പര്യ ആരാധനാ മൂർത്തികളിൽ മാടൻ, മറുത തുടങ്ങിയവർ ഉണ്ട് എന്ന് രേഖപ്പെടുത്തിക്കാണുന്നു.

ബ്രാഹ്മണ മതത്തോടും, അതിലുള്ള പുരാണങ്ങളോടും, മറ്റും ബന്ധം കാണിക്കാനുള്ള ഒരു ക്രാന്തി ഈ ഉപഭൂഖണ്ഡത്തിന്റെ മിക്ക മതസ്ഥരിലും നൂറ് കണക്കിനുള്ള ജാതിക്കാരിലും ജനക്കൂട്ടങ്ങളിലും ഉള്ളതായി കാണുന്നു. (EDGAR THURSTON എഴുതിയ Castes & Tribes of Southern India നോക്കുക)

ബ്രാഹ്മണ ആരാധനാ പാരമ്പര്യവുമായി കാര്യമായ ബന്ധമില്ലാത്ത, തിരുവിതാംകൂർ രാജ്യത്തിലെ ഈഴവ സംഘടന, ഈഴവരല്ലാത്ത മരുമക്കത്തായ തീയ്യന്മാരുടെ ഇടയിൽ

വന്ന്, അവർക്ക് യാതോരു അവകാശവുമില്ലാത്ത ഒരു ബ്രാഹ്മണ ആദ്ധ്യാത്മികതയുമായി ബന്ധപ്പെട്ട ഒരു ക്ഷേത്രം വടക്കെ മലബാറിൽ വന്ന് സ്ഥാപിച്ചതിൽ കാര്യമായ സാമൂഹിക ഗൂഢാലോചന ഉണ്ടാവില്ലെ എന്ന് ചിന്തിക്കാവുന്നതേയുള്ളു.

ഇങ്ഗ്ളിഷ് ഭരണകാലത്ത്, മെഡ്രാസ് പ്രസിഡൻസിയിലെ മലബാർ ജില്ലയിലെ ഡെപ്യൂട്ടി കലക്ടറായിരുന്ന തീയ്യ ജാതിക്കാരനായ ചേരായി കണാരൻ, തിരുവിതാംകൂറിൽ നിന്നും അപമാനിക്കപ്പെട്ട് മൈസൂറിൽ പോയി ഇങ്ഗ്ളിഷ് ഭരണത്തിൽ ഡോക്ടറായി ചേർന്ന ഡോ. പൽപ്പു തുടങ്ങിയവർ ഈ ഗൂഢാലോചനയിൽ പങ്കെടുത്തിട്ടുണ്ടാവില്ലേ എന്നൊരു സന്ദേഹം. ഈ പേരുകൾ ഇവിടെ സൂചിപ്പിച്ചത് യാതോരു തെളിവുകളും കൈവശമില്ലാതെതന്നെയാണ്. എന്നാൽ, അനുഭാവ്യമായി ചിന്തിക്കുമ്പോൾ മനസ്സിൽ ഉദിക്കുന്ന കാര്യങ്ങളാണ്.

ഇങ്ഗ്ളിഷ് ഭരണം പലയിടത്തും ഇങ്ഗ്ളിഷ് പഠനത്തിന് ആഹ്വാനം നൽകിയത്, സമൂഹത്തിലെ പല ജാതിക്കാരുടേയും നേതാക്കളുടെ ഉറക്കം കെടുത്തിയിട്ടുണ്ടാവാം. നൂറ്റാണ്ടുകളായി സാധാരണക്കാരന്‍റെ മക്കൾക്ക് യാതോരു വിവരവും, എഴുത്തുംവായനും നൽക്കാൻ താൽപ്പര്യം ഇല്ലാതിരുന്ന ഈ ജന്മിവർഗ്ഗങ്ങളും സാമുദായിക നേതാക്കളും പലയിടത്തും, മലയാള ഭാഷാ വിദ്യാലയങ്ങൾക്ക് തുടക്കം ഇട്ടു എന്ന് കാണുന്നു.

ഇതിന് പിന്നിൽ പ്രവർത്തിച്ച ഏറ്റവും ശക്തമായ ചേതോവികാരം, സാധാരണക്കാരന്‍റെ മക്കൾ ഇങ്ഗ്ളിഷ് പഠിച്ച് പോകരുത് എന്ന വാശിതന്നെയാണ്. ഇന്നും ഈ വാശി, വിപ്ളവ വായാടി നേതാക്കൾക്ക് വരെയുണ്ട്.

28. ഇങ്ഗ്ളിഷിൽ ഉച്ചാരണ പിശക് പടർത്തിയ തിരുവിതാംകൂർ ഭാഷ

ഇവിടെ പറയാൻ വന്നത് ഇങ്ഗ്ളിഷ് വാക്കുകളുടെ ഉച്ചാരണത്തെക്കുറിച്ചാണ്. മലബറിൽ ഇങ്ഗ്ളിഷ് കുറച്ച് പേർക്കേ അറിവുണ്ടായിരുന്നുള്ളു. മിക്ക പ്രദേശങ്ങളിലും മലയാളം വിദ്യാഭ്യാസം തന്നെയാണ് ആരംഭിക്കപ്പെട്ടത്. ഇതിൽ, തിരുവിതാംകൂറിൽനിന്നും വന്ന ക്രൃസ്തീയ സംഘടനകളും SNDPപോലുള്ള സംഘടനകളും കാര്യമായിത്തന്നെ പ്രവർത്തിച്ചിട്ടുണ്ടാവണം. ഇസ്ലാമിക സംഘടനകളും ഇതേ പോലെ പ്രവർത്തിച്ചിട്ടുണ്ടാവാം.

എന്നാൽ പൊതുവെ പറഞ്ഞാൽ മലബാറിൽ പല ഇങ്ഗ്ളിഷ് വാക്കുകളും ശരിയായ ഉച്ചാരണം തന്നെയായിരുന്നു. ഉദാ. Work, Wash, Was, Is, Auto തുടങ്ങിയ പദങ്ങൾ പൊതുവായി ശരിയായ ഉച്ചാരണത്തിൽത്തന്നെ പലരും പറഞ്ഞിരുന്നു. എന്നാൽ തിരുവാകൂറിൽ എത്തിയപ്പോൾ കാര്യങ്ങൾ തികച്ചും വ്യത്യസ്തം.

'വർക്ക്', 'വാഷ്', 'വാസ്', 'ഈസ്', 'ആട്ടോ' തുടങ്ങിയ വിചിത്രങ്ങളായ ഉച്ചാരണ രീതി ശ്രദ്ധയിൽപ്പെട്ടു. ഇത് എന്ത് ഇങ്ഗ്ളിഷാണ് എന്ന ചോദ്യത്തിന് പകരം, ഇങ്ഗ്ളിഷ് പഠിപ്പിക്കുന്നവർക്ക് ഇങ്ഗ്ളിഷ് അറിയുമോ എന്ന ചോദ്യം മനസ്സിൽ ഉയർന്നു.

പിന്നീടുള്ള പത്ത് പതിനഞ്ച് വർഷത്തിനുള്ളിൽ തിരുവിതാംകൂറിലെ ഈ ഇങ്ഗ്ളിഷ് പഠനം മലബാറിലേക്ക് പടരുന്നത് കാണേണ്ടി വന്നു. ഇന്ന് മലബാറിലും പ്രാദേശിക ഭാഷാ സ്കൂളുകളിൽ മിക്കവയിലും, ഇങ്ഗ്ളിഷ് മീഡിയം സ്കൂളുകളിൽ ചിലതിലെങ്കിലും ഈ വിധമുള്ള ഉച്ചാരണത്തിൽ ആണ് ഇങ്ഗ്ളിഷ് പദങ്ങൾ പഠിപ്പിക്കുന്നത്.

മുകളിൽ പറഞ്ഞ പ്രസ്ഥാനങ്ങളുടെ വിദ്യാഭ്യാസം നൽകൽ എന്നുള്ളത് യഥാർത്ഥത്തിൽ ഒരു വിവരംനൽകൽ പദ്ധതിയാണ് എന്ന് തോന്നുന്നില്ല. മറിച്ച്, വിവരം എന്നുള്ളത് അവരവരുടെ പദ്ധതികൾക്ക് അനുസൃതമായി പരിധിപ്പെടുത്തൽ ആണ് സംഭവിച്ചത്. അതോടൊപ്പംത്തന്നെ ഓരോ പ്രസ്ഥാനക്കാർക്കും, അവരോട് ഫ്യൂഡൽഭാഷാ കോഡുകളിൽ വിധേയത്വവും അടിയാളത്തവും, സ്നേഹവും ആദരവും, കടപ്പാടും നിറഞ്ഞുനിൽക്കുന്ന ഓരോ ജനക്കൂട്ടങ്ങളെ മെനഞ്ഞെടുക്കുകയെന്നതാണ് ഈ വിധമുള്ള വിദ്യാഭ്യാസം നൽകലിലുള്ള ഗൂഢോദ്ദേശം എന്നാണ് തോന്നുന്നത്.

അണിയില്ലെങ്കിൽ നേതാവില്ല.

അതേ സമയം, ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ അണിയും നേതാവും ഇല്ലായെങ്കിൽ സമൂഹംതന്നെ ശിഥിലമാകപ്പെടാം. കാരണം, വ്യക്തമായ സാമൂഹികമോ, മറ്റോ ആയ സ്ഥാനം പൊതുവായി അംഗീകരിക്കപ്പെട്ട ഒരു നേതൃസ്ഥാനത്തിന് കീഴിൽ ഓരോരുത്തർക്കും ഇല്ലായെങ്കിൽ, തമ്മിൽതമ്മിൽ ആശയവിനിമയവും, സംസാരവും, സംവാദവും മറ്റും പ്രയാസകരമായി മാറും. ഇത് ഫ്യൂഡൽ ഭാഷകളുടെ ഒരു പ്രത്യേകതയാണ്.

29. വളർച്ചയെ വിവേചനപരമായി നിയന്ത്രിക്കുന്ന ഫ്യൂഡൽ ഭാഷയിലൂടെയുള്ള വിദ്യാഭ്യാസം

യഥാർത്ഥത്തിൽ അക്ഷരവിദ്യാഭ്യാസത്തിന് ഏതാനും ആഴ്ചകളോ മാസങ്ങളോ മാത്രം മതി. അതിന് ശേഷം മാനസികമായും കായികമായും നൈപുണ്യപരമായും വളരാൻ വേണ്ടത്, അവയ്ക്ക് അനുയോജ്യമായ ചുറ്റുപാടും, പ്രവർത്തന പരിചയവും, മാനസിക വളർച്ചക്ക് സാഹചര്യം ഒരുക്കുന്ന മുതിർന്നവരും, ചുറ്റുപാടുമാണ്. ഇത് ഒന്നും തന്നെ ഒരു ഫ്യൂഡൽ ഭാഷാ ആന്തരീക്ഷത്തിലുള്ള ഒരു സ്ക്കൂളിലോ കോളജിലോ ലഭ്യമല്ലതന്നെ.

ഫ്യൂഡൽ ഭാഷകളുടെ നൈസർഗ്ഗികമായ സ്വഭാവംതന്നെ, അടിയാളത്തപ്പെടുന്നവരുടെ മാനസികവും കായികവും ആയ വളർച്ചയെ വിവേചനപരമായി നിയന്ത്രിക്കുകയെന്നതാണ്. കുറച്ച് പേരെ വളരാൻ അനുവദിക്കുക. മറ്റുള്ളവരുടെ വളർച്ചയെ വളരെ സ്നേഹപൂർവ്വം തടസ്സപ്പെടുത്തുകയോ, വഴിതെറ്റിക്കുകയോ ചെയ്യുക. കാരണം, പിരമിഡ് മാതിരിയുള്ള സാമൂഹികാന്തരീക്ഷമാണ് ഫ്യൂഡൽ ഭാഷകൾ സൃഷ്ടിക്കുക. എല്ലാരെയും മുകളിലേക്ക് ഉയരാൻ തരപ്പെടുത്തിയാൽ പിരമിഡ് പൊളിയും.

എന്നാൽ, ഈ വിധമുള്ള ഔപചാരിക വിദ്യാഭ്യാസം കൊണ്ട് ആർക്കും ഗുണം ലഭിക്കില്ല എന്ന് പറയാൻ ആവില്ലതന്നെ. കാരണം, മിക്ക സർക്കാർ ജോലികളും ലഭിക്കണമെങ്കിൽ ഈ ഔപചാരിക വിദ്യാഭ്യാസം ഒരു 'ഏറ്റവും കുറഞ്ഞ യോഗ്യതയാണ്' (minimum qualification). മാത്രവുമല്ല, പലവിധത്തിലുള്ള കായിക മത്സരങ്ങളിലും പങ്കെടുക്കാൻ പലർക്കും ഈ ഔപചാരിക വിദ്യാഭ്യാസം ഒരു ചവിട്ടുപടിയായി നിൽകുന്നു.

കേരളത്തിൽ ഒരു വർഷം 7 ലക്ഷം പേർ പത്താം ക്ളാസ് കടക്കുന്നുണ്ടെങ്കിൽ, അവരിൽ ഏതാണ്ട് 2000 പേർക്ക് ഡോക്ടറാകാൻ ഈ വിദ്യാഭ്യാസം ആവശ്യമാണ്.

മാത്രവുമല്ല, ചില വിദേശരാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകാൻ അനുവാദം ഇന്ത്യാ സർക്കാറിൽനിന്നും ലഭിക്കണമെങ്കിൽ, ഔപചാരിക വിദ്യാഭ്യാസത്തിലെ ചില യോഗ്യതാ മാനദണ്ഡങ്ങൾ ഉണ്ട് എന്നും പറയപ്പെടുന്നു.

സർക്കാർ ജോലി, ഡോക്ടർ തുടങ്ങിയവർ, വിദേശത്തൊഴിൽ ചെയ്യുന്നവർ എന്നിവരെ ഒഴിച്ചാൽ, പിന്നുള്ളവരുടെ ഇത്രയും കാലം നടത്തിയ വിദ്യാഭ്യാസത്തിനായി ചിലവാക്കിയ പണവും സമയവും ഏതാണ്ട് 99% വ്യർത്ഥം.

എന്നാൽ, ഈ ഉപദ്വീപിലെ ഏതാണ്ട് പകുതിയോളം ഇടത്തുണ്ടായിരുന്ന ഇങ്ഗ്ളിഷ് ഭരണം പൊതുജനങ്ങൾക്ക് ഇങ്ഗ്ളിഷ് വിദ്യാഭ്യാസം ഏർപ്പെടുത്തണം എന്ന് തീരുമാനിച്ചപ്പോൾ, ഈ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം ഇത് ഒന്നുമായിരുന്നില്ല.

കുറേപേരെ 10മുതൽ 20 വർഷത്തിൽകൂടുതൽ കാലം ഔപചാരിക വിദ്യാഭ്യാസം എന്ന മിക്കവാറും യാതോരു ഉപകാരവും ഇല്ലാത്ത അഭ്യാസത്തിൽ കുടുക്കിയിടുക. എന്നിട്ട് അവർക്ക് മാത്രം ഈ പ്രദേശത്തിലെ സർക്കാർ ജോലികളും മറ്റും സംവരണം ചെയ്യുക എന്നൊന്നുമായിരുന്നില്ല, ഈ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം.

എഴുത്തിന്റെ പാത ചെറുതായി വ്യതിചലിച്ചുപോയി എന്നു തോന്നുന്നുണ്ട് എങ്കിലും, ഇവിടം വരെ എത്തിയ സ്ഥിതിക്ക്, ഈ ഉപദ്വീപിൽ ഇങ്ഗ്ളിഷ് ഭരണം ഇങ്ഗ്ളിഷ് വിദ്യാഭ്യാസം നടപ്പിലാക്കുന്നതിൽ കണ്ട ലക്ഷ്യം എന്തായിരുന്നു എന്ന് സൂചിപ്പിച്ചിട്ട്, എഴുത്തിന്റെ പാതയിലേക്ക് തിരിച്ച് പോകാം എന്ന് തോന്നുന്നു.

30. എതിർ ദിശകളിലേക്ക് ചൂണ്ടുന്ന ചരിത്രങ്ങൾ

1960കളിൽ, സ്കൂൾ വിദ്യാഭ്യാസപരമായ ചരിത്രങ്ങൾ രണ്ട് വിധം ഉണ്ട് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിരുന്നു. ഒന്നാമത്തേത്, ഇങ്ഗ്ളിഷ് സ്കൂളുകളിൽ നിന്നും ലഭിച്ചിരുന്നത്. ഇത് പ്രകാരം ഇങ്ഗ്ളിഷ് ഭരണം ഈ ഉപദ്വീപിൽ കാര്യമായ ഗുണങ്ങൾ നൽകിയിട്ടുണ്ട്. ഇവിടുള്ള മിക്ക പ്രദേശങ്ങളിലേയും ജനങ്ങൾക്ക് എല്ലാരീതിയിലും ഗുണകരമായ മാറ്റമാണ് സംഭവിച്ചത്. Robert Clive, Henry Sleeman, Lord William Benedict, Lord Macaulay തുടങ്ങിയവർ ഈ പ്രദേശങ്ങളിൽ കാര്യമായ സാംസ്ക്കാരികമായ വളർച്ചയ്ക്കാണ് തുടക്കമിട്ടത്.

ഈ വിധമുള്ള ചരിത്രം പഠിച്ചിരുന്നത് ഇങ്ഗ്ളിഷ് ഭാഷ സമാന്യം നന്നായി കൈകാര്യം ചെയ്യാൻ പറ്റുന്നവരായിരുന്നു.

എന്നാൽ പ്രാദേശിക ഭാഷാ സ്കൂളുകളിൽ പ്രത്യേകിച്ചും, സർക്കാർ സിലബസുള്ള എല്ലാ സ്ക്കൂളുകളിൽ പൊതുവായും പഠിപ്പിച്ചിരുന്ന ചരിത്രം ഇതിന് നേരെ വിപരീതമായിരുന്നു. ഈ രണ്ടാം ചരിത്രം പ്രകാരം ഇങ്ഗ്ളിഷ് ഭരണം ഈ ഉപദ്വീപലിൽ നടത്തിയത് തനികൊള്ളയാണ്. ഇവിടുള്ള രാജാക്കന്മാരെ നശിപ്പിച്ചു. ഇവിടുള്ള വിഭവങ്ങൾമുഴുവനും കട്ടു. ഈ കൊള്ളയ്ക്ക് ഉപകരിക്കാൻ വേണ്ടിയാണ് ഇവിടെ എല്ലാവിധ വളർച്ചകളും അവർ നടത്തിയത്.

അവർ ഇവിടെ ഇങ്ഗ്ളിഷ് വിദ്യാഭ്യാസം നാട്ടുകാരുടെ മേൽ അടിച്ചേൽപ്പിച്ചു. എന്തിനാണെന്നോ? ഇവിടുള്ള എല്ലാവരേയും അടിമകളാക്കാൻ. അവരുടെ സ്ഥാപനങ്ങളിൽ അടിമപ്പണിക്കാരെ ലഭിക്കാൻ വേണ്ടി, ഇവിടുള്ള കുട്ടികളെ അവർ നിർബന്ധിച്ചാണ് ഇങ്ഗ്ളിഷ് പഠിപ്പിച്ചത്. ഇങ്ഗ്ളിഷ് പഠിച്ച് ആളുകൾ അതോടെ അവരുടെ അടിമകളായി.

ഇങ്ങിനെ പോകുന്നു പ്രാദേശിക ഭാഷാ സ്ക്കൂൾ ചരിത്രം.

എന്നാൽ ഈ വിധമുള്ള ചരിത്രം പഠിച്ചവരിൽ മിക്കവർക്കും ഇങ്ഗ്ളിഷുമായി കാര്യമായി ബന്ധം ഇല്ല. അങ്ങിനെ നോക്കുമ്പോൾ, ഇക്കൂട്ടർ അടിമത്തത്തിൽ നിന്നും ദൈവാധീനത്താൽ രക്ഷപ്പെട്ടവരുടെ മക്കളാണ്. അതേ സമയം, ഇങ്ഗ്ളിഷ് സ്കൂളുകളിൽ ഉള്ളതിൽ പലരും, അടിമകളുടെ മക്കൾ! എന്നിട്ടും ഇക്കൂട്ടർ അവരെ അടിമകളാക്കാൻ ഉപയോഗിച്ച അതേ ഭാഷ പഠിക്കാൻ താൽപ്പര്യപ്പെടുന്നു!!

ഇങ്ഗ്ളിഷുമായി കാര്യമായ ബന്ധം ഇല്ലാത്തവർ, ഇങ്ഗ്ളിഷ് ഭാഷയാണ് ഇവിടെ അടിമത്തം സ്ഥാപിച്ചത് എന്ന രീതിയിൽ സംസാരിക്കുന്നു!!!

ഒരു ഭാഷ പഠിച്ചാൽ, അത് എങ്ങിനെയാണ് അടിമത്വം നടപ്പിലാക്കാൻ ഉപകരിക്കുക എന്നതിനെക്കുറിച്ച് അന്ന് യാതോരു വിവരവും ലഭിച്ചിരുന്നില്ല.

എന്നാൽ മലയാളം ഭാഷ അറിവുള്ളവർക്ക്, ഈ കാര്യത്തിൽ വളരെ തീർച്ചകണ്ടു.

മലയാള ഭാഷ മറ്റൊരു ഭാഷക്കാരനെ പഠിപ്പിച്ചാൽ, അയാളെ മലയാള ഭാഷക്കാർക്ക് വേണമെങ്കിൽ അടിമയാക്കാം. ഇത് അവർക്ക് തീർച്ചയാണ്. അത് പോലെ തന്നെ, ഇങ്ഗ്ളിഷ് ഭാഷ പഠിപ്പിച്ച്, ഇങ്ഗ്ളിഷുകാർക്ക് മറ്റുള്ളവരെ അടിമകളാക്കാം. ഇതാണ് അവരുടെ മനസ്സിലാക്കൽ!

ഈ ചിന്താഗതിയുടെ യഥാർത്ഥ പൊരുൾ മനസ്സിലാക്കാൻ കുറച്ച് കാലം എടുത്തു. ശരിയാണ്, മലയാള ഭാഷ പഠിപ്പിച്ചാൽ, പഠിക്കുന്ന ആളുടെ മേൽ വേണമെങ്കിൽ ഒരു കടിഞ്ഞാൺ സ്ഥാപിക്കാം.

എന്നാൽ ഇങ്ഗ്ളിഷ് ഭാഷ പഠിച്ചാൽ, അങ്ങിനെ ഒരു കടിഞ്ഞാൺ ഇടാനാവില്ല. മറിച്ച്, നേരത്തെ അണിഞ്ഞിരുന്ന കടിഞ്ഞാണുകൾക്ക് ബലക്ഷയമാണ് സംഭവിക്കുക. കടിഞ്ഞാൺ ഇല്ലാത്ത ഭാഷയാണ് ഇങ്ഗ്ളിഷ്.

എന്നാൽ, ഈ വിവരം പ്രാദേശിക ഭാഷ മാത്രം അറിയുന്നവർക്ക് എങ്ങിനെ മനസ്സിലാകും. അവർക്ക് ഇങ്ഗ്ളിഷ് അറിയില്ലതന്നെ.

31. Macaulayയ്ക്ക് കാര്യമായ തെറ്റ് പറ്റിയത് എവിടെ

ബ്യട്ടിഷ്-ഇന്ത്യയിൽ ഇങ്ഗ്ളിഷ് വിദ്യാഭ്യാസം നടപ്പിലാക്കാനുള്ള ശുപാർശ നൽകിയത് Lord Thomas Babington Macaulayആണ് .

ഇന്ന് ഇന്ത്യൻ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന പൊതുവായുള്ള വിവരം ഇങ്ഗ്ളിഷ് ഭരണം ഈ ഉപഭൂഖണ്ടത്തിൽ ഒരു തരം കൊള്ളയടിയാണ് നടത്തിയത് എന്നാണ്. ഇങ്ങിനെയുള്ള ഒരു വിവരം തന്നെ ലോകമെമ്പാടും പരന്നിട്ടുണ്ട്. എന്നാൽ Macaulayയുടെ Minutes on Indian Education ഒന്ന് വായിക്കുകയും അതിന്റെ ചുറ്റുപാടുകളെക്കുറിച്ചും അറിവ് ലഭിക്കുകയും ആണെങ്കിൽ ഇങ്ങിനെ ഒരു ചിന്തക്ക് സാധ്യതയില്ലാതാകും.

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഭരിക്കുന്ന ഇടങ്ങളിൽ പൊതുജനത്തെ കാര്യമായിത്തന്നെ ഉന്നമനപ്പെടുത്താനുള്ള പദ്ധതികൾ കമ്പനി ഭരണം നടത്തിയിരുന്നു.



കച്ചവടകമ്പനിയുടെ മുഖച്ഛായതന്നെ ഒട്ടുമിക്കാവാറും മാറി, അതിന് പകരം ഉത്തരവാദപ്പെട്ട ഒരു ഭാരണയന്ത്രമായാണ് കമ്പനി പ്രവർത്തിച്ചത്.

മദ്രസകളിലും ഹൈന്ദവ പാഠശാലകളിലും അറബിയും സംസ്കൃതവും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും സർക്കാർ സ്റ്റൈഫെന്റും (Stipend) മറ്റ് ചിലവുകളും നൽകിയിരുന്നതായി കാണുന്നു.

എന്നിട്ടും ഇങ്ങിനെ പഠിച്ച വിദ്യാർത്ഥികളിൽ ചിലർ, അവർക്ക് യാതോരുവിധ തൊഴിൽപരമായി ഉപയോഗിക്കാൻ പറ്റാത്ത പഠനത്തിന് പ്രേരിപ്പിച്ചതിന് നഷ്ടപരിഹാരത്തിനായി സർക്കാരിൽ ഹരജി ൽകിയതായി രേഖപ്പെടുത്തിക്കാണുന്നു.

Macaulay ഈ ഉപദ്വീപിലെ ഭാഷകൾ പഠിച്ചില്ല. അതിനാൽ തന്നെ അവയെക്കുറിച്ച് ഗഹനമായ വിവരം ലഭിച്ചു എന്ന് പറയാൻ ആവില്ല. എന്നാൽ, അവ 'rude' (മര്യാദയില്ലത്തവ) ആണ് എന്ന് രേഖപ്പെടുത്തിക്കാണുന്നു.

ഈ കുറിപ്പ് ഇവിടെ എഴുതുന്ന എഴുത്തുകാരനെ സംബന്ധിച്ചെടുത്തോളം, Macaulayയുടെ ഈ നിർവ്വചനം അതി ഗംഭീരമായ ഒരു തിരിച്ചറിവായിട്ടാണ് കാണുന്നത്. കാരണം, ഭാഷകൾക്ക് ഫ്യൂഡൽ ചുവയുണ്ട് എന്ന് Macaulay പറഞ്ഞില്ലെങ്കിലും, അവ സാമൂഹികമായി മോശപ്പെട്ട സ്വഭാവമുള്ളതാണ് എന്ന് മനസ്സിലാക്കാൻ ഇദ്ദേഹത്തിന് പറ്റി. ഈ ലളിത വിവരം പോലും ഇന്നുള്ള ഇങ്ഗ്ളിഷുകർക്ക് അറിവില്ലാ എന്നാണ് കാണുന്നത്.

ഇത് പോലെ Minutes on Indian Education രണ്ട് നാൾ മുൻപ് വായിക്കുന്നതിനിടയിൽ മറ്റൊരു വാക്യവും ശ്രദ്ധയിൽ പെട്ടു.

QUOTE: It will hardly be disputed, I suppose, that the department of literature in which the Eastern writers stand highest is poetry. .... But when we pass from works of

imagination to works in which facts are recorded, and general principles investigated, the superiority of the Europeans becomes absolutely immeasurable. END OF QUOTE

ഈ ഉദ്ദരിച്ച വാക്യത്തിൽ ശ്രദ്ധേയമായത്, ഫ്യൂഡൽ ഭാഷകൾക്ക് കാവ്യകലയിൽ (കവിതാ രചനയിൽ) ഉള്ള ഉച്ചത്വം അഥവാ പ്രതാപമാണ്. ഈ ഒരു സംഗതി, ഈ എഴുത്തുപരമ്പരയിലെ ഒന്നാം ഭാഗത്തിലെ 83ആം അദ്ധ്യായത്തിൽ (ഫ്യൂഡൽ ഭാഷകളിലെ മാസ്മരിക സൌന്ദര്യം) സൂചിപ്പിച്ചിരുന്നു.

എന്നാൽ, Macaulayയ്ക്ക് കാര്യമായ തെറ്റ് പറ്റിയത്, ഇങ്ഗ്ളിഷ് സാഹിത്യത്തിനെയും മറ്റ് വിവരങ്ങളേയും യൂറോപ്യൻ പാരമ്പര്യങ്ങളുമായി കൂട്ടിക്കുഴച്ചതാണ്. ഇങ്ഗ്ളണ്ടിന് തൊട്ടടുത്തുള്ള ഫ്രഞ്ച് ഭാഷ പോലും ഫ്യൂഡൽ സ്വഭാവമുള്ളതാണ് എന്നാണ് തന്നുന്നത്. ആ ഭാഷയും അതീവ സുന്ദരമായ കാവ്യാത്മകതയുള്ളതാണ് എന്ന് സൂചിപ്പിച്ച് കാണുന്നുണ്ട് എന്നാണ് തോന്നുന്നത്.

32. ഫ്യൂഡൽ ഭാഷകളിലെ കോഡുകൾക്ക് ദുഷ്ടസ്വഭാവമാണ് ഉള്ളത്

ഭാവനയുടെ ലോകത്ത് നിന്നും യാഥാർത്ഥ്യങ്ങളുടെ ലോകത്തിലേക്ക് നീങ്ങുമ്പോൾ, ഇങ്ഗ്ളിഷ് അറിവുകൾക്കാണ് Macaulay മുൻതൂക്കം നൽകുന്നത്. എന്നാൽ ഈ ഒരു അവകാശവാദത്തിലും Macaulayക്ക് അറിയാത്ത പരിമിതികൾ ഉണ്ട്.

ഇന്ന് ലോകം ഭൌതിക യാഥാർത്ഥ്യങ്ങളുടെ നിലവിടാൻ പോകുകയാണ്. സോഫ്ട്വേർ (Software) എന്ന ഭൌതിക ലക്ഷണങ്ങൾ ഇല്ലാത്ത ഒരു യാഥാർത്ഥ്യത്തിന്റെ ലോകം തുറന്നുകൊണ്ടിരിക്കുകയാണ്. ഈ മണ്ഡലത്തിൽ ഭാഷാ കോഡുകൾക്ക് കാര്യമായിത്തന്നെ വിളയാടാനാവുന്നതാണ്. ഭാഷാ കോഡുകൾ തന്നെ ദുഷ്ടസ്വഭാവമുള്ളവയും സദ്ഗുണമുള്ളവയും ഉണ്ട്.

പൊതുവായി പറയുകയാണെങ്കിൽ, ഫ്യൂഡൽ ഭാഷകളിലെ കോഡുകൾക്ക് ദുഷ്ടസ്വഭാവമാണ് ഉള്ളത്. ആളുകളെ വശീകരിക്കാനും മാസ്മരികമായി മോഹിപ്പിക്കുവാനും മാത്രം കഴിവുള്ള കാവ്യാത്മകത ഫ്യൂഡൽ ഭാഷാ കവിതകളിൽ ഉണ്ട് എന്നുള്ളത് വാസ്തവം തന്നെയാണ്.



Image details:
Title Ulysses and the Sirens
Herbert James Draper (1863–1920)
Date circa 1909

യവന പുരാണങ്ങളിൽ സൈറൻസ് (Sirens) എന്നു പേരുള്ള കടലിൽ താമസിക്കുന്ന അപ്സരസ്സുകളെപ്പോലുള്ള അപകടകാരികളായ മന്ത്രവാദിനികളെപ്പറ്റി പറയുന്നുണ്ട്. അവരുടെ അടുത്ത് കൂടെ പോകുന്ന നാവികരെ, അവരുടെ അതി ഗംഭീരമായ വശ്യതയുള്ള ഗാനങ്ങളാലും, സ്വരമാധുര്യത്താലും, വശീകരിച്ച്, പാറകളിലേക്ക് കപ്പലുകളെ കൊണ്ട് ഇടിപ്പിച്ച് നശിപ്പിക്കുകയാണ് ഇവരുടെ പദ്ധതി.
(https://en.wikipedia.org/wiki/File:Ulysses_and_the_Sirens_by_H.J._Draper.jpg)

ഇതേ പോലുള്ള ഒരു പദ്ധതി ബോംബെ സിനിമാലോകവും (Bombay film world) ചെയ്യുന്നില്ലെ എന്നൊരു സന്ദേഹം. ഹിന്ദി സിനിമകളിൽ ഉള്ള അതി മനോഹരങ്ങളായ ഗാനരംഗങ്ങൾ ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ പ്രദർശിപ്പിച്ച്, അവിടെ ഹിന്ദി പഠിപ്പിക്കാൻ അവർ പണം ഇറക്കുന്നുണ്ട് എന്നൊരു തോന്നൽ വരുന്നുണ്ട്. വിത്തെറിഞ്ഞ് കൊയ്തെടുക്കാനാണ് പദ്ധതി. ജനം ഹിന്ദി പഠിച്ചാൽ, ഏറ്റവും കുറഞ്ഞത്, ഹിന്ദി സിനിമക്ക് പണം വരാൻ ആവും.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും ഈ കൂട്ടർ ഇതേ പ്രകാരം ദേശീയ ഭാഷ എന്ന പേരിൽ കൊള്ളയടിച്ചിട്ടുണ്ട് എന്നുള്ളത് വാസ്തവംതന്നെ ഇതിനും പണം നന്നായി തന്നെ ചിലവാക്കിയിട്ടുണ്ടാവാം.

ഹിന്ദി സംസാരിക്കുന്ന ജനങ്ങൾ, ഹിന്ദി സിനിമയിലെ 'രൂപ് തേരാ മസ്താനാ' (Aaradhana), 'ചുരാ ലിയാ ഹൈ തും നെ ജോ ദിൽ കോ' (Yaadon Ki Baraat), 'ബഹാറോൺ ഫൂൽ ബർസാവോ' (Suraj) തുടങ്ങിയ ഗാനങ്ങളിൽ കാണുന്ന പോലുള്ള ഒരു ഗന്ധർവ്വലോകത്തിലാണ് ജീവിക്കുന്നത് എന്ന ഒരു തോന്നൽ കരുതിക്കൂട്ടി ഉണ്ടാക്കുന്നു, ഈ ആധുനിക സൈറൻസ്. ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലെ സാമൂഹികാന്തരീക്ഷത്തെ പാറകളിൽ പോയി ഇടിച്ച് നശിപ്പിക്കാനുള്ള പദ്ധതിയാണ് ഇത് എന്ന് പറയുന്നതിൽ തെറ്റില്ലതന്നെ.

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഭരണം ആദ്യകാലങ്ങളിൽ പ്രാദേശിക ഭാഷാ പഠനത്തിനാണ് വൻ തുകകൾ നീക്കിവെച്ചത്. എന്നാൽ ഈ പഠനം കൊണ്ട് ഉപദ്വീപിലെ ആളുകൾക്ക് കാര്യമായ ഉപയോഗം ഇല്ലാ എന്ന അഭിപ്രായം ഉയർന്നുവന്നു.

ചരിത്രവും, ഭൂമിശാസ്ത്രവും, ശാസ്ത്രവും മറ്റും സമുദ്രം കടഞ്ഞ് വെണ്ണ എടുക്കുന്ന രീതിയിലുള്ള ആഖ്യാനങ്ങളുമായി ബന്ധപ്പെട്ടാണ് പഠിപ്പിച്ചിരുന്നത്.

33. പ്രാദേശിക സാമൂഹിക നേതാക്കളുടെ വെപ്രാളം

ഇങ്ഗ്ളിഷ് ഭാഷയും ഇങ്ഗ്ളണ്ടിൽ പഠിപ്പിക്കുന്ന ശാസ്ത്രവും ഗണിതവും, ജോതിശാസ്ത്രവും, ഭൂമിശാസ്ത്രവും മറ്റും നാട്ടുകരെ പഠിപ്പിക്കാൻ കമ്പനിയുടെ Committee of Public Instructionൽ ചില അംഗങ്ങൾ അഭിപ്രായപ്പെട്ടു. എന്നാൽ, പ്രാദേശിക സാമൂഹിക നേതാക്കൾ ഇതിനെ ശക്തമായി എതിർക്കാനാണ് ശ്രമിച്ചത്.

ഈ അവസരത്തിലാണ് ഈ കമ്മിറ്റിയുടെ പ്രസിഡന്റായി സ്ഥാനമേറ്റ Macaulay, ഈ പ്രശ്നത്തെ പഠിക്കുകയും, തന്റെ പ്രസിദ്ധമായ Minutes on Indian Education എഴുതുകയും ചെയ്തത്.

ഇതിൽ, പ്രാദേശിക ഭാഷകളിൽ ഉള്ള വ്യക്തമായ ആധുനിക അറിവുകളുടെ ശൂന്യതയെ ചുണ്ടിക്കാണിക്കുന്നുണ്ട്. മാത്രവുമല്ല, ഭരണകൂടം ഓരോ വർഷം അച്ചടിക്കുന്ന സംസ്കൃതത്തിലേയും അറബിയിലേയും പുസ്തകങ്ങൾ വാങ്ങിക്കാൻ പോലും ആളെകിട്ടാറില്ലാത്ത കാര്യവും ചൂണ്ടിക്കാണിക്കുന്നു.

ഇങ്ഗ്ളിഷ് ഭാഷയും ഇങ്ഗ്ളണ്ടിൽ പഠിപ്പിക്കുന്ന വിവരങ്ങളും തങ്ങളുടെ മക്കൾക്ക് ലഭിക്കണം എന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ, പ്രാദേശിക നേതാക്കൾ ഇതിനെ എതിർക്കുന്നു.

അണി നന്നായിപ്പോയാൽ, പിന്നെ നേതാക്കളുടെ കഥ കഴിഞ്ഞത് തന്നെ.

ഇങ്ഗ്ളിഷുകാരിലും പലരും പ്രാദേശിക സാമൂഹിക നേതാക്കളുടെ അഭിപ്രായത്തോട് യോജിച്ചിരുന്നു എന്നും തോന്നുന്നു. എന്നാൽ, ബ്യട്ടിഷ്-ഇന്ത്യയുടെ ഗവർണർ ജെൻ-റലായിരുന്ന Lord William Bentinck, Lord Macaulayയുടെ ശുപാർശ സ്വീകരിക്കുകയും, ഇതിനായി കമ്പനിയുടെ വിദ്യാഭ്യാസ ധന നീക്കിയിരുപ്പ് ഉപയോഗിക്കാനും കൽപന നൽകി.

Lord Macaulayയുടെ Minutes on Indian Educationൽ ചില പാളിച്ചകൾ ഉണ്ട്. പ്രധാനമായും, ഇങ്ഗ്ളിഷ് വിജ്ഞാനങ്ങളെ പാശ്ചാത്യ വിജ്ഞാനമായാണ് (Western knowledge) ഇദ്ദേഹം നിർവചിച്ചത്. എന്നാൽ, വാസ്തവം പറയുകയാണെങ്കിൽ, ഭൂഖണ്ട യൂറോപ്പും ഇങ്ഗ്ളണ്ടും തമ്മിൽ ആടും ആനയും തമ്മിലുള്ള വ്യത്യാസം ഉണ്ട്. മാത്രവുമല്ല, ബ്യട്ടണിൽ തന്നെയുള്ള ഐറിഷ് (Irish), ഗാലിക്ക് (Gaelic), വെൽഷ്(Welsh) ഭാഷകളെ ഈ ഉപഭൂഖണ്ടത്തിൽ പഠിപ്പിക്കാനും കമ്പനി തയ്യാറായില്ല. അവ മൂന്നും ഏതാണ്ട് ഫ്യൂഡൽ സ്വഭാവമുള്ളവതന്നെ.

ബ്യട്ടിഷ്-ഇന്ത്യയിൽ ഇങ്ഗ്ളിഷ് ഭാഷ പഠിപ്പിക്കരുത് എന്ന ഒരു വാദം ഇതോടുകൂടി ഇങ്ഗ്ളണ്ടിൽ ചിലയിടങ്ങളിൽ ഉയർന്നിരുന്നു. അവരുടെ വാദം, ഈ വിധം ഇങ്ഗ്ളിഷ് ഭാഷ കൈമാറിയാൽ, ഇങ്ഗ്ളണ്ടിലെ മിക്ക വിജ്ഞാനങ്ങളും ഇതോടൊപ്പം ചോർന്ന് പോകും എന്നും, എല്ലായിടത്തും, അന്തർദ്ദേശീയ വ്യാപാര കേന്ദ്രങ്ങൾ അടക്കം, ഈ പുതുതായി ഇങ്ഗ്ളിഷ് പഠിച്ച, ഈ ഉപഭൂഖണ്ടത്തിലെ ആളുകൾ കയറിക്കൂടും എന്നും, ആയിരുന്നു.

എന്നിട്ടും, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി (English East India Company) ഇങ്ഗ്ളിഷ് പഠനത്തിന് കാര്യമായ പിന്തുണയും പണവും നൽകി. ഇതിന് വേണ്ട ഏർപ്പാടുകളും ചെയ്തു.

34. ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ദിവ്യ ലക്ഷ്യങ്ങൾ

എന്നാൽ പലതരക്കാരായ കോടിക്കണക്കിന് ജനക്കൂട്ടങ്ങൾ ഉള്ള ഈ ഉപഭൂഖണ്ടത്തിൽ മുഴുവൻ ജനങ്ങൾക്കും സ്വന്തം ചിലവിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ഇങ്ഗ്ളിഷ് പഠനം നൽകാനാവില്ല എന്നത് ഉറപ്പായിരുന്നു.

ഇതിനെക്കുറിച്ച് Macaulay പറഞ്ഞത്, ഏതാണ്ട് ഇപ്രകാരമാണ്. നമ്മൾ ഇവിടുള്ള ഒരു കൂട്ടം ആളുകൾക്ക് നല്ലനിലവാരമുള്ള ഇങ്ഗ്ളിഷും മറ്റ് ആധുനിക വിവരങ്ങളും നൽകുക. ഇങ്ങിനെ ഇങ്ഗ്ളിഷും വിവരവും ലഭിച്ച ഈ ആളുകൾ, അവരുടെ മറ്റ് നാട്ടുകാർക്ക് ഈ ഭാഷയും വിവരവും നൽകും. അങ്ങിനെ എല്ലാവരും വളരും.

QUOTEs (ഉദ്ദരണികൾ) from Minutes on Indian Education:

1. that it is possible to make natives of this country thoroughly good English scholars, and that to this end our efforts ought to be directed.

ഈ രാജ്യത്തിലെ ജനതയെ ഇങ്ഗ്ളിഷിൽ തികച്ചും പാണ്ഡിത്യമുള്ളവരാക്കാൻ പറ്റും. ഇതിനാവട്ടെ നമ്മുടെ സർവ്വ പ്രവർത്തനത്തിന്റെയും ലക്ഷ്യം.

2. that it is impossible for us, with our limited means, to attempt to educate the body of the people. We must at present do our best to form a class who may be interpreters between us and the millions whom we govern;

നമ്മുടെ കൈവശമുള്ള പരിമിതമായ ആസ്തികൾ ഉപയോഗിച്ച് കൊണ്ട് ഈ വൻ ജനക്കൂട്ടത്തെ അഭ്യസ്തവിദ്യരാക്കുവാൻ അസാധ്യമാണ്. ഈ അവസരത്തിൽ, നമുക്ക് ഏറ്റവും ചെയ്യാൻപറ്റിയത്, നമ്മുടെ വിവരങ്ങൾ ഈ നാട്ടിൽ നാം ഭരിക്കുന്ന കോടാനുകോടി ജനതയുടെ കൈകളിൽ എത്തിക്കാൻ കഴിവുള്ള, രണ്ട് ഭാഷകളും അറിയുന്ന, ഒരു കൂട്ടം ആളുകളെ സ്വരൂപിക്കുക എന്നതാണ്.

.... To that class we may leave it to refine the vernacular dialects of the country, to enrich those dialects with terms of science borrowed from the Western nomenclature, and to render them by degrees fit vehicles for conveying knowledge to the great mass of the population.

ഈ രാജ്യത്തിലെ പ്രാദേശിക ഉപഭാഷകളെ ശുദ്ധീകരിച്ചെടുക്കുവാനും, ഈ ഉപഭാഷകളെ പാശ്ചാത്യ സാങ്കേതികശബ്ദകോശത്തിൽനിന്നും കടം എടുത്ത ശാസ്ത്ര പദപ്രയോഗങ്ങളാൽ പോഷിപ്പിക്കുകയും, പടിപടിയായി വിജ്ഞാനത്തെ ഈ മഹത്തായ ജനങ്ങൾക്ക് കൈമാറാനും അവരെ പ്രാപ്തരാക്കുകയും ചെയ്യാൻ നമുക്ക് ഇങ്ങിനെ സ്വരൂപിക്കപ്പെട്ട ആളുകളെ ഏൽപ്പിക്കാം.

Macaulayയുടെ ഈ നിഗമനം തികച്ചും വഡ്ഢിത്തമായിരുന്നു. ഈ ഉപഭൂഖണ്ടത്തിൽ ആരും മറ്റൊരാളുടെ ഉയർച്ചയെ ഇഷ്ടപ്പെടുന്നില്ല. കാരണം See-Sawയുടെ (ചാഞ്ചാട്ടപലകയുടെ) സ്വഭാവമുള്ള ഫ്യൂഡൽ ഭാഷകളാണ് എല്ലാരും സംസാരിക്കുന്നത്. ഒരാൾ വളർന്നാൽ മറ്റേ ആൾ താഴണം.

ഇങ്ഗ്ളിഷ് ഭാഷ പഠിച്ചവർ, പഠിച്ചവർ, സ്വന്തം കാര്യം നോക്കി. പലരും വൻ തൊഴിലുകൾ നേടി. പലരും ഇങ്ഗ്ളണ്ടിലേക്ക് ഉപരി പഠനത്തിനായി പോയി.

അവിടെ ചെന്ന്, 'ഞങ്ങളാണ് ഇന്ത്യയുടെ സ്വാതന്ത്ര്യസമര നേതാക്കൾ' എന്ന് സ്വയം വിശേഷിപ്പിച്ചു.

സ്വന്തം നാട്ടിൽ മറ്റുള്ളവർ ഇങ്ഗ്ളിഷ് പഠിക്കുന്നത് പലവിധത്തിലും തടസ്സപ്പെടുത്താൻ ശ്രമിച്ചു.

വിദേശ ഭാഷയല്ലെ. നിങ്ങൾ എന്തിന് അത് പഠിക്കണം? നമ്മുടെ സ്വന്തം ഭാഷയല്ലെ ഗംഭീരം! നമ്മുടെ ഗാനങ്ങൾ എത്ര സുന്ദരമാണ്!

'നമ്മുടെ പിതാമഹന്മാർ വനങ്ങളിൽ പോയി, ഋഷിമാരുടെ പർണ്ണകുടീരങ്ങളിൽ ജിവിച്ചല്ലെ പഠിച്ചത്?' എന്നെല്ലാം പറഞ്ഞ് നടക്കും. കാര്യമിത്രയേ ഉള്ളു. മറ്റെയാളുടെ മക്കൾ ഇങ്ഗ്ളിഷ് പഠിക്കരുത്.

35. ആരും ചെയ്യാൻ ധൈര്യപ്പെടാത്ത കാര്യം

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി, ഈ ഉപഭൂഖണ്ടത്തിന്റെ ഏതാണ്ട് പകുതിയോളം ഭാഗങ്ങൾ ഭരിക്കുന്ന കാലത്ത്, ഇവിടെ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകാൻ കാര്യമായ ചുവടുവെപ്പുകൾ എടുത്തു.

എന്നാൽ, ഈ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്തായിരുന്നു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കാരണം, ഈ എഴുത്ത് വിദ്യാഭ്യാസത്തിന്റെ ദിശയിലേക്ക് തിരിഞ്ഞത് തന്നെ ഔപചാരിക വിദ്യാഭ്യാസം എന്താണ് നൽകേണ്ടത് എന്ന ചോദ്യത്തിന് ഉത്തരം നൽകാനാണ്.

ഈ ഉദ്ദേശ്യം Lord മെക്കോളെയുടെ വാക്കുകളിൽ കണ്ടെത്താനായേക്കാം.

ഈ ഉപഭൂഖണ്ടത്തിൽ സൃഷ്ടിക്കാൻ നോക്കുന്നത് "a class of persons, Indian in blood and colour, but English in taste, in opinions, in morals, and in intellect." (രക്തത്തിലും നിറത്തിലും ഇന്ത്യക്കാർ, എന്നാൽ, അഭിരുചിയിലും, അഭിപ്രായങ്ങളിലും, സാൻമാർഗ്ഗികതയിലും ധർമ്മാധർമ്മവിവേചനത്തിലും, ബുദ്ധിശക്തിയിലും ഇങ്ഗ്ളിഷുകാർ ആയുള്ളവർ).

Lord മെക്കോളെയുടെ ഈ വാക്കുകളാണ് ഇന്നും പ്രാദേശിക സാമൂഹിക നേതൃത്വങ്ങൾ പൊക്കിയെടുത്ത് ഒച്ചവെക്കുന്നത്.

നമ്മുടെ രാജ്യക്കാരെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന വർണ്ണവിവേചന നയം എന്നുവരെ ഈ വാക്കുകളെ വളച്ചൊടിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്. നമ്മുടെ ആളുകളെ പിടിച്ച് ഇങ്ഗ്ളിഷുകാരാക്കുകയോ? ഇത് നമ്മളെ അവരുടെ അടിമകളാക്കുകയല്ലെ ചെയ്യുന്നത്? അവർക്ക് ദാസ്യവേല ചെയ്യുകയാണോ നമ്മുടെ നിയോഗം?

എന്നാൽ, ഇതിന് മറുപടി നൽകാൻ വലിയ പ്രയാസം ഇല്ലതന്നെ. ഈ ഉപഭൂഖണ്ടത്തിൽ ആധിപത്യം ഉണ്ടായിരുന്ന ബ്രാഹ്മണർ ഇത് പോലുള്ള എന്തെങ്കിലും പറഞ്ഞിരുന്നെങ്കിൽ അത് തെമ്മാടിത്തമാകുമോ?

ഉദാഹരണത്തിന്, തിരുവിതാംകൂർ രാജ്യത്തിലെ ബ്രാഹ്മണർ മറ്റ് ജാതിക്കാരെ ഉന്നമനപ്പെടുത്താൻ തീരുമാനിക്കുന്നു. അവർ ഇങ്ങിനെ പ്രഖ്യാപിക്കുകയാണ് എന്ന് വിചാരിക്കുക:

രക്തത്തിലും നിറത്തിലും കീഴ്ജാതിക്കാർ (പുലയർ, വേടർ, കുറവർ, പറിയർ, പണ്ടാരങ്ങൾ, കുശവർ, കാണിക്കർ, മലആരയർ, ചൊവ്വർ, ഈഴവർ, ഷാണർ, ശൂദ്രർ). എന്നാൽ, അഭിരുചിയിലും, അഭിപ്രായങ്ങളിലും, സാൻമാർഗ്ഗികതയിലും ധർമ്മാർധമ്മവിവേചനത്തിലും, ബുദ്ധിശക്തിയിലും ബ്രാഹ്മണർ ആയുള്ളവർ!!!

ഇങ്ങിനെയൊരു പ്രഖ്യാപനം അന്നുള്ള ബ്രാഹ്മണരിൽനിന്നും വരും എന്ന് കരുതേണ്ട. കാരണം, അവർക്ക് ഈ ഉപഭൂഖണ്ടത്തിലെ ജനങ്ങളെ അറിയാം. തലകുനിച്ചാൽ, തലയിൽപിടിച്ച് കയറി, താഴെ ഉരുട്ടിയിടാനാണ് ഏവരും ശ്രമിക്കുക. തലയിൽക്കയറ്റിയാൽ, ചെകിടത്ത് കടിക്കും.

ഇങ്ങിനെയുള്ള ഒരു സാമൂഹികാന്തരീക്ഷത്തിൽ, ഇങ്ഗ്ളിഷ് കമ്പനി തയ്യാറാവുന്നത്, അവരുടെ കൈവശമുള്ള പാരമ്പര്യമായി ലഭിച്ച എല്ലാ മൂല്യമേറിയ വിവരവിജ്ഞാനങ്ങളും ഈ ഉപഭൂഖണ്ടത്തിലെ ജനത്തിന് കൈമാറാൻ തയ്യാറാകുക

മാത്രമല്ല, മറിച്ച്, അത് സംഭാവ്യമാക്കിമാറ്റാൻ, അവർ കഴിയുന്നതെല്ലാം ചെയ്യുകയും ചെയ്യും.


ഇങ്ഗ്ളണ്ടിൽ നിന്നും അൽപകാലത്തേക്ക് ഈ പ്രദേശത്തിൽ വരുന്ന ഇങ്ഗ്ളിഷുകാരിൽ പലർക്കും ഈ വിധം ആഴമില്ലാത്ത വിചാരധാരകൾ ഈ ഉപഭൂഖണ്ടത്തെക്കുറിച്ച് ഉണ്ടായിട്ടുണ്ട്.

ആളുകളെ എത്രവേഗത്തിൽ നന്നാക്കാൻ പറ്റും എന്ന്. അവർ പലവിധ കാര്യങ്ങളും ചെയ്ത് കാണിച്ച് തരും.

യഥാർത്ഥത്തിൽ ഈ വക കാര്യങ്ങൾ ഈ നാട്ടിലെ ആളുകൾക്ക് സ്വന്തമായി വിഭാവനം ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ അല്ല. എന്നാൽ, തൊട്ടടുത്ത് നിൽകുന്ന ഉദ്യോഗസ്ഥനോട് പോലും ഒന്ന് ധൈര്യമായി കാര്യങ്ങൾ ചർച്ചചെയ്യാൻ പറ്റുന്ന ഭാഷയല്ല ഇവിടെയുള്ളത്. ഈ വിവരം ഈ കയറിവരുന്ന ഇങ്ഗ്ളിഷുകാർക്ക് അറിയില്ല തന്നെ.

ഇനി ചിന്തിക്കേണ്ടുന്നത്, എന്താണ് ഇങ്ഗ്ളിഷ് അഭിരുചി, അഭിപ്രായങ്ങൾ, സാൻമാർഗ്ഗികതയും ധർമ്മാധർമ്മവിവേചനവും, ബുദ്ധിശക്തിയും മറ്റും എന്നാതാണ്. ഇവയെന്താണ് എന്ന് കാര്യമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കാരണം, ഈ കുറിപ്പ് എഴുതുന്ന എഴുത്തുകാരന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ, ഔപചാരിക വിദ്യാഭ്യാസം എന്നത്, ഈ വക കാര്യങ്ങൾ പഠിപ്പിക്കുക എന്നതായിരിക്കേണം ഉദ്ദേശിക്കുന്നത്.

36. ബ്യട്ടിഷ്-ഇന്ത്യയും ഇന്ത്യയും



Lord മെക്കോളെ 1830കളിൽ സൂചിപ്പിച്ച ഇങ്ഗ്ലിഷ് അഭിരുചി, അഭിപ്രായങ്ങൾ, സാൻമാർഗ്ഗികതയും ധർമ്മാധർമ്മവിവേചനവും, ബുദ്ധിശക്തിയും മറ്റും എന്താണ് എന്നതാണ് വിഷയം.

ഈ ചർച്ചാവിഷയം വളരെ ഗഹനമായ ഒന്നാകാൻ സാധ്യതകാണുന്നുണ്ട്. ഇന്ന് ഇന്ത്യയിൽ ഔപചാരിക വിദ്യാഭ്യാസത്തിൽ സിദ്ധാന്തോപദേശം (indoctrination) ചെയ്യപ്പെടുന്ന പലതരം കാര്യങ്ങളുടേയും ചങ്കിന് കൊള്ളുന്ന പല കാര്യങ്ങളും പറേയണ്ടിവന്നേക്കാം. ഇവിടെ ഈ വിഷയം എത്രമാത്രം അഗാധതയിലെക്ക് നീങ്ങും എന്ന് ഇപ്പോൾ പറയാൻ പ്രയാസമാണ്.

ഈ സംഗതിയെ പരിശോധിക്കാൻ എടുക്കുമ്പോൾ, ആദ്യം തന്നെ വ്യക്തമാകുന്നത്:

ഈ വിഷയം കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് പാരമ്പര്യങ്ങളെ ദക്ഷിണേഷ്യൻ സാംസ്ക്കാരിക പാരമ്പര്യങ്ങളുമായുള്ള ഒരു താരതമ്യവും, ഇവ രണ്ടും തമ്മിലുള്ള വ്യത്യാസങ്ങളും ചേർച്ചകളും എടുത്ത് കാണിക്കലാണ് സംഭവിക്കുക എന്ന്.

ഇങ്ഗ്ളിഷ് പാരമ്പര്യങ്ങൾ, യൂറോപ്യൻ ഭൂഖണ്ഡത്തിന് പുറത്തായി ഉള്ള, താരതമ്യേന ചെറിയ ഒരു ദ്വീപിനുള്ളിലെ നാല് കൂട്ടം ജനക്കൂട്ടങ്ങളിൽ വച്ച്, ഇങ്ഗ്ളണ്ട് എന്ന് ചരിത്രത്തിൽ അറിയപ്പെട്ടിരുന്ന പ്രദേശത്തെ പാരമ്പര്യങ്ങൾ ആണ്.

അവിടുള്ള രാജാക്കന്മാരുടേയും, റാണിമാരുടേയും, പ്രഭുക്കളുടേയും മറ്റും കാര്യമല്ല ഇവിടെ പഠനത്തിന് എടുക്കുന്നത്. മറിച്ച്, അവിടുള്ള സാധാരണജനങ്ങളുടെ കാര്യമാണ്. അവർ, അവർക്ക് സാമൂഹികമായി മുകളിൽ നിലകൊണ്ടിരുന്ന പ്രഭുക്കളോടും, രാജവംശക്കാരോടും എങ്ങിനെയാണ് ബന്ധപ്പെട്ടിരുന്നത് എന്നതും ഈ പഠനത്തിന് ആവശ്യമായി വന്നേക്കാം.

അതേ സമയം, Lord മെക്കോളെ 'ഇന്ത്യ' എന്ന് വിളിക്കുന്ന പ്രദേശം ബ്യട്ടിഷ്-ഇന്ത്യ എന്ന് ഇങ്ഗ്ളിഷുകാർതന്നെ നാമകരണം ചെയ്ത രാജ്യവും, അതിന് ചുറ്റും പല രാജവംശക്കാരും ഭരിച്ചിരുന്ന പ്രദേശങ്ങളും ഉൾപ്പെട്ടേക്കാം.

ഇവിടെ മുഖദാവിൽ തന്നെ പ്രസ്താവിക്കേണ്ടത്, ഈ രണ്ട് പ്രദേശങ്ങളും യഥാർത്ഥത്തിൽ 'ഇന്ത്യ'യല്ല. ബ്യട്ടിഷ്-ഇന്ത്യയുടെ ആരംഭത്തിന് മുന്നെ ഈ ഉപദ്വീപിൽ അങ്ങിനെ ഒരു 'ഇന്ത്യ' ഉള്ളതായി, ഈ ഉപദ്വീപിലെ ഏതെങ്കിലും ചരിത്ര രേഖകളിൽ ലിഖിതപ്പെട്ട് കാണുന്നുണ്ടോ എന്ന് സംശയമാണ്.

എന്നാൽ, പട്ട് നൂൽ ഉൽപ്പാദനത്തിന്റെ ഉൽപ്പാദന പ്രക്രീയാ-രഹസ്യം നൂറ്റാണ്ടുകളോളം പുറം ലോകക്കാർക്ക് അറിവ് കൊടുക്കാതെ പട്ട് കച്ചവടത്തിന്റെ കുത്തകവകാശം നൂറ്റാണ്ടുകളോളം നിലനിർത്തിയ ചൈനാ പ്രദേശത്തിന് തെക്ക്-പടിഞ്ഞാറായി ഒരു വലിയ ഭൂപ്രദേശമുണ്ട് എന്നും, അവിടെ നിന്നും പലവിധ കച്ചവട ചരക്കുകൾ ലോകത്തിലെ പല വ്യാപാരകേന്ദ്രങ്ങളിലേക്കും കടൽ കച്ചവടക്കാർ കൊണ്ടുവരാറുണ്ട് എന്നും പുറലോകത്തിൽ അറിയപ്പെട്ടിരുന്നു. ഈ ദിക്കിനെ പൊതുവായി ഹിന്ദ്, സിന്ധ് എന്നൊക്കെ ഈ വക കച്ചവട കേന്ദ്രങ്ങളിൽ വിളിച്ചിരുന്നു എന്നാണ് തോന്നുന്നത്.

ഈ പ്രദേശത്തിന്റെ വ്യക്തമായ ഭൂമിശാസ്ത്രപരമായ അതിരുകളെക്കുറിച്ചോ, ആ പ്രദേശത്ത് ഏതെല്ലാം രാജ്യങ്ങൾ ഉണ്ടായിരുന്നു വെന്നോ, ഈ കൂട്ടർക്ക് അറിവുണ്ടായിരുന്നോ എന്ന് അറിയില്ല. അമേരിക്കൻ ഭൂഖണ്ഡം എന്ന് പറയുന്നത് മാതിരി ഒരു വൻ പ്രദേശം.

37. അന്തർദ്ദേശീയ ചരിത്രങ്ങളിൽ ഉള്ള സ്ഥലനാമങ്ങൾ

അങ്ങിനെ നോക്കുമ്പോൾ, ഇന്ന് കേരളത്തിൽ ഔപചാരികമായി മാച്ച്കളയാൻ ശ്രമിക്കുന്ന പല സ്ഥലനാമങ്ങളും ഈ വക പ്രാചീന വാണിജ്യ കേന്ദ്രങ്ങളിൽ ഉപയോഗിച്ചിരുന്നു. ഉദാഹരണത്തിന്, Calicut (കോഴിക്കോട്), Quilon (കൊല്ലം), Cape Comerin (കന്യാകുമാരി), Cannanore (കണ്ണൂര്), Cochin (കൊച്ചി), Laccadives (ലക്ഷദ്വീപുകൾ). ഇനിയുമുണ്ട്.

Calico തുണി പുരാതന കാലത്ത് തന്നെ ലോക വിപണിയിലേക്ക് ഉൽപ്പാദിപ്പിച്ച് അയച്ച സ്ഥലമാണ് Calicut. 11ആം നൂറ്റാണ്ടിൽ ഇങ്ങിനെ Calicutൽ നിന്നും Calico തുണി യൂറോപ്യൻ കമ്പോളകേന്ദ്രങ്ങളിൽ വിൽപ്പനയ്ക്ക് എത്തിയതായി രേഖകൾ ലഭിച്ചിട്ടുണ്ട് എന്ന് കാണുന്നു.



ഇത് പോലെ തന്നെ, അവ്യക്തമായ അതിരുകൾ ഉള്ള, കിഴക്കൻ പ്രദേശങ്ങളിൽ ഉള്ള ഒരു വലിയ പ്രദേശത്തിന് പുറം ലോകത്ത് ഹിന്ദ് എന്നോ സിന്ധ് എന്നോ മറ്റോ വിളിച്ചതായി കാണാവുന്നതാണ്. എന്നാൽ, ഈ പ്രദേശത്തുള്ള ആരും തന്നെ, താനൊരു ഇന്ത്യക്കാരനാണെന്നോ, ഇന്ത്യൻ രാജാവാണെന്നോ അവകാശപ്പെട്ടതായി കാണുന്നില്ല. രാമനോ, അർജ്ജുനനോ, അങ്ങിനെയൊരു അവകാശം നടത്തിയതായി ആർക്കെങ്കിലും അറിവുണ്ടോ എന്ന് അറിയില്ല. അലാവുദ്ദീൻ കിൽജിയോ, അക്ബറോ, ഔറങ്കസേബോ, അങ്ങിനെ പറഞ്ഞതായി കാണുന്നില്ല.

ബ്യട്ടിഷ്-ഇന്ത്യക്ക് മുൻപ്, ഈ ഉപഭൂഖണ്ടത്തിൽ ഉണ്ടായിരുന്ന രാജ്യങ്ങളേയും, രാജാക്കന്മാരേയും ഇന്ത്യൻ രാജ്യം എന്നും ഇന്ത്യൻ രാജാവ് എന്നുമൊക്കെ പറയുന്നത് ശുദ്ധ വിഡ്ഢിത്തമാണ്.

ഇങ്ങിനെ ഒരു വാക്ക് പ്രയോഗം ശരിയാണെങ്കിൽ, ഇന്നുള്ള പാക്കിസ്ഥാൻ പ്രദേശത്തുണ്ടായിരുന്ന പഴയകാല രാജാക്കളെ 'പാക്കിസ്ഥാനി' രാജാക്കൾ എന്നും, ബംഗ്ളാദേശ് പ്രദേശത്തുള്ള പഴയകാല രാജാക്കന്മാരെ 'ബംഗ്ളാദേശി' രാജാക്കളെന്നും വളിക്കാവുന്നതാണ്. എന്നാൽ, അമിതവിദ്യാഭ്യാസം ലഭിച്ച കുറേ പേരുടെ വിഡ്ഢിത്തങ്ങൾ മാത്രമാണ് ഇവ. ഇന്ന് വിക്കീപീഡിയയുടെ ഇന്ത്യൻ പേജുകൾ ഈ വിരുതന്മാരാണ് കൈകാര്യം ചെയ്യുന്നത്. അതിനാൽ ഈ വിധ jingoist ആശയങ്ങൾ വിക്കിപീഡിയയിൽ നൂറുകണക്കിന് പേജുകളിൽ സ്ഥലം പിടിച്ചിട്ടുണ്ട്.

ഈ ഉപഭൂഖണ്ടത്തിന്റ ചരിത്രത്തിലെ അടിസ്ഥാന ഘടകങ്ങളിലേക്ക് ഇപ്പോൾ കടക്കാൻ ആവില്ലതന്നെ.

ഈ ഉപഭൂഖണ്ടത്തിൽ, അനവധി വ്യത്യസ്ത തരക്കാരായുള്ള ജനക്കൂട്ടങ്ങൾ ഉണ്ട്. ഭാഷകളിലും, സംസ്ക്കാരിക ചടങ്ങുകളിലും, ആരാധനാ അനുഷ്ഠാനങ്ങളിലും

തമ്മിൽതമ്മിൽ കാര്യമായ വ്യത്യാസം ഇവരെല്ലാം തമ്മിൽ ഉണ്ട്. അതേ സമയം, മിക്ക ജനക്കൂട്ടങ്ങളിലും ബ്രാഹ്മണ ജാതിക്കാരോട് അടുപ്പത്തിൽ എത്താൻ ഉള്ള ഒരു ആഗ്രഹം പൊതുവേ കാണുന്നുണ്ട്.

ഫ്യൂഡൽ ഭാഷകളിൽ നിന്നും നോക്കിയാൽ, ഇതിൽ വലിയ ആശ്ചര്യത്തിന് വകയില്ലതന്നെ. കാരണം, വലിയവരോട് ബന്ധം ഉണ്ട് എന്ന് സ്ഥാപിക്കാൻ പറ്റുന്നതാണ് ഭാഷാകോഡുകളിൽ സ്വർണ്ണത്തിന്റെ മൂല്യം നൽകുന്നത്.

ഉപദ്വീപിന്റെ വടക്കൻ പ്രദേശങ്ങളിൽ ദേവനാഗരി ലിപിയും ഹിന്ദിക്ക് അടുത്തുള്ള ഭാഷകളും ആണ് ഉള്ളത് എന്ന് പൊതുവായി പറയപ്പെടുന്നു. എന്നാൽ, ഇത് യഥാർത്ഥത്തിൽ ശരിയാകണമെന്നില്ല. കാരണം, സംസ്കൃതവും ഹിന്ദിയും മറ്റുമായി കാര്യമായ ബന്ധമില്ലാത്ത മറ്റ് ഭാഷകളും ഈ പ്രദേശങ്ങളിൽ വെറും രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് പ്രചാരത്തിൽ ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. ഉദാഹരണത്തിന്, പാലി, പ്രകൃത്, മഗദി, അർദ്ധമഗദി തുടങ്ങിയവ. ഇവയിൽ ഏതിനൊക്കെ, സംസ്കൃതവുമായോ, ഹിന്ദിയുമായോ ബന്ധമുണ്ട് എന്ന് അറിയില്ല. എന്നാൽ, ചിലതിന് ബന്ധമില്ലതന്നെ.

അതേ സമയം, ഉപദ്വീപിന്റെ ദക്ഷിണ ഭാഗത്ത് മുഖ്യമായുള്ളത് തമിഴായിരിക്കാം. തിരുവിതാംകൂർ രാജ്യത്തിന്റെ പഴമ പോലും തമിഴായിരുന്നു എന്ന് രേഖപ്പെടുത്തിക്കാണുന്നു (Travancore State Manual). പുരാതന കാലത്തെ ഓണത്തിനെക്കുറിച്ചുള്ള രേഖപോലും തമിഴ് ശിലാലിഖിതത്തിൽ ആണ് കാണപ്പെട്ടത് എന്നും ഇതേയിടത്ത് രേഖപ്പെടുത്തിയതായി കാണുന്നു. മഹാബലിക്കും തിരുവിതാംകൂറിനും തിമിഴ് പാരമ്പര്യമായിരിക്കുമോ?

ഇവിടെ രേഖപ്പെടുത്തേണ്ടത്, ഈ എഴുത്തുകാരൻ ഈ വിഷയത്തെ (തിരുവിതാംകുറിന്റെയും ഓണത്തിന്റേയും തമിഴ് പാരമ്പര്യം) ഗഹനമായി പഠനത്തിന് വിധേയമാക്കിയിട്ടുള്ള ആളല്ല. വെറുതെ തോന്നിയ ഒരു കാര്യം പറഞ്ഞു എന്നേ ഉള്ളു.

38. എവിടാണ് ഈ ഇന്ത്യ?

യൂറോപ്പിൽ പൊതുവെ 'ഇന്ത്യ' എന്ന ഒരു പ്രദേശത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അറിവുണ്ടായിരുന്നു.

അവിടെ എല്ലാ വീടുകളിലും നിർബന്ധമായും അവശ്യവസ്തുവായ കുരുമുളക് ഇന്ത്യയിൽ നിന്നുമാണ് വരുന്നത് എന്നത് ഒരു കാരണമായേക്കാം. ശീതകാലത്ത് ഇറച്ചി പുകയിൽ ഇട്ട് ഉണക്കുന്നതിന് മുന്നെ, അതിനെ കുരുമുളക് പൊടിയിൽ പൊതിയും. ഇങ്ങിനെ ചെയ്താൽ, ഇറച്ചി കേട്കൂടതെ വളരെ കാലം നിലനിൽക്കും. ഇറച്ചിക്ക് മാർദ്ദവം ഏറും. സ്വാദും കൂടും. ഈ അത്ഭുത വസ്തുവിനെ സ്വർണ്ണത്തിനെപ്പോലെയാണ് ജനം കണ്ടിരുന്നത്. വൻവില.

ഇത്, എവിടെ നിന്നുമാണ് വരുന്നത്?

അവരുടെ ഉത്തരം, 'ഇന്ത്യയിൽ നിന്നും'.

എന്നാൽ, ഈ ഉത്തരം വെറും അവ്യക്തമായ ഒന്നാണ്.

യഥാർത്ഥ ഉത്തരം, മലബാറിൽനിന്നും, മലബാറിന് തെക്കായുള്ള കൊച്ചി, കൊല്ലം, അനന്തൻകാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എന്നാണ്. കാരണം, ഈ ഉപഭൂഖണ്ടത്തിന്റെ മറ്റെവിടെയും ഈ കുരുമുളക് ലഭിക്കില്ല അന്ന്. (ഈ ഉപഭൂഖണ്ടത്തിന്റെ മറ്റ് ചിലയിടങ്ങളിൽ pepperന് ബദലായുള്ള മറ്റൊരു വസ്തു ലഭ്യമായിരുന്നു. പിപ്പിലി (long pepper). എന്നാൽ ഇതിന് ഗുണമേന്മ കുറവായിരുന്നു).



The ancient world of Herodotus
Author Putzger Source: Putzger's Historischer Schul-Atlas (1877)

യൂറോപ്പിലെ മെഡിറ്ററേനിയൻ കടൽത്തീരത്തുള്ള വെന്നിസ്സിലേക്ക് വരെയുള്ള ഈ കച്ചവടം അറബി കച്ചവടക്കാർ കുത്തകയായി നൂറ്റാണ്ടുകളോളം പിടിച്ചുനിർത്തി. അവിടെ നിന്നും അത് വെനീഷ്യൻ കച്ചവടക്കാരുടെ കുത്തകയായിരുന്നു എന്നാണ് തോന്നുന്നത്.

അറബികച്ചവടക്കാർക്ക് മുന്നെ വേറെ പലരും ഈ കച്ചവടം നടത്തിയിരുന്നു എന്ന് തോന്നുന്നു. ഈ കുത്തക തകർത്തത് വാസ്കോ ഡി ഗാമയുടെ വരവാണ്. ഗാമ കുരുമുളകിന്റെ നാടായ ഇന്ത്യയിൽ എത്തി എന്നാണ് യൂറോപ്പിൽ വന്ന വാർത്ത. യഥാർത്ഥത്തിൽ എത്തിയത് തെക്കേ മലബാറിന്റെ വടക്കൻ പ്രദേശത്തായിരുന്നു.

ഇതേ 'ഇന്ത്യ'യിലേക്കുള്ള മറ്റൊരു പാത കണ്ടെത്താനായി കൊളംബസ് പോയി. എത്തിയത് അമേരിക്കൻ ഭൂഖണ്ടത്തിൽ. അതോടെ, അവിടുത്തുകാരും 'ഇന്ത്യ'ക്കാരായി. 1990ന് മുമ്പ് വരെ, അമേരിക്കയിൽ 'ഇന്ത്യൻ' എന്ന് പറഞ്ഞാൽ പൊതുവായി മനസ്സിൽ ഉദിക്കുക, ഈ 'ഇന്ത്യ'ക്കാരുടെ കാര്യമാണ്.

ഇങ്ങിനെ ഭൂഖണ്ട യൂറോപ്പുകാർ ലോകത്തിൽ രണ്ട് വ്യത്യസ്ത തരം ഇന്ത്യക്കാരെ സൃഷ്ടിച്ചു. ഒന്ന് പടിഞ്ഞാറും, മറ്റേത് കിഴക്കും.

പടിഞ്ഞാറുള്ളത് അല്ല കുരുമുളകിന്റെ ഇന്ത്യയെന്ന് മനസ്സിലാക്കി, ആ പ്രദേശത്തിന് അമേരിക്ക എന്ന് പേരും നൽകി. എന്നാൽ അവിടുത്തുകാരെ ആരും അമേരിക്കക്കാർ എന്ന് വിളിക്കാറില്ല. മറിച്ച്, അവിടുള്ള പ്രാദേശികവാസികൾ ഇന്ത്യക്കാരായി നിലനിന്നു. ഏതാണ്ട് 1990വരെ.

അതിന് ശേഷം, ഐറ്റി മേഘലയിൽ താഴ്ന്ന കൂലിക്ക് തൊഴിൽ ചെയ്യാനായി പുറം നാടുകളിൽ നിന്നും ആൾക്കൂട്ടം അമേരിക്കയിൽ നിറഞ്ഞപ്പോൾ, അതിൽ ഒരു വൻ വിഭാഗം ഇന്ത്യാ രാജ്യത്തിൽ നിന്നുമായിരുന്നു. അതോടെ, അവിടുള്ള പ്രാദേശിക ഇന്ത്യക്കാരുടെ തിരിച്ചറിയൽ വാക്കായ 'ഇന്ത്യൻ' എന്നതിൽ ആശയക്കുഴപ്പം വന്നുചേർന്നു.

39. കേരളോൽപ്പത്തിയുടെ ഉൽപ്പത്തി

ഇവിടെ പ്രസക്തമല്ലാത്ത ഒരു ചെറിയ കാര്യം പറഞ്ഞിട്ട് മുന്നോട്ട് നീങ്ങാം എന്നു തോന്നുന്നു. ലോകൈകമായി പഴയ കാലങ്ങളുമായി ബന്ധപ്പെട്ട പല എഴുത്തുകളും യാദൃശ്ചികമായി പലപ്പോഴും വായിക്കുന്ന അവസരങ്ങളിൽ, 'മലബാർ' (Malabar) എന്ന സ്ഥലത്തെക്കുറിച്ച് പലപ്പോഴും അങ്ങുമിങ്ങും സൂചിപ്പിച്ച് കാണാറുണ്ട്. അത് പോലെ തന്നെ, നേരത്തെ സൂചിപ്പിച്ച Calicut, Quilon, Cape Comerin, Cannanore, Cochin, Laccadives തുടങ്ങിയ സ്ഥലങ്ങളും ചിലപ്പോഴെല്ലാം പഴയകാല അന്തർദ്ദേശീയ എഴുത്തുകളിൽ കാണാറുണ്ട്. എന്നാൽ, 'കേരളം' എന്ന ഒരു സ്ഥലനാമം അങ്ങിനെ എവിടെയും കണ്ടതായി ഓർക്കുന്നില്ല.

ഉദാഹരണത്തിന്, മാർക്കൊ പോളോയുടെ (Marco Polo) യാത്രാവിവരണങ്ങൾ പണ്ട് കുട്ടിക്കാലത്ത് വായിച്ചപ്പോൾ, മലബാറിനെക്കുറിച്ച് കാര്യമായിത്തന്നെ ഒരു വിവരണം കണ്ടതായി ഓർക്കുന്നു. Marco Polo 1300കളിൽ ജീവിച്ച വ്യക്തിയാണ്.

'കേരളം' എന്ന സ്ഥലനാമം അങ്ങിനെ എവിടെയും കണ്ടതായി ഓർക്കുന്നില്ല. എന്നാൽ അന്വേഷിച്ച് ചെന്നാൽ, എവിടെയെങ്കിലും കണ്ടെത്തിയേക്കാനായേക്കാം.

എന്നാൽ ഇന്ന് കേരള സംസ്ഥാനത്ത്, ഐതിഹാസിക കാലഘട്ടങ്ങളിലേക്ക് ചരിത്ര പഠനം ഊന്നൽ കൊടുക്കുന്നുണ്ടോ എന്ന് അറിയില്ല.

കേരളമാഹാത്മ്യവും, കേരളോൽപ്പത്തിയും കേരളത്തിന്റെ ഉൽപ്പത്തിയെക്കുറിച്ച് പറയുന്നുണ്ട് എന്നാണ് അറിയുന്നത്. ഇവയിൽ പരശുരാമന്റെ കഥ പറയുന്നുണ്ട് എന്നും പറയപ്പെടുന്നു. ഈ കഥയിൽ യാതോരു വാസ്തവവും ഇല്ലാ എന്ന് പറയാൻ പറ്റില്ല. എന്നാൽ, ആ കഥയിൽ സൂചിപ്പിക്കപ്പെടുന്ന ജനക്കൂട്ടങ്ങളും ഇന്ന് മലബാറിലും, തിരുവിതാംകൂറിലും ഉള്ള ജനങ്ങളുമായി കാര്യമായ ബന്ധം ഉണ്ടോ എന്ന് തീർത്ത് പറയാൻ ആവുമോ?

കേരളമാഹാത്മ്യവും, കേരളോൽപ്പത്തിയും ചരിത്രാതീത കാലഘട്ടങ്ങളിൽ ചരിത്ര സംഭവങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങൾ അല്ലാ എന്നാണ് പറയപ്പെടുന്നത്. മറിച്ച്, വളരെ അടുത്ത കാലഘട്ടങ്ങളിൽ എഴുതപ്പെട്ടവയാണ് എന്ന് പറയപ്പെടുന്നു.

കേരളോൽപ്പത്തിക്ക് വെറും ഒരു നൂറ്റാണ്ട് പഴക്കമേയുള്ളു എന്ന് Travancore State Manualൽ അഭിപ്രായപ്പെടുന്നുണ്ട്.

QUOTE from Travancore State Manual (1906): 'Keralolpatti, — a treatise, the statements in which however should be taken *cum grano salis*, for it is only, after all, a collection of the best available materials known to the people of Malabar more than a century ago.' END OF QUOTE

കേരളമാഹാത്മ്യത്തിന്റെ കാര്യവും തഥൈവ എന്നാണ് സൂചിപ്പിച്ച് കാണുന്നത്. ഈ രണ്ട് ഗ്രന്ഥങ്ങളും ബ്രാഹ്മണ മേധാവിത്വത്തെ ന്യായീകരിക്കാൻ വേണ്ടി കരുതിക്കൂട്ടി ചമച്ചതാണ് എന്നും അവകാശപ്പെട്ടുകാണുന്നു.

ഈ വിഷയം ഇവിടെ വിടുകയാണ്. എന്തെങ്കിലും ഒന്ന് തൊട്ട് പോയാൽ, എഴുത്തിന്റെ ഒഴുക്കിന്റെ ദിശ കാര്യമായി വ്യതിചലിച്ചേക്കാം.

40. പുതിയ പശ്ചാത്തലം ഉണ്ടാക്കിക്കൊണ്ടുള്ള മുന്നോട്ടുള്ള നീക്കം

ഇനി പറയാനുള്ളത്, Lord Macaulay സൂചിപ്പിച്ച വിഷയം താരതമ്യ പഠനത്തിന് എടുക്കുമ്പോൾ, ഈ ഉപദ്വീപിന്റെ വശമായി തിരുവിതാംകൂറിനെ ആണ് എടുക്കാൻ ഉദ്ദേശിക്കുന്നത്. കാരണം ഈ ഉപദ്വീപിലെ മിക്ക ഭാഷകളിലും ഉച്ചനീചത്വ ഫ്യൂഡൽ ഭാഷാ സവിശേഷതയുണ്ട്. പണ്ട് കാലങ്ങളിൽ, വടക്കും തെക്കും ഉള്ള ഈ ഭാഷകളുടെ പൊതുവായുള്ള മുകളിലോട്ടുള്ള ഫോക്കസ് ബ്രാഹ്മണ മേധാവിത്വത്തിലേക്കാണ് ദൃഷ്ടികേന്ദ്രീകരിച്ചിരുന്നത് എന്ന് തോന്നുന്നു.

ഇത് സങ്കീർണ്ണമായ ഒരു വിഷയമാണ് ഇവിടെ ചർച്ചക്ക് എടുക്കാൻ ആവില്ലതന്നെ. മുസൽമാന്മാരും, ക്യസ്ത്യാനികളും, മറ്റ് മതസ്തരും ഈ വിഷയത്തെ കൂടുതൽ സങ്കീർണ്ണമാക്കും. പോരാത്തതിന്, ഈ ഉപദ്വീപിന്റെ വടക്ക് കിഴക്കായുള്ള പ്രദേശങ്ങൾ തികച്ചും വ്യത്യസ്തമായ ജനക്കൂട്ടങ്ങളാണ്. അവരുടെ ഭാഷകളുടെ ഉച്ചനീചത്വ സ്വഭാവമോ, അതിന്റെ സാമൂഹിക ദൃഷ്ടികേന്ദ്രമോ എന്താണ് എന്ന് ഈ എഴുത്തുകാരന് അറിയില്ലതന്നെ.

ഈ കാരണത്താൽത്തന്നെ തിരുവിതാംകൂറിലെ സാംസ്ക്കാരിക ചരിത്രത്തെ ആസ്പദമാക്കിയാണ് ഈ ഉപദ്വീപിന്റെ പക്ഷത്തെ സംവാദത്തിന് എടുക്കുന്നത്.

ഗണിതത്തിലെ Calculusൽ dy/dx എന്ന ഒരു ഗണിത പദ്ധതിയുള്ളതായി ഓർമ്മവരുന്നു. വലിയ ഒരു കാര്യത്തിന്റെ ചെറിയ ഒരു തുണ്ട് എടുത്ത്, അതിനെ Calculusന്റെ പ്രക്രിയയിലൂടെ നീക്കി ആ വലിയ കാര്യത്തിന്റെ വ്യാപകമായ സവിശേതകൾ കണക്ക് കൂട്ടാം.

ഇതേ പോലെ തന്നെയാണ്, തിരുവിതാംകൂർ സാംസ്ക്കാരിക ചരിത്രത്തിലെ ചെറിയ തുണ്ടുകൾ ഉപയോഗിച്ച്, ഈ ഉപദ്വീപിലെ പൊതുവായുള്ള സാംസ്ക്കാരിക ചരിത്ര സവിശേഷതകളെ വിഭാവനം ചെയ്യാൻ പോകുന്നത്.

Lord മെക്കോളെയുടെ ഒരു ചെറിയ വാക്യത്തെ വിശകലനം ചെയ്യാനായി ഇത്രമാത്രം എന്തിനെഴുതി എന്ന തോന്നൽ വന്നേക്കാം. ഇതിനുള്ള വ്യക്തമായ കാരണം ഇതാണ്:

ഈ എഴുത്തുകാരൻ പറയുന്ന പലകാര്യങ്ങൾക്കും ഔപചാരിക വിദ്യാഭ്യസത്തിന്റെ പിന്തുണ ലഭിക്കില്ലതന്നെ. ഈ വ്യത്യാസം മുന്നേതന്നെ പ്രഖ്യാപിക്കാതെ പൊതുവായുള്ള പലതും പറഞ്ഞാൽ, അവ പലപ്പോഴും പൊതുയുക്തിക്ക് യോജിച്ചതായി തോന്നിയേക്കില്ല. അതിനാൽ, തന്നെ, പറയുന്ന കാര്യങ്ങൾക്ക് ശക്തമായ ഒരു പശ്ചാത്തലം പുതുതായിതന്നെ ഉണ്ടാക്കിക്കൊണ്ടാണ് ഇനി അങ്ങോട്ട് നീങ്ങേണ്ടത്.

41. പ്രോത്സാഹിപ്പിക്കപ്പെടുന്നത് ഇങ്ഗ്ളിഷ് പാരമ്പര്യങ്ങൾ

ദുർവ്യാഖ്യാനിക്കപ്പെട്ട Lord Macaulayയുടെ ലക്ഷ്യത്തിന്റെ പ്രസ്താവന ഇതാണ്: "a class of persons, Indian in blood and colour, but English in taste, in opinions, in morals, and in intellect."

ഈ പ്രസ്താവനയിൽ മുഖദാവിൽത്തന്നെ ഒരു പ്രത്യേകത കാണാവുന്നതാണ്. ഈ ഉപഭൂഖണ്ഡത്തിൽ, വെള്ളക്കാരുടേയോ, യൂറോപ്യന്മാരുടേയോ, ബ്യട്ടിഷുകാരുടേയോ സ്വഭാവ സവിഷതകൾ അല്ല പഠിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നത്. മറിച്ച്, എല്ലാകാര്യങ്ങളിലും ഇങ്ഗ്ളിഷ് ആദർശങ്ങളാണ് പൂർണ്ണമായും പ്രോത്സാഹിപ്പിക്കപ്പെടുവാൻ ശ്രമിക്കുക.

മറ്റ് പലയിടത്തും, 'യൂറോപ്പ്' എന്ന വാക്ക് ഇങ്ഗ്ളിഷ് സംവിധാനങ്ങൾക്ക് ഒരു പര്യായമായി ഉപയോഗിച്ച ഇദ്ദേഹം, ഈ പ്രസ്താവനയിൽ എന്ത് കൊണ്ടാണ് 'യൂറോപ്പ്' എന്ന പദത്തേയും, 'ബ്യട്ടിഷ്' എന്ന പദത്തേയും അവഗണിച്ചത് എന്നത് ഒരു ആശ്ചര്യമായി തോന്നിയേക്കാം. എന്നാൽ വാസ്തവം പറയുകയാണെങ്കിൽ യൂറോപ്പിലേയും, ബ്യട്ടണിലെത്തന്നെ സ്ക്കോട്ടിഷ്, വെയ്ൽസ്, ഐറിഷ് സമൂഹിക സ്വഭാവങ്ങളുമായി ഇങ്ഗ്ളിഷ് സാമൂഹിക സ്വഭാവങ്ങൾക്കും പാരമ്പര്യങ്ങൾക്കും കാര്യമായ വ്യത്യാസം ഉണ്ട്.

Lord മെക്കോളെ 'ഇങ്ഗ്ളിഷ്' എന്ന പദം ഉപയോഗിച്ചത് തികച്ചും കരുതിക്കൂട്ടിതന്നെയാണ്.

ഇങ്ഗ്ളിഷ് പാരമ്പര്യങ്ങളിൽ 'chivalry' എന്ന ഒരു വാക്ക് ഉണ്ട്. ഇത് ഇങ്ഗ്ളിഷ് ഭാഷയുമായി ബന്ധപ്പെടുത്തി വീക്ഷിക്കുമ്പോൾ, സ്ത്രീകളോട് മാന്യമായ പെരുമാറ്റം എന്നതിലേക്കാണ് ഊന്നിനിൽക്കുക. എന്നാൽ യൂറോപ്യൻ സാമൂഹിക പാരമ്പര്യവുമായി ബന്ധപ്പെടുത്തി ഈ വാക്കിനെ കാണുമ്പോൾ, യൂറോപ്യൻ ഫ്യൂഡൽ സംസ്ക്കാരവുമായി ബന്ധപ്പെട്ടാണ് കാണപ്പെടുക.

ഇങ്ഗ്ളിഷ് ഐതിഹാസിക വ്യക്തിത്വമായ King Aruthurറും, അദ്ദേഹത്തിന്റെ Knights at the round tableളും മറ്റുമായ പാരമ്പ്യങ്ങളുമായി ഈ വാക്ക് ഇടകലർന്ന് നിൽക്കുന്നതായി കാണാം.

മാത്രവുമല്ല, 'Gentlemen' എന്ന ഒരു വാക്കുമായി ഇതിനെ ബന്ധപ്പെടുത്താവുന്നതാണ്.

ഇതിന്റെയെല്ലാം കാതൽ ആയുള്ള കാര്യം സ്ത്രീകളോട് 'respectful' ആയി പെരുമാറുക എന്നുള്ളതാണ്. ഇവിടെ നൽകിയ 'respectful' എന്ന വാക്കിന് ഈ ഉപഭൂഖണ്ഡത്തിലെ ഭാഷകളിൽ മതിയായ ഒരു അർത്ഥം ലഭിക്കില്ലതന്നെ. കാരണം, ഇങ്ഗ്ളിഷിൽ സൂചിപ്പിക്കുന്ന 'respect'ഉം, മലയാളത്തിനെ 'ബഹുമാനവും' തമ്മിൽ വളരെ ചെറിയ അടുപ്പമേയുള്ളു.

42. മൃഗീയമായ നഖം കൊണ്ടു പിടികൂടപ്പെട്ട അവസ്ഥ

മലയാളത്തിൽ ജന്മിമാരായ ആളുകൾ കീഴിൽ വരുന്ന സ്ത്രീകളെ 'നീ', 'എടീ', 'എന്താടീ?' എന്നെല്ലാം സംബോധനചെയ്യുകയും, 'അവൾ' എന്ന് പരാമർശവാക്കായി ഉപയോഗിക്കുകയും ചെയ്യും. മലബാറിയിൽ, 'ഇഞ്ഞ്' എന്ന് സംബോധന ചെയ്യുകയും, 'ഓള്', 'അളെ', 'എന്താളെ?' എന്നെല്ലാം പരാമർശിക്കുകയും ചെയ്യും. ഇങ്ങിനെ ചെയ്യുമ്പോൾ ഇങ്ഗ്ളിഷിൽ സങ്കൽപ്പിക്കാൻപോലും പറ്റാത്ത ഒരു മൃഗീയമായ നഖം കൊണ്ടു പിടികൂടപ്പെട്ട അവസ്ഥ കീഴിൽപ്പെട്ടുപോയവരിൽ വരും.

അതേ സമയം, ഇങ്ഗ്ളിഷ് സംസാരിക്കുന്ന സ്തീകളും വ്യത്യസ്തരാണ്. അവരേക്കാൾ സാമൂഹികമായി താഴ്ന്നവരായി അവർ മനസ്സിലാക്കുന്നവർ അവരുടെ അടുത്ത് പോയി സംസാരിച്ചാൽ, അവർ തിരിച്ച് 'നീ' '/ഇഞ്ഞ്', 'അവൻ'/ 'ഓൻ', 'അവൾ' /'ഓള്', 'എന്താടാ?' /'എന്താനെ?', 'എന്താടി?' /'എന്താളെ?' തുടങ്ങിയ തരം താഴ്ത്തുന്ന പദപ്രയോഗങ്ങൾ ഉപയോഗിക്കില്ലതന്നെ. അങ്ങിനെ നോക്കുമ്പോൾ ഇങ്ഗ്ളിഷ് സംസാരിക്കുന്ന സ്ത്രീകളും, അവരോട് Gentlemenആയി പെരുമാറേണ്ടുന്ന പുരുഷരും, ഫ്യൂഡൽ ഭാഷകളിലെ സ്ത്രീകളും പുരുഷന്മാരും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്.

ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന സ്ത്രീകളും പുരുഷന്മാരും അപമര്യാദാപരമായിത്തന്നെയാണ് അവർ ബഹുമാനിക്കാത്തവരോട് പെരുമാറുക. ബഹുമാനം എന്നുള്ളത്, ആളുടെ നന്മയോ, മാനസിക ശുദ്ധതയോ മറ്റോ ഉള്ളവർക്ക് അല്ല അവർ നൽകുക. മറിച്ച് അവർക്ക് ഏതെങ്കിലും രീതിയിൽ ഭയമുള്ളവരോടോ, അവർക്ക് എന്തെങ്കിലും കാര്യ സാധ്യത നൽകുന്നവരോടോ ആണ് ബഹുമാനം അവർ നൽകുക.

താഴെ നൽകിയിട്ടുള്ളത്, ഇങ്ഗ്ളിഷ Nursery Rhymeകളിലെ കഥകളും, ഇങ്ഗ്ളിഷ് നാടോടിക്കഥകളും കോർത്തിണക്കി സൃഷ്ടിച്ച ഒരു സിനിമയിൽനിന്നുമുള്ള രംഗമാണ്. പഴയ കാല



Video clip from 'March of the Wooden Soldiers'

ഇങ്ഗ്ളണ്ടാണ് പ്രതിനിധീകരിക്കപ്പെടുന്നത്.

ദുഷ്ടനായ നാട്ടുപ്രമാണി, ചെമരിയാടുകളെ മേക്കുന്ന Little Bo Peep എന്ന പെൺകുട്ടിയോട് തന്നെ വിവാഹം കഴിക്കാൻ നിർബന്ധിക്കുന്ന രംഗമാണ്. എന്നാൽ, ഫ്യൂഡൽ ഭാഷകളിൽ നിന്നും വീക്ഷിച്ചാൽ, ഈ ആളിൽ ഒരു പ്രത്യേകമായുള്ള ദുഷ്ടത കാണാൻ പ്രയാസം ആണ്. അയാൾ ആ കന്യകയെ നീഎന്നോ, എടീ എന്നോ, അതുപോലുള്ള വാക്കുകൾ ഉപയോഗിക്കുന്നില്ല. മാത്രവുമല്ല, Little Bo Peep അയാളെ സംബോധനചെയ്യുന്നതും Mr. Barnabeeഎന്നാണ്.

ഈ വിധമുള്ള ഉയർന്ന നിലവാരമുള്ള ഒരു വ്യക്തിത്വം സാധാരണക്കാരിൽ, ഫ്യൂഡൽ ഭാഷകൾക്ക് സൃഷ്ടിക്കാനാവില്ലതന്നെ.

ഇന്നുള്ള ഇങ്ഗ്ളണ്ടിൽ ഫ്യൂഡൽ ഭാഷക്കാർ നിറഞ്ഞ്, ഈ മാതിരിയുള്ള ലളിത വ്യക്തിത്വത്തെ ഏതാണ്ടൊക്ക് തേച്ച് ഇല്ലാതാക്കിയിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു. കാരണം, നീ /ഇഞ്ഞി, എടാ /അനെ, എടീ /അളെ, അവൻ/ഓൻ, അവൾ/ഓള്, അവറ്റകൾ /ഐറ്റിങ്ങൾ തുടങ്ങിയ പദപ്രയോഗങ്ങൾ മനസ്സിൽ വെക്കുകയും മറ്റ് ആളുകളുടെ വ്യക്തിത്വത്തെ നുറുക്കിക്കളയാൻമാത്രം ശക്തിയുള്ള ആവരുടെ നോട്ടത്തിനും മുഖഭാവത്തിനും മറ്റ് ശരീരഭാഷകൾക്കും മുന്നിൽ, ആർക്കും തന്നെ ലളിതമായ വ്യക്തിത്വം നിലനിർത്താൻ ആവില്ലതന്നെ. ഇങ്ഗ്ളിഷ് സ്ത്രീകളിൽ ഒരു തരം പുരുഷത്വ ഭാവംം തന്നെ ഈ കൂട്ടരുടെ സാന്നിദ്ധ്യം പ്രകോപിപ്പിച്ചിട്ടുണ്ട്.

43. ഓലക്കുടയുടെ സാമൂഹിക മഹിമ

ഫ്യൂഡൽ ഭാഷകളിലെ ഭയാനകത്വം ജന്മി അടിയാനോടോ, മറ്റ് കീഴിൽ വരുന്നവരോടോ, തരംതാഴ്ത്തുന്ന വാക്ക് കോഡുകൾ ഉപയോഗിക്കും എന്നുള്ളത് മാത്രമല്ല. മറിച്ച്, കീഴിൽ വരുന്നവർക്കും ഇതേ കോഡുകൾ അവരുടെ അടുത്തുവരുന്ന ആരുടേയും മേൽ ഉപയോഗിക്കാൻ പറ്റും എന്നുള്ളതാണ്.



Nair lady holding the ola-kuda to retain respect from the lower castes

ഇതും പ്രാദേശിക സാമൂഹികാന്തരീക്ഷത്തിൽ കാര്യമായ ഭയപ്പാടുകൾ നിരത്തിയിരുന്നു. സാമൂഹിക പദവി പ്രദർശിപ്പിച്ച് കൊണ്ട് മാത്രമേ പുറത്ത് ഇറങ്ങാൻ പറ്റുള്ളൂ. അല്ലെങ്കിൽ, ചെറുപ്രായക്കാരിയായ ലക്ഷ്മിക്കുട്ടി തമ്പുരാട്ടി, തീയ്യ സ്ത്രീകളുടെ മുന്നിൽപ്പെട്ടാൽ, വെറും, 'ലച്മിയും', 'ഓളും', 'ഇഞ്ഞിയും' ആയിപ്പോകും, മലബാറിൽ.

ബ്രാഹ്മണ സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ, ഓലക്കുടപിടിച്ച് കൊണ്ട് ഒരു ശൂദ്ര (നായർ) സ്ത്രീ കൂടെ ഉണ്ടാകുന്നതാണ് അഭികാമ്യം. അതേ സമയം നായർ പെൺകുട്ടികൾപോലും, പുറത്തിറങ്ങുമ്പോൾ, ഒരു ഓലക്കുട പിടിച്ചിരിക്കുന്നതാണ് വാക്ക് കോഡുകളിലൂടുള്ള സാമൂഹിക സുരക്ഷിതത്വത്തിന് നല്ലത്.

ഓലക്കുടയുടെ സാമൂഹിക മഹിമ പറയുകയാണെങ്കിൽ, ഈ എഴുത്തുകാരനോട് ഒരു തീയ്യത്തറവാട്ടുകാരൻ പറഞ്ഞ കഥ ഓർമ്മവരുന്നു.

ഏതാണ്ട് 40 വർഷം മുൻപുള്ള കഥയാണ്. മലബാറിലെ ഒരു കുഗ്രാമത്തിൽ ഒരു മലയൻ ചെറുപ്പക്കാരൻ സ്വന്തമായുള്ള മാനസിക നൈപുണ്യം ഉപയോഗിച്ച് പനയോലകൊണ്ട് ഒരു ഓലക്കുടയുണ്ടാക്കി. അത് ഒരു വൻ കഴിവായി അയാൾ കണ്ടു. ഈ കുടയും എടുത്ത് കൊണ്ട് ആ തീയ്യത്തറവാട്ടിലെ കാരണവരുടെ അടുത്ത് നടന്ന് വന്നു.



NĀYAR FEMALES.

തീയ്യത്തറവാട്ട് കാരണവർ ഞെട്ടി. 'എന്താടാ ഇത്?' എന്ന് ചോദിച്ചു. മലയൻ വലിയ കാര്യം പോലെ താൻ നിർമ്മിച്ച ഓലക്കുട കാരണവരെ കാണിച്ചു. കാരണവർ അത് വാങ്ങിച്ച്, നിലത്തിട്ട് അടിച്ച്, ചവുട്ടി എടുത്ത് പറമ്പിലേക്ക് എറിഞ്ഞു. 'ഓന്റെ ഒരു പത്രാസ്!' എന്ന് മറ്റുള്ളവരോട് പറയുകയും ചെയ്തു.

ശരിയാണ്. കോൺസ്റ്റബ്ൾ ഐപിഎസ്സുകാരുടെ ചമയങ്ങളുമായി കയറിവന്നാൽ, പോലീസ്

ഓഫിസിൽ അനുവദിക്കപ്പെടുമോ?

ഈ വിധമുള്ള സാമൂഹിക അസുരക്ഷിതത്വം എന്താണ് എന്ന് പോലും, ഇങ്ഗ്ളണ്ടിൽ ഇന്ന് ജീവിക്കുന്ന ഇങ്ഗ്ളിഷുകാർക്ക് അറിയില്ലതന്നെ.

Macaulay സൂചിപ്പിച്ച English in taste, in opinions, in morals, and in intellect (അഭിരുചിയിലും, അഭിപ്രായങ്ങളിലും, സാൻമാർഗ്ഗികതയിലും ധർമ്മാധർമ്മവിവേചനത്തിലും, ബുദ്ധിശക്തിയിലും ഇങ്ഗ്ളിഷുകാർ) ആയുള്ളവർ, സാമൂഹികമായി മുകളിൽപെട്ടാൽ താഴെയുള്ളവരെ മൃഗീയമായി നഖം ഉള്ളിൽക്കയറ്റി ഞെക്കിയമർത്തുന്നവർ അല്ല.

അവർ സാമൂഹികമായി കീഴിൽപ്പെട്ടാൽ അരികത്ത് കിട്ടുന്ന മുകൾസ്ഥാനത്തുള്ളവരെ വാക്ക് കോന്ധുകളാൽ കടിച്ച് കീറുന്നവർ അല്ല.

മറിച്ച് ഈ വിധമുള്ള മൃഗീയവാസനകൾ ഇല്ലാത്ത ഭാഷ സംസാരിക്കുന്നവരാണ്.

ഏതാണ്ട് 20 വർഷങ്ങൾക്ക് മുൻപ് വയനാട്ടിലെ ഒരു ഉൾപ്രദേശത്തൂടെ ഇരുചക്രവാഹനത്തിൽ യാത്ര ചെയ്യുന്ന അവസരത്തിൽ, പെട്ടെന്ന് ഒരു ബന്ദ് പ്രഖ്യാപിക്കപ്പെട്ടതായി അറിഞ്ഞു. അന്ന് ആ ഉൾ പ്രദേശത്തുള്ള ഒരു ചെറിയ കുടിലിൽ താമസിച്ചു. ആ വീട്ടിൽ മദ്ധ്യവയസ്സുള്ള ഒരു പുരുഷനും ഭാര്യയുമായിരുന്നു ഉണ്ടായിരുന്നത്.

പിറ്റേന്ന് എഴുന്നേറ്റ് സാമൂഹിക കാര്യങ്ങൾ സംസാരിക്കുന്ന അവസരത്തിൽ, ആ ആൾ ആ നാട്ടിലെ പാരമ്പര്യത്തെക്കുറിച്ച് ചെറുതായി ഒന്ന് സംസാരിച്ചു.

പണ്ട് കാലങ്ങളിൽ ആ പ്രദേശത്ത് ഒരു മൂപ്പൻ ഉണ്ടായിരുന്നു. ജന്മിയാണ്. ആ ആൾക്ക് പ്രധാനപ്പെട്ട ഒരു കൈയാൾ ഉണ്ടായിരുന്നു. ഈ അനുചരൻ ആ പ്രദേശത്ത് താമസിക്കുന്ന കൂരപ്പുരകളിൽ പലതിലും വരും. കാഴ്ചക്ക് അഴകുള്ള ഭാര്യമാരുള്ള കൂരകളിൽ വന്നിട്ട് ഏർപ്പാട് ചെയ്യും. ഭർത്താവിനോട് പറയും. 'പൊക്കാ (പേര്), നാളെ ഉച്ചക്ക് മൂപ്പൻ ഈട്ന്നാ ബെയ്ക്വ. ഇഞ്ഞ് ഈടെ ഇണ്ടാണ്ട. ഓളോട് ഒരിങ്ങീരിക്കാൻ പറ'.

പിറ്റേന്ന് മൂപ്പൻ അവിടെ വന്ന് ഉച്ച ഊണ് കഴിക്കും പൊക്കന്റെ ചെറുപ്രായക്കാരിയായ ഭാര്യമാത്രമേ ഉണ്ടാവുള്ളു അവിടെ. ആ സ്ത്രീക്കും വലിയ കാര്യമാകാനാണ് സാധ്യത. 'ബലിയോലല്ലെ ബന്നിരിക്കുന്നത്'!

ഏതാണ്ട് ഇതേപോലുള്ള ഒരു അന്തരീക്ഷം വയനാട്ടിൽ ഒരു ഒറ്റപ്പെട്ട വീട്ടിൽ നാട്ട് പ്രമാണി സ്ഥിരമായിവന്ന്, ഭർത്താവിനേയും, ഭാര്യയേയും 'ഇഞ്ഞ്' എന്ന് സംബോധന ചെയ്ത്, അടിമപ്പെടുത്തിയ ഒരു അന്തരീക്ഷം ഈ എഴുത്തുകാരൻ നേരിട്ട് കണ്ടിട്ടുണ്ട്. യുവാവായ ഭർത്താവും ഭാര്യയും ബഹുമാനവാക്കുകൾ മാത്രം തിരിച്ച് നൽകാൻ ബാധ്യസ്ഥരാണ്. അല്ലെങ്കിൽ തനി തെമ്മാടിത്തമായിപ്പോകും.

ഇങ്ഗ്ളിഷ് ഭരണം ഈ ഉപദ്വീപിൽ ലിഖിതരൂപത്തിലുള്ള നിയമങ്ങളും പോലീസ് സമ്പ്രദായവും ഇങ്ഗ്ളിഷ് ഭാഷയും നാട് നീളം പ്രചരിപ്പിച്ചപ്പോൾ, ജന്മി വർഗ്ഗ മൂപ്പന്മാരുടെ മൃഗീയമായ നഖങ്ങളും, കീഴ് സമുദായക്കാരുടെ കൈയ്യിക്കിട്ടിയാൽ കടിക്കാനുള്ള പല്ലും, ഇല്ലാതാകുകയാണ് ചെയ്തത്.

ശരിയാണ്, പല അധികാരങ്ങളും നഷ്ടപ്പെട്ട പല കുട്ടിരാജാക്കളും പാരമ്പര്യ ജന്മികളും മറ്റും ഇങ്ഗ്ളിഷ് ഭരണം നടപ്പിൽ വരുത്തിയ പോലീസ് സമ്പ്രദായങ്ങക്ക്

എതിരെ അട്ടിമറിക്കൽപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടാവും. പോലീസുകാരും പ്രാദേശികർ തന്നെയാണ്. അവരും അപമര്യാദയായിത്തന്നെയാകാം അവരുടെ കൈയ്യിൽ പെട്ടവരോട് പെരുമാറുക.

വയനാട്ടിൽപ്പോലും പോലീസുകാരെ കുട്ടിരാജാക്കളുടെ കൈയ്യാളുകൾ ആക്രമിച്ചിട്ടുണ്ട് എന്നാണ് അറിയുന്നത്. ഇന്ന് ഈ കൂട്ടർ ഇന്ത്യൻ സ്വാതന്ത്ര്യസമര വീരന്മാരായി സ്ക്കൂൾ പാഠപുസ്തകങ്ങൾ പൂജിക്കുന്നുണ്ടാവാം.

_ _

44. വാക്ക് കോഡുകളുടെ ആന്തോളനമേൽക്കുമ്പോൾ ഉളവാകുന്ന മാനസികരോഗാവസ്ഥ

ഈ ഉപഭൂഖണ്ഡത്തിൽ അധികാരസ്ഥാനത്തിൽ വന്ന മിക്ക ജനക്കൂട്ടങ്ങളും ബ്രാഹ്മണ/ജന്മി കുടുംബങ്ങളുമായാണ് വൈവാഹിക ബന്ധം സ്ഥാപിക്കാൻ ശ്രമിച്ചിരുന്നത്. പലർക്കും അനവധി വൈവാഹികമോ, അല്ലാത്തതോ ആയ ബന്ധങ്ങൾ ഉണ്ടാവും. അവയിൽ പുറത്ത് പറയാൻ താൽപ്പര്യമുള്ളവ ഉയർന്ന ജാതിക്കാരുടെ കുടുംബങ്ങളുമായിട്ടാവും.

എന്നാൽ, പലപ്പോഴും ഈ ഒരു വിവേചനം ഇങ്ഗ്ളിഷുകാർ വൈവാഹിക ബന്ധത്തിൽ കാട്ടിയിരുന്നില്ല എന്നാണ് തോന്നുന്നത്. അവരിൽ ചിലർ ഈ ഉപദ്വീപിൽ അവരുടെ സ്വന്തം നാട്ടിലെ സ്ത്രീജനങ്ങൾ ഇല്ലാത്തത് കൊണ്ട് പലപ്പോഴും പ്രാദേശിക സ്ത്രികളോടൊപ്പം ആണ് താമസിച്ചിരുന്നത്.

തലശ്ശേരിയിൽ തീയ്യരിൽ സാമൂഹികമായി താഴെ നിലവാരത്തിലുള്ള സ്ത്രീകൾ ഇവരുടെ കൂടെ ജീവിച്ചിരുന്നു. ഇവരെക്കുറിച്ച് തീയ്യന്മാരുടെ ഇടയിൽ വിലയില്ലാ എന്നാണ് Edgar Thurston നോട് ഒരു തീയ്യ സാമൂഹിക നേതാവ് പറഞ്ഞത്. എന്നാൽ, സാമുഹിക വാസ്തവം നേരെ തിരിച്ചായിരിക്കും. ഈ സ്ത്രീകൾ പെട്ടന്ന് തന്നെ ഇങ്ഗ്ളിഷ് ഭാഷാ നൈപുണ്യം നേടുകയും, അവരുടെ സാമൂഹികമായ അടിയാളത്ത നിലവരത്തിൽനിന്നും പുറത്തു വരികയും ചെയ്തു എന്നുള്ളതാണ് അറിയാൻ കഴിഞ്ഞത്.

തലശ്ശേരിയിൽ 'സായ്പ് വെച്ച മാത' എന്ന സ്ത്രീ ഒരു സാമൂഹിക സദസ്സിൽ വന്നപ്പോൾ ആളുകൾ എല്ലാവരും വളരെ ബഹുമാനത്തോട് കൂടി എഴുന്നേറ്റ് നിന്ന കാര്യം, ഈ സംഭവം ചെറുപ്പത്തിൽ നേരിട്ട് കണ്ട, ഒരു വ്യക്തി ഈ എഴുത്തുകാരനോട് പറഞ്ഞിരുന്നു.

ഇങ്ങിനെയുള്ള സ്ത്രീകളുടെ Anglo-ഇന്ത്യൻ രക്തത്തിൽ ജനിച്ച കുട്ടികൾക്ക് ഔപചാരികമായി സമൂഹിക അധമത്വം അല്ല ലഭിച്ചത് എന്ന് പറയാമെങ്കിലും, മറ്റൊരു കാര്യമായ സംഗതി കൂടി ഇവടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

അത് ഇതാണ്.

EDGAR THURSTON എഴുതിയ CASTES AND TRIBES OF SOUTHERN INDIA Volume 2ലെ ചില വിവരങ്ങൾ വായിക്കുന്നതിനിടയിൽ, താഴെ നൽകിയിട്ടുള്ള ഒരു പ്രസ്താവന കാണാൻ ഇടയായി.

QUOTE: Writing concerning the prevalence of insanity indifferent classes, the Census Commissioner, 1891, states that “it appears from the statistics that insanity is far more prevalent among the Eurasians than among any other class..........

The subject seems to be one worthy of further study by those competent to deal with it. END OF QUOTE.

[ഉദ്ദരണിയുടെ തർജ്ജമ]: വ്യത്യസ്ത ജനക്കൂട്ടങ്ങളിൽ ഉള്ള മനോരോഗത്തിനെക്കുറിച്ച് എഴുതുന്ന അവസരത്തിൽ, സെൻസസ് കമ്മിഷനർ 1891ൽ ഈ വിധം

പ്രസ്താവിക്കുന്നു: സ്ഥിതിവിവരക്കണക്ക് പ്രകാരം യൂറോപ്യൻ രക്തവും പ്രാദേശിക രക്തവും ഇടകലർന്നവരിലാണ് മനോരോഗ ലക്ഷണങ്ങൾ കൂടുതൽ ഉള്ളത് എന്ന് കാണുന്നു.

ഈ വിഷയത്തിൽ പ്രാപ്തതയുള്ളവരുടെ കൂടുതലായുള്ള പഠനത്തിന് അർഹതയുള്ളതാണ്, ഈ വിഷയം എന്ന് തോന്നുന്നു [തർജ്ജമയുടെ അന്ത്യം]

ഇങ്ഗ്ളിഷിൽ കാര്യമായ പ്രവീണ്യം ഉള്ള Anglo-ഇന്ത്യക്കാർ അനുഭവിച്ച ഒരു സാമൂഹിക യാഥാർത്ഥ്യത്തിലേക്കാണ് ഈ വിവരം വിരൽ ചൂണ്ടുന്നത്. ഇങ്ഗ്ളിഷ് സംസാരിക്കുമ്പോൾ മാനസികമായി വളരെ ഉയരങ്ങളിൽ എത്തുകയും, അതേ സമയം പ്രാദേശികമായ മലബാറിയോ, മലയാളമോ, തമിഴോ മറ്റോ സംസാരിക്കുമ്പോൾ, ചുറ്റുമുള്ള മറ്റ് പ്രാദേശികർ തരംതാഴ്ത്തിവെക്കുന്ന ഒരു മാനസിക അവസ്ഥ.

കാരണം, Anglo-ഇന്ത്യക്കാരുടെ മാതാവിന്റെ വശം ചിലപ്പോഴെല്ലാം സാമൂഹികമായി തരംതാണതായാണ് പ്രാദേശിക സാമൂഹം നിർവ്വചിക്കുക. മാത്രവുമല്ല, ഇവരുടെ ഇങ്ഗ്ളിഷ് പ്രാവീണ്യവും അതിനാൽത്തന്നെ ലഭിക്കുന്ന മറ്റ് സാമൂഹിക സ്വാതന്ത്ര്യങ്ങളെയും പകയോടും വിദ്വേഷത്തോടും ആണ് മറ്റ് പ്രാദേശികർ വീക്ഷിക്കുക.

ഇവരുടെ കൈയിൽ പെട്ടാൽ ഇഞ്ഞി, ഇന്റെ, എന്താനെ, എന്താളെ, എടാ, എടീ, ഓൻ, ഓള് തുടങ്ങിയ വാക്ക്-പ്രയോഗങ്ങൾ അനുഭവിപ്പിക്കാൻ കുരുതിക്കൂട്ടിത്തന്നെ ഈ കൂട്ടർ നിത്യമായി പരിശ്രമിക്കും. കടികൊടുക്കാതെ വിടില്ല.

മാനസിക നിലവാരം ഉയരങ്ങളിലും, ചളിക്കുണ്ടിലും പൊങ്ങിയും താഴ്ന്നും ആന്തോളനം ചെയ്യുന്ന അവസ്ഥ. ഇതാണ് മാനസിക പ്രശ്നം ഉണ്ടാക്കുന്ന കാര്യം. ഈ നിസ്സാര വിവരം മനശ്ശാസ്ത്രം എന്ന നാട്യശാസ്ത്രം തൊടാത്തതിന് ഉള്ള പ്രത്യേകമായുള്ള കാരണം, ഇങ്ഗ്ളിഷുകാർക്ക് ഈ കാര്യത്തെക്കുറിച്ച് യാതോരു വിവരവും ഇല്ലാ എന്നുള്ളതാണ്.

അമേരിക്കയിൽ കഴിഞ്ഞ 30 വർഷങ്ങളിൽ, ഇങ്ഗ്ളിഷിൽ നിന്നും വീക്ഷിച്ചാൽ യാതോരു പ്രകോപനവും ഇല്ലാത്ത അവസരങ്ങളിൽ, പ്രാദേശിക ഇങ്ഗ്ളിഷ് ഭാഷക്കാർ തോക്കെടുത്ത് ആളുകളെ വെറുതെ വെടിവെച്ചിടുന്നത് നിത്യ സംഭവമായി മാറിയിട്ടുണ്ട്. ഈ ഒരു കാര്യത്തിന്റെ സാധ്യതയെക്കുറിച്ച് ഈ എഴുത്തുകാരന്റെ ഒരു പഴയ കാല പുസ്തകത്തിൽ പ്രവചിച്ചിരുന്നു. എന്നാൽ, ഈ വിഷയത്തിന്റെ ചർച്ചതന്നെ നിരുത്സാഹിപ്പിക്കാനാണ് അവിടെക്ക് കടന്നിട്ടുള്ള ഫ്യൂഡൽ ഭാഷക്കാർ ശ്രമിച്ചത്.

പണ്ടൊരിക്കൽ അതീവ മതിപ്പുളവാക്കുന്ന ഔദ്യോഗിക സ്ഥാനനാമമുള്ള ഒരു ചെറുകിട സർക്കാർ തൊഴിലാളിയോട് ഒരു വ്യക്തിവന്ന് അയാളെ 'നിങ്ങൾ' എന്ന് സംബോധന ചെയ്തപ്പോൾ, schizophrenia എന്ന് നിർവ്വചിക്കപ്പെട്ടിട്ടുള്ള മനോരോഗത്തിന്റെ മിക്ക ലക്ഷണങ്ങളും ആ സർക്കാർ ഓഫിസ് തൊഴിലാളിയിൽ ദൃശ്യമായത് കണ്ടതായി ഓർക്കുന്നു. ഈ സംഭവത്തിന്റെ കൂടുതലായുള്ള പശ്ചാത്തലം പിന്നീട് ഒരിക്കൽ പറയാം.

ഫ്യൂഡൽ ഭാഷകളിൽ ജീവിക്കുന്നവർക്ക് സാധാരണയായി ഒരോ വേദിയിലും വ്യക്തമായ അധമമോ, ബഹുമാനമോ ലഭിക്കും. ഇതിൽ ഇളക്കം സംഭവിക്കുമ്പോൾ പ്രശ്നമാണ്. എന്നാൽ, സാധാരണ ഗതിയിൽ അങ്ങിനെയുള്ള ഒരു സാമൂഹികാവസ്ഥ സംജ്ജാതമാകാതിരിക്കാൻ ആളുകൾ കരുതിക്കൂട്ടി തയ്യാറെടുക്കും.

ഇങ്ഗ്ളിഷിൽ ആകുമ്പോൾ, എല്ലാ വേദിയിലും ഏതാണ്ട് നിശ്ചലമായ മാനസിക നിലവാരം വാക്ക് കോഡുകളിൽ ലഭിക്കും.

ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ ഈ മാനസികാവസ്ഥ ലഭിക്കാൻ പറ്റുന്ന അവസരം സന്യാസം സ്വീകരിച്ച് വനവാസത്തിന് പോകുമ്പോഴാണ്.

45. ഇങ്ഗ്ളിഷ് ഭാഷ സ്വായത്തമാക്കുന്നതിലൂടെ വ്യക്തിത്വം അടിമുടി മാറുന്നതിനെക്കുറിച്ച്

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം രക്തത്തിലും നിറത്തിലും ഇന്ത്യക്കാർ, എന്നാൽ, അഭിരുചിയിലും, അഭിപ്രായങ്ങളിലും, സാൻമാർഗ്ഗികതയിലും ധർമ്മാധർമ്മവിവേചനത്തിലും, ബുദ്ധിശക്തിയിലും ഇങ്ഗ്ളിഷുകാർ ആയുള്ളവരെ ("a class of persons, Indian in blood and colour, but English in taste, in opinions, in morals, and in intellect.") ഈ ഉപഭൂഖണ്ടത്തിൽ സൃഷ്ടിക്കുകയെന്നതായാണ് ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വിദ്യാഭ്യാസ ലക്ഷ്യം.

അല്ലാതെ, പ്രാദേശിക ദുഷ്ടതകൾ മനസ്സിൽ സൂക്ഷിക്കുന്നവരിൽ കുറച്ച് ഇങ്ഗ്ളിഷ് കൂടി ചേർത്ത് അവരുടെ ദുഷ്ടതയ്ക്ക് കൂടുതൽ ബലം നൽകലല്ല.

മനസ്സിലെ ഉള്ളടക്കം കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ആയാൽ പ്രദേശിക ഫ്യൂഡൽ ഭാഷകൾ മനസ്സിൽ ഉള്ള ഒരു വ്യക്തിയിൽ നിന്നും ഈ ആൾ തികച്ചും വ്യത്യസ്തനാവും.

രണ്ടും അടിമുടി വ്യസ്ത്യസ്തമായ മാനസിക വളർച്ചയാണ്. രണ്ടിലുമുള്ള വ്യക്തികൾ മനുഷ്യർതന്നെയാണ് എന്ന് പൊതുവായി പറയാമെങ്കിലും, അവർ തമ്മിലുള്ള പൊതവായുള്ള കാര്യങ്ങൾ ഈ ലളിതമായ നിർവ്വചനത്തിൽ മാത്രം ഒതുങ്ങിനിൽക്കും.

ഇക്കാര്യം വ്യക്തമാക്കാനായി, ഈ ഒരു ചിത്രീകരണം നോക്കുക.

പാരമ്പര്യ ഇങ്ഗ്ളണ്ടിൽ, ഒരു വീട്ടിൽ ഗാർഹിക തൊഴിൽ ചെയ്യാനായി ഒരു വനിത വരുന്നു. ഈ ആൾ മുൻവാതിലിലൂടെ തന്നെ അകത്ത് വരുന്നു. ആ വീട്ടിലെ അന്തേവാസികൾ ഇരിക്കുന്ന ഇരിപ്പിടങ്ങളിൽ ഇരിക്കുന്നു. വീട്ടുകാർ ഈ സ്ത്രീയെ പരാമർശിക്കുന്നതും, സംബോധനചെയ്യുന്നതും ആയ വാക്കുകൾ തന്നെ, ഈ സ്ത്രീ തിരിച്ചും ഉപയോഗിക്കുന്നു. എല്ലാരും ഉപയോഗിക്കുന്ന അതേ ഡൈനിങ്ങ് മേശക്ക് മുന്നിലിരുന്ന് ഭക്ഷണം കഴിക്കുന്നു. വസ്ത്രവിധാനത്തിലും മറ്റും യാതോരും താഴ്മയോ അധമത്വമോ ഈ തൊഴിൽ ചെയ്യാനായി വന്ന വനിത പ്രദർശിപ്പിക്കുന്നില്ല.

എന്നാൽ ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന ഈ ഉപഭൂഖണ്ടത്തിൽ ഈ ഒരു സാമൂഹിക രംഗം മനസ്സിൽ വിഭാവനം ചെയ്യാൻ പോലും ആവില്ലതന്നെ.

വീട്ടിൽ ഗാർഹിക തൊഴിൽ ചെയ്യാൻ വരുന്ന വേലക്കാരി അടുക്കളവാതിലിലൂടെ വേണം അകത്ത് വരാൻ. പല വീടുകളിലും ഈ ആൾക്ക് ഇരിക്കാൻ പോലും സൌകര്യം നൽകാറില്ല. നിലത്ത് ഇരുത്തുന്നതാണ് ഉചിതം. ഡൈനിങ്ങ് ടെയ്ബ്ളിൽ കൂടെ ഇരുത്തിയാൽ പ്രശ്നമാണ്. വസ്ത്രവിധാനത്തിൽ ഈ ആൾ വേലക്കാരിയാണ് എന്ന് തിരിച്ചറിയുന്ന രിതിയിൽ ഉള്ളതാവുന്നതാണ് അഭികാമ്യം. അങ്ങോട്ട് ഉപയോഗിക്കുന്ന നീ, നിന്റെ, അവൾ, അവളുടെ, പേര് വിളി തുടങ്ങിയ പദപ്രയോഗങ്ങൾ ഈ സ്ത്രീ തിരിച്ചും പ്രയോഗിച്ചാൽ ഗുരുതരമായ പ്രശ്നമാണ്.

എന്നാൽ, എന്തെങ്കിലും വിഡ്ഢിത്തം നിറഞ്ഞ മനുഷ്യ സമത്വവാദം മനസ്സിൽ കയറി, നമ്മളെല്ലാം ഒരേ നിലക്കാരാണ് എന്ന ഭാവം വീട്ടുകർ എടുത്താൽ, വീട്ടുവേലക്കാരി വാക്ക്-കോഡുകളിൽ ആ വീട്ടുകാരെ നിലംപരിശാക്കും.

സാമൂഹികമായി ആളുകളെ വ്യത്യസ്ത നിലവാരങ്ങളിൽ അടുക്കിവച്ച്, അവരിൽ കീഴ്ത്തട്ടുകാർക്ക് മുകളിലുള്ളവരെ കടിക്കുവാൻ പല്ലുകൾ നൽകുന്നവയാണ് ഫ്യൂഡൽ ഭാഷകൾ. ഈ കടിച്ച് കീറലിൽനിന്നും രക്ഷനേടാനായി മുകൾത്തട്ടിലുള്ളവർ പലവിധ സാമൂഹിക കവചങ്ങളും പേറി നടക്കും.

ആ വിധ കവചങ്ങളിൽപെട്ടവായാണ്, കീഴിൽപെട്ടവരെ ഇടിച്ച് താഴ്ത്തി നിർത്തുക. നിലത്തിരുത്തുക. അമിത വിധേയത്വം കാണിക്കുന്നവർക്ക് മാത്രം സൌകര്യങ്ങൾ നൽകുക തുടങ്ങിയ കാര്യങ്ങൾ.

മെക്കോളയുടെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ കീഴിൽപ്പെട്ടവർക്ക് മുകളിൽ പെട്ടവരെ കൂടുതൽ നന്നായി കടിക്കാനുതകുന്ന ഒരു പുതിയ ആയുധം നൽകൽ അല്ല. മാത്രവുമല്ല, മുകളിൽപെട്ടവർക്ക് കീഴിൽപെട്ടവരെ കൂടുതൽ കാര്യക്ഷമമായി അമർത്താനുള്ള ഒരു ഉരുക്ക് കട്ട നൽകലുമല്ല.

മറിച്ച്, ഈ ദുഷ്ട മാനസികാവസ്ഥ ഉളവാക്കുന്ന ദുഷ്ട ഭാഷകളേയും സംസ്ക്കാരത്തെയും തുടച്ചുമാറ്റുക എന്നതാണ് ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി എന്ന മഹത്തായ പ്രസ്ഥാനം ലക്ഷ്യമിട്ടത്.

ലോക ചരിത്രം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മഹത്തായ പ്രസ്ഥാനങ്ങളിൽ ഒന്നായ ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയെ, ലോക ചരിത്രത്തിൽ ഏറ്റവും ദുഷ്ട പ്രസ്ഥാനങ്ങളിൽ ഒന്നായാണ് ഇന്ന് ഔപചാരിക ചരിത്രം സ്ക്കൂളുകളിലും കോളജുകളിലും പഠിപ്പിക്കുന്നത്.

ദുഷ്ട മാസികാവസ്ഥകൾ അല്ലാതെ, ഇങ്ങിനെയുള്ള ഒരു ഔപചാരിക വിദ്യാഭ്യാസം മറ്റെന്താണ് ഇവിടെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്നത്?

_ _

46. ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ മാനസിക സ്വാസ്ഥ്യവും, അസ്വാസ്ഥ്യവും

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ, ഒരു വ്യക്തിക്ക് ഒരു പ്രത്യേക ഇടത്ത് മാനസിക സ്വാസ്ഥ്യം ലഭിക്കുന്നത്, ആ ഇടത്തിലുള്ളവർ ആ ആൾക്ക് വേണ്ടി ഒരുക്കിവെക്കുന്ന ഭാഷാ കോഡുകളെ ആശ്രയിച്ചായിരിക്കും ഇരിക്കുക.

ഒരേ ഇടത്ത് തന്നെ, 'സാർ' എന്നോ, 'മാഷ്'' എന്നോ 'നിങ്ങൾ' എന്നോ 'താൻ' എന്നോ, 'ഇയാൾ' എന്നോ 'നീ' എന്നോ (മലബാറിയിൽ, നിങ്ങൾ, ഇങ്ങൾ, ഇഞ്ഞ്) വ്യത്യസ്തമായി സംബോധന ചെയ്യപ്പെടുമ്പോൾ, വ്യത്യസ്തമായ മാനസിക സ്വാസ്ഥ്യമാണ് ലഭിക്കുക. ഇത് പോലെ മറ്റ് പല വാക്കുകളും ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. ഇവ നൽകുന്ന വ്യത്യസ്തമായ അനുഭവങ്ങളെക്കുറിച്ച് ഫ്യൂഡൽ ഭാഷാ രാഷ്ട്രങ്ങളിൽ കരുതിക്കൂട്ടിത്തന്നെ ഒരു ഔപചാരിക പഠനത്തിന് യാതോരു സർക്കാരുകളോ മന'ശാസ്ത്രജ്ഞരോ' ഒരുമ്പെട്ടിട്ടില്ലാ എന്നാണ് തോന്നുന്നത്.

ഈ വിധവാക്കുകൾ ഉളവാക്കുന്ന ഫലത്തെക്കുറിച്ച് (effect) March of the Evil Empires: English versus the feudal languages എന്ന ഗ്രന്ഥത്തിൽ ഈ എഴുത്തുകാരൻ ഏതാണ്ട് 20 വർഷങ്ങൾക്ക് മുൻപ് തന്നെ പ്രതിപാദിച്ചിരുന്നു. എന്നാൽ, ഈ എഴുത്തുകാരന്റെ ശൈലി ഒരു തരം നിന്ദ ഭാഷണം (Hate speech) ആണ് എന്ന് പല ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലും അവിടേക്ക് കയറിക്കൂടിയിട്ടുള്ളവർ ഗൂഢമായിത്തന്നെ നിർവ്വചിച്ച് സ്വകാര്യ ഇടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്.

ഈ കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കാനുള്ള കാരണം, Macaulay വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസത്തിൽ, വ്യക്തികളെ സമൂഹത്തിലെ മറ്റ് ജനങ്ങളുടെ വളരെ എളുപ്പത്തിലുള്ള നിന്ദ നിർവ്വചനങ്ങളുടെ പ്രഹരത്തിൽ നിന്നും രക്ഷിക്കും എന്നുള്ളതാണ്.

ഇനി എടുക്കാനുള്ളത് Macaulayയുടെ 'English in taste' എന്ന വാക്യമാണ്. Taste എന്ന വാക്കിന് രുചി, അഭിരുചി, സ്വാദ് തുടങ്ങിയവാക്കുകൾ അർത്ഥമായി നൽകാവുന്നതാണ്.

ഇതിനെക്കുറിച്ച്, അടുത്ത എഴുത്തിൽ പ്രതിപാദിക്കാം.

47. ഈ ഉപദ്വീപിലെ പ്രാദേശിക ഭാഷകൾ അപമര്യാദയുള്ളവയാണ്

Macaulayയുടെ 'English in taste' എന്ന വാക്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിന് മുൻപായി, കഴിഞ്ഞ എഴുത്തിൽ സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് കുറച്ച് കൂടി എഴുതാം എന്ന് കരുതുന്നു.

വിഷയം, പ്രാദേശിക ഭാഷകൾ Rude (അപമര്യാദയുള്ളവ)യാണ് എന്ന മെക്കോളയുടെ പ്രസ്താവന.

ഭർത്താവിനെ യജമാനൻ 'നീ' എന്ന് സംബോനധചെയ്യുന്നത് സ്വാഭാവികം മാത്രം. 'അവൻ' എന്ന് പറയുന്നതും. എന്നാൽ, യജമാനൻ മേൽസ്ഥാനത്തുള്ള ഈ സ്വാതന്ത്ര്യം ഉപയോഗിച്ച്, കീഴ്ജീവനക്കാരൻ്റെ ഭാര്യയേയും, മറ്റ് കുടുംബാംഗങ്ങളേയും, വീട്ടിൽ കയറിവന്ന് ഇതേ പോലെ സംബോധന ചെയ്യുകയും പരാമർശിക്കുകയും ചെയ്യുമ്പോൾ, ആ വീട്ടിലെ എല്ലാരിലും, ഒരു കടിഞ്ഞാൺ വന്ന് വീഴും.

വീടിൻ്റെ ദൃഷ്ടികേന്ദ്രം തന്നെ വ്യതിചലിക്കാം. കുടുംബാന്തരീക്ഷവും ചിതറാം.

ഈ സംഗതിയുമായി ബന്ധപ്പെട്ട് പലതും പറയാനുണ്ട്. ഒന്ന് മാത്രം ഇവിടെ പറയാം.

ഭർത്താവിനെ 'ചേട്ടൻ', 'അണ്ണൻ', 'അച്ചായൻ', 'ഇച്ചായൻ', 'ഇക്ക' തുടങ്ങിയ വാക്കുകളാൽ ബഹുമാനിക്കുന്ന ആളാണ് പ്രാദേശിക ഭാഷകളിൽ ഭാര്യമാർ. എന്നാൽ പലപ്പോഴും ഈ പദവി മറ്റ് വല്ലവരുടേയും കീഴ്ജീവനക്കാരനായി ജീവിക്കുന്ന ഭർത്താവിന് പുറം ലോകത്തിൽ പലയിടത്തും ലഭിക്കില്ല.

ഭർത്താവിന് ഇങ്ങിനെ ബഹുമാനം ലഭിക്കാത്ത ഇടങ്ങളിൽ ഭാര്യ കയറി ഇറങ്ങുന്നതും, കറങ്ങിനടക്കുന്നതും, കയറിച്ചെല്ലുന്നതും, പലപ്പോഴും ഭാര്യാ-ഭർത്തൃ ബന്ധത്തിൽ നിഷേധാത്മകത കയറ്റിവിടാം. ബഹുമാനിക്കപ്പെടാത്ത ഭർത്താവിനെ കാണുന്നത് ഭാര്യയിൽ ഭർത്താവിനോടുള്ള അടുപ്പത്തിൽ പാളിച്ചകൾ പടർത്തും.

മാത്രവുമല്ല, ഇങ്ഗ്ളിഷുകാർക്ക് കാര്യമായി അറിയാത്ത ഒരു വസ്തുതയും വാക്ക്-കോഡുകളിൽ ഉണ്ട്. ഫ്യൂഡൽ ഭാഷകളിലെ ബഹുമാന വാക്കുകൾക്ക് ചിലയിടത്തെങ്കിലും ഒരു തരം Aphrodisiac (കാമാകർഷണം ഉളവാക്കുന്ന) കഴിവുണ്ട്.

വനിതകളെ സാമൂഹികമായി മുന്നോട്ട് നീക്കാൻ വെപ്രാളപ്പെടുന്നവർക്ക് ഭാഷാകോഡുകൾ നൽകുന്ന പരിമിതികളെക്കുറിച്ച് ബോധമില്ലാ എന്നാണ് തോന്നുന്നത്.

വീട്ടിലെ അന്തേവാസികളിൽപെട്ട, കുടുംബത്തിൽ ബഹുമാനിക്കപ്പെടുന്ന ആരെയെങ്കിലും, ആ വീട്ടുകാരേക്കാൾ സാമൂഹികമായി താഴ്മയിൽ ഉള്ളവരിൽ ആരെങ്കിലും വന്ന്, 'നീ' എന്ന് സംബോധന ചെയ്യുകയും, അവൻ, അവൾ എന്നെല്ലാം പരാമർശിക്കുകയും ചെയ്താൽ ഉളവാകുന്ന മാനസികാവസ്ഥ, വീട്ടിനുള്ളൽ പാമ്പ് കയറിവന്ന് വാസം തുടങ്ങിയത് പോലെയാകും. എല്ലാരിലും സാന്ധ്യം നഷ്ടമാകും. അന്തരീക്ഷത്തിൽ ഒരു രൂക്ഷമായ വിഷമയം കലരും.

ഇത്രയ്ക്കും ഭയാനകമായ കോഡുകൾ ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. ബഹുമാനം ലഭിക്കാത്തിടത്ത് പോകാനോ, ഇടപഴകാനോ ആളകുൾ ഇഷ്ടപ്പെടില്ല. ബഹുമാനത്തിനായി വിക്രിയങ്ങൾ കാട്ടുന്നവനെ, മറ്റുള്ളവർ തരംതാഴ്ത്താനും പരിഹസിക്കാനും മറക്കില്ല. മടിക്കില്ല.

ഉദ്യോഗസ്ഥൻ ബഹുമാനം ലഭിക്കില്ലാ എന്ന് ഭയപ്പെട്ടാൽ, സ്വന്തം ക്യാബിന് പുറത്ത് കടക്കില്ല. ചില വീട്ടുകാർ പുറത്ത് വരില്ല. വിഢ്ഢിശാസ്ത്രത്തിൽ 'Paranoia' എന്ന് നിർവ്വചിക്കപ്പെട്ട പലതിന്റെയും കാതൽ ഭാഷാകോഡുകളിൽ കാണാവുന്നതാണ്.

48. ഒരു IP ഓഫിസറുടെ ഓർമ്മക്കുറിപ്പിൽ നിന്നും

1980കളിൽ Bangaloreൽ താമസിക്കുന്ന അവസരത്തിൽ, Deccan Herald എന്ന പത്രത്തിലാണ് എന്ന് തോന്നുന്നു, Proxy Fernandes എന്ന പേരിൽ (പേര് ശരിയാണോ എന്ന് ഇന്ന് ഉറപ്പിച്ച് പറയാൻ ആവില്ല) ഒരു പ്രാദേശികനായ വ്യക്തി ഒരു ലേഖനം എഴുതിയത് വായിച്ചതായി ഓർക്കുന്നു.

ഇദ്ദേഹം ഇങ്ഗ്ളിഷ് ഭരണകാലത്ത് സേവനം അനുഷ്ഠിച്ച ഒരു IP Officer (Indian Police /Imperial Police Officer) ആയിരുന്നു. ഇന്നത്തെ IPSന് മുൻപ് ഇങ്ഗ്ളിഷ് ഭരണകാലത്ത് ഉള്ളതാണ് IP. ഇത് പിന്നീട് IPS ആയി രൂപാന്തരപ്പെട്ടു എന്നാണ് മനസ്സിലാക്കുന്നത്.

ഇദ്ദേഹത്തിന്റെ ലേഖനത്തിൽ, അവകാശപ്പെടുന്നത്, IP Officerമാർ, അന്ന് യാതോരു അകമ്പടിയോ, മുന്നറിയിപ്പോ ഇല്ലാതെ, ഏത് പോലീസ് സ്ഥാപനത്തിലും സ്വന്തമായി കയറിച്ചെല്ലുകയും പരിശോധന നടത്തുകയും ചെയ്യുമായിരുന്നു എന്നാണ്. കോൺസ്റ്റബ്ൾമാരുടെ കോട്ടേസുകളിൽ കയറിച്ചെന്ന് അവിടുള്ള ടോയ്ലറ്റുകളുടെ വൃത്തിവരെ അവർ യതോരു സങ്കോചവും ഇല്ലാതെ പരിശോധിക്കുമായിരുന്നു.

എന്നാൽ ഇന്ത്യയെന്ന രാജ്യം രൂപീകരിക്കപ്പെട്ടതിന് ശേഷം, ഒരു ചെറുപ്പക്കാരനായ ഡി.എസ്.പി (DSP) (District Superintendent of Police)യുടെ ഓഫിസിൽ ഇദ്ദേഹം ചെന്ന്, ആ ആളോട് സംസാരിച്ചപ്പോൾ, ഈ വക കാര്യങ്ങൾ ചർച്ചചെയ്തു. അപ്പോൾ ഇന്ത്യൻ ഡി.എസ്.പിക്ക് പറയാനുണ്ടായിരുന്നത്, ആ വക കാര്യങ്ങളൊന്നും ഈ ഇന്ത്യാ രാജത്തിൽ നടപ്പില്ല എന്നായിരുന്നു. ഇങ്ങിനെ മുന്നറിയിപ്പും, കാര്യമായ അകമ്പടിയും, സെലൂട്ട് ചെയ്യാൻ ഏർപ്പാട് ചെയ്ത ഒരു വൻകൂട്ടം കോൺസ്റ്റബ്ൾമാരും മറ്റും ഇല്ലാതെ കയറിച്ചെന്നാൽ, ആള് കോമാളിയായിപ്പോകും എന്ന്.

അന്ന് പ്രാദേശിക ഉദ്യോഗസ്ഥർ അവർക്ക് മുകളിലുള്ള ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥരുടെ പെരുമാറ്റങ്ങൾ പകർത്തിയെടുക്കാൻ പരിശ്രമിക്കും. അതേ സമയം, ഇങ്ഗ്ളിഷ് IP Officerമാരും പ്രാദേശിക IP Officerമാരും, കോസ്റ്റബ്ൾമാരേയും അവർക്ക് മുകളിലുള്ള ഇൻസ്പെക്ക്ടർമാരേയും, ഡിവൈഎസ്പിമാരേയും കാര്യമായിത്തന്നെ നിയന്ത്രിക്കും.

ഈ ഉപഭൂഖണ്ടത്തിൽ സേവനം അനുഷ്ഠിച്ച ഒരു ഇങ്ഗ്ളിഷ് IP Officer ഇങ്ങിനെ രേഖപ്പെടുത്തിയത് വായിക്കാൻ ഇടവന്നിരുന്നു:

QUOTE: യാതോരു കാരണവശാലും ഒരു ഇന്ത്യക്കാരന് മറ്റ് ഇന്ത്യക്കാരുടെ മേൽ അധികാരം നൽകരുത്. നൽകിയാൽ അത് ദുരുപയോഗപ്പെടും എന്നത് തീർച്ചയാണ്. END OF QUOTE

മറ്റൊരു ഇങ്ഗ്ളിഷ് IP Officer ആശ്ചര്യത്തോടുകൂടി രേഖപ്പെടുത്തിയതും ഉണ്ട്. പോലീസ് സ്റ്റേഷനിൽ ചോദ്യം ചെയ്യാനായി കൊണ്ടുവന്ന ആളെ യാതോരു കാരണവശാലും, പീഡിപ്പിക്കരുത് എന്ന് കർശനമായി താക്കീത് നൽകിയാലും, ഇങ്ഗ്ളിഷ് ഓഫിസർമാർ അൽപനേരം ഒന്ന് മാറിനിന്നാൽ, പോലീസുകാർ പിടിച്ച് കൊണ്ടുവന്ന ആളെ മുഖത്തിട്ടടിക്കുകയും മറ്റും ചെയ്തിരിക്കും.

എന്ത് കൊണ്ടാണ് പോലീസുകാർ ഇങ്ങിനെ പെരുമാറുന്നത് എന്ന് മനസ്സിലാകുന്നില്ല എന്നതായിരുന്നു ആ IP Officerറുടെ അത്ഭുതം.

എന്നാൽ, 'സാർ' എന്നും, 'നിങ്ങൾ' എന്നും, 'അദ്ദേഹം' എന്നും, 'അവർ' എന്നും നിർവ്വചിക്കപ്പെടുന്നവർക്ക് മുഖത്തടികിട്ടില്ല. മറിച്ച്, 'നീ'യെന്നും 'അവൻ' എന്നും 'അവൾ' എന്നും നിർവ്വചിക്കപ്പെടുന്നവർക്കാണ് ഇത് സംഭവിക്കുക എന്ന കാര്യം ഇങ്ഗ്ളിഷ് ഓഫിസർക്ക് അറിവ് ലഭിച്ചിരുന്നോ എന്ന് അറിയില്ല.

ഇങ്ഗ്ളിഷ് ഭരണത്തിലെ ഓഫിസർമാരിൽ നിന്നും നേരെ വിപരീതമാണ്, ഇന്നതെ IPS ഉദ്യോഗസ്ഥരിൽ പലരും എന്ന് പറയപ്പെടുന്നു. ഇന്നുള്ളവർ കോൺസ്റ്റബ്ൾമാരുടെ പരുക്കൻ ഭാഷാപ്രയോഗങ്ങൾ പഠിക്കാനും, പകർത്താനും ആണ് ശ്രമിക്കുന്നത് എന്നാണ് കേട്ടഅറിവ്.

അസഭ്യവചനങ്ങളിൽ മാസ്റ്റർ ബിരുദം എടുക്കാത്തവർ എങ്ങിനെയാണ് പോലീസ് ഓഫിസർ ആകുക എന്ന ഒരു ചിന്തതന്നെ വളർന്നിട്ടുണ്ട്.

IPS Officerമാരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. "'ഇവനൊക്കെ' / 'ഇവൾക്കൊക്കെ' ('ഓനോക്കെ' / 'ഓക്കെല്ലാം') എന്തറിയും?" എന്ന് സ്വകാര്യ സംഭാഷണങ്ങളിൽ പറയുന്ന ഡിവൈഎസ്പിമാരും ഇൻസ്പെക്ടർമാരും ഉണ്ട് എന്നതും വാസ്തവമാണ്.

കീഴിലുള്ളവരുടെ ബഹുമാനം പിടിച്ചെടുക്കുക എന്ന ഭാരമേറിയ ഉത്തരവാദിത്വം ഫ്യൂഡൽ ഭാഷകളിൽ ഈ വിധമാണ് കാര്യങ്ങളെ നീക്കുക.

കേവലം ഭാഷാകോഡുകൾ ആണ് ഇവിടെല്ലാം മാനസിക പിരിമുറുക്കം നൽകുന്നത്.

Macaulayയുടെയും ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനയിടേയും യത്നം ഈ പൈശാചിക കോഡുകളെ ഈ നാട്ടിൽ നിന്നും തുരത്തുക എന്നതായിരുന്നു.

49. അനുഭവിച്ചറിഞ്ഞ് രണ്ട് വ്യത്യസ്തതരം അഭിരുചികൾ

Macaulayയുടെ 'English in taste' എന്ന വാക്യത്തെ എടുക്കാം. രുചി, അഭിരുചി, സ്വാദ് എന്നെല്ലാമുള്ളത് പലകാര്യങ്ങളിലും ആവാം. ഇത് നിസ്സാരമായ ഒരു കാര്യമായി തോന്നാമെങ്കിലും ഒരു വ്യക്തിയുടേയും സമൂഹത്തിന്റേയും മാനസിക നിലവാരം എത്രത്തോളം ഉയരത്തിലാണ് എന്നത് ഈ കാര്യങ്ങളിൽ പ്രതിഫലിക്കും എന്നുള്ളതാണ് വാസ്തവം.

ഈ എഴുത്തുകാരൻ പ്രീഡിഗ്രീക്കും (വിദ്യാഭ്യാസ വിദഗ്ദ്ധർ കാര്യമായതും ഗഹനവുമായ നിരീക്ഷണ പരീക്ഷണങ്ങൾക്ക് ശേഷം, ഗംഭീരമായ വിദ്യാഭ്യാസ പരിഷ്ക്കരണത്തിന്റെ ഭാഗമായി ഇന്ന് ഇതിനെ പ്ളസ് 1, പ്ളസ് 2 എന്നാണ് അറിയപ്പെടുന്നത്) ഡിഗ്രിക്കും പഠിക്കുന്നകാലത്ത്, രണ്ട് വ്യത്യസ്തതരം അഭിരുചികളെ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

ഒന്ന് ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യ രചനകളും പഴയ കാല Phantom, Mandrake, Casper, Spooky, Wendy the good little witch തുടങ്ങിയ ഇങ്ഗ്ളിഷ് comicക്കുകൾ. മാത്രവുമല്ല, അക്കാലത്തുള്ള വളരെ മാന്യമായ ഭാഷകളിൽ എഴുതപ്പെട്ടിരുന്ന ഇങ്ഗ്ളിഷ് നോവലുകളും, കുട്ടികൾക്കായുള്ള ഇങ്ഗ്ളിഷ് നോവലുകളും മറ്റും. ഇങ്ഗ്ളിഷ് ക്ളാസികൽ സാഹിത്യത്തിൽ ഈ എഴുത്തുകാരന് ഏറ്റവും പ്രീയപ്പെട്ടവ Oscar Wildeന്റെയും Somerset Maughamന്റെയും രചനകളായിരുന്നു. ഇവയിലെ തനതായ കഥയ്ക്കല്ല മൂല്യം. മറിച്ച്, ഇങ്ഗ്ളിഷ് ഭാഷ ഒരുക്കുന്ന അതി ലോലമായ ആശയവിനിമയ അന്തരീക്ഷമാണ് അവയ്ക്ക് അന്യാദൃശമായ മേന്മ പകർന്നത്.

പോരാത്തതിന്, അന്നുള്ള ഇങ്ഗ്ളിഷ് അപസർപ്പക നോവലുകൾക്കും ഒരു ഗംഭീരമാന്യതയും മനുഷ്യ ഗുണമേന്മയും ഉണ്ടായിരുന്നു.

കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) രചനകളിലെ ലോകം, ഈ ഉപഭൂഖണ്ഡത്തിലെ സാമൂഹികാന്തരീക്ഷത്തിൽ നിന്നും വീക്ഷിച്ചാൽ വളരെ ലളിതമായിരുന്നു. ഇവയിലുള്ള പ്രധാന വ്യത്യാസം ആശയവിനിമയത്തിൽ ഉച്ചനീചത്വം ഇല്ലാ എന്നുള്ളതായിരുന്നു.

ഈ ഭാഷാ അന്തരീക്ഷത്തിൽ, എല്ലാറ്റിനും ഒരു മയം ഉണ്ട്. എന്ത് കാര്യത്തിൽ ഏർപ്പെടുമ്പോഴും, മുന്നിൽ വന്ന ആൾക്ക് സ്വാഭാവികമായ മുൻഗണനാ അവകാശം ഉണ്ട്. വലിയ ആൾ, ചെറിയ ആൾ എന്ന വ്യത്യാസം ഇല്ലതന്നെ. കായികമായോ സംസാരത്തിലെ ശബ്ദത്തിലോ ഉള്ള ഗാംഭീര്യം പ്രദർശിപ്പിച്ചിട്ട് കാര്യമില്ല.

പ്രീഡിഗ്രിക്ക് പഠിച്ചത് തിരുവിതാംകൂറിലെ ഒരു പിന്നോക്ക ജാതിക്കാരുടെ സംഘടന നടത്തുന്ന ഒരു കോളേജിലായിരുന്നു. കോളേജിനുള്ളിലെ സംസാരം ഇത് ഒരു ഐതിഹാസിക കോളേജാണെന്നും, ദേശീയ നിലവാരത്തിൽ വൻ നേട്ടങ്ങൾ നേടിയ ഒന്നാണ് എന്നുമായിരുന്നു.

വർഷങ്ങൾക്ക് ശേഷമാണ് ഈ വിധമുള്ള അവകാശവാദങ്ങളുടെ യഥാർത്ഥ പൊരുൾ അറിയുന്നത്. ഗുണമേന്മയിൽ എത്രത്തോളം താഴെയാണ്, അത്രത്തോളും ഉയരത്തിലായിരിക്കും അവകാശവാദം.

പല സ്കൂളിലും, കോളേജിലും, ഈ വിധ വിഡ്ഢിത്തങ്ങൾ പറഞ്ഞ് പഠിപ്പിക്കുന്നുണ്ട്. ഏത് കുഗ്രാമത്തിലെ സ്കൂളുകൾക്കും ഈ വിധ അവകാശവാദങ്ങൾ ഉണ്ട്.

പോരാത്തതിന്, ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിലും ഈ വിധം ചിന്തകൾ ഉണ്ട്. അതിനുമപ്പുറമാണ്, ഗുണമേന്മയിൽ കുറവുള്ള രാജ്യക്കാർക്കും ലോത്തിലെ ഏറ്റവും വലിയ പാരമ്പര്യത്തിന്റെ ഉടമസ്ഥർ തങ്ങളാണ് എന്ന അവകാശം. ഇന്ന് ആഫ്രിക്കയിലെ പല പൊട്ട രാജ്യങ്ങളിൽ പോലും രണ്ടായിരം വർഷത്തിന് മുകളിലുള്ള ഗംഭീര പാരമ്പര്യത്തിന്റെ ഉടമസ്ഥരാണ് അവർ എന്ന അവകാശവാദം സ്ക്കൂൾ പാഠപുസ്തകങ്ങളിൽ സുലഭമാണ്.

വിഷയത്തിലേക്ക് തിരിച്ച് വന്ന്, പറയാനുള്ളത്, ഈ എഴുത്തുകാരൻ പ്രീഡിഗ്രിക്ക് പഠിച്ച കോളജിൽ വന്നു ചേർന്ന മിക്ക വിദ്യാർത്ഥികളും തിരുവിതാംകൂറിലെ പ്രാദേശിക ഭാഷാ സ്ക്കൂളുകളിൽ നിന്നും പഠിച്ചു വന്നവരായിരുന്നു. ചെറുതായെങ്കിലും ഉള്ള ഇങ്ഗ്ളിഷ് പഠന പാരമ്പര്യത്തിൻ നിന്നുമുള്ള വിദ്യാർത്ഥികൾ അടുത്തുള്ള ഒരു ക്രിസ്ത്യൻ മാനേജ്മെന്റെ കോളേജിലാണ് പഠനത്തിന് പോയത്.

ഇതിൽ ഒഴിവായുള്ളവരും (exceptions) ഉണ്ടായിരുന്നു.

ചുറ്റും പ്രാദേശിക ഭാഷാ വിദ്യാഭ്യാസത്തിൽ നിന്നും വന്ന സഹപാഠികൾ ആയിരുന്നത് കൊണ്ട്, ഇങ്ഗ്ളിഷ് ചിന്താഗതികൾ മനസ്സിൽ ഒരു നേരിയ നിഴൽപോലെ മാത്രമേ ഉണ്ടായിരുന്നു. കാരണം, ചുറ്റുമുള്ളവർക്ക് അവയെക്കുറിച്ച് യാതൊന്നും അറിയില്ല.

സംഭാഷണ വിഷയങ്ങൾ, പെരുമാറ്റം, ജീവിത വീക്ഷണം, ജീവിത ലക്ഷ്യം എന്നിവയെല്ലാത്തിനേയും പ്രാദേശിക ഫ്യൂഡൽ ഭാഷകളുടെ കോഡുകൾ ഇവരിൽ നിയന്ത്രണം വെച്ചതായുള്ള കാര്യം വളരെ വ്യക്തമായിരുന്നു.

പ്രാദേശിക ഭാഷാ കോഡുകൾ മാത്രം പ്രവർത്തിക്കുന്ന സാമൂഹിക അന്തരീക്ഷം എത്രത്തോളും വ്യത്യസ്തമാണ് എന്നതിന്റെ ഒരു അനുഭവമായിരുന്നു ഈ അന്തരീക്ഷം

50. അദ്ധ്യാപകർ സ്വർണ്ണ ഗോപുരങ്ങളിലും, വിദ്യാർത്ഥികൾ നാറുന്ന നിലത്തും എന്നും ആകുന്ന വിദ്യാഭ്യാസം

പ്രീഡിഗ്രിക്കും, ഡിഗ്രിക്കും (തിരുവനന്തപുരത്ത്), പഠിക്കുന്ന കാലത്ത്, കൂടെ പഠിച്ചവരിൽ നല്ലൊരു പങ്കും പ്രാദേശിക ഭാഷാ വിദ്യാഭ്യാസത്തിലൂടെ വന്നവരായിരുന്നു. 5ആം ക്ളാസ് മുതൽ 10ആം ക്ളാസ് വരെ കേരളാ വിദ്യാഭ്യാസ ബോഡിന് കീഴിലുള്ള 'ഇങ്ഗ്ളിഷ്' മീഡിയം ക്ളാസുകളിലാണ് പഠിച്ചത്. ഇവയും കാര്യമായി ഒരു ഇങ്ഗ്ളിഷ് മീഡിയം എന്ന് പറയാനാവില്ല. കാരണം, സ്ക്കൂൾ അന്തരീക്ഷം ഏതാണ്ട് പൂർണ്ണമായും മലയാളം തന്നെയായിരുന്നു.

അദ്ധ്യാപകരിലും ഇങ്ഗ്ളിഷുമായി കാര്യമായ ബന്ധമുള്ളവർ എണ്ണത്തിൽ വളരെ തുച്ഛമായിരുന്നു.

മലയാളത്തിലേയും കലർപ്പില്ലാത്ത ഇങ്ഗ്ളിഷിലേയും മാനസികാവസ്ഥകൾ തികച്ചും വിത്യസ്തങ്ങളായിരുന്നു. മലയാളത്തിൽ വ്യക്തികൾ, ഏറ്റവും കുറഞ്ഞത് You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ പദപ്രയോഗങ്ങളുടെ മൂന്ന് വ്യത്യസ്തങ്ങളായ നിലവാരത്തിൽ നിലനിൽക്കുന്നു.

അതിൽ അദ്ധ്യാപകർ ഏറ്റവും മുകളിലും, വിദ്ധ്യാർത്ഥികൾ ഏറ്റവും കീഴിലും.

ഈ ഓരോ നിലവാരത്തിനും വ്യത്യസ്തങ്ങളായ മാനസിക കാഴ്ചപ്പാടുകളായിരുന്നത്. ഒരു ഭാഗത്ത് മേൽക്കോയ്മകളും, മറുഭാഗത്ത് എന്തിനും വണങ്ങി കാര്യസാദ്ധ്യതനടത്തുക, പാദസേവ ചെയ്ത് പ്രീയം നേടുക എന്നതിൽ സായൂജ്യം കണ്ടെത്തൽ. ഇതിന് ഒരുങ്ങാത്തവർ ഒരുതരം പുകഞ്ഞപുള്ളിയായി നിലനിൽക്കും.

ഇത് ഒരു വശം മാത്രം. കൂടുതലായുള്ള പ്രശ്നം, വിദ്യാർത്ഥികൾക്കിടയിൽത്തന്നെയുള്ള വ്യക്തിപരമായ കുശുമ്പകുളും, തമ്മിൽത്താഴ്ത്തിപ്പറയലും, തരംതാഴ്ത്തലും. ഇതിലെല്ലാം ആർക്കും ഒരു പ്രത്യേകമായുള്ള അനുഭവമായി കണ്ടിരുന്നില്ല. മറിച്ച്, എല്ലാരും ചെയ്യുന്ന കാര്യങ്ങൾ. ഇത്യാദികാര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി ചെയ്ത് മറ്റവനെ/മറ്റവളെ മലർത്തിയടിക്കാൻ കഴിഞ്ഞാൽ, മാനസിക ഉല്ലാസം ലഭിക്കും.

എന്തിനും ഏതിനും തനിക്കാണ് കഴിവ് കൂടുതൽ എന്ന് പ്രദർശിപ്പിക്കാനുള്ള ഒരു വാഞ്ജ. അദ്ധ്യാപകരും ഇതേ മാതിരി തന്നെ വിദ്യാർത്ഥികളെ കഴിവുള്ളവരെന്നും ഇല്ലാത്തവരെന്നും തരംതിരിക്കുന്നുണ്ടാവാം. ഇനി ഇങ്ങിനെ ചെയ്യുന്നില്ലെങ്കിലും, ഭാഷാകോഡുകൾ ഈ കാര്യങ്ങൾ നടത്തും. സ്വമേധയാ.

ഈ എഴുത്തുകാരൻ 5ആം ക്ളാസിൽ ചേർന്ന ഉടനെ ഈ രണ്ട് വ്യത്യസ്തലോകങ്ങളുടേയും വ്യാപ്തി കാര്യമായി അറിഞ്ഞിരുന്നില്ല.

എന്നാൽ, ഈ ക്ളാസിൽ വച്ചുതന്നെ, ആന്തരിക സോഫ്ടേർ കോഡുകളുടെ ദിശാഘടകാംശത്തിൽ കാര്യമായ വ്യത്യാസം മറ്റ് 5ആംക്ളാസിലെ വിദ്യാർത്ഥികളോട് താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിരുന്നു. ഇത് ഇത്രമാത്രമാണ്:

ഈ എഴുത്തുകാരന് ഇങ്ഗ്ളിഷിൽ പ്രാവീണ്യം ഉണ്ട്. ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിലേക്കും മറ്റുമുള്ള പാതയിലേക്കാണ് മാനസിക മുഖം തിരിഞ്ഞിരിക്കുന്നത്.

അതേ സമയം, മറ്റ് വിദ്യാർത്ഥികളും മിക്ക അദ്ധ്യാപകരും ഏതാണ്ട് പൂർണ്ണമായും മലയാളത്തിലെ ഭാഷാ അന്തരീക്ഷത്തിലേക്കാണ് മുഖംനട്ടിരിക്കുന്നത്.

തുടക്കത്തിൽ ഈ എഴുത്തുകാരനും മറ്റുള്ളവരും ഏതാണ്ട് തൊട്ടടുത്തുള്ള മാനസിക സ്ഥാനത്താണ് നിന്നിരുന്നതെങ്കിലും, ഓരോ മാസവും, വർഷവും കഴിയുന്തോറും, ഉൾക്കാഴ്ചകളുടെ സ്ഥാനത്ത് രണ്ട് കൂട്ടരും തികച്ചും വ്യത്യസ്തവും തമ്മിൽ വളരെ വിദൂരങ്ങൾ ഉള്ള ഇടങ്ങളിലേക്കും നീങ്ങുന്നുണ്ടായിരുന്നു.

ഈ പ്രതിഭാസത്തെ വിശദീകരിക്കാൻ പ്രയാസമില്ലതന്നെ.

ചിത്രീകരണം നോക്കുക:

വർഷം 1975. രണ്ട് കുട്ടികൾ. അതിൽ ഒരാളുടെ വീട്ടിൽ ഒരു ഇങ്ഗ്ളിഷ് പത്രം നിത്യേനെ വരുത്താൻ പറയുന്നു. അയാളുടെ വീട്ടിൽ അത് നിത്യവും വരുന്നു. ഈ കുട്ടി ദിവസവും ആ ഇങ്ഗ്ളിഷ് പത്രം കാണുന്നു. കുറച്ച് കാലങ്ങൾക്ക് ശേഷം അത് വായിച്ച് തുടങ്ങുന്നു. ഏതാണ്ട് 5 വർഷങ്ങൾക്ക് ശേഷം, ഈ ആളുടെ മനസ്സിൽ ലഭിച്ച കാര്യങ്ങൾ, മറ്റെ കുട്ടിയുടെ മനസ്സിന് ലഭിച്ച കാര്യങ്ങൾക്ക് അതീതമായുള്ള പലതും ഉണ്ടാവും. രണ്ടു പേരെയും അവരുടെ ആന്തരിക സോഫ്ട്വേർകോഡുകളുടെ ഡിസൈൻ വ്യൂവിൽ (Design view) ദർശിച്ചാൽ, രണ്ട് പേരും തികച്ചും രണ്ട് വ്യത്യസ്ത ദിക്കിലേക്ക് ഈ 5 വർഷങ്ങൾക്കുള്ളിൽ നീങ്ങിയതായി കാണും.

ഈ മുകളിൽ നൽകിയ ചിത്രീകരണത്തിൽ, ഒരു വളരെ പിന്നിലുള്ള ഒരു വർഷം നൽകിയതിനും ഒരു കാര്യമുണ്ട്. അത് പിന്നീട് സൂചിപ്പിക്കാം. ഓർമ്മവരികയാണെങ്കിൽ.

51. വാക്കുകൾക്ക് ഫ്യൂഡൽ ഭാഷകളിൽ ത്രിശാഖിത്വം സംഭവിക്കുമ്പോൾ

You, Your, Yours, He, His, Him, She, Her, Hers, They, Their, Theirs തുടങ്ങിയ വാക്കുകൾക്ക് മലയാളത്തിൽ ഏറ്റവും കുറഞ്ഞതായി സംഭവിക്കുന്ന ത്രിശാഖിത്വം (trichotomy), ഈ ഭാഷ സംസാരിക്കുന്നവരുടെ മാനസിക ഭാവത്തെ ഇങ്ഗ്ളിഷിൽ ഉളവാകുന്ന മാനസിക ഭാവത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ഒന്നാക്കിമാറ്റുന്നു.

സമന്മാരായി ഉയരുന്ന ആളുകളെ തങ്ങളോട് മത്സരിക്കുന്നവരായി കാണുകയും, അവരെ എത്രയും പെട്ടെന്ന് വാക്ക് കോഡുകളിൽ അങ്ങ് താഴെത്തെത്തിക്കാനുള്ള വ്യഗ്രത ഒരു ഭാഗത്ത്. മറുഭാഗത്ത് മേൽക്കോയ്മയിലുള്ളവരെ ബഹുമാന വാക്കുകളുടെ ഔന്നിത്യത്തിൽ എത്തിക്കുക. മറ്റുള്ളവരെക്കൊണ്ട് ഈ കാര്യം അംഗീകരിപ്പിക്കുക.

വിദ്യാർത്ഥികൾ, അവരുടെ കൂട്ടുകാരല്ലാത്തവരുടെ ഏത് ശ്രദ്ധാർഹമായ നേട്ടങ്ങളെയും ആപൽക്കരമായ മുന്നേറ്റമായി കാണുകയും, ഈ വക കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, അവയെയും, ആ ആളെയും പുച്ഛിക്കുക, തുപ്പുന്ന രീതിയിൽ ഉള്ള ഒരു രീതിയിൽ സംസാരിക്കുക തുടങ്ങിയ കാര്യങ്ങൾ സ്വമേധയാ ഭാഷാകോഡുകളിലെ ത്രിശാഖിത്വം വരുത്തുമായിരുന്നു.

ഇങ്ങിനെയുള്ള മാനസിക ഭാവം തെറ്റാണ് എന്നെല്ലാം പഠിപ്പിക്കാമെങ്കിലും, ഈ മാനസിക ഭാവം ഉളവാക്കുന്ന വാക്ക് കോഡുകളെ ഈ വിധമുള്ള പഠിപ്പിക്കലുകൾക്ക് മാച്ചുകളയാനാവില്ലതന്നെ. കാരണം, അവ ഭാഷയിലെ കോഡുകളാണ്.

വ്യക്തിയിലെ മാനസിക ദുഷ്ടതയല്ല ഇവയെ പ്രകോപിപ്പിക്കുന്നത്. മറിച്ച്, മറ്റൊരാൾ മുന്നോട്ട് നീങ്ങുമ്പോൾ, ഭാഷാകോഡുകളിൽ ആ ആൾക്ക് മൂല്യ വർദ്ധനവ് ലഭിക്കുകയും, തന്റെ സ്വന്തം ഇടത്ത് വാക്ക് കോഡുകളിൽ മൂല്യ ചോഷണം സംഭവിക്കുകയും ചെയ്യും എന്നുള്ളത് ഒരു നിത്യസത്യമായി ഇരിക്കുന്നിടത്തോളംകാലം, ഈ മാനസിക അരക്ഷിതത്വം സ്വാഭാവികം മാത്രമാണ്.

ഈ കാര്യം മിക്ക വ്യക്തികളിലും ഒരു ഗംഭീരമായ അരക്ഷിതാവസ്ഥയാണ് ഉളവാക്കുക. കാരണം, മറ്റ് വ്യക്തികൾ തന്നെ കാണുന്നരീതിക്ക് പോറൽ ഏൽക്കും എന്നുള്ളത് ഫ്യൂഡൽ ഭാഷകളിൽ അതി കഠിനമായ ഒരു പ്രശ്നം തന്നെയാണ്.

Lord Macaulayക്ക് ഈ സംഗതിയുടെ പൂർണ്ണമായ വിവരം ലഭിച്ചിരുന്നു എന്ന് തോന്നുന്നില്ല. എന്നാൽ, പ്രഥമദൃഷ്ടിയിൽത്തന്നെ ഈ ഉപഭൂഖണ്ഡത്തിലെ ഭാഷകളിൽ അപമര്യാദയുടെ കോഡുകൾ അന്തർലീനമായിട്ടുണ്ട് എന്ന് അദ്ദേഹത്തിന് പെട്ടെന്ന് തന്നെ തിരിച്ചറിയാൻ ആയി എന്നുള്ളതാണ് എടുത്ത് പറയേണ്ടകാര്യം.

ഈ വിധ ദുഷ്ടതകളും, ത്രിശാഖിത്വവും, അരക്ഷിതത്വവും, അരക്ഷിതാവസ്ഥയും ഇല്ലാത്ത ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുമ്പോൾത്തന്നെ വ്യക്തിയിലും, അതിലൂടെ സമൂഹത്തിലും, ഒരു ഗുണാത്മകമായ മാറ്റം സംഭവിക്കും എന്നുള്ളത് തീർച്ചയായ കാര്യമാണ്.

ഇങ്ഗ്ളിഷിൽ, ഒന്ന് ഏതാനും വാക്യങ്ങൾ സംസാരിക്കുമ്പോൾത്തന്നെ മാനസിക നിലവാരത്തിലും, വ്യക്തിയുടെ ഉള്ളിൽ പ്രവർത്തിക്കുന്ന കോഡുകളിലും, വരുന്ന ഭാവമാറ്റം വളരെ പെട്ടെന്ന് തന്നെ അനുഭവപ്പെടുന്നതാണ്.

52. ഇടുങ്ങിയ ആശയ വിഷയ ലോകത്തിൽ നിന്ന്കൊണ്ട് താത്വികമായി സംസാരിക്കുമ്പോൾ

താഴെ അമർത്തപ്പെട്ട്, മുകളിലെ ആളുകളെ കഴിയുമെങ്കിൽ കടിക്കാം എന്ന ഭാവത്തിൽ നിൽക്കുന്ന ആൾക്ക് ഒരു മാനസിക ഉയർച്ച അനുഭവപ്പെടും. അതേ സമയം, മുകളിൽ നിൽക്കുന്ന ആൾക്ക് ഒരു സമതലത്തിലെക്ക് ഇറങ്ങിവന്ന അനുഭവവും അനുഭവപ്പെടും.

ഫ്യൂഡൽ ഭാഷകളിലൂടെ പഠിച്ച് വളർന്നവരിൽ ഉളവാകുന്ന ഒരു പ്രശ്നമാണ് ഇത്. പലപ്പോഴും രണ്ട് കൂട്ടർക്കും ഒരു തരം വെപ്രാളമോ, എന്തോ അനുചിതമായ കാര്യം അനുഭവിച്ചതോ ആയ പ്രതീതി ഉളവായേക്കാം.

സ്ക്കൂളിലെ കൂടെ പഠിച്ചിരുന്നവരിൽ കണ്ട ഒരു കാര്യം അവർക്ക് സംസാരിക്കാനും ചർച്ചചെയ്യാനും, ചിന്തിക്കാനും ഉള്ള വിഷയങ്ങളുടെ സങ്കുചിതത്വം ആയിരുന്നു. ഗുണമേന്മയുള്ള രീതിയിൽ ഇങ്ഗ്ളിഷ് ഭാഷ ലഭിച്ചിരുന്ന ഈ എഴുത്തുകാരന്, ചിന്തിക്കാനും ചർച്ചചെയ്യാനും അതി ലളിതമായതും വിശാലമായതുമായ വിഷയങ്ങളും മറ്റും ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിൽ നിന്നും തന്നെ ധാരാളം ലഭിച്ചിരുന്നു. ഇത് പോലെ തന്നെ മറ്റ് പലതും ഇങ്ഗ്ളിഷിലൂടെ ലഭിച്ചിരുന്നു.

എന്നാൽ, മലയാളം മാത്രം പഠിച്ച് വന്നവർക്ക് ഈ വിധമുള്ള ഒരു ലോകത്തെക്കുറിച്ച് യാതോരും വിവരമോ സൂചനയോ ഇല്ലായിരുന്നു. എന്നാൽ, ഇതിലെ വിരോധാഭാസം എന്തായിരുന്നു എന്ന് വച്ചാൽ, ഈ കൂട്ടർക്ക് അവരുടെ ഇടുങ്ങിയ ആശയ വിഷയ ലോകത്തിൽ നിന്ന്കൊണ്ട് മനുഷ്യ സമത്വത്തേയും, മനുഷ്യാവകശാങ്ങളെക്കുറിച്ചും, ജനകീയ വിപ്ളവങ്ങളെക്കുറിച്ചും, മറ്റ് രാജ്യങ്ങളിലെ ജനങ്ങളുടെ വിപ്ളവങ്ങളെക്കുറിച്ചും, മറ്റുംമറ്റും അതിഗംഭീരമായ ചർച്ചകളും, ഒച്ചപ്പാടുകളും, വീരവാദങ്ങളും, രാഷ്ട്രീയ ചർച്ചകളും മറ്റും തികച്ചും സ്വാഭാവികമായ മാനസികാവസ്ഥയോടുകൂടി നടത്താൻ ആവുമായിരുന്നു. (ഇതിന് ഒരു മറുവശം ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ ഉണ്ട്. അത് എന്താണ് എന്ന് പിന്നീട് സൂചിപ്പിക്കാം).

ശ്രീ. മധുസൂധനൻ നായരുടെ നാറാണത്ത് ഭ്രാന്തൻ എന്ന കവിത ആസ്വധിക്കുന്നത് പോലെയാണ്. മനുഷ്യ സമത്വങ്ങൾക്കായി ആഹ്വാനം ചെയ്യുന്ന കവിതയാണ് അത് എന്നാണ് തോന്നുന്നത്.

QUOTE: തങ്ങളിൽ തങ്ങളിൽ മുഖത്ത് തുപ്പും നമ്മൾ ഒന്നെന്ന് ചൊല്ലും ചിരിക്കും....

QUOTE: ജ്ഞാനത്തിനായ് കുമ്പിൽ നീട്ടുന്ന പൂവിന്റെ ജാതിചോദിക്കുന്നൂ വ്യോമസിംഹാസനം.........

എന്നാൽ മനുഷ്യനെ ഏറ്റവും നീചമായും നികൃഷ്ടമായും വിവേചനം ചെയ്യുന്ന കോഡുകൾ സ്വന്തം സംസാര വാക്കുകളിൽ തന്നെയുണ്ട് എന്ന കാര്യം ഈ കവിത ആസ്വധിക്കുന്നവർക്ക് അറിവ് ലഭിക്കുന്നുണ്ടോ എന്ന് അറിയില്ല.

എന്നാൽ സ്കൂളിലേയും കോളെജിലേയും ഈ വിധമുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും ഉള്ള ലക്ഷ്യമായി കണ്ടിരുന്ന ഒരു ആവശ്യകത, ഒച്ചപ്പാട് ഉണ്ടാക്കാനും മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചെടുക്കാനും ഉള്ള ഒരു സംഗതിയായിരുന്നു

ഈ വിധ കോപ്രാട്ടിത്തരങ്ങൾ എന്നതാണ്. ഇങ്ങിനെ ചെയ്യുന്നവർ കഴിവ് കൂടുതൽ ഉള്ളവരാണ് എന്ന ഒരു ധാരണവരെ കണ്ടിരുന്നു.

കാരണം, ഫ്യൂഡൽ ഭാഷകളിൽ ഈ വിധം ഒച്ചപ്പാടുകൾക്കും മറ്റുള്ളവരെ മറിച്ചിടലിനും മൂല്യം ഉണ്ട്.

എന്നാൽ, സമൂഹീക ആശയവിനിമയത്തിൽ ആകെക്കൂടി ഒരു ബഹളമയവും, മുന്നിലുള്ളവരെ ഉന്തിയിടാനും പരക്കംപഞ്ഞ് മുന്നേറാനും, മറ്റുള്ളവരെ തുരത്താനും മറ്റും ഉള്ള ആക്രാന്തിയും ഈ ഭാഷാ കോഡുകൾ പ്രകോപിപ്പിക്കുന്നതായി കണാമായിരുന്നു.

ഈ ഒരു മാനസിക ഭാവത്തിന്റെ തിക്തഫലം ഈ ഉപഭൂഖണ്ടത്തിലുണ്ടായിരുന്ന നൂറുകണക്കിന് രാജ്യക്കാരും, ആ ഓരോ രാജ്യത്തിലെ വ്യത്യസ്ത ജനക്കൂട്ടങ്ങളും അവരിൽതന്നെ ഉള്ള ഓരോ കുടുംബക്കാരും ചരിത്രാതീതകാലം മുതൽ അനുഭവിച്ചറിഞ്ഞിട്ടുണ്ട്

ഈ കൂട്ടരെ കുറച്ച് സ്പോക്കൺ-ഇങ്ഗ്ളിഷ് (Spoken-English) പഠിപ്പിച്ചത് കൊണ്ട് മാത്രം പാരമ്പര്യ-ഇങ്ഗ്ളണ്ടിലെ സാമൂഹത്തിലെ തെളിഞ്ഞ പ്രശാന്തത ഈ ഉപഭൂഖണ്ടത്തിൽ പ്രചരിപ്പിക്കാൻ ആവില്ലതന്നെ. കാരണം, ഇങ്ങിനെ സാമൂഹിക അരക്ഷിതാവസ്ഥയിൽ ഉള്ള ജനക്കൂട്ടങ്ങളിൽ കുറച്ച് പേർക്ക് കുറച്ച് സ്പോക്കൺ-ഇങ്ഗ്ളിഷ് പഠിപ്പിച്ചാൽ, ആകെ സംഭവിക്കുന്നത്, അവർ ഈ ലഭിച്ച ഇങ്ഗ്ളിഷിനെ മറ്റുള്ളവരെ അടിച്ച് താഴ്ത്താൻ ഉപകരിക്കുന്ന ഒരു പുതിയ ആയുധമായി ഉപയോഗിക്കും.

അത്രമാത്രവുമല്ല, ഈ ലഭിച്ച ഇങ്ഗ്ളിഷ് ഉപയോഗിച്ച് കൊണ്ട് ഇങ്ഗ്ളിഷ് സമൂഹങ്ങളിലേക്ക് തുരന്ന് കയറുകയും, സ്വന്തം സാമൂഹികാന്തരീക്ഷത്തിലെ ശിഥിലീകരണ കോഡുകൾ ഇറക്കിവിടുകയും ചെയ്യും.

53. ഒരു വലിയ ശതമാനം ജനങ്ങളെ മൃഗതുല്യരും അർദ്ധമനുഷ്യരും മറ്റുമായി തരംതിരിക്കുകയും നിവൃചിക്കുകയും ചെയ്യുന്ന ഭാഷാന്തരീക്ഷം

Macaulayയും ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും ശ്രമിച്ചതിൽ ഒരു കാര്യം ഇവിടുള്ള വ്യക്തികളിലെ മാനസിക taste അഥവാ രുചി, അഭിരുചി, സ്വാദ് തുടങ്ങിയവയിൽത്തന്നെ അതിഗംഭീരമായ മാറ്റം വരുത്തുക എന്നുള്ളതായിരുന്നു.

ഒരു വലിയ ശതമാനം ജനങ്ങളെ മൃഗതുല്യരും അർദ്ധമനുഷ്യരും മറ്റുമായി തരംതിരിക്കുകയും നിവൃചിക്കുകയും ചെയ്യപ്പെട്ടിരുന്ന ഒരു സാമൂഹികാന്തരീക്ഷത്തെയാണ് ഇങ്ഗ്ളിഷിലേക്ക് ഉയർത്തേണ്ടത്. അങ്ങിനെ ഒരു സംഗതി സാധ്യമാണ് എന്ന് വിഭാവനം ചെയ്തത് തന്നെ അതി ഗംഭീരമായ കാര്യമാണ്.

ഇന്നും, ഈ എഴുത്തുകാരനോട് പലരും വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യമാണ്, ഈ നാട്ടിലെ തൊഴിലാളികളേയും, വാണിജ്യവാഹന ജീവനക്കാരെയും, പീടിക (കടകമ്പോള) ഉടമസ്ഥരേയും, അവരുടെ തൊഴിലാളികളേയും ഇങ്ഗ്ളിഷിലേക്ക് ഉയർത്തിയെടുക്കുക എന്നുള്ളത് അസാധ്യമായ കാര്യമാണ് എന്ന്.

ഇന്നാണെങ്കിൽ, ഭാഷാ പഠനത്തിന് സൌകര്യം നൽകുന്ന അനവധി കാര്യങ്ങൾ ലഭ്യമാണ്. ഇങ്ഗ്ളിഷ് പത്രം, ടിവി, റേഡിയോ തുടങ്ങിയവ.

അതേ സമയം, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഈ ഉദ്യമത്തിന് ഉത്തരവ് നൽകുന്ന അവസരത്തിൽ, അവരുടെ പക്ഷം ഉണ്ടായിരുന്നത് നിസ്സാരം എന്ന് കണക്കുകൂട്ടാവുന്ന ഒരു പറ്റം ചെറുപ്രായക്കാരായ ഇങ്ഗ്ളിഷ് ആളുകളാണ്.

എന്നാൽ, ഈ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷുകാരുടെ എല്ലാ വിധ ഉദ്യമങ്ങളിലും ഇങ്ഗ്ളിഷുകാരുടെ ആൾ എണ്ണബലം നിസ്സാരം ആയിരുന്നു.

ഉദാഹരണത്തിന്, പ്രാദേശിക രാജാവും ഫ്രഞ്ചുകാരും സംഘടിച്ച് വന്ന് മെഡ്രാസിന് അടുത്തുള്ള ആർക്കോട്ടിലെ ഇങ്ഗ്ളിഷ് കച്ചവട കേന്ദ്രം ആക്രമിച്ചതിനെ വളരെ ചെറുപ്രായക്കരനായ Robert Clive ചെറുത്ത് തോൽപ്പിച്ചപ്പോൾ, അദ്ദേഹത്തിന്റെ കൂടെ വെറും ഇരുപത് നിസ്സാര പ്രായക്കാരായ ഇങ്ഗ്ളിഷ് ചെറുപ്പക്കാരാണ് ഉണ്ടായിരുന്നത്. എന്നാൽ, ഇങ്ഗ്ളിഷ് ഉദ്യമത്തെ എന്ത് വിലകൊടുത്തും വിജയിപ്പിക്കും എന്ന് പ്രതിജ്ഞാബദ്ധരായ, സാമൂഹിക അടിത്തട്ടിൽ നിന്നുമുള്ള, 180 പ്രാദേശിക പട്ടാളക്കാരും ഇദ്ദേഹത്തിന് ഒപ്പമുണ്ടായിരുന്നു.

ഈ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി നടത്തിയ എല്ലാ ഉദ്യമങ്ങളെയും വിജയിപ്പിച്ചത് ഏതാണ്ട് ഇതേ പോലുള്ള തികച്ചും ദുർബ്ബലമായ അനുപാതങ്ങൾ തന്നെയായിരുന്നു എന്നാണ് തോന്നുന്നത്. പ്ളാസി യുദ്ധത്തിൽ 200 ഇങ്ഗ്ളിഷുകാരും 1800 പ്രാദേശിക ജനതയും. ഏറ്റ് മുട്ടിയത് മുർഷിദാബാദിലെ നവാബിന്റെ 20,000 പട്ടാളത്തോടും, അവരുടെ കൂടെനിന്ന ഫ്രഞ്ച്കാരോടും. വിജയിച്ചത് Robert Cliveന്റെ പക്ഷം തന്നെ.

ജയിപ്പിച്ചത്, തോക്കും പീരങ്കിയും മറ്റുമൊന്നുമല്ലതന്നെ. മറിച്ച്, പരന്ന കോഡുകളുള്ള ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുന്നവരോടുള്ള നൂറ്റാണ്ടുകളായി സാമൂഹിക അടിമത്തത്തിൽ നിന്നും ആദ്യമായി രക്ഷനേടിയ പ്രാദേശികരുടെ കൂറും കടപ്പാടും വിശ്വസ്തതയും ഒന്നുമാത്രം.

54. ബുദ്ധിയും നൈപുണ്യവും സാമൂഹിക അന്തസ്സും എല്ലാവർക്കും ഉണ്ട് എന്ന ആദ്യമായി പ്രഖ്യാപിച്ചവർ

ബുദ്ധിയും നൈപുണ്യവും സാമൂഹിക അന്തസ്സും മറ്റും യാതോരു ജാതിക്കാരുടേയോ, ജനക്കൂട്ടങ്ങളുടേയും പാരമ്പര്യത്തിൽമാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല എന്ന് ഈ ഉപഭൂഖണ്ടത്തിൽ ആദ്യമായി തെളിയിച്ചത് ഇങ്ഗ്ളിഷുകാരാണ്.

തിരുവിതാംകൂറിൽ London Missionary Societyയിലെ ഇവാഞ്ചലിസ്റ്റുകൾ നൂറ്റാണ്ടുകളായി മണ്ണിനോട് ബന്ധിക്കപ്പെട്ട് അടിയാനും, കുടിയാനും, അടിമയും മറ്റുമായി ജീവിതം നയിച്ചിരുന്നവരെ പഠിപ്പിച്ചെടുക്കാൻ മുതിർന്നപ്പോൾ, മേൽജാതിക്കാർ നൽകിയ ഉപദേശം, ഈ കൂട്ടർ മനുഷ്യന്റെ പൂർണ്ണമായ മാനസിക കഴിവുകൾ ഉള്ളവർ അല്ലാ, എന്നാണ്.

ഇങ്ങിനെ പഠിപ്പിച്ചെടുത്തിട്ട് യാതോരു ഗുണവും ഇല്ലാ എന്നായിരുന്ന അവർ പറഞ്ഞത്.

ഇവാഞ്ചലിസ്റ്റുകൾ ഇങ്ഗ്ളിഷ് ഭാഷാ പ്രചരണത്തിന് കാര്യമായ ഊന്നൽ നൽകിയിരുന്നില്ല എന്നാണ് തോന്നുന്നത്.

ഈ സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് പലതും പറയാനുണ്ട്. എന്നാൽ, കൃസ്ത്യൻ മിഷിനറി പ്രവർത്തനം ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി, അവർ ഭരിച്ചിരുന്ന ഇടത്ത് നിരോധിച്ചിരുന്നതിനാൽ, ഈ പ്രസ്ഥാനത്തെക്കുറിച്ച് ഇവിടെ ഇപ്പോൾ പ്രതിപാദിക്കുന്നില്ല.

മലബാറിൽ ഇങ്ഗ്ളിഷ് ഭരണമായിരുന്നു ഉണ്ടായിരുന്നത്. അവിടെ ഇങ്ഗ്ളിഷ് വിദ്യാഭ്യാസത്തിലേക്ക് നീങ്ങിയവർക്ക് ലഭിച്ച ഇങ്ഗ്ളിഷ് പരിജ്ഞാനം ഇന്നും അവിശ്വസനീയമാം വിധം നിലവാരമുള്ളതായിരുന്നു. എന്നാൽ തലശ്ശേരി പോലുള്ള വളരെ ചെറിയ ഇടങ്ങളിലെ ഇത് കാര്യമായി സംഭവിച്ചുള്ളു.

വെറും പതിറ്റാണ്ടുകൾക്ക് മുൻപ് വരെ യാതോരു വിദ്യാഭ്യാസമോ സാമൂഹിക അന്തസ്സോ ഇല്ലായിരുന്ന വീടുകളിൽ Oscar Wilde, Charles Dickens, Sir. Walter Scott, R L Stevenson, Bronte sisters തുടങ്ങി പല ആംഗ്ളേയ എഴുത്തുകാരുടേയും പേരുകളും, ഗ്രന്ഥങ്ങളും നിത്യപരിചയമുള്ള ഒരു ജനക്കൂട്ടം വളർന്നു വന്നു.

ഈ വക എഴുത്തുകാരുമായി ബന്ധപ്പെടുന്ന ആൾക്കൂട്ടങ്ങളിൽ ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷം സ്വന്തം നാട്ടിൽ പ്രചരിപ്പിക്കാനുള്ള താൽപ്പര്യം വന്നിട്ടുണ്ടാവാം. വസ്ത്രധാരണത്തിലും സാമൂഹിക അന്തസ്സിലും മാറ്റങ്ങൾ വന്നിരുന്നു എന്നാണ് മനസ്സിലാകുന്നത്.

എന്നാൽ, ഈ വിധം സ്വന്തം ജാതിക്കാരായ ചെറുപ്പക്കാരിൽ മാനസിക മാറ്റം സംഭവിക്കുന്നത് സാമുദായിക നേതാക്കളുടെ ഉറക്കം കെടുത്തിയിട്ടുണ്ടാവും എന്നത് തീർച്ചയാണ്. പ്രായത്താലും, തൊഴിൽപരമായും, കുടുംബ ബന്ധങ്ങളാലും, ജാതീയമായും മറ്റും താഴ്മയിൽ കുടുങ്ങിനിന്നിരുന്നവർ ഇങ്ങിനെ ഇങ്ഗ്ളിഷ് പഠിച്ച് ഇറങ്ങുന്നത് കണ്ടപ്പോൾ, സാമുദായിക നേതാക്കൾ ഏവരും ഇതിന് ഒരു പ്രതിവിധികണ്ടെത്തിയത്, ഒരു ബദൽ സംവിധാനം വളർത്തിയെടുത്ത് കൊണ്ടാണ്.

താഴ്മയിൽ കിടന്നിരുന്ന ജനങ്ങളെ ഉദ്ദരിപ്പിക്കണം എന്ന ചിന്ത ചരിത്രാതീത കാലം മുതൽ തൊട്ടുതീണ്ടിയിട്ടില്ലാത്ത സാമൂഹിക പദവിയുള്ള കുടുംബക്കാരിൽനിന്നും പുരോഗമനവാദികളും, വിപ്ളവകാരികളും, സാമുദായിക പരിഷ്കർത്താക്കളും വിദ്യാഭ്യാസ പ്രചരണക്കാരും മറ്റും നാടുനീളം പൊട്ടിമുളച്ചു.

ഉദ്ദേശം എവരിലും ഒന്നുതന്നെ. താഴ്മയിൽനിന്നും ഇങ്ഗ്ളിഷ് പഠിച്ച് വളർന്നേക്കാവുന്ന ആളുകളെ ഫ്യൂഡൽ ഭാഷയിൽത്തന്നെ നിർത്തി, കുറേ വിവരവും മറ്റും നൽകുക. ഇവർ എത്രവളർന്നാലും, ഭാഷാ കോഡുകളുടെ പിടിയിൽനിന്നും സാമൂഹികമായി കാര്യമായി രക്ഷപ്പെടില്ലതന്നെ. ആ ഭാഷയിലെ ഉയരങ്ങളിലും താഴ്ച്ചകളിലും കാവ്യത്മക ഭംഗി കണ്ടെത്തുകയും, അതിനുള്ളിൽ കിടന്ന് വൻകിട സാമൂഹിക തത്വശാസ്ത്രങ്ങൾ ഉരുവിടുകയും ഇവർ ചെയ്യും. അത്രതന്നെ.

55. നിഴൽപോലും ഇന്ന് ബാക്കിയില്ലാത്ത ഒരു വൻ സാമൂഹിക പരിവർത്തന ലക്ഷ്യം

ഈ എഴുത്തുകാരൻ സ്കൂളിലും കോളേജിലും പഠിക്കുന്ന കാലത്ത് ഈ വിധം, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി വിഭാവനം ചെയ്ത രീതിയിൽ ഉള്ള ഒരു സാമൂഹിക പരിവർത്തനത്തിന്റെ നിഴൽപോലും വിദ്യാഭ്യാസത്തിൽ കണ്ടില്ലതന്നെ. തിരുവിതാംകൂറിൽ വിദ്യാഭ്യാസത്തിന് ഇങ്ങിനെ സാമൂഹിക ആശയവിനിമയത്തിലും മറ്റും ഒരു മയപ്പെടുത്തൽ വരുത്തുക എന്ന ഒരു ഉദ്ദേശ്യം ഉണ്ട് എന്ന കാര്യം വിദ്യാഭ്യാസം ലഭിച്ചവരിൽ എത്രപേർക്ക് അന്ന് അറിവുണ്ടായിരുന്നു എന്ന് അറിയില്ല.

തിരുവിതാംകൂർ രാജ്യം ഇങ്ഗ്ളിഷ് ഭരണത്തിന് കീഴിൽ അല്ലായിരുന്നെങ്കിലും, മെഡ്രാസിലെ ഇങ്ഗ്ളിഷ് ഭരണകൂടത്തെ അനുകരിക്കുവാൻ ഭരണയന്ത്രത്തിന്റെ ഏറ്റവും മുകളിൽ ഉള്ളവർ ശ്രമിച്ചിരുന്നു എന്നുള്ളത് ശരിയായിരിക്കാം. എന്നാൽ, സമൂഹത്തിന്റെ താഴെക്കിടയിൽ കാര്യങ്ങൾ തികച്ചും പരുക്കൻ തന്നെയായിരുന്നു.

കൂടെ പഠിച്ചവരുടെ എല്ലാവിധ ആശയവിനിമയത്തിലും, ആശ്ചര്യങ്ങളിലും കൊച്ചുകഥകളിലും, മറ്റും ഈ എഴുത്തുകാരൻ കാര്യമായിത്തന്നെ പങ്കെടുത്തിരുന്നു. എന്നാൽ, സ്വന്തം മനസ്സിൽ ഉള്ള യാതോരു ആശയങ്ങളും മറ്റും കൂടെയുള്ളവരുമായി പങ്കിടുവാൻ യാതോരു മാർഗ്ഗവുമില്ലായിരുന്നു.

കാരണം കൂടെയുള്ളവരിൽ വിരലിൽ എണ്ണാൻ പോലും എണ്ണം പേർക്ക് ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യവുമായി ബന്ധമുണ്ടായിരുന്നില്ല. അതിന് ആകുന്നവർ പ്രാദേശിക സമൂഹത്തിൽ ഉണ്ട് എന്ന് പലപ്പോഴും അറിഞ്ഞിരുന്നു. എന്നാൽ അവരുമായി യതോരു ബന്ധവും ഇല്ലായിരുന്നു.

ചെറിയ ലോകം. ചെറുകിട സാമൂഹിക നേതാക്കളെ ആരാധിക്കുന്ന വിദ്യാർത്ഥികൾ. ഈ വിധമുള്ള ചെറുകിട നേതാക്കൾ ഓരോ സംഭവത്തിൽ എത്തിച്ചേരുന്നതിനെ, 'അപ്പോൾ അദ്ദേഹം അവിടേക്ക് പറന്നെത്തി' എന്നല്ലാമുള്ള വിശേഷണങ്ങളോടുകൂടി അവരുടെ ആരാധകർ ഉരുവിടും.

പരിചയക്കാർ ഒത്തുകൂടിയാൽ, യാതോരുവിധ ആശയപരമായുള്ള സംഭാഷങ്ങൾക്കും വേദി ഒരുക്കപ്പെടില്ല. സാധാരണഗതിയിൽ കുപ്പിയുണ്ടോ, കുപ്പി എടുക്കാം, വെള്ളമടിക്കാം എന്നെല്ലാമാണ് സമയം പോക്കാനുള്ള ഏറ്റവും എളുപ്പമുള്ള പരിപാടി. ഇതിൽ തെറ്റില്ലതന്നെ. എന്നാൽ, ഇതിന് ബദലായുള്ള യാതോരു പരിപാടിയും കണ്ടില്ല.

ഈ എഴുത്തുക്കാരൻ ഒന്ന് രണ്ട് വർഷം ഏതാണ്ട് മുഴുകുടിയൻ ആകാനുള്ള പുറപ്പാട് തന്നെയുണ്ടായിരുന്നു.

പിന്നെയുള്ളത് ചീട്ടുകളി. Playing Cards എന്ന സംഗതി മലയാളത്തിൽ ചീട്ടുകളിയായി മാറുമ്പോൾ, ഈ കളിയുടെ സാംസ്ക്കാരിക നിലവാരം തന്നെ ഉടച്ച് മാറ്റപ്പെട്ട അവസ്ഥയാണ്. ഇതിലെ പലകളികളും ഈ എഴുത്തുകാരൻ മലയാളം അന്തരീക്ഷത്തിലും ഇങ്ഗ്ളിഷ് അന്തരീക്ഷത്തിലും കളിച്ചിട്ടുണ്ട്. മലയാളത്തിൽ കളിക്കുമ്പോൾ, ഭാഷാകോഡുകളുടെ സ്വാധിനം പലപ്പോഴും, ഈ കളിയിലെ ഉദ്ദേശങ്ങളിൽ കയറിക്കുടുങ്ങിയ അനുഭവം ഉണ്ടായിട്ടുണ്ട്

തിരുവിതാംകൂറിൽ കോളേജ് ജീവതത്തിൽ കാര്യമായി പഠിച്ചത് മലയാളത്തിലെ അസഭ്യ പദങ്ങളാണ്. ഇത് സാർവത്രികമായി ഉപയോഗിക്കപ്പെട്ടുകണ്ടിരുന്നെങ്കിലും, ഇത് സാമൂഹികമായും ജാതീയമായും മുകൾത്തട്ടിലുള്ളവർ ഉപയോഗിച്ചിരുന്നോ എന്ന് അറിയില്ല. കോളെജിലും മറ്റും ഇത് പ്രത്യക്ഷമായി ഉപയോഗിച്ച് കണ്ടില്ലെങ്കിലും, സമൂഹത്തിന്റെ അടിത്തട്ടിൽ ഈവിധ പദപ്രയോഗങ്ങൾ പൌരുഷത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത സംഗതിയായി കാണപ്പെട്ടിരുന്നു എന്ന് തോന്നുന്നു.

മലയാളവും മലബാറിയും തമ്മിലുള്ള വ്യക്തമായി കാണാവുന്ന ഒരു വ്യത്യാസം അസഭ്യപദപ്രയോഗങ്ങളിലാണ് എന്നാണ് തോന്നുന്നത്. മലയാളത്തിലെ അസഭ്യ പദപ്രയോഗങ്ങളോട് താരതമ്യം ചെയ്യുമ്പോൾ, മലബാറിയിൽ അസഭ്യപദങ്ങൾ ഇല്ലാ എന്ന് വരെ തോന്നിയേക്കാൻ വകയുണ്ട്.

56. ലക്ഷ്യമില്ലാത്ത ഔപചാരിക വിദ്യാഭ്യാസം

ഇന്നുള്ള ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം എന്താണ് എന്ന് വ്യക്തമായി അറിയില്ല. ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഈ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷ് വിദ്യാഭ്യസം നടപ്പിൽ വരുത്തിയത്, ജനങ്ങളിൽ ഒരു സാംസ്ക്കാരിക മാറ്റം വരുത്താനായിട്ടാണ്.

എന്നാൽ, കോളെജിലും സ്ക്കൂളിലും അനുഭവിച്ച വിദ്യാഭ്യാസം മറ്റൊന്നായിരുന്നു. ഔപചാരിക വിദ്യാഭ്യാസം കടന്നു വരുന്നവർക്ക് മാത്രമായി പലവിധ സർക്കാർ ജോലികളും സംവരണം ചെയ്യപ്പെട്ടിരുന്നു. ഇത് കടന്ന് വരാത്തവർ ഒരു തരം ഹീനജാതിക്കാരും സർക്കാർ ജോലിക്ക് അർഹരല്ലാത്തവരും ആയി നിലനിൽക്കും.

ഇങ്ങിനെ ഒരു ഹീന ചിന്താഗതി ഉളവാക്കാനായിരുന്നില്ല ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇങ്ഗ്ളിഷ് വിദ്യാഭ്യാസത്തിലൂടെ ശ്രമിച്ചത്. അവർ പടുത്തുയർത്തിയ ഭരണയന്ത്രത്തിൽ ഇന്നുള്ള ഈ വിധം ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവർക്ക് കടന്നുകൂടാൻ വളരെ പ്രയാസപ്പെടേണ്ടിവരും. കയറിക്കൂടിയാൽത്തന്നെ ഉയർന്ന സ്ഥാനങ്ങളിൽ എത്തിച്ചേരുമെന്നു പറയാൻ ആവില്ല. കാരണം, ഇങ്ഗ്ളിഷ് ഭരണയന്ത്രത്തിൽ ഓഫിസർമാരായി കയറിയവർ ഈ ഉപഭൂഖണ്ടത്തിൽ ഇല്ലാത്ത ഒരു സാമൂഹിക ആശയ വിനിമയ കോഡുകൾ ആവാഹിച്ചെടുത്തവരായിരുന്നു.

കോളെജിൽ പഠിക്കുന്ന കാലത്ത്, കൂടെയുള്ള പലരും കോളെജിൽ പഠിക്കാതെ പലതരം തൊഴിലിലും ഏർപ്പെട്ട പലരേക്കുറിച്ചും, 'ലവന് എന്തറിയാം. യാതോരു വിദ്യാഭ്യാസവും ഇല്ലാത്തവനാണ് അവൻ' എന്ന് പറയുന്നത് കേട്ടിട്ടുണ്ട്.

അന്ന് ഈ നിർവ്വചനത്തിൽ പന്തികേട് കണ്ടില്ലെങ്കിലും, പിന്നീട് ജീവിതത്തിൽ അനുഭവിച്ചറിഞ്ഞത്, ഇങ്ങിനെ കോളേജിലും മറ്റും കയറാതെ നേരിട്ട് തൊഴിലിലും മറ്റും പോയവർ അത്രയ്ക്ക് വിഡ്ഢികൾ അല്ലാ എന്നതാണ്. പലപ്പോഴും പലവിധ തൊഴിൽ നൈപുണ്യത്തിലും, വ്യാപാരത്തിലും ഈ കൂട്ടരിൽ പലർക്കും കഴിവുണ്ട് എന്നും കണ്ടിട്ടുണ്ട്.

അതേ സമയം ഉപ്പ് സോഡിയം ക്ളോറൈണ്ടാണ് എന്നും. അണുവന്റെ ഘടന Bohr's atomic structure പ്രകാരം ആണ് എന്നും, സൌരയൂധത്തിൽ ഏറ്റവും അറ്റത്തുള്ള ഗ്രഹം പ്ളൂട്ടോ ആണ് എന്നും എല്ലാം പഠിച്ചവർക്ക് മാത്രമാണ് വിവരം എന്നും മറ്റുമുള്ള തിരിച്ചറിവ് തിരുത്തപ്പെട്ടു.

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി പ്രചരിപ്പിക്കാൻ ശ്രമിച്ച വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടിൽ, ഈ വിധം വിവരമുള്ളവരും കോളേജിൽ കയറാത്തവരും ഒരേ നിലവാരത്തിലാണ് ഉണ്ടായിരുന്നത്. എന്നാൽ തങ്ങൾക്കാണ് കൂടുതൽ വിവരം എന്ന് ആദ്യപക്ഷം അവകാശപ്പെടും എന്നത് തീർച്ചയാണ്.

എന്നാൽ, ഇവിടെ പ്രസ്ത്താവ്യമായ കാര്യം ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി പ്രചരിപ്പിക്കാൻ ശ്രമിച്ചത് യഥാർത്ഥത്തിൽ ഈ വിധമുള്ള അറിവുകളെക്കാൾ കൂടുതൽ, സാമൂഹികമായതും, ആശയപരമായതുമായ അഭിരുചിയിലെ ഉന്നമനമാണ്. ഈ അന്ത്യന്താപേക്ഷിതമായ വസ്തുവിനെ ഇന്ത്യയെന്ന പുതുതായി കെട്ടിപ്പെടുത്ത രാജ്യത്തിലെ വിദ്യാഭ്യാസം കൈവിട്ടുപോയി എന്ന് പറയാം എന്നുതോന്നുന്നു. പാക്കിസ്ഥാനിലും, ബംഗ്ളാദേശിലും കാര്യങ്ങൾ വ്യത്യസ്തമായിരിക്കും എന്നും തോന്നുന്നില്ല.

ഈ എഴുത്തുകാരനെ സംബന്ധിച്ചെടുത്തോളം, ഈ രണ്ട് പക്ഷവും നേരിട്ട് അറിവുണ്ട്. ഇതിൽ, നല്ലതും ഗുണമേന്മയുള്ളതും ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി പ്രചരിപ്പിക്കാൻ ശ്രമിച്ചകാര്യങ്ങൾതന്നെയാണ് എന്ന ഉറച്ച വിശ്വാസം ഈ എഴുത്തുകാരന് ഉണ്ട്.

എന്നാൽ സത്യം പറയുകയാണെങ്കിൽ, ഈ വിധമുള്ള ഗുണമേന്മയുള്ള ഒരു സംസ്ക്കാരത്തെ ദൂരത്ത് നിന്നും വിഭാവനം ചെയ്യാനെ ഈ എഴുത്തുകാരന് കഴിഞ്ഞിട്ടുള്ളു എന്നത് ഒരു വാസ്തവം തന്നെയാണ്. കാരണം, ജീവിച്ചതും ഇടപഴകിയതും പഠിച്ചതും എല്ലാംതന്നെ ഫ്യൂഡൽ ഭാഷാ അന്തരീക്ഷങ്ങളിൽ.

57. അദ്ധ്യാപനത്തിന്റെ പരിമിതികൾ

ഈ എഴുത്ത് ഈ വേദിയിൽ എത്തിച്ചേർന്നതിനാൽ, വിദ്യാഭ്യാസത്തെക്കുറിച്ച് തോന്നിയ കുറച്ച് ചിന്തകൾ കുറിച്ചിടാം എന്ന് കരുതുന്നു.

പ്രീഡിഗ്രിക്ക് പഠിച്ചത് സർക്കാർ ആശ്രയ സ്വകാര്യ കോളെജിലാണ്. അവിടുള്ള ലക്ചറർമാരും പ്രൊഫസർമാരും മറ്റും കോളേജ് മാനേജ്മെന്റിന് ഒരു വൻതുക നൽകി ജോലിയിൽ പ്രവേശിച്ചവരായിരുന്നു. ഇങ്ങിനെയുള്ളവർക്ക് പൂർണ്ണമായും മെരിറ്റ് അടിസ്ഥാനത്തിൽ ജോലിക്ക് കയറിയവരുമായി കാര്യമായ വ്യത്യാസം ഉണ്ട് എന്ന ഒരു അറിവ് അനുഭവിച്ചറിഞ്ഞിട്ടില്ല.

ഡിഗ്രിക്ക് പഠിച്ചത് സർക്കാർ കോളെജിലാണ്. അവിടെ ഉള്ള അദ്ധ്യാപകർ പി.എസ്.സി മുഖേനെയോ മറ്റോ ജോലിയിൽ പ്രവേശിച്ചവരായിരിക്കാം. രണ്ട് കൂട്ടരിലും കണ്ട വ്യക്തമായ കാര്യം ഇങ്ഗ്ലിഷ് പദപ്രയോഗങ്ങളുടെ അസഹ്യമായ ഉച്ചാരണ പിശകായിരുന്നു. എന്നാൽ ഈ വ്യക്തികൾക്ക് ആത്മാർത്ഥതക്കുറവ് ഉണ്ടായിരുന്നു എന്ന് തോന്നുന്നില്ല.

പ്രശ്നം ഇവരിൽ അല്ലായിരുന്നു. പഠിപ്പിക്കുന്ന വിഷയങ്ങളുടെ പ്രസക്തിക്കുറവായിരുന്നു പ്രശ്നം.

ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് ഊർജ്ജതന്ത്രത്തിന്റെയും (Physics) ജ്യോതിശാസ്ത്രത്തിന്റെയും (Astronomy) അങ്ങേ വരമ്പുകളിലൂടെ മനസ് വ്യാപരിച്ചിരുന്നു. Classical mechanics, Quantum mechanics, Relativity തുടങ്ങിയ കാര്യങ്ങളിലെ ജിജ്ഞാസ ഉണർത്തുന്ന കാര്യങ്ങളിൽ മനസ്സ് ഓടാറുണ്ടായിരുന്നു. പത്താം ക്ളാസിൽ ഇതേ കാര്യങ്ങളിൽ താൽപ്പര്യമുള്ള ഒരു സഹപാഠിയും ഉണ്ടായിരുന്നു.

അന്ന് Science Today എന്നൊരു മാസിക ലഭ്യമായിരുന്നു. ഇന്ന് തിരിഞ്ഞ് നോക്കുമ്പോൾ ഇത്രയക്കും നല്ല ഒരു മാസിക ജീവിതത്തിൽ വളരെ വിരളമായേ കണ്ടിട്ടുള്ളു എന്നാണ് തോന്നുന്നത്. അതീവ ഗുണമേന്മയുള്ള ഇങ്ഗ്ളിഷിൽ ശാസ്ത്രവിഷയങ്ങളെ വളരെ സുഖകരമായ രീതിയിൽ ചർച്ചചെയ്യുന്ന ഒരു മാസിക. ഇന്ത്യയിൽ പ്രസിദ്ധീകരിച്ച ഒരു മാസികയാണെങ്കിൽക്കൂടി, അതിഗംഭീരമായ ഇങ്ഗ്ളിഷ് പാരമ്പര്യം ഈ മാസികയിൽ കണ്ടിരുന്നു.

ഈ മാസിക ഏതാണ്ട് 2000ആണ്ടിന് തൊട്ടുമുൻപായി, നാട്ടിൽ പുതുതായി മുളച്ച് പൊന്തിവന്ന കമ്പ്യൂട്ടർ 'genius'കളുടെ വരവോടുകൂടി കെട്ടടങ്ങുകയാണ് സംഭവിച്ചത്. ഇക്കൂട്ടർ വന്ന് പാരമ്പര്യ ഇങ്ഗ്ളിഷിനെ മാറ്റി ഡിജിറ്റൽ ഡിസൈനിങ്ങിന്റെ പ്രളയം പകരമായി കയറ്റി മാസികയുടെ പേരും മാറ്റി അതിനെ തറനിലവാരത്തിൽ എത്തിച്ചുവെന്നാണ് തോന്നുന്നത്. ഇതിനെല്ലാം പിന്നണിയിൽ എന്താണ് സംഭവിച്ചത് എന്ന് അറിയില്ല.

ഡിജിറ്റൽ ഡിസൈനിങ്ങിന് വന്ന് പാരമ്പര്യ ഇങ്ഗളിഷിനെ വെല്ലാം എന്നതോന്നൽ പരമ അബദ്ധമാണ്. പണ്ട്, ഏതാണ്ട് 20 വർഷങ്ങൾക്ക് മുൻപ് അന്യസംസ്ഥാനത്ത് ഒരു വേദിയിൽ ഇരിക്കുന്ന അവരസം ഓർമ്മവരുന്നു. മേശപ്പുറത്ത് Oscar Wildeന്റെ തിരഞ്ഞെടുത്ത കൃതികളുടെ ഒരു വലിയ പുസ്തകം ഇരിക്കുന്നു. തൊട്ടപ്പുറത്ത്, Coffee-table-magazineന്റെ അനുകരണത്തിൽ ഉള്ള ഒരു നിസ്സാരനിലവാരത്തിലുള്ള ഒരു മാസികയും ഉണ്ടായിരുന്നു. ബഹുവർണ്ണനിറത്തിൽ, ആട്ട്(Art)പെയ്പ്പറിൽ ആണ് അത്

ഉള്ളത്. Oscar Wildeന്റെ പുസ്തകം ആണെങ്കിൽ പഴകിയതും, പഴക്കത്താൽ മഞ്ഞിച്ചതും, ഗ്രന്ഥത്തിന്റെ കവർ അങ്ങിങ്ങായി ദ്രവിച്ചിട്ടുമുണ്ട്.

ചുറ്റുമുള്ളർ Coffee-table-magazineന്റെ അനുകരണത്തിൽ ഉള്ള പുസ്തകം എടുത്ത് 'ഹായ്', 'ഹോയ്', എന്നാല്ലാമുള്ള ആശ്ചര്യം ശബ്ദങ്ങൾ മുഴക്കുന്നു. Oscar Wildeന്റെ പുസ്തകത്തിന്റെ ചില്ലിക്കാശിന്റെ വിലപോലും നൽകുന്നില്ല. അതിനെ ശ്രദ്ധിക്കുന്നില്ല. ശ്രദ്ധയിൽ പെട്ടാൽത്തന്നെ അതിനെ വിലമതിക്കാനുള്ള മാനസിക കെൽപ്പും ഇല്ല.

എന്നാൽ ഈ എഴുത്തുകാരനെ സംബന്ധിച്ചെടുത്തോളം Oscar Wildeന്റെ ഗ്രന്ഥത്തിന്റെ മൂല്യം പൊന്നിന് തുല്യമാണ്. പൊടിയും ചളിയും പുരണ്ട് കിടന്നാലും പൊന്ന് പൊന്ന് തന്നെയാണ്. പതിനായിരം Coffee-table-magazineനുകൾ വന്ന് പോയ് മറഞ്ഞാലും, Oscar Wildeന്റെ കൃതികൾ മായാതെ നിൽക്കും. പൊന്നിനെ മനസ്സിലാക്കാതെ തിളക്കത്തിൽ ആകൃഷ്ടപ്പെടുന്നതിനെക്കുറിച്ച് പണ്ട് Gone with the wind എന്ന നോവലിൽ Rhett Butler, Scarlettനോട് പറയുന്ന വാക്യം ഓർമ്മവരുന്നു:

ഉദ്ദരണി I think you'll always be more attracted by glister than by gold. ഉദ്ദരണിയുടെ അന്ത്യം.

അൽപ്പായുസുള്ളതോ ക്ഷണികമായതോ ആയ തിളക്കത്തിന് ആഴമേറിയ വൈശിഷ്ട്യഗുണമൂല്യത്തെ വെല്ലാനാവുമോ?

58. ഇങ്ഗ്ളിഷിൽ ഇടുങ്ങിയ വിവരത്തിന്റെ ചട്ടക്കൂടുകളിൽ ഉള്ളവർ അദ്ധ്യാപകർ ആവുന്നു

രണ്ടാം വർഷ പ്രീഡിഗ്രിക്ക് പഠിക്കുന്ന അവസരത്തിൽ Science Todayയുടെ ഒരു ലക്കം ആ കോളെജിലെ ഒരു സീനിയർ ലക്ചററെ കാണിക്കുകയുണ്ടായി. ആപേക്ഷിക സിദ്ധാന്തത്തിലെ (Theory of relativity)യിലെ time-space continuumലെ (സമയത്തെയും ഭൌതികവ്യാപ്തിയേയും സംയോജിപ്പിക്കുന്ന വിഭാവനം) ചില സങ്കൽപ്പങ്ങളെക്കുറിച്ച് ചെറുതായൊന്നു സംസാരിക്കാനാണ് ഇത് ചെയ്യേണ്ടിവന്നത്. കാരണം, Science Todayയിൽ നൽകിയിട്ടുള്ളകാര്യത്തെക്കുറിച്ച് സംസാരിച്ചപ്പോൾ, ലക്ചറർക്ക് അതിനെക്കുറിച്ച് യാതോരു ധാരണയും വന്നുകണ്ടില്ല.

Science Todayകാണിച്ചപ്പോൾ, ഇങ്ങിനെ ഒരു മാസിക നിലവിൽ ഉള്ളകാര്യം പോലും ആ കോളെജിലെ ലക്ചറർമാരിൽ ആർക്കും അറിവില്ല എന്ന ധ്വനിയാണ് കിട്ടിയത്. ഇങ്ങിനെ നിലവാരമുള്ള ഒരു ഇങ്ഗ്ളിഷ് മാസിക അന്ന് വായിച്ച് ആസ്വദിക്കാനും മാത്രം ഇങ്ഗ്ളിഷിൽ പ്രാവീണ്യം ഉള്ളവർ അദ്ധ്യാപകരിൽ ഉണ്ടായേക്കാം. എന്നാൽ അങ്ങിനെയുള്ള ആരേയും നേരിട്ട് അറിവില്ലായിരുന്നു.

ഊർജ്ജതന്ത്രത്തിലെ വിസ്മയകരമായ ഭാവനാചിത്രണത്തിൽ മോഹിക്കപ്പെട്ട്, ഡിഗ്രിക്ക് ഊർജ്ജതന്ത്രമാണ് മുഖ്യവിഷയമായി എടുത്തത്. എന്നാൽ, ക്ളാസിൽ ഏതാനും ദിവസം ഇരുന്നപ്പോൾത്തന്നെ മനസ്സിലായ കാര്യം മോഹനമായി കരുതപ്പെട്ട ഊർജ്ജതന്ത്രവും പഠനവിഷയമായ ഊർജ്ജതന്ത്രവും തമ്മിൽ കാര്യമായ ബന്ധമില്ലാ എന്നാണ്. ഹ്രസ്വവാക്കുകളിൽ പറയുകയാണെങ്കിൽ, ഡിഗ്രിക്ളാസിൽ വച്ച് ഊർജ്ജതന്ത്രത്തോടുള്ള എല്ലാ മമതയും വാടിക്കരിഞ്ഞ്, ഉണക്കറൊട്ടിപോലെയായിപ്പോയി.

ക്ളാസിൽ ബഹുഭൂരിപക്ഷവും മലയാളം മീഡിയത്തിൽനിന്നും വന്നവരാണ്. കാരണം, ഇങ്ഗ്ളിഷ് മീഡിയത്തിൽ നിന്നും ഉള്ളവർ മിക്കതും, കുറച്ച് അകലത്തിലുള്ള ഒരു ക്രിസ്ത്യൻ കോളെജിലാണ് ചേർന്നത്.

മലയാളം മീഡിയത്തിൽ നിന്നും വന്നവർക്ക് നോട്ട്സ് ആവശ്യമാണ്. ലക്ചറർ പറയുന്ന ഓരോ ഇങ്ഗ്ളിഷ് വാക്യവും നോട്ട്സായി അവർ എഴുതും. അതേ സമയം മിക്കവാക്കുകളും അവർക്ക് പരിചയം കുറവാണ്. അതിനാൽത്തന്നെ ഓരോ വാക്കിന്റേയും സ്പേല്ലിങ്ങ് പറഞ്ഞ് കൊണ്ടാണ് ലക്ചറർ പഠനവും നോട്ട്സ് നൽകലും മുന്നോട്ട് നീക്കുക.

ലക്ചറർമാരാണെങ്കിൽ പലപ്പോഴും ഇങ്ഗ്ളിഷ് പദങ്ങൾ പറയുന്നത് ഒരു തരം താടിയെല്ല് ഇളകിപ്പോകുന്ന രീതിയിലാണ്. ഇങ്ഗ്ളിഷ് സംസാരം എന്നാൽ എന്തോ വൻ സർക്കസ്സ് അഭ്യാസം ആണ് എന്ന ധ്വനിയാണ്, ഈ ഭാഷയുമായി അധികം അടുപ്പമില്ലാത്തവർക്ക് ഈ വക സംസാരം കേട്ടാൽ തോന്നുക.

വൻ ശമ്പളം നൽകി ഈ മാതിരിയുള്ളവരെയാണ് അദ്ധ്യപകരായി കോളെജുകളിൽ എടുക്കുന്നത് എന്നതിൽ എന്തോ പന്തികേടുണ്ട് എന്ന് ഒരു തോന്നൽ. കാരണം, നല്ലനിലവാരത്തിൽ ഇങ്ഗ്ളിഷ് അറിയുന്ന എത്രയോ ആളുകൾ ഈ രാജ്യത്തിൽ ഉണ്ട്. അവർ ഒഴിവാക്കപ്പെടാനും വേണ്ട എന്തോ നിഗൂഢമായ അരിച്ചെടുക്കൽ പ്രക്രിയ ഈ വക തെരഞ്ഞെടുപ്പുകളിൽ ഉണ്ട് എന്ന് വ്യക്തം.

59. ശുദ്ധ ബോഷ്ക്കത്തരം ഉയർന്ന വിദ്യാഭ്യാസമാകുന്നു

പിന്നെ പഠന വിഷയങ്ങൾ. ഉദാഹരണത്തിന്, ഒന്നാം വർഷം ആരംഭിച്ചത് 'കാൺസ്റ്റന്റ് വാളിയം ഹൈഡ്രജൻ തർമ്മോമീറ്റർ' എന്ന ഒരു ഉപകരണത്തെ പഠിപ്പിച്ചുകൊണ്ടാണ്. ഈ ഉപകരണത്തിന്റെ പേര് മുകളിൽ നൽകിയിട്ടുള്ളതിൽ ഒട്ടുമിക്ക വാക്കുകളും ഇങ്ഗ്ളീഷിൽ നിന്നും നോക്കിയാൽ, തികച്ചും തെറ്റായ ഉച്ചാരണങ്ങളാണ്.

ഈ നിസ്സാര സംഗതി പഠിപ്പിക്കാൻ തന്നെ ദിവസങ്ങളോളം വഡ്ഢി ഉച്ചാരണങ്ങളും, നോട്ട്സ് എഴുത്തും, അവയിലെ ഒട്ട് മിക്ക വാക്കുകളുടേയും സ്പെല്ലിങ്ങ് പറയലും മറ്റുമായി കടന്നുപോകേണ്ടിവന്നു.

മലയാളം മീഡിയത്തിൽ നിന്നും വന്നവർക്ക് അദ്ധ്യപകരോടും, അവരുടെ അദ്ധ്യാപനത്തോടും വൻ ബഹുമാനം കാണപ്പെട്ടു. അതേ സമയം ഇങ്ഗ്ളീഷ് സമാന്യം നന്നായി കൈകാര്യം ചെയ്യാനാവുന്നവർ ഇത് ജീവതത്തിൽ കഴിഞ്ഞ് കിട്ടേണ്ടുന്ന ഒരു കടമ്പയായി കണ്ട് സഹിച്ചും സഹകരിച്ചും ഇരുന്നു. പലരും കോളേജ് ജീവിതത്തിൽ നിന്നും ലഭിക്കുന്ന മറ്റ് പല സംഗതികളിലും ഏർപ്പെട്ട് സമയം ഉപകാരപ്രദമായി ഉപയോഗിച്ചു. പഠനം എന്നുള്ളത് ഇതിനെല്ലാം അവസരം ഒരുക്കുന്ന ഒരു സാഹചര്യമായും കണ്ടു.

മലയാളം മീഡിയത്തിൽ നിന്നും വന്നവർ പഠിച്ചത് പൂർണ്ണമായും മറ്റോരു സ്വാദുള്ള ഊർജ്ജതന്ത്രവും, രസതന്ത്രവും മറ്റുമായിരുന്നു എന്നാണ് തോന്നിയത്. സാങ്കേതിക പദങ്ങൾ ഭാഷാ ലാബ്റട്ടറിയിൽനിന്നും നിർമ്മിച്ചിറക്കിയവയാവാം. ഉദാഹരണം Velocity എന്നത് പ്രവേഗം. Gravity എന്നത് ഗുരുത്വാകർഷണം.

ഇത് പോലുള്ള ശാസ്ത്രപഠനം കഴിഞ്ഞവരെ ഹിന്ദി നാട്ടിലും, തമിഴ് നാട്ടിലും കണ്ട് പരിചയമുണ്ട്. അവർ പറയുന്ന ഊർജ്ജതന്ത്രം മനസ്സിലാക്കാൻ കാര്യമായി ശ്രമിക്കേണ്ടിവരും. അതും ഇങ്ഗ്ളീഷിലേക്ക് മനസ്സിലാക്കാൻ. എന്നാൽ, ഇന്ത്യയിലെ വ്യത്യസ്ത ഭാഷകളിലെ ഊർജ്ജതന്ത്രം തമ്മിൽതമ്മിൽ മനസ്സിലാക്കാൻ ഗൂഗ്ൾ ട്രാൻസ്ലെയ്റ്റിന് ആവുമായിരിക്കാം എന്ന് സമാധാനിക്കാം.

ഇത്യാദി കാര്യങ്ങൾ പറയുമ്പോൾ മലയാളം മീഡിയത്തിൽ നിന്നും വന്നവരെ ചൊടിപ്പിക്കാൻ എളുപ്പമാണ്. നമ്മൾ നമ്മുടെ മാതൃഭാഷയിൽത്തന്നെ പഠിക്കും എന്ന് വേണമെങ്കിൽ അവരെക്കൊണ്ട് ആണയിടിയിപ്പിക്കാൻ ആവും. അതിൽ എന്തോ കാര്യമായ രാജ്യസ്നേഹവും, ഭാഷാ ഭക്തിയും വേണമെങ്കിൽ മാതാവിനോടുള്ള സ്നേഹാദരങ്ങളും കൂട്ടിക്കലർത്താൻ ആവും.

എന്നാൽ വളരെ ചുരുങ്ങിയ വാക്കുകളിൽ പറയുകയാണെങ്കിൽ, അവരെ പറഞ്ഞ് പറ്റിക്കുകയാണ് ഭരണകൂടവും, ഔപചാരിക വിദ്യാഭ്യാസവും ചെയ്യുന്നത്. എന്നാൽ മലയാളം മീഡിയത്തിൽനിന്നും വന്ന് കോളേജ് പഠനംകഴിഞ്ഞവർക്ക്, സർക്കാർ ജോലിയെന്ന ഉദ്ദേശം നടക്കാതിരുന്നതായി കാണുന്നില്ല.

സർക്കാർ ജോലിയെന്നുള്ളത് ഈ വിദ്യാഭ്യാസം എന്ന കടമ്പകടന്ന് വരുന്നവർക്ക് സംവരണം ചെയ്യപ്പെട്ടതായത് കൊണ്ട്, അതിൽ ഒരു പരാജയത്തിന് സാധ്യത കണ്ടില്ല.

സർക്കാർ ജോലി കിട്ടാത്തവർക്ക് മറ്റ് തൊഴിലുകൾ ലഭിച്ചില്ലാ എന്നും തോന്നുന്നില്ല.

60. സർക്കാർ ജോലി ലഭിക്കലാണ് ഉദ്ദേശം

ഊർജ്ജതന്ത്രം ശാസ്ത്രവിഷയമായത് കൊണ്ട് പരീക്ഷണശാലയും, റെക്കോഡ് സമർപ്പിക്കലും തുടങ്ങിയ കാര്യങ്ങളും മറ്റും ഉള്ളത് കൊണ്ട്, ആർട്ട്സ് വിഷയങ്ങൾ എടുത്തവർക്ക് ഉള്ള സ്വാതന്ത്ര്യം അത്ര ഈ ക്ളാസിൽ ഉള്ളവർക്ക് കിട്ടിയിരുന്നില്ല. കാരണം, ക്ളാസിൽ കയറാതെ നടന്നാൽ, റെക്കോഡ് സമർപ്പിക്കുന്ന അവസരത്തിൽ അദ്ധ്യാപകർ അവരുടെ ഊക്ക് കാട്ടും.

മൂന്ന് വർഷം നീണ്ടുനിൽക്കുന്ന ഈ ഡിഗ്രിക്ക് പഠിക്കുന്ന ഒട്ടുമിക്ക കാര്യങ്ങളും കൊണ്ട് ആർക്കെങ്കിലും സ്വന്തംനിലയിൽ എന്തെങ്കിലും ചെയ്യാൻ ആവും എന്ന് തോന്നുന്നില്ല. എന്നാൽ ഒട്ടുമിക്കവർക്കും, ഈ വക പഠനങ്ങളിലെ വിഷയങ്ങളിൽ കാര്യമായ താൽപ്പര്യം ഉണ്ടായിരുന്നു എന്ന് തോന്നുന്നില്ല. ഡോക്ടറും എഞ്ചിനിയറും ആകാൻ പറ്റാതെപോയവരാണ് ഈ ക്ളാസിലെ മിക്കവരും.

സർക്കാർ ജോലി ലഭിക്കലാണ് ഉദ്ദേശം. ഏതാനും പേർ ബാങ്ക് ടെസ്റ്റുകൾ എഴുതി, മൂന്നാം വർഷം പൂർത്തിയാക്കുന്നതിന് മുന്നേ സ്ഥലം വിട്ടു.

സർക്കാർ ജോലിയെന്നാൽ ശരിക്കും പറഞ്ഞാൽ, ജനങ്ങൾക്കായുള്ള തൊഴിലുകൾ സർക്കാർ ഓഫിസുകളിൽ ഇരുന്ന് പണി ചെയ്യലാണ്. ബ്രിട്ടിഷ്-ഇന്ത്യയിൽ Public Servant എന്നായിരുന്നു ഔപചാരികമായ അപരനാമം. ഈ തൊഴിൽചെയ്യാൻ ഏറ്റവും അത്യാവശ്യമായ വേണ്ടത്, ജനങ്ങളോട് സംസാരിക്കാനും അവരെക്കുറിച്ച് പരാമർശിക്കാനും മാന്യമായ വാക്കുകൾ മാത്രം നിത്യസംസാരത്തിൽ ഉള്ള ഇങ്ഗ്ളിഷാണ്. മാത്രവുമല്ല, ഇങ്ഗ്ളിഷ് അറിയുന്നവർക്ക് ഔദ്യോഗികമായുള്ള മറ്റ് പലവിവരങ്ങളും സ്വാഭാവികമായിത്തന്നെ ലഭിക്കും. പോരാത്തതിന്, സർക്കാർ ഓഫിസ് തൊളിലാളികൾ തമ്മിലും, അവരുടെ ഓഫിസർമാർ തമ്മിലും യാതോരു മാനസിക വിഭ്രാന്തിയും ഉണർത്താതെ സംസാരിക്കാനും ചർച്ചചെയ്യാനും ആവും.

ഇതിന് പകരം, ഊർജ്ജതന്ത്രവും, രസതന്ത്രവും, ജീവശാസ്ത്രവും, ഗണിതത്തിലെ മെട്രിക്ക്സും ലോഗരിതവും മറ്റും പഠിച്ച്, ഇങ്ഗ്ളിഷിൽ കാര്യമായ വിവരം ഇല്ലാതെ സർക്കാർ ജോലിക്കും ബാങ്ക് ജോലിക്കും വേണ്ടി തയ്യാറെടുക്കുന്നതിൽ എന്തോ പന്തികേടുണ്ട് എന്ന് ഒരു തോന്നൽ.

BSc., MSc. BTech തുടങ്ങിയ കാര്യങ്ങൾ ഉന്നത വിദ്യാഭ്യായസമായി കരുതപ്പെടുന്നു. ഈ കരുതപ്പെടലും ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി വിഭാവനം ചെയ്ത വിദ്യാഭ്യാസ ലക്ഷ്യങ്ങളും തമ്മിൽ യാതോരു ബന്ധവും ഇല്ലാ എന്നാണ് വിശ്വാസം.

പഠിക്കുന്നവരിലും, നാട്ടിലും, നാട്ടുകാരിലും യാതോരു സംസ്ക്കാരിക ഉന്നമനവും ഈ വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നില്ല. സാങ്കേതിക വിദ്യാവിവരം ഈ വിദ്യാഭ്യാസത്താൽ ലഭിക്കും എന്ന ഒരു തോന്നൽ പൊതുവെ ജനങ്ങളിൽ ഉണ്ട്. ഇത് ശരിയാണ് എന്ന് പഠിക്കുന്ന കാലത്ത് വിശ്വാസം ഉണ്ടായിരുന്നെങ്കിലും, പിന്നീടുള്ള ജീവിതാനുഭവത്തിൽനിന്നും അറിഞ്ഞത്, യാതോരുവിധ മൂല്യമുള്ള വിവരവും ഔപചാരിക വിദ്യാഭ്യാസം നൽകുന്നില്ല എന്നതാണ്.

മ്യൂല്യമുള്ള വിവരം, ആ വിവരം ഉള്ളവർ ഈ നാട്ടിൽ മറ്റൊരാൾക്കും നൽകില്ലതന്നെ.

61. പുസ്തകത്തിൽ എഴുതി, പലപ്രാവശ്യം ഉരുവിട്ട് കാണാപാഠമാക്കി, പരീക്ഷയെഴുതിയല്ലാ വിവരം വളർത്തുന്നത്

ഔപചാരിക വിദ്യാഭ്യാസം കഴിഞ്ഞ് ഏതാണ്ട് പത്ത് പതിനഞ്ച് വർഷക്കാലം പലദിക്കിലും വലവിധ വ്യാപാരങ്ങളുമായി ബന്ധപ്പെട്ടപ്പോഴാണ് മനസ്സിലായത്, പലതൊഴിലുകളിലും, വ്യാപാരങ്ങളിലും കാര്യമായ ബുദ്ധിയും വിവേകവും നൈപുണ്യങ്ങളും ഉള്ള പലതും ആളുകൾ ചെയ്യുന്നുണ്ട് എന്ന കാര്യം. ഇവയൊന്നും ആരുംതന്നെ പുസ്തകത്തിൽ എഴുതി, പലപ്രാവശ്യം ഉരുവിട്ട് കാണാപാഠമാക്കി, പരീക്ഷയെഴുതിയല്ലാ കാര്യബോധം വളർത്തുന്നത് എന്ന്.

ഔപചാരിക വിദ്യാഭ്യാസത്തിൽ കണ്ടത്, നിസ്സാരങ്ങളായ കാര്യങ്ങളെ, എന്തോ വൻ വിവരശേഖരം തുറന്ന് നുകർന്നെടുക്കുകയാണ് എന്ന ഭാവമാണ്. ഈ കാര്യവുമായി ബന്ധപ്പെട്ട് കുറേകാര്യങ്ങൾതന്നെ പറയുവാനുണ്ട്. ഈ പാതയിലേക്ക് ഈ എഴുത്ത് വീണ്ടും തിരിച്ചുവരും എന്ന് തോന്നുന്നില്ല. കാരണം, ചരിത്രമെഴുത്ത് തുടങ്ങിയാൽ വ്യാജചരിത്രത്തെ നേരിടുമ്പോൾ, വളരെ സങ്കീർണ്ണമായ ദേശത്തിലായിരിക്കും ഈ എഴുത്ത്. അവിടെനിന്ന് തിരിച്ച്, വിദ്യാഭ്യാസം എന്ന ദിക്കിലേക്ക് വരുവാൻ ആകും എന്ന് തോന്നുന്നില്ല.

അതിനാൽ തന്നെ മനസസ്സിൽ ഈ കാര്യവുമായി ബന്ധപ്പെട്ട് ചുഴഞ്ഞ് കിടക്കുന്ന പലതും ഇപ്പോൾത്തന്നെ പുറത്ത് കൊണ്ടുവരാം എന്നുകരുതുന്നു.

വിദ്യാഭ്യാസം എന്ന പ്രശ്നം ഈ എഴുത്തുകാരൻ സ്വന്തം ജീവിതത്തിൽ പലരീതിയിൽ നേരിട്ടിട്ടുള്ള ഒരു പ്രശ്നമായത് കൊണ്ട് പലതും പറയാനാകും.

മുകളിൽ സൂചിപ്പിച്ചത് പോലെ, നിസ്സാരങ്ങളായ കാര്യങ്ങളെ വലിച്ച് നീട്ടി, അതിനുള്ളിലെ ഓരോ കണ്ണിക്കും മാർക്ക് എന്ന മിക്കവർക്കും തികച്ചും ഉപയോഗ ശൂന്യമായ ഒരു ആവരണംനൽകി, അവയ്ക്ക് ഒരു കൃത്രിമമായ ദിവ്യത്വമാണ് സൃഷ്ടിക്കുന്നത്.

ഊർജ്ജതന്ത്രം ലാബിൽ (പരീക്ഷണശാലയിൽ) നിസ്സാരങ്ങളായ പരീക്ഷണങ്ങൾ ആണ് പഠിപ്പിക്കുന്നതും പരിശീലപ്പിക്കുന്നതും. കൊച്ചുകൊച്ച് അളവകളും സമയദൈർഘ്യങ്ങളും തൂക്കങ്ങളും വിദ്യാർത്ഥികൾ ശേഖരിച്ച്, റെക്കോഡ് പുസ്തകങ്ങൾ നിറക്കുന്നു. അദ്ധ്യപകർ അതി ഗംഭീര ഭാവാഭിനയത്തോടുകൂടി അവയെ പരിശോധിക്കുന്നു. അവയിലെ തെറ്റുകളെ പോരായ്മകളും ഗഹനമായ കണ്ടുപിടുത്തങ്ങൾ എന്ന രീതിയിൽ വിദ്യാർത്ഥികളെ ധരിപ്പിക്കുന്നു.

ഇത് ഔപചാരിക വിദ്യാഭ്യാസത്തിന്റെ നടപടിക്രമം. അതിൽ തെറ്റില്ലതന്നെ. എന്നാൽ, പുറംലോകത്തിലെ വ്യാപാര, കമ്പോളങ്ങളിലും, നൈപുണ്യം ഉള്ള തൊഴിലുകളിലും, ഇതിനേക്കാൾ ഗംഭീരമായ നടപടിക്രമങ്ങളും, പ്രവർത്തനങ്ങളും, സൂക്ഷ്മപരിശോധനകളും, അളവുകളും, സമയദൈർഘ്യങ്ങളും, തൂക്കങ്ങളും പദ്ധതികളും, മറ്റും യാതോരു വിധ വേഷംകെട്ടലും, കാപട്യം നിറഞ്ഞ നാട്യങ്ങളും, മാർക്കുകളും പരീക്ഷകളും മറ്റും ഒന്നുംതന്നെയില്ലാതെ നടക്കുന്നുണ്ട്.

ഇതുമാതിരിയിലുള്ള പല വേദികളിലും ഈ എഴുത്തുകാരൻ വന്ന് പെട്ടിട്ടുണ്ട്. അവിടെല്ലാം കണ്ടകാര്യം മൂല്യമേറിയ വിവരങ്ങൾ അവ കൈവശമുള്ളവർ

യാതോരു കാരണവശാലും മറ്റുള്ളവർക്ക് നൽകില്ല. എന്തിന്, പണ്ട് കാലങ്ങളിൽ ഒരു വലിയാശാരി തന്റെ പണി നൈപുണ്യ രഹസ്യങ്ങൾ, പണിപഠിക്കാൻ വരുന്ന ചെറുപ്പക്കാർ പെട്ടന്ന് പഠിച്ചെടുക്കുന്നത് തടയാനായി, നൈപുണ്യമേറിയപണി സമയത്ത് അവരെക്കൊണ്ട് ഉളി മൂർച്ചപ്പെടുത്താൻ വിടുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു എന്ന് കേട്ടറിവുണ്ട്.

സ്ക്കൂളിലും മറ്റും അദ്ധ്യാപകർ ക്ലാസിൽ പഠിപ്പിക്കുന്നത് നോട്ടെഴുതി പഠിക്കുന്നതിന് പകരം, ടെക്സ്റ്റ് പുസ്തകങ്ങൾ നേരിട്ട് വായിച്ച് പഠിക്കുന്ന ഒരു സ്വഭാവം ഈ എഴുത്തുകാരന് ഉണ്ടായിരുന്നു. അദ്ധ്യാപകർ നൽകുന്ന മാർക്കിനോട് കാര്യമായ ഒരു അത്യാർത്തിയില്ലായിരുന്നു എന്നാണ് ഓർമ്മ. ഇതിന് വേറെയും പലകാര്യങ്ങൾ പിന്നണിയിൽ ഉണ്ട്. അവ ഇവിടെ സൂചിപ്പിക്കുന്നില്ല.

ഡിഗ്രിക്ക് പഠിക്കുന്ന അവസരത്തിൽ, ഈ പദ്ധതി പ്രകാരം ഊർജ്ജതന്ത്രത്തിന്റെ പല ടെക്സ്റ്റ് പുസ്കങ്ങളും വാങ്ങിച്ച് നേരിട്ട് പഠിക്കാൻ ഒരുമ്പെട്ടു.

അപ്പോഴാണ് അബദ്ധം മനസ്സിലായിത്. ഓരോ വൻ ടെക്സ്റ്റ് പുസ്കത്തിലും ഏതെങ്കിലും ഒരു കൊച്ച് പ്രദേശം മാത്രമേ കേരളാ യൂണിവേസിറ്റിയുടെ സിലബസിൽ പെടുള്ളു. അത് മാത്രം അരിച്ച് പെറുക്കി പഠിക്കണം.

ടെക്സ്റ്റ് പുസ്തകത്തിൽ പലവിധ ഗഹനങ്ങളായ വിവരങ്ങളും ഡെറിവേഷനുകളും, തിയറികളും, നിയമങ്ങളും, പരീക്ഷണങ്ങളും മറ്റും മറ്റും ഉണ്ടാവും.

ഇവയെല്ലാം യാതോരു വ്യക്തമായ ലക്ഷ്യമോ ഉപയോഗമോ ഇല്ലാതെ പഠിച്ചിട്ടും യാതോരു കാര്യവും ഇല്ല.

എന്നാൽ ഇങ്ങിനെ ചിന്തിക്കുമ്പോൾ വരുന്ന ന്യായമായ പ്രശ്നം, ഈ ലോകമെമ്പോടും ഇന്നുള്ള ശാസ്ത്രീയമായ പുരോഗമനവും വ്യവസായങ്ങളും, യന്ത്രങ്ങളും, കമ്പ്യൂട്ടറുകളും, മൊബൈൽ ഉപകരണങ്ങളും, കാറുകളും ലോറികളും മറ്റുമറ്റും സൃഷ്ടിക്കുന്നവരും, റോക്കറ്റുകളും, ശൂന്യാകാശ വാഹനങ്ങളും മറ്റും വിക്ഷേപിക്കുന്നവരും മറ്റും, ഈ വക ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവരല്ലേ എന്ന ചോദ്യമാണ്.

ഇതിനുള്ള വ്യക്തമായ ഉത്തരം, മറ്റൊരു മറുചോദ്യമാണ്. അങ്ങിനെ ആണോ?

62. പരിമിതമായ സാങ്കേതിക വിജ്ഞാനം നൽകുന്ന അഞ്ച് വർഷ പഠനം

ഔപചാരിക വിദ്യഭ്യാസത്തിലെ ഉയർന്ന ഡിഗ്രികളും, മറ്റ് യോഗ്യതകളും കൊണ്ട് ഒരു പ്രത്യേകതരം ഉപയോഗം ഉണ്ട് എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിനെക്കുറിച്ച് പിന്നീട് സൂചിപ്പിക്കാം.

എന്നാൽ അതിന് മുൻപായി, എഞ്ചിനിയറിങ്ങ് കോളെജിലും, BA, MA, BSc., MSc. തുടങ്ങിയവയിലും പഠിപ്പിക്കുന്ന കാര്യങ്ങളെക്കുറിച്ച് തോന്നിയ ചില കാര്യങ്ങൾ പറയാം.

ഏതാണ്ട് 30 വർഷങ്ങൾക്ക് മുൻപ് ഒരു മെക്കാനിക്കൽ എഞ്ചിനിയറിങ്ങ് ബിരുദധാരിയായ വ്യക്തി കഠിനമായി ഇരുന്ന് IIM (Indian Institute of Managementന്) പ്രവേശന പരീക്ഷക്കായി (Entrance Examനായി) പഠിക്കുന്നത് കാണാനിടയായി. അന്നെല്ലാം എഞ്ചിനിയറിങ്ങ് എന്ന പഠനം അതിഗംഭീരമായ വിവരം നൽകുന്നുണ്ട് എന്ന് പൊതുജനമനസ്സിൽ ഉള്ള കാലമാണ്. ഈ പഠിക്കുന്ന ആൾക്ക് ഇങ്ഗ്ളിഷിൽ സാമാന്യം നല്ല പരിജ്ഞാനം ഉള്ളതായി കണ്ടു.

ആ ആളോട്, മെക്കാനിക്കൽ എഞ്ചിനിയറിങ്ങ് പഠിച്ച് കഴിഞ്ഞതിനാൽ, ആ പഠനത്തിൽ നിന്നും ലഭിച്ച അതിഗംഭീര വിവരം ഉപയോഗിച്ച് കൊണ്ട് എന്തെങ്കിലും ചെയ്യാമല്ലോ എന്ന ഒരു അഭിപ്രായം കാര്യമായ ഒരു ഉദ്ദേശങ്ങളൊന്നുമില്ലാതെ ഒന്നു ചോദിച്ചുപോയി. ചോദിച്ചത് ഇങ്ഗ്ളിഷിലാണ്.

അപ്പോൾ, ആ ആൾ വളരെ ലളിതമായി ചിരിച്ച് കൊണ്ട് മറുപടി പറഞ്ഞു:

"മെക്കാനിക്കൽ എഞ്ചിനിയറിങ്ങ് പഠിക്കാൻ കോളെജിൽ ചേർന്നപ്പോൾ, വിചാരിച്ചത്, ഏതാണ്ട് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന പഠനം കഴിയുമ്പോഴേക്കും, ഈ നാട്ടിൽ കാണുന്ന വാഹനങ്ങളുടേയും മറ്റും യന്ത്രങ്ങൾ എങ്ങിനെയാണ് പ്രവർത്തിക്കുന്നത് എന്നതിനെക്കുറിച്ചും മറ്റും കാര്യമായ വിവരം ലഭിക്കും എന്നായിരുന്നു. എന്നാൽ, നാലരവർഷത്തെ പഠനം കഴിഞ്ഞപ്പോൾ, ഈ വക കാര്യങ്ങൾ എങ്ങിനെയാണ് പ്രവർത്തിക്കുന്നത് എന്നതിനെക്കുറിച്ച്, കോളെജിൽ ചേരുന്ന അവസരത്തിൽ ഉള്ള വിവരം ഇല്ലായ്മയിൽ യാതോരു മാറ്റവും സംഭവിച്ചിട്ടില്ലതന്നെ."

ഈ എഴുത്തുകാരൻ കുറേക്കാലങ്ങൾക്ക് മുൻപ് COMPULSORY FORMAL EDUCATION: A travesty! (നിർബന്ധ ഔപചാരിക വിദ്യാഭ്യാസം: ഒരു ഹാസ്യാനുകരണം) എന്ന പേരിൽ ഒരു ചെറിയ പുസ്തകം എഴുതിയിരുന്നു. അതിൽ 'വിദ്യാഭ്യാസം' എന്ന വാക്ക് തലക്കെട്ടിൽ വന്നത് കാരണം, വായനക്കാർ താരതമ്യമായി കുറവായിരുന്നു. എന്നാൽ ആ പുസ്തകത്തിൽ വിദ്യാഭ്യാസത്തെക്കുറിച്ചല്ല എഴുതിയിരുന്നത്. മറിച്ച് ഔപചാരിക വിദ്യാഭ്യാസത്തിന് പുറത്തുള്ള ലോകത്തെക്കുറിച്ചായിരുന്നു.

ഈ ഗ്രന്ഥം ഏതാനും വർഷങ്ങൾക്ക് മുൻപ്, വടക്കൻ ഇന്ത്യയിലെ ഒരു വ്യവസായ കുടുംബത്തിലെ അംഗം വായിച്ച് ഏതാണ്ടിങ്ങിനെ ഒരു അഭിപ്രായം എഴുതി അറിയിച്ചിരുന്നു:

QUOTE: എന്റെ പിതാവ് ഒരു വ്യവസായ ശാല നടത്തുന്ന ആളാണ്. ഞാൻ മെക്കാനിക്കൽ എഞ്ചിനിയറിങ്ങ് വിദ്യാഭ്യാസം കഴിഞ്ഞ ആളാണ്. എന്നാൽ, ഞാൻ എഞ്ചിനിയറിങ്ങ് കോളെജിൽ പഠിച്ച യാതോരു കാര്യവും ഞങ്ങളുടെ

വ്യവസായത്തിൽ ഉപയോഗിക്കാനോ, ഉപയോഗപ്രദമായതോ അല്ല. നിങ്ങൾ പുസ്തകത്തിൽ അഭിപ്രായപ്പെട്ടതിനോട് പൂർണ്ണമായും ഞാൻ യോജിക്കുന്നു. END OF QUOTE.

ഇങ്ങിനെ ഈ ആൾ അഭിപ്രായപ്പെട്ടത്, സ്വന്തമായി വ്യാവസായം ഉള്ളത് കൊണ്ടാണ്.

ഔപചാരിക വിദ്യാഭ്യാസം നൽകുന്ന യോഗ്യതകൾക്ക് പുർണ്ണമായ ഉപയോഗശൂന്യതയല്ല ഉള്ളത്. മറിച്ച്, ഉപയോഗം ഉണ്ട്. അത് എന്താണ് എന്ന് പിന്നീട് സൂചിപ്പിക്കേണ്ടിവരും.

63. ഔപചാരിക വിദ്യാഭ്യാസവും സംരംഭകത്വവും

ലോകത്തിലെ പലവിധ വ്യവസായങ്ങളും തുടങ്ങുന്നതും, നടത്തുന്നതും മറ്റും ആളുകൾ ഔപചാരിക കോളെജുകളിൽനിന്നും സ്ക്കൂളുകളിൽനിന്നും ലഭിച്ചവിവരവും വിജ്ഞാനവും ഉപയോഗിച്ചാണ് എന്ന് തോന്നുന്നില്ല. അങ്ങിനെ ചെയ്തവരും ഉണ്ടാവാം. എന്നാൽ പൊതുവായി തോന്നുന്നത്, ഔപചാരിക വിദ്യാഭ്യാസത്തിൽ ഉൾപ്പെട്ടിട്ടുള്ള അനേകകാര്യങ്ങളിൽ ഏതെങ്കിലും വളരെ സൂക്ഷ്മമായ ഒരു അംശമായിരിക്കും പലപ്പോഴും പലവിധ തൊഴിലുമായോ, വ്യാപാരവുമായോ, വ്യവസായവുമായോ ബന്ധമുണ്ടാകുള്ളു.

കൂടെപഠിച്ചവരിൽ ചിലർ MSc. കഴിഞ്ഞ് സാങ്കേതിക വസ്തുസംബന്ധമായ ഉന്നതമായ സർക്കാർ സ്ഥാനത്തിൽ ഇരിക്കുന്നത് കണ്ടിട്ടുണ്ട്. എന്നാൽ അവർ ചെയ്യുന്ന തൊഴിലിന് സാങ്കേതിമായ, വളരെ തുച്ഛമായ വിവരമേ ആവശ്യം കണ്ടുള്ളു. അത് പലപ്പോഴും സാമാന്യ വിവരമുള്ള പലർക്കും ഏതാനും മാസങ്ങൾകൊണ്ട് പഠിച്ചെടുക്കാനാവുന്നതേയുള്ളു.

ഇതുമായി ബന്ധപ്പെട്ട മറ്റ് ഒരു നിരീക്ഷണം പിന്നീട് സൂചിപ്പിക്കാം.

സാങ്കേതിക വിജ്ഞാനം ആവശ്യം ഉള്ള പല വ്യവസായങ്ങളും തുടങ്ങിയവർക്ക് അതിനായുള്ള വിവരം പലപ്പോഴും സ്വന്തമായി സ്വരൂപിച്ചതോ, അതുമല്ലെങ്കിൽ പറഞ്ഞ്കേട്ടും, കണ്ടും, ചെയ്ത് പരിചയിച്ചും, ലഭ്യമായ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചും, സാങ്കേതിക വിജ്ഞാന ഉപദേശക വിദഗ്ദ്ധർക്ക് കൺസൾട്ടേഷൻ ഫീസ് നൽകിയും, മറ്റ് വ്യവസായങ്ങളിൽ ജോലിചെയ്തും, വ്യത്യസ്ത കാര്യങ്ങളിൽ വൈദഗ്ദ്ധ്യം ഉള്ളവർ തമ്മിൽ പങ്കാളിത്തത്തോടും മറ്റുമാണ് പലരും സ്വന്തമായി പലപ്പോഴും വ്യവസായങ്ങളും വാണിജ്യ സ്ഥാപനങ്ങളും സ്ഥാപിക്കുന്നത്.

അല്ലാതെ 10 മുതൽ 20 വർഷം നീണ്ടുനിൽക്കുന്ന ഔപചാരിക വിദ്യാഭ്യാസത്തിൽ നിന്നും ലഭിക്കുന്ന വിവരം ഉപയോഗിച്ചല്ലതന്നെ.

ഓരോ സംരംഭകർക്കും ആവശ്യമുള്ള സാങ്കേതിക വിവരം വായിച്ചും, പഠിച്ചും ഉയർത്താനുള്ള പലവേദികളും നിലവിലുണ്ട്. പണ്ട് കാലങ്ങളിൽ ഇങ്ഗ്ളിഷ് ഭാഷ അറിയാമെങ്കിൽ പലപ്പോഴും സാങ്കേതിക വിജ്ഞാനത്തിലേക്കും, സാങ്കേതിക വിവരങ്ങൾ നൽകുന്ന ഇടങ്ങളിലേക്കും കൂടുതൽ സൌകര്യപ്രദമായി ബന്ധപ്പെടാനാവുമായിരുന്നു.

ഇന്ന് ഇൻർനെറ്റും കുറച്ച് ഇങ്ഗ്ളിഷ് പരിചയവുമുണ്ടെങ്കിലും ഇത് സൌകര്യപ്പെടും. പ്രാദേശിക ഭാഷകളിലും സാങ്കേതിക ജ്ഞാനം അനവധി ലഭ്യമാണ്. എന്നാൽ ഈ വക വിജ്ഞാനങ്ങൾക്ക് പലപ്പോഴും തർജ്ജമക്കാരന്റെ കണ്ണുകടിയോ അതുമല്ലെങ്കിൽ പരിമിതികളോ അനുബന്ധിച്ചിരിക്കാൻ സാധ്യതയുണ്ട്.

64. ഒരു വെളിപാട്

ഔപചാരിക വിദ്യാഭ്യാസത്തിന് എതിരായുള്ള എല്ലാ വാദഗതികളും നിലംപരിശാകുന്ന ഒരു ഇടം ഉണ്ട്. ആ ദിക്കിലേക്ക് പിന്നീട് പോകാം.

പ്രീഡിഗ്രിക്ക് സെക്കൻഡ് ഗ്രൂപ്പാണ് എടുത്തത്. എന്നുവച്ചാൽ ഗണിതം(Mathematics) ഇല്ല. പകരം ജീവശാസ്ത്രം (Biology). ഇത് കഴിഞ്ഞ് ഡിഗ്രിക്ക് BSc. ഊർജ്ജതന്ത്രം (Physics) എടുത്തപ്പോൾ ഒരു വൻ പ്രശ്നം. ഡിഗ്രിക്ക് അനുബന്ധ വിഷയമായി (Subsidiaryആയി) ഗണിതം ഉണ്ട്. രണ്ട് വർഷം ഗണിതവുമായി യാതോരു ബന്ധവുമില്ലായിരുന്നു. പിന്നെങ്ങിനെയാണ് Calculus, Metrics, Statistics അങ്ങിനെയുള്ള പലതും ഇനി പഠിക്കുക?. രണ്ട് വർഷം പഠനം ഇല്ലാതെപോയ ശൂന്യത എങ്ങിനെ നികത്തും?

ഒരു കേന്ദ്ര സർക്കാർ ഓഫീസിൽ ക്ളാർക്ക് പദവിയിൽ ഉള്ള ഒരാൾ ഗണിതം പഠിപ്പിക്കാം എന്ന് അറിയിച്ചു. ഈ ആൾ ഗണിതത്തിൽ MSc. ഉള്ള ആളാണ്. ഗണിതത്തിലുള്ള MScയും സർക്കാർ ഓഫീസിലെ പണിയും തമ്മിൽ കാര്യമായ ബന്ധമൊന്നുമില്ലതന്നെ. ആശാരിപ്പണിപഠിച്ച ആൾ ഹോട്ടലിൽ പാചകത്തിന് പോയത് പോലെയാണ്. പഠിച്ചതൊന്നും കൊണ്ട് തൊഴിൽ മേഖലയിൽ യാതോരു പ്രയോജനവും ഇല്ലതന്നെ.

എന്നാൽ സർക്കാർ പണിയാകുമ്പോൾ, എന്തെങ്കിലും പ്രത്യേകമായുള്ള വിവരമോ തൊഴിൽപരിചയമോ, ഭാഷാപരമായ കഴിവോ ഒന്നുംതന്നെ ആവശ്യമില്ലതന്നെ. ഉണ്ടെങ്കിൽത്തന്നെ ഇങ്ങിനെയൊരു കാര്യത്തെക്കുറിച്ച് സർക്കാർ ഉദ്യോഗസ്ഥരോട് ചോദിക്കാനോ, ചർച്ചചെയ്യാനോ മനോധൈര്യമുള്ള സാധാരണ ജനങ്ങൾ ഉണ്ടായേക്കാം. നേരിട്ട് പരിചയമില്ല.

രണ്ട് വർഷം പഠിക്കാതെ പോയ ഗണിതം മാത്രം പഠിപ്പിച്ചാൽ മതിയെന്ന് ആ ആളോട് പറഞ്ഞു. അപ്പോഴാണ് കാര്യമായ വെളിപാടെന്ന പോലുള്ള മറുപടി ലഭിച്ചത്. രണ്ട് വർഷം പഠിക്കാതെ പോയ ഗണിതം പഠിക്കാതെ തന്നെ, ഡിഗ്രിക്ക് അനുബന്ധമായി പഠിക്കേണ്ടുന്ന ഗണിതം യാതോരു വിഷമവുമില്ലാതെ പഠിക്കാവുന്നതാണ്. ശരിക്കും പറഞ്ഞാൽ പ്രീഡിഗ്രിക്ക് രണ്ട് വർഷം ഗണിതം പഠിച്ചില്ലായെന്ന യാതോരു ന്യൂനതയും ഇല്ലാതെ തന്നെ നേരിട്ട് ഡിഗ്രിക്ക് ഗണിതം പഠിക്കാം.

അന്ന് വെളിപാടിന്റെ പൂർണ്ണമായ വിവരം ലഭിച്ചില്ലെങ്കിലും, പിന്നീട് മനസ്സിലായത്, ഇന്ന് വൻ വിവരം എന്ന് വിവരിക്കപ്പെടുന്ന മിക്ക കാര്യങ്ങളും നേരിട്ട് പഠിക്കാവുന്നതേയുള്ളു. 10 മുതൽ 20 വർഷം നീണ്ടുനിൽക്കുന്ന നിർബന്ധ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആവശ്യം ഈ വക കാര്യങ്ങൾക്ക് ഇല്ലതന്നെ.

എന്നാൽ ഔപചാരിക വിദ്യാഭ്യാസം ഈ ഉപഭൂഖണ്ടത്തിൽ കൊണ്ടുവന്ന ഇങ്ഗ്ലിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി വിഭാവനം ചെയ്ത കാര്യങ്ങളും ഇന്നുള്ള ഔപചാരിക വിദ്യാഭ്യാസം നൽകുന്ന കാര്യങ്ങളും തമ്മിൽ ബന്ധമൊന്നും കാണുന്നില്ലതന്നെ.

65. ഔപചാരിക വിദ്യാഭ്യാസം നൽകാത്ത സാങ്കേതിക വിവരങ്ങൾ എവിടെ നിന്ന് ലഭിക്കും

നിർബന്ധ ഔപചാരിക വിദ്യാഭ്യാസമില്ലാത്തവർക്ക് എങ്ങിനെയാണ് ചന്ദ്രനിലേക്കും, ചൊവ്വയിലേക്കും ശൂന്യാകാശ വാഹനങ്ങൾ നിർമ്മിക്കാനാവുക? അവർക്ക് എങ്ങിനെയാണ് കമ്പ്യൂട്ടറുകളും മൊബൈൽ ഫോണുകളും നിർമ്മിക്കാനാവുക? എങ്ങിനെ ലെയ്ത്തുകളും, വാഹന യന്ത്രങ്ങളും, മറ്റ് യന്ത്രങ്ങളും നിർമ്മിക്കാനാവുക? എങ്ങിനെ ഡാമുകളും, ബഹുനിലകെട്ടിടങ്ങളും പണിയാനാവുക?

ഇതിനുള്ള വ്യക്തമായ ഉത്തരം ഈ മുകളിൽ പറഞ്ഞ മിക്ക കാര്യങ്ങളും, കോളെജുകളിലും മറ്റും എത്രവർഷം പഠിച്ചാലും ഒരാൾക്ക് പഠിച്ചെടുക്കാൻ ആവുമെന്ന് തോന്നുന്നില്ല. ഉദാഹരണത്തിന് ഊർജ്ജതന്ത്രത്തിൽ MSc.യോ PhDയോ എടുത്തത് കൊണ്ട് ചന്ദ്രനിലേക്കും, ചൊവ്വയിലേക്കും ശൂന്യാകാശ വാഹനങ്ങൾ നിർമ്മിക്കാനാവുമെന്ന് തോന്നുന്നില്ല. അത് പോലെതന്നെ ഈ വിദ്യാഭ്യാസ യോഗ്യത ഉപയോഗിച്ച് കൊണ്ട് ഒരാൾക്ക് ഒരു കമ്പ്യൂട്ടർ Hard disk ഓ Mother Boardഓ നിർമ്മിക്കാൻ ആവുമെന്ന് തോന്നുന്നില്ല.

ഈ വിധ വിവരങ്ങൾ സ്വരൂപിച്ചെടുക്കാൻ, മറ്റ് തന്ത്രങ്ങളാണ് ഉപയോഗിക്കേണ്ടത്. തെളിച്ച് പറഞ്ഞാൽ, ഈ വക സാങ്കേതിക വിദ്യ അറിവുള്ള ഇടങ്ങളിൽ നിന്നും അവ കെട്ടെടുക്കണം. എന്നാൽ ജനലോ, വാതിലോ പൊളിച്ച് കട്ടെടുക്കാൻ പറ്റുന്നവയല്ല ഈ വിധ വിവരങ്ങൾ. തന്ത്രവും, കാപട്യവും, കടപ്പ അടിയാളത്തവും, വ്യാജ വൈഷമ്യാവസ്ഥ അഭിനയിച്ചും മറ്റുമായി ആ ഇടങ്ങളിൽ കയറി, സൌഹൃദവും, ആദരവും, കള്ളകടപ്പാടും അഭിനയിച്ച്, അവിടങ്ങളിൽ ഉള്ള സാങ്കേതിക വിദ്യ കൈക്കലാക്കണം.

ഫ്യൂഡൽഭാഷാ രാജ്യങ്ങൾ ഈ വിധ തന്ത്രങ്ങൾ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. കൂടുതൽ ഈ കാര്യത്തെക്കുറിച്ച് ഇവിടെ പറയുന്നില്ല.

പലപ്പോഴും ഓരോ യന്ത്രസംവിധാങ്ങളുടേയും, സാങ്കേതിക സംരംഭങ്ങളുടേയും കാര്യമായ സാങ്കേതിക വിജ്ഞാനം അതിനായുള്ള സാമഗ്രമികൾ നൽക്കുന്ന കമ്പനികളുടെ പക്കാലാവും ഉണ്ടാവുക.

ഒരു പദ്ധതിക്കായി പ്രവർത്തിക്കുന്നവർക്ക് പലരീതിയിലും അതിനായുള്ള പലവിധ വിജ്ഞാനങ്ങളും കൈവശം ഉണ്ടാവും. ഇന്നുള്ള അവസ്ഥയിൽ കോളെജിൽ ഊർജ്ജതന്ത്രത്തിന് പഠിക്കുന്ന വ്യക്തിക്ക് ശൂന്യാകാശ യാത്രാവിവരങ്ങളെക്കുറിച്ച് വേണമെങ്കിൽ അറിവ് ലഭിക്കാം. കോളെജിൽ പഠിക്കാത്ത ആൾക്കും ഇതേ അറിവ് കൈക്കലാക്കാവുന്നതാണ്. എന്നാൽ, ഈ രണ്ട് കൂട്ടർക്കും ഒരു പരിധിക്ക് അപ്പുറം നീങ്ങാൻ ആവില്ലതന്നെ.

പിന്നങ്ങോട്ടുള്ള പ്രയാണം, കാര്യമായ സാമ്പത്തിക മുതൽ മുടക്ക് നടത്തി, യന്ത്രങ്ങളും, സാങ്കേതിക വിവരങ്ങളും മറ്റും പ്രായോഗികാടിസ്ഥാനത്തിൽ ഉപയോഗിച്ചും, പഠിച്ചും, ആണ് നേടുക.

NASA അയച്ച Viking Spacecraft (വൈക്കിങ്ങ് ശൂന്യാകാശ വാഹനം) 1976ൽ ചൊവ്വയിൽ ഇറങ്ങി. അന്ന് അതിൽ ഉപയോഗിച്ചിരുന്ന സാങ്കേതികവിദ്യയെക്കാൾ എത്രയോ

മടങ്ങ് വിപുലമായ സാങ്കേതിക വിദ്യ ഇന്ന് ഒരു സ്മാട്ട് ഫോണിലൂടെ സാധാരണക്കാരന് ലഭ്യമാണ്.

ഇവിടെ എന്താണ് പറഞ്ഞ് വരുന്നത്?

450 കോടി രൂപ ആരെങ്കിലും മുതൽ മുടക്കാൻ തയ്യാറാണെങ്കിൽ, പലർക്കും, ഇന്ന് ചൊവ്വയിലേക്കുള്ള ഒരു വാഹനം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കാനാവും. അതിനുള്ള ലൈസൻസിങ്ങ് തടസ്സങ്ങളുടെ ഒഴിവും, സാമാന്യവിജ്ഞാനവും, ഉണ്ടെങ്കിൽ, സാങ്കേതിക വിദ്യയും, ഉപകരണങ്ങളും, വിദഗ്ദ്ധോപദേശങ്ങളും, മറ്റും ലഭ്യമാണ് എന്നുള്ളതാണ് വാസ്തവം.

ഇന്ത്യയിൽ പലപ്പോഴും സർക്കാർ ചിലവൽ പലതും നടത്തുന്നത്, അതിൽ തൊഴിൽ പരിചയവും മറ്റ് വ്യക്തിപരമായ ബന്ധങ്ങളും, ഉയർന്ന തൊഴിൽസ്ഥാനങ്ങളും ചിലർക്ക് ലഭിക്കാൻ ഉതകും. അവർ പിന്നീട് ഈ വക തൊഴിൽ പരിചയവും, വ്യക്തി ബന്ധങ്ങളും, ഉയർന്ന തൊഴിൽ സ്ഥാനങ്ങളിൽനിന്നും വിരമിച്ചവരാണ് എന്ന മേൽവിലാസവും, വൻ പെൻഷൻ സൌകര്യങ്ങളും മറ്റും ഉപയോഗിച്ച് കൊണ്ട് സ്വന്തമായ വിദഗ്ദ്ധോപദശക സംരംഭങ്ങളോ, അതുമല്ലെങ്കിൽ സ്വന്തം ഉടമസ്ഥതയിലുള്ള കമ്പനികളോ തുടങ്ങും.

ഇതിൽ വൻ മുതൽ മുടക്കിയ ഫ്യൂഡൽ ഭാഷാ രാജ്യത്തിനോ, അവിടുള്ള ജനങ്ങൾക്കോ പൊതുവായി എന്താണ് ഗുണം ലഭിക്കുക എന്നത് ചിന്തിക്കാവുന്ന കാര്യമാണ്. കാരണം, ഫ്യൂഡൽ ഭാഷാ രാജ്യങ്ങളിൽ കാര്യങ്ങൾ, ഇങ്ഗ്ളിഷ് രാജ്യങ്ങളിൽനിന്നും വ്യത്യസ്തമാണ്.

ഇവരുടെ സ്വകാര്യ സംരഭങ്ങളുടെ വിജയം ഇന്ത്യാ രാജ്യത്തിന്റെ വിജയമായ് ചിത്രീകരിക്കപ്പെടാം.

66. യാതോരു പ്രസക്തിയില്ലാത്തതും വ്യക്തിത്വ ഗുണമേന്മ നൽകാത്തതും ആയ വിദ്യാഭ്യാസം

എന്നാൽ മുകളിൽ നൽകിയിരിക്കുന്ന ചിത്രീകരണങ്ങൾ, സത്യം പറയുകയാണെങ്കിൽ, പ്രസക്തിയില്ലാത്തവയാണ്. കാരണം, ഈ രാജ്യത്ത് ഔപചാരിക വിദ്യാഭ്യാസത്തിന് പോകുന്ന ആളുകളിൽ വളരെ കുറച്ചുപേർമാത്രമേ ഈ വക കാര്യങ്ങൾക്കായി ഒരുമ്പെടുള്ളു.

വളർന്നുവരുന്ന തലമുറയിൽ പെട്ടവർ ഒട്ടുമുക്കാലും, സാധാരണ തൊഴിലുകളിലാണ് ഏർപ്പെടുക. വിവധതരം കൈതൊഴിലുകളിൽ ഏർപ്പെടുക, ടാക്സി കാർ ഓടിക്കുക, ഓട്ടോ റിക്ഷ ഓടിക്കുക, ഇലക്ട്രീഷ്യൻ പണിചെയ്യുക തുടങ്ങിയ നൂറുകണക്കിന് തൊഴിലുകളും, വ്യാപാരങ്ങളും ആണ് ശരിക്കും പറഞ്ഞാൽ, ജനങ്ങളിൽ ഒട്ടുമുക്കാൽപ്പേരും ഏർപ്പെടുക. ഈ വക തൊഴിലുകൾക്ക് വേണ്ടുന്ന യാതോരു നൈപുണ്യവും ഔപചാരിക വിദ്യാഭ്യാസത്തിന് നൽകേണ്ടതില്ല. കാരണം, അവ പഠിച്ചെടുക്കാൻ വേണ്ടുന്ന സൌകര്യങ്ങൾ മറ്റ് ഇടങ്ങളിൽ നിന്നും ലഭ്യമായിരിക്കും.

എന്നാൽ, തികച്ചും പൊള്ളയായ ഔപചാരിക വിദ്യാഭ്യാസത്തിന് അർഹതയില്ലാത്ത മതിപ്പും, മൂല്യവും നൽകി, അതിലൂടെ വൻ ബിരുദങ്ങൾ നേടാത്ത ഒരു വൻ കൂട്ടം ജനങ്ങളെ മാനസികമായി തരം താഴ്ത്തുന്ന ഒരു ഏർപ്പാട് തന്നെയാണ് ഔപചാരിക വിദ്യാഭ്യസം ഇന്ന് നൽകുന്ന പൊതുവായമെച്ചം.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ പൊള്ളയായ അവസ്ഥയെക്കുറിച്ച് സൂചിപ്പിക്കാനായി ഏതാനും ചിത്രീകരണങ്ങൾ നൽകാം.

വളരെ വർഷങ്ങൾക്ക് മുൻപ് ഒരു മേട്രോപൊളിറ്റിൽ നഗരത്തിൽ, ഈ എഴുത്തുകാരൻ താമസിക്കുകയായിരുന്നു. അന്ന് അവിടുള്ള ഒരു പ്രസിദ്ധമായ കോളെജിൽ ഒരു പുതിയ പഠന പദ്ധതിക്ക് തുടക്കം ഇട്ടു. ഒരു വൈകുന്നേരം നടത്തുന്ന ക്ളാസ്. ട്രാവൽ ആന്റ് ടൂറിസം Travel & Tourism.

ഇങ്ഗ്ളിഷുമായി കാര്യമായ ബന്ധമുള്ള ഒരു പ്രവർത്തന വേദിയാണ് എന്ന് കരുതി, ഈ പഠന പദ്ധതിയിൽ ചേർന്നു. ഡിപ്ളൊമയാണ് നൽകുക.

പഠനം തുടങ്ങിയപ്പോൾ കണ്ടത്, ക്ളാസിൽ ഏതാണ്ട് 60 ശതമാനം പേരും ഇങ്ഗ്ളിഷിൽ പിന്നോക്കം ഉള്ളവരാണ്. മറ്റ് 40 ശതമാനം ഇങ്ഗ്ളിഷിൽ കാര്യമായ പരിചയമുള്ളവരും.

പഠിപ്പിക്കാൻ വരുന്നത് ചരിത്രം സാമൂഹിക ശാസ്ത്രം, മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ ഉള്ള പല പ്രൊഫസർമാർ. ചിലർക്ക് ഡോക്ട്രെയ്റ്റും ഉണ്ട്.

ക്ളാസിൽ വന്ന് ഓരോ ദിവസവും കുറേ രാജാക്കളെക്കുറിച്ചും, മാനേജ്മെറ്റ് തിയറിയെക്കുറിച്ചും മറ്റും ഓരോ അദ്ധ്യാപകരും വന്ന് സംസാരിക്കും. നോട്ടുകൾ എഴുതണം. ചില ലേഖനങ്ങൾ എഴുതണം.

ട്രാവൽ ആന്റ് ടൂറിസവുമായി കാര്യമായ ബന്ധം എന്താണ് എന്ന് അറിഞ്ഞില്ല. എന്നാൽ വിദ്യാർത്ഥികൾക്ക് ആർക്കും വലിയ പരാതികണ്ടില്ല. പുതിയ കുറേ സൌഹൃദങ്ങൾക്ക് ഈ ക്ളാസ് പലർക്കും സൌകര്യം ഒരുക്കി. മാത്രവുമല്ല, നഗരത്തിലെ വളരെ പ്രസിദ്ധമായ കോളെജിൽ കയറി ഇറങ്ങാം. ഇങ്ഗ്ളിഷ് സംസാരിക്കുന്ന സഹപാഠികളുമായി ബന്ധംസ്ഥാപിക്കാം.

ഇങ്ങിനെ ഇരിക്കെ ഈ എഴുത്തുകാരൻ ഒരു ട്രാവൽ ഏജൻസിയിൽ, ഈ പഠന പദ്ധതിയുടെ പിൻബലത്തിൽ, ഒരു പബ്ളിസിറ്റി എക്സിക്യൂട്ടിവ് ട്രെയ്നി ആയി ചേർന്നു. ഇങ്ഗ്ളിഷ് അന്തരീക്ഷത്തിൽ പ്രവർത്തിക്കാൻ ശ്രമിക്കുന്ന ഒരു ഏജൻസി.

ഇവിടെ വച്ചാണ് മനസ്സിലായത്, കോളെജിൽ പഠിപ്പിക്കുന്ന കാര്യങ്ങളും യഥാർത്ഥ ട്രാവൽ ആന്റ് ടൂറിസവും തമ്മിൽ പുലബന്ധമില്ലാ എന്നത്. ഈ വാണിജ്യ പ്രസ്ഥാനത്തിൽ IATA, ടിക്കറ്റിങ്ങ്, ടൂർ ബസ് ഓപ്പറേഷൻ, ഹോട്ടൽ റൂമുകൾ സൌര്യപ്പെടുത്തൽ, തീർത്ഥാടന ടൂറിസം, അതുമായി ബന്ധപ്പെട്ട ഭക്ഷണം ഒരുക്കൽ, പാസ്പോട്ടുമായി ബന്ധപ്പെട്ടകാര്യങ്ങൾ, വിദേശ തൊഴിൽ, തുടങ്ങിയ കാര്യങ്ങളാണ് ഉള്ളത്.

എന്നാൽ, കോളെജിൽ പഠനത്തിന് വന്നവർക്ക് കാര്യമായ പരാധിയില്ല. കാരണം, കോളെജ് അധികൃതർക്ക് ഈ പഠനപദ്ധതിയ്ക്ക് യൂണിവേസിറ്റിയുടെ അംഗീകാരം പെട്ടെന്ന് തന്നെ സ്വരൂപിച്ചെടുക്കാൻ ആയി. സർക്കാർ പണിയാണ് ലക്ഷ്യം. ഈ എഴുത്തുകാരൻ പഠനം പൂർത്തിയാക്കാൻ നിന്നില്ല.

സംസ്ഥാന സർക്കാരിന്റെ ടൂറിസം വകുപ്പിൽ ചില നിലവാരമുള്ള നിർവ്വഹണ തൊഴിലുകൾക്കുള്ള വിദ്യാഭ്യാസ യോഗ്യതയായി ഈ ഡിപ്ളൊമയ്ക്ക് അംഗീകാരം ലഭിച്ചു എന്ന് തോന്നുന്നു.

ഇത് ആ പഠനത്തിൽ പങ്കെടുത്തവർക്ക് ഗുണം ചെയ്യുന്ന കാര്യമാണ്.

ഇതുമായി ബന്ധപ്പെട്ട് പലതും ചിന്തിക്കാവുന്നതാണ്. തൊഴിലറിയാത്തവർ മേൽസ്ഥാനത്ത് വരുന്നതാണ് കാര്യമായ പ്രശ്നം എന്ന് പെട്ടെന്ന് തോന്നാമെങ്കിലും, പ്രശ്നം അവിടെയല്ല യഥാർത്ഥത്തിൽ ഇരിക്കുന്നത്.

ഒന്ന്, വെറുതേയുള്ള ഒരു നേരംപോക്കുമാതിരിയുള്ള ഒരു ഡിപ്ളോമ പരിപാടി.

രണ്ട്, ഇത് യൂണിവേസിറ്റിയുടെ അംഗീകാരം ലഭിച്ചതോടുകൂടി, ഇതുമായി ബന്ധപ്പെട്ട പ്രൊഫസർമാരും മറ്റും ഈ പദ്ധതിയുടെ മേൽതട്ടിൽ ഇരിക്കുന്ന അധിപന്മാരായി. വിദഗ്ദ്ധോപദശകരായി. സംസ്ഥാന ടൂറിസം പ്രവർത്തനങ്ങളിൽ അവർക്ക് മുഖ്യസ്ഥാനങ്ങൾക്ക് അർഹതകിട്ടും എന്ന് തോന്നുന്നു.

മൂന്ന്, തൊഴിൽ പരിചയമുള്ളവർക്ക്, യാതോരു വിലയും ലഭിക്കുന്നില്ല. പുതുതായി ഇറങ്ങുന്ന ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ വന്നതോടുകൂടി, തൊഴിൽ പരിചയമുള്ളവർ വിദ്യാഭ്യാസമില്ലാത്തവരായി! പഴയകാല ഹോമിയോപ്പതിക്കാർക്കും, പാരമ്പര്യ വൈദ്യന്മാർക്കും സംഭവിച്ചത് മാതിരി.

ഈ വിദ്യാഭ്യാസത്തിൽ ചേർന്നവർക്ക് ലാഭം തന്നെ.

ഈ വക പഠന പദ്ധതികളും അതിനുള്ള സിലബസും തയ്യാറാക്കുന്നവരിൽ പലർക്കും അവയുടെ യഥാർത്ഥ മൂല്യത്തെക്കുറിച്ച് കാര്യമായ ബോധമോ, അതിനോടുള്ള കടപ്പാടോ താൽപ്പര്യമോ ഉണ്ടോ എന്നതിനെക്കുറിച്ച് അറിയില്ല. ആലോചിച്ച് നോക്കുമ്പോൾ, ഈ വക പല വിദ്യാഭ്യാസ പരിപാടികളും രൂപകൽപ്പന ചെയ്യുന്നവർക്ക്, അവരുടേതായ സ്വാർത്ഥതാൽപ്പര്യങ്ങളാണ് മുഖ്യമായും ഉള്ളത് എന്നൊരു തോന്നൽ.

ഇത്രയും സാമാന്യമായി കാണാവുന്ന കാര്യങ്ങൾ. എന്നാൽ, കാതലായ പ്രശ്നം, ഇങ്ഗ്ളിഷിൽ കാര്യമായ പരിചയം ഇല്ലാത്തവർ മുകൾത്തട്ടിൽ വന്നുചേർന്നാൽ,

അവർക്ക് കീഴിൽ വരുന്നവർക്ക്, ഒരു മാനസിക ഇടിച്ചിൽ സംഭവിക്കാം. ഇതിനെ ഒഴിവാക്കാൻ ഉള്ള മാർഗ്ഗങ്ങളിൽ ഒന്ന്, ഉയർന്ന ശമ്പളം കരസ്ഥമാക്കുക.

അല്ലെങ്കിൽ, അവർക്ക് കീഴിലായി മറ്റൊരു വിഭാഗം ജനതയെ സ്വരൂപിച്ചെടുക്കുക.

ഈ വക പൊല്ലാപ്പുകളൊന്നുമായിരുന്നില്ല, ഇങ്ഗ്ളഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി വിഭാവനം ചെയ്തത്.

ഇന്ന് ഈ വക പഠന പദ്ധതികൾ പാഠ്യവിഷയത്തിൽ കാര്യമായി മുന്നോട്ട് നീങ്ങിയിരിക്കാം. തീർച്ചയില്ല.

എന്നാൽ, തൊഴിൽ പരിചയവും അല്ല, വിദ്യാഭ്യാസ യോഗ്യതയും അല്ല പ്രസ്ഥാനത്തിന് ഗുണമേന്മയുടെ മൂല്യ നൽകുക. മറിച്ച്, ഉച്ചനീചത്വ കോഡുകളില്ലാത്ത കലർപ്പ് പുരണ്ടിട്ടില്ലാത്ത ഇങ്ഗ്ളിഷാണ് (pristine-ENGLISH ആണ്) അത് നൽകുക.

67. തരിശായ ബിരുദങ്ങൾ

എന്താണ് പഠിപ്പിക്കേണ്ടത് എന്നോ, അവ എന്തിനാണ് പഠിപ്പിക്കേണ്ടത് എന്നോ ഒരു വ്യക്തമായ ധാരണ ഇല്ലാത്ത അവസ്ഥ പല ഔപചാരിക വിഷയങ്ങൾക്കും ഉണ്ട് എന്ന ഒരു തോന്നൽ കുറേ വർഷങ്ങൾക്ക് മുന്നേ മനസ്സിൽ ഉദിച്ചിരുന്നു. എന്നാൽ, മറ്റുള്ളവരെ മലർത്തിയടിക്കാൻ സൌകര്യപ്പെടുത്തുന്ന ഒരു ആയുധമായി ഉപകാരപ്പെടുന്ന വിദ്യാഭ്യാസ യോഗ്യതയെന്ന നിലയിൽ, ഈ ഔപചാരിക വിദ്യാഭ്യാസം നേടുന്നവർ അതിനെ കാംക്ഷിക്കുന്നു. അതിനോട് മതിപ്പും, കൂറും കാണിക്കുന്നു.

ഏറ്റവും ആദ്യം മനസ്സിന്റെ ശ്രദ്ധയിൽപെട്ടത് ഇങ്ഗ്ളിഷ് ബി.എ, എം.എ, ഡോക്റ്ററെയ്റ്റ് തുടങ്ങിയവയാണ്. ജീവതത്തിൽ ചില അവസരങ്ങളിൽ ഈ വക യോഗ്യതയുള്ളവരും ആയി ബന്ധപ്പെട്ടിട്ടുണ്ട്. ഇവരിൽ ചിലർക്ക് ഇങ്ഗ്ളിഷ് സമാന്യം നന്നായി സംസാരിക്കാൻ ആവും. ചിലർക്ക് ഇങ്ഗ്ളിഷ് സംസാരിക്കാനേ ആവില്ല. ഏതാനും പേർക്ക് എമെറിക്കൻ, ബ്യട്ടിഷ് ശൈലിയികളിൽ (accent) സംസാരിക്കാനും ആവുന്നതായി കണ്ടിട്ടുണ്ട്.

എന്നാൽ പൊതുവായിപ്പറഞ്ഞാൽ, ഇവരിൽ ആർക്കും തന്നെ ഒരു ഇങ്ഗ്ളിഷ് ബി.എ., എം.എ ബിരുദം നൽകേണ്ടുന്ന കാര്യം കണ്ടില്ല. ഈ ഒരു അലോസരപ്പെടുത്തുന്ന ചിന്താഗതി ഈ എഴുത്തുകാരനിൽ വന്നത്, സ്വന്തം ഇങ്ഗ്ളിഷ് പരിജ്ഞാനത്തിന്റെ ചുറ്റുപാടിൽ നിന്നു കൊണ്ടാണ്.

ഈ എഴത്തുകാരൻ ഇങ്ഗ്ളിഷ് ഭാഷയിൽ ഒരു പണ്ഡിതനോ, അഗാധ വിവരങ്ങളോ ഉള്ള ആളല്ല. എന്നാൽ വളരെ ചെറുപ്പം മുതൽ, യാതോരു വിദ്യാഭ്യാസ യോഗ്യതാ ഉദ്ദേശവുമില്ലാതെ, അനവധി പഴയകാല ഇങ്ഗ്ളിഷ് സാഹിത്യകൃതികൾ വായിക്കുകയോ, അതുമല്ലെങ്കിൽ അവയെക്കുറിച്ച് സൂചനകൾ ലഭിക്കുകയോ ചെയ്തിട്ടുള്ള വ്യക്തിയാണ്.

Oscar Wilde, Somerset Maugham, Charles Dickens, R.L Sevenson, Sir Walter Scott, Mark Twain, Jane Austin, Bronte Sisters, Enid Blyton, Jack London, Arthur Conan Doyle തുടങ്ങി അനവധി പേരുകൾ ഇവിടെ പ്രസ്താവ്യമാണ്. ഇവരെല്ലാം ഇങ്ഗ്ളണ്ടിലെ എഴുത്തുകാരോ, അതുമല്ലെങ്കിൽ ഇങ്ഗ്ളണ്ടിനെ ആദരിക്കുകയോ, ഇങ്ഗ്ളിഷ് പാരമ്പര്യങ്ങളെ ഇഷ്ടപ്പെടുന്നവരോ ആണ്.

പല ഇങ്ഗ്ളിഷ് ബി. എ കാർക്കും എം എ കാർക്കും, ഈ മുകളിൽ നൽകിയിട്ടുള്ള എഴുത്തുകാരുടെ പേരുകൾ കേട്ടും പരീക്ഷയ്ക്ക് പരാമർശിച്ചും പരിചയമുണ്ടായേക്കാം. എന്നാൽ, അതിന് അപ്പുറം പലപ്പോഴും, ഈ എഴുത്തുകാരുടെ കൃതികൾ നേരിട്ട് വായിച്ച അനുഭവം ഇല്ലായിരിക്കും.

ഈ മുകളിൽ പെട്ട എഴുത്തുകാരിൽ പെടാത്ത മറ്റ് ഇങ്ഗ്ളിഷ് എഴുത്തുകാരും പണ്ട് കാലങ്ങളിൽ അറിയപ്പെട്ടിരുന്നു. Frank Yerby, Barbara Cartland, James Hadley Chase, Erle Stanley Gardner ഇങ്ങിനെ ഒട്ടനവധിപ്പേർ.

ചില എംഎകാർ ഇങ്ഗ്ളിഷ് ലക്ചറർമാരും, മറ്റും ആയിക്കഴിഞ്ഞതിന് ശേഷം, ഈ വക എഴുത്തുകാരുടെ എഴുത്തുകളുമായി ബന്ധം ശക്തിപ്പെടുത്തിയേക്കാം. തീർച്ചയില്ല. ചിലർ ഷെയ്സ്പ്യേറുടെ ചില കൃതികൾ വായിച്ച്, പലവേധികളിൽ ഉദ്ദരണികൾ ഉരുവിട്ടുകൊണ്ടിരിക്കും. എന്നാൽ, ശ്രദ്ധിക്കുക, മുകളിൽ നൽകിയിട്ടുള്ള

പേരുകളിൽ, Shakespeareറുടെ പേര് ബോധപൂർവ്വം ഒഴിവാക്കിയിട്ടുണ്ട്. കാരണം, Shakespeare ഈ പേരുകളുടെ പട്ടികയിൽ പെടുന്ന എഴുത്തുകാരനല്ല, എന്നാണ് ഈ എഴുത്തുകാരന്റെ നിലപാട്.

Oscar Wilde, Somerset Maugham, Charles Dickens, R.L Sevenson, Sir Walter Scott, Mark Twain, Jane Austin, Bronte Sisters, Enid Blyton, Jack London തുടങ്ങിയവരുടെ എഴുത്തുകളിൽ എന്തിരിക്കുന്നു? നമുക്കുമില്ലേ കാളിദാസനും മറ്റും.

മുഖദാവിൽതന്നെ പറയാനുള്ളത് കാളിദാസൻ, മലയാളക്കാരും, മലബാറിക്കാരുമായി കാര്യമായ ബന്ധം ഈ അടുത്തകാലത്ത് ഉളവായതാണ്. ആ വിഷയം ഇവിടെ വിട്ടേക്കാം.

ഈ മുകളിൽ സൂചിപ്പിച്ച എഴുത്തുകാർ കാളിദാസനോടോ, അതുപോലുള്ളവരോടോ ഉപമിക്കാവുന്നവരല്ല. കാരണം, പലപ്പോഴും, ഇവർ ചിത്രീകരിച്ച മനുഷ്യജീവിതങ്ങൾ ഇങ്ഗ്ളണ്ടിലെ സാധാരക്കാരുടെ ജീവിതമാണ്. ഈ സാധാരണക്കാരുടെ ജീവതത്തിൽ എന്തിരിക്കുന്നു? നമ്മുടെ പ്രാദേശിക കൃതികളിൽ രാജാക്കളും, റാണിമാരും, മഹാരാജാക്കളും, മഹാറാണിമാരും, ചക്രവർത്തികളും, ചക്രവർത്തിനികളും, ഉയർന്ന ഉദ്യോഗസ്ഥരും, മന്ത്രിമാരും, ഗൂണ്ടാതലവന്മാരും, തൊഴിലാളി നേതാക്കളും, തൊഴിലാളികളും, റിക്ഷാവണ്ടിക്കാരും മറ്റും മറ്റും ഇല്ലെ?

ഒറ്റപ്പെട്ട് നിന്ന് നോക്കുമ്പോൾ, ഈ ചോദ്യത്തിൽ മൂല്യം കണ്ടേക്കാം. എന്നാൽ, മലബാറിയും, മലയാളവും, തമിഴും, തെലുങ്കും, കന്നടയും, ഹിന്ദിയും മറ്റും തമ്മിൽതമ്മിൽ താരതമ്യം ചെയ്യാവുന്ന ഭാഷകളാണെങ്കിലും, കലർപ്പ് പുരണ്ടിട്ടില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) അങ്ങിനെയല്ല. വന്യമൃഗങ്ങളും, മൃദുല സ്വഭാവക്കാരനായ മനുഷ്യനും തമ്മിലുള്ളത് പോലുള്ള വ്യത്യാസം ഈ വക ഭാഷകളും, pristine-Englishഉം തമ്മിലുണ്ട്. ഫ്യൂഡൽ ഭാഷകളിൽ, മനുഷ്യർ തമ്മിൽത്തമ്മിൽ കടിച്ചുകീറുന്ന കോഡുകളും, അതിന് പ്രേരണ നൽകുന്ന കോഡുകളും ഉണ്ട്. pristine-Englishൽ കാര്യങ്ങൾ ഇങ്ങിനെയല്ലതന്നെ.

ഈ വ്യത്യാസത്തെക്കുറിച്ച്, ഇങ്ഗ്ളിഷുകാർക്ക് തന്നെ അറിവില്ല എന്നുള്ളതാണ് വാസ്തവം.

68. ഇങ്ഗ്ളിഷ് ഭാഷയുടെ മഹനീയ പാരമ്പര്യങ്ങളെക്കുറിച്ച് യാതോരു വിവരവും ഇല്ലാത്ത ഇങ്ഗ്ളിഷ് പ്രൊഫസർമാർ

വളരെ പണ്ട്, ഇങ്ഗ്ളിഷിൽ എംഎ എടുത്ത ഒരാളെ അറിയാമായിരുന്നു. ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യവുമായി കാര്യമായ ബന്ധമോ, ഇങ്ഗ്ളണ്ടിനോടോ, ഇങ്ഗ്ളിഷ് ഭാഷയോടോ യാതോരു കൂറോ ഇല്ലാത്ത ഈ വ്യക്തിക്ക് എംഎ ലഭിച്ചു എന്നുള്ളത് തന്നെ വളരെ ആശ്ചര്യകരമായ ഒരു കാര്യമാണെങ്കിലും, ഇത് ഇന്ന് പൊതുവേ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യമായത് കൊണ്ട് ഇതിനെ പ്രത്യേകമായി വീക്ഷിക്കണ്ടതില്ല. ഈ ആൾക്ക് കുറച്ച് കഴിഞ്ഞപ്പോൾ, ഇങ്ഗ്ളിഷിൽ ഡോക്ടറെയ്റ്റുംകൂടി കിട്ടിയെന്നുവന്നപ്പോൾ, ഈ വക PhD ബിരുദങ്ങൾകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്നത് തന്നെ ഒരു വൻ പ്രശ്നമായി തോന്നേണ്ടതാണ്. എന്നാൽ, ഇത് ഇന്ന് ഈ രാജ്യത്തിലും മറ്റ് പല രാജ്യങ്ങളിലും നിത്യ സംഭവമാണ് എന്ന് പിന്നീട് മനസ്സിലായി.

ഇതുമായി ബന്ധപ്പെട്ട് പലതും പറയാനാവുമെങ്കിലും, ആ ദിക്കിലേക്ക് നീങ്ങുന്നില്ല. മാത്രവുമല്ല, ആരേയും പഴിപറഞ്ഞിട്ട് കാര്യമില്ല. കാരണം, സംവിധാനങ്ങൾ എല്ലാംതന്നെ കുത്തഴിഞ്ഞാണ് ഇരിക്കുന്നത്. ഈ കുത്തഴിയലിനും ഇന്നുള്ള ആരെയും പഴിപറയാനും ആവില്ല. ഈ ആളുകൾ ജനിക്കുന്നതിന് ഏതാനും പതിറ്റാണ്ടുകൾക്ക് മുൻപേ, കാര്യങ്ങൾ ഈ രീതിയിലേക്ക് നീങ്ങിതുടങ്ങിയിരുന്നു.

ഈ അടുത്തകാലത്ത് ഇങ്ഗ്ളിഷ് എംഎക്ക് ഒരു സർവ്വകലാശാലയുടെ നോട്ട്സുകൾ കാണാൻ ഇടയായി. പലയിടത്തും ഇങ്ഗ്ളണ്ടിനെ പഴിപറയുന്നതും ആരോപണവിധേയമാക്കുന്നതുമായ കുറേ ലേഖനങ്ങൾ. ഇങ്ങിനെ ദുഷ്ടമായ ഒരു രാജ്യത്തിനെക്കുറിച്ചും, ആ രാജ്യത്തിന്റെ പ്രാദേശിക ഭാഷയും എന്തിനാണ് ഇത്രമാത്രം കഷ്ടപ്പെട്ട് പഠിക്കുന്നത് എന്ന ഒരു തോന്നൽ തന്നെ ഉണ്ടായി.

കുറേവർഷങ്ങൾക്ക് മുൻപ്, കേരളത്തിലെ ഒരു കോളജിലെ ഇങ്ഗ്ളിഷ് പ്രൊഫസർ പറയുകയുണ്ടായി, ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യം ഇനി പഠിപ്പിക്കേണ്ടകാര്യം ഇല്ലതന്നെ. ഇന്ന് അനവധി പുതിയ എഴുത്തുകാർ ഉണ്ട്. മാത്രവുമല്ല, ഇന്ത്യയിൽ തന്നെ അനവധി ഇങ്ഗ്ളിഷ് സാഹിത്യകാരന്മാർ ഉണ്ട്. കോട്ടയത്തെ അടിസ്ഥാനപ്പെടുത്തി, ഒരു മലയാളം കഥ, ഇങ്ഗ്ളിഷിൽ മലയാള ചുവയോടുകൂടി എഴുതി, ഒരു ബ്യട്ടിഷ് സാഹിത്യ സമ്മാനം നേടി, ലോക പ്രസിദ്ധി നേടിയ എഴുത്തുകാരിയുടെ സൃഷ്ടിയേയും, ഇവിടെ എംഎക്ക് പഠിപ്പിക്കാൻ പറ്റിയതായി ഈ പ്രൊഫസർ ശുപാർശചെയ്ത് കണ്ടു.

ഈ സുചിപ്പിക്കപ്പെട്ട കൃതി, ഈ എഴുത്തുകാരൻ വളരെ വർഷങ്ങൾക്ക് മുൻപ് വായിച്ചിരുന്നു. സാഹിത്യം എന്ന നിലയിൽ അതിഗംഭീരമായി ആസ്വാദനം നൽകുന്ന ഒരു നോവൽ തന്നെയാണ് ഇത്. എന്നാൽ, ഇങ്ഗ്ളിഷ് എംഎ കൊണ്ട് ഉദ്ദേശിക്കുന്നത് സാഹിത്യാസ്വാദനം മാത്രമാണ് എന്ന് ഈ എഴുത്തുകാരന് തോന്നുന്നില്ല.

69. ഇങ്ഗ്ളിഷിനോടും, ഇങ്ഗ്ളണ്ടിനോടും മാനസികമായി കൂറില്ലാത്ത ഇങ്ഗ്ളിഷ് സാഹിത്യകാരന്മാരെക്കുറിച്ച്

ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യത്തിന് കാര്യമായ ഒരു മാനസികവും സാംസ്ക്കാരികവും ആയ ഉന്നമനസ്ഥാനം ഉണ്ട് എന്നാണ് പറയാനുള്ളത്. യാതോരു ഉച്ചനീചത്വങ്ങളും ഇല്ലാതെ മനുഷ്യർതമ്മിൽ സംസാരിക്കാം എന്നതിന് ഉപരിയായി, ഇങ്ങിനെ സംസാരിക്കുന്നവർക്ക് വ്യക്തിത്വപരമായും മാനസികമായും ഒരു വൻ സ്വാതന്ത്ര്യം അനുഭവപ്പെടും.

എന്നാൽ ഈ കാരണത്താൽ അല്ല ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിൽ മഹിമ കാണുന്നത്. ഈ മഹിമ ഇന്ന് എഴുതപ്പെടുന്ന എല്ലാ ഇങ്ഗ്ളിഷ് രചനകൾക്കും കുറച്ചെങ്കിലും അവകാശപ്പെടാൻ ആവും.

ഇന്ന് ഇങ്ഗ്ളിഷ് സഹിത്യ രചനകൾ എഴുതുന്നവരിൽ വലിയ ഒരു പങ്ക് ആളുകൾ, പാരമ്പര്യമായി ഇങ്ഗ്ളിഷുകാരല്ല. മറ്റ് ഭാഷകളിൽ നിന്നും പ്രദേശങ്ങളിൽ നിന്നും പല പഴുതും ഉപയോഗിച്ച് ഭാഷാപരമായോ, അതുമല്ലെങ്കിൽ, താമസ ദേശപരമായോ (place of domicile/residence) ഒരു കാലോ, അതുമല്ലെങ്കിൽ രണ്ടുകലുകളുമോ, ഇങ്ഗ്ളിഷിലേക്കും, അതുമല്ലെങ്കിൽ ഇങ്ഗളിഷ് രാഷ്ട്രങ്ങളിലേക്കും കടത്തിവച്ചിട്ടുള്ളവരാണ്.

ഇവരിൽ പലരും രണ്ടോ, അതിൽ കൂടുതലോ ഭാഷകളിൽ ജീവിക്കുന്നവരാണ്. ഇവരിൽ പലർക്കും, ഇങ്ഗ്ളിഷിനോട് കാര്യമായ കൂറോ, കടപ്പാടോ, കൃതജ്ഞതയോ ഇല്ല എന്നുള്ളത് വാസ്തവമാവാം. ഒരു വിശാലമായ മാനസിക സൌകര്യം ആവശ്യമുള്ളപ്പോൾ ഇങ്ഗ്ളിഷിലേക്ക് കടുക്കുക. അതല്ല, മറ്റുള്ളവരുടെ അടിയാളത്തം അനുഭവിച്ച് ആസ്വദിക്കാനാണ് തോന്നുന്നത് എങ്കിൽ സ്വന്തം പ്രാദേശിക ഭാഷയിലേക്ക് കടക്കുക. ഇതാണ് ഇവരുടെ നിത്യ പദ്ധതി.

പുറത്ത് നിന്നും ഇങ്ഗ്ളിഷിലേക്ക് കടന്നവർ, ഇന്ന് ഇങ്ഗ്ളിഷിന്റെ നിർമ്മല സ്വഭാവം കലക്കി കുളമാക്കിവച്ചിട്ടുണ്ട്, ഇന്ന്. ഹാസ്യം, നർമ്മസംഭാഷണം, വാദപ്രതിവാദം, ഘോരമായ ആശയതർക്കങ്ങളിലുംമറ്റും, സ്വന്തം പ്രാദേശിക ഭാഷകളിലെ അസഭ്യവാക്കുകളും, മാനസികമായി കുത്തി പരിക്കേൽപ്പിക്കുന്നതുമായ ഒരു വൻ സാംസ്ക്കാരിക സമ്പത്ത് കാര്യമായിത്തന്നെ ഇന്ന് ഈ കൂട്ടർ, ഇങ്ഗ്ളിഷിന് മുതൽക്കൂട്ടായി നൽകിയിട്ടുണ്ട്.

യാതോരു തെറിവാക്ക് പ്രയോഗങ്ങളും ഇല്ലാതെ, ആശയപരമായ ഗംഭീരമായ ഒരു വൻ സാഹിത്യ ശേഖരം തന്നെയാണ് ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യം. വായനക്കാരനെ പിടിച്ചുനിർത്താനായി യാതോരുവിധ ലൈംഗിക സൂചനകളോ, മറ്റ് രീതിയിൽ മനസ്സിനെ തെറ്റായ രീതിയിൽ മദിപ്പിക്കുന്ന യാതോരു കാര്യങ്ങളും ഇല്ലാതെ തന്നെ ഒരു വൻ വാക്ക് സമ്പത്ത് എങ്ങിനെ കെട്ടിപ്പടുത്തു എന്നുള്ളത് തന്നെ ഒരു മഹാത്ഭുതമാണ്.

മാത്രവുമല്ല, മനുഷ്യനെ പലവിധത്തിലുള്ള ബഹുമാന അടിയാളത്ത അപരാധ ബോധത്തിൽ കുടുക്കാതെയും, പഠിപ്പിക്കാതെയും, ഉള്ള ഇങ്ഗ്ളിഷ് സാഹിത്യ കൃതികൾ ഇന്ത്യൻ സാഹിത്യകാരന്മാർ എഴുതുന്നുണ്ടാവാം. തീർച്ചയില്ല.

എന്നിരുന്നാലും, ആ എഴുത്തപകാരും, പലരീതിയിൽ, അവരുടെ പ്രാദേശിക സാമൂഹിക അന്തിരീക്ഷത്തോട് പ്രതിപ്രവർത്തിക്കുന്നവരാകാം.

ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിന്, ഈ വക അടിയാളത്ത - ബഹുമാന സങ്കൽപ്പങ്ങളെക്കുറിച്ച് യാതോരു ധാരണയുമില്ലായിരുന്നു എന്നതാണ്, അതിന്റെ ഏറ്റവും വലിയ മഹത്വം. ഈ മാനസികാവസ്ഥയാണ് മറ്റുള്ളവർ അനുഭവിച്ചറിയേണ്ടത്. ഇത്, ഒറ്റപ്പെട്ട വ്യക്തികൾ മാത്രം അനുഭവിച്ചറിഞ്ഞത് കൊണ്ട് യാതോരു കാര്യവും ഇല്ലതന്നെ. സമൂഹത്തിൽ മുഴുവനായും പരക്കണം.

ഈ അവസരത്തിൽ ഈ ബഹുമാന അടിയാളത്തത്തെക്കുറിച്ച് ഒന്ന് സൂചിപ്പിച്ചിട്ട് മുന്നോട്ട് നീങ്ങാം.

70. ഫ്യൂഡൽ ഭാഷയിലെ ശബ്ദരൂപത്തിലല്ലാത്ത സൂചനാ-അടയാളങ്ങൾ

QUOTE ഉദ്ദരണി: "മനുഷ്യനെ പലവിധത്തിലുള്ള ബഹുമാന - അടിയാളത്ത അപരാധ ബോധത്തിൽ കുടുക്കാതെയും, പഠിപ്പിക്കാതെയും, ഉള്ള ഇങ്ഗ്ളിഷ് സാഹിത്യ കൃതികൾ". ഉദ്ദരണിയുടെ അന്ത്യം END OF QUOTE

മുകളിൽ നൽകിയിരിക്കുന്ന ഉദ്ദരണി കഴിഞ്ഞ എഴുത്തിൽനിന്നുമുള്ളതാണ്. ഈ സൂചിപ്പിക്കപ്പെട്ട അപരാധബോധം, അതില്ലെങ്കിൽ താന്തോന്നിത്തം അതാണ് ഇവിടെ പ്രതിപാദ്യവിഷയം.

പഠിക്കുന്ന കാലത്ത്, രണ്ട് പ്രാവശ്യം ദേവർകോവിൽ എന്ന ഗ്രാമത്തിൽ ഏതാണ്ട് ഒരുവർഷത്തോളം താമസിച്ചിട്ടുണ്ട്. അന്നൊക്കെ വളരെ ഉൾനാടൻ പ്രദേശമായിരുന്നു ഇവിടം.

1982ന് ചുറ്റുപാടിൽ, ഒരു ദിവസം തെരുവിൽ നടന്നുവരുമ്പോൾ, ഒരാൾ നിന്ന്, ഒരു കൌമാരപ്രായക്കാരനായ ആളോട് കഠിനമായി ഒച്ച വെക്കുന്നു.

'എന്താടാ നിന്റെ വിചാരം?' എന്നൊക്കെയാണ്, പ്രായം ചെന്ന ആൾ ആക്രോശിക്കുന്നത്.

ചെറുപ്രായക്കാരൻ പരിചയമുള്ള ആളാണ്. പ്രായം ചെന്ന ആൾ പോയതിന് ശേഷം, കൌമാരക്കാരനോട് എന്താണ് പ്രശ്നം എന്നു ചോദിച്ചു. ആകെ ഇളിഭ്യനായി നിൽക്കുന്ന ആ ചെറുപ്രായക്കാരൻ പറഞ്ഞു, 'പ്രശ്നം ബഹുമാനത്തിന്റേതാണ്'.

ഈ ആൾ ആ നേരിയ വീതിയുള്ള തെരുവിൽ (ഇന്നിത് സ്റ്റെയ്റ്റ് ഹൈവെ ആണ്) നിൽക്കുമ്പോൾ, ആദ്യം ഒരു അദ്ധ്യാപകൻ (മാഷ്) കടന്നുപോയി. ഉടനെ മാടിക്കുത്തിയിരിക്കുന്ന മുണ്ട് കുത്തഴിച്ച്, ബഹുമാനം പ്രകടിപ്പിച്ചു. വീണ്ടും മുണ്ട് പ്രയാസപ്പെട്ട് വൃത്തിയായി മടക്കിക്കുത്തിവച്ചു.

അപ്പോഴാണ്, അടുത്ത അദ്ധ്യാപകൻ (മാഷ്) തൊട്ടുപിന്നാലെയുള്ള കാര്യം കണ്ടത്. മാടിക്കുത്തിയ മുണ്ട് വീണ്ടും കുത്തഴിക്കുന്നതിനേക്കാൾ ആയാസ രഹിതം, രണ്ടാമത് വന്ന മാഷിനെ കണ്ടില്ലാ എന്ന് നടിക്കലാണ് എന്ന് കരുതി, കണ്ടില്ലായെന്ന് നടിച്ചു.

രണ്ട് പേരിൽ ഒരാൾക്ക് ബഹുമാനം നൽകുകയും, മറ്റേയാൾക്ക് അത് നിഷേധിക്കലും, ഇങ്ഗ്ളിഷിൽനിന്നും നോക്കിയാൽ, കാര്യമായ പ്രശ്നമുള്ളതല്ല. എന്നാൽ ഫ്യൂഡൽ ഭാഷകളിൽ, ഈ വക ശബ്ദരൂപത്തിലല്ലാത്ത അടയാളങ്ങൾക്ക് (non-verbal signals) ഫ്യൂഡൽ ഭാഷകളിലെ വാക്ക് കോഡുകളുമായി കാര്യമായ ബന്ധമുണ്ട്.

ഒരാളെ ബഹുമാനിക്കുന്നത്, ആ വ്യക്തിയെ 'സാർ' എന്ന് സംബോധനചെയ്യുന്നതിനും, 'അദ്ദേഹം' എന്ന് പരാമർശിക്കുന്നതിനും തുല്ല്യമാണ്. ബഹുമാനം നിഷേധിക്കുന്നത്, ആ വ്യക്തിയെ 'നീ' എന്ന് സംബോധന ചെയ്യുന്നതിനും, അയാളെ 'അവൻ' എന്ന് പരാമർശിക്കുന്നതിനും തുല്ല്യമാണ്.

ഇത് ഫ്യൂഡൽ ഭാഷകളിൽ ഗുരുതരമായ പ്രശ്നം തന്നെയാണ്.

കോടതിയിൽ നിന്ന് ജഡ്ജിയെ നോക്കി, 'നീ പോടാ' എന്ന് അംഗ്യരൂപേണെ സൂചന നൽകുന്നത്, ജഡ്ജിയുടെ ശ്രദ്ധയിൽ പെട്ടാൽ പ്രശ്നം തന്നെയായേക്കാം. ജഡ്ജിക്ക്

വേണമെങ്കിൽ അത് കണ്ടില്ലാ എന്ന് നടിക്കാം. എന്നാൽ മറ്റുള്ളവർ അത് കണ്ടാൽ, ഈ സൂചന കോടതി നടത്തിപ്പിൽ കാര്യമായ വികടനം സൃഷ്ടിച്ചേക്കാം.

പോലീസ് സ്റ്റേഷനിൽ വച്ചാണ് ഈ വക ശബ്ദരൂപത്തിലല്ലാത്ത അടയാളങ്ങൾ (non-verbal signals) നടത്തുന്നതെങ്കിൽ, ആ സൂചന നൽകിയ ആൾക്ക് മുഖത്ത് അടിവീഴാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

ഇവിടെ പ്രശ്നം, 'You go!' എന്ന പ്രയോഗത്തിന്, ഫ്യൂഡൽ ഭാഷകളിൽ, 'നീ പോ', 'നിങ്ങൾ പോകൂ', 'സാറ് പോകൂ' എന്നൊക്കെ തർജ്ജമചെയ്യാവുന്നതാണ് എന്നതാണ്.

ഇതിൽ ആദ്യത്തെ രൂപം പദവി പ്രകാരം ഉയർന്നവരോട് ഉപയോഗിക്കുമ്പൾ, 'നീ പോടാ' എന്ന ഭാവം ആകും. 'നീ പോടാ' എന്ന പദ പ്രയോഗത്തെ You get lost! എന്നൊക്കെ തർജ്ജമ ചെയ്യാമെങ്കിലും, മലയാളത്തിലെ 'നീ പോടാ' യുടെ അടുത്ത് അവയുടെ ആഘാതത്തിന് വരാനാവില്ല. കാരണം, ഉയർന്നവരോട് 'നീ' എന്ന് ഉപയോഗിക്കുന്നതിന്റെ ആഘാതം ഇങ്ഗ്ളിഷിലേക്ക് പകർപ്പെടുക്കാനാവില്ല തന്നെ.

71. നേത്രങ്ങളിലൂടെ വികിരണം ചെയ്യപ്പെടുന്ന ഉച്ചനീചത്വ കോഡുകൾ

ഫ്യൂഡൽ ഭാഷയിൽ കൈകൾകൊണ്ടുള്ള ആംഗ്യം പോലും ആവശ്യമില്ല, ഈ വക ഭാവങ്ങൾ മറ്റേ ആളിലേക്ക് പകരാൻ.

'നീ'യെന്നും 'നിങ്ങൾ' എന്നും 'സാർ' എന്നും ഉള്ള വാക്കുകളാൽ വ്യത്യസ്തമായി സംബോധന ചെയ്യുന്ന ആളുടെ കണ്ണുകളിൽനിന്നും ഈ വിധ വ്യത്യസ്ത ഭാവങ്ങൾ പ്രക്ഷേപണം ചെയ്യുന്നതായി അനുഭവപ്പെടാം.

ഈ എഴുത്തുകാരൻ Anglo-ഇന്ത്യൻ സ്ക്കൂളിൽ നിന്നും കേരളാ വിദ്യാഭ്യാസ ബോഡ് സ്ക്കൂളിലേക്ക് മാറിയപ്പോൾ, ഈ വ്യത്യാസം ശരിക്കും അനുഭവിച്ചറിഞ്ഞിരുന്നു. അദ്ധ്യാപകരുടെ കണ്ണുകളിൽ നോക്കിയാൽ, അവരുടെ കണ്ണുകളിൽ 'You' എന്ന വാക്കിന്റെ സ്ഥാനത്ത്, മനസ്സിനെ നുറുക്കുന്ന 'നീ' എന്നഭാവം തന്നെയാണ് പ്രകടമായി കണ്ടത്.

ഈ വിഷയവുമായി ബന്ധപ്പെട്ട്, യാഥാർത്ഥ്യത്തിന്റെ കോഡുകളോടും (Codes of reality) മനുഷ്യശരീരത്തിന്റെ കോഡുകളോടും, ജീവന്റെ കോഡുകളോടും (Software codes of life), ബന്ധപ്പെട്ട് പലതും പറയാനുണ്ട്. അതിനുള്ള അവസരം ആയിട്ടില്ല.

എന്നാൽ പൊതുവായി പറയുകയാണെങ്കിൽ, വ്യക്തിത്വത്തെ ശിഥിലീകരിക്കുന്ന നോട്ടം ഏൽക്കുന്നത് നിഷേധാത്മകമായ അനുഭവങ്ങൾ നൽകാം. ഇതും ആപേക്ഷികമാണ്. ഐഏഎസ്സുകാരന്റെ 'നീ' എന്ന നോട്ടവും, ഐഏഎസ്സുകാരന്റെ വീട്ടിലെ തരംതാഴ്ന്ന ജോലിക്കാന്റെ 'നീ' എന്ന നോട്ടവും തമ്മിൽ വ്യത്യാസം ഉണ്ട്.

അത് പോലെ തന്നെ വനിതാ ശിപായി ഐപിഎസ് കാരിയെ 'നീ' എന്ന് നോക്കുന്നതും, മറ്റൊരു ശിപായിയെ 'നീ' എന്ന് നോക്കുന്നതും തമ്മിൽ വ്യത്യാസം ഉണ്ട്. ആദ്യത്തേത്, ആളുടെ കഥകഴിക്കുന്ന കോഡ് പ്രക്ഷേപണമാണ്.

പ്രാദേശിക ഇങ്ഗ്ളിഷ് - ഭാഷക്കാർ, ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ കയറിക്കൂടിയ ഫ്യൂഡൽ ഭാഷാ പാരമ്പര്യത്തിൽ നിന്നുമുള്ളവരുമായി ഇടപഴകുമ്പോൾ, പലപ്പോഴും അവർക്ക് മനസ്സിലാക്കാൻ പറ്റാത്ത മാനസിക വെറുപ്പ് അനുഭവിക്കുന്നതായി അറിയുന്നു. ഇതിന് പിന്നിൽ യഥാർത്ഥത്തിൽ, പ്രശ്നം, ഫ്യൂഡൽ ഭാഷയിലെ ഭാഷാകോഡുകളാണ്. വാക്കുകൾക്കും, ശബ്ദരൂപത്തിലല്ലാത്ത അടയാളങ്ങൾക്കും, ഫ്യൂഡൽ ഭാഷകളിൽ പൈശാചികമായ രൂപഭാവവ്യതിയാനങ്ങൾ സംഭവിക്കാം.

ഇത് എന്താണ് എന്ന് മറ്റെ പക്ഷത്തിന് തിരിച്ചറിയാൻപറ്റില്ലെങ്കിലും, എന്തോ സഹിക്കാൻ പറ്റാത്ത വ്യക്തിത്വ ഉൾപരിവർത്തനം (mutation) അവരുടെ ഉള്ളിന്റെ ഉള്ളിൽ സംഭവിക്കുന്നുണ്ട് എന്ന് അവർക്ക് തിരിച്ചറിവ് കിട്ടുന്നതാണ്, ഇന്ന് ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ വർണ്ണവിവേചനം, racism തുടങ്ങിയ അവസ്ഥകളായി പുറത്തുവരുന്നതും, നിർവ്വചിക്കപ്പെടുന്നതും.

72. ഏത് വിവരവും വാചകവും ത്രിശാഖിത്വത്തോടുകൂടിയാണ് വിശകലനം ചെയ്യപ്പെടുക

ഇംഗ്ലീഷ് സംസാരാന്തരീക്ഷത്തിൽ നിന്നും ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിലേക്ക് പൊടുന്നനെ മാറുന്ന അവസരങ്ങളിൽ, വളരെ വ്യക്തമായി ലഭിക്കുന്ന തിരിച്ചറിവാണ്, വ്യക്തികളുടെ മാനസികവും, ശാരീരികവുമായ വ്യക്തിത്വത്തിൽ മാറ്റം സംഭവിക്കുന്നുണ്ട് എന്നത്.

ഇംഗ്ലീഷിൽ വളരെ ലളിതമായി പറയുന്ന ഏത് സംഗതിയും, ഫ്യൂഡൽ ഭാഷാ വേദികളിൽ അതേ സ്വരത്തിലും, മാനസിക പരിസരാന്തരീക്ഷത്തിലും പറയുമ്പോൾ, കേൾക്കുന്ന വ്യക്തികളുടെ മനസ്സിൽ തികച്ചും വ്യത്യസ്തമായ രീതിയിലാണ് ഓരോ വാചകത്തേയും വിശകലനം ചെയ്യപ്പെടുന്നത്.

'നീ', 'നിങ്ങൾ', 'സാർ' എന്നും 'അവൻ', 'അയാൾ', 'അദ്ദേഹം' എന്നുമൊക്കെയുള്ള ത്രിശാഖിത്വത്തോടുകൂടിയാണ് ഏത് വിവരവും വാചകവും വിശകലനം ചെയ്യപ്പെടുന്നത്.

ഇതിൽ നിന്നും ലഭിക്കുന്ന നിലവാരത്തിന് അനുസൃതമായി കേൾക്കുന്ന ആളുകളുടെ മനസ്സിൽ, ഇംഗ്ലീഷിൽ ഇല്ലാത്ത പല അനുഭൂതികളും വന്നുചേരും. പരിഹാസം, പരിഹാസച്ചിരി, ആധിപത്യഭാവം, വിധേയത്വം, അടിയാളത്തം തുടങ്ങിയ പല ഭാവങ്ങൾ പലപ്പോഴും ഈ വക വാചകങ്ങളുടെയും അവയുമായി ബന്ധപ്പെട്ട പലതിനേയും ആശ്രയിച്ച് സംഭാവ്യമായിത്തീരും.

ഇങ്ങിനെ ഒരു മൃഗീയമായ മാനസിക വിശകലനവും പ്രോസസിങ്ങും (processing) മനുഷ്യമനസ്സിൽ സാധ്യമാണ് എന്ന കാര്യം പോലും പ്രാദേശിക ഇംഗ്ലീഷുകാർക്ക് അറിവില്ലതന്നെ.

ഏതാനും ആഴ്ചകൾക്ക് മുൻപ് ഇന്റർനെറ്റിൽ ഒരു ഇംഗ്ലീഷ് വേദിയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു ചർച്ചയിൽ പങ്കെടുത്തതിൽ, അപ്പുറത്തുള്ളവർക്ക് എത്ര പറഞ്ഞിട്ടും എന്താണ് പറയുന്നത് എന്ന് മനസ്സിലായില്ല.

ആ ചർച്ചയിൽ നിന്നും വന്ന വാക്കുകൾ കാണുക:

ഈ അനുഭവം ഏതാണ്ട് 2000 മുതൽ ഈ എഴുത്തുകാരൻ അനുഭവച്ചിട്ടുണ്ട്.

73. ആഴമില്ലാത്ത വാചക കസർത്തുകൾ

ഏതാനും ആഴ്ചകൾക്ക് മുൻപ് Whatsappൽ ഒരു വീഡിയോ കാണാൻ ഇടയായി. ഏതോ യൂറോപ്യൻ രാജ്യത്ത് വച്ച് ഇന്ത്യൻ പ്രധാന മന്ത്രിയുമായി ഒരു വിദേശവാസിയായ ഇന്ത്യക്കാരി അഭിമുഖ സംഭാഷണം നടത്തുന്നു. ഈ സ്ത്രീ ഇന്ത്യൻ പ്രധാനമന്ത്രിയുടെ മുന്നിൽ കാലിന്മേൽ കാല് വച്ച് കൊണ്ടാണ് ഇരിക്കുന്നത്.

ഇത് ഇങ്ഗ്ലിഷിൽ Sitting with crossed legs എന്ന് പറയുന്ന ഒരു ഇരിക്കുന്ന രീതിയാണ്.

ഇങ്ഗ്ലിഷുകാരിൽ പൊതുവെ ഈ വിധമുള്ള പലതും കാര്യമായി ശ്രദ്ധിക്കപ്പെടാതെ പോകുന്ന രീതികളാണ്. ഉദാഹരത്തിന്, അദ്ധ്യാപകരുടെ മുന്നിലും, നിൽക്കുന്ന പോലീസുകരുടെ മുന്നിലും, എന്തിന് പ്രധാന മന്ത്രിയുടെമുന്നിലും, ആളുകൾ ഇരുന്ന് സംസാരിച്ചാൽ പോലും, കാര്യമായ ഒരു പ്രശ്നം ഉള്ളതായി ആരും കാണില്ല. കാരണം, എന്ത് ചെയ്താലും, You, He, She തുടങ്ങിയവാക്കുകളിൽ യാതോരു ചലനവും വരില്ല.

എന്നാൽ ഫ്യൂഡൽ ഭാഷകളിൽ, ഈ ഓരോ പോസും വാക്ക് കോഡുകളെ അങ്ങോട്ടും ഇങ്ങോട്ടും ഇട്ട് വലിക്കും. ബഹുമാനിക്കപ്പെടേണ്ടുന്ന ആൾ ബഹുമാനിക്കപ്പെടുകയോ, അലങ്കോലപ്പെടുകയോ ചെയ്യപ്പെടും. ഈ ദൃശ്യത്തിന് സാക്ഷ്യം വഹിക്കുന്ന ആളുകളുടെ മനസ്സിൽ പോലും വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും സംഭവിക്കും.

എന്നാൽ വിദേശത്ത് ജീവിക്കുന്നതും, പൌരത്വം പുറത്തേക്ക് കടത്തിയതുമായ ഇന്ത്യക്കാർക്ക് ഇങ്ഗ്ലിഷുകാർക്ക് ഇല്ലാത്ത മറ്റൊരു ഭാവവും ഉണ്ടായേക്കാം. 'ഞാൻ അങ്ങ് ഇന്ത്യയിൽ പെട്ടുപോയ ആളുകളെപ്പോലെ വിധേയത്വം കാണിക്കേണ്ടതിൽ നിന്നും രക്ഷപ്പെട്ട ആളാണ്', എന്ന ധ്വനിയും നൽകിയേക്കാം.

ഈ സംഭവുമായി ബന്ധപ്പെട്ട് കണ്ട വീഡിയോവിൽ കുറേ വിശകലനങ്ങളും, മറ്റ് കുറെ മഹാന്മാരുടെ 'മഹാമനസ്കതയും' ചർച്ചചെയ്യുന്നുണ്ട്. ഇതുപോലുള്ള പല സംവാദങ്ങളും പലപ്പോഴും വായിച്ചിട്ടുള്ളതിനാലും, കാര്യമായി ആഴമില്ലത്ത വാചകങ്ങളും ശ്രദ്ധയിൽപെട്ടതിനാൽ, ഈ വീഡിയോ കാര്യമായി ശ്രവിക്കാൻ ശ്രമിച്ചില്ല. എന്നാൽ പൊതുവായി ശ്രദ്ധയിൽപെട്ടകാര്യം അപ്പുറത്തും ഇപ്പുറത്തും ഉള്ള കുറെ സംഭവങ്ങൾ നിരത്തിവച്ചതായി കണ്ടു. എല്ലാറ്റിനേയും മഹാവ്യക്തികളുടെ ലളിത പെരുമാറ്റവും, ബഹുമാനം നൽകാത്ത സ്ത്രീയുടെ ധിക്കാരവും തമ്മിലുള്ള ഒരു താരതമ്യമായി അനുഭവപ്പെട്ടു.

എന്നാൽ, ചിത്രീകരിച്ച ഉദാഹരണങ്ങൾ പൊള്ളയായവയാണ് തോന്നിയത്. തികച്ചും ആഴമില്ലാത്തതും, വെറും ബാലിശവുമായ ചിത്രീകരണങ്ങളായാണ് തോന്നിയത്.

തീവണ്ടിയിൽ ഇരിക്കാൻ സീറ്റ് ലഭിക്കാത്ത ബ്യട്ടിഷ് പ്രധാനമന്ത്രി. എന്തൊരു എളിമ! ഈ ചിത്രീകരണത്തിലെ വിഡ്ഢിത്തം ഇതാണ്. പ്രധാന മന്ത്രിക്ക് ഇരിക്കാൻ ആരും എഴുന്നേറ്റ് കൊടുത്തില്ല. അങ്ങിനെ ഒരു പ്രതികരണം പ്രധാന മന്ത്രി പ്രതീക്ഷിച്ചതായും കാണുന്നില്ല.

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ ഇത് തികച്ചും ധിക്കാര പരമായ പെരുമാറ്റം ആണ്. എന്നാൽ, ചിത്രീകരിച്ച് കാണുന്നത്, എന്തൊരു മാന്യമായ പെരുമാറ്റം!!!

ഈ ചിത്രീകരണത്തിൽ തന്നെ ശ്രദ്ധിക്കാതെ പോയ ഒരു ചെറിയ കാര്യം ഉണ്ട്. പൊതുവെ കലർപ്പ് വന്നിട്ടില്ലാത്ത ഇങ്ഗ്ളിഷ് (pristine-English)പൊതുപെരുമാറ്റങ്ങളിൽ, വ്യക്തികൾ ചുമരിൽ ചാരിനിക്കാറില്ല. കൈകൾ വാതിൽ കട്ടിലയിൽ വെച്ച് നിൽക്കാറില്ല. മറ്റുള്ളവരുടെ മേൽ ചാരിനിക്കാറില്ല. ഇന്ന് ഇങ്ഗ്ളണ്ടിലിൽ സാമൂഹിക പെരുമാറ്റത്തിൽ എന്ത് മാത്രം കലർപ്പ് സംഭവിച്ചിട്ടുണ്ട് എന്ന് അറിയില്ല.

പ്രധാന മന്ത്രി ചാരിനിൽക്കുന്നത് പത്രം വായിക്കാനുള്ള സൌകര്യത്തിന് ആയിരിക്കാം. അല്ലെങ്കിൽ, കുറച്ച് വിശ്രമം കാലുകൾക്കും ശരീരത്തിനും നൽകാനായിരിക്കാം. ഇതുമല്ലെങ്കിൽ ഇങ്ഗ്ളണ്ടിൽ ഇന്ന് കയറിക്കൂടിയിരിക്കുന്ന ഫ്യൂഡൽ ഭാഷക്കാരുമായുള്ള സമ്പർകത്താൽ പൊതുപെരുമാറ്റരീതികളിൽ ഗുണമേന്മയിൽ തേയ്മാനം സംഭവിച്ചതാകാം.

കറുത്ത നിറം ഉള്ള യൂഎസ് മുൻ പ്രസിഡന്റ് സ്വന്തമായി കുടചൂടി നടന്നുവരുന്ന ചിത്രം കാണപ്പെട്ടു ഈ വീഡിയോവിൽ. ഇതും ആ വ്യക്തിയുടെ മഹത്വമായാണ് ചിത്രീകരിക്കപ്പെട്ടത്. കാര്യങ്ങൾ തലതിരിച്ച് വായിക്കുന്ന പരിപാടിയാണ് ഇതും. ഈ വിധമുള്ള പെരുമാറ്റങ്ങൾ ഇങ്ഗ്ളിഷ് ഭാഷയിലെ പൊതുവായ കാര്യങ്ങളാണ്.

ഇതും, ഫ്യൂഡൽ ഭാഷയിലെ അടിയാളത്ത പെരുമാറ്റവുമായി എന്ത് ബന്ധമിരിക്കുന്നു?

ഈ മുൻ യൂഎസ് പ്രസിഡന്റും, യഥാർത്ഥത്തിൽ വിലസിയത്, തനിക്ക് ലഭിച്ച ഇങ്ഗ്ളിഷ് പാരമ്പര്യത്തിൽനിന്നുകൊണ്ടാണ്. എന്നാൽ, ഈ കാര്യം ഈ വ്യക്തി എവിടെയും സൂചപ്പിച്ചതായി കാണുന്നില്ല. മറിച്ച്, കാണുന്നിടത്തെല്ലാം ഇതിനെ പരിഹസിക്കുന്നതായാണ് അനുഭവം. സ്വന്തം പിതാവിന്റെ ആഫ്രിക്കൻ പാരമ്പര്യങ്ങളിൽ അല്ല ഇങ്ഗ്ളിഷ് മൂല്യങ്ങളുടെ വേരുകൾ ഉള്ളത് എന്ന് ഓർക്കാൻ കൂടിയ ഈ വ്യക്തിയുടെ മഹത്വം അനുവദിച്ചില്ല എന്നുള്ളതാണ് വാസ്തവം.

74. വികലമായ ലളിത പെരുമാറ്റങ്ങൾ

ഇത് പോലെ തന്നെ ഇന്ത്യയുടെ ഒരു മുൻ പ്രസിഡൻ്റിൻ്റെ ലളിത പെരുമാറ്റവും ചിത്രീകരിക്കപ്പെട്ടു. ഈ ചിത്രീകരണത്തിലും, എന്താണ് ലളിത പെരുമാറ്റം എന്ന് കണ്ടെത്താനായില്ല. ചുറ്റും നിൽക്കുന്നവർ ബഹുമാനത്തോടും, ആദരവോടും, കൂടി അടിയാളത്തം പ്രകടിപ്പിക്കുന്നു. ഈ വിധ അടിയാളത്തവും ആദരവും, ബഹുമാനവും അവർ നൽകുന്നില്ലായെങ്കിൽ, മുൻ പ്രസിഡൻ്റ് അപമാനിക്കപ്പെടും.

ഇതും, ബ്യട്ടിഷ് പ്രധാന മന്ത്രിക്ക് തീവണ്ടിയിൽ സീറ്റ് നൽകാതെ ഇരിക്കുന്ന ബ്യട്ടിഷുകാരുടെ പെരുമാറ്റവും തമ്മിൽ എന്താണ് ബന്ധം?

ഈ എഴുത്തുകാരൻ സ്കൂളിലും കോളെജിലും പഠിക്കുന്ന കാലത്ത്, ശ്രദ്ധിച്ച ഒരു കാര്യം, ഈ വിധ വിദ്യാഭ്യാസ പ്രസ്ഥാനങ്ങളിൽ യഥാർത്ഥത്തിൽ പഠിപ്പിച്ചും, പരിശീലിച്ചും വിടുന്നത്, ഒരു ആധുനിക ഫ്യൂഡൽ സാമൂഹിക അന്തരീക്ഷമാണ്.

അദ്ധ്യാപകരെ ബഹുമാനിക്കുക. അവർ വരുമ്പോൾ എഴുന്നേൽക്കുക. അവരെക്കുറിച്ച് ബഹുമാന വാക്കുകൾ ഉപയോഗിക്കുക.

അവർ തിരിച്ച്, വിദ്യാർത്ഥികളെ 'നീ', 'താൻ', 'ഇയാൾ', 'നിങ്ങൾ', 'എടാ', 'എടി', 'എടോ' തുടങ്ങിയ വാക്കുകളാൽ മനസികമായി അടിയാളപ്പെടുത്തും.

ഈ എഴുത്തുകാരൻ പഠിച്ചത് മിക്കവാറും തിരുവിതാംകൂറിൽ ആയിരുന്നതിനാൽ, 'നീ', 'ഇഞ്ഞ്', 'ഇഞ്ഞി', 'ഇജ്ജ്' തുടങ്ങിയ വാക്കുകളുടെ പ്രഹരം അമിതമായി അദ്ധ്യാപകരിൽ നിന്നും അനുഭവിച്ചില്ല. അവിടെ അന്ന് പലപ്പോഴും പല അദ്ധ്യാപകരും ഉപയോഗിച്ചത് 'താൻ', 'ഇയാൾ', 'നിങ്ങൾ' എന്നല്ലാമായിരുന്നു. ഇന്ന് തിരുവിതാംകൂറിൽ കാര്യങ്ങൾ എങ്ങിനെയാണ് എന്ന് അറിയില്ല.

ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം ഓർമ്മവരുന്നു. ഏതാണ്ട് പതിനഞ്ച് വർഷം മുൻപ് മലബാറിലെ ഒരു യുവതി ബിഎഡ് എടുക്കാനായി തിരുവിതാകൂറിൽ ഒരു സ്വകാര്യ കോളജിൽ ചേർന്നു.

ഈ പഠനത്തിൻ്റെ ഭാഗമായി, ഈ കോളെജിനോട് അനുബന്ധിച്ചുള്ള സ്കൂളിൽ ടീച്ചറായി പരിശീലനം നടത്തണം. ആ അവസരത്തിൽ സ്കൂകൾ മാനേജ്മെൻ്റ് നൽകിയ നിർദ്ദേശം, വിദ്ധ്യർത്ഥികളെ 'നീ' ('ഇഞ്ഞി') എന്ന് സംബോധന ചെയ്യരുത് എന്ന്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ ഇന്ന് ഓർമ്മവരുന്നില്ല.

എന്നാൽ ഈ എഴുത്തുകാരൻ കോളെജിൽ പഠിക്കുന്ന കാലത്ത്, തിരുവനന്തപുരത്ത് പതുതായി ആരംഭിച്ച ഒരു മെഡിക്കൽ -എഞ്ചിനിയറിങ്ങ് പ്രവേശന പരീക്ഷാ കോച്ചിങ്ങ് കേന്ദ്രത്തിൽ ഒരു സംഭവം നടന്നത് അറിഞ്ഞിരുന്നു. യുവാവായ അദ്ധ്യാപകൻ ഒരു വിദ്യാർത്ഥിയെ 'നീ' എന്ന് സംബോധന ചെയ്തു. വിദ്യാർത്ഥി എഴുന്നേറ്റ് നിന്ന്, 'നിങ്ങൾ' എന്നെ 'നീ' എന്ന് വിളിച്ച് പോകരുത്' എന്ന് താക്കീത് നൽകി. വിദ്യാർത്ഥി പിന്നീട് എഞ്ചിനിയറിങ്ങ് സീറ്റ് ലഭിച്ച് എഞ്ചിനിയറായി. അദ്ധ്യാപകനെ 'നിങ്ങൾ' എന്ന് സംബോധന ചെയ്തത്, വിദ്യാർത്ഥിയെ 'നീ' എന്ന് സംബോധന ചെയ്തതിനേക്കാൾ ഭയങ്കര മാനസിക ആക്രമണമാണ്, അന്ന് തിരുവിതാംകൂറിൽ. ഇന്ന് മലബാറിലും അതുപോലെ തന്നെയാണ്. കാരണം, മലബാറി മാഞ്ഞ് മലയാളം കയറിവന്നു.

അദ്ധ്യാപകരെ ബഹുമാനിക്കാൻ പഠിപ്പിക്കുന്ന വിദ്യാഭ്യാസത്തിൽ ഉള്ള പ്രശ്നം പറയാം. അദ്ധ്യാപകർ ഇതുവഴി സ്വമേധയാ സാമൂഹിക ജന്മിത്വസ്ഥാനത്തിലേക്ക്

നീങ്ങും. പണ്ടുള്ള നായർമാരുടെ അവസ്ഥ. വിദ്യാർത്ഥികളിൽ ചിലർ ഡോക്ടർമാരും, സർക്കാർ ഉദ്യോഗസ്ഥരും മറ്റും ആകും. അവർ സാമൂഹിക അടിയാളത്തത്തിൽ നിന്നും അതുവഴി മുക്തിനേടും.

എന്നാൽ ഒരു വൻ ഭൂരിപക്ഷം വിദ്ധ്യാർത്ഥികളും, പ്രാദേശിക ഭാഷാ കോഡുകളിൽ പൊതുവായി ബഹുമാനമില്ലത്ത ഇടത്ത് കുടുങ്ങിനിൽക്കും.

ഇക്കൂട്ടർ സ്വന്തമായി ബഹുമാനം സ്വരൂപിച്ചെടുക്കാൻ പലവിധ അഭ്യാസങ്ങളും പ്രകടിപ്പിച്ച് ജീവിക്കേണ്ടിവരും. ഇത് സമൂഹത്തിൽ ആകപ്പാടെ ഒരു കോലാഹലാന്തരീക്ഷമാണ് സൃഷ്ടിക്കുക. ഈ വിഷയത്തിലേക്ക് ഇപ്പോൾ കടക്കുന്നില്ല.

ഇവിടെ പ്രസക്തമായ ചോദ്യം, അദ്ധ്യാപകർ 'നീ', 'അവൻ', 'അവൾ', 'എടാ', 'എടീ', തുടങ്ങിയ വാക്കുകൾ വിദ്ധ്യാർത്ഥികളുടെ മേൽ ചാർത്തുന്നു. ഈ വിദ്യാർത്ഥികൾ ഈ വക വാക്കുകൾ ആരുടെ മേലാണ് ചാർത്തേണ്ടത്?

ഈ വിധ വാക്കുകൾ ചാർത്താനായി അവർ മറ്റുള്ളവരെ കണ്ടെത്താൻ മെക്കെടും. ഇത് സമൂഹത്തിൽ ശാന്തതയല്ല വരുത്തിത്തീർക്കുക. ഇതും സങ്കീർണ്ണമായ ഒരു വിഷയമാണ്. അതിലേക്കും ഇപ്പോൾ കടക്കുന്നില്ല.

75. വിദ്യാർത്ഥികളോട് ബഹുമാനത്തോടുകൂടിയാണോ അദ്ധ്യാപകർ പെരുമാറുന്നത്

ഏതാണ്ട് പത്ത് പതിനഞ്ച് വർഷങ്ങൾക്ക് മുൻപ്, യുഎസ്എ(USA)യിലെ ഒരു സ്ക്കൂളിൽ വിദ്യാർത്ഥികൾക്ക് പൂരിപ്പിക്കാനായി നൽകിയ ഒരു അഭിപ്രായ വോട്ടെടുപ്പ് ചോദ്യാവലി കാണാനിടയായി. ആ സ്ക്കൂളിനെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ഉള്ള മതിപ്പിനെക്കുറിച്ചും, അവർ എന്തെങ്കിലും വൈഷമ്യങ്ങൾ നേരിടുന്നുണ്ടോ എന്നും മറ്റും അറിയാനാണ് ഈ ചോദ്യാവലി ശ്രമിച്ചത്.

ഇതിൽ ഒരു പ്രത്യേക ചോദ്യം ഈ എഴുത്തുകാരന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. ഈ ഒരു ചോദ്യം ഫ്യൂഡൽ ഭാഷാ രാഷ്ട്രങ്ങളിൽ സ്ക്കൂൾ വിദ്യാർത്ഥികളോട് യതോരു രീതിയിലും ചോദിക്കാൻ പറ്റാത്ത ഒന്നായിരുന്നു.

ചോദ്യം ഇതാണ്:

അദ്ധ്യാപകർ നിങ്ങളോട് ബഹുമാനത്തോടുകൂടിയാണോ പെരുമാറുന്നത്? ഏതെങ്കിലും അദ്ധ്യാപകൻ നിങ്ങളോട് ബഹുമാനമില്ലാതെ പെരുമാറാറുണ്ടോ?

ഈ ഉപദ്വീപിലെ ഏതൊരു രാഷ്ട്രത്തിലും ഇങ്ങിനെയുള്ള ഒരു ചോദ്യം തനി വിഡ്ഢിത്തമായിത്തന്നെയാണ് കാണപ്പെടുക. പോലീസ് സ്റ്റേഷനിൽ കയറിച്ചെന്ന ചെറുപ്രായക്കാരനായ ബസ് ക്ളീനറോട്, പോലീസ് ഇൻസ്പെക്ടർ നിങ്ങളോട് (നിന്നോട്) ബഹുമാത്തോടുകൂടിയാണോ പെരുമാറിയത് എന്ന് ചോദിക്കുന്നത് പോലെയുള്ള ഒരു സാമൂഹിക വിഡ്ഢിത്തം ഈ ചോദ്യത്തിൽ ഉള്ളതായി കാണപ്പെടും.

കാരണം, ഇങ്ങിനെയുള്ള ഒരു ബഹുമാനത്തെക്കുറിച്ച്, ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ ചിന്തിക്കാൻ കൂടി കഴിയില്ല.

എന്നാൽ വാസ്തവം തിരിച്ചാണ്. അദ്ധ്യാപകരായി തൊഴിൽ ചെയ്യുന്നവർക്ക് ഉള്ള യഥാർത്ഥ തൊഴിൽ വിദ്യാർത്ഥികളുടെ ആകമാനമുള്ള മാനസികവും ശാരീരികവും ആയ ഉന്നമനപ്പെടുത്തലാണ്. തറപറ്റിക്കലല്ല.

ഇക്കാര്യത്തിലും അദ്ധ്യപകരെ കുറ്റം പറയാൻ ആവില്ല. കാരണം, ഭാഷാ കോഡുകളാണ് കാര്യങ്ങളെ നിയന്ത്രിക്കുന്നത്. വ്യക്തി നല്ല ആളും, ശുദ്ധനും മറ്റും ആയിട്ട് ഒന്നും തന്നെ കാര്യമില്ല. ഭാഷാ കോഡുകൾ വിദ്യാർത്ഥിയെ തരംതാഴ്ത്താനാണ് കോഡുചെയ്യപ്പെട്ടിട്ടുള്ളത് എങ്കിൽ ഏത് മഹാത്മാവ് വന്ന് പഠിപ്പിച്ചാലും, വിദ്യാർത്ഥി തരംതാഴ്ത്തപ്പെടും. എന്നാൽ ആരും അതിനെക്കുറിച്ച് ബോധവാന്മാരാകില്ല.

ഇത് പോലെതന്നെയുള്ള ഒരു അങ്കലാപ്പിലാണ് പോലീസുകാരും. അവരുടെ തൊഴിൽ ഉത്തരവാദിത്വങ്ങളിൽ വ്യക്തമായി ലിഖിതപ്പെടുത്തിയിട്ടുള്ളതോ, അതുമല്ലെങ്കിൽ ലിഖിതപ്പെടുത്തിയിട്ടില്ലാത്തതോ ആയ ഒരു കാര്യം ഈ നാട്ടിലെ ജനങ്ങളുടെ വ്യക്തിത്വത്തേയും, സാമൂഹികാന്തസ്സിനേയും സംരക്ഷിക്കുക എന്നുള്ളതാണ്.

എന്നാൽ ഭാഷാ കോഡുകൾ നിർദ്ദേശിക്കുന്നത്, ആളുകളെ തരംതിരിക്കാനും, അവരിൽ ചിലരെ ബഹുമാനിക്കാനും, മറ്റുള്ളവരെ നിലത്തിട്ട് വാക്കുകളാൽ ചവിട്ടിമെതിക്കാനും ആണ്.

76. അടിയളത്തം പ്രകടിപ്പിച്ചാലുളവാകുന്ന ഗുണവും ദോഷവും

ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ ബഹുമാനം നൽകലും, നൽകാതിരിക്കലും വൻ മാനസികവും, സാമൂഹികവും ആയ പ്രശ്നങ്ങൾ ഉളവാക്കുന്ന കാര്യങ്ങളാണ്. ഇങ്ഗ്ളിഷ് ലോകത്തിന് ഈ വിഷയത്തെക്കുറിച്ച് മിക്കവാറും ഒന്നും തന്നെ അറിയില്ലാ എന്നുള്ളതാണ് വാസ്തവവും, അതികഠിനമായ അപകടാവസ്ഥയും.

ഇങ്ഗ്ളിഷ് രാഷ്ട്രങ്ങൾ ഇന്ന് പല രാഷ്ട്രങ്ങളിലും സാമൂഹികവും, രാഷ്ട്രീയവും ആയ പ്രശ്നങ്ങളിൽ ഇടപെടുന്നത് തന്നെ ഈ ഗംഭീരമായ സംഗതിയെക്കുറിച്ച് യാതോരു അറിവും ഇല്ലാതെയാണ്. ഇത് അവരെ പലദിക്കിലും പലരീതിയിലുള്ള അപകടകരമായ വിഡ്ഢിത്തങ്ങളിലും, പലപ്പോഴും തെറ്റായ കൂട്ടുകെട്ടുകളിലും ചെന്ന് എത്തിച്ചിട്ടുണ്ട്.

അവിടങ്ങളിൽ ഉള്ള രാഷ്ട്രീയ നയം ചമക്കുന്നവർ ആശ്രയിക്കുന്ന Politics and International Relationship എന്ന എക്കാഡമിക്ക് വിഷയത്തിന് ഈ ഫ്യൂഡൽ ഭാഷാ സംഗതിയെക്കുറിച്ചും ഭാഷാ കോഡുകളെക്കുറിച്ചും ഒന്നുംതന്നെ അറിയില്ല. എന്നാൽ ആ വിഷയത്തിൽ, കുറേ വഢ്ഢിത്ത പരമായ സാങ്കേതിക പദങ്ങളും, നിർവ്വചനങ്ങളും, വിവരണങ്ങളും മറ്റും വിദഗ്ദ്ധവിദ്യാഭ്യാസമെന്ന നിലയിൽ പഠിച്ച് ഇറങ്ങുന്നവർ അവരുടെ രാഷ്ട്രങ്ങളെ പലവിധ പടുകുഴികളിലും ഇന്ന് എത്തിച്ചിട്ടുണ്ട്.

ഈ മുകളിൽ പ്രസ്താവിച്ച വിഷയവുമായി പലതും പറയാനുണ്ട്. അവസരോചിതമായി അവയെപ്പറ്റി പറയാം.

ബഹുമാനിച്ച് കാര്യം നേടുക എന്നുള്ളത് മറ്റൊരു രീതിയിൽ പറഞ്ഞാൽ, സോപ്പിട്ട് കാര്യം നേടുക എന്നുള്ളതായി ഭവിക്കും. വിധേയത്വവും ചോദിക്കുന്നതെല്ലാം നൽകാനും തയ്യാറുള്ള ആളുകൾ പഴയകാല നായന്മാരെപ്പോലെയും, അവ നൽകാൻ കൂട്ടാക്കാത്തവരെ പുലയരും, പറയരും, പറിയരും ആക്കുന്ന അവസ്ഥ ഈ ബഹുമാനം നൽകൽ സാമൂഹിക പ്രത്യയശാസ്ത്രവുമായി പിരിഞ്ഞ് കിടക്കുന്നു.

ബഹുമാനം നൽകലിന്റെ അവിഭാജ്യമായി ബന്ധപ്പെട്ടുകിടക്കുന്ന വസ്തുതയാണ്, ബഹുമാനിക്കുന്ന ആൾക്ക് തിരിച്ച് തരംതാഴ്ത്തി സംസാരിക്കാനുള്ള അധികാരം നൽകൽ.

ഇത് തന്നെ ഒരു പ്രത്യേകതരം മനുഷ്യബന്ധ കോഡായി സാമൂഹിക ആകൃതിയേയും, ഘടനയേയും, രൂപശിൽപത്തേയും രൂപകൽപ്പനചെയ്യുന്നു.

പണ്ട് തിരുവിതാകൂറിൽ വച്ച്, ഒരു ആൾ സർക്കാർ ഉദ്യോഗസ്ഥനോട് അമിതമായ ബഹുമാനവും, ഭവ്യതയും, വിധേയത്വവും മറ്റും പ്രകടിപ്പിക്കുകയും, സാർ, സാർ എന്ന് നിരന്തരം ഉരുവിട്ട് കൊണ്ടിരിക്കുന്നതും കണ്ടു. ഈ ആളോട് ഇതുമായി ബന്ധപ്പെട്ട് ഒന്ന് സംസാരിച്ചപ്പോൾ, അയാൾ പറഞ്ഞത്, 'എന്റെ കാര്യം സാധിക്കാനാണ് ഞാൻ ഇങ്ങിനെ താഴുന്നത്. എന്റെ കാര്യം കിട്ടിക്കഴിഞ്ഞാൽ, സാറ് എനിക്ക് പോടാ പൂറെ എന്നാണ്'.

ഈ ആൾ പറഞ്ഞത് പ്രാദേശിക സാമൂഹിക പ്രത്യയശാസ്ത്രത്തിലെ അലിഖിത വരികളാണെങ്കിലും, 'സാറ്' പിന്നീട് 'പോടാ പൂറെ' എന്ന് ആവുന്നത് അത്രകണ്ട്

എളുപ്പമുള്ള കാര്യമല്ല. കാരണം, സമൂഹത്തിൽ 'സാർ' എന്ന പദം പ്രചരിച്ചാൽ, അത് രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധത്തിൽ ഒതുങ്ങിനിൽക്കില്ല. മറിച്ച്, അതീവ സങ്കീർണ്ണതയുള്ള ഒരു സാമൂഹിക ആശയവിനിമയ വലയിൽ പെട്ട ഒരു കണ്ണിയായി നിലകൊള്ളും. ഒരു ഏകനായ ആൾക്കൊന്നും ഈ വലയിൽ കാര്യമായ വിഘടനം സൃഷ്ടിക്കാനാവില്ലതന്നെ.

_ _

77. വലിയ ആളും അയാളുടെ കീഴിൽ കുഴിക്കകത്തുള്ള ആളും

വലിയ ആളും അയാളുടെ കീഴിൽ വളരെ തരംതാഴ്ന്ന നിലവാരം ഉള്ള ആളും. ഇതാണ് സാമൂഹിക ഘടനയായി സമൂഹത്തിൽ പടർന്ന് പിടിക്കുക.

ഡോക്ടറും അയാളുടെ അനുചരനായി വളരെ താഴ്ന്ന് നിൽക്കുന്ന സഹായിയും. ഡോക്ടർക്ക് ഏറ്റവും മാനസിക ബലവും വ്യക്തിത്വവും സാമൂഹിക അന്തസ്സും നൽകുന്നത്, കൂടെ നിൽക്കുന്ന സഹായിയായി ഉള്ള ആളുടെ വ്യക്തിത്വം 'നീ' എന്നും 'അവനെന്നും' / 'അവളെന്നും' ഡോക്ടർക്ക് സംബോധന ചെയ്യാനും പരാമർശിക്കാനും പറ്റുന്ന നിലവരത്തിൽ ഉള്ളതാവുന്നതാണ്.

ഈ നിലവാരത്തിനേക്കാൾ ഉയർന്ന പ്രാപ്തിയും, ശാരീരികവും, മാനസികവും ആയ വ്യക്തിത്വം ഉള്ള ആൾ സഹായിയായി (assistant) വന്നാൽ ഡോക്ടറുടെ വ്യക്തിത്വത്തെ അത് ബാധിക്കും.

ഈ ഒരു പ്രശ്നം സമൂഹത്തിലെ എല്ലാ വിധ തൊഴിൽ പരമായ വ്യക്തി ബന്ധങ്ങളേയും ബാധിച്ചിട്ടുണ്ട് എന്നുള്ളത്, ഇങ്ഗ്ളിഷ് വീക്ഷണ കോണിൽ നിന്നും നോക്കിയാൽ കാണാവുന്നതാണ്.

വക്കീലും വക്കീൽ ഗുമസ്തനും, പോലീസ് ഓഫിസറും പോലീസ് ശിപായിയും, വീട്ടമ്മയും വീട്ടു ജോലിക്കാരിയും, അദ്ധ്യാപകനും വിദ്യാർത്ഥിയും, പട്ടാള ഓഫിസറും ശിപായി പട്ടാളക്കാരനും, എന്ന് വേണ്ട എത് ദിക്കിൽ ചെന്നു നോക്കിയാലും, ഉയർന്ന നിലവരത്തിൽ പലപ്പോഴും വളരെ മൃദുലരായ ഉയർന്ന സ്ഥാനത്തിലുള്ളവരും, അവർക്ക് കീഴെയായി, അവർക്ക് സാമൂഹിക സംരക്ഷണം നൽകാൻ എന്ന വണ്ണം ഉള്ള വളരെ പരുക്കൻ പെരുമാറ്റക്കാർ.

ഈ മുകളിൽ വ്യക്തമായി നാമാവലി ചെയ്ത തൊഴിൽകാരെ ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷത്തിൽ ഉള്ള അതേ തൊഴിലുകാരും ആയി യാതോരു രീതിയിലും സാമ്യപ്പെടുത്താനോ തുലനം ചെയ്യാനോ ആവില്ലതന്നെ. കാരണം, രണ്ട് കൂട്ടരും തികച്ചും വ്യത്യസ്ത സാമൂഹിക ഘടനയിൽ നിലകൊള്ളുന്ന വ്യക്തിത്വങ്ങളാണ്.

ഈ താഴ്ന്ന നിലവാരത്തിലുള്ളവരുടെ പെരുമാറ്റം തന്നെ ഒരു പ്രത്യേക രീതിയിലായിരിക്കും. അവരുടെ യജമാനന്മാരുടെ നിലവാരത്തിലുള്ളവരോട് അവർ വിദേയത്വം പ്രകടിപ്പിക്കും. അല്ലാത്തവരോട്, ഒന്നുകിൽ തരംതാഴ്ത്തി സംസാരിക്കും. അതാവില്ലായെങ്കിൽ ഒരു തരം കുരക്കുന്ന രീതിയിലുള്ള ശബ്ദത്താൽ സംസാരിക്കും.

അവരുടെ ഈ ഒരു അപമര്യാദാ പെരുമാറ്റത്തിൽ, അവരുടെ യജമാനസ്ഥാനത്ത് ഇരിക്കുന്ന ആളുകൾ സാധാരണ ഗതിയിൽ ഇടപെടില്ലതന്നെ. കാരണം, ഈ അപമര്യാദാപരമായ പെരുമാറ്റം അനുവദിക്കുക എന്നുള്ളത് യജമാനസ്ഥാനത്ത് ഉള്ളവർക്ക് വിധേയത്വം നൽകുന്നവരുടെ അവകാശമായി അവർ മനസ്സിലാക്കും. മുകളിലോട്ട് അമിതവിധേയത്വ സ്വഭാവത്തിന്റെ മറുവശം താഴോട്ട് ചവിട്ടുക (Licking upwards and kicking downwards) എന്നുള്ളതാണ്.

സർക്കാർ തൊഴിൽ പ്രസ്ഥാനത്തിന്റെ മുഖഭാവം മലബാറിൽ എതാണ്ട് 1980 ഓടുകൂടി ഇങ്ഗ്ളിഷ് ഭരണ രൂപകൽപ്പനയിൽ നിന്നും പൊളിഞ്ഞ് തുടങ്ങി എന്നാണ് തോന്നുന്നത്. ഇതുമായി ബന്ധപ്പെട്ട് വളരെ അധികം കാര്യങ്ങൾ പറയാനുണ്ട്.

എന്നാൽ ഇവിടെ വെറുതെയൊന്ന് സൂചിപ്പിച്ച് വിടാനുള്ള വസ്തത ഇതാണ്. ഇന്ന് പൊതുജനത്തോട് ഇടപഴകുന്നത് ഓഫിസർമാർ അല്ല. മറിച്ച് ശിപായിമാരും ഗുമസ്തരും ആണ്. ഇവരിൽ ചിലർ പൊതുജനത്തിൽ പെട്ട ചിലരോട് വളരെ വ്യക്തമായിത്തന്നെ കുരക്കുന്ന രീതിയിൽ സംസാരിക്കുന്ന രീതി പ്രകടിപ്പിക്കുന്നുണ്ട്. അതേ സമയം അവരോട് വളരെ വിധേയത്വം പ്രകടിപ്പിക്കുന്നവരോട് കുരക്കില്ല, മറിച്ച് അവരോട് തരംതാഴ്ത്തി സംസാരിക്കും.

ഫ്യൂഡൽ ഭാഷാ കോഡുകൾ ഒരുക്കുന്ന മാനസിക വിഭ്രാന്തികളാണ് ഇത്.

78. ഫ്യൂഡൽ ഭാഷകളുടെ താന്തോന്നിത്തം അനുവദിക്കുന്ന നാട്ടിൽ

ഈ നാട്ടിൽ ഫ്യൂഡൽ ഭാഷകൾക്ക് അവയുടെ താന്തോന്നിത്തം അനുവദിക്കുന്ന കാലത്തോളം, യാതോരുവിധ സാമൂഹിക പുരോഗതിയും സാധ്യമല്ലതന്നെ. നാട്ടിൽ കാറും, മൊബൈൽ ഉപകരണങ്ങളും, കണ്ണാടി മിനുസമുള്ള റോഡുകളും മറ്റും മറ്റും സാങ്കേതിക വിദ്യകൾ കൊണ്ടുവരും എന്നുള്ളത് ശരിതന്നെ. ആളുകളുടെ വസ്ത്രവിധാനത്തിലും മാറ്റങ്ങൾ വന്നേക്കാം.

എന്നാൽ സമൂഹം ജപ്പാനിനെപ്പോലെയും ചൈനയെപ്പോലെ ആയിത്തന്നെ നിലനിൽക്കും. യാതോരു വ്യക്തിത്വവും ഇല്ലാത്ത തരംതാഴ്ന്ന ഒരു വൻ അടിയാള ജനക്കൂട്ടം. അവർക്ക് മീതെ വൻ കുരുട്ട്ബുദ്ധി ശക്തിയും കായിക പ്രതാപവും ഉള്ള ഒരു മേലാള വർഗ്ഗം.

ഈ മേലാള വർഗ്ഗത്തിന് സമൂഹത്തിൽ കാര്യമായിത്തന്നെ അച്ചടക്കവും വിധേയത്വവും അടിച്ചേൽപ്പിക്കാൻ പറ്റിയാൽ, സമൂഹത്തിൽ ശാന്തതയും സമാധാനവും നിലനിൽക്കും.

എന്നാൽ, ഈ അച്ചടക്കവും വിധേയത്വവും അടിച്ചേൽപ്പിക്കാൻ പറ്റാതെവന്നാൽ, സമൂഹത്തിൽ പൊട്ടിത്തെറികളും, കോലാഹലങ്ങളും മറ്റും വന്നുകൊണ്ടേയിരിക്കും.

ഈ രണ്ട് അവസ്ഥയും ഒരു കലർപ്പ് പുരണ്ടിട്ടില്ലാത്ത ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷവുമായി ബന്ധമില്ലതന്നെ.

ഈ ഒരു വിവരം മനസ്സിലാക്കൽ മുകൾത്തട്ടിൽപ്പെട്ടവർക്ക് ഒരു പ്രത്യേകതരം സാമൂഹികാഭിപ്രായം നൽകും. ആരേയും നന്നാക്കാതിരിക്കുന്നതാണ് നല്ലത്. താഴെക്കിടയിൽ ഉള്ളവരെ നന്നാക്കിയാൽ അവർ മുകളിൽ കയറി കടിക്കും.

ഈ അറിവും വളരെ അഗാധമായ ഒരു വിവരമാണ്. കാരണം, ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ താഴെകിടയിലുള്ളവർ പരുക്കൻ പെരുമാറ്റക്കാരാവാൻ സാധ്യത വളരെ കൂടുതലാണ്. ഇങ്ഗ്ളിഷിലുള്ള യാതോരു മര്യാദാ വക്ക് പ്രയോഗങ്ങളും അറിവില്ലാത്ത ഇവരെ പിടിച്ച് ഉയർത്തിയാൽ, ആകെ ലഭിക്കുക സ്വന്തം മനസ്വാസ്ഥ്യം നഷ്ടമാകലാണ് എന്നത് പൊതുവായുള്ള അറിവാണ്.

ഈ നാട്ടിലെ സാമൂഹികാന്തരീക്ഷത്തിലെ അതികഠിനമായ പ്രകോപനാന്തരീക്ഷത്തെ മാച്ചുകളയാൻ ഒരു മാർഗ്ഗമേ ഉള്ളു. അത് ഫ്യൂഡൽ ഭാഷകളെ തുടച്ച് മാറ്റുന്നതിലൂടെയെ സംജാതമാകുള്ളു.

ഈ എഴുത്തുകാരന് ഈ നാട്ടിലെ സാമൂഹികാന്തരീക്ഷത്തെക്കുറിച്ച് വളരെ വ്യക്തമായിത്തന്നെ വളരെ കാര്യങ്ങൾ അറിവുണ്ട്. ഇങ്ങിനെ ഒരു അറിവിന്റെ കലവറ (repository) കൈവശം വന്നത്, അതി ഗംഭീരമായ ഇങ്ഗ്ളിഷ് വായനാ അന്തരീക്ഷത്തിൽനിന്നും, കുടുംബപരമായി ഔദ്യോഗിക ഉന്നമനസ്ഥാനങ്ങളുമായി ചെറുപ്പത്തിൽ ഉള്ള അടുപ്പമുള്ള അന്തരീക്ഷത്തിൽനിന്നും, നേരേ സാമൂഹിക ഗർത്തങ്ങളിലേക്ക് വളരെ നിസ്സാരം എന്നുതോന്നുന്ന ചരടുകൾമാത്രം ബന്ധിപ്പിച്ച് പലവട്ടം എടുത്ത് ചാടിയിതിനാലാണ്.

ഡൈവർമാർ (Divers) വെറും നേരിയ ചരടുകൾ മോട്ടർ തോണി(motorboat)കളോട് ബന്ധിപ്പിച്ച്, ആഗാധ ആഴം ഉള്ള അലയാഴിയിലേക്ക് എടുത്ത് ചാടുന്നതിന് തുല്യമായ ജീവിതാനുഭവം ഈ എഴുത്തുകാരന് ഉണ്ടായിട്ടുണ്ട്.

79. അപ്രവേശ്യ സ്വഭാവമുള്ള സാമൂഹിക തട്ടുകൾ

ഈ ഉപഭൂഖണ്ടത്തിലെ സാമൂഹികാന്തരീക്ഷം ശരിക്കും പറഞ്ഞാൽ, ഒന്നിന് മുകളിൽ ഒന്ന് എന്ന രീതിയിൽ അടുക്കി വച്ചിട്ടുള്ള പല പാളികൾ (layer) ഉള്ളതാണ്. താഴെയുള്ള തട്ടിനെ അതീവ അറപ്പോടും, അലോസരത്തോടും നീരസത്തോടും വീക്ഷിക്കുന്നതാണ് ഓരോ അടുക്കും. മാത്രവുമല്ല, സാമൂഹികാന്തരീക്ഷം ശരിക്കും പറഞ്ഞാൽ, താഴോട്ടേക്ക് അപ്രവേശ്യ (impermeable) സ്വഭാവമുള്ളതാണ്.

ഈ അപ്രവേശ്യ (impermeable) സ്വഭാവത്തെക്കുറിച്ച് ഇങ്ഗ്ളിഷ് കൊളോണിയൽ ഉദ്യോഗസ്ഥനായ William Henry Sleeman (1788-1856) അദ്ദേഹത്തിന്റെ എഴുത്തുകളിൽ സൂചിപ്പിച്ചിരുന്നു എന്ന് തോന്നുന്നു. ഇദ്ദേഹമാണ് ഈ ഉപദ്വീപിൽ ആദ്യമായി തികച്ചും പ്രൊഫഷണൽ ഘടനയിൽ ഒരു പോലീസ് സംവിധാനം നിർമ്മിച്ചത്.


William Henry Sleeman

പിന്നീട് കാലങ്ങളിലും മറ്റ് ചില ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥരും ഇതേ അഭിപ്രായം പ്രകടിപ്പിച്ചിരുന്നു. എന്നാൽ, കാര്യങ്ങളെക്കുറിച്ച് കാര്യമായ വിവരം ഇല്ലാത്ത മറ്റ് ചില ബ്യട്ടിഷുകർ ഇതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും, അങ്ങിനെ ഒരു

അപ്രവേശ്യാവസ്ഥ ഈ ഉപഭൂഖണ്ടത്തിലെ സമൂഹങ്ങളിൽ ഇല്ലാ എന്നു പറഞ്ഞിരുന്നു.

എന്നാൽ വാസ്തവം William Henry Sleeman സൂചിപ്പിച്ചത് തന്നെയാണ്. ഇങ്ങിനെ നോക്കുമ്പോൾ, Edgar Thurston എഴുതിയ Castes and tribes of Southern India എന്ന ഗ്രന്ഥം അതിഗംഭീരം തന്നെയാണ്. ഈ ഉപഭൂഖണ്ടത്തിന്റെ ദക്ഷിണപ്രദേശങ്ങളിലെ നൂറുകൂട്ടം ജാതിക്കാരേയും മറ്റും ഉള്ള ഒരു പഠന റിപ്പോട്ട് (Report).

പ്രതലബലം (Surface tension)ത്തിന്റെ സഹായത്താൽ ചെറുജീവികൾ വെള്ളത്തിന് മുകളിൽ നടക്കുന്നത് പോലെയാണ്, മുകൾത്തട്ടിൽ ഉള്ള ജനക്കൂട്ടങ്ങൾ, അവർക്ക് കീഴെയുള്ള ജനക്കൂട്ടങ്ങളുടെ മീതെ നിലകൊള്ളുന്നത്. സാമൂഹികാന്തസ്സ്, സാമൂഹികാധികാരം, മുകളിലോട്ടുള്ള ബന്ധങ്ങൾ തുടങ്ങിയവയുടെ സഹായത്താൽ ഇവർക്ക് താഴെനിന്നും ലഭിക്കുന്ന പ്രതലബലത്താൽ ഇവർ താഴോട്ട് പോകില്ല.

എന്നാൽ, ഈ വകയിനത്തിൽ ഏതിലെങ്കിലും കാര്യമായ ക്ഷതം സംഭവിച്ചാൽ, പ്രതലബലത്തിൽ ദ്വാരം (മലബാറിയിൽ: ഓട്ട) വീഴും. ആള് താഴോട്ട് നീങ്ങും.

പ്രതലബലത്താൽ മുകളിൽ ഉള്ള അവസ്ഥ വളരെ സുഖകരമാണ്. ഇളം കാറ്റും മന്ദമാരുതനും മറ്റും ഏറ്റും, ഓളങ്ങളുടെ ഇളക്കത്തിൽ ചാഞ്ചാടിയും നിലകൊള്ളാം. എന്നാൽ, പ്രതലബലത്തിൽ ദ്വാരം വീണ് താഴോട്ട് പോയാൽ, കാര്യങ്ങൾ

വ്യത്യസ്തമാണ്. പിടിച്ച് കടിക്കുന്നതും, കീറിമുറിക്കുന്നതും, തൊലിയിൽ മാന്തുന്നതും മറ്റുമായ ക്ഷുദ്രജീവികളാണ് ആഴിപ്പരപ്പിന് കീഴെ ഉള്ളത്.

ഇങ്ങിനെയുള്ള സാമൂഹിക ആഴിപ്പരപ്പിന്റെ കുഴികളിലേക്കാണ് ഈ എഴുത്തുകാരൻ പലപ്പോഴും എടുത്ത് ചാടിയിട്ടുള്ളത്. എന്നാൽ എപ്പോഴും അതി ഗംഭീരമായതും, വിട്ടുവീഴ്ചക്ക് തയ്യാറാകാത്തതുമായ ഇങ്ഗ്ളിഷ് എന്നത് ആവരണമായും കവചമായും, പടച്ചട്ടയായും, ചരിചയായും കൂടെ എപ്പോഴും ഉണ്ടായിരുന്നു. മാത്രവുമല്ല, തരക്കേടില്ലാത്ത ബന്ധങ്ങളും ഒരു നേരിയ ചരട് പോലെ കൈയിൽ എപ്പോഴും ഉണ്ടായിരിക്കും.

ശ്വാസം മുട്ടുന്ന അവസരങ്ങളിൽ തിരിച്ച് മുകൾപ്പരപ്പിലേക്ക് കുതിച്ച് വരുമായിരുന്നു.

ഈ വക എടുത്തുചാട്ടത്തിന് പ്രേരകമായിട്ടുള്ള മനോഭാവവും, ഉത്സാഹവും പ്രചോദനവും മറ്റും എന്തായിരുന്നു എന്ന് ഇവിടെ കുറിച്ചിടാൻ ആവില്ല. കാരണം, അവ വ്യക്തിപരമായി കാര്യങ്ങളിലേക്ക് നീങ്ങും. ഈ എഴുത്തിലെ ഉള്ളടക്കം ഈ എഴുത്തുകാരന്റെ വ്യക്തിപരമായ ജയപരാജങ്ങളെക്കുറിച്ചോ, ഗുണദോഷങ്ങളെക്കുറിച്ചോ, ജീവിതയാത്രയെക്കുറിച്ചോ ഒന്നുംതന്നെയല്ല. മറിച്ച് ബാഹ്യമായ നിരീക്ഷണങ്ങളെക്കുറിച്ചാണ്.

80. വ്യത്യസ്ത സാമൂഹിക അറകളിൽ ജീവിക്കുന്നവരുടെ ഒരു കൂട്ടം

ഇവിടെ പെട്ടെന്ന് എടുത്ത് പറയാൻ ഓർമ്മവരുന്ന കാര്യം, സാമൂഹികമായ ഓരോ തട്ടിലും ജനം പലതരം അറകളിലാണ് ജീവിക്കുന്നത് എന്നതാണ്. ഒരേ മുറിയിലും, ഒരേ സമൂഹത്തിലും ജീവിക്കുന്ന ആളുകൾത്തന്നെ മാനസികമായി പലതട്ടുകളിലും, അതിൽത്തന്നെ പല അറകളിലും ആണ് നിലകൊള്ളുന്നത്. ഇത് ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

അവരുടെ കോലാഹലങ്ങളും, വ്യക്തിപരമായ മത്സരചിന്തകളും മറ്റും പലപ്പോഴും, ഒരേ തട്ടിലും, അതിൽത്തന്നെ ഒരേ അറയിലും ഉള്ളവർ തമ്മിൽത്തമ്മിലാണ്. അന്യോന്യം നന്നാവരുത് എന്ന ഒരു മനോഭാവം വളരെ വ്യക്തമായിത്തന്നെ കണ്ടിട്ടുണ്ട്.

അതേ സമയും വ്യത്യസ്ത തട്ടുകളിൽ ഉള്ളവർ തമ്മിൽ ഏറ്റുമുട്ടുകയോ, അതുമല്ലെങ്കിൽ സമാധാന പരമായി ഇടപഴകുകയോ ചെയ്യുമ്പോൾ, പലപ്പോഴും പലതരം അലോസരങ്ങളായ മാനസികാനുഭവങ്ങൾ ഇതിൽ ഏതെങ്കിലും ഒരു പക്ഷം അനുഭവിക്കും.

ഇതിന്റെ മുഖ്യമായ കാരണം, വാക്ക് കോഡുകളിലെ വ്യത്യസ്ത നിലവാരങ്ങൾ ആണ്. ബഹുമാനിച്ചാൽ, ഒരു പക്ഷം സന്തോഷിക്കും, മറുപക്ഷം അധമപ്പെടും. ബഹുമാനിച്ചില്ലെങ്കിൽ, ആദ്യപക്ഷം വെപ്രാളപ്പെടും, രണ്ടാം പക്ഷത്തിന് ആഗ്രഹപൂർത്തീകരണം (gratification) വന്നത് പോലെയാകും.

ഇനി ചില ചിത്രീകരണത്തിന് ഉതകുന്ന അനുഭവങ്ങളും മറ്റും പറയാം.

ഏതാണ്ട് 1990കൾ മതുൽ ഇന്ത്യയിലും മറ്റ് പല മൂന്നാംലോക രാഷ്ട്രങ്ങളിലും തുടക്കം കുറിച്ച് ഒരു വ്യാപാര-വാണിജ്യ-തൊഴിൽ പരമായ പ്രതിഭാസമാണ് BPO എന്നുള്ളത്. ഈ വക പ്രസ്താനങ്ങളിൽ, ഗുണമേന്മയുള്ളവയിൽ മിക്കവാറും ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷണം പകർപ്പെടുത്ത് വെക്കുകയാണ് ചെയ്തുകാണുന്നത്.

ഇവയിൽ തൊഴിൽ ചെയ്യുന്ന വ്യക്തികൾ ഇങ്ഗ്ളിഷിൽ ആണ് മുഖ്യമായും തമ്മിൽ സംസാരിക്കുക. ഈ തൊഴിൽ സ്ഥലങ്ങളിൽ ഒരു സ്വാഭാവികമായുള്ളതോ, അതുമല്ലെങ്കിൽ കൃത്രിമമായുള്ളതോ ആയ ഒരു ഇങ്ഗ്ളിഷ് ആശയവിനിമയ അന്തരീക്ഷം നിലനിൽക്കും. പലപ്പോഴും, സ്വന്തം വീട്ടിൽപ്പോലും ലഭിക്കാത്ത ആശയവിനിമയ അന്തരീക്ഷവും, മാനസി സ്വാതന്ത്ര്യവും മറ്റും ഈ തൊഴിൽ മേഖലകളിൽ ലഭിക്കും. തമ്മിൽത്തമ്മിൽ, യാതോരു തൊഴിൽസ്ഥാന ഉച്ചനീചത്വങ്ങളുടേയും സ്വാധീനം ഇല്ലാതെതന്നെ വെറും പേരിനാലാണ് അങ്ങോട്ടും ഇങ്ങോട്ടും സംസാരിക്കുകയും കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്യുക.

ഈ അവസാനം പറഞ്ഞകാര്യത്തിൽ ചെറിയ ഒരു പ്രശ്നം ഉണ്ട്. എന്തെന്നാൽ, കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ തൊഴിൽപരമായ മേൽസ്ഥാനത്ത് ഉള്ളവരെ സംബോധന ചെയ്യുമ്പോഴും, പരാമർശിക്കുമ്പോഴും, അവരുടെ പേരിന് മുന്നിൽ Mr. എന്നോ, Mrs.എന്നോ, Miss. എന്നോ ചേർത്തിരിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് പറയാനുള്ളത്, ഈ വക വാക്കുകൾ ഔപചാരിക ബന്ധം കൂടി സൂചിപ്പിക്കുന്ന കാര്യങ്ങളാണ്. എന്നാൽ, ഇന്ന് ഇന്ത്യയിലെ ഏതെങ്കിലും

ഒരു സർക്കാർ ഓഫിസ് തൊഴിലാളിയെ ഈ വക വാക്കുകളാൾ ഒരു സാധാരണക്കാരൻ സംബോധന ചെയ്താൽ ഗംഭീരമായ നിയമ ലംഘന പ്രശ്നമായിത്തന്നെയാണ് സർക്കാർ ഓഫിസ് തൊഴിലാളികൾ കണക്കാക്കുക.

ആ കാര്യത്തിലേക്ക് ഇപ്പോൾ കടക്കുന്നതല്ല.

81. Mr., Mrs., Miss. തുടങ്ങിയ പ്രയോഗങ്ങളുടെ കഥകഴിച്ചവർ

ഈ വിഷയവുമായി ബന്ധപ്പെട്ട് മറ്റൊരുകാര്യം സൂചിപ്പിക്കാം. 1990കൾക്ക് ശേഷം ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലേക്ക് കൂട്ടംകൂട്ടമായി മറ്റ് രാഷ്ട്രങ്ങളിൽനിന്നും കടന്നവരിൽ ഒരു വൻ ശതമാനം പേർക്കും ഇങ്ഗ്ളിഷുമായി വളരെ തുച്ഛമായ ബന്ധം മാത്രം ഉള്ളവരായിരുന്നു. ഇവർക്ക്, Mr., Mrs., Miss. തുടങ്ങിയ വാക്കുകളുടെ ഉപയോഗത്തെക്കുറിച്ചോ അവയുടെ പ്രസക്തിയെക്കുറിച്ചോ യാതോരു വിവരവും ഇല്ലായിരുന്നു.

ഇവരുടെ വരവോടുകൂടി, Mr., Mrs., Miss തുടങ്ങിയ വാക്കുകളുടെ ഉപയോഗം തന്നെ ഇങ്ഗ്ളിഷിൽ തേഞ്ഞ് മാഞ്ഞ് തുടങ്ങി. ഇതിൽ ഇങ്ഗ്ളിഷ് പക്ഷക്കാർക്ക് കാര്യമായ വേവലാതി ഇല്ലായിരുന്നു. കാരണം, ഇങ്ങിനെയൊരു ഉൾപരിവർത്തനം (Mutation) ഇങ്ഗ്ളിഷ് ഭാഷാ കോഡുകളിൽ വന്നത് കൊണ്ട് ഭാഷാ കോഡുകളിൽ പൊതുവായി ഒരു വഴിതെറ്റൽ സംഭവിച്ചതായി അനുഭവിച്ചില്ല. കാരണം, He, His, Him, She, Her, Hers തുടങ്ങിയവാക്കുകളിൽ യാതോരു വ്യതിയാനവും സംഭവിച്ചില്ലതന്നെ.

എന്നാൽ ഇത് വെറും ഒരു നേരിയതും, ഇടുങ്ങിയതും, പരിമിതമായതുമായ ഒരു വിവരം മാത്രമായിരുന്നു. ഇങ്ഗ്ളിഷ് ഭാഷാകോഡുകളിൽ ഗംഭീരമായ ഒരു കോഡ് വ്യതിചലനത്തിന് കാരണക്കാരായ പുറംനാടുകളിൽനിന്നും കയറിവന്ന ഇങ്ഗ്ളിഷ് അറിയാത്തവരുടെ പ്രാദേശിക ഭാഷാകോഡുകളിൽ, വ്യക്തികളെ വെറും പേരിനാൽ സംബോധന ചെയ്യുകയും, പരാമർശിക്കുകയും ചെയ്യുന്നതിൽ വ്യക്തമായ അർത്ഥവും സ്ഥാനീകരണവും ഉണ്ട്. ഈ അപകടാവസ്ഥയെക്കുറിച്ച് ഇന്നും ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ വിവരം എത്തിച്ചേർന്നിട്ടില്ലാ എന്നുള്ളതാണ് വാസ്തവം.

വെറും പേരിനാൽ സംബോധന ചെയ്യപ്പെടുന്നതും, പരാമർശ്ശിക്കപ്പെടുന്നതും ആയ വ്യക്തി ഒന്നുകിൽ എല്ലാരീതിയിലും സമനായിരിക്കേണം, അതുമല്ലെങ്കിൽ താഴ്ന്ന സ്ഥാനത്ത് ഉള്ള ആളായിരിക്കേണം. എന്നുവച്ചാൽ, നീ, അവൻ, അവൾ (ഓൻ, ഓള്) ആയിട്ടുള്ള വ്യക്തിയാണ്. അല്ലാതെ സാർ, താങ്കൾ, നിങ്ങൾ (മലബാറി), അദ്ദേഹം, അവർ, സാർ, മാഡം, ചേട്ടൻ, ചേച്ചി തുടങ്ങിയ സ്ഥാനത്ത് ഉള്ളവരല്ല.

ആളുകളുടെ വ്യക്തിത്വത്തെ ഈ വിധം തരംതാഴ്ത്താത്തൻ ഉതകുന്ന കോഡുകളാണ് പുറംനാട്ടുകർ ഇങ്ഗ്ളിഷിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ളത് എന്ന കാര്യം ഇങ്ഗ്ളിഷ് പ്രാദേശിക ഭാഷക്കാർക്ക് വിവരം ലഭിക്കാൻ യാതോരു പഴുതും കാണുന്നുമില്ല. കാരണം, ഈ വിവരം അവർക്ക് ലഭിക്കണമെങ്കിൽ അവർ ഈ വക ഭാഷകൾ പഠിക്കേണം. ഭാഷ പഠിച്ചാൽ ആളും ചെറുതായി ഈ ഭാഷക്കാരിലേക്ക് രൂപപരിണാമപ്പെട്ട് തുടങ്ങും.

82. തരംതാണവർ വാക്ക് കോഡുകളിൽ തരംതാഴ്ത്തിയാൽ

മനുഷ്യവ്യക്തിത്വത്തിന് ഫ്യൂഡൽ ഭാഷകളിൽ, ഇങ്ഗ്ളിഷിൽനിന്നും വിഭാവനം ചെയ്യാവുന്നതിലും നിന്നും വിചിത്രമായ രൂപവ്യത്യാസം വരുന്നതിനെക്കുറിച്ച് എഴുതാനുള്ള ഭാവന മനസ്സിൽ വിളയാടുന്നുണ്ട്. എന്നിരുന്നാലും, കഴിഞ്ഞ എഴുത്തിന്റെ വക്കിൽ നിന്നും വിട്ടുപോകാൻ ആവില്ലതന്നെ.

ഇതിനാൽതന്നെ ഒരു വ്യക്തിപരമായ ഒരു അനുഭവത്തിലേക്ക് എഴുത്ത് പ്രവേശിപ്പിക്കാം. ഏതാണ്ട് മുപ്പത് വർഷം മുൻപാണ്. നേരത്തെ സൂചിപ്പിച്ച കാര്യമാണ്. ഏതാണ്ട് രണ്ട് മാസക്കാലം ഒരു ഇങ്ഗ്ളിഷ് അന്തരീക്ഷത്തിൽ ഒരു സ്ഥാപനത്തിൽ ട്രെയ്നിയായി ജോലിചെയ്തു. സ്ഥാപനത്തിൽ ഉള്ള അന്തരീക്ഷം ഇങ്ഗ്ളിഷ് ആയിരുന്നത് കൊണ്ട്, സുഖകരമായിരുന്നു.

വാണിജ്യ ഓഫിസുകൾ നിറഞ്ഞിരിക്കുന്ന ഒരു വലിയ കെട്ടിടത്തിലാണ് സ്ഥാപനം.

രാവിലെ ഗെയ്റ്റ് കടന്ന് വരുമ്പോൾ, ബിൽഡിങ്ങ് സെക്യൂറിറ്റിക്കാരെ കടന്ന് വേണം പോകാൻ. അവർക്ക് ഇങ്ഗ്ളിഷ് അറിയില്ല. മറിച്ച് കെട്ടിട ഉടമയോട് തികച്ചും പ്രാകൃതമായ അടിയാളിത്തത്തിൽ നിലകൊള്ളുന്നവരാണ്.

ഇവർ കഴിവതെടുത്തോളം അവരുടെ നിലവാരത്തകർച്ചക്ക് പരിഹാരം കണ്ടെത്തുന്നത്, ഈ വൻ കെട്ടിടത്തിൽ തൊഴിൽ ചെയ്യുന്ന പ്രായം കുറഞ്ഞവരിലാണ്.

ഇവരിൽ ചിലർ, അവരുടെ കണ്ണിൽപ്പെട്ടാൽ, അനാവശ്യമായി ചോദ്യങ്ങൾ ചോദിക്കും. ചോദ്യങ്ങളിൽ പലപ്പോഴും 'നീ' എന്ന അർത്ഥം വരുന്ന വാക്കാണ്, അവരുടെ പ്രാദേശിക ഭാഷയിൽ ഉപയോഗിക്കാറ്.

ഇങ്ങിനെ, തരംതാണവർ തരംതാഴ്ത്തി, വാക്ക് പ്രയോഗിക്കുന്നതിന്റെ മാനസിക വശം നേരത്തെ സൂചിപ്പിച്ചകാര്യമാണ്.

ഇങ്ങിനെ ഒരു സംബോധനാ അനുഭവം ഈ എഴുത്താകാരൻ പുറംലോകത്തിൽ വളരെ അപൂർവ്വമായേ അനുഭവിച്ചിട്ടുള്ളു. അതിന് കാരണം, കാര്യമായി എവിടെയും തൊഴിൽ ചെയ്തില്ലാ എന്നുള്ളതാവാം.

ഈ കെട്ടിടത്തിലെ സെക്യൂറിറ്റിക്കാരോട് വ്യക്തമായി ആരും തന്നെ എങ്ങിനെയാണ് പെരുമാറേണ്ടത് എന്നോ, എന്തെല്ലാം വാക്കുകളാണ് ഉപയോഗിക്കേണ്ടത് എന്ന് അറിയിച്ചില്ലാ എന്നുള്ളതാണ് പാളിച്ച. അവർ അവരുടെ കൈയ്യൂക്കുപോലെ പെരുമാറും. ഇന്ത്യൻ പോലീസുകാരെപ്പോലെയും സർക്കാർ ഓഫിസ് തൊഴിലാളികളേയും പോലെ.

ഇനി മറ്റൊരു കാര്യം ഇവിടെ എടുത്ത് പറയാം.

ഈ സംഭവത്തിന് ഏതാണ്ട് 10, 13 വർഷങ്ങൾക്ക് ശേഷം, മറ്റൊരു മെട്രൊപൊളിറ്റ്യൻ നഗരത്തിളെ ഒരു BPO സ്ഥാപനത്തിൽ ഈ എഴുത്തുകാരൻ ഇരിക്കുകയായിരുന്നു. നല്ലവണ്ണം ഇങ്ഗ്ളിഷ് സംസാരിക്കുന്ന ചെരുപ്പക്കാരികളും ചെറുപ്പക്കാരും. അവർക്ക് സമീപത്തായി വളരെ തുച്ഛമായ ഇങ്ഗ്ളിഷ് അറിയുന്ന സെക്യൂറിറ്റിക്കാർ.

ഈ സ്ഥാപത്തിൽ ഈ എഴുത്തുകാരന്റെ ഒരു പരിചയക്കാരൻ വൈദ്യശാസ്ത്ര പരിചരണം നൽകുന്നുണ്ടായിരുന്നു.

പ്രാദേശിക ഭാഷയിൽ നിന്നും നോക്കിയാൽ, സെക്ക്യൂറിറ്റിക്കാർ ആണ്, ഘനഗാംഭീര്യമുള്ളവരും മുഖഭാവത്തിൽ തികച്ചും കാഠിന്യമുള്ളവരും.

ഇങ്ഗ്ളിഷ് സംസാരിക്കുന്നവർ, വളരെ മൃദുലരും എന്നാൽ തികഞ്ഞ ഉത്സാഹമുള്ളവരും ആയിരുന്നു.

ഇങ്ഗ്ളിഷ് സംസാരിക്കുന്നവർ തമ്മിൽത്തമ്മിൽ പേരാണ് ഉപയോഗിക്കുന്നത്. പ്രായം എന്ന കാര്യം ഒരു ഹേതുപോലുമായിരുന്നില്ല. മറിച്ച്, തികച്ചും സ്വതന്ത്രവും സൌമ്യവുമായ പെരുമാറ്റം.

ഈ പെരുമാറ്റ രീതി, പല വൻ കമ്പനികളുടേയും ഉയർന്ന നിലവാരങ്ങളിൽ ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട് എന്നുള്ളത് വാസ്തവം തന്നെ.

അതെ സമയം സെക്യൂറിറ്റിക്കാർ ഇങ്ഗ്ളിഷ് സംസാരിക്കുന്ന ചെറുപ്പക്കാരെയും ചെറുപ്പക്കാരികളെയും 'സാബ്' എന്നും 'മാഡം' എന്നും പേരിന് പിന്നിൽ ചേർത്താണ് സംബോധന ചെയ്യുന്നതും പരാമർശിക്കുന്നതും.

ഇന്ത്യൻ പട്ടാളത്തിലും, ഈ വാക്ക് പരമായ അകൽച്ചയും മറ്റും ശക്തമായിത്തന്നെ നിലനിൽക്കുന്നുണ്ട്. എന്നാൽ പട്ടാളത്തിൽ, സാധാരണ പട്ടാളക്കാരെയും, അവരുടെ കുടുംബക്കാരെയും ഓഫിസർമാർ ഹിന്ദിയിൽ 'നീ' എന്നും, 'അവൻ'/'അവൾ' എന്നും വരുന്ന വാക്കുകൾ ആണ് ഉപയോഗിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പിന്നീട് പറയാം.

സെക്യൂറിറ്റിക്കാരെ കണ്ടാൽ ഏതാണ്ട് സർക്കാർ ഓഫിസ് തൊഴിലാളികളെ പോലെയിരിക്കും.

അവരുടെ ഇടയിൽ അവരുടേതായ വലുപ്പച്ചെറുപ്പങ്ങൾ, അവരുടെ പ്രാദേശിക ഭാഷാ കോഡുകൾക്ക് അനുസൃതമായി ഉണ്ടായിരുന്നു.

ഇനി പറയാൻ പോകുന്നതാണ് പ്രധാനം.

ഈ രണ്ട് കൂട്ടരും രണ്ട് വ്യത്യസ്ത ലോകത്തിലാണ് നിലകൊള്ളുന്നത്.

ഇങ്ഗ്ളിഷ് സംസാരിക്കുന്നവർ തമ്മിൽ പേരാണ് ഉപയോഗിക്കുന്നത്. ഈ സ്വാതന്ത്ര്യം സെക്യൂറിറ്റിക്കാർക്കും നൽകിയാൽ, കാര്യം ആകെ കുളമാകും.

ഇങ്ഗ്ളിഷ് സംസാരിക്കുന്ന Rameshനേയും Henryയേയും Raniയേയും Ruksanaയേയും, അവരുടെ വെറുംപേരിനാൽ, പ്രാദേശിക ഭാഷ സംസാരിക്കുന്ന സെക്യൂറിറ്റിക്കാർ സംബോധന ചെയ്യുകയും, പരാമർശിക്കുകയും ചെയ്താൽ, കാര്യം ആക അവതാളത്തിലാകും.

ചെറുപ്പക്കാരിയായ റുക്സാനയെ സെക്യൂറിറ്റക്കാരൻ റുക്സാനേ എന്നു വിളിച്ചാൽ, അതിന്റെ അടുത്ത തുടർച്ച, 'നീ എന്നോ 'ഇഞ്ഞി' എന്നോ ആയിത്തീരും. പിന്നെ 'അവളാകും' ('ഓളാകും'), പോരാത്തതിന് വേണമെങ്കിൽ 'എടീ' എന്നുവരെ ആകാം.

BPO പ്രസ്ഥാനവും, ഇന്ത്യയിലെ പല വൻ കമ്പനികളുടെ കോർപ്പറെയ്റ്റ് ഓഫിസുകളും തലകുത്തനെ മറിയും.

സർക്കാർ ഓഫിസ് തൊഴിലാളികൾ ഇന്ന് സാമൂഹിക മുകൾത്തട്ടിൽ എത്തിപ്പിടിച്ചത് മാതിരിയാകും കാര്യങ്ങൾ.

ഫ്യൂഡൽ ഭാഷകളിൽ ഇങ്ങിനെ ഒരു മനുഷ്യ വ്യത്യാസവും, ഭൌതികമായി അടുത്ത് ഇടപഴകുന്നവർക്ക് ഇടയിൽ അദൃശ്യമായ ചില വരമ്പുകൾ ഉണ്ട് എന്നും, അവ ഇല്ലെങ്കിൽ, ഉണ്ടാക്കുന്നതാണ് അഭികാമ്യമെന്നും ഒന്നും തന്നെ ഇങ്ഗ്ളിഷുകാർക്ക് അറിവില്ല.

ഈ സെക്യൂറിറ്റിക്കാർ എന്തെങ്കിലും വിധേനെ ഇങ്ഗ്ളണ്ടിലേക്ക് കടന്നാൽ, അവരും മറ്റുള്ളവരെ പോലെ ആണ് എന്ന് കാണപ്പെടും. എന്നാൽ, ഇക്കൂട്ടർ നേരെയങ്ങ് ചെന്ന് അവിടുള്ളവരെ 'അവനും' 'അവളും', 'നീ'യും 'ഇഞ്ഞിയും' മറ്റും ആക്കും.

ഇത് അവിടുള്ള പ്രാദേശിക ഇങ്ഗ്ളിഷ് ജനതയിൽ, അവർക്ക് തന്നെ മനസ്സിലാക്കാൻ പറ്റാത്ത ഒരു വെപ്രാളം മനസ്സിൽ ജനിപ്പിക്കും. അവരുടെ ഇങ്ങിനെയുള്ള സ്വാസ്ഥ്യക്കുറവിന് പൊതുവായി പറയുന്ന പേരാണ് വർണ്ണവിവേചനം.

വർണ്ണവിവേചനത്തിന് ഇങ്ങിനെയൊരു ഭാഷാ കോഡ് പ്രശ്നം ഉണ്ട് എന്ന് അക്കൂട്ടർ സ്വപ്നത്തിൽപ്പോലും കരുതുന്നില്ലതന്നെ.

83. വ്യക്തിത്വം നിലനിർത്തിക്കൊണ്ട് പ്രതികരിക്കാൻ യാതോരു പഴുതും ഇല്ലാതാക്കുന്ന അവസ്ഥ

കഴിഞ്ഞ എഴുത്തിൽ സൂചിപ്പിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട രണ്ട് മൂന്ന് ഉദാഹരണമായുതകുന്നതും (illustrative) കൂടുതൽ ഉൾക്കാഴ്ചനൽകുന്നതുമായ (insightful) സംഭവങ്ങൾ വിവരിക്കാം.

ആദ്യത്തേത് വളരെ നിസ്സാരം എന്നുതോന്നുന്ന ഒരു സംഭവ ദൃശ്യമാണ്. ഏതാണ്ട് 1990ൽ, തമിഴ് നാട്ടിലെ ഒരു വൻ വ്യവസായശാലയിൽ, അവിടുള്ള ലെയ്ബർ ഓഫിസറെ ഒരു വ്യാപാര വിഷയവുമായി ബന്ധപ്പെട്ട് സന്ദർശിക്കാനായി ഈ എഴുത്തുകാരൻ പോയിരുന്നു.

ആ ആളെ കണ്ട് കഴിഞ്ഞ്, തിരിച്ചുവരുന്ന അവസരത്തിൽ ഗെയ്റ്റ് പാസ് തിരിച്ച് നൽകാനും, കമ്പനി വിട്ടുപോകുന്ന സമയം രേഖപ്പെടുത്താനും ആയി ഗെയ്റ്റ് സെക്യൂറിറ്റി മുറിയിൽ (Security roomൽ) കയറി.

സെക്യൂറിറ്റി മുറിയിൽ മുപ്പത് വയസ്സോളം തോന്നിക്കുന്ന ഒരു സെക്യൂറിറ്റിക്കാരനെ ഉണ്ടായിരുന്നുള്ളു.

ആ അവസരത്തിൽ ഏതാണ്ട് 20 വയസ്സ് തോന്നിക്കുന്ന, ആ കമ്പനിയിലെ തൊഴിലാളിയായ, വനിത, സെക്യൂറിറ്റി മുറിക്ക് അടുത്ത് വന്ന് കമ്പനിയിൽ കയറിവന്ന സമയ വിവരം രേഖപ്പെടുത്തി കമ്പനിയിലേക്ക് പോകുകായിരുന്നു.

ആ അവസരത്തിൽ സെക്യൂറിറ്റിക്കാരൻ ആ വനിതയോട്, നീ, എടീ, എന്നാടി തുടങ്ങിയ വാക്ക് പ്രയോഗങ്ങൾ ഉപയോഗിച്ച് കൊണ്ടും, ചെറുതായുള്ള ലൈംഗിക സൂചനകൾ ഉള്ള തരംതാഴ്ത്തുന്ന വാചകങ്ങൾ ആ വനിതയോട് ഉപയോഗിച്ചു.

സാധാരണ ഗതിയിൽ ഈ സെക്യൂറിറ്റിക്കാരൻ ബഹുമാനിക്കേണ്ടുന്ന ഒരു വനിതയോട് ഈ വക സൂചനകളോടൊപ്പം ഈ വക വാക്ക് പ്രയോഗങ്ങൾ ഉപയോഗിച്ചാൽ, ജോലി വരെ പോകൻ സാധ്യതയുള്ള വാക്കുകളാണ് ഉപയോഗിക്കപ്പെട്ടത്.

എന്നാൽ, തൊഴിലാളി വനിത, ഈ ആളെ 'അണ്ണാ' എന്നാണ് തിരിച്ച് സംബോധന ചെയ്തത്. ഈ ബഹുമാനിക്കൽ സ്ഥനത്ത് ഉള്ള ആളോട് ആ വനിതയ്ക്ക് മറുത്തൊന്നും പ്രതികരിക്കാനാവില്ലതന്നെ.

ആ വനിതയ്ക്ക് വ്യക്തിത്വം നിലനിർത്തിക്കൊണ്ട് പ്രതികരിക്കാൻ യാതോരു പഴുതും 'നീ', എന്ന ഒരു വാക്ക് പ്രയോഗം ഇല്ലാതാക്കുന്നുണ്ട്.

അതല്ലാ, പ്രതികരിക്കണം എന്നുണ്ടെങ്കിൽ, ബഹുമാന സ്ഥാനങ്ങളെല്ലാം കാറ്റിൽപ്പറത്തി, ആ വനിത, സെക്യൂറിറ്റിക്കാരനോട് തിരിച്ച് നീ എന്ന് ഉപയോഗിക്കണം. തനിതെമ്മാടിത്തവും അധികപ്രസംഗവും ആവുന്ന ഏർപ്പാടാണ് ഇത്.

ഇങ്ങിനെ പ്രതികരിക്കുന്ന വനിത, യതോരു മര്യാദയും ഇല്ലാത്ത ആളും, പരുക്കൻ പെരുമാറ്റക്കാരിയും ആയി മാറും.

ഈ സംഭവ ദൃശ്യത്തെ ചില കോർപ്പറെയ്റ്റ് കമ്പനികളുടെ ഉന്നത ഓഫിസുകളിലും, നേരത്തെ സൂചിപ്പിച്ച BPO ഓഫിസിൽ കണ്ടതുമായ തൊഴിൽകാരുടെ പെരുമാറ്റങ്ങളുമായി ബന്ധപ്പെടുത്തി, ഈ എഴുത്തുകാരൻ സാമ്യപ്പെടുത്തിനോക്കുകയാണ്.

ഫ്യൂഡൽ ഭാഷകൾ ഉപയോഗിക്കുന്ന സെക്യൂറിറ്റിക്കാരുടെ ഭാഷാ നൈപുണ്യം മറ്റ് തൊഴിൽകാരുടെ മേൽ ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും അനുവദിക്കുന്നതിലെ വ്യത്യാസം.

ഈ സ്വാതന്ത്ര്യം ഉപയോഗിക്കാൻ അനുവദിക്കാത്ത, ഇങ്ഗ്ളിഷ് സംസാരിക്കുന്ന തൊഴിൽകാരുടെ മേൽ സെക്യൂറിറ്റിക്കാർക്ക് കാര്യമായി മേൽക്കോയ്മയില്ലതന്നെ.

അതേ സമയം ഈ സ്വാതന്ത്ര്യം ഉപയോഗിക്കാൻ അവരെ കെട്ടൂരിവിട്ടാൽ, അവർ മേൽക്കോയ്മയിൽ എത്തിച്ചേരുകയും, അവരുടെ കീഴിൽ വാക്ക്-കോഡുകളിൽ അകപ്പെട്ടുപോകുന്നവരെ അവർ തേജോവധം ചെയ്യുകയും ചെയ്യും.

ഈ സെക്യൂറിറ്റിക്കാരുടെ ഫ്യൂഡൽ ഭാഷാ മേൽക്കോയ്മ യഥാർത്ഥത്തിൽ, ഈ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷ് ഭരണം പടരാതിരുന്ന ഇടത്തെല്ലാം, ഇവിടുണ്ടായിരുന്ന ജന്മികുടുംബക്കാരും, കുട്ടിരാജാക്കന്മാരും, തമ്പുരാക്കളും, ഭൂജന്മികളും ഉപയോഗിച്ച ഭാഷയും വാക്കുകളും തന്നെയാണ്.

അടിയാളിയായി വന്നുപെടുന്ന വനിതകളോട് ഈ വിധം തന്നെയാണ് ഈ കൂട്ടർ പെരുമാറിയത്. മലബാറിയിൽ ഇവരോട് സംസാരിക്കുന്നത് തന്നെ 'എന്താളെ', 'ഇന്റെ' തുടങ്ങിയ വാക്കുകൾ ഉപയോഗിച്ച്, തരംതാഴ്ത്തുന്ന ചോദ്യങ്ങൾക്ക് മറുപടി പറയിക്കും.

വ്യക്തിത്വത്തിന്റെ അഗാധതയിൽ തുളച്ച് കയറി മുറിവേൽപ്പിക്കുകയും, വ്രണം വരുത്തുകയും, മനസ്സിന്റെയും ശരീരത്തിന്റെയൂം ഉള്ളറകളിൽ ഉൾപരിവർത്തനം ചെയ്യാനും മാത്രം കെൽപ്പുള്ള ഈ വിധ ചോദ്യശരങ്ങളുടെ മുൾമുനയെ തടുത്തുനിർത്താൻ ഒരുപാധിയേയുള്ളു. ആ ഭാഷ അറിയാതിരിക്കുക.

കമ്പ്യൂട്ടറിൽ വൈറസ്സിന് കടക്കാനുള്ള ഉപാധി നൽക്കാതിരിക്കുന്നത് പോലെയാണ് ഈ വിധ സാത്താനിക ഭാഷകൾ അറിയാതിരിക്കുന്നത്.

ഇനി, രണ്ട് ഉദാഹരണമായുതകുന്നതും (illustrative) കൂടുതൽ ഉൾക്കാഴ്ചനൽകുന്നതുമായ (insightful) സംഭവങ്ങൾ കൂടി നൽകാം. അവ കുറച്ച് കൂടി അഗാധതയിലേക്ക് ചിന്തയെ നയിക്കുന്നവയായിരിക്കാം.

84. ഓഫിസർ സ്ഥാനത്ത് ഇങ്ഗ്ളിഷ് അറിവിൽ ഗുണമേന്മയില്ലാത്തവർ വന്നുകയറിയാൽ

മുകളിൽ സൂചിപ്പിച്ച BPO കമ്പനിയുടെ Front officeൽ ഈ എഴുത്തുകാരൻ ഇരിക്കുന്ന അവസരത്തിൽ സംഭവിച്ച ഒരു നിസ്സാര സംഭവമാണ് ഇവിടെ പറയാൻ പോകുന്നത്.

വർഷം ഏതാണ്ട് 2000ന് തൊട്ട് മുൻപുള്ള കാലം.

നിത്യേനെ അവിടെ തൊഴിലുകാരെ നിയമിക്കുന്നുണ്ട്. അതിന് കാര്യമായ അപേക്ഷയും മറ്റ് നടപടികളും മറ്റും വേണ്ട. ഇങ്ഗ്ളിഷ് നല്ലരീതിയിൽ സംസാരിക്കാൻ കെൽപ്പുള്ള ആളുകൾക്ക് നേരെവന്ന്, ഫ്രൺട് ഓഫിസ് (Front office) കൌണ്ടറിൽ ഉള്ള ഉദ്യോഗസ്ഥനോട് / ഉദ്യോഗസ്ഥയോട് ആവശ്യം പറഞ്ഞാൽ മതി.

വിദ്യാഭ്യാസ യോഗ്യതകൾക്ക് യാതോരു പ്രസക്തിയും ഇല്ലതന്നെ ഇവിടെ.

ഇങ്ങിനെ പലരും വരുന്നുണ്ട്. ഇങ്ങിനെ വരുന്നവരിൽ മിക്കവരും, കൌണ്ടറിൽ ഇരിക്കുന്നവരും ഏതാണ്ട് ഒരേ സാംസ്ക്കാരിക നിലവരത്തിൽ ഉള്ളവരാണ്. പ്രഥമദൃഷ്ട്യാ തന്നെ നല്ല ഇങ്ഗ്ളിഷ് അറിയുന്നവരാണ്.

അവർ തമ്മിലുള്ള സംഭാഷണം ഏതാണ്ട് ഈ വിധത്തിലാണ്:

Hi, How are you? I am Remya. May I help you?

പ്രതികരണം, Hi Remya, I am Sachin.

പ്രതികരണം, Hi Sachin. How can I help you?

ചില അവസരത്തിൽ മാത്രം, Mr., Mrs. Maa'm തുടങ്ങിയ വാക്കുകൾ ഉപയോഗിക്കപ്പെട്ടു കണ്ടു.

ഇന്ത്യയിൽ ഫ്യൂഡൽ ഭാഷാ ലോകത്തിൽ യാതോരു രീതിയിലും പ്രകടിപ്പിക്കാൻ ആവാത്ത ഒരു ആശയവിനിമയ ശൈലിയാണ് ഈ എഴുത്തുകാരന്റെ മുന്നിൽ നടമാടിയത്.

ഇങ്ങിനെ കാര്യങ്ങൾ വളരെ ലളിതമായി നടന്നുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന് എന്തോ അത്യാവശ്യത്തിനായി കൌണ്ടറിൽ നിൽക്കുന്ന വനിത Back office (പിന്നണിയിലുള്ള ഓഫിസ് മുറിയിലേക്ക്) പോയി.

കുറച്ച് നേരത്തേക്ക് റിസപ്ഷൻ കൌണ്ടറിൽ ആളില്ല.

നിമിഷങ്ങൾക്കുള്ളിൽ കൌണ്ടറിന് മുന്നിൽ ഏതാണ്ട് ഏഴ്-എട്ട് പേർ നിൽക്കുന്നു. ഇത് ആ ലളിതമായ പരിസരത്തിൽ വളരെ വലിയ ഒരു ആൾക്കൂട്ടം തന്നെയായിരുന്നു.

ഉടനെ ഒരു ഓഫിസർ വന്ന് അവിടെ നിൽക്കുന്ന സെക്യൂറിറ്റിക്കാരിയായ മദ്ധ്യ വയസ്ക്കയോട് കൌണ്ടറിൽ കയറി കാര്യങ്ങൾ അൽപ നേരത്തേക്ക് നിയന്ത്രിക്കാൻ ആവശ്യപ്പെട്ടു.

സെക്യൂറിറ്റിക്കാരിയായ വനിത കൌണ്ടറിൽ കയറിയ നിമിഷം, അവിടെയുള്ള അന്തരീക്ഷം മുഴുവനും മാറി, മറിഞ്ഞു.

ആ വനിതയുടെ മുഖ ഭാവം ലളിതമായ ഇങ്ഗ്ളിഷ് മുഖ ഭാവം ആയിരുന്നില്ല. മറിച്ച്, ഫ്യൂഡൽ ഭാഷകളുടെ കാഠിന്യം ഉള്ളതായിരുന്നു.

ആഗതരുടേയും മുഖഭാവവും, പെരുമാറ്റ രീതികളും പൊടുന്നനെ മാറി മറിഞ്ഞു. പലരും കുനിഞ്ഞ്, Madam എന്ന വാക്ക് ഉപയോഗിച്ച് അഭിസംബോധന ചെയ്ത് തുടങ്ങി. അതേ സമയം, ആ വനിതയും ഒരു തരം മാഷ്/ ടീച്ചർ /മെയ്ട്രൻ സ്റ്റൈൽ മുഖ ഭാവത്തിൽ അവലംബിച്ച് കൊണ്ട്, ആഗതർ കൊണ്ടുവരുന്ന കടലാസുകൾ 'പഠിച്ച്' തുടങ്ങി.

ആ വനിതയ്ക്ക് എന്താണ് ഈ വക പഠനങ്ങളിൽ നിന്നും കിട്ടുക എന്നത് ഒരു ചോദ്യമായി അവശേഷിക്കാം. ഈ പഠനത്തിന്റെ ഘനഗാംഭീര്യത്തിന് മുന്നിൽ ആഗതർ ഒരു തരംതാണ ഭാവം വിടർത്തിനിന്നു. കാരണം, അവരുടെ ഭാവത്തിൽ ഒരു ബഹുമാന കുറവ് ആ പഠിക്കുന്ന വനിത കണ്ടാലോ എന്ന് ഭയന്ന്.

എന്നാൽ, ഏതാനും നിമിഷങ്ങൾക്കുള്ളിൽ, കൌണ്ടർ നിയന്ത്രിച്ചുകൊണ്ടിരുന്ന പഴയ വനിത തിരിച്ച് വന്നു. കൌണ്ടറിൽ വീണ്ടും ലളിതമായ പെരുമാറ്റങ്ങളും മന്ദഹാസങ്ങളും മറ്റും പടർന്നുപിടിച്ചു.

സെക്യൂറിറ്റിക്കാരിയായ വനിത കൌണ്ടർ നിയന്ത്രിച്ച അന്തരീക്ഷമാണ് ഇന്ന് ഇന്ത്യയിലെ ഒട്ട്മിക്ക സർക്കാർ ഓഫിസുകളിലും നടമാടുന്നത്. ചില സർക്കാർ ഓഫിസ് തൊഴിലാളികൾ സൌമ്യമായി പെരുമാറും. അത് അവരുടെ വ്യക്തിപരമായ സൌമനസ്യമാണ്. എന്നാൽ, സർക്കാർ ഓഫിസുകളിൽ പൊതുവായുള്ള അന്തരീക്ഷം, സെക്യൂറിറ്റിക്കാരിയായ വനിത കൌണ്ടറിൽ കയറി കാര്യങ്ങൾ ഏറ്റെടുത്തത് പോലെ തന്നെയാണ്.

സർക്കാർ ഓഫിസുകളിൽ നിർബന്ധമായും ആവശ്യം ലളിതമായ പെരുമാറ്റച്ചട്ടങ്ങളാണ്.

എന്നാൽ, ഒരു പക്ഷം മാത്രം ലളിതമായത് കൊണ്ട് കാര്യമില്ല. രണ്ട് പക്ഷവും ലളിതമാവേണം. അതിന്, ഏറ്റവും ആദ്യം ആവശ്യമായിട്ടുള്ളത്, രണ്ടുപക്ഷത്തിനും നല്ലനിലവാരമുള്ള ഇങ്ഗ്ളിഷ് ആണ്.

ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ കൂടി മനസ്സിൽ ഉദിക്കുന്നുണ്ട്. അത് ഓർമ്മ വരികയാണെങ്കിൽ പിന്നീട് പറയാം.

85. ഫ്യൂഡൽ ഭാഷകളിലെ സാമൂഹിക വരമ്പുകൾ മറന്ന് പെരുമാറിയാൽ

കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ച് വിവരിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് അതിന്‍റെ മറ്റൊരു വശം തെളിച്ച് കാണിക്കുന്ന ഒരു സംഭവ വികാസം ഇവിടെ രേഖപ്പെടുത്താം.

ഈ എഴുത്തുകാരന് പരിചയമുള്ള ഒരു വ്യക്തി ഇന്ത്യയുടെ പടിഞ്ഞാറുള്ള ഒരു മെട്രോപൊളിറ്റൻ നഗരത്തിൽ ഏതാണ്ട് രണ്ട് പതിറ്റാണ്ട് കാലത്തോളം ഒരു വൻകിട കോർപ്പറെയ്റ്റ് വ്യാപാര സംഘടനയുടെ സീഈഓ (CEO) ആയി തൊഴിൽ ചെയ്യുന്നു. ഈ ആളിൽനിന്നും കേട്ട ഒരു സംഭവമാണ് ഇവിടെ വിവരിക്കാൻ പോകുന്നത്.

ഓഫിസ് അന്തരീക്ഷം Pristine-English അല്ല, മറിച്ച് പൂർണ്ണമായും അഭിനവ ഇങ്ഗ്ളിഷ്. എന്നുവച്ചാൽ Mr., Mrs. എന്നിവ പോലും ഇല്ലാതെ ഓഫിസ് സ്റ്റാഫുകൾ തമ്മിൽതമ്മിൽ വെറു പേരിനാൽ സംബോധന ചെയ്ത് ആശയവിനിമയം നടത്തുന്നു.

എന്നാൽ ഇതേ ഓഫിസിൽ എറ്റന്‍ഡർമാർ (attenders) ഉണ്ട്. അവർ പ്രാദേശിക ഭാഷ സംസാരിക്കുന്നവരാണ്.

ഇവർ മറ്റൊരു ലോകത്തിൽപെട്ടവരാണ്. ഇവർ ഓഫിസിലെ ജീവനക്കാരോടും, അവരെക്കുറിച്ചും പ്രാദേശിക ഭാഷയിൽ സാബ്, മേംസാബ്, മേഡം / മാഡം, ആപ്പ് തുടങ്ങിയ വാക്കുകൾ ഉപയോഗിക്കേണ്ടവരാണ്.

മിക്കവരും ചെറുപ്പക്കാരാണ്.

ഓഫിസ് ജീവനക്കാരെ ഇക്കൂട്ടർ വെറും പേരിനാൽ പരാമർശിച്ചാൽ, ഓഫിസിലെ ലളിതമായ അന്തരീക്ഷം അലങ്കോലപ്പെടും.

ഈ ഒരു വരമ്പ് നിലനിർത്തിയാലെ, സരളമായ ഇങ്ഗ്ളിഷ് അന്തരീക്ഷം നിലനിർത്താൻ ആവുള്ളു.

അതിനാൽത്തന്നെ ഈ കൂട്ടരെ ഒരു പരിധിക്ക് അപ്പുറം അടുത്ത് പെരുമാറാൻ അനുവദിക്കില്ല.

അങ്ങിനെ ഇരിക്കെയാണ്, ഓഫിസിലെ അനവധി കമ്പ്യൂട്ടറുകളുടെ മേൽനോട്ടം വഹിക്കാനായി ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു കമ്പ്യൂട്ടർ എഞ്ചിനിയറെ നിയമിച്ചത്. ആള് വളരെ പ്രാപ്തനാണ്. കമ്പ്യൂട്ടറുകൾ നല്ലനിലയിൽ ഈ ആൾ നിലനിർത്തുന്നുണ്ട്.

എന്നാൽ, കമ്പനി സീഈഓ ആഴ്ച അന്ത്യത്തിൽ ഈ എഴുത്തുകാരനോട് ഫോണിൽ സംസാരിക്കുമ്പോൾ, ഇങ്ങിനെ ഒരു വിഷയം പറഞ്ഞു:

കാര്യം ഇത്രയേ ഉള്ളു. ആ എഞ്ചിനിയറെ പിരിച്ചുവിടാനുള്ള ഓഡർ എഴുതിക്കൊടുത്തിട്ടാണ് വരുന്നത്. തിങ്കളാഴ്ച ആ ആൾ ഓഫിസിൽ വരുമ്പോൾ, റിസപ്ഷനിൽവച്ച് ആ ആൾക്ക് ഈ ഓഡർ നൽകും.

എന്താണ് കാര്യം? ആള് എല്ലാരീതിയിലും കഴിവുള്ള ആൾ. എന്നാൽ ഒരു ഗുരുതരമായ സ്വഭാവദോഷം.

വൈകുന്നേരം, ഓഫിസ് സമയത്തിന് ശേഷം, ഈ ആൾ ഓഫിസ് എറ്റന്ററർമാരോടൊത്ത് കളിതമാശകൾ പറഞ്ഞിരിക്കും, പ്രാദേശിക ഭാഷയിൽ. മോശമായ കാര്യങ്ങൾ ആയിരിക്കേണമെന്നില്ല., ഈ കൂട്ടർ പറയുന്ന കാര്യങ്ങൾ. ഇത്രമാത്രമാണ് കാര്യം.

ഈ കാര്യത്തിന്റെ ഭാഷാ കോഡ് പ്രകാരമുള്ള വിശദീകരണമാണ് ഇവിടെ നൽകുന്നത്.

രണ്ട് വ്യത്യസ്ത തരം വ്യക്തി ബന്ധകോഡുകൾ ഉള്ള ജനക്കൂട്ടങ്ങൾക്കിടയിൽ വച്ചിരിക്കുന്ന വരമ്പിൽ ഒരു ദ്വാരം പണിയുകയാണ് ഈ എഞ്ചിനിയർ ചെയ്യുന്നത്. അത്, താഴെപ്പെട്ടിരിക്കുന്നവരെ മുകളിൽപ്പെട്ടിരിക്കുന്നവരുടെ ഇടയിലേക്ക് കടത്തിവിടുന്ന ഏർപ്പാടായി പരിണമിക്കും.

താഴെപെട്ടവർക്ക് മുകളിൽപ്പെട്ടവരെ വെറും പേരിനാലും, അവൻ, അവൾ (ഉസ്സ്) എന്ന നിലവാരത്തിലേക്ക് സാവധാനം എത്തിക്കുന്ന ഏർപ്പാടാണ് ഇത്. ഫ്യൂഡൽ ഭാഷാകോഡുകളെ കടിഞ്ഞാണില്ലാതെ കയറൂരിവിട്ടാൽ, ആ ഭാഷകളിലെ കടിക്കുന്ന പല്ലുകൾ പുറത്ത് വരും.

ഫ്യൂഡൽ ഭാഷകളെക്കുറിച്ച് അറിയുന്ന ആരും ഇതിനുള്ള അവസരം നൽകില്ലതന്നെ.

കാര്യവിവരം ഇല്ലാത്ത ഇങ്ഗ്ലിഷുകാർമാത്രമാണ് ഇങ്ങിനെയുള്ള പലതും അനുവദിക്കുന്നത്.

ഈ മുകളിൽ രേഖപ്പെടുത്തിയ സംഭവ വിവരവും, അതിന്റെ ഭാഷാ കോഡ് പ്രകാരമുള്ള പശ്ചാത്തലും മനസ്സിലാക്കിയതിന് ശേഷമേ, ഈ ദക്ഷിണേഷ്യൻ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷ് ഭരണം ചെയ്ത തെമ്മാടിത്തത്തെക്കുറിച്ച് ശരിക്കും മനസ്സിലാക്കാൻ ശ്രമിക്കാവൂ.

നൂറ്റാണ്ടുകളായി തരംതാഴ്ത്തി വച്ചിരുന്ന ജനക്കൂട്ടങ്ങൾ സാമൂഹികമായി വളരാനുള്ള പഴുതുൾ ഇങ്ഗളിഷ് ഭാഷാ പ്രചരണത്തിലൂടെ അവർ നൽകിയെന്നുള്ളത് ഒരിക്കലും പൊറുക്കാൻ പറ്റാത്ത ചെയ്തിയായേ കാണാൻ പറ്റുള്ളു. ഈ വളർച്ച ലഭിക്കാതെ പോയ താഴ്ന്ന ജനക്കൂട്ടങ്ങൾക്കും, വെപ്രാളപ്പെട്ട ഉയർന്ന ജനക്കൂട്ടങ്ങൾക്കും, ഇത് ഒരു വേദനാ ജനകമായ സാമൂഹിക സംഭവവികാസമായിരുന്നു.

ഈ തെമ്മടിത്തത്തെ തുരത്താനാണ് പല ഗംഭീര രാജ്യസ്നേഹികൾ, അവരുടെ ഇങ്ഗ്ളണ്ടിലെ സുഖവാസത്തിന് ശേഷം, തിരിച്ചുവന്ന് ശ്രമിച്ചത് എന്ന് വേണമെങ്കിൽ പറയാം. എന്നാൽ അതും വാസ്തവമല്ലതന്നെ.

86. അസാമാന്യമായ മാനസിക തയ്യാറെടുപ്പ് വേണ്ടുന്ന ഒരു ജീവിത ശൈലി

യാതോരു മേൽവിലാസവും ഇല്ലാതെ, വ്യക്തിപരമായ വിലയ ബന്ധങ്ങൾ വ്യക്തമാക്കാതെ, സ്ഥാനമാനങ്ങൾ സൂചിപ്പിക്കാതെ, വലിയ കുടുംബ ബന്ധങ്ങൾ മറ്റുള്ളവർക്ക് അറിവ് നൽകാതെ ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ ഇറങ്ങിനടക്കുകയും, ജീവിക്കുകയും മറ്റും, ഇങ്ഗ്ളിഷിൽ നിന്നും നോക്കിയാൽ, വളരെ വ്യത്യസ്തമായ ഒരു അനുഭവമാണ്. അസാമാന്യമായ മാനസിക തയ്യാറെടുപ്പുണ്ടെങ്കിലെ, ഇതിന് മുതിരാവൂ.

ഇങ്ങിനെ ജീവിക്കുന്ന ആളോട് നിത്യേനെ സംസാരിക്കാനോ, ഈ ആളെക്കുറിച്ച് പരാമർശിക്കാനോ, പലപല മാനസിക വിഷമങ്ങൾ മറ്റുള്ളവർക്ക് വന്നുപെടും. ഈ ഒരു പ്രശ്നം ഇങ്ഗ്ളിഷിൽ ഇല്ലതന്നെ. ആൾ ആരായാലും, You, Your, Your, He, His, Him, She, Her, Hers, They, Their, Them തുടങ്ങിയ വാക്കുകളിൽ യാതോരുമാറ്റവും സംഭവിക്കില്ല.

എന്നാൽ ഫ്യൂഡൽ ഭാഷകളിൽ, വ്യക്തിബന്ധങ്ങളെക്കുറിച്ച് മുകളിൽ പ്രസ്താവിച്ച ഒരോ ഹേതുവിനെക്കുറിച്ചും ലഭിക്കുന്ന സൂചനയെ അടിസ്ഥാനപ്പെടുത്തി, മുകളിൽ നിൽകിയിട്ടുള്ള ഇങ്ഗ്ളിഷ് പദങ്ങളുടെ ഫ്യൂഡൽ ഭാഷാ വാക്കുകളിൽ ശക്തമായ ചലനങ്ങളും ചാഞ്ചാട്ടവും കുത്തിമറിയലും വന്നുപെടും.

ഈ എഴുത്തുകാരൻ പുറംലോകത്ത് ഏതാണ്ട് 15 വർഷക്കാലത്തോളും മുകളിൽ പ്രസ്താവിച്ച രീതിയിൽ ജീവിച്ചിട്ടുണ്ട്. സാമൂഹികമായ താഴെത്തട്ടുകളുമായും ഉയർന്ന നിലവാരങ്ങളുമായി വ്യക്തിപരമായിത്തന്നെ നേരിട്ട് ഇടപെട്ടിട്ടുണ്ട്.

സാമൂഹിക അടിത്തട്ടിലുള്ളവർ നല്ലവരാണ്. മുകൾത്തട്ടിൽ ഉള്ളവർ ദുഷ്ടരാണ്. എന്നെല്ലാമുള്ള യാതോരു സൂചനയും ലഭിച്ചുകണ്ടില്ല. എല്ലാവരിലും, മുകളിൽപെട്ടവരിലും, താഴെപ്പെട്ടവരിലും, കണ്ടത്, മുകളിൽ നിന്നും അമർത്തുന്നവരോട് ബഹുമാനവും, എല്ലാവരും മനുഷ്യരാണ്, നമ്മൾ സമന്മാരാണ് എന്നെല്ലാമുള്ള സൂചന നൽകുന്നവരോട് ബുഹുമാനക്കുറവും ആണ്.

ആപത്ത് , തടസം , പൊളിച്ചിൽ , അവഹേളനം , പാളിച്ചകൾ തുടങ്ങിയ വേദനാജനകങ്ങളായ സംഭവങ്ങൾ, തമ്മിൽ സാമൂഹികമായി ബന്ധപ്പെടുന്ന മറ്റൊരാൾക്ക് സംഭവിക്കുന്നത് പലപ്പോഴും ശരിക്കും ആനന്ദജനകമായ ഒരു സംഭവമായാണ് കൊണ്ടാടപ്പെടുക. ഫ്യൂഡൽ ഭാഷാ കോഡുകളിൽ, തന്നോട് ഭാഷാ കോഡുകളിൽ മത്സരിക്കുന്ന ഒരു എതിരാളി മത്സര രംഗത്ത് നിലംപതിച്ചതായുള്ള സന്തോഷം ആണ് ഉളവാകുന്നത്.

'അവന്', 'അവൾക്ക്' ഇത് സംഭവിച്ചു. 'അവന്റെ', 'അവളുടെ' കൈയിലിരിപ്പ് ഒന്ന് ഒതുങ്ങും. പലരും വ്യക്തമായ മന്ദഹാസത്തോടുകൂടിത്തന്നെ ഇത് പറയുകയോ സൂചിപ്പിക്കുകയോ ചെയ്യും.

തങ്ങളെ താഴെനിലവാരത്തിൽ വാക്ക് കോഡുകളിൽ സൂചിപ്പിക്കുന്ന മഹാത്മാക്കൾക്കും, വലിയവർക്കും, മറ്റും ഈ വക വിഷമങ്ങൾ വന്നാൽ മനപ്രയാസം അനുഭവപ്പെടും.

സത്യാഗ്രഹവും മറ്റ് ആത്മീയ ആയുധ പോരാട്ടങ്ങളും മറ്റും മഹാത്മാക്കൾ നടത്തിയാൽ, ജനം നിലവിളിക്കും. വിലയില്ലാത്തവർ നടത്തിയാൽ, പട്ടിണികിടന്ന് മരിക്കുകയാവും ഫലം.

ഈ വിധം, സാമൂഹിക മഹിമയുടെ മതിലുകളും, വാതിലുകളും, സംരക്ഷണകവചങ്ങളും ഒന്നും ഇല്ലാതെ പുറംലോകത്ത് ജീവിക്കുക എന്നുള്ളത് ശരിക്കും പറഞ്ഞാൽ മതിയായ സംരക്ഷണങ്ങൾ ഇല്ലാതെ കാട്ടിൽ ഇറങ്ങി നടക്കുന്നതിന് തുല്യമാണ്. കാരണം, ഭാഷാ കോഡുകൾ വന്യജീവി സ്വഭാവമുള്ളവയാണ്. കടിക്കാനും മാന്താനും, കുത്താനും മറ്റുമായ കഴിവുകൾ ഉള്ളതാണ്.

എന്നാൽ കാട്ടിൽ പോയാൽ വന്യജീവികളെ നേരിട്ട്, അവരുടെ സ്വതസിദ്ധമായ അന്തരീക്ഷത്തിൽ യാതോരു കപടതയുമില്ലാതെ നിരീക്ഷിക്കാനാവും എന്നത്, ഇങ്ങിനെ ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് ഒരു മെച്ചമാണ്. അതു പോലെ തന്നെയാണ് ഈ വിധം സാമൂഹികാന്തരീക്ഷത്തിൽ ഇറങ്ങിചെന്നാൽ. പലതും പലരുടേയും സ്വഭാവ വിശേഷങ്ങളും, യാതോരു കലർപ്പുമില്ലാതെ കാണാനും നീരിക്ഷിക്കാനും ആവും.

എന്നാൽ കാട്ടിൽ പോയാൽ, മറ്റ് മൃഗങ്ങളും അവരുടേതായ മാനസികസും വൈകാരികവും ആയ താൽപ്പര്യങ്ങൾക്ക് അനുസൃതമായി, കാട്ടിലേക്ക് ഇറങ്ങിവന്ന വ്യക്തിയേയും നിരീക്ഷിക്കും എന്നുള്ളതും വാസ്തവം തന്നെ.

ഈ കാര്യം പുറംലോകത്ത് ഇറങ്ങി നടുക്കുന്ന വ്യക്തിയുടെ കാര്യത്തിലും പ്രസക്തമാണ്. മറ്റുള്ളവർ അവരുടേതായ മാനസികവും, സാമൂഹികവും ബുദ്ധിപരമായും ആയ നിലവാരങ്ങൾക്ക് അനുസൃതമായി, ഈ ഇറങ്ങിവന്ന ആളെ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യും.

87. വെറും പത്ത് മിനിറ്റുകൊണ്ട് പലരിലും ജീവിത ദിശ മാറ്റിവിട്ടതിന്റെ കാര്യം

ഈ എഴുത്തുകാരൻ വ്യക്തമായിത്തന്നെ ഇങ്ഗ്ളിഷിനെ പ്രോത്സാഹിപ്പിക്കുന്ന നയം, അടുത്ത് ഇടപഴകിയ പലർക്കും വ്യക്തമായിത്തന്നെ ഗുണം ചെയ്തിട്ടുണ്ട്.

ഒരു വലിയ വിഭാഗം ആളുകൾക്ക് ഇങ്ങിനെ തികച്ചും വ്യത്യസ്തമായ ഒരു ലോകം ഇങ്ഗ്ളിഷിൽ ഉണ്ട് എന്ന കാര്യം പോലും അറിയില്ല.

ഇങ്ഗ്ളിഷ് അറിയുന്നവർ ഒരു വ്യത്യസ്ത നിലക്കാരായി ഒട്ടാതെ നിൽക്കുന്നവരാണ് എന്നതാണ് പൊതുവായുള്ള ധാരണ, ഇങ്ഗ്ളിഷ് അറിയാത്തവരിൽ. അതേ സമയം, ഇങ്ഗ്ളിഷ് നന്നായി അറിയുന്നവർ വളരെ ലളിതമായി തമ്മിൽ ആശയവിനിമയം നടത്തുന്നു. (അത് അവരുടെ കഴിവല്ല, മറിച്ച് ഇങ്ഗ്ളിഷ് ഭാഷാ സോഫ്ട്വാർ സൌകര്യപ്പെടുത്തുന്ന കാര്യമാണ്) എന്നാൽ, ഫ്യൂഡൽ ഭാഷകളിൽ തികച്ചും പെട്ടുപോയവരോട് വ്യത്യസ്തമായി പെരുമാറുകയോ, അവരിൽ നിന്നും വിട്ടുനിൽക്കുകയോ ചെയ്യുന്നതായി തോന്നിയേക്കാം.

അതേ സമയം, 'എനിക്ക് ഇങ്ഗ്ളിഷ് നന്നായി അറിയും. എന്നാൽ ഞാൻ അതൊന്നു നിങ്ങളുടെ മുന്നിൽകാട്ടി വിലസുന്ന ആളല്ല. ഞാൻ നിങ്ങളോട് നമ്മുടെ മാതൃഭാഷമാത്രം സംസാരിക്കും' എന്ന ഭാവവും എടുക്കുന്നവരും ഉണ്ട്.

ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തെക്കുറിച്ച് യാതോരു സൂചനപോലും ലഭിച്ചിട്ടില്ലാത്ത ഇടങ്ങളാണ് പലദിക്കിലും. ഈ ആൾക്കൂട്ടങ്ങൾക്കിടയിൽ, ഈ വക വിവരങ്ങൾ ഉള്ളിൽവച്ച് കൊണ്ട് ഇടപഴകുമ്പോൾ, ഒരു വൻ പൊരുത്തപ്പെടൽ ഇല്ലായ്മ അനുഭവപ്പെടാം. രണ്ട് പക്ഷത്തിനും.

ഈ എഴുത്തുകാരന്റെ സാമീപ്യത്താൽ ഇങ്ഗ്ളിഷ് ലോകത്തിന്റെ ഉള്ളറകളിലേക്ക് കാര്യമായിത്തന്നെ മനസ്സിനെ എത്തിക്കാൻ കഴിഞ്ഞപലരും ഉണ്ട്. ഇതിൽ വളരെക്കുറച്ച് പേരെ ഈ ഒരു കാര്യം പിന്നീട് അംഗികരിച്ചിട്ടുള്ളു.

വറുതെ ഒരു പത്ത് മിനിറ്റ് മാത്രം സംസാരിച്ചപ്പോൾ മാത്രം നൽകിയ സൂചനകളിൽനിന്നും തന്നെ ചില ആളുകൾ അവരുടെ വായനാശീലത്തിന്റെ ദിശമാറ്റി, പിന്നീട് കാര്യമായ ഇങ്ഗ്ളിഷ് വായനാ ശീലത്തിലേക്ക് കുടുംബസമേതം കടന്നവരും കണ്ടേക്കാം.

എന്നാൽ, ഈ എഴുത്തുകാരൻ വർഷങ്ങൾക്ക് മുൻപ് നൽകിയ വെറും ഏതാനും നിമിഷങ്ങൾമാത്രം നീണ്ടുനിന്ന ഒരു സംസാരമാണ് ഈ ദിശമാറ്റലിന് കാരണമായത് എന്ന് അവർ ഓർക്കും എന്ന് തോന്നുന്നില്ല.

88. ഗുണമേന്മയുള്ള ഇങ്ഗ്ളിഷിലേക്ക് പാത തിരിച്ചുവിട്ടത് അംഗീകരിക്കാത്തവർ

കേരളാ വിദ്യാഭ്യാസ ബോഡിന് കീഴിലുള്ള സ്കൂളിൽ അപ്പർപ്രൈമറി ക്സാസിൽ പഠിക്കുന്ന കാലത്ത് തൊട്ടടുത്ത് ഇരുന്നിരുന്ന ആൾക്ക്, കൈയിൽ ഉണ്ടായിരുന്ന, ചെറുപ്രാക്കാർക്കായുള്ള ഇങ്ഗ്ളിഷ് നോവലുകൾ കാണിക്കുകയും, അവയുടെ കഥാ ചുരുക്കം പറഞ്ഞ് കൊടുത്ത്, ആ ആളെ ഈ വക പുസ്തകങ്ങൾ വായിക്കുന്ന ശീലത്തിലേക്ക് നയിക്കുകയും ചെയ്തു.

ഏതാണ്ട് രണ്ട് വർഷംകൊണ്ട് ഈ ആൾ സമാന്യം നല്ലരീതിയിൽ ഈ വക പുസ്തകങ്ങൾ വായിച്ചുതുടങ്ങി. മാത്രവുമല്ല, ഈ വക പുസ്തകങ്ങൾ തമ്മിൽകൈമാറുന്ന, ആ സ്ക്കൂളിൽ തന്നെയുള്ള, ഒരു ശൃംഖലയിൽ ഉൾപ്പെടാനും ആയി. ഇതിന്റെ ഒരു വിചിത്രവശം, ഇങ്ങിനെ ഇങ്ഗളിഷ് സാഹിത്യ രചനകൾ തമ്മിൽത്തമ്മിൽ കൈമാറുന്ന ഒരു ശൃംഖല സ്ക്കൂളിൽ ഉണ്ട് എന്ന കാര്യം പോലും മറ്റുള്ളവർക്ക് അറിവില്ലായിരുന്നു.

ഈ ആളുമായി രണ്ടാം വർഷത്തിന്റെ ഒടുവിൽ മറ്റൊരു വ്യക്തിയുടെ ഇടപെടൽ കാരണം ബന്ധം ചെറുതായി അലോസരപ്പെട്ടു. ആ ആളുടെ വളരെ അരോചകമായ വാചകങ്ങൾകേട്ടപ്പോൾ, 'ഒന്നുമില്ലെങ്കിലും, ഞാൻ കാരണമല്ലെ താൻ ഇങ്ഗ്ളിഷ് സാഹിത്യ വായനാശീലത്തിലേക്ക് കടന്നത്?' എന്ന് ഈ എഴുത്തുകാരൻ ചോദിച്ചു.

ആ നേരം, ആ ആൾ ഒരു തുപ്പുന്ന സ്വരത്തിൽ തിരിച്ച് പറഞ്ഞത്, 'താനില്ലെങ്കിലും ഇതെല്ലാം എനിക്ക് കഴിയും. എന്താ ഇങ്ഗ്ളിഷ് വായന അത്ര പ്രയാസം ഉള്ള കാര്യമാണോ?

ഈ മുകളിൽ പറഞ്ഞതിൽ ഒരു വാസ്തവം ഉണ്ട്. ലളിതമായി അവതരിപ്പിച്ചാൽ, ഇങ്ഗ്ളിഷ് മാത്രമല്ല, മറ്റ് പല വിവര മേഖലകളും വളരെ ആയാസരഹിതമായി പഠിക്കാവുന്നതാണ്. എന്നാൽ ഈ ഉപഭൂഖണ്ഡത്തിൽ പൊതുവായുള്ള ഒരു നടപടിക്രമം, എന്ത് പഠിപ്പിക്കുമ്പോഴും, പഠിക്കുന്ന ആളെ ഒന്ന് ശരിക്കും ചുറ്റിച്ച്, എന്തോ വൻ സങ്കീർണ്ണമായ കാര്യമാണ് പഠിപ്പിക്കുന്നത് എന്ന് വരുത്തുക എന്നുള്ളത്.

അതേ സമയം, ആ ആൾ പറഞ്ഞ മറ്റേ കാര്യം, ഇങ്ഗ്ളിഷ് വായനാ ശീലം വളർത്തിയെടുക്കുകാം എന്നുള്ളത് അത്ര പ്രയാസമുള്ള കാര്യമല്ല എന്നുള്ളത്, ഒരു ഉപകാരസ്മരണയില്ലാത്ത വാക്കുകളാണ്. കാരണം, ലളിതമായി ആരെയും ഈ പാതയിലേക്ക് എത്തിക്കാം. പതതിരിച്ചും ലളിതമായിത്തന്നെ വിടാം. മറ്റ് ദിക്കിലേക്ക്.

ഇന്ന് പല പാക്കിസ്ഥാൻകാരും, ഇന്ത്യാകാരും ഈ വക നന്നിയില്ലാത്ത (നന്ദിയില്ലാത്ത) വാക്കുകൾ ഇങ്ഗ്ളിഷുകാരെക്കുറിച്ച് പറയുന്നത് കേൾക്കാവുന്നതാണ്.

ഇങ്ഗ്ളിഷുകാരെക്കാൾ തങ്ങൾക്ക് ഇങ്ഗ്ളിഷ് അറിയാം. അവരെക്കാൾ കഴിവുണ്ട്. വിവരം ഉണ്ട് എന്നെല്ലാം. ഇങ്ങിനെ ഒരു സംഭവ വികാസം ഈ ഉപഭൂഖണ്ഡത്തിലെ പല ജനക്കൂട്ടങ്ങൾക്കും ലഭിച്ചതിന്റെ കഥയിൽ വീരയോദ്ധാവിന്റെ സ്ഥാനത്ത്, ഈ ഉപഭൂഖണ്ഡത്തിൽ വന്ന് പതിറ്റാണ്ടുകളോളം നിന്ന് പയറ്റി ജനക്കൂട്ടങ്ങളെ ഉന്നമനപ്പെടുത്തിയ, ഇങ്ഗ്ളിഷ് വംശജരെകാണാവുന്നതാണ്.

നന്നികേട്, നെറികേട് തന്നെയാകുന്ന ഇടമാണ് ഇത്.

89. ഹ്രസ്വമായ ദൃശ്യങ്ങൾവരെ വാക്ക് കോഡുകളെ ബാധിക്കാം

പുറം ലോകത്ത് ജീവിക്കുന്ന അവസരത്തിൽ ഭാഷാ കോഡുകളുടെ പലതരം പ്രവർത്തന രീതികളും നിരീക്ഷിക്കാൻ അനവധി അവസരങ്ങൾ വന്നിരുന്നു.

ഒന്ന് ആരോട് സംസാരിക്കുന്നതായി മറ്റുള്ളവർ കാണുന്നു, ആരോടൊപ്പം ഇരിക്കുന്നു, ആരോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കുന്നു, ആരെപ്പറ്റിസംസാരിക്കുന്നു, ആരോടൊപ്പം നടക്കുന്നു, ഏത് നിലവാരത്തിലുള്ള കാര്യങ്ങൾ സംസാരിക്കുന്നു എന്നെല്ലാം ഒരു വൻ സാമൂഹിക മൂല്യനിർവ്വഹണ കോഡായി ചുറ്റുവട്ടത്തിൽ പരക്കും.

വ്യക്തമായും ഏതെങ്കിലും സാമൂഹികമോ, തൊഴിൽപരമോ ആയ സ്ഥാനവിവരം ഒരാളെക്കുറിച്ചുണ്ടെങ്കിൽ, ഈ മുകളിൽപ്പറഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ ബാധിക്കില്ല.

ഉദാഹരണത്തിന്, ഒരു സർക്കാർ ശിപായിയോ, പോലീസുകരാനോ, ബാങ്ക് ക്ളാർക്കോ, ഓട്ടോറിക്ഷാക്കാരനോ, കൂലിക്കാരനോ, വ്യാപാര ഉടമയോ, ഐഎഎസ്സുകാരനോ, ഇങ്ങിനെയെല്ലാം ചെയ്യുന്നത് കാണപ്പെട്ടാൽ, യാതോരുരീതിയിലും ഭാഷാ കോഡുകളിലെ മേൽവിലാസത്തിൽ വ്യതിയാനം സംഭവിക്കില്ല.

എന്നാൽ, യാതോരു സ്ഥാനമാന മേൽവിലാസവും ഇല്ലാതെ ജീവിക്കുന്ന അവസരങ്ങളിൽ ഈ വിധ നിസ്സാര ഇടപാടുകൾ ഭാഷാകോഡുകളെ കാര്യമായിത്തന്നെ മുകളിലോട്ടോ, താഴോട്ടോ വിലിക്കുന്നതായി കാണും, അത് അനുഭവപ്പെടും.

വലിയ ബന്ധങ്ങൾ കാണപ്പെടുന്ന രീതിയിൽ എന്തെങ്കിലും ചെറിയ കാര്യം ചെയ്താൽ, (ഉദാഹരണത്തിന് വലിയ ഉദ്യോഗസ്ഥൻ പരസ്യമായി കൈതരുന്നു), വാക്ക് കോഡുകൾ മുകളിലേക്ക് ഊയരുന്ന ബലൂണിൽ കെട്ടിയിട്ട മാതിരി ഉയരും.

എന്നാൽ, താഴെക്കിടയിലുള്ള ബന്ധങ്ങളാണ് കാണപ്പെടുന്നതെങ്കിൽ, (ഉദാഹരണത്തിന്, നാട്ടിൽ വിലയില്ലാത്ത ആൾ വന്ന് പരസ്യമായി തോളിൽ പിടിച്ച് സംസാരിക്കുന്നു), ഭാരമുള്ള ഒരു ഉരുക്ക് തുണ്ട് ചരട് കൊണ്ട് ശരീരത്തിൽ കെട്ടി, ആ ഉരുക്ക് തുണ്ട് ആഴമുള്ളവെള്ളത്തിൽ താഴ്ത്തുന്നത് മാതിരിയാണ്. വാക്ക് കോഡുകളിൽ ഒരു ഭാരം വന്ന് പതിക്കും. അവ താഴോട്ട് നീങ്ങും.

ഈ വിധമുള്ള പ്രതിഭാസമൊന്നും ഇങ്ഗ്ളിഷ് പോലുള്ള പരന്ന കോഡുകൾ ഉള്ള ഭാഷകളിൽ ഇല്ലതന്നെ.

ഈ പറഞ്ഞതുമായി ബന്ധപ്പെട്ട് മറ്റൊരു വ്യകതിപരമായ കാര്യം സൂചിപ്പിച്ച് ഒരു കാര്യം കൂടി പറയാം. ഈ എഴുത്തുകാരന് ജീവിതത്തിൽ പലവട്ടം തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. അതിന്റെ വ്യക്തമായ കാരണം പിന്നീട് സൂചിപ്പിക്കാം.

തടസ്സങ്ങൾ വരുമ്പോളെല്ലാം അവയെ മറികടക്കാൻ പരിശ്രമിക്കും. Volleyball പന്ത് നെറ്റിന്റെ മുകളിൽ വന്ന് പതിച്ച് അപ്പുറമോ, ഇപ്പുറമോ, വീഴാം എന്ന രീതിയിലായിരിക്കും പലപ്പോഴും തടസ്സങ്ങളുടെ കിടപ്പ്.

തടസ്സത്തെ മാറ്റാൻ ശ്രമിക്കുമ്പോൾ, പലപ്പോഴും ഈ എഴുത്തുകാരൻ എത് ബന്ധകോഡുകളാലാണ് ആ സന്ദർഭത്തിൽ പ്രത്യക്ഷപ്പെടുന്നത് എന്നതിനെ ആശ്രയിച്ചായിരിക്കും പന്ത് അപ്പുറത്തേക്കോ ഇപ്പുറത്തേക്കോ മറിയുക.

ഈ കാര്യം വ്യക്തമായി ഇങ്ങിനെ പറയാം. ഈ എഴുത്തുകാരന് വ്യക്തിപരമായി വേണമെങ്കിൽ അതിഗംഭീരമായ വ്യക്തി ബന്ധങ്ങൾ സൂചിപ്പിക്കാനാവുമായിരുന്നു.

അത് പോലെ തന്നെ, യാതോരു വിലയും ഫ്യൂഡൽ ഭാഷകളിൽ ഇല്ലാത്തെ വ്യക്തിബന്ധങ്ങളും എടുത്ത് കാട്ടാൻ പറ്റുമായിരുന്നു.

വലിയ ബന്ധങ്ങൾ വാക്ക് കോഡുകളിൽ മൂല്യം ഏറ്റും. പന്ത് അപ്പുറത്തേക്ക് വീഴും.

വിലയില്ലാത്ത ബന്ധങ്ങൾ വാക്ക് കോഡുകളിൽ മൂല്യം കുറയ്ക്കും. പന്ത് ഇപ്പുറത്തേക്ക് വീഴും.

സാധാരണക്കാരുടെ ജീവിതത്തിൽ ഈ വിധമായിരിക്കേണം അല്ല കാര്യങ്ങൾ നടക്കുന്നത്.

കാരണം ഈ മുകളിൽ പറഞ്ഞ വിഷയത്തിൽ, വലുത് എന്നും ചെറുത് എന്നും പറഞ്ഞത് തന്നെ അതി സങ്കീർണ്ണമായ ഒരു വലപോലുള്ള സംഗതിയാണ്. പലപ്പോഴും, ഒരു ഒഴുക്കിന്റെ കൂടെ നിന്ന് കാര്യങ്ങൾ നടത്തിക്കിട്ടലാണ് പലരും എടുക്കുന്ന അടവ്.

ഒഴിക്കിന്റെ കൂടെ നിൽക്കാതിരിക്കുന്ന അവസരത്തിലാണ്, ഈ എഴുത്തുകാരൻ സൂചിപ്പിച്ച അനുഭവം വന്നുചേരുക.

ഇവിടെ ലളിതമായി അവതരിപ്പിച്ച സംഗതി ശരിക്കും പറഞ്ഞാൽ, യാഥാർത്ഥ്യത്തിന്റെ കോഡുകളിലേക്ക് നേരിട്ട് ബന്ധവും വിവരവും നൽകുന്ന ഒരു ഇടമാണ്. അതിനെക്കുറിച്ച് വിവരിച്ച് സംസാരിക്കാൻ ഇനിയും കുറെ ദൂരം പോകേണ്ടിയിരിക്കുന്നു.

90. ഒരാളെക്കുറിച്ച് ബഹുമാനിക്കുന്നവർ പറയുന്ന അഭിപ്രായവും, ബഹുമാനിക്കാത്തവർ പറയുന്ന അഭിപ്രായവും

ഈ ദിക്കിൽവച്ചാണ് ആളുകളുടെ അഭിപ്രായങ്ങളെക്കുറിച്ച് സൂചിപ്പിക്കേണ്ടത് എന്ന് തോന്നുന്നു. മറ്റൊരാളെക്കുറിച്ച് അറിയാൻ പലപ്പോഴും ഉപയോഗിക്കുന്ന ഒരു മാർഗ്ഗമാണ് ആ ആളെക്കുറിച്ച് അഭിപ്രായം ചോദിക്കുക എന്നത്.

എന്നാൽ ഇതിലും, ഭാഷാകോഡുകളുടെ കൈകടത്തൽ ശക്തമായിത്തന്നെ കാണാവുന്നതാണ്.

ഒരാളോട് ബന്ധപ്പെടുന്ന ആളുകളോടാണ് സാധാരണയായി അഭിപ്രായം ചോദിക്കുക. ഉദാഹരണത്തിന് ലോറി ക്ളീനറെക്കുറിച്ച്, ആ ആളുടെ ഡ്രൈവറോടും, ആ ആളുടെ മുതലാളിയോടും, മറ്റ് നിത്യേനെ ബന്ധപ്പെടുന്നവരോടും ചോദിക്കുക.

ഡോക്ടറെക്കുറിച്ച് ആ ആളുടെ കീഴ് ജീവനക്കാരോടും, ഹോസ്പിറ്റൽ മുതലാളിയോടും, ആ ആളുടെ രോഗികളോടും.

ഈ വക ചോദ്യങ്ങൾക്ക് ഉള്ള പ്രതികരണം പലപ്പോഴും ബഹുമാനിക്കുന്ന നിലയിൽ ഉള്ള ആളുടെ വീക്ഷണകോണിൽ നിന്നാവില്ല, കീഴ് ജീവനക്കാരനായിക്കാണുന്ന ആളുടെ വീക്ഷണകോണ്.

അവൻ, അയാൾ, അദ്ദേഹം എന്ന രീതിയിൽ വ്യത്യസ്തമായി നിർവ്വചിക്കപ്പെടുമ്പോൾതന്നെ ആളുടെ വ്യക്തിത്വത്തിൽ മാറ്റം വരും.

മാത്രവുമല്ല, അണിയുടെ സ്ഥാനത്ത് നിൽക്കുന്ന ആൾക്ക് ഉള്ള പ്രതികരണമാവില്ല, ആ ആളോട് മത്സരിക്കുന്ന ആൾക്ക് ഉള്ളത്.

ഈ ഒരു വിഷയം ശരിക്കും പറഞ്ഞാൽ വളരെ ഗഹനമായ ഒന്നാണ്. ഏഷ്യൻ രാഷ്ട്രങ്ങളിലെ ഭാഷാകോഡുകളിൽ ഈ വിധം ഇങ്ഗ്ളിഷിൽ നിന്നും യതോരു രീതിയിലും മനസ്സിലാക്കാൻ പറ്റാത്ത പല വിധ കോഡുകളും ഉണ്ട് എന്ന് ബ്യ്രട്ടണിലും, യൂഎസ്എയിലും യാതോരു വിധ അറിവും ഇല്ലതന്നെ. ഈ കാരണത്താൽത്തന്നെ അവിടെ കോളെജുകളിലെ അഭ്യസ്തവിദ്യാഭ്യാസ പഠന വിഷയമായ Politics and International Relations ഒരു വിഡ്ഢി വിഷയമായാണ് പരിണമിച്ചിട്ടുള്ളത്.

ഈ വിഡ്ഢി വിഷയം പഠിച്ച് ലോകവിവരം ഉണ്ട് എന്ന് നടിക്കുന്ന പലരും ബ്യ്രട്ടൺ, യൂഎസ്എ തുടങ്ങിയ രാഷ്ട്രങ്ങളിലെ നയതന്ത്ര സ്ഥാനങ്ങളിൽ ചേർന്നിട്ടുണ്ട്. ഏഷ്യയിലെ പല രാഷ്ട്രങ്ങളിലെ വിമത പക്ഷക്കാരുടെ അഭിപ്രായങ്ങൾ കേട്ടും പ്രചാരവേലയിൽ കുടുങ്ങിയും ഈ നയതന്ത്രജ്ഞർ അവരുടെ രാഷ്ട്രങ്ങളെ അനാവശ്യ യുദ്ധരംഗങ്ങളിൽ ചെന്ന് പെടുത്തിയിട്ടുണ്ട്.

ബഹുമാനിക്കുന്നവരെക്കുറിച്ച് നല്ലത് പറയും. ചികഞ്ഞെടുത്ത്.

ബഹുമാനിക്കാത്തവരെക്കുറിച്ച്, പ്രത്യേകിച്ചും, നിലവിട്ട് വളരാൻ ശ്രമിക്കുന്നതായി കാണുന്ന ആളെക്കുറിച്ച്, മോശം പറയും. ചികഞ്ഞെടുത്ത്.

ഈ വക അഭിപ്രായങ്ങളിലെ, അദ്ദേഹം, അയാൾ, അവൻ എന്ന വാക്കുകൾക്ക് വളരെ വ്യക്തമായ ദിശാകോഡുകൾ ഉണ്ട്.

അദ്ദേഹം (ഓര്) മോശക്കാരനാണ് എന്ന് പറഞ്ഞാൽ, ശരിക്കും നോക്കിയാൽ, പിന്തുണയാണ് നൽകുന്നത്.

അവൻ (ഓൻ) നല്ലോരുത്തനാണ് എന്ന് ഈ ആളെക്കുറിച്ച് പറയുന്നത്, ശരിക്കും പറഞ്ഞാൽ, അടിച്ച് തമർത്തലാണ്.

സാമൂഹിക വാണിജ്യ യുദ്ധരംഗങ്ങളിൽ ഈ വിധ വാക്ക് ആയുധങ്ങൾ ഉപയോഗിച്ച് കണ്ടിട്ടുണ്ട്. എന്നാൽ ഈ വിധ ആയുധ പ്രയോഗം ഈ വിധ യുദ്ധരംഗങ്ങൾ നേരിട്ട് വീക്ഷിക്കാനോ, അനുഭവിക്കാനോ ആയാലെ കണ്ടും കേട്ടും അറിയുള്ളു.

വ്യക്തമായ അച്ചടക്കവും ഉച്ചനീചത്വവും ഉള്ള സ്ഥലങ്ങളിൽ ഈ വിധ ആയുധപ്രയോഗങ്ങൾ കണ്ടറിയാൻ പറ്റില്ല.

ഈ വക യുദ്ധരംഗങ്ങളിൽ ഉപയോഗിക്കുന്ന ഒരു രഹസ്യ ആയുധമാണ്, ചില വിവരങ്ങളുടെ സൂചനയോ മുഴുവൻ വിവരമോ നൽകൽ. വലിയ ബന്ധങ്ങൾ സൂചിപ്പിക്കുക, കൈയിൽ തത്സമയം ഉള്ള പണക്കെട്ട് അഴിച്ച് പണം എണ്ണൽ, തുടങ്ങിയ കാര്യങ്ങൾ സ്വന്തമായി ചെയ്യാവുന്നകാര്യങ്ങളാണ്.

എന്നാൽ മറ്റുള്ളവരുടെ കാര്യത്തിൽ, അദ്ദേഹത്തെ വെറും അവനാക്കുന്ന ചാങ്ങാതി ബന്ധങ്ങൾ, കുടുംബ ബന്ധങ്ങൾ, ചെയ്തതായി അറിവുള്ള തൊഴിലുകൾ തുടങ്ങിയ കാര്യങ്ങൾ മറ്റൊരാളോട് പറയൽ തുടങ്ങിയ കാര്യങ്ങൾ അദ്ദേഹത്തെ അവൻ ആക്കാൻ പര്യാപ്തമാവും.

അവന് അദ്ദേഹത്തിന്റെ വിലകിട്ടില്ല. അവന് അദ്ദേഹത്തിന് ആവുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താൻ ആവില്ല. അദ്ദേഹത്തിന്റെ വാക്കുകൾ ദിവ്യ കൽപ്പനകളായാണ് ചുറ്റുമുള്ളവർ കാണുക. എന്നാൽ, ഇതേ ആൾ അവൻ ആയി, അതേ വാക്കുകൾ പറഞ്ഞാൽ, പൊട്ടിത്തെറിയാണ് സംഭവിക്കുക.

ഇതേ പോലെതന്നെ അവനെ അദ്ദേഹമാക്കാനും ആവും.

അവൻ അദ്ദേഹമായാലും, അദ്ദേഹം അവനായാലും, ഇങ്ഗ്ളിഷിൽ നിന്നും സങ്കൽപ്പിക്കാൻ പോലും ആവാത്ത മനുഷ്യവ്യക്തിത്വ വ്യത്യാസം വന്നുപെടും.

91. ഇങ്ഗ്ളിഷ് ഫ്യൂഡലിസവും, ഫ്യൂഡൽ ഭാഷയിലെ ജനാധിപത്യവും

ഇങ്ഗ്ളണ്ടിൽ പ്രഭുവശം ഉണ്ട്. ഒരു തരം ഇങ്ഗ്ളിഷ് ഫ്യൂഡലിസവും നിലവിൽ ഉണ്ട്.

ഇങ്ഗ്ളണ്ടിൽ ഫ്യൂഡലിസം നിലവിലുണ്ട്. ഇന്ത്യയിലും, പാക്കിസ്ഥാനിലും, ബെങ്ഗ്ളാദേശിലും ഫ്യൂഡലിസം നിലവിലില്ല.

ഇതാണ് ഔപചാരിക വിദ്യാഭ്യാസത്തിൽ നിന്നും ലഭിക്കുന്ന വിവരം.

ഇന്ത്യയിലും, പാക്കിസ്ഥാനിലും, ബെങ്ഗ്ളാദേശിലും ഈ വിവരം പഠിക്കുന്ന ആൾക്ക് ലഭിക്കുന്ന അറിവ്, അറിവല്ല, മറിച്ച് വിഢ്ഢിത്തമാണ്.

ഏതാണ്ട് മുപ്പത് വർഷങ്ങൾക്ക് മുൻപുള്ള ഇങ്ഗ്ളണ്ട് എടുക്കാം. ഇന്നത്തെ ഇങ്ഗ്ളണ്ടിൽ പലദിക്കിലും, ഫ്യൂഡൽ ഭാഷക്കാർ തിങ്ങിനിറഞ്ഞ് ഇങ്ഗ്ളണ്ടിന്റെ മുഖച്ഛായതന്നെ മാറിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്.

അന്ന് ഇങ്ഗ്ളണ്ടിൽ പല കാര്യങ്ങളും, സ്വകാര്യ ഉടമസ്ഥതയിൽ ആണ് ഉള്ളത്. മറിച്ച് ഇന്ത്യയിൽ മിക്കകാര്യങ്ങളും, സർക്കാറാണ് നടത്തുന്നത്. 1000 വർഷങ്ങൾക്ക് ശേഷം, ചരിത്രപുസ്തകത്തിലൂടെ കാര്യങ്ങൾ വീക്ഷിച്ചാൽ, അശോക രാജാവിന്റെ ഭരണകാലത്തെക്കുറിച്ച് പഠിക്കുന്നത് പോലെയാണ്. എല്ലാം സർക്കാർ സൌജന്യമായി നൽകുന്നു. അതുമല്ലെങ്കിൽ മിക്കതും പൊതുമുതലാണ്. എന്നുവച്ചാൽ എല്ലാരും ഉടമസ്ഥരാണ്.

എന്നാൽ വിഢ്ഢിചരിത്രപുസ്തകങ്ങളിൽ മാത്രമേ ഈ വിധ വിവരങ്ങൾ വാസ്തവമാവുള്ളു.

ഇനികാര്യത്തിലേക്ക് കടക്കാം.

പഴയകാല ഇങ്ഗ്ളണ്ടിലും, ഉയർന്ന സ്ഥാനങ്ങളിലും താഴ്ന്ന സ്ഥാനങ്ങളിലും ആളുകൾ ഉണ്ട്. എന്നാൽ, ഇവർ ഓരോരുത്തരും നിലനിൽക്കുന്ന സ്ഥാനങ്ങൾക്ക് ഒരു ഉരുളുന്ന ചക്രത്തിന്റെ സ്വഭാവം ഇല്ലതന്നെ.

എന്നാൽ, ഫ്യൂഡൽ ഭാഷകളിൽ, ഓരോ സ്ഥാനത്ത് നിൽക്കുന്ന ആളും, ഒരു ഉരുളിന്മേൽ നിൽക്കുന്ന മാനസികാവസ്ഥ അനുഭവപ്പെടും. 'നീ' - 'താൻ' - 'ഇയാൾ' - 'നിങ്ങൾ' - 'സാർ' / 'അവൻ' - 'അയാൾ' - 'അദ്ദേഹം' / 'അവൾ' - 'അവർ' ('മാഡം')

ഈ വിധമുള്ള ചക്രങ്ങൾ ഓരോ സ്ഥാനത്തും നിലവിൽ ഉണ്ട്. വ്യക്തിയുടെ വ്യക്തിത്വം ഈ ചക്രത്തിന്മേൽ കിടന്ന് ഉരുളും. മോട്ടർ വാഹനങ്ങളിൽ ഉള്ള ഗിയർ സംവിധാനം പോലെയാണ് കാര്യങ്ങൾ. ഏത് ഗിയറിലാണ് തമ്മിൽ ബന്ധപ്പെടുന്നത് അത് അനുസരിച്ചായിരിക്കും പലവിധ കാര്യങ്ങളുടേയും വേഗതയും ശക്തിയും.

മാത്രവുമല്ല, ഗിയർ മാറുന്നതനുസരിച്ച്, ലോകത്തിലെ മറ്റുപലതുമായുള്ള ബന്ധ ചരടുകളും മാറും.

92. അദ്ദേഹം, അയാൾ, അവൻ എന്ന മൂന്നുതരം ജീവികൾ

ഇങ്ങിനെ നോക്കുമ്പോൾ, ഇങ്ഗ്ളണ്ടിൽ ജീവിക്കുന്ന ഒരു ഇങ്ഗ്ളിഷുകാരനും ഒരു ഫ്യൂഡൽ ഭാഷക്കാരനും, പ്രത്യക്ഷമായി മനുഷ്യർ തന്നെയാണെങ്കിലും, വ്യക്തമായി നോക്കിയാൽ വ്യത്യസ്ത ജീവികളാണ്.

പോരാത്തതിന്, ഫ്യൂഡൽ ഭാഷയിലെ 'അദ്ദേഹവും', 'അയാളും', 'അവനും' വ്യത്യസ്ത ജീവികൾ തന്നെയാണ്. ഈ മൂന്ന് കൂട്ടരും ഒന്നിച്ച് യാത്രചെയ്താൽ ഈ കാര്യം പലപ്പോഴും വളരെ വ്യക്തമായി തിരിച്ചറിയുന്ന അനുഭവങ്ങൾ വന്നേക്കാം.

ഉദാഹരണത്തിന്, മുതൽ ഉടമ, ലോറി ഡ്രൈവർ, ലോറി ക്ളീനർ (ഡ്രൈവറുടെ സഹായി) എന്നിവർ ഏതാണ്ട് മൂന്ന് ദിവസം നീണ്ട് നിൽക്കുന്ന ദീഘയാത്രയ്ക്ക് പോയാൽ, ഭാഷാപരമായ വ്യത്യാസം വളരെ വ്യക്തമായി തിരിച്ചറിയാനായേക്കാം.

പല ദിക്കിൽ വച്ചും, മൂന്നുപേരും കാണുന്ന കാര്യങ്ങളും, ബന്ധപ്പെടുന്ന വ്യക്തികളും ഒരേകൂട്ടരാകുമെങ്കിലും, മൂന്നു പേരുടേയും വീക്ഷണകോണുകൾക്കും, അവയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന വാക്ക് കോഡുകളുടെ ഉയർച്ചത്താഴ്ചകൾക്കും കാര്യമായ വ്യത്യാസം ഉണ്ടായേക്കാം.

സംഗതികളെ തനിക്ക് താഴേക്കായി വീക്ഷിക്കുന്ന മുതലുടമയും, തനിക്ക് നേരെയായി വീക്ഷിക്കുന്ന ലോറി ഡ്രൈവറും, തനിക്ക് മുകളിലായി വീക്ഷിക്കുന്ന ലോറി ക്ലീനറും ആയി വ്യക്തികൾ വ്യത്യാസപ്പെടും, ചിലയിടങ്ങളിൽ.

ഇത് വാക്കുകളിൽ പ്രതിഫലിക്കും. കണ്ണുകളിൽ നിന്നും വികിരണം ചെയ്യുന്ന കോഡുകളിൽ പ്രതികരിക്കും, മുഖഭാവത്തിൽ പ്രതികരിക്കും, മറ്റ് ആളുകൾ ഈ മൂന്ന് പേരോടും വ്യത്യസ്തമായി പെരുമാറുന്നതിലും, അവരുടെ കണ്ണുകളിൽ നിന്നും വികിരണം ചെയ്യുന്ന കോഡുകളിലും, അവരുടെ മുഖഭാവത്തിലും പ്രതികരിക്കും, വാക്കുകളിലും, വാക്കുകളുടെ സ്വരത്തിലും പ്രത്യക്ഷപ്പെടും.

എന്ത് പറയാം, എന്ത് അഭിപ്രായപ്പെടാം, എന്ത് മാത്രം വിവരം പ്രദർശിപ്പിക്കാം എന്നെല്ലാം, ഫ്യൂഡൽ ഭാഷകളിൽ വ്യക്തമായിത്തന്നെ കോഡ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ അതിരുകൾക്ക് അപ്പുറം നിന്ന് പെരുമാറിയാൽ, മറ്റുള്ളവർക്ക് അരോചകമാകും.

എന്നാൽ പലതും കയ്യൂക്ക് പോലെ നടത്തപ്പെടാം.

ഇങ്ഗ്ളിഷിൽ 'Feudalism' (ഫ്യൂഡലിസം) എന്ന് നിർവ്വചനം ചെയ്യപ്പെടുന്ന കാര്യം ഫ്യൂഡൽ ഭാഷകളിൽ നിർവ്വചിക്കപ്പെടുന്ന ഫ്യൂഡലിസവുമായി (ജന്മികുടിയാൽ ഉച്ചനീചത്വബന്ധകോഡ്) യാതോരു ബന്ധവുമില്ലതന്നെ എന്ന കാര്യം ഇങ്ഗ്ളിഷുകാർക്ക് അറിവില്ലതന്നെ. രണ്ടാമത്തേതിന്റെ കോഡുകൾ ഫ്യൂഡൽ ഭാഷാകോഡുകളുമായി കിണഞ്ഞാണ് ഇരിക്കുന്നത്.

ഇത്രയും കാര്യം മുകളിൽ എടുത്ത് പറഞ്ഞത്, ഫ്യൂഡൽ ഭാഷകളിൽ ഉള്ള വ്യക്തികൾ അല്ല ഇങ്ഗ്ളിഷിൽ ഉള്ളത് എന്ന് പ്രസ്താവിക്കാനാണ്.

93. ഫ്യൂഡൽ ഭാഷാ പദങ്ങൾ ചുഴിക്കുറ്റി ആയിപ്രവർത്തിക്കുന്നതെങ്ങിനെ

ഇങ്ങിനെ ഇങ്ഗ്ളിഷിലുള്ള ആളുകളിൽ നിന്നും തികച്ചും വ്യത്യസ്തരായ ആൾക്കൂട്ടങ്ങളോടാണ് അഭിപ്രായം ചോദിക്കുന്നത്.

എന്നുവച്ചാൽ, 'അദ്ദേഹം', 'അയാൾ', 'അവൻ' എന്ന് മൌലികമായി വ്യത്യാസത്തിൽ നിലകൊള്ളുന്ന ആളുകളോടാണ് അഭിപ്രായം ചോദിക്കുന്നത്. മറ്റൊരാളെക്കുറിച്ച്.

ഈ ആളുകൾ അഭിപ്രായം പറയുമ്പോഴും, ഇതേ പോലെതന്നെ, മറ്റേയാളെ 'അദ്ദേഹം', 'അയാൾ', 'അവൻ' എന്ന് തരംതിരിച്ച്, അവർക്ക് സൌകര്യവും, സുഖംനൽകുന്നതുമായ നിലവാരത്തിൽ തറപ്പിച്ച് വച്ച്, ആയിരിക്കും അഭിപ്രായം പറയുന്നത്.

ഇങ്ഗ്ളിഷിലെ സൌമ്യവും, സുഖകരവും ആയ മാനസിക വേദിയിൽനിന്നും നോക്കിയാൽ തികച്ചും പൈശാചികമായ ഒരു അന്തരീക്ഷമാണ് സംജാതമാവുന്നത്.

ഫ്യൂഡൽ ഭാഷകളിൽ ഏറ്റവും അത്യാവശ്യമായിട്ടുള്ളത് ഏറ്റവും താഴ്ന്ന നിലാരത്തിലുള്ളവരുടെ ബഹുമാനമാണ്. വലിയവർ ബഹുമാനിച്ചില്ലെങ്കിൽ കാര്യമായ മാനസിക വെപ്രാളം വരില്ല. എന്നാൽ സമൂഹത്തിലെ താഴെക്കിടയിലുള്ളവരുടെ ബഹുമാനം കാര്യമായ ഒരു ആവശ്യമാണ്. കാരണം, അവർ തരംതാഴ്ത്തിയാൽ, നേരെ ഇടിഞ്ഞ് വീഴുന്നത്, സാമൂഹിക ഗർത്തത്തിലേക്കാണ്.

ഈ ഒരു പ്രശ്നം ഈ ഉപദ്വീപിൽ ഏതാണ്ട് പകുതി ഭാഗത്ത് ഇങ്ഗ്ളിഷ് ഭരണം നടക്കുന്ന കാലത്ത്, പ്രാദേശിക ഭാഷകൾ പഠിക്കാതിരുന്ന ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥരെ ബാധിച്ചില്ലാ എന്നാണ് തോന്നുന്നത്. അതിനാൽത്തന്നെ പൊള്ളയായ കൈയടി കിട്ടുവാനായി അവരുടെ പ്രവർത്തന കാര്യക്ഷമതയെ അവർ വികലപ്പെടുത്തിയില്ല.

ഈ ഉപഭൂഖണ്ടത്തിലെ ഭാഷകൾ പഠിച്ച ഇങ്ഗ്ളിഷുകാരുടെ പലവിധ വ്യക്തിപരമായ ഗുണമേന്മയും പാളിപ്പോയി എന്നും തോന്നുന്നുണ്ട്.

ഇതും ഒരുകാര്യമായി വിഷയമാണ്.

ഇതിലെ ഒരു സംഗിത ഇങ്ങിനെ വിവരിക്കാം.

ഐപിഎസ്സുകാരൻ ഡിവൈഎസ്പിയോട് കാര്യങ്ങൾ ചോദിക്കുന്നു, അഭിപ്രായം ആവശ്യപ്പെടുന്നു, സ്വന്തം നിലവാരത്തിലുള്ള സഹപ്രവർത്തകരെക്കുറിച്ച് അഭിപ്രായങ്ങൾ ആരായുന്നു.

ഡിവൈഎസ്പി താഴെയുള്ള ആളാണ്. ആ ആളും, കാര്യങ്ങളെ 'അദ്ദേഹം', 'അയാൾ', 'അവൻ' എന്നരീതിയിൽ വിശകലനം ചെയ്യുന്ന ആളും, സ്വയം ഈ വക നിലവരങ്ങളിൽ ചാഞ്ചാടുന്ന ആളും ആണ്.

ഐപിഎസ്സുകാർ മുകളിൽ വരുന്നവരാണ്. ഡിവൈഎസ്പി, താഴെ ഒരു ചുഴിക്കുറ്റി(Pivot)മാതിരിനിന്ന് കൊണ്ടാണ് അവരെ ഫ്യൂഡൽ ഭാഷകളിൽ വീക്ഷിക്കുക. 'അദ്ദേഹം', 'അയാൾ', 'അവൻ' എന്ന രീതിയിൽ അവരെ ആട്ടാൻ പറ്റും ഈ ചുഴിക്കുറ്റിക്ക് (Pivotന്).

ഐപിഎസ് ഓഫിസർ, അഭിപ്രായം ചോദിക്കുന്നത് ഇൻസ്പെക്ടറോടാണ് എന്ന് കരുതുക. ചുഴിക്കുറ്റിയുടെ (Pivotന്റെ) ഉയരം കൂടും. കാരണം, ഇൻസ്പെക്ടർ കുറേക്കൂടി താഴെയുള്ള സ്ഥാനമാണ്.

ഐപിഎസ് ഓഫിസർ, അഭിപ്രായം ചോദിക്കുന്നത് പോലീസ് ശിപായിയോടാണ് എന്ന് കരുതുക. ചുഴിക്കുറ്റിയുടെ (Pivotന്റെ) ഉയരം കുറേക്കൂടി ഉയരും. ഐപിഎസ്സുകാരെ വലിയ ആയാമത്തിൽ (Amplitudeൽ) ആട്ടാൻ ഉള്ള നീളമാണ് നിലവിൽ വരുന്നത്.

ഇങ്ങിനെയുള്ള ഒരു പ്രതിഭാസം ഇങ്ഗ്ളിഷ് പോലുള്ള നിരപ്പുള്ള ഭാഷകളിൽ ഇല്ലതന്നെ.

ഈ ഒരു കാരണത്താൽത്തന്നെ, ഏത് പ്രസ്ഥാനത്തിലും, വീട്ടിലായാലും, തൊഴിൽ സ്ഥാനത്തിലായാലും, മുകളിൽ ഉള്ളവർ തങ്ങളുടെ ഇടയിലേക്ക് വളരെ താഴെനിലവാരത്തിലുള്ളവർക്ക് പലവിധ സ്വാതന്ത്ര്യങ്ങളും നൽകിയാൽ, വിഘടനമാണ് സംഭവിക്കുക.

സീതയെക്കുറിച്ചും, രാമനേയും സീതയേയും പറ്റിയും അഭിപ്രായം പറയാനും, സീതയെക്കുറിച്ച് ചർച്ചചെയ്യാനും, കൈകേയി സ്വന്തം പണിക്കാരിക്ക് സൌകര്യം നൽകിയാലുള്ളത് പോലെയാകും കാര്യങ്ങൾ.

കാരണം, ഇങ്ങിനെ ഒരു സൌകര്യം പണിക്കാരത്തിക്ക് കൊടുക്കുമ്പോൾ, സീതയെ 'അവൾ' എന്ന വാക്കിനാൽ പരാമർശിക്കാനുള്ള അവകാശം റാണി, നൽകുന്നുണ്ട്. അവർ, ചേച്ചി, രാജകുമാരി എന്നെല്ലാം വിട്ട് അവൾ എന്ന് റാണിയോട് തന്നെ പറയാനാകുന്നത്, വ്യക്തിത്വത്തിന്റെ കോഡുകളിൽ ഒരു പൈശാചികമായ മൂല്യ വർദ്ധനവ് വരുത്തും. സുഖമുള്ള കാര്യമാണ്.

താഴോട്ടും മുകളിലോട്ടുമായി തെന്നിത്തിരിയുന്ന വട്ടാട്ടകൂടാരം (Merry-go-round/ Carousel) പോലെ, താഴെയുള്ളയാൾ, മുകളിലുള്ളവരെ തിരിക്കും.

94. ഫ്യൂഡൽ ഭാഷകളുടെ പൈശാചിക സവിശേഷതകൾ

ഇവിടെ സംവാദത്തിന്റെ ഒഴുക്ക് ഒന്ന് നിർത്തിയിട്ട് ഫ്യൂഡൽ ഭാഷകളുടെ സവിശേഷ കഴിവുകൾ ഒന്ന് എണ്ണിനോക്കാം.

1. ആളുകളുടെ ഇടയിൽ ആപ്പ് കയറ്റം (act as a wedge),

2. ആളുകളെ വ്യത്യസ്ത നിലവാരങ്ങളിൽ വികടിപ്പിച്ച് തെറിപ്പിക്കാം (divisive),

3. ആളുകളെ വ്യത്യസ്തതയോടുകൂടി വീക്ഷിക്കാം (discriminative),

4. വന്യജീവികൾക്ക് ഉള്ള പല്ലുകൾ ഉപയോഗിച്ച് എന്ന പോലെ കടിക്കാം (can be carnivorous),

5. വന്യജീവികൾക്ക് ഉള്ള മാതിരിയുള്ള കാൽനഖങ്ങൾ പോലുള്ള നഖങ്ങൾ ഉപയോഗിച്ച് മറ്റുള്ളവരെ പിടിച്ച് നിർത്താം, അവരെ മാന്താം (act like claws),

6. മൂർച്ചയേറിയ മുനയുള്ള സൂചിപോലെ ആഴങ്ങളിൽ കുത്തിനോവിക്കാം (pierce like a sharp needle),

7. തമ്മിൽതമ്മിൽ ഒത്തൊരുമയോടുകൂടി നിലനിൽക്കുന്ന ആളുകളിൽ തമ്മിൽതമ്മിൽ വിരോധവും, വിദ്വേഷവും സൃഷ്ടിക്കാം (be disruptive),

8. ഒരാൾ ഉയരുമ്പോൾ മറ്റേ ആൾ നിർബന്ധമായും താഴണം എന്ന പൈശാചികമായ പ്രതിഭാസം സൃഷ്ടിക്കാം (act like a see-saw),

9. ആളുകളെ ഒരു ചുഴിക്കുറ്റിയുടെ മുകളിൽ ഘടിപ്പിച്ച് ഒരു വട്ടാട്ടകൂടാരം ഇട്ട് കറക്കുന്നത് പോലെയാക്കാം (act like a pivot),

10. മുകളിൽ ഉള്ള ആളെ താഴേക്കും താഴെയുള്ള ആളെ മുകളിലേക്കും ഒറ്റഅടിക്ക് സ്ഥാനചലനം നടത്താനാവും (flip vertically),

11. ഒരാളെ ചിലരെക്കൊണ്ട് ബഹുമാനിപ്പിച്ചും, മറ്റ് ചിലരെക്കൊണ്ട് ബഹുമാനമില്ലാതെയും ഒരേസ്ഥലത്ത് വച്ച് സംബോധനചെയ്തോ, പരാമർശിച്ചോ ചെയ്ത് കൊണ്ട്, ആളെ ചുരുട്ടുന്ന പ്രതീതിയുളവാക്കാനാവും (squeeze and twist an individual),

12. വാക്ക് കോഡുകളുടെ നിലവാരം നിരന്തരമോ, ചിലപ്പോഴെക്കെയോ മാറ്റിമാറ്റി പ്രകടിപ്പിച്ച് കൊണ്ട്, വ്യക്തിയിൽ ഒരു തരം വിറക്കുന്നതോ, സ്പന്ദിക്കുന്നതോ, പൊങ്ങുകയും താഴുകയും ചെയ്യുന്നതോ ആയ പ്രതീതി ഉളവാക്കാം (vibrate or bounce),

13. വാക്ക് കോഡുകൾ ഉപയോഗിച്ച് കൊണ്ട് വ്യക്തിത്വത്തിലും, വ്യക്തിബന്ധത്തിലും, ചരിവുകളും, സ്ഥാനചലനങ്ങളും, വലിവുകളും, ഉന്തലുകളും മറ്റും അനുഭവിപ്പിക്കാം, വാക്ക് കോഡുകൾക്ക് ദിശാഘടകാംശമുള്ളതിനാൽ, പലകാര്യങ്ങളിലും ദിശാവ്യതിചലനം സൃഷ്ടിക്കാം (create a change in focus or shift in direction)

14. നിരപ്പുള്ള ഭാഷാ സമൂഹങ്ങളിൽ ഫ്യൂഡൽ ഭാഷകൾ കയറിയാൽ, അവിടങ്ങളിൽ സമൂഹത്തിൽ ആകമാനം വിഘടനകോഡുകൾ നിറയും. വിവിധ തരം വ്യക്തി ബന്ധങ്ങൾക്ക് ക്ഷതമേൽക്കും. കാലാകാലങ്ങളായി വളർത്തിയെടുത്ത സാമൂഹിക കീഴ്വഴക്കങ്ങൾ ചിതറിനശിക്കും. അദൃശ്യവും അതേ സമയം നിർവ്വചിക്കാനോ, മനസ്സിലാക്കാനോ ആവാത്ത ഒരു പൈശാചികത സമൂഹത്തിലാകമാനം പടരുന്നതായി അനുഭവപ്പെടും, അവിടുത്തുകാർക്ക്. (total disintergration of social conventions in planar language nations)

15. വാക്ക് കോഡുകൾകൊണ്ട് വ്യക്തിബന്ധങ്ങളിലും, ഗുരു-ശിഷ്യൻ, നേതാവ്-അണി തുടങ്ങിയ ബന്ധങ്ങളിലും കാന്തത്തിന്റെ (Magnetന്റെ) വ്യത്യസ്ത ധ്രുവങ്ങൾ പോലെ ഉപയോഗിക്കാം.

16. ഒരേ ഭൌതിക ദൃശ്യത്തെ രണ്ടോ അതിൽ കൂടുതലായോ ആയി പുനരാവിഷ്ക്കരിക്കാം.

ഐറ്റം നം. 15ലും, 16ഉം അടുത്ത എഴുത്തിൽ വിശദീകരിക്കാം.

95. കാന്ത ദ്രുവങ്ങളുടെ ആകർഷണവും വികർഷണവും ദൃശ്യവൽക്കരിക്കുന്ന ഫ്യൂഡൽ ഭാഷാ വാക്ക് കോഡുകൾ

കഴിഞ്ഞ പോസ്റ്റിലെ 15ആമത്തെ ഐറ്റം വിശദീകരിക്കുകയാണ് :

ഫ്യൂഡൽ ഭാഷകളിൽ ഗുരു-ശിഷ്യ അല്ലെങ്കിൽ നേതാവ് - അണി തുടങ്ങിയ വ്യക്തി ബന്ധങ്ങളിലും, അവ സൃഷ്ടിക്കുന്ന വ്യാപകമായ സംഘടനകളിലും, മുകളിലോട്ട് താഴെനിന്നും ഒരു ആകർഷണം (attraction) നിലനിൽക്കും. തിരിച്ചും.

മുകളിലെ നേതാവിനെ ഒരു കാന്തമായി (magnetആയി) സങ്കൽപ്പിക്കുക. ഈ കാന്തത്തിലെ ദക്ഷിണ ധ്രുവം (South pole) താഴോട്ട് ചൂണ്ടി നിൽക്കും.

അണി എന്ന കാന്തത്തിന്റെ ഉത്തര ധ്രുവം (North pole) ഇതിനോട് ഒട്ടി നിൽക്കും.

ഈ അവസ്ഥ വാക്ക് കോഡുകളിലൂടെ വീക്ഷിച്ചാൽ, മുകളിൽനിന്നും 'നീ' എന്ന് സംബോധന ചെയ്യുന്ന നേതാവും, 'ചേട്ടൻ' / 'സാർ' /'അങ്ങുന്ന്' തുടങ്ങിയ വാക്കുകളാൽ തിരിച്ച് സംബോധന ചെയ്യുന്ന അണിയും.

ഇത് ശക്തമായ ഒരു ഒട്ടിനിൽക്കലാണ്.

ഇങ്ങിനെ മുകളിലെ കാന്തത്തിനോട് അനവധി അണികൾ എന്ന കാന്തങ്ങൾ (magnets) ഒട്ടിനിൽക്കുന്നതാണ് ഫ്യൂഡൽ ഭാഷകളിൽ ഒരു നേതാവും കുറേ അണികളും എന്ന പ്രസ്ഥാനം.

ഇതിന്റെ കെട്ടുറപ്പിന് അത്യാവശ്യമായ ഘടകം അണികൾക്ക് വാക്ക് കോഡുകളിൽ സൂചിപ്പിക്കാനുതകുന്ന ബഹുമാനമാണ്.

നീ - നിങ്ങൾ, നീ - സാർ, നീ - അങ്ങുന്ന്, നീ - ചേട്ടൻ, നിങ്ങൾ - സാർ, നിങ്ങൾ - ചേട്ടൻ, നീ - ചേച്ചി തുടങ്ങിയവ ഈ വിധ കാന്തിക ശക്തിയുള്ള ഗുരു - ശിഷ്യ / നേതാവ് - അണി ബന്ധങ്ങൾ ആണ്.

ഇങ്ങിനെയുള്ള ഒരു ശക്തമായ പട്ടാളച്ചിട്ടയിലുള്ള (regimented) ഒരു നേതൃത്വ ബന്ധത്തിന് ക്ഷതം വരുത്താൻ ഉതകുന്നത്, ഈ ബന്ധത്തിലൂടെ ഒരു രോഗബാധ പോലെ പടർന്നേക്കാവുന്ന ബഹുമാനക്കേടാണ്.

നേതാവിന്റെ / ഗുരുവിന്റെ വിലയിടിക്കുന്ന എന്തെങ്കിലും ഒരു വിവരം ആരെങ്കിലും ഒരു അണിയിൽ എത്തിച്ചാൽ അവിടെ ബന്ധം മുറിയും. ഈ വിവരം അറിയുന്ന അണികളുടെ സ്ഥാനത്ത് എല്ലായിടത്തും ബന്ധം മുറിയും.

ഒരു കത്തികൊണ്ട് ഓരോ ചരടും മുറിക്കുകയാണ് ചെയ്യുന്നത് എന്ന് പറയാമെങ്കിലും കാര്യങ്ങൾ കുറച്ച് കൂടി സങ്കീർണ്ണമാണ്.

മോശമായ വിവരം ഒരു ശക്തിയേറിയ കോഡ് ആയിട്ടാണ് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്. അണിയുടെ കാന്തിക കോഡിനെ നേരെ മലക്കം മറിക്കും ഈ കോഡ്. ഉത്തരധ്രുവം നേരെ താഴേക്ക് മറിഞ്ഞ് മാറി, അതിന്റെ സ്ഥാനത്ത് ദക്ഷിണ ധ്രുവം വരും.

ബന്ധന കണ്ണിയുടെ സ്ഥാനത്ത് രണ്ട് ദക്ഷിണ കോണുകൾ വന്ന് നിൽക്കും. അണിയുടെ ദക്ഷിധ്രുവം നേതാവിന്റെ കാന്തിക വലയത്തിൽനിന്നും തെറിച്ച് മാറിനിൽക്കും.

വാക്ക് കോഡുകളിൽ എന്താണ് മലക്കം മറിച്ചിൽ നടക്കുന്നത് എന്ന് ദൃഷ്ടാന്തീകരിക്കാനായി, ഒരു സംഭവ വിവരണം നൽകാം.

ഏതാണ്ട് 1947. സബർമതി ആശ്രമത്തിൽ വച്ച്, അവിടുള്ള ഏറ്റവും ആദരിക്കപ്പെടുന്ന ഗുരു സ്ഥാനത്ത് ഉള്ള വ്യക്തിയുടെ ഒരു തെറ്റായ നടപടി ആശ്രമത്തിന്റെ സെക്രട്ടറിയായ വ്യക്തി കണ്ടു. സെക്രട്ടറിക്ക് വേണമെങ്കിൽ കണ്ട സംഗതിയെ അങ്ങ് നിസ്സാരമായി തള്ളാമായിരുന്നു. കാരണം, ഇങ്ഗ്ളിഷ് നിയമ ചട്ടങ്ങൾ പ്രകാരം ഒരു ആഭാസത്തരമാണ് ചെയ്യപ്പെട്ടതെങ്കിലും, പ്രാദേശിക സാമൂഹിക സംസ്ക്കാര പ്രകാരം, നിസ്സാരമായ കാര്യമായും പരിഗണിക്കാവുന്ന കാര്യമാണ്.

സെക്രട്ടറി സംഗതിയെ ഒരു ആഭാസമായിത്തന്നെ കാണ്ടു. പിന്നെ ആ ആൾ ആ ആശ്രമത്തിൽ തുടരുന്നതിൽ ആർത്ഥമില്ലതന്നെ.

കാരണം, ഈ വിഷയം മറ്റുള്ളവരോട് ചർച്ചചെയ്യുമ്പോൾ, ഗുരു 'അദ്ദേഹത്തിൽ' നിന്നും 'അയാളായി' മാറും.

കാരണം, 'അദ്ദേഹം ഇങ്ങിനെ ചെയ്തു', എന്ന് പറയുമ്പോൾ, വാക്യ രചനയിൽ കാര്യമായ ഘനമില്ലായ്മ വരും. 'അയാൾ ഈ കാര്യം ചെയ്യുന്നത് ഞാൻ കണ്ടു' എന്നാവും കൂടുതൽ കാര്യക്ഷമായിട്ടുള്ള വാക്യമായി വരിക.

മറ്റു വല്ലവരും ആണെങ്കിൽ വാക്യം 'അവൻ ഇങ്ങിനെ ചെയ്യുന്നത് ഞാൻ കണ്ടു' എന്നാവാനും സാധ്യത ഉണ്ട്.

ഗുരുവും ശിക്ഷ്യനും തമ്മിൽ ഒട്ടിനിൽക്കുന്ന ഇടത്ത്, കാന്തിക ദ്രവങ്ങൾ മാറി മറിയുകയാണ്. 'അദ്ദേഹം' എന്നതിന്റെ സ്ഥാനത്ത് 'അയാൾ' വന്ന് സ്ഥാനം കരസ്ഥമാക്കുന്നു.

മുകളിൽ ഉള്ള ഗുരുവിന്റെ കാന്തിക ദ്രുവം (magnetic pole) ഈ വിവരം തിരിച്ചറിയും.

ഒട്ടിനിൽക്കുന്നതിന് പകരം ഉന്തിത്തെറിപ്പിക്കുന്ന ദ്രവമാണ് അണിയുടെ സ്ഥാനത്ത് വന്ന് നിൽക്കുന്നത്.

ആശ്രമ സെക്രട്ടറി ആ സ്ഥാനത്ത് തുടരുന്നത് അപകടമാണ്. അണികളിൽ എല്ലാവരിലും തന്നെ ഒരു വിഷമയം, ആ ആശ്രമത്തിൽ ആ ആൾ പടർത്തും. എല്ലായിടത്തും, 'അദ്ദേഹത്തെ' 'അയാൾ' ആക്കിവിടും ഈ സെക്രട്ടറി.

സെക്രട്ടറിയുടെ പണി പോയി.

ഈ സംഗതിക്ക് പുല്ലിന്റെ വില നൽകിയവർ ആശ്രമത്തെ ശക്തിപ്പെടുത്തുകയും, ആശ്രമത്തിലെ പലവിധ ഔപചാരിക സ്ഥാനമാനങ്ങൾ അലങ്കരിക്കുക ചെയ്യുന്നത് തുടരുകയും ചെയ്തു.

96. ഭൌതിക ദൃശ്യത്തെ ഒന്നിൽക്കൂടുതലായി പുനരാവിഷ്ക്കരിക്കുന്നതെങ്ങിനെ

93ലെ 16ആമത്തെ ഐറ്റം ഇനി എടുക്കാം.

QUOTE: 16. ഒരേ ഭൌതിക ദൃശ്യത്തെ രണ്ടോ അതിൽ കൂടുതലായോ ആയി പുനരാവിഷ്ക്കരിക്കാം. END OF QUOTE

ഈ ഒരു പ്രതിഭാസത്തെ ഒരു സംഭവ വിവരണത്തിലൂടെ വിവരിക്കാം.

ഏതാണ്ട് 2002ൽ, മലപ്പുറം ജില്ലയിൽ വച്ച് യാദൃശ്ചികമായി ഒരു വെളുത്ത വർഗ്ഗക്കാരിയായ സ്ത്രീയുമായി ഏതാനും നിമിഷങ്ങൾ സംസാരിക്കാനുള്ള അവസരം ഒരു വേദിയിൽ വച്ച് ഉണ്ടായി. ഐറിഷ് പാരമ്പര്യമുള്ള യൂഎസ് പൌരത്വം ഉള്ള ആളാണ്. ഈ ആളുടെ കുടുംബക്കാർ യൂഎസ്സിലേക്ക് നീങ്ങുന്നകാലത്ത്, ഐയർലെണ്ട് പൂർണ്ണമായും ബ്യട്ടണ്ടെ ഭാഗമായിരുന്നു.

എന്നാൽ, ബ്യട്ടനെ പുച്ഛിച്ചാണ്, ഇങ്ഗ്ളിഷ് രാജ്യത്തിലെ പൌരത്വം പേറുന്ന ഈ സ്ത്രീ സംസാരിക്കുന്നത്.

ഈ ഉപഭൂഖണ്ടത്തിലെ പ്രാദേശിക ഭാഷകൾ ഒന്നുംതന്നെ അറിയാത്ത, ഒരു ഇങ്ഗ്ളിഷ് രാജ്യക്കാരിയെന്ന നിലയിൽ, മലപ്പുറത്ത് കാര്യമായിത്തന്നെ സാമൂഹികമായി ഇറങ്ങി നടക്കുന്ന ഒരു മദ്ധ്യവയസ്കയാണ് ഈ ആൾ.

യാതോരു ഔപചാരിക ബഹുമതികളും ഇല്ലാതെ, ഇങ്ങിനെ ഇറങ്ങി നടന്നാൽ, മലയാളം പോലുള്ള ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ, തങ്ങളുമായി ബന്ധപ്പെട്ട ഭാഷാ കോഡുകളിൽ ഇടിവ് സംഭവിക്കും. ഈ കാര്യം ചെറിയ തൊതിൽ ഈ എഴുത്തുകാരൻ ഒന്ന് സൂചിപ്പിച്ചു.

അപ്പോൾ, ഈ വനിത പറഞ്ഞത് ഒരു ഗംഭീരമായ വിവരക്കേടാണ്.

ഈ ആളോട് ഇതേ കാര്യം പലരും പറഞ്ഞിട്ടുണ്ടത്രേ . മലയാളത്തിൽ bad words (മോശമായ പദങ്ങൾ) ഉണ്ട് എന്ന്. ഇതിന് ഈ ആൾ പറഞ്ഞ മറുപടിയാണ് വിവരക്കേടിന്റെ വക്കത്ത് നിൽക്കുന്നത്.:

"There are bad words in English also". (ഇങ്ഗ്ളിഷിലും മോശമായ പദങ്ങൾ ഉണ്ട്).

അത് 'വേ', ഇത് 'റെ', എന്ന് പറഞ്ഞത് മാതിരിയാണ് കാര്യങ്ങൾ.

ഇങ്ഗ്ളിഷിൽ ഉണ്ട് എന്ന് പറയപ്പെടുന്ന മോശമായ പദങ്ങൾ മലയാളത്തിൽ പതിന്മടങ്ങ് ഉണ്ട്. അതിനെക്കുറിച്ചല്ല പലരും ഈ ആൾക്ക് മുന്നറിയിപ്പ് നൽകിയത്.

മറിച്ച്, ഇങ്ഗ്ളിഷ് പോലുള്ള പരന്ന കോഡുകൾ ഉള്ള ഭാഷകളിൽ ഇല്ലാത്ത പൈശാചിക വാക്ക് കോഡുകൾ ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്.

ഇത് ചിത്രീകരിക്കാൻ ഈ ദൃശ്യം മാത്രം മതി.

മലപ്പുറത്തുള്ള ഒരു സാമൂഹിക വേദിയിൽ (അങ്ങാടിയിലെ ഒരു പീടിക / ആളുകൾ കൂട്ടംകൂടി ഇരിക്കുന്ന മൈതാനം / ചായക്കട) ഈ ആൾ കയറിവരുന്നു.

ഒരാൾ പറയുന്നു: അവർ വരുന്നുണ്ട്. (ഓള് വരുന്നുണ്ട്.)

ആളുകൾ വ്യക്തമായ പരിഗണനയോടും, ആദരവോടും ഇവരെ എതിരേൽക്കുന്നു.

ഈ വക ആദരവും പരിഗണനയും ഒരു ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷത്തിൽ സങ്കൽപ്പിക്കാൻ കൂടി കഴിയില്ല.

ഇതിന്റെ സുഖം അറിഞ്ഞതിനാൽ, ഈ ആൾ ഇടക്കിടക്ക് ഈ വേദിയിൽ കയറിവരുന്നു.

ഇങ്ങിനെയുള്ള ഒരു പെരുമാറ്റം മലയാളത്തിൽ വാക്ക് കോഡുകളിൽ കാര്യമായ വ്യതിചലനം സൃഷ്ടിക്കും.

ഒരാൾ പറയുന്നു: അവൾ വരുന്നുണ്ട് / ഓള് വരുന്നുണ്ട്.

അവിടെ ഇരിക്കുന്ന ആളുകളുടെ മുഖത്ത് ഒരു പരിഹാസ മന്ദഹാസം പടരുന്നു.

രംഗം മാറിയിട്ടുണ്ട്.

അവർ (ഓര്) വരുന്നുണ്ട്

എന്ന രംഗവും,

അവൾ (ഓള്) വരുന്നുണ്ട്,

എന്ന രംഗവും രണ്ടും രണ്ടാണ്.

ഒരേ ദൃശ്യത്തെ രണ്ട് വ്യത്യസ്ത ഗുണ നിലവാരത്തിലുള്ള കണ്ണാടിയിലൂടെ വീക്ഷിക്കുന്നത് പോലെ വ്യത്യസ്തമാണ് രണ്ടും.

അതുമല്ലെങ്കിൽ ഗുണനിലവാരമുള്ള കണ്ണാടിചില്ലിലൂടെ ഒരു രംഗം വീക്ഷിക്കുന്നു. അതിന് ശേഷം, കണ്ണാടിച്ചില്ല് പൊളിച്ച് അതേ രംഗം വീക്ഷിക്കുന്നു.

പൊളിഞ്ഞകണ്ണാടിച്ചില്ലിലൂടെ വീക്ഷിക്കുന്ന ദൃശ്യം വിലക്ഷണമുള്ളതാണ്.

97. ആളെ എടുത്ത് കുടയാനാകുന്ന ഫ്യൂഡൽ ഭാഷാ വാക്ക് കോഡുകൾ

ഫ്യൂഡൽ ഭാഷകളുടെ സവിശേഷതകൾ എണ്ണാൻ തുനിഞ്ഞത്, എഴുത്തിന്റെ ഒഴുക്ക് വിട്ടുള്ള ഒരു പ്രയാണം ആണ്. ഒഴുക്കിലേക്ക് തിരിച്ച് പോകേണ്ടിയിരിക്കുന്നു.

എന്നാൽ, പെട്ടെന്ന് മനസ്സിൽ ഒരു കാര്യം കൂടി കടന്നുവന്നിരിക്കുന്നു. അതും കൂടി പറഞ്ഞ് കൊണ്ട് ഈ എണ്ണിത്തിട്ടപ്പെടുത്തലിൽ നിന്നും വിട്ടുപോകാം എന്ന് കരുതുന്നു

ഫ്യൂഡൽ ഭാഷാ കോഡുകൾക്ക് ആളുകളെ എടുത്ത് കുടയാം എന്ന ഒരു കഴിവ് കൂടിയുണ്ട്.

ഇങ്ഗ്ളിഷിളെ What are you doing? എന്ന വാക്യം നോക്കുക.

ഇത്, ആളെ എടുത്ത് കുടയുന്ന ഒരു വാക്യമാക്കാൻ, ശബ്ദവും, മുഖഭാവവും മറ്റും ഉപയോഗിച്ച് ചെയ്യാനായേക്കാം. എന്നാൽ, ഈ വാക്യം ഫ്യൂഡൽ ഭാഷകളിൽ

നീ എന്താണ് ചെയ്യുന്നത്?

നീ എന്താ ഈ ചെയ്യുന്നത്?

നിങ്ങൾ എന്താണ് ചെയ്യുന്നത്?

നിങ്ങൾ എന്താ ഈ ചെയ്യുന്നത്?

സാർ എന്താണ് ചെയ്യുന്നത്?

സാർ എന്താ ഈ ചെയ്യുന്നത്?

എന്നെല്ലാം രീതിയിൽ തർജ്ജമ ചെയ്യാനാവും. ഈ വാക്കുകളിൽ, ചിലതിൽ ആളെ എടുത്ത് കുടയാനാകുന്ന കോഡുകൾ ഉണ്ട് എന്നുള്ളത് വാസ്തവമാണ്. എന്നാൽ, അവ എപ്പോഴാണ് ഒരു കുടയൽ വാക്യമാകുന്നത് എന്നത്, ആര്, ആരോടാണ് ഈ വാക്യം ഉപയോഗിക്കുന്നത് എന്നതിനേയും ആശ്രയിച്ചിരിക്കും.

ഈ വക പ്രശ്നങ്ങൾ ഇങ്ഗ്ളിഷിൽ ഇല്ലാ എന്ന് തീർത്ത് പറയാനാകില്ല. പ്രത്യേകിച്ചും, ഫ്യൂഡൽ ഭാഷക്കാർ ഇങ്ഗ്ളിഷ് ഉപയോഗിക്കുമ്പോൾ, അവർ YOU എന്ന പദത്തിന്, അവരുടെ സ്വന്തം ഭാഷയിൽ ഏത് പദമാണ് മനസ്സിൽ വച്ചത് എന്നത് വാക്കുകളിൽ ചിലപ്പോൾ പ്രതിഫലിക്കും. അവ എഴുത്ത് രൂപത്തിൽ ആണെങ്കിൽക്കൂടി.

ആപേക്ഷികമായി തരംതാണവർ ഈ വക വാക്കുകൾ ഉപയോഗിക്കുമ്പോൾ കൂടുതലായും അനുഭവപ്പെടും. ഇത്, ഇന്ന് ഇന്ത്യൻ സർക്കാർ ഓഫിസുകളിൽ നിന്നും വരുന്ന കത്തെഴുത്തുകളിൽ പ്രത്യേകമായും അനുഭവപ്പെടാൻ സാധ്യത ഏറിവരുന്നുണ്ട്. കാരണം, പ്രത്യേകിച്ച് എടുത്ത് പറയേണ്ടതില്ലതന്നെ.

ഇനി എഴുത്തിന്റെ ഒഴുക്കിലേക്ക് തിരിച്ച് പോകാം.

98. വൻ വ്യാപ്തിയുള്ള വ്യക്തികളെക്കുറിച്ച് അഭിപ്രായം വ്യത്യസ്ത നിലവാരമുള്ളവർ പ്രകടിപ്പിക്കുമ്പോൾ

ഫ്യൂഡൽ ഭാഷകളിൽ അഭിപ്രായപ്രകടനത്തിനും കാര്യമായ പരിമിതികൾ ഉണ്ട്.

ആളുകൾക്ക് മാനസികമായി, സാമൂഹികമായോ, തൊഴിൽ പരമായോ, അതുമല്ലെങ്കിൽ സ്വന്തമായോ നിർവ്വചിക്കപ്പെട്ടിട്ടുള്ള 'അദ്ദേഹം' /'അയാൾ' / 'അവൻ' പരിധിക്കുള്ളിൽ നിന്നാണ് പലപ്പോഴും അഭിപ്രായം നൽകാൻ ആവുള്ളു.

കുറച്ച് കൂടി വ്യക്തമായി ഇങ്ങിനെ ആ കാര്യം പറയാം. ഒരു വ്യക്തിയുടെ ജീവശാസ്ത്രപരമായ (Biological) കാര്യങ്ങളുടെ, സംസാരിക്കാൻ ഏറ്റവും അപ്രിയകരമായ കാര്യങ്ങൾ, ആർക്കും പറയാനാവുന്ന കാര്യങ്ങളാണ്. ആരെപ്പറ്റിയും ഈ വിധ കാര്യങ്ങളുമായി ബന്ധപ്പെടുത്തി സംസാരിക്കാം.

എന്നാൽ, ഘട്ടംഘട്ടമായി സംസാരവിഷയമായി ഗുണമേന്മയുള്ള കാര്യങ്ങളുമായി ബന്ധപ്പെടുത്തി, മറ്റുള്ളവരെ മൂല്യനിർവ്വഹണം ചെയ്യാനാവുന്നവർ ഘട്ടംഘട്ടമായി എണ്ണത്തിൽ കുറഞ്ഞ് കുറഞ്ഞ് വരും.

എല്ലാരീതിയിലും വളരെ ചെറിയ വ്യാപ്തിയും വിശാലതയും ഉള്ള വ്യക്തിത്വങ്ങളെക്കുറിച്ച്, ഏതൊരാൾക്കും അഭിപ്രായം പറയാനാകും.

എന്നാൽ, ചിന്താമണ്ഡലത്തിലും പ്രവർത്തി മേഖലയിലും വളരെ വിസ്തൃതിയും ആയാമവും ഉള്ള ഒരു വ്യക്തിയെക്കുറിച്ച്, ഒരാളോട് അഭിപ്രായം ചോദിക്കുമ്പോൾ, അയാളുടെ സ്വന്തം നിലവാര വ്യാപ്തിക്ക് അതീതമായുള്ള കാര്യങ്ങളെക്കുറിച്ചും, സംഭവങ്ങളെക്കുറിച്ചും ശരിയാംവണ്ണം ആ ആൾക്ക് അഭിപ്രയം പറയാനാകില്ലതന്നെ.

എന്നാൽ ഇങ്ങിനെയുള്ളവരിൽ പലരും അഭിപ്രായം പറയാൻ കിട്ടിയ അവസരം പാഴാക്കില്ല. അവരുടെ കാഴ്ചപ്പാടിൽ പെടുന്ന കാര്യം വച്ച് അവർ മറ്റെ ആളെക്കുറിച്ച് അഭിപ്രായം പറയും. വിലയിരുത്തും.

ഇങ്ഗ്ളിഷിലും ഇതേ പോലെ പെരുമാറാമെങ്കിലും, മുകളിൽ സൂചിപ്പിച്ച, 'അദ്ദേഹം' /'അയാൾ' / 'അവൻ' വ്യക്തിത്വ വ്യത്യാസം ഈ വക വിലയിരുത്തലുകളെ ബാധിക്കില്ലതന്നെ.

99. ഫ്യൂഡൽ ഭാഷാ വാക്കുകൾക്ക് പ്യസം മാതിരിയും പെരുമാറാൻ ആവും

സംഭവവികാസങ്ങളെക്കുറിച്ച് അഭിപ്രായം പറയുന്നതിലെ പരിധിയെ കാണിക്കാനായി ഒരു ചെറിയ ഉദാഹരണം നൽകാം.

ഒരു കൂട്ടം കോളെജ് വിദ്യാർത്ഥികൾ നിൽക്കുന്നു. അവരിൽ ഒരാളോടൊപ്പം മറ്റൊരു ചെറുപ്പക്കാരൻ നിന്ന് സംസാരിക്കുന്നു. ഒരു യുവാവായ അദ്ധ്യാപകൻ വന്ന് കൊളെജ് വിദ്യാർത്ഥിയോട് കയർത്ത് സംസാരിക്കുകയും, താൻ അങ്ങിനെ ചെയ്യരുത്, താൻ ഇങ്ങനെ ചെയ്യരുത്, താൻ ഇത് ചെയ്യ്, താൻ അത് എന്തിനാണ് ചെയ്തത്? എന്നെല്ലാം പറയുന്നു. വിദ്യാർത്ഥി ബഹുമാനത്തോടുകൂടെ, അതിനെല്ലാം തലകുലുക്കുകയും, 'സാർ, സാർ' എന്ന് പറയുകയും ചെയ്യുന്നു.

തുടർന്ന് അയാളുടെ കൂടെ നിൽക്കുന്ന യുവ പ്രായക്കാരനായ ചെറുപ്പക്കാരനോട്, ഇതേ സ്വരത്തിൽ അദ്ധ്യാപകൻ ഞെട്ടിക്കുന്ന സ്വരത്തിൽ സംസാരിക്കുന്നു. ഉടനെ ആ യുവാവ് തിരിച്ച്, അദ്ധ്യാപകനോട്, 'ഇതൊക്കെ എന്നോട് പറയാൻ നീ ആരാ?' എന്നോ, 'ഇതൊക്കെ എന്നോട് പറയാൻ താൻ ആരാ?' എന്നോ പതിഞ്ഞിയ സ്വരത്തിൽ ചോദിക്കുന്നു.

ഈ സംഭവത്തെ, വിലയിരുത്തുമ്പോൾ, അദ്ധ്യാപകന് എന്തും പറയാം, അദ്ധ്യാപകനോട് ബഹുമാനം കാട്ടിത്തന്നെ മറ്റുള്ളവർ പെരുമാറണം എന്ന വിവരം പരിശീലിച്ചിട്ടുള്ള ആൾ, ഈ സംഭവത്തെ ഒരു പ്രത്യേക രീതിയിലാണ് വിലയിരുത്തുക. അതേ സമയം, വിദ്യാർത്ഥികളോട് വളരെ മാന്യമായും ബഹുമാനത്തോടും പെരുമാറണം എന്ന് പരിശീലനം ലഭിച്ചിട്ടുള്ള ആൾ മറ്റൊരു രീതിയിലാണ് വിലയിരുത്തുക.

എന്നാൽ, കുറച്ച് കൂടി ആലോചിച്ചാൽ മനസ്സിലാകുന്നത്, മൂന്നാമതായുള്ള ചെറുപ്പക്കാരൻ, അദ്ധ്യാപക-വിദ്യാർത്ഥി ഉച്ചനീചത്വ ബന്ധകോഡുകളിൽ ഉൾപ്പെടാത്ത ആളാണ്. അയാളോട്, ഈ കോഡുകൾ പ്രകാരം അധികാരം അടിച്ചേൽപ്പിക്കാൻ ശ്രമിച്ചതാണ് പ്രശ്നം എന്നും കാണാം.

മുകളിൽ നിന്നും താഴോട്ടേക്ക് കൂർത്തഗോപുരം മാതിരിയായി (Cone shaped) ആളുകളെ ഫ്യൂഡൽ ഭാഷകൾക്ക് അടുക്കിക്രമപ്പെടുത്താനാവും എന്ന ഒരു കഴിവാണ് ഇവിടെ പ്രകടമാകുന്നത്. മുകളിൽ ഉള്ള ആൾക്ക് തനിക്ക് കീഴെയുള്ള, കോണിലുള്ളവരോട് എന്തും പറയാം എന്തും ആവശ്യപ്പെടാം എന്ന രീതിയിൽ ബഹുമാന-വിധേയത്വക കോഡുകൾ നിലനിൽക്കുന്നു.

എന്നാൽ, കീഴെത്തന്നെയുള്ള, എന്നാൽ ഈ കോണിൽ പെടാത്ത ആളോട് യാതൊരുവിധ കാര്യവും ഈ വിധം പറയാനും ആവശ്യപ്പെടാനും ആവില്ലതന്നെ.

മാത്രവുമല്ല, സ്വയം പരിചയപ്പെടുത്താതെ, ഫ്യൂഡൽ ഭാഷകളിൽ അങ്ങ് കേറി പെരുമാറിയാൽ, പ്രശ്നം വരും എന്നുള്ളതും ഒരു സംഗതിയാണ്.

ഫ്യൂഡൽ ഭാഷകൾക്ക് ഒരു പ്യസം (Prism) മാതിരിയും പെരുമാറാൻ ആവും. പരന്ന കോഡുകൾ ഉള്ള ഭാഷയിൽ പരന്ന രീതിയിൽ തമ്മിൽ ബന്ധപ്പെട്ടുകിടക്കുന്ന ആളുകളെ, ഫ്യൂഡൽ ഭാഷകളിൽ കൂടി വീക്ഷിച്ചാൽ, അവർ വിവിധ നിറപ്രത്യേകതയിൽ എന്നവണ്ണം ഒരു സ്പെക്ട്രം മാതിരി (Spectrumപോലെ)

ചിതറിമാറിവരുന്നതായി കാണാം. വെള്ള വെളിച്ചം, ഒരു പ്യ്രസത്തിലൂടെ കടത്തിവിട്ടാൽ എന്ന മാതിരി.


100. പർവ്വതീകരിക്കാനും, ചെറുതാക്കാനും ഉള്ളകഴിവ് ഫ്യൂഡൽ ഭാഷാ വാക്ക് കോഡുകൾക്ക്

എഴുത്തിന്‍റെ ഒഴുക്ക് വിട്ടാണ് ഇപ്പോൾ എഴുത്ത് പോകുന്നത്. പാതവിട്ട ഇടത്തേക്ക് തിരിച്ച് പോകേണ്ടിയിരിക്കുന്നു.

അതിന് മുൻപായി ഒരു ചെറിയ കാര്യം കൂടി, ഭാഷകളെക്കുറിച്ചും, ഫ്യൂഡൽ ഭാഷകളെക്കുറിച്ചും സൂചിപ്പിച്ചിട്ട് പോകാം എന്ന് കരുതുന്നു.

ഏത് സംഗതിയിലും, വാക്കുകൾക്ക് വലുപ്പച്ചെറുപ്പം സൃഷ്ടിക്കാൻ ആവും. അങ്ങിനെ മറ്റ് പലതും.

ഒരു വ്യക്തിയെക്കുറിച്ചോ, ഒരു സംഗതിയെക്കുറിച്ചോ ഒരാൾ സംസാരിക്കുമ്പോൾ, ആ ആൾ ഒരു തരം ലെൻസ് (lens - ഭൂതക്കണ്ണാടി) പോലെ പ്രവർത്തിക്കും.



ഉദാഹരണത്തിന് He is a big man / He is a small man. ഈ ഉദാഹരണം പരന്ന കോഡുകൾ ഉള്ള ഭാഷയിലേതാണ്.

എന്നാൽ, ഫ്യൂഡൽ ഭാഷയാണ് മാധ്യമമെങ്കിൽ (Mediumഎങ്കിൽ), ആ 'He'യുടെ സ്ഥാനത്താണ് മാറ്റം സംഭവിക്കുന്നത്. 'അവൻ', 'അയാൾ', 'അദ്ദേഹം', എന്ന രീതിയിൽ, ഈ സംഭാഷണം ലെൻസിലൂടെ അപ്പുറത്ത് കടക്കുമ്പോൾ, ആളുടെ കോഡുകളിലും, എല്ലാറ്റിനേയും ആവരണം ചെയ്യുന്ന യാഥാർത്ഥ്യത്തിന്‍റെ കോഡുകളിലും (Codes of reality), മാറ്റം സംഭവിക്കും. കണ്ണാടിക്കുള്ളിലെ രൂപത്തിൽ മാറ്റം സംഭവിക്കുന്നത് പോലെയും ഈ വ്യതിചലനം അനുഭവപ്പെട്ടേക്കാം.

അകവളവുള്ളതോ (Concave), അതുമല്ലെങ്കിൽ പുറവളവുള്ളതോ (Convex), ആകൃതിമാറിയതോ (distorted) ആയ ലെൻസ്, അഥവാ കണ്ണാടി എന്നതിൽ പ്രത്യക്ഷപ്പെടുന്ന രൂപത്തിൽ വലുപ്പച്ചെറുപ്പവും, അകൽച്ചയോ, അടുപ്പമോ, വലിഞ്ഞതോ, വികൃതപ്പെട്ടതോ അങ്ങിനെ പലതുമായ രീതിയിൽ രൂപവ്യത്യാസം വരുന്നത് പോലെ, ഫ്യൂഡൽ ഭാഷകളിലൂടെ ചലിച്ചാലും സംഭവിക്കും.

കണ്ണാടി എന്ന പ്രതിഭാസം തന്നെ അതി ഗംഭീരമായ ഒരു സോഫ്ട്‌വെയർ പ്രവർത്തന പ്രതിഭാസമായേക്കാം. പ്രിസവും (Prismവും)അതുപോലെതന്നെ. ഭൌതിക യാഥാർത്ഥ്യത്തെ നിയന്ത്രിക്കുന്ന അതീന്ദ്രിയ സോഫ്ട്വേർ കോഡുകളാവാം ഇവിടങ്ങളിൽ പ്രവർത്തിക്കുന്നത്. ഈ വിഷയത്തിലേക്ക് ഇപ്പോൾ കടക്കാൻ ആവില്ലതന്നെ.

മറ്റൊരു കാര്യം പറയാനുള്ളത്, ഫ്യൂഡൽ ഭാഷകളിൽ ഏതൊരാളും, നേരത്തെ സൂചിപ്പിച്ച ഏതെങ്കിലും ചില കൂർത്ത ഗോപുരങ്ങളിൽ (Coneകളിൽ) അംഗത്വം ഉള്ള ആളായിരിക്കും. വിവാഹം, തൊഴിലിൽ ചേരൽ, സ്കൂളിൽ ചേരൽ തുടങ്ങിയവ

അതീവ ശക്തമായ ഈ വിധ പുതിയ കൂർത്ത ഗോപുരങ്ങളിൽ സ്വയം അകപ്പെടുന്ന സംഗതിയാണ്.

ഇതിനാൽ തന്നെ ഈ വിധ കാര്യങ്ങൾ ചെയ്യുമ്പോൾ കാര്യമായിത്തന്നെ, ആ പുതിയ കൂർത്ത ഗോപുരങ്ങളിൽ മുകൾസ്ഥാനത്ത് നിൽക്കുന്നവർ ഏത് തരക്കാരാണ് എന്ന് വളരെ കാര്യമായിത്തന്നെ ശ്രദ്ധിക്കേണ്ടതാണ്. ഈ സംഗതിയുമായി ബന്ധപ്പെട്ട് വളരെ പറയാനുണ്ട്. പിന്നീടാകാം.

ഈ വിഷയം ഇവിടെ നിർത്തുകയാണ്. കാരണം, ഇത് സങ്കീർണ്ണമായ നിലവാരങ്ങളിലേക്ക് നീങ്ങാൻ സാധ്യതകാണുന്നു.

ഈ വഴിപ്പാതയിൽനിന്നും തിരിച്ച്, പ്രധാന പാതയിൽനിന്നും വഴിമാറിനീങ്ങിയ ഇടത്തേക്ക് തിരിച്ച് പോകേണ്ടിയിരിക്കുന്നു.

101. ഫ്യൂഡൽ ഭാഷാകോഡുകളുടെ വിക്രിയമായ മത്സരബുദ്ധി

പാത വിട്ട് ഒട്ട് ദൂരം നീങ്ങിയിരിക്കുന്നു. തിരിച്ച് പ്രധാന പാതയിൽ ഏത് ഇടത്ത് വച്ച് കയറണം എന്നത് കുറച്ച് പ്രശ്നമായി. കാരണം, ഏതാണ്ട് രണ്ട് മൂന്ന് ഇടത്ത് വച്ച്, പ്രധാന പാതയിൽ കയറാം എന്ന് കാണുന്നു.

എഴുത്തിന്റെ ഒഴുക്കിൽ നിന്നാൽ എഴുത്ത് എളുപ്പമാണ്. ഒഴുക്കിൽനിന്നും വിട്ടുനിന്നാൽ, എഴുത്ത് പ്രയാസമായി വരും.

ഈ എഴുത്തുകരന്റെ ഔപചാരിക വിദ്യാഭ്യാസ ദിനങ്ങളാണ് പ്രതിപാദിച്ചുകൊണ്ടിരുന്നുത്.

വളരെ ചെറുപ്പ കാലത്ത് നല്ലനിലവാരമുള്ള ഇങ്ഗ്ളിഷ് വായനാ ശീലം ഉള്ള ഒരു വ്യക്തി. എന്നാൽ, ചുറ്റം ഉള്ളവർ ഇങ്ങിനെയൊരുകാര്യവുമായി യാതോരു ബന്ധവുമില്ലാത്തവർ. ശരിക്കും പറഞ്ഞാൽ, രണ്ട് വ്യത്യസ്ത മൃഗങ്ങൾ എന്ന രീതിയിൽ തന്നെ മാനസിക ധാര ഉള്ള രണ്ട് പേർ ഒന്നിച്ച് ജീവിക്കുന്ന അനുഭവം. കൂടെ പഠിച്ചവരിൽ അല്ലെങ്കിൽ കൂടെ ഹോസ്റ്റലിൽ ജീവിച്ചവർക്ക് ഒരു വ്യത്യാസം അനുഭവപ്പെട്ടിരുന്നു എന്ന് പലപ്പോഴും വ്യക്തമായിരുന്നു.

അവരിൽ പലർക്കും, അവർക്ക് അറിവില്ലാത്ത ഒരു ലോകം തന്നെയുണ്ട് എന്ന ധാരണ തന്നെ കിട്ടിയതായി അനുഭവപ്പെട്ടിരുന്നു. പ്രീഡിഗ്രിക്ക് പഠിക്കുന്ന അവസരത്തിൽ കൂടെ ഹോസ്റ്റലിൽ താമസിക്കുന്ന ഒരാൾ പറഞ്ഞു, താൻ പറയുന്ന ഇങ്ഗ്ളിഷ് വാക്കുകൾക്ക് ഉച്ചാരണത്തിൽ എന്തോ ഒരു വ്യത്യാസം ഉണ്ട്. ഞങ്ങളാരും പറയുന്ന രീതിയിൽ അല്ല താൻ പറയുന്നത്.

തിരുവിതാംകൂറിൽ അന്ന് ഉള്ള മലയാളം വിദ്യാഭ്യാസത്തിലൂടെയുള്ള ഇങ്ഗ്ളിഷ് ഈ വിധമാണ്. Want - വൺട്, Was - വാസ്, Is - ഈസ്, Wash - വാഷ്, Work - വർക്ക്. ഈ വിധ വിഡ്ഢി ഉച്ചാരണങ്ങൾ മലബാറിൽ മലയാളം പടർന്നതിനോടൊപ്പം കറയിക്കൂടിയിട്ടുണ്ട് ഇന്ന്.

മലയാളത്തിൽ, മിക്ക ഇങ്ഗ്ളിഷ് പദങ്ങളുടെ ഉച്ചാരണങ്ങളും യാഥാവിധം എഴുതാൻ പറ്റില്ലതന്നെ.

കൂടെ പഠിക്കുന്നവർക്ക്, വ്യത്യസ്തമായ എന്തോ ഉള്ളിൽഉള്ള ആളെ കൊണ്ട് ഒരു പരിധിവരെ ഉപകാരം ഉണ്ട് എന്നത് ശരിയാണ്. എന്നാൽ, അതോടൊപ്പംതന്നെ, വ്യക്തമായി ഒരു മത്സരബുദ്ധിയും, കെണിയിൽ ചാടിക്കാനും, ചതിക്കാനും പരിഹാസ്യനാക്കാനും ഉള്ള വെമ്പൽ ഉള്ളവരേയും കണ്ടിരുന്നു.

വ്യത്യസ്തവ്യക്തികളിൽ വ്യത്യസ്തരീതിയിൽ ഉള്ള മത്സരരീതിയിൽ ഉള്ള അനുഭവങ്ങൾ ഓർമ്മവരുന്നുണ്ട്. ഈ മത്സരിക്കാനുള്ള ഭാവം ഫ്യൂഡൽ ഭാഷകളിൽ പൊതുവായുള്ള മാനസിക പ്രക്രീയയാണ്.

ചിലർ പരസ്യമായി ഈ എഴുത്തുകാരാൻ ഒരു വിഡ്ഢിയും, വിവരദോഷിയും ആണ് എന്ന് മറ്റുള്ളവരുടെ മുന്നിൽ പ്രകടമാക്കാൻ ശ്രിമിച്ചതായി അനുഭവം ഉണ്ട്. ഇതിൽ ഉള്ള ഒരു പ്രശ്നം ഈ എഴുത്തുകാരൻ അങ്ങിനെ ഒരു ശ്രമത്തിന് തിരിച്ചങ്ങോട്ട് ശ്രമിച്ചതായി ഓർമ്മയില്ല. എത്ര മത്സരബുദ്ധിയില്ലാതെ കാര്യങ്ങൾ ചെയ്താലും, തിരിച്ച് മറ്റുള്ളവരിൽ ഒരു മത്സരബുദ്ധി പ്രകടമായി കണ്ടിരുന്നു.

വ്യക്തി ജീവിതത്തിലേക്ക് ഈ എഴുത്തിൽ കടക്കാൻ ആഗ്രഹിക്കുന്നില്ല. എന്നിരുന്നാലും, ഇത്രമാത്രം ഇവിടെ പ്രസ്താവിക്കാം. ജീവിതത്തിൽ മറ്റ് പല പശ്ചാത്തലങ്ങളും ഉണ്ട്. അതൊന്നും ഇവിടെ എഴുതുന്നതല്ല.

ചുറ്റുമുള്ളവർ, പലരും വളരെ അടുപ്പത്തിൽ ഉള്ളവർ. എന്നിട്ടും എവിടേയും ഒരു മത്സരബുദ്ധിയും, മറ്റുള്ളവരുടെ മുന്നിൽ ഈ എഴുത്തുകാരനെക്കാൾ കേമനാണ് എന്ന് തെളിയിക്കാനും ഉള്ള അടങ്ങാത്ത താൽപ്പര്യം എന്ത് കൊണ്ടാണ് എന്ന് അന്ന് മനസ്സിലായിരുന്നില്ല. എന്നാൽ പിന്നീട് ഫ്യൂഡൽ ഭാഷാകോഡുകളെക്കുറിച്ച് കൂടുതൽ വിവരം വന്നതോടുകൂടി, ഈ വിധ മത്സര ബുദ്ധി ഭാഷാകോഡുകളുടെ വിക്രിയമാണ് എന്ന് മനസ്സിൽ ഉദിച്ച് തുടങ്ങി.

102. ഇങ്ഗ്ളിഷ് പഠിപ്പിച്ചാൽ ആളുടെ മേലുള്ള നിയന്ത്രണം അറ്റ് പോകുമോ?

ഭാഷാപരമായ ചിലകാര്യങ്ങൾ ചിത്രീകരിക്കാൻ ഉതകുന്ന ഒന്ന് രണ്ട് വ്യക്തിപരമായ അനുഭവങ്ങൾ പറയാം.

ഏതാണ്ട് ഏഴാംക്ളാസിൽ പഠിക്കുന്ന കാലത്ത്, കുറച്ച് നാൾ ദൂരത്ത് ഒരു വീട്ടിൽ, ആലപ്പുഴയ്ക്ക് അടുത്തായ് താമസിച്ചിരുന്നു.

ഒരു ദിവസം അവിടെ ഏതാനും ഡിഗ്രിക്ക് പഠിക്കുന്ന ചെറുപ്പക്കാർ, പരീക്ഷയ്ക്ക് ഒന്നിച്ചിരുന്ന് പഠിക്കാനായി വന്നു. അവരുടെ ഇങ്ഗളിഷ് പാഠപുസ്തകങ്ങളിൽ ഒന്ന് Thomas Hardy എഴുതിയ Far from the madding crowd എന്ന ഗ്രന്ഥമായിരുന്നു എന്നാണ് ഓർമ്മ. അവർക്കാണെങ്കിൽ യാതോരു രീതിയിലും ഒരു എത്തുംപിടിയുംകിട്ടുന്നില്ല. കടുകട്ടിയായ ഇങ്ഗ്ളിഷ് ആയാണ് അവർക്ക് ആ പുസ്തകത്തെക്കുറിച്ചുള്ള അനുഭവം.

അപ്പോൾ ആ വീട്ടിലെ ആരോ ഈ എഴുത്തുകാരനെ പരിചയപ്പെടുത്തി, 'ഈ ആൾക്ക് ഇങ്ഗ്ളിഷ് നന്നായി അറിയാം' എന്ന് അറിയിച്ചു. അങ്ങിനെ ആ പുസ്തകം ഈ എഴുത്തുകാരനെ കാണിച്ചു. ഈ എഴുത്തുകാരൻ ആ പുസ്തകം നേരത്തെ ഒന്ന് രണ്ട് പ്രാവശ്യം വളരെ ലഘുവായി വായിച്ചിട്ടുള്ളതായിരുന്നു. കാരണം വീട്ടിൽ ആ പുസ്തകം എന്തോ കാരണത്താൽ കുറച്ച് മാസങ്ങളോളം ഉണ്ടായിരുന്നു.

പുസ്തകം വെറുതെ വായിച്ചു എന്നല്ലാതെ, ആ വായന ആസ്വദിച്ചതായി ഓർമ്മയില്ല. വ്യക്തമായി കഥയുടെ ഉള്ളുകള്ളികൾ മനസ്സിൽ തട്ടിയതായും ഓർമ്മയില്ല. ഇന്ന് കഥയും ഓർമ്മയില്ല.

ഡിഗ്രിക്കാർ പുസ്തകം നൽകിയപ്പോൾ, അവർക്ക് ആവശ്യമുള്ള ഭാഗങ്ങൾ ചെറുതായൊന്ന് കണ്ണോടിച്ച്, വിവരിച്ച് കൊടുത്തു. അത് കൊണ്ട് അവർക്ക് കാര്യമായി എന്തെങ്കിലും ഉപകാരം ലഭിച്ചോ എന്ന് തോന്നുന്നില്ല.

എന്നിരുന്നാലും, അവർ ആകെ ആശ്ചര്യഭരിതരായി അനുഭവപ്പെട്ടു. കണ്ണ് മിഴിച്ച് നോക്കുന്നു. എന്തോ വൻ പ്രതിഭയോ, പ്രതിഭാശാലിയോ മുന്നിൽ നിൽക്കുന്ന ഭാവം. മലയാളത്തിൽ പ്രായവുമായി ബന്ധപ്പെട്ട വാക്കുകൾക്ക് ഈ ഒരു ആശ്ചര്യത്തെ ഉൾക്കൊള്ളാൻ പ്രയാസമാണ്.

എന്നാൽ ഈ ആശ്ചര്യത്തിലെ പോരായ്മ മറ്റൊന്നാണ്. മലയാളം അറിയുന്ന ആൾക്ക് മലയാളം വായിച്ചാൽ മനസ്സിലാകും. ഇങ്ഗ്ളിഷ് അറിയുന്ന ആൾക്ക് ഇങ്ഗ്ളിഷ് വായിച്ചാൽ മനസ്സിലാകും. ഇതിൽ കാര്യമായ ഒരു പ്രതിഭയുടെ തെളിവ് എവിടെയും ഇല്ലതന്നെ.

എന്നാൽ ഏതാണ്ട് ഇതു പോലുള്ള ഒരു അവസരത്തിൽ മറ്റൊരു വ്യക്തി പറഞ്ഞതായി ഓർക്കുന്നുണ്ട്: "തലയാകെ ഇത്രയേ ഉള്ളു. എന്നാൽ, എന്തെല്ലാമാണ് അതിൽനിന്നും പുറത്ത് വരുന്നത്!"

ശരിക്കും പറഞ്ഞാൽ, ഇങ്ഗ്ളിഷ് പരിജ്ഞാനമുള്ള പലരേയും പറ്റി, യാതോരു ഇങ്ഗ്ളിഷ് പരിജ്ഞാനവും ഇല്ലാത്ത പലരും ഇതു മാതിരി അഭിപ്രായങ്ങൾ പറഞ്ഞ് കേട്ടിട്ടുണ്ട്.

ഇങ്ഗ്ളിഷ് പരിജ്ഞാനം യഥാർത്ഥത്തിൽ മനസ്സിനുള്ളിലെ പലവിധ ചങ്ങലകളേയും തടസ്സങ്ങളേയും മാച്ച് കളയും എന്നുള്ളതാണ് വസ്തവം. മനസ്സിൽ മുഴുവൻ പലവിധ ചങ്ങലകളും, കെട്ടുപാടുകളും, വേലികളും, കീറാമുട്ടിപോലുള്ള വിധേയത്വങ്ങളും അനങ്ങാപാറപോലുള്ള തടസ്സങ്ങളും, ഉരുക്ക് കമ്പിപോലുള്ള വീക്ഷണകോണുകളും മറ്റുമുള്ളവർക്ക്, ഈ വിധം ഇങ്ഗ്ളിഷ് അറിയുന്നവർക്ക് കൂടുതലായുള്ള എന്തോ കഴിവുണ്ട് എന്ന ഒരു തോന്നൽ ചിലപ്പോൾ വന്നേക്കാം.

എന്നാൽ, ഈ വിധം മനസ്സിൽ കുടുക്കുകൾ വഹിക്കുന്നവരുടെ എല്ലാവിധ കെട്ടുപാടുകളും അയച്ചുവിട്ടാൽ, അവർ നിയന്ത്രണം വിട്ട് പോകും എന്ന ഒരു ചിന്ത മറ്റുള്ളവരിൽ ഉദിക്കും. ഇങ്ഗ്ളിഷ് ഈ കൂട്ടരെ പഠിപ്പിച്ചാൽ, ഇങ്ങനെ വല്ലതും സംഭവിച്ചു പോയാലോ?

103. ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ വ്യക്തമായ ലെയ്ബൽ ഇല്ലാതെ പരോപകാരം ചെയ്യുന്നതിലെ നഷ്ടം

പ്രീഡിഗ്രി കഴിഞ്ഞ് കുറച്ച് നാൾ (1978-79) കുഗ്രാമത്തിൽ വന്ന അവസരത്തിൽ ഏതാണ്ട് ഏഴാം ക്ളാസിൽ പഠിക്കുന്ന ഒരു ആളെ പരിചയപ്പെട്ടു. പിതാവിന് മധ്യ കിഴക്കൻ രാജ്യത്ത് ചെറുകിട തൊഴിലാണ്. സംസാരിക്കുന്നതിന് ഇടയിൽ ഇങ്ഗ്ളിഷിന്റെ മഹിമയെക്കുറിച്ച് ചെറുതായി ഒന്ന് സൂചിപ്പിച്ചു. ഏതെല്ലാം രീതിയിൽ നിസ്സാരമായിത്തന്നെ ഇങ്ഗ്ളിഷ് ഭാഷയുമായി ബന്ധം സ്ഥാപിക്കാം എന്ന് ഹേതുക്കൾ നൽകി.

ചില പുസ്തകങ്ങൾ കാണിച്ച് കൊടുത്തു.

പ്രദേശമാണെങ്കിൽ അങ്ങ് ദുനിയാവിന്റെ അറ്റത്ത് എന്ന് പറയുന്ന പോലുള്ള കുഗ്രാമം.

ഈ ആൾ ഈ ദിശയിലേക്ക് കാര്യമായിത്തന്നെ നീങ്ങിയെന്നാണ് മനസ്സിലായത്. വിദേശത്ത് നിസ്സാര ജോലിചെയ്യുന്ന പിതാവ്, ഈ എഴുത്തുകാരൻ പറഞ്ഞ വസ്ത്തുതകളുടെ വാസ്തവികത നിത്യേനെ കൺമുൻപിൽ കണ്ട് പരിചയമുള്ള കാര്യമായിരിക്കും. ഇങ്ഗളിഷിന്റെ മഹിമ.

ഈ എഴുത്തുകാരൻ ഡിഗ്രി പഠനം കഴിഞ്ഞ് കുഗ്രാമത്തിൽ ഏതാനും മാസങ്ങൾ തിരിച്ച് വന്ന് തങ്ങിയപ്പോൾ, ഈ ആളിൽ നിന്നും അറിഞ്ഞത്, അയാൾ നഗരത്തിലെ കോളെജിൽ പഠിക്കുകയാണ് എന്ന്.

കോളെജിൽ ഇങ്ഗ്ളിൽ ഉപന്യാസ മത്സരം വന്നിരിക്കുന്നു. വിഷയം പറഞ്ഞുതന്നു. ഈ ഉപന്യാസം ഒന്ന് എഴുതിത്തരണം. അന്നാണെങ്കിൽ കമ്പ്യൂട്ടർ എന്ന മഹാതാന്ത്രിക ഇന്ദ്രജാല ആയുധം കൈവശം ഇല്ല. എന്നിരുന്നാലും തന്നെ, സൂചിപ്പിച്ച വിഷയത്തിൽ ഒരു ഉപന്യാസം ഇങ്ഗ്ളിഷിൽ എഴുതിക്കൊടുത്തു.

ഈ ആൾ ആ ഉപന്യാസത്തിൽനിന്നും എന്തെല്ലാമോ എടുത്ത് കോളെജ് ഉപന്യാസമത്സരത്തിൽ എഴുതി. പിന്നീട് അറിഞ്ഞത്, കോളെജിൽ ഇങ്ഗ്ളിഷ് ഉപന്യാസത്തിൽ ഒന്നാം സ്ഥാനം ഈ ആൾ കരസ്ഥമാക്കി എന്നതാണ്. കുഗ്രാമത്തിലെ വ്യക്തി നഗരത്തിലെ മറ്റുള്ളവരെ പിന്തള്ളി മുന്നേറിയത് ഒരു വൻ സംഭവമായിരിക്കേണം.

ഇത് പോലെ പലരുടേയും ജീവതത്തിൽ, വൻ വിജയങ്ങൾക്ക് പിന്നണിയിൽ ഈ എഴുത്തുകാരൻ നിന്നിട്ടുണ്ട്. മുഖ്യമായും ഈ വിധ സഹായങ്ങൾ നൽകുന്നതിൽ വലിയമനപ്രയാസം ഇല്ലാത്തത്, അവരാരും മത്സരിക്കുന്ന ലക്ഷ്യങ്ങൾ ഒന്നും തന്നെ ഈ എഴുത്തുകാരന് ഇല്ലാ എന്നുള്ളതാണ്.

ജീവിതത്തിൽ പലരും പലവിധ ചെറുകിടവും വൻകിടവും എന്ന് നിർവ്വചിക്കപ്പെടുന്ന വിജയങ്ങൾ മുന്നിൽ നിരത്തി, തനിക്ക് ഇതൊന്നും നേടാനായില്ലല്ലോ എന്ന ഭാവം കാണിച്ചിട്ടുണ്ട്, ഈ എഴുത്തുകാരനോട്.

എന്നാൽ ഈ വിധമുള്ള ഒരു ഭാവത്തിന്റെ പാളിച്ച, ഈ ആളുകളുടെ ജീവിത ലക്ഷ്യങ്ങൾ ഒന്നും തന്നെ ഈ എഴുത്തുകാരന് ഇല്ലാ എന്നുള്ളതാണ്.

ആരുമായും ഇടപഴകുമ്പോൾ, ഇങ്ഗ്ളിഷിലുള്ള മാനസിക കോഡുകൾ മനസ്സിൽ വച്ചാണ് പലപ്പോഴും പെരുമാറുക. ഫ്യൂഡൽ ഭാഷകളിൽ വൻ ശക്തിക്ഷയം നൽകുന്ന ഒരു ഏർപ്പാടാണ് ഇത്. എന്നാൽ പുറം ലോകത്തിൽ വലിയ പ്രശ്നം ഈ മനോഭാവം നൽകാറില്ല. എന്നിരുന്നാലും, പിന്നണിയിൽ പലരും, കുടുംബക്കാർ അടക്കം, പിന്നിൽനിന്നും കുത്തുന്നത് (stabbing in the back - പാരപണിയുക) പ്രശ്നമാകാറുണ്ട്. ഇതിനെക്കുറിച്ച് പിന്നീട് വിവരിക്കാം.

നേരത്തെ പ്രതിപാദിച്ച വ്യക്തിയെ ഒരു വിദേശ രാജ്യത്ത് വച്ച് കാണുവാൻ ഇടായായി. ആ അവസരത്തിൽ ഈ വ്യക്തി ആ രാജ്യത്ത് ചെറുകിട തൊഴിൽ ചെയ്യുന്ന ഇന്ത്യക്കാരേക്കാൾ സാമാന്യം നല്ല നിലവാരമുള്ള തൊളിലിലാണ്. ഇങ്ങിനെ ആപേക്ഷികമായി കാണുമ്പോൾ, വൻതൊഴിലുകാരനാണ്. എന്നാൽ, ഈ ആപേക്ഷിക വീക്ഷണം മാത്രമല്ല ലോകത്തിൽ ഉള്ളത്. വേറെയും ആപേക്ഷികതകൾ ഉണ്ട്.

വർഷം ഏതാണ്ട് 1999 ആണ്. ഈ എഴുത്തുകാരന്റെ ഒരു എഴുത്തിന്റെ കരട് രൂപം ചില വിദേശീയരെ കാണിക്കേണ്ടിയിരിക്കുന്നു. ഈ കാര്യത്തിൽ ഈ ആൾക്ക് കാര്യമായിത്തന്നെ സഹായിക്കാൻ ആവും.

കരട് രൂപം ഈ ആൾക്ക് വായിക്കാൻ കൊടുത്ത്, എന്നിട്ട് കാര്യം ആവശ്യപ്പെട്ടു.

ഗംഭീരമായ പ്രതികരണമാണ് ലഭിച്ചത്. "നീ ആരാ എന്നാ നിന്റെ വിചാരം?" പ്രതികരണം ഇങ്ഗ്ളിഷിലായിരുന്നു. കാരണം, സംഭാഷണം ഇങ്ഗ്ളിഷിലായിരുന്നു. 'നീ' എന്ന വാക്ക് ഇങ്ഗ്ളിഷ് ഭാഷയിൽ ഇല്ലാ എന്നത് ശരിയാണെങ്കിലും, ഫ്യൂഡൽ ഭാഷക്കാർ ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുന്ന അവസരത്തിൽ, സ്വരത്തിൽ നിന്നും, മുഖഭാവത്തിൽനിന്നും മറ്റ് വൈകാരിക അടയാളങ്ങളിൽ നിന്നും, 'നീ' ആണോ, 'നിങ്ങൾ' ആണോ, 'സാർ' ആണോ ഉദ്ദേശിച്ച പദം എന്നത് ഗ്രഹിച്ചെടുക്കാനാവുന്നതാണ്.

നൽകിയ കരട് രൂപം വയിച്ച്, ഈ വ്യക്തി ആകെ മാനസികമായി അലങ്കോലപ്പെട്ടത് മാതിരി. ഓഫിസ് ശിപായി ഐഎഎസ് കാരനെ കടത്തി വെട്ടാൻ ഭാവിച്ചത് മാതിരിയുള്ള ഒരു പെരുമാറ്റം.

ഇങ്ഗളിഷിൽ യാതോരു വിദ്യാഭ്യാസ യോഗ്യതയും ഇല്ലാത്തതും, വ്യക്തമായ ഒരു വൻ തൊഴിൽ സ്ഥാനം വഹിക്കാത്തതും ആയ ഒരു വ്യക്തി ഇങ്ഗ്ളിഷിൽ ഒരു ഗ്രന്ഥം എഴുതിയത് തന്നെ ഒരു തരം തോന്യാസം എന്ന രീതിയിലാണ് പിന്നെ കണ്ട പെരുമാറ്റം. ഫോണിലൂടെ കുറെ അധിക്ഷേപം നൽകി.

പിന്നീട് ഒരു വർഷത്തിന് ശേഷം, ഈ വ്യക്തിയെ കണ്ടപ്പോൾ, "ആ എഴുതിയ വിവരങ്ങൾ ഒന്നുംതന്നെ എനിക്ക് അറിയാത്ത കാര്യങ്ങൾ അല്ല. ഇതേ കാര്യം തന്നെ ഞാൻ തൊഴിൽ ചെയ്യുന്ന യൂണിവേസിറ്റിയുടെ ഒരു പ്രസദ്ധീകരണത്തിൽ കുറച്ച് മാസങ്ങൾക്ക് മുൻപ് ഞാനും എഴുതിയിട്ടുണ്ട്," എന്ന് ഈ എഴുത്തുകാരനോട് ഈ ആൾ പറഞ്ഞു.

ഈ എഴുത്തുകാരൻ എഴുതിയ കരട് രൂപം അപ്പോഴേക്കും, ഒരു മുഴുവൻ ഗ്രന്ഥമായി ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞിരുന്നു. ഗ്രന്ഥത്തിന്റെ പേര്: March of the Evil Empires: English versus the feudal languages. പല വെബ് സൈറ്റുകളിൽ നിന്നും ഡൌൺചെയ്യാനാവും. ഈ ലിങ്ക് നോക്കുക:

Google Search ഈ ഗ്രന്ഥത്തിനെ തിരഞ്ഞ് കണ്ടുപിടിക്കുന്നതിനെ ഒരു Decoy ഉപയോഗിച്ച്, തകിടം മറിക്കുന്നതായി അനുഭവപ്പെടുന്നുണ്ട്.

Google Searchൽ March of the ev എന്ന് മാത്രം എഴുതിയാൽ, March of the Evil Empire എന്ന് പ്രത്യക്ഷപ്പെടും. അത് ക്ളിക്ക് ചെയ്താൽ, ഈ ഗ്രന്ഥവുമായി യാതോരു ബന്ധവുമല്ലാത്ത ദിക്കിലേക്ക് Search resultsനീങ്ങും. പലരും അതോടെ ഈ ഗ്രന്ഥം കണ്ടെത്താനാവാതെ, മറ്റ് പലകാര്യങ്ങളും കണ്ട് അവയിൽ മനസ്സ് പതിപ്പിക്കും. എന്നാൽ March of the Evil Empires (പിന്നിൽ ഒരു 's' ചേർത്തിരിക്കേണം) എന്ന് വ്യക്തമായി എഴുതിയാൽ ഈ ഗ്രന്ഥം കണ്ടെത്താൻ ആവും.

വർഷങ്ങൾക്ക് ശേഷം, ദേവർകോവിൽ ഗ്രാമത്തിൽ എത്തിച്ചേർന്ന അവസരത്തിൽ, ഈ എഴുത്തുകാരൻ ഇങ്ഗ്ളിഷ് പഠിപ്പിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ, മുകളിൽ സൂചിപ്പിച്ച വ്യക്തിയോട് താൻ Mr. Devൽ നിന്നും ഇങ്ഗ്ളിഷ് പരിശീലനം നേടുന്നുണ്ട് എന്ന് സംഭവവശാൽ പറയുകയുണ്ടായി, മറ്റു ചിലരുടെ സാന്നിധ്യത്തിൽ വച്ച്. അപ്പോൾ ഈ വ്യക്തി പറഞ്ഞുവത്രെ 'ഓാന്റെടുത്ത്ന്നോ? ഓാന്റടുത്ത് ആരാ ഇങ്ഗ്ളിഷ് പഠിക്കാൻ പോകുക?

മുകളിൽ നൽകിയ വാക്യത്തിൽ ഭാഷാ കോഡുകളുടെ ഒരു വിളയാട്ടം ശ്രദ്ധിക്കാവുന്നതാണ്.

1. ഓാന്റെടുത്ത് നിന്നാണ് പഠിക്കുന്നത്.

2. ഓാരെടുത്ത്ന്നാ (അവരുടെ /അദ്ദേഹത്തിന്റെ) പഠിക്കുന്നത്.

ആദ്യത്തേത് പഠനം പരിഹാസ്യമാക്കും.

രണ്ടാമത്തേത് പഠനത്തെ പവിത്രമാക്കും.

ഇങ്ഗ്ളിഷിൽ ഈ വിധം ഒരു വൈവിധ്യം ഇല്ലതന്നെ.

_ _

104. ഇങ്ഗ്ളിഷ് കൊളോണിയൽ വാഴ്ചയോടുള്ള കൂറും കടപ്പാടും

എഴുത്ത് ചെറുതായി വ്യക്തിപരമായ കാര്യങ്ങളിലേക്ക് നീങ്ങേണ്ടിയിരിക്കുന്നു. ഈ എഴുത്തിന്, ആരോടും യാതോരു കൂറും ഇല്ലതന്നെ. ഈ എഴുത്തുകാരനോടും സ്വാർത്ഥമായ കൂറോ കടപ്പാടോ ഈ എഴുത്തിൽ പ്രകടിപ്പിക്കാൻ ശ്രമിക്കില്ല.

എന്നാൽ കലർപ്പ് പുരണ്ടിട്ടില്ലാത്ത ഇങ്ഗ്ളിഷ് പ്രസ്താനത്തോട്, അതായത്, പൂർവ്വകാല ഇങ്ഗ്ളണ്ടിനോടും, ലോകൈകമായി നിലനിന്നിരുന്ന ഇങ്ഗ്ളിഷ് ഭരണത്തിനോടും കൂറും കടപ്പാടും സ്നേഹവും മറ്റെല്ലാവിധ വാത്സല്യങ്ങളും ഈ എഴുത്തിൽ എല്ലായിടത്തും യാതോരു സങ്കോചമോ, ലജ്ജയോ, നാണമോ, മനസ്സാക്ഷിക്കുത്തോ ഇല്ലാതെ പകൽ വെളിച്ചം പോലെ വ്യക്തമായിത്തന്നെ കാണപ്പെടും.

ആളുകൾക്ക് ഇങ്ഗ്ളിഷ് സ്വായത്തമാക്കാൻ അവസരം നൽകുന്നത്, അവർക്ക് വളരെ പെട്ടെന്ന് ഒരു ഉയർന്ന പീഠം നൽകുന്ന അനുഭവമാണ്. സാമൂഹികമായി മത്സരിക്കുന്ന മറ്റുള്ളവർക്ക് ഇങ്ങിനെ ഒരു ഉയർന്ന പീഠം നൽകുന്നത് വിഡ്ഢിത്തവും, ഗുണദോഷവിവേചനമില്ലായ്മയും, വകതിരിവില്ലായ്മയും വിവരക്കേടും ആയി ഫ്യൂഡൽ ഭാഷകളിൽ നിന്നും നോക്കിയാൽ വളരെ വ്യക്തമായി കാണാനാകും.

പിന്നെന്തിനാണ് ഈ വിധ ശുദ്ധ ഭോഷ്ക്കത്തരം കാണിച്ച് കൂട്ടുന്നത് എന്നതിന് വ്യക്തമായ ഒരു ഉത്തരം നൽകാനാവുന്നാതാണ്. എന്നാൽ, അതിന് സ്വൽപം കൂടി മുന്നോട്ട് പോകേണ്ടിയിരിക്കുന്നു ഈ എഴുത്ത്.

ഇങ്ഗ്ളിഷ് അറിയാത്ത ഔപചാരികമായി വളരെ പഠിപ്പുള്ള പലരും ഉണ്ട്. അവർക്ക് യഥാർത്ഥത്തിൽ അത് കൊണ്ട് കാര്യമായ ഒരു ബലക്ഷയം അനുഭവപ്പെടില്ല, നിത്യ ജീവിതത്തിൽ. ഉദാഹരണത്തിന്, ഒരു ഡോക്ടർ. ഈ ആൾക്ക് ഇങ്ഗ്ളിഷ് അറിയില്ല. എന്നാൽ കൺസൾട്ടിങ്ങ് മുറിക്ക് മുന്നിൽ തടിച്ച് കൂടുന്ന രോഗികളും മറ്റും അതീവ ബഹുമാനം നൽകും, ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ. ഈ ബഹുമാനവും പേറി, അതിനോട് ഒട്ടിനിന്ന് ജീവിതം ആസ്വദിക്കാവുന്നതാണ്. കാരണം, പലരോഗികളോടും തരംതാഴ്ത്തുന്ന വാക്കുകൾ ഉപയോഗിക്കാം. അത് കേട്ട് അവരിൽ വിധേയത്വം അധികരിക്കും. സുഖമുള്ളകാര്യമാണ്.

എന്നാൽ, നന്നായി ഇങ്ഗ്ളിഷ് അറിയുന്ന ഒരു ഡോക്ടർ. കൺസൾട്ടിങ്ങ് മുറിക്ക് മുന്നിൽ ആൾക്കൂട്ടമില്ല. ഇങ്ഗ്ളിഷിൽ അതിന്റെ ആവശ്യമില്ല എന്നതാണ് വാസ്തവം. ഈ ഡോക്ടർക്ക് മാനസിക പരിധികൾ വളരെ വിദൂരങ്ങളിലാണ്. ഇങ്ഗ്ളിഷിൽ രോഗികളോടും പരിചയക്കാരോടും സംസാരിക്കുമ്പോൾ, വ്യത്യസ്തമായ വ്യക്തി ബന്ധമാണ് രചിക്കപ്പെടുക.

ഇങ്ഗ്ളിഷ് പരിചയക്കുറവുള്ള ഡോക്ടർക്ക് ഈ ഒരു പ്രശ്നം ചെറുതായെങ്കിലും അറിയാം. സദാസമയവും ഒരു കപട രാജകീയ പദവി വളരെ അരോചകമായ അവസ്ഥതന്നെയാണ്. എന്നാൽ തനിക്ക് വ്യക്തമായിത്തന്നെ കൂടുതൽ രോഗികൾ ഉണ്ട് എന്നും, അവരാണെങ്കിൽ കുനിഞ്ഞ് വണങ്ങിയാണ് തന്റെ മുന്നിൽ നിൽക്കുന്നത് എന്ന് എടുത്ത് പറയാം വേണമെങ്കിൽ.

ഇങ്ങിനെ ഇരിക്കെ ഈ ഡോക്ടർക്ക് ഇങ്ഗ്ളിഷ് പരജ്ഞാനം ലഭിക്കാനുള്ള ലളിത മാർഗ്ഗങ്ങൾ പറഞ്ഞ് കൊടുക്കുന്നു, മറ്റൊരാൾ. ഈ പറഞ്ഞ് കൊടുക്കുന്ന ആൾക്ക് നന്നായി ഇങ്ഗ്ളിഷ് അറിയാം. അതിനാൽ തന്നെ, ഈ ഡോക്ടർക്കുള്ളതിനേക്കാൾ മാനസിക പരിധികൾ അകലങ്ങളിൽ ഉള്ള വ്യക്തിയാണ്. ഇങ്ഗ്ളിഷിൽ സൌകുമാര്യമായ വ്യക്തിബന്ധങ്ങൾ ഉണ്ട്.

രണ്ട് പേരേയും സ്വന്തം തൊഴിൽ സൂചിപ്പിക്കാതെ ഒരു ദിക്കിൽ നിർത്തിയാൽ, ഈ മാനസിക വികാസത്തിന്റെ സൌകുമാര്യത അനുഭവിച്ചറിയാനാകും.

ഈ ഡോക്ടർക്ക് ഇങ്ഗ്ളിഷ് പഠിപ്പിച്ചാൽ, പിന്നെക്കാണുന്ന ആൾ, ഡോക്ടർ എന്ന പീഠത്തിന് മുകളിൽ നിന്നുമാണ് വാനോളം ഉയരുന്നത്. പുതുതായി സ്ഥാപിക്കുന്ന വ്യക്തി ബന്ധങ്ങൾക്ക് ഒരു ലാളിത്യം അനുഭവപ്പെടും.

ഇങ്ങിനെ ഒരു പീഠം, ഇങ്ഗ്ളിഷ് പഠിക്കാൻ ഉള്ള ഉപാധികൾ പറഞ്ഞുകൊടുത്ത വ്യക്തിക്ക് ഇല്ലായെങ്കിൽ, പിന്നെ ഈ ഡോക്ടർക്ക് ഈ വ്യക്തിയാണ് ഇങ്ങിനെ ഒരു മാനസിക വികാസത്തിൽ സൌകര്യം നൽകിയത് എന്ന് സൂചിപ്പിക്കാൻ പോലും മാനസിക തടസ്സം അനുഭവപ്പെടും.

ഈ ഒരു പ്രശ്നം മറ്റെല്ലാ വിധ തൊഴിൽ നൈപുണ്യമുള്ളവരിലും ഉണ്ട്. ഇങ്ഗ്ളിഷ് പരിജ്ഞാനക്കുറവുള്ള ആശാരി, മോട്ടർ വാഹന മെക്കാനിക്ക്, കമ്പ്യൂട്ടർ ടെക്നീഷ്യൻ, അങ്ങിനെ പലവിധ ആളുകൾ. ഇവരിൽ ആർക്കെങ്കിലും നന്നായി ഇങ്ഗ്ളിഷ് പരിജ്ഞാനം ലഭിച്ചാൽ, പിന്നെ ഉള്ള വ്യക്തി തികച്ചും വ്യത്യസ്തനായ ആളാണ്.

ഇതിൽ മുഖ്യമായ കാരണം, ഇങ്ഗ്ളിഷ് വേദികളിൽ വ്യക്തികൾക്ക് മറ്റ് വ്യക്തികളുടെ താങ്ങും, തണലും നിത്യേന കൈവശം വെക്കേണ്ടുന്ന ആവശ്യമില്ലാ എന്നുള്ളതാണ്. ഇതും ഒരു പ്രശ്നമായി അനുഭവപ്പെട്ടേക്കാം, മറ്റുള്ളവർക്ക്.

ഇതുമായി ബന്ധപ്പെട്ട മറ്റൊരുകാര്യം ഉണ്ട്. അടുത്ത എഴുത്തിൽ ആകാം അത്

105. പൊട്ടിത്തെറി സൃഷ്ടിക്കുന്ന ഒരു പരിവർത്തനം

തികച്ചും ഇങ്ഗ്ളിഷ് ഭാഷാ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഒരു വേദി.

ഇവർക്കിടയിൽ നീ, നിങ്ങൾ, സാർ, അനിയൻ, ചേട്ടൻ, അനിയത്തി - ചേച്ചി, അവൻ-അയാൾ-അദ്ദേഹം, അവൾ-അവർ എന്നൊന്നുമില്ലാത്ത ഒരു സാമൂഹികാന്തരീക്ഷമാണ്. ഫ്യൂഡൽ ഭാഷാ അന്തരീക്ഷങ്ങളിൽ സർവ്വസാധാരണമായി കാണപ്പെടുന്ന ഒച്ചപ്പാടുകളും, പരുക്കൻ ശബ്ദങ്ങളും, നേതാവ് കളിക്കാനുള്ള ത്വരയും മറ്റും ഇല്ല. ആകെക്കൂടെ ഒരു മയമുള്ള ആശയവിനിമയ അന്തരീക്ഷം. തമ്മിൽ തമ്മിൽ മിക്കാവാറും പേര് തന്നെയാവും വിളിക്കുക, പ്രായമെന്ന ഹേതുവിനെ യാതോരു രീതിയിലും കണക്കിലെടുക്കാതെ. ചിലപ്പോൾ ചിലരെ, അപൂർവ്വമായി Mr., Mrs., Miss തുടങ്ങിവാക്കുകൾ അവരുടെ പേരിന് മുൻപിൽ വച്ച് കൊണ്ട് സംബോധന ചെയ്തേക്കാം.

ഇങ്ങിനെയുള്ള ഒരു വേദി സൃഷ്ടിക്കാനായി കുറെ ഫ്യൂഡൽ ഭാഷക്കാരെ ഇങ്ഗ്ളിഷ് പഠിപ്പിച്ചാൽ, ഇങ്ങിനെ ഒരു അന്തരീക്ഷം വന്ന് ചേരുമോ?

സംഭവിക്കില്ല എന്നുള്ളതാണ് വാസ്തവം. തമ്മിൽത്തമ്മിൽ ചേട്ടൻ-അനിയൻ, നീ - നിങ്ങൾ - സാർ എന്നെല്ലാം വ്യക്തി ബന്ധങ്ങളിൽ കോഡ് ചെയ്യപ്പെട്ടവരോട്, ഇതൊന്നുമില്ലാതെ അങ്ങ് പേര് വിളച്ചോളൂ എന്നെല്ലാം പറഞ്ഞാൽ, ആകെ സംഭവിക്കുന്നത് സംഭ്രമജനകമായതും, വിഭ്രാന്തി പരക്കുന്നതും, തമ്മിൽത്തമ്മിൽ വെറിയും, അറപ്പുംമറ്റും ഉളവാകുന്ന അന്തരീക്ഷമാണ് സംജാതമാകുക.

കാരണം, കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് അന്തരീക്ഷവും, ഫ്യൂഡൽ ഭാഷ അന്തരീക്ഷവും രണ്ടും രണ്ടാണ്. ഒന്ന് മറ്റൊന്നിലേക്ക് പടർന്നാൽ, ജ്വരം പകരുന്ന അവസ്ഥാവിശേഷമാണ് സംഭവിക്കുക. എന്നാൽ, ഇങ്ഗ്ളിഷ് ആശയവിനിമയം വളരെ ശ്രദ്ധയോടും, വിവേകത്തോടും, കാര്യമായ വിവരത്തോടും, മറ്റ് കരുതൽ നടപടികൾ തയ്യാറാക്കിയും, ഫ്യൂഡൽ ഭാഷാ അന്തരീക്ഷങ്ങളെ മാച്ച് കൊണ്ട് പരത്തിയാൽ, സുഖകരമായ സാമൂഹികാന്തരീക്ഷം സൃഷ്ടിക്കപ്പെടും. ഇക്കാര്യം ചെപ്പടിവിദ്യകളിലൂടെ നടത്താനാവുന്നകാര്യമല്ല.

ആങ്ഗ്ളേയ വസ്ത്രധാരണത്തിലൂടെയും, കോട്ടും സൂട്ടും ധരിച്ചും, യൂണിഫോമിട്ടും, തൊപ്പിധരിച്ചും, ഷൂസ് ഇട്ടും, ടൈകെട്ടിയും, എറ്റൻഷനായി നിന്ന് സെല്യൂട്ട് ചെയ്തും വിലകൂടിയ കാർ, ബംഗ്ലാവ്, എസി എന്നിവ സ്വരൂപിച്ചും മറ്റും അകം പൊള്ളയായരീതിയിൽ എന്തെല്ലാമോ ചെയ്ത് കൂട്ടിയാൽ, കലർപ്പില്ലാത്ത ഇങ്ഗ്ളിഷിന്റെ (pristine-Englishന്റെ) അനുകരണം പോലും ആവില്ല.

ഇങ്ഗ്ളിഷിന്റെ മാസ്മരിക അന്തരീക്ഷം ഫ്യൂഡൽ ഭാഷകളിലൂടെ രൂപപ്പെടുത്തിയെടുക്കാൻ ആവില്ലതന്നെ. ഇങ്ഗ്ളിഷിന്റെ മാസ്മകരികത, മുകളിൽ സൂചിപ്പിച്ച യാതൊന്നിലുമല്ല നിലനിൽക്കുന്നത്. മറിച്ച് സരളത, ലാളിത്യം, അസങ്കീർണത, അകൃത്രിമത്വം, അനാഡംബരത്വം തുടങ്ങിയവയാണ് ഇങ്ഗ്ളിഷിന്റെ പീഠം.

ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷത്തെക്കാൾ സരളമായ ഒരു സാമൂഹികാന്തരീക്ഷം എവിടെയെങ്കിലും ഉണ്ടോ എന്ന് അറിയില്ല. ഉണ്ടാവാം, ഇങ്ഗ്ളിഷിനെ പോലെ സരളമായ ഒരു ഭാഷയുള്ളിടത്ത്.

106. ഫ്യൂഡൽ ഭാഷകളിൽ സ്ത്രീകളും പരുഷന്മാരും തമ്മിൽ ഇടപഴകുന്നതിലെ ചില പ്രശ്നങ്ങൾ

ഇതോടൊപ്പം തന്നെ സൂചിപ്പിക്കപ്പെടേണ്ടുന്ന ഒരു കാര്യമാണ്, പുരുഷന്മാരും, സ്ത്രീകളും തമ്മിൽ ഇടപഴകുന്ന കാര്യം.

ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷങ്ങളിൽ പുരുഷന്മാരും, സ്ത്രീകളും തമ്മിൽത്തമ്മിൽ ഇടപഴകുന്നത് പോലെയല്ല ഫ്യൂഡൽ ഭാഷകളിൽ ഇടപഴകുന്നത്. ഇവിടെ പുരുഷൻ - സ്ത്രീ എന്ന വാക്കുകൾക്ക് തന്നെ ഇങ്ഗ്ളിഷിലെ Man, Woman, എന്ന വാക്കുകളുമായി കാര്യമായ ശബ്ദ വ്യത്യാസം അനുഭവിച്ചറിയാവുന്നതാണ്. ഇങ്ഗ്ളിഷിലെ boy, girl, male, female തുടങ്ങിയ വാക്കുകൾ നൽകുന്ന ശബ്ദ-ലാളിത്യം മലയാളത്തിലെ വാക്കുക്കൾക്ക് ഇല്ല. മറിച്ച്, പുരുഷൻ എന്ന വാക്കിന് തന്നെ ഒരു വ്യത്യാസം ഉണ്ട്. ഈ വാക്ക് മലയാളത്തിലെ മറ്റ് അനേകം ഉയർന്നും താഴ്ന്നും, ഉള്ളതും, പരുക്കനായ സാമൂഹികാന്തരീക്ഷവുമായി ബന്ധമുണ്ട്. ഇത് ഈ വാക്കിന്റെ ഉച്ചാരണത്തിലും ശബ്ദത്തിലും നിഴലിക്കും.

പെണ്ണ്, അവൻ, അവൾ, ചെക്കൻ, ചെറുക്കൻ, തുടങ്ങിയവാക്കുകൾ, വാക്ക് കോഡുകളിലെ കീഴ് ഭാഗങ്ങളുമായി ബന്ധമുള്ളവയാണ്.

എന്നാൽ കാര്യങ്ങൾ ഇതിനും അപ്പുറത്താണ്. ഇങ്ഗ്ളിഷിൽ തമ്മിൽ ഇടപഴകുന്നത് പോലെ ഈ ഉപഭൂഖണ്ടത്തിലെ ഭാഷകളിൽ ഇടപഴുകുന്നതിൽ ചില വ്യത്യാസങ്ങൾ ഉണ്ട്. ഇന്ന് പലവേദികളിലും, ഇന്ത്യയിൽ ചെറുപ്പത്തിലെ സ്ത്രീകളേയും പരുഷന്മാരേയും, ഇടപഴകിച്ച് പരിചയപ്പെടുത്തി വളർത്താൻ ആഹ്വാനങ്ങൾ വരുന്നുണ്ട്.

ഇങ്ങിനെ ചെയ്യുന്നതിന് മുൻപായി, ഇതുമായി ബന്ധപ്പെട്ട ചിലകാര്യാങ്ങൾ ചിന്തിക്കുന്നത് നല്ലതാണ്.

മലയാളത്തിലെ മനുഷ്യ സമത്വ ആശങ്ങളുമായി ബന്ധപ്പെട്ട പല ചിന്തകളും ഇങ്ഗ്ളിഷിൽ ഇല്ലതന്നെ. കാരണം, ആളുകൾ തമ്മിൽ ഇടപഴകുമ്പോൾ ഉപയോഗിക്കുന്നത് You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ വാക്കുകളാണ്. ഇതിൽത്തന്നെ ഒരു സമത്വം അറിയാതെ തന്നെ രൂപപ്പെടുന്നുണ്ട്.

എന്നാൽ ഫ്യൂഡൽ ഭാഷകളിൽ ആളുകൾ തമ്മിൽ നീ, നിങ്ങൾ, സാർ എന്ന മൂന്ന് വ്യത്യസ്തതരം സമത്വങ്ങൾ രൂപപ്പെടുത്താം.

ഒരു സത്രീയും പുരുഷനും തമ്മിൽ തമ്മിൽ സംബോധന ചെയ്യുമ്പോൾ, നീ-നീ, നിങ്ങൾ-നിങ്ങൾ, സാർ-മാഡം എന്നതിൽ ഏതാണ് തമ്മിൽ തമ്മിൽ ഉപയോഗിക്കുന്നത് എന്നതിനെ അനുസരിച്ച്, മൂന്ന് വ്യത്യസ്തതരം സമത്വ ബന്ധങ്ങളാണ് രൂപപ്പെടുക.

ഈ മൂന്ന് വ്യത്യസ്ത ബന്ധങ്ങളിലും, സംഭാഷണ വിഷയങ്ങൾക്കും, അവയുടെ നിലവാരങ്ങൾക്കും, എന്ത് പറയാം - എന്ത് പറയുന്നത് അനുചിതമാണ് എന്നെല്ലാമിൽത്തന്നെ കാര്യമായ വ്യത്യാസമുണ്ടായിരിക്കും.

നീ-നീ എന്ന ബന്ധത്തിൽ, സംസാര വിഷയങ്ങൾ ഏറ്റവും താഴത്ത് എത്തുന്നതും, അന്യോന്യം ഏറ്റവും സ്വാതന്ത്ര്യമുള്ളതും ആയിരിക്കും. ഈ വിധം അന്യോന്യം സ്വാതന്ത്ര്യം നൽകുന്ന ഒരു വാക്ക് ബന്ധം ഇങ്ഗ്ളിഷിൽ ഇല്ലാ എന്നാണ് തോന്നുന്നത്.

ഫ്യൂഡൽ ഭാഷകളിൽ സ്ത്രീ പുരുഷ ഇടപഴകലിന് ആഹ്വാനം ചെയ്യുന്നതിന് മുൻപായി ഈ കാര്യം ശരിക്കും പഠിച്ചിരിക്കുന്നത് ഉചിതമാണ്. കാരണം, ഈ മൂന്ന് തരം വ്യക്തിബന്ധങ്ങൾ മറ്റ് പല വ്യക്തി ബന്ധങ്ങളേയും ബാധിക്കുന്നതാണ്. പോരാത്തതിന്, ഓരോ വ്യക്തി ബന്ധവും ഭാഷാകോഡുകളിലെ ഓരോ നിലവാരത്തിലേക്കും വ്യക്തികളെ വലിച്ചിഴക്കും. ഇത് മറ്റുള്ളവരുമായുള്ള വ്യക്തി ബന്ധത്തിൽ ഉപയോഗിക്കപ്പെടുന്ന ഭാഷാ കോഡുകളേയും ബാധിക്കും.

ഉദാഹരണത്തിന്, ഒരു സ്ത്രീയെകാണുമ്പോൾ, ആ ആളെ പേര് വിളിക്കണമോ, ചേച്ചി എന്ന് വിളിക്കണമോ, നീയെന്നോ, നിങ്ങൾ എന്നോ, മാഡം എന്നോ സംബോധന ചെയ്യണം എന്നെല്ലാം തീരുമാനിക്കാൻ, മറ്റ് ആളുകൾ ഈ വ്യക്തിക്ക് മറ്റൊരു വ്യക്തിയുമായുള്ള വാക്ക് കോഡുകളിലെ ബന്ധം കണക്കിൽ എടുക്കും.

ഇങ്ങിനെ ആരെങ്കിലും നിർണ്ണയിക്കുന്ന വാക്ക് കോഡുകളിലെ സ്ഥാനം, സ്വന്തം കുടുംബത്തേയും, ഭർത്താവിനേയും കുട്ടികളേയും ബാധിക്കും.

ഇങ്ഗ്ളിഷിൽ അങ്ങിനെയാണ്, ഇങ്ങിനെയാണ് എന്ന് പറഞ്ഞ് അങ്ങോട്ടേക്ക് എടുത്ത് ചാടുന്നത് അപകടമാണ്. കാരണം, ഇങ്ഗ്ളിഷ് ഭാഷാ കോഡുകൾ മറ്റൊരു ലോകമാണ്.

ഇതിനെല്ലാത്തിനും ഉപരിയായി, നിർബന്ധ വിദ്യാഭ്യാസം എന്ന കോപ്രാട്ടിത്തരവും കണക്കിലേടുക്കേണ്ടതുണ്ട്. കലങ്ങിമറിഞ്ഞ് കിടക്കുന്ന, അർദ്ധ പ്രാകൃത സമൂഹങ്ങളാണ് ഈ രാജ്യത്ത് എല്ലായിടത്തും ഉള്ളത്. ചെറിയ ചുറ്റുപാടുകളിൽ ജനിച്ച് വളർന്ന് പഠിപ്പും തൊഴിലുമായി ജീവിതം നയിക്കുന്നവർക്ക്, ഈ നാടിന്റെ സങ്കീർണ്ണതയെക്കുറിച്ച് വിവരം കുറവാണ് എന്നുള്ളതാണ് വാസ്തവം. ഇവിടുള്ള സമൂഹം ദുഷ്പ്രവേശ്യമായ (impermeable), ഒന്നിന് മുകളിൽ മറ്റൊന്ന് അടുക്കിവച്ചിട്ടുള്ള പല പാളികൾ (layers) ഉള്ളതാണ്.

ഇവിടെ എടുത്ത് പറയേണ്ടത്, മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ ലൈംഗിക അരാജകത്വവുമായി ബന്ധപ്പെടുത്തരുത്.അത് മറ്റൊരു വിഷയമാണ്.

107. ഭാഷാകോഡുകളില ഏറ്റകുറച്ചിലുകൾ മായ്ക്കാതെ എങ്ങിനെ സ്ത്രീ പുരുഷ സമത്വം നടപ്പിൽ വരുത്താനാവും

എഴുത്തിന്റെ പ്രധാന പാതയിൽ നിന്നും ചെറുതായി വീണ്ടും വഴുതിപുറത്ത് വന്നിട്ടുണ്ട്. എന്നിരുന്നാലും, ഇതും കൂടി പറഞ്ഞ് വീണ്ടും പാതയിൽ കയറാം.

'Gender equalisation' എന്ന പദം അഗാധ വിദ്യാഭ്യാസം ലഭിച്ച സാമൂഹിക ശാസ്ത്ര വിദഗ്ദ്ധരിൽനിന്നും കേട്ടു തുടങ്ങിയിട്ടുണ്ട്. ഈ വിഷയത്തിന് വളരെ സങ്കീർണ്ണമായ ഘടനകൾ ഉണ്ട്. അവയിലേക്ക് കടക്കുന്നില്ല.

സ്ത്രീകളും പുരുഷന്മാരും ഏറ്റവുംകൂടുതൽ തുല്യതയിൽ എത്തുന്നത് ഇങ്ഗ്ളിഷ് ഭാഷ പ്രാദേശികമായി സംസാരിക്കുന്ന ഇടങ്ങളിലാണ്. അതിന് മുഖ്യമായ കാരണം, ആ ഭാഷയിൽ You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ വാക്കുകൾക്ക് ഒറ്റ രൂപംമാത്രമുള്ളത് കൊണ്ടാണ്.

ഭാഷാ കോഡുകളിലെ നിർവ്വചിക്കുന്ന ഡിസൈനുകൾക്ക് അനുസൃതമായി വ്യക്തികൾ അടുക്കിവെക്കപ്പെടും (arrangeചെയ്യപ്പെടും).

ഈ ഉപഭൂഖണ്ടത്തിലെ ഭാഷകളിൽ പൊതുവായി പറയുകയാണെങ്കിൽ, ഭാര്യാ-ഭർത്യ ബന്ധത്തിൽ, ഭാര്യ നീയും, ഭർത്താവ് നിങ്ങളും (മലബാറി), ചേട്ടനും ആണ്. ഭാര്യ ചേച്ചിയും ഭർത്താവ് നീയും ആകുന്ന അവസരത്തിൽ ഭാര്യ മുകളിൽ വരും.

ഭാഷാകോഡുകൾ മാറ്റാതെ, ഭാര്യാ-ഭർത്ത്യ ബന്ധത്തിലുള്ള ഈ ഏറ്റക്കുറച്ചിൽ മാറ്റാനാവില്ല.

എന്നാൽ, കാര്യങ്ങൾ കുറേ കൂടി സങ്കീർണ്ണമാണ്. സമൂഹത്തിൽ ഒരു ഭാര്യയും ഭർത്താവും ഒരു നിസ്സാര ഘടകംമാത്രമാണ്. എല്ലാരെയും തമ്മിൽ ബന്ധപ്പിക്കുന്ന ഭാഷ, എല്ലാരെയും നിർവ്വചിക്കും. ഫ്യൂഡൽ ഭാഷകളിൽ ഒരാളുടെ ഭാര്യയെ ആ ആളുടെ അവളായാണ് നിർവ്വചിക്കപ്പെടുന്നത്. ഇതിനാൽത്തന്നെ, ഭാര്യയുടെ നിലവാരം ഉയർത്താൻ ഒരു ഏകനായ ഭർത്താവ് വിചാരിച്ചാൽ, ഒരു പരിധിവരെയെ അവർതമ്മിലുള്ള ബന്ധത്തിൽ സാധ്യമാകുള്ളു.

എന്നാൽ, വേണമെങ്കിൽ ഭാര്യക്ക് സ്വന്തം നിലയിൽ അധികപ്രസംഗം (കുരുത്തക്കേട്-മലബാറി) (Impertinence), എന്ന നിലയിൽ വെണമെങ്കിൽ സ്വന്തം ഭർത്താവിനെ തരംതാഴ്ത്താം.

സ്ത്രീകൾക്ക് വ്യക്തിപരമായി കഴിവ് കേടില്ല എന്നാണ് മനസ്സിലാക്കുന്നത്. സാമൂഹികവും മറ്റുമായി കഴിവ് കേട് എവിടെയെങ്കിലും, ഉണ്ടെങ്കിൽ അത് സ്ഥാനമാനത്തിലുള്ളതും, അതുമല്ലെങ്കിൽ നിലവാരം കുറഞ്ഞരീതിയിൽ വളർത്തപ്പെട്ടതുമായി ബന്ധപ്പെട്ടതുമാണ്. ഉയർന്ന സ്ഥാനങ്ങളിൽ ഉള്ള പല സ്ത്രീകളെയും ഈ എഴുത്തുകാരന് അറിയാം. അവരിലാരിലും ഒരു മാനസിക അധമത്വം കണ്ടില്ല. എന്നാൽ ഫ്യൂഡൽ ഭാഷകളിൽ ഉയർന്ന സ്ഥാനങ്ങളിലേക്ക് പടവെട്ടി നിലകൊള്ളുന്ന സ്ത്രീകളിൽ ഫ്യൂഡൽ ഭാഷകളിൽ സ്ത്രൈണ ഭാവം എന്ന് പറയപ്പെടുന്ന മയമുള്ള മാനസിക ഭാവം ഉരഞ്ഞ് മാഞ്ഞാണ് നിൽക്കുക. എന്നാൽ

ഈ ഒരു പ്രതിഭാസം, ഫ്യൂഡൽ ഭാഷകളിൽ സ്ത്രീകൾ പുരുഷന്മാരോട് മാനസികമായി മല്ലിട്ട് നിൽക്കുന്നവരിൽ കൂടുതലായി വരാം.

ഫ്യൂഡൽ ഭാഷകളിൽ സ്ത്രൈണ സ്വഭാവം എന്നത് വിധേയത്വഭാവവുമായി ബന്ധപ്പെട്ട് കിടക്കുന്നില്ലേ എന്നൊരു സന്ദേഹം. ഫ്യൂഡൽ ഭാഷക്കാരുടെ കടന്നുകയറ്റം ഇങ്ഗ്ലിഷ് രാഷ്ട്രങ്ങളിലും സ്ത്രീകളിൽ അവരുടെ പാരമ്പര്യമായുള്ള സ്ത്രൈണ ഭാവത്തെ ഉരച്ച് മാച്ച് കളഞ്ഞിട്ടുണ്ട് എന്നാണ് തോന്നുന്നത്.

108. ഭർത്താവ് കീഴ് ജീവനക്കാരനോട് തുല്യനാകാൻ ഇഷ്ടപ്പെടില്ല

എന്നാൽ, ഈ മുകളിൽ സൂചിപ്പിച്ച കാര്യങ്ങളെക്കാളും വളരെ അഗാധതയിൽ ഉള്ള മറ്റൊരു വസ്തുതകൂടിയുണ്ട്. ഫ്യൂഡൽ ഭാഷാ സാമൂഹങ്ങളിൽ മുകൾസ്ഥാനത്ത് വരുന്ന ആൾ, സ്വന്തം കീഴ്സ്ഥാനത്തിലേക്ക് തിരഞ്ഞെടുക്കുന്നത്, ആ ആളെക്കാൾ വളരെ വിവരം കുറഞ്ഞതും, വ്യക്തിത്വം കുറഞ്ഞതും, ആ ആളോട് അമിതമായി വിധേയത്വം കാണിക്കുന്നതുമായ ഒരു വ്യക്തിയേയാണ്.

ഡോക്ടറും-സഹായിയും, വക്കീലും-വക്കീൽ ഗുമസ്തനും, പട്ടാള ഓഫിസറും-ശിപായി പട്ടാളക്കാരനും, ഐപീഎസ് ഓഫിസറും - ശിപായി പോലീസുകാരനും മറ്റും ഈ വിധ, ഉയർച്ചത്താഴ്ചയുള്ള ആളുകളുടെ ഒരു കൂട്ടായ്മയാണ്. Adolf Hitlerറുടെ പ്രസിദ്ധമായ Mein Kampf എന്ന ഗ്രന്ഥത്തിലും, ഈ ഒരു വിവരം പ്രസ്താവിക്കുന്നുണ്ട്. ഈ ഒരു ഏറ്റക്കുറച്ചിൽ, ഈ വിധ ബന്ധങ്ങൾക്ക് ഉറപ്പും, ശക്തിയും പകരും. അതിന് പകരം, കീഴിലുള്ള ആൾ സ്വന്തംനിലയിൽ ഉയർന്ന മാനസിക കഴിവുകൾ പ്രദർശിപ്പിച്ചാൽ, ഈ കൂട്ടായ്മ കുഴഞ്ഞ് നിലംപതിക്കും.

പ്രാദേശിക ഇങ്ഗ്ളിഷ് സാമൂഹങ്ങളിലും, അത് പോലുള്ള ഭാഷാ അന്തരീക്ഷങ്ങളിലും മാത്രം, മുകളിൽ ഉള്ള ആളും, കീഴിൽ ഉള്ള ആളുംതമ്മിൽ വ്യക്തിത്വത്തിലും, വിവരത്തിലും, ആശയവിനിമയ കഴിവുകളിലും കാര്യമായി ഉയർച്ചത്താഴ്ച ആവശ്യമില്ല.

ഇങ്ങിനെ നോക്കുമ്പോൾ, ഈ ഉപഭൂഖണ്ടത്തിലെ കഠിനമായ ഫ്യൂഡൽ ഭാഷകൾ ഉള്ള ഇടങ്ങളിൽ ഒരു പുരുഷൻ, പാരമ്പര്യ പെണ്ണ് കാണൽ സമ്പ്രദായത്തിൽ, വിവാഹം കഴിക്കുന്നത് പലപ്പോഴും, തന്നേക്കാൾ, കഴിവ് കുറഞ്ഞതും, ഉയരം കുറഞ്ഞതും, വിധേയത്വം കാണിക്കുന്നതും മറ്റുമായ ആളെയാണ്. വക്കീലും, വക്കീൽ ഗുമസ്തനും തമ്മിലുള്ളത് പോലുള്ള ഒരു ഉയർച്ചത്താഴ്ച ഇങ്ങിനെയുള്ള ഭാര്യാ-ഭർത്യ ബന്ധങ്ങളിൽ കാണപ്പെടാം. ഈ ഉയർച്ചത്താഴ നിലനിന്നാൽ, ഈ ഭാര്യാ-ഭർത്ത്യ ബന്ധത്തിന് നല്ല ശക്തിയും ഉറപ്പം ഉണ്ടാവാൻ സാധ്യതകൂടുതലാണ്.

എന്നാൽ ഈ വിധം ഉള്ള വൈവാഹിക ബന്ധങ്ങളിൽ, ഭാര്യ ഭർത്താവിനോട് സമത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നത്, പലപ്പോഴും, വീട്ട് വേലക്കാരി, വീട്ടുകാരിയോട് സമത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നത് പോലെയാവാം. കാരണം, ഭാര്യയായി തിരഞ്ഞെടുത്തത്, കീഴ് ജീവനക്കാരിയാകാൻ മാത്രം വ്യക്തിത്വം ഉള്ള ആളെയാണ്. ആ ആൾക്ക് സമനായി നിൽക്കാൻ ഭർത്താവ് ഇഷ്ടപ്പെടില്ല. കാരണം, കീഴിൽ നിൽക്കുന്ന ഭാര്യയോട് സമനായി നിൽക്കാൻ പറ്റിയ ആൾ ഈ ഭർത്താവിന്റെ കീഴിൽ നിൽക്കുന്ന മറ്റ് പലരും ആയേക്കാം.

എന്നാൽ ആർക്കും മാനസികമായും വളരാൻ ആകും എന്നുള്ളത് വാസ്തവം തന്നെ. വീട്ട് വേലക്കാരനും സൌകര്യം നൽകപ്പെട്ടാൽ, ഉയന്ന മാനസിക ഭാവങ്ങൾ പ്രകടിപ്പിക്കാൻ ആവും. ഇങ്ങിനെ ഒരു സൌകര്യപ്പെടുത്തൽ ഫ്യൂഡൽ ഭാഷകളിൽ ആരും തന്നെ ചെയ്യില്ല എന്നുള്ളതാണ് വാസ്തവം.

ഇതേ പോലെ തന്നെയാണ് ഫ്യൂഡൽ ഭാഷകളിൽ ഭാര്യമാരുടേയും സ്ഥിതി. ഫ്യൂഡൽ ഭാഷകളിൽ ഭാര്യയും-ഭർത്താവും സമരായാൽ, ആ കൂട്ട് കെട്ടിന് പോറൽ ഏൽക്കാൻ സാധ്യത ഏറും. നീ എന്ന് വിളക്കപ്പെടുന്ന ഭാര്യ, ചേട്ടൻ എന്ന് വിളിക്കപ്പെടേണ്ട

ഭർത്തവിനോട് വിധേയത്വം കാണിക്കാതെ, സമത്വം സ്ഥാപിക്കാൻ ശ്രമിച്ചാൽ, അത്, ഭർത്താവിനോടുള്ള ഒരു മത്സരമായാണ് ഭവിക്കുക.

ഇത്, ഭർത്താവ് നല്ല മനുഷ്യനും, ഭാര്യ തെറ്റുകാരിയും ആണ് എന്നതല്ല പറഞ്ഞുവരുന്നത്. ഭാഷാകോഡുകൾ നൽകുന്ന slotൽ നിൽക്കാതെ പുറത്തേക്ക് ചാടിപ്പുറപ്പെടുന്നതിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. ഇങ്ങിനെയുള്ള പ്രവൃത്തി, മറ്റ് പലതുമായുള്ള ഭാഷാകോഡുകളിൽ മാറ്റങ്ങൾ സംഭവിപ്പിക്കും. ശിപായി പട്ടാളക്കാരന്, ചിലപ്പോൾ പട്ടാള ഓഫിസറെക്കാളും കഴിവുകണ്ടേക്കാം. എന്നാൽ, ഈ ഒരു കാര്യം വെച്ച് കൊണ്ട് ശിപായി പട്ടാളക്കാരൻ മുന്നിൽ ചാടി നേതൃത്വം എടുത്താൽ, പട്ടാളച്ചിട്ടയിൽ പാളിച്ച വരും.

സ്ത്രീകളേയും പരുഷന്മാരേയും ഒരേ രീതിയിൽ സ്ഥാപിക്കാൻ സമൂഹത്തിലെ വളരെ അധികം ഘടകങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഭക്ഷണം ഉണ്ടാക്കുന്ന പ്രക്രിയയിൽ പോലും മാറ്റം വരുത്തേണ്ടിവരും. എന്നാൽ എന്തൊക്കെചെയ്താലും, ഫ്യൂഡൽ ഭാഷാ അന്തരീക്ഷം ഒരു ഇങ്ഗ്ളിഷ് ഭാഷാ അന്തരീക്ഷം ആകില്ലതന്നെ. പ്രാദേശിക ഭാഷ ഇങ്ഗ്ളിഷ് ആകാതെ.

ഈ എഴുത്തുകാരൻ 1999ൽ ഡെൽഹിയിലെ ഒരു പ്രസിദ്ധപുസ്തക പ്രസാധക കമ്പനിയുടെ ആവശ്യപ്രകാരം വൈവാഹിക ജീവിതത്തെക്കുറിച്ച് ഒരു പുസ്തകം എഴുതിയിരുന്നു. എന്നാൽ, എഴുതിയതിന് ശേഷം, കഠിനമായ സ്വാർത്ഥതകൊണ്ടോ മറ്റോ ഇത് ആ പ്രസിദ്ധികരണ കമ്പനിക്ക് നൽകിയില്ല. സാമ്പത്തിക ലാഭം ലക്ഷ്യമിട്ട് എഴുതിയ പുസ്തകമായതിനാൽ, ഈ എഴുത്തുകാരന്റെ സ്വതസിദ്ധമായ ലക്കുംലഗാനും ഇല്ലാത്ത എഴുത്തല്ല ഇത്. മറിച്ച് പലവിധ പരിമിതികൾ വച്ചും, ചിലയിടത്തെല്ലാം വായനക്കാരുടെ താൽപ്പര്യം മുന്നിൽക്കണ്ടും എഴുതിയ ഒരു ഒരു പുസ്തകമാണ് ഇത്. എന്നിരുന്നാലും, പലവിധ ഉൾക്കാഴ്ചകളും ഈ ഗ്രന്ഥത്തിൽ ഉണ്ട്.

109. വാക്ക് കോഡുകൾക്ക് DNAയേയും Genesനേയും മറികടക്കാനാകുന്ന രൂപകൽപ്പനാ ശക്തിയുണ്ടോ?

എഴുത്തിന്റെ പാത വിദ്യാഭ്യാസം എന്ന മത്സരാഭ്യാസത്തിലൂടെ വീണ്ടും നയിക്കാം എന്ന് കരുതിയതാണ്. എന്നാൽ, എന്ത് കൊണ്ടോ ആ പാതയിലേക്ക് മനസ് നീങ്ങുന്നില്ല. വീണ്ടും അതിലേക്ക് കടക്കാനുള്ള വഴികൾ മുന്നിൽകാണുന്നുണ്ട്.

ഇനി തികച്ചും വ്യക്തിപരമായ കാര്യങ്ങളിലേക്ക് കടുക്കുകയാണ്.

ഈ നാട്ടിൽനിന്നുകൊണ്ട് തന്നെ, ഫ്യൂഡൽ ഭാഷകൾ പഠിക്കാതെയും, ഫ്യൂഡൽ ഭാഷാകോഡുകൾ ഏൽക്കാതെയും ഒരു വ്യക്തി, അല്ലെങ്കിൽ ഒരു കൂട്ടം വ്യക്തികൾ ജനിച്ച് വളരുകയാണെങ്കിൽ, അവരിൽ ഈ എഴുത്തുകാരൻ വിഭാവനം ചെയ്യുന്ന എന്തെങ്കിലും വ്യത്യാസങ്ങൾ വ്യക്തമായി കാണപ്പെടുമോ?

ഈ ഒരു ചോദ്യം മനസ്സിൽ വളരെകാലം മുതൽ ഉളവായിരുന്നു. ഈ എഴുത്തുകാരന്റെ MARCH of the Evil Empires: English versus the feudal languages എന്ന ഗ്രന്ഥത്തിൽ, ഇതിനും അപ്പുറത്തുള്ള ചില കാര്യങ്ങളും ഒരു ചോദ്യ ചിഹ്നമായി സൂചിപ്പിച്ച് വച്ചിരുന്നു. വാക്കുകൾക്ക് ഭൌതിക ശാസ്ത്രങ്ങൾക്ക് അപ്പുറത്തുള്ള ബന്ധങ്ങൾ ഉണ്ട് എന്നും, പോരാത്തതിന് അവയ്ക്ക് ജൈവവസ്തുക്കളുടെ ശാരീരികവും മാനസികവുമായ ഭാവങ്ങളെ രൂപകൽപ്പന ചെയ്യുന്ന DNAകൾക്കും Genesകൾക്കും അതീതമായ രൂപകൽപ്പനാ ശക്തിയുണ്ട് എന്നും ഉള്ള ഒരു സൂചന.

മനുഷ്യ ശരീരത്തിന്റെ രൂപകൽപ്പനയിൽ ഭക്ഷണത്തിന് കാര്യമായ പങ്കുണ്ട്. എന്നാൽ, അത് പോരല്ലോ. DNAയ്ക്കും Genesകൾക്കും ഭക്ഷണം നൽകുന്ന ശരീരിക വളർച്ചയെ നിയന്ത്രിക്കാനും, വ്യക്തിയുടെ മുഖഭാവത്തെയും കായിക കഴിവുകളേയും, ബുദ്ധിവൈഭവങ്ങളേയും രൂപകൽപ്പന ചെയ്യാനും ആവും എന്ന് അവകാശപ്പെട്ട് കാണുന്നുണ്ട്.

ഇത്രയ്ക്കും ശക്തമായ സൈദ്ധാന്തികമായ കാഴ്ചപ്പാടുകൾക്ക് ശക്തമായ തെളിവുകളും മറ്റും ഉണ്ടാവും എന്നുള്ളത് തീർച്ചയാണ്.

ഇതിന് ഇടയിൽ കേവലം നിസ്സാരം എന്ന് കാണപ്പെടുന്ന വാക്കുകൾക്കും, വാക്ക് കൂട്ടങ്ങൾക്കും ഇതുപോലുള്ളതോ, അതുമല്ലെങ്കിൽ അതിനും അപ്പുറത്തുള്ളതോ ആയ കഴിവുകൾ ഉണ്ട് എന്ന് ഈ എഴുത്തുകാരൻ അവകാശപ്പെടുമ്പോൾ, പ്രഥമദൃഷ്ട്യാ ഗുരുതരമായ വിഡ്ഢിത്തവും, വങ്കത്തരവും ആണ് എന്ന് മനസ്സിലാക്കാൻ എളുപ്പമാണ്.

എന്നാൽ, ഈ ഒരു ആശയത്തിന് പരീക്ഷണ നിരീക്ഷണത്തിന്റെ പിൻബലം നൽക്കണമെങ്കിൽ ആരെങ്കിലും ധൈര്യ സമേതം ഇതിന് തയ്യാറാകണം. അവരുടെ കുട്ടികളെ ഫ്യൂഡൽ ഭാഷകളുടെ യാതോരു സ്വാധീനവും ഇല്ലാതെ വളർത്തുക. എന്നിട്ട് തെളിവ് നൽക്കുക.

ഈ ഉപഭൂഖണ്ടത്തിൽ നിന്ന് കൊണ്ട് ഇമ്മാതിരി ഒരു പരീക്ഷണത്തിന് ആരെങ്കിലും തയ്യാറാകും എന്ന് തോന്നുന്നില്ല. ആലോചിക്കുമ്പോൾത്തന്നെ സർവ്വവിധ ഞെട്ടലുകളും മനസ്സിൽ മിന്നൽ പിണറുകൾ പോലെ മിന്നിത്തെളിയും.

കാരണം, ഫ്യൂഡൽ ഭാഷകൾ സ്വന്തംമക്കളെ പഠിപ്പിക്കാതിരിക്കുക എന്നത് തന്നെ ഒരു മഹാ അദ്ധ്വാനമാണ്. കാരണം, ചുറ്റും എല്ലാരും സംസാരിക്കുന്നത് ഫ്യൂഡൽ ഭാഷകളാണ്.

ഇതിനും അപ്പുറത്തുള്ളതാണ് അതിനേക്കാൾ ഗുരുതരമായ പ്രശ്നം. ഫ്യൂഡൽ ഭാഷകളിൽ, ഓരോ വ്യക്തിയുടെ മേലും, പലതരം അധികാരത്തിന്റെ ചരടുകൾ പലർക്കും സ്ഥാപിക്കാനുള്ള അവകാശം ഉണ്ട്. ഈ വിധ ഭാഷകൾക്ക് ഏശാൻ പറ്റില്ലാ എന്നുള്ളത്, പലരുടേയും അവകാശങ്ങളെ ചോദ്യം ചെയ്യലായും കാണപ്പെടും.

110. സ്വാർത്ഥതാൽപ്പര്യത്താൽ സ്വന്തം മക്കളുടെ വളർച്ചയെ തടയാൻ പ്രോത്സാഹിപ്പിക്കുന്ന ഫ്യൂഡൽ ഭാഷാ മനോഭാവങ്ങൾ

ആരും തന്നെ സാധാരണ ഗതിയിൽ ചെയ്യാൻ തയ്യാറാവാത്ത ഒരു പരീക്ഷണത്തിന് സ്വന്തം മക്കളെ വിധേയമാക്കുക എന്നുള്ളത്, ഒരു പരിധിവരെ, ഒരു പിതാവെന്ന നിലിയിൽ, സ്വന്തം മക്കളോട് മലയാളത്തിൽ നിന്നും വീക്ഷിച്ചാലുള്ള നിസ്സംഗത, നിഷ്പക്ഷത, അകൽച്ച, സ്വർത്ഥരാഹിത്യം, താൽപര്യരാഹിത്യം, അശ്രദ്ധ, വാത്സല്യക്കുറവ്, പ്രീതീശൂന്യത തുടങ്ങിയവ ഒരളുവരെ പ്രതിനിധീകരിക്കാം.

കാരണം, മക്കളെ 'നീ' എന്ന് സംബോധന ചെയ്യതിരിക്കുമ്പോൾത്തന്നെ, ഈ വാക്ക് പ്രകടമായിത്തന്നെ നൽകുന്ന അടുപ്പവും, മക്കളുടെ മേൽ ഉളവാകുന്ന അധികാരവും, സ്വാതന്ത്ര്യവും ഈ ബന്ധത്തിൽ ഇല്ലാതാവുന്നുണ്ട്. ഇങ്ഗ്ളിഷിലെ You എന്ന പദം, അങ്ങോട്ടും ഇങ്ങോട്ടും ഒരേ പോലുള്ള അടുപ്പവും, അധികാരങ്ങളും, സ്വാതന്ത്യമാണ് സുചിപ്പിക്കുകയും, പ്രകടമാക്കുകയും ചെയ്യുക.

ഈ ഒരു വ്യത്യാസം ശരിക്കും പറഞ്ഞാൽ, ഇങ്ഗ്ളിഷും, ഫ്യൂഡൽ ഭാഷകളും മാറിമാറി ഉപയോഗിക്കുന്നവർക്ക് മനസ്സിലാകില്ല. കാരണം, അവർക്ക്, മക്കളുടെ മേൽ അതിശക്തമായ അടുപ്പവും, അധികാരവും, സ്വാതന്ത്ര്യവും വേണ്ടുന്ന അവസരങ്ങളിൽ അവർ സ്വമേധയാ ഫ്യൂഡൽ ഭാഷകളിലേക്ക് സംഭാഷണം മാറ്റും. മറ്റ് അവസരങ്ങളിൽ ഇങ്ഗ്ളിഷിൽ കാര്യങ്ങൾ മുന്നോട്ട് കൊണ്ട് പോകും.

അതേ സമയം ഇങ്ഗ്ളിഷുകാർക്ക്, ഫ്യൂഡൽ ഭാഷകളിലെ 'നീ' എന്ന പദം നൽകുന്ന അധികാരം, മറ്റേ ആളുടെ മേലുളവാകുന്ന അമിത സ്വാതന്ത്ര്യം, കഠിനമായ അടുപ്പം എന്നിവയെക്കുറിച്ച്, അനുഭവിച്ച് അറിവില്ല.

'നീ' എന്ന് വിളിക്കപ്പെടുന്ന മക്കൾ, ശരിക്കും പറഞ്ഞാൽ, മാതാപിതാക്കൾക്ക് സാമൂഹിക സദസ്സിൽ ശക്തിയേകുന്ന ഒരു അനുയായി സംഘമാണ്. മറ്റാരൊക്കെ തരംതാഴ്ത്തി സംസാരിക്കുന്ന അവസരത്തിലും, സ്വന്തമായി ഒരു കൂട്ടം മക്കളെ നീ എന്ന് സംബോധന ചെയ്യാൻ കൂടെയുണ്ടെങ്കിൽ, അത് ഒരു അനുയായി പടതന്നെയാണ്. അവർ പ്രകടമായി നൽകുന്ന ബഹുമാനം സാമൂഹികമായി ഒരു ശക്തിയായി പടർന്ന് പിടിക്കും.

മക്കളില്ലാത്ത അവസ്ഥ ഈ കാരണത്താൽ, ഫ്യൂഡൽ ഭാഷാ അന്തരീക്ഷങ്ങളിൽ, ഇങ്ഗ്ളിഷിൽ നിന്നും മനസ്സിലാക്കാൻ പറ്റാത്ത ഒരു സാമൂഹിക ശക്തിക്കുറവാണ്.

ഈ ഒരു കാരണത്താൽ, ഫ്യൂഡൽ ഭാഷകളിൽ, മക്കളിൽ ചിലരുടെ വളർച്ചയെ കരുതിക്കൂട്ടിത്തന്നെ ചില മാതാപിതാക്കൾ, നിയന്ത്രിക്കുകയും പരിധിപ്പെടുത്തുകയും ചെയ്യും.

ഇതുമായി ബന്ധപ്പെട്ട് പലരുടേയും ജീവിതാനുഭവം കേട്ടറിവുണ്ട്.

പണ്ട് പരിചയപ്പെട്ട ഒരു തെരുവോരങ്ങളിൽ തൊഴിൽ ചെയ്യുന്ന ആൾ അയാളുടെ മകനെ മറ്റാരോ കുത്തിക്കൊന്നതുമായി ബന്ധപ്പെട്ട് ഇങ്ങിനെ ഒരു വ്യസനം വാക്കുകളിൽ പ്രകടിപ്പിച്ചിരുന്നു: 'അവൻ കൂടെയുണ്ടായിരുന്നെങ്കിൽ, എനിക്ക് ഒരു ശക്തിയായിരുന്നു'.

മറ്റുള്ളവർ ഈ ആളെ നീ എന്ന് സംബോധന ചെയ്യുമ്പോഴും, ഈ ആളെക്കാൾ പ്രായം കുറഞ്ഞവർ ബഹുമാനക്കുറവ് കാണിക്കുമ്പോഴും മറ്റും ബഹുമാനിക്കുന്നവനും, തനിക്ക് നീ, എടാ എന്നൊക്കെ വാസ്തല്യത്തോടും അധികാരത്തോടും കൂടി സംബോധന ചെയ്യാനായി ഒരുവൻ കൂടെയുണ്ടെങ്കിൽ, മറ്റുള്ളവരുടെ പെരുമാറ്റത്തിലും വാക്കുകളിലും പ്രകടമായ വ്യത്യാസം വരുമായിരുന്നു.

മറ്റൊരു സംസ്ഥാനത്ത് കേട്ടകാര്യം ഇതാണ്: വീട്ടിൽ, മക്കളെല്ലാം വൻ കായികതാരങ്ങൾ. പട്യാലയിലേയും മറ്റും ഉള്ള Physical education collegeകളിൽ പോയി ബിരുദം കൈക്കലാക്കി, പലസ്ഥലങ്ങളിൽ കോളെജുകളിൾ Physical education അദ്ധ്യാപകരായി പോയി. ഒരു മകനെ മാത്രം വിട്ടില്ല, വിധവയായ അമ്മ. ഈ മകൻ അവസാനം പോലീസി കോൺസ്റ്റബ്ൾ പോസ്റ്റിൽ ചേർന്നു. ഈ ആളുടെ കൂടെ കായിക താരങ്ങളായവരിൽ ചിലർ പോലീസ് ആമ്ഡ് ഫോസിൽ (Armed forceൽ) DySP മാരായി കയറിക്കൂടി. സ്വന്തം മാതാവ് തടഞ്ഞ് വച്ചതിനാൽ കോൺസ്റ്റബ്ൾ ആയി പോലീസിൽ ചേർന്ന വ്യക്തിക്ക് സഹിക്കാൻ പറ്റത്ത് മനോവേദന.

മാതാവിനെ പരിചയമുള്ള ഒരു വ്യക്തി ഈ കഠിന ഹൃദയത്തെക്കുറിച്ച് മാതവിനോട് ചോദിച്ചപ്പോൾ, കിട്ടിയ ഉത്തരം: "മറ്റ് മക്കൾ കോളെജ് ലക്ചറർമാരായിട്ട്, ലഭക്കുന്നതിനേക്കാളും സാമൂഹിക ബഹുമാനം എനിക്ക് ലഭിക്കുന്നത്, ഇവൻ കോൺസ്റ്റബ്ൾ ആയത് കൊണ്ടാണ്."

ഈ സാമൂഹിക ബഹുമാനം എന്ന എടാകൂടം ഇങ്ഗ്ളിഷിൽ ഇല്ലാ എന്ന് പറയാം. എന്നാൽ ഇങ്ഗ്ളിഷുകാർ ഇത് സമ്മതിച്ചുതരുമോ എന്ന് അറിയില്ല. കാരണം, ഇങ്ഗ്ളിഷിലും 'Respect' (ബഹുമാനം) എന്ന ഒരു പദം ഉണ്ട്. എന്നാൽ അത് എവിടെ കിടക്കുന്നു, ഇത് എവിടെ കിടക്കുന്നു?

ഇങ്ഗ്ളിഷിലെ 'Respect' You, Your, Yours, He, His, Him, She, Her, Hers എന്ന പദങ്ങളെ ബാധിക്കില്ല. മലയാളത്തിലെ 'ബഹുമാനം' വാക്കുകളുടെ മേൽ പിടിയും വലിയും, ഉന്തലും, വലിക്കലും, വരുത്തും, വ്യക്തിയുടെ മേൽ സമ്മർദ്ദങ്ങളും, പിരിച്ച്തിരിക്കലും, മാനസിക സംഘർഷങ്ങളും മറ്റും സാധ്യമാക്കും.

ഫ്യൂഡൽ ഭാഷാ രാഷ്ട്രങ്ങളിൽ ജനസംഖ്യ അധികരിക്കുന്നതിന് ഒരു വ്യക്തമായ കാരണം അവിടുള്ള ഭാഷാ കോഡുകളാണ്.

111. 1717കളിൽ ഇങ്ഗ്ളിഷുകാർ മലബാറിൽ വന്നപ്പോൾ, കണ്ട കാഴ്ച

സ്വന്തം മക്കളോട് ഫ്യൂഡൽ ഭാഷകളിൽ സംസാരിച്ചാൽ ഉളവാകുന്ന വിവിധതരം ഗുണാത്മകമായ കാര്യങ്ങളെക്കുറിച്ച് കഴിഞ്ഞ എഴുത്തിൽ പ്രതിപാദിച്ചു. ഈ വിധം ഗുണങ്ങൾ ഉള്ളപ്പോൾ, എന്തിനാണ് ആ ഭാഷകളെ ഒഴിവാക്കാൻ ഒരുമ്പൊട്ടത് എന്ന ചോദ്യം ഉദിക്കാം.

ഇതിന് വിശാലമായ ഉത്തരം നൽകാമെങ്കിലും, കഴിഞ്ഞ എഴുത്തിൽ സൂചിപ്പിക്കപ്പെട്ട, മക്കളിലൂടെ ഒരോ മാതാപിതാവും ഒരു അനുയായി സംഘത്തെ പടുത്തുയർത്തുന്നതിലെ സാമൂഹികവിപത്തിനെ എടുത്ത് ചൂണ്ടിക്കാട്ടാം. ഓരോ മാതാപിതാവും, ഒരു തരം നേതൃസംഘവും, ചേകവരും, പടനായകരും, മറ്റും ആവുന്ന അവസ്ഥയാണ് ഉദിക്കുക. സാമൂഹിക ആശയവിനിമയം ഒരു തരം ഏറ്റുമുട്ടലുള്ളതോ അതുമല്ലെങ്കിൽ, ഒരേ സേനാവിഭാഗത്തിന്റെ ഒരു കൂട്ടായ്മയോ ആവാം.

ഇങ്ങിനെ ഒരു സാമൂഹികാന്തരീക്ഷം കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ആശയവിനിമയത്തിൽ ഇല്ലതന്നെ.

വീര ചേകവരുടെ കഥകൾ ചൊല്ലാനും കേൾക്കാനും നല്ല ഇമ്പമുള്ളതാണെങ്കിലും, സാമൂഹികമായ ഒരു ഔന്നിത്യവും, ഗുണമേന്മയും ഈ വിധ കാര്യങ്ങൾക്ക് പടുത്തുയർത്താൻ ആവില്ല എന്നാണ് തോന്നുന്നത്.

1717കളിൽ ഇങ്ഗ്ളിഷുകാർ മലബാറിൽ വന്നപ്പോൾ, കണ്ട കാഴ്ച ഓരോ 20 കിലോ മീറ്ററിലും ഓരോ രാജാവ്, കുട്ടിരാജാവ്, പടനായകൻ, വാഴുന്നവർ, തമ്പുരാൻ എന്നിങ്ങനെ. മാത്രവുമല്ല, ഓരോ കുട്ടിരാജ കുടുംബത്തിലും, തമ്മിലേറ്റുമുട്ടുന്ന വിവധ നേതൃസംഘങ്ങൾ. ആകെക്കൂടെ തൊട്ടതിനും തൊടുന്നതിനും ഏറ്റ്മുട്ടലും, വെട്ടും കൊലയും, കൊലവിളിയും മറ്റും മറ്റും. ഇങ്ഗ്ളിഷുകാർക്ക് പലപ്പോഴും ഈ വിധമുള്ള പലതിന്റെയും പിന്നിൽ പ്രവർത്തിക്കുന്ന വ്യക്തമായ പ്രകോപനം എന്താണ് എന്ന് പോലും മനസ്സിലായില്ലാ എന്നാണ് കാണുന്നത്.

എന്നാൽ യഥാർത്ഥത്തിൽ പലവിധ പ്രകോപനങ്ങൾക്കും പിന്നിൽ പ്രവർത്തിച്ചത്, വെറും നിസ്സാരമായ ഒരു ഇഞ്ഞി, നീ, എടാ, എന്താടാ, വെറും പേര് വിളി, 'അവൻ', 'ഓൻ', 'അവൾ', 'ഓള്' തുടങ്ങിയവയാണ് എന്ന്, പല സംഭവ വികാസങ്ങളേയും വിശകലനം ചെയ്യുമ്പൾ, ഈ എഴുത്തുകാരന് മനസ്സിലാകുന്നുണ്ട്. ചരിത്ര സംഭവങ്ങളിലേക്ക് ഈ എഴുത്ത് നീങ്ങുന്ന അവസരത്തിൽ ഇവയെക്കുറിച്ച് കൂടുതൽ വ്യക്തമായി പ്രതിപാദിക്കാം.

112. ഭാഷാകോഡുകളുമായി ബന്ധപ്പെട്ട് ചെയ്ത പരീക്ഷണ നിരീക്ഷണങ്ങൾ

ഈ എഴുത്തുകാരന് രണ്ട് കുട്ടികളാണ് ഉള്ളത്. ഈ രണ്ട് പേർക്ക് തമ്മിൽ, തികച്ചും വ്യത്യസ്തമായ അനുഭവങ്ങളാണ്, തുടക്കത്തിൽ ലഭിച്ചത്.

മറ്റ് വ്യക്തികളായതിനാൽ, ഈ എഴുത്തുകാരന് സ്വന്തം കാര്യങ്ങൾ വിവരിക്കുന്നത് പോലെ, അഗാധമായി ഈ രണ്ടുപേരെയും കുറിച്ച് സംസാരിക്കാൻ ആവില്ല. കാരണം, അതിന് അവരുടെ അനുവാദം വേണ്ടിവരും.

എന്നാൽ, ഈ എഴുത്തുകാരൻ നിരീക്ഷണ പരീക്ഷണങ്ങളുടെ ഭാഗമായി ചെയ്ത ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം എന്ന് കരുതുന്നു. വായനക്കാരിൽ ചിലർക്ക് ഈ വിധ വിവരങ്ങളിൽ നിന്നും ചിലപ്പോൾ, മനുഷ്യന്റെ ബുദ്ധിയേക്കുറിച്ചും, മസ്തിഷ്കം വിവരശേഖരണം നടത്തുന്നതിനെക്കുറിച്ചും, കായികമായ കഴിവുകൾ വളർത്തുന്നതിനെക്കുറിച്ചും മറ്റും ചില വിവരങ്ങൾ ലഭിച്ചേക്കാം.

ഈ എഴുത്തുകാരൻ, മകൾ ജനിക്കുന്നതിന് മുൻപായിത്തന്നെ സൌകര്യപ്പെടുത്തിയ ചില അന്തരീക്ഷങ്ങൾ ആദ്യത്തെ മകൾക്കാണ് പൂർണ്ണമായും നൽകാൻ കഴിഞ്ഞത്. രണ്ടാമത്തെ മകൾ ജനിക്കുന്ന അവസരത്തിൽ ജീവിതത്തിൽ കാര്യമായ മാറ്റങ്ങൾ വരികയും, തികച്ചും വ്യത്യസ്തമായ അന്തരീക്ഷമാണ് ജനിക്കുന്നതിന് മുൻപായി ലഭിച്ചത്. എന്നാൽ, രണ്ട് പേർക്കും, ജനനത്തിന് ശേഷം, കാര്യമായ ഇങ്ഗ്ലിഷ് അന്തരീക്ഷം ലഭിച്ചിരുന്നു. രണ്ടാമത്തെ ആളുടെ കാര്യത്തിൽ, ഒന്ന് രണ്ട് മാസം ഇതിന് വിഘ്നം സംഭവിച്ചെങ്കിലും, ആദ്യത്തെ ആൾക്ക് ലഭിച്ച ഇങ്ഗ്ലിഷ് അന്തരീക്ഷത്തിനേക്കാൾ ശക്തമായ അന്തരീക്ഷം ലഭിച്ചിരുന്നു. രണ്ടാമത്തെ ആളുടെ ഇങ്ഗ്ലിഷ് ഭാഷാ ശൈലി ആദ്യത്തെ ആളുടെതിനേക്കാൾ മെച്ചപ്പെട്ടതാണ്. ആദ്യത്തെ ആൾക്കാണ് ഇങ്ഗ്ലിഷ് ക്ളാസിക്കൽ സാഹിത്യവുമായി കൂടുതൽ ബന്ധം.

ഈ എഴുതാൻ പോകുന്ന കാര്യങ്ങൾ യാതോരു മത്സര ബുദ്ധിയോടും കൂടിയല്ല എഴുതുന്നത്. മറിച്ച്, ഭാഷാ കോഡുകളുടെ സ്വാധീനത്തെക്കുറിച്ച് വ്യക്തമാക്കാനുള്ള ഒരു പദ്ധതിമാത്രമാണ് ഈ ഉദ്യമം.

മാത്രവുമല്ല, ഈ എഴുത്തുകാരന്റെ ഗ്രന്ഥങ്ങളിൽ ഇന്റർനെറ്റിൽ ഏറ്റവുംകൂടുതൽ ഡൌൺ ലോഡ് ചെയ്യപ്പെട്ടിട്ടുള്ള SHROUDED SATANISM in FEUDAL LANGUAGES! (2013) ഈ സംഗതികൾ ഏറെക്കുറെ നൽകിയിട്ടുണ്ട്.

113. ഫ്യൂഡൽ ഭാഷാ നാട്ടിന് നടുവിൽ ഒരു കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് അന്തരീക്ഷം പടുത്തുയർത്താൻ ഉദ്യമിച്ചത്

ഈ എഴുത്തിൽ ഈ എഴുത്തുകാരന്റെ ആദ്യത്തെ സന്തതിയുടെ കാര്യത്തിൽ എടുത്ത ഭാഷാ പരമായ സംഗതികളാണ് പരാമർശിക്കാൻ പോകുന്നത്. ഇതിൽ കാര്യമായ പദ്ധതികൾ നടപ്പിൽ വരുത്തിയിരുന്നു. എന്താണ് ലക്ഷ്യമെന്നോ, ഫലമെന്താണെന്നോ യാതോരു വ്യക്തമായ വിവരവും മുൻകൂട്ടിയില്ലാതെയാണ് ഈ പദ്ധതിയിലൂടെ മന്നോട്ട് നീങ്ങിയത്.

നിത്യജീവിതത്തിൽ ചെയ്യുന്ന മറ്റ് പലകാര്യങ്ങളുടെയും കൂടെ ഇതും നടപ്പിൽ വരുത്തി.

മകൾ ജനിക്കുന്നതിന് മുൻപായിത്തന്നെ മാനസികമായും വ്യക്തിത്വപരമായി പോസിറ്റിവ് ആയ പല വിധ സ്വാധീനങ്ങൾ ഉളവാക്കാനായി ചില ചുറ്റുപാടുകളും മറ്റും സ്വാഭാവികമെന്നോണം, ഒരുക്കുകയോ, അതുമല്ലെങ്കിൽ ചെയ്യുകയോ ചെയ്തിരുന്നു. അവ എന്തെല്ലാമാണെന്ന് ഇവിടെ കുറിച്ചിടുന്നില്ല. എന്നാൽ പൊതുവായി ഒരു ഉയർന്ന മാനസികാവസ്ഥ മാതാവിൽ ചെലുത്താനുതകുന്ന കാര്യങ്ങൾ ചെയ്തിരുന്നു. മാത്രവുമല്ല, ഇങ്ഗ്ളിഷിലെ ലാളിത്യമേകുന്ന ലോലമയമായ അന്തരീക്ഷവും ഉണ്ടായിരുന്നു.

വ്യക്തി തരംതാഴുന്ന ഒരു സാഹചര്യം നിലവിൽ വരില്ലാ എന്ന് ഉറപ്പിച്ചിരുന്നു. കുടുംബത്തിൽപെട്ട പലർക്കും, ഇതിലെല്ലാം എന്തൊക്കെയോ വിഡ്ഢിത്തമുണ്ട് എന്ന തോന്നൽ, ഉണ്ടായിരുന്നെങ്കിലും, ഇതെല്ലാം ഒരു ഹ്രസ്വകാലം മാത്രം നിലനിൽക്കുന്ന അര വട്ട് (അരപ്പിരി) സ്വഭാവമായി കരുതി, കാര്യമായി ആരും തന്നെ തടസ്സങ്ങൾ നിന്നില്ല.

ഈ പരീക്ഷണനിരീക്ഷണം ഒരു പരിധി വരെ വൻ വിജയമായിരുന്നെങ്കിലും, മകൾക്ക് ഏതാണ്ട് ഒരു ഒൻപത് വയസ്സാകുന്നതോടു കൂടി (ഏതാണ്ട് 2004-05), ഒരു വൻ തിരിച്ചടിയിലേക്ക് നീങ്ങി. എന്ന് വച്ചാൽ, പരീക്ഷണം, അതിന്റെ പാതിയിൽ നിർത്തേണ്ടിവന്നു. അക്കാര്യം പിന്നീട് പറയാം.

മകൾ ജനിച്ചപ്പോൾ, പരീക്ഷണ നിരീക്ഷണം അതി ഗംഭീരമായ വിജയത്തിന്റെ അടയാങ്ങൾ സൂചിപ്പിച്ചിരുന്നു. ജനിച്ച ആൾക്ക് ആകപ്പാടെ ഒരു തിളക്കം. ചുറ്റുപാടിലോ, അതുമല്ലെങ്കിൽ മാതാവിന്റെയോ പിതാവിന്റെയോ കുടുംബത്തിൽ ആർക്കുതന്നെയില്ലാത്ത ഒരു തിളക്കം. ഈക്കാര്യം പലരും വ്യക്തമായിത്തന്നെ സൂചിപ്പിച്ചിരുന്നു.

ഇനിയങ്ങോട്ട് 2005 വരെ ഈ എഴുത്തുകാരൻ എടുത്ത നടപടികളെക്കുറിച്ച് വിവരിക്കാം. ഒരു എഴുത്തുകാരൻ എന്ന നിലയിൽ ഈ അനുഭവ സമ്പത്ത് മൂല്യമേറിയതാണ്.

ഇവരെ (അതായത് മകളെ) അനൌപചാരികമായി പലകാര്യങ്ങളിലും പരിശീലിപ്പിച്ചെടുത്ത വിവരങ്ങളാണ് നൽകാൻ പോകുന്നത്.

ഇവിടെ മുഖദാവിൽത്തന്നെ ഒരു വാക്ക് കോഡിനെ നിർവ്വചിക്കേണ്ടിരിക്കുന്നു. ആരും സ്വന്തം മകളെയോ മകനെയോ പരാമർശിക്കുമ്പൾ 'അവർ / 'ഇവർ' എന്ന

പദം ഉപയോഗിക്കാറില്ല, സാധാരണ ഗതിയിൽ. എന്നാൽ ചിലപ്പോൾ, വല്ല ഐഎഎസ്സുകാരന്റെയോ മറ്റോ വീട്ടിലേക്ക് ആരെങ്കിലും ഫോൺ വിളിച്ചാൽ, വിളിച്ചയാളിൽ സ്വന്തം മകന്റെ മാഹാത്മ്യം അടിച്ചേൽപ്പിക്കാൻ ആ ആളുടെ പിതാവോ മാതാവോ മറ്റോ ഈ വിധ വാക്ക് ഉപയോഗിച്ചേക്കാം.

എന്നാൽ, ഇവിടെ അങ്ങിനെ ഒരു ഉദ്ദേശം ഇല്ലതന്നെ. മറിച്ച്, വാസ്തവം പറയുകയാണെങ്കിൽ ഈ എഴുത്തുകാരൻ വളരെ അപൂർവ്വമായേ ആരെയും 'അവൻ' / 'അവൾ എന്ന് പരാമർശിക്കാറുള്ളു. അതേ സമയം 'നീ' എന്ന വാക്ക്, മലയാളത്തിൽ കൂടി അടുത്ത ബന്ധത്തിൽ എത്തിയവരിൽ ചിലരെ മറ്റ് പോംവഴിയില്ലാത്തത് കൊണ്ട് അങ്ങിനെ സംബോധന ചെയ്യാറുണ്ട്. എന്നാൽ പൊതുവായി പറഞ്ഞാൽ, ഈ എഴുത്തുകാരന്, മലയാളത്തിൽ 'സുഹൃത്ത്' എന്നോ മലബാറിയിൽ 'ചങ്ങാതി'യെന്നോ വിശേഷിപ്പിക്കാവുന്ന ആരും തന്നെലില്ലാ എന്നുള്ളത് വാസ്തവമാണ്. അതിനാൽ തന്നെ 'നീ' എന്ന് സംബോധന ചെയ്യാനുതകുന്ന ചങ്ങാതിമാരും ഇല്ല. പണ്ട് പഠന കാലത്ത് ഈ വിധം ബന്ധമുള്ള സഹപാഠികൾ ഉണ്ടെങ്കിലും, അവരെ ആരെയും ചങ്ങാതിമാരായി കരുതുന്നുമില്ല.

'അവർ' / 'ഇവർ' എന്ന വാക്ക് പ്രയോഗം അനൌചിത്യപരമായി ഉപയോഗിച്ചപ്പോൾ ലഭിച്ച ഒന്ന് രണ്ട് അനുഭവങ്ങൾ അടുത്ത എഴുത്തിൽ സൂചിപ്പിക്കാം.

114. വാക്ക് കോഡുകൾ തലതിരിഞ്ഞ് ഉപയോഗിച്ചാൽ ഉളവാകുന്ന സാമൂഹിക വിഘടനം

എല്ലാരും ചെയ്യുന്നത് പോലെയോ, അതുമല്ലെങ്കിൽ സാധാരണമായി നടക്കുന്നത് പോലെയോ ചെയ്താൽ പരീക്ഷണം ഉണ്ടാവും എന്ന് തോന്നുന്നില്ല. നിരീക്ഷണം ഉണ്ടാവാമെങ്കിലും. എന്നാൽ, വ്യത്യസ്തമായോ, കടകവിരുദ്ധമായോ പ്രവർത്തിച്ചാൽ, പരീക്ഷണവും നിരീക്ഷണവും സാധ്യമായേക്കാം.

ഭാഷാ കോഡുകളുടെ കാര്യത്തിൽ ഈ എഴുത്തുകാരൻ പലപ്പോഴും ഒരു തലതിരിഞ്ഞ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. പലപ്പോഴും, വാക്ക് കോഡുകൾ തലതിരിഞ്ഞ് ഉപയോഗിച്ചാൽ ഉളവാകുന്ന സാമൂഹിക വിഘടനം ഈ വാക്ക് കോഡുകളുടെ ഞെട്ടിപ്പിക്കുന്ന ശക്തിയേയും ബലത്തേയും കുറിച്ച് കാര്യമായ ഉൾക്കാഴ്ച നൽകും. എന്നാൽ പ്രത്യേകമായി എടുത്ത് പറയേണ്ടത് ആരെയും അമർത്താനായി സാധാരണ ഗതിയിൽ വാക്ക് കോഡുകൾ ഈ എഴുത്തുകാരൻ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രകോപനപരമായ അന്തരീക്ഷത്തിൽ മാത്രമേ, ഈ ഒരു തീരുമാനത്തിന് വിരുദ്ധമായ നടപടി സ്വീകരിക്കാറുള്ളു.

അവയെക്കുറിച്ച് പിന്നീടെപ്പോഴെങ്കിലും സൂചിപ്പിക്കാം എന്ന് കരുതുന്നു. എന്നാൽ, ഒന്ന് രണ്ട് അനുഭവങ്ങൾ, ഇവിടെ പ്രസക്തമായവ, രേഖപ്പെടുത്താം.

'അവർ', 'ഇവർ' എന്ന വാക്കാണ് ഇവടെ പ്രതിപാദ്യവിഷയം. വിദ്യാർത്ഥി അദ്ധ്യാപകനെ ചൂണ്ടിക്കാണിച്ച്, അവർ എന്ന ഉപയോഗിച്ചാൽ, സാമൂഹിക അച്ചടക്ക കോഡുകളോട് താദാത്മ്യത്തിൽ കാര്യങ്ങൾ നീങ്ങും. ഫ്യൂഡൽ ഭാഷയിൽ ഉള്ള അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തിന് ബലംനൽകും.

എന്നാൽ, അദ്ധ്യപകൻ വിദ്യാർത്ഥിയെ ചൂണ്ടിക്കാട്ടി, ഇവർ എന്നോ അവർ എന്നോ പരാമർശിച്ചാൽ, എന്തോ ഒരു പിശക് ഉള്ളതായി അനുഭവപ്പെടാം.

ഇതേ പോലെതന്നെയാണ് അവൻ, അവൾ തുടങ്ങിയവാക്കുകളും. ഉചിതമായ ദിശയിൽ ഉപയോഗിച്ചാൽ, ബന്ധത്തിന് ബലം ഏറും. അനുചിതമായ ദിശയിൽ ഉപയോഗിച്ചാൽ, ബന്ധത്തിൽ വിഘടനം സംഭവിക്കും.

ഈ വിധ പ്രശ്നങ്ങളെക്കുറിച്ച് യതോരു നിഴൽപോലും ഇങ്ഗ്ളിഷിൽ അറിവില്ലാ എന്ന് ഓർക്കേണം.

ഈ എഴുത്തുകാരൻ സ്വന്തം ഭാര്യയെ അവൾ എന്ന വാക്കിനാൽ പാരമർശിച്ച അനുഭവം ഇല്ലാ എന്നാണ് തോന്നുന്നത്. ഇങ്ഗ്ളിഷിലെ She, Her, Hers തുടങ്ങിയ പദങ്ങൾ മലയാളത്തിൽ ഏത് വാക്ക് കോഡിലേക്കാണ് തർജ്ജമചെയ്യേണ്ടത് എന്ന ഒരു പ്രശ്നം പ്രശ്നമായിത്തന്നെ ഇരിക്കുന്നു, ഈ എഴുത്തുകാരന്.

എന്നാൽ പുറംലോകത്തിൽ, പ്രത്യേകിച്ചും, സർക്കാർ ഓഫിസുകളിൽ പോകുന്ന അവസരത്തിൽ, ഭാര്യയെ പരാമർശിക്കേണ്ടി വരുന്ന അവസരങ്ങളിൽ ഈ പ്രശ്നം ഒഴിവാക്കാൻ പറ്റാത്തരീതിയിൽ മുന്നിൽവരും.

ഭാര്യയെ പരാമർശിക്കുന്ന അവസരത്തിൽ അവർ, ഇവർ എന്ന പദം ആണ് ഉപയോഗിക്കുക. ഇത്, പലപ്പോഴും മുന്നിലിരിക്കുന്ന ഉദ്യോഗസ്ഥന് അരോചകമായി അനുഭവപ്പെടാറുണ്ട് എന്നാണ് തോന്നുന്നത്.

ഒരിക്കൽ, ഒരു ഉദ്യോഗസ്ഥന് കാര്യമായിത്തന്നെ വെറുപ്പ് വന്ന അനുഭവവും ഉണ്ടായതായി ഓർമ്മവരുന്നുണ്ട്. അയാളെ കൊച്ചാക്കാനാണ് ഇങ്ങിനെ അവർ, ഇവർ എന്ന പദപ്രയോഗം ഉപയോഗിക്കുന്നത് എന്ന് കരുതി അയാൾ പ്രതികരിച്ചതായും ഓർമ്മയുണ്ട്.

ഈ പ്രതികരണത്തെപ്പറ്റി ചിന്തിക്കുമ്പോൾ, മറ്റൊരു സംഭവം ഓർമ്മവരുന്നു. ഏതാണ്ട് 20 വർഷങ്ങൾക്ക് മുൻപാണ്. ഈ എഴുത്തുകാരൻ ഒരു വ്യാപാരം നടത്തുന്ന അവസരമാണ്. ഏതാനും കുറച്ച് യുവ പ്രായക്കാരായ തൊഴിലാളികളും ഉണ്ട്. മുന്നിൽ നിൽക്കുന്നത്, മറ്റൊരു വ്യാപാരത്തിന്റെ ഉടമസ്ഥനാണ്. ആ ആൾ ചെറിയ ഒരു വിധേയത്വ ഭാവത്തിലാണ് നിൽക്കുന്നത്. ഈ എഴുത്തുകാരൻ, സ്വന്തം തൊളിലാളിയെ ചൂണ്ടിക്കാട്ടി, ഇവർ അവിടെ വന്ന് ആ കാര്യം ചെയ്തോളും എന്നോ മറ്റോ പറഞ്ഞു.

മറ്റെ തൊഴിൽ ഉടമ ആകക്കൂടി അന്ധാളിച്ച മാതിരി ആയിപ്പോയി. ഇതിന് പകരം ഇവൻ അവിടെ വന്ന് ആ കാര്യം ചെയ്തോളും എന്ന് പറഞ്ഞിരുന്നെങ്കിൽ, ആ തൊഴിലാളിയുടെ മേലും, അയാൾക്ക് അധികാരം നൽകുന്ന സ്വാഭാവിക അനുഭവമായിരിക്കുമായിരുന്നു.

ഈ വിധ കാര്യങ്ങൾ പ്രത്യേകം എടുത്ത് പറഞ്ഞത്, 'അവർ', 'ഇവർ' എന്ന് വാക്ക് പ്രയോഗം നടത്തുന്നതിന്റെ ആശയപരമായ ഉദ്ദേശവും, ഉദ്ദേശശുദ്ധിയും മറ്റും സൂചിപ്പിക്കാനാണ്. എന്നാൽ, ഇതിനെല്ലാം വ്യത്യസ്തമായ രീതിയിലാണ്, ഇവിടെ പ്രസക്തമായ വിഷയത്തിൽ ഈ വാക്ക്-പ്രയോഗം ഉപയോഗിക്കാൻ പോകുന്നത്.

115. ഭാഷാകോഡുകളിലൂടെ ഉളവാകുന്ന വ്യക്തിത്വ തിളക്കം

'അവൻ' എന്ന് പൊതുവായി പരാമർശിക്കപ്പെടേണ്ടുന്ന ആളെ 'അയാൾ' /'അവർ' / 'അദ്ദേഹം' തുടങ്ങിയവാക്കുകളാൽ പരാമർശിക്കുമ്പോൾ, ആ ആൾ ആപേക്ഷികമായി മുകളിലെ നിലയിലേക്ക് ഉയരും. ആ വാക്ക് പറയുന്ന ആൾ ആപേക്ഷികമായി താഴോട്ടേക്ക് നീങ്ങാം.

അതേ പോലെ, മുകളിൽനിന്നും നിലനിലയായി താഴോട്ടേക്ക് ഒഴുകിവരുന്ന, 'അവർ-അവൻ', എന്ന പടിപടിയായുള്ള ഒഴുക്കിൽ ഒരു പ്രത്യേക തട്ടിൽ വച്ച് താഴെയുള്ള ആളെക്കുറിച്ച്, 'അവൻ' എന്ന പദത്തിന് പകരം 'അവർ' എന്നോ 'അദ്ദേഹം' എന്നോ ഉപയോഗിച്ചാൽ, ശരിക്കും പറഞ്ഞാൽ, ഫ്യൂഡൽ ഭാഷാ കോഡുകൾ രൂപകൽപ്പന ചെയ്യുന്ന ഉച്ചനീചത്വ കൽപ്പനാ ഒഴുക്കിൽ നിന്നും പറയുന്ന ആളും, പരാമർശ്ശിക്കപ്പെടുന്ന ആളും പുറത്തായി നിൽക്കും.

എന്നാൽ ഇവിടെ പ്രത്യേകമായി സൂചിപ്പിക്കേണ്ടത്, ഈ എഴുത്തുകാരനും സ്വന്തം മകളും തമ്മിലുള്ള ആശയവിനിമയം തികച്ചും ഇങ്ഗ്ളിഷിൽ തന്നെയായിരുന്നു. ഈ ഒരു കാര്യത്താൽതന്നെ, 'ഇവർ' (മകൾ) മുകളിൽ സൂചിപ്പിച്ച, കുടുംബപരമായ ഉച്ചനീചത്വ ആശയവിനിമയ ചരടിൽ പെട്ടിരുന്നില്ല.

എന്നാൽ ഇവിടെ എടുത്ത് പറയേണ്ടുന്ന കാര്യം 'ഇവർക്ക്' (മകൾക്ക്) ബുദ്ധിപരമായും, ഇങ്ഗ്ളിഷ് പരിജ്ഞാനപരമായും, കായികമായും, ബുദ്ധിവൈഭവപരമായും ചുറചുറുക്കിലും ഗണിതത്തിലും കമ്പ്യൂട്ടർ ഉപയോഗ പരിജ്ഞാനത്തിലും, സോഫ്ട്വെർ കോഡിങ്ങിലും മറ്റും വളരെ ചെറുപ്പം മുതൽതന്നെ ഈ എഴുത്തുകാരനേക്കാൾ വ്യക്തമായ കഴിവും കാര്യക്ഷമതയും ഉണ്ടായിരുന്നു.

ഇത് എങ്ങിനെ സ്വരൂപിച്ചെടുത്തു എന്നുള്ളതാണ് ഇവിടെ സൂചിപ്പിക്കാൻ പോകുന്ന കാര്യങ്ങളിൽ ഒന്ന്. ഇതും, ഫ്യൂഡൽ ഭാഷയുമായുള്ള അകന്നുനിൽക്കലും ഒരളുവരെ വ്യത്യസ്ത കാര്യങ്ങളാണെങ്കിലും, യഥാർത്ഥത്തിൽ, രണ്ടും ഈ പ്രത്യേക വ്യക്തിയിൽ ഇടകലർന്നാണ് നിൽക്കുന്നത്.

ഈ വ്യക്തി ജനിച്ചപ്പോൾതന്നെ ഒരു തിളക്കം ശ്രദ്ധിക്കപ്പെട്ടിരുന്നു എന്ന കാര്യം സൂചിപ്പിച്ചിരുന്നു. ഇതിന് വ്യക്തമായ കാരണങ്ങൾ ഉണ്ടായിരുന്നു എന്ന് പിന്നീട് ആലോചിക്കുമ്പോൾ വ്യക്തമായി അറിവ് ലഭിക്കുന്നുണ്ട്. ഈ കാരണങ്ങൾ ഇപ്പോൾ ഇവിടെ എടുത്തു പറയുന്നില്ലായെങ്കിലും, ഇതിനും ഇങ്ഗ്ളിഷുമായ് ബന്ധമുണ്ട് എന്നുള്ളാതണ് വാസ്തവം. എന്നാൽ, ഇങ്ഗ്ളിഷ് ഇല്ലാതെയും ഇതുപോലുള്ള ഒരു കാര്യം സംഭവിപ്പിക്കാനാവും എന്നുള്ളതും ശരിയാകാം. എന്നാൽ ഫ്യൂഡൽ ഭാഷകൾ ഉളവാക്കുന്ന തിളക്കം മറ്റൊരു കോഡ് പ്രവർത്തനമായേക്കാം. പ്രതിഭാസം രണ്ടും ഒരുപോലുള്ളതാണെങ്കിലും.

ഇവിടെ പ്രത്യേകമായി എടുത്ത് പറയേണ്ടുന്നത്, ഈ എഴുത്തുകാരാൻ ഉയർന്ന ജാതിക്കാരനല്ല. മറിച്ച്, ഇങ്ഗ്ളിഷ് ഭരണം മലബാറിൽ കാലുറപ്പിക്കുന്നത് വരെ, കീഴ്-ജാതിക്കാരായി കണക്കാക്കപ്പെട്ട ആൾക്കൂട്ടത്തിൽ പെട്ട ആളാണ്.

പോരാത്തതിന് മറ്റൊരു കാര്യം കൂടി പറയാനുണ്ട്. ഈ പരാമർശിക്കപ്പെടുന്ന കാലഘട്ടം ഈ എഴുത്തുകാരന്റെ ജീവിതത്തിൽ വളരെ പരിമിതികളും, സാമ്പത്തിക പിരിമുറുക്കവും മറ്റും ഒരളവുവരെ ഉള്ള സമയമായിരുന്നു.

എന്നാൽ ഈ ഒരു കാര്യത്തിലും, ഒരു കാര്യം വ്യക്തമാക്കാനുണ്ട്. അത് ഇതാണ്. സാമ്പത്തിക പരിമുറുക്കം എന്ന ഒരു ധ്വനി ഈ എഴുത്തിൽ പലയിടത്തും കാണുമെങ്കിലും, ഈ ഒരു വാക്യപ്രയോഗത്തിൽ ചെറിയൊരു നിർവ്വചന പിശക് ഉണ്ട്. അത് എന്താണ് എന്നതും പിന്നീട സൂചിപ്പിക്കാൻ ആവുള്ളു.

വളരെ വ്യക്തിപരമായ ഇടങ്ങളിലേക്ക് ഈ എഴുത്ത് നീങ്ങുന്ന ദിക്കിൽ, പ്രത്യേകമായി എടുത്ത് പറയേണ്ടത്, ഈ കാര്യങ്ങൾ എഴുതുന്നത്, ഭാഷാ കോഡുകളിലൂടെ സാമൂഹികവും, മാനസികവും നരവംശശാസ്ത്രപരമായും മറ്റും പോസിറ്റിവ് ആയ മാറ്റങ്ങൾ ഈ നാട്ടിൽ, ഫ്യൂഡൽ ഭാഷകളെ നാടുകടത്തുന്നതിലൂടെ കൈവരുത്താൻ ആവും എന്ന ആശയം പ്രകടിപ്പിക്കാനാണ്. അല്ലാതെ വ്യക്തിപരിമായി യതോരു അഹംഭാവത്തിന്റെയോ മറ്റോ ഭാഗമായല്ല.

വിപ്ളവ വായാടികൾ സ്വകാര്യമായി മക്കളെ ഇങ്ഗ്ളണ്ടിലേക്കോ, അമേരിക്കയിലേക്കോ കടത്തിവിടും. ഇതിന് ആവാത്ത സാധാരണക്കാർക്ക്, ഇവിടെത്തന്നെ ഇങ്ഗ്ളണ്ട് സൃഷ്ടിക്കാനാവും.

116. ഭാഷാ കോഡുകളിലെ തരംതാഴ്ത്തുന്നവയിൽനിന്നും സംരക്ഷണം

ഇനി ഈ വ്യക്തിയെ (മകൾ: Varunaയെ) തികച്ചും ഒരു ഫ്യൂഡൽ ഭാഷാ അന്തരീക്ഷം ചുറ്റുമുള്ള ഒരു ദിക്കിൽവച്ച് പൂർണ്ണമായ ഒരു ഇങ്ഗ്ളിഷ് അന്തരീക്ഷത്തിലേക്ക് പരിശീലിപ്പിച്ചെടുത്തതിന്റെ കാര്യങ്ങളാണ് അടുത്ത ഏതാനും എഴുത്തുകളിൽ എഴുതാൻ പോകുന്നത്.

ഇതിന് മുൻപായി ഏതാനുംകാര്യങ്ങൾ പറയാം. ഈ വിഷയം ഈ എഴുത്തുകാരൻ 2013ൽ പ്രസിദ്ധീകരിച്ച Shrouded Satanism in feudal languages എന്ന ഗ്രന്ഥത്തിൽ കാര്യമായിത്തന്നെ വിവരിച്ചിട്ടുണ്ട്. ഏതാണ്ട് രണ്ട് അദ്ധ്യായത്തിൽ. ആ ഗ്രന്ഥം ഏതാണ്ട് 2 ലക്ഷം വാക്കുകളും 83 അദ്ധ്യായങ്ങളും ഉള്ള ഒരു വളരെ വലുപ്പമുള്ള ഒരു ഗ്രന്ഥമാണ്. പല കാര്യങ്ങളും അതിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിനാൽത്തന്നെ ഈ വിഷയം ആ ഗ്രന്ഥത്തിൽ ഒരു ചെറിയ ശതമാനമേ ആകുള്ളു.

ഇങ്ഗ്ളിഷിൽ എഴുതിയ ഒരു ഗ്രന്ഥത്തിൽ ഈ വിഷയം ചർച്ചചെയ്യുമ്പോൾ കാര്യമായ ഒരു വേവലാതിയുടെ പ്രശ്നം ഇല്ലതന്നെ. കാരണം, ആ ഗ്രന്ഥം വായിക്കുന്നത് ഇങ്ഗ്ളിഷ് അറിയുന്നവരാണ്. ഫ്യൂഡൽ ഭാഷകിലെ മൃഗീയവാക്ക് കോഡുകൾ ഉപയോഗിക്കാതെ തന്നെ ആ വായനക്കാർക്ക് ഈ വിഷയവും, വ്യക്തിയേയും ചർച്ചചെയ്യാനാവും.

എന്നാൽ, ഈ മലയാളത്തിലെ എഴുത്തിലെ കാര്യം അങ്ങിനെയല്ല. ഒരു ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിലാണ് ഈ പ്രശ്നം അവതരിപ്പിക്കുന്നത്. സ്വാഭാവികമായും വ്യക്തിയെ തരംതാഴ്ത്തി സംസാരിക്കാനുള്ള അഭിലാഷം ചിലരിലെങ്കിലും വരും. പ്രത്യേകിച്ചും, മാനസികമായി താഴ്ന്നവരിൽ. മാത്രവുമല്ലാ, വായനക്കാരിൽ ചിലരെങ്കിലും, മത്സരബുദ്ധിയോടു കൂടിത്തന്നെയാണ് വായന തുടരുന്നത്.

ഈ ഒരു പ്രശ്നം ഈ ഉപഭൂഖണ്ടത്തിൽ ഉണ്ട്. സാമൂഹികമായി എന്തെങ്കിലും ഗുണം ചെയ്യും എന്ന് പറഞ്ഞിറങ്ങുന്ന പ്രസ്ഥാനക്കാരും അവരുടെ സ്വന്തം ദിവ്യത്വവും നാട്ടുകാരുടെ അടിയാളത്തവും ഉറപ്പ് വരുത്തിയെ ഈ വക പ്രവർത്തനങ്ങൾക്ക് ഇറങ്ങിത്തിരിക്കൂ.

എന്തെങ്കിലും ഒരു ജീ, സാബ്, സ്വാമി, ചേട്ടൻ, ഇക്ക, ബായി, ചേട്ടൻ, അമ്മ, ചേച്ചി, തുടങ്ങിയ പദപ്രയോഗങ്ങൾ പേരിന് പിന്നിൽ ഘടിപ്പിച്ചേ ജനങ്ങളുടെ മുന്നിൽ പ്രവേശിക്കുള്ളു. ഈ പ്രശ്നം ഇങ്ഗ്ളിഷുകാർക്ക് അറിയില്ലാ എന്നുള്ളതാണ് അവരുടെ ഗുണനിലവാരത്തിന്റെ കാതൽ. എന്നാൽ അവരുടെ വിഡ്ഢിത്തത്തിന്റെയും കാതൽ ഇതുതന്നെ.

VARUNAയെ വളരെ ചെറുപ്പത്തിൽ പിരിശീലിപ്പിച്ചെടുക്കന്നതിന്റെ ഏറ്റവും മൂല്യമേറിയ ഭാഗങ്ങളിൽ ഒന്നായിരുന്നു, നീ, ഇഞ്ഞി, അവൾ, ഓൾ, എടീ, അളെ, എന്താടി, എന്താളെ തുടങ്ങിയ പല പദപ്രയോഗങ്ങളിൽ നിന്നും മാറ്റിനിർത്തുകയെന്നത്.

എന്നാൽ, ഇത് പലർക്കും, പ്രത്യേകിച്ചും ഒതുങ്ങിക്കൂടി നിൽക്കുന്ന വ്യക്തിത്വംകുറഞ്ഞ പല വനിതകളിലും (കുടുംബബന്ധം അവകാശപ്പെടുന്നവർ പ്രത്യേകിച്ചും) കാര്യമായ അമർഷത്തിനും, പ്രതിഷേധത്തിനും ഇടയാക്കിയെന്നുള്ളതാണ് വാസ്തവം. കാരണം, ഈ വക പദപ്രയോഗങ്ങൾ ഉപയോഗിക്കാൻ കിട്ടുന്ന അവസരങ്ങളാണ് അവർക്ക്

അവരുടെ വ്യക്തിത്വം അധമത്വത്തിൽനിന്നും കരകേറാൻ കിട്ടുന്ന അവസരം. കീഴിൽ ഒരു വ്യക്തിയെക്കിട്ടിയാൽ, അവർ മുകളിൽ എത്തി.

അതിനാൽതന്നെ ഇത് അവരുടെ അവകാശമായി അവർ മനസ്സിലാക്കും. ഇതിന് അനുവദിക്കില്ലാ എന്നുള്ളത് അവരുടെ അവകാശത്തിൽ കൈകടത്തലായി അവർക്ക് അനുഭവപ്പെടും.

അത് പോലെ തന്നെ മാനസികമായോ വ്യക്തിത്വപരമായോ തരംതാഴ്ന്ന പുരുഷന്മാരിലും ഈ വിധമുള്ള വാക്ക് പ്രയോഗങ്ങൾ ഉപയോഗിക്കാനുള്ള ക്രാന്തി വളരെ വ്യക്തമായി കണ്ടിരുന്നു. പ്രത്യേകിച്ചും, എന്തെങ്കിലും പാതയിലൂടെ കുടുംബ ബന്ധം സ്ഥാപിക്കാൻ ശ്രമിച്ചവരിൽ.

പോരാത്തതിന്, സ്വന്തം മക്കളെ നീയെന്നും എടീയെന്നും എന്താടീയെന്നും വിളിച്ച് പരിചയമുള്ള പലർക്കും, ഈ വിധ വാക്കുകൾ ഉപയോഗിക്കാനാകുന്നില്ല എന്നുള്ളത്, സ്വന്തംമക്കളോട് ചെയ്യുന്ന ഒരു അപരാധമായും അനുഭവപ്പെട്ടതായി കണ്ടിരുന്നു.

ഇതുമായി ബന്ധപ്പെട്ട ചില അനുഭവങ്ങൾ പിന്നീട് പറയാം.

117. ഇങ്ഗ്ളിഷിൽ നല്ലകാര്യം പറഞ്ഞാലും, ഇങ്ഗ്ളിഷ് അറിയാത്തവർക്ക് വിരോധംതോന്നാം

ഇങ്ങിനെയെല്ലാം ഉള്ളപ്പോൾ, എന്തിനാണ് ഈ വിഷയം മലയാത്തിൽ അവതരിപ്പിക്കുന്നത് എന്നതാണ് വിശദീകരിക്കേണ്ടത്. ഇങ്ഗ്ളിഷിൽ കാര്യങ്ങൾ ചർച്ചചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു വിചിത്രമായ കാര്യം പറയാം. സാധാരണയായി നന്നായി ഇങ്ഗ്ളിഷ് സംസാരിക്കുന്നവർക്ക് മറ്റുള്ളവരെ തരംതാഴ്ത്തി സംസാരിക്കാനുള്ള വാക്ക് കോഡുകൾ കുറവാണ്.

മലയാളത്തിലാണെങ്കിൽ നല്ലകാര്യംപറയുന്ന രീതിയിൽതന്നെ മറ്റെ ആളെ കുറച്ചുകാട്ടുവാനും തരംതാഴ്ത്തി സംസാരിക്കാനും ആവും. ഇതു പോലുള്ള ഒരു സംഗതി ഇങ്ഗ്ളിഷിൽ സാധ്യമാക്കാൻ, വ്യക്തമായിത്തന്നെ മറ്റെ ആളെ പഴിപറയേണ്ടിവരും.

ഇവിടെ വിചിത്രമായ സംഗതി ഇതാണ്:

ഇങ്ഗ്ളിഷിൽ നല്ലകാര്യം സംസാരിച്ചാലും, ഇങ്ഗ്ളിഷ് അറിയാത്തവർ ആ സംഭാഷണം അടുത്ത് നിന്നും ശ്രവിച്ചാൽ, അവരിൽവിരോധം, വിദ്വേഷം, എന്ന ഭാവമാണ് വരിക. തങ്ങളെ കൊച്ചാക്കാനാണ് മറ്റേക്കൂട്ടർ ഇങ്ഗ്ളിഷിൽ സംസാരിക്കുന്നത് എന്ന ഭാവം ആണ് അവരിൽ പലർക്കും വരിക. എന്നാൽ, ഇങ്ഗ്ളിഷിൽ സംസാരിക്കുന്ന അതേ സൌകര്യത്തോടും, ലാളിത്യത്തോടും മലയാളത്തിൽ സംസാരിക്കാൻ ആവില്ല. കാരണം, You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയവാക്കുകൾ മലയാത്തിൽ മൂന്നായി തരംതിരിയും. അപ്പോൾത്തന്നെ അന്തരീക്ഷം മാറും. പ്രതിപാദിക്കപ്പെടുന്നവരും സംസാരിക്കുന്നവരും രണ്ടോ മൂന്നോ തരക്കാരാകും.

യഥാർത്ഥത്തിൽ മലയാളത്തിൽ സംസാരിക്കുന്നവരാണ് ആപേക്ഷികമായി ഭീകരർ, ഈ കാരണത്താൽ. എന്നാൽ, ഇങ്ഗ്ളിഷ് സംസാരിക്കുന്നവരാണ് ഭീകരർ എന്ന രീതിയിലാണ് കാര്യങ്ങൾ മനസ്സിലാക്കപ്പെടുക.

ഈ ഒരു പ്രശ്നം ഈ എഴുത്തുകാരനെ പലകുറി വിഷമത്തിലാക്കിയിട്ടുണ്ട്. നല്ലകാര്യം സംസാരിക്കുന്ന അവസരത്തിലും, മറ്റുള്ളവരെ കൊച്ചാക്കുകയാണ് എന്ന ഭാവം മറ്റുള്ളവരിൽ. ഈ ഭാവം ഈ ഉപഭൂഖണ്ടത്തിന്റെ മിക്ക ഭാഗങ്ങളിലും ഉണ്ട് എന്നതാണ് വാസ്തവം.

ഏതാണ്ട് 30ൽ കൂടുതൽ ഗ്രന്ഥങ്ങൾ ഇങ്ഗ്ളിഷിൽ, VED from VICTORIA INSTITUTIONS എന്ന തൂലികാ നാമത്തിൽ ഈ എഴുത്തുകാരൻ എഴുതിയിട്ടുണ്ട്. ഇതിൽ എല്ലാത്തിലും പൊതുവായി ഈ ഭാഷാപരമായ വാദഗതി ഒരു അടിത്തറയായി ഉണ്ട്. എന്നിട്ടും, ഇന്ത്യൻ ഭാഷകളിൽ ആർക്കും ഈ വിധ ആശയങ്ങൾ നിലവിലുണ്ട് എന്നോ, ഈ വിധം കാര്യങ്ങൾ എഴുതുന്ന ഒരു എഴുത്തുകാരനുണ്ട് എന്നോ അറിവില്ല.

ഈ എഴുത്തുകാരൻ 2011ൽ, മലയാള ഭാഷ വിദ്യാഭ്യാസത്തിൽ നിർബന്ധമായി അടിച്ചേൽപ്പിക്കുന്നതിന് എതിരായി കേരളാ ഹൈകോടതിയിൽ ഒരു റിറ്റ് ഹരജി (Writ Petition) സമർപ്പിക്കുകയും, സ്വന്തമായി ആ കോടതിയിൽ കാര്യങ്ങൾ

വാദിക്കുകയും ചെയ്തിരുന്നു. ഈ അപേക്ഷ ഹൈകോടതി സ്വീകരിക്കുകയും കേരളാ സർക്കാറിന് നോട്ടിസ് അയക്കുകയും ചെയ്തിരുന്നു.

സാധാരണഗതിയിൽ ഇതുപോലുള്ള പലതും പത്രമാധ്യമങ്ങളിൽ ചർച്ചക്ക് വരും. എന്നാൽ ഈ ഒരു വിഷയം ഒറ്റ മാധ്യമം പോലും ചർച്ചക്ക് എടുത്തില്ല. എന്തിന്, മിക്ക മാധ്യമങ്ങളിലും ഒരു സൂചന പോലും വന്നില്ല. ഒരു പത്രത്തിലെ ഒരു ലേഖകൻ മാത്രം ഇതുമായി ബന്ധപ്പെട്ട് ഒരു ഫീച്ചർ തയ്യാറാക്കി. എന്നാൽ പത്രം ഇത് പ്രസിദ്ധീകരിച്ചില്ല.

ആ പത്രത്തിൽ സ്വാധീനമുള്ള ഒരു വ്യക്തിയെക്കൊണ്ട് അന്വേഷിച്ചപ്പോൾ അറിഞ്ഞത്, ഈ സംസ്ഥാനത്തിലെ സാംസ്ക്കാരികനായകർ ഈ വിഷയം യാതോരു പത്രമാധ്യമത്തിലും ചർച്ചക്ക് എടുക്കരുത് എന്ന് മാധ്യമങ്ങളോട് സ്വകാര്യമായി ആവശ്യപ്പെട്ടിരുന്നു എന്നാണ് കിട്ടിയ വിവരം.

118. കാര്യങ്ങൾ പ്രാദേശിക ഭാഷക്കർക്ക് പറഞ്ഞറിയിക്കാനായി ഭാഷ എഴുതാൻ പഠിച്ചു

ഏതാണ്ട് 10 - 12 വർഷങ്ങൾക്ക് മുൻപ് വരെ ഈ എഴുത്തുകാരന് മലയാളം നന്നായി എഴുതാൻ അറിയില്ലായിരുന്നു. എന്നാൽ പഴയ മലയാള സിനിമാ ഗാനങ്ങൾ മിക്കതും അറിവുള്ളത് കൊണ്ട് വാക്കുകൾ അനവധി മനസ്സിൽ ശേഖരിക്കപ്പെട്ടിരുന്നു.

മലയാളം നന്നായി എഴുതാനായി പഠിക്കണം എന്നതീരുമാനത്തിന്റെ ഭാഗമായി അന്തർദ്ദേശീയ തർജ്ജമ കമ്പനികളുമായി (International translation companies) നേരിട്ട് ബന്ധപ്പെട്ട്, ഇങ്ഗ്ളിഷിൽ നിന്നും മലയാളത്തിലേക്കും, മലയാളത്തിൽനിന്നും ഇങ്ഗ്ളിഷിലേക്കും തർജ്ജമ workകൾ ഏറ്റെടുത്തു. ഇത് ഏതാണ്ട് 6 വർഷംമുൻപാണ്. ആദ്യകാലങ്ങളിൽ വളരെ കഠിനമായ പ്രവർത്തനമായിരുന്നു. എന്നാൽ, ഇന്ന് മലയാളം, ഇങ്ഗ്ളിഷ് എഴുതുന്ന അതേ ലാഘവത്തോടുകൂടി എഴുതാൻ ഈ എഴുത്തുകാരന് ആവും.

ഇന്ന് അന്തർദ്ദേശീയ തർജ്ജമ ഏറ്റെടുക്കാറില്ല. കാരണം, സമയം ലഭിക്കാറില്ല.

എന്നാൽ മലയാളത്തിൽ സ്വന്തം ആശയങ്ങൾ എഴുതാനാവുന്നുണ്ട്. ഇത് ഇത്രയും കാലം ഒരു പ്രശ്നം തന്നെയായിരുന്നു. ഈ ആശയങ്ങൾ ഇങ്ഗ്ളിഷിൽ വായിക്കുന്ന ഇന്ത്യക്കാർ, അവയുടെ യാഥാർത്ഥ്യം അംഗീകരിക്കുന്നുണ്ടെങ്കിലും, മറ്റ് ഇന്ത്യാക്കാരെ അറിയിക്കാൻ ഉത്സുക്തരല്ല. കാരണം, ഈ കാര്യം എല്ലാരെയും കിടിലം കൊള്ളിക്കുന്ന വസ്തുതകളാണ്. അറിഞ്ഞവർ അറിഞ്ഞവർ മിണ്ടാതിരിക്കും.

മാത്രവുമല്ല, ഫ്യൂഡൽ ഭാഷക്കാർക്ക് സാമൂഹമോ, ചുറ്റുപാടുകളോ മനോഹരമാകുന്നതിൽ താൽപ്പര്യം കുറവാണ്. മറിച്ച്, ചുറ്റുപാടും എത്ര മലിനീകരണമായാലും, സ്വന്തം ബഹുമാന സ്ഥാനത്തിന് ഉറപ്പുള്ളിടമാണ് സുന്ദരമായി അനുഭവപ്പെടുക.

ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവർ, യഥാർത്ഥത്തിൽ വളരെ സ്വാർത്ഥരാണ്. സ്വന്തം കാര്യത്തിന് അപ്പുറത്ത് യഥാർത്ഥത്തിൽ ആർക്കും യാതോരു താൽപ്പര്യവും ഇല്ലതന്നെ. മറ്റുള്ളവർക്ക് ആപത്തും, പരാജയവും മറ്റും സംഭവിക്കുന്നതാണ് പലർക്കും ആനന്ദം നൽകുന്ന കാര്യം. ഇക്കാര്യം ഇതിന് മുൻപ് കൂടുതൽ വ്യക്തമായി സൂചിപ്പിച്ചിട്ടുള്ളതാണ്.

എന്നാൽ കലർപ്പില്ലാത്ത-ഇങ്ഗ്ളിഷിൽ (pristine-Englishൽ) കാര്യങ്ങൾ ഇങ്ങിനെയല്ല. ഇങ്ഗ്ളിഷുകാർ ഉണ്ടായിരുന്ന ഇടത്തെല്ലാം അവർ സാമൂഹിക പരിവർത്തനം നടത്തിയിട്ടുണ്ട്.

ഫ്യൂഡൽ ഭാഷക്കാർക്ക് എന്തിനാണ് ഇങ്ഗ്ളിഷ് അറിവ് നൽകുന്നത് എന്ന ചോദ്യം വീണ്ടും എടുക്കുകയാണ്. ഇതിന് വ്യക്തമായ ഉത്തരം ഈ ഒരു ചെറിയ ചിത്രീകരണത്തിലൂടെ നൽകാം.

അടുത്ത എഴുത്തിൽ.

119. ഈ രാജ്യത്ത് ഇങ്ഗ്ളിഷ് അതിന്റെ ഉന്നത മൂല്യങ്ങളോടുകൂടി പടർന്ന് പിടിച്ചാൽ ഉളവാകുന്ന സാമൂഹിക സൌകുമാര്യത

ഒരു സാമാന്യം ഉയർന്ന നിലവാരമുള്ള ലോഡ്ജിൽ, രണ്ടോ മൂന്നോ പേർ ഒരു മുറിയിൽ താമസിക്കുന്നു.

അവരിൽ ഒരാൾ രാവിലെ എഴുന്നേറ്റ് കഴിഞ്ഞാൽ ഉടനെ സ്വന്തം കിടക്ക വിരിപ്പ് വിരിച്ച്, കട്ടിലും ചുറ്റുപാടും നല്ല വൃത്തിയായി വെക്കുന്നു. എന്നാൽ മറ്റ് രണ്ട് പേരും, കിടക്കയും വിരിപ്പും, കട്ടിലും ചുറ്റുപാടുകളും അതേ പോലെ അലങ്കോലപ്പെട്ട നിലയിൽ വച്ച് തൊഴിൽ സ്ഥലത്തേക്ക് പോകുന്നു.

വൈകുന്നേരം, മൂന്നു പേർക്കും അവരുടെതായ സുഹൃത്തുക്കൾ സന്ദർശകരായി ഉണ്ടാവും.

ഇതിൽ ആദ്യത്തെ ആൾക്ക് മുറിയുടെ മൊത്തമായ അലങ്കോലപ്പെട്ട കിടപ്പിൽ അസ്വാസ്ഥ്യം തോന്നും. എന്നാൽ മറ്റുള്ളവർക്ക് അങ്ങിനെയൊരു പ്രശ്നം ഇല്ലതന്നെ.

അതിനാൽ, ആദ്യത്തെ ആൾ മറ്റുള്ളവരോട്, അവരുടെ കിടക്കകൾ വൃത്തിയാക്കിവെക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്നു. അവർ തലയാട്ടുന്നു. എന്നാൽ അവർ ഒന്നും തന്നെ ചെയ്യുന്നില്ല.

മറ്റുള്ളവർ രണ്ട് പേരും അവരുടെ തൊഴിൽ സ്ഥലങ്ങളിലേക്ക് നീങ്ങിയതിന് ശേഷം ആദ്യത്തെ ആൾ മറ്റ് രണ്ട് പേരുടേയും കിടക്കകൾ വിരിച്ച് വൃത്തിയാക്കി വെക്കുന്നു.

വൈകുന്നേരും സ്വന്തം സുഹൃത്തുക്കളുമായി തിരിച്ചെത്തുന്ന മറ്റ് രണ്ട് പേർക്കും, അവരുടെ സ്ഥാനത്ത് വന്ന് വൃത്തിയും വെടിപ്പും നൽകുന്ന മാനസിക സൌകുമാര്യത മനസ്സിലാകുന്നു.

തുടർന്ന് ആദ്യത്തെ ആൾ മറ്റ് രണ്ട് പേരോടും, ഈ കാര്യക്ഷമത സ്വന്തമായി തുടരാൻ ആവശ്യപ്പെടുന്നു. അവർ ഇത് പാലിക്കുന്നു. സാവധാനം, മുറിയിൽ നല്ലവെടിപ്പും വൃത്തിയും വരുന്നു.

ഈ മുകളിലെ ചിത്രീകരണം ചെറുതായെങ്കിലും, ഈ നാട്ടിൽ കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് പ്രചരിപ്പിക്കുന്നതിന് പിന്നിലെ ചേതോവികാരത്തോട് ഉപമിക്കാവുന്നതാണ്.

നന്നായി ഇങ്ഗ്ളിഷ് അറിയുന്ന ഏവർക്കും പെട്ടെന്ന് തന്നെ തിരിച്ചറിയാനാവുന്ന കാര്യമാണ്, ആളുകൾ ചിന്തിക്കുന്നതും, പ്രവർത്തിക്കുന്നതും, സംസാരിക്കുന്നതും ഒരു ഇങ്ഗ്ളിഷ് അന്തരീക്ഷത്തിൽ നിന്നുമാണെങ്കിൽ, ഈ നാട്ടിൽ പലയിടത്തും ഉള്ള കോലാഹലങ്ങളും, ഒച്ചപ്പാടുകളും, ഉന്തലും തള്ളലും മറ്റും മാഞ്ഞുപോകും എന്നത്.

സ്വാകര്യ ബസ്സിൽ നിന്നും ഇറങ്ങുമ്പോഴും, കയറാൻ നോക്കുമ്പോഴും, ഒച്ചയുണ്ടാക്കുന്ന ബസ്സ് ജീവനക്കാരും, ബസ്സിൽ കറയുന്ന അവസരത്തിൽ യാതോരും മര്യാദയും മുൻഗണനാക്രമം സമ്മതിച്ച് കൊടുക്കാതെയും ഉന്തിക്കയറുന്ന യാത്രക്കാരും, മറ്റും ഫ്യൂഡൽ ഭാഷാ കോഡുകളുടെ പ്രത്യക്ഷമായ പ്രതിഫലനങ്ങളാണ്.

സർക്കാർ ഓഫിസുകളിൽ കയറിച്ചെന്നാൽ കുറച്ച് വ്യക്തിത്വത്തോട് കൂടി സംസാരിക്കുന്നവരെ വെപ്രാളപ്പെടുത്താനുള്ള ആഗ്രഹം ഓഫിസ് ജീവനക്കാരിൽ മായും. അത് പോലെതന്നെ ഞെട്ടിച്ച് നിൽക്കാനുള്ള പ്രവണത പൊതുജനത്തിലും കുറയും.

പോലീസുകാർക്ക് നീ, അവൻ, അവൾ, എടാ, എടീ, എന്താടാ, എന്താടി തുടങ്ങിയ വാക്ക് പ്രയോഗങ്ങൾ ഉപയോഗിക്കാനും വാക്കുകൾ ഇല്ലാതാവും.

വ്യക്തമായ ഉച്ചനീചത്വം വകവെക്കാതെയോ, അത് ഇല്ലാതെയോ വ്യക്തികൾ തമ്മിൽ ഇടപഴകുമ്പോഴാണ് ഫ്യൂഡൽ ഭാഷകളിൽ സ്വരച്ചേർച്ചക്കുറവ് സംഭവിക്കുന്നത്. ഇതിനെ മറികടക്കാൻ രണ്ട് മാർഗ്ഗങ്ങളിൽ ഒന്ന് ഞെട്ടിപ്പിക്കാൻ കഴിവുള്ള അധികാര വർഗ്ഗമാണ്. അതിന് പകരം, കമ്പ്യൂട്ടറും ഇന്റർനെറ്റ് സൌകര്യങ്ങളും ഉപയോഗിച്ച് പലതും, ആളുകൾ തമ്മിൽ നേരിട്ട് ഇടപഴകാതെ നടത്തിയാലും പ്രശ്നം കുറയും. എന്നാൽ, ഇതൊന്നും ഒരു ശാശ്വത പരിഹാരമല്ലതന്നെ.

ഈ ഉപഭൂഖണ്ടത്തിൽ വന്ന പല ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥർക്കും പലപ്പോഴും കാര്യം മനസ്സിലാക്കൻ പ്രയാസം വന്നിരുന്നു. വ്യക്തികൾ വളരെ പെട്ടെന്ന് പ്രകൃതം മാറുന്നതും, പ്രത്യക്ഷമായി യാതോരു കാരണവുമില്ലാതെ തമ്മിൽ ആക്രോശിച്ച് അക്രമാസക്തമാകുന്നതും നിത്യ കാഴ്ചയായിരുന്നു.

രണ്ട് പേരിൽ ഒരാളെ ഒരു മൂന്നാമൻ വന്ന്, അവൻ എന്നും മറ്റേയാളെ അവർ എന്നും പരാമർശിച്ചാൽമതി, ആദ്യത്തെ രണ്ട് പേരിൽ മനസ്വാസ്ഥ്യക്കുറവും വിശ്വാസ വഞ്ചനയും, പിന്നിൽ നിന്ന് കുത്തലും മറ്റും പ്രകോപിക്കപ്പെടാൻ.

വ്യക്തികളെയും വ്യക്തിബന്ധങ്ങളെയും പിരിക്കാനും, തിരിക്കാനും, മുകളിൽനിന്ന് താഴോട്ടും, തിരിച്ചും തലകുത്തിമറിക്കാനും മറ്റും കോഡുകൾ ഇല്ലാത്ത ഭാഷയായ ഇങ്ഗ്ളിഷ് പ്രചരിപ്പിക്കുന്നതിലെ സ്വാർത്ഥമായ ഉദ്ദേശം ഇതാണ്: യാതോരു മഹാനോ, ദിവ്യനോ, സ്വാമിജിയോ, വിപ്ളവകാരിയോ, പാതിരിയോ, തങ്ങളോ നിത്യോപദേശം നൽകാതെ തന്നെ സമൂഹത്തിൽ ശാന്തതയും കാര്യക്ഷമതയും പടരും എന്നതാണ്. ഇങ്ങിനെയുള്ള ഒരു സമൂഹം തേടി, കഴിഞ്ഞ നൂറ്റാണ്ടിലെ ഇങ്ഗ്ളണ്ടിനെ തേടി പോകേണ്ടതില്ല. മറിച്ച് ഇവിടെതന്നെ ഇത് സംഭാവ്യമാകും.

120. ആശയപരമായി കുറെ സ്വാതന്ത്ര്യം ആവശ്യമുള്ളത് കൊണ്ട്

വളരെ വ്യക്തിപരമായ ഒരു നരവംശശാസ്ത്രപരമായ പരീക്ഷണ നിരീക്ഷണത്തെക്കുറിച്ച്, ഈ വിധ പഠന പദ്ധതികളുമായി നേരിട്ട് ഔപചാരിക വിദ്യാഭ്യാസപരമായി ബന്ധമില്ലാത്തവർ വായിക്കുന്ന ഒരു എഴുത്ത് എഴുതാൻ തുടങ്ങുകയാണ്. ഇതിനാൽത്തന്നെ ചില വ്യാപകമായ ചുറ്റുപാടുകൾ വ്യക്തമാക്കേണ്ടിയിരിക്കുന്നു.

ഈ എഴുത്ത് ഇന്ന് ലോകത്തിന്റെ പലഭാഗത്ത് നിന്നും, ആപേക്ഷികമായി വളരെ തുച്ഛമായ എണ്ണം ആളുകൾ വായിക്കുന്നുണ്ട്. ഈ വായനക്കാരിൽ, സാമൂഹികമായും വ്യക്തപരമായും, തൊഴിൽപദവിപരമായും വൻ ഉയരങ്ങളിലും വൻ താഴ്ചകളിലും ഉള്ള വ്യത്യസ്ത തരക്കാരായുള്ളവർ ഉണ്ട്. മാനസികമായോ മറ്റോ ഉയരങ്ങളിൽ ഉള്ളവരേയും കീഴ് പ്രദേശങ്ങളിലുള്ളവരേയും ഒരേ പോലെ അഭിസംബോധന ചെയ്ത് കൊണ്ട് ഒരേ സമയം സംസാരിക്കുക പലപ്പോഴും, ഫ്യൂഡൽ ഭാഷകളിൽ പലതരം അലോസരങ്ങളും വളർത്തുന്ന കാര്യമാണ്.



ഉദാഹരണത്തിന് തൊഴിൽ മേധാവികളോടും, തൊഴിലാളികളോടും ഒരു സാമൂഹിക ആശയം ഒന്നിച്ചിരുത്തി സംസാരിക്കുന്നതിൽ ചിലതരം പ്രശ്നങ്ങൾ ഉണ്ട്. ഇങ്ങിനെയൊരു പ്രശ്നത്തെ മുൻകൂട്ടിക്കണ്ട് വാക്കുകളിൽ വളവും തിരവും കരുതിക്കൂട്ടി വച്ച് പലതരം പരിമിതികളും വച്ച് സംസാരിക്കുകയെന്നത് ഫ്യൂഡൽ ഭാഷകളിൽ ഒരു അവശ്യകാര്യമാണ്. ഇങ്ങിനെ മുഖദാവിൽത്തന്നെ പലതരം ഒളിച്ചുകളികളും ഇല്ലാതെ സംസാരിക്കാൻ ആവുന്നത്, കലർപ്പില്ലാത്ത-ഇങ്ഗ്ളിഷ് (pristine-English) പോലുള്ള സമൂഹങ്ങളിൽ മാത്രമെ ആവുള്ളു എന്നാണ് തോന്നുന്നത്.

Adolf Hitlerന്റെ വളരെ പ്രസിദ്ധമായ Mein Kampf എന്ന ഗ്രന്ഥത്തിൽ ഈ കാര്യം വളരെ വ്യക്തമായി ഇദ്ദേഹം പറയുന്നുണ്ട്. ഈ ഒരു ഒറ്റ സൂചനമാത്രം മതി, German ഭാഷയിൽ ഫ്യൂഡൽ കോഡുകൾ ഉണ്ട് എന്ന സൂചന ഏകാൻ.

സാമൂഹികമായി ഫ്യൂഡൽഭാഷകൾ മെനയുന്ന വ്യത്യസ്തതരം വീക്ഷണകോണുകളെ തെല്ലൊന്ന് അവഗണിച്ചാണ് ഈ എഴുത്ത് മിക്കവാറും രൂപകൽപ്പന ചെയ്യപ്പെടാൻ പോകുന്നത്.

ഇവിടെ പ്രതിപാദിക്കാൻ പോകുന്ന, വളരെ വ്യക്തിപരമായ ഒരു പരീക്ഷണ നിരീക്ഷണത്തെക്കുറിച്ച് എഴുതുന്നതിന് മുൻപായി, ഈ എഴുത്തുകാരനുമായി ബന്ധപ്പെട്ട ചില ചുറ്റുപാടുകൾ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

വ്യക്തി ബന്ധങ്ങൾ വളരെ പരിമിതപ്പെടുത്തിയിട്ടുള്ള ഒരു ആളാണ് ഈ എഴുത്തുകാരൻ. ആരെയും സാധാരണ ഗതിയിൽ ഉറ്റചങ്ങാതിയായി അംഗീകരിക്കാറില്ല. എന്നാൽ ലോകത്തിന്റെ പലദിക്കിലും ഉള്ള പലരുമായി നേരിട്ട്

തന്നെ നിത്യേനെ ഇടപഴകുന്നുണ്ട്. അവരിൽ ചിലരെ നേരിട്ട് പരിചയമുള്ളവരാണ്. ചിലർ ഈ എഴുത്തുകാരന്റ എഴുത്തുകൾ വായിച്ചതിന് ശേഷം ബന്ധം സ്ഥാപിച്ചവരാണ്.

പിതാവ് വഴിയും മാതാവ് വഴിയും ഈ സംസ്ഥാനത്തിന്റേയും രാജ്യത്തിന്റെ പല ഭാഗങ്ങളിലും അനവധി ബന്ധുജനങ്ങൾ ഉണ്ട്. കുറച്ച് പേർ വിദേശരാജ്യങ്ങളിൽ ഉണ്ട്, യൂഎസ്സ്എയിൽ അടക്കം.

എന്നാൽ പൊതുവേ പറഞ്ഞാൽ ബന്ധുജനങ്ങളോട് യാതോരു വിധ ബന്ധവും പൊതുവെ പ്രകടിപ്പിക്കാറില്ല. ആരോടും വിരോധം ഇല്ലെങ്കിലും, അടുപ്പം ഇല്ലതന്നെ.

കൂടെ പഠിച്ചവരും വൻകിട തൊഴിലുകളിലും അതൊന്നും ഇല്ലാതെയും ഉണ്ട്. ഇവരുമായും ബന്ധം അറ്റാണ് കിടക്കുന്നത്.

ആപേക്ഷികമായി സാമൂഹികമായോ മാനസികമായോ താഴ്ന്നുകിടക്കുന്നവരെ അവഗണിച്ചാൽ, അത് അഹംഭവമായും, സാമൂഹികമായി ഉയരങ്ങളിൽ ഉള്ളവരെ അവഗണിച്ചാൽ അത് തെമ്മാടിത്തവുമായി പരിഗണിക്കപ്പെടും. ഇത് രണ്ടും സംഭവിച്ചിട്ടുണ്ട്.

കുടുംബപരമായ ബന്ധങ്ങൾ ഉള്ളവരുമായി ബന്ധപ്പെട്ടാൽ, ചേട്ടൻ, അനിയൻ, ചേച്ചി, അനിയത്തി, അമ്മാവൻ, അമ്മായി, തുടങ്ങി അങ്ങ് പലതരം സങ്കീർണ്ണതകളും ആശയവിനിമയത്തിൽ വന്നുചേരും.

ഈ വിധ സങ്കീർണ്ണതകളെ ഒഴിവാക്കാൻ ശ്രമിക്കുന്നത്, ഇങ്ഗ്ളിഷ് അറിയുന്നത് കൊണ്ടല്ല, മറിച്ച്, ഈ എഴുത്തകാരന് ആശയപരമായി കുറെ സ്വാതന്ത്ര്യം ആവശ്യമുള്ളത് കൊണ്ടാണ്. വ്യക്തി ബന്ധങ്ങൾ പലപ്പോഴും, ആശയപരമായ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടും എന്നാണ് അനുഭവം.

121. ആശയപരമായി എല്ലാറ്റിൽനിന്നും ഒരു അകൽച്ച

ആശയപരമായി, ഈ എഴുത്തുകാരൻ പലദിക്കിലും ഒറ്റപ്പെട്ടാണ് നിലകൊണ്ടത്. അതിന് പുറമെ, ചിന്തിക്കുന്ന കാര്യങ്ങളിലും, വായിക്കുന്ന പുസ്തകങ്ങളിലും, ഭാഷാപരമായി ചുറ്റുമുള്ളവരിൽ നിന്നും ഒരു അകൽച്ചനിലനിന്നിരുന്നു.

ആശയപരമായും, വായനാ ശീലത്തിലും, വിവരത്തിന്റെ സ്വഭാവത്തിലും യോജിപ്പിൽ വരാവുന്നവരെ ചിലപ്പോഴെല്ലാം, ആകസ്മികമായി എവിടെയെങ്കിലും വച്ച് കണ്ട് മുട്ടിയിട്ടുണ്ട്. എന്നാൽ, ഹ്രസ്വദൈർഘ്യമുള്ള ഈ വിധ കണ്ടുമുട്ടലുകൾക്ക് ഒരു സൌഹൃദത്തിലേക്ക് നീങ്ങാവുന്ന സൌകര്യം ഒരിക്കലും ലഭിച്ചിട്ടില്ല.

വ്യക്തിപരമായി അടുപ്പത്തിൽ എത്താൻ ഈ എഴുത്തുകാരൻ ആഗ്രഹിക്കുന്നവർ ജീവിത ചുറ്റുപാടുകളിൽ വളരെ വിരളമായിരുന്നു, എന്നും. എന്നാൽ, പലപ്പോഴും, ഈ എഴുത്തുകാരനോട് ബന്ധപ്പെട്ട് നിന്നാൽ മാനസികമായും വിവരപരമായും ഇങ്ഗ്ളിഷ് ഭാഷാ പരിജ്ഞാനപരമായും വ്യക്തിത്വ വളർച്ചാപരമായും പലവിധ ഗുണങ്ങൾ ലഭിക്കും എന്നതിനാൽ പലപ്പോഴും കുറച്ച് പേർ ഒരു അത്ഭുത വസ്തു എന്നകണക്കെ നോക്കിക്കണ്ട് അടുപ്പത്തിൽ ഉണ്ടാവാറുള്ള അനുഭവം പലനാടുകളിൽ വച്ചും ഉണ്ടായിട്ടുണ്ട്.

എന്നാൽ, ഈ വിധമുള്ള പലരും അധികകാലം നിലനിൽക്കാറില്ലാ എന്നുള്ളതും വാസ്തവം തന്നെ. കാരണം, ഈ ഒരു ബന്ധം അവരിൽ വരുത്തുന്ന വ്യക്തിത്വപരമായ മറ്റങ്ങൾ വളരെ വ്യക്തമാകുന്നതോടുകൂടി, ഈ എഴുത്തുകാരനെക്കുറിച്ചുള്ള ദോഷവിവരങ്ങൾ ആ ആളുകളുടെ തന്നെ ഉറ്റവർ അവരെ മിനക്കെട്ട് അറിയിക്കും. അതോടെ അവർ ബന്ധം അറ്റമാതിരിയാക്കും. നഷ്ടം അവർക്കാണ് എന്ന് പലപ്പോഴും വളരെ പിന്നീടാണ് അവർക്ക് മനസ്സിലാവുക. ചിലർ ആ കാര്യം വളരെ കാലങ്ങൾക്ക് ശേഷം ഈ എഴുത്തുകാരനെ അറിയിച്ച അനുഭവവും ഉണ്ടായിട്ടുണ്ട്.

ദോഷവിവരങ്ങൾ അളക്കാൻ വളരെ എളുപ്പമാണ്. ഏത് നിസ്സാരനും ആവുന്നകാര്യമാണ്. എന്നാൽ ആഴമേറിയ ഗുണകരമായ വിവരങ്ങൾ അളക്കാൻ മാനസികമായും വ്യക്തിത്വപരമായും വളരെ ഗഹനത ആവശ്യമാണ്.

ദോഷവിവരങ്ങൾ കേട്ട ആളും ഗുണകരമായ വിവരങ്ങൾ കേട്ട ആളും രണ്ടും രണ്ടാണ്. ഉദാഹരണത്തിന്, ഒരാൾ വരുന്നു. ആ ആൾ നല്ലവിവരങ്ങൾ കേൾക്കുന്നു. യാഥാർത്ഥ്യത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അതീന്ദ്രിയ സോഫ്ട്വേർകോഡുകളുടെ ഡിസൈൻ വ്യൂവിൽ (design view) ആ ആൾ ആപേക്ഷികമായി ഒരു ദിക്കിൽ സ്ഥാനീകരിക്കപ്പെടുന്നു.

ഇതേ ആൾ നല്ലത് കേൾക്കുന്നതിന് പകരം ദോഷമാണ് കേൾക്കുന്നത്. അതീന്ദ്രിയ സോഫ്ട്വേർകോഡുകളുടെ ഡിസൈൻ വ്യൂവിൽ (design view) ആ ആൾ ആപേക്ഷികമായി മറ്റൊരു ദിക്കിൽ സ്ഥാനീകരിക്കപ്പെടുന്നു.

ഈ രണ്ട് വ്യത്യസ്ത ദിക്കിലും ഉള്ള വ്യക്തികൾ, ആപേക്ഷികമായി, മറ്റേ വ്യക്തിയെ സംബന്ധിച്ചെടുത്തോളും രണ്ട് വ്യത്യസ്തവ്യക്തികളാണ്.

ചുരുക്കിപ്പറഞ്ഞാൽ, നല്ലത് കേട്ട ആളും, ദോഷം കേട്ട ആളും രണ്ട് വ്യത്യസ്ത വ്യക്തികളാണ്, ആദ്യത്തെ ആളെ സംബന്ധിച്ചെടുത്തോളം. നല്ലത് കേട്ട് അടുപ്പത്തിൽ വന്ന ആൾ ദോഷം കേട്ടാൽ, ആ ആൾ തികച്ചും അപരിചിതനായ മറ്റൊരുവ്യക്തിത്വമായി മാറും.

ഫ്യൂഡൽ ഭാഷകളിൽ ബഹുമാനിക്കുന്ന ആൾ ബഹുമാനിക്കാത്ത ആളായാലും ഇതേ കണക്കെയാണ്. ആള് വ്യത്യസ്തനാവും. ബന്ധം പിന്നെ മുന്നോട്ട് കൊണ്ടുപോകുന്നുണ്ടെങ്കിൽ, അത് മറ്റൊരു വ്യക്തിയോടായാണ് ഭവിക്കുക.

122. ഭൌതിക വിജ്ഞാനങ്ങൾക്ക് അപ്പുറമുള്ള ഒരു പ്രത്യേക പ്രതിഭാസത്തെ വിവരിക്കാനൊരുങ്ങുന്നു

ഈ എഴുത്തിൽ ഈ വിധ വ്യക്തിപരമായ കാര്യങ്ങൾ എഴുതിച്ചേർക്കുന്നത്, ഒരു വളരെ വ്യത്യസ്തത തോന്നുമാറുള്ള ഒരു പരീക്ഷണത്തെക്കുറിച്ച് രേഖപ്പെടുത്താൻ ഒരുങ്ങുന്നത് കൊണ്ടാണ്. മാത്രവുമല്ല, വായനക്കാർ പലരീതിയിൽ ഉള്ളവരാണ്. ചിലരെങ്കിലും മത്സരബുദ്ധിയോടുകൂടിയാണ് കാര്യങ്ങളെ വീക്ഷിക്കുക. എന്നാൽ യാതോരു മത്സരബുദ്ധിയുടെ പ്രകോപനത്താലും അല്ല ഈ കാര്യങ്ങൾ എഴുതാൻ പോകുന്നത്.

ആകെയുള്ള ഉദ്ദേശം ഇന്നുള്ള ഭൌതിക വിജ്ഞാനങ്ങൾക്ക് അപ്പുറമുള്ള ഒരു പ്രത്യേക പ്രതിഭാസത്തെക്കുറിച്ച് വിവരിക്കാനാണ്.

ഇതിൽ മറ്റ് ഒരു വ്യക്തി പരാമർശിക്കപ്പെടുന്നതിനാൽ, ഈ വ്യക്തിയുടെ കുറച്ച് കൂടി പശ്ചാത്തലം പറയേണ്ടിയിരിക്കുന്നു.

അതിൽ ഒന്ന് ഈ എഴുത്തിൽ ഉടനീളം കണ്ടേക്കാവുന്ന, ഈ എഴുത്തുകാരന്റെ സാമ്പതിക ബലക്ഷയവുമായി ബന്ധപ്പെട്ട ഒരു കാര്യം ആണ്. ഈ നിർവ്വചനത്തിൽ ഒരു ആശയപ്പിശക് ഉണ്ട് എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു.

ഈ എഴുത്തുകാരൻ ഈ രാജ്യത്തിൽ പലദിക്കിലും ജീവിക്കുന്ന അവസരത്തിൽ ചിലപ്പോഴെങ്കിലും സാമ്പത്തികമായി ബുദ്ധിമുട്ടിയിട്ടുണ്ട്. എന്നാൽ പലപ്പോഴും ചുറ്റുപാടുമുള്ള ആളുകൾക്ക്, മനസ്സിലാകാത്ത ഒരു മാനസികാവസ്ഥ ഈ എഴുത്തുകാരനിൽ കണ്ടിരുന്നതായി ഒരു വ്യക്തി സൂചിപ്പിച്ചിരുന്നു, ഏതാണ്ട് 27 വർഷങ്ങൾക്ക് മുൻപ്. ഒരു വടക്കൻ ഇന്ത്യൻ പട്ടണത്തിൽവച്ച്.

കൈയിൽ പണമില്ലാത്തവന് ഒരു അധമ മനോഭാവം, ഫ്യൂഡൽ ഭാഷകളിൽ, സ്വാഭാവികം മാത്രമാണ്. അതില്ലായെങ്കിൽ, അധികപ്രസംഗമാണ് ബദലായി വരിക.

എന്നാൽ, കൈയിൽ പണമില്ലെങ്കിലും, അതിന്റെയാതോരു മാനോഭാവവും ഇല്ലാതെ സാമൂഹികമായി ഉയർന്നവരായി കൈയിൽ പണമില്ലാത്തവർ ഫ്യൂഡൽഭാഷകളിൽ നിർവ്വചിക്കുന്നവരുമായി, ഇങ്ഗ്ളിഷിൽ സാമൂഹികമായ ഉയർന്ന ഭാവത്തിൽ സംസാരിക്കുന്നു, പെരുമാറുന്നു. മറ്റുള്ളവർ വളരെ ഉന്നതങ്ങളിൽ കാണുന്നവരെ, അവരുടെ പേരിനോട് Mr. / Mrs. എന്ന് ചേർത്ത് സംബോധന ചെയ്യുന്നു. ഇതെങ്ങിനെയാണ് സാധ്യമാവുന്നത് എന്ന് മറ്റ് സാമ്പത്തികമായി ഞെരുങ്ങിക്കഴിയുന്ന ഫ്യൂഡൽ ഭാഷക്കാർക്ക് മനസ്സിലാകുന്നില്ല.

ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇങ്ങിനെയാണ്. സംഭാഷണം ഇങ്ഗ്ളിഷിലാണ്. ചിന്തിക്കുന്നതും ഇങ്ഗ്ളിഷിലാണ്. അവിടെത്തന്നെ ഫ്യൂഡൽ ഭാഷകൾ അടിച്ചേൽപ്പിക്കുന്ന അധമഭാവത്തിന് നിലനിൽപ്പില്ല.

രണ്ടാമത്തെ സംഗതി ഇതാണ്: ഇങ്ഗ്ളിഷിൽ ഔപചാരികമായി മാത്രം ബന്ധമുള്ളവരേയും, കാര്യമായി പരിചയമില്ലാത്തവരേയും സംബോധന ചെയ്യുമ്പോൾ, അവരുടെ പേരിന് മുൻപിൽ Mr. / Mrs. എന്ന് ചേർക്കുന്നത്, യഥാർത്ഥത്തിൽ ഒരു

ബന്ധക്കുറവാണ് സൂചിപ്പിക്കുന്നത്. മറിച്ച്, മലയാളത്തിലും മറ്റ് ഫ്യൂഡൽ ഭാഷകളിലും നിന്ന് വിചാരിക്കുന്നത് പോലെ, ഒരു അടുപ്പമോ, സമത്വമോ അല്ല സൂചിപ്പിക്കുന്നത്.

മൂന്നാമത്തെ കാര്യം, ഈ എഴുത്തുകാരൻ വളരെ അപൂർവ്വമായേ ഏതെങ്കിലും വ്യാപാരത്തിലോ, വ്യവസായത്തിലോ ജീവനക്കാരനായിരുന്നിട്ടുള്ളു. ചെറിയതോതിൽ ഒന്നു രണ്ട് പ്രാവശ്യം വളരെ ഹ്രസ്വമായ കാലം ജീവനക്കാരനായിരുന്നത്, ഇങ്ഗ്ളിഷ് അന്തരീക്ഷത്തിലുമാണ്. ഈ കാരണത്താലും, അധമഭാവം പുറം നാടുകളിൽ വച്ച് അനുഭവിച്ചത് വളരെ അപൂർവ്വമായാണ്.

എന്നാൽ ഇതിന് തികച്ചും വിപരീതമായ, ഏതാണ്ട് ഒന്നരവർഷം നീണ്ടുനിൽക്കുന്ന കാലവും ജീവിതത്തിൽ ഉണ്ടായിരുന്നിട്ടുണ്ട്. എന്നാൽ അന്ന് സ്വന്തക്കാർ എന്ന് പറയാവുന്ന, തമ്മിൽ വ്യത്യസ്തരായ ചില കൂട്ടർ പിന്നിൽ നിന്നും യാതോരു കൂസലും ഇല്ലാതെ കുത്തിയത് കൊണ്ടാണ്. ഇതിന് അവരെ പ്രകോപിച്ചത്, നേരത്തെ ഒരു എഴുത്തിൽ സൂചിപ്പിച്ച, കൈകേയിയുടെ വീട്ടുവേലക്കാരി, രാമന് എതിരായി കൈകേയിയേക്കൊണ്ട് കരുനീക്കങ്ങൾ നടത്തിച്ചതിനോട് ഉപമിക്കാവുന്ന, സംഭവവികാസങ്ങളാണ്.

ആളെ ഒന്ന് ഒതുക്കിക്കിട്ടാൻ അവർ ഓരോരുത്തരും പലരീതിയിൽ ശ്രമിച്ചതിന്റെ ഭാഗമാണ് ഇത്, എന്ന് തോന്നുന്നു.

123. വ്യക്തികളിൽ ഉള്ള അദൃശ്യമായ ഉയരങ്ങളും താഴ്ചകളും

എന്നാൽ ഒരു വ്യക്തിക്ക് പലതരത്തിലുള്ള, പെട്ടെന്ന് കാണാനോ, ശ്രദ്ധിക്കാനോ ആവാത്ത ഉയർന്ന പീഠങ്ങളോ, താഴ്ചകളോ ഉണ്ടാവാം.

ഇതുമായി ബന്ധപ്പെട്ട ഒരു ചിത്രീകരണം ഇവിടെ നൽകാം.

ഏതാണ്ട് 1980കൾ. ഈ എഴുത്തുകാരൻ തിരുവനന്തപുരത്തിന് അടുത്തുള്ള വർക്കല റെയ്ൽവേ സ്റ്റേഷനിൽ നിൽക്കുന്നു. കൊളെജിൽ വച്ച് കാണാറുള്ള ഒരു സഹപാഠിയെ അവിടെ വച്ച് കണ്ട് മുട്ടുന്നു. യതോരു മുൻ പരിചയവും ഇല്ലെങ്കിലും, ഒരേ കോളെജിൽ പഠിക്കുന്നവർ മറ്റൊരു ദിക്കിൽ വച്ച് കണ്ട് മുട്ടിയതിനാൽ, ഒന്നിച്ചു നിന്ന് സംസാരിക്കുന്നു. രണ്ടു പേരും ഒരേ പ്രായക്കാർ. ഒരേ കോളജിൽ പഠിക്കുന്നു. വ്യക്തിത്വത്തിൽ വ്യത്യസ്തരാണെങ്കിലും, മറ്റ് രീതിയിൽ ഈ രാജ്യത്തിലെ പൌരന്മാർ എന്നതിൽ യാതോരു വ്യത്യാസവും ഇല്ലതന്നെ.

അപ്പോഴാണ്, തീവണ്ടിവന്നത്. ഈ ആളുടെ ബന്ധുജനങ്ങൾ ഒന്നുരണ്ടു പേർ പ്രത്യക്ഷപ്പെട്ടു. ഇവർ തീവണ്ടി കമ്പാർട്ട്മെന്റിലേക്ക് കയറി. ഇതിന് ശേഷം ഈ എഴുത്തുകാരനും കയറാൻ ആരംഭിച്ചു. അപ്പോഴാണ്, അവർ തടഞ്ഞ്. അത് ഫസ്റ്റ് ക്ളാസ് കമ്പാർട്ട്മെന്റാണ്. അവർ റെയ്ൽവേയ്സിലെ ഉയർന്ന ഉദ്യോഗസ്ഥന്റെ മകനും മറ്റും ആണ്. ഫസ്റ്റ് ക്ളാസ് യാത്ര അവർക്ക് സൌജന്യമാണ് എന്നാണ് സൂചന തന്നത്. അവർക്ക് അതിനുള്ള അനുവാദ പത്രം കൈയിൽ ഉണ്ടാവാം.

ഈ ചിത്രീകരണം തന്നത്, വ്യക്തികൾ തമ്മിൽ പെട്ടെന്ന് വ്യക്തമാകാത്ത പലവിധ വ്യത്യാസങ്ങളും ഉണ്ടാവും എന്നതിനെ ചിത്രീകരിക്കാനാണ്. മന്ത്രിയുടെ ബന്ധു / ചങ്ങാതി, ഐഎഎസ്സുകാരന്റെ സഹോദരൻ, പോലീസ് ഇൻസ്പെക്ടറുടെ മകൻ, പോലീസ് കോൺസ്റ്റബിളിന്റെ അച്ഛൻ, പോലീസ് ഐജിയുടെ ശിപായിയുടെ അനന്തിരവൻ, വില്ലെജ് ഓഫിസറും ഭാര്യ തുടങ്ങി അനവധി ചരടുകൾ ഒരുവ്യക്തിയുടെ മേൽ പതിക്കുന്നുണ്ടാവും. അവ ഒന്ന് യഥാവിധം, അനുയോജ്യമായ സാമൂഹികാന്തരീക്ഷത്തിൽ സൂചിപ്പിച്ചാൽ മതി, ഫ്യൂഡൽ ഭാഷകളിൽ, ചൂണ്ടയിൽ കുടുങ്ങിയ മീനിനെ മുകളിലേക്ക് വലിക്കുന്നത് മാതിരി, മുകളിലേക്ക് ഒരു വലിയാണ്. ഭാഷാ കോഡുകളുടെ പടിപടിയായുള്ള അട്ടികളിലൂടെ ഒരു ഓടിക്കയറലാണ് (മലബാറി: പാഞ്ഞുകയറ്റമാണ്), മുകളിലോട്ട്.

കൈയിൽ കാൽകാശില്ലാത്ത ഒരു വ്യക്തി, ഒരു അനുയോജ്യമായ വേദിയിൽ വച്ച് വെളിപ്പെടുത്തുന്നു, താൻ, പോലീസ് ഡിഐജിയുടെ സഹോദരനാണ് എന്ന്. അത് മതി, ഒരു വൻ ആസ്തിയുടെ രേഖ വെളിപ്പെടാൻ.

ഈ വക സാമൂഹിക മനോഭാവം മറ്റൊരു സാമൂഹിക സവിശേഷതയ്ക്ക് അവസരം നൽകുന്നുണ്ട്. വൻ ബന്ധങ്ങൾ ഉള്ള ആളുകൾ എന്ത് വിലകൊടുത്തും ആ വക ചരടുകൾ മുറിക്കില്ല. വലിയ ഉദ്യോഗസ്ഥൻ തന്റെ മകനോടോ, സഹോദരനോടോ മറ്റോ എത്രതന്നെ കലഹിച്ചാലും, ഈ കൂട്ടർ ബന്ധം അറ്റതാക്കില്ല. കാരണം, ഈ ചരടുംവെട്ടി പുറം ലോകത്തിലേക്ക് കടന്നാൽ ഭാഷാകോഡുകളുടെ മറ്റെ അറ്റത്തേക്കാണ് മറ്റ് ആളുകൾ വലിച്ചിഴക്കുക. അദ്ദേഹവും, സാറും (മലബാറി: ഓരും, ഇങ്ങളും) മറ്റും പൊടുന്നനെ അവനും, നിങ്ങളും, നീയും (മലബാറി: ഓനും, ഇഞ്ഞിയും) മറ്റുമാകാൻ ഈ ഒരു ബന്ധം വിട്ട് നീങ്ങൽ സൌകര്യപ്പെടുത്തും.

ഇത് വ്യക്തിതപരമായി നോക്കിയാൽ, ദേവൻ അസുരനാകുന്ന രീതിയിലുള്ള ഉൾപരിവർത്തനമാണ് (mutationആണ്). ആളിന്റെ ഉള്ളിന്റെ ഉള്ള് കുഴഞ്ഞ് പോകും. ശരിരത്തിലെ കോടാനുകോടി ജീവകോശങ്ങളിൽ ഈ പിരിഞ്ഞിരിക്കുന്ന അവസ്ഥ പുകഞ്ഞ് നിൽക്കും. ആ കോശങ്ങളെ രൂപകൽപ്പന ചെയ്യുന്ന അതീന്ദ്ര്യ സോഫ്ട്വേർ കോഡുകളിൽ വ്യതിചലനം സംഭവിക്കും.

ഇത് മറ്റൊരു വടംവലിയെക്കൂടി സൌകര്യപ്പെടുത്തുന്നു. വലിയ ബന്ധങ്ങളും ചെറിയ ബന്ധങ്ങളും അങ്ങോട്ടും ഇങ്ങോട്ടും വലിക്കുമ്പോൾ, ആളുകൾ വെപ്രാളപ്പെട്ട്, വലിയ ബന്ധങ്ങളിലേക്ക് ആയും.

124. ഉള്ളതിൽ കുറച്ച് സൂചിപ്പിക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള ആൾ

ഈ എഴുത്തുകാരന്റെ പിതാവ് ഏതാണ്ട് 25 വർഷങ്ങൾക്ക് മുൻപ് ഇഹലോകവാസം അവസാനിപ്പിച്ച്, തിരിച്ച് പോയി. ഭാഷാകോഡുകളുടെ ഒരു പ്രത്യേക സവിശേഷതയെക്കുറിച്ച് സൂചിപ്പിക്കുന്ന അവസരത്തിൽ ഈ വ്യക്തിയുടെ ജീവിതവുമായി ബന്ധപ്പെട്ട ചിലകാര്യങ്ങൾ പിന്നീട് സൂചിപ്പിച്ചേക്കാം. Malabar District Medical Boardലെ ഒരു ഇന്ത്യൻ സിസ്റ്റംസ്

ഓഫ് മെഡിസിൻ ഡോക്ടറായിരുന്നു. എന്നാൽ ഈ എഴുത്തുകാരൻ ജനിക്കുന്നതിന് തൊട്ടുമുൻപായി ഈ സ്ഥാനത്തിൽ നിന്നും രാജിവച്ചു.

ഈ എഴുത്തുകാരന്റെ മാതാവ് കേരളാ സംസ്ഥാനത്തിലെ ഒരു സർക്കാർ വകുപ്പ് മേധാവിയായി വിരമിച്ച ആളാണ്.

കൂടെപ്പിറപ്പുകളിൽ ഒരാൾ കേന്ദ്ര സർക്കാർ ഉടമസ്ഥതിയിലുള്ള ഒരു ശ്രേഷ്ഠമെന്ന് (Eliteഎന്ന്) നിർവ്വചിക്കപ്പെടുന്ന ഒരു എഞ്ചിനിയറിങ്ങ് കോളജിലെ ഇലക്ട്രോണിക്സ് വകുപ്പ് പ്രൊഫസറാണ്.

രണ്ടാമത്തെ ആൾ ഒരു പീഡിയാട്രീഷ്യനാണ് (Pædiatricianആണ്)(ശിശുരോഗ വൈദ്ഗ്ദ്യം ഉള്ള ഡോക്ടർ).

മൂന്നാമത്തെ ആൾ ഒരു വിദേശ പത്രത്തിൽ നിന്നും പത്രാധിപ സ്ഥാനത്ത് നിന്നും ഏതാനും മാസങ്ങൾക്ക് മുൻപ് വിരമിച്ച ആളാണ്.

മുകളിൽ സൂചിപ്പിച്ച ഈ ചെറുവിവരം ഈ പ്രാദേശിക സാമൂഹികാന്തരീക്ഷത്തിൽ, മധ്യവർഗ്ഗികളായ (middle-class ആയ) ജനക്കൂട്ടങ്ങൾക്കിടയിൽ ഒരു വൻ മുതൽക്കൂട്ടവും, ആസ്തിയുമായാണ് കാണപ്പെടുക. പലർക്കും ശരിക്കും പറഞ്ഞാൽ ഈ വിധ അടുത്ത ബന്ധം സൂചിപ്പിക്കാൻ ആവുക എന്നുള്ളത് തന്നെ ഒരു സ്വപ്ന സാക്ഷാത്ക്കാരമായി തോന്നാം.

എന്നാൽ ഈ എഴുത്തുകാരൻ ജീവിതത്തിൽ പലപ്പോഴും ഒരു Master of Understatement (ഉള്ളതിൽ കുറച്ച് സൂചിപ്പിക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള ആൾ) ആയിരുന്നു.

പലപ്പോഴും പുറം നാടുകളിൽ ജീവിക്കുന്ന അവസരങ്ങളിൽ പ്രകടമായിത്തന്നെ അറിഞ്ഞവിവരം ഈ വിധ ഓരോ ബന്ധ സൂചനാ വാക്യവും ഒരു വ്യക്തിയെ സാമൂഹിക മുകൾത്തട്ടിലേക്ക് ബന്ധിപ്പിക്കുകയും വലിച്ച് ഉയർത്തുകയും ചെയ്യുന്ന കണ്ണികളാണ്. കാരണം, പ്രാദേശിക ഭാഷ കഠിനമായി ഫ്യൂഡൽ ചുവയുള്ളതാണ്. ഇങ്ഗ്ളിഷ് പോലുള്ളതല്ല.

ആളുകൾ ഭയപ്പാടോട് കൂടി വീക്ഷിക്കുന്ന, പ്രാദേശിക സാത്താൻ ഭാഷയിലെ നീ (ഇഞ്ഞി), അവൻ (ഓൻ), അവൾ (ഓള്), എടാ (ആനെ), എടി (അളെ), അവറ്റകൾ (ഐറ്റിങ്ങൾ) തുടങ്ങിയ പലവിധ പദപ്രയോഗങ്ങളിൽനിന്നും, അവ ഒരുക്കുന്ന സാമൂഹിക കെണികളിൽനിന്നും ഉയരങ്ങളിലേക്ക് പതഞ്ഞ് പൊങ്ങിനിൽക്കാൻ വളരെ ശക്തമായി സഹായമേകുന്ന വിവരങ്ങളാണ് ഈ വിധ കണ്ണികൾ.

എന്നാൽ ഈ വിധ സൂചനകൾ ഒന്നുംതന്നെ പുറത്ത് പറയാതെ നടന്നാൽ, ശരിക്കും പറഞ്ഞാൽ, ഈ ഉപഭൂഖണ്ടത്തിലെ പൈശാചിക ഭാഷകളുടെ ഉള്ളിലിരിപ്പ് ശരിക്കും

അനുഭവിച്ചറിയാനുള്ള പഴുതുകൾ കാണ്ടെത്താൻ ആവും. മറ്റുള്ളവരെ സാമൂഹികമായി പ്രതിയോഗികളായി മനസ്സിലാക്കുകയും, വശ്യമായി പെരുമാറി, അവരെ കുടക്കിയിടാനായി കെണിയും കള്ളക്കുഴിയും ഒരുക്കി, കാത്ത് കഴിയുന്ന ഒരു മാനസിക ഭാവം ഈ നാട്ടിൽ ഉണ്ട് എന്ന് അറിയണമെങ്കിൽ ഈ വിധ ജീവിതാനുഭവങ്ങൾ, സമൂഹികമായി യാതോരു കവചവുമില്ലാതെ കണ്ടറിയണം.

ഇതിന് പകരം, വിഡ്ഢി സാങ്കേതിക പദങ്ങൾ നിറച്ച് വച്ചിട്ടുള്ള ഏതെങ്കിലും സാമൂഹിക ശാസ്ത്രത്തിന്റെ എന്തെങ്കിലും കോളജ് പാഠ പുസ്തകം പഠിച്ചത് കൊണ്ടോ, ആ ശാസ്ത്രത്തിൽ ഡോക്ട്റെയ്റ്റ് എടുത്തത് കൊണ്ടോ ആവും എന്ന് തോന്നുന്നില്ല.

125. സാമൂഹിക അടിത്തട്ടിലേക്ക് എടുത്തു ചാടുന്ന അവസരത്തിൽ കൈവശമുള്ള കവചവും ആയുധവും

കവചത്തിന്റെ കാര്യം പറഞ്ഞപ്പോൾ, വീണ്ടും ഓർമ്മിപ്പിക്കേണ്ടത്, ഈ എഴുത്തുകാരൻ യാതോരു കവചവും ആയുധവും ഇല്ലാതെയല്ല സാമൂഹിക അടിത്തട്ടിലേക്ക് എടുത്തു ചാടിയത് എന്നുള്ളതാണ്. കലർപ്പില്ലാത്ത ഇംഗ്ലിഷ് ക്ളാസിക്കൽ സാഹിത്യം എന്ന അതി അമാനുഷികമായ ഭാഷാ സോഫ്ട്വേർ എന്നും കൈവശം ഉണ്ടായിരുന്നു. ഈ സോഫ്ട്വേറിന്റെ പൂർണ്ണമായ ശക്തി തിരിച്ചറിയണമെന്നുണ്ടെങ്കിൽ മറ്റ് സാമൂഹിക കവചങ്ങൾ ഇല്ലാതെ നിൽകുന്ന അവസരം ലഭിക്കേണം.

ഈ വിധ ലക്ക് കെട്ട, സർക്കസിലെ Flying trapeze മാതിരിയുള്ള ജീവിത അനുഭവത്തിൽ ഒരു പ്രത്യേക കാഴ്പപ്പാട് ലഭിക്കുകയുണ്ടായി. അത് ഇത്രയേയുള്ളു. പലവിധ വ്യാപാരങ്ങളിൽ രാജ്യത്തിന്റെ പലദിക്കിലും പലപ്പോഴും ജീവിക്കുന്ന അവസരങ്ങളിൽ, പലപ്പോഴും സാമ്പത്തികമായി ഇടിച്ചിൽ സംഭവിക്കും. അപ്പോഴെല്ലാം, സാമൂഹികമായി അടിത്തട്ടിൽ നിന്നും പടപൊരുതി പൊന്തിനിൽക്കുന്നവരെ സാമീപ്യത്തിൽ കണ്ടിട്ടുണ്ട്. അവർ അവരുടെ ഉയരങ്ങളിലാണ്. എന്നാൽ ഈ എഴുത്തുകാരൻ കുഴിയിൽ പെട്ട അവസ്ഥയാണ്.

അവർ പൊളിഞ്ഞ് നിലംപതിച്ചാൽ സാമൂഹികമായി വളരെ ആഴങ്ങളിലേക്കാണ് പതിക്കുന്നത്. ഈ എഴുത്തുകാരൻ, എല്ലാ പാതകളും അടഞ്ഞ് നിലപതിക്കുന്നത്, നേരത്തെ സൂചിപ്പിച്ച ബന്ധങ്ങൾ രുപപ്പെടുത്തിയ പീഠത്തിലേക്കാണ്. ഈ വിവരം പലപ്പോഴും പലർക്കും അതി ഗംഭീരമായുള്ള അസ്വാസ്ഥ്യം വരുത്തിയിട്ടുണ്ട് എന്നുള്ളതും വാസ്തവം തന്നെ. കാരണം, താഴെക്കിടയിൽ ഉള്ളവരോട് സമത്വം തോന്നിപ്പിക്കുന്ന രീതിയൽ പെരുമാറിയാൽ, അവരിൽ സ്നേഹമല്ല പലപ്പോഴും പ്രകടമാകുക. മറിച്ച്, മത്സരബുദ്ധിയും, പ്രതികാര ദാഹവും, കടിച്ച്പിടിച്ച് അവരുടെ നിലയിൽ പിടിച്ച് നിർത്താനും ഉള്ള അഭിലാഷമാണ് വരിക.

അതേ സമയം താഴെക്കിടയിലുള്ളവരെ ഞെട്ടിച്ച് നിർത്തുകയോ, തരംതാഴ്ത്തി നിർത്തുകയോ ചെയ്താൽ, അവരിൽ ബഹുമാനമാണ് വരിക. ഫ്യൂഡൽ ഭാഷാ കോഡുകളുടെ പെരുമാറ്റം ഈ വിധമാണ്.

വേറെയും ഒരു അവസ്ഥാവിശേഷം പറയാം. ഫ്യൂഡൽ ഭാഷയാണ് എല്ലായിടത്തും. ബന്ധം പറയുമ്പോൾ, ഇങ്ഗ്ളിഷിലുള്ള വെറും He, Him, His, She, Her, Hers തുടങ്ങിയ ബന്ധങ്ങൾ അല്ല ആളുകൾക്ക്. മറിച്ച്, അദ്ദേഹമോ അതോ അവനോ, അവരോ അതോ അവളോ, അങ്ങോ അല്ലെങ്കിൽ നീയോ, സാറമ്മാരോ അതോ അവന്മാർ തുടങ്ങിയ രീതിയിൽ ഒരു വ്യക്തിയുടെ ബന്ധങ്ങളെത്തന്നെ മൃഗീയമായി തരംതിരിക്കുന്ന ഭാഷകളാണ് ഈ നാട്ടിൽ ഉള്ളത്.

ഈ രാജ്യത്തിലെ ഏതാണ്ട് 90 ശതമാനം ആളുകളുടേയും ബന്ധുജനങ്ങൾ, ഇന്ത്യൻ ഉദ്യോഗസ്ഥ വർഗ്ഗത്തിന്റെ കാഴ്ചപ്പാടിൽ, വെറും, നീ, അവനും, അവളും, അവറ്റകളും മറ്റുമാണ് എന്നുള്ളതാണ് വാസ്തവം. ബാക്കിവരുന്ന ഏതാണ്ട് 15 കോടി ജനങ്ങൾ ഇതിന് മുകളിൽ നിന്ന് വൻ സ്വർഗ്ഗഗോപുരങ്ങൾ വരെയുള്ള ഉയരങ്ങളിൽ നിലകൊള്ളുന്നു.

താഴെയുള്ളവർ തമ്മിൽത്തമ്മിൽ കടിച്ച് കീറി ജീവിക്കുന്നു. അവർ അവരെ പൊട്ടന്മാരാക്കുന്ന വിപ്ളവ നേതാക്കൾക്ക് അടിയറവ് പറയുന്നു. ഈ വിപ്ളവ നേതാക്കളോ, ജനങ്ങളെ ഈ മൃഗീയ ഭാഷകളുടെ ഒത്താശക്കാരും ആക്കിനിർത്തുന്നു. പൈശാചിക ഭാഷകളെ സ്നേഹിക്കാനായി അവർ ആഹ്വാനം നൽകുന്നു.

ഈ ഉപഭൂഖണ്ടത്തിൽ ഏവർക്കും ഇങ്ഗ്ളിഷ് പഠിപ്പിക്കുമെന്ന് തീരുമാനമെടുത്ത English East India Companyയുടെ ദിവ്യമായ ആത്മസത്ത മനസ്സിലാക്കണമെങ്കിൽ, ഫ്യൂഡൽ ഭാഷാ-സാമൂഹിക യാഥാർത്ഥ്യങ്ങളെക്കുറിച്ച് യാതോരു വിവരവും ഇല്ലാത്ത വിപ്ളവ സിദ്ധാന്തങ്ങളുടെ പിടിയിൽ നിന്നും മനസ്സിനെ മോചിപ്പിക്കേണ്ടിയിരിക്കുന്നു.

126. തരംതാഴ്ത്തലുകൾ താങ്ങാൻ കെൽപ്പുള്ളവർക്ക്, സംവരണം ചെയ്യപ്പെട്ട തൊഴിലുകൾ

സാമൂഹിക ആശയവിനിമയ കോഡുകൾ നിർമ്മിക്കുന്ന, രണ്ട് എതിർദിശയിൽ ഉള്ള ധ്രുവങ്ങളിൽ നിന്നും കാര്യങ്ങളെ വീക്ഷിച്ചാൽ, ഇങ്ഗ്ളിഷിൽ ചിന്തിക്കാൻ പോലും ഹേതു ലഭിക്കാത്ത പല വീക്ഷണവിശേഷങ്ങളും മനസ്സിൽ വന്ന് പതിക്കും.

ഉദാഹരണത്തിന്, ഉദ്യോഗസ്ഥരുടെ വൻ ഭാവങ്ങളും, പൊതുജനത്തിന്റെ, എന്ത് ദാസ്യഭാവംകാട്ടിയും കാര്യം സാധിച്ചെടുക്കാനുള്ള ത്വരയും ഒരു ഭാഗത്ത്. അത് പോലുള്ള പലതും.

ഇതിനെക്കുറിച്ചെല്ലാം വൻവിവരങ്ങൾ മനസ്സിൽ ഉണ്ട്.

എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു കാര്യം കൂടി മനസ്സിൽകടന്നുവരുന്നു. മാനസികമായും സാമൂഹികമായും ദാസ്യപ്പെടുത്തപ്പെടുന്നവരുടെ, അതിനോടുള്ള താൽപ്പര്യം.

ഒരു നിത്യ സംഭവത്തിൽനിന്നും ഉള്ള ഒരു സംഭവചിത്രീകരണം നൽകാം.

കുടുംബ ബന്ധത്തിൽ 3 ടൺ National Permit പിക്കപ്പ് ലോറി ഒരു കാലത്ത് ഉണ്ടായിരുന്നപ്പോൾ, ഈ എഴുത്തുകാരൻ ആ വാഹനം ഓടിച്ച് പരിചയം ഉണ്ടായിരുന്നു.

ഒരിക്കൽ വടക്കൻ ഇന്ത്യയിലെ ഒരു പ്രദേശത്തേക്ക് ഈ വാഹനത്തിൽ യാത്രചെയ്യുകയായിരുന്നു. വാഹനം ഓടിക്കാനായി ഔപചാരികമായി ഒരു ഡ്രൈവർ ഉണ്ട്. പോരാത്തതിന്, ആ ആൾക്ക് സഹായിയായി മറ്റൊരു ആളും വാഹനത്തിൽ ഉണ്ട്.

പൊതുവെ പോലീസുകാരും മറ്റ് കീഴ് നിലവാരങ്ങളിൽ ഉള്ള ഉദ്യോഗസ്ഥരും വളരെ മര്യാദയില്ലാതെയാണ് ഡ്രൈവറോടും, സഹായിയോടും പലയിടത്ത് നിന്നും പെരുമാറുന്നതായി കണ്ടത്. എന്നാൽ, ഈ വക പെരുമാറ്റങ്ങളിൽ യാതോരു തെറ്റോ അപമര്യാദയോ ഉള്ളതായി ലോറി ഡ്രൈവർക്കോ, അയാളുടെ സാഹായിക്കോ തോന്നിയതായി അനുഭവപ്പെട്ടില്ല.

പ്രാദേശിക സ്ക്കൂളുകളിൽ അദ്ധ്യാപകർ നീ, എടാ, എടീ എന്നെല്ലാം വിദ്യാർത്ഥിയെ സംബോധനചെയ്താൽ വിദ്യാർത്ഥിക്ക് അതിൽ യാതോരു പ്രശ്നവും ഉണ്ടാവില്ലാ എന്നത് മാതിരി.

കർണാടകാ-മഹാരാഷ്ട്രാ അതിർത്തിയിൽ ഉള്ള ബെൽഗോം സെയ്ൽസ് ടാക്സ് ചെക്ക് പോസ്റ്റിൽ വച്ച്, ഡ്രൈവറേയും, സഹായിയേയും, സെയ്ൽസ് ടാക്സ് വാകുപ്പിലെ ശിപായിയും, ഗുമസ്തരും നീ, എടാ എന്നെല്ലാമുള്ള വാക്കുകളാൽ തന്നെയാണ് സംബോധന ചെയ്തത്. വണ്ടി ഇങ്ങോട്ട് മാറ്റിയിട് എടാ, അങ്ങോട്ട് മാറ്റിയിട് എടാ, എന്നെല്ലാമുള്ള രീതിയിൽ ആണ് കൽപനകൾ നൽകപ്പെട്ടത്.

ഒരിടത്ത് വച്ച്, സർക്കാർ ശിപായി ഡ്രൈവറിൽ നിന്നും ബില്ലും മറ്റും പോക്കറ്റിലിട്ട് നടന്ന് നേരെ ഒരു ചായക്കയിൽ പോയി ആൾക്കൂട്ടത്തിൽ ഇരുന്ന് ചായകുടിക്കുന്നു.

ഡ്രൈവർ അവിടെ പോയി ആ ആളോട് എന്തെല്ലാമോ കെഞ്ചി, നമസ്ക്കരിച്ച്, കാലുപിടിക്കുന്നത് പോലെ കാണിച്ച്, കടലാസുകൾ തിരിച്ച് കരസ്ഥപ്പെടുത്തുന്നു.

എന്നാൽ ഡ്രൈവർക്കോ അയാളുടെ സഹായിക്കോ ഇതിലൊന്നും യാതോരു പ്രശ്നവും കണ്ടില്ല. മറിച്ച് വൻ കാര്യ സാധ്യം നടത്തിയ മനോഭാവം.

കോളെജ് പ്രൊഫസറിൽ നിന്നും ലാബ് റെക്കോഡിൽ (Lab Record) ഒപ്പും സീലും വാങ്ങിച്ച കോളജ് വിദ്യാർത്ഥിയുടെ അതേ മനോഭാവം.

എന്നാൽ ഈ എഴുത്തുകാരന് സാമൂഹിക ധ്രുവങ്ങളുടെ അങ്ങേയറ്റത്ത് നിന്നും കാര്യങ്ങളെ വീക്ഷിക്കുവാനുള്ള ഒരു മാനസികാവസ്ഥ ഉള്ളതിനാൽ, ഈ വിധ പെരുമാറ്റങ്ങൾ ഭരണഘടനാ ചട്ടങ്ങളുടേയും, ഇവിടെ ഇങ്ഗ്ളിഷ് ഭരണം നടപ്പിലാക്കാൻ ശ്രമിച്ച സാമൂഹിക ആശയവിനിമയ കോഡുകളുടേയും ലംഘനമാണ് എന്ന് തിരിച്ചറിവ് ലഭിച്ചിരുന്നു.

എന്നാൽ, ഈ പിശകുള്ള അവസ്ഥയിൽ മാറ്റം വരുത്താൻ ഡ്രൈവർക്കോ അയാളുടെ സഹായിക്കോ താൽപര്യം ഉള്ളതായി തോന്നിയില്ല.

അത് ഇങ്ങിനെയാണ്:

ഉദ്യോഗസ്ഥരും പോലീസുകാരും നല്ല നിലവാരമുള്ള ഇങ്ഗ്ളിഷ് സംസാരിക്കുന്നവരാണ് എന്ന് കരുതുക. അതേ പോലെ നല്ല നിലവാരമുള്ള ഇങ്ഗ്ളിഷ് പഠിച്ചവരാണ് ലോറി ഡ്രൈവർമാരായി നിയമിക്കപ്പെടുന്നത്. ഈ രണ്ട് കൂട്ടരും തമ്മിലുള്ള ആശയവിനിമയം വളരെ ഉയർന്നനിലവാരത്തിലുള്ളതും, അന്യോന്യം തരംതാഴ്ത്തുന്നതോ, വിധേയത്വം കാണിക്കുന്നതോ ആവില്ല.

എന്നാൽ, അങ്ങിനെ വരുമ്പോൾ, ആർക്കും ലോറി ഡ്രൈവർ ആകാനുള്ള താൽപ്പര്യം വരും. ഇന്ന് ഈ വക തൊഴിലുകൾ, ഈ വക തരംതാഴ്ത്തലുകൾ താങ്ങാൻ കെൽപ്പുള്ളവർക്ക്, സംവരണം ചെയ്തത് പോലെയാണ്. മറ്റുള്ളവർ ഈ വക തൊഴിലുകൾക്കായി മത്സരിക്കില്ല.

127. യാതോരു കവചവും ഇല്ലാതെ ഈ രാജ്യത്ത് ജീവിക്കുന്നവരുടെ നിസ്സാഹയതാ അവസ്ഥയും ദാരുണമായ ചുറ്റുപാടുകളും

ഒരു കാര്യം കൂടി മനസ്സിൽ കയറിവന്നിരിക്കുന്നു. ഫ്യൂഡൽ ഭാഷകളുടെ സവിശേഷതകളെക്കുറിച്ച്. അതും, ഈ എഴുത്തുകാരന്റെ വ്യതിചലിച്ച ജീവിത പാതയിൽനിന്നും ലഭിച്ച ഒരു മുതൽക്കൂട്ടായ വിവരം ആണ്.

സാമൂഹികമായി യാതോരു അടിത്തട്ടും പീഠവും പ്രദർശിപ്പിക്കാതെ ഫ്യൂഡൽ ഭാഷകൾ തിങ്ങിനിറഞ്ഞിരിക്കുന്ന പല ദിക്കിലും ജീവിക്കുമ്പോൾ, ശൂന്യാകാശത്തിൽ പെട്ടത് പോലെയാണ്. സാമൂഹികമായും വ്യക്തിത്വപരമായും ഉള്ള പല സവിശേഷതകളും ന്യൂനതകളും അവയുടെ പൂർണ്ണമായ ബലത്തിൽ അനുഭവപ്പെടാം.

ഇങ്ങിനെ ഒരു അനുഭവം ഈഎഴുത്തുകാരന് അതിന്റെ പൂർണ്ണ ശക്തിയിൽ ലഭിച്ചില്ലാ എങ്കിലും, അവയുടെ സൂചനകൾ പലപ്പോഴും ലഭിച്ചിരുന്നു. സാമൂഹിക വലുപ്പവും ബലഹീനതയും വാക്ക് കോഡുകളിലൂടെ ഒന്ന് ഓടിക്കുമ്പോൾ ഉളവാകുന്ന പ്രതിഭാസം.

യാതോരു കവചവും ഇല്ലാതെ ഈ രാജ്യത്ത് ജീവിക്കുന്നവരുടെ നിസ്സാഹയതാ അവസ്ഥയും ദാരുണമായ ചുറ്റുപാടുകളും (Vulnerablity and total helplessness) ഈ ഉൾക്കാഴ്ചയിൽനിന്നും ലഭിച്ചേക്കാം. കാരണം പ്രാദേശിക ഭാഷാ കോഡുകൾ അതീവ ദുഷ്ട സ്വഭവമുള്ളതും ബലക്ഷയമുള്ളവരെ പരിക്കേൽപ്പിക്കുന്നതും ആണ്.

ശൂന്യാകാശത്തിൽ പെട്ടമാതിരിയുള്ള ഈ അവസ്ഥയിൽ നിന്നും ഒരു വിവരം ലഭിച്ചത്, ഫ്യൂഡൽ ഭാഷകൾക്ക് വ്യക്തികളെ വെള്ളത്തിലെ ചുഴിയിലെന്നപോലെ (Whirlpoolലെന്നപോലെ), വട്ടത്തിൽ കറക്കിക്കറിക്കി സാമൂഹിക അടിത്തട്ടിൽ എത്തിക്കാനുള്ള ഒരു കഴിവിനെക്കുറിച്ചാണ്.

ഒരാൾ മറ്റൊരാളെ പരിചയപ്പെടുന്നു. രണ്ടാമത്തെ ആൾ, അയാളെക്കാൾ താഴെയുള്ള ആളോട് ഈ ആളെക്കുറിച്ച് സൂചിപ്പിക്കുന്നു:അവനെ അറിയുമോ? അവൻ ഈ തരക്കാരനാണ്.

മൂന്നാമൻ അയാളെക്കാൾ താഴെയുള്ള ആളോട് ഇതേ സംഭാഷണം നൽകുന്നു. അങ്ങിനെ ആദ്യത്തെ ആളെ ഒരു 'അവൻ' ആക്കി, താഴോട്ട് താഴോട്ട് എത്തിക്കുന്നു, വട്ടക്കണ്ണിയിലെ ഓരോരുത്തരും.

ഇത് ചുഴിയിൽ പെട്ട അനുഭവം. സാമൂഹിക നിലവാരങ്ങളുടെ അടിത്തട്ടിലേക്ക് ആളെ ചുരുട്ടി ഉരക്കും.

അതേ സമയം ആദ്യത്തെ ആൾ ഒരാളെ പരിചയപ്പെടുന്നു. ആ ആൾ അയാളെക്കാൾ പദവിയിലുള്ള ഒരാളോട് പറയുന്നു: അവരെ / സാറിനെ / അദ്ദേഹത്തെ അറിയുമോ? അദ്ദേഹം വലിയ ആളാണ്.

ഈ സംഭാഷണം ഓരോ ആളും ആ ആളുടെ മുകൾ സ്ഥാനത്ത് ഉള്ള ആളോട് പറയുന്നു. വാക്കുകൾ ആദ്യത്തെ ആളെ പമ്പരം പോലെ കറക്കുന്നത് വാക്ക് കോഡുകളുടെ മുകളിലേക്കാണ്. നീരുറവകളിൽ നിന്നും വെള്ളം മുകളിലേക്ക് കുതിച്ച് ഉയരുന്ന അനുഭവമാണ്.

ഇങ്ഗ്ളിഷ് പോലുള്ള നിരപ്പ് സ്വാഭാവമുള്ള ഭാഷകൾക്ക് ആകാത്ത ഒരു കഴിവാണ് ഇത്. എത്ര പൊക്കിയിട്ടാലും, കീഴോട്ടിട്ടാലും, ആൾ വെറും Heയും Himഉം Hisഉം Sheയും Herഉം Hersഉം മറ്റും തന്നെ.

128. കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് മാത്രം കവചമായി വളരുന്നമ്പോൾ ഉളവാകുന്ന തിളക്കം

ഇങ്ഗ്ളണ്ടിലും, അമേരിക്കയിലും, ഓസ്ട്രേയ്ലിയയിലും, ന്യൂസീലണ്ടിലും പോയി, ജീവിക്കുന്ന, ഈ ഉപദ്വീപലെ ആളുകൾക്ക് വേണമെങ്കിൽ സ്വന്തം മക്കളെ, അവരുടെ പാരമ്പര്യ ഫ്യൂഡൽ ഭാഷകൾ പഠിപ്പിക്കാതെ വളർത്താനാവും. ഇങ്ങിനെ ചെയ്താലും ഇല്ലെങ്കിലും, ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ ജനിച്ച് വളരുന്ന ഈ വക കുട്ടികൾക്ക് ലഭിക്കുന്ന മാനസിക സ്വാതന്ത്ര്യം, അവരുടെ പാരമ്പര്യ രാജ്യത്ത് ഒരു ഉയർന്ന ഉദ്യോഗസ്ഥന് പോലും സങ്കൽപ്പിക്കാൻപോലും ആവാത്ത തരത്തിലുള്ളതാണ്.



എന്നാൽ ഇക്കൂട്ടരിൽ, അവരുടെ പാരമ്പര്യ ഫ്യൂഡൽ ഭാഷ മനസ്സിൽ ഉണ്ടെങ്കിൽ, അത് അവരുടെ വ്യക്തിത്വത്തെ വെറെ ഒരു ദിശാസ്ഥാനത്ത് നിർത്താൻ സാധ്യതയുണ്ട്.

എന്തൊക്കെയായാലും, കുട്ടികളുടെ ശാരീരികവും മാനസികവും ആയ വ്യക്തിത്വം വളരെ ഉയർന്നിരിക്കാൻ സാധ്യതയുണ്ട്. ചിലപ്പോൾ ഈ കൂട്ടർ ഈ ഉപദ്വീപിലെ ജനവിഭാഗങ്ങളിൽ പെട്ടവർതന്നെയാണോ എന്ന് സംശയം വരെ തോന്നാനാവും വിധം അവരുടെ വ്യക്തിത്വത്തിൽ മാറ്റം സംഭവിച്ചിരിക്കാം.

അതേ സമയം ഇവിടെ ഓർക്കേണ്ടുന്ന കാര്യം ഇന്ന് യാതോരു ഇങ്ഗ്ളിഷ് രാഷ്ട്രത്തിലും കലർപ്പില്ലാത്ത, മാനസികവും സാമൂഹികാന്തരീക്ഷപരവും ആയ മൌലികമായ ഇങ്ഗ്ളിഷ് ലഭ്യമില്ലായെന്നുള്ളതാണ് വാസ്തവം. കഴിഞ്ഞ ഏതാണ്ട് 30 വർഷങ്ങൾക്കുള്ളിൽ. എല്ലാം കലങ്ങിമറഞ്ഞിരിക്കുകയാണ്.

ആ വിഷയത്തിലേക്ക് ഇപ്പോൾ കടക്കുന്നില്ല.

VARUNAജനിക്കുന്നതിന് മുൻപേ തന്നെ ഇങ്ഗ്ളിഷ് അന്തരീക്ഷത്തിന്റെ ഒരു തേജോവലയം ചുറ്റുപാടുകളിൽ പടർത്തിയിരുന്നു. ജനിച്ച വ്യക്തിക്ക് തന്നെ ശാരീരിക വ്യക്തിത്വത്തിൽ കാര്യമായ ഒരു തിളക്കവും വ്യത്യാസവും വളരെ വ്യക്തമായിത്തന്നെ കാണപ്പെട്ടിരുന്നു.

ഈ തരം തിളക്കം മറ്റ് പലരീതിയിലും വ്യക്തിത്വത്തിൽ വരാവുന്നതാണ്. വലിയ കുടുംബം, വലിയ ബഹുമാനം ലഭിക്കുന്ന വ്യക്തിയുടെ സന്തതി, താഴ്ന്ന സ്ഥാനങ്ങളിൽ ജീവിക്കുന്നവരിൽ നിന്നും ഒരാൾ ഉയർന്ന തൊഴിലിൽ കയറുന്നു, കായിക പരിശീലനത്തിൽ നിത്യേനെ പങ്കെടുക്കുന്നു തുടങ്ങിയവ പലവിധ തിളക്കം വ്യക്തിത്വത്തിൽ വരുത്താം.

എന്നാൽ ഇവിടെ കാണപ്പെട്ടത്, ഈ വിധയാതോരു മഹത്വത്തിന്റെയും പിൻബലമില്ലാത്ത ഒരു തിളക്കം ആയിരുന്നു.

ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഇവിടെ ഇപ്പോൾ സൂചിപ്പിക്കാൻ ആവില്ല. കാരണം, അവ പറയണമെങ്കിൽ, മനുഷ്യജീവന്റെയും യാഥാർത്ഥ്യത്തിന്റേയും അമാനുഷിക സോഫ്ട്വേർ കോഡുകളെക്കുറിച്ച് പ്രതിപാദിച്ചിരിക്കേണം. അത് ഇതുവരേയും ഈ എഴുത്തിൽ ചെയ്തിട്ടില്ല.

ഇങ്ഗ്ളിഷ് മാനസിക അന്തരീക്ഷം ഉളവാക്കാനും നിലനിർത്താനും ഏറ്റവും അത്യന്താപേക്ഷിതമായി ചെയ്യേണ്ടിയിരുന്നത്, ഫ്യൂഡൽ ഭാഷാ കോഡുകളുടെ നിഷേധാത്മക വികിരണങ്ങൾ ഈ വ്യക്തിയേയും, മാതാവിനേയും ചുറ്റുപാടുകളേയും ബാധിക്കരുത് എന്ന് ഉറപ്പിക്കലാണ്.

ഇവിടെ ചെറുതായി സൂചിപ്പിക്കാനുള്ള ഒരു വാസ്തവം, ഭാഷാ കോഡുകൾ യഥാർത്ഥത്തിൽ, ഭൌതിക ചുറ്റുപാടുകളുടെ സോഫ്ട്വർ കോഡുകളിൽ സ്വാധീനം ചലുത്തും എന്നുള്ളതാണ്.

ഇതിന്റെ ഒരു ചെറിയ ചിത്രീകരണത്തിനായി ഇങ്ങിനെ പറയാം. കഠിനമായ അധികാരങ്ങളുള്ള ഒരു ഇന്ത്യൻ സർക്കാർ ഓഫിസിൽ ഒരു സാധാരണക്കാരൻ കയറിച്ചെല്ലുന്നു. എത്രതന്നെ നിവർന്ന് നിൽക്കാൽ മനസ്സ് ഉറപ്പിച്ചാലും, അന്തരീക്ഷത്തിൽ ഒരു കഠിനമായ അമർത്തൽ ഉള്ളതായി അനുഭവപ്പെടും.

ഇത് മനസ്സലിൽ ഉളവാകുന്ന, ഭൌതികമായി യാതോരു അടിത്തറയും ഇല്ലാത്ത ഒരു തോന്നൽ മാത്രമാണ് എന്ന് പലരും പറയും എങ്കിലും, ഈ തോന്നൽ പോലും ഉളവാക്കുന്നത് ചില വ്യക്തമായ അമാനുഷികമായ യാഥാർത്ഥ്യത്തിന്റെ സോഫ്ട്വേർ കോഡുകളാണ്.

മനസ്സിൽ ഈ തോന്നൽ മാത്രമല്ല, മറിച്ച് അന്തരീക്ഷത്തിൽ തന്നെ ശക്തിയേറിയ വളവുകൾ ഈ കുഴഞ്ഞുകിടക്കുന്ന ഭാഷാകോഡുകൾ നിർമ്മിച്ചിരിക്കും. അത് ഭാഷാകോഡുകളിൽ താഴ്മയിൽ പെട്ടവരെ ബാധിക്കും. ഉയരങ്ങളിൽ പെട്ടവർക്ക് അവബോധം ലഭിക്കില്ല.

ഉദാഹരണത്തിന്, പോലീസ് സ്റ്റേഷനിൽ കയറിച്ചെല്ലുന്ന ഐപിഎസ് ഉദ്യോഗസ്ഥന്റെ സഹോദരന് ഈ അമർത്തൽ അനുഭവപ്പെട്ടേക്കില്ല. അയാളുടെ കൂടെ കയറിവന്ന ഭൃത്യന് അനുഭവപ്പെട്ടേക്കാം.

129. ഒരു മുതിർന്ന ആളോട് പെരുമാറുന്നതിനേക്കാളും പക്വതയോടുകൂടിയ സമീപനം

ചുറ്റുപാടിൽ എവിടെയും ഇല്ലാത്ത ഒരു ഭാഷാ സംസ്ക്കാരം സ്വന്തം മകളിലൂടെ ഈ പ്രദേശത്തിലേക്ക് പകർത്തിയെടുക്കുക എന്ന യജ്ഞം ഈ എഴുത്തുകാരൻ സ്വന്തമായിത്തന്നെ ചെയ്യേണ്ടിയിരുന്നു. സ്വന്തക്കാർ എന്ന് പറയാവുന്ന മറ്റ് യാതോരു വ്യക്തിയിലും ഇതിനുള്ള മാനസിക പ്രതിജ്ഞാബദ്ധതയോ, കഴിവോ, കൂസലില്ലായ്മയോ ഉള്ളതായി അറിവില്ല.

VARUNA യ്ക്ക് ഏതാണ്ട് 3മാസം പ്രായം വന്നത് തൊട്ട്, ഈ എഴുത്തുകാരൻ അവരെ ആവുന്നെടുത്തെല്ലാം എടുത്തു നടക്കും. പൂർണ്ണമായ ഇങ്ഗ്ളിഷിൽ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കും.

ഫ്യൂഡൽ ഭാഷകളിൽ ചെറുപ്രായക്കാരോടും, വളരെ കീഴിൽ തൊഴിൽചെയ്യുന്നവരോടും മറ്റും ഉയന്നവർ പെരുമാറുന്ന അവസരത്തിൽ പ്രകടിപ്പിക്കുന്ന കോമാളിത്തരവും വിഢ്ഢി ഭാവങ്ങളും ഒന്നും തന്നെ ഉപയോഗിച്ചില്ല.

തോട്ടത്തിലെ ചെടികളേയും പുഷ്പങ്ങളേയും മരങ്ങളേയും പക്ഷികളേയും പരിചയപ്പെടുത്തിക്കൊടുത്തത്, ഒരു മുതിർന്ന ആളോട് മലയാളത്തിൽ പെരുമാറുന്നതിനേക്കാളും പക്വതയോടുകൂടിയായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇങ്ഗ്ളിഷിൽ ഈ വിധമേ സാധാരണയായി പെരുമാറാനാകുള്ളു.

മലയാളത്തിലും, മറ്റ് ഫ്യൂഡൽ ഭാഷകളിലും നീ, നിങ്ങൾ, താങ്കൾ എന്ന രീതിയിൽ വ്യത്യസ്ത ഭാവാഭിനയത്തോടുകൂടി വ്യക്തികളോട് പെരുമാറുന്ന രീതി ഇങ്ഗ്ളിഷിൽ ഇല്ലതന്നെ.

ഇവിടെ ലക്ഷ്യം വച്ചത് സ്വന്തം മകൾ എന്ന കാര്യമല്ല. മറിച്ച് അതിനേക്കാൾ സ്വാർത്ഥമെന്ന് നിർവ്വചിക്കാവുന്ന ഒരു ലക്ഷ്യമായിരുന്നു.

ഈ എഴുത്തുകാരന്റെ പ്രാചീന ഗ്രന്ഥമായ March of the Evil Empires: English versus the feudal languagesൽ നൽകിയിരുന്ന ചില അവകാശ വാദങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്ന് കണ്ടെത്തുകയെന്നതാണ് മുന്നിൽ വച്ചിരുന്ന ലക്ഷ്യം.

വ്യക്തമായി യാതോരു കോമാളിത്തരവും ഇല്ലാതെ ഇവർക്ക് (VARUNAയ്ക്ക്) പറഞ്ഞുകൊടുക്കുന്ന ഓരോ കാര്യവും അതി ഗംഭീര വേഗതയിൽ മനസ്സിൽ പതിക്കുന്നതായി അനുഭവപ്പെട്ടു. മാത്രവുമല്ല, കുടുംബക്കാരെല്ലാം വന്ന് എടുത്ത് അമ്മാനമാടുകയും ചോദ്യങ്ങൾ ചോദിക്കുകയും, കവിളിൽ നുള്ളുകയും മറ്റും ചെയ്യുന്നതും അനുവദിച്ചിരുന്നില്ല. ഇത് ചിലർക്ക് ഇഷ്ടപ്പെട്ടില്ലാ എന്നുള്ളത് ശരിയാണെങ്കിലും, VARUNAയിൽ ഒരു ഇങ്ഗ്ളിഷ് മാനസികാവസ്ഥ നിലനിർത്താൻ ഇത് സഹായിച്ചു എന്നതിൽ സംശയമുണ്ടായിരുന്നില്ല.

അന്ന് കൈവശമുണ്ടായിരുന്ന ഇരുചക്ര വാഹനത്തിൽ വളരെ ചെറുപ്പത്തിൽ തന്നെ VARUNAയെ കൊണ്ടുപോകുമായിരുന്നു. എന്നാൽ ഇത് എപ്പോൾ മുതലാണ് എന്ന് വ്യക്തമായി ഓർമ്മയില്ല. എന്നാൽ, അക്കാലത്ത്, നിത്യേന ഏതാണ്ട് 50 മുതൽ 200

കിലോ മീറ്റർവരെ, കുടുംബസമേതം യാത്രചെയ്യാറുണ്ടായിരുന്നു. ദൃശ്യവും മറ്റുംമായ രൂപത്തിൽ വളരെ അധികം വിവരം മനസ്സിൽ നിറയാൻ ഉതകുന്ന ഒരു സംഗതിയായിരുന്നു ഇത്. ഏതാണ്ട് ഒന്നരവയസ്സായപ്പോൾ, ഒരു ബെൽട്ട് ഉപയോഗിച്ച് സുരക്ഷിതപ്പെടുത്തി, VARUNAയെ ബൈക്കിന് മുന്നിൽ ഇരുത്തി വൻ ദൂരങ്ങൾ യാത്രചെയ്ത അനുഭവവും വളരെയേറയുണ്ട്.

ആരും തന്നെ പാവേ, കുഞ്ഞൻ, എടി, അളെ, ഇഞ്ഞി, നീ, അവൾ, ഓള് തുടങ്ങിയ വാക്കുകളുടെ പ്രഹരം ഏൽപ്പിക്കാനും അനുവദിച്ചില്ലാ എന്നുള്ളതും, ഗുരുതരമായ ഒരു പ്രശ്നം തന്നെയായിരുന്നു. പിതാവിന് എന്തോ ഒരു മിനിറ്റിന്റെയോ മറ്റോ കുറവുണ്ട് എന്ന് പലരും സൂചിപ്പിച്ചിട്ടുണ്ടാവും എന്നതിൽ സംശയമില്ലതന്നെ.

എന്നാൽ വാസ്തവം പറയുകയാണെങ്കിൽ, ഏതാണ്ട് ആറ് മാസം പ്രായം ആവുന്നതിനോട് അടുത്ത് VARUNA സംസാരിച്ചു തുടങ്ങിയെന്നുള്ളത് വാസ്തവം തന്നെ. മാത്രവുമല്ല, ഒരു വയസ്സ് ആവുന്നതിന് മുന്നെ ഒരിക്കൽ ഈ എഴുത്തുകാരന്റെ മാതാവ്, ഒരു ത്രിസന്ധ്യാ നേരത്ത്, മാനത്ത് നിൽകുന്ന ചന്ദ്രക്കലയെ ചൂണ്ടിക്കാണിച്ച് കൊണ്ട് പറഞ്ഞു, 'That is the moon'. അപ്പോൾ, VARUNA പറഞ്ഞു, "No, that is the Crescent moon". (ചന്ദ്രക്കല രൂപത്തിലുള്ള ചന്ദ്രബിംബം).



ഈ എഴുത്തുകാരന്റെ മാതവിന്റെ ഇങ്ഗ്ളിഷ് തിരുത്താനും മാത്രം വാക്ക് ചാതുര്യം ലഭിച്ചത്, ഓരോ കാര്യവും വളരെ വ്യക്തമായി വളരെ ചെറുപ്പത്തിൽത്തന്നെ മനസ്സിൽ പതിപ്പിച്ചത് കൊണ്ടാണ്.

ചെറുപ്പത്തിൽ യാതോരു വളവും തിരിവും ഇല്ലാതെ കാര്യങ്ങൾ പറഞ്ഞ് ഫലിപ്പിക്കുന്ന അവസരത്തിൽ അനുഭവപ്പെട്ടത്, ശൂന്യമായ മനസ്സോടുകൂടി നിൽക്കുന്ന ഒരു പുതിയ കമ്പ്യൂട്ടറിൽ, പുതുതായി ഡാറ്റ ഇൻപുട്ട് ചെയ്യുന്ന അതേ സുഗമതയോടുകൂടി, പുതിയ ഒരു മസ്തിഷ്കത്തിലേക്ക് വിവരങ്ങൾ നൽകാം എന്നുള്ളതാണ്.

എന്നാൽ വളച്ചും തിരിച്ചും, വിഢ്ഢിത്തങ്ങൾ പറഞ്ഞും വിവരക്കേടുകൾ പഠിപ്പിച്ചും വേണമെങ്കിൽ ഈ പുതിയ മസ്തിഷ്കത്തിൽ കാര്യങ്ങൾ ചേർക്കാം എന്നുള്ളതും വാസ്തവം തന്നെ.

ഈ മുകളിൽ പറഞ്ഞകാര്യങ്ങൾ വായനക്കാർ ഏത് രീതിൽ കൈക്കൊള്ളും എന്ന് ഈ എഴുത്തുകാരന് അറിയില്ല. എന്നാൽ, പറയാനുള്ളത്, ഇതൊന്നും ഒരു വീമ്പ് ഇളക്കുന്ന രീതിയിൽ അല്ല പറയുന്നത് എന്നതാണ്. കാരണം പറഞ്ഞകാര്യങ്ങൾ യാതോരു വീരസാഹസികതയുടേയും പരിവേഷത്തോടുകൂടിയല്ല. മറിച്ച്, ഒരു Ethnographic പരീക്ഷണത്തിന്റെ ഭാഗം മാത്രമാണ്.

130. പ്രാദേശിക സംസ്‌ക്കാരത്തിൽനിന്നും വ്യത്യസ്തമയതുമായ വളർച്ച

പലരീതിയിലും പ്രാദേശിക സംസ്‌ക്കാരത്തിന് നേരെ വിപരീതമായോ, അതുമല്ലെങ്കിൽ വ്യത്യസ്തമായോ ആണ് VARUNAയെവളർത്തിയത്.

മുടി നീളംകുറച്ചു. കാത് കുത്തിയില്ല.

വസ്ത്രം ട്രൌസറും T-shirtഉം.

വള, കാതിൽ, മുക്കുത്തി, മോതിരം, മാല, മുടിയിൽ പൂവ്, റിബൺ, Hairband, നെറ്റിയിൽ പൊട്ട്/ചാന്ത്, കൺമഷി, കൈവിരലിൽ ക്യൂട്ടക്സ്, കാൽചിലങ്ക തുടങ്ങിയ യാതോരു ആഭരണങ്ങളും അലങ്കാരങ്ങളും ഉപയോഗിച്ചില്ല. കാരണം ഇതിനേക്കാളെല്ലാം തേജസ് നൽകുന്ന ഇങ്ഗ്ളിഷ് എന്ന മാസ്മരിക തേജോവലയത്തിനാൽ ആവരണം ചെയ്യപ്പെട്ട വ്യക്തിക്ക് ഇവയൊന്നിന്റേയും അലങ്കാരം ആവശ്യമില്ലാ എന്ന ധിക്കാരപരമായ മാനസികാവസ്ഥ പിതാവിൽ ഉണ്ടായിരുന്നു.



ഈ വിധ ആഭരണങ്ങളും അലങ്കാരങ്ങളും, ചിലത്, ഇങ്ഗ്ളിഷ് ഭാഷക്കാരും ഉപയോഗിക്കുന്നുണ്ട് എന്നുള്ളതും വാസ്തവം തന്നെ.

എന്നാൽ, ഈ എഴുത്തുകാരൻ എടുത്ത നിലപാട് കീഴ്വഴക്കങ്ങളെ ചോദ്യം ചെയ്യലായിരുന്നില്ല. മറിച്ച്, വ്യക്തിക്ക് ആവശ്യം ആണ് എന്ന് തോന്നുന്നുണ്ടെങ്കിൽ ഉപയോഗിക്കട്ടെ. അതിന് പകരം മുൻകൂട്ടി ഇവ പഠിപ്പിച്ചെടുക്കേണ്ട എന്നുള്ളതായിരുന്നു.

മുടിയിൽ എണ്ണ് തേക്കുക, മുഖത്ത് പൌഡർ ഇടുക എന്നുള്ളതും വേണ്ടാ എന്ന് വച്ചിരുന്നു. കാരണം, ഏറ്റവും നല്ലത്, കൃത്രിമമല്ലാത്ത തേജസാണ് എന്നത് ഈ എഴുത്തുകാരന്റെ സ്വന്തമായ താന്തോന്നിത്യ വിശ്വാസമായിരുന്നു. ഏല്ലാറ്റിനും ഒറ്റമൂലിയെന്നോണം, കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷാ കോഡുകളും, ഫ്യൂഡൽ ഭാഷകളെ അകറ്റിനിർത്തലും ആണ് എന്ന ഉത്തമവിശ്വാസം ഈ എഴുത്തകാരനിൽ ഒരു ഉജ്വല വികാരമായി നിലനിന്നിരുന്നു.

കാരണം, വെറും ഇങ്ഗ്ളിഷ് എന്ന് മാന്ത്രിക സോഫ്റ്റ്‌വെയറാണ് ഭൂഷണ്ട യൂറോപ്പിന് പുറത്തായുള്ള ഒരു കൊച്ചു ദ്വീപിനുള്ളിലെ ഒരു പ്രദേശമായ ഇങ്ഗ്ളണ്ടിനെ ലോകത്തിലെ ഏതൊരു സംഗതിയുടേയും ഗുണമേന്മയുടെ അളവുകോൽ (Benchmark) ആക്കി ഏതാണ്ട് 1947വരെ നിലനിർത്തിയിരുന്നത്, എന്ന വിശ്വാസം ഈ എഴുത്തുകാരനിൽ ഒരു ദൃഢവിശ്വാസമായി നിലനിൽക്കുന്നു.

എന്നാൽ VARUNAയുടെ കാര്യത്തിൽ ഈ തേജോവലത്തിന്റെ ആവരണം വളരെ ലോലവും, ചുറ്റുമുള്ള ഫ്യൂഡൽ ഭാഷാകോഡുകൾക്ക് വളരെ എളുപ്പത്തിൽ മാച്ചുകളയാനും ആവുന്നതാണ് എന്ന അവബോധം ഈ എഴുത്തുകാരനിൽ

ഉണ്ടായിരുന്നു. ഈ തിരിച്ചറിവ്, ഈ എഴുത്തുകാരനെ പലപ്പോഴും ഒരു ഉപരോധ-പ്രതിരോധ ഭാവത്തിൽ നിൽക്കാൻ തരപ്പെടുത്തിയിട്ടുണ്ട്.

131. ചെറുപ്രായത്തിലെ പരിശീലനങ്ങൾ

മറ്റൊരു കാര്യം ഇപ്പോൾ ഓർമ്മവരുന്നത്, ഭക്ഷണക്രമത്തിൽ ചായ, കാപ്പി, എരിവ് എന്നിവ പരിശീലിപ്പിച്ചില്ല എന്നതാണ്.

ഏതാണ്ട് എട്ട് മാസം പ്രായം ആയപ്പോൾ, VARUNAക്ക്, ദേവർകോവിൽ, വീടിന് തൊട്ടടുത്തുള്ള, വയനാടൻ താഴ്‌വരപ്രദേശങ്ങളിൽ നിന്നും ഒഴുകിവരുന്ന അരുവിയിൽ നീന്താനായി അവസരം നൽകി. ഇത് പിന്നീട് ഒരു നിത്യചര്യയാവുകയും, ഇവർ സാമാന്യം മോശമില്ലാത്ത രീതിയിൽ നീന്താനാകുന്ന കഴിവിലേക്ക് വളരുകയും ചെയ്തു. ചെറുപ്പത്തിൽത്തന്നെ കടലിലും നീന്താനുള്ള സൌകര്യം നൽകിയെങ്കിലും, ചിലയിടത്ത് വച്ച് ചുറ്റുമുണ്ടായിരുന്ന ആളുകൾ അനാവശ്യമായി പ്രതികരിച്ച അനുഭവവും ഉണ്ടായിട്ടുണ്ട്. പ്രായം കുറഞ്ഞ ആളെ കടലിൽ ഇറക്കുന്നത് ഒരു തെമ്മാടിത്തമായിത്തന്നെ അവർ കണ്ടു.

(ഈ എഴുത്തുകാരൻ പലപ്പോഴും കടലിൽ നീന്തിയിട്ടുണ്ട്. ഒരിക്കൽ ആപത്തിൽ പെട്ടിട്ടുമുണ്ട്.)



ഈ എഴുത്തുകാരൻ എടുത്ത നിലപാട്, ഇത്രമാത്രമേ ഉള്ളു. ഏതെങ്കിലും ജനക്കൂട്ടങ്ങളുടെ പാരമ്പര്യ സ്വഭാവം അനുകരിക്കുന്നുണ്ടെങ്കിൽ അത് ഇങ്ഗ്ളണ്ടിലെ സാമൂഹിക പാരമ്പര്യം ആവട്ടെയെന്ന്. കടലിനോടും വെള്ളത്തിനോടും പാരമ്പര്യമായി ഇങ്ഗ്ളണ്ടിലെ ജനങ്ങൾക്ക് വളരെ അടുപ്പം ഉണ്ടായിരുന്നു. ഇന്ന് എങ്ങിനെയാണ് എന്ന് അറിയില്ല.

VARUNA ഏതാണ്ട് നടന്ന് തുടങ്ങി ഏതാനും മാസങ്ങൾ ആയപ്പോഴേക്കും, മതിൽക്കെട്ടിന് മുകളിൽ ആരും പിടിക്കാതെ നടക്കാൻ പരിശീലിപ്പിച്ചെടുത്തു. ഇതിന്, വളരെ ശ്രദ്ധയോടുകൂടി ഈ എഴുത്തുകാരൻ കൂടെത്തന്നെ നിന്ന്, എല്ലാ വിധ സുരക്ഷയും സൌകര്യപ്പെടുത്തിയിരുന്നു. യാതോരു പരിശീലനവും കാര്യമായ മേൽനോട്ടം ഇല്ലാതെ ഒരു നിമിഷം പോലും നടത്തിയിരുന്നില്ല.

വളരെ ചെറുപ്പത്തിൽ തന്നെ, യാതോരു പരിശീലനത്തിന്റെയും മുഖമുദ്രയില്ലാതെ, ദീർഘദൂരം ഓടിയുള്ള ഒരു പരിശീലനവും VARUNAയ്ക്ക് നൽകിയിരുന്നു. തലകുത്താതെ മുന്നോട്ടും പിന്നോട്ട് ഉരുളുക (breakfall) എന്നതും യാതോരു കരുതിക്കൂട്ടലും ഇല്ലാ എന്നുള്ള രീതിയിൽ പരശീലിപ്പിച്ചു. പ്രായം അപ്പോഴും മൂന്ന് വയസ്സായിട്ടില്ല.

(ഈ പരിശീലനം പിന്നീട് ഒന്ന് രണ്ട് പ്രാവശ്യം കാര്യമായിത്തന്നെ ഉപകാരത്തിൽ വന്നു എന്നും ഓർമ്മയുണ്ട്.)

ഈ മുകളിൽ പ്രസ്താവിച്ച യാതോരു പദ്ധതിയിലും പണം, ധാരളിത്തം, ധൂർത്ത്, ധനാഢ്യത തുടങ്ങിയ കാര്യങ്ങളുടെ പങ്കാളിത്തം ഒട്ടുംതന്നെ ഇല്ലായിരുന്നു എന്ന് പറയാമെന്ന് തോന്നുന്നു.

എന്നാൽ ചുറ്റുമുള്ള ആളുകളുടെ പ്രാദേശിക ഭാഷ മനസ്സിലാകുന്നില്ല എന്നുള്ളത് ആ കാലത്ത്, ചുറ്റും ഒരു വൻ മതിൽകെട്ട് ഉള്ള പോലുള്ള സ്വകാര്യത ഈ പദ്ധതികളിലെല്ലാം നൽകിയിരുന്നു. കാരണം, ചുറ്റുമുള്ളവരുടെ ഭാഷയും സംസാരവും, മനസ്സിലാകുമെങ്കിൽ നിശ്ചയമായും പലരുടേയും നിലവാരത്തകർച്ച നൽകുന്നതും, ഉള്ളിൽ തറയ്ക്കുന്നത് മാതിരിയുള്ളതുമായ വാക്ക് കോഡുകൾ കാരണം, ഈ വക പദ്ധതികൾ എല്ലാം തന്നെ തുടങ്ങുന്ന അവസരത്തിൽ തന്നെ നിലച്ചുപോകുമായിരുന്നു.

132. ഇരുചക്ര വാഹനത്തിലൂടെയുള്ള ദീർഘദൂര യാത്രാനുഭവം

മക്കളുടെ ബുദ്ധി വർദ്ധിക്കാനായി എന്തൊക്കെയാണ് ചെയ്യേണ്ടത് എന്നത് പല മാതാപിതാക്കളിലും ഒരു ചിന്താവിഷയമാണ്. ബ്രഹ്മി / ബ്രഹ്മീഗൃതം നല്ലതാണ് എന്ന് കേട്ടിട്ടുണ്ട്. എന്നാൽ ഈ വിധ ഔഷധ പ്രയോഗങ്ങൾക്കൊന്നും സാവകാശം ലഭിച്ചില്ലാ എന്നുള്ളതാണ് വാസ്തവം. നിത്യേനെ അനേകം ദൂരം യാത്രചെയ്യുന്ന കാലഘട്ടമായിരുന്നു ഈ എഴുത്തുകാരന്.

മസ്തിഷ്കത്തിലേക്ക് പലവിധ വിവരങ്ങൾ / ഡാറ്റ ഇൻപുട്ട് ചെയ്യാൻ അവസരം നൽകലാണ് നല്ലത് എന്ന വിശ്വാസം എങ്ങിനെയോ ലഭിച്ചിരുന്നു. ഈ കാരണത്താൽത്തന്നെ ഈ എഴുത്തുകാരന്റെ യാത്രകളിൽ ഒരു നൂറോളം കിലോ മീറ്റർ ചുറ്റളവിൽ ഇരുചക്രവാഹനത്തിൽ യാത്രയ്ക്ക് പോകുമ്പോൾ പലപ്പോഴും VARUNAയെയും മാതാവിനേയും കൂടെ കൊണ്ടുപോകുമായിരുന്നു.

ഇവിടെ പ്രസ്താവ്യമായ ഒരു വിവരം ഉണ്ട്. ആ കാലഘട്ടത്തിൽ ഈ എഴുത്തുകാരൻ വ്യാപാര സംബന്ധമായി കേരളത്തിൽ അങ്ങേയറ്റം മതുൽ ഇങ്ങേയറ്റം വരെ എന്നരീതിയിൽ എല്ലാമാസവും ഇരുചക്രവാഹനത്തിൽ യാത്രചെയ്യുമായിരുന്നു. ഇരുചക്രമായത് കൊണ്ട് യാത്ര പലരീതിയിലും വളരെ സൌകര്യപ്രദമാണ്. ഈ അനുഭവവുമായി ബന്ധപ്പെട്ടു കുറച്ച് തിരിച്ചറിവുകൾ പിന്നീട് നൽകാം എന്ന് കരുതുന്നു.

എന്നാൽ ഇവിടെ ഇപ്പോൾ പറയാവുന്നകാര്യം ഈ വിധ യാത്ര, കേരളത്തിലെ മിക്ക സ്ഥലങ്ങളേയും അവിടങ്ങളിലേക്കുള്ള പാതകളേയും വളരെ പരിചിതമാക്കി എന്നുള്ളതാണ്. ഇടുക്കിയും കാസർഗോഡും ഒഴികെ മറ്റ് എല്ലാ ജില്ലകളിലേയും പല ഉൾനാടൻ സ്ഥലങ്ങൾ വളരെ പരിചിതമായ ഒരു കാലഘമായിരുന്നു അത്.

നാലാംചിറ, കൊട്ടാരക്കര, തിരുവല്ല, തലയോലപ്പറമ്പ്, വൈക്കം, കരുനാഗപ്പള്ളി, ഈരാറ്റുപേട്ട, റാന്നി, കാലടി, മൂവാറ്റുപുഴ, വാഴക്കുളം, തൊടുപുഴ, കളമശ്ശേരി, ആലുവ, കുറ്റിപ്പുറം, പരപ്പനങ്ങാടി, രണ്ടത്താണി, കുണ്ടോട്ടി, നിലമ്പൂർ, വണ്ടൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, താമരശ്ശേരി, മുക്കം, അടിവരം, നടവയൽ, ബീനാച്ചി, മീനങ്ങാടി, കൊളഗപ്പാറ, തലപ്പുഴ, നെടുംപൊയിൽ, നിരവിൽപ്പുഴ, തരുവണ, പെരിങ്ങത്തൂർ, കല്ലാച്ചി, മുഴപ്പിലങ്ങാട്, ശ്രീകണ്ടപുരം, മാമാനം, തുടങ്ങി അനേകം ഉൾനാടൻ പ്രദേശങ്ങളിലൂടെ യാത്ര ചെയ്യാറുണ്ടായിരുന്നു, ഓരോ മാസവും. ഇവിടങ്ങളിൽഒന്നും സാധാരണ ഗതിയിൽ വാഹനം നിർത്താറില്ല.

ഈ യാത്രകൾ നൽക്കിയ പല അനുഭവങ്ങളിൽ ഒന്ന്, കേരളത്തിലെ പല സ്ഥലപ്പേരുകളും കേൾക്കുമ്പോൾ മനസ്സിൽ ഉദിക്കുന്ന നിഗൂഢതാ ഭാവം തേഞ്ഞുമാഞ്ഞ് പോയി എന്നുള്ളതാണ്. കാരണം, എല്ലായിടുത്തും ഭാഷാ സംസ്ക്കാരം ഫ്യൂഡൽ ഭാഷാ കോഡുകൾ പ്രകാരം തന്നെ. ചില ചെറിയ വ്യത്യസങ്ങൾ ഉണ്ട് എന്നല്ലാതെ, വലിയ ആൾ - ചെറിയ ആൾ എന്നത് തന്നെ വാക്ക് കോഡുകളുടെ സവിശേഷത. മറിച്ച്, ഒരു ഇങ്ഗ്ളിഷ് വേദിയിൽ കയറിച്ചെന്നാലുളവാകുന്ന വ്യത്യാസം പോലുള്ളത് എവിടെയും അനുഭവിച്ചറിഞ്ഞില്ലതന്നെ.

VARUNAയ്ക്ക് പ്രായം മൂന്ന് വയസ്സാകുന്നതിന് മുന്നെ, ഒരിക്കൽ ഒരു ആളുമായി സംസാരിക്കുന്ന അവസരത്തിൽ, VARUNA ഏതാണ്ട് 5000 കിലോ മീറ്റർ ദൂരം

ബൈക്കിൽ യാത്ര ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞു. അത് ആ ആൾക്ക് വിശ്വസിക്കാൻ പ്രയാസം ഉള്ളതായി അനുഭവപ്പെട്ടു. ഈ എഴുത്തുകാരനും ചെറിയ ഒരു ജാള്യത തോന്നി. കാരണം ഒരു പൊങ്ങച്ചം പറഞ്ഞതാണ് എന്ന ഒരു തോന്നൽ അനുഭവപ്പെട്ടു.

ഈ കാരണത്താൽ, വീട്ടിൽ വന്ന്, ചുറ്റപാടുകളിൽ നിത്യേനെ പോകാറുള്ള 50 മുതൽ 200 കിലോ മീറ്റർ ദൂരം വച്ച് ഒന്ന് കണക്ക് കൂട്ടി. അപ്പോൾ ലഭിച്ച മൊത്തം ദുരം 5000 ആയിരുന്നില്ല. മറിച്ച് 30000ന് മുകളിൽ ആയിരുന്നു.

ഈ വിധ പൊങ്ങച്ചം എന്ന് തോന്നിക്കുന്ന രീതിയിൽ ഉള്ള എഴുത്ത് നൽകുന്നത് ഒരു പ്രത്യേക ആശയം നൽകാനാണ്. അതിലേക്കുള്ള പാതയിൽ തന്നെയാണ് ഈ എഴുത്ത് നീങ്ങുന്നത്.

133. ഫ്യൂഡൽ ഭാഷകളിലെ ഇരട്ടവ്യക്തിത്വം

ഇങ്ഗ്ലിഷ് ഭാഷാ പരിജ്ഞാനമാണ് എല്ലാ രീതിയിലും മുതൽക്കൂട്ടായിട്ടുള്ളത്. അതോടൊപ്പം തന്നെ, ഫ്യൂഡൽ ഭാഷാ കോഡുകളെ അകറ്റിനിർത്തുകയും വേണം. ഇതായിരുന്നു തുടക്കം മുതലുള്ള ലക്ഷ്യം.

ആദ്യത്തെ ലക്ഷ്യം നടപ്പിൽ വരുത്തുകയും, രണ്ടാമത്തേതിൽ ഉദാസീനമായ നിലപാട് എടുക്കുകയും ചെയ്താൽ, ഗുരുതരമായ പരാജയമായിരിക്കും ലക്ഷ്യത്തിൽ. കാരണം, ഇങ്ഗ്ലിഷിലെ അതീവ മൃദുലമായിട്ടുള്ള മാനസികാവസ്ഥയ്ക്ക് ഫ്യൂഡൽ ഭാഷകളിലെ ദുഷ്ടത നിറഞ്ഞ വാക്ക് കോഡുകളുടെ പ്രഹരത്തെ നേരിടാനാവില്ല.

അങ്ങിനെ വരുമ്പോൾ വ്യക്തി സ്വമേധയാ പരുക്കനായി മാറും. അതേ നിർവ്വാഹമുണ്ടാകുള്ളു.

അങ്ങിനെയുള്ള വ്യക്തികൾക്ക് പുതുതായുള്ള ഒരു ഇരട്ടവ്യക്തിത്വം വളരാൻ സാധ്യതയുണ്ട്. എന്നാൽ ഇവിടെ എടുത്ത് പറയേണ്ടുന്നത്, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന വ്യക്തികൾക്ക് സ്വമേധയാ ബഹുവ്യക്തിത്വം ഉണ്ട് എന്നതാണ്. അത് മറ്റൊരു സംഭവമാണ്. ഇതിനെക്കുറിച്ച് മുമ്പൊരിക്കൽ കാര്യമായി സൂചിപ്പിച്ചിരുന്നു എന്ന് തോന്നുന്നു.

VARUNA ജനിക്കുന്നതിന് മുൻപ് തന്നെയും, ജനിച്ചത് മുതലും, ഇങ്ഗ്ലിൽ NURSERY Rhymesന്റെ സിഡി(CD)കൾ ഇട്ട് കേൾപ്പിക്കുമായിരുന്നു. VARUNA സംസാരിക്കാൻ തുടങ്ങുന്നതിന് മുൻപ് തന്നെ ഈ ഗാനങ്ങൾ നല്ലവണ്ണം കേൾക്കുകയും ആസ്വദിക്കുകയും ചെയ്യുന്നുണ്ട് എന്ന് കൈവിരൽ ചനലങ്ങളിൽ നിന്നും മനസ്സിലാക്കാൻ പറ്റിയിരുന്നു. പ്രായം ഏതാണ്ട് ആറ് മാസമാകുമ്പോഴേക്കും തന്നെ ഏതാണ്ട് 150ഓളം NURSERY Rhymesകൾ ഇവർക്ക് നല്ലപരിചയം ഉണ്ടായിരുന്നു എന്ന് തോന്നുന്നു.

ഭാഷാ പരമായി ഇങ്ഗ്ലിഷിനോട് മനസ്സിനെ ഈ വിധ പലപദ്ധതികളാലും ബന്ധപ്പെടുത്തി.

പിതാവെന്ന നിലയിൽ ഈ എഴുത്തുകാരൻ, അവസരം ലഭിക്കുമ്പോഴെല്ലാം കാര്യമായിത്തന്നെ സംഭാഷണ മുഖനെ അനവധി കാര്യങ്ങൾ നിത്യവും പറഞ്ഞുകൊണ്ടിരുന്നു.

എന്നാൽ നിത്യവും ദീർഘ ദൂര യാത്രയും മനസ്സിനെ കാര്യമായിത്തന്നെ അലോസരപ്പെടുത്തുന്ന ഇന്ത്യൻ സർക്കാർ ഓഫിസുകളിൽ കയറി ഇറങ്ങലും കാരണം, ഈ വിധ സംഭാഷണങ്ങൾ ഇടവിട്ടാണ് നടക്കാറുണ്ടായിരുന്നുള്ളു.

ഈ വിധമുള്ള ഇങ്ഗ്ലിഷ് NURSERY Rhymesകളെക്കുറിച്ചും മറ്റും ഇന്ത്യയിൽ പലർക്കും അറിവുള്ള കാര്യമാണ്. എന്നാൽ പൊതുവായി പറഞ്ഞാൽ ഈ വക കാര്യങ്ങൾ അറിയുന്ന പലരും ഇവ വെളിപ്പെടുത്തില്ല എന്നുള്ളതാണ് വാസ്തവം. ഇതിന് പലകാരണങ്ങളും ഉണ്ട്.

ഉദാഹരണത്തിന് വീട്ടമ്മയും വേലക്കാരിയും. വീട്ടമ്മയുടെ മക്കൾക്ക് ഈ വിധം ഉള്ള കാര്യങ്ങൾ സൌകര്യപ്പെടുത്തുന്ന അവസരത്തിൽത്തന്നെ ആ വീട്ടിലെ വേലക്കാരിയുടെ മക്കൾക്ക് ഇവ ലഭിക്കാതിരിക്കാനുള്ള സമൂഹിക ബോധം വീട്ടമ്മക്കും മറ്റ് കുടുംബക്കാർക്കും ഉണ്ട്. കാരണം, വേലക്കാരിയുടെ നിലവാരം

ഉയർന്നാൽ വേലക്കാരി നൽകുന്ന സ്നേഹവും ബഹുമാനവും കുറയും. ചെറിയ തുണ്ടുകൾ പോലുള്ള പലവിധ സമ്മാനങ്ങൾ വേലക്കാരിക്ക് നൽകിയാൽ വേലക്കാരിയിൽ അമിതമായ കടപ്പാടും, കൂറും ഉളവാകും.

വേലക്കാരി പലദിക്കിൽ വെച്ചും വീട്ടമ്മയെക്കുറിച്ച് നല്ലത് പറയും. "ചേച്ചി (അമ്മ) എത്ര നല്ല സ്ത്രീയാണ്. എനിക്ക് രണ്ട് സാരിയാണ് ഈ മാസം വാങ്ങിത്തന്നത്. പോരാത്തതിന് ആ കുപ്പി സ്പ്രേയും തന്നു. ഓര് നല്ലോരാണ്. (അവർ നല്ലവരാണ്)"

അതേ സമയം ഇങ്ഗ്ളിഷ് നൽകിലായാൽ, വേലക്കാരി, വേലക്കാരിയുടെ ദാസ്യ ഭാവത്തിൽനിന്നും ഉയരും. ശുദ്ധവിഢ്ഢികളായ ഇങ്ഗ്ളിഷുകാർ മാത്രമേ ഈ വിധമുള്ള വിവരക്കേട് കാണിക്കുള്ളു. അവർ നൽകിയ സൌകര്യങ്ങൾ മുഖേനെ ഇങ്ഗ്ളിഷ് സ്വായത്തമാക്കിയവരിൽ ഒട്ടുമുക്കാൽ പേരും അവരോട് സമൂഹികമായും വ്യക്തിപരമായും, തൊഴിൽ പരമായും ആശയപരമായും സമത്വത്തിൽ എത്തുകയും അവരോട് ശക്തമായി മത്സരിക്കുകയും ആണ് ചെയ്തത്. എന്തെല്ലാം മോശമായ നിർവ്വചനങ്ങളും നുണകളും അവരെപ്പറ്റിപ്പറയാമോ, അതെല്ലാം അവർ പറയുന്നുണ്ട്. അതിനാണ് അവരെ അവരുടെ സാമൂഹിക നേതാക്കൾ പ്രകോപിപ്പിച്ചത്.

അതേ സമയം ഫ്യൂഡൽ ഭാഷക്കാർക്കുള്ള നിലപാടും ഇപ്രകാരമാണ്. സ്വന്തമായി ഇങ്ഗ്ളിഷ് പഠിച്ചില്ലെങ്കിലും പ്രശ്നമില്ല. എന്നാൽ കാലാകാലങ്ങളായി ചവിട്ടിമെതിക്കപ്പെട്ട ആരേയും ഉയരാൻ അനുവദിക്കുന്നത്, ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ, വടികൊടുത്ത് അടിവാങ്ങിക്കുന്ന പരിപാടിയാണ്. നിലത്ത് കിടക്കുന്നത് നിലത്ത് തന്നെ കിടക്കട്ടെ. തോളിൽ കയറ്റിയിടേണ്ട കാര്യമില്ലതന്നെ.

134. അനാകർഷകമായ സാമൂഹിക ദൃശ്യങ്ങൾ

പലദിക്കിലും Varunaയെ കൂടെ കൊണ്ടുപോകുന്നതിനാൽ അവരുടെ ലോക പരിചയം വളരെ പെട്ടെന്ന് വളർന്നുവെന്ന് പറയാം. ആൾകൂട്ടങ്ങളും, വാഹന പ്രവാഹവും, നിരത്തുകളും, സർക്കാർ ഓഫിസുകളും കാണുന്നതോടൊപ്പം മനസ്സിന്റെ കാഴ്ചപ്പാടിൽ മാറ്റമുണ്ടായി എന്ന് പറയാമെങ്കിലും, കാണുന്ന കാര്യങ്ങൾ മിക്കവയും അസുഖകരമായ (eyesore) വസ്ത്തുക്കളായിരുന്നു എന്നാണ് ഈ എഴുത്തുകാരന്റ വ്യക്തിപരമായ അഭിപ്രായം.

സുഖരമായ സാമൂഹികാന്തരീക്ഷമോ, സൌമ്യമായ അന്തരീക്ഷമുള്ള സർക്കാർ ഓഫിസുകളോ, മനസ്സിന് ആനന്ദമുളവാക്കുന്ന ദൃശ്യങ്ങളോ ആൾക്കൂട്ടങ്ങളോ അല്ല എവിടെയും. ഇത് ഇന്നും വാസ്തവംതന്നെയാണ്.

കേരളത്തിലേയും ഇന്ത്യയിലേയും മിക്ക വിനോദ സഞ്ചാര (tourism) പ്രോത്സാഹന ചിത്രങ്ങളിൽ താഴ്വരകളും പുഴകളും വയലുകളും, വനങ്ങളും, ആനക്കൂട്ടങ്ങളും, കായലുകളും നക്ഷത്ര ഹോട്ടലുകളും മറ്റും ചിത്രീകരിക്കപ്പെടുന്നവയിൽ, ചുറ്റുമുള്ള സാധാരണക്കാരായ കേരളീയരെയോ, ഇന്ത്യക്കാരെയോ ഉൾപ്പെടുത്താറില്ല. കാരണം, പ്രാദേശിക ആൾക്കൂട്ടങ്ങളും മറ്റും അവയുടെ തനയായ രൂപത്തിൽ, യാതോരു ചമയങ്ങളും ഇല്ലാതെ ഈ വക ചിത്രങ്ങളിൽ കയറിക്കൂടിയാൽ, ടൂറിസം പ്രോസ്താഹന ചിത്രങ്ങൾ അരോചകമാവും.

ഇന്ന് വിദേശ രാജ്യങ്ങളിൽ ഇന്ത്യയെ ചിത്രീകരിക്കുന്ന മിക്ക ചിത്രങ്ങളും ഇങ്ഗ്ളണ്ടിനെ കടത്തിവെട്ടുന്നവയാണ്. എന്നാൽ, ഈ വക ചിത്രങ്ങൾ കൽപ്പിതവും കപടവും ആണ്. എന്നാൽ ഇങ്ഗ്ളണ്ടുമായി ബന്ധപ്പെടുത്തി കാണുന്ന ചിത്രങ്ങൾ സ്വാഭാവികമായിട്ടുള്ളവയാണ്.

എന്നാൽ യാത്ര എന്നുള്ളത് മിതമായിട്ടാണെങ്കിൽ മനസ്സിന് നല്ലത് തന്നെ.

അതേ സമയം സാമൂഹിക ദൃശ്യങ്ങളുടെ വിരസതമാറിയത് മറ്റൊരു കാര്യത്തിലൂടെയാണ്. വളരെ ചെറുപ്പത്തിൽത്തന്നെ Varunaയ്ക്ക് അനവധി ഇങ്ഗ്ളിഷ് സിനിമകൾ കാണാനുള്ള അവസരം നൽകി. Star TV ആണ് അതിന് കൂടുതലും സൌകര്യം നൽകിയത്. മറ്റ് ചാനലുകളും ഉണ്ടായിരുന്നു എന്ന് ഓർമ്മവരുന്നു. എന്നാൽ അവയുടെ പേര് ഇന്ന് ഓർമ്മ വരുന്നില്ല.

ഇവർ നിത്യേന ഇങ്ഗ്ളിഷ് ചിത്രങ്ങൾ കാണാറുണ്ടായിരുന്നു. ചില ദിവസങ്ങളിൽ ഒന്നിൽ കൂടുതൽ കണ്ടിട്ടുണ്ട്. കാരണം ഏതാണ്ട് മൂന്ന് വയസ്സ് കഴിഞ്ഞ ഒരു അവസരത്തിൽ കണ്ട ചിത്രങ്ങളുടെ ഒരു പേര് എണ്ണിത്തട്ടപ്പെടുത്തിയപ്പോൾ, ഏതാണ്ട് 400ന് അടുത്ത് വന്നപ്പോൾ എണ്ണൽ നിർത്തി.

ഇങ്ങിനെ അമിതമായി ചിത്രങ്ങൾ കാണുന്നത് നല്ലതാണോ?

ഇതിന് വ്യക്തമായി ഉത്തരം പറയണമെങ്കിൽ കുറെ കാര്യങ്ങൾ പറയേണ്ടിവരും. എന്നാൽ ഹ്രസ്വമായി പറയുകയാണെങ്കിൽ, നല്ല നിലവാരമുള്ള ഇങ്ഗ്ളിഷ് ചിത്രങ്ങൾ ഇന്ത്യയിൽ ഇരുന്ന് കൊണ്ട് കാണുമ്പോൾ ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷവുമായി കാര്യമായി മനസ്സ് അടുപ്പത്തിൽ എത്തും. ഇക്കാര്യം പ്രോത്സാഹിപ്പിക്കപ്പെടുന്ന ഒരു അന്തരീക്ഷത്തിൽ ഇത് വ്യക്തമായും ഒരു പോസിറ്റിവ് കാര്യമാണ്.

മാത്രവുമല്ല, വളരെ ചെറുപ്പത്തിൽത്തന്നെ വൻ കാര്യങ്ങളെക്കുറിച്ച് സ്വഭാവികമായി ചിന്തിക്കാനുള്ള ഒരു മാനസികാന്തരീക്ഷം വളർന്നുവരും. Varunaയ്ക്ക് വെറും രണ്ട് വയസ്സുള്ളപ്പോൾ ഇവരുമായി ഈ വകചിത്രങ്ങളിലെ ഇതിവൃത്തവുമായി ബന്ധപ്പെട്ട പലകാര്യങ്ങളും ചർച്ചചെയ്തതായി ഓർമ്മയുണ്ട്.

കുട്ടിയല്ലെ, കുഞ്ഞനല്ലെ, എന്നൊന്നും ഇല്ലാത്ത അന്തരീക്ഷത്തിൽ മനസ്സിന് കാര്യമായ വളർച്ചവരും എന്നാണ് പറയാനുള്ളത്. അതേ സമയം പ്രായമുള്ളവരെ തരം താഴ്ത്തി നിലനിർത്തിയിരിക്കുന്ന സാമൂഹികാന്തരീക്ഷം ഈ എഴുത്തുകാരൻ കണ്ടിട്ടുണ്ട്. അങ്ങിനെയുള്ള ഇടങ്ങളിൽ വച്ച് ഈ വക പ്രായമുള്ള വ്യക്തികൾക്ക് മാനസികപക്വതയോടും, ആത്മവിശ്വാസത്തോടും കൂടികാര്യങ്ങൾ സംസാരിക്കാൻ ആവില്ല എന്നാണ് കണ്ടറിഞ്ഞത്.

അത് അവരുടെ കുറ്റമോ കുറവോ അല്ല. മറിച്ച്, ആ അന്തരീക്ഷം അതുമാത്രമേ അനുവദിക്കുള്ളു.

ഗുണനിലവാരമുള്ള ഇങ്ഗ്ളിഷ് സിനിമകൾ കാണുന്നത് കൊണ്ട് മനസ്സിനെ നല്ലതാക്കുന്ന പലതും ലഭിക്കും. ഇങ്ഗ്ളിഷ് ഭാഷ നൽകുന്ന മാനസികവും ശാരീരികവും ആയും വ്യക്തിത്വം അതിഗംഭീരമാണ്.

എന്നാൽ ഈ വിഷയത്തെക്കുറിച്ച് കുറച്ച് കൂടി പറയേണ്ടിയിരിക്കുന്നു.

135. ഇങ്ഗ്ളിഷ് പദങ്ങൾകൊണ്ട് മാരിവില്ല് സൃഷ്ടിക്കാൻ ആവും

ഏതാണ്ട് ഒരു 30 വർഷം മുൻപ് വരെ Hollywoodൽ (അമെരിക്കൻ സിനിമാലോകത്തിൽ) നിന്നും പുറത്തു വന്നിരുന്ന സിമികൾക്ക് പലരീതിയിലും ഇങ്ഗ്ളണ്ടിലെ സംസ്ക്കാരത്തിനോട് താദാത്മ്യം പ്രകടിപ്പിക്കുന്ന സിനിമകളായിരുന്നു എന്നാണ് തോന്നുന്നത്.

USA(അമേരിക്ക) എന്ന രാജ്യം ഭൂഖണ്ട യൂറോപ്യന്മാർ രൂപീകരിച്ചതാണ് എന്ന് ചില വിഡ്ഢി ചരിത്രത്തിൽ എഴുതിക്കാണുന്നുണ്ടെങ്കിലും, വാസ്തവത്തിൽ, ഇങ്ഗ്ളിഷ് ദേശക്കാർ സ്ഥാപിച്ച അനവധി ആൾക്കൂട്ട വാസസ്ഥലങ്ങളിന്മേൽ ഒരു ചെറിയ യുദ്ധവിജയത്തിന്റെ ബലത്താൽ സ്വരൂപിച്ചെടുത്ത രാജ്യമാണ്. അതിനാൽത്തന്നെ അവിടുള്ള പൌരന്മാർ ഒട്ടുമിക്കതും ഇങ്ഗ്ളിഷുകാർ തന്നെയായിരുന്നു.

അതിനാൽത്തന്നെ വളർന്നുവന്ന രാജ്യം ഒരു ഗംഭീര ഇങ്ഗ്ളിഷ് രാജ്യം തന്നെയാണ്.

എന്നാൽ ഭൂഖണ്ട യൂറോപ്പുകാരും, ആഫ്രിക്കക്കാരും, ഏഷ്യക്കാരും, ദക്ഷിണ അമേരിക്കക്കാരും മദ്ധ്യകിഴക്കൻ ദേശക്കാരും ഇന്ന് USAലേക്ക് ഒരു വേലിയേറ്റം പോലെ കയറിക്കൂടുകയാണ്. അവിടെ എത്തിക്കഴിഞ്ഞാൽ അവരുടെ പ്രാദേശിക ദേശത്ത് അവരുടെ വ്യക്തിത്വത്തിന്മേൽ പിടികൂടിയിരുന്ന പല വിധ ചരടുകളും, കടിഞ്ഞാണുകളും മാഞ്ഞ് പോകും.

ഈ കൂട്ടരിൽ, വിചിത്രമെന്ന് പറയട്ടെ, കലർപ്പില്ലാത്ത അറബി ഭാഷ സംസാരിക്കുന്നവർ മാത്രമേ, ഇങ്ഗ്ളിഷ് ഭാഷയുമായി സ്വാഭാവികമായി താദാത്മ്യത്തിൽ ഉള്ളു എന്നാണ് തോന്നുന്നത്. കാരണം, കലർപ്പില്ലാത്ത അറബി ഭാഷയിൽ (pristine-Arabic) ഫ്യൂഡൽ ചുവ കുറവാണ് എന്ന് അറിയുന്നു.

ഈ പറഞ്ഞതിന്റെ അർത്ഥം ഇസ്ലാം മതക്കാർ ഈ വിധമാണ് എന്ന് തെറ്റിധരിക്കരുത്. കാരണം, ഒട്ടുമിക്ക ഇസ്ളാം വംശജരും ഫ്യൂഡൽ ഭാഷകൾ ദേശീയഭാഷയായിട്ടുള്ളവർ തന്നെയാണ്.

മാത്രവുമല്ല, കലർപ്പില്ലാത്ത അറബി ഭാഷ (pristine-Arabic) ഇന്ന് ആരെങ്കിലും സംസാരിക്കുന്നുണ്ടോ എന്നും അറിയില്ല.

ഇന്ന് Hollywoodൽ നിന്നും വരുന്ന സിനിമകളിൽ ഇങ്ഗ്ളണ്ടിന്റെ സാംസ്ക്കാരിക പാരമ്പര്യത്തോട് കൂറും കടപ്പാടും, താദാത്മ്യവും കാണിക്കുന്നവ കുറവാണ്. എന്നിരുന്നാലും, ഇങ്ഗ്ളിഷ് ആണ് ഭാഷ എന്നതിനാൽ അവയ്ക്ക് ആ ഒരു പ്രത്യേകത നിലനിർത്താൻ ആവും. ഗുണമേന്മയില്ലാത്ത സിനിമകൾക്കും, ഇത് ബാധകമാണ്.

കുറച്ച് കാലം മുൻ ഈ എഴുത്തുകാരൻ പുതുതായി ഇറങ്ങുന്ന അമേരിക്കൻ ഇങ്ഗ്ളിഷ് ഗാനങ്ങളുടെ വരികൾ ശ്രദ്ധിച്ചു തുടങ്ങി. കാരണം, ഈ വക ഗാനങ്ങൾ ഇങ്ഗ്ളിഷ് പഠിക്കാൻ ആഗ്രഹിക്കുന്നവരെ പരിചയപ്പെടുത്തുക എന്നതായിരുന്ന ഉദ്ദേശം.

എന്നാൽ പെട്ടെന്ന് തന്നെ ശ്രദ്ധയിൽ വന്ന കാര്യം ഈ വക ഗാനങ്ങളിൽ പദ സമ്പത്ത് വളരെ കുറവാണ് എന്നതാണ്.

എന്നാൽ പാടുന്ന ആൾക്ക് അതിഗംഭീരമായ വ്യക്തിത്വം. ഇതിന് കാരണം ആലോചിച്ചപ്പോൾ കാര്യം മനസ്സിലായി. പല ഗായികമായും പാട്ട് എഴുത്തുകാരും കുടുംബപരമായി ഇങ്ഗ്ളണ്ടിനോട് കാര്യമായ ബന്ധമില്ലാത്തവരാണ്. എന്നാൽ അമേരിക്കയിൽ ജീവിക്കുന്നതിനാൽ ഇങ്ഗ്ളിഷ് ഭാഷ അവരിൽ കാര്യമായി വ്യക്തിത്വ വളർച്ച വരുത്തിയിട്ടുണ്ട്.

ഈ ഒരു വളർച്ച ഒരു പ്രതിഭയുടെ വളർച്ചയല്ല. മറിച്ച്, ഇങ്ഗ്ളിഷ് ഭാഷ ആരേയും ഉയർത്തി പ്രതിഷ്ഠിക്കും, എന്നതാണ് കാരണം. മാത്രവുമല്ല, ഇന്നുള്ള അതിഗംഭീരമായ സാങ്കേതികവിദ്യകളും ഇതിന് പിന്തുണനൽകും.

എന്നാൽ തനതായ ഇങ്ഗ്ളണ്ടിന്റെ പാരമ്പര്യ മഹിമ യാതോരു സാങ്കേതിക മഹിമയും ഇല്ലാതെ തന്നെ തിളങ്ങിനിൽക്കും.

വായനക്കാരിൽ ആർക്കെങ്കിലും ഇങ്ഗ്ളിഷ് ഭാഷ നന്നായി വായിക്കാൻ അറിയുമെങ്കിൽ, Oscar Wilde എഴുതിയ De Profundis എന്ന വളരെ ചെറിയ പുസ്തകത്തിന്റെ ഒരു ഡിജിറ്റൽ പുസ്തകം ഈ എഴുത്തിനോടൊപ്പം ചേർക്കുന്നു. ഡൌൺലോഡ് ചെയ്ത് വായിക്കുക. ഇങ്ഗ്ളിഷിന്റെ മൌലികമായ പദസൌന്ദര്യം കാണാം.

Oscar Wilde ഒരു മഹാത്മാവോ, ജീയോ, അദ്ദേഹമോ, അവരോ, ചേട്ടനോ, അങ്ങോ, അങ്ങുന്നോ, സാറോ, സാബോ, ഭായിയോ, ഇക്കയോ, സ്വാമിയോ, സ്വാമിജിയോ, തങ്ങളോ, അച്ചനോ, പിതാവോ ഒന്നുതന്നെയല്ല. വെറും Oscar Wilde. എന്നിട്ടും ഇങ്ഗ്ളിഷ് പദങ്ങൾകൊണ്ട് മാരിവില്ല് സൃഷ്ടിക്കാൻ ആവും എന്ന തെളിവ് കാണാം.

136. ഇന്ത്യൻ സിനിമായിലെ ആളുകളുടെ വ്യക്തിത്വം

ഇങ്ഗ്ലിഷ് ഭാഷയിലുള്ള സിനിമകൾ കാണുമ്പോൾ, അവയിൽ ഈ നാട്ടിലെ പ്രാദേശികരിൽ നിന്നും വളരെ വ്യത്യസ്തരായ മനുഷ്യവ്യക്തിത്വം കാണാനാവും.

പ്രാദേശിക ഭാഷകളിൽ ഉള്ള സിനിമകൾ ഈ എഴുത്തുകാരൻ കണ്ടിട്ട് ഇരുപത് വർഷത്തോളം ആയി. അതിനാൽത്തന്നെ അവ ഇന്ന് പ്രതിനിധീകരിക്കുന്ന മനുഷ്യവ്യക്തിത്വവും മറ്റും എന്താണ് എന്ന് അറിയില്ല. എന്നാൽ പണ്ട് കണ്ടവ വച്ച് പറയുകയാണെങ്കിൽ അവയിൽ കാണുന്ന കഥാപത്രങ്ങൾ ഒരു പ്രത്യേക തരത്തിലുള്ളവയായിരുന്നു. ഒരു വൻ നായകനോ, അല്ലെങ്കിൽ നായികയോ. ഈ വ്യക്തിക്ക് ചുറ്റും വ്യക്തമായിത്തന്നെ വ്യക്തിത്വധ്വംസനം ലഭിച്ചിട്ടുള്ള പലരും. ചിലർ കോമളികളും മറ്റും.

ഇത് വാസ്തവത്തിൽ ഈ നാട്ടിലെ മിക്ക ആൾക്കൂട്ട ബന്ധങ്ങളിലും കാണപ്പെടുന്ന തരത്തിൽത്തന്നെയുള്ളതാണ്.



Hollywoodസിനിമകൾ ഇന്ന് രചിക്കുന്നവർ മിക്കവരും പാരമ്പര്യമായി ഇങ്ഗ്ലിഷുകാരല്ല. മറിച്ച്, ഇങ്ഗ്ലിഷിലേക്ക് കടന്നുവന്നിട്ടുള്ളവരാണ്. അതിനാൽ തന്നെ ആ ഒരു ന്യൂനത ഈ സിനിമകളിൽ പണ്ട് കാലങ്ങളിൽ ചെറുതായും ഇന്ന് അധികരിച്ചും ഉണ്ടാവാം. ഇതും തീർച്ചയില്ല.

ഈ ഒരു പ്രശ്നം Varunaയുടെ മനോധാരയിൽ കാര്യമായ ഒരു സ്വാധീനം ചലുത്തുന്നത് വളരെ ശക്തമായിത്തന്നെ തടയാൻ ഈ എഴുത്തുകാരന് കഴിഞ്ഞിട്ടുണ്ട് എന്ന് പ്രസ്താവിക്കാൻ ആകും എന്ന് തോന്നുന്നു. ഇവരോട് സംസാരിക്കാൻ തുടങ്ങുന്ന അവസരത്തിൽ തന്നെ ഇങ്ഗ്ലിഷ് ക്ലാസിക്കൽ സാഹിത്യത്തിലെ പല കഥകളും മറ്റും നിത്യവും പറഞ്ഞുകൊടുക്കുമായിരുന്നു. പ്രത്യേകിച്ചും ഭക്ഷണം നൽകുന്ന അവസരങ്ങളിൽ.

ഇങ്ങിനെ കഥകൾ പറഞ്ഞകൊടുക്കുന്നത്, ഈ വിധ കഥകളുടെ കാര്യവിവരം ഇല്ലാത്ത, അടുത്ത് നിന്നും കാണുന്ന മറ്റൊരു വ്യക്തിക്ക് ഇതിൽ കാര്യമായ ഒരു സംഗതി ഉള്ളതായി തോന്നില്ലായിരിക്കാം. കാരണം, മലയാളത്തിലും മറ്റ് ഇന്ത്യൻ മൃഗീയ ഫ്യൂഡൽ ഭാഷകളിലും, ഇതു പോലുള്ള കഥകൾ ഉണ്ട് എന്നതാവും ധാരണ.

എന്നാൽ ഇങ്ഗ്ലിഷ് ക്ലാസിക്കൽ സാഹിത്യകാരന്മാരായ Oscar Wilde, Somerset Maugham, Charles Dickens, Sir Walter Scott, R. L. Stevenson, O. Henry, Mark Twain, Enid Blyton തുടങ്ങി പലരും എഴുതിയ കഥകളിലെ ചെറുതും വലുതും ആയ കഥകളും നുറുങ്ങ് കഥകളും പറയുമ്പോൾ മനസ്സിൽ മെനയുന്നത് അതി ഗംഭീരമായ മനുഷ്യവ്യക്തിത്വ ചട്ടക്കൂടുകളാണ്. ഈ വിധ ആഖ്യാനങ്ങളിൽ തിളങ്ങിനിൽക്കുന്ന മനുഷ്യവ്യക്തിത്വവും സാമൂഹികാന്തരീക്ഷവും ഇന്ത്യൻ മൃഗീയ ഭാഷകളിൽ, സോഷ്യലിസവും കമ്മ്യൂണിസവും വിളിച്ച് കൂവുന്ന യാതോരും വിപ്ളവപ്രസ്ഥാനത്തിനും, ദേശഭക്തിയും, സ്വാതന്ത്ര്യ സമരവും മറ്റും

കൊട്ടിഘോഷിക്കുന്ന മറ്റ് പ്രസ്ഥാനക്കാർക്കും വിഭാവനം ചെയ്യാനോ, സമൂഹത്തിലും മനുഷ്യമനസ്സിലും രചിക്കാനോ ആവില്ലതന്നെ.

ഈ വിധം അന്ന് പറഞ്ഞ് കൊടുത്തിരുന്ന കഥകളിൽ ഏറ്റവും ഹൃദയഹാരിയും, ഹൃദയഭേദകവും ആയിരുന്നത് Oscar Wildeന്റെ The Happy Prince എന്ന കഥയാണ് എന്ന് ഓർക്കുന്നു. വേണമെങ്കിൽ വെറും ഒരു നാടോടിക്കഥയോ യക്ഷിക്കഥയോ (fairy-tale) ആയി നിർവ്വചിക്കാനാവുന്ന ഒരു കഥായാണ് ഇത്. എന്നാൽ ഈ കഥയിലെ പലവരികളിലും ഒളിഞ്ഞുകിടക്കുന്ന അഗാധമായ ആശയപ്പരപ്പുകൾ ഉള്ളിൽത്തട്ടുന്ന രീതിയിൽ നുള്ളിയെടുത്ത് മൃദുലമായ ഇങ്ഗ്ളിഷ് വാക്കുകളിൽ പറഞ്ഞുകൊടുത്താൽ, കേൾക്കുന്ന ആളിൽ ആളിക്കത്തുന്നതും, ആഞ്ഞടിക്കുന്നതുമായ തിരമാലകൾ മനസ്സിൽ ഉദിക്കും.

ഇങ്ഗ്ളിഷ് വാക്കുകൾ കൊണ്ട് അമ്മാനമാടാനുള്ള കഴിവ് ഈ എഴുത്തുകാരന് ഉണ്ട് എന്ന് മനസ്സിലാക്കുന്നു. ഈ കഴിവും ഉപയോഗിച്ച് തന്നെയാണ് ഈ വിധ കഥകൾ പറഞ്ഞ് കൊടുക്കാറ്.

അന്ന് ശ്രദ്ധയിൽ പെട്ട ഒരു കാര്യം സൂക്ഷമായി ഉന്നംവച്ച്, തിരഞ്ഞെടുത്ത് ഉപയോഗിക്കുന്ന ചെറിയ പദങ്ങൾ ആശയ ദിശയിൽ സൃഷ്ടിക്കുന്ന അതിഗംഭീരമായ തിരിവുകളെക്കുറിച്ചും സ്ഥാനചലനങ്ങളെക്കുറിച്ചും ആയിരുന്നു.

ഉള്ളിന്റെ ഉള്ളിൽ ഘനമേറിയ വൈകാരികവിക്ഷോഭങ്ങളെ, പാറക്കല്ലുകൾ നീക്കുന്നത് മാതിരി ഈ വിധ ചെറുവാക്കുകൾക്ക് ആകാശത്തോളവും, വേണമെങ്കിൽ അങ്ങ് ആഗാധ ആഴങ്ങളിലേക്കും വീശിയെറിയാൻ ആവും എന്നത്.

ഇവിടെ വായനക്കാരൻ പ്രത്യേകമായും മനസ്സിലാക്കേണ്ടത്. ഈ എഴുത്തുകാരന്റെ വ്യക്തിത്വമോ, പരാജയങ്ങളോ, വിജയങ്ങളോ ഒന്നുംതന്നെയല്ല ഈ വിധ കഥകളിൽ പ്രതിനിധീകരിച്ചിരുന്നത്. മറിച്ച്, കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷമാണ് വാക്കുകളിലൂടെ പ്രിതഫലിപ്പിക്കാൻ ശ്രമിച്ചത്. വെറും വാക്കുകളാണെങ്കിലും, മനുഷ്യവ്യക്തിത്വത്തിൽ കൊടുങ്കാറ്റൂതുന്ന രീതിയിൽ ഇവ ആഞ്ഞടിക്കും. നൂറ്റാണ്ടുകളായി ഉറഞ്ഞ് കൂടിയിരിക്കുന്ന പ്രാദേശിക ഫ്യൂഡൽ ഭാഷകൾ മെനയുന്ന മനുഷ്യവ്യക്തിത്വ ധ്വംസനം, ഈ ആഴിത്തിരമാലയുടെ പ്രഹരമേറ്റ് നിലംപരിശാകും.

137. ഇങ്ഗ്ളിഷ് Fairytales

അകളങ്കിതമായ ഇങ്ഗ്ളണ്ടിന്റെ (pristine-Englandന്റെ) പുരാതനത്വത്തിൽ (antiquityയിൽ) തിളങ്ങി നിൽക്കുന്ന മറ്റൊരു കാര്യം ഇങ്ഗ്ളിഷ് fairytaleകൾ ആണ്. ഇവയെ വേണമെങ്കിൽ നാടോടിക്കഥയെന്നോ, യക്ഷിക്കഥയെന്നോ മലയാളത്തിൽ നാമകരണം ചെയ്യാമെങ്കിലും, യഥാർത്ഥത്തിൽ ഇങ്ഗ്ളിഷ് fairytaleലുകൾ നാടോടിക്കഥയും അല്ല, യക്ഷിക്കഥയും അല്ല എന്നാണ് തോന്നുന്നത്..

ഇങ്ഗ്ളിഷ് fairytaleലുകൾ എല്ലാംതന്നെ ഇങ്ഗ്ളണ്ടിൽനിന്നും ഉത്ഭവിച്ചവയാണ് എന്ന് തോന്നുന്നില്ല. ചിലതെങ്കിലും ഭൂഖണ്ഡ യൂറോപ്പിൽ നിന്നും ഇങ്ഗ്ളിഷിലേക്ക് കടന്നവയായിരിക്കാം. എന്നാൽ ഈ വക കഥകൾ ഇങ്ഗ്ളിഷിലേക്ക് കടക്കുമ്പോൾ, അവ ഇങ്ഗ്ളിഷ് ഭാഷയുടെ മൃദുലമായ രൂപഘടനയിൽ അലിഞ്ഞ് ചേരും. വാക്കുകളും, സംബോധനകളും, മനുഷ്യന്റെയും മൃഗങ്ങളുടേയും വ്യക്തിത്വം പാരമ്പര്യ ഇങ്ഗ്ളിഷിൽ പുനരാവിഷ്ക്കരിക്കപ്പെടും. ആകെപ്പാടെ ഒരു മായാലോകത്തിൽ അലിഞ്ഞ് ചേർന്നത് മാതിരി.

ഈ മായാലോകത്തിന്റെ ഏറ്റവും ഉൽകൃഷ്ടവും ആശ്ചര്യകരവും ആയിട്ടുള്ള കാര്യം ഫ്യൂഡൽ ഭാഷകളിൽ നിശ്ചയമായും കാണപ്പെടുന്ന ദിവ്യവ്യക്തിത്വങ്ങളോ, അടിയാളപ്പെട്ടിരിക്കുന്ന വ്യക്തിത്വങ്ങളോ ഇല്ലാ എന്നുള്ളതാണ്.

വലിയവരും ചെറിയവരും ഉണ്ടെങ്കിലും, അവർക്കാർക്കും തന്നെ വ്യക്തിത്വത്തിൽ ഫ്യൂഡൽ ഭാഷകൾ സാധ്യമാക്കുന്ന ത്രിശാഖിത്വത്തിന്റെ ഭാവഭേദത്തിന്റെ പ്രതിഫലനം ഇല്ലാ എന്നുള്ളതാണ്.

എന്നു വച്ചാൽ, വലിയ ആൾക്ക്, വലിയ ആൾ എന്നല്ലാതെ, അതിനുമുപരിയായി, He/Him/His എന്നവാക്കുകൾക്ക് തന്നെ മൂന്ന് നിലവാരവും, അതിൽ ഏറ്റവും നിലവാരം ഉയർന്നതും, ദിവ്യത്വം സൂചിപ്പിക്കുന്നതും ആയ ഒരു വ്യക്തിത്വം എന്ന ഒരു സൂചനയോ നിലവാരമോ ഇല്ലതന്നെ.

ഇതേ പോലെതന്നെ, ചെറിയ ആൾക്ക്, ചെറിയ ആൾ എന്നല്ലാതെ, അതിനുമുപരിയായി, He/Him/His എന്നവാക്കുകൾക്ക് തന്നെ മൂന്ന് നിലവാരവും, അതിൽ ഏറ്റവും നിലവാരം കുറഞ്ഞതും, നീചത്വം സൂചിപ്പിക്കുന്നതും ആയ ഒരു വ്യക്തിത്വം എന്ന ഒരു സൂചനയോ നിലവാരമോ ഇല്ലതന്നെ.

ഇങ്ങിനെയുള്ള ഇങ്ഗ്ളിഷ് fairytaleലുകളിൽ ഇപ്പോൾ പെട്ടെന്ന് ഓർമ്മയിൽ കയറിവരുന്നത് Snow White and the Seven Dwarfs, Pied Piper of Hamilton എന്നിവയാണ്. രണ്ടാമത്തേത് യഥാർത്ഥത്തിൽ ഭൂഖണ്ഡ യൂറോപ്പിലെ ഒരു ദിക്കാണ് പശ്ചാത്തലമായുള്ളതെങ്കിലും, ഇങ്ഗ്ളിഷ് fairytaleന്റെ ഭാഗമായി കേൾക്കുമ്പോൾ വ്യക്തികൾക്ക് ഇങ്ഗ്ളിഷ് വ്യക്തിത്വം തന്നെ. എന്നാൽ കാഥാപാത്രങ്ങളുടെ ചെയ്തികൾ യഥാർത്ഥത്തിൽ ഇങ്ഗ്ളിഷ് മനോഭാവം അല്ല ഉള്ളത്. അത് കഥയുടെ ഇതിവൃത്തത്തിന്റെ കാര്യം.

138. ഇങ്ഗ്ളിഷ് Folk tales

ഇങ്ഗ്ളണ്ടിന്റെ പാരമ്പര്യത്തിൽ ഉള്ള മറ്റൊന്നാണ് Folk tales. ഈ വാക്കിനെ മലയാളത്തിൽ വേണമെങ്കിൽ ഐതിഹ്യം എന്ന് തർജ്ജമചെയ്യാമെങ്കിലും, മലയാളത്തിലുള്ള ഐതിഹ്യമാല പോലുള്ളവയല്ല ഇവ എന്നാണ് തോന്നുന്നത്. ഭാഷാ കോഡുകൾ തന്നെയാവാം വ്യത്യാസം വരുത്തുന്നത്.

ഇവയിൽ ഏറ്റവും പേരുകേട്ടവ, Robin Hood എന്ന വ്യക്തിയുടെ ജീവിതവുമായി ബന്ധപ്പെട്ടുള്ള കഥകളാണ്. Robin Hood എന്ന പദപ്രയോഗം ഈ ഉപഭൂഖണ്ടത്തിലും, പിന്നീട് ഇന്ത്യയിലും പല വ്യക്തികളുടെ അപരനാമമെന്നോണം ഒരു വിശേഷണമായി ഉപയോഗിച്ച് കണ്ടിട്ടുണ്ട്. എന്നാൽ അവ വളരെ അരോചകമായ ചെയ്തിയായിട്ടാണ് അനുഭവപ്പെട്ടത്.

കാരണം Robin Hood ഇങ്ഗ്ളിഷ് ഭാഷയാണ് ഉപയോഗിച്ചത്. ഇങ്ഗ്ളിഷ് ഭാഷയിൽ ജീവിക്കുന്നതും ചിന്തിക്കുന്നതും, സംസാരിക്കുന്നതുമായ ഒരു വ്യക്തിയെ ഫ്യൂഡൽ ഭാഷകളിൽ ജീവിക്കുന്നതും, ചിന്തിക്കുന്നതും, സംസാരിക്കുന്നതുമായ ഒരു വ്യക്തിയോട് ഉപമിക്കാനായുള്ള ഒരു പഴുതും, വ്യക്തിത്വസാദൃശ്യവും ഉള്ളതായി അറിവില്ല.

ഈ വക കഥകൾ ഇങ്ഗ്ളിഷിൽതന്നെ പറഞ്ഞുകൊടുക്കുമ്പോഴും കേൾക്കുമ്പോഴും, മനസ്സിലെ ഭാവനാ രംഗം സ്വമേധയാ ഇങ്ഗ്ളിഷ് ആയി ഭവിക്കും.

ബഹുമാനം - ബഹുമാനം നിഷേധിക്കൽ എന്ന അതി ഗംഭീരവും വിസ്പോടകവും ആയ കോഡ് പ്രതിപ്രവർത്തനം ഈ വക കഥാഖ്യാനത്തെ വിറങ്ങലിപ്പിക്കുകയോ, പൊള്ളയായ ദിവ്യസദസ്സുകളിൽ ചെന്ന് പ്രതിഷ്ഠിക്കുകയോ ചെയ്യുന്നില്ല.

139. Phantom

കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) മാനസിക ഭാവങ്ങളിലേക്ക് കടക്കാനുള്ള മറ്റൊരു കവാടമായിരുന്നു പഴയ കാല ഇങ്ഗ്ളിഷ് കോമിക്കുകൾ. ഈ എഴുത്തുകാരന് ഇവയിൽ ചിലതുമായി വായിച്ചുള്ള കാര്യമായ ബന്ധമുണ്ടായിരുന്നു.

പൊതുവായി പറയുകയാണെങ്കിൽ Casper, Spooky, Wendy the good little witch, Archie, Donald Duck, Micky Mouse തുടങ്ങിയവയ്ക്ക് ഒരു അമേരിക്കൻ പ്രതിച്ഛായയായിരുന്നു. എന്നിരുന്നാലും, ഇവയെല്ലാത്തിനും ഇങ്ഗ്ളണ്ടിന്റെ പ്രാദേശിക സംസ്കാരത്തിന്റെ ഒരു ആവരണം ഉണ്ടായിരുന്നു.

ഈ വക കോമിക്കുകളുടെ കഥകൾ മറ്റൊരാൾക്ക് പറഞ്ഞ് ഫലപ്പിക്കുക ആയാസകരമാണ്.

ഇവയേക്കാളെല്ലാം ഈ എഴുത്തുകാരന് വായിക്കാൻ താൽപ്പര്യം Phantom, Mandrake തുടങ്ങിയവയായിരുന്നു. ഇവയും യുഎസ്സിൽ നിന്നുമാണ് പ്രസിദ്ധീകരിച്ചിരുന്നതെങ്കിലും, ഇവയുടെ ദൃഷ്ടി കേന്ദ്രം കലർപ്പില്ലാത്ത ഇങ്ഗ്ളണ്ട് തന്നെയായിരുന്നു.

Phantomഎന്ന ഐതിഹാസിക വ്യക്തിത്വത്തിന്റെ കഥകൾ പറയാൻ വളരെ എളുപ്പമായിരുന്നു. ഈ കഥകൾ പറയുന്ന അവസരത്തിൽ, കോമിക്കുകൾ കൈയിൽ ഉണ്ടായിരുന്നത് കൊണ്ട് Phantomഎന്ന വ്യക്തിയുടെയും ആഫ്രിക്കൻ വനാന്തരങ്ങളുടേയും ഫാന്റത്തിന്റെ കൂടെയുണ്ടായിരുന്ന ആഫ്രിക്കൻ വനവാസികളുടേയും ചിത്രങ്ങൾ Varunaക്ക് മനസ്സിൽ ചേർക്കാനാവുമായിരുന്നു.

തികഞ്ഞ നീലലോഹിത (purple) നിറത്തിലുള്ള വസ്ത്രമണിഞ്ഞ്, സ്വന്തം നായയോടൊപ്പം - എന്നാൽ നായയല്ല ചെന്നായാണ്- ഡെൻകലി വനാന്തരങ്ങളിൽനിന്നും വെളുത്ത അശ്വാരൂഢനായി മിന്നൽവേഗത്തിൽ നീങ്ങുന്ന നഗൂഢനായ Phantom. ആർക്കും അറിയില്ല, ഈ ആൾ എന്താണ് എന്ന്. എന്നാൽ നടക്കുന്ന പ്രേതാത്മാവ് (ghost) എന്നാണ് ഈ വ്യക്തിത്വം അറിയപ്പെടുന്നത്. മരണപ്പെടാത്ത മർത്യൻ. ഈ ആളുടെ കഥകൾ വന്യ സ്വഭാവമുള്ളവയായിരുന്നു. എന്നാൽ ഈ ആൾ വ്യാപരിച്ചിരുന്ന ഇടങ്ങൾ അവയേക്കാൾ വന്യമായവയായിരുന്നു.

പലതരം വിചിത്രങ്ങളായി കഥാഖ്യാനങ്ങൾ ഈ ചിത്രകഥകളിലൂടെ ഭാവനയെ വെല്ലുവിളിക്കുമായിരുന്നു. ആഴിപരപ്പുകളുടെ അഗാധതയിൽ നിലയുറപ്പിച്ചിരുന്ന കൊള്ളസംഘങ്ങൾ, കടൽകൊള്ളക്കാർ, എണ്ണ തസ്ക്കര സംഘങ്ങൾ, സ്വർണ്ണ രൂപികളായ സ്ത്രീകൾ, ഷെയ്ക്ക്പിറിയൻ നാടകങ്ങൾ, പച്ചപുൽപരപ്പുകളിലൂടെയും ഇരുണ്ട വനാന്തരങ്ങളിലൂടെയും സന്ദേശങ്ങൾ വായുവേഗത്തിൽ നീക്കിയിരുന്ന വനത്തിന്റെ ആഴങ്ങളിൽനിന്നും ഉയരുന്നതും അവിടമാകെ മാറ്റൊലികൊള്ളുന്നതുമായ മദ്ദള നാദങ്ങൾ, പിഗ്മി ബണ്ടാറുകളും (Pygmy Bandar) അവരുടെ വിഷാസ്ത്രങ്ങളും, ആശ്ചര്യകരമായ അർപ്പണബോധത്തോടുകൂടി തലമുറകളിലൂടെ സംരക്ഷണം ഏകിയിരുന്ന Phantom നൽകുന്ന സദ്ഗുണ ചിഹ്നം, എത്ര മായ്ച്ചാലും മായാതെ തങ്ങിനിൽക്കുന്ന Phantom ഏൽപ്പിക്കുന്ന അശുഭചിഹ്നം, Phantom - നടക്കുന്ന പ്രേതാത്മാവിന്റെ അതിഗംഭീര ചെയ്തികളെക്കുറിച്ച് ഭൂഗോളം വലയംവെക്കുന്ന ഏഴുകടലുകളുടേയും സർവ്വ പുരാതാന തുറമുഖങ്ങളിലും എന്നും

മാറ്റൊലികൊള്ളുന്ന സ്വകാര്യ സംഭാഷണം, ഒരു അതീവ ധൈര്യശാലിപോലും പകച്ചുപോകുന്ന ആപത്ത് സാധ്യതകളോടുപോലും മത്സരിക്കേണ്ടിവരുന്ന കൊടുംകാടുകളിൽ കാലാകാലങ്ങളായി നടന്നുവരുന്ന വനാന്തര ഓളിപിക്സ്, ആ കൊടും വനത്തിലെ കാലാകാലങ്ങളായുള്ള എല്ലാ ചരിത്രകഥകളും മനസ്സിൽ ഏറ്റി ജീവിക്കുന്ന പടുവൃദ്ധനായ Guran എന്ന പുരാതന മനുഷ്യൻ.

അങ്ങിനെ പലതും കൊർത്തിണങ്ങിനിൽക്കുന്ന Phantom കഥകൾ, ഈ എഴുത്തുകാരന് സ്വാഭാവികമായിത്തന്നെ കൈവശമുള്ള ഇങ്ഗ്ളിഷ് പദാവലിയുടെ സുഗമമായ പ്രവാഹത്തോടുകൂടി പറയുമ്പോൾ, ഇങ്ഗ്ളിഷ് പദങ്ങൾക്കും മനസ്സിൽ ബ്രഹ്മതാളങ്ങൾ സൃഷ്ടിക്കാനാവും എന്ന തെളിവ് ലഭിച്ചിരുന്നു.

താഴെ നൽകിയിരിക്കുന്നത് ഈ എഴുത്തുകാരൻ എതാണ്ട് 2004ന് ചുറ്റുപാടിൽ ഒരു ബ്യട്ടിഷ് വെബ്സൈറ്റിൽ എഴുതിയ ഒരു ലേഖനത്തിൽ നിന്നും ഉള്ള ഉദ്ദരണിയാണ്:

The Phantom. The mysterious person who comes riding out of the Denkali jungles in perfect purples, on his white horse, accompanied by his dog-which-is-not-a dog- but-a-wolf, used to charge my imagination with the most enchanting of themes. No one knew what he was made of, but he was the Ghost-who-walks, and the man who couldn’t die. And many of his themes simply were wild, and wilder still were the areas he roamed. He was Mr. Walker when he roamed not only the cities, but also when he came to his strange abode in the American deserts, that stood towering as a pillar-the Walker’s Table.

The ancient one,-who came mixed with the themes of Undersea Gangsters, Hijackers, Oil thieves, Women of Gold, Shakespearean dramas, the Tom-Tom beating in the deep jungles that moved messages over the grasslands and through the dark woods, the Pygmy Bandar and their poison arrows, the Good Sign that lent security through the generations with spectacular commitment, the Bad Sign that lingered on, the whispers that rang through the ancient ports in the Seven Seas about the exploits of the Phantom-the Ghost Who Walks, the Jungle Olympics where the games were not just a competition between the competitors but also with perils that could make a even a brave man pause, Guran the ancient man, who knew all the tales of the past,-well the list is long- still fascinates me.

140. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിൽ ഒരു കടിഞ്ഞാൺ

ഒരു മനുഷ്യന്, മറ്റുള്ളവർക്ക് ഉപദ്രവകരമല്ലാത്ത രീതിയിൽ, സ്വതന്ത്രമായി ജീവിക്കാനും തോന്നുന്നത് ചിന്തിക്കാനും പ്രവർത്തിക്കാനും സംസാരിക്കാനും മറ്റും അവകാശം ഉണ്ട് എന്ന ഒരു ചിന്താഗതി തന്നെ ഇന്ന് ഇങ്ഗ്ലിഷ് നാടുകളിൽ പരന്നിട്ടുണ്ട് എന്നാണ് തോന്നുന്നത്. വികലവും വിഡ്ഢിത്തവും, വിവരമില്ലായ്മയും നിറഞ്ഞ് നിൽക്കുന്ന ഒരു അഭ്യസ്ഥവിദ്യാഭ്യാസ വിവരമാണ് ഇത്, അവിടങ്ങളിൽ.

കാരണം ഇങ്ഗ്ലിഷ് ഭാഷയിൽ നിന്നും വീക്ഷിച്ചാൽ യാതോരു വിധത്തിലും യാതോരു തെറ്റും തോന്നാത്ത പല വിഘടനകരമായ കാര്യങ്ങളും മറ്റ് ഭാഷകളിൽ ഉണ്ട് എന്നുള്ളതാണ് വാസ്തവം.

ഉദാഹരണത്തിന്, സംസാരംതന്നെ. ഫ്യൂഡൽ ഭാഷകളിൽ ഒരാൾ മറ്റൊരാളെക്കുറിച്ച് സംസാരിക്കുമ്പോഴും, മറ്റൊരാളെക്കുറിച്ച് സംസാരിക്കുമ്പോഴും, പലവിധ നിയന്ത്രണങ്ങളും ആവശ്യമാണ്. വാക്ക് കോഡുകളിൽ.

ഉദാഹരണത്തിന്, ഉയർന്ന സ്ഥാനത്തുള്ള ഒരു വ്യക്തി അയാളെക്കാൾ താഴ്ന്ന സ്ഥാനത്തുള്ള ആളെക്കുറിച്ച് പരാമർശിക്കുന്ന അവസരത്തിൽ, തരംതാഴ്ത്തിത്തന്നെ സംസാരിക്കേണം. ബഹുമാനിച്ച് സംസാരിച്ചാൽ, മറ്റുള്ളവർക്ക് അത് അരോചകമായി ഭവിക്കും.

Varunaയുടെ കാര്യത്തിൽ എന്തും ചിന്തിക്കാം പഠിക്കാം, കേൾക്കാം, ആരോടും സംസാരിക്കാം, കാര്യങ്ങൾ ചർച്ചചെയ്യാം എന്നുള്ള ഒരു സാഹചര്യം അല്ല സൌകര്യപ്പെടുത്തിയിരുന്നത്. വ്യക്തമായിത്തന്നെ ഈ വിധ കാര്യങ്ങളിൽ ആലോചിച്ച് തന്നെ വ്യക്തമായ ദിശയും പരിമിതികളും സ്വാതന്ത്ര്യങ്ങളും നിശ്ചയിച്ചിരുന്നു.

ഇങ്ങിനെ ഒരു പരിമിതപ്പെടുത്തൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിൽ കടിഞ്ഞാൺ ഇടുന്ന ഒരു സംഗതിയാണ്. കാരണം മറ്റുള്ളവർക്ക് മലബാറിയിലും മലയാളത്തിലും പല വാക്കുകൾ ഉപയോഗിച്ച് സംസാരിക്കാനുള്ള പല അവകാശങ്ങളും ഉണ്ട് എന്ന് അവർ തിരിച്ചറിയുന്നു.

ഏതാണ്ട് രണ്ട് വയസ്സാകുന്നതിന് മുന്നെതന്നെ Varunaയെ Playing Cardലെ (മലയാളത്തിൽ: ചീട്ടുകളിയിലെ) Trumps (ഇരുപത്തെട്ട്), Rummy (റമ്മി) തുടങ്ങിയവയിൽ പങ്കെടുപ്പിച്ചിരുന്നു. ഇതിനെക്കുറിച്ച് പറയുമ്പോൾ, ഇതും കൂടി പറയേണ്ടിയിരിക്കുന്നു.

ഈ എഴുത്തുകാരൻ ചീട്ടുകളി മലയാള അന്തരീക്ഷത്തിലും (Card games) ഇങ്ഗ്ലിഷ് അന്തരീക്ഷത്തിലും കളിച്ചിട്ടുണ്ട്. മലയാളത്തിൽ ഈ കളിയുടെ അനുഭവം പലപ്പോഴും, പ്രത്യേകിച്ചും നിലവാരംകുറഞ്ഞ സംസാര സ്വഭാവമുള്ള അന്തരീക്ഷങ്ങളിൽ കളിക്കുന്ന അവസരത്തിൽ, കുറ്റിക്കാട്ടിനുള്ളിൽ ഒളിപ്പിച്ച് വച്ചിരിക്കുന്ന റാക്ക് (Arrack) (ചാരായം) ഏതാനും പേരോടൊപ്പം പോയി, ചില്ലു ഗ്ലാസിൽ നിറച്ച് നിറം ചേർത്ത്, മൂക്ക് അടച്ച് പിടിച്ച് ഒറ്റവലിക്ക് കുടിക്കുന്നത് പോലെയാണ്. തുടർന്നുള്ള സംഭാഷണങ്ങളും അവകാശവാദങ്ങളും വാക്ക് ഉച്ചാരണങ്ങളും മറ്റും മലയാളത്തിൽ ചീട്ട് കളിക്കുന്നത് പോലെയാണ്, ചില

വേദികളിൽ. പലപ്പോഴും കയ്യാങ്കളിയും അസഭ്യവചനവും കൂർപ്പിച്ചുള്ള നോട്ടുവും മറ്റും കൂറുകാർതമ്മിൽ.

മാത്രവുമല്ല, വയസ്സിലും തൊഴിൽസ്ഥാനനിലവരത്തിലും സാമൂഹിക നിലവാരത്തിലും, മറ്റും കാര്യമായ വ്യത്യാസം ഉള്ളവർ ഈ വിധ കളികളിൽ പങ്ക് ചേർന്നാൽ ചിലർക്ക് പലവിധ ഇടിച്ചിലും വഷളത്തവും, മറ്റിചിലർക്ക് കാര്യപ്രാപ്തിയും സന്തോഷവും മറ്റും നൽകാൻ സൌകര്യം നൽകുന്ന ഒരു കളിയാണ് ഇത്, മലയാളത്തിലും മറ്റ് ഫ്യൂഡൽ ഭാഷകളിലും.

ഭാഷ ഫ്യൂഡൽ ആയത് കൊണ്ട് ഉയർന്ന നിലവാരിത്തിലും ചീട്ട് കളിക്കാം.

പണം വച്ച് കളിച്ചാൽ ഈ കളി ഒരു ലഹരിയായി മാറും എന്നുള്ളതും അനുഭവത്തിൽ നിന്നും വ്യക്തമായി മനസ്സിലായിട്ടുണ്ട്.

ഒരു ഉപമയും കൂടി നൽകാം. ചിലർ കൈലി / ലുങ്കി ധരിച്ചാൽ, മോശമല്ലാത്ത കാര്യമാണ്. എന്നാൽ കൈലി ധരിച്ചാൽ മലയാളത്തിലെ ബഹുമാനം നൽകൽ - ബഹുമാനം നിഷേധിക്കൽ എന്ന സ്ഫോടനാത്മകമായ പ്രക്രിയയിൽ അറിയാതെ തന്നെ പങ്കാളിയായിപ്പോകും. പോരാത്തതിന്, എല്ലാരും പാന്റ്സ് ധരിച്ചിരിക്കുന്ന ഒരു വേദിയിൽ ഒരാൾ കൈലി ധരിച്ച് ഉൾപ്പെട്ടാൽ, ഒരു വ്യത്യാസം അനുഭവപ്പെടും.

ഇത് പോലുള്ള ഒരു വ്യത്യാസമാണ് ഫ്യൂഡൽ ഭാഷകളിൽ, ഇരുപത്തെട്ട്, റമ്മി, തുടങ്ങിയവയിൽ പങ്കെടുത്താൽ

എന്നാൽ നിലവാരമുള്ള ഇങ്ഗ്ളിഷിൽ Cardsകളികളിൽ ചൂതാട്ടം ഇല്ലാതെ പങ്ക് ചേർന്നാൽ, വ്യത്യസ്തമായ ഒരു അനുഭവമാണ് ഉളവാകുക. നല്ല സംഭാഷണങ്ങളും വാക്ക് ഉച്ചാരണങ്ങളും മറ്റും ഈ വിനോദത്തിന് ശക്തിയേകും.

ഇത് ഇങ്ങിനെയാണ് എന്ന് അറിവ് ലഭിക്കണമെങ്കിൽ, Trumps, Rummy, Lucky Seven, Donkey, Bluff തുടങ്ങി പല വിധ Cards കളികൾ പൂർണ്ണമായ ഇങ്ഗ്ളിഷ് അന്തരീക്ഷത്തിൽ കളിക്കേണം. Spade, Diamond, Clubs, Hearts എന്നിവയുടെ മലയാളം ഉച്ചാരണം തന്നെ വേറെ.

(ഇന്ന് ഇങ്ഗ്ളിഷിൽ പ്രാദേശിക ഭാഷകളിലെ അസഭ്യപദങ്ങൾ ഉപയോഗിച്ച് കാണുന്നുണ്ട്. എന്നാൽ പൊതുവായി പറഞ്ഞാൽ ഇങ്ഗ്ളിഷിൽ ഉദാത്തമായ നിലവാരമുള്ളവർ ഈവക അസഭ്യപ്രയോഗങ്ങൾ പ്രാദേശിക ഭാഷകളിൽ നിന്നും ഇറക്കുമതി ചെയ്യാറില്ല.)

ചൂതാടരുത്. ആപത്ത് തന്നെയാണ്. ചിട്ടുകളിയിലെ ചൂതാട്ടവുമായി ബന്ധപ്പെട്ട് മറ്റ് ചില വിവരങ്ങൾ നൽകാവുന്നതാണ്. അത് ഓർമ്മ വരികയാണെങ്കിൽ പിന്നീട് പറയാം.

Varuna എതാണ്ട് 2 വയസ്സാകുമ്പോഴേക്കും Trumps, Rummy തുടങ്ങിയവയിൽ സമാന്യം നല്ല പ്രാവീണ്യം ഉണ്ടായിരുന്നു എന്ന് ഓർമ്മ വരുന്നു.

Varunaയോടൊപ്പം ഇരുന്ന് ഈ വിധ കളികളിൽ പങ്ക് ചേർന്നവരിൽ, ഇങ്ഗ്ളിഷ് ഭാഷ കഴിവ് കുറഞ്ഞവർക്ക്, അവരുടെ ഇങ്ഗ്ളിഷ് ഭാഷാ പരിജ്ഞാനം വളർന്നു എന്നും ഓർമ്മവരുന്നുണ്ട്. എന്നാൽ അവരുടെ മലയാളം ഭാഷാ കഴിവുകളുടെ പത്തിമടക്കിത്തന്നെ അവർ ഇരിക്കേണം എന്നതാണ് ഈ വിനോദത്തിനും മാറ്റേകിയത്. അല്ലാതെ മലയാളത്തിലെ നീ, നിന്റെ, അവൾ, എടി, തുടങ്ങിയ

വാക്കുകൾക്കും മലബാറിയിലെ ഇഞ്ഞ്, ഇന്റെ ഓള്, അളെ തുടങ്ങിയ വാക്കുകൾക്കും അഴിഞ്ഞാടാൻ അവസരവും സ്വതസിദ്ധ സ്വാതന്ത്ര്യവും നൽകിയിരുന്നെങ്കിൽ, നിലവരാത്തകർച്ച ഏറ്റവും ഏറ്റുവാങ്ങേണ്ടിയിരുന്നത് Varunaതന്നെയാകുമായിരുന്നു.

141. Brain softwareനെക്കുറിച്ച്

വളരെ ചെറുപ്പത്തിൽത്തന്നെ Varunaയെ പരിശീലിപ്പിച്ച മറ്റൊരു കാര്യമാണ് Chess. Chess കളിക്കുന്നത് കൊണ്ട് അതിഗംഭീരമായി ബുദ്ധിവളർച്ചയുണ്ടാകും എന്നൊന്നും ഈ എഴുത്തുകാരന് അഭിപ്രായമില്ലതന്നെ. ഒരു മുതിർന്ന ആൾ ഈ വക കാര്യങ്ങൾ ചെയ്യുന്നത്, ഇന്നുള്ള പലവിധ മത്സരപരീക്ഷകൾക്ക് പഠിക്കുന്നത് പോലെയാണ്. ഉദാഹരണത്തിന്, മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് പഠിക്കുന്നു. അത് കൊണ്ട് എന്ത് കഴിവാണ് ലഭിക്കുക? മെഡിക്കൽ പ്രവേശന പരീക്ഷയെ ആയാസരഹിതമായി നേരിടാനുള്ള കഴിവ് ലഭിക്കും. എന്നല്ലാതെ നീന്താനോ, വാഹനം ഓടിക്കാനോ, പ്രസംഗിക്കാനോ, ചിത്ര രചന നടത്താനോ, ഡിജിറ്റൽ ഡിസൈനിങ്ങിൽ പ്രാവീണ്യം നേടാനോ, പച്ചക്കറി വ്യാപാരം നടത്താനോ, മെഡിക്കിൽ ഓപ്പറേഷൻ നടത്താനോ കഴിവ് ലഭിക്കില്ല.

എന്നാൽ മെഡിക്കൽ പ്രവേശന പരീക്ഷ മെഡിക്കൽ കോളെജിൽ പഠിക്കാനുള്ള പ്രവേശന കവാടത്തിൽ നിൽക്കുന്നു. അങ്ങിനെയാണ് ഇന്ന് കാര്യങ്ങൾ. അത് കൊണ്ട് ആ കടമ്പകടന്നാലേ മെഡിക്കൽ പഠനത്തിന് സൌകര്യം ലഭിക്കുള്ളു.

എന്നാൽ Varunaയെ വളരെ ചെറുപ്രായത്തിൽത്തന്നെ, അതായത് ഏതാണ്ട് രണ്ട് വയസ്സിനും മൂന്ന് വയസ്സിനും ഇടയിൽ, ഈ വക പരിശീലനം നൽകിയത്, വളരെ ചെറുപ്പത്തിൽ ഈ വക കാര്യങ്ങൾ നേരിടാൻ മസ്തിഷ്ക്കത്തിന് അവസരം നൽകിയാൽ, Brain softwareൽ കാര്യമായ മാറ്റങ്ങൾ സംഭവിപ്പിക്കാൻ പറ്റും എന്ന ഒരു തോന്നൽ ഉണ്ടായിരുന്നത് കൊണ്ടാണ്.

കാരണം, മസ്തിഷ്ക്ക പ്രവർത്തിന് പിന്നണിയിൽ ഒരു Brain software പ്രവർത്തിക്കുന്നുണ്ട് എന്നും, അതിന് അതിന്റെ വളർച്ചയുടെ ആരംഭത്തിൽത്തന്നെ വ്യത്യസ്തവും, ക്രീയാത്മകവും, പോസിറ്റീവും ആയ അനുഭവങ്ങൾ നൽകിയാൽ, ഈ വക തിരിച്ചറിവുകളെ കാര്യക്ഷമമാം വിധം കൈകാര്യംചെയ്യാനുതകുന്നവിധത്തിൽ, മസ്തിഷ്ക്കത്തിനുള്ളിൽ Brain softwareന്റെ പ്രവർത്തന വലയത്തിന് ആവശ്യമായ പുതുതായുള്ള circuitryകൾ രൂപപ്പെടും എന്ന ഒരു തിരിച്ചറിവ് ഈ എഴുത്തുകാരനിൽ ഉണ്ടായിരുന്നു.

എന്നാൽ ഈ വക കാര്യങ്ങൾ ഒരു പ്രതിഭയെ (geniusനെ) സൃഷ്ടിക്കാൻ പര്യാപ്തമല്ലതന്നെ. കാരണം, നൈപുണ്യവും പ്രതിഭയും രണ്ടും രണ്ടാണ്. ഈ എഴുത്തുകാരന്റെ ഈ വക പ്രവർത്തനങ്ങളിൽ ഒരു പ്രതിഭയെ (geniusനെ) സൃഷ്ടിക്കാനുള്ള യാതോരു ലക്ഷ്യവും ഇല്ലായിരുന്നു എന്നുള്ളതാണ് വാസ്തവം.

ഈ മാനസികാവസ്ഥയുടെ പിന്നണിയിൽ ഉണ്ടായിരുന്ന വിശ്വാസങ്ങൾ ഈ വകയുള്ളതാണ്: പ്രതിഭ (genius) എന്നുള്ളത് വളർത്തിയെടുക്കാനാവുന്ന ഒരു കഴിവല്ല. അങ്ങിനെയുള്ള ഒരു ഉജ്ജ്വല മാനസികാവസ്ഥയ്ക്ക് പിന്നിൽ മറ്റെന്തോ കാര്യങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഇങ്ഗ്ളിഷ് ഭാഷാ പരമായ കാര്യങ്ങൾ പ്രതിഭാശാലികളെ സൃഷ്ടിക്കും എന്നൊന്നും ഈ എഴുത്തുകാരന് തോന്നിയിട്ടില്ല. എന്നാൽ, ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷത്തിൽ പ്രതിഭകൾക്ക് കൂടുതൽ സ്വാതന്ത്ര്യം ഉള്ള ജീവിത സൌകര്യം ലഭിക്കാൻ സാധ്യതയുണ്ട് എന്നുള്ളത് വാസ്തവമായേക്കാം. എത്ര ഗംഭീര പ്രതിഭയും അതുമല്ലെങ്കിൽ അതി ഗംഭീരമായ നൈപുണ്യമോ ഉള്ള ഒരാൾ ഈ ഉപദ്വീപിലെ


ഫ്യൂഡൽ ഭാഷക്കാരുടെ അടിയിൽ പെട്ടുപോയാൽ, പെട്ടത് തന്നെ. ഭാഷാ കോഡുകൾ അമർത്തി ഞരിക്കിക്കളയും അയാളെ.

ഉദാഹരണത്തിന്, ബ്യട്ടിഷ്-ഇന്ത്യയിലെ മെഡ്രാസ് പ്രസിഡൻസിയിലെ ആളായിരുന്നു രാമാനുജൻ. ഈ ആൾ ഗണിതത്തിൽ അതിഗംഭീരമായ പ്രതിഭാശാലിയായിരുന്നു എന്ന് പറയപ്പെടുന്നു. രാമാനുജനെ കണ്ടെത്തുകയും പിന്നീട് ലണ്ടനിലേക്ക് കൊണ്ട് പോകുകയും ചെയ്തത് ഇങ്ഗ്ളണ്ടിലെ ഒരു പ്രൊഫസർ (G. H. Hardy) ആയിരുന്നു.

ഇങ്ങിനെയുള്ള ഒരു നൂറ് രാമാനുജന്മാർ മെഡ്രാസിൽ നിന്നും ഇങ്ഗ്ളണ്ടിൽ എത്തിച്ചേർന്നാൽ, ഇങ്ഗ്ളണ്ട് പുരോഗമിക്കുകയല്ല, മറിച്ച്, സാമൂഹികമായി അധപ്പതിക്കുകയാണ് ചെയ്യുക. കാരണം അവർ സംസാരിച്ച് രചിക്കുന്നത്, ഒരു ഫ്യൂഡൽ ഭാഷാ സമൂഹമായിരിക്കും.

മുകളിൽ നൽകിയിട്ടുള്ള ചിത്രങ്ങളിൽ ആദ്യത്തേത് രാമാനുജന്റെ യഥാർത്ഥ ചിത്രമാണ്. ഈ രാമാനുജനെ ഒരു ഹോളിവുഡ് ചിത്രത്തിൽ അവതരിപ്പിച്ചപ്പോൾ വന്ന രൂപ പരിണാമമാണ് രണ്ടാമത്തെ ചിത്രത്തിൽ വലത് വശത്ത് കാണുന്നത്.

ഗാന്ധിയെ ഇങ്ഗ്ളിഷ് ചിത്രത്തിൽ അവതരിപ്പിച്ചത് പോലെയാണ്. Gandhi എന്ന ചിത്രത്തിൽ ഗാന്ധി പ്രത്യക്ഷപ്പെടുന്നത് ഒരു ഇങ്ഗ്ളിഷുകാരന്റെ വ്യക്തിത്വത്തോടുകൂടിയാണ്.





ആദ്യത്തെ ചിത്രം സിനിമയിലെ ഗാന്ധി. രണ്ടാമത്തെ ചിത്രം യുവപ്രായക്കാരനായ യഥാർത്ഥ ഗാന്ധി.


Ramanujan

ബ്യട്ടിഷ് പൌരനെ വച്ചാണ് അന്ന് ഗാന്ധി സിനിമ നിർമ്മിച്ചത്. ഇന്ന് അതിന്റെ ആവശ്യം ഉണ്ടാവില്ല, എന്നാണ് തോന്നുന്നത്.

അതേ പോലെ, യാഥാർത്ഥ രാമാനുജന്റെ ചിത്രം ആണ് ഇടത്ത് കൊടുത്തിരിക്കുന്നത്. രാമാനുജൻ സിനിമയിലെ ആൾ വളരെ വ്യത്യസ്തനാണ് എന്നാണ് തോന്നുന്നത്.

142. ഇങ്ഗ്ളിഷ് പരിശീലന പദ്ധതി

Varunaയ്ക്ക് ഏതാണ്ട് അഞ്ച് വയസ്സായപ്പോഴേക്കും, Carroms, Dominoes, Monopoly, Cleudo, UNO, Scotland yard, തുടങ്ങിയ ഏതാനും Indoor board gamesൽ പ്രാവീണ്യം ലഭിച്ചിരുന്നു.

ഏതാണ്ട് 2006ന് തൊട്ട് ഇങ്ങോട്ടായി ഈ എഴുത്തുകാരൻ ഒരു ഇങ്ഗ്ളിഷ് പഠന ക്സാസ് വീടിന് തൊട്ടടുത്തുള്ള ഒരു കെട്ടിടത്തിൽ ആരംഭിച്ചപ്പോൾ, ഈ വിധ Indoor board gamesൽ പങ്കെടുപ്പിച്ച് കൊണ്ട് പലരേയും ഇങ്ഗ്ളിഷ് സംസാര പരിചയത്തിലേക്ക് എത്തിച്ചിരുന്നു.

അന്ന് Varunaയും Ashwinaയും ഈ വിധ ട്രെയ്നിങ്ങ് പദ്ധതികളിൽ സജ്ജീവമായി പങ്കെടുക്കുമായിരുന്നു. തികച്ചും മലയാളം ഇല്ലാത്ത ഒരു അന്തരീക്ഷം സൃഷ്ടിക്കുവാനും, ഗുണനിലവാരമുള്ള ഒരു ഇങ്ഗ്ളിഷ് സംസാരം നിലനിർത്തുവാനും ഇവരുടെ സാന്നിധ്യം സഹായിച്ചിരുന്നു. ഇങ്ഗ്ളിഷ് സംസാരകഴിവ് വർദ്ധിപ്പിക്കാൻ വന്ന ചിലർക്ക് ഈ വിധ പദ്ധതികൾ വളരെ ഉപകാരപ്പെട്ടിരുന്നു.

വളരെ ചെറുപ്പത്തിൽത്തന്നെ Varunaയ്ക്ക് അക്കങ്ങളെക്കുറിച്ചും, Addition & Substraction (കൂട്ടലും കിഴിക്കലും) മനസ്സിലാക്കിക്കൊടുത്തിരുന്നു. ഇതിനൊന്നും കാര്യമായ പദ്ധതികളും കരുതിക്കൂട്ടിയുള്ള നീക്കങ്ങളും മറ്റും ഒന്നും തന്നെ ഉണ്ടായിരുന്നില്ല എന്നുള്ളതാണ് വാസ്തവം.

വെറുതെയിരിക്കുന്ന അവസരത്തിൽ This is one, two, three, four, five എന്നിങ്ങനെ വിരലുകൾ കൊണ്ട് ചിലപ്പോഴെല്ലാം പരിചയപ്പെടുത്തും. ചിലപ്പോൾ, എന്തെങ്കിലും വസ്തുക്കൾ ചേർത്ത് വച്ചും, എടുത്ത് മാറ്റിയും, Addition & Substraction (കുട്ടലും കിഴിക്കലും) വ്യക്തമാക്കും.

മറ്റ് ചിലപ്പോൾ, Multiplication (ഗുണനം) വളരെ ലളിതമായി മനസ്സിലാക്കിക്കൊടുക്കും.

ഈ വിധ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ വലിയ പ്രയാസം നേരിട്ടില്ലാ എന്നുള്ളതാണ് ഓർമ്മ. കാരണം, അമിതമായുള്ള പഠന പദ്ധതികളൊന്നും തന്നെ ഉപയോഗിച്ചില്ല. മാത്രവുമല്ല, പിതാവിന് പണ്ട് കാലം തൊട്ടും അദ്ധ്യാപകരോടും, അദ്ധ്യാപികമാരോടും പ്രീയം കുറവായത് കൊണ്ട് ഔപചാരിക പഠിപ്പിക്കൽ ആലോചിക്കുകകൂടിയചെയ്തില്ലാ എന്നുള്ളതാണ് വാസ്തവം.

വളരെ ചെറുപ്പത്തിൽത്തന്നെ ഇങ്ഗ്ളിഷിൽ സംസാരിക്കാൻ ആവും എന്നുള്ളത് ഇവർക്ക് ഈ വിധ അറിവുകൾ നിസ്സാരം എന്നുതോന്നിക്കുന്ന സംസാരത്തിലൂടെ നൽകാൻ സൌകര്യപ്പെട്ടു. പലപ്പോഴും ഈ വിധ സംസാരങ്ങൾ വല്ല പുഴയുടെ തീരത്ത് വച്ചോ മറ്റോ ആയിരിക്കും.

ഏതാണ്ട് നാല് വയസ്സ് പ്രായം ഉള്ളപ്പോൾ ഇവർക്ക് (Varunaയ്ക്ക്) അക്കങ്ങളുടെ Square എന്ന കാര്യം വിഭാവനം ചെയ്യാനാവുന്ന വിധം അക്കങ്ങളെ പരിചയപ്പെടുത്തിയിരുന്നു.

ഇതും ഈ വക കാര്യങ്ങൾ ഒരു വൻ പഠനമായും മറ്റും അവതരിപ്പിച്ചില്ലാ എന്നതും പ്രസ്താവ്യമാണ്.

ഇതിനൊന്നും കാര്യമായ ഒരു ബുദ്ധിവൈഭവത്തിന്റെ ആവശ്യകത ഈ എഴുത്തുകാരൻ കണ്ടില്ല എന്നുള്ളതാണ് വാസ്തവം. മറിച്ച്, കാര്യങ്ങൾ വളരെ ലളിതമായി പറഞ്ഞുകൊടുത്താൽ മനസ്സിലാകും എന്നുമാത്രം. കാരണം, മനസ്സ് വളരെ തെളിഞ്ഞിരിക്കുന്ന അവസരമാണ്.

ഇതോടൊപ്പംതന്നെ, ഏതാണ്ട് ഒരു വയസ്സാകുന്നതിന് മുന്നെ തന്നെ ഇങ്ഗ്ളിഷിലെ അക്ഷരമാലയും, ഇവ ഉപയോഗിച്ചാണ് വാക്കുകൾ രചിക്കുന്നതും എന്നതും കാര്യമായുള്ള ഒരു പഠന പദ്ധതി എന്ന രീതിയിൽ അവതരിപ്പിക്കാതെതന്നെ പഠിപ്പിച്ചെടുത്തിരുന്നു.

പലപ്പോഴും, ചെയ്യാൻ താൽപ്പര്യമുള്ള കാര്യങ്ങൾക്കിടയിൽ ഇവകൂടി ചേർക്കും. അത്രമാത്രം.

143. പ്രായ പരിധികൾക്ക് അതീതമായ സൌഹൃദങ്ങൾ

യാതോരു ഔപചാരിക വിദ്യാഭ്യാസ വിഢ്ഢിത്തവും പഠിപ്പിക്കാതെ ഒരു വ്യക്തിയിൽ എന്തെല്ലാം ഗുണകരമായ അറിവും കഴിവുകളും ചേർക്കാനാവും എന്നത് തിട്ടപ്പെടുത്തുക എന്നുള്ളത് ഒരു ഉദ്ദേശമായിരുന്നിരിക്കാം. ഈ വക കാര്യങ്ങൾ പറയുമ്പോൾ പലവിധ ചോദ്യങ്ങളും മനസ്സിൽ വരാം.

ഒന്ന് ഇങ്ങിനെ വളർത്തിയാൽ, ചങ്ങാതിമാർ എങ്ങിനെ ലഭിക്കും എന്നുള്ളതാണ് പലർക്കും ഉള്ള ചോദ്യം. ഇതിന് വ്യക്തമായ ഉത്തരം പറയാതെ തന്നെ മറ്റൊരു ചോദ്യം ചോദിക്കാം. ഈ വക ദീർഘകാല-ഔപചാരിക വിദ്യാഭ്യാസം എല്ലാം തുടങ്ങിയിട്ട് കുറച്ച് കാലം മാത്രമേ ആയിട്ടുള്ളു. അതിന് മുൻപ് ഇവിടെ ആർക്കും ചങ്ങാതിമാരായി ആരും ഇല്ലായരുന്നുവോ എന്നത്.

എന്നാൽ അക്കാലങ്ങളിൽ എല്ലാവരും വീടുകളിൽ തന്നെ ഉണ്ടാവും. അതിനാൽത്തന്നെ അയൽവക്കത്തുള്ള കുട്ടികളുമായി ചങ്ങാത്തം ഉണ്ടാവും.

എന്നാൽ ഇവിടെ ഇന്ന് കുട്ടികൾ ആരും തന്നെ വീടുകളിൽ സ്ക്കൂൾ ദിനങ്ങളിൽ ഉണ്ടാവില്ലതന്നെ. അപ്പോൾ, അങ്ങിനെയുള്ള ചാങ്ങാത്തത്തിന് സാധ്യത കുറവാണ്. പിന്നെയുള്ള പ്രശ്നം Varunaയ്ക്ക മലയാളം അറിയില്ല. മാത്രവുമല്ല, കുടുംബസമേതം കുറച്ച് കാലം വടക്കൻ ഇന്ത്യയിലെ ഒരു പ്രധാന നഗരത്തിൽ താമസിച്ചിരുന്ന കാലത്ത് ഹിന്ദി പഠിക്കാനോ സംസാരിക്കാനോ പ്രചോദനം നൽകിയില്ല എന്നുമാത്രമല്ല, അത് നിരുത്സാഹിക്കുകകൂടി ചെയ്തിരുന്നു.

ഇങ്ങിനെ നോക്കിയാൽ, ഇവർക്ക് ചെറുപ്പത്തിൽ ചങ്ങാതിമാർ ഉണ്ടാവില്ലതന്നെ. ഇങ്ങിനെ ഒരു വിലയിരുത്തൽ പലപ്പോഴും ഒറ്റപ്പെട്ട കാഴ്ചപ്പാടിൽ പലർക്കും തോന്നിയിട്ടുണ്ടാവാം. തങ്ങളോടും തങ്ങളുടെ മക്കളോടും പരിചയമില്ലെങ്കിൽ, പിന്നെ വേറെയാരോടും പരിചയം കാണില്ലായെന്ന്.

വടക്കൻ ഇന്ത്യയിൽ വച്ച്, വൻചങ്ങാതിക്കൂട്ടം തന്നെ താമാസസ്ഥലത്തിന് ചുറ്റും ഉണ്ടായിരുന്നു ഇവർക്ക്. എന്നാൽ കുഗ്രാമത്തിൽ വന്നപ്പോൾ, ഇങ്ഗ്ളിഷ് പരിചയമുള്ളവർ ചുറ്റുപാടിൽ അക്കാലത്ത് കുറവാണ് എന്നത് ഒരു പ്രശ്നമായി പലരും വിലയിരുത്തിരുന്നെങ്കിലും, കാര്യങ്ങൾക്ക് കുറച്ച് കൂടി വിശാലമായ ഒരു വാസ്തവികതയാണ് ഉണ്ടായിരുന്നത്. സംസാര ഭാഷ ഇങ്ഗ്ളിഷ് ആയിരുന്നത് കൊണ്ട്, പ്രായം എന്ന, ഫ്യൂഡൽ ഭാഷകളിൽ പലവിധത്തിൽ പരിധികൾ വിതയ്ക്കുന്ന, ഘടക്കത്തെ അവഗണിച്ച്തന്നെ സൌഹൃദങ്ങൾ ഇവർക്ക് ഉണ്ടായിരുന്നു.

ഇങ്ഗ്ളിഷ് എന്ന മാസ്മരികവും ജനങ്ങൾക്ക് വ്യക്തിത്വ പ്രഭാവം നൽകുന്നതുമായ അമാനുഷിക കഴിവുകൾ ഉള്ള ആശയവിനിമയ സോഫ്ട്വേറിന് ഇന്ന് സർക്കാർ തൊഴിലിലും സർക്കാരുമായി ഇടപിഴകുന്നതിൽനിന്നും മാറ്റി നിർത്തിയിരിക്കുകയാണ്. മനുഷ്യരേയും പോരാത്തതിന് മൃഗങ്ങളേയും പലതരത്തിൽ തരംതിരിച്ച്, കുറേ പേരെ വെറും തരംതാഴ്ന്നവരും നാറുന്നവരും മറ്റുമായി നിർവ്വചിക്കാൻ അസാധ്യകഴിവുകളുള്ള ഭാഷകളാണ് ഇന്ന് ഭരണ സംവിധാനത്തിൽ കയറിക്കൂടുന്നത്. ഈ വിധ ആത്മഹത്യാപരമായ ആശയങ്ങൾളോട് കൂറും കടപ്പടും ജനങ്ങളിൽ ജനിപ്പിക്കാനായി വിപ്ളവ വായാടികൾ പോലും ചെയ്ത്

കൂട്ടുന്ന വഞ്ചനപരമായ തട്ടിപ്പാണ്, ജനങ്ങളെ ബോധപൂർവ്വം ഇങ്ഗ്ളിഷ് പഠിപ്പിക്കാതിരിക്കുക എന്നുള്ളത്.

ഇവിടെ ഈ കാര്യം എടുത്തു പറഞ്ഞത്, ഈ വിധ തെമ്മാടി ഭാഷകളെ അവഗണിച്ച് വളർന്നുവരുന്നവരെ ഇന്ത്യൻ സർക്കാറിലെ ഗുണമേന്മയുള്ള തൊഴിലുകൾക്ക് അർഹതയില്ലാതാക്കും എന്നുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് പലതും പറയാനുണ്ടെങ്കിലും, ഈ അവസരത്തിൽ അവ പറയുന്നില്ലതന്നെ.

നാട് വളർന്ന് വളർന്ന് ഒടുവിൽ, ഇങ്ഗ്ളിഷ് ഭരണം ഈ ഉപദ്വീപിൽ കാലുറപ്പിക്കുന്നതിന് മുമ്പ് ഉണ്ടായിരുന്ന അവസ്ഥാവിശേഷത്തിലേക്ക്, തിരിച്ച് പോകുകയാണ്. നാട്ടിൽനിന്നും ഇങ്ഗ്ളിഷിനെ തുരത്താൻ ഗംഭീരപ്രയത്നം തന്നെ നടത്തിയ ഒരു കൊടുംവിപ്ളവ നേതാവ് സ്വന്തം മകനെ ഇതിനിടയിൽ അമേരിക്കയിലേക്ക് കയറ്റിവിട്ടുകഴിഞ്ഞിട്ടുണ്ട് താനും.

144. തമ്മിൽ പൊരുതിജീവിക്കുന്ന ഒരു സാമൂഹികാന്തരീക്ഷത്തിന്റെ പരിശീലന കളരി

സ്വന്തം മക്കളുടെ സൌഹൃദങ്ങളുടെ കാര്യം പറയുമ്പോൾ, ഈ ഒരു കാര്യം കൂടി പറയേണ്ടിയിരിക്കുന്നു: സാമ്പത്തികമായി കഴിവുള്ള മാതാപിതാക്കൾ വൻ സാമ്പത്തിക ചിലവിന് തയ്യാറെടുപ്പോടുകൂടി, അവരുടെ മക്കളെ വിദൂരങ്ങളിലുള്ള സ്ക്കൂളുകളിൽ ചേർക്കുന്നു. ഉദ്ദേശം ഇത്രമാത്രമേ ഉള്ളു: ഗുണമേന്മയുള്ള സൌഹൃദങ്ങൾ അവരുടെ സ്വന്തം മക്കൾക്ക് ലഭിക്കണം. ഇത് പലപ്പോഴും ഒരു വൻ ത്യാഗ ബുദ്ധിതന്നെയാണ്.

എന്നാൽ ഈ വിധമുള്ള തിരഞ്ഞെടുത്തുള്ള സൌഹൃദസംഘത്തെ മക്കൾക്ക് സൌകര്യപ്പെടുത്താൻ സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന മാതാപിതാക്കൾക്ക് ആവില്ലതന്നെ. അവരുടെ മക്കൾക്ക് മിക്കവാറും മുന്നിലുള്ളത് സർക്കാർ സ്ക്കൂളുകളാണ്. ഈ വക സ്ക്കൂളുകളിൽ അദ്ധ്യാപകർക്ക് എത്രതന്നെ കഴിവും, കർത്തവ്യബോധവും, കാര്യക്ഷമതയും മറ്റും ഉണ്ടായാലും, സർക്കാർ നയം നിഷ്കർഷിക്കുന്ന സംവിധാനം തരംതാണ ഒരു അന്തരീക്ഷമാണ്.

ഒന്നുകിൽ വളരെ അടക്കവും ഒതുക്കവും ഉള്ള ഒരു അന്തരീക്ഷം. അതുമല്ലെങ്കിൽ ഇതിന് നേരെ വിപരീതമായ ഒരു അന്തരീക്ഷം. ആകപ്പാടെ ഒച്ചപ്പാടും ബഹളമയവും മറ്റും. പുരുഷത്വവും സ്ത്രീത്വവും രണ്ടും പലപ്പോഴും പൌരുഷമായ രീതിയിൽ. ഇത് ഒരു വൻ വ്യക്തിത്വ വികസനമായും കാണുന്നവർ ഉണ്ട്. കാരണം, തെരുവോരങ്ങളിൽ പൊരുതിനിൽക്കാൻ വളരെ സൌകര്യപ്പെടുത്തുന്ന ഒരു മാനസികഭാവം ഇതിൽ ഉണ്ട് എന്ന ഒരു തോന്നൽ വരാം.

"ആരെടാ?" എന്ന് ചോദിച്ചാൽ "നീ ആരെടാ?" എന്ന് മറുചോദ്യം ചോദിക്കാൻ ഉള്ള മാനസിക തയ്യാറെടുപ്പ്.

എന്നാൽ ഇത് ഒരു പുത്തൻ സംഗതിയല്ലതന്നെ. ഈ ഉപദ്വീപിൽ അങ്ങോളം ഇങ്ങോളം, ഇങ്ഗ്ളിഷ് ഭരണം പലദിക്കിലും കാലുറപ്പിക്കുന്നത് വരെ ഈ വിധ കഴിവുകൾ മിക്ക ആളുകൾക്കും ഉണ്ടായിരുന്നു. എന്നാൽ ഇത്, ഓരോരുത്തർക്കും അവരവരുടെ നിലയിൽ നിന്ന് മാത്രം പ്രകടിപ്പിക്കാം. മാത്രവുമല്ല, നിത്യവും വൻ കോലാഹലങ്ങളാണ് ഈ വിധ സംസ്ക്കാരങ്ങളുടെ ചരിത്രം.

ഉദാഹരണത്തിന്, ഇന്ന് സ്വകാര്യ ബസ് ജീവനക്കാർക്ക് ഈ വിധം തമ്മിലും, പൊതുജനത്തോടും പെരുമാറാം. എന്നാൽ ഒരു ചെറുകിട ഉദ്യോഗസ്ഥൻ വന്നാൽ (ഉദാഹരണത്തിന് ഒരു പോലീസ് ശിപായി വന്നാൽ), ഈ വിധ ധൈര്യം പമ്പകടക്കും. മുണ്ടാണ് ധരിച്ചിട്ടുള്ളതെങ്കിൽ, അത് കുത്തഴിച്ച്, കാലിനിടയിൽ തിരുകി വൻ അടിയാളത്തം വരെ കാണിക്കുന്ന ധൈര്യശാലികളെ കണ്ടിട്ടുണ്ട്. ഈ ഒരു അടിയാളത്തം ഈ രാജ്യത്ത് ഇന്ന് ഒരു വൻ ഭൂരിപക്ഷം ആളുകളും നൽകേണ്ടത് തന്നെയാണ്.

ഈ വിധം ഇവിടെ എഴുതിയത് ആരെയും അപമാനിക്കാനല്ല. മറിച്ച്, ഈ വിധ വിദ്യാഭ്യാസത്തിന്റെ അർത്ഥശൂന്യത സൂചിപ്പിക്കാനാണ്.

ഈ വിധ വിദ്യാഭ്യാസം സാമൂഹിക പരിവർത്തനമല്ല, ലക്ഷ്യംവെക്കുന്നത്. മറിച്ച്, സാമൂഹിക നിലവാരങ്ങളോട് താദാത്മ്യത്തിൽ നിന്ന് കൊണ്ട് അവയെ

മുതലെടുക്കാനാണ്. സത്യത്തിൽ ഇതിന് ഒരു വൻ വിദ്യാഭ്യാസ പരിപാടി ആവശ്യമില്ലതന്നെ.

എന്നാൽ, രാഷ്ട്രീയ പാർട്ടികൾക്കും വിപ്ളവ വായാടി പാർട്ടികൾക്കും അണികളെയും കുട്ടിനേതാക്കളേയും, വൻ നേതാക്കളെയും ഈ വിധ വിദ്യാഭ്യാസം സൌകര്യപ്പെടുത്തും. പോരാത്തതിന്, സർക്കാർ തൊഴിലും ഇവർക്ക് സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. അതിനാൽ തന്നെ, വിദ്യാഭ്യാസം എന്ന പദ്ധതി ഈ നാട്ടിൽ കൊണ്ടുവന്ന ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ലക്ഷ്യങ്ങളുമായി യാതോരു ബന്ധവും ഇല്ലാത്ത ഒരു വിദ്യാഭ്യാസമാണ് ഇവിടെ ഇപ്പോൾ പടർന്ന് പിടിച്ചിട്ടുള്ളത്.

ഈ വിദ്യാഭ്യാസം കൊണ്ട് ലഭിക്കുന്ന വൻ ഗുണങ്ങൾ ഏതാണ്ട് 2 ശതമാനം പേർക്കാണ് എന്നാണ് തോന്നുന്നത്. മറ്റുള്ളവർക്ക് അമ്പലപ്പറമ്പിൽ ഉത്സവ നേരത്ത്, പണം വച്ച് ചൂതാടിയത് പോലെയാണ്. പണം പോയി. പോക്കറ്റ് കാലി. ഉത്സവനേരത്ത് ആസ്വദിച്ച ഒച്ചപ്പാടും, പടക്കം പൊട്ടിക്കലും മിച്ചം.

145. ഇങ്ഗ്ളിഷ് പൊതുപെരുമാറ്റങ്ങളുടെ കളരി

മനുഷ്യർ തമ്മിൽ നിത്യവും മത്സരവും, മുകളിലുള്ളവരെമറിച്ചിട്ട് അവരുടെ മുകളിൽകയറാനും, താഴെയുള്ളവരെ മുകളിലേക്ക് കയറാൻ അനുവദിക്കാതിരിക്കാനും, ബഹുമാനിക്കാത്തവരോട് ഞെട്ടിച്ച് പെരുമാറാനും, താഴ്ന്ന് കിടക്കുന്നവനോട് കുറച്ച് മയത്തിൽ പെരുമാറിയാൽ തിരിച്ച് ആജ്ഞാപികുന്നത് മാതിരി പെരുമാറാനും, മറ്റുള്ളവരുടെ ഈ വിധ മാനസികഭാവങ്ങളെ നിരന്തരം നേരിടാനും, മറ്റും നിത്യേനെ പ്രചോദനം നൽകുന്ന ഭാഷയാണ് ചുറ്റും.

തൊഴിൽ എന്നത് ഇങ്ഗ്ളിഷിൽ കാണുന്നത് പോലെയല്ല. മറിച്ച് പലപ്പോഴും ഒരു സാമൂഹിക സ്ഥാനവും ബഹുമാനം പിടിച്ച് വാങ്ങാനുള്ള അധികാരമോ, അതുമല്ലെങ്കിൽ അത് നൽകാനുള്ള കടപ്പാടോ സൂചിപ്പിക്കുന്ന കാര്യമാണ് ഫ്യൂഡൽ ഭാഷകളിൽ. ഇത് വയസ്, കുടുംബ മഹിമ, കൂടപ്പിറപ്പുകളുടെ സ്ഥാനമാനങ്ങൾ തുടങ്ങിയ മറ്റ് പലകാര്യങ്ങളുമായി പിരിഞ്ഞ് കിടക്കുന്നു.

ഇങ്ങിനെയുള്ള ഒരു സാഹചര്യത്തിൽ, എല്ലാരെയും കടത്തിവെട്ടി വളരണം എന്ന ഉദ്ദേശ ശുദ്ധി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിൽ ഒരു കുരുട്ടുബുദ്ധിയായി നിലനിൽക്കുന്നു.

ഇങ്ങിനെയാതോരു ശിഥിലലക്ഷ്യങ്ങളും നൽകാതുള്ള ഭാഷയിൽ മാത്രം വളർന്നുവന്ന ആൾക്ക് ഈ നാട്ടിലെ വിദ്യാഭ്യാസം എന്നത് കൊണ്ട് ആകെ ഉണ്ടാവുന്ന ഫലം, സ്വന്തം വ്യക്തിത്വത്തിന്റെ ശിഥിലനമാണ്.

നല്ലനിലവാരമുള്ള ഇങ്ഗ്ളിഷും, അതിനുള്ളിലെ ക്ലാസിക്കൽസാഹിത്യവും മറ്റും കാര്യമായിത്തന്നെ ചെറുപ്രായത്തിൽത്തന്നെ വായിച്ചും കേട്ടും പരിചയമുള്ളതിനാൽ, ഈ നാട്ടിൽ സർക്കാർ നയപ്രകാരമുള്ള വിദ്യാഭ്യാസത്തിന് വിഭാവനംകൂടിച്ചെയ്യാൻ പറ്റാത്ത പല കാര്യങ്ങൾ Varunaയ്ക്ക് ലഭിച്ചുകഴിഞ്ഞിരുന്നു.

നിൽക്കുമ്പോൾ ചാരിനിൽക്കരുത്, നേരെ നിവർന്ന് ഇരിക്കേണം, ഔപചാരികമായി പരിചയപ്പെടുന്നവരെ പേരിന് മുന്നിൽ Mr. എന്നോ Mrs. എന്നോ Miss. ചേർത്ത് വിളിക്കേണം. ഏതൊരു കൌണ്ടറിന് മുന്നിൽ നിൽക്കുന്ന അവസരത്തിലും, മുൻഗണയുള്ള ആളെ മറികടക്കാതെ, ക്യൂവായി നിൽക്കേണം. ബസ്സിൽ കയറുന്ന അവസരത്തിലും ഇതേ പോലെ മുന്നിൽ നിൽക്കുന്ന ആളെ മറികടന്ന് ബസ്സിൽ കയറാൻ പാടില്ല. എന്ത് ആവശ്യപ്പെടുന്ന അവസരത്തിലും അനുയോജ്യമായ രീതിയിൽ Please എന്നോ Can you please? എന്നോ Could you please? എന്നോ May I? എന്നോ ചേർത്ത് ചോദിക്കേണം.

എന്തെങ്കിലും വസ്തു എടുത്താൽ അത് അതിന്റെ യഥാസ്ഥാനത്ത് തിരിച്ച് വെക്കേണം. ഇരിക്കുന്ന സീറ്റിൽ കാൽ വച്ച് നിൽക്കരുത്. മറ്റൊരാളോട് മുന്നിൽനിന്നും മാറാനോ, അതുമല്ലെങ്കിൽ ആ ആളുടെ ശ്രദ്ധപിടിച്ചെടുക്കാനോ മറ്റോ Excuse me എന്ന പദപ്രയോഗം ഉപയോഗിക്കേണം, മുന്നിലെ ആളെ ഉന്തി നീക്കരുത്.

ഈ നാട്ടിൽ ഏതൊരു പൌരനും അന്തസ്സ് ഉണ്ട് എന്നും, അതിനാൽ തന്നെ, മറ്റൊരു വ്യക്തിയുടെ മുന്നിൽ അടിയാളത്തം ഭാവിച്ച് നിൽക്കേണ്ട ആവശ്യം ഇല്ലായെന്നും, ഈശ്വരനോട് മാത്രമെ വിധേയത്വം ആവശ്യമുള്ളു എന്നും. സൌമ്യമായി സംസാരിച്ചാൽതന്നെ കാര്യങ്ങൾ നടക്കും എന്നും. രാവിലെ എഴുന്നേറ്റ് കഴിഞ്ഞാൽ,

ഏറ്റവും കുറഞ്ഞത് ഒരു അര കിലോമീറ്ററെങ്കിലും ഓടിയുള്ള വ്യായമം ചെയ്യണമെന്നും.

തുടങ്ങിയ, ഇന്നുള്ള ഇന്ത്യൻ ഔപചാരിക വിദ്യാഭ്യാസത്തിൽ യാതോരുരീതിയിലും സ്വപ്നത്തിൽപോലും കണ്ടിട്ടില്ലാത്ത വിദ്യാഭ്യാസമാണ് Varunaയ്ക്ക് ഏതാണ്ട് ഒൻപത് വയസ്സ് വരെ ഇവിടെ ലഭിച്ചതിൽ ഒരു പങ്ക്.

ആളുകളെ തരംതിരിച്ച്, അവരിൽ തരംതാഴ്ന്നവരോട് നീ, എടാ, എടീ, എന്താടാ, എന്താടീ, അവറ്റകൾ, (മലബാറി: ഇഞ്ഞ്, എന്താനെ, എന്താളെ, ഐറ്റിങ്ങൾ) തുടങ്ങിയ വാക്കുകൾ ഉപയോഗിക്കരുത് എന്നത് പഠനത്തിൽ വന്നില്ലതന്നെ. കാരണം, ഈ വിധ താന്തോന്നിത്യ വാക്കുകൾ ഇങ്ഗ്ളിഷിൽ ഇല്ലതന്നെ.

146. ഇന്നുള്ള ഔപചാരിക വിദ്യാഭ്യാസം എന്താണ് അടിച്ചേൽപ്പിക്കുന്നത്

വിദ്യാഭ്യാസവും, തൊഴിൽ അല്ലെങ്കിൽ സാങ്കേതിക പരിജ്ഞാനം പഠിപ്പിക്കലും ഒന്നാണ് എന്നോ, അതുമല്ലെങ്കിൽ അവ തമ്മിൽ പിരിഞ്ഞാണ് കിടക്കുന്നത് എന്നോ ആണ് ഇന്നത്തെ വിദ്യാഭ്യാസ നയം എന്ന് തോന്നുന്നു.

എന്നാൽ, നേരത്തെ നൽകിയ ഇങ്ഗ്ളിഷ് സാംസ്ക്കാരിക മൂല്യങ്ങൾ പടർത്തി സാമൂഹിക പരിവർത്തനം എന്ന ആശയം ഇന്നുള്ള വിദ്യാഭ്യാസത്തിൽ ഇല്ലതന്നെ. ഉള്ളത്, ഫ്യൂഡൽ ഭാഷാപരമായുള്ള പെരുമാറ്റങ്ങളുടെ അടിച്ചേൽപ്പിക്കൽമാത്രമാണ്.

Varunaയ്ക്ക് ഏതാണ്ട് നാല് വയസ്സ് പ്രായം ഉള്ളപ്പോളാണ് കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പരിചയം വന്നത്. അക്കാലത്ത്, അതായത് ഏതാണ്ട് 2000ആം ആണ്ടിൽ, കമ്പ്യൂട്ടർ എന്നത് എന്തോ അതിഅമാനുഷിക കഴിവുകളും ബുദ്ധിയും ഉള്ളവർക്ക് മാത്രമേ ഉപയോഗിക്കാൻ പറ്റുള്ളു എന്ന രീതിയിലാണ് കാര്യങ്ങൾ. എന്നാൽ ഈ എഴുത്തുകാരന് വളരെ മുന്നെ അറിവുള്ള കാര്യമായിരുന്നു കമ്പ്യൂട്ടറിന് ആശ്ചര്യകരമായ കഴിവുകൾ ഉണ്ട് എന്നും കമ്പ്യൂട്ടർ ഉപയോഗിക്കാൻ പഠിച്ചെടുക്കാൻ കാര്യമായ ബുദ്ധി ശക്തിയോ, വിദ്യാഭ്യാസ യോഗ്യതയോ ആവശ്യമില്ലായെന്നും.

ഈ കാരണത്താൽത്തന്നെ ഏതാണ്ട് നാലാം വയസ്സിൽത്തന്നെ Varunaയ്ക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ കാര്യമായ നൈപുണ്യം ലഭിച്ചിരുന്നു. ടൈപ്പിങ്ങ് പഠിച്ചെടുക്കാനുള്ള ഒരു സോഫ്ട്വേർ അന്ന് കൈവശം വന്നതിനാൽ, കമ്പ്യൂട്ടറിൽ ആദ്യം പഠിച്ചെടുത്ത കാര്യങ്ങളിൽ ഒന്ന് ടൈപ്പ് ചെയ്യാനാണ്.

ടൈപ്പിങ്ങിൽ നൈപ്യുണ്യം വളരെ പെട്ടെന്ന് തന്നെ കൈവരിച്ചു. കാരണം, വളരെ ചെറുപ്രായമാണ്. ഔപചാരിക വിദ്യാഭ്യാസത്തിലെ വിഡ്ഢിത്തങ്ങൾ ഒന്നും തന്നെ തലയിൽ നിറയ്ക്കാനുള്ള ഒരു ഉപദേശവും നൽകിയില്ലതന്നെ.

ടൈപ്പിങ്ങിൽ നൈപുണ്യം വന്നതിനെ തുടർന്ന് കമ്പ്യൂട്ടർ ഉപയോഗം തന്നെ ഗംഭീര വേഗതയിൽ ആയി. തുടർന്ന് വളരെ പെട്ടന്ന് തന്നെ MS Word, Adobe PhotoShop, Adobe PageMaker, MacroMedia Dreamweaver (ഇന്നിത് Adobe Dreamweaver ആണ്.), Adobe Flash, Adobe Acrobat തുടങ്ങിയവ പഠിച്ചെടുത്തു. ഇതിനൊന്നും തന്നെ കാര്യമായ ഒരു ബുദ്ധി വൈഭവത്തിന്റെ ആവശ്യകത കണ്ടില്ലതന്നെ.

ഇതെല്ലാതം ഏതാണ്ട് അഞ്ച് വയസ്സ് ആകുന്നതിന് മുന്നെതന്നെ പഠിച്ചു എന്നാണ് ഓർമ്മ. ഈ എഴുത്തുകാരന്റെ ചില പുസ്തകങ്ങൾ ഡിജിറ്റൽ പുസ്തകങ്ങൾ ആക്കുന്നതിൽ, ഇവർ ചിലപ്പോഴെല്ലാം ടൈപ്പിങ്ങ് നടത്തിയും, ചിത്രങ്ങൾ എഡിറ്റ് ചെയ്തും സഹായിച്ചിരുന്നു.

പോരാത്തതിന് ഏതാണ്ട് ഏഴ് വയസ്സാകുന്ന അവസരത്തിൽ, VICTORIA INSTITUTIONSന്റെ വെബ് പേജുകളും ഡിസൈൻ ചെയ്തിരുന്നു. www.victoriainstitutions.com. പോരാത്തതിന്, അന്ന് ഈ എഴുത്തുകാരൻ കാര്യമായ ഒരു സംഖ്യ നൽകി വാങ്ങിച്ചിരുന്ന eCommerce പദ്ധതി, ഈ വെബ് സൈറ്റ് പുനരാരംഭിച്ചപ്പോൾ, അതിലെ ഒരു വെബ് പേജിലേക്ക് വിജയകരമായി intergrate ചെയ്യുകയും ചെയ്തു. ഇതിന് മുമ്പ് കോഴിക്കോടുള്ള ഒരു സോഫ്ട്വേർ

കമ്പനിയാണ് ഈ കാര്യം ചെയ്തത്. എന്നാൽ വെബ് സൈറ്റ് പുനർ ആവിഷ്കരിച്ചപ്പോൾ അത് വീണ്ടും ചെയ്യേണ്ടിവന്നപ്പോഴാണ്, ഇവർ അത് വീണ്ടും eCommerce പേജിൽ നടപ്പിൽ വരുത്തിയത്. അന്ന് വർഷം ഏതാണ്ട 2005 ആണ് എന്നാണ് ഓർമ്മ.

147. അന്യർക്ക് സ്വന്തം രാഷ്ട്രത്തിന്റെ മുതൽക്കൂട്ടുകൾ മറ്റ് ദേശക്കാർക്ക് വിറ്റ് പണമുണ്ടാക്കിയവർ

ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലാണ് സാങ്കേതിക വിദ്യകളുടേയും ശാസ്ത്രീയ അറിവുകളുടേയും വേലിയേറ്റം സംഭവിച്ചത്. അതിന്റെ വ്യക്തമായ കാരണം അവിടങ്ങളിൽ അറിവ് പങ്കിടുന്നതിലും സാമൂഹികമായും തൊഴിൽപരമായും ആളുകൾതമ്മിൽ ആശയവിനിമയം ചെയ്യുന്നതിൽ, ഫ്യൂഡൽ ഭാഷകളിൽ കാണുന്ന പലതരം സങ്കോചങ്ങളും, കുശുമ്പുകളും, വെപ്രാളങ്ങളും ഇല്ലാ എന്നുള്ളതണ്.

ഇക്കാരണത്താൽത്തന്നെ അതി അമാനുഷികമായ കഴിവുകൾ ഉള്ളതും എന്നാൽ പ്രവർത്തിപ്പിക്കാൻ വളരെ ലാളിത്യം ഉള്ളതുമായ കമ്പ്യൂട്ടർ അവിടങ്ങളിലാണ് കണ്ടുപിടിക്കപ്പെട്ടത്.

ഇതുമായി ബന്ധപ്പെട്ട് അതി നൂതനമായതും, ഭൌതിക അസ്തിത്വംതന്നെയില്ലാത്തതുമായ സോഫ്ട്വേർ എന്ന ഒരു പുതിയ വസ്തുതന്നെ ലോകത്തിൽ വന്നു. ഇതിലെ പല ഭാഷകളും (Software languages) കോഡിങ്ങുകളും, അതിശക്തമായ കഴിവുകൾ ഉള്ളവയാണെങ്കിലും, പഠിച്ചെടുക്കാൻ വളരെ പ്രയാസം ഇല്ലാത്ത കാര്യങ്ങളാണ്.

ഈ കാരണത്താൽത്തന്നെ യൂഎസ്സ്എയിലെ കമ്പ്യൂട്ടർ സോഫ്ട്വർ കമ്പനികളുടെ മുതുലുടമകൾ ഒരു പുതിയ ആശയം കണ്ടെത്തി എന്ന രീതിയിൽ ഈ വക വിവരങ്ങൾ ലോകമെമ്പാടുമുള്ള മൂന്നാം ലോകരാജ്യങ്ങളിലെ തൊഴിലുകാർക്ക് പഠിപ്പിച്ചെടുക്കാൻ ഒരുമ്പെട്ടു. കാരണം, USAയിൽ നൽകുന്ന ശമ്പളത്തിന്റെ ആറിൽ ഒന്ന് പോലും കൊടുക്കാതെതന്നെ ഈ വക തൊഴിലുകൾ ഈ വക മൂന്നാം ലോക രാജ്യങ്ങളിലെ ആളുകളെകൊണ്ട് ചെയ്യിക്കാൻ ആവും.

USAയിലെ തൊഴിലുടമകൾ ശരിക്കും പറഞ്ഞാൽ അവരുടെ സ്വന്തം രാജ്യത്തിലെ പൌരന്മാരോട് ഒരു കടും കൈയാണ് ചെയ്തത്. സ്വന്തം രാജ്യത്തിലെ സാങ്കേതിക വിവരങ്ങളും രഹസ്യങ്ങളും മറ്റ് രാജ്യക്കാർക്ക് കൈമാറിയാൽ, ചൈന പോലുള്ള രാജ്യങ്ങളിൽ കടും ശിക്ഷതന്നെ ലഭിച്ചേക്കാം.

ഈ വിധ ചെയ്തികളുടെ ഭാഗമായി ഇന്ത്യപോലുള്ള രാജ്യങ്ങളിൽ സോഫ്ട്വേറുകളും ഓപ്പറെയ്റ്റിങ്ങ് സിസ്റ്റങ്ങളും ആദ്യകാലങ്ങളിൽതന്നെ യാതോരു ലൈസൻസിങ്ങും എടുക്കാതെതന്നെ ഉപയോഗിക്കാനുള്ള സൌകര്യവും നൽകിയിരുന്നു. ഇതും യഥാർത്ഥത്തിൽ USA പോലുള്ള രാജ്യങ്ങളിലെ ജനങ്ങളുടെ പൊതുവായ സമ്പത്ത് മോഷണം ചെയാൻ സൌകര്യപ്പെടുത്തുന്ന ഒരു കാര്യമായിരുന്നു. ഈ ഇനത്തിൽ കണക്കെടുത്താൽ, പല രാജ്യങ്ങളും കോടിക്കണക്കിന് നഷ്ടപരിഹാരം തന്നെ നൽകേണ്ടിവരും.

ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലെ ജനാധിപത്യവും, പുറത്ത് നിന്നുള്ള ആളുകളുടെ വേലിയേറ്റവും, അവർക്കെല്ലാം യാതോരു തത്വദീക്ഷയുമില്ലാതെ പൌരത്വം നൽകലും മറ്റും കാരണം, ദേശീയ നയങ്ങളിൽ ആർക്കും വ്യക്തമായ ശ്രദ്ധചലുത്താനോ, രാജ്യത്തിന്റെയും അവിടുള്ള പൌരന്മാരുടേയും അവകാശങ്ങളെ സംരക്ഷിക്കാനുള്ള ബോധം തന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്.

പുറത്ത് നിന്നു കേറിവന്ന ഒരോ ലോബികളുടേയും താൽപ്പര്യങ്ങൾക്കും, അവരുടെ കുരുട്ടുബുദ്ധിയോടുകൂടിയുള്ള പ്രചരണ പദ്ധതികളിൽ മോഹാലസ്യപ്പെട്ട് ഇങ്ഗ്ളിഷ് രാഷ്ട്രങ്ങൾ പല വിധ വിഡ്ഢിത്തങ്ങളിലും വന്ന് പെട്ടിരിക്കുകയാണ്. പലപ്പോഴും, അവിടങ്ങളിൽ ദേശിയ നയം നിശ്ചയിക്കുന്നത് വരെ പുറത്ത് നിന്നും കുറച്ച് കാലങ്ങൾക്ക് മുമ്പ് കയറിവന്ന കുരുട്ടു ബുദ്ധിക്കാരാണ്.

ഈ വക കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചതിന്റെ പ്രസക്തിയിലേക്ക് ഇനി കടക്കാം.

148. പാഠപുസ്തവിജ്ഞാനം പഠിപ്പിക്കുന്നവർ

ഔപചാരിക വിദ്യാഭ്യാസത്തിൽ ഉള്ള മിക്ക അദ്ധ്യാപകർക്കും പാഠപുസ്തകത്തിന് പുറത്തുള്ള പലതും അറിയില്ല. എന്നാൽ നാട്ടിൽ നടക്കുന്ന പലതിനോടും വളരെതാദാത്മ്യത്തിൽ അവർക്ക് ചിന്തിക്കാനും പ്രവർത്തിക്കാനും ആവും താനും. ഉദാഹരണത്തിന് സർക്കാർ തൊഴിലിനായുള്ള പരീക്ഷ, രാഷ്ട്രീയം, പൊതുപ്രവർത്തനം, കവല പ്രസംഗം, മലയാളം ടിവി പരിപാടികൾ എന്നിവയിൽ കാര്യമായി കഴിവുകൾ ഉണ്ട്.

എന്നാൽ ഇതിൽനിന്നെല്ലാം മാറിനിൽക്കുന്ന കാര്യങ്ങളിൽ അന്ന് മിക്ക അദ്ധ്യാപകർക്കും കാര്യമായ വിവരം ഇല്ലതന്നെ. അതായത് ഏതാണ്ട് 2000ൽ.

ഇങ്ഗ്ളിഷുമായി തീരെ ബന്ധമില്ലാത്തവരാണ് മിക്കവരും എന്നത് പ്രത്യേകിച്ച് പറയേണ്ടതില്ല. എന്നാൽ കമ്പ്യൂട്ടറും മറ്റ് ഐറ്റി സംഗതികളും ഇതേ മാതിരിതന്നെ.

ഇവ അറിയുന്ന ആളുകൾക്ക് കമ്പ്യൂട്ടർ എന്നത് എന്തോ വൻ ബുദ്ധി വൈഭവമുള്ളവർക്ക് മാത്രം കൈകാര്യം ചെയ്യാനാവുന്ന കാര്യമാണ് എന്ന ഭാവവും.

എന്നാൽ ആളുകൾ പലതരക്കാരാണ്. ഓരോ ആളുകൾക്കും വ്യത്യസ്ത കാര്യങ്ങളിലാണ് വിവരം എന്നുള്ളതും മറക്കാവുന്നതല്ല.

അതേ സമയം കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള കഴിവ് അക്ഷരാഭ്യാസം പോലെ ഒരു അത്യന്താപേക്ഷിതമായ കാര്യമാവും എന്നകാര്യം ഈ എഴുത്തുകാരന് തിരിച്ചറിവ് ഉണ്ടായിരുന്നു. എന്നാൽ ഇതില്ലാതെയും ജീവിക്കാം. അക്ഷരാഭ്യാസമില്ലാത്തവരും ജീവിക്കുന്നുണ്ട് ഈ ലോകത്തിൽ.

അദ്ധ്യാപനവും കമ്പ്യൂട്ടർ വിജ്ഞാനവും തമ്മിൽ അന്ന് നിലനിന്നിരുന്ന അന്തരം സൂചപ്പിക്കാനായി ഈ കാര്യം പറയുകയാണ്.

ഒരു ഇങ്ഗ്ളിഷ് മീഡിയം സ്ക്കൂളിൽ അവിടുള്ള അദ്ധ്യാപകർക്ക് ഇങ്ഗ്ളിഷ് ഭാഷാ നൈപുണ്യത്തിനായുള്ള ഒരു പരിശീലനം ഈ എഴുത്തുകാരൻ നടത്തുന്ന അവസരത്തിൽ, (ഏതാണ്ട് 2004ൽ), PhotoShop എന്താണ് എന്ന് ചോദിച്ചു. അദ്ധ്യാപിക-അദ്ധ്യപകരിൽ ആരും തന്നെ PhotoShop എന്നത് കേട്ടിട്ടുപോലും ഇല്ല. ഒരാൾ അഭിപ്രായപ്പെട്ടു അത് ഒരു ഫോട്ടോ സ്റ്റുഡിയോവിന്റെ പേരാണ് എന്ന്.

യാതോരു വിദ്യാഭ്യാസവും ഇല്ലാത്ത ആളായ Varuna, Adobe Photoshop ഉപയോഗിച്ച് തുടങ്ങിയിട്ട് അന്നേക്ക് ഏതാണ്ട് അഞ്ച് വർഷം പിന്നിട്ടിരിക്കാം. ഔപചാരിക വിദ്യാഭ്യാസത്തിൽ അധികാരപ്പെട്ടവരിൽ മിക്കവർക്കും Photoshop എന്ന വാക്ക് കേട്ടറിവ് പോലും ഇല്ലതന്നെ.

149. വഴിതെറ്റിച്ചു വിടുന്ന അരസികമായ പരിശീലനത്തിന്‍റെ പിന്നാംമ്പുറം

ഈ എഴുത്തുകാരൻ ആദ്യമായി കമ്പ്യൂട്ടർ ഉപയോഗിച്ചത് 1985ൽ ഒരു വിദേശ ബന്ധമുള്ള ഒരു ബന്ധുവീട്ടിൽ നിന്നാണ്. ഇന്നത്തെ കമ്പ്യൂട്ടറുകളോട് താരതമ്യം ചെയ്യുമ്പോൾ വളരെ പ്രാചീന സാങ്കേതിക സൌകര്യങ്ങളുള്ള കമ്പ്യൂട്ടറാണ്. Mouse ഇല്ല. എല്ലാ കാര്യങ്ങളും Keyboard ഉപയോഗിച്ച്, BASIC കോഡുകളിലൂടെ നൽകി, കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കലാണ്.

ഈ കമ്പ്യൂട്ടർ ഉപയോഗിക്കാൻ ഈ എഴുത്തുകാരനെ പഠിപ്പിക്കാൻ, അന്ന് ആ കമ്പ്യൂട്ടറിന്‍റെ അധികാരപ്പെട്ട ഒരു വ്യക്തി അതേ വീട്ടിലെ മറ്റൊരു ആളോട് വലിയ നിർബന്ധമില്ലാത്ത രീതിയിൽ ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം ആ വ്യക്തി കുറച്ച് കാര്യങ്ങൾ പറഞ്ഞുതരികയും ചില പുസ്തകങ്ങൾ വായിക്കാൻ നൽകുകയും ചെയ്തിരുന്നു.

ഈ പഠനം മുന്നോട്ട് പോയില്ലതന്നെ. പിന്നീട് തിരിച്ചറിവ് ലഭിച്ചത്, ഈ വിധ പഠിപ്പിക്കൽ പലതുകൊണ്ടും വഴിതിരിച്ച് വിടാനുള്ള പദ്ധതിയായിട്ടാണ് പരിണമിക്കുക എന്നത്.

ഈ മനോഗതിക്ക് ആരേയും കുറ്റം പറയാനും ആവില്ലതന്നെ. കാരണം, ഈ മാനസികാവസ്ഥ ഈ നാട്ടിലെ ഫ്യൂഡൽ ഭാഷകളിൽ അന്തർലീനമായിട്ടുള്ളതാണ്.

സമ്പത്ത്, അതായത് പണം, വിവരം, സാങ്കേതികവിദ്യാ ജ്ഞാനം, ഉയർന്ന ബന്ധങ്ങൾ, സൌകര്യമുള്ളതും ഗുണമേന്മയുള്ളതുമായ പാർപ്പിടസൌകര്യം, വൻ തൊഴിൽ തുടങ്ങിയ പലതും, ആളെ 'അദ്ദേഹ'മാക്കും. ഇത് ഒന്നും ഇല്ലാത്ത ആളെ 'അവൻ' ആക്കും, മറ്റുള്ളവർ.

അതിനാൽത്തന്നെ സ്വന്തമായുള്ള ഈ വിധ സമ്പത്ത്, അത് ഇല്ലാത്ത ആളുമായി പങ്കിട്ടാൽ, മറ്റുള്ളവർ കാണുന്നത്, സ്വന്തം സമ്പത്തിന്‍റെ ചോർച്ചയും മറ്റൊരു ദിക്കിൽ അവ ശേഖരിക്കപ്പെടുന്നതുമായാണ്.

ഇങ്ങിനെ പോയാൽ 'അദ്ദേഹം', 'അവൻ' ആകും. ചിലപ്പോൾ രണ്ട് 'അവൻ' എന്നവർ രൂപികരിക്കപ്പെടും. അതുമല്ലെങ്കിൽ ആദ്യത്തെ ആൾ 'അവനും', രണ്ടാമത്തെ ആൾ 'അദ്ദേഹവും' ആകും.

ഈ ഒരു പ്രശ്നം ഫ്യൂഡൽ ഭാഷകൾ ഉള്ള എല്ലാദിക്കിലും ഉണ്ട്.

എന്നാൽ വിചിത്രമെന്ന് പറയട്ടെ ഇങ്ങിനെ ഒരു കാര്യം മനുഷ്യ മനോഗതിയിലും (thought processes), മനുഷ്യവികാരങ്ങളിലും (human emotions), മാനസിക അരക്ഷിതത്വത്തിലും (mental insecurity) ഉണ്ട് എന്ന ഒരു ഹേതു പോലും, ഇങ്ഗ്ളിഷ് സംവാദങ്ങളിൽ എവിടെയും കണ്ടതായി ഓർക്കുന്നില്ലതന്നെ.

150. ഒറ്റ പ്രാവശ്യം കണ്ടാൽ മന:പ്പാഠമാക്കാവുന്ന വിവരങ്ങൾ

ശരിക്ക് കമ്പ്യൂട്ടർ ഉപയോഗിച്ച് തുടങ്ങിയത് 1999ആണ്. അപ്പോഴേക്കും കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് സാങ്കേതികത അതിദൂരം മുന്നോട്ട് സഞ്ചരിച്ചുകഴിഞ്ഞിരുന്നു.

ഇന്റർനെറ്റ് വ്യാപിച്ചിരുന്നു. ഈകോമേസ് (eCommerce) സൌകര്യം പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്നു.

ഈ അവരത്തിൽ ജീവിതത്തിൽ ഒരു പ്രത്യേകരീതിയിൽ ഉള്ള പരാജയങ്ങളുടെ പടുകുഴിയിൽപ്പെട്ടിരിക്കുന്ന അവസരത്തിലാണ് കമ്പ്യൂട്ടർ മേഖലയുമായി ബന്ധപ്പെട്ട് കൊണ്ട് പ്രവർത്തന പരിചയം ലഭിച്ചത്. അത് ഒരു ഐടി വിഭാഗത്തിൽപ്പെട്ടതും യൂഎസ്സുമായി ബന്ധപ്പെട്ട തൊഴിൽ ഇന്ത്യയിൽ ഇരുന്നുകൊണ്ട് ചെയ്യുക എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഒരു പരിശീലനപരിപാടിയായിരുന്നു. മറ്റൊന്നും ചെയ്യാനില്ലാ എന്ന പ്രതിസന്ധി തരണം ചെയ്യുക എന്നുള്ളത് മാത്രമേ അന്ന് ഈ പരിശീലനത്തിൽ പങ്കെടുത്തപ്പോൾ ചിന്തയുണ്ടായിരുന്നുള്ളു. എന്നാൽ ഇത് കമ്പ്യൂട്ടറും ഇന്റർനെറ്റുമായി അതിഗംഭീരമായ ബന്ധം സ്ഥാപിക്കുന്നതിന് തുടക്കം കുറിച്ചു.

മുകളിൽ സൂചിപ്പിച്ച പരിശീലനം ഒരു ഇങ്ഗ്ളിഷ് മാനസിക അന്തരീക്ഷത്തിൽ നടത്തപ്പെടേണ്ട ഒന്നായിരുന്നു. ഇങ്ഗ്ളിഷ് സംസാരിച്ചാൽ മറ്റുള്ളവർ ഇങ്ഗ്ളിഷിൽ തിരിച്ച് സംസാരിക്കും എന്നല്ലാതെ, ഒരു ഇങ്ഗ്ളിഷ് മാനസിക അന്തരീക്ഷം അവിടെ ഇല്ലായിരുന്നു. കേരളത്തിൽ തന്നെ.

ഇതിനാൽത്തന്നെ പലപ്പോഴും ഒരു ഫ്യൂഡൽ ഭാഷാ ചുവയിൽത്തന്നെ കാര്യങ്ങൾ നടന്നു. വളരെ എളുപ്പത്തിൽ പഠിച്ചെടുക്കാവുന്ന കമ്പ്യൂട്ടർ ഉപയോഗം അത്ര പെട്ടെന്ന് പഠിച്ചെടുക്കരുത് എന്ന ഭാവം തന്നെ അവിടുള്ള പരിശീലകരിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അവരാരും മോശമനോഭാവക്കാരല്ല. നല്ല സൌമ്യ മനസ്കർ തന്നെ. എന്നാൽ ഈ നിഷേധ ഭാവം ഭാഷാപരമായ കോഡുകളുടെ നിയന്ത്രണത്താൽ വന്നതാണ്.

കമ്പ്യൂട്ടർ കീബോഡിൽ (keyboardൽ) F, J എന്ന ലിപികളുടെ കീയിന്മേൽ (keyയിന്മേൽ) മുകളിലോട്ട് ഉന്തിനിൽക്കുന്ന ഒരു ചെറിയ മുഴയുണ്ട് (protrusion ഉണ്ട്). ഇതിന്മേൽ വിരലുകൾ തട്ടിയാൽ, കീബോഡിൽ വിരലുകൾ യഥാസ്ഥാനത്ത് നിലയുറപ്പിക്കാൻ സഹായകരമാവും എന്ന കാര്യം കമ്പ്യൂട്ടർ ഉപയോഗിക്കുന്നവർക്ക് അറിവുള്ളതാണ്. ഈ കാര്യംതന്നെ വളരെ സ്വകാര്യമായാണ് ഒരു പരിശീലകൻ വന്ന് പറഞ്ഞ് തന്നത്.

പോരാത്തതിന്, അക്ഷരങ്ങളെ Bold, Italics തുടങ്ങിയരീതിയിൽ അടയാളപ്പെടുത്താനും മറ്റും ഉള്ള Short-cut keys പറഞ്ഞതരാൻ പരിശീലകർക്ക് വളരെ മനോവിഷമം. കാരണം ഇത്രയേയുള്ളു. ഒറ്റ പ്രാവശ്യം കണ്ടാൽ മന:പ്പാഠമാക്കാവുന്ന കാര്യങ്ങളാണ് കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട പല ബാഹ്യമായ കാര്യങ്ങളും. ആശാരിപ്പണിപോലയോ മോട്ടർ മെക്കാനിക്ക് പണിയോ പോലെയല്ല.

ഏതാണ്ട് 2002ൽ ഒരു പരിചയക്കാരന്റെ ഉടമസ്ഥതയിലുള്ള ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന് ഉള്ളിൽ നിൽക്കുന്ന അവസരത്തിൽ, Adobe PageMaker

പഠിപ്പിക്കുന്ന രീതി കണ്ടു. വളരെ വളഞ്ഞരീതിയിൽ. പരിശീലകനോട് സ്വകാര്യമായ ഈ രീതിയിൽ എന്തിനാണ് പഠിപ്പിക്കുന്നത് എന്ന് ചോദിച്ചപ്പോൾ, ആ ആൾ പറഞ്ഞത്, ഈ പ്രകാരമാണ് :

"സാറിന് ഇവനെയൊന്നും മനസ്സിലായിട്ടില്ല. ഇവനൊക്കെ ഇത് പഠിച്ചാൽ പിന്നെ അവനും മാഷാണ്. പിന്നെ ഇവന്റെ അടുത്ത പണി എന്നെ പാരവെക്കലാണ്."

(Please note: ഈ എഴുത്തുകാരനെ ആരും തന്നെ 'സാർ' എന്ന് സംബോധന ചെയ്യാൻ സാധാരണയായി പ്രചോദനം നൽകാറില്ല.)

ഈ പരിശീലകൻ പറഞ്ഞത് വാസ്തവമാണ്. അത് ആ ആൾക്ക് എന്തെങ്കിലും മാനസിക നിഷേധാത്മകത ഉള്ളത് കൊണ്ട് പറഞ്ഞതല്ല. ഭാഷാ കോഡുകൾ ഈ രീതിയിലാണ് ഈ നാട്ടിൽ വിളയാടുന്നത്. മനുഷ്യരെക്കൊണ്ട് വിളയാടിക്കുന്നത്.

151. ഗുണമേന്മയുള്ള കുലത്തൊഴിലുകളെ നാമാവശേഷമാക്കിയ നിർബന്ധ ഔപചാരിക വിദ്യാഭ്യാസം

Varunaയ്ക്ക് ഏതാണ്ട് 8 വയസ്സ് കഴിയാറായപ്പോഴാണ് കമ്പ്യൂട്ടർ ഭാഷകളുമായി നേരിട്ട് പരിചയം ലഭിച്ചത്. അതിന് മുന്നെ ബാഹ്യമായ കാര്യങ്ങളുമായാണ് നേരിട്ട് ബന്ധമുണ്ടായിരുന്നത്. വെബ് സൈറ്റ്, വെബ് ഫോറം പേജ് സൃഷ്ടിക്കൽ, പെയ്മെന്റ് ഗെയ്റ്റ് വേ ഇന്റഗ്രേഷൻ, ഡിജിറ്റൽ ബുക്ക് നിർമ്മാണം, ഫോട്ടോ എഡിറ്റിങ്ങ്, ബുക്ക് ഡിസൈനിങ്ങ് തുടങ്ങിയ കാര്യങ്ങളിൽ നിത്യപരിചയം വന്നത്, ഈ എഴുത്തുകാരൻ ഈ വക കാര്യങ്ങൾ VICTORIA INSTITUTIONS വെബ് സൈറ്റുമായി ബന്ധപ്പെട്ട് നിത്യവും പല പ്രവർത്തനങ്ങളും ചെയ്യുന്നതിൽ, ചിലപ്പോഴെല്ലാം ഇവർ പങ്കെടുത്തത് കൊണ്ടാണ്.

ഇതുമായി ബന്ധപ്പെട്ട് ഇവിടെ എടുത്ത് പറയാവുന്ന ഒരു നിരീക്ഷണം ഇതാണ്. കുടുംബപരമായതും കുലത്തൊഴിലായതുമായ കാര്യങ്ങൾ സാങ്കേതിക ഗുണമേന്മയുള്ളവയാണെങ്കിൽ അവ നശിപ്പിക്കുന്ന ഔപചാരിക നിർബന്ധ വിദ്യാഭ്യാസം ഒരു തെമ്മാടിത്തരംതന്നെയാണ്.

ഈ നാട്ടിലെ പാരമ്പര്യ നൈപുണ്യങ്ങളിൽ ഏറ്റവും ഔന്നിത്യമുള്ളവയിൽ ഒന്നാണ് ആശാരിപ്പണി (Carpentry). ഇതുമായി ബന്ധപ്പെട്ട ഒന്നാണ് വാസ്തുവിദ്യ. എന്നാൽ ഈ കുലത്തൊഴിലിന് മഹിമ പോരാ എന്നുള്ളത് ഇന്നുള്ള ഔപചാരിക വിദ്യാഭ്യാസവും ഈ നാട്ടിലെ ഫ്യൂഡൽ ഭാഷകളും മനസ്സിൽ അടിച്ചേൽപ്പിക്കുന്ന വിവരമാണ്.

ഇതുമായി ബന്ധപ്പെട്ട് പണ്ട് ഒരു സംഭവം തന്നെയുണ്ടായി. മകന്റെ പഠനവുമായി ബന്ധപ്പെട്ട് പണ്ട് ഒരു സ്ത്രീ ഈ എഴുത്തുകാരനുമായി സംസാരിച്ചിരുന്നു. കുലപരമായി ആശാരിയാണ് ഭർത്താവ്. എന്നാൽ ആൾ ഗൾഫിലാണ് തൊഴിൽ ചെയ്യുന്നത്.

ആശാരിയുടെ മകന് ആശാരിപ്പണിയിൽ വൈദഗ്ദ്യം വളരെ ചെറുപ്പത്തിൽത്തന്നെ ലഭിക്കാവുന്നതാണ്. എന്നാൽ ഈ തൊഴിലിൽ പിന്നീട് നിലനിൽക്കണം എന്നില്ല. ഈ ഒരു കാര്യം മനസ്സിൽ വച്ച് കൊണ്ട് ചെറുപ്രായക്കാരനായ മകന് (ഏതാണ്ട് 8 വയസ്) ആശാരിപ്പണിയിൽ (Carpentryൽ) നല്ല വൈദഗ്ദ്ധ്യം ഉണ്ടാവുമല്ലോ എന്ന് ചോദിച്ചു. ആ സ്ത്രീയിൽ അന്ന് കണ്ടപ്രതികരണം, ആളെ മുഖത്ത് നോക്കി അപമാനിച്ചു എന്ന രീതിയിലാണ്. ഒരു തുപ്പുന്ന രീതിൽ ആഗ്യം കാണിച്ച് കൊണ്ട്, 'ഇവനെ ഡോക്ടറാക്കാനാണ് ഞങ്ങളുടെ ഉദ്ദേശം', എന്ന് പറഞ്ഞു. രംഗം തിക്കച്ചും പരുക്കനായി.

സ്വന്തം കുലത്തൊഴിലിനോട് തന്നെ വിരോധം ലഭിപ്പിക്കുന്ന ഭാഷകളാണ് നാട്ടിൽ നടമാടുന്നത്. ഡോക്ടർ മലബാറിയിൽ 'ഓറ്' ആണ് അല്ലെങ്കിൽ 'ഓല്' ആണ്. മലയാളത്തിൽ 'അദ്ദേഹം' ആണ്, 'സാർ' ആണ്. അതുമല്ലെങ്കിൽ 'മാഡം' ആണ്, 'അവർ' ആണ്.

ആശാരിക്കും ഡോക്ടർക്കും വാക്ക് കോഡുകളിൽ ഒരേ നിലവാരം സാമൂഹികമായി ലഭിക്കണമെങ്കിൽ ഇങ്ഗ്ളിഷിൽ കടന്നുകയറണം. അതുമല്ലെങ്കിൽ വളരെ

വിദഗ്ദ്ധമായി കരുക്കൾ നീക്കി ബഹുമാനം പിടിച്ചെടുക്കണം. അതും സാധ്യമായ കാര്യമാണ്.

പണ്ട് ഒരു സ്ത്രീ പരിചപ്പെടുന്ന അവസരത്തിൽ തന്റെ ഭർത്താവ് പോലീസിലാണ് എന്ന് പറഞ്ഞു. പോലീസ് കോൺസ്റ്റബ്ൾ ആണോ എന്ന് ഈ എഴുത്തുകാരൻ ചോദിച്ചു. പ്രശ്നം ഗുരുതരമായി. പോലീസുകാരനെ 'കോൺസ്റ്റബ്ൾ' എന്ന് പരാമർശിക്കാൻ പാടില്ലാ എന്ന് പിന്നീട് അറിവ് ലഭിച്ചു.

ഈ വിവരം മറ്റൊരു അവസരത്തിൽ ഈ എഴുത്തുകാരന്റെ കോളജിൽ പഠിച്ച ഒരു വ്യക്തി പറയുകയുണ്ടായി. ഈ ആൾ അന്ന് കേന്ദ്രസർക്കാറിന്റെ ഒരു പോലീസ് വകുപ്പിൽ ഇൻസ്പെക്ടറായി തൊഴിൽ ചെയ്യുകയായിരുന്നു. ഈ ആൾ ഒരു ഔദ്യോഗിക ആവശ്യത്തിന് തിരുവനന്തപുരത്തെ ഒരു സംസ്ഥാന പോലീസ് വകുപ്പിന്റെ ഒരു ഓഫിസിൽ പോയ ആവസരത്തിൽ ഒരു പോലീസ് കോൺസ്റ്റബ്ൾനെ, 'കോൺസ്റ്റബ്ൾ' എന്ന് വിളിച്ചു. അങ്ങിനെയുള്ള ഒരു പരാമർശം പോലീസുകർക്ക് രുചിക്കില്ലത്രെ.

നൂറുകൂട്ടം വെറികളും, വെപ്രാളങ്ങളും, വെറുപ്പുകളും, വിരോധങ്ങളും, വിഷാദരോഗങ്ങളും, വിരോധാഭാസങ്ങളും, വിക്രിയങ്ങളും, വെകിളികളും, പോരാത്തതിന് മനസ്സിൽ ചുഴലിയും വരെ വരുത്താനാവുന്ന ഗുപ്തമായ കോഡുകളും മനോഭാവങ്ങളും ഉള്ളവയാണ് ഫ്യൂഡൽ ഭാഷകൾ.

152. അൽപന് അൽപം ഐശ്വര്യം ലഭിച്ചാൽ എന്താണ് അടുത്ത പരിപാടി

ഏതാണ്ടാ 2002ൽത്തന്നെ C+, C++, MySql, Visual Basic തുടങ്ങിയ പ്രോഗ്രാമിങ്ങ് ലാങ്ഗ്വജുകൾ (programming languageകൾ) Varunaയെ പഠിപ്പിക്കണം എന്ന ഒരു ആഗ്രഹം മനസ്സിൽ ഉണ്ടായിരുന്നു. കാരണം, അന്ന് കമ്പ്യൂട്ടർ എന്നുവച്ചാൽ മാഹാബുദ്ധിമാന്മാർക്കും മറ്റും മാത്രം സമീപിക്കൻ പറ്റുന്ന കാര്യമാണ് എന്ന ഒരു ധ്വനിതന്നെ സമൂഹത്തിൽ പരന്നിരുന്നു. 'ആള് കമ്പ്യൂട്ടർ ജീനിയസ് ആണ്' എന്നൊക്കെ പലരെക്കുറിച്ചും പറയുന്നത് കേട്ടിട്ടുമുണ്ട് അന്ന്.

എന്നാൽ വാസ്തവത്തിൽ പഠിച്ചെടുക്കാൻ പറ്റുന്ന നൈപുണ്യങ്ങളിൽ ഏറ്റവും എളുപ്പവും, എന്നാൽത്തന്നെ ഏറ്റവും അത്ഭുതകരമായ കഴിവുകളും നൈപുണ്യങ്ങളും കരവിരുതുകളും നൽകുന്ന ഒരു വസ്തുവാണ് കമ്പ്യൂട്ടർ എന്ന ഒരു വിവരം തന്നെ പലദിക്കിൽ നിന്നും നേരിട്ട് അറിഞ്ഞ് തുടങ്ങിയുന്നു.

ഇതിന് മുഖ്യമായ വിവരം നൽകിയത്, ഇങ്ഗ്ളിഷിൽ യാതോരു വിവരവും ഇല്ലാത്ത പലരും ഇതിൽ നല്ല നൈപുണ്യം നേടിയതായി കണ്ടിരുന്നു.

എന്നാൽ ഇവരാകട്ടെ അതി ഗംഭീരമായ വിവരസ്രോതസ്സിന്റെ ഉടമസ്ഥരും, വാക്താക്കളും ആണ് എന്ന ഭാവത്തിലാണ് നിലകൊണ്ടിരുന്നത്.

ഏതാണ്ട് 1999ൽ കോഴിക്കോടിന് ഏതാണ്ട് 50 കീലോമീറ്റർ വടക്കായുള്ള ഒരു ചെറിയ പട്ടണമായ വടകരയിൽ (Badagaraയിൽ) വച്ച് ഒരു അനുഭവമുണ്ടായി. ഒരു DTP പ്രസ്സിൽ ഒരു കാര്യം, ടൈപ്പ് ചെയ്ത് പ്രിന്റ് ചെയ്യാൻ കൊടുത്തു. അന്നാണെങ്കിൽ വടകര ഒരു ചെറിയ തെരുവുകൾ ഉള്ള ഒരു ഞെരുങ്ങിയ പ്രദേശമായിരുന്നു. എന്നാൽ, ടൈപ്പ് ചെയ്യാൻ ഉള്ള വസ്തുവിലെ മേൽവിലാസം അതിനേക്കാൾ കൊടുംകാട് മാതിരിയുള്ളതായാണ് കാണപ്പെട്ടത്.

ഈ നാട്ടിൽ നാടിന്റെ പേരിനോട് ബന്ധപ്പെടുത്തി ആളെ അളക്കുന്ന ഒരു രീതിയുണ്ട്.

ആ പ്രസ്സിൽ അത് ടൈപ്പ് ചെയ്യാൻ അപ്പോൾ സൌകര്യമില്ല. വൻ നഗരത്തിൽ ഉള്ള വലിയ മനുഷ്യൻ കുഗ്രാമത്തിലുള്ള വിഢ്ഢിയോട് എന്ന രീതിയിലാണ് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കുന്നത്. തൊട്ടടുത്തുള്ള മറ്റൊരു DTP സെന്ററിൽ ചെന്നാൽ അത് ടൈപ്പ് ചെയ്ത് തരും എന്ന് ഈ DTP പ്രസ്സിലെ മുഖ്യ വ്യക്തി പറഞ്ഞു.

അങ്ങിനെ ആ DTP സെന്ററിൽ ചെന്നപ്പോൾ, മറ്റൊരു കമ്പ്യൂട്ടർ ജീനിയസാണ് അവിടെയുണ്ടായിരുന്നത്. കാര്യം പറഞ്ഞപ്പോൾ, ഇവിടെയുള്ള ----------അവിടെയുണ്ടോ എന്ന് നിങ്ങൾ ഉറപ്പ് വരുത്തി വരിക. എന്ന് പറഞ്ഞ് ഒരു പെയ്പ്പറിൽ PM4 എന്ന് വളരെ നിഗൂഢമായ ഒരു രേഖ എഴുതുന്നത് മാതിരിയുള്ള ഭാവത്തിൽ എഴുതിത്തന്നു. ഇത്രയും നിഗൂഢതയുള്ള PM4 എന്താണ് എന്ന് അന്വേഷിക്കാനൊന്നും പോയില്ല. കാരണം, വൻ ദൂരങ്ങൾ യാത്രചെയ്യുന്നതിനിടയിലാണ് വടകരയിൽ ഒന്ന് ഇറങ്ങിയത്.

ഈ PM4മായി തിരിച്ച് ആദ്യത്തെ DTP പ്രസ്സിൽ പോയി മുഖ്യവ്യക്തിക്ക് കൊടുത്തു.

ആ വ്യക്തി ആ കുറിപ്പ് കാര്യമായി ഒന്ന് പഠിച്ചു. മവോയിസ്റ്റ് സങ്കേതങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ഐപിഎസ് ഉദ്യോഗസ്ഥൻ പോലീസ് കോൺസ്റ്റബ്ൾമാരുടെ മുന്നിൽ വച്ച് വായിച്ച് പഠിക്കുന്ന അതേ ഭാവം.

എന്നിട്ട് കാര്യമായി ഒന്ന് ചിന്തിച്ചിട്ട് ഒരു കുറിപ്പിൽ എഴുതി, PM4 ഇവിടെ ഉണ്ട്.

ഈ കുറിപ്പുമായി തിരിച്ച് വന്ന് കൊടുത്തപ്പോൾ, അത് അതീവ ഗഹനമായി ആ ആദ്യത്തെ വ്യക്തി വായിച്ചു. ചിന്തിച്ചു. എന്നിട്ട് പ്രതികരിച്ചു.

ഈ വിധ ഭാവങ്ങൾ സാധാരണ കണ്ടിട്ടുള്ളത് നിലവാരം കുറഞ്ഞ സർക്കാർ ഉദ്യോഗസ്ഥരിലാണ്. അങ്ങിനെ നോക്കുമ്പോൾ, സർക്കാർ ഉദ്യോഗസ്ഥരുടെ സ്വതസിദ്ധമായ സ്വഭാവമല്ല, ആളെ നടത്തിക്കൽ എന്ന് പറയാമെന്ന് തോന്നുന്നു. ഈ നാട്ടിൽ, സ്വന്തം സ്വതസിദ്ധമായ വ്യക്തിത്വത്തിന് അതീതമായുള്ളത് ഏതൊരാൾക്ക് ലഭിച്ചാലും, ആ ആളൊന്ന് വിലസും. കാര്യമായി വിധേയത്വഭാവമില്ലത്ത ആരേയും ഒന്ന് നടത്തിക്കും. അത് വാസ്തവം തന്നെ.

രണ്ട് കൂട്ടരും നിത്യേനെ ബന്ധപ്പെടുന്ന സ്ഥാപനങ്ങളാണ്. മാത്രവുമല്ല, ഈ PM4തന്നെയാണ് നിത്യവും രണ്ട് കൂട്ടരും ഉപയോഗിക്കുന്നത്.

ഈ നിഗൂഢമായ PM4 എന്താണ് എന്ന് ഏതാണ്ട് ആറ് മാസത്തിനുള്ളിൽ മനസ്സിലായി എന്ന് മാത്രമല്ല, അതിവേഗത്തിൽ ഇത് ഉപയോഗിക്കാനുള്ള നൈപുണ്യവും ഈ എഴുത്തുകാരനും പോരാത്തതിന് അന്ന് ഏതാണ്ട് അഞ്ച് വയസ് പ്രായമുള്ള Varunaയും നേടിയെടുത്തിരുന്നു. Adobe PageMakerന്റെ Version 4ന് ആണ് PM4 എന്ന് നിഗൂഢനാമം നൽകി ആളെ വെപ്രാളപ്പെടുത്താൻ ശ്രമിച്ചത്. ഈ Adobe PageMaker മിക്ക് DTP സെന്ററുകളിലും ഏതാനു മാസങ്ങൾക്കുള്ളിൽ വളരെ സാമാന്യമായി കണ്ടുവരുന്ന ഒരു desktop publishing program ആയിരുന്നു.

ഇതിനെ മറികടന്ന് Adobeയുടെതന്നെ Adobe Indesign പുറത്തിറങ്ങിയിട്ടുണ്ട്.

153. കമ്പ്യൂട്ടർ ഭാഷ പഠിപ്പിക്കാൻ ഒരു അവസരംവന്നു

C+, C++, MySql, Visual Basic തുടങ്ങിയവ പഠിക്കാൻ കാര്യമായ പ്രയാസം ഇല്ലാ എന്നുള്ളത് അറിയാമെങ്കിലും, ഈ എഴുത്തുകാരന് അവ അറിയില്ല എന്നുള്ളത് വാസ്തവം തന്നെ. അതിനാൽത്തന്നെ ഇവ Varunaയെ പഠിപ്പിക്കാൻ സൌകര്യപ്പെട്ടില്ല, ഏതാനും വർഷങ്ങളോളം.

എന്നാൽ Varunaയ്ക്ക ഏതാണ്ട് എട്ടുവയസ് കഴിയാറായപ്പോൾ അടുത്തുള്ള ഒരു കമ്പ്യൂട്ടർ പഠന കേന്ദ്രം ഒരു പുതിയ വ്യക്തി വാങ്ങിക്കുകയുണ്ടായി. ഈ പഠന കേന്ദ്രത്തിന്റെ പ്രധാന മുതൽഉടമയായ ചെറപ്പക്കാൻ വന്ന് അവിടെ ഒരു ഇങ്ഗ്ളിഷ് ക്ളാസ് നടത്താമോ എന്ന് ചോദിച്ചു,

ഇതിന് ബദലായി ചോദിച്ചത്, അവിടെ നടക്കുന്ന C+, Visual Basic തുടങ്ങിയ ക്ളാസുകളിൽ Varunaയ്ക്ക് കൂടിയിരുന്നു പഠിക്കാമോ എന്നുള്ളതായിരുന്നു. ഈ ഒരു ചോദ്യത്തിൽ ഒരു സങ്കീർണ്ണതയുണ്ടായിരുന്നു. പഠനവും പഠന അന്തരീക്ഷവും കഴിവതും ഇങ്ഗ്ളിഷിൽ ആയിരിക്കേണം എന്നും, യാതോരുവിധത്തിലും Varunaയെ മലയാളം പഠിപ്പിക്കാൻ ശ്രമിക്കരുത് എന്നും. മാത്രവുമല്ല, Varunaയ്ക്ക് പ്രായം എട്ടുവയസ്സാണ്. പഠനത്തിന് ഉള്ള മറ്റുള്ളവരുടെ വയസ്സ് ഏതാണ്ട് 18 - 22 ആയിരിക്കാം.

ഈ ആവശ്യം ആ വന്ന ആൾ അംഗീകരിക്കുക ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ഈ എഴുത്തുകാരൻ ഇങ്ഗ്ളിഷ് പഠിപ്പിക്കുന്ന അതേ അവസരത്തിൽ, അടുത്തുള്ള ക്ളാസ് റൂമിൽ C+ പഠനത്തിൽ Varuna പങ്കെടുത്തു.

C+ക്ളാസ് എടുത്തത് നേരത്തെ സൂചിപ്പിച്ച, ഈ കേന്ദ്രത്തിന്റെ ഉടമതന്നെയായിരിന്നു. ക്ളാസിൽ പത്തോളം പേരുണ്ടായിരുന്നു എന്നാണ് ഓർമ്മ. Varunaയുടെ പഠനത്തിന് നിശ്ചിത ഫീസും നൽകിയിരുന്നു. ഇങ്ഗ്ളിഷ് ക്സാസ് നടത്തിയതിന് അതിന്റെതായ ഒരു സംഖ്യയും അവർ നൽകിയിരുന്നു.

ഇത് ഏതാണ്ട് ഒരുമാസം മാത്രമേ നടന്നുള്ളു. അപ്പോഴെക്കും ഈ എഴുത്തുകാരന് ബോംബെയിലക്ക് പോകേണ്ട ഒരു ആവശ്യം വന്നു.

എന്നാൽ പഠിപ്പിച്ചു കഴിഞ്ഞ C+ൽ Varunaയ്ക്ക് വളരെ കാര്യമായ നൈപുണ്യം പെട്ടെന്ന് തന്നെ ലഭിച്ചു എന്നാണ് അറിഞ്ഞത്.

Varunaയ്ക്ക ഔപചാരിക വിദ്യാഭ്യാസം ഇല്ലാ എന്നുള്ളത് പലരിലും അഗാധമായ മനോവിഷമം സൃഷ്ടിച്ചിരുന്നു. നാട്ടിൽ പലവിധ പ്രശ്നങ്ങളിലും വിഷമതകളിലും പെട്ട് പല ആളുകളും ഉഴലുന്നുണ്ട്. അതൊന്നും ഈ കൂട്ടർക്ക് യാതോരു പ്രശ്നവും ഇല്ലതന്നെ. എന്നാൽ മലയാളം പഠിക്കാതെയും ഔപചാരിക വിദ്യാഭ്യാസം ലഭിക്കതെയും ജീവിക്കുകയെന്നുള്ളത് ഒരു തീരാ വിഷമമായി പലർക്കും മനോവേദന നൽകി എന്ന് അറിയുന്നു. ഇതുമായി ബന്ധപ്പെട്ട് പല ഉൾനാടൻ ബുദ്ധിജീവി / രാഷ്ട്രീയ ചർച്ചകളും നടന്നു എന്നും, ഈ പ്രശ്നത്തെ നിയമം ഉപയോഗിച്ചും, പോലീസിനെ ഉപയോഗിച്ചും നേരിടണം എന്നും തീരുമാനം എടുത്തതായി ഈ എഴുത്തുകാരനെ ചിലർ അറിയിച്ചിരുന്നു.

സ്വന്തം കുടുംബത്തിൽ ആണെങ്കിൽ നേരത്തെ സൂചിപ്പിച്ച വൻ ഔദ്യോഗിക ബലപ്രയോഗത്തിന് കഴിവുള്ളവരാണ് അപ്പുറത്ത് അണിനിരന്നിരുന്നത്.

അന്ന്, അതായത് ഏതാണ്ട് 1900 - 2004 കാലഘട്ടത്തിൽ കണ്ടറഞ്ഞതും, കേട്ടറിഞ്ഞതുമായ കാര്യം, വെറും രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് മാസക്കാലം C+സും, അതുപോലുള്ള കമ്പ്യൂട്ടർ ഭാഷകളും മറ്റും പഠിച്ച, പലരും, അവരിൽ പലർക്കും ശരിക്കും ഇങ്ഗ്ളിഷ് പോലും അറിയില്ല, അമേരിക്ക, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിലേക്ക് അവിടുള്ള ഈ വക തൊഴിലുകൾ നിസ്സാര വേതന നിരക്കിൽ ചെയ്യാനായി കയറിക്കൂടി എന്നുള്ളതാണ്.

അവിടെ എത്തിയ പലരും അധികം വൈകാതെ, അവിടുള്ള ലക്ഷക്കണക്കിന് വ്യാപാര സ്ഥാപനങ്ങൾക്ക് ആവശ്യമായ വിവിധതരം സോഫ്ട്വേറുകൾ കസ്റ്റമൈസ് ചെയ്ത് വൻ വ്യാപാര കമ്പനികൾവരെ സൃഷ്ടിച്ചു. പലരും അവിടെയിരുന്ന, ഈ വിധ സോഫ്ട്വേറുകൾക്കായുള്ള ഓഡറുകൾ സ്വരൂപിച്ച്, അവരുടെ തന്നെ തൊഴിലുകാരായ ആളുകളെക്കൊണ്ട് ഇന്ത്യയിൽ ഇരുന്ന് ചെയ്യിച്ച്, ഇന്ററർനെറ്റ് മുഖേന അങ്ങോട്ടേക്ക് എത്തിച്ച്, വൻ ലാഭങ്ങൾ കൊയ്തെടുത്തു. ഇതിന് സൌകര്യപ്പെടുത്തുന്ന രീതിയിൽ ഇന്ത്യൻ നാണയത്തിന്റെ മൂല്യം സർക്കാർ കൃത്രിമമായോ, സ്വാഭാവികമായോ ഇടിച്ച് താഴ്ത്തിക്കൊണ്ടിരുന്നു.

ചില ആളുകൾ ഇന്ത്യയിൽ ഇരുന്ന് തന്നെ ഈ വിധ തൊഴിലുകൾ വിദേശ കമ്പനികൾക്ക് ചെയ്ത് ലക്ഷങ്ങൾ തന്നെ ലഭം നേടിയെടുത്തു.

154. ധനവാൻ ദരിദ്രവാസിയായി സിനിമയിൽ അഭിനയിക്കുമ്പോൾ ഉളവാകുന്ന അസ്വാഭാവിക ഓമനത്വം

കമ്പ്യൂട്ടറുമായും ഇന്റർനെറ്റുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് വേണ്ടി അമേരിക്കയിലേക്ക് കടന്നവരിൽ ഒരു വലിയ പങ്ക് തെലുങ്കരായിരുന്നു. അത് അന്നത്തെക്കാലത്ത് ഒരു വിചിത്രമായ കാര്യമായിരുന്നു. പൊതുവെ തീവണ്ടികളിലും മറ്റും തെലുങ്കരെ കണ്ടാൽ വളരെ നിലവാരം കുറഞ്ഞവരായാണ് കാണപ്പെടുക, അന്ന്.

എന്നാൽ ഈ വിഷയം ഇന്ത്യയിലെ മറ്റെല്ലാ ഭാഷക്കാർക്കും ബാധകമാണ് എന്നുള്ളതാണ് വാസ്തവം. രണ്ട് വ്യത്യസ്ത നിലവരാങ്ങളായ ആളുകൾ എല്ലാ ഫ്യൂഡൽ ഭാഷയിലും ഉണ്ട്. ഭാഷാകോഡുകളിൽ താഴെനിൽക്കുന്നവരും, ഉയർന്ന് നിൽക്കുന്നവരും.

ഉദാഹരണത്തിന് ഹിന്ദി സനിമയിൽ പാവപ്പെട്ടവരായി അഭിനയിക്കുന്നവരെ പോലുള്ള പാവപ്പെട്ടവരെ പൊതുവായി കാണാൻ പ്രയാസമാണ്. സിനിമയിലെ പാവപ്പെട്ടവരായി അഭിനയിക്കുന്നവർ മിക്കവരും ഭാഷാകോഡുകളിൽ ഉയർന്ന നിലവാരത്തിൽ ജീവിക്കുന്നവരാണ് എന്നാണ് തോന്നുന്നത്.

ആന്ധ്രയിൽ നിന്നും പലരും അമേരിക്കയിൽ പോയി വൻ ഐടി വ്യാപാരങ്ങൾ സൃഷ്ടിച്ചു. അവർ അവരുടെ കുടുംബക്കാരെയും, ബന്ധുജനങ്ങളെയും, പോരാത്തതിന്, അവരുടെ വീട്ടുജോലിക്കാരെയും, ഡ്രൈവർമാരെയും മറ്റും സോഫ്ട്വേർ എഞ്ചിനിയർമാർ എന്ന തൊഴിൽ നിർവ്വചനത്തിൽ അമേരിക്കയിലേക്ക് കടത്തി.

ഇത് ഒരു വൻ തെമ്മാടിത്തമായി ഇന്ത്യയിലെ പത്രങ്ങളിൽ ചിലർ എഴുതി. എന്നാൽ വാസ്തവം ഇതിനേക്കാൾ അപ്പുറത്താണ്. സോഫ്ട്വേർ എഞ്ചിനിയറുടെ തൊഴിലിന് സത്യത്തിൽ ഒരു വൻ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഇല്ലതന്നെ.

അതേ സമയം കമ്പ്യൂട്ടർ സയ്ൻസിൽ BScയും MScയും BTechക്കും എടുത്തവരിൽ പലർക്കും നേരിട്ട് കമ്പ്യൂട്ടർ വിദ്യകൾ പഠിച്ചവരുടെ നൈപുണ്യം ഇല്ലായെന്നും കണ്ടറിഞ്ഞിരുന്നു.

ഉദാഹരണത്തിന്, Varunaക്ക് ഏതാണ്ട് ഏഴുവയസ്സ് പ്രായമുള്ളപ്പോൾ, കമ്പ്യൂട്ടർ സയ്ൻസ് ടീച്ചറായി ഒരു ഇങ്ഗ്ളിഷ് സ്ക്കൂളിൽ ജോലികിട്ടിയ, കമ്പ്യൂട്ടർ സയ്ൻസിൽ BSc കഴിഞ്ഞ ഒരു വനിത, Adobe PhotoShop, Adobe Flash തുടങ്ങിയ ഏതാനുംകാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കാൻ Varunaയോട് ആവശ്യപ്പെട്ട കാര്യം ഓർമ്മവരുന്നു. വിദ്യാഭ്യാസ നയങ്ങൾ തീരുമാനിക്കുന്നവർ വ്യക്തമായി പറയുകയാണെങ്കിൽ പഠിപ്പിക്കുന്ന ഓരോന്നിന്റെ ആവശ്യകതയെക്കുറിച്ച് യാതോരു വിവരവും ഇല്ലാ എന്ന ഒരു തോന്നൽ മനസ്സിൽ ഉണ്ട്. എന്തെങ്കിലും കുറേ കാര്യങ്ങൾ പാഠപുസ്തകങ്ങളിൽ നിറച്ച്, അവ വെറുതെ പഠിപ്പിച്ച് അവയുമായി ബന്ധപ്പെടുത്തി പരീക്ഷകൾ നടത്തി, മാർക്ക് നൽകി, റാങ്ക് ലിസ്റ്റുണ്ടാക്കി, വിദ്യാഭ്യാസ യോഗ്യത നിർണ്ണയിക്കുന്നു.

മലയാളികളും അനവധി ഈ വിധം അമേരിക്കയിലേക്ക് കടന്നിരുന്നു. വർഷം ഏതാണ്ട് 1990. അന്ന് അമേരിക്കയെന്ന് പറഞ്ഞാൽ തികച്ചും ഒരു ഇങ്ഗ്ളിഷ്

മുഖച്ഛായയുള്ള ഒരു രാജ്യം. അതീവ ജീവിത നിലവാരങ്ങളുള്ള രാജ്യം. യാതോരുവിധ ദാരിദ്ര്യവും അവിടെ അന്ന് ഉള്ളതായ് അറിയപ്പെട്ടിരുന്നില്ല.

കാണുന്ന രാജ്യങ്ങളുമായൊന്നും അമേരിക്കക്ക് യുദ്ധങ്ങൾ ഇല്ല. ബ്രിട്ടണിന്റേയും കാര്യം ഇത് പോലെ തന്നെ.

ഈ രാജ്യങ്ങളിലേക്ക് ഫ്യൂഡൽ ഭാഷക്കാർ ഇരച്ചുകയറിയാൽ എന്ത് സംഭവിക്കും എന്ന് ഈ എഴുത്തുകാരൻ പണ്ട് എഴുതിയ March of the Evil Empires: English versus the feudal langauges എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരുന്നു.

155. പലവിധ വിവരങ്ങൾ ഇല്ലാത്ത വെറും വിഡ്ഢി ഇങ്ഗ്ളിഷുകാരുടെ നാട്

അമേരിക്കയിലേക്ക് സോഫ്ട്വേർ പണിക്കായി പോയ ഒരു ആൾ പറഞ്ഞകാര്യം, അത് കേട്ട ഒരു വ്യക്തി പറഞ്ഞ ഒരു കഥയാണ്.

ആ ആളുടെ തൊഴിലുടമ ഒരു അമേരിക്കൻ വനിതയായിരുന്നു. അതായത്, ഒരു വെള്ളക്കാരിയായ വ്യക്തി. അവരുടെ വീട്ടിലെ എന്തോ ഒരു ചടങ്ങിൽ ഈ തൊഴിലുകാരെ വീട്ടിലേക്ക് ക്ഷണിച്ചിരുന്നു. മലയാളികളായ കുറച്ചുപേർ ഈ കൂട്ടത്തിൽ ഉണ്ട്. അവർ ആ വനിതയുടെ വീട്ടിൽ ചെന്നപ്പോൾ, ആ വനിത തന്റെ ഭർത്താവിനെ ഇവർക്ക് പരിചയപ്പെടുത്തി.

ആഗതരോട് വളരെ ഊഷ്മളമായും സൌഹൃത്തോടുംകൂടി പെരുമാറുന്ന ഭാര്യയും ഭർത്താവും. രണ്ടുപേരും ചെറുപ്പക്കാർ.

ഭർത്താവിന്റെ തൊഴിൽ ചോദിച്ചു. താൻ Carpenterആണ് (ആശാരിയാണ്) എന്ന് ആ ആൾ അറിയിച്ചു.

മലയാളികൾ ആകെ ഞെട്ടുകയും ഒരു അളവുവരെ പരിഭ്രമിക്കുകയും ചെയ്തു. സോഫ്ട്വേർ എഞ്ചിനിയറുടെ ഭർത്താവ് ഒരു ആശാരിയോ?

മലയാത്തിലാണ് ഇക്കൂട്ടർ ചിന്തിച്ചത്. ഭാര്യയെ 'നീ'യെന്നും, 'അവളെ'ന്നും, 'എടീ' എന്നുമെല്ലാം വിളിക്കാൻ അവകാശമുള്ള ആളാണ് ഭർത്താവ്. ഇത് എന്ത് ജീവിതം!. എഞ്ചിനിയർക്ക് പറ്റിയതാണോ ആശാരിയായ ഭർത്താവ്?

വ്യക്തികളേയും സ്ഥാപനങ്ങളേയും സംഭവങ്ങളേയും വസ്തുക്കളെയും മറ്റുംമറ്റും രണ്ടായും ചിലപ്പോൾ അതിൽ അധികമായും വേർതിരിച്ചും, വിവേചനം ചെയ്തും, ഒന്നിനെ പൊന്നുപോലെയും, മറ്റേതിനെ തരം താണതുമായി വിഘടിപ്പിക്കുന്ന വാക്ക് കോഡുകൾ ഉള്ളവരാണ് ഒരു ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷത്തിലേക്ക് നിറയുന്നത്.

ഇങ്ഗ്ളിഷ് ഭാഷയിൽ പ്രവർത്തിക്കുന്ന നാടും നാട്ടുകാരും, വ്യക്തിബന്ധങ്ങളും, കുടുംബാന്തരീക്ഷങ്ങളും കുളം ആകും എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലതന്നെ.

ആ സോഫ്ട്വേർ കമ്പനിയിൽ ചായയും മറ്റ് പാനീയങ്ങളും, സോഫ്ട്വേർ തൊഴിലുകാർക്ക് വിതരണം ചെയ്യുന്ന വനിതയ്ക്ക് പോലും, ഇന്ത്യയിലെ ഒരു ഐഏഎസ് കാരിക്കോ ഐപിഎസ് കാരിക്കോ ഉള്ളതിനേക്കാൾ വ്യക്തിത്വം. അവർ ചെയ്യുന്നത് ഒരു തൊഴിൽ എന്നല്ലാതെ അല്ലാതെ, അത് ഒരു തരംതാണതും സമൂഹികമായി നാറുന്നതുമായ ഒരു കാര്യമാണ് എന്ന് ഫ്യൂഡൽ ഭാഷക്കാർ അവിടങ്ങളിൽ വന്ന് നിറയുന്നത് വരെ അവിടെ ആർക്കും ഒരു ധ്വനിപോലും ഇല്ലായിരുന്നു.

ആ കാലഘട്ടത്തിൽ പലതരം വിചിത്രമായ കാര്യങ്ങളും അവിടെ പോയവർ ഇവിടെ വന്ന് പറയാറുണ്ടായിരുന്നു. ഒരാൾക്ക് പറയാനുണ്ടായിരുന്നത്, അവിടുള്ള ഒരു ചെറിയ സ്ഥാപനത്തിലെ മുതലുടമ ആ ഓഫിസിലെ ടോയ്ലെറ്റ് (toilet)വൃത്തിയാക്കിയതിനെക്കുറിച്ചാണ്. ആ തൊഴിൽ ഒരു തരംതാണ പണിയാണ് എന്നത് ഇന്ത്യയിൽ നിന്നും പോയവർക്ക് അറിവുള്ളതാണ്. അതിനായി, വാക്ക് കോഡുകളിൽ അടിച്ച് തരംതാഴ്ത്തി വച്ചിരിക്കുന്ന ഒരു വർഗ്ഗം, തോട്ടികൾ, എന്നവർ തന്നെ ഈ നാട്ടിൽ പണ്ട് ഉണ്ടായിരുന്നു എന്ന് ഇന്ത്യക്കാർക്ക് അറിവുള്ളതാണ്. ഈ

വിധ വിവരങ്ങൾ പോലും ഇല്ലാത്ത വെറും പൊട്ടന്മാരായ ഒരു നാടാണ് അമേരിക്കയെന്ന് പോയവർക്ക് അപ്പോഴാണ് തിരിച്ചറിവ് ലഭിച്ചത്.

156. ഇങ്ഗ്ളിണ്ടിനെ നാറ്റിക്കാൻ പോയവർ

ഏതാണ്ട് 1980കളിൽ കേട്ട ഒരു കഥയാണ്. അന്ന് ഈ എഴുത്തുകാരൻ തിരുവനന്തപുരത്ത് (Trivandrumത്ത്) ഡിഗ്രിക്ക് പഠിക്കുന്ന കാലമാണ്.

കുടുംബപരമായി അടുപ്പമുള്ള ഒരു വീട്ടിലെ മകൻ ഇങ്ഗ്ളണ്ടിൽ ഒരു വൻതൊഴിൽമേഖലയിൽ ജോലിചെയ്യുന്നു. കുടുംബം ജാതീയമായും മറ്റും കാര്യമായ ആഢ്യത്വമുള്ളതാണ്. ആ ആളുടെ അമ്മ ഇങ്ഗ്ളണ്ടിൽ പോയി മകന്റെ വീട്ടിൽ ഏതാനും ആഴ്ചകൾ താമസിക്കുന്നു. മകനും ഭാര്യയും മക്കളും ഉള്ള കുടുംബം.

രാവിലെ ഒരു വനിത കയറിവരുന്നു. ചെറുപ്പക്കാരിയാണ്. നന്നായി ഇങ്ഗ്ളിഷ് സംസാരിക്കും. വെള്ളക്കാരിയല്ല.

വീട്ടിലെ കസേരയിൽ ഇരുന്നു. ആരാണിത്?

കുറച്ച് കഴിഞ്ഞപ്പോൾ മനസ്സിലായി. ഡെമസ്റ്റിക്ക് ഹെൽപ്പ് ആണ് (Domestic help ആണ്). ഈ വനിത ഏഷ്യക്കാരിയാണ്. എന്നാൽ ഏതോ കോളജിൽ പഠിക്കുന്ന ആളാണ്. കൂടുതലായുള്ള വരുമാനം ലഭിക്കാനായി രാവിലെ ഈ തൊഴിലിനായി വരുന്നു.

എല്ലാ സംഭാഷണവും ഇങ്ഗ്ളിഷിലാണ്.

എന്നാൽ അമ്മയ്ക്ക് ഇങ്ഗ്ളിഷ് അത്രവശമില്ല. വീട്ടിലെ വേലക്കാരി കസേരയിൽ കയറി ഇരുന്നു എന്നത് തന്നെ അമ്മക്ക് സഹിച്ചില്ല.

എന്നാൽ പൊട്ടിത്തെറി സംഭവിച്ചത്, പ്രഭാതഭക്ഷണം കഴിക്കാനായി ഡൈനിങ്ങ് ടെയ്ബ്ളിന് മുന്നിൽ ഇരുന്നപ്പോൾ വേലക്കാരി അടുത്ത് വന്ന് ഇരുന്ന് മകനോടും ഭാര്യയോടും സരളസംഭാഷണം നടത്തിക്കൊണ്ട് ഭക്ഷണം പ്ലെയ്റ്റിൽ വിളമ്പുന്നു.

അമ്മ പൊട്ടിത്തെറിച്ചു. ആകെ പ്രശ്നം. മലയാളം മനസ്സിലാക്കാത്ത ഡെമസ്റ്റിക്ക് ഹെൽപ്പ് ആയ വനിതക്ക് കാര്യം മനസ്സിലായില്ല.

അമ്മ എഴുന്നേറ്റ് നേരെ കിടപ്പുമുറിയിലേക്ക് നീങ്ങി. മകൻ പിന്നാലെ പോയി. ഇവിടെ ഇങ്ഗ്ളണ്ടിൽ കാര്യങ്ങൾ ഇങ്ങിനെയാണ് എന്ന് അമ്മയോട് പറഞ്ഞ് നോക്കി.

മകനെ ഇത്രമാത്രം പഠിപ്പിച്ച് വലുതാക്കി തനിക്ക് കിട്ടിയ ഉപകാരം അടുക്കളക്കാരിയുടെ കൂടെ ഇരുന്ന് ഭക്ഷണം കഴിക്കേണ്ടി വന്ന ഗതികേടാണല്ലോ എന്ന് അമ്മക്ക് വേവലാതി.

ഇത് അന്നത്തെ കഥ. ഇന്ന് ഇങ്ഗ്ളണ്ടിന്റെ കോലം കെട്ടിരിക്കുകയാണ് എന്ന് പറയപ്പെടുന്നു. എന്നാൽ കോലംകെടൽ സാവധാനത്തിലായതിനാൽ, ആരും തന്നെ ഈ ആന്തരിക കോഡുകളിലെ ഉൾപരിവർത്തനം തിരിച്ചറിയുന്നില്ലതന്നെ, അവിടെ.

157. കുഗ്രാമ വിപ്ളവ ബഢിജീവികളുടെ വിളയാട്ടം

Varuna, C+ പഠിക്കുന്ന അവസരത്തിൽ ഈ എഴുത്തുകാരൻ ചെറിയ തൊതിൽ Visual Basic അതേ സ്ഥാപനത്തിൽനിന്നും പഠിച്ചെടുത്തിരുന്നു. അത് ആ സ്ഥാപത്തിന്റെ ഉടമയായ ചെറുപ്പക്കാരൻ സൌകര്യപ്പെടുന്ന അവസരത്തിൽ ഈ എഴുത്തുകാരന് പറഞ്ഞും പരിശീലിപ്പിച്ചും ചെയ്യലായിരുന്നു. ആ ആൾക്ക് അതിനാലുളവാകുന്ന ഗുണം തന്റെ ഇങ്ഗ്ളിഷ് നൈപുണ്യം കുറച്ച് കൂടി ഉയർത്താനാകും എന്നുള്ളതായിരുന്നു.

ഈ കാരണത്താൽ ഈ എഴുത്തുകാരന് Varunaയെ Visual Basic വീട്ടിലിരുന്ന് പലപ്പോഴും പരിശീലിപ്പിച്ചെടുക്കാനായിരുന്നു. പോരാത്തതിന്, രണ്ടും പേരും കൂടി MySqlഉം ചെറിയതോതിൽ, ഓൺലൈൻ പഠനപദ്ധതികൾ ഉപയോഗിച്ച് പഠിച്ചെടുക്കാൻ ശ്രമിച്ചിരുന്നു.



ഈ അവസത്തിലാണ്, കുടുബക്കാരും, ചില വിപ്ളവ ബഢിജീവികളും മറ്റും പിന്നണിയിൽ നിന്നും കരുക്കൾ നീക്കിയത്. നാട്ടിൽ യാതോരുവിദ്യാഭ്യാസവും ഇല്ലാതെ ആളുകൾ വളരുകയോ? കുട്ടികൾ വളർന്നുവന്ന് ഡോക്ടറാകണ്ടെ, എഞ്ചിനിയർ ആകണ്ടെ, ഐഎഎസ് എടുക്കണ്ടെ, ഐപിഎസ് എടുക്കണ്ടെ, മറ്റുള്ളവരെ തരംതാഴ്ത്തി വളരണ്ടെ?

അമ്മയല്ലെ, അമ്മിഞ്ഞയല്ലെ, അമ്മിഞ്ഞപ്പാലല്ലെ, അമ്മയല്ലെ, മാതാവല്ലെ, മാതൃത്വമല്ലെ, മലയാളം? അമ്മയെ ഗൌനിക്കാതെ വളരുകയോ, മാതൃത്വത്തെ മാനിക്കാതെ ജീവിക്കുകയോ? കുറ്റമല്ലെ, രാജ്യദ്രോഹമല്ലെ? ഇങ്ങിനെ പോകുന്നു വിപ്ളവ വായാടിത്തം.

[Image: Varunaയ്ക്ക് ഏതാണ്ട് 6 - 7 വയസ് പ്രായമുള്ളപ്പോൾ എടുത്തതാണ് ഈ ചിത്രം..]

ശുദ്ധമായ വിഢ്ഢിത്തങ്ങളാണ് പറയുന്നത്. കാരണം, മലബാറിൽ ഇന്ന് മലായളം എന്ന് വിളിക്കുന്ന ഭാഷ, വന്നത് തന്നെ തിരുവിതാംകുറിൽ നിന്നും ചില തത്പരകക്ഷികൾ കരുതിക്കൂട്ടി, ഇറക്കുമതിചെയ്താണ് പടർന്നത്. ഇന്ന് വേണമെങ്കിൽ മലബാറിയെന്നും, ഏതാണ്ട് രണ്ട് നൂറ്റാണ്ടുകൾക്ക് മുൻപ് മലയാളം എന്നും പറയപ്പെടുന്ന മലബാറിലെ ഭാഷയ്ക്ക്, ഇന്നുള്ള മലയാളവുമായി കാര്യമായ ബന്ധമില്ലതന്നെ. എന്നാൽ മലബാറിയിലെ ലിപികൾ ജർമൻ വംശജനായ ഗുണ്ടർട്ടും കൂട്ടരും കട്ടെടുത്ത് മലായളത്തിന് നൽകിയതാണ് എന്ന് ഈ എഴുത്തുകാരന് കുറച്ച് കാലങ്ങൾക്ക് മുൻപ് ഒരു വിവരമോ, സന്ദേഹമോ, ലഭിച്ചിരുന്നു. മലബാറിനെ തിരുവിതാംകൂറിനോട് കൂട്ടിക്കിണച്ചതിന് പിന്നിൽ ഗംഭീരമായ ഗൂഡാലോചനകൾ നടന്നിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു.

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ബ്രിട്ടിഷ് ഇന്ത്യയിൽ നടപ്പിലാക്കാൻ ശ്രമിച്ച വിദ്യാഭ്യാസം, ജനങ്ങളെ തമ്മിൽ വിഘടിപ്പിച്ചും, കുറേ പേരെ തരതാഴ്ത്തിയും, കുറച്ച് പേരെ ഗുണപ്പെടുത്തിയും, വ്യത്യസ്ത നിലവാരങ്ങൾ ഉള്ള പൌരന്മാരെ സൃഷ്ടിക്കുന്നതുംമറ്റുമായ ശൈതാനിക സ്വഭാവങ്ങൾ ഉള്ള ഭാഷകളെ തുരത്തിവിട്ടുകൊണ്ടുള്ള വിദ്യാഭ്യാസമായിരുന്നു.

എന്നാൽ ഇന്ന് ഈ രാജ്യത്ത് വിദ്യാഭ്യാസം എന്ന് പറഞ്ഞ്, നിർബന്ധമായി ആളുകളിൽ അടിച്ചേൽപ്പിക്കുന്ന വിദ്യാഭ്യാസം ഈ പൈശാചിക ഭാഷകളെ ആളുകളുടെ മനസ്സിൽ നിറയ്ക്കലാണ്.

ഏതാനും വർഷങ്ങൾക്ക് മുൻപ് ഈ ഉപദ്വീപിലെ രണ്ടുപേർക്ക് നോബൽ സമ്മാനം ലഭിച്ചു. ഈ വിധ പൈശാചിക പ്രസ്ഥാങ്ങളിലേക്ക് വ്യക്തികളെ നിർബന്ധപൂർവ്വം പിടിച്ചേൽപ്പിക്കാൻ പ്രോത്സാഹനം നൽകിയതിനാണ് ഇത് ലഭിച്ചത്.

ഇതിൽ ഒരു വിരുത, ഈ വിഢ്ഢി ആശയപ്രസ്ഥാനം നൽകിയ പഴുത് ഉപയോഗിച്ച്, ഈ ഉപഭൂഖണ്ടത്തിൽനിന്നും രക്ഷപ്പെട്ട് ഇങ്ഗ്ളണ്ടിലേക്ക് കടന്നുകളഞ്ഞു. ഇപ്പോൾ അവിടെനിന്നാണ് വിലസുന്നത്.

ദേവർകോവിൽന് അടുത്തുള്ള കുഗ്രാമത്തിലെ ചിലർക്ക് ഈ നോബൽ സമ്മനത്തിന്റെ ഒരു പങ്കിന് അർഹതയുണ്ട് എന്നാണ് തോന്നുന്നത്.

കാരണം, നാട്ടിൽ വിപ്ളവം വരുത്തും, ജനങ്ങൾ എല്ലാരും സമന്മാരാകും, നാട്ടിൽ തേനും പാലും ഒഴുകും, എന്നെല്ലാം അവർക്ക് അറിയാം. എന്നാൽ, ആളുകൾ ഞഞ്ഞി, ഇങ്ങൾ എന്നോ, അതുമല്ലെങ്കിൽ നീ, നിങ്ങൾ, സാർ എന്നോ തരും തിരിഞ്ഞിരുന്നാൽ മുഖദാവിൽതന്നെ ആളുകൾ സമന്മാരാകില്ല എന്നുള്ള വിവരം പോലും ഇല്ലാത്ത ഈ കുട്ടർക്ക് വിദ്യാഭ്യായ കാര്യങ്ങളെക്കുറിച്ച് നല്ലധാരണയാണ്. നാട് കുത്തിമറിക്കാനുള്ള വിപ്ളവവീര്യവും അവർക്ക് ഉണ്ട്.

158. ഔപചാരിക വിദ്യാഭ്യാസത്തിന് അതീതമായുള്ള നൈപുണ്യങ്ങൾ

ഒരു രീതിയിൽ നോക്കിയാൽ, Varunaയ്ക്ക് വിദ്യാഭ്യാസപരമായി ലഭിച്ചിരുന്ന മാനസികാന്തരീക്ഷം ഇന്ത്യയിൽ ഏറ്റവും ചിലവേറിയ സ്ക്കൂളുകളിൽ ലഭിച്ചിരുന്നതിന് തുല്യമോ, അതുമല്ലെങ്കിൽ അതിനേക്കാൾ ഉയർന്നതോ ആയിരുന്നു. ഏതാണ്ട് 2 ലക്ഷം രൂപയോളം മാസം ഫീസ് ഉള്ള സ്കൂളുകൾ ഇന്ത്യയിൽ ഉണ്ട്.

തനതായ ഇങ്ഗ്ളിഷ് മാത്രമുള്ള അന്തരീക്ഷം. അനവധി ഇങ്ഗ്ളിഷ് Board Gameമുകളിൽ വൈദഗ്ദ്ധ്യം. Chessൽ പ്രാവീണ്യം. Playing Cardsൽ Trumps, Rummy തുടങ്ങിയ പലതിലും, കാര്യമായ വൈദഗ്ദ്ധ്യം.

ഇന്ത്യയിൽ ഏതാനും നാടുകളിൽ താമസിച്ചിട്ടുണ്ട്. വളരെ ചെറുപ്പത്തിൽതന്നെ ഏതാണ്ട് 40000ൽ കൂടുതൽ ദൂരം ഇരുചക്രവാഹനത്തിൽമാത്രം യാത്രചെയ്തിട്ടുണ്ട്.

ഇങ്ഗ്ളിഷ് Nursery Rhymeമുകൾ ഏതാണ്ട് 150 എണ്ണം ഒരു വയസ്സാകുന്നതിന് മുന്നേ തന്നെ മനപ്പാഠമാക്കിയിരുന്നു. English Fairytaleകൾ പലതും അറിയാം. ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിലെ പല കൃതികളും നാന്നായി പരിചയം ഉണ്ട്. നാലുവയസ്സാകുന്നതിന് മുന്നെ തന്നെ ഏതാണ്ട് 450ൽ പരം ഇങ്ഗ്ളിഷ് സിനിമകൾ കണ്ടിട്ടുണ്ട്.

വളരെ ചെറുപ്പത്തിൽത്തന്നെ ഇങ്ഗ്ളിഷ് പരിശീലകയായി പ്രവർത്തിച്ചിട്ടുണ്ട്. ഇങ്ഗ്ളിഷ് ഗാനങ്ങൾ നന്നായി പാടും. ഇങ്ഗ്ളിഷിൽ മോശമില്ലാത്ത രീതിയിൽ പ്രസംഗിക്കും.

ഗണിതത്തിൽ CBSEയിലെ ഏതാണ്ട് ആറാംക്ളാസിലേത് വരെ നന്നായി അറിയാം പ്രായം ഒമ്പത് ആയിരുന്നപ്പോൾ. ശാസ്ത്ര വിഷയങ്ങളിൽ ചിലത് എട്ടാം ക്ളാസ് വരേയുള്ള കാര്യങ്ങൾ വെറുതെയെന്നമട്ടിൽ പഠിച്ചിട്ടുണ്ട്.

കായികമായി നല്ലകഴിവുണ്ട്. വളരെ ലളിതമായ ചില ജിംനാസ്റ്റിക്ക് കാര്യങ്ങൾ അറിയാം. മോശമില്ലാത്ത രീതിയിൽ നീന്തും. ഏതാണ്ട് ഒന്നര കിലോമീറ്റർ ദൂരം കാര്യമായ പദ്ധതിയിടൽ ഇല്ലാതെ തന്നെ ഓടാനാകും. ഏതാണ്ട് അഞ്ച് വയസ് പ്രായമുള്ള അവസരത്തിൽ ഒമ്പതാം ക്ളാസിൽ പഠിക്കുന്ന ആൺകുട്ടികളോടൊപ്പം ഒന്നര കിലോമീറ്റർ ദൂരം ഓടിയപ്പോൾ, അവരെല്ലാവരേയും വളരെ പിന്നിലാക്കി Varuna മുന്നിൽ ഓടിയെത്തി.

കമ്പ്യൂട്ടറിൽ കാര്യമായ വൈദ്ഗ്ദ്ധ്യം. കമ്പ്യൂട്ടർ ടൈപ്പിങ്ങിൽ നല്ല വേഗത. Adobe PageMakerൽ പുസ്തകങ്ങൾ ഡിസൈൻചെയ്യാനാകും. വെബ് ഡിസൈൻ ചെയ്യാനാകും. Payment Gateway Integration ചെയ്യാൻ കഴിയും.

ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്, ഈ എഴുത്തുകാരന്റെ ഒരു പുസ്തകം ഓൺലൈനായി വിൽപ്പനയ്ക്ക് 2004ൽ വെക്കാൻ ഒരുമ്പെട്ടപ്പോൾ, അന്ന് വെബ് ഡിസൈൻ ചെയ്തത്, കമ്പ്യൂട്ടർ സൈൻസിൽ MSc. ഉള്ള ആളായിരുന്നു. ഈ ആൾക്ക് Payment Gateway Integration എത്ര ശ്രമിച്ചിട്ടും ചെയ്യാൻ ആയില്ല. PayPalഎന്ന Payment Gatewayയെക്കുറിച്ച് കേട്ടിട്ടുപോലും ഇല്ല.

പിന്നീട് Bangaloreലെ ഒരു കമ്പനിയുമായി ബന്ധപ്പെട്ടപ്പോൾ, അവർ സേവന ചാർജ്ജായി 20000 രൂപ ചോദിച്ചു.

ഇതിന് ശേഷം, കോഴിക്കോടുള്ള (Calicutൽ ഉള്ള) ഒരു സോഫ്ട്വേർ കമ്പനിയിലെ ഒരു വനിതാ ജീവനക്കാരി വെറും പതിനഞ്ച് മിനിറ്റ് നേരം കൊണ്ട് ഇത് ചെയ്ത് തന്നു. ആ കമ്പനി അതിന് 150 രൂപ സേവന ചാർജ്ജായി വാങ്ങിച്ചു, 2004ൽ.

കീറാമുട്ടിപോലെ മാസങ്ങളോളം വെപ്രാളപ്പെടുത്തിയ കാര്യം വെറും 15 മിനുറ്റുകൊണ്ട് ചെയ്തു എന്നതിൽനിന്നും MSc., BTech പോലുള്ള ഉയർന്ന വിദ്യാഭ്യാസ യോഗ്യതകളുടെ പൊള്ളത്തരം മനസ്സിലാക്കേണ്ടതാണ്.

ഏതാണ്ട് ഒമ്പത് വയസ്സ് പ്രായം ഉള്ളപ്പോൾ Varuna, C+, Visual Basic, MySql തുടങ്ങിയ കാര്യങ്ങളും പരിചയപ്പെട്ടു തുടങ്ങി.

ഇനിവേണ്ടുന്ന വിദ്യാഭ്യാസം ഈ വക കാര്യങ്ങളെ ശക്തിപ്പെടുത്തലാണ്.

എന്നാൽ, ഈ വക കാര്യങ്ങൾ യാതോരു വിധ വിദ്യാഭ്യാസ പദ്ധതിയിലൂടെയും പഠിച്ചെടുത്തതാണ് എന്ന് തോന്നുന്നില്ല. കാരണം, ഔപചാരികമായി നിത്യേനെ ഈ വക കാര്യങ്ങൾ പഠിച്ചിരുന്നെങ്കിൽ ഇവയിൽ കാര്യമായി ദൂരം Varuna മുന്നിട്ടിരുന്നിരിക്കും. ഇതിന് പകരം യാതോരു മുൻ കരുതലും ഇല്ലാതെ വെറുതെ ഇരിക്കുന്ന അവസരങ്ങളിൽ ചെയ്ത കാര്യങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്.

ഈ എഴുത്തുകാരന്റെ അഭിപ്രായത്തിൽ മുകളിൽ നൽകിയ എല്ലാത്തിനേക്കാളും ഗുണമേന്മയുള്ള കാര്യങ്ങൾ മറ്റ് ചിലതായിരുന്നു. ഒന്ന് ഇങ്ഗ്ളിഷ് ഭാഷയിൽ ഉള്ള പ്രാവീണ്യവും, കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ആശയവിനിമയ കോഡുകൾ ഉപയോഗിച്ചുള്ള പരിചയവും. അതായത്, Mr., Mrs., Miss തുടങ്ങിയ വാക്കുകൾ യാതോരു സങ്കോചമോ, വേവലാതിയോ ഇല്ലാതെയും, അധിഗപ്രസംഗം എന്ന ധ്വനിയും ഇല്ലാതെയും ഉപയോഗിക്കാനുള്ള മാനസികാവസ്ഥ.

രണ്ട് മലയാളവും, മലബാറിയും ഒട്ടും തന്നെ അറിയില്ല.

മൂന്ന്, മലയാളം, ഹിന്ദി, തമിഴ് തുടങ്ങിയ സാത്താനിക ഭാഷകളിലെ യാതോരു സിനിമയോ ടിവി സീരിയലോ കണ്ടിട്ടില്ല.

നാല്, യാതോരു ടീച്ചർമാരുടേയും കീഴിൽ പരിശീലിച്ചിട്ടില്ല.

എന്നാൽ, ഈ വിദ്യാഭ്യാസ പദ്ധതിക്ക് കാര്യമായ ഒരു പരാജയ ഘടകം ഉണ്ടായിരുന്നു. അതിനെക്കുറിച്ച് അടുത്ത എഴുത്തിൽ പ്രതിപാദിക്കാം.

159. ഇന്ത്യൻ ഭരണഘടനയെ വെറും നേരമ്പോക്കായിക്കാണുന്നവർ

ഈ വിധ Home Educationൽ ഉള്ള ഒരു ശക്തമായ പരാജയ ദിക്ക് സൌഹൃങ്ങളുടെ കാര്യത്തിലാണ്. സ്ക്കൂളിൽ പഠിച്ചാൽ കുറേ ചങ്ങാതിമാരെ ലഭിക്കും. Home Educationലും ഇത് സാധ്യമാണ്, ഈ വിധ വിദ്യാഭ്യാസത്തിന്റെ മാനസിക നിവാരത്തിന് അനുസൃതമായ ആളുകൾ ചുറ്റുമുള്ള ദിക്കിൽ. എന്നാൽ അങ്ങിനെയുള്ള ഒരു ദിക്കിൽ ഈ വിധ Home Educationന്റെ ആവശ്യകത ഇല്ലതന്നെ.

താമസിക്കുന്നത് ദേവർകോവിൽ (Deverkovil) ആണ്. അന്ന്, അതായത് 2000 മുതൽ ഏതാണ്ട് 2005 വരെ, Varunaയ്ക്ക് ലഭിച്ചിരുന്ന വിവരങ്ങളും വിജ്ഞാനചിന്തകളും മറ്റുമായ കാര്യങ്ങൾക്ക് താദാത്മ്യത്തിലുള്ള ആരെയും ഈ കുഗ്രാമത്തിൽ അറിയില്ലായിരുന്നു. അങ്ങിനെ ഉള്ളവർ തികച്ചും ഉണ്ടാവില്ലാ എന്ന് തീർത്ത് പറയാനും ആവില്ല.

എല്ലാ രീതിയിലും തികച്ചും വ്യത്യസ്തമോ, അതുമല്ലെങ്കിൽ വിപരീതമോ ആയ മാനസിക ഭാവങ്ങൾ സ്കൂളുകളിൽ നിന്നും മനസ്സിൽ അടിച്ചേൽപ്പിക്കപ്പെട്ടവരാണ് ചുറ്റുമുള്ളത്.

വെറും ഭാഷാ പരമായി പറഞ്ഞാൽ, You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ പദങ്ങളെ മൂന്നായി തരംതിരിച്ച്, അതിൽ ഏറ്റവും താഴെയുള്ളതും, തരംതാണതുമായ ദിക്കിൽ ആണ് തങ്ങൾ എന്ന രീതിയിൽ പഠിപ്പിച്ചെടുത്തവരാണ് ചുറ്റുമുള്ള ചെറുപ്രായക്കാർ. മാത്രവുമല്ല, ആളുകളും ഇതേ മാതിരിയിൽ വലിയവരും തരംതാണവരും ആണ് എന്നും, സാമാന്യം നല്ല സാമ്പത്തികം ചിലവാക്കിത്തന്നെ, സർക്കാർ ഈ ചെറുപ്രായക്കാരെ പഠിപ്പിച്ചിട്ടും ഉണ്ട്.

ഇന്ത്യൻ ഭരണഘടനയ്ക്ക് തികച്ചും വിപരീതമായ ഒരു ആശയം ഇത്ര ധിക്കാരപരമായി ചെറുപ്രായക്കാരെ പഠിപ്പിക്കാൻ ഉള്ള ധൈര്യം ഇന്നത്തെ രാഷ്ട്രീയവും ഔദ്യോഗികവും മറ്റുമായ അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് ഉണ്ടായി എന്നുള്ളത് തന്നെ അവരുടെ അഹംഭാവത്തിന്റെയും അവരെ ആർക്കും തന്നെ ഒന്നുതന്നെ ചെയ്യാനാവില്ലാ എന്നാ ചിന്താഗതിയുടേയും ഭാഗം മാത്രമാണ് എന്നേ ചിന്തിക്കാനാവുള്ളു.

എന്നാൽ ഇതെല്ലാം ഈ നാട്ടിലെ പാരമ്പര്യവും സംസ്ക്കാരവും മറ്റുമാണ് എന്നാണ് മറുപടിയെങ്കിൽ, ഭാഷയുടെ കാര്യത്തിൽ മാത്രമേ ഈ വിധ പാരമ്പര്യവും സംസ്ക്കാരവും മറ്റും വേണ്ടുള്ളുവോ എന്ന ഒരു ചിന്ത മനസ്സിൽ വന്നേക്കാം.

കാരണം, വസ്ത്രം ധരിക്കുന്ന രീതിയിലും, വീട്ടിലെ സ്ത്രീജനങ്ങൾ നമ്പൂതിരിമാർ വീട്ടിൽ വന്നാൽ എല്ലാരീതിയിലും സ്വീകരിക്കുന്ന പാരമ്പര്യവും, ജന്മികുടിയാൻ സാമൂഹിക ബന്ധവും മറ്റും മറ്റുമായ ഞെട്ടിപ്പിക്കുന്ന പല പാരമ്പര്യങ്ങളും പല ജനക്കൂട്ടങ്ങളിലും ഉള്ള നാടാണ് ഇത്.

ഇതൊന്നും വീണ്ടും നാട്ടിൽ നടപ്പിൽ വരുത്താതെ, വെറും ഭാഷയുടെ കാര്യത്തിൽമാത്രം ചില ആളുകളേയും ചെറുപ്രായക്കാരെയും തരുതാഴ്ത്തുന്ന പാരമ്പര്യം മാത്രം ഒരു പാരമ്പര്യ മഹിമയായി കാണുന്നതിന് പിന്നിൽ ഗൂഢമായ

മറ്റെന്തെങ്കിലും കാര്യം ഉണ്ടാവുമോ? അതോ വിവരത്തിൽ നിലവരം കുറഞ്ഞവർ അധികാരത്തിൽ കയറിയാൽ ഇതിൽ കൂടുതലൊന്നും അവർക്ക് വിഭാവനം ചെയ്യാനാവില്ലാ എന്നുള്ളതാകുമോ കാര്യം?

പഴയകാല ജന്മി-കുടിയാൻ സാമൂഹിക ബന്ധത്തിൽ കണ്ട ഒരു ആശ്ചര്യകരമായ കാര്യം ഏറ്റവും കഠിനമായി അടിമയായി വച്ചിരിക്കുന്നവർക്കാണ് അവരുടെ സ്വന്തം ജന്മിയോട് ഏറ്റവും കഠിനമായ സ്നേഹവും ബഹുമാനവും ആദരവും.

ഇങ്ഗ്ളിഷ് ഭരണകർത്താക്കൾക്ക് ഈ വിധ ജന്മികുടിയാൻ ആത്മബന്ധത്തിൽ നിന്നും അടിമയെ രക്ഷപ്പെടുത്താൻ വളരെ പ്രയാസംതന്നെ വന്നിരുന്നു. ആദരിക്കാൻ ഒരു ജന്മിയില്ലാതെ എങ്ങിനെയാണ് സാമൂഹികമായി ജീവിക്കുക എന്നുള്ളത് തന്നെ അടിമക്ക് അറിയില്ലായിരുന്നു. കാരണം ജന്മിയോട് ഒട്ടിനിൽക്കുന്ന അടിമക്കാണ് ജന്മിയില്ലാത്ത അടിമയേക്കാളും ശക്തിയും ധൈര്യവും.

ജന്മിയില്ലാത്ത അടിമകൾ തമ്മിൽ കലഹിച്ചാൽ ഒന്ന് ഞെട്ടിച്ചും, മുഖത്തൊന്ന് അടിച്ചും നിർത്താൻ ഒരു ജന്മിയില്ലെങ്കിൽ എങ്ങിനെ സാമൂഹിക ജീവിതം മുന്നോട്ട് പോകും? ഈ വിധം അച്ചടക്കം നടപ്പിലാക്കാൻ ഇങ്ഗ്ളിഷ് പറ്റില്ലല്ലോ. നീ, എടാ, എടി, എന്താടാ, എന്താടീ എന്നെല്ലാം വാക്കുകൾ ഉള്ള ഭാഷതന്നെ വേണ്ടേ?

മുകളിൽ എഴുതിയ വാക്കുകളിൽ 'വിവരത്തിൽ നിലവാരം കുറഞ്ഞവർ' എന്ന ഒരു പ്രയോഗം ഉപയോഗിച്ചുപോയി. എന്ത് ചെയ്യാനാവും? അത് വിശദീകരിച്ചേ മുന്നോട്ട് പോകാനാവൂ.

160. അതിഗംഭീര ബുദ്ധിരാക്ഷസരിൽനിന്നും ജനത്തെ രക്ഷിച്ചത് ഇങ്ഗ്ളിഷുകാരാണ്

'വിവരത്തിൽ നിലവാരം കുറഞ്ഞവർ' എന്ന ഒരു പ്രയോഗം അപ്രതീക്ഷിതമായി കഴിഞ്ഞ എഴുത്തിൽ ഉപയോഗിച്ച് പോയി. ഇത് ഒരു പ്രകോപനപരമായ വാക്യപ്രയോഗമാണ്. പലപ്പോഴും തൊട്ടടുത്തുള്ള 'ലവന് എന്ത് അറിയാം? യതോരു വെവരവും ഇല്ലാത്തവനല്ലെ ലവൻ?' എന്ന രീതിയിൽ ഉള്ള പല പദപ്രയോഗങ്ങളും പലപ്പോഴും വളരെ അടുത്ത് നിന്ന് പലരെപ്പറ്റിയും കോളജിൽ പഠിക്കുന്ന കാലത്ത് കേട്ടിരുന്നു.

യാതോരു വിവരവും ഇല്ലാത്തവർ ലോകത്തിൽ ഉണ്ടാവാം. ഉണ്ടാവില്ലാ എന്ന് ഉറപ്പിച്ച് പറയാനുള്ള കരുത്തില്ല. എന്നാൽ ഇങ്ങിനെ യാതോരു വിവരവും ഇല്ലാത്ത ആരേയും ഈ എഴുത്തുകാരന് അറിയില്ല.

പഠിക്കുന്ന കാലത്ത്, യാതോരു വിവരവും ഇല്ലാത്തവരാണ് രാഷ്ട്രീയക്കാർ എന്ന് പലപ്പോഴും പലരും പറഞ്ഞ് കേട്ടിട്ടുണ്ട്. എന്നാൽ അവരുടെ കീഴിൽ പ്രവർത്തിക്കുന്ന ഐഏഎസ്സ്കാർക്ക് നല്ല വിവരമുണ്ട് എന്നും പറഞ്ഞ് കേട്ടിട്ടുണ്ട്.

എന്നാൽ വാസ്തവം പറയുകയാണെങ്കിൽ രാഷ്ട്രീയക്കാർക്ക് വിവരം ഇല്ലാ എന്നുള്ളത് വിശ്വാസയോഗ്യമായ കാര്യമല്ല. മറിച്ച് കാര്യമായ വിവരവും കുരുട്ട് ബുദ്ധിയും വാക്ക് സാമർത്ഥ്യവും വ്യക്തി ബന്ധങ്ങളും മറ്റും ഉള്ളവരാണ് രാഷ്ട്രീയക്കാർ എന്നുള്ളതാണ് വാസ്തം എന്ന് തോന്നുന്നു.

ഈ ഒരു വിഷയം ഈ ഉപഭൂഖണ്ടത്തിൽ ഏതാണ്ട് പകുതിപ്രദേശത്ത് ഇങ്ഗ്ളിഷ് ഭരണം നടന്നിരുന്ന കാലത്ത് ഇവിടുണ്ടായിരുന്ന ജനങ്ങളുടെ മാനസികനിലവാരവുമായി തട്ടിച്ചു നോക്കാവുന്നതാണ്.

ഇങ്ഗ്ളിഷുകാർ അതി ബുദ്ധിമാന്മാരും, ഈ ഉപഭൂഖണ്ടത്തിലെ രാജാക്കളും ഭൂജന്മികളും, പ്രഭുക്കളും മറ്റും വിഡ്ഢികളും മറ്റും ആയിരുന്നു എന്നും മറ്റുമുള്ള രീതിയിൽ ചരിത്രപഠനത്തിൽ ചിലയിടങ്ങളിൽ കരുതിക്കൂട്ടി ആവശ്യാനുസരണം ചേർത്ത് എഴുതിക്കണ്ടിട്ടുണ്ട്.

എന്നാൽ വാസ്തവം ഇങ്ങിയെയല്ലായിരുന്നു എന്നാണ് തോന്നുന്നത്.

ഈ ഉപഭൂഖണ്ടത്തിലെ രാജാക്കളും, കുട്ടിരാജാക്കളും, പ്രഭുക്കളും, കുഗ്രാമ അധികാരികളും മറ്റും യഥാർത്ഥത്തിൽ അതിഗംഭീര ബുദ്ധിരാക്ഷസർ തന്നെയായിരുന്നു. കാര്യങ്ങളുടെ നിജസ്ഥിതി ഇങ്ഗ്ളിഷുകാർക്ക് സ്വപ്നത്തിൽകൂടി സങ്കൽപ്പിക്കാൻ പറ്റുന്നതിലും അധികമായി ഇവർക്ക് മനസ്സിലാക്കാനും മുൻകൂട്ടി കാണാനും ആയിരുന്നു. എന്തിന്, ഇങ്ഗ്ളിഷുകാർ മനസ്സിൽ കാണുന്നതിന് മുന്നേ തന്നെ ഈ കൂട്ടർക്ക് മാനത്ത് കാണാനുള്ള കഴിവുണ്ടായിരുന്നു എന്നതാണ് വാസ്തവം.

എന്നിട്ടും എല്ലാവിധ സംഭവങ്ങളുടേയും അന്ത്യത്തിൽ ഇങ്ഗ്ളിഷ് പക്ഷമാണ് വിജയകരമായി നിലനിന്നത്. ഇങ്ങിനെയുള്ള ചരിത്രപരമായ ഒരു സംഭവ വികാസത്തിൽ ഒരു വിരോധാഭാസം ഉണ്ട് എന്ന് പറയാതെ വയ്യ.

ബുദ്ധിയും കുരുട്ടുബുദ്ധിയും, കാര്യപ്രാപ്തിയും, വാക്ക് സാമർത്ഥ്യവും, ആൾബലവും, വൻബഹുമാനങ്ങളും, അടിയാന്മാരും അടിമകളും, പാരമ്പര്യവും, ആഭിജാത്യവും, ആഢ്യത്വവും, തത്വസംഹിതകളും, വേദവാക്യങ്ങളും, മന്ത്രങ്ങളും, കൂടോത്രങ്ങളും,

ഒച്ചപ്പാടും, കളരിയും, കളരിക്കുരിക്കളും, എന്തിന്, ഒടിയന്മാർവരെയുള്ള കൂട്ടർ, ഇതൊന്നും ഇല്ലാത്ത വെറും സ്ത്രൈണ സ്വഭാവവും, നിഷ്ക്കളങ്കത്വവും, മാത്രം മുതലുള്ള പച്ചപരമാർത്ഥികളായ ഒരു കൂട്ടം ഇങ്ഗ്ളിഷ് വംശജരുടെ മുന്നിൽ അടിയറവച്ചത് എന്ത് കൊണ്ടാണ് എന്നുള്ളത് മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു സങ്കീർണമായ വിപരീതസത്യം അല്ലതന്നെ.

വളരെ നിസ്സാരമായിത്തന്നെ വിശദീകരിക്കാനാവുന്ന സംഭവമാണ് ഇത്. ആദ്യത്തെക്കൂട്ടരുടെ മുഴുവൻ മാനസിക പദ്ധതിയും തമ്മിൽ പാരവെക്കാനും, മറ്റെ ആളെ കാൽതട്ടിവീഴ്ത്താനും, മുൻകൂറായി കാര്യങ്ങൾ മനസ്സിലാക്കി കാലേക്കൂട്ടി അടിച്ചിടാനും, കള്ളക്കുഴിയിൽ വീഴ്ത്താനും, ചതിക്കാനും, ചതിപ്പിക്കാനും അധികാരത്തിൽ ഇരിക്കുന്ന ആളെ തട്ടിത്തെറിപ്പിക്കാനും, ഭരണാധികാരം തട്ടിയെടുക്കാനും മറ്റുമാണ് ഉപയോഗിച്ചത്.

അതേ സമയം തികച്ചും വിഡ്ഢിപരിവേഷത്തിൽ ഉള്ള ഇങ്ഗ്ളിഷുകാർ, സ്വന്തം വാക്ക് പാലിക്കാനും, താഴെക്കിടിയിലുള്ളവരെ ഉയർത്താനും, ശക്തമായ സംവിധാനങ്ങൾ സൃഷ്ടിക്കാനും, കാര്യങ്ങൾ കാര്യക്ഷമായി നടപ്പിലാക്കാനും മറ്റുമാണ് അവരുടെ തുച്ഛമായ വിവരവും, വിവരക്കേടുകളും, സ്ത്രൈണ സ്വഭാവങ്ങളും, ഒച്ചപ്പാടില്ലായ്മയും മറ്റും ഉപയോഗിച്ചത്.

ഇക്കാര്യം ഈ ഉപഭൂഖണ്ടത്തിലെ സാധാരണക്കാരായ ജനം തിരിച്ചറിഞ്ഞപ്പോൾ, ഇക്കൂട്ടരുടെ കൂടെ നിൽക്കുന്നതാണ് അഭികാമ്യം എന്ന് മനസ്സിലാക്കിയതാണ്, കാലക്രമേണെ ഈ ഉപഭൂഖണ്ടത്തിൽ ഏതാണ്ട് പകുതിയോളം പ്രദേശത്ത് ബ്രിട്ടിഷ്-ഇന്ത്യ എന്ന പേരിൽ അറിയപ്പെട്ടിരുന്ന രാജ്യമായി രൂപീകരിക്കപ്പെട്ടത്.

161. പോയ്മറിഞ്ഞ ഇങ്ഗ്ലിഷ് ഭരണത്തിന്റെ നിഴലിൽ വളർന്നു പന്തലിച്ചുനിൽക്കുന്ന കാര്യങ്ങൾ

വിവരം, ജ്ഞാനം, വിജ്ഞാനം, അറിവ് എന്നെല്ലാം ഏതാണ്ട് ഒരേ അർത്ഥം വരുന്ന വാക്കുകളാണ് എന്ന് തോന്നുന്നു. എന്നാൽ ഈ വക വാക്കുകൾ രണ്ട് വ്യത്യസ്തകാര്യങ്ങളെ പ്രതിനിധാനം ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങൾ വന്നേക്കാം. അതിനെക്കുറിച്ച് പിന്നീട് പറയാം.

വൈദ്യന് ഔഷധീയ സസ്യങ്ങളെക്കുറിച്ച് അറിവ് ഉണ്ടാവും. കല്ലാശാരിക്ക് കെട്ടുപണികളുമായി ബന്ധപ്പെട്ട വിജ്ഞാനം ഉണ്ടാവും. ആശാരിക്ക് ആശാരിപ്പണിയിൽ നൈപുണ്യം ഉണ്ടാവും. ഡോക്ടർക്ക് എലോപ്പതി ഔഷധവേലയിൽ വിവരം ഉണ്ടാവും. ഇങ്ങിനെ പോകുന്നു

ഈവിധ നൈപുണ്യങ്ങളും, വിവരങ്ങളും ഉള്ള ആളുകൾക്ക് സാമൂഹിക ഘടനയിൽ ഉന്നമനം വരുത്താൻ ഉള്ള കഴിവ് ഉണ്ടാവാം, യാദൃശ്ചികമായി. എന്നാൽ പൊതുവായി പറഞ്ഞാൽ ഇതിൽ ഇവർക്ക് കഴിവ് കാണില്ലതന്നെ.

BA, MA, BSc, MSc, PHd, MBBS, BPharm, MBA തുടങ്ങിയ ഡിഗ്രികൾ എടുത്തവർക്കും ഇങ്ങിനെയൊരു കാര്യം അവരുടെ ഔപചാരിക വിദ്യാഭ്യാസത്തിൽനിന്നും ലഭിച്ച നൈപുണ്യങ്ങളാൽ ആവും എന്ന് തോന്നുന്നില്ല.

സാമൂഹികമായ മാറ്റം സംഭവിക്കണമെന്ന ആഗ്രഹം പോലും ഇവരിൽ മിക്കവർക്കും ഉണ്ടാവും എന്ന് തോന്നുന്നില്ല. മറിച്ച്, സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കുക, തൊട്ടടുത്തവനെ തന്നെക്കാൾ വളരാൻ അനുവദിക്കാതിരിക്കുക, സ്വന്തം തൊഴിൽ മേഖലയിൽ പൊരുതി ജയിക്കുക എന്നെല്ലാമാണ് ഈ വിധ വിദ്യാഭ്യങ്ങളുടെ കാതലായ ലക്ഷ്യം.

ഇങ്ങിനെ നോക്കുമ്പോൾ, രാഷ്ട്രീക്കാർക്കും ഈ നാട്ടിൽ കാര്യമായ ഒരു സാമൂഹിക വളർച്ച വരുത്തണം എന്ന ഒരു ഭാവം കാണും എന്ന് തോന്നുന്നില്ല. എന്നാൽ അവർക്ക് വിവരമില്ലാ എന്ന ഒരു ധ്വനി ഇതിൽ നിന്നും പറിച്ചെടുക്കേണ്ടുന്ന ആവശ്യമില്ലതന്നെ.

ഇന്ന് ഇന്ത്യയിലെ രാഷ്ട്രീയക്കാർ നിന്ന് വിലസുന്ന മിക്ക ഭരണ സംവിധാനങ്ങളും ഇങ്ഗ്ലിഷ് ഭരണം ഇവിടെ വെറും നിലത്ത് പൊടിതട്ടി, കുഴികുഴിച്ച് വിത്തിട്ട് വെള്ളമൊഴിച്ച് വളർത്തി പന്തലിപ്പിച്ചവയാണ്. ഈ വിധ ഭരണയന്ത്രങ്ങളിൽ കയറിയിരുന്നുകൊണ്ട് ഈ നാട്ടിൽ പാലംകെട്ടുക, റോഡ് പണിയുക, വിമാനത്താവളം കെട്ടുക, കപ്പൽ വാങ്ങിക്കുക, തുടങ്ങിയകാര്യങ്ങൾ നടത്തിക്കിട്ടാൻ പദ്ധതിയിടാൻ കാര്യമായ ഒരു വിവരവിജ്ഞാന കലവറയുടെ അനിവാര്യത ഉണ്ട് എന്ന് തോന്നുന്നില്ല. മിക്ക ആളുകൾക്കും ഈവിധ ഭരണയന്ത്രങ്ങളുടെ തലപ്പത്ത് വന്നിരുന്നാൽ ഈ വിധകാര്യങ്ങൾ നടത്തിക്കാട്ടാൻ ആവും.

കാരണം, ഭാഷ ഫ്യൂഡൽ സ്വഭാവമുള്ളതാണ്. ഏത് ഓനും, അവനും, ഓളും, അവളും, ഒറ്റയടിക്ക് മറിമായം എന്ന രീതിയിൽ കുട്ടിക്കരണം മറിഞ്ഞ് സാറും, അദ്ദേഹവും, വലയിദ്ദേഹവും, മാഡവും, മേഡവും, അവരും, ഓരും, ഓലും മറ്റും ആയി വന്ന് നിവർന്ന് നിൽക്കും, ഈ വിധ യന്ത്രങ്ങളുടെ തലപ്പത്ത് വന്ന് ഇരുന്നാൽ.

എന്നാൽ സമൂഹിക വ്യക്തിത്വത്തിൽ കാര്യമായ ഒരു മാറ്റം ഇവരെക്കൊണ്ട് നടപ്പിൽ വരുത്താൻ ആവില്ലതന്നെ.

ഉദാഹരണത്തിന്, പോലീസ് സ്റ്റേഷനിലും, വില്ലേജ് ഓഫീസിലും മറ്റും കുനിഞ്ഞ് നിന്ന് ഇഞ്ഞ്, നീ തുടങ്ങിയ വാക്കുകളുടെ പ്രഹരം അനുഭവിക്കുന്ന ഒരു സാമൂഹികമായി വ്യക്തിത്വം കുറഞ്ഞ ഒരു കൂട്ടം ആളുകളെ ഈ വിധ വ്യക്തിത്വധ്വംസനത്തിൽ നിന്നും കരകേറ്റാൻ ആവില്ല. എന്നാൽ വേണമെങ്കിൽ ഭരണ സംവിധാനങ്ങൾക്ക് ഈ കൂട്ടർക്ക് ഒരു സ്മാട്ട് ഫോൺ (Smartphone) നൽകാൻ ആയേക്കാം.

ഇത് ലഭിച്ചാൽ, അവർക്ക് ഒരു വൻ മാനസികോല്ലാസം ലഭിച്ച പ്രതിതി തന്നെയായിരിക്കും. സാമൂഹികമായും വ്യക്തിത്വപരമായും ഇത് ചിലഗുണങ്ങൾ ചെയ്തേക്കാം എന്നുള്ളത് സത്യം തന്നെ. എന്നാൽ, സാമൂഹികമായും വ്യക്തിത്വപരമായും, ഇതിനേക്കാൾ അപ്പുറത്തുള്ള പലതും ഉണ്ട് എന്നുള്ള കാര്യം മനസ്സിലാക്കണമെങ്കിൽ ആ വിധം ഒരു ലോകംതന്നെ ഈ ഭൂഗോളത്തിൽ ഉണ്ട് എന്ന അറിവ് ഉണ്ടാവണം.

162. ഒഴുക്കിന് എതിരെ നീങ്ങുന്ന വിവരവിജ്ഞാനം കൊണ്ടെത്തിക്കുന്നത് എവിടെ

QUOTE: എന്നാൽ അവരുടെ കീഴിൽ പ്രവർത്തിക്കുന്ന ഐഎഎസ്സ്കാർക്ക് നല്ല വിവരമുണ്ട് എന്നും പറഞ്ഞ് കേട്ടിട്ടുണ്ട്. END OF QUOTE

ഇതാണ് അടുത്ത വിഷയം. ഐഎഎസ്സ്കാർക്കും ഉദ്യോഗസ്ഥർക്കും വൻ വിവരം ഉണ്ടോഎന്നതാണ്, ഇവിടെ അറിയാതെ പ്രതിപാദ്യവിഷയമായി പോയിരിക്കുന്ന അടുത്ത കാര്യം.

ഈ രാജ്യത്ത് ഏറ്റവും കുറവ് വിവരവും കഴിവും ബുദ്ധിപരമായ പ്രവർത്തനവും പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റക്കുറവും ഉള്ള രണ്ട് കൂട്ടർ ഉദ്യോഗസ്ഥരും, അദ്ധ്യാപകരും ആണ് എന്ന് പലരിൽനിന്നും ഈ എഴുത്തുകാരന് അഭിപ്രായം ലഭിച്ചിട്ടുണ്ട്. ഈ അഭിപ്രായത്തോട് കാര്യമായി എതിരൊരഭിപ്രായം ഇല്ലെങ്കിലും, ഈ എഴുത്തുകാരന് മറ്റൊരു തിരിച്ചറിവും ലഭിച്ചിട്ടുണ്ട്.

ഈ രാജ്യത്ത് ഏറ്റവും മൂല്യമേറിയ വിവരവും, കഴിവും ബുദ്ധിപരമായ പ്രവർത്തനവും മറ്റുംമറ്റും ഉള്ളവരും, ഈ കൂട്ടരിൽ ഉണ്ട് എന്നത്. എണ്ണത്തിൽ വളരെ കുറവാണ് എങ്കിൽക്കൂടി.

ഏതാണ്ട് 20 വർഷങ്ങൾക്ക് മുൻപ്, 1984ലെ ഐഎഎസ് ബാച്ചിൽ പെട്ട ഒരു ഐഎഎസ്സുകാരനോട് ഏതാനും മാസങ്ങൾ വളരെ അടുത്ത് പെരുമാറാനുള്ള ഒരു അവസരം ലഭിച്ചിരുന്നു. ഇദ്ദേഹം പഞ്ചാബ് കേഡറിലെ ഉദ്യോഗസ്ഥനായിരുന്നു.

ഈ എഴുത്തുകാരന് ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിന്റെ വിസ്തൃതമായ സീമകളെക്കുറിച്ച് അറിവുണ്ടായിരുന്നതിനാൽ, ഇദ്ദേഹത്തിന്റെ വിവരവിജ്ഞാന വിസ്തൃതിയെക്കുറിച്ച് വളരെ പെട്ടന്ന് തന്നെ ഒരു ധാരണ ലഭിക്കാൻ കഴിഞ്ഞു. ഇങ്ഗ്ളിഷ് സാഹിത്യത്തിൽ ഇത്രമാത്രം വായിച്ചുള്ള വിവരവും, ഇതിനാൽത്തന്നെ മനുഷ്യാവകാശങ്ങളെക്കുറിച്ചും, ഇങ്ഗ്ളിഷ് സാമൂഹികവും, ഭരണപരമായും ഉള്ള കീഴ്വഴക്കളെക്കുറിച്ചും അറിവുള്ള മറ്റൊരു വ്യക്തിയെ ഈ എഴുത്തുകാരന് പരിചയമില്ലതന്നെ.

ഹിന്ദിയിലും, പഞ്ചാബിയിലും ഇദ്ദേഹത്തിന് ഉള്ള അറിവുകളെക്കുറിച്ച് ഒരു ധാരണലഭിക്കാനായില്ല. എന്നാൽ, ഇന്ത്യയെക്കുറിച്ച് മൂല്യമേറിയ പല വിവരങ്ങളും ഇദ്ദേഹത്തിന്റെ പക്കൽ ഉണ്ട് എന്ന ഒരു ഹേതു, ഇദ്ദേഹം പറയാതെ തന്നെ ലഭിച്ചിരുന്നു.

എന്നാൽ ഈ വിധ വിവരങ്ങൾ അതീവ ആപത്ത് ചെയ്യുന്നകാര്യങ്ങളാണ്, ഫ്യൂഡൽ ഭാഷകളിൽ.

ഫ്യൂഡൽ ഭാഷകളിൽ, ഓരോ തൊഴിലിനും, ആ തൊഴിൽ മേഘലയിൽ ഒരു നിലവാരം ഉണ്ട്. ആ നിലവരത്തിന് അനുസൃതമായ വിവരവും കഴിവും മാത്രം ഉള്ളതാണ് അഭികാമ്യം. ഉദാഹരണത്തിന്, ലോറി ക്ളീനർക്ക്, ക്ളീനർക്ക് ആവശ്യമുള്ള വിവരവും കഴിവും മാത്രമേ പാടുള്ളു. ലോറി ഡ്രൈവർക്കും, തഥൈവ.

തൊഴിൽ നിലവാരത്തിന് അതീതമായുള്ള വിവരം ആപത്ത് ചെയ്യും. ഫ്യൂഡൽ ഭാഷകളിലെ ഉച്ചനീചത്വ ബന്ധ കണ്ണികൾക്ക് ബലം നൽകുന്നത്, ഓരോ കണ്ണിയിലേയും വ്യക്തിക്ക് ആ കണ്ണിയിൽ നിറയാനുള്ള വിവരവിജ്ഞാന കഴിവുകളെ ഉള്ളു;

എന്നതാണ്. അതിൽ കൂടുതൽ വിവരവിജ്ഞാന കഴിവുകൾ നിറഞ്ഞുനിന്നാൽ, ആ വ്യക്തി ആ കണ്ണിക്കുള്ളിൽ നിൽക്കാൻ പറ്റില്ല.

ഫ്യൂഡൽ ഭാഷകളിൽ ഇങ്ങിനെയുള്ള വ്യക്തികളെ തരംതാഴ്ത്തി കീഴ്ജാതിക്കാരനാക്കും, മറ്റുള്ളവർ.

മുകളിൽ സൂചിപ്പിച്ച ഐഎഎസ്സുകാരനും ഈ വിധ ആപത്തിൽ പെട്ടുപോയി.

കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷയിലും അതുപോലുള്ള മറ്റ് നിരപ്പുള്ള ഭാഷകളിലും മാത്രമേ, ഏത് നിലവാരത്തിലുള്ളവരിലും ഏത്ര വിവരവും കഴിവും, മറ്റും ഉണ്ടായാലും യാതോരു പ്രശ്നവും ഇല്ലാതെതന്നെ, ആ സമൂഹത്തിന് ഉൾക്കൊള്ളാൻ ആവുള്ളു.

ഇന്ത്യയിലെ ഐഐഎസ്സും, പാക്കിസ്ഥാനിലെ CSSഉം (Central Superior Servicesഉും) ബ്യട്ടിഷ്-ഇന്ത്യയിൽ ഉണ്ടായിരുന്ന ICSൽ (Imperial Civil Serviceൽ) നിന്നും രൂപം കൊണ്ടതാണ് എന്ന് പറയാമെങ്കിലു, അത് 'വെ', ഇത് 'റെ' എന്നത് മാതിരി തന്നെയായണ് ഗുണമേന്മയുടെ കാര്യത്തിൽ. കഴിവും ബുദ്ധിയും, വിവരവും, തത്ത്വദീക്ഷിതയും, സത്യസന്ധതയും, മറ്റും മറ്റും ഉള്ളവർ പാക്കിസ്ഥാനിലേയും, ഇന്ത്യയിലേയും ഈ വക സർക്കാർ കാഡറുകളിൽ ഉണ്ട് എന്ന് നിഷേധിക്കുന്നില്ലെങ്കിലും, സർക്കാർ സംവിധാനങ്ങളും, കീഴ്വഴക്കങ്ങളും, മറ്റും, ഇങ്ഗ്ളിഷിലെ സമത്വാധിഷ്ഠിതമായ രൂപത്തിൽ നിന്നും മാറി വെറും ഫ്യൂഡൽ രീതിയിലുള്ള, പൊതുജനങ്ങളെ തരംതാഴ്ത്തുകയും, സ്വന്തം സ്ഥാനമാനങ്ങൾ പടുത്തുയർത്തുകയും ചെയ്യുക എന്നുള്ള രീതിയിലേക്ക് മാറിയിട്ടുണ്ട്.

ഇങ്ങിനെയുള്ള ഒരു അന്തരീക്ഷത്തിൽ, അതിഗംഭീരമായ ഇങ്ഗ്ളിഷ് പരിജ്ഞാനം, സമത്വാധിഷ്ഠിതമായ ചിന്താഗതി, അമിതവിവരം, കഴിവ് എന്നാല്ലാം ഒരു അധികപ്പറ്റായി നിലനിക്കും. ആൾ എത്രനല്ല മനുഷ്യനാണെങ്കിലും, പുകഞ്ഞപുള്ളിയായിത്തന്നെ കാണപ്പെടും. ഒന്നുകിൽ ഈ ആൾ സ്വന്തം നിലയിൽ പുറത്ത് ചാടണം. അല്ലെങ്കിൽ ആ ആളെ പുറത്ത് ചാടിക്കും.

ഇങ്ങിനെ പുറത്ത് ചാടിക്കപ്പെട്ട അവസ്ഥയിലാണ്, മുകളിൽ സൂചിപ്പിച്ച ഐഎഎസ്സുകാരനെ ഈ എഴുത്തുകാരൻ പരിചയപ്പെട്ടത്. ഇദ്ദേഹം അന്ന് സൂചിപ്പിച്ച പലകാര്യങ്ങളിൽ ചിലത് ഞെട്ടിപ്പിക്കാൻ സാധ്യതയുള്ളവയായിരുന്നു.

ഉദാഹരണത്തിന്, പോലീസുമായുള്ള ഏറ്റുമുട്ടൽ മരണങ്ങൾ (Police encounter deaths). ഇത് ചില പോലീസ് ഉദ്യോഗസ്ഥരുടെ ഒരു പ്രവർത്തന നയം തന്നെയായിരുന്നു എന്ന് തോന്നുന്നു.

ഇവിടെ പ്രസക്തമായുള്ള കാര്യം ഇന്ത്യൻ സ്വാതന്ത്യസമരവുമായി ബന്ധപ്പെട്ട് ഭഗൽസിങ്ങിന്റെ പേര് പറയുന്നുണ്ട്. അതുപോലെ വേറെയും ചിലരുടെ പേരുകൾ പറയപ്പെടുന്നുണ്ട്. ഇവരെല്ലാംതന്നെ സ്വന്തം നിലയിൽ അക്രമങ്ങൾ ചെയ്തവരാണ്. ഈ ഉപഭൂഖണ്ഡത്തിലെ ജനങ്ങൾ സംഘടിച്ച് ഇങ്ഗ്ളിഷ് ഭരണം നിർത്തലാക്കണം എന്ന് ആവശ്യപ്പെട്ടിരുന്നെങ്കിൽ, ഒരു നിമിഷം പോലും ഈ ഉപഭൂഖണ്ഡത്തിൽ ഇങ്ഗ്ളിഷ് ഭരണം നലിനിൽക്കില്ലായിരുന്നു.

യാത്രാവണ്ടികളിലേക്ക് ബോംബ് എറിയുക, ട്രെയ്ൻ പാളംതെറ്റിച്ച് മറിച്ചിടുക തടുങ്ങിയ കാര്യങ്ങളോട് ജനങ്ങൾക്ക് എത്രകണ്ട് യോജിപ്പുണ്ടായിരുന്നു എന്ന് തീർച്ച പറയാൻ ആവില്ല. ആൾ അപായം ഉണ്ടായ ബോംബ് ഏറുകളിൽ ഇക്കൂട്ടർ

ജനങ്ങളുടെ കൈയിൽപ്പെടാതെ രക്ഷപ്പെട്ട അവസരവും ഉണ്ടായിരുന്നു എന്നാണ് തോന്നുന്നത്.

ഇങ്ഗ്ളിഷ് ഭരണം വിട്ട് പോയ ദിക്കിൽ സ്ഥാപിതമായ പാക്കിസ്ഥാനിലും, ഇന്ത്യയിലും, ഒന്നും രണ്ടുമല്ല, ഭഗത്ത് സിങ്ങുകൾ രൂപം കൊണ്ടത്. മറിച്ച്, ബലൂചിസ്ഥാൻ, കാശ്മീർ, പഞ്ചാബ്, ബീഹാർ, ബെങ്ഗോൾ, ആസാം, തൃപുര, മിസോറാം, തെലുങ്കാനാ, തുടങ്ങി എല്ലായിടുത്തും, ആയിരക്കണക്കിന് വിപ്ളവകാരിയകളാണ് സൃഷ്ടിക്കപ്പെട്ടത്. അവർക്ക് ആർക്കെങ്കിലും വ്യക്തമായി ഒരു നല്ലരാജ്യം സൃഷ്ടിക്കാൻ ആവുമോ എന്നുള്ളത് സംശയമാണ്.

എന്നാൽ, ഇവരെ നേരിട്ട പാക്കിസ്ഥാൻ - ഇന്ത്യൻ സായുധ സേനകൾ, ഇവരോട് ഇങ്ഗ്ളിഷ് ഭരണം കാട്ടിയ മനുഷ്യത്വവും കോടതികയറ്റലും മറ്റും നടത്താൻ മിനക്കെടാറില്ലാ എന്നുള്ളതാണ് വാസ്തവം. കൈയിൽക്കിട്ടിയാൽ കഥകഴിക്കും. സ്ത്രീജനങ്ങളെ പിടിച്ചുകൊണ്ടുപോകും. പിന്നീട് അവർ ഏറ്റുമുട്ടലിൽ മരിക്കും.

ബെങ്ഗോളിലെ നെക്സൽ നേതാവായിരുന്ന ചാരുമജുംധാറിനെ പോലീസ് സ്റ്റേഷനിൽ വച്ച് അടിച്ച് കൊല്ലുകയാണ് ചെയ്തത് എന്നാണ് തോന്നുന്നത്. മൃത്ദേഹം കാണാൻ പോലും, ആരെയും അനുവദിക്കാതെ, കത്തിച്ചുകളയുകയാണ് ചെയ്ത്.

ഈ വിധ വിപ്ളവങ്ങൾക്കൊന്നും ഈ നാടിനെ ഇങ്ഗ്ളണ്ട് ആക്കാൻ ആവില്ലതന്നെ. സായുധ വിപ്ളവം അല്ല വേണ്ടത്, മറിച്ച്, അതിനേക്കാൾ വിപ്ളവ കഴിവുകൾ ഉള്ള കറപുരളാത്ത ഇങ്ഗ്ളിഷാണ് ഇവിടെ വരേണ്ടത്. ചാരു മജുംധാറിന്റെ ആളുകൾ ഭൂജന്മികളേയും, പോലീസുകാരേയും കൊന്നതിനാണ്, പോലീസ് മജുംധാറിനെ അടിച്ച് കൊന്നത്. വാക്കുകൾ 'നീ', 'എടാ', എന്നൊക്കെ ആയാൽ, അടിച്ച് കൊല്ലാൻ എളുപ്പമാണ്.

ദീപ്ക്ക് എന്ന് പേരുള്ള മജുംധാറിന്റെ ഉറ്റ തോഴനെ പോലീസ് സ്റ്റേഷനിൽ വച്ച് അതിഗംഭീരമായി വേദനിപ്പിച്ച്, മജുംധാറിന്റെ ഒളിവ് സ്ഥാനം ജൂലൈ 16, 1972ന് പോലീസുകാർ കണ്ടെത്തുകയായിരുന്നു.

എന്നാൽ ഇവിടെ എടുത്ത് പറയേണ്ടത് ഇങ്ഗ്ളിഷ് ഭരണം അതിക്രൂരമായിരുന്നു എന്ന് കൊട്ടിഘോഷിക്കുന്നവരുടെ യഥാർത്ഥരൂപം അതികഠിനമാണ്.

നേരത്തെ സൂചിപ്പിച്ച ഐഏഎസ്സ് ഓഫിസർ പുകഞ്ഞ് നിന്നില്ലായിരുന്നെങ്കിൽ ഈ രാജ്യത്തിലെ ഉദ്യോഗസ്ഥനിലവാരങ്ങളിൽ ഏതാണ്ട് ഏറ്റവും മുകളിൽ നിൽക്കുമായിരുന്ന വ്യക്തിയായിരുന്നു. ഈ തലതിരിഞ്ഞ എഴുത്തകാരന് പരിചയപ്പെടാനായത് ഇദ്ദേഹത്തിന്റെ കൈയിലിരിപ്പ് ശരിയല്ലാത്തത് കൊണ്ടാണ് എന്ന് വേണമെങ്കിൽ പറയാവുന്നതാണ്.

163. ജനങ്ങളെ അടിയാളപ്പെടുത്തുന്ന ഒരു വൻ പ്രസ്ഥാനം

ഉദ്യോഗസ്ഥർക്ക് വിവരം ഇല്ലായെന്നുള്ള ധ്വനിയും തെറ്റാണ്. ഈ നാട്ടിലെ മറ്റെല്ലാവരെപ്പോലെ അവർക്കും പലവിധ വിവരങ്ങളും നൈപുണ്യങ്ങളും ബുദ്ധിയും കുബുദ്ധിയും മറ്റും ഉണ്ട് എന്നുള്ളതാണ് വാസ്തവം. അവർ മോശമായി ജനങ്ങളോട് പെരുമാറുന്നുണ്ടെങ്കിൽ ജനങ്ങളും മോശമായി പെരുമാറുന്നുണ്ട് എന്നുള്ളതിന്റെ ഒരു പ്രതിഫലനം മാത്രമായിരിക്കും ഇത്.

ഇവിടെ പ്രതിപാദ്യമായി വരുന്ന വിഷയം ഉദ്യോഗസ്ഥർക്ക് അവരുടെ തൊഴിൽ ചെയ്യാനുള്ള കഴിവുകൾ ഉണ്ടോ എന്നതാണ്. ഉദാഹരണത്തിന്, ഒരു ആശാരിക്ക് പലവിധ വിവരങ്ങളും നൈപുണ്യങ്ങളും ബുദ്ധിയും കുബുദ്ധിയും ഉണ്ട്, എന്നാൽ ആശാരി പണിയിൽ വൈദഗ്ദ്യം കുറവാണ്. ഇങ്ങിനെയുള്ള ആൾ ആശാരിപ്പണിക്ക് പറ്റില്ലതന്നെ.

ഇതാണ് ഉദ്യോഗസ്ഥരുടേയും കാര്യം. നല്ലകഴിവുണ്ട്, വ്യക്തിത്വം ഉണ്ട്, സ്വഭാവ ഗുണമുണ്ട് എന്നെല്ലാമാണെങ്കിലും, ആൾ സർക്കാർ ഓഫിസിലിരുന്ന് അവിടുള്ള തൊഴിലിന് പറ്റില്ലതന്നെ. ഇത് ഒരു വാസ്തം തന്നെയെങ്കിലും, അതിനേക്കാൾ വലിയ വാസ്തവം ഈ രാജ്യത്തിലെ ഒട്ടുമിക്ക ആളുകളും ഈ പണിക്ക് പറ്റിയവരല്ലാ എന്നുള്ളതാണ്.

ഇന്നുള്ള ഇന്ത്യൻ സർക്കാർ തൊഴിൽ ഇന്ത്യയിലെ മിക്ക ഫ്യൂഡൽ ഭാഷാ തൊഴിൽ മേഘലയേയും പോലെ, തനി വിരസവും, മാനസികമായി കുടുങ്ങിക്കിടക്കുന്ന അവസ്ഥനൽകുന്നതരത്തിലും, മറ്റുള്ളവർക്ക് അടിയാളപ്പെടുന്നത് പോലെയും മറ്റും തന്നെയാണ്. എങ്കിലും, സർക്കാർ ഓഫിസിലെ പണിക്ക് കുറച്ച് വ്യത്യാസം ഉണ്ട് തന്നെ.

ഇങ്ഗ്ളിഷ് ഭരണകാലത്ത്, ജനങ്ങളുടെ പണിക്കാർ (Public Servants) എന്നൊക്കെയായാണ് ഇക്കൂട്ടരെ നിർവ്വചിക്കപ്പെട്ടതെങ്കിലും, ഇന്ന് കാര്യങ്ങൾ അങ്ങിനെയല്ലതന്നെ.

[ഇവിടെ എടുത്ത് പറയേണ്ടുന്ന കാര്യം ബ്യട്ടിഷ്-മലബാറിലെ കാര്യമാണ് സൂചിപ്പിച്ചത്. തിരുവിതാംകൂർ രാജ്യത്തിൽ പണ്ട് മുതലെ, സർക്കാർ ഉദ്യോഗസ്ഥർ മേലാളന്മാരാണ്. അങ്ങുന്ന്, സാർ, അദ്ദേഹം, വലിയദ്ദേഹം, തുടങ്ങിയവരാണ് സർക്കാർ ഉദ്യേഗസ്ഥർ, എത്ര ചെറിയവരാണെങ്കിൽക്കൂടി].

ഇന്ന് സർക്കാർ തൊഴിലിൽ പ്രവേശിക്കപ്പെടുന്ന ആൾ, ജനങ്ങളെ അടിയാളപ്പെടുത്തുന്ന ഒരു വൻ സംഘടനാ ബലമുള്ള പ്രസ്ഥാനത്തിലെ ഒരു അംഗമാണ്. ഈ അംഗമായി ചേരുന്ന ആൾ എത്രകണ്ട് നല്ലമനുഷ്യനായാലും, ഈ പ്രസ്ഥാനത്തിലെ കീഴ്‌വഴക്കങ്ങൾക്ക് അനുസ്യതമായെ പെരുമാറാനും കാര്യക്ഷമത കാട്ടാനും ആവുള്ളു.

ഇതിന് പ്രത്യേകമായുള്ള കാരണം, ഇന്ന് സർക്കാർ ഓഫിസുകൾ ഏതാണ്ട് മിക്കവാറും ഫ്യൂഡൽ ഭാഷകളിലാണ് പ്രവർത്തിക്കുന്നത്. ഈ ഭാഷാന്തരീക്ഷത്തിൽ, അടിയാളികളായി നിർവ്വചിക്കപ്പെടുന്ന പൊതുജനം പ്രത്യക്ഷമായ ബഹുമാനവും, അടിയാളത്തവും, അച്ചടക്കവും പെരുമാറ്റത്തിലും, വാക്കുകളിലും, സൂചനകളിലും പ്രകടിപ്പിക്കേണ്ടതാണ്.

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ മാനസികമായി ഏറ്റവും സുഖവും, സന്തോഷവും, ഉന്മാദാവസ്ഥയും നൽകുന്ന കാര്യം മറ്റുള്ളവർ അടിയാളത്ത ഭാവത്തിൽ നൽകുന്ന ബഹുമാനവും, ആദരവും ആണ്. ഈ കാര്യം മറ്റുള്ളവർ കാൺകെയാണ് നൽകപ്പെടുന്നതെങ്കിൽ അതിഗംഭീരമായ മാനസിക ഉന്മാദം ലഭിക്കും എന്ന് മാത്രമല്ല, മറിച്ച്, ഈ വിവരം സമൂഹത്തിലൂടെ പ്രചരിക്കുകയും, ഇത് കേട്ടവർകേട്ടവർ, ഈ അടിയാളത്തിലേക്ക് കൂടെച്ചേരുവാൻ വെമ്പൽക്കൊള്ളുകയും ചെയ്യും.

ഇക്കാരണത്താൽ, സർക്കാർ ഓഫിസിലെ തൊഴിൽ എത്രകണ്ട് വിരസവും, ആവർത്തന വിരസവും വെറുപ്പുളവാക്കുന്നതും, ആണെങ്കിലും, ഇത് ഇട്ടേച്ച് പോരുക എന്നുള്ളത് പലരെ സംബന്ധിച്ചും, ആത്മഹത്യാപരമായ ചെയ്തിയായിരിക്കും. ഫ്യൂഡൽ ഭാഷകളിൽ ബഹുമാനം എന്ന എടാകൂടം ഇല്ലാത്ത വ്യക്തി ഒരു പിണം (dead body) തന്നെയാണ്.

164. അന്യന്‍റെ നാശത്തില്‍ ആനന്ദം ഏകുന്ന ഭാഷാ സംസ്ക്കാരം

പൊതുജനത്തില്‍പ്പെട്ടവരെ ഗുരുതരമായ മാനസിക അധമത്തത്തിലേക്ക് നയിക്കുന്ന സാമൂഹികാന്തരീക്ഷമാണ് സര്‍ക്കാര്‍ ഓഫിസുകളില്‍ ഉള്ളത്. ഈ മാസികാവസ്ഥയക്ക് ശക്തിയേകുന്ന പല ഘടകങ്ങളും നിലവില്‍ ഉണ്ട്.

അതില്‍ പ്രധാനപ്പെട്ട ഘടകം ഫ്യൂഡല്‍ ഭാഷകളില്‍ ഉള്ള വിദ്യാഭ്യാസം തന്നെയാണ്. സാമൂഹികമായി പൊതുജനത്തെ ഈ വിധ കീഴ്വഴക്കങ്ങള്‍ക്ക് പരിശീലിപ്പിച്ചെടുക്കുന്ന വേദിയാണ് ഫ്യൂഡല്‍ ഭാഷകളില്‍ പഠനം നടക്കുന്ന സ്കൂളുകളും മറ്റ് പഠന വേദികളും.

മറ്റെയാളുടെ പദ്ധതികള്‍ പരാജയപ്പെടുകയും, നിലംപരിശാകുകയും ചെയ്യപ്പെടുന്നത് അതീവ ആനന്ദം നല്‍ക്കുന്ന കോഡുകളാണ് ഫ്യൂഡല്‍ ഭാഷകളില്‍ ഉള്ളത്. കാരണം, നിലംപരിശാകാതെ വിജയത്തിലേക്ക് നീങ്ങിയാല്‍, മറ്റേയാള്‍ വെറും 'അവന്‍' എന്നതില്‍ നിന്നും വളര്‍ന്ന്, 'അയാള്‍' എന്നും, അതിന് ശേഷം 'അദ്ദേഹം' എന്നും, 'സാര്‍' എന്നും, 'ഓര്' (അവര്‍) എന്നും ഉള്ള നിലയിലേക്ക് വളരും. ഇതിനേക്കാള്‍ അപകടകരമായ ഒരു മുന്നേറ്റം സങ്കല്‍പ്പിക്കാന്‍ കൂടി ആവില്ലതന്നെ.

സ്വന്തം കുടുംബത്തിന്‍റെ സാമൂഹിക അടിത്തറ പൊട്ടിപ്പൊളിഞ്ഞുപോകുന്ന കാര്യമാണ് ഇത്.

ഇതിനാല്‍ത്തന്നെയും, സര്‍ക്കാര്‍ ഓഫിസില്‍ പണിചെയ്യുന്നവരുടെ പാദസേവചെയ്ത് എങ്കിലും സ്വന്തം കാര്യം വിജയിപ്പിച്ചെടുക്കേണ്ടുന്ന അവസ്ഥയാണ് ഉള്ളത്. കാരണം, സമൂഹം ഇങ്ഗ്ളിഷില്‍ അല്ല പ്രവര്‍ത്തിക്കുന്നത്, ചിന്തിക്കുന്നത്.

സര്‍ക്കാര്‍ ഓഫിസിലെ തൊഴില്‍ വിരസമാവുന്നതിന്‍റെ മുഖ്യകാരണം, അതിനുള്ളിലെ ഫ്യൂഡല്‍ ഭാഷാ അന്തരീക്ഷമാണ്. എന്നാല്‍, ഈ വിധ അന്തരീക്ഷം മാത്രം അറിവുള്ള ഒരു വ്യക്തിക്ക് കുറേയൊക്കെ ഇതിനോട് പൊരുത്തപ്പെടാമെങ്കിലും, ഒരു ഇങ്ഗ്ളിഷ് അന്തരീക്ഷത്തിന്‍റെ സൌകുമാര്യത കൈവരിക്കാന്‍ ആവില്ലതന്നെ.

പോരാത്തതിന് പ്രതീക്ഷിക്കപ്പെടുന്ന ഇടത്ത് അടിയാളത്തം പ്രകടിപ്പിക്കാനും, പൊതുജനവും, കീഴ്ജീവനക്കാരും ഇത് നല്‍കുന്നുണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കേണ്ടിവരുന്നത് ഒരു പ്രശ്നം. പോരാത്തതിന്, ഓരോ തൊഴില്‍ സ്ഥാനത്ത് വന്ന് പെടുമ്പോഴും, ആ സ്ഥാനത്തിന് അനുയോജ്യമായ ഗമയും, ഗൌരവവും മറ്റും കപടമായി മുഖത്തും ഭാവത്തിലും വരുത്തേണ്ടിവരുന്നതും ഒരു പ്രശ്നം തന്നെ. എന്നാല്‍ ഈ വക കാര്യങ്ങള്‍ ഫ്യൂഡല്‍ ഭാഷകളില്‍ പ്രവര്‍ത്തിക്കുന്ന എല്ലാ സ്ഥാപനത്തിലും ബാധകമാണ്. ഇക്കാരണത്താല്‍ തന്നെ ഫ്യൂഡല്‍ ഭാഷാ അന്തരീക്ഷത്തില്‍ തൊഴില്‍ ചെയ്യുക എന്നുള്ളത് ഒരു മാനസിക വേവലാദിയാണ്.

അതേ സമയം അതിനേക്കാള്‍ വേവലാദിയുള്ളതാണ്, യാതോരു തൊഴിലും ഇല്ലാതെ വീട്ടില്‍ ഇരിക്കുക എന്നുള്ളതും. എന്തെങ്കിലും കുറേപേരുടെ കൂടെ ബന്ധപ്പെട്ട് ഒരു സ്ഥാനവും, ചങ്ങാതിക്കൂട്ടവും, ഇല്ലെങ്കില്‍ മറ്റുള്ളവരോട് സംസാരിക്കാന്‍പോലും ആവാത്ത തരത്തിലുള്ളതാണ് ഫ്യൂഡല്‍ ഭാഷാ അന്തരീക്ഷം.

ആള് ആരാണ് എന്ന് വ്യക്തമാകാതെ മറ്റുള്ളവര്‍ക്ക് ആ ആളെക്കുറിച്ച് സംസാരിക്കാന്‍ പോലും പ്രയാസം നേരിട്ടേക്കാം. എന്നാല്‍, അവര്‍ വല്ലരീതിയിലും

വിലയിട്ട് സംസാരിച്ചാൽ, അത് ശരിയല്ല, 'ഞാൻ അതിനേക്കാൾ വലിയ ആളാണ്' എന്ന ഭാവം നൽകിയാൽ, അതോടൊപ്പം വ്യക്തമായ തെളിവും നൽകിയില്ലെങ്കിൽ മറ്റുള്ളവർ ആ ആളെ കുറച്ച് കൂടി കോമാളിയാക്കാനാണ് നോക്കുക. അതേ സമയം വ്യക്തമായ തെളിവ് നൽകിയാൽ മറ്റുള്ളവർ വ്യക്തമായിത്തന്നെ മാപ്പ് പറയുകയും, ബഹുമാനം നൽകുകയും ചെയ്യും.

വേറൊരു പ്രശ്നം ഫ്യൂഡൽ ഭാഷകളിൽ വ്യക്തികളെ 'അവനെ'ന്നും 'അവളെ'ന്നും നിർവ്വചിച്ച് തരംതാഴ്ത്തി, തരം താഴ്ത്തുന്ന വിവരങ്ങൾ തമ്മിൽ പങ്കിട്ട്, പുളിച്ച ചിരിചിരിച്ച്, പൊട്ടിച്ചിരിച്ച് മാനസികാനന്ദം ശേഖരിക്കുന്ന ഒരു ജീവിത ചര്യയുണ്ട്. ഇത് സർക്കാർ ഉദ്യോഗസ്ഥരിൽ മാത്രം ഉള്ള ഒരു സ്വഭാവഗുണം അല്ല. എന്നാൽ, സർക്കാർ തൊഴിൽ എന്നത് ഒരു വൻ പ്രസ്ഥാനമായി നിലനിൽക്കുമ്പോൾ, ഈ വിധ പെരുമാറ്റങ്ങളുടെ ഒരു വൻ കല്ലിക്കൽ ആയി രൂപാന്തരപ്പെട്ട് നിലനിൽക്കും.

ഈ വിധ വെപ്രാളങ്ങളും വേവലാതികളും, വൈരാഗ്യങ്ങളും ഒന്നുംതന്നെയില്ലാത്ത ഇങ്ഗ്ളിഷ് ഭാഷാ അന്തരീക്ഷം അനുഭവിച്ചറിഞ്ഞവർ, ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിലേക്ക് തിരിച്ച് പോകാൻ വിസമ്മതം പ്രകടിപ്പിച്ചാൽ, അതിൽ അത്ഭുതത്തിന് വകയില്ലതന്നെ. എന്നാൽ, കഴിഞ്ഞ മുപ്പത് വർഷക്കാലത്തിനുള്ളിൽ കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷം ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ പോലും ദുഷിച്ച് പോയിട്ടുണ്ട്. കാരണം, ഫ്യൂഡൽ ഭാഷക്കാരുടെ സാന്നിധ്യം ഇല്ലാത്ത വേദികൾ അവിടങ്ങളിൽ ഇല്ലാതായിട്ടുണ്ട്.

165. താന്തോന്നിയുടെ ചില തോന്നലുകൾ

സർക്കാർ ജോലിക്ക് ഇന്ന് പിഎസ് സി പരീക്ഷകളിലൂടെയും, ഔപചാരിക വിദ്യാഭ്യാസത്തിലൂടെയും പരീക്ഷിക്കപ്പെടുന്ന വിവരം കൊണ്ട് എന്തെങ്കിലും ഗുണം ഉണ്ട് എന്ന് തോന്നുന്നില്ല.

താന്തോന്നിയുടെ തോന്നലാണെങ്കിലും, ഈ തോന്നലിൽ ചില കാര്യങ്ങൾ ഉണ്ടായേക്കാം.

സർക്കാർ തൊഴിൽ എന്നത് സർക്കാർ ഓഫിസുകളിൽ ഇരുന്ന് ജനങ്ങൾക്ക് വേണ്ടുന്ന തൊഴിലുകൾ ചെയ്യുക എന്നുള്ളതാണ്, മിക്കതും. വളരെ ഉയർന്ന ഉദ്യോഗസ്ഥ സ്ഥാനങ്ങളിൽ ഇരിക്കുന്നവർ മാത്രമേ നയപരമായ കാര്യങ്ങളുമായി ബന്ധപ്പെടേണ്ടതുള്ളു.

ജനങ്ങളുമായി സമ്പർക്കം പുലർത്തേണ്ടുന്ന ഉദ്യോഗസ്ഥർക്ക് നല്ല നിലവാരമുള്ള ഇങ്ഗ്ളിഷ് അറിഞ്ഞിരിക്കേണം എന്നത് അഭികാമ്യം മാത്രമല്ല, മറിച്ച് നിർബന്ധവുമാണ്. ഇതിന്റെ പിന്നിൽ നിൽക്കുന്ന കാരണങ്ങൾ ഒന്നിൽകൂടുതൽ ഉണ്ട്.

ഒന്ന് മാന്യമായി ജനങ്ങളോട് പെരുമാറാനും, തിരിച്ച് ജനങ്ങൾക്ക് സ്വന്തം അന്തസും വ്യക്തിത്വവും നിലനിർത്തി തിരിച്ച് സംസാരിക്കാനും, കാര്യങ്ങൾ ചർച്ചചെയ്യാനും പറ്റുന്ന ഭാഷകൾ അല്ല ഫ്യൂഡൽ ഭാഷകൾ. പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയോട് വ്യക്തിത്വം കൈവിടാതെ കാര്യങ്ങൾ ചർച്ചചെയ്താൽ, മലയാളം സ്ക്കൂളിൽ വിദ്യാർത്ഥി അദ്ധ്യാപകനോട് ഇതേ മാതിരി കാര്യങ്ങൾ ചർച്ചചെയ്തത് പോലെയാകും. ഫ്യൂഡൽ ഭാഷകളിൽ വിദ്യാർത്ഥി തനി തെമ്മാടിയായിത്തന്നെ പരിഗണിക്കപ്പെടും. 'ഞാൻ സാർ, നീ വിദ്യാർത്ഥി' സൂചന സ്വീകരിക്കാതെ വിദ്യാർത്ഥി വിവരം പ്രകടിപ്പിച്ചാൽ, അത് ഫ്യൂഡൽ ഭാഷകളിൽ അദ്ധ്യാപകർക്ക് താങ്ങാനാവില്ല.

ഇത് വിദ്യാർത്ഥിയുടേയോ, അദ്ധ്യാപകന്റെയോ പിടിപ്പ് കേടല്ല. മറിച്ച്, ഭാഷാകോഡുകൾ അങ്ങിനെയാണ് ലിഖിതപ്പെടുത്തിയിട്ടുള്ളത്.

സർക്കാർ ഉദ്യോഗസ്ഥർക്ക് നല്ല നിലവാരമുള്ള ഇങ്ഗ്ളിഷ് അറിയുമെങ്കിൽ, അവർക്ക് തമ്മിൽത്തന്നെ പലവിധ, ബഹുമാന, അടിയാളത്ത മനോഭാവങ്ങളുടെ ചരടുവലികൾ ഇല്ലാതെ തന്നെ, സംസാരിക്കാനും കാര്യങ്ങൾ ചർച്ചചെയ്യാനും ആവും. അല്ലായെങ്കിൽ, അവർക്ക് ഇടയിലും, ഈ വിധ പ്രശ്നങ്ങൾ വന്നുചേരും. കീഴ്ജീവനക്കാരൻ കൂടുതൽ വിളയുന്നു. അവനെ ഒന്ന് ഒതുക്കിയേ തീരൂ എന്നത് ഒരു പ്രശ്നം.

വേറൊരു പ്രശ്നം, പൌരൻ വന്ന് ഒരു സംഗതിയുടെ കാതൽ ആരായുന്ന അവസരത്തിൽ, അതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ മറ്റൊരു നിലവാരത്തിലുള്ള ഉദ്യോഗസ്ഥനോട് ചോദിക്കാനും, പലപ്പോഴും മാനസിക തടസ്സവും, ആധിയും വരാം. ബഹുമാനം നൽകുകയെന്ന ഇടപാട്, മറ്റൊരാളോട് അടിയാളത്തം പരസ്യമായി പ്രകടിപ്പിക്കുകയെന്നത് ആകുമ്പോൾ, അതിന് കളമൊരിക്കാതിരിക്കലാണ് നല്ലത് എന്ന് മനസ്സിൽ തോന്നും. പോരാത്തതിന്, വ്യക്തമായ അടിയാളത്തം പ്രകടിപ്പിക്കാത്ത കീഴ്ജീവനക്കാരനോട് ചർച്ചചെയ്യാനും മാനസിക വിരക്തിവരാം. ഓരോ സംഭാഷണവും, ബഹുമാന-അടിയാളത്തത്തിന്റെ പ്രകടനമാണ് ഈ വിധ സംവിധാനങ്ങളിൽ. പ്രവർത്തിയുടെ കാര്യക്ഷമത എന്നത് ഒരു ലക്ഷ്യമേ അല്ല.

കാര്യം അന്വേഷിച്ചുവന്ന പൌരനോട് എന്തെങ്കിലും ഒരു വിഡ്ഢിത്തം പറഞ്ഞ്, അയാളെ തിരിച്ചയക്കാൻ നോക്കും.

ഇതിനേക്കാളെല്ലാം പ്രശ്നമായിട്ടുള്ളത്, മറ്റ് സർക്കാർ വകുപ്പുകളിലെ ഏതെങ്കിലും ഓഫിസിലേക്ക് ഫോൺമുഖേനെയോ, നേരിട്ട് പോയോ കാര്യങ്ങൾ ആവശ്യപ്പെടാനോ, അതുമല്ലെങ്കിൽ, ആ ഓഫിസിലെ ജീവനക്കാരെ എന്തെങ്കിലും കാര്യം അറിയിക്കാനോ, അവരുമായി സംസാരിച്ച് മുന്നിൽ കാണുന്ന ഒരു പ്രശ്നത്തെ നേരിടാനോ, ഉദ്യോഗസ്ഥന് വലിയ മനോ വിഷമം അനുഭവപ്പെടും.

സർക്കാർ ഓഫിസ് തൊഴിലാളിക്ക് പ്രശ്നം ഇല്ലതന്നെ. കാര്യങ്ങൾ നടന്നാലെന്ത് നടന്നില്ലെങ്കിൽ എന്ത്? എന്നാൽ പൊതുവായുള്ള ആശയവിനിമയം ഇങ്ഗ്ളിഷിൽ ആകുമ്പോൾ, സംസാരിക്കാൻ തന്നെ സൌകര്യം കൂടും. ആശയവിനിമയത്തിന് വളരെ മിനുസമുള്ള പാതകൾ ആണ് ഇങ്ഗ്ളിഷ് സൌകര്യപ്പെടുത്തുന്നത്.

ഇവിടെ എടുത്ത് പറയേണ്ടുന്നത്, കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ആണ് ഇവിടെ ഉദ്ദേശിച്ചത്. ഇന്ന് മലയാളത്തിലെ അടിയാളത്ത-ബഹുമാന കോഡുകൾ കലർത്തി പഠിപ്പിക്കപ്പെടുന്ന ഇങ്ഗ്ളിഷ് അല്ല ഉദ്ദേശിച്ചത്.

166. മലബാറിൽ ഈ കുട്ടിച്ചട്ടമ്പി ഭരണ സംവിധാനങ്ങൾ പടർന്നു പിടിച്ചതിനെക്കുറിച്ച്

വിവരം എന്ന സംഗതി തന്നെ ഒരു കുഴഞ്ഞ് കിടക്കുന്ന കാര്യമാണ്. വിവരം ഉണ്ട് എന്ന് പറയപ്പെടുന്ന കാര്യംതന്നെ നിർവ്വചിക്കപ്പെടേണ്ടിയിരിക്കുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ വിവരം എന്ന് പറയുന്നതിനെക്കുറിച്ച് ഈ എഴുത്തുകാരന് കാര്യമായ ഒരു സന്ദേഹം വന്നിരുന്നു. പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പല വിധ വിവരങ്ങളും മനസ്സിൽ മന:പ്പാഠമാക്കുന്നത് വിവരം ആണ് എന്ന് തോന്നുന്നില്ല. കാരണം ഈ വിധ വിവരങ്ങൾ ഇല്ലാത്ത ഒരു വ്യക്തിക്ക് ആ വിധ വിവരങ്ങൾ ഉള്ള ഒരു പുസ്തകം തുറന്ന് നോക്കിയാൽ അവ ഗ്രഹിച്ചെടുക്കാവുന്നതേയുള്ളു.

ഇന്നാണെങ്കിൽ ഒന്ന് Google Search ചെയ്താൽ, മിക്ക വിവരങ്ങളുടേയും ഒരു പ്രളയം തന്നെ കൺമുൻപിൽ വന്ന് ചേരും.

ഈ ഒറ്റകാര്യം കൊണ്ടുമാത്രം തന്നെ ഇന്ന് പിഎസ്-സിയിലും യൂപിയെസ്-സിയിലും മറ്റും വിവരത്തുണ്ടുകളെ അളന്നെടുക്കുന്നതിലുള്ള വിഡ്ഢിത്തം മനസ്സിലാക്കാനേയുള്ളു. 1970കളിൽ ഇന്ത്യയിൽ പലദിക്കിലും ചോർന്നുമാഞ്ഞ്പോയിക്കൊണ്ടിരിക്കുന്ന

ഇങ്ഗ്ളിഷ് ഭരണസംവിധാനങ്ങളുടെ നിഴലിന്റെ അംശങ്ങൾ ഈ എഴുത്തുകാരന് നേരിട്ട് കണ്ടറിയാനുള്ള അവസരം ലഭിച്ചിരുന്നു. എന്നാൽ, തിരുവിതാംകൂർ പോലുള്ള ഏതാണ്ട് 560ൽപ്പരം ചെറുതും വലുതുമായ നാട്ടുരാജ്യങ്ങളിൽ ഈ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷ് ഭരണം ഇല്ലായിരുന്നു. അവിടങ്ങളിൽ കാര്യങ്ങൾ തികച്ചും വ്യത്യസ്തം തന്നെയായിരന്നു. ഭരണ സംവിധാനങ്ങൾ കുഗ്രാമങ്ങളിൽ ഉണ്ടായിരുന്ന അധികാരിയെന്ന കുട്ടിച്ചട്ടമ്പിമാരുടെ ഒരു വിപുലമായ സംവിധാനം മാത്രമായിരുന്നു.

1970കളുടെ അന്ത്യത്തോടുകൂടി മലബാറിൽ ഈ കുട്ടിച്ചട്ടമ്പി ഭരണ സംവിധാനങ്ങൾ തിരുവിതാംകൂറിൽ നിന്നും പടർന്നു പിടിച്ചു. ഇത് തന്നെയാണ് ഇന്ത്യയിലെല്ലായിടത്തും സംഭവിച്ചത്. ഇങ്ഗ്ളിഷ് ഭരണം രൂപീകരിച്ച എല്ലാ ഭരണ സംവിധാനങ്ങൾക്കും ഈ രൂപമാറ്റവും, ഉൾപരിവർത്തനവും സംഭവിച്ചു.

ഇങ്ഗ്ളിഷ് ഭരണ സംവിധാനങ്ങളിൽ ഓഫിസർമാരായി എടുക്കപ്പെട്ടവർ, മറ്റൊരു മൂല്യനിർണ്ണയത്തിനും മാനദണ്ഡത്തിനും വിധേയരായവരായിരുന്നു. കുറേ വിവരത്തുണ്ടുകൾ മന:പ്പാഠമാക്കിയവർക്ക് ഈ വിധ ഓഫിസർമാരാകാൻ പറ്റും എന്ന് തോന്നുന്നില്ല. ഈ കാര്യം ഇത്രമാത്രം ദൃഢമായി പറയാനുള്ള കരുത്ത് ഈ എഴുത്തുകാരൻ ഏതാണ്ട് 1982 കാലഘട്ടം വരെ ഇങ്ഗ്ളിഷ് ഭരണ ഓഫിസർ തിരഞ്ഞെടുപ്പ് സംവിധാനങ്ങളിലൂടെ തിരഞ്ഞെക്കപ്പെട്ട് സർക്കാർ സേവനത്തിൽ ഓഫിസർമാരായി ജോലിചെയ്തിരുന്ന ഓഫിസർമാരിൽ പലരേയും നേരിട്ട് കണ്ടറിഞ്ഞത് കൊണ്ടാണ്. ആ അവസരത്തിൽത്തന്നെ, പുതുതായി മുളച്ച് പൊങ്ങിവന്നുകൊണ്ടിരുന്നു നാട്ട് രാജ്യ ഭരണ, കുട്ടിച്ചട്ടമ്പി, അധികാരി രൂപത്തിലുള്ള 'ഓഫിസർ'മാരെയും കണ്ട് അറിഞ്ഞിരുന്നു.

ഈ രണ്ടാമത്തെക്കൂട്ടർ വിവരത്തുണ്ടുകൾ മന:പ്പാഠമാക്കി 'ഓഫിസർ'മാരായും ഗുമസ്തരായും ശിപായിമാരായും തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. ഈ കൂട്ടർ, പഴയ കാല ഇങ്ഗ്ളിഷ് സംവിധാനങ്ങളിൽ ഉള്ള ഒരു ഓഫിസർ പരീക്ഷയിൽ

യാതോരു രീതിയിലും ജയിക്കില്ലതന്നെ. ഇങ്ഗ്ളിഷ് സംവിധാനങ്ങളിൽ ഉള്ള സർക്കാർ ഓഫിസർമാരുടെ മാനസികവും മറ്റുമായ നിലവാരങ്ങളുടെ ഏഴയലത്ത് വരില്ല, നാട്ട്-രാജ്യ സംസ്ക്കാരത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ട പുതിയവർ.

എന്നാൽ, കാര്യക്ഷമതയുടെ കാര്യത്തിൽ ഈ രണ്ട് കൂട്ടരേയും താരതമ്യം ചെയ്യാനും ആവില്ലതന്നെ. കാരണം, രണ്ട് കൂട്ടരും രണ്ട് വ്യത്യസ്ത അണിനിരത്തലിൽ (regimentation) പെട്ടവരാണ്.

വനാന്തരങ്ങളിലെ പുല്ലിനേയും, വാനത്തുള്ള മഴവില്ലിനേയും താരതമ്യം ചെയ്യുന്നത് പോലെയാണ്. ലക്ഷ്യങ്ങളും, രൂപങ്ങളും, ഗതിയും, തിരിച്ചറിവും, മനോഗതിയും മറ്റും യാതോരുതരത്തിലും താരതമ്യത്തിന് ഒതുങ്ങുന്നവയല്ല.

167. ആളുകളെ വാക്ക് പ്രയോഗങ്ങളിലൂടെ എടുത്ത് കുടയാൻ ആകുന്നവർ

ഇന്ത്യയിൽ ഉള്ളത് പഴയകാല ഇങ്ഗ്ളണ്ടിൽനിന്നും വ്യത്യസ്തമായ സമൂഹമാണ്. ഭാഷാ കോഡുകളിൽ പലനിലവാരങ്ങളിൽ നിലകൊള്ളുന്നവരാണ് ഇന്ത്യയിൽ. എന്ന് വച്ചാൽ 'നീ', 'നിങ്ങൾ', 'താങ്കൾ' എന്ന മൂന്ന് നിലവാരങ്ങളിൽ ഉള്ളവർ. അവർ തന്നെ വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ഥ നിലവാരങ്ങളിലൂടെ ആന്തോലനം ചെയ്യപ്പെടുന്നവരാണ്.

ഇതിൽത്തന്നെ സങ്കീർണ്ണതയുണ്ട്. ഉയന്ന നിലവാരങ്ങളിൽ കിടന്ന് ഈ വിധം ആന്തോലനം ചെയ്യപ്പെടുന്നവരും താഴെക്കിടയിൽ അകപ്പെട്ട് ഇത് പോലെ ആന്തോലനം ചെയ്യപ്പെടുന്നവരും വ്യത്യസ്ത മനോധാരയിൽ കാര്യങ്ങളെ കാണുന്നവരാണ്. വത്യസ്ത വാക്കുകളിലും, ഹാസ്യഭാവത്തിലും, ചിരിയിലും, ശബ്ദത്തിലും മറ്റും പ്രതികരിക്കുന്നവരാണ്.

സാമൂഹികമായ പലവിധ ചട്ടകൂടുകളെയും മര്യാദകളെയും, ക്രമം പാലിക്കേണം എന്നെല്ലാമുള്ള ഇങ്ഗ്ളിഷ് മര്യാദകളെയും മറ്റും ഈ വിധ നിലവരങ്ങളിൽ നിൽക്കുന്ന മനുഷ്യർ വ്യത്യസ്ത താൽപ്പര്യങ്ങളോടെയാണ് കാണുക.

ഇങ്ങിനെ, സാമൂഹികമായി വളരെ സങ്കുചിതമായ ചിന്തകളും, വാക്ക് പ്രയോഗങ്ങളും ഉള്ള ജനതയാണ് ഇവിടെ ഉള്ളത്. മാത്രവുമല്ല, മറ്റ് ആളുകളെ വാക്ക് പ്രയോഗങ്ങളിലൂടെ എടുത്ത് കുടയാനും മറ്റും ആവുന്നവരാണ് ആളുകൾ.

ഈ പറഞ്ഞത് മനസ്സിലാക്കിക്കാൻ ഈ ഉദാഹരണം നോക്കുക:

താങ്കൾ (സാർ) എന്തിനാണ് ഇങ്ങിനെ ചെയ്തത്?

നിങ്ങൾ എന്തിനാണ് ഇങ്ങിനെ ചെയ്തത്?

നീ എന്തിനാടാ ഇങ്ങിനെ ചെയ്തത്?

ഈ മൂന്ന് വാക്യങ്ങളിൽ മൂന്നാമത്തേത് വളരെ ചെറിയ ശബ്ദ ക്രമീകരണത്തിലൂടെ ആളെ എടുത്ത് കുടയുന്ന രീതിയിൽ ആക്കാവുന്നതാണ്. താഴേക്കിടയിൽ ഉള്ള ആൾ ഇത് മുകളിലെ ആളോട് ചെയ്താൽ, തലയിൽ പാറക്കൽ വീഴുന്നത് പോലെയാകും.

ഈ ഉപഭൂഖണ്ടത്തിലെ ജനങ്ങക്കൂട്ടങ്ങളും, അവരിൽത്തന്നെയുള്ള വ്യക്തികളും സമന്മാർ അല്ലാ എന്ന് ഇങ്ഗ്ളിഷ് ഭരണകൂടത്തിന് ഹേതു ലഭിച്ചിരുന്നു എന്നാണ് തോന്നുന്നത്. ഈ അവസ്ഥയിൽ നിന്നും ഈ ജനക്കൂട്ടങ്ങളെ ഇങ്ഗ്ളിഷ് ഭാഷയിൽ വിഭാവനം ചെയ്യുന്ന രീതിയിൽ ഉള്ള സമന്മാരായി, ഭാഷാ കോഡുകളിൽ അണിനിരത്താൻ ആവില്ലതന്നെ. ഫ്യൂഡൽ ഭാഷകളെ ഉന്മൂലനം ചെയ്യാതെ.

ഇങ്ഗ്ളിഷ് ഭരണം അവർ നേരിട്ട് ഭരിച്ചിരുന്ന ഈ ഉപഭൂഖണ്ടത്തിലെ ഏതാണ് 50%ത്തിൽ കുറവായുള്ള പ്രദേശങ്ങളിൽ ജനങ്ങളെ ഭരണത്തിനും, നിയമത്തിനും മുന്നിൽ സമരാക്കാനാണ് ആദ്യം ശ്രമിച്ചത്.

എന്നാൽ ഈ വ്യത്യസ്ത തരക്കാരായ ജനക്കൂട്ടങ്ങളിൽ നിന്നും, ഏതൊരാൾക്കും ഒരു ഓട്ടപ്പന്തയം മാതിരിയുള്ള ഒരു എഴുത്ത് പരീക്ഷവച്ച്, ആളുകളെ തിരഞ്ഞെടുത്ത് സർക്കാർ ഓഫിസർമാരായി അവർ നിയമിച്ചില്ലതന്നെ.

മറിച്ച്, വളരെ നല്ലനിലവാരമുള്ള ഇങ്ഗ്ളിഷ് ഭാഷാ നൈപുണ്യവും, ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യവുമായി അതിഗംഭീരമായ ബന്ധവും ഉള്ളവരാണ് സർക്കാരിലെ / പോലീസിലെ ഓഫിസർമാരും, ഡോക്ടർമാരും, ഇഞ്ചിനിയർമാരും, ജഡ്ജുമാരും, മറ്റുംമറ്റുമായി നിയമിക്കപ്പെട്ടത്.

ഇങ്ഗ്ളിഷ് ഭാഷാ നൈപുണ്യവും ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യവും യഥാർത്ഥത്തിൽ ഒരു ഗംഭീരമായ ഹിമാലയ പർവ്വതം പോലുള്ള ഒരു സംഭവമാണ്. ഇതിന് മുകളിൽ കയറിക്കൂടുന്നവർ സമൂഹത്തെ വിഭാവനം ചെയ്യുന്നതും, നേരിട്ട് കാണുന്നതും, ഫ്യൂഡൽ ഭാഷാ മനോധാരയിൽനിന്നും തികച്ചും വ്യത്യസ്തമായാണ്.

ഇന്നും ഇന്ത്യയിൽ പോലും, തൊഴിൽവേദികളിൽ നല്ലനിലവാരം പുലർത്തുന്ന പല വ്യവസാസ / വാണിജ്യ കമ്പനികൾ അവരുടെ തൊഴിലുകാരായി എടുക്കുന്നത്, ഓട്ടപ്പന്തയ മൽസരത്തിലൂടെ അല്ല. മറിച്ച്, അവർക്ക് ഏത് മാനസിക നിലവാരമുള്ള ആളുകളെ ആണ് ഏത് തൊഴിൽവേദിയിൽ വേണ്ടത് എന്ന് ആദ്യം നിശ്ചയിച്ച്, അതിന് തുല്യരായവരെ ആണ് തിരഞ്ഞെടുക്കുന്നത്.

ഈ പറഞ്ഞതുമായി ബന്ധപ്പെട്ട് തന്നെ പലതും പറയാനുണ്ട്. ഓരോ തൊഴിൽവേദിയിലും ആശയവിനിമയപരമായി വ്യക്തമായ നിലവരത്തിൽ നിലകൊള്ളുന്നവരെ തന്നെ നിയമിച്ചിരിക്കണം. അല്ലെങ്കിൽ ആ വേദിയിൽ വിള്ളൽ, ഭിന്നിപ്പ്, പിളർപ്പ് തുടങ്ങിയ കാര്യങ്ങൾ ഉളവാക്കുന്ന ആളായിരിക്കും (disruptive) ആ വേദിയിൽ നിയമിക്കപ്പെടുന്നത്. ഇത് ആ ആളുടെ മോശമല്ല, മറിച്ച് നിയമനം നടത്തിയ സംവിധാനത്തിന്റെ പിടിപ്പ് കേടാണ്.

168. ഇങ്ഗ്ളിണ്ടിലെ ഇങ്ഗ്ളിഷുകാർക്കുപോലും മനസ്സിലാക്കാൻ കഴിയാതിരുന്ന ഈ ഉപഭൂഖണ്ഡ വാസ്തവങ്ങൾ

ഇന്ത്യയിൽ ഭരണയന്ത്രം നടത്തേണ്ടത് പഴയകാല ഇങ്ഗ്ളിഷ് ഭരണസംവിധാന പ്രകാരമാകുന്നതാണ് നല്ലത്. ഇത് എന്താണ് എന്ന് ഇന്ന് ഭരിക്കുന്ന രാഷ്ട്രീയനേതാക്കളുടേയും ഉദ്യോഗസ്ഥ വൻകിടക്കാരുടേയും തലമാന്തിനോക്കിയാലും അവിടെങ്ങും കണ്ടെത്താനാകും എന്ന് തോന്നുന്നില്ല.

ഇങ്ഗ്ളിഷ് ഭരണ സംവിധാനം ബ്യട്ടിഷ്-ഇന്ത്യയിൽ ആണ് ഉണ്ടായിരുന്നത്. ഈ രാജ്യത്തിന് തൊട്ടുപുറത്തായി നിലകൊണ്ടിരുന്ന 500ൽപരം നാട്ടുരാജ്യങ്ങളിൽ ഇത് നടപ്പില്ലായിരുന്നു. ഇന്ന് ബ്യട്ടിഷ് ഭരണകാലത്തെക്കുറിച്ച് പൊതുവായി സംസാരിക്കുന്നവർക്ക്, ഈ വ്യത്യാസത്തെക്കുറിച്ച് അറിവില്ലാ എന്നുള്ളതാണ് വാസ്തവം. ഉള്ളവർ ഇതിനെക്കുറിച്ച് സൂചിപ്പിക്കാൻ തയ്യാറാകുന്നുമില്ല.

ബ്യട്ടിഷ്-ഇന്ത്യയിലെ ഭരണ സംവിധാനങ്ങൾ ഇങ്ഗ്ളിണ്ടിലിരിക്കുന്ന ഇങ്ഗ്ളിഷുകാർക്കുപോലും മനസ്സിലാക്കാൻ കഴിയാത്തതരത്തിലുള്ളതായിരുന്നു.

ഇങ്ഗ്ളിഷ് ഭാഷയിലും ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിലും കാച്ചിക്കുറുക്കിയെടുത്ത ഒരുകൂട്ടം ഓഫിസർമാർ. ഇവർക്ക് കീഴെ ഗുമസ്തരും (ക്ളാർക്കുമാരും) ശിപായിമാരും (പ്യൂണുമാരും). ഓഫിസർമാരുടെ ശമ്പളം വളരെ തുച്ഛമായത്. എന്നാൽ, ഇക്കൂട്ടർ തമ്മിൽത്തമ്മിൽ പ്രാദേശിക ഫ്യൂഡൽ ഭാഷകൾ സംസാരിക്കില്ല. കൈക്കൂലിവാങ്ങിക്കില്ല. യാതോരു ശുപർശയും ഇക്കൂട്ടർ വകവെക്കില്ല. നിയമ ചട്ടങ്ങൾക്ക് വിരുധമായി യാതോരു നടപടിയും എടുക്കില്ല. എന്നാൽ, പടിപടിയായുള്ള ഔദ്യോഗിക നടപടിക്രമങ്ങൾ ഇവർക്ക് ബാധകമല്ല. ഇവർ, നേരിട്ട്, യാതോരു ക്രമക്കേടും ഇല്ലാതെ സ്വന്തം ഉത്തരവാദിത്വത്തിൽ കാര്യങ്ങൾ നടത്തും.

നിയമ ചട്ടത്തിന്റെ ആന്തരികോദ്ദേശം (spirit of the law) നോക്കും. അതിന് അനുസൃതമായി കാര്യങ്ങൾനീക്കും. എന്തെങ്കിലും ചോദ്യം മുകളിൽ നിന്നും വന്നാൽ, ഇങ്ഗ്ളിഷിൽ വ്യക്തമായ ന്യായീകരണം നൽകും. മുകളിൽ നിന്നും നോക്കുന്നത് വിവേക ബുദ്ധിയോടുള്ള (judicious) പ്രവർത്തിയാണോ എന്നാണ്. കീഴിലുള്ള ആൾ ബഹുമാനിച്ച് വണങ്ങിയോ എന്നുള്ളത് ഒരു ഘടകം ആയിരുന്നില്ല. സോപ്പിട്ട് കാര്യങ്ങൾക്ക് ന്യായീകരണം കണ്ടെത്തുക എന്നുള്ളത് ഒരു ഔദ്യോഗിക നടപടിക്രമം ആയിരുന്നില്ല.


ഓരോ കാര്യത്തിലും കളവും (dishonesty) വ്യക്തിതാൽപ്പര്യവും (vested interest), സ്വജനപക്ഷപാതവും (nepotism) അഴിമതിയും (corruption) നടത്തുന്നില്ല എന്ന് പ്രത്യേകമായി പരിശോധിക്കാനുള്ള യാതോരു സംഗതിയും ഇല്ല. കാരണം, ആ വക കാര്യങ്ങൾ ഈ വിധ ഉദ്യോഗസ്ഥരിൽ നടക്കില്ല എന്നത് ആർക്കും സംശയമുള്ള കാര്യമല്ല.

എന്നാൽ പൊതുജനം ബ്യട്ടിഷ്-ഇന്ത്യയിൽ എങ്ങിനെയാണ് ഉദ്യോഗസ്ഥ വർഗ്ഗവുമായി ഇടപഴകേണ്ടത് എന്നുള്ളത് ഇതിനേക്കാൾ ആശ്ചര്യകരമായ കാര്യമായിരുന്നു.

169. ഇങ്ഗ്ളിഷ് ഭരണ സംവിധാനങ്ങളിലേക്ക് ഒരു ജനവാതിൽ

ഈ ഉപഭൂഖണ്ടത്തിൽ, വെറും പകുതിയോളം മാത്രം ഇടത്ത് നിലവിൽ ഉണ്ടായിരുന്ന ഇങ്ഗ്ളിഷ് ഭരണ സംവിധാനത്തിന്റെ ചിട്ടകളെക്കുറിച്ച് വ്യക്തമായിത്തന്നെ പലകാര്യങ്ങളും നേരിട്ട് അറിവ് ലഭിക്കാനുള്ള അവസരം ഈ എഴുത്തുകാരന് ഈ ജീവിതത്തിൽ ലഭിച്ചിട്ടുണ്ട്.

ഇതിന് ഏറ്റവും കൂടുതൽ മുതൽക്കൂട്ട് നൽകിയതും, മുതൽക്കൂട്ടായി നിലനിന്നതും, ഈ എഴുത്തുകാരന്റെ മാതാവ് ആയ ആൾ മെഡ്രാസ് സംസ്ഥാന Civil Serviceൽ ഉള്ള ഒരു ഓഫിസർ ആയിരുന്നു എന്നുള്ളതാണ്. ഈ വ്യക്തിയുമായി ഈ എഴുത്തകാരന് പലവിധ അടപ്പക്കുറവും വ്യക്തി ജീവിതത്തിൽ പണ്ട് കാലങ്ങളിൽ ഉണ്ടായിരുന്നെങ്കിലും, ഈ ഒരു അസാധാരണമായ ജീവിതാവസ്ഥ, ഈ എഴുത്തുകാരന് പലവിധ ഉൾക്കാഴ്ചകളും നൽകാൻ ഇടയായിട്ടുണ്ട്. ഇത് നിഷേധിക്കാൻ ആവാത്ത കാര്യമായി ഈ ജീവിതത്തിൽ നിലനിൽക്കുന്നു.




The white areas are parts of the English-ruled Madras Presidency.
The dark areas are independent kingdoms

മെഡ്രാസ് സംസ്ഥാനം, മെഡ്രാസ് പ്രസിഡെൻസി, മലബാർ ഡിസ്ട്രിക്റ്റ് എന്നൊക്കെയുള്ള കാര്യങ്ങൾ ചരിത്രപരമായി വളരെ അടുത്ത കാലത്തുള്ള കാര്യങ്ങൾ ആണെങ്കിലും, ഇന്ന് മലബാറിലെ പുതിയതും, നിലവിലുള്ളതും മറ്റുമായ തലമുറകൾക്ക് ഇവയെക്കുറിച്ച് വ്യക്തമായ ധാരണകൾ ഉണ്ടോ എന്നത് സംശയമാണ്.

എന്നാൽ, ഏതാണ്ട് 5000 മുതൽ 8000 വർഷങ്ങൾക്ക് മുൻപ് ഈ ഉപദ്വീപന് ഏതാണ്ട് വടക്ക് കിഴക്കായി സിന്ധുനദീതിരത്തിനും അപ്പുറത്തായി ഉണ്ടായിരുന്നു എന്ന് ഏറ്റ് പറയപ്പെടുന്ന വേദകാല സംസ്ക്കാരത്തെക്കുറിച്ച് പലർക്കും വൻ വിവരങ്ങൾ ഉണ്ട് എന്ന് അറിയുന്നു.

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയെ ബ്യട്ടിഷ് രാജവംശം തറപറ്റിച്ച കാലത്ത് (1858ന് ചുറ്റുപാടിൽ) മെഡ്രാസ് പ്രോവിൻസ് (Madras Province) എന്ന് അറിയപ്പെട്ടിരുന്ന പ്രദേശത്തിന്റെ ഭൂപടമാണ് ആദ്യത്തെ ചിത്രം.



South Indian states prior to the States Reorganisation Act, 1956.

ഏതാണ്ട് ഈ പ്രദേശംതന്നെയാണ് മെഡ്രാസ് പ്രസിഡൻസിയായി പിന്നീട് അറിയപ്പെട്ടത് എന്ന് തോന്നുന്നു. തീർച്ചയില്ല. കറുത്ത നിറത്തിൽ കാണുന്നതിൽ മലബാറിന് താഴെയുള്ളത് തിരുവിതാംകൂർ രാജ്യവും, മലബാറിന് തൊട്ട് മകുളിൽ ഉള്ളത് മൈസൂർ രാജ്യവും ആണ് എന്നും തോന്നുന്നു.

1947ൽ ഈ പ്രദേശമാകെ ഹിന്ദി ഭരണകൂടം പിടിച്ചടക്കിയപ്പോൾ, രൂപപ്പെട്ട സംസ്ഥാനങ്ങളുടെ ഭൂപടമാണ് രണ്ടാമത്തേത്. ഈ രണ്ട് ഭൂപടത്തിലും മലബാർ മെഡ്രാസ് പ്രസിഡൻസിയുടേയും, പിന്നീട് മെഡ്രാസ് സംസ്ഥാനത്തിന്റേയും ഭാഗമായിരുന്നു.

ഒന്നിൽകൂടുതൽ വൻ ഗൂഢലോചനകളുടെ പ്രേരകശക്തിയാൽ മലബാറിനെ തിരുവിതാംകൂറുമായി കുഴച്ച് കേരളം എന്ന സംസ്ഥാനം സ്ഥാപിക്കുകയും, എല്ലാ വിധ ഭരണസംവിധാനങ്ങളും തിരുവിതാംകൂർ സർക്കാർ സംസ്ക്കാരത്തിന് അടിയറവെപ്പിക്കപ്പെടുകയും ചെയ്തു.

തിരുവിതാകൂറിലെ പലനല്ലകാര്യങ്ങളും മലബറിലേക്ക് പടർന്നില്ല. മറിച്ച് മോശമായത് പലതും പടർന്നു.

അതേ സമയം മലബാറിൽ ഏറ്റവും മികച്ചതും, യുദ്ധപ്പറമ്പിൽ ചുറ്റും ശത്രുപക്ഷം നിറഞ്ഞ് നിൽക്കുമ്പോഴും സ്വന്തം പക്ഷത്തിന്റെ Standard (പതാക) ഉയർത്തിപ്പിടിച്ച് നിൽക്കുന്ന ഗജവീരനെപ്പോലുള്ള മലബാറിലെ ഇങ്ഗ്ളിഷ് ഔദ്യോഗിക സർക്കാർ ഓഫിസർ പ്രസ്ഥാനം ഇതോടുകൂടി ഒറ്റപ്പെടലിലേക്ക് നീങ്ങി. പിന്നീട് ഇത് നിഷ്പ്രഭാവസ്ഥയിലേക്ക് സാവധാനം നീങ്ങി. കാരണം, വളർന്ന് പന്തലിച്ചിരുന്ന മതിൽക്കെട്ട് പെട്ടെന്ന് ഒരു ദിവസം അപ്രത്യക്ഷമായിരിക്കുന്നു. പോരാത്തതിന്, വേരുകൾ അറുത്ത് മാറ്റുന്നവർ അടിത്തട്ടിൽ കൂട്ടംകൂടിനിൽക്കുന്നു.

എന്നാൽ ഈ പ്രസ്ഥാനം തികച്ചും തേഞ്ഞ്മാഞ്ഞ് മറവിയിലേക്ക് മാഞ്ഞ് പോകുന്നുത് വരെ, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിലൂടെയും, അതിന് പിന്നീട് നേരിട്ടുള്ള ഇങ്ഗ്ളിഷ് ഭരണത്തിലൂടെയും കെടാതെ നിലനിർത്തിപ്പോന്നിരുന്ന ഇങ്ഗ്ളിഷ് ഭാഷയിലെ സമസ്താടിസ്ഥാനത്തിലൂന്നിനിന്നിരുന്ന (egalitarian-based) ആശയങ്ങളും നടപടിച്ചട്ടങ്ങളും, പെരുമാറ്റച്ചട്ടങ്ങളും പതറാതെ നിലനിർത്തിയ പല ഉദ്യോഗസ്ഥരെയും (ഓഫിസർമാരെ) ഈ എഴുത്തുകാരന് നേരിട്ടറിയാനോ, അതുമല്ലെങ്കിൽ അങ്ങിനെയുള്ളവരെക്കുറിച്ച് കേട്ടറിയാനോ അവസരം ലഭിച്ചിരുന്നു.

170. മലബാറിലെ ഇങ്ഗ്ളിഷ് ഭരണ സംവിധാനങ്ങളിലേക്ക് ഒരു എത്തിനോട്ടം

Administration (ഭരണ നിർവ്വഹണം) Public Administration (പൊതുഭരണം) തുടങ്ങിയ കാര്യങ്ങളിൽ പലരും ഔപചാരികമായും മറ്റും പലവിധ പഠനങ്ങൾ നടത്തുന്നുണ്ട്.

എന്തായിരുന്നു ബ്രിട്ടിഷ്-ഇന്ത്യയിലെ സർക്കാർ ഔദ്യോഗിക വിഭാഗത്തിന്റെ കാതലായ രൂപഘടന എന്നതിനെക്കുറിച്ച് യാതോരു ബോധവും ഈ വിധ പഠനങ്ങളിൽ ഇല്ലാ എന്നാണ് തോന്നുന്നത്. മറിച്ച്, ബ്രിട്ടിഷ്-ഇന്ത്യക്ക് തൊട്ടുപുറത്തായി നിലകൊണ്ടിരുന്ന സ്വതന്ത്ര നാട്ടുരാജ്യങ്ങളിലെ ഔദ്യോഗിക പെരുമാറ്റച്ചട്ടങ്ങൾ ബ്രിട്ടിഷ്-ഇന്ത്യയിൽ ഉണ്ടായിരുന്ന ഔപചാരിക സംവിധാനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച് അവയെ വികൃതമാക്കിയ രൂപമാണ് ഇന്ന് ഇന്ത്യയിൽ സർക്കാർ ഭരണം എന്ന പേരിൽ കാണുന്നത്.

ഈ വികൃത വസ്തു കാട്ടിക്കൂട്ടുന്ന കാര്യങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്വവും, ദോഷവിചാരവും പോയ്മറഞ്ഞ ഇങ്ഗ്ളിഷ് ഭരണത്തിന്റെ മേൽ പഴിചാരി, ഈ കൂട്ടർ ആത്മസംതൃപ്തിനേടുകയും, ജനങ്ങളുടെ ശാപവാക്കുകളിൽനിന്നും രക്ഷനേടുകയും ചെയ്യുന്നു.

ഈ വിഷയത്തിൽ വെറുതെ കുറെ സൈദ്ധാന്തിക വാക്ക് കൂട്ടങ്ങൾ എങ്ങും തൊടാതെ പറഞ്ഞ് തീർത്തിട്ട് കാര്യമില്ലതന്നെ.

ബ്രിട്ടിഷ്-ഇന്ത്യയിൽ സർക്കാർ ഓഫിസർമാർ ഇങ്ഗ്ളിഷിൽ നല്ലനിലവാരമുള്ളവരായിരുന്നു. സംസാരിക്കാനുള്ള കഴിവിനേക്കാൾ ഇവരിൽ പ്രകടമായിരുന്നത്, അതി ഗംഭിരമായ ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യവുമായുള്ള ബന്ധമായിരുന്നു.

ഇത് തന്നെ ഭരണ സംവിധാനങ്ങൾക്ക് ഒരു egalitarian (സമത്വാധിഷ്ഠിത) സ്വഭാവം നൽകിയിരുന്നു.

പൊതുജനം ഓഫിസർമാരെയാണ് നേരിട്ട് കാണേണ്ടത്. ക്ലാർക്കുമാരേയും (ഗുമസ്തരേയും) പ്യൂണുമാരേയും (ശിപായിമാരേയും) പോയി കാണുന്നത് പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നില്ല. കാരണം വ്യക്തമായിത്തന്നെ ഇവിടെ കുറിച്ചിടാം.

ക്ളാർക്കുമാരും, ശിപായിമാരും, മലബറിയിൽ (ഭാഷ) പ്രാവീണ്യമുള്ളവരും, അതിനാൽത്തന്നെ പൊതുജനങ്ങളിൽ സാമ്പത്തികമായും സാമൂഹികമായും പിന്നിൽ പെടുന്നവരെ, വാക്ക് കോഡുകളിൽ തരംതാഴ്ത്തി സംസാരിക്കുന്നവരും, ഇട്ട് വട്ടംകറക്കാൻ താൽപ്പര്യപ്പെടുന്നവരും ആയിരിക്കാൻ സാധ്യത ഏറും.

പൊതുജനത്തിൽ നിന്നും ഓഫിസർ നേരിട്ട് അവരുടെ അപേക്ഷകൾ വാങ്ങിക്കും. അവർ അപേക്ഷിക്കുന്ന കാര്യങ്ങൾ എന്ന് നൽകും എന്ന് ഓഫിസർ അവരെ രേഖപ്പെടുത്തി അറിയിക്കും. ഓഫിസർ ഓരോ അപേക്ഷയും ഏത് ക്ളാർക്കിനെയാണ് ഏൽപ്പിക്കേണ്ടത് എന്ന് ഫൈലിൽ രേഖപ്പെടത്തും.

ശിപായി അവ എടുത്ത് കൊണ്ട് പോയി അതാത് ക്ളാർക്കിനെ ഏൽപ്പിക്കും. അതുമല്ലെങ്കിൽ ഓഫിസർ തന്നെ നേരിട്ട് നൽകും.

നിശ്ചിത ദിവസം ആ ഫൈൽ ക്ളാർക്ക് ശിപയി മുഖേനെയോ, നേരിട്ടോ ഓഫിസറെ ഏൽപ്പിക്കും. ആ ഫൈലുമായി ബന്ധപ്പെട്ട ആൾ നിശ്ചിത തീയതിയിലോ, അതിന് ശേഷമോ കൈപ്പറ്റും.

എന്തെങ്കിലും കാരണത്താൽ ക്ളാർക്ക് അവധിയിലാണെങ്കിൽ, ഓഫിസർ തന്നെ നേരിട്ട് ആ ഫൈലിന്റെ നിർവ്വഹണം നടത്തിയോ, അതുമല്ലെങ്കിൽ മറ്റേതെങ്കിലും ക്ളാർക്കിനെ കൊണ്ടോ നിശ്ചിത തീയതിക്ക് മുന്നേ തന്നെ തീർത്ത് വച്ചിരിക്കും.

വായനക്കാരന് ന്യായമായും മനസ്സിൽ ഉദിക്കുന്ന ചോദ്യമാണ് : ഇതൊക്കെ ഇന്ന് നടക്കുന്ന കാര്യമാണോ?

171. ആളുടെ സാമൂഹിക നിലവരാം നോക്കി ആരാണ് എതിരേൽക്കേണ്ടത് എന്ന പ്രശ്നം

വായനക്കാരന്റെ മനസ്സിൽ ചോദ്യമായി കയറ്റിവിടാൻ പറ്റുന്ന സന്ദേഹം ഈ വിധം ആണ്. റെയ്ൽവേ സ്റ്റേഷനിൽ ടിക്കെറ്റെടുക്കാൻ പോകുന്ന ആൾ, ഓഫിസറുടെ അടുത്താണോ പോയി നിൽക്കേണ്ടത്?

ഇത് ഒരു വിഡ്ഢിചോദ്യമായി നിലനിൽക്കും. കാരണം, ടിക്കെറ്റെടുക്കാൻ പോകേണ്ടത് ടിക്കറ്റ് കൌണ്ടറിൽ തന്നെയാണ്.

എന്നാൽ സർക്കാർ ഓഫിസിൽ ഒരു അപേക്ഷയുമായി പോകുമ്പോൾ, ആ അപേക്ഷയെ എതിരേൽക്കേണ്ടത് ഒരു ഓഫിസർ തന്നെയാണ്. ഇങ്ങിനെ ഒരു നടപടി ക്രമം എന്നാൽ ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ പോലും ഇല്ലതന്നെ. പിന്നെ എന്ത് കൊണ്ടാണ് ബ്യട്ടിഷ്-മലബാറിലും, ബ്യട്ടിഷ്-ഇന്ത്യയിലെ പ്രസിഡൻസികളിലെ മറ്റ് ജില്ലകളിലും ഈ വിധമുള്ള ഒരു സംഗതി ഇങ്ഗ്ളിഷ് ഭരണം നടപ്പിൽ വരുത്തിയത് എന്നത് ഒരു ചോദ്യമായി നിലനിൽക്കാം.

എന്നാൽ ഇതിനുള്ള സംശയനിവാരണത്തിന് ഈ പ്രദേശത്തുള്ള ഫ്യൂഡൽ ഭാഷകളുടെ സവിശേഷതകൾ മനസ്സിലാക്കിയാൽ മതിയാവും.

ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ ജനം ഭാഷാകോഡുകൾ പ്രകാരം ഒരേ തട്ടിലുള്ളവർ അല്ലതന്നെ.

താഴെക്കിയിൽപ്പെടുന്നവർക്ക് ഭാഷാ കോഡുകൾ പ്രകാരം കൂടുതൽ ക്രൂരമായും, മൂർച്ചയോടും, കൂടി വാക്കുകളാൽ കൈയിൽ അകപ്പെട്ടുപോകുന്നവരെ നോവിക്കാനും അവഹേളിക്കാനും, കോലംകെടുത്താനും ഉള്ളവാശിയും കഴിവും വർദ്ധിക്കും എന്നുള്ളതാണ് വാസ്തവം.

ഫ്യൂഡൽഭാഷാ സമൂഹങ്ങളിൽ മുകൾത്തട്ടിൽപ്പെടുന്നവരും ഈ കാര്യത്തിൽ മോശക്കാരല്ല. എന്നാൽ, അവരുടെ വാക്ക് കോഡുകളിലൂടെയുള്ള നോവിക്കലും, അവഹേളിക്കലും, കോലംകെടുത്തലും മറ്റും തരതമ്യേന കാഠിന്യം കുറഞ്ഞതായിരിക്കും. കാരണം, അവർ എത്രതാഴ്ത്തിയാലും, മുകളിലുള്ളവരാണ് താഴ്ത്തുന്നത്. മറ്റേത്, തരംതാണവരാണ് താഴ്ത്തുന്നത്.

എന്നാൽ, ബ്യട്ടിഷ്-ഇന്ത്യൻ ഭരണ സംവിധാനത്തിൽ, ഓഫിസർമാർ ഫ്യൂഡൽ ഭാഷകൾക്ക് പ്രചോദനംനൽകുന്നവർ അല്ല.

ഇതുമായി ബന്ധപ്പെട്ട ഈ ഒരു കാര്യം പറയാവുന്നതാണ്. ഇന്ന് പൊതുവെ ഏതൊരു സർക്കാർ ഓഫിസിലും ചെന്നാൽ, സാധാരണക്കാരൻ 'ഓഫിസർ' മാരെ നേരിട്ട് കാണുന്നത് പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. അങ്ങിനെ ചെയ്യുന്നത് തന്നെ നിരുത്സാഹിക്കപ്പെടുന്നു എന്ന് മാത്രമല്ല, പലപ്പോഴും, ഇത് ആരെങ്കിലും താൽപ്പര്യപ്പെട്ടാൽ, 'ഓഫിസർ'ക്കും ക്ളാർക്ക്മാർക്കും ഇത് തങ്ങൾ രണ്ടുപേരെയും തരം താഴ്ത്തുന്ന ഏർപ്പാടാണ് എന്ന ഒരു തോന്നൽത്തന്നെ വരും.

ജാതിവ്യവസ്ഥയിൽ പടിപടിയായി നിലനിൽക്കുന്ന തട്ടുകളുടെ അടിത്തട്ടിൽപ്പെടുന്ന യജമാനന്മാരുടെ ചൊൽപ്പടിക്കാരെ കണ്ട് കാര്യസാധ്യം നടത്തുക എന്നതാണ് ഇന്നത്തെ ഭരണ സംവിധാനത്തിന്റെ രീതി.

വീട്ടിൽവരുന്ന ആളുടെ നിലവാരം നോക്കി, ആൾ സാമൂഹികമായി തരംതാണ ആൾ ആണ് എന്ന് കണ്ടാൽ, ആ വീട്ടിലെ ജോലിക്കാരനെക്കൊണ്ടോ, പാറാവ്കാരനെക്കൊണ്ടോ സംസാരിച്ച് വിടുന്ന ഒരു ഏർപ്പാട് ഉണ്ട്. തരംതാണ ആൾക്ക് എന്തെങ്കിലും കൊടുക്കുന്നുവെങ്കിൽ അത് ജോലിക്കാരനെക്കൊണ്ടോ, പാറാവ് കാരനെക്കൊണ്ടോ കൊടുപ്പിക്കുക.

ഈ ഒരു ഏർപ്പാടും ഇന്ന് സർക്കാർ ഓഫിസുകളിലും, ബാങ്കുകളിൽ പടർന്ന് പിടിച്ചിട്ടുണ്ട്. സാമൂഹികമായും ഔദ്യാഗികമായും വലിയവരായവർക്ക്, ഓഫിസറുടെ മുറിയിൽ ഇരിപ്പിടം നൽകും. അവർക്ക് നൽകാനുള്ള കടലാസുകൾ ഓഫിസർ നേരിട്ട് നൽകും. സാധാരണക്കാരന് ക്ളാർക്ക്മാരോ, അതുമല്ലെങ്കിൽ പ്യൂണോ നൽകും.

ഈ ഒരു ഏർപ്പാട് ബാങ്കുകളിൽ കണ്ടിട്ടുണ്ട്. ആളെ നോക്കി, ബാങ്ക് എക്കൌണ്ട് നൽകുന്നതും, പാസ് ബുക്ക് നൽകുന്നതും, മറ്റും പലപ്പോഴും, ക്ളാർക്കോ പ്യൂണോ. ആദരിക്കപ്പെടുന്ന വ്യക്തിക്ക് ഈ വക കാര്യങ്ങൾ നൽകുന്നത് ഓഫിസർ അല്ലെങ്കിൽ ബാങ്ക് മാനേജർ.

ഇതുമായി ബന്ധപ്പെട്ട് യാഥാർത്ഥ്യത്തിന്റെ കോഡുകളിലൂടെ പലതും പറയാവുന്നതാണ്. അതിന് ഇപ്പോൾ മുതിരുന്നില്ല.

പതിറ്റാണ്ടുകൾക്ക് മുമ്പ് ഇന്ത്യയിലെ ഒരു മെട്രോപൊളിറ്റൻ നഗരത്തിൽ വച്ച് ഒരു ഇരുചക്രവാഹന വിൽപ്പന കേന്ദ്രത്തിൽ നിന്നും ഈ എഴുത്തുകാരൻ ഒരു ബൈക്ക് വാങ്ങിച്ച അനുഭവം ഓർമ്മവരുന്നു.

മെക്കാനിക്കുകൾ വാഹനത്തിന്റെ എല്ലാ വിധ പണിയും ചെയ്തു. അതിന് ശേഷം അവർ ടെസ്റ്റ് നടത്തി. അതിന് ശേഷം വാഹനം നൽകുന്ന ഇടത്ത് കൊണ്ടവച്ചു. ആ ഇടം ഒരു ഓഫിസർ ഇരിക്കുന്ന ഇടമായിരുന്നു. ആ ഓഫിസർ ഇരിപ്പിടത്തിൽനിന്നും ഇറങ്ങിവന്ന്, ഈ എഴുത്തുകാരന്റെ കൈയ്യിൽ ആ വാഹനത്തിന്റെ ചാവി നൽകി. അതിന് ശേഷം ഹസ്തദാനം നൽകി, Congratulations, Mr. Dev എന്ന് പറഞ്ഞു.

ഇതിന് പകരം അവിടുള്ള ഏതെങ്കിലും പ്യൂണിനും വന്ന് ഈ ചാവി കൈയ്യിൽ തരാവുന്നതേയുള്ളു. കാര്യം നടക്കും. ഇന്ത്യയിലെ പ്യൂണുമാർ ഇങ്ഗ്ളിഷുകാരല്ല. മറിച്ച് ഫ്യൂഡൽ ഭാഷാ കോഡുകളുടെ പ്രഹരം പേറി നടക്കുന്നവരാണ്. ആ പ്രഹരത്തിൽ ഒരു പങ്ക് കൈമാറിക്കിട്ടാൻ ഉള്ള അവസരം അവർ പാഴാക്കില്ലതന്നെ.

ഈ ഉപദ്വീപിൽനിന്നും മാഞ്ഞ് മറിഞ്ഞ് കൊണ്ടിരുന്ന ഇങ്ഗ്ളിഷ് ഭരണ സംസ്ക്കാരത്തിന്റെ ഒരു മങ്ങിയ രംഗവിശേഷമാണ് അന്ന് അവിടെ അവതരിപ്പിക്കപ്പെട്ടത്. എന്നാൽ അത് ഒരു സ്വകാര്യ വ്യാപാര കേന്ദ്രം ആയിരുന്നു.

അന്ന് അവിടങ്ങളിൽ ഉള്ള ഓഫിസർമാരും ഇങ്ഗ്ളിഷിൽ നൈപുണ്യം ഉള്ളവരായിരുന്നു.

172. മാനസിക സമനിലതെറ്റിക്കുന്ന ഹ്രസ്വ വാക്കുകൾ

യാഥാർത്ഥ്യത്തിന് പിന്നിൽ നിന്നുകൊണ്ട് ഭൌതിക വസ്ത്തുക്കൾക്കും ജീവനും ജീവിക്കുന്ന ജന്തുക്കളിലും വികാരങ്ങളും, വൈകാരികഭാവങ്ങളും, ചിന്തകളും മറ്റുംമറ്റും രൂപകൽപ്പന ചെയ്യുന്ന യാഥാർത്ഥ്യത്തിന്റെ കോഡുകളുടെ (Codes of realityയുടെ) ദിക്കിലേക്ക് ഒരു ഹ്രസ്വ എത്തിനോട്ടം നടത്താതെ മുന്നോട്ട് പോകാൻ ആവില്ല എന്ന് തോന്നുന്നു.

ഭാഷകളും, ഭാഷാകോഡുകളും, ഈ Codes of realityയുമായി ഇടപിണഞ്ഞാണ് നിൽക്കുന്നത്. അതിനാൽത്തന്നെ ഭൌതികയാഥാർത്ഥ്യത്തെ ഫ്യൂഡൽ ഭാഷാകോഡുകൾ സ്വാധീനിക്കുന്നത് ഒരളവുവരെ പരന്ന കോഡുകൾ ഉള്ള ഭാഷാകോഡുകൾ സ്വാധീക്കുന്നതിൽനിന്നും വ്യത്യസ്തമായിരിക്കും.

ഈ വിധ ചിന്തകളുടെ ആഴങ്ങളിലേക്ക് ഇപ്പോൾ നീങ്ങാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇത്രമാത്രം പറയേണ്ടിയിരിക്കുന്നു.

സാമൂഹികമായി ആദരിക്കുപ്പെടുന്ന വലിയ ആൾ നൽകുന്ന വസ്തുവിന്റെ ആത്മീയ കോഡുകൾ, സാമൂഹികമായി നിസ്സാരനും ചെറുതുമായ വ്യക്തി നൽകുന്ന വസ്തുവിന്റെ ചില ആത്മീയ കോഡുകളിൽ നിന്നും വ്യത്യസ്തമായിരിക്കും.

ഈ ഒരു വസ്തുത ഇങ്ഗ്ളിഷ് പോലുള്ള പരന്ന കോഡുകൾ ഉള്ള ഭാഷകൾ പ്രാദേശിക ഭാഷയായി ഉള്ളവർക്ക് (Native-English people) മനസ്സിലാക്കാൻ വളരെ പ്രയാസമാണ്.

വലിയ ആൾ നൽകുന്ന വസ്തുവിന് ഫ്യൂഡൽ ഭാഷകളിൽ ഒരു അതീന്ദ്രിയമായ മാഹാത്മ്യം നിലനിൽക്കും എന്നുള്ളതാണ് വാസ്തവം. ഇങ്ഗ്ളിഷിൽ വലിയവരും ചെറിയവരും മറ്റും മറ്റും വെറും He മാത്രമായിരിക്കുന്നു. എന്നാൽ ഫ്യൂഡൽ ഭാഷകളിൽ വ്യക്തി അദ്ദേഹവും അയാളും, അവനും (മലബാറി: ഓര്, മൂപ്പര്, ഓൻ) ആയി വളരെ വ്യത്യസ്ത രൂപഭാവത്തിലാണ് നിലനിൽക്കുന്നത്.

ഈ വസ്തുത ഈ ഒരോ ആളുടേയും പലവിധ ബന്ധപ്പെട്ട വസ്തുക്കളേയും, ബന്ധങ്ങളേയും അതി ഗംഭീരമായി ബാധിക്കും എന്നുള്ളതാണ് വാസ്തവം.

വാക്കുകൾക്ക് ഇത്രമാത്രം ഭായാനകമായ ശക്തി ഉണ്ട് എന്ന് ഇങ്ഗ്ളിഷുകാർക്ക് വിഭാവനം ചെയ്യാൻകൂടി കഴിയില്ല.

ഉദാഹരണത്തിന്, പോലീസ് ഓഫിസറോട് ലോറി ഡ്രൈവർ സംസാരിക്കുന്നു. സാർ എന്നാണ് സംബോധനയായി ഉപയോഗിക്കുന്നത്. വളരെ മയമായാണ് സംഭാഷണം നടക്കുന്നത്. ഇതിനിടയിൽ പെട്ടെന്ന്, ലോറി ഡ്രൈവർ 'സാർ' എന്ന പദം മാറ്റി, 'നീ' എന്ന പദം, അതേ മയത്തോടുകൂടി ഉപയോഗിക്കുന്നു.

പോലീസ് ഓഫിസർക്ക് സമനിലതെറ്റുന്നില്ലായെങ്കിൽ, അയാൾക്ക് മാനസികമായി മറ്റെന്തെങ്കിലും ദോഷം സംഭവിച്ചിരിക്കേണം.

173. നിഷേധാത്മകതയുടെ മൂർത്തീകരണമായവർ

ഫ്യൂഡൽ ഭാഷകൾ ഒരു പ്രത്യേക രീതിയിൽ സമൂഹത്തെ രൂപകൽപ്പന ചെയ്യുമ്പോൾ സ്വമേധയായും, അതോടൊപ്പവും സൃഷ്ടിക്കപ്പെടുന്ന ഒരു മാനസിക ഭാവവും, മനോഭാവവും, മാനസിക വിഭ്രാന്തിയും മറ്റുമാണ്, ചില പ്രത്യേക രീതിയിൽ താഴെ ഉള്ളവർ നിഷേധാത്മകതയുടെ (Negativityയുടെ) മൂർത്തീകരണമാണ് എന്ന അറിവ്.

ഇങ്ങിനെയൊരു മാനസികാവസ്ഥയും മനോഭാവവും, വിവരവും പൊതുവായി പറയുകയാണെങ്കിൽ, ഇങ്ഗ്ളിഷ് ഭാഷ പ്രദേശിക ഭാഷയായി ഉള്ളവരിൽ തമ്മിൽത്തമ്മിൽ ഇല്ലായെന്നോ, അതുമല്ലെങ്കിൽ വളറെ ചെറുതായെ ഉള്ളു എന്നോ പറയാവുന്നതാണ്.

ഫ്യൂഡൽ ഭാഷകൾ ഇങ്ങിനെ ഒരു മാനസികാവസ്ഥ സൌകര്യപ്പെടുത്തുന്നത്, മനുഷ്യനുമായി ബന്ധപ്പെട്ട് കിടക്കുന്ന, യാഥാർത്ഥ്യത്തിന് പിന്നിൽ നിൽക്കുന്ന, അതീന്ദ്ര്യ സോഫ്ട്വേർകോഡുകൾ (Supernatural software codes) സൃഷ്ടിക്കുന്ന Virtual arenaയിൽ ഭാഷാകോഡുകൾ അതിഗംഭീരമായ സ്ഥാനചലനങ്ങൾ സംഭവിപ്പിക്കുന്നത് കൊണ്ടാണ്.

ഈ വിഷയത്തിലേക്ക് ഇപ്പോൾ കടക്കാൻ ആവില്ലതന്നെ.

ഉയർന്ന പീഠം, ഉയർന്ന സമൂഹിക പദവി, ശക്തമായ കുടുംബമഹിമ, പേരിന് പിന്നിൽ വൻ ബഹുമാനവാക്ക് തുടങ്ങി പലതിനും ഈ വിധമുള്ള നിഷേധാത്മകതകളേയും ഒരു പരിധിവരെ നിയന്ത്രിക്കാനോ, മാച്ച് കളയാനോ കഴിയും.

എന്നാൽ, ഓരോ മനുഷ്യനും നിത്യ ജീവിതത്തിൽ പലവിധ കാര്യങ്ങളുടെയും വ്യത്യസ്തമായ സ്വാധീനങ്ങൾ അനുഭവിക്കുന്നവരാണ്. നിഷേധാത്മകമായ കാര്യങ്ങൾ മാത്രം കാണുകയും കേൾക്കുകയും, അനുഭവിക്കുകയും മറ്റുംചെയ്യുന്നത്, ആ വ്യക്തിയുമായി ബന്ധപ്പെട്ട് കിടക്കുന്ന അതീന്ദ്ര്യ സോഫ്ട്വേർകോഡുകൾ സൃഷ്ടിക്കുന്ന Virtual arenaലെ കോഡുകളിലും ശരീരവും മനസ്സുമായും ബന്ധപ്പെട്ടുകിടക്കുന്ന കോഡുകളിലും നിഷേധാത്മകമായ ചലനങ്ങൾ വരുത്തും എന്ന് പൊതുവായി പറയാവുന്നതാണ്. എന്നാൽ വാസ്തവം ഇതിനേക്കാൾ വളരെ സങ്കീർണ്ണമാണ്. അതിലേക്കും ഇപ്പോൾ കടക്കുന്നില്ല.

ചില ആളുകളുടെ സാമീപ്യം സ്പർശനം, ശബ്ദം, എഴുത്ത്, മനസ്സിൽ വിരിയുന്ന ചിത്രം, ഓർമ്മ തുടങ്ങി പലതും ചിലരിൽ വ്യക്തമായ പോസിറ്റിവ് അനുഭവം പകർത്തും. അവയിൽ ചിലതിന് ഭൌതിക ലോകത്തിൽത്തന്നെ ബാഹ്യമായ സംഭവവികാസങ്ങളിൽവരെ പല നന്മകളും സംഭാവ്യമാക്കിയേക്കാം.

ഇതിനെല്ലാം പിന്നിൽ വൻ ശക്തിയുള്ള അതീന്ദ്ര്യ സോഫ്ട്വേർകോഡുകളുടെ പ്രവർത്തനവും പ്രതിപ്രവർത്തനവും ഉണ്ട് എന്നുള്ളതാണ് വാസ്തവം.

ഈ വിധ പലതും ഇങ്ഗ്ളിഷ് പോലുള്ള ഭാഷാ അന്തരീക്ഷങ്ങളിൽ ഉളവാക്കുന്നതിനേക്കാൾ പതിന്മടങ്ങാണ് ഫ്യൂഡൽ ഭാഷാ അന്തരീക്ഷങ്ങളിൽ ഈ വിധ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത്. ഇങ്ഗ്ളിഷ് ഭാഷയിൽ ദിനം തുടങ്ങുന്നത് ശുഭകരമായ കാഴ്ചയിലൂടെയാവണം എന്ന ഒരു സങ്കൽപ്പം പണ്ട് കാലങ്ങളിൽ ഉണ്ടായിരുന്നു എന്ന് തോന്നുന്നില്ല. എന്നാൽ ഭൂഖണ്ഡ യൂറോപ്പിൽ കാര്യങ്ങൾ തികച്ചും വ്യത്യസ്തമായേക്കാം.

ശുഭം (auspicious) അശുഭം (inauspicious) തുടങ്ങിയ കാര്യങ്ങൾക്ക്, ഫ്യൂഡൽ ഭാഷകളിൽ വൻ ശക്തിതന്നെയുണ്ട് എന്നുള്ളത് വാസ്തവമായേക്കാം. ഭാഷാ കോഡുകളിലൂടെ 180 ഡിഗ്രി മറിച്ചിടുന്നതും, മലർത്തിയടിക്കുന്നതും ആയ വാക്കുകൾക്ക് തുല്ല്യമായ കാര്യമായേക്കാം ഇവ.

യഥാർത്ഥത്തിൽ പരന്ന ഭാഷാ വീക്ഷണകോണിൽനിന്നും വീക്ഷിച്ചാൽ, ഫ്യൂഡൽ ഭാഷാ അന്തരീക്ഷം ഒരു തരം കൂടോത്രം നിറഞ്ഞ അന്തരീക്ഷമാണ്. വാക്കുകൾക്ക് താന്ത്രീക ശക്തിയുണ്ട് എന്ന് വ്യക്തമായി അറിവ് ലഭിക്കുന്ന ഇടമാണ് ഫ്യൂഡൽ ഭാഷകൾ.

ഈ ഉപഭൂഖണ്ടത്തിൽ പലവിധ വ്യത്യസ്ത ജനവിഭാഗങ്ങളെ സൃഷ്ടിച്ചത് ഫ്യൂഡൽ ഭാഷകൾ അല്ലായിരിക്കാം. എന്നാൽ ഈ വിധ വ്യത്യസ്ത ജനവിഭാഗങ്ങളെ പലതട്ടുകളിൽ അണിനിരത്തിയതും, അവർതമ്മിൽ പല വിധ അറപ്പുകളും അകൽച്ചകളും, ശുഭാശുഭ ചിന്തകളും മറ്റും പടർത്തിയതിന് പിന്നിൽ പ്രവർത്തിച്ചത് ഫ്യൂഡൽ ഭാഷാകോഡുകൾ തന്നെയാണ്.

174. വികിരണം ചെയ്യപ്പെട്ട് വരുന്ന നിഷേധാത്മകതയെ തടയാനുള്ള തന്ത്രം

കൊല്ലവർഷം 661ൽ (1486 A.D.), വേണാട് രാജ്യം (ഇന്നുള്ളള തിരുവനന്തപുരത്തിന് - Trivandrum - ചുറ്റ്പാട്) ജയസിംഹ ദേവൻ എന്ന രാജാവ് ഭരിച്ചിരുന്ന കാലം. താഴെക്കിടയിൽ നിന്നിരുന്ന ഏതാനും ഇടംകൈ ജാതിക്കാർക്ക് സൌകര്യപ്രദമായി ജീവിക്കാൻ ആവാത്ത അവസ്ഥവന്നു. ഉയർന്ന ജാതിക്കാർ അവരെ കഠിനമായി പീഡിപ്പിച്ചു. കഠിനമായി ശക്ഷിച്ചു. ദേശ ദേവതകളെ ആരാധിക്കാൻ അനുവദിച്ചില്ല. പോരാത്തതിന് അവർക്ക് അവരുടെ പരാതികൾ രാജാവിന്റെ അടുത്ത് പോയി അറിയിക്കാനും ആവില്ല. കാരണം, താഴ്ന്നവരെ അടുപ്പിച്ചാൽ രാജാവിനും അവരിലെ നിഷേധകത്വം പകരും.

എന്നാൽ രാജാവ്, അവരുടെ നാട്ടിൽ വന്നപ്പോൾ, ഇവരുടെ കഷ്ടപ്പാടുകളെക്കുറിച്ചും, മറ്റ് പരാതികളും നേരിട്ട് അറിയിക്കാനുള്ള സൌകര്യം ചെയ്ത്കൊടുത്തു.

രാജാവ് ആനപ്പുറത്ത് എഴുന്നള്ളി. ആനപ്പുറത്തിരിക്കുന്ന രാജാവിനോട് ഇവർ അവരുടെ പരാതികൾ അറിയിച്ചു. ആനപ്പുറത്തിരുന്നാൽ നിഷേധകത്വം പകരില്ല എന്ന ഒരു വിവരം ഒരു അന്ധവിശ്വാസം എന്നരൂപത്തിൽ സമൂഹത്തിൽ നിലനിന്നിരുന്നു. പോരാത്തതിന്, ആനയുടെ നിറം കറുപ്പാണ്. കറുപ്പ് നിറത്തിന് നിഷേധകത്വത്തെ വലിച്ചെടുക്കാനും ആവും (ആഗിരണം ചെയ്യാനാവും) എന്ന വിശ്വാസം പലദിക്കിലും ഉണ്ടായിരുന്നു.

എന്നാൽ താഴെക്കിടയിൽ ഉള്ളവർ നിഷേധകത്വം (negativity) പകരുന്നവരും (conduct) വികിരണം (radiate) ചെയ്യുന്നവരും ആണ് എന്ന് ഒരു തോന്നലും (sensation), ഉൾക്കാഴ്ചയും (insight), ജീവിതാനുഭവവും (life-experience) മിക്ക ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിലും ഉണ്ട് എന്നാണ് തോന്നുന്നത്.

എന്നാൽ താഴ്ന്നവർ വളരെ വ്യക്തമായും സ്വമനസ്സാലെയും തങ്ങൾ താഴ്ന്നവരാണ് എന്ന് സ്വന്തം മനസ്സിൽ ഉൾക്കൊള്ളുന്നവർ ആണെങ്കിൽ പലപ്പോഴും ഇക്കൂട്ടർ നിഷേധകത്വത്തിന്റെ മൂർത്തീകരണം ആവില്ല. മറിച്ച്, അവർ, അവർ ബഹുമാനിക്കുന്നവരെ പൊന്തിച്ചുവെക്കുന്നവരും, അതിനായിത്തന്നെ അത്യന്താപേക്ഷിതരും ആയി നിലകൊള്ളും.

അവർ ബഹുമാനിക്കുന്നവർക്ക് എന്ത് വിധേയത്വവും നൽകാൻ തയ്യാറുള്ള ഒരു ജനക്കൂട്ടമായി നിലകൊള്ളുന്നവരെ മുകളിൽ ഉള്ളവർ പാലൂട്ടിവളർത്തും. ഇതാണ് ഈ നാട്ടിൽ പണ്ട് മുതലുള്ള വ്യക്തമായ സാമൂഹിക തത്വശാസ്ത്രം.

ഉദാഹരണത്തിന്, ഏതാണ്ട് 1800കളുടെ അന്ത്യകാലം വരെ ഉയർന്ന ജാതിക്കാരും സാമൂഹിക മഹിമയുള്ളവരുമായ നമ്പൂതിരിമാർക്ക്, നായന്മാർ അവരുടെ വീട്ടിനുള്ളിൽ പലവിധ സ്വാതന്ത്ര്യങ്ങളും നൽകിയിരുന്നു. വീട്ടിലെ സ്ത്രീകളുമായി അവർക്ക് ഹ്രസ്വകാലം നിലനിൽക്കുന്നതോ, അതുമല്ലെങ്കിൽ ദീർഘകാലം നിലനിൽക്കുന്നതോ ആയ സംബന്ധം എന്ന ബന്ധം അനുവദിച്ചിരുന്നു. വീട്ടിലെ സ്ത്രീകളുമായി നമ്പൂതിരിമാർക്ക് ഈ വിധമുള്ള ഒരു പുരുഷബന്ധം ഇന്ന് കാണുമ്പോൾ അരോചകമായിത്തോന്നുമെങ്കിലും, അക്കാലങ്ങളിൽ ഇത് ഒരു വൻ അനുഗ്രഹമായിത്തന്നെയാണ് നായന്മാരുടെ ഇടയിലും പൊതുവായി സമൂഹത്തിലും കാണപ്പെട്ടിരുന്നത്.

ഇതിന് പിന്നിൽ വെറും ഭൌതികമായിത്തന്നെ കാണാവുന്ന പല ഗുണങ്ങളും ഉണ്ട് എന്നുള്ളത് വ്യക്തംതന്നെ. എന്നാൽ ഇന്ന് ഭൌതികമായി കാണാൻ പ്രയാസമുള്ള പലവിധ പോസിറ്റിവ് ഗുണങ്ങളും ഈ വിധ അടുപ്പങ്ങളിൽ ഉണ്ട് എന്നുള്ളതാണ് വാസ്തവികത. ആപേക്ഷികമായി ദിവ്യത്വമുള്ള വ്യക്തി സ്പർശിച്ചാലും, അടുപ്പംകാണിച്ചാലും, ദർശിച്ചാലും, നോക്കിക്കണ്ടാലും, മറ്റെ വ്യക്തിയുമായി ബന്ധപ്പെട്ടുകിടക്കുന്ന അമാനുഷിക (supernatural) സോഫ്ട്വേർ കോഡുകളിൽ ചില പ്രത്യേക ഇടങ്ങളിൽ മൂല്യങ്ങളിൽ ഏറ്റം സംഭവിക്കും. യാഥാർത്ഥ്യത്തിന് പിന്നിൽ സ്ഥിതിചെയ്യുന്ന Virtual arenaയിൽ പലവിധ ഗുണകരമായ സ്ഥാനചലനങ്ങൾ സംഭവിക്കും. അവയുടെ ഫലം ഭൌതിക ജീവിതത്തിലും ഭൌതിക യാഥാർത്ഥ്യത്തിലും അനുഭവപ്പെടാം.

അതേ അവസരത്തിൽ നായർ സ്ത്രീകളെ താഴെ ജാതിക്കാരായ ഏതെങ്കിലും സ്ത്രീയോ പുരുഷനോ, വെറും പേര് വിളിച്ചാൽമതി, അസഹ്യമായ തരംതാഴ്ത്തലും അപമാനിക്കലും ആയി അനുഭവപ്പെടും, അങ്ങിനെ വിളിക്കപ്പെട്ട നായർ സ്ത്രീക്കും ആ ആളുടെ വീട്ടുകാർക്കും. നേരത്തെ സൂചിപ്പിച്ച അമാനിഷിക (supernatural) സോഫ്ട്വേർ കോഡുകളിലും Virtual arenaയിലും നിഷേധാത്മകമായ മൂല്യചോഷണവും, സ്ഥാനചലനവും സംഭവിക്കാം.

തിരുവിതാംകൂറിൽ നായർ പെൺകുട്ടികൾക്ക് പണ്ട് കാലങ്ങളിൽ അവരുടെ പേരിന് പിന്നിൽ 'അമ്മ' എന്ന ഒരു സ്ഥാനനാമം നൽകുന്ന ഒരേർപ്പാട് ഉണ്ടായിരുന്നു. ഇത്, താഴെ ജാതിക്കാരുടെ വെറും പേര് വിളിയാൽ ഉളവാകുന്ന നിഷേധകത്വത്തെ തടയാൻ ഉപകരിച്ചിരിക്കും എന്ന് തോന്നുന്നു. പുരുഷന്മാർക്ക്, നായർ, പിള്ള, നമ്പിയാർ തുടങ്ങിയ സ്ഥാനനാമങ്ങൾ പേരിന് പിന്നിൽ അനുബന്ധിപ്പിച്ചിട്ടുണ്ടാവും. ഇന്ന്, സാർ, മാഷ് എന്നെല്ലാം ഉപയോഗിക്കുന്നത് മാതിരി.

ഈ വിധ കാര്യങ്ങൾ ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിലാണ് സംഭാവ്യം. ഇങ്ഗ്ളിഷ് പോലുള്ള പരന്ന കോഡുകളുള്ള ഭാഷാ അന്തരീക്ഷങ്ങളിൽ നിന്നും വീക്ഷിച്ചാൽ ഈ വിധ അനുമാനങ്ങളും സൂചനകളും, വാദങ്ങളും ശുദ്ധ വിഡ്ഢിത്തമാണ് എന്നാണ് തോന്നുക. എന്നാൽ, ഇങ്ഗ്ളിഷ് ഭാഷക്കാർക്ക് ഇന്നും ഫ്യൂഡൽ ഭാഷകളുടെ ക്രൌര്യത്തെക്കുറിച്ചും, അവയുടെ രാക്ഷസഭാവത്തെക്കുറിച്ചും യാതോരു അറിവും ഇല്ലാ എന്നുള്ളതാണ് വാസ്തവം.

175. ചരിത്രത്തിൽ ആദ്യമായി ഒരു സമത്വാധിഷ്ഠിതമായ ഭരണയന്ത്രം ഈ ഉപഭൂഖണ്ഡത്തിൽ

ബ്രിട്ടിഷ്-ഇന്ത്യയുടെ ഭാഗമായ ബ്രിട്ടിഷ്-മലബാറിൽ ഇങ്ഗ്ളിഷുകാരാണ്, അറിയപ്പെടുന്ന ചരിത്രത്തിൽ ആദ്യമായി ഒരു സമത്വാധിഷ്ഠിതമായ (egalitarian) ഭരണയന്ത്രം ജനങ്ങൾക്കായി രൂപകൽപ്പന ചെയ്തത്.

ഭരണത്തിന് മുന്നിൽ പൌരന്മാർ സമന്മാരാണ് എന്ന് ഇന്നുള്ള ഇന്ത്യൻ ഭരണഘടനയിൽ സ്വർണ്ണലിപികളിൽ എന്നവണ്ണം ലിഖിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭരണഘടനയും ഭരണ സംവിധാനങ്ങളും ഫ്യൂഡൽ ഭാഷകളിലേക്ക് തർജ്ജമചെയ്യപ്പെടുന്നതോടുകൂടി, ഈ സ്വർണ്ണലിപികൾ മാറി, നാറുന്ന ലിപികളിലേക്ക് കാര്യങ്ങൾ നീങ്ങുംഎന്ന് പ്രത്യേകിച്ച് എടുത്ത് പറയേണ്ടതില്ല.

ഇങ്ങിനെയൊരു പ്രശ്നത്തെക്കുറിച്ച് വ്യക്തമായ ധാരണ British-Indiaയിലെ ഇങ്ഗ്ളിഷ് ഓഫിസർമാർക്ക് ഇല്ലായിരുന്നു എന്നാണ് തോന്നുന്നത്. എന്നിരുന്നാലും, എന്തോ ഒരു പന്തികേട് സാമൂഹിക ആശയവിനിമയത്തിൽ ഉണ്ട് എന്ന് അവർക്ക് ബോധോദയം ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്.

ഇവിടെ പ്രശ്നമായി വന്നത്, അന്നേവരെ, നാട്ടിലെ പ്രമാണി കുടുംബങ്ങളുടെ ഒരു കുലത്തൊഴിൽ തന്നെയായിരുന്നു അധികാരിപ്പണി എന്നതാണ്. അവരെ നിയന്ത്രിക്കാനോ, അവർക്ക് മാനുഷിക മൂല്യങ്ങളെക്കുറിച്ച് ധാരണനൽകാനോ, മനുഷ്യാവകാശങ്ങളെക്കുറിച്ച് ചോദിക്കാനോ ആർക്കും ആവില്ലതന്നെ.

കീഴ്ജാതിക്കാരായി നിർവ്വചിക്കപ്പെട്ടിരുന്ന, വംശങ്ങളെ വിവിധ നിലവാരത്തിലുള്ള മൃഗങ്ങളെപ്പോലെതന്നെയായിരുന്നു അധികാരി വർഗ്ഗം കണക്ക് കൂട്ടിയിരുന്നത്. വാക്കുകൾ പലപ്പോഴും, ഈ നാട്ടിൽ ഇന്നുള്ള മനുഷ്യർ പലരും നായയെ ആട്ടിപ്പായിക്കാൻ ഉപയോഗിക്കുന്ന തരത്തിൽ ഉള്ളവായായിരുന്നു.

ഇഞ്ഞ് പോടാനേ (നീ പോടാ), ഇഞ്ഞി പോടാളെ (നീ പോടി) എന്ന രീതിയിൽതന്നെയാണ് നായന്മാർക്ക് കീഴിലായി അകപ്പെട്ട് പോയ വംശങ്ങളെ ഏത് കുട്ടിഅധികാരി വീട്ടുകാരും നിലനിർത്തിയിരുന്നത്.

William Logan എഴുതിയതാണ് എന്ന് പൊതുവെ കരുതപ്പെടുന്ന Malabar Manualൽ നായന്മാർക്ക് കീഴിൽ അകപ്പെട്ട് പോയ ജനവംശങ്ങളെക്കുറിച്ച്, ആകെയുള്ളത് ഒരു തരം തരംതാണ ജീവിവംശങ്ങൾ എന്നരീതിയിൽ ഉള്ള സൂചനമാത്രമേ ഉള്ളു.

[ഈ ഗ്രന്ഥം ഈ എഴുത്തുകാരൻ കാര്യമായി ഒന്ന് പരിശോധിച്ചപ്പോൾ, ഈ ഗ്രന്ഥത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമേ Malabar District Collector ആയിരുന്ന William Logan നേരിട്ട് എഴുതിയിരിക്കാൻ സാധ്യതയുള്ളു എന്നാണ് കണ്ടത്.

മറ്റ് മിക്ക ഭാഗങ്ങളും ഈ നാട്ടിലെ കുട്ടി അധികാരിവംശക്കാരുടെ വക്താക്കളുടെ താൽപ്പര്യങ്ങൾ ആരൊക്കെയോ കലർത്തിയ എഴുത്തുകൾ ആണ്.

വ്യക്തിയുടെ സാമൂഹിക നിലവാരമോ, ജാതിയോ, കുടുംബ മഹിമയോ ഒന്നുംതന്നെ നോക്കാതെ, വെറും വ്യക്തിയുടെ വ്യക്തിത്വത്തിലെ ഗുണമേന്മയെ മാത്രം കണക്കിൽ എടുത്ത് ഭരണയന്ത്രത്തിൽ ഒരു വൻ ഗുണമേന്മയുള്ള ഓഫിസർമാരുടെ ഒരു കൂട്ടത്തെ

നെയ്തെടുക്കുക എന്നുള്ളതായിരുന്നു ബ്രിട്ടിഷ്-ഇന്ത്യയിൽ ഇങ്ഗ്ളിഷ് കോളോണിയൽ ഭരണാധിപന്മാരുടെ മുന്നിൽ വന്നുപെട്ട ലക്ഷ്യം.

ഇത് ഒരു ചില്ലറക്കാര്യമല്ല. കാരണം. ബഹുമാനിക്കാത്തവരോട് യാതോരു മര്യാദകളും തമ്മിൽത്തമ്മിൽ നൽകാൻ കൂട്ടാക്കാത്ത ഒരു ജനക്കൂട്ടത്തിൽപെട്ടവരെ, അവരുടെ പാരമ്പര്യവും സാമൂഹികവും മറ്റുമായ കീഴ്വഴക്കങ്ങളിൽനിന്നും, വെറികളിൽനിന്നും, വെപ്രാളങ്ങളിൽനിന്നും, മോചിപ്പിച്ചെടുത്ത്, ചുറ്റും കവചം നെയ്ത്, ഇങ്ഗ്ളിഷിലെ മാന്യമായ പെരുമാറ്റങ്ങളും വാക്കുകളും, മാത്രം കൈമുതലായുള്ള ഒരു പറ്റം ഓഫിസർമാരെ രൂപകൽപ്പന ചെയ്യുക.

ഏതാനും വർഷങ്ങൾക്ക് മുമ്പ് ഒരു അതിവിപ്ളവ പാർട്ടിയിലെ ഒരു സംസ്ഥാനമന്ത്രിയോട് ഈ നാട്ടിലെ ഉദ്യോഗസ്ഥരിലെ അഴിമതിയെക്കുറിച്ച് ചോദിച്ചപ്പോൾ (ടി.വി. ചാനൽ മുഖാമുഖം), ആ വിപ്ളവ വായാടി പറഞ്ഞത് ഓർമ്മവരുന്നു QUOTE: സാക്ഷാൽ ദേവേന്ദ്രൻ വന്നാലും ഇവിടുള്ള അഴിമതി നിർത്താൻ ആവില്ല. END OF QUOTE

സാക്ഷാൽ ദേവേന്ദ്രന് പോലും പറ്റാത്തതായിരുന്നോ, ഇങ്ഗിളിഷ് ഭരണപക്ഷത്തിന് സാധിച്ചത്? അതോ, ദേവേന്ദ്രൻ അവരോടൊപ്പം തന്നെയായിരുന്നുവോ?

176. ഗുണമേന്മയുള്ള ഒരു ആൾക്കൂട്ടത്തെ കെട്ടിപ്പടുക്കാനുള്ള മാർഗ്ഗമെന്ത്?

ഗുണമേന്മയുള്ള ഒരു ആൾക്കൂട്ടത്തെ കെട്ടിപ്പടുക്കാനുള്ള മാർഗ്ഗമെന്താണ് എന്നത് ഒരു സങ്കീർണ്ണമായ പ്രശ്നമാണ്, ഈ ഉപഭൂഘണ്ടത്തിൽ.

ഒന്നാമത് എന്താണ് ഗുണമേന്മയെന്നുള്ളത് തന്നെ, ഫ്യൂഡൽഭാഷകളിൽ നിരൂപിക്കുന്നത് പോലെയല്ല, കലർപ്പില്ലാത്ത ഇങ്ഗ്ളിഷിലെ (pristine-Englishലെ) കാഴ്ചപ്പാട്. ഫ്യൂഡൽ ഭാഷകൾവിട്ട്, പൂർണ്ണമായ ഇങ്ഗ്ളിഷിൽ ജീവിക്കുന്നത് തന്നെ വ്യക്തിപരമായ മാനസികവും, ശാരീരികവും, സാമൂഹികവും മറ്റുമായ കാര്യങ്ങളിൽ കാര്യമായ ഗുണവ്യത്യാസം വരുത്തുന്ന കാര്യമാണ്. ഇതിൽ ഏതാണ് നല്ലത് എന്നത് തന്നെ രണ്ട് ഭാഷകളുടേയും കാഴ്ചപ്പാടിൽ രണ്ടായി നിലനിൽക്കും.

ദക്ഷിണ ആഫ്രിക്കൻ പ്രദേശത്ത് Rhodesia എന്ന രാജ്യം പടുത്തുയർത്തിയ Cecil Rhodes പറഞ്ഞ രണ്ട് വാക്യങ്ങൾ ഓർമ്മവരുന്നു.

1. Ask any man what nationality he would prefer to be, and ninety nine out of a hundred will tell you that they would prefer to be Englishmen.


Cecil Rhodes

2. To be born English is to win first prize in the lottery of life.

ആളുകളിൽ ചിലരെ എന്തെങ്കിലും വിഡ്ഢി പരീക്ഷകൾ നടത്തി, തിരഞ്ഞെടുത്ത്, കുറേ സാരോപദേശങ്ങൾ പറഞ്ഞ് കൊടുത്താൽ, അവർ ഗുണമേന്മയുള്ള 'ഓഫിസർമാർ' (ആപ്പീസർമാർ!) ആയി ഭവിക്കും എന്ന വിഢ്ഢി വിശ്വാസം ഇന്നുള്ള PSC തിരഞ്ഞെടുപ്പ് ബോഡുകൾക്ക് (Selection Boards) ഉണ്ട് എന്ന് കാണുന്നു. എന്നാൽ സംവിധാനങ്ങൾ (infrastructure, systems & procedures) തയ്യാറായി വച്ചിട്ടുണ്ടെങ്കിൽ, മനുഷ്യ ബുദ്ധിയുള്ള ഏതൊരാൾക്കും, അതിന്മേൽ കയറിയിരുന്ന് വേലചെയ്യാനാകും. ഇത് വാസ്തവം തന്നെ.

എന്നാൽ ഇക്കൂട്ടർ ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാകമ്പനി വിഭാവനം ചെയ്ത ഗംഭീരമായ ഗുണമേന്മയുള്ള ഓഫിസർമാർ ആകില്ലതന്നെ.

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ഭരണസംവിധാനങ്ങൾ ഒരുക്കുന്നതിന് മുന്നേതന്നെ ഈ പ്രദേശത്ത്, വേണമെങ്കിൽ 'ഓഫിസർമാർ' എന്ന് വിളിക്കാവുന്ന മേൽനോട്ടക്കാർ എല്ലാ ഗ്രാമങ്ങളിലും, പട്ടണങ്ങളിലും പ്രാചീണകാലംമുതൽ തന്നെ, ഓരോ കൂട്ടി ജന്മിക്കും കീഴിൽ ഉണ്ടായിരുന്നു എന്നുള്ളത് വാസ്തംതന്നെ.

എന്നാൽ 'Officer' എന്ന ഇങ്ഗ്ളിഷ് പദം ഈ കൂട്ടരെ നിർവ്വചിക്കാൻ ഉപയോഗിക്കുന്നത്, തനി വേണ്ടാത്തീനം തന്നയാണ്.

ഇങ്ഗ്ളിഷിൽ ഒരു Officer ഒരു Gentleman ആണ്. Officer എന്ന പദവും, Gentleman എന്ന പദവും തമ്മിൽ പിണഞ്ഞാണ് ഇങ്ഗ്ളിഷ് പാരമ്പര്യങ്ങളിൽ നിലനിൽക്കുന്നത്.

Gentleman എന്ന പദത്തിന് തത്തുല്യമായ ഒരു പദം മലയാളത്തിൽ ഇല്ലാ എന്ന് പറയാമെങ്കിലും, സഭ്യൻ, കുലീനൻ, വിനയമാനായ പുരുഷൻ, മാന്യൻ തുടങ്ങിയ പദങ്ങളാൽ ഈ വാക്കിനെ നിർവ്വചിക്കാൻ ആയേക്കാം.

കീഴിൽ പെട്ടുപോയവരെ, നീ, ഇഞ്ഞി, എന്താനെ, എന്താളെ, എന്താടാ, എന്താടീ, തുടങ്ങിയ വാക്കുകളാൽ സംബോധന ചെയ്യുകയും, ആളെ തരംതിരിച്ച്, പ്രായത്താലും, പണത്താലും പദവിയാലും താഴ്ന്നവരെ, അവൻ, അവൾ, ഓൻ, ഓള്, അവറ്റകൾ, ഐറ്റിങ്ങൾ എന്നെല്ലാം പരാമർശിക്കുന്ന ഒരു വ്യക്തിയെ, അയാൾ എത്രതന്നെ ആജ്ഞാശക്തിയുള്ള ആളാണെങ്കിൽക്കൂടി, ഒരു 'ഓഫീസർ' എന്ന് നാമകരണം ചെയ്യാനാവില്ലതന്നെ.

പോരാത്തതിന്, ഈ ആളോട്, ബഹുമാനം കാണിക്കണം, ഈ ആൾ കയറിവരുമ്പോൾ മറ്റുള്ളവർ എഴുന്നേൽക്കണം എന്നെല്ലാമുള്ള ചട്ടങ്ങളും മറ്റും ഇങ്ഗ്ളിഷിലെ Officerറുമായി യാതോരു തരത്തിലും ബന്ധമുള്ള വ്യക്തിയെയല്ല സൂചിപ്പിക്കുന്നത്.

ഇങ്ങിനെ നോക്കുമ്പോൾ, ഇന്ന്, ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിലേക്ക് മാറിമറിഞ്ഞ് കൊണ്ടിരിക്കുന്ന ഇന്ത്യൻ ഭരണ സംവിധാനത്തിൽ Officerമാർ ഇല്ലാ എന്നുവരെ പറയാവുന്നതാണ്. ഉള്ളത്, പഴയകാല കുട്ടിജന്മി മേൽനോട്ടക്കാരാണ്. ഇക്കൂട്ടരെ തുരത്തിവിട്ടത്, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയാണ്.

ഇന്ന് ഇവർ വീണ്ടും രംഗപ്രവേശനം നടത്തുകയാണ്.

177. ഭരണത്തിനും നിയമത്തിനും, ഭരണസംവിധാനങ്ങൾക്കും മുന്നിൽ വലിയവരും ചെറിയവരും എന്ന വിവേചനം ഇല്ലാ എന്ന ആശയം

വലിയവരോട് ആദരവ് കാണിക്കുക, അവരെ ബഹുമാനിക്കുക, അവർക്ക് നൽകിയ വാക്ക് പാലിക്കുക, അവരോട് സമയകൃത്യത കാണിക്കുക, അവർക്ക് മുൻഗണന നൽകുക തുടങ്ങിയ കാര്യങ്ങൾ ഫ്യൂഡൽ ഭാഷകളിൽ അലിഖിതചട്ടങ്ങളായി നിലനിൽക്കുന്നുണ്ട്.

എന്നാൽ ഇങ്ഗ്ളിഷ് ഭരണം ഇവിടെ കൊണ്ടുവരുവാൻ ഉദ്ദേശിച്ചത്, ഇതിനെ അപ്പാടെ നിരാകരിക്കുക എന്നതായിരുന്നില്ല. മറിച്ച്, ഭരണത്തിനും നിയമത്തിനും, ഭരണസംവിധാനങ്ങൾക്കും മുന്നിൽ അങ്ങിനെ വലിയവരും ചെറിയവരും ഇല്ലാ എന്നേ വരുത്താൻ ശ്രമിച്ചുള്ളു.

ഈ ഒരു മനോഭാവം ഉള്ള ഓഫിസർമാരെ ഫ്യൂഡൽ ഭാഷകളിൽനിന്നും കണ്ടെത്തുക നടക്കാത്തകാര്യമാണ്. ഭരണത്തിന് മുന്നിൽ എല്ലാവരും തുല്യരാണ് എന്ന് വെറുതെ വാചകം അടിച്ചിട്ട് കാര്യമില്ലതന്നെ. സംസാര ഭാഷയിൽ പ്രത്യക്ഷപ്പെടുന്ന ആളുകളുടെ നിലവാരത്തിലെ ഏറ്റക്കുറച്ചിൽ മനസ്സിലും സമൂഹത്തിലും തട്ടില്ല എന്ന് കരുതുന്നത് വിഡ്ഢിത്തംതന്നെ.

കുറെ Spoken-English പഠങ്ങളും വാക്യങ്ങളും അറിഞ്ഞത്കൊണ്ടും, പ്രയോഗിച്ചത്കൊണ്ടും, മനസ്സിൽ രൂപപ്പെട്ടുകിടക്കുന്ന ഭാഷാപരമായ പൈശാചികമായ വിവേചനങ്ങളും വ്യക്തിയെ കാണുന്നതിലെ വലുപ്പച്ചെറുപ്പവും മാറ്റാൻ ആവില്ലതന്നെ.

ഈ എഴുത്തുകാരന്റെ മാതാവ് ഏതാണ്ട് 1982ൽ കേരളത്തിലെ ഒരു സർക്കാർ വകുപ്പിന്റെ മേധാവിയായിരുന്ന കാലത്ത് (Head of the department), Sub Inspector (സബ് ഇൻസ്പെകടർ) പോസ്റ്റിലേക്കുള്ള PSC യുടെ Multiple Choice ചോദ്യങ്ങൾ ഉണ്ടാക്കാനുള്ള അവസരം ലഭിച്ചിരുന്നു.

ഈ ആവശ്യത്തിനായുള്ള അറിവിനായി മുമ്പ് നടന്നുകഴിഞ്ഞ ഏതാനും Sub Inspector ടെസ്റ്റിന്റെ ചോദ്യക്കടലാസുകൾ ലഭിച്ചിരുന്നു.

ചോദ്യങ്ങൾ ചോദിക്കുന്നതിന്റെ ഉദ്ദേശം എന്താണ് എന്ന് കാര്യമായ വിവരം ഈ വക ചോദ്യങ്ങളുടെ നയം നിർണ്ണയിക്കുന്നവർക്ക് കാര്യമായ ബോധം ഉള്ളതായി തോന്നുന്നില്ല എന്നാണ് തോന്നുന്നത്.

പൊതുവിജ്ഞാനം അളക്കുന്ന ഒരു ചോദ്യപ്പെയ്പ്പർ ഉണ്ടാക്കാൻ കാര്യമായ പ്രയാസം ഇല്ലതന്നെ. എന്തിനെക്കുറിച്ചും ചോദിക്കാം. എന്നാൽ ചോദ്യത്തിന് ഉത്തരം അറിയാം എന്ന് തെളിയിച്ചാൽ ആ വ്യക്തിക്ക് ഉള്ള എന്ത് ഗുണമേന്മയാണ് അളക്കപ്പെടുന്നത്?

ഉദാഹരണത്തിന്,

1. ബഹിരാകാശത്തിലേക്ക് പോയ ആദ്യത്തെ ഇന്ത്യക്കാരി ആരാണ്?

2. ലോകത്തിലെ ഏറ്റവും വീതികൂടിയ നദി എതാണ്?

3. Hamlet എന്ന നാടകം എഴുതിയതാരാണ്?

ഈ വിധ മുള്ള ഒരു ചോദ്യാവലി ആകെ അളക്കുന്നത്, ആ വ്യക്തിക്ക് തുണ്ട് വിവരങ്ങൾ എത്രമാത്രം മനപ്പാഠം ആക്കാൻ ആവും എന്നുള്ളത് മാത്രമാണ്.

ഈ വിധമാണോ ഓഫിസർമാരെ തിരഞ്ഞെടുക്കേണ്ടത്, ഇന്ത്യയിൽ?

178. വിക്റ്റോറിഎ്ൻ കാലഘട്ട സാംസ്ക്കാരികമൂല്യങ്ങൾ

ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിലും, ഇങ്ഗ്ളിഷിലെ ചെറുപ്രായക്കാർക്കായുള്ള പഴയകാല സാഹിത്യകൃതികളിലും ഇങ്ഗ്ളിഷ് പരാമ്പര്യങ്ങളിലും മറ്റും ഈ എഴുത്തുകാരന് ചെറുതായുള്ള വിവരം ഉണ്ട് എന്ന് പ്രസ്താവിക്കുന്നു. അതേ പോലെ, മലയാളത്തിലേയും മലബാറിയിലേയും മറ്റും ഇതുപോലുള്ളകാര്യങ്ങളിലും ഉള്ള, മാന്യമായ പെരുമാറ്റച്ചട്ടങ്ങളെക്കുറിച്ചും, ചെറുതായി അറിവുണ്ട്.

ഈ രണ്ട് വ്യത്യസ്ത കാര്യങ്ങളിലും ഉള്ള വിവരം ഒത്ത് വച്ച് നോക്കി, ഉറപ്പിച്ച് പറയാവുന്ന ഒരു വസ്തുതയാണ്, പഴയ കാല ക്ളാസിക്കൽ ഇങ്ഗ്ളിഷ് സാഹിത്യവും, വിക്റ്റോറിഎ്ൻ (Victorian) കാലഘട്ട സാംസ്ക്കാരികമൂല്യങ്ങൾ എന്ന് പൊതുവായി അറിയപ്പെടുന്ന ഇങ്ഗ്ളിഷ് പാരമ്പര്യമര്യാദകളും സാമൂഹിക ബന്ധകോഡുകളും അതീവ മികച്ചവയാണ് എന്ന്.

ഇവ മിക്കവാറും പൂർണ്ണമായിത്തന്നെ ഈ ഉപദ്വീപിലെ സാംസ്ക്കാരത്തിനും മനുഷ്യബന്ധകോഡുകൾക്കും വിപരീതമാണ്.

ഇവ മികച്ചതായി നിലനിൽക്കുന്നത് യാതോരു അമിത വിവരത്തിന്റെയോ, പാണ്ഡിത്യത്തിന്റേയോ പിൻബലത്താലല്ല. മറിച്ച്, പരന്ന് കിടക്കുന്ന മൃദുലമായ ഇങ്ഗ്ളിഷ് ഭാഷാകോഡുകളുടെ ഈടുനിൽപ്പിൻമേൽമാത്രമാണ്.

ഈ ഒരു ഗുണമേന്മയുള്ള ഒരു ഓഫിസർ കൂട്ടുത്തെ ഈ ഉപദ്വീപിൽ ഇങ്ഗ്ളിഷ് ഭരണം നേരിട്ട് നിലനിന്നിടത്ത് പകർത്തെടുത്ത് (replicate) സ്ഥാപിക്കാനാവുമോ?

വ്യക്തി എത്രനല്ലമനുഷ്യനും കാര്യപ്രാപ്തനും, സത്യസന്ധനും മറ്റും ആയിരുന്നിട്ടും കാര്യമില്ല, ചുറ്റുമുള്ളവരും, മേൽസ്ഥാനത്തുള്ളവരും, കീഴ്സ്ഥാനത്തുള്ളവരും, കൈയിട്ടുവാരുന്നവരും, ഇടംകോലിടുന്നവരും, ബാഹ്യമായ ഒരു നേതൃസ്ഥാനത്തിൽ നിന്നും ഒഴുകിവരുന്ന ഒരു ഉച്ച-നീചത്വ അണിചേരലിൽ അംഗത്വമുള്ളവരും മറ്റും ആണെങ്കിൽ.

ഇവിടെ സ്ഥാപിക്കേണ്ടുന്നത്, ഗുണമേന്മയുള്ളവരും, ഇങ്ഗ്ളിഷ് പാരമ്പര്യങ്ങളോട് കടപ്പാടും, വാത്സല്യവും ഉള്ളവർ നിറഞ്ഞ് നിൽക്കുന്ന ഒരു മേലാപ്പ് (canopy). അതിന് കീഴിൽ ഇതേ സാംസ്ക്കാരിക പെരുമാറ്റ ചട്ടങ്ങളോട് കൂറുള്ള ഒരു കൂട്ടം ഓഫിസർമാർ.

പറയാൻ എളുപ്പമാണെങ്കിലും, സാധാരണഗതിയിൽ സ്വപ്നലോകത്തിനും അപ്പുറത്തുള്ള ഒരു മാസ്മരിക അന്തരീക്ഷത്തിൽ മാത്രമേ ഈ വിധമുള്ള ഒരു സംവിധാനം സൃഷ്ടിക്കാൻ ആവുള്ളു. സാമൂഹികമായി പലവിധ ദുസ്വപ്നങ്ങളും നിറഞ്ഞ് നിൽക്കുന്ന ഈ പ്രദേശത്തിൽ ഇങ്ങിനെയുള്ള മൃദുലവും എന്നാൽ ഉടക്കാൻപറ്റാത്തതുമായ ഒരു മാന്ത്രിക തോരണത്തെ നാടെങ്ങും പന്തലിപ്പിച്ചെടക്കാനാവുമോ?

പോയി മറഞ്ഞ് 10000 വർഷചരിത്രത്തിൽ ഇങ്ങിനെ ഒരു കാര്യം ഈ ഉപഭൂഖണ്ടത്തിൽ ആരുംതന്നെ നടപ്പിൽ വരുത്തിയിട്ടില്ലതന്നെ.

ഇങ്ങിനെയുള്ള ഒരു അതിസാഹസിക ഉദ്യമത്തിന് ഒരുമ്പെട്ടതോ, വളരെ നിസ്സാരം എന്ന് പറയാവുന്ന എണ്ണം ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥരാണ്. പലരും തികച്ചും ചെറുപ്രായക്കാർ.

ഫ്യൂഡൽ ഭാഷാ സാമൂഹികാന്തരീക്ഷത്തിന്റെ ഉള്ളിന്റെഉള്ളിൽ നിലനിൽക്കുന്ന കുരുട്ടു ബുദ്ധിയെക്കുറിച്ചും, കുരുട്ട് പ്രയോഗങ്ങളെക്കുറിച്ചും, കരിങ്കാലിപ്പണിയെക്കുറിച്ചും, ഒറ്റിക്കൊടുക്കൽ സ്വാഭവത്തെക്കുറിച്ചും, ചതിപ്രയോഗങ്ങളെക്കുറിച്ചും, കാപട്യത്തെക്കുറിചും, വാക്ക്മാറ്റൽ സ്വഭാവത്തെക്കുറിച്ചും, വിശ്വാസവഞ്ചനാ പാരമ്പര്യങ്ങളെക്കുറിച്ചും, പുഞ്ചിരിതൂകികൊണ്ട് അടിവാരാനുള്ള കഴിവിനെക്കുറിച്ചും മറ്റും കാര്യമായി വിവരം ഇല്ലാത്തവരായിരുന്നിരിക്കണം ഈ ചെറുകൂട്ടം ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ജീവിക്കാരായ ഇങ്ഗ്ളിഷുകാർ.

കാരണം, വിവേക ബുദ്ധിയും കാര്യബോധവും ഉള്ള ആരുംതന്നെ ഇങ്ങിനെയുള്ള ഒരു സാസ്ക്കാരിക മുന്നേറ്റും ഈ നാട്ടിൽ നടപ്പാക്കാൻ യാതോരു കുരുട്ട് ലക്ഷ്യങ്ങളും ഇല്ലാതെ ഒരുമ്പെടില്ലതന്നെ. വിഡ്ഢികളായ പരമ ശുദ്ധന്മാർമാത്രമേ ഇതിന് തയ്യാറാവുള്ളു.

179. സാമൂഹികാന്തരീക്ഷം മൃഗീയമാകുന്നതനുസരിച്ച് മറ്റുകാര്യങ്ങളിൽ വരുന്ന മാറ്റങ്ങൾ

ഈ ഉപദ്വീപിൽ ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തോട് ആഴമേറിയ അടുപ്പം ഉള്ള ഒരു ജനതയെ പുടത്തുയർത്തിയാൽ, പ്രാദേശിക സാമൂഹിക തത്വസംഹിതകൾക്കും, അറപ്പുകൾക്കും, വേവലാതികൾക്കും, ബാഹ്യമായി നിൽക്കുന്ന ഒരു ജനക്കൂട്ടത്തെ ഇവിടെ പടുത്തുയർത്താൻ ആവും എന്നത് ശരിതന്നെ. എന്നാൽ ഇത് ആ ദിശയിലേക്ക് ഒറ്റ ചുവട് വെപ്പ് മാത്രമേ ആകുന്നുള്ളു.

ഇവിടെ ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യം എന്ന് നിർവ്വചിക്കപ്പെടുന്നത്, ഇന്നുള്ള ഇങ്ഗ്ളിഷ് സാഹിത്യം അല്ലതന്നെ. വെറും കലർപ്പ് പുരളാത്ത ഇങ്ഗ്ളിഷ് സാമൂഹിക കാഴ്ചപ്പാടിലൂടെ വ്യക്തികളേയും വ്യക്തി ബന്ധങ്ങളേയും വീക്ഷിക്കുന്നതും, നിർവ്വചിക്കുന്നതുമായ ഒരു കാഴ്ചപ്പാടാണ് ഈ വിധ സാഹിത്യകൃതികളിൽ ഉള്ളത്. (എഴുത്തുകാർ: Oscar Wilde, Charles Dickens, Sir. Walter Scott, R. L. Stevenson, Somerset Maugham, Jack London, Mark Twain &c. ഇവരിൽ ചിലർ പരമ്പരാഗത ഇങ്ഗ്ളിഷുകാരല്ല)

ഇതിനാൽത്തന്നെ ഈ വിധ സാഹിത്യകൃതികൾക്ക് കാര്യമായ ഒരു ന്യൂനത ഉണ്ട്. ഫ്യൂഡൽ ഭാഷാ സാമൂഹികാന്തരീക്ഷങ്ങളിൽ ഉള്ള അതിഗംഭീരമായ സങ്കീർണ്ണതകളും, അങ്കലാപ്പുകളും, വെപ്രാളങ്ങളും, വെറുപ്പുകളും മറ്റും, സത്യം പറയുകയാണെങ്കിൽ, ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിൽ ഇല്ലാ എന്നാണ് തോന്നുന്നത്.

സാമൂഹികാന്തരീക്ഷം കൂടുതൽ കൂടുതൽ മൃഗീയമാകുന്നതനുസരിച്ച്, അവയിലെ സാഹിത്യരചനകളിൽ അതിനനുസൃതമായ ഭയഭീതിയുണർത്തുന്ന ഘടകങ്ങൾവന്നുചേരാം.

വെറും നിസ്സാരമായ വാക്കുകളുടെ അറ്റത്ത് നിൽക്കുന്ന ഒരു ലഘുശബ്ദം മാറിയാൽമതി, വ്യക്തിയുടേയും, കുടുംബത്തിന്റേയും, വ്യക്തിത്വത്തിന്റേയും നാശം സംഭവിക്കാൻ. ഉദാഹരണത്തിന്, അവര് എന്നിലെ 'ര്' മാറി 'ൾ' എന്ന് വന്നാൽ, 'അവര്' ആയിരുന്ന വ്യക്തി ചിലപ്പോൾ വീട്ടിന് പുറത്ത് ഇറങ്ങില്ല. (മലബാറിയിൽ: ഓര് ലെ 'ര്' മാറി 'ള്' വന്നാൽ).

വരും കാലങ്ങളിൽ പലതരം മൃഗങ്ങളും ഇങ്ഗ്ളിഷ് സ്വായത്തമാക്കി മനുഷ്യ സമൂഹത്തിലേക്ക് കടുന്ന വരാനുള്ള സാധ്യത തള്ളിക്കളയാൻ ആവില്ലതന്നെ. കാരണം, ഏതാണ്ട് 500 വർഷങ്ങൾക്ക് മുന്നേ ഉള്ള കാപ്പിരി സമൂഹങ്ങളിലെയും, ദക്ഷിണ ഏഷ്യൻ സമൂഹങ്ങളിലേയും മണ്ണിനോട് ബന്ധിപ്പിച്ച് കന്നുകാലികളെപ്പോലെ വച്ചിരുന്നവരുടെ (indentured-slaves) പിൻഗാമികൾ 20-ആം നൂറ്റാണ്ടിൽ മറ്റ് മനുഷ്യരെ പോലെ ജീവിക്കും എന്ന്, അന്ന് ആരെങ്കിലും പറഞ്ഞാൽ, ആരും തന്നെ വിശ്വസിക്കും എന്ന് തോന്നുന്നില്ല. എന്നാൽ ഇങ്ഗ്ളിഷ് ഭരണം എത്തിച്ചേർന്ന എല്ലാ ദിക്കിലും ഇതാണ് സംഭവിച്ചത്.

വരും കാലങ്ങളിൽ മനുഷ്യ സമൂഹങ്ങളിലേക്ക് കുടിയേറുന്ന വന്യമൃഗങ്ങൾ സാഹിത്യ രചനകൾ നടത്തിയാൽ, അവയിലെ സങ്കീർണ്ണതകളും, ഭാവനാ വിശേഷങ്ങളും, ഇന്നുള്ള മനുഷ്യർക്ക് വിഭാവനം ചെയ്യാവുന്നതിലും

അപ്പുറത്തായിരിക്കും. അവരിൽ എന്തെല്ലാം വേവലാതികളും, ഭാവനാവിശേഷങ്ങളും, ഉച്ച-നീചത്വങ്ങളും, വെറുപ്പുകളും, അറപ്പുകളും മറ്റും ഉണ്ട് എന്ന് ഇന്ന് ആർക്കും തന്നെ അറിയില്ലതന്നെ.

....

ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യത്തിൽ കാര്യമായ വിവരം ഉള്ള ഒരു കൂട്ടം പേരെ കൂട്ടം ചേർത്താൽ നല്ല നിലവാരമുള്ള ഒരു ഓഫിസർ സംഘം സൃഷ്ടിക്കപ്പെടുമോ?

ഇല്ല എന്നുള്ളത് തന്നെ സത്യം. ഇത് ഒരു ഘടകം മാത്രമേ ആകുന്നുള്ളു.

180. വൻ വ്യക്തിത്വ കഴിവുകളും നേതൃത്വഭാവങ്ങളും, സംഘടനാ ബലവും മറ്റും ഉള്ളവർ വേലിക്ക് തൊട്ടപ്പുറത്തെത്തിയാൽ

ബ്രിട്ടിഷ്-മലബാറിൽ ചരിത്രത്തിൽ ആദ്യമായി സാമൂഹിക-സമത്വാധിഷ്ഠിതമായ നയത്തോടുകൂടിയ ഒരു സർക്കാർ ഓഫിസർ പ്രസ്ഥാനം രൂപീകരിക്കുന്നതിലുണ്ടായിരുന്ന പ്രശ്നങ്ങൾ വളരെ സൂക്ഷ്മവും പലതും ആയിരുന്നു.

ഒന്നാമത് വ്യക്തി ബന്ധങ്ങൾ ഇങ്ഗ്ളിഷിൽ കാണുന്നത് പോലെയും, അനുഭവപ്പെടുന്നത് പോലെയും അല്ലതന്നെ.

ചങ്ങാതിമാർതമ്മിൽ വളരെ സൌഹൃദത്തിൽ വാടാ, പോടാ, വാടീ, പോടീ, നീ പോടാ, നീ പോടീ, എന്താടാ, എന്താടീ, അവന്റെ, അവളുടെ (മലബാറി : വാനെ, പോടുവാനെ, വാളെ, പോടുവാളെ, ഇഞ്ഞി പോടൊനെ, ഇഞ്ഞി പോടോളെ, എന്താനെ, എന്താളെ, ഓന്റെ, ഓള്ടെ) എന്നൊക്കെ പറഞ്ഞ്, തമ്മിൽതമ്മിൽ ചുമലിൽ കൈകൾ വച്ച് കെട്ടിപ്പിടിച്ചുള്ള സൌഹൃദംതന്നെ നോക്കാം.

ഇങ്ങിനെ ഒട്ടി, തമ്മിൽപറ്റിപ്പിടിച്ച് നിൽക്കുന്ന ചങ്ങാത്തം ഇങ്ഗ്ളിഷിൽ ഉണ്ടോ എന്നത് സംശയമാണ്. ഇത് ഇങ്ഗ്ളിഷിന്റെ ഒരു പോരായ്മയാണ് എന്ന് പ്രഥമദൃഷ്ട്യാ തോന്നുമെങ്കിലും, കാര്യങ്ങൾ കുറച്ച് കൂടി സങ്കീർണ്ണമാണ് ഫ്യൂഡൽ ഭാഷകളിൽ.

മുകളിൽ സൂചിപ്പിച്ച ഓരോ സൌഹൃദ ബന്ധങ്ങൾക്കും സാമൂഹികമായ ഒരു വേലിയുണ്ട്. വാക്കുകൾ ഒരേതരക്കാരിലാണ് ഉപയോഗിക്കപ്പെടാനാവുള്ളു.

ഉദാഹരണത്തിന്, സമപ്രായക്കാരായ കുറെ ലോറി ക്ളീനർമാർ തമ്മിൽഉള്ള സൌഹൃദം ഈ വിധമാവാം. എന്നാൽ, പ്രായത്തിൽ കുറച്ച് വ്യത്യാസം ഉള്ളവർ തമ്മിലും, അതുമല്ലെങ്കിൽ വെറെ തൊഴിൽ നിലവാരമുള്ളവരും തമ്മിലും ഈ വിധ വാക്കുകളിൽ ഉള്ള സൌഹൃദം പ്രശ്നങ്ങൾ ഉളവാക്കും.

ഇങ്ഗ്ളിഷിൽ 'Birds of the same feather flock together' എന്ന ഒരു പഴമൊഴിയുണ്ട്. ഒരേ തൂവൽ പക്ഷികൾ ഒന്നിച്ചുകൂടും.

എന്നാൽ ഈ ആശയം ഫ്യൂഡൽ ഭാഷകളിലേക്ക് മാറ്റുമ്പോൾ, കാര്യങ്ങൾ വളരെ സങ്കീർണ്ണമാവും. ഇങ്ഗ്ളിഷിൽ ആലോചിച്ചിട്ട് പോലുമില്ലാത്ത സങ്കീർണ്ണതകൾ വരുത്തുന്നത്, ഫ്യൂഡൽ ഭാഷകളിൽ ചില വാക്ക് കോഡുകൾക്ക് വരുന്ന രണ്ടായുള്ള വിഭജനവും (dichotomy) ത്രിശാഖിത്വവും (trichotomy) മറ്റുമാണ്.

ഇവിടെ പ്രശ്നം ഓരോ വ്യക്തിയും ഏത് നിലവാരമുള്ളവരോടാണ് ഈ വിധമുള്ള അഗാധ സൌഹൃദത്തിൽ പെട്ടുന്നത് എന്നത്, ആ വ്യക്തിയുമായി ബന്ധപ്പെട്ട സാമൂഹികമായ പലവിധ പരിധികളും, സ്വാതന്ത്ര്യങ്ങളും മറ്റും നിർണ്ണയിക്കും. ഈ വിധ സൌഹൃദങ്ങൾക്കുള്ളിൽ നിന്ന്കൊണ്ട് വൻ വ്യക്തിത്വ കഴിവുകളും നേതൃത്വഭാവങ്ങളും, സംഘടനാ ബലവും മറ്റും ഉള്ളവരിൽ പലർക്കും ഈ വേലിക്ക് തൊട്ടപ്പുറത്തെത്തിയാൽ ഈ വിധമുള്ള എല്ലാ കഴിവുകളും അപ്രത്യക്ഷമായതായി അനുഭവപ്പെടാം.

ഇങ്ങിനെ വ്യക്തി ബന്ധങ്ങളിൽ തികച്ചും വ്യത്യസ്തമായ ഘടനാ ഭാവമുള്ള ആളുകളിൽ നിന്നുമാണ് ഒരു സമത്വാധിഷ്ഠിതമായ ആശയങ്ങൾ ഉള്ള ഒരു ഇങ്ഗ്ളിഷ് ഓഫിസർ കൂട്ടായ്മയെ വളർത്തിയെടുക്കേണ്ടത്.

കാര്യം അത്ര എളുപ്പമുള്ളതല്ല. ഈ വിവരം ഇന്നുള്ള ഇങ്ഗ്ളണ്ടിൽപോലും ആർക്കും അറിയില്ല.

181. ബ്യട്ടിഷ്-ഇന്ത്യൻ ഭരണസംവിധാനത്തിന്റെ മുകൾപ്പരപ്പിൽ ഉണ്ടായിരുന്നവർ

ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ ആളുകൾ യഥാർത്ഥത്തിൽ സ്വതന്ത്രരും, സ്വതന്ത്രമായി ചിന്തിക്കുന്നവരും, ഇങ്ഗ്ളിഷിൽ ചെയ്യുന്നത് മാതിരി മറ്റുള്ളവരുമായി നേരിട്ട് ബന്ധപ്പെടുന്നവരും അല്ല. മറിച്ച് ഓരോ ആളും കോഴിക്കുട്ടികളെ മൂടിവച്ചിരിക്കുന്ന കോഴിക്കൂട്ടകൾമാതിരിയുള്ള വ്യത്യസ്ത കൊട്ടകളിൽ അകപ്പെട്ടത് മാതിരിയാണ് ജീവിക്കുന്നത്.

ഓരോ കൂട്ടയിലും (മലയാളം: കൊട്ടയിലും) അകപ്പെട്ട് ഇരിക്കുന്ന ഓരോ വ്യക്തിയും ആ കൂട്ടയിലെ മറ്റുള്ളവരുമായി വ്യത്യസ്തതരം ബഹുമാന-അടിയാളത്ത ബന്ധത്തിലാണ് ഇരിക്കുന്നത്. ഒരേ വ്യക്തിതന്നെ വ്യത്യസ്ത കൂട്ടകളിൽ അംഗമാകാം. ചില കൂട്ടകൾക്ക് കൂടുതൽ ശക്തിയും ബലവും ഉണ്ടാവും. അവ മറ്റ് കൂട്ടകളിലെ വ്യക്തി ബന്ധങ്ങളുമായി മത്സരിക്കുന്ന അവസരം വരികയാണെങ്കിൽ, അവയെ നിർവ്വീര്യമാക്കുകയും, ചിലപ്പോൾ അവയെ തിരുത്തിയെഴുതുകയും ചെയ്തേക്കാം.

ആഴമേറിയ കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷയിലെ (pristine-English) ക്ളാസിക്കൽ സാഹിത്യം ഉള്ളിലേക്ക് ആവാഹിച്ചെടുക്കുന്നവർ പലരും ഈ വിധ കൂട്ടകളുടെ നർബന്ധ അംഗത്വത്തിൽനിന്നും രക്ഷപ്പെട്ടേക്കാം. പൂർണ്ണമായി രക്ഷനേടാൻ ആവാത്തവർ, ചിലപ്പോൾ അകത്തും പുറത്തുമായി ചാഞ്ചാടി (oscillate ചെയ്ത് കൊണ്ട്) ജീവിച്ചേക്കാം.

ഇങ്ങിനെ oscillate ചെയ്ത് കൊണ്ട് ജീവിക്കേണ്ടി വരുന്നവർക്ക് പലപ്പോഴും കഠിനമായ മാനസിക അസ്വാസ്ഥ്യം നേരിട്ടേക്കാം. കാരണം, ഒരു ദിക്കിൽ IAS ഓഫിസറും മറ്റേ ദിക്കിൽ സാദാ ശിപായിയും ആയി മറിമാറി ജീവിതം അനുഭവപ്പെടുന്നപോലുള്ള ഒരു മാനസിക അനുഭവം ആയേക്കാം ഇത്. പ്രത്യേകിച്ചും, കോഴികൂട്ടയ്ക്കുള്ളിൽ താഴെനിലവാരത്തിൽ പെട്ടുപോയവർക്ക്.

ഇങ്ങിനെ വ്യത്യസ്ത കോഴിക്കൂട്ടകളിൽ പെട്ടവരിൽ ചിലരെ നല്ലനിലവാരം ഉള്ള ഇങ്ഗ്ളിഷ് മാനസികാവസ്ഥയിലേക്ക് ഉയർത്തി ഒരു സമത്വാധിഷ്ഠിത സാമൂഹിക നയത്തോടുകൂടിയുള്ള ഒരു ഓഫിസർ പ്രസ്ഥാനത്തെ പടുത്തുയർത്താൻ ഏറ്റവും അത്യന്താപേക്ഷിതമായ ഒരു ഘടകം ഉണ്ട്.

ഈ ഓഫിസർ പ്രസ്ഥാനം മുകളിലേക്ക് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത് എന്താണ് എന്നതിനെ ആശ്രയിച്ചിരിക്കും ഈ പ്രസ്ഥാനത്തിന്റെ ഗുണനിലവാരം.

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സൃഷ്ടിച്ച ഓഫിസർ പ്രസ്ഥാനത്തിന് ഏറ്റവും മൂല്യം നൽകിയത്, അതിന്റെ മുകൾത്തട്ടിൽ മുഴുവനും ഇങ്ഗ്ളിഷ് വംശജർ ആയിരുന്നു എന്നുള്ളതാണ്. കുറച്ച് ഐറിഷുകാരും സ്ക്കോട്ടിഷുകാരും വെയ്ൽസുകരും ഇതിൽ ഉൾപ്പെട്ടിരുന്നു എന്നുള്ളതും വാസ്തവം തന്നെ.

182. മുകൾ സ്ഥാനത്ത് ഇങ്ഗ്ളിഷുകാർ വരുന്നത് തന്നെയാണ്, ബഹുഭൂരിപക്ഷം ജനങ്ങൾക്കും നല്ലത്



The English company trained some local people into doctors. However, on their part, these native-doctors would not forego their power to use the pejorative form of addressing and refering of the poor patients.
Wonder how the native-English in current-day England are bearing the degradation now being placed upon them by feudal-language speaking doctors, who have barged in from outside!

മുകൾത്തട്ടിൽ ഇങ്ഗ്ളിഷുകാർ ഉള്ള ഒരു ഭരണ സംവിധാനത്തിന്റെ ചില പ്രത്യേകതകൾ പറയാം. വേറെയും പറയാനുണ്ട്, അത് ഇതിന് ശേഷമാവാം.

ലോകരെമുഴുവനും (മൃഗങ്ങളെപ്പോലും) ഒറ്റ നിലവാരത്തിൽ അഭിസംബോധന ചെയ്യുകയും, പരാമർശിക്കുകയും വിശേഷിപ്പിക്കുകയും ചെയ്യപ്പെടുന്ന ഭാഷയിലാണ് അവർ സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുക. എന്നാൽ മലബാറിൽ അവർക്ക് കീഴെയായി വരുന്നത്, അന്ന്, അങ്ങ് കൊടും താഴ്ച്ചയിലുള്ള ചെറുമർ (മണ്ണിനോട് കന്നുകാലികളെപ്പോലെ ബന്ധിപ്പിച്ചിരുന്ന അടിമക്കൂട്ടം) മുതൽ അങ്ങ് ശൈലശൃംഖത്തിന്റെ കൊടുമുടിയിൽ എന്ന വണ്ണം ഉള്ള നമ്പൂതിരിമാർവരെ.

ഈ ജനക്കൂട്ടങ്ങളിൽ ചിലരെ പടിപടിയായി താഴേക്ക് പിടിച്ച് താഴ്ത്തുന്നതും, മറ്റ് ചിലരെ പടിപടിയായി മുകളിലേക്കു തള്ളി (മലബാറി: ഉന്തി) നിർത്തുകയും ചെയ്യുന്നത് ഭാഷയിലെ ഫ്യൂഡൽ വാക്ക് കോഡുകളാണ്.

മുകളിലുള്ള ഈ ഇങ്ഗ്ളിഷ് തട്ടിന് തൊട്ടുതാഴെയായി വരുന്നത് മുകൾത്തട്ടിനെ അനുകരിക്കാൻ വെമ്പൽകൊള്ളുന്ന ഒരു ഓഫിസർകൂട്ടമാണ്. ഇവർ കഴിവതും ഇങ്ഗ്ളിഷ് മര്യാദകളും പെരുമാറ്റങ്ങളും തമ്മിൽത്തമ്മിലും, ജനങ്ങളിൽ ഇങ്ഗ്ളിഷ് അറിവുള്ളവരുമായും ഉപയോഗിക്കാൻ ശ്രമിക്കും. കാരണം, അന്ന് അതാണ് മൂല്യമേറിയ തട്ടിന്റെ അടയാളവും മുഖചിഹ്നവും, മുദ്രാടയാളവും. അതിനോട് ഒട്ടിനിൽക്കുന്നതാണ് അഭികാമ്യം.

അതേ സമയം, ഈ ഓഫിസർ കൂട്ടവും ഇങ്ഗ്ളിഷുകാരല്ല. മറിച്ച് പ്രാദേശിക ഭാഷയിൽ ജനിച്ചുവന്നവരും, ബന്ധുമിത്രാദികളും, കീഴ്ജീവനക്കാരും മറ്റുമായി ഫ്യൂഡൽ ഭാഷാ കോഡുകളുടെ ചങ്ങലക്കണ്ണിയാൽ ബന്ധിപ്പിക്കപ്പെട്ടവരും ആണ്.

അവർ, എത്രതന്നെ ഇങ്ഗ്ളിഷുകാരെ അനുകരിക്കാൻ ശ്രമിച്ചാലും, ഈ ഒരു വസ്തുത ഒരു പോരായ്മയായി നിലനിൽക്കും. ഇതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അടുത്ത എഴുത്തിൽ പറയാം.

മുകളിൽ നൽകിയിരിക്കുന്നത് 1800ന്റെ ഏതാണ്ട് അന്ത്യത്തിലോ, 1900ന്റെ ആരംഭവർഷങ്ങളിലോ ഉള്ള ഒരു ആശുപത്രിദൃശ്യമാണ്.

മലബാറുകാരിയായ ഡോക്ടറും കുറച്ച് മലബാറുകാരികളായ രോഗികളും ആണ് എന്ന് തോന്നുന്നു.

ഈ ചിത്രത്തെക്കുറിച്ച് ചിലകാര്യങ്ങൾ പറായം, ഒന്നാമതായി, ഡോക്ടറും രോഗികളും തമ്മിൽ വാക്ക് കോഡുകളിൽ ഒരു ഉയർച്ച-താഴ്ച ഉണ്ട് എന്ന കാര്യം ഒരു സാധാരണ ഇങ്ഗ്ളിഷ് വംശജന് മനസ്സിലാകില്ല. മിക്കവാറും ഇഞ്ഞ് - ഇങ്ങൾ (മലയാളം: നീ - മാഡം) എന്ന സംബോധനാ ബന്ധനചങ്ങല ഇവർക്ക് ഇടയിൽ നിലനിൽക്കും.

അവിടെ നിൽക്കുന്ന ഏതൊരു വ്യക്തി ഡോക്ടറായാലും ഇത് തന്നെ സ്ഥിതി.

വേറൊരു കാര്യം, ഫ്യൂഡൽ ഭാഷകളിൽ ചുറ്റും ആൾക്കൂട്ടം ബഹുമാനത്തോടുകൂടി തടിച്ച് കൂടുന്നത് ഒരു അവശ്യഘടകമാണ്, സാമൂഹികമായി ബഹുമാനം പറിച്ചെടുക്കാൻ. ആളുകളെ എത്രത്തോളും നിർത്തുകയും, അലച്ചിൽ അനുഭവിപ്പിക്കുകയും ചെയ്യാമോ, അത്രകണ്ട് ആ കാഴ്ച കാണുന്നവരിൽ ബഹുമാനം അധികരിക്കും.

ഈ രണ്ട് പ്രവണത ഇന്നും ഇന്ത്യയെന്ന പുതിയ രാജ്യത്ത് നിലനിൽക്കുന്നുണ്ട്. ഡോക്ടർമാർ വളർന്ന് പന്തലിച്ച് മുകളിലോട്ട് വളരുന്നു. അതനുസരിച്ച്, ഒരു വൻ കൂട്ടം ആളുകൾ തരംതാണ് തന്നെ നിൽക്കണം. എന്നാലെ വൻ പണംമുടക്കി ഡോക്ടറായി പഠിച്ച് വരുന്നത് മുതലാക്കാൻ പറ്റുള്ളു. അങ്ങ് വാനോളം തട്ടിനിൽക്കുന്ന ബഹുമാനം പിടിച്ചെടുക്കാനാണ് ആളുകൾ ഡോക്ടറാവാനും മക്കളെ ഡോക്ടറാക്കാനും മരണവെപ്രാളം കൊള്ളുന്നത്.

മുകൾ സ്ഥാനത്ത് ഇങ്ഗ്ളിഷുകാർ വരുന്നത് തന്നെയാണ്, ബഹുഭൂരിപക്ഷം ജനങ്ങൾക്കും നല്ലത്. മുകൾ സ്ഥാനത്ത് അവരുടെ സാന്നിദ്ധ്യം പടിപടിയായി താഴോട്ടേക്ക് ഇങ്ഗ്ളിഷ് മര്യാദകൾ വിതറുകയും വിതരണം ചെയ്യുകയും ചെയ്യും. സാമൂഹിക ആശയവിനിമയത്തിൽ ആളുകൾ തമ്മിലുള്ള ഉയർച്ച-താഴ്ച്ച സാവധാനം മാഞ്ഞ് മാഞ്ഞ് ഇല്ലാതാവും. കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷ ആരും അറിയാതെ തന്നെ വളരും. പന്തലിക്കും.

183. മാനസികമായി വക്രീകൃതമായവർ മുകളിൽ വന്നാൽ

ഒരു ഇങ്ഗ്ളിഷുകാരൻ, സർക്കാർ സേവനത്തിലെ ഓഫിസർ ആകുന്നതും, ഒരു ഫ്യൂഡൽ ഭാഷക്കാരൻ സർക്കാർ സേവനത്തിലെ ഓഫിസർ ആകുന്നതും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? എന്നതാണ് ഈ എഴുത്ത് എത്തിനിൽക്കുന്ന ദിക്കിൽ, പാതയ്ക്ക് മുന്നിലായി വന്ന് നിൽക്കുന്ന ചോദ്യം.

പ്രഥമദൃഷ്ട്യാ പറയാനുള്ളത്, ഒരു സാധാരണ പൌരനെ സംബന്ധിച്ചെടുത്തോളം, രണ്ടും തികച്ചും വ്യത്യസ്തമായ അനുഭവമായിരിക്കും.

ഇങ്ഗ്ളിഷുകാർ ഓഫിസർ സ്ഥാനത്ത് വന്ന് നിന്നാൽ അവർ ഉയരങ്ങളിൽ നിൽക്കും. താഴേക്ക് വരില്ല. എന്നാൽ താഴെയുള്ളവർക്ക് വളരെ അധികം ഉയരാനും, വ്യക്തിത്വം ഉയർത്തിനിൽക്കാനും ഉള്ള സ്ഥലവ്യാപ്തിയും, ഉയരങ്ങളും അവർ നൽകും. ഇത് അവരുടെ വ്യക്തിപരമായ ഗുണമേന്മയോ, സ്വാഭാവഗുണമേന്മയോ, പാണ്ഡിത്യമോ, സൽസ്വഭാവമോ, മനുഷ്യസ്നേഹമോ മറ്റോ അല്ല മെനഞ്ഞെടുക്കുന്നത്. മറിച്ച്, കലർപ്പ് വന്നിട്ടില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) ഭാഷയിൽ അങ്ങിനെയെ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കാൻ പറ്റുള്ളു.

എന്നാൽ ഫ്യൂഡൽ ഭാഷക്കാരൻ മുകളിൽ വന്നാൽ, വളരെ ഉയരങ്ങളിൽ ആണ് എന്ന ധ്വനി നൽകുമെങ്കിലും, വ്യക്തിപരമായി പലരുമായി പലവിധ ബഹുമാന-അടിയാളത്ത ബന്ധ കണ്ണിയിൽ കുടുങ്ങി മാനസികമായി ഒരു വക്രീകൃതമായ (contorted) പിഗ്മി (pygmy) കണക്കെയാണ് ഈ വ്യക്തി നിലനിൽക്കുക.

മുകളിൽ ഈവിധ വ്യക്തികൾ ഓഫിസർ സ്ഥാനത്ത് വന്നാൽ, സാധാരണ പൌരനെ സംബന്ധിച്ചെടുത്തോളം, അവരുടെ വ്യക്തിത്വത്തെ കുനിപ്പിക്കുന്ന, ഉയരം കുറഞ്ഞ ഒരു മച്ചായി (ceiling) അവർ നിലനിൽക്കും. ഇങ്ങിനെ താഴെയാക്കപ്പെടുന്ന പൌരന്മാരെ തമ്മിൽ തമ്മിൽ പലതട്ടായാണ് ഈ മുകൾത്തട്ട് മെനഞ്ഞെടുത്ത് വിലസുന്ന ഫ്യൂഡൽ ഭാഷാ ഓഫിസർമാർ വീക്ഷിക്കുകയും തമ്മിൽ തമ്മിൽ നിർവ്വചിക്കുകയും ചെയ്യുക.

ഇത് ഫ്യൂഡൽ ഭാഷകൾ സ്വമേധയാ രൂപകൽപ്പന ചെയ്യുന്ന ഒരു സാമൂഹിക പ്രതിഭാസമാണ്. വ്യക്തി ഇതിൽ കുറ്റക്കാരനല്ലതന്നെ.

എന്നാൽ ഇതിനെല്ലാം അപ്പുറത്താണ്, ഫ്യൂഡൽ ഭാഷാ ഓഫിസർമാർ സർക്കാർ സംവിധാന നടപടിക്രമങ്ങളിൽ വരുത്തുന്ന വ്യതിയാനം. അതിനെക്കുറിച്ച് അടുത്ത എഴുത്തിൽ പ്രതിപാദിക്കാം.

184. ഇങ്ഗ്ളിഷിലെ ഔപചാരിക ആശയവിനിമയം

കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) സമൂഹികാന്തരീക്ഷത്തിൽ, ഒരു പൌരൻ ഒരു സർക്കാർ ഓഫിസിൽ പോയി കാര്യനിർവ്വഹണം നടത്തുന്നത് ഏതാണ്ട് ഈ രീതിയിലാണ്:

ആഗതൻ ഓഫിസിൽ കയറിവരുന്നു. Front office counter/ Reception/ Enquiry counter യിൽ വന്ന് May I know where the ... Section is? എന്ന് ആരായുന്നു എന്ന് കരുതുക.

ഇതിനുള്ള വ്യക്തമായ മറുപടി ലഭിക്കുന്നു. ആഗതന്റെ സാമ്പത്തിക നിലവാരം, തൊക്കിന്റെ നിറം, ജാതി, പ്രായം, സാമൂഹിക നിലവാരം, തൊഴിൽ നിലവാരം എന്നിവ ഈ സംഭാഷണത്തെ ബാധിക്കാനുള്ള വ്യത്യസ്ത വാക്ക് കോഡുകൾ ഇങ്ഗ്ളിഷിൽ ഇല്ല. സാധാരണ ഗതിയിൽ പാരമ്പര്യമായി ഇങ്ഗ്ളിഷ് ഭാഷ ഉപയോഗിക്കുന്നവരാണ് രണ്ട് കൂട്ടരും എന്നതിനാൽ, വാക്കുകൾ വളരെ മൃദുലവും നിരപ്പുള്ള ശബ്ദവും ആയിരിക്കും രണ്ട് പക്ഷവും ഉപയോഗിക്കുക.

ആഗതൻ ആ ദിക്കിലേക്ക് പോകുന്നു. അവിടെ ഇരിപ്പിടം ഉണ്ടെങ്കിൽ ഇരിക്കും. എന്നാൽ ഇരിപ്പിടത്തിൽ ഇരിക്കുന്നില്ലാ എങ്കിൽ, ദീർഘനേരമുള്ള സംഭാഷണമാണെങ്കിൽ, മേശക്ക് അപ്പുറമുള്ള ആൾ, Please sit down. എന്ന് പറയും. ഇവിടെ Please എന്ന വാക്കിന് ദയവ് ചെയ്ത് എന്ന് അർത്ഥം ഇല്ല എന്ന് മനസ്സിലാക്കുക. 'ദയവ് ചെയ്ത്' / 'കൃപയാ' തുടങ്ങിയ വാക്കുകൾ Pleaseന് അർത്ഥമായി വരുന്നത്, Pleaseനെ ഫ്യൂഡൽ ഭാഷയിലേക്ക് തർജ്ജമ ചെയ്യുമ്പോൾ മാത്രമാണ്.

ഇരിപ്പിടത്തിൽ ഇരിക്കാൻ ആവശ്യപ്പെട്ടില്ലായെങ്കിൽ, ആഗതന്, May I sit down? May I take a seat? എന്ന രീതിയിൽ ചോദിക്കാവുന്നതാണ്.

ഔപചാരികമായ സംഭാഷണം ആണ് നടക്കുന്നതെങ്കിൽ, മിക്കവാറും അപ്പുറവും ഇപ്പുറവും സംബോധന ചെയ്യാനായി പേരിന് മുന്നിൽ Mr., Mrs., Miss. തുടങ്ങിയ വാക്കുകൾ ഉപയോഗിക്കും. രണ്ട് പക്ഷവും **അന്യോന്യം** You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ വാക്കുകളെ ഉപയോഗിക്കുള്ളു. ഈ വാക്കുകൾക്ക് മറ്റ് ഉയർന്നതും, താഴ്ന്നതും ആയ രൂപങ്ങൾ ഇല്ലതന്നെ.

അന്യോന്യം എന്തെങ്കിലും ആവശ്യപ്പെടുന്ന അവസരത്തിൽ Please, May I? Can I? Can you please? Could you please? I appologise, Excuse me, തുടങ്ങിയ വാക്കുകൾ ഉപയോഗിച്ച്, ആവശ്യപ്പെടുന്നതിലും ചെയ്ത് പോയ അബദ്ധങ്ങളും മറ്റും ഉളവാക്കിയേക്കാവുന്ന സ്വരചേർച്ചക്കുറവിനെ മൃദുലീകരിക്കും. അതേ സമയം യാതോരുരീതിയിലും രണ്ട് കൂട്ടരും ഈ വിധ സംഭാഷണങ്ങളിൽ തരംതാഴുന്നില്ലതന്നെ.

സർക്കാർ തൊഴിൽ ചെയ്യുന്ന ആൾ ഏതെങ്കിലും തരത്തിൽ ഉയർന്ന ഒരു സാമൂഹിക പദവി അലങ്കരിക്കുന്ന ഒരു വ്യക്തിയാണ് എന്ന് ധ്വനി നൽകുന്ന യാതൊന്നും ഇങ്ഗ്ളിഷിൽ ഇല്ലതന്നെ. മറിച്ച്, ഏതെങ്കിലും വിധേന കാര്യക്ഷമതയിൽ പാളിച്ച

വന്നാൽ അമിതമായി ക്ഷമാപണം ചെയ്യുന്ന തൊഴിലുകാരൻ / തൊഴിലുകാരി മാത്രമാണ് ഒരു സർക്കാർ ഓഫിസ് തൊഴിലാളി, ഇങ്ഗ്ളിഷിൽ.

185. എളുപ്പത്തിൽ കാര്യസാധ്യം ലഭിച്ചാൽ ബഹുമാനം നൽകില്ലല്ലോ!

ഇവിടെ പറയാൻ ഉദ്ദേശിച്ചകാര്യം മറ്റൊന്നായിരുന്നു. എത്തിയത് ഈ ദിക്കിലും.

ഇങ്ഗ്ളിഷ് സാമൂഹികാന്തരീക്ഷത്തിൽ പൌരൻ സർക്കാർ ഓഫിസിൽ പോയി തന്റെ വ്യാപാര സംബന്ധമായി ആവശ്യമുള്ള ലൈസൻസുകളെക്കുറിച്ച് ആരായുന്നു. ഈ വിധ കാര്യങ്ങൾ നിർവ്വഹിക്കേണ്ടുന്ന ഓഫിസ് ജീവനക്കാരനുമായി സംസാരിക്കുന്നു.

രണ്ട് പക്ഷവും You, He, She എന്നെല്ലാം തന്നെ.

ഈ കയറിവന്ന പൌരന് അങ്ങ് ലൈസൻസുകൾ അത്ര എളുപ്പത്തിൽ നൽകിയാൽ, ഈ ആൾ നൊടിയിടെ കൊണ്ട് 'അവനിൽ' നിന്നും 'അദ്ദേഹം' ആവുമല്ലോ എന്ന ഒരു വേവലാതി, സർക്കാർ ഓഫിസ് തൊഴിലാളിക്ക് മനസ്സിൽ ഉദിക്കാനുള്ള യാതോരു കോഡും ഇങ്ഗ്ളിഷിൽ ഇല്ലതന്നെ.

കാര്യങ്ങൾ വളരെ നേരെയും, യാതോരു വിധ കാപട്യവും ഇല്ലാതെ നടത്തപ്പെടും. നൽകാവുന്ന ലൈസൻസാണെങ്കിൽ അത് നൽകപ്പെടും.

ഫ്യൂഡൽ ഭാഷക്കാരൻ ഓഫിസറോ, ഈ വിഷയവുമായി ബന്ധപ്പെട്ട കീഴ്ജീവനക്കാരനോ ആയാൽ, കാര്യങ്ങൾ വ്യത്യസ്തമാണ്.

ഈ ആളെ നേരിട്ട് പോയി സംസാരിക്കാൻ ഒരുമ്പെട്ടാൽ, വന്ന ആൾ എത്രത്തോളം ബഹുമാനത്തോടും, അടിയാളത്ത ഭാവത്തോടും നിന്നാൽ അത്രയും നല്ലത്. ഫ്യൂഡൽ ഭാഷക്കാരനായ സർക്കാർ ഓഫിസ് തൊഴിലാളി പ്രതാപം അവകാശപ്പെടുന്ന സ്ഥാനക്കാരനാണ്.

'സാർ' ഓ 'മാഡം' ഓ. വിചിത്രം എന്ന് പറയട്ടെ അമിതവാക്കുകൾ ഉണ്ട് എന്ന് അവകാശപ്പെടുന്ന ഫ്യൂഡൽ ഭാഷകളിൽ ഈ രണ്ട് വാക്കും ഇങ്ഗ്ളിഷിലെ You, He You, She വാക്കുകളായും പോരാത്തതിന് പേരിന് പിന്നിൽ ചേർക്കേണ്ടുന്ന സ്ഥാനചിഹ്നവുമാണ്. ഇവിടെ 'മാഡം' എന്ന വാക്കിന് യഥാർത്ഥത്തിൽ ഈ വിധം ഉപയോഗിക്കുന്നതിൽ കഠിനമായ ഒരു പോരായ്മയുണ്ട്.

അത് ഇതാണ്. മാഡം (Maadam) എന്ന വാക്ക് ഇങ്ഗ്ളിഷിലെ 'Madam' എന്നവാക്കിനെ ഫ്യൂഡൽ ഭാഷയിലേക്ക് തർജ്ജമ ചെയ്തതാണ് എന്ന് കരുതാവുന്നതാണ്. ഈ 'Madam' ഇങ്ഗ്ളിഷിലെ 'Sir' എന്ന പദത്തിന്റെ സ്ത്രീലിംഗം ആണ്.

ഇങ്ഗ്ളിഷിൽ Sir എന്ന പദം രണ്ട് വ്യത്യസ്ത അർത്ഥത്തോടുകൂടിയാണ് ഉപയോഗിക്കപ്പെടുന്നത്. ഇങ്ഗ്ളണ്ടിൽ രാജവിൽനിന്നും / റാണിയിൽനിന്നും Knighthood ലഭിച്ചവരുടെ പേരിന് മുന്നിൽ Sir എന്ന ബഹുമാന പദം നൽകപ്പെടും. ഇന്ന് ഡോക്ടറെയ്റ്റ് കിട്ടുന്നവർ 'Dr.' എന്ന പദം പേരിന് മുന്നിൽ വെക്കുന്നത് മാതിരി. എന്നാൽ ഇങ്ഗ്ളിഷ് Knighthood വളരെ വളരെ കുറച്ച് പേർക്കേ ലഭിക്കാറുള്ളു. ഡോക്ട്രെയ്റ്റ് അതുപോലെയല്ല. അത് സിനിമാ ടിക്കറ്റ് പോലെയാണ് ഇന്ന്. ക്യൂനിന്ന് പൈസ കൊടുക്കുന്നവർക്കെല്ലാം കിട്ടിയേക്കാം. ഈ വ്യത്യാസം നിലനിൽക്കുന്നു.

ഇങ്ഗ്ളിഷിൽ Sir/Madam എന്ന വാക്കിന്റെ ഉപയോഗം You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ വാക്കുകളെ ബാധിക്കുകയോ, അവയെ അങ്ങോട്ടും ഇങ്ങോട്ടും ഇട്ട് വലിക്കുകയോ ഇല്ല.

എന്ത് മാനുഷിക വികാരങ്ങളെയും നിർവ്വചിക്കാൻ അനവധി വാക്കുകൾ ഉണ്ട് എന്ന് അവകാശപ്പെടുന്ന ഫ്യൂഡൽ ഭാഷകൾക്ക് യഥാർത്ഥത്തിൽ മനുഷ്യർ തമ്മിൽ മാന്യമായി ആശയവിനിമയം ചെയ്യാനുള്ള വാക്കുകൾ ഇല്ല എന്നുള്ളതാണ് വാസ്തവം. അത് കൊണ്ടാണ് ഇങ്ഗ്ളിഷ് വാക്കുകളായ 'Sir', 'Madam' എന്നിവയെ തർജ്ജമ ചെയ്ത്, വികൃതമാക്കി, ഉച്ചാരണ പിശകും കയറ്റി ഉപയോഗിക്കുന്നത്, വേണ്ടാത്തിടത്തെല്ലാം ഒട്ടിച്ച് വച്ച് ഉപയോഗിക്കുന്നത്.

വ്യക്തിയുടെ പേരിനും, You, Your, Yours, He, His, Him, She, Her, Hers എന്നിവയ്ക്കെല്ലാം ഈ വാക്കുകൾ ഉപയോഗിക്കപ്പെടുന്നു. ഫ്യൂഡൽ ഭാഷകളിൽ ഉള്ള വാക്കുകൾ മതിയാകുന്നില്ല എന്ന് ഒരു സൂചന ഇത് നൽകുന്നു.

എന്നാൽ പ്രാദേശിക ഭാഷയിലെ പോരായ്മകളെ മറച്ചുവെക്കാനായി ഈ വിധ തരംതാണം ചെയ്തികൾ ചെയ്യുമ്പോൾ, കാട്ടിക്കൂട്ടുന്ന വിഡ്ഢിത്തം ഒന്ന് സൂചിപ്പിക്കാം. കൂടുതൽ ശക്തമായി പറയാവുന്ന കാര്യമല്ല.

'Madam' എന്ന വാക്ക് ഒരു വ്യക്തിയുടെ പേര് പോലെ ഇങ്ഗ്ളിഷിൽ ഉപയോഗിക്കുന്നത് ഒരു പേരുദോഷം വരുത്തുന്ന ഏർപ്പാടാണ്. ഈ ഉപയോഗം ഇങ്ഗ്ളിഷിൽ Slang എന്നാണ് വിശേഷിപ്പിക്കാറ്.

കാര്യം ഇത്രമാത്രമേയുള്ളു: വേശ്യാലയം നടത്തിപ്പുകാരികളായ സ്ത്രീകളെ (Brothel Matrons) വിശേഷിപ്പിക്കുന്ന പേര് വിളിയാണ് 'Madam' എന്ന് ഇങ്ഗ്ളിഷിൽ.

ശ്രദ്ധിക്കുക, കലർപ്പ് വന്നിട്ടില്ലാത്ത ഇങ്ഗ്ളിഷിൽ (pristine-Englishൽ) 'Sir', 'Madam' എന്നിവ പേരിന് പിന്നിലോ, പേരായോ ഉപയോഗിക്കാറില്ല.

ഇങ്ഗ്ളിഷിൽ അപകടമായ വിവരം ഉള്ള വിദ്വാന്മാർ ഈ വിഡ്ഢിത്തം ഇന്ന് മിക്ക ഫ്യൂഡൽ ഭാഷകളിലും യാതോരു ബോധവുമില്ലാതെ ഇറക്കി, സ്ക്കൂളിലും കോളെജിലും, സക്കാർ / സ്വാകാര്യ സ്ഥാപനങ്ങളിലും മറ്റും കയറ്റിവിട്ടിട്ടുണ്ട്. ഈ വിധ വാക്ക് പ്രയോഗം ഇങ്ഗ്ളിഷ് നന്നായി അറിയുന്നവർ ഉപയോഗിക്കാറില്ല. വനിതയെ സൂചിപ്പിച്ച് പേര് ഉപയോഗിക്കുന്ന അവസരത്തിൽ 'Mrs.' / 'Miss.' എന്ന മാന്യമായ പദങ്ങൾ ഉണ്ട്. (ഇവ പേരിന് മുന്നിലാണ് ഉപയോഗിക്കേണ്ടത്.)

അല്ലാതെ അഭിസാരികമാരെ ഓർമ്മപ്പെടുത്തുന്ന വാക്കിന്റെ ആവശ്യം ഇല്ലതന്നെ. എന്നാൽ നിലവാരം ഉള്ള ഇങ്ഗ്ളിഷ് പഠിപ്പിക്കാനും പ്രചരിപ്പിക്കാനും ചങ്കുറപ്പുള്ളവർ ഇന്ന് ഈ ഉപഭൂഖണ്ടത്തിൽ കുറഞ്ഞ് കുറഞ്ഞ് വരികയാണ്.

186. മനസ്സിനും ശരീരത്തിനും ഉത്തേജനം നൽകുന്ന സമൂഹിക ദൃശ്യങ്ങൾ

ബ്രിട്ടിഷ് ഇന്ത്യയിൽ ഇങ്ഗ്ളിഷ് ഭാഷാ സാംസ്ക്കാരിക മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ഭരണ യന്ത്രത്തെ, തദ്ദേശവാസികളായ വ്യക്തികളെ വച്ച് കൊണ്ട് രൂപപ്പെടുത്തക എന്നത് ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ (English East India Companyയുടെ) ലക്ഷ്യമായിരുന്നു.

എന്നാൽ അവർക്ക് വ്യക്തമായി മനസ്സിലാക്കാൻ പറ്റാത്ത പല മാനസിക വേവലാതികളും, വെപ്രാളങ്ങളും ഈ വ്യക്തികളിൽ ഉണ്ടായിരുന്നു. ഈ വക മനസ്സിലാക്കാൻ പറ്റാത്ത നിരീക്ഷണങ്ങളെ ഉൾക്കൊണ്ട് തന്നെയാണ് ഈ ഭരണയന്ത്രത്തിനെ അവർ രൂപകൽപ്പന ചെയ്തത്.

ഇന്ത്യൻ ഉദ്യോഗസ്ഥരിൽ ഇന്ന് ആരോപിക്കപ്പെടുന്ന ഒട്ടുമിക്ക പരുക്കൻ പെരുമാറ്റങ്ങളും സത്യം പറയുകയാണെങ്കിൽ, ഈ നാട്ടിലെ സാധാരണക്കാരിൽ ഉള്ള പരുക്കനും പ്രാകൃതവുമായ പെരുമാറ്റങ്ങൾ തന്നെയാണ്.

അരോചകമായ പെരുമാറ്റങ്ങൾ ഉള്ളവരെ സാധാരണഗതിയിൽ ആളുകൾ അവരുടെ അടുപ്പത്തിൽ നിന്നും ഒഴിവാക്കും. ബഹുമാനം നൽകുന്നതോ, അതുമല്ലെങ്കിൽ അവർ സ്വമനസ്സാലെ ബഹുമാനം നൽകുന്നതോ ആയ ആളുകളുമായി മാത്രം സമ്പർക്കം നിലനിർത്തും.

എന്നാൽ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യത്തിൽ, ആളുകൾക്ക് പലപ്പോഴും അവരെ ഒഴിവാക്കാൻ പറ്റില്ല. ഇതാണ് പ്രശ്നം.

ഉദ്യോഗസ്ഥർ, അവരുടെ അടുത്തേക്ക് വരുന്ന ആളുകളെ നോക്കുമ്പോൾ, ശരിക്കും പറഞ്ഞാൽ, ഭാഷാകോഡുകൾ അവരിൽത്തന്നെ സൃഷ്ടിക്കുന്ന മൃഗീയത മുഖകണ്ണാടിയിൽ എന്നവണ്ണം ആഗതന്റെ മുഖത്ത് നിഴലിച്ചുകാണുന്നു.

അതിനാൽത്തന്നെ പലപ്പോഴും, പൊതുജനത്തിൽ ആരെങ്കിലും ഒരു സർക്കാർ ഓഫിസിൽ കയറിച്ചെന്നാൽ, ഇരിപ്പിടത്തിൽ ഇരിക്കുന്ന ഗുമസ്തൻ (ക്ളാർക്ക് Clerk) ആ ആളെ മുഖത്ത് നോക്കി സംസാരിക്കാൻ വൈമനസ്യം കാണിക്കും.

ഇത് ശരിക്കും പറഞ്ഞാൽ ഇങ്ഗ്ളിഷ് ഭാഷാ അന്തരീക്ഷത്തിൽ ഇല്ലാത്ത ഒരു മാനസിക ഭാവമാണ്.

ഇതിന് പിന്നിൽ ഭാഷാ കോഡുകൾ പലവിധത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒന്ന്, ആരാണ് ബഹുമാനിക്കപ്പെടേണ്ടത് എന്നതാണ് പ്രശ്നമായി വരിക.

കയറിവന്ന ആൾ വ്യക്തമായി ബഹുമാനം പ്രകടിപ്പിക്കുകയോ, അടിയാളത്തം കാണിക്കുകയോ ചെയ്യുന്ന ആളാണെങ്കിൽ, മുഖത്ത് നോക്കി സംസാരിക്കാൻ പ്രയാസം അനുഭവപ്പെടില്ല. എന്നാൽ വന്ന ആൾ ഇതിന് തയ്യാറല്ലാ എന്ന് വച്ചാൽ, ക്ളാർക്ക് മുഖത്ത് നോക്കാൻ വൈമനസ്യം കാണിക്കും. വാക്കുകളിൽ പരുഷത പടരും. വ്യക്തമായി ചിലപ്പോൾ ഉത്തരം നൽകില്ല. കാരണം, 'നിനക്ക് ഉത്തരം നൽകാൻ ഞാൻ നിന്റെ പണിക്കാരനാണോ?' എന്ന ഹേതു മനസ്സിൽ കയറും.

ഫ്യൂഡൽ ഭാഷകൾ പലപ്പോഴും വ്യക്തികൾ തമ്മിൽ ഒരു മത്സര ബുദ്ധി ഉളവാക്കും, എന്നുള്ളാതാണ് വാസ്തവം. ആശയവിനമയം എന്ന ഉദ്ദേശം പലപ്പോഴും ഇതിന് പിന്നിലേ നിൽക്കുള്ളു.

അതേ സമയം കയറിവന്ന ആൾ ബഹുമാനിക്കപ്പെടേണ്ടുന്ന ഉയർന്ന വ്യക്തിയാണെങ്കിൽ, ക്ളാർക്കിന് മുഖത്ത് നോക്കാൻ പ്രയാസം അനുഭവപ്പെടില്ല. മുഖത്ത് നോക്കുമ്പോൾ ലഭിക്കുന്നത്, വ്യക്തമായും ഉൻമേഷം നൽകുന്ന അനുഭവമാണ്.

ഇവിടെ ഒരു പ്രധാനപ്പെട്ട ഒരു കാര്യം ഉണ്ട്. തരംതാണ വ്യക്തി, ബഹുമാനിച്ച്, അകന്ന് നിന്നില്ലായെങ്കിൽ അശ്രീകരം ആണ് എന്നത് ഫ്യൂഡൽ ഭാഷാ കോഡുകളുടെ ഉള്ളിന്റെ ഉള്ളിൽ കഠിന കോഡുകളിൽ ലിഖിതപ്പെടുത്തിയിട്ടുണ്ട്.

സൌന്ദര്യവതിയായ ഒരു സ്ത്രീയെ നോക്കുമ്പോൾ മനസ്സിൽ പോസിറ്റിവ് തരഗംങ്ങളുടെ ശക്തമായ വേലിയേറ്റം സംഭവിക്കും.

സുന്ദര ചിത്രങ്ങൾ, സുന്ദര ജനക്കൂട്ടം, സുന്ദര പ്രകൃതിദൃശ്യം എന്നിവയെല്ലാം മനസ്സിനെ ഉന്മാദാവസ്ഥയിലേക്ക് നയിക്കുന്ന കാര്യങ്ങളാണ്. ഇവയ്ക്കെല്ലാം പിന്നിൽ ബലമേറിയ കോഡുകളുടെ പ്രവർത്തനം നടക്കുന്നുണ്ട്.

എന്നാൽ ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ വ്യക്തികൾക്കും മറ്റ് ദൃശ്യങ്ങൾക്കും മറ്റും പലപ്പോഴും, നിഷേധക കോഡുകൾ അണിയറിയിൽ അനുബന്ധിക്കപ്പെട്ടിരിക്കും. ഇതാണ് പലപ്പോഴും, ഇങ്ഗ്ളിഷ് പ്രദേശങ്ങളിൽ പോയാൽ പലർക്കും തിരിച്ച് വരാനുള്ള താൽപ്പര്യക്കുറവിന് ഒരു കാരണം.

വേറേയും കാരണങ്ങൾ ഉണ്ട്.

ഇങ്ഗ്ളിഷ് ജനതയെ നോക്കിക്കാണുമ്പോൾ പലപ്പോഴും നിഷേധക കോഡുകൾ മനസ്സിൽ ഇരച്ച്കയറില്ല. തിരിച്ചങ്ങോട്ടും നിഷേധക കോഡുകൾ പെട്ടെന്ന് ഇരച്ച് കയറാറില്ല. കാരണം, ഫ്യൂഡൽ ഭാഷാ കോഡുകൾ പെട്ടെന്നൊന്നും അവരിലേക്ക് കയറാനുള്ള ഭാഷാ പരമായുള്ള പഴുതുകൾ അവരിൽ ഇല്ലതന്നെ. എന്നാൽ തുടർച്ചായായുള്ള സംബർക്കത്താൽ, ഈ വിധ കോഡുകൾ അവരേയും ബാധിച്ചേക്കാം.

ഇത് സംഭവിക്കുന്ന അവസരത്തിൽ അവരിൽ ഉളവാകുന്ന മാനസിക പിരിമുറക്കത്തെയാണ് ഇങ്ഗ്ളിഷുകാരിലെ വർണ്ണവിവേചനമായി (English racismഎന്ന്) നിർവ്വചിക്കപ്പെടുന്നത്.

ഭൂഖണ്ഡ യൂറോപ്പ്യൻ (Continental European) മാരിൽ ഉള്ള വർണ്ണവിവേചനം മറ്റൊരു പ്രതിഭാസമാണ്. എന്നാൽ ഇവ രണ്ടും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ആർക്കും വ്യക്തമായി അറിവില്ലാ എന്നാണ് തോന്നുന്നത്.

187. ഫ്യൂഡൽ ഭാഷകളിൽ ഉദ്യോഗസ്ഥരുമായി ബന്ധം സ്ഥാപിക്കുന്ന വളഞ്ഞ വഴികൾ

സർക്കാരിൽ നിന്നും ഒരാൾക്ക് ആവശ്യം വരുന്ന, കാര്യങ്ങൾ, അവ കുറച്ച് സങ്കീർണ്ണതയുള്ളതാണെങ്കിലോ, അതുമല്ലെങ്കിൽ ഉദ്യോഗസ്ഥർക്ക് അവരുടെ വിവേചനാടിസ്ഥാനത്തിൽ നൽകാനോ, നൽകാതിരിക്കാനോ അനുവാദമുള്ളതാണെങ്കിലുമോ, ഫ്യൂഡൽ ഭാഷാ രാഷ്ട്രത്തിൽ, ആ ആൾ ഉദ്യോഗസ്ഥനെ ഓഫിസിൽ പോയി നേരിട്ട് കാണുന്നതിനോടൊപ്പം മറ്റൊരു ദിശയിൽ കൂടി സമീപ്പിക്കാൻ ശ്രമിക്കും.

ആ ഉദ്യോഗസ്ഥന്റെ ഉറ്റ സുഹൃത്തിനെക്കൊണ്ടോ, പിതാവിനെക്കൊണ്ടോ, മാതവിനെക്കൊണ്ടോ, അമ്മാവനെക്കൊണ്ടോ, അമ്മാവിയെക്കൊണ്ടോ, ഭാര്യാ / ഭർതൃ വീട്ടുകാരെക്കൊണ്ടോ, സാമൂഹികാധിപനെക്കൊണ്ടോ മറ്റൊ ഒന്ന് പരിചയപ്പെടുത്തിക്കുകയോ, അതുമല്ലെങ്കിൽ ശുപാർശചെയ്യിക്കുകയോ ചെയ്യും.

ഈ എഴുത്തു മുന്നോട്ട് പോകുന്നതിന് മുൻപ്, രണ്ട് കാര്യങ്ങൾ വിശദീകരിക്കേണ്ടിയിരിക്കുന്നു.

ഒന്ന് ഉദ്യോഗസ്ഥന്മാർക്ക് (ഓഫിസർമാർക്ക്) നൽകിയിരിക്കുന്ന വിവേചനാധികാരം. ഇത് ശരിക്കും പറഞ്ഞാൽ തന്നിഷ്ടപ്രകാരം എന്തും ചെയ്യാം എന്നുള്ള അധികാരമല്ല. മറിച്ച്, കാര്യങ്ങളെ വിശകലനം ചെയ്ത് Judicious ആയിട്ടുള്ള ഒരു തീരുമാനത്തിൽ എത്തിച്ചേരാനുള്ള സൌകര്യം മാത്രമാണ്. ഇവിടെ ഉപയോഗിക്കപ്പെട്ടിട്ടുള്ള Judicious എന്നവാക്ക് ഇങ്ഗ്ളിഷ് ഭരണ സംവിധാനങ്ങളുടെ മുഖമുദ്രതന്നെയായിരുന്നു.

മറ്റ് അപ്രസക്തമായ യാതോരു കാര്യങ്ങളുടെയും ചരടുവലികളും ഏൽക്കാതെ, കാര്യബോധത്തോടും, വിവകത്തോടും, വകതിരിവോടും, കാര്യങ്ങളെ പരിഗണിച്ച്, വ്യക്തമായതും, നീതിയുക്തമായതുമായ രീതിയിൽ തീരുമാനം എടുക്കുക.

ഇങ്ങിനെ ഒരു കാര്യം ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ സാധ്യമല്ലതന്നെ. അത് എന്ത് കൊണ്ടാണ് എന്ന് ഈ എഴുത്തിൽ വിവരിക്കുന്നതാണ്.

രണ്ടാമത്തെ കാര്യം ഇതാണ്. ബന്ധുജനത്തിനും, സുഹൃത്തുകൾക്കും, മറ്റും എങ്ങിനെയാണ് ഒരു ഓഫിസറുടെ മേൽ കടിഞ്ഞാണും, ചരടും, ഇടാനാകുക? ഇങ്ങിനെ ഇടുന്ന ചരടുകളെയും കടിഞ്ഞാണുകളെയും ആ ഓഫിസർക്ക് എന്ത് കൊണ്ടാണ് തട്ടിത്തെറിപ്പിക്കാൻ ആവാത്തത്? അതുമല്ലെങ്കിൽ, എന്ത്കൊണ്ടാണ് ഈ വിധ ചരടുകളെയും ബന്ധനങ്ങളെയും ആ ഓഫിസർ ഇഷ്ടപ്പെടുന്നത്?

അടുത്ത എഴുത്തിൽ ഈ കാര്യം വിശദീകരിക്കാം.

188. ഔദ്യോഗിക തീരുമാനങ്ങൾ നിശ്ചയമായും Judicious ആയിരിക്കേണം

ഔദ്യോഗിക തീരുമാനങ്ങൾ നിശ്ചയമായും Judicious ആയിരിക്കേണം. എന്ന് വച്ചാൽ മുകൾസ്ഥാനത്തുള്ള ആൾ വിശദീകരണം ചോദിച്ചാൽ വിശദീകരിക്കാനാവണം. അതുമല്ലെങ്കിൽ ഈ സംഗതിയുമായി ബന്ധപ്പെട്ട പൌരൻ ചോദിച്ചാലും വിശദീകരണം നൽകാനാവണം.

പഴയ കാല ഇങ്ഗ്ളിഷ് ഔദ്യോഗിക പാരമ്പര്യങ്ങളിൽ മുകൾസ്ഥാനത്ത് ഉള്ള വ്യക്തി ഇങ്ഗ്ളിഷിൽ വിശദീകരണം ചോദിച്ചാൽ മറ്റ് വിധ യാതോരു അനാവശ്യ അടിയാളത്തവും പ്രകടിപ്പിക്കാതെ ഉദ്യോഗസ്ഥന് വിശദീകരണം നൽകാം. ഇത് ഫ്യൂഡൽ ഭാഷാ ഔദ്യോഗിക അന്തരീക്ഷത്തിൽ സാധ്യമല്ലതന്നെ. പലപ്പോഴും എന്തും ഏതും അനാവശ്യ എഴുത്തുകുത്തുകളിൽ പോയി പെട്ട് കുഴഞ്ഞ് കുടുങ്ങിക്കിടക്കും.

അതേസമയം മലബാറിലെ പഴയ കാല ഇങ്ഗ്ളിഷ് ഭരണകാലത്ത് പൌരന് ഉദ്യോഗസ്ഥനോട് നിങ്ങൾ / ഇങ്ങൾ എന്ന വാക്ക് ഇങ്ഗ്ളിഷിലെ You എന്ന വാക്കിനെ ബദലായി ഉപയോഗിച്ച്, കാര്യങ്ങൾ ആരായാനാവുന്നതായിരുന്നു. ഇതിൽ ഉദ്യോഗസ്ഥന് യാതോരു അസ്വാസ്ഥ്യവും വരില്ല. കാരണം, ഉദ്യോഗസ്ഥ പ്രസ്ഥാനത്തിന് ഏറ്റവും മുകളിൽ ഉള്ളത് ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥരാണ്.

അതായത്, വ്യക്തിക്ക് ഏറ്റവും ഉയർന്ന വ്യക്തിത്വത്തോട് കൂടി ആശയവിനിമയം അനുവദിക്കുന്ന ഭാഷക്കാരാണ് മുകളിൽ.

പോരാത്തതിന് നിങ്ങൾ / ഇങ്ങൾ എന്ന വാക്കുകൾക്ക് മുകളിലായി മലബാറിയിൽ ഇങ്ഗ്ളിഷിലെ You എന്ന പദത്തിന് വാക്കില്ലതന്നെ.

ഇങ്ഗ്ളിഷ് സംസാരിക്കുന്ന പ്രാദേശിക ഓഫിസർമാർ സാധാരണ ഗതിയിൽ ഔദ്യോഗികമായി ബന്ധപ്പെടുന്ന പൌരനോട് നീ / ഇഞ്ഞി തുടങ്ങിയ വാക്കുകൾ ഉപയോഗിക്കാറില്ല.

എന്നാൽ ഇന്ന് കാര്യങ്ങൾ വ്യത്യസ്തമാണ്. ഉദ്യോഗസ്ഥ തട്ടുകളിൽ താഴെനിന്നും മുകൾസ്ഥാനത്ത് വരെ ഉള്ളത്, ഫ്യൂഡൽ ഭാഷാ സംവിധാനങ്ങളാണ്. ഓരോ തട്ടിലും ഉള്ളവരുടെ മുഖ്യ ലക്ഷ്യം എന്തിനും ഏതിനും ബഹുമാനം ആണ്. ഇങ്ങിനെ ഉള്ള സാഹചര്യത്തിൽ ഉദ്യോഗസ്ഥൻ Judicious ആയിട്ടാണോ നടപടിയെടുത്തത് എന്നത് പലപ്പോഴും മുഖ്യ വിഷയം ആവില്ല. പകരം, കീഴ്സ്ഥാനക്കാരൻ വ്യക്തമായതും, മറ്റുള്ളവർ അറിയുന്നതുമായ ബഹുമാനം നൽകിയോ എന്നുള്ളതാണ്, മുകൾസ്ഥാനത്തുള്ള ഓഫിസറുടെ ശ്രദ്ധയിൽ മുക്കാലും. ആവശ്യമായ ബഹുമാനം നൽകാതെ ഗംഭീര വിശദീകരണം നൽകിയാൽ, ആ ഉദ്യോഗസ്ഥന്റെ കഥ കഴിഞ്ഞത് തന്നെ.

പോരാത്തതിന്, പൌരന് പോയി ഉദ്യോഗസ്ഥനോട് വിശദീകരണം ചോദിക്കാൻ പറ്റുന്ന ഭാഷയല്ല ഫ്യൂഡൽ ഭാഷകൾ.

"അവൻ എന്നോട് വിശദീകരണം ചോദിച്ചു. അവന്റെ ധിക്കാരം ഒന്ന് ഒതുക്കുകതന്നെ വേണം." ഇതാവും ഉദ്യോഗസ്ഥന്റെ ഭാവം. അയാളെ പഴിപറഞ്ഞിട്ട് കാര്യമില്ല. ഫ്യൂഡൽ ഭാഷകളിൽ ഒന്ന് ഞെട്ടിച്ച് വിട്ടില്ലെങ്കിൽ എങ്ങിനെ ബഹുമാനം ലഭിക്കും?

189. നിങ്ങളും ഇങ്ങളും

മുന്നോട്ട് പോകുന്നതിന് മുമ്പ് മലബാറിയിലെ ഒന്ന് രണ്ട് വാക്കുകൾ ഒന്ന് ശ്രദ്ധിക്കാം.

ബ്രിട്ടിഷ്-മലബാറിൽ തിരുവിതാംകൂറിൽ നിന്നും വ്യത്യസ്തമായ ഒരു ഭാഷ നിലനിന്നിരുന്നു എന്ന കാര്യം തിരുവിതാംകൂറിലെ രണ്ട് വ്യത്യസ്ത പ്രസ്ഥാനങ്ങൾ ബോധപൂർവ്വമായിത്തന്നെ ചരിത്രത്തിൽനിന്നും മാച്ചുകളഞ്ഞു എന്ന് തോന്നുന്നു. മാത്രവുമല്ല, മലബാറും തിരുവിതാംകൂറും ചരിത്രപരമായും, വംശീയപരമായും ഒരു ദേശക്കാരാണ് എന്ന ഒരു വ്യാജചരിത്രവും ഇക്കൂട്ടർ പറഞ്ഞും സൂചിപ്പിച്ചും വളർത്തിയെടുത്തിരുന്നു.

ഈ വിഷയത്തിലേക്ക് ഇപ്പോൾ കടക്കാൻ ആവില്ലതന്നെ. കാരണം, ഒന്ന് തൊട്ടുപോയാൽ, ഇലക്ട്രോൺ ഭൂതക്കണ്ണാടിയിലൂടെ ഒന്ന് നോക്കുന്നത് പോലെയാവും. നിസ്സാരമായിത്തോന്നുന്ന വസ്തു ഫുട്ട്ബോൾ മൈതാനം പോലെ അങ്ങ് വികസിക്കും.

അതിനാൽ മുകളിൽ സൂചിപ്പിച്ച വാക്കുകളിൽ ശ്രദ്ധാകേന്ദ്രം നിലനിർത്താം.

മലയാളത്തിൽ 'നിങ്ങൾ' എന്ന ഒരു പദം ഉണ്ട്. ഇത് തിരുവിതാംകൂറിൽ പൊതുവായി കീഴ് ജീവനക്കാരോടും പണിക്കാരോടും മറ്റും ഉപയോഗിക്കുന്ന ഒരു പദമാണ്. പണ്ട് കാലങ്ങളിൽ കോളജ് (college) വിദ്യാർത്ഥികളെ പലപ്പോഴും അദ്ധ്യപകർ ഈ വാക്കിനാലാണ് സംബോധന ചെയ്യുക.

മലബാറിയിൽ നിന്നും നോക്കിയാൽ ഇത് ഒരു സൌകര്യപ്രദമായ കാര്യമാണ്.

ഇതിനേക്കാൽ താഴെയായി ഉള്ള പദങ്ങളാണ് മലയാളത്തിൽ 'താൻ', 'ഇയാൾ' എന്നിവ. ഏറ്റവും അടിയിൽ വരുന്നതാണ് 'നീ'. ഈ വിധം താഴെയുള്ള വാക്കുകൾ വളരെ കീഴിൽ വരുന്നവരോടോ, അതുമല്ലെങ്കിൽ ആ രീതിയിൽ അടുപ്പമുള്ളവരോടോ ഉപയോഗിക്കും.

മലബാറിയിൽ ഈ മുകളിൽ സൂചിപ്പിച്ച വാക്കുകൾ ഒന്നുംതന്നെ ഇല്ലായിരുന്നു.

മലബാറിയിൽ പ്രധാനമായും ഉള്ളത്. നിങ്ങൾ / ഇങ്ങൾ എന്ന പദമാണ്, അതീവ ബഹുമാന സൂചകമായി ഉപയോഗിച്ചിരുന്നത്.

ഈ 'നിങ്ങൾ' എന്ന മലബാറി പദം മലയാളത്തിലെ 'നിങ്ങൾ' അല്ല. മറിച്ച്, അതീവ ബഹുമാനത്താലുള്ള വാക്കാണ്. മലബാറിയിൽ ഈ വാക്ക് സ്വന്തം മാതാവിനോടും, പിതാവിനോടും, അമ്മാവനോടും, അമ്മാവിയോടും, മൂത്ത ചേട്ടനോടും, ചേച്ചിയോടും, എന്തിന്, ഉയർന്ന ഉദ്യോഗസ്ഥരോടും വരെ ഉപയോഗിച്ചിരുന്നു. ഇതിനാൽ തന്നെ ഈ വാക്ക് മലയാളത്തിലെ 'നിങ്ങൾ' അല്ല. ഈ 'നിങ്ങൾ' മലയാളത്തിൽ, മുകളിൽ സൂചിപ്പിച്ചവരോട് സംബോധനയായി ഉപയോഗിച്ചാൽ, പൊട്ടിത്തെറിതന്നെ സംഭവിക്കാം.

മലബാറിയിലും, മലയാളത്തിലും ഇതേ പോലെ ഒരേ ശബ്ദവും, വ്യത്യസ്ത അർത്ഥവും ഉള്ള വേറെയും പല വാക്കുകൾ ഉണ്ട്.

ഉദാഹരണത്തിന്, ചാടുക, മാപ്പിള, കൂട്ടംകൂടുക, തിരിഞ്ഞ്, അടിച്ചു, കഴിവ്, ഇല്ല, ചൂടി, തോപ്പിക്കുക, തച്ച് &c.

അതേ സമയം, മലബാറിയിലെ 'നിങ്ങളും' 'ഇങ്ങളും' ഒരേ വാക്കാണ് എന്ന് തോന്നാമെങ്കിലും, വാസ്തവത്തിൽ ഇവതമ്മിലും നിസ്സാരമായതും, അതേ സമയം

ശക്തമായതുമായ ഒരു വ്യത്യാസം ഉണ്ട്. 'നിങ്ങൾ' എന്ന പദം ബഹുമാന സൂചകമായ ഉപയോഗിക്കുന്ന അവസരത്തിൽ, അത് ഉപയോഗിക്കുന്ന ആൾ യാതോരു അധമത്വവും പ്രകടിപ്പിക്കാതെയാണ് ഉപയോഗിക്കുന്നത്.

അതേ സമയം 'ഇങ്ങൾ' എന്ന പദം ഉപയോഗിക്കുന്ന അവസരത്തിൽ, അത് ഉപയോഗിക്കുന്ന ആൾ ചെറുതായോ അതുമല്ലെങ്കിൽ കാര്യമായിത്തന്നെയോ, ഒരു അധമത്വമോ, വിധേയത്വമോ, വലിപ്പക്കുറവോ മറ്റോ സൂചിപ്പിക്കുകയോ, ആശയം പകരുകയോ ചെയ്യുന്നു.

രണ്ട് കൂട്ടരും ഒരേ നിലവാരക്കാരാണെങ്കിൽ, രണ്ട് പക്ഷവും ഒരേ വാക്ക് രൂപം അങ്ങോട്ടും ഇങ്ങോട്ടും ഉപയോഗിക്കും.

ഈ രണ്ട് വാക്കുകളാണ് പൊതുവായി മലബാറിയിൽ പാരമ്പര്യമായി അധികാരികളോടും, മറ്റ് നാട്ട് മൂപ്പന്മാരോടും, മറ്റ് ഉയർന്നവരോടും ഉപയോഗിച്ചിരുന്നത്.

അവർ തിരിച്ച്, ആളെ നോക്കി, 'ഇങ്ങൾ' എന്നോ, 'നിങ്ങൾ' എന്നോ 'ഇഞ്ഞി' എന്നോ മലബാറിയിൽ ഉപയോഗിക്കും. (ദക്ഷിണ മലബാറിൽ കാര്യങ്ങൾ ചെറുതായി വ്യത്യസ്തമായിരുന്നു എന്ന് തോന്നുന്നു. കൂടുതൽ വിവരം ഇല്ല.)

മലയാളത്തിലെ 'അദ്ദേഹം', 'അയാൾ', 'അവൻ' എന്നവാക്കുകൾക്ക് മലബാറിയിൽ മറ്റ് വാക്കുകൾ ആണ് ഉണ്ടായിരുന്നത്. അതിനെക്കുറിച്ച് പിന്നീട് സൂചിപ്പിക്കാം.

ഈ വിഷയവുമായി ബന്ധപ്പെട്ട് പലതും പറയാനുണ്ട്. എന്നാൽ ഭൂതക്കണ്ണാടി ഉപയോഗിച്ചാൽ പാതയിലേക്ക് തിരിച്ച് വഴികണ്ടെത്താൻ പ്രയാസം നേരിടും. അതിനാൽത്തന്നെ ഈ വിഷയം ഇവിടെ തൽക്കാലം വിടുകയാണ്.

ഉത്തര മലബാറും ദക്ഷിണ മലബാറും ഒന്നിപ്പിച്ച്, ബ്യട്ടിഷ്-മലബാർ (Malabar District) ആകുന്നതോടുകൂടി, ഇങ്ഗ്ളിഷ് ഭാഷാ നൈപുണ്യമുള്ള ഓഫിസർമാർ ചിലയിടത്തെല്ലാം നാട്ട് പ്രമാണിമാരേയും, പാരമ്പര്യ അധികാരികളെയും സ്ഥാന ഭ്രഷ്ടം ചെയ്യിച്ചു.

ഇവരിൽ കണ്ട മുഖ്യമായ വ്യത്യാസം അവർ ഔപചാരികമായി ബന്ധപ്പെടുന്ന ജനത്തോട് 'ഇഞ്ഞ്', 'ഓൻ', 'ഓള്', 'ഐറ്റിങ്ങൾ' തുടങ്ങിയ വാക്കുകളുടെ ഉപയോഗം കാര്യമായിത്തന്നെ കുറച്ചിരുന്നു എന്നുള്ളതാണ്. ഇതിന് മുഖ്യമായ കാരണം അവരിൽ ഉള്ള കലർപ്പില്ലാത്ത ഇങ്ഗ്ളിഷിന്റെ ആഴം ആയിരുന്നു. ഇങ്ഗ്ളിഷിൽ വെറും 'You', 'He', 'She' തുടങ്ങിയ പദങ്ങളാൽ നിത്യേനെ നിർവ്വചിക്കപ്പെടുന്നവരെ, ചെറുതായി ഒന്ന് ഭാഷമാറ്റുന്ന അവസരത്തിൽ ഇടിച്ച് താഴ്ത്തിക്കെട്ടാൻ, അവരിലെ ഇങ്ഗ്ളിഷ് അറിവ് സമ്മതം മൂളില്ല എന്നുള്ളതാണ് വാസ്തവം.

എന്നിരുന്നാലും, ഈ ഉദ്യോഗസ്ഥരും (ഓഫിസർമാരും) മൌലികമായിനോക്കിയാൽ പ്രാദേശിക കുടുംബങ്ങളിൽ നിന്നുമുള്ളവർ തന്നെയായിരുന്നു എന്ന ഒരു ന്യൂനത, ഇങ്ഗ്ളിഷ് ഭരണത്തിന് തേച്ച്മാച്ച് കളയാൻ ആവില്ലാത്ത വാസ്തവമായി നിലനിന്നിരുന്നു. അത് ഒരു ചെറിയ ന്യൂനതയായിത്തന്നെ തുടർന്നു.

190. ഫ്യൂഡൽ ഭാഷയിലെ ക്രൌര്യം ഉള്ളിൽ, അകത്തു കത്തിയും പുറത്തു പത്തിയും എന്ന രീതിയിൽ ഉള്ളവർ

ഫ്യൂഡൽ ഭാഷകളിൽ 'ആളുവില കല്ലു വില്ല' എന്ന രീതിയിലാണ് എന്ന് പൊതുവേ പറയാറുണ്ടായിരുന്നു. ഇവിടെ കല്ല് എന്നത് കൊണ്ട് ഉദ്ദേശിച്ചത്, രത്നക്കല്ലുകളെയാണ്.

ആളുകൾക്ക് വ്യത്യസ്തമായ മൂല്യവും വിലയും ഉള്ള നാട്ടിലാണ് ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഒരു സമത്വാധിഷ്ഠിത (egalitarian) ഭരണ സംവിധാനത്തെ രൂപകൽപ്പനചെയ്യാൻ ശ്രമിക്കുന്നത്.

പ്രാദേശിക ഫ്യൂഡൽ ഭാഷമാത്രം മനസ്സിൽ ഉള്ള ഉദ്യോഗസ്ഥർ, ആ ഭാഷാകോഡുകളുടെ ക്രൌര്യം ഉപയോഗിച്ച് തന്നെയാണ് ജനങ്ങളോട്, വിവേചനം ചെയ്ത് പെരുമാറുക.

അതിനാൽത്തന്നെ ഈ ഉദ്യോഗസ്ഥർക്ക് മുകളിലായി മനസ്സിൽ സമത്വാധിഷ്ഠിത ഭാഷയായ ഇങ്ഗ്ളിഷ് നിറഞ്ഞ് നിൽക്കുന്ന ഒരു ഓഫിസർ സംവിധാനത്തിന്റെ അനിവാര്യത ഉയർന്നുവന്നു. ജനം ഈ ഓഫിസർമാരെ നേരിട്ട് പോയി കാണണം, കാര്യനിർവ്വഹണത്തിന്.

പറയാൻ എളുപ്പമാണ്. പ്രശ്നം ജനവും ഫ്യൂഡൽ ഭാഷയിലെ ക്രൌര്യം ഉള്ളിൽ, അകത്തു കത്തിയും പുറത്തു പത്തിയും, എന്ന രീതിയിൽ മനസ്സിൽ ഒളിപ്പിച്ചുവെക്കുന്നവരാണ്.

അവരോട് സൌമ്യമായും മയത്തോടും, വിനയത്തോടും പെരുമാറിയാൽ, അവർ പത്തി ഉയർത്തും. ശബ്ദം കർക്കശമാക്കും.

അവർക്ക് തുല്യമായ സാമൂഹിക ഉയരം ഉള്ളവരെ അവർ ബഹുമാനിക്കില്ല. മറിച്ച്, പരസ്യമായി ഒന്ന് ഞെട്ടിച്ച്, അവരുടെ സ്വന്തം സാമൂഹിക സദസ്സുകളിൽ വീമ്പിളക്കാൻ പറ്റുന്ന രംഗങ്ങൾ സ്വരൂപിക്കാൻ കിട്ടുന്ന അവസരം ഒഴിവാക്കില്ല. പ്രത്യേകിച്ചും, സാമൂഹികമായി താഴെ ഉള്ളവർ. സാമൂഹികമായി ഉയരത്തിലുള്ളവർ മറ്റ് രീതിയിലും ഒന്ന് കശക്കും.

ഇത് നോക്കുക:

പോലീസ് ഡീജിപിയും കുറച്ച് പോലീസുകാരും നിൽക്കുന്നു. കാര്യവിവരമില്ലാത്ത ഒരാൾ നോക്കുമ്പോൾ, ഒരു പോലീസ് ഉദ്യോഗസ്ഥനും അയാൾക്ക് കീഴെ കുറച്ച് പോലീസുകാരും. ഡീജീപ്പിക്കാണെങ്കിൽ ശാരീരിക വലുപ്പം കുറവാണ്.

ആ ഉദ്യോഗസ്ഥനോട് കാര്യമായതും, സ്വയം ഞെട്ടുന്നതുമായ ബഹുമാനം വരില്ല, നോക്കിക്കാണുന്ന ആ വ്യക്തിക്ക്.

എന്നാൽ മറ്റൊരാൾ പറഞ്ഞ് കൊടുക്കുന്നു, ആ നിൽക്കുന്നത് ഡീജീപിയാണ്. 'അദ്ദേഹത്തിന്' കീഴിൽ ഐജി. അതിന് കീഴെ ഡീഐജി. പിന്നെ, എസ്പി, ഡിവൈഎസ്പി, സിഐ, എസ്ഐ, ഏഎസ്ഐ, ഹെഡ് കോൺസ്റ്റബ്ൾ, പിന്നെ കോൺസ്റ്റബ്ൾ.

അപ്പോഴാണ്, ആ ആൾക്ക് മനസ്സിലാകുക, ആ നിൽക്കുന്ന ആൾ വെറും ആളല്ല, മറിച്ച്, തനി എവറസ്റ്റ് പർവ്വത കൊടുമുടിയാണ്. കാരണം കീഴിലുള്ള ഓരോ തട്ടും ഈ കാഴ്ചക്കാരനെ സംബന്ധിച്ചെടുത്തോളം, ഓരോ വൻ പർവ്വതമാണ്. അങ്ങിനെ ഒരു പടിപടിയായുള്ള പർവ്വത പടികൾക്ക് മുകളിലാണ് ആ ഡിജിപി.

എറ്റവും താഴെ നിൽക്കുന്ന കോൺസ്റ്റബ്ൾ എന്ന പർവ്വതം 'എടാ', എന്നും 'നീ' എന്നും മറ്റും വിശേഷിപ്പിക്കുന്ന ഒരുസാധാരണ കൈത്തൊഴിലുകാരനെ സംബന്ധിച്ചെടുത്തോളം ബഹുമാന വാക്ക് കോഡുകൾ പടിപടിയായി ഉന്തിഉന്തി, അങ്ങ് ആകാശം മുട്ടുന്ന മേഘങ്ങൾക്കിടയിലാണ് ആ ഉദ്യോഗസ്ഥൻ.

ഇങ്ഗ്ളിഷിൽ ഇല്ലാത്ത ഒരു മാനസിക ഭാവനാ പ്രതിഭാസമാണ് ഇത്. ഇങ്ഗ്ളിഷിൽ വെറും You, He, Him എന്നും മറ്റും മാത്രമായി അങ്ങോട്ടും ഇങ്ങോട്ടും നിലനിൽക്കുന്ന സംവിധാനം ഫ്യൂഡൽ ഭാഷയിലേക്ക് പകർത്തെടുക്കപ്പെടുമ്പോൾ ഉളവാകുന്ന വിസ്മയമായ മാറ്റമാണ് മുകളിൽ സൂചിപ്പിച്ചത്.

191. ഇങ്ഗ്ളിഷ് ഭരണം കൈവെടിഞ്ഞ് പോയ പ്രദേശങ്ങളിൽ വീണ്ടും ബലം പ്രാപിച്ച് വരുന്ന സാമൂഹിക ഘടന

മുന്നോട്ട് നീങ്ങുന്നതിന് മുൻപ്, രണ്ട് വ്യക്തമായ കാര്യങ്ങൾ സൂചിപ്പിക്കാം എന്ന് തോന്നുന്നു.

രണ്ടും ഇങ്ഗ്ളിഷ് ഭരണം കൈവെടിഞ്ഞ് പോയ പ്രദേശങ്ങളിൽ വീണ്ടും ബലം പ്രാപിച്ച് വരുന്ന സാമൂഹിക ഘടനയാണ്.

കഴിഞ്ഞ എഴുത്തിൽ നൽകിയ പോലീസ് ഘടനയെ നോക്കുക. പോലീസ് കോൺസ്റ്റബ്ൾമുതൽ അങ്ങ് ഡീജിപി വരെയുള്ള തട്ടുകൾ. ഏറ്റവും താഴെയുള്ള കോൺസ്റ്റബ്ളിന് സാധാരണഗതിയിൽ നീയെന്നും (ഇഞ്ഞി എന്നും), അവനെന്നും (ഓനെന്നും) അവളെന്നും (ഓളെന്നും), വെറുംപേരും, എന്തെടാ, എന്തെടീ എന്നൊക്കെ വളരെ ലാഘവ ബുദ്ധിയോടെ സംബോധനചെയ്യാനും പരാമർശിക്കാനും മറ്റും പറ്റുന്ന, ഒരു തട്ട് ജനങ്ങളിൽ ഉണ്ട്.

ഇതിന് തൊട്ട് മുകളിലായി, ഹെഡ് കോൺസ്റ്റബ്ളിന് ഇത് പോലെ ചെയ്യാവുന്ന ഒരു ജനങ്ങളുടെ തട്ട് ഉണ്ട്.

ഇതിന് മകുളിൽ എസ് ഐക്ക് ചെയ്യാവുന്ന തട്ട്.

അങ്ങിനെ മുകളിൽ ഡീജിപിയുടെ നിലവാരം വരെ, താഴെയായികാണാവുന്ന തട്ടുകളുടെ ഒരു പടിപടിയായുള്ള ഘടനയാണ് ഫ്യൂഡൽ ഭാഷകൾ ഉളവാക്കുന്ന സാമൂഹിക ഘടന.

എസ്പിക്ക് മുകളിൽ ഉള്ളവർക്ക് മാത്രം ഇത് പോലെ കീഴിലായി പരാമർശിക്കാവുന്ന ആൾക്കൂട്ടം, കോൺസ്റ്റബിളിന് ഇതുപോലെ പരാമർശിക്കാവുന്ന ജനക്കൂട്ടവുമായി അമിതമായി ഇടപഴകില്ല. ഇടപഴകിയാൽത്തന്നെ ഒരു ഉച്ചനീചത്വം സ്വരത്തിലും വാക്കുകളിലും, സംസാര വിഷയത്തിലും വ്യക്തി ബന്ധങ്ങളെ പരാമർശിക്കുന്നതിലും മറ്റും ഇക്കൂട്ടർ നിലനിർത്താൻ ശ്രമിക്കും.

ഇങ്ങിനെ പടിപടിയായുള്ള മറ്റൊരു ആൾക്കൂട്ടം പരാമർശിക്കുന്നതിന് അനുസരിച്ച് ജനങ്ങൾതന്നെ വിട്ട് വിട്ട് പടിപടിയായി നിൽക്കുന്ന ഒരു ഘടന കലർപ്പില്ലാത്ത ഇങ്ഗ്ളിഷിന് രൂപകൽപ്പന ചെയ്യാനാവില്ല. കാരണം, ഇങ്ഗ്ളിഷ് സംസാരിക്കുന്ന പോലീസിലെ ഏത് നിലയിലുള്ള വ്യക്തിയും ജനങ്ങളിലെ ഏത് ആളെയും ഒരേ പോലയെ സംബോധന ചെയ്യുള്ളു. പരാമർശിക്കുള്ളു.

പറയാനുള്ള *രണ്ടാമത്തെ കാര്യം*, ഈ വിധ ഫ്യൂഡൽ ഭാഷകൾ ഇന്ത്യയിൽ രൂപകൽപ്പന ചെയ്യുന്നത് അങ്ങ് താഴെ അടികാണാൻ പറ്റാത്ത സാമൂഹിക ഗർത്തം മുതൽ അങ്ങ് *ശൈലകൂടത്തിന്റെ കൊടുമുടിവരെ* ഉയർന്നു നിൽക്കുന്ന ഒരു സാമൂഹികാന്തരീക്ഷമാണ്. താഴെപെട്ടുപോയ ആൾക്ക് മുകളിലോട്ട് നോക്കിയാൽ നോക്കെത്താ ദൂരത്താണ് ഉയർന്ന നിലവാരങ്ങൾ, വാക്ക് കോഡുകളിൽ.

ആളുകളുടെ സ്വഭാവഗുണങ്ങളും പെരുമാറ്റ ചട്ടങ്ങളും മയവും പരുക്കൻ സ്വഭാവവും മറ്റും പൊതുവായി പറയുകയാണെങ്കിൽ അവരവർ പെട്ടുപോയിരിക്കുന്ന തട്ടിന് അനുസൃതവും അതിനോട് യോജിച്ചതും ആയിരിക്കും.

ഈ മുകളിൽ പറഞ്ഞകാര്യങ്ങളിലും പലവിധത്തിലുള്ള വിരോധാഭാസങ്ങളും വൈരുദ്ധ്യങ്ങളും ഉണ്ട്. ഉണ്ടായിട്ടുണ്ട്. അടുത്ത എഴുത്തിൽ അവ പരാമർശിക്കാം.

Please Note: പോലീസിനെ ഈ ഉദാഹരണത്തിൽ ഉപയോഗിച്ചത്, ആശയം പകരാനുള്ള സൌകര്യത്തിന് വേണ്ടി മാത്രമാണ്. യഥാർത്ഥത്തിൽ സർക്കാർ തോഴിലുകാരുടെ ഏത് പ്രസ്ഥാനത്തെയും (വകുപ്പിനേയും) ഈ വിധ ഉദാഹരണത്തിന് ഉപയോഗിക്കാവുന്നതാണ്.